# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

2019 നവംബർ 5, ചൊവ്വ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

980/2021

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ - 01
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ
   (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ - 34
   (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ - 34

**II. അടിയന്തരപ്രമേയ നോട്ടീസ്** - 520

**III. ശ്രദ്ധക്ഷണിക്കൽ**

(1) റോഡ് വികസനം - 522
- ശ്രീ. ആർ. രാമചന്ദ്രൻ

(2) ഭവനരഹിതരായ വിധവകളെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തൽ
- ശ്രീ. അൻവർ സാദത്ത് - 524

**IV. സബ്മിഷൻ**

(1) സൗജന്യ മരുന്നുവിതരണം
- പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല)- 529

(2) ഹെറിറ്റേജ് ടൂറിസം സർക്യൂട്ട്
- ശ്രീമതി വീണാ ജോർജ്ജ് - 532

(3) വീടുകൾ പുതുക്കിപ്പണിയൽ
- ശ്രീ. കെ. കുഞ്ഞിരാമൻ - 533

(4) കോന്നി മെഡിക്കൽ കോളേജിന്റെ രണ്ടാംഘട്ട നിർമ്മാണം
- ശ്രീ. കെ. യു. ജനീഷ് കുമാർ - 534

(5) കുഞ്ഞാലി മരയ്ക്കാർ ചരിത്ര പഠനകേന്ദ്രം
- ശ്രീ. പാറക്കൽ അബ്ദുല്ല - 536

(6) സബ്ട്രഷറി പുനർനിർമ്മാണം
- ശ്രീ. മാത്യു ടി തോമസ് - 539

പേജ്

(7) റേഷൻ അനുവദിക്കൽ
- ശ്രീ. പി. സി. ജോർജ് - 540
(8) ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണം
- ശ്രീമതി ഷാനിമോൾ ഉസ്മാൻ - 542
(9) സ്ഥലവും കെട്ടിടവും അനുവദിക്കൽ
- ശ്രീ. കെ. ഡി. പ്രസേനൻ - 544
(10) കെട്ടിട നിർമ്മാണം
- ശ്രീ. ടി. എ. അഹമ്മദ് കബീർ - 545
(11) വാളയാർ കേസ് അട്ടിമറി
- ശ്രീ. വി. ടി. ബൽറാം - 546

**V. മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ ഇനം മൂന്ന് അനുസരിച്ചുള്ള കടലാസുകൾ - 553

**VI. റിപ്പോർട്ട് സമർപ്പണം**

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഇരുപത് മുതൽ ഇരുപത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ - 559

**VII. ക്രമപ്രശ്നം**

റീബിൽഡ് കേരളയ്ക്ക് ലഭ്യമാക്കിയ തുക ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്താത്തത് സംബന്ധിച്ച്
_ ശ്രീ. വി. ഡി. സതീശൻ - 559

**VIII. ധനകാര്യം**

2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളിൻമേലുള്ള സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും - 561

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

*2019 നവംബർ 5, ചൊവ്വ*

വാല്യം 177] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 7

നിയമസഭ 2019 നവംബർ മാസം 5-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... *181-ാം നമ്പർ ചോദ്യവുമായി *182-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. വി. ജോയി നോട്ടീസ് നൽകിയിട്ടുണ്ട്. ചോദ്യങ്ങൾ സമാനമായതിനാൽ ക്ലബ്ബിംഗ് അനുവദിക്കുകയാണ്.

### ആദായ നികുതി പരിധിയിൽനിന്നും സഹകരണ സംഘങ്ങളെ ഒഴിവാക്കുന്നതിന് നടപടി

1(*181) ശ്രീ. പി. കെ. ബഷീർ:

ശ്രീ. പി. ഉബൈദുള്ള:

ശ്രീ. എൻ. എ. നെല്ലിക്കുന്ന്:

ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽനിന്നും ഒരു സാമ്പത്തിക വർഷം ഒരു കോടി രൂപയ്ക്കുമുകളിൽ പണമായി പിൻവലിക്കുമ്പോൾ രണ്ട് ശതമാനം ആദായ നികുതിയായി നൽകണമെന്ന കേന്ദ്ര നിർദ്ദേശപ്രകാരം കേരളത്തിലെ സഹകരണ സംഘങ്ങൾ ഒരു വർഷം നൽകേണ്ട തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) ആദായ നികുതി പരിധിയിൽനിന്നും സഹകരണ സംഘങ്ങളെ ഒഴിവാക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) കേന്ദ്ര ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിച്ചേർത്ത 194N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ ഒരു വർഷം ഒരു കോടിയിലധികം രൂപ ബാങ്കുകളിൽനിന്നും പിൻവലിക്കുന്നവരിൽനിന്നും 2% ആദായ നികുതി ഈടാക്കാൻ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ബാങ്കിംഗ് ബിസിനസ് നടത്തുന്ന സഹകരണ സംഘങ്ങളെ ടി വകുപ്പിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ ബാങ്കിംഗ് ബിസിനസ്സല്ല ചെയ്യുന്നത് എന്ന നിലയിൽ വ്യാഖ്യാനിച്ച് പ്രാഥമിക സഹകരണ ബാങ്കുകളിൽനിന്നും ആദായ നികുതി ഈടാക്കണമെന്നുകാണിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും 3-10-2019-ലെ സെൻട്രൽ ബാങ്ക് കോൺഫറൻസിൽ ഈ വിഷയം അജണ്ടയിൽ ഉൾപ്പെടുത്തി വിശദമായി ചർച്ച ചെയ്യുകയും ടി നിയമ ഭേദഗതിക്കെതിരെ കൂട്ടായ പ്രവർത്തനങ്ങൾ വേണ്ടതുണ്ട് എന്ന് തീരുമാനിച്ച് ടി നിയമത്തിലെ പ്രസ്തുത വകുപ്പിന്റെ പരിധിയിൽനിന്നും സംസ്ഥാനത്തെ സഹകരണ മേഖലയെ ഒഴിവാക്കുന്നതിനായി 11-10-2019-ൽ ബഹുമാന്യരായ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി, കേന്ദ്ര കൃഷി വകുപ്പുമന്ത്രി എന്നിവർക്ക് സഹകരണ വകുപ്പുമന്ത്രി നിവേദനം സമർപ്പിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽനിന്നും വർഷത്തിൽ എത്ര രൂപയുടെ നിക്ഷേപം പിൻവലിക്കുമെന്ന് മുൻകൂട്ടി കണക്കാക്കാൻ സാധിക്കാത്തതിനാൽ സഹകരണ ബാങ്കുകൾ മേൽ വകുപ്പിന് വിധേയമായി ഒരു വർഷം ആദായ നികുതിയായി നൽകേണ്ട തുക എത്രയാണെന്ന് കണക്കാക്കിയിട്ടില്ല.

(ബി) റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിൽ വരാത്ത എല്ലാ സഹകരണ സംഘങ്ങൾക്കും ആദായനികുതി ഇളവ് അനുവദിക്കാവുന്നതാണെന്ന് 1961-ലെ ഇൻകം ടാക്സ് ആക്ടിലെ വകുപ്പ് 80(പി)(2)-ൽ പ്രതിപാദിച്ചിരുന്നു. എന്നാൽ 2006-ലെ ഫിനാൻസ് ആക്ട് ഭേദഗതി പ്രകാരം 1-4-2007 മുതൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ ഒഴികെയുള്ള സഹകരണ സംഘങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യം നിഷേധിക്കപ്പെട്ടു. കൂടാതെ സംഘങ്ങളുടെ

വരുമാനത്തിൽ അധികഭാഗവും കാർഷികേതര പ്രവർത്തനങ്ങളിൽനിന്ന് നേടുന്നതാണെന്ന വാദം ഉന്നയിച്ചും ആദായനികുതി വകുപ്പ് കോടതിയിൽനിന്ന് അനുകൂല വിധി സമ്പാദിക്കാറുണ്ട്. ഇതുസംബന്ധിച്ച കേസ് സുപ്രീം കോടതിയിൽ നടന്നുവരുന്നു. നിലവിൽ 80(പി)-യുടെ ആനുകൂല്യം ലഭിക്കുന്ന പി.എ.സി.എസ്. (Primary Agricultural Credit Society), പി.സി.എ.ആർ.ഡി.ബി (Primary Co-operative Agriculture and Rural Development Bank) എന്നിവയുടെ ആനുകൂല്യം നഷ്ടമായാൽ ആയത് സഹകരണ സംഘങ്ങളുടെ ലാഭക്ഷമതയെ ബാധിക്കുകയും അംഗങ്ങൾക്ക് ലഭിക്കുന്ന ഡിവിഡന്റിൽ കുറവ് വരുന്നതിനും ലാഭത്തിൽനിന്ന് വകമാറ്റുന്ന മറ്റ് ഫണ്ടുകളെ ദോഷകരമായി ബാധിക്കുകയും ആഡിറ്റ് റിപ്പോർട്ട് പ്രകാരം ഒട്ടുമിക്ക സ്ഥാപനങ്ങളും നഷ്ടത്തിലാകുകയും ചെയ്യും. ആദായ നികുതി നിയമം കേന്ദ്ര നിയമമായതിനാലും കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലുള്ള ആദായ നികുതി വകുപ്പിന്റെ നടപടികളായതിനാലും ഈ വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി എം.പി.-മാരുടെ സമ്മേളനത്തിൽ അജണ്ടയായി കൊണ്ടുവരികയുണ്ടായി. ഇത് സഹകരണ മേഖലയുടെ നിലനിൽപ്പിനെ ബാധിക്കുന്നതാകയാൽ ആദായ നികുതി നിയമത്തിലെ ബന്ധപ്പെട്ട സെക്ഷനുകളിൽ മതിയായ ഭേദഗതി വരുത്തി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് ആദായനികുതി ഇളവ് ലഭ്യമാക്കുന്നതിന് 2-7-2018-ലും 17-8-2019-ലും കേന്ദ്രധനകാര്യ മന്ത്രാലയത്തിന് സഹകരണ വകുപ്പുമന്ത്രി മെമ്മോറാണ്ടം നൽകിയിട്ടുണ്ട്.

കൂടാതെ കേന്ദ്ര ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിച്ചേർത്ത 194N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ ഒരു വർഷം ഒരു കോടിയിലധികം രൂപ ബാങ്കുകളിൽനിന്നും പിൻവലിക്കുന്നവരിൽ നിന്നും 2 ശതമാനം ആദായ നികുതി ഈടാക്കുന്നതിനുള്ള വ്യവസ്ഥ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 3-10-2019-ലെ സെൻട്രൽ ബാങ്ക് കോൺഫറൻസിൽ വിഷയം അജണ്ടയിൽ ഉൾപ്പെടുത്തി വിശദമായ ചർച്ചയ്ക്ക് വിധേയമാക്കുകയും ടി നിയമഭേദഗതിക്കെതിരെ കൂട്ടായ പ്രവർത്തനങ്ങൾ വേണ്ടതുണ്ട് എന്ന് തീരുമാനിക്കുകയും ടി നിയമത്തിലെ പ്രസ്തുത വകുപ്പിന്റെ പരിധിയിൽനിന്നും സംസ്ഥാനത്തെ സഹകരണ മേഖലയെ ഒഴിവാക്കുന്നതിനായി 11-10-2019-ൽ ബഹുമാന്യരായ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി, കേന്ദ്ര കൃഷി വകുപ്പുമന്ത്രി എന്നിവർക്ക് സഹകരണ വകുപ്പുമന്ത്രി നിവേദനം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## സഹകരണ സംഘങ്ങളിലെ ആദായ നികുതി വകുപ്പ് കടന്നുകയറ്റം

2 (*182) ശ്രീ. വി. ജോയി:
ശ്രീ. എം. സ്വരാജ്:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യ ലഘൂകരണം, ദുർബ്ബല ജനവിഭാഗങ്ങളുടെ ഉന്നമനം തുടങ്ങിയ വികസന ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന സഹകരണ പ്രസ്ഥാനത്തെ തകർക്കുന്ന തരത്തിൽ നിയമവിരുദ്ധമായി ആദായ നികുതി വകുപ്പ് കടന്നുകയറുന്നത് അവസാനിപ്പിക്കാൻ നടത്തിവരുന്ന ഇടപെടലുകൾ അറിയിക്കാമോ;

(ബി) 2007-ൽ കൊണ്ടുവന്ന ഭേദഗതി പ്രകാരം പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെയും പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളെയും ആദായനികുതി നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിയിട്ടും ആദായ നികുതി വകുപ്പ് നടത്തുന്ന കടന്നുകയറ്റവും ജില്ലാ ബാങ്കുകളിൽനിന്ന് പണം പിൻവലിച്ചാൽ നികുതി ഈടാക്കുന്ന അന്യായവ്യവസ്ഥയും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നോ;

(സി) കോർപ്പറേറ്റുകളെ സംരക്ഷിക്കാൻ ലക്ഷക്കണക്കിന് കോടി രൂപ നികുതിയിളവ് നൽകുന്നതിന് താൽപ്പര്യമെടുക്കുന്ന കേന്ദ്രസർക്കാരിനോട് എല്ലാ സഹകരണ സംഘങ്ങളെയും ആദായ നികുതിയിൽനിന്ന് ഒഴിവാക്കാൻ ആവശ്യപ്പെട്ടുമോ;

(ഡി) ഇത്തരം പ്രതിസന്ധികൾക്കിടയിലും സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്താൻ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) കേരളത്തിന്റെ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായും സമൂഹത്തിലെ ദുർബ്ബലവിഭാഗങ്ങളുടെ ഉന്നമനത്തിനായും നിലനിൽക്കുന്ന സഹകരണ മേഖല ആദായ നികുതി വകുപ്പിന്റെ തത്വദീക്ഷയില്ലാത്ത ഇടപെടലുകൾമൂലം കടുത്ത വെല്ലുവിളി നേരിടുന്നുണ്ട്. സംഘങ്ങളുടെ നിലനില്പിനെത്തന്നെ പ്രതികൂലമായി ബാധിക്കുന്ന കേന്ദ്ര ആദായനികുതി നിയമത്തിൽ 1-4-2007-ൽ നിലവിൽവന്ന

ഫിനാൻസ് ആക്ട് ഭേദഗതി പ്രകാരം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ ഒഴികെയുള്ള സഹകരണ സ്ഥാപനങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യം നിഷേധിക്കപ്പെട്ടതും ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിച്ചേർത്ത 194N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതുമൂലം സഹകരണ ബാങ്കുകൾ നേരിടുന്ന പ്രതിസന്ധിയും കണക്കിലെടുത്ത് സഹകരണ സ്ഥാപനങ്ങൾക്ക് വരുമാന നികുതിയിൽ ഇളവ് നൽകണമെന്നുമുള്ള ആവശ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി ടി വിഷയം എം.പി.-മാരുടെ സമ്മേളനത്തിൽ കൊണ്ടുവരികയും ആദായ നികുതി നിയമത്തിലെ ബന്ധപ്പെട്ട സെക്ഷനുകളിൽ മതിയായ ഭേദഗതി വരുത്തി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് ആദായ നികുതി ഇളവ് ലഭ്യമാക്കുന്നതിന് 2-7-2018-ലും 17-8-2019-ലും 11-10-2019-ലും കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് സംസ്ഥാന സഹകരണ വകുപ്പുമന്ത്രി നിവേദനങ്ങൾ നൽകിയിട്ടുമുണ്ട്.

(ബി) ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിൽ വരാത്ത എല്ലാ സഹകരണ സംഘങ്ങൾക്കും ആദായനികുതി ഇളവ് അനുവദിക്കാവുന്നതാണെന്ന് 1961-ലെ ഇൻകം ടാക്സ് ആക്ടിലെ വകുപ്പ് 80(പി)(2)-ൽ പ്രതിപാദിച്ചിരുന്നു. എന്നാൽ 2006-ലെ ഫിനാൻസ് ആക്ട് ഭേദഗതി പ്രകാരം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ ഒഴികെയുള്ള സഹകരണ സംഘങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന ആദായനികുതി ആനുകൂല്യം നിഷേധിക്കപ്പെട്ടു. സംഘങ്ങളുടെ വരുമാനത്തിൽ അധികഭാഗവും കാർഷികേതര പ്രവർത്തനങ്ങളിൽനിന്ന് നേടുന്നതാണെന്ന വാദം ആദായനികുതി വകുപ്പ് കോടതിയിൽ ഉന്നയിച്ച് അവർക്ക് അനുകൂലമായി വിധി സമ്പാദിക്കാറുണ്ട്. നിലവിൽ 80(പി)യുടെ ആനുകൂല്യം ലഭിക്കുന്ന പി.എ.സി.എസ്, പി.സി.എ.ആർ.ഡി.ബി. എന്നിവയുടെ ആനുകൂല്യം നഷ്ടമായാൽ അത് സഹകരണ ബാങ്കുകളുടെ പ്രവർത്തനമൂലധനത്തെയും നിക്ഷേപത്തെയും പ്രവർത്തനത്തെയും ദോഷകരമായി ബാധിക്കുന്നതാണ്. കൂടാതെ കേന്ദ്ര ആദായ നികുതി നിയമത്തിൽ പുതിയതായി കൂട്ടിച്ചേർത്ത 194N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ ഒരു വർഷം ഒരു കോടിയിലധികം രൂപ ബാങ്കുകളിൽനിന്ന് പിൻവലിക്കുന്നവരിൽ നിന്നും 2 ശതമാനം ആദായ നികുതി ഈടാക്കാനുള്ള വ്യവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ടി നിയമഭേദഗതിക്കെതിരെ കൂട്ടായ പ്രവർത്തനങ്ങൾ വേണ്ടതുണ്ടെന്ന് തീരുമാനിച്ച് ടി നിയമത്തിലെ പ്രസ്തുത വകുപ്പിന്റെ പരിധിയിൽനിന്നും സംസ്ഥാനത്തെ സഹകരണ മേഖലയെ ഒഴിവാക്കുന്നതിനായി

2-7-2018, 17-8-2019, 11-10-2019 തീയതികളിൽ കേന്ദ്രധനകാര്യ മന്ത്രാലയത്തിന് സംസ്ഥാന സഹകരണ വകുപ്പുമന്ത്രി നിവേദനങ്ങൾ നൽകിയിട്ടുമുണ്ട്.

(സി) ആദായ നികുതി നിയമം ഒരു കേന്ദ്ര നിയമമായതിനാൽ സംസ്ഥാന സർക്കാരിന് ഈ നിയമത്തിലെ വ്യവസ്ഥകളിന്മേൽ ഇടപെടാൻ പരിമിതികളുണ്ട്. എന്നാൽ സഹകരണ മേഖലയുടെ നിലനിൽപ്പിനെ ബാധിക്കുന്നതാകയാൽ ആദായ നികുതി നിയമത്തിലെ ബന്ധപ്പെട്ട സെക്ഷനുകളിൽ മതിയായ ഭേദഗതി വരുത്തി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് ആദായ നികുതി ഇളവ് ലഭ്യമാക്കുന്നതിന് മേൽ വ്യക്തമാക്കിയ പ്രകാരം കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് സംസ്ഥാന സഹകരണ വകുപ്പുമന്ത്രി നിവേദനങ്ങൾ നൽകിയിട്ടുണ്ട്.

(ഡി) ഇത്തരം പ്രതിസന്ധികൾക്കിടയിലും സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്താൻ സർക്കാർ താഴെപ്പറയുന്ന വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു:

1. ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിലുണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധിവരെ അറുതി വരുത്തുന്നതിന് സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്ന് രക്ഷിക്കുക, സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുകയും ജനങ്ങളെ കൂടുതൽ സാമ്പത്തിക ഉയർച്ചയിലേക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് 'മുറ്റത്തെമുല്ല' ഗ്രാമീണ ലഘു വായ്പാ പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആവിഷ്കരിച്ച് നടപ്പാക്കുന്നു.

2. പ്രളയത്തിൽ മൃഗസംരക്ഷണ മേഖലയിലും ജീവനോപാധി നഷ്ടപ്പെട്ടവർക്കും സൂക്ഷ്മ-ചെറുകിട-ഇടത്തരം വാണിജ്യ-വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ മേഖലകളിലുള്ള ദുരന്തബാധിതർക്ക് അവരുടെ ഉപജീവനമാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് 'ഉജ്ജീവന വായ്പാ സഹായ പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുകയുണ്ടായി. ദുരന്ത പ്രതികരണ നിധിയിൽനിന്നും സഹായം നൽകാനുള്ള പട്ടികയിൽ ഉൾപ്പെട്ട ക്ഷീര കർഷകർ, പൗൾട്രി കർഷകർ, 2018-ലെ പ്രളയത്തിൽ നഷ്ടം സംഭവിച്ചവർ എന്ന് കൃഷി വകുപ്പ് സാക്ഷ്യപ്പെടുത്തിയ തേനീച്ച കർഷകർ, മൃഗസംരക്ഷണ വകുപ്പ് സാക്ഷ്യപ്പെടുത്തിയ അലങ്കാര പക്ഷി കർഷകർ, വ്യവസായ വകുപ്പ് കണ്ടെത്തിയ സൂക്ഷ്മ-ചെറുകിട-

ഇടത്തരം വാണിജ്യ-വ്യാപാര സ്ഥാപനങ്ങൾക്കും കടകൾക്കുമായിരിക്കും ഈ പദ്ധതി പ്രകാരമുള്ള സഹായത്തിന് അർഹത. ദുരന്തബാധിതർക്ക് അവർ ജീവനോപാധി പുനരാരംഭത്തിനായി എടുക്കുന്ന Term Loan-ന്റെയും പ്രവർത്തന മൂലധനത്തിന്റെയും (Working Capital) മാർജിൻ മണി പരമാവധി 2 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുള്ളതും ആയത് സർക്കാർ നേരിട്ട് ബാങ്കുകൾക്ക് നൽകുന്നതുമാണ്. ജീവനോപാധി പുനരാരംഭത്തിനായി പ്രവർത്തന മൂലധനം മാത്രം എടുക്കുന്നവർക്ക് അവരുടെ താൽപ്പര്യം അനുസരിച്ച് 10 ലക്ഷം രൂപ വരെ മാർജിൻ മണിക്കുപകരം ഒരു വർഷത്തേക്ക് 9 ശതമാനം താങ്ങുപലിശ (Interest Subvention) സർക്കാർ ബാങ്കുകൾക്ക് നൽകുന്നതാണ്.

3. കേരളത്തിലെ ഹ്രസ്വകാല വായ്പാ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽനിന്നും ദ്വിതല സമ്പ്രദായത്തിലേക്ക് പുനഃക്രമീകരിച്ച് കേരള ബാങ്ക് രൂപീകരിച്ചു. കേരളത്തിന്റെ സ്വന്തം ബാങ്കായി കേരള ബാങ്ക് നിലവിൽ വന്നതോടെ ഹ്രസ്വകാല സഹകരണ വായ്പാരംഗത്ത് സമൂലമാറ്റം വരുമെന്ന് പ്രതീക്ഷിക്കുന്നു. ഇടത്തട്ടിലുള്ള ജില്ലാ സഹകരണ ബാങ്കുകൾ കേരള ബാങ്കായി മാറുന്നതോടെ ഒരു ശതമാനം (1%) പലിശനിരക്കിൽ കുറവുവരുത്തി കർഷകർക്ക് വായ്പ കൊടുക്കാൻ കഴിയും. കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലും ഉൾപ്പെടെ ബാങ്കിംഗ് സേവനങ്ങൾ ശക്തിപ്പെടുത്താൻ സാധിക്കും. ആധുനിക ബാങ്കിംഗ് സേവനങ്ങൾ കുറഞ്ഞ സർവ്വീസ് ചാർജ്ജ് ഈടാക്കി ഇടപാടുകാർക്ക് നൽകാൻ സാധിക്കും. പ്രവാസി നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിനും മലയാളികളുടെ നിക്ഷേപങ്ങൾ കേരളത്തിന്റെ വികസനത്തിന് ഉപയോഗപ്പെടുത്തുന്നതിനും കേരളത്തിന്റെ സമഗ്ര വികസനത്തിന് ഉപയുക്തമാക്കുന്നതിനും കേരള ബാങ്കിന് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

4. സഹകരണ സംഘങ്ങളിൽനിന്നും വായ്പയെടുത്തശേഷം മരണപ്പെടുകയോ മാരകരോഗം പിടിപെടുകയോ ചെയ്ത് വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത വായ്പക്കാർക്ക് ആശ്വാസമേകി റിസ്ക് ഫണ്ട് പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

5. മാരകരോഗ ബാധിതരായവർ, വാഹനാപകടത്തിൽപ്പെട്ട് അംഗ വൈകല്യം സംഭവിച്ചവർ/ശയ്യാവലംബരായവർ, അപകടത്തിൽപ്പെട്ട് ശയ്യാവലംബരായ അംഗങ്ങളുടെ/മരണപ്പെട്ട അംഗങ്ങളുടെ ആശ്രിതർ, മാതാപിതാക്കൾ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട കുട്ടികൾ എന്നിവർക്ക് ധനസഹായം നല്കുന്നതിലേക്കായി സഹകരണ നിയമം വകുപ്പ് 56(1) സി ചട്ടം 53 (എ) പ്രകാരം 'അംഗസമാശ്വാസ നിധി' രൂപീകരിച്ചിട്ടുണ്ട്.

6. അംഗങ്ങളുടെയിടയിൽ സമ്പാദ്യശീലം വളർത്തുന്നതിനും വായ്പാ സംഘങ്ങളുടെ നിക്ഷേപത്തോത് വർദ്ധിപ്പിക്കുന്നതിനും സഹകരണ മേഖല ശക്തിപ്പെടുത്തുന്നതിനുമായി നിക്ഷേപ സമാഹരണ യജ്ഞം വർഷാവർഷം നടത്തിവരുന്നു.

7. സഹകരണ മേഖലയിലേയ്ക്കുള്ള നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും നിക്ഷേപകരെ ആകർഷിക്കുന്നതിനുമായി 'നിക്ഷേപ സുരക്ഷാ പദ്ധതി' സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

8. സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് സംഘങ്ങളെ/ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ ബാങ്കുകളാക്കി മാറ്റുന്നതിനും സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽനിന്നും ആശ്വാസം നല്കുന്നതിനുമായി ഈ സർക്കാരിന്റെ ഭരണകാലത്ത് 'നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി' നടപ്പിലാക്കി വായ്പക്കാരന്റെ നിലവിലെ സാഹചര്യങ്ങൾ, സാമ്പത്തിക സ്ഥിതി, തിരിച്ചടവ് ശേഷി എന്നിവ ഭരണസമിതി വിലയിരുത്തി തിരിച്ചടവ് സംബന്ധിച്ച് ഉചിതമായ തീരുമാനത്തിലെത്തുകയും വായ്പക്കാരനുമായി തിരിച്ചടവ് സംബന്ധിച്ച് ധാരണയാകുകയും വേണം. ഈ ധാരണ പ്രകാരം വായ്പാ തിരിച്ചടവിന് വായ്പക്കാരന് അവസരം നൽകുന്നതാണ് എന്നത് ഈ പദ്ധതിയുടെ സവിശേഷതയാണ്. ഈ പദ്ധതിപ്രകാരം എല്ലാ വായ്പാ ഒത്തുതീർപ്പുകളിലും പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നതും പലിശ കണക്കാക്കുന്നത് സാധാരണ പലിശയിലുമാണ്.

9. സംസ്ഥാനത്തുണ്ടായ പ്രളയദുരന്തത്തിന്റെ ഫലമായി വീടും സ്വത്തുക്കളും ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിന് സംസ്ഥാന സർക്കാരിനൊപ്പം ചേർന്ന് സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് CARe Kerala (Co-operative Alliance to Rebuild Kerala). കെയർ ഹോം, കെയർ ലോൺ, കെയർ ഗ്രേസ് എന്നീ മൂന്ന് ഉപപദ്ധതികൾ ഉൾപ്പെട്ടതാണ് കെയർ കേരള പദ്ധതി. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് കെയർ ഹോം. പ്രളയദുരന്തത്തെ തുടർന്ന് വീടുകൾ നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിച്ചുനൽകുന്നതിനുള്ള ഭവനനിർമ്മാണ പദ്ധതിയാണ് കെയർ ഹോം. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ 2152 വീടുകളാണ് നിർമ്മിച്ചുനൽകുന്നത്. സംസ്ഥാന സഹകരണ സംഘങ്ങളുടെ മേൽനോട്ടത്തിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

10. കേരളത്തിന്റെ നെല്ലറയായ പാലക്കാട് ജില്ലയിലെ നെൽകർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമെന്ന നിലയിൽ പാലക്കാട് ജില്ലയിൽ സഹകരണ മേഖലയിൽ ഒരു സഹകരണ സംഘം രൂപീകരിച്ച് അതിനുകീഴിൽ നെല്ല് സംഭരിച്ച് അരിയാക്കി മാറ്റുന്നതിനുള്ള സൗകര്യത്തോടുകൂടിയ ഒരു ആധുനിക റൈസ് മിൽ സ്ഥാപിക്കുകയും സംഭരിക്കുന്ന നെല്ലും അരിയും സൂക്ഷിക്കുന്നതിന് ഗോഡൗണുകൾ നിർമ്മിക്കുക എന്ന ഉദ്ദേശ്യത്തോടെ സഹകരണ വകുപ്പും ജില്ലയിലെ സഹകാരികളും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 2018 ഡിസംബർ 29-ന് "പാലക്കാട് പാഡി പ്രൊക്യൂവർമെന്റ്, പ്രോസെസ്സിംഗ് ആന്റ് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി.1449 (PAPCOS)" എന്ന പേരിൽ ജില്ലയിലെ 26 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളായ സഹകരണ സംഘം രൂപീകരിച്ചു.

11. 2018-19 സാമ്പത്തിക വർഷം സംസ്ഥാന പദ്ധതിയിൽ 39151.46294 ലക്ഷം രൂപയും എൻ.സി.ഡി.സി പദ്ധതിയിൽ 12396.35755 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 51547.82049 ലക്ഷം രൂപ സഹകരണ സംഘങ്ങൾക്ക്/സ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകിയിരുന്നു. 2019-20 സാമ്പത്തിക വർഷം ഇതുവരെ സംസ്ഥാന പദ്ധതിയിൽ 5057.71392 ലക്ഷം രൂപയും എൻ.സി.ഡി.സി. പദ്ധതിയിൽ 3492.70174 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 8550.41566 ലക്ഷം രൂപ സഹകരണ സംഘങ്ങൾക്ക്/സ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

ശ്രീ. പി. കെ. ബഷീർ: സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ പല കാര്യങ്ങളും പറഞ്ഞു. സഹകരണ സംഘങ്ങളെ ആദായനികുതിയുടെ പരിധിയിൽനിന്ന് ഒഴിവാക്കണമെന്നാവശ്യപ്പെട്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഒരു പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കിയിരുന്നു. കേന്ദ്രത്തിന് നിവേദനം കൊടുത്തതുമുതലുള്ള കാര്യങ്ങളൊക്കെ ഇതിൽ സൂചിപ്പിക്കുന്നുണ്ട്. നിവേദനം കൊടുത്തതിനുശേഷം കേന്ദ്ര സർക്കാർ എന്തെങ്കിലുമൊരു മറുപടി ഇങ്ങോട്ട് അയച്ചോ; അല്ലെങ്കിൽ അതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിക്കുമെന്ന് പറഞ്ഞിട്ടുണ്ടോ? ഇക്കാര്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. രണ്ടാമതായി എനിക്ക് പറയാനുള്ളത്,

മി. സ്പീക്കർ: രണ്ടാമത് ഉപചോദ്യം ഉണ്ടോ?

ശ്രീ. പി. കെ. ബഷീർ:സർ, ബഹുമാനപ്പെട്ട മന്ത്രി 10 മിനിട്ട് എടുത്തിരുന്നു, ഞാൻ ആദ്യമായിട്ടാണ് ഒരു ചോദ്യം ചോദിക്കുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി പത്ത് മിനിട്ടിന്റെ മറുപടി പറഞ്ഞതുകൊണ്ട് അത്രയും സമയമെടുത്ത് ചോദ്യം ചോദിക്കേണ്ടതുണ്ടോ?

ശ്രീ. പി. കെ. ബഷീർ: സർ, ബഹുമാനപ്പെട്ട മന്ത്രി കേരള ബാങ്കിനെ സംബന്ധിച്ച് പറഞ്ഞു. കേരള ബാങ്ക് രൂപീകരിക്കുമ്പോൾ സംസ്ഥാനത്തെ 805 സർവ്വീസ് സഹകരണ ബാങ്കുകൾ 400 ആയി ചുരുങ്ങുന്ന സംവിധാനം വരുന്നുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, രണ്ട് ഘട്ടങ്ങളിലായി കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിമാരായി അരുൺ ജെയ്റ്റ്ലിയെയും ശ്രീമതി നിർമ്മല സീതാരാമനെയും കൃഷി വകുപ്പുമന്ത്രി ശ്രീ. നരേന്ദ്ര സിംഗ് തോമറിനെയും സംസ്ഥാന സഹകരണ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ കാണുകയും 194N വകുപ്പിലെ വിഷയങ്ങൾ സംബന്ധിച്ച് നിവേദനം നൽകുകയും ചർച്ച നടത്തുകയും ചെയ്തു. ആ ചർച്ചകളിൽ ഈ വിഷയങ്ങളെല്ലാം വളരെ ഗൗരവമായി കാണുമെന്നും സംസ്ഥാനത്തെ സഹകരണ മേഖല നേരിടുന്ന പ്രശ്നങ്ങൾ ബോധ്യപ്പെട്ടതായുമാണ് മനസ്സിലാക്കാൻ സാധിച്ചത്. തുടർനടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ അവർ അമാന്തം കാണിക്കുന്നു അല്ലെങ്കിൽ മടിച്ചുനിൽക്കുന്ന കാഴ്ചയാണ് കാണാനായത്. രണ്ട് കേന്ദ്രമന്ത്രിമാരുമായി നടത്തിയ കൂടിക്കാഴ്ചയിലും കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് അനുകൂലമായ നിലപാടിലൂന്നിയാണ് അവർ സംസാരിച്ചത്. "എന്തിനാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിനു മേൽ ഇത്തരത്തിലുള്ള ഇൻകംടാക്സിന്റെ കടന്നുകയറ്റം നടത്തുന്നത്? സഹകരണ സംഘങ്ങളെ ഇൻകംടാക്സിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിയിട്ടുള്ളതാണല്ലോ, ഞാൻ അന്വേഷിക്കട്ടെ" എന്നു പറഞ്ഞയുടൻ ഉദ്യോഗസ്ഥരോട് "നിങ്ങൾ അതിനെ സംബന്ധിച്ച് അടിയന്തരമായി അന്വേഷിച്ച് മറുപടി പറയൂ" എന്നുപറയുകയുണ്ടായി. ഇങ്ങനെയൊക്കെ പറഞ്ഞു കേൾക്കുമ്പോൾ പോസിറ്റീവായ ഒരു അപ്രോച്ചാണ് അവരുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നതെന്നാണ് തോന്നുന്നത്. പക്ഷേ, അതിന്റെയടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ അമാന്തമുണ്ടാകുന്നു.

രണ്ടാമത്, കേരള ബാങ്കിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. അദ്ദേഹം വല്ലാത്തൊരു തെറ്റിദ്ധാരണയിലാണെന്നാണ് എനിക്ക് തോന്നുന്നത്. കേരള ബാങ്ക് കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ശാക്തീകരിക്കുന്ന ബാങ്കായിരിക്കുമെന്ന കാര്യം അങ്ങ് ദയവുചെയ്ത് മനസ്സിലാക്കണം. 1665-ഓളം വരുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്. പല സന്ദർഭങ്ങളിലും ഇവിടെ അക്കാര്യം പറഞ്ഞിട്ടുണ്ട്. ഇന്നത്തെ മത്സരകാലഘട്ടത്തിൽ സംസ്ഥാനത്തെ

സഹകരണമേഖലയെ അതിനുതകുന്ന തരത്തിൽ ഉയർത്തിക്കൊണ്ടു വരികയെന്നുള്ള ലക്ഷ്യത്തോടു കൂടിയാണ് സംസ്ഥാന ഗവൺമെന്റ് കേരള ബാങ്കിന്റെ രൂപീകരണം സാധ്യമാക്കാനുള്ള പരിശ്രമം നടത്തുന്നത്. പ്രാഥമിക കാർഷിക ബാങ്കുകളുടെ നേതൃനിരയിലുള്ള അങ്ങയുടെ പാർട്ടിയിൽപ്പെട്ടവരോട് സംസാരിച്ചാൽ കൃത്യമായും മനസ്സിലാകും. അവരെല്ലാം ഇത് ബോധ്യമുള്ളവരാണ്. പക്ഷേ, ചില രാഷ്ട്രീയ കാരണങ്ങളാൽ ഇതിനോട് എതിർപ്പ് പ്രകടിപ്പിക്കുന്നു എന്നതല്ലാതെ കേരള ബാങ്ക് ഉയർത്തുന്ന സുതാര്യവും നല്ലതുമായ ലക്ഷ്യത്തോട് അവർ എതിർപ്പ് പ്രകടിപ്പിക്കുന്നില്ലെന്ന കാര്യം ദയവായി മനസ്സിലാക്കണം. ഇപ്പോൾ ഇക്കാര്യത്തിൽ അങ്ങയുടെ പാർട്ടിയും യു.ഡി.എഫ്.-ഉം എടുത്തിരിക്കുന്ന നിലപാടിൽനിന്ന് പിന്മാറി നമുക്ക് ഒത്തൊരുമയോടുകൂടി കേരള ബാങ്കെന്ന പുതിയ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് സഹായിക്കണമെന്നാണ് ഈ സന്ദർഭത്തിൽ എനിക്ക് പറയാനുള്ളത്.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, നമ്മുടെ പൂർവ്വികരും രാഷ്ട്രീയ നേതാക്കളും സഹകാരികളും കാലാകാലങ്ങളായി കെട്ടിപ്പടുത്തതാണ് സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനം. ആ പ്രസ്ഥാനത്തിൽ ഒരു ഭേദഗതി വരുമ്പോൾ ആദ്യമായി ഗവൺമെന്റ് ചെയ്യേണ്ടിയിരുന്നത് എല്ലാ രാഷ്ട്രീയ പാർട്ടികളെയും ഉൾപ്പെടുത്തി ഒരു സർവ്വകക്ഷിയോഗം വിളിക്കുകയെന്നുള്ളതാണ്. എന്നാൽ, ബഹുമാനപ്പെട്ട മന്ത്രി ആരെയും വിളിച്ചില്ല. നിയമമുണ്ടാക്കാൻ നിങ്ങൾതന്നെ തീരുമാനിച്ചു, അതനുസരിച്ച് നിങ്ങൾ മുന്നോട്ടുപോയി. ഒരു രാഷ്ട്രീയ നേതൃത്വത്തെയോ പാർട്ടിക്കാരെയോ ആരെയും ഇതുസംബന്ധിച്ച് ഒന്നും ബോധ്യപ്പെടുത്തിയില്ല. അവസാനം വന്ന് ഞങ്ങളോട് മാത്രം പറഞ്ഞിട്ട് കാര്യമില്ല. ആദ്യമൊരു സർവ്വകക്ഷിയോഗം വിളിച്ചിരുന്നെങ്കിൽ, എങ്ങനെ ഇതിൽ മാറ്റം വരുത്തണമെന്ന് സർക്കാർ ആലോചിച്ചിരുന്നെങ്കിൽ ഇതുപോലെ സംശയങ്ങൾ ചോദിക്കാനുള്ള സാഹചര്യമുണ്ടാകില്ലായിരുന്നു. കേരളത്തിൽ ഏറ്റവുമധികം നിക്ഷേപമുള്ള സഹകരണ ബാങ്കുകൾ ലോൺ നൽകുന്നതിന് അനേകം നിബന്ധനകൾ വയ്ക്കുന്നുണ്ട്. നിക്ഷേപങ്ങളൊക്കെ ബാങ്കുകളിൽ കെട്ടിക്കിടക്കുകയാണ്. രജിസ്ട്രാറുടെ അംഗീകാരം, ജോയിന്റ് രജിസ്ട്രാറുടെ അംഗീകാരം തുടങ്ങി ലോൺ നൽകുന്നതിനുള്ള ഇത്തരം നൂലാമാലകൾ ഒഴിവാക്കി പ്രായോഗികമായ ഒരു സമീപനം ഇക്കാര്യത്തിൽ സ്വീകരിച്ച് വ്യവസ്ഥകൾ കുറച്ചുകൂടി ലളിതമാക്കാനുള്ള നടപടി അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, അദ്ദേഹം ഇപ്പോഴും രണ്ട് ചോദ്യങ്ങളാണ് ചോദിച്ചത്. കേരള ബാങ്കിന്റെ കാര്യത്തിലൊരു കൂടിയാലോചന നടന്നിട്ടില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. സർവ്വകക്ഷി യോഗം വിളിച്ചില്ലെന്ന്

പറഞ്ഞത് ശരിയാണ്. പക്ഷേ, യു.ഡി.എഫ്. നേതാക്കളുമായി സഹകരണ മന്ത്രിയെന്ന നിലയിൽ അനവധി തവണ കൂടിയാലോചന നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുമായും ഉപനേതാവുമായും അനേകം തവണ ഇതുസംബന്ധിച്ച് സംസാരിച്ചിട്ടുണ്ട്. അങ്ങയുടെ പാർട്ടിയുടെ നേതാവായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുമായും ഇതുസംബന്ധിച്ച് സംസാരിച്ചിട്ടുണ്ട്. അവരോടെല്ലാം സംസാരിക്കുമ്പോൾ കേരള ബാങ്കിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ച് എനിക്ക് മനസ്സിലാക്കാൻ കഴിയുന്ന തരത്തിൽ പറഞ്ഞ് ബോധ്യപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. ആ ചർച്ചകൾക്കിടയിൽ എനിക്ക് തോന്നിയിട്ടുള്ളത്, അവർക്കെല്ലാം ഇക്കാര്യങ്ങൾ ബോധ്യപ്പെട്ടിട്ടുണ്ടെന്നാണ്. എന്നാൽ ഞങ്ങളൊരു രാഷ്ട്രീയ നിലപാട് സ്വീകരിച്ചുപോയതിനാൽ ഉടനെ പിന്മാറാൻ സാധിക്കില്ല എന്ന മറുപടിയാണ് പലപ്പോഴും ലഭിച്ചിട്ടുള്ളത്. അതിനാൽ കൂടിയാലോചന നടത്തിയിട്ടില്ലെന്ന് പറയുന്നത് വാസ്തവമല്ല. നാടിന്റെ നന്മയ്ക്കുവേണ്ടിയും കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കുവേണ്ടിയും ഇപ്പോഴെടുത്തിരിക്കുന്ന നിലപാടിൽനിന്ന് മാറാൻ തയ്യാറാകണമെന്നാണ് ഇതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്. സഹകരണ ബാങ്കുകളിൽ ധാരാളം ധനമുണ്ടെന്ന് കരുതി അത് ഇഷ്ടംപോലെ നൽകാൻ കഴിയില്ല. അത് ചില നിയമങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി മാത്രമേ നൽകാൻ കഴിയുകയുള്ളൂ. അങ്ങ് പറഞ്ഞതുപോലെയുള്ള നൂലാമാലകൾ പരമാവധി കുറച്ചുകൊണ്ടു വരുന്നതിനുള്ള നടപടി സ്വീകരിക്കാം. പക്ഷേ, നിയന്ത്രണം ആവശ്യമാണെന്ന് ചില സഹകരണ സംഘങ്ങളിൽ നടക്കുന്ന വായ്പാവിതരണത്തിലെ ക്രമക്കേടുകളെക്കുറിച്ച് പരിശോധിക്കുമ്പോൾ നമുക്ക് കാണാൻ സാധിക്കും. അതിനാൽ നിയന്ത്രണങ്ങൾ ആവശ്യമാണ്; എന്നാൽ നൂലാമാലകൾ പരമാവധി ഒഴിവാക്കാനാവശ്യമായ നടപടി സ്വീകരിക്കും.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, കേരളത്തിൽ കൊമേഴ്സ്യൽ ബാങ്കുകളോട് കിടപിടിക്കത്തക്ക രീതിയിൽ ആധുനിക സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന പ്രാഥമിക ബാങ്കുകൾ ധാരാളമുണ്ട്. എന്നാൽ ഈ പ്രാഥമിക ബാങ്കുകളെ ഒരു ബാങ്കായി അല്ലെങ്കിൽ സ്ഥാപനമായി അംഗീകരിക്കാൻ കേന്ദ്ര ഗവൺമെന്റും ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റും തയ്യാറായിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. നോട്ടുനിരോധന സമയത്ത് 2000 രൂപയാണ് ഒരാഴ്ചയിൽ വ്യക്തികൾക്ക് പിൻവലിക്കാൻ സാധിച്ചത്. അതേ മാനദണ്ഡമാണ് പ്രാഥമിക ബാങ്കുകളോടും സർക്കാർ സ്വീകരിച്ചത്. ഒരു പ്രാഥമിക ബാങ്കിന് അക്കൗണ്ടിൽനിന്ന് 2000 രൂപ ആഴ്ചയിൽ പിൻവലിച്ചാൽ എങ്ങനെയാണ് ഇടപാടുകൾ നടത്താൻ കഴിയുന്നത്? ഇപ്പോൾ ബാങ്കിംഗ് ബിസിനസ് നടത്തുന്ന പ്രാഥമിക ബാങ്കുകളെ ഒഴിവാക്കുകയും പോസ്റ്റ് ഓഫീസ് സേവിംഗ്സ് ബാങ്ക് ഉൾപ്പെടെയുള്ളവരെ ഇൻകംടാക്സിന്റെ

പരിധിയിൽനിന്ന് ഒഴിവാക്കുകയും ചെയ്തിരിക്കുന്നു. ശ്രീ. പി. കെ. ബഷീർ ചോദിച്ചതുപോലെ, ഒന്നോ രണ്ടോ തവണ കേന്ദ്രമന്ത്രിക്ക് നിവേദനം നൽകിയെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറയുന്നുണ്ട്. ഈ നിവേദനങ്ങൾക്ക് എന്തെങ്കിലും മറുപടി ലഭിച്ചിട്ടുണ്ടോ; ഇപ്പോൾ ഡൽഹിയിൽ നിയോഗിച്ചിട്ടുള്ള കേരളത്തിന്റെ പ്രത്യേക പ്രതിനിധി മുഖേന ഇതിന് അനുകൂലമായ തീരുമാനം നേടിയെടുക്കാൻ സർക്കാർ ശ്രദ്ധിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം ശരിയാണ്. നിരവധി തവണ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയെയും സഹകരണ വകുപ്പിന്റെകൂടി ചുമതല വഹിക്കുന്ന കേന്ദ്ര കൃഷി വകുപ്പുമന്ത്രിയെയും കണ്ട് നിവേദനം സമർപ്പിക്കുകയും ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. അവ മിനിട്സാക്കി, തീരുമാനമായി വന്നിട്ടില്ല. അത്തരം ചർച്ചകളിൽ ഉയർന്നുവന്ന പോസിറ്റീവായ അഭിപ്രായങ്ങൾ ഞാൻ പ്രകടിപ്പിക്കുകയാണ് ചെയ്തത്. സംസ്ഥാനത്തെ സഹകരണ ബാങ്കുകളുടെ നിലനിൽപ്പിനുവേണ്ടി കേരളമുയർത്തുന്ന വാദഗതികളോട് പൊതുവെ യോജിക്കുന്നൊരു സമീപനമാണ് കണ്ടിട്ടുള്ളത്. നോട്ട് നിരോധനത്തിന്റെ മറവിൽ സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെ പൊതുവേ ഇല്ലായ്മ ചെയ്യാനുള്ള പരിശ്രമം നടന്നിട്ടുണ്ടെന്നുള്ളത് വാസ്തവമാണ്. സർക്കാർ മുന്നിൽനിന്ന് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ നയിച്ചുകൊണ്ട് നോട്ടുനിരോധനം സൃഷ്ടിച്ച പ്രതിസന്ധിയെ നേരിടുന്നതിനുവേണ്ടി സ്വീകരിച്ചതുപോലുള്ള സമീപനം ഇൻകംടാക്സ് നിയമങ്ങൾ അന്യായമായി അടിച്ചേൽപ്പിച്ച് സംസ്ഥാനത്തെ സഹകരണ സംഘങ്ങളെ പാപ്പരീകരിക്കാനും ഇല്ലാതാക്കാനും നടത്തുന്ന പരിശ്രമങ്ങൾക്ക് എതിരായിട്ടും ഉയർത്തിക്കൊണ്ടു വരാൻ സാധിക്കണം. അക്കാര്യത്തിൽ നിയമപരമായ പോരാട്ടം ഒരുഭാഗത്ത് തുടരുന്നതോടൊപ്പം സഹകാരി സമൂഹത്തെയും കേരള ജനതയെയും ഒരുമിച്ചുനിർത്തി ഈ അന്യായത്തിനെതിരെയുള്ള പോരാട്ടം ശക്തിപ്പെടുത്തുന്നതിന് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ സംസ്ഥാനത്തെ ജനങ്ങളാകെ ഒറ്റക്കെട്ടായി മുന്നോട്ടുവരണം. അദ്ദേഹത്തിന്റെ ആ വിലപ്പെട്ട നിർദ്ദേശത്തോട് പൊതുവെ ഞാൻ യോജിക്കുകയാണ്.

(ശ്രീ. എൻ. എ. നെല്ലിക്കുന്ന് സീറ്റിലില്ലാതിരുന്നതിനാൽ ചോദ്യം ഉന്നയിച്ചില്ല)

ശ്രീ. ടി. വി. ഇബ്രാഹിം: സർ, സർവ്വീസ് സഹകരണ ബാങ്കുകളിൽ നിക്ഷേപം നടത്തുന്നവരെ ആദായ നികുതിയിൽനിന്ന് ഒഴിവാക്കുന്നതിനുള്ള പ്രമേയം നേരത്തെ പാസ്സാക്കിയെന്ന് പറയുകയുണ്ടായി. നമ്മുടെ പ്രമേയത്തിന് വലിയ വിലയുണ്ടെന്ന് ആർ.സി.ഇ.പി. കരാറിൽനിന്ന് ഇന്ത്യ

പിൻവാങ്ങിയതോടുകൂടി മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്. അതിനാൽ ഈ പ്രമേയം ഒന്നുകൂടി അവതരിപ്പിക്കുന്നത് നല്ലതായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത്, സഹകരണ ബാങ്കുകളിൽനിന്ന് വീടുവയ്ക്കുന്നതിനും മറ്റ് ആവശ്യങ്ങൾക്കുമായി ലോണെടുത്തവർ വായ്പ തിരിച്ചടയ്ക്കാത്തതിനാൽ അവരുടെ വീട് ജപ്തിചെയ്ത് പോകുമെന്ന അവസ്ഥയുണ്ടാകുന്നു. അത്തരം ഘട്ടങ്ങളിൽ സാമൂഹ്യ സംഘടനകളോ നാട്ടുകാരോ പിരിവെടുത്ത് അവരുടെ ലോൺ അടച്ചുതീർക്കുന്ന അവസ്ഥയിലേക്ക് വരികയാണെങ്കിൽ പ്രസ്തുത ലോണുകളിലെ പലിശത്തുക ഇളവുചെയ്ത് കൊടുക്കാൻ കഴിയുന്ന രീതിയിൽ നിയമം പരിവർത്തനപ്പെടുത്താൻ കഴിയുമോ; ഗവൺമെന്റിന് ഇത്തരം ലോണുകളുടെ പലിശയുടെ കാര്യത്തിൽ എന്തെങ്കിലും സപ്പോർട്ട് ചെയ്യാൻ കഴിയുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, സഹകരണ ബാങ്കുകളിൽനിന്ന് ഭവനവായ്പയോ സാധാരണ വായ്പയോ ഏതായാലും സാധാരണക്കാരാണ് എടുക്കുന്നത്. വായ്പ തിരിച്ചടയ്ക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകുകയും പ്രകൃതി ദുരന്തങ്ങൾപോലുള്ള പ്രശ്നങ്ങളുണ്ടായി പ്രയാസങ്ങൾ അനുഭവിക്കുകയും ചെയ്യുമ്പോൾ അവരുടെ അത്തരം പ്രയാസങ്ങളിൽ സഹകരണ ബാങ്കുകളും പങ്കുചേരാറുണ്ട്. അക്കാര്യത്തിൽ വരുന്ന എല്ലാ അപേക്ഷകളിലും അനുഭാവപൂർണ്ണമായ നിലപാടാണ് സഹകരണ വകുപ്പ് സ്വീകരിക്കാറുള്ളത്. പിഴപ്പലിശ ഒഴിവാക്കി നൽകാറുണ്ട്, പലിശയിൽ പരമാവധി ആനുകൂല്യങ്ങൾ നൽകാറുമുണ്ട്. ചില കാര്യങ്ങളിൽ ഇതിനപ്പുറം കടന്നും പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ പേരിൽ ജപ്തിനടപടികൾ പോലെയുള്ള നിയമനടപടിയിലേക്ക് പോകാതിരിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ പാവങ്ങളെ സഹായിക്കുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ട്. സഹകരണ ബാങ്കുകളുടെ നിലനിൽപ്പ് പ്രധാനമാണ് എന്നുള്ള കാര്യവും നമ്മൾ വിസ്മരിക്കാൻ പാടില്ല. പ്രമേയത്തിന്റെ കാര്യം അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി, ആദായനികുതി നിയമത്തിലെ 80 (പി), 194N എന്നീ വകുപ്പുകൾ സഹകരണ മേഖലയിൽ സൃഷ്ടിക്കുന്ന ദുരന്തം വളരെ വലുതും ദൂരവ്യാപകവുമാണ്. അത് സംബന്ധിച്ച് ഗൗരവത്തോടുകൂടി സഭ ചർച്ചചെയ്ത് ഒരു പ്രമേയം കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കണമെന്നുള്ള അദ്ദേഹത്തിന്റെ നിർദ്ദേശം നിശ്ചയമായും പരിഗണനാർഹമാണ്. ബഹുമാന്യരായ സഭാനേതാവ്, സ്പീക്കർ, പ്രതിപക്ഷനേതാവ് എന്നിവരുമായി കൂടിയാലോചിച്ച് അതിനുള്ള സൗകര്യം ഈ സമ്മേളന കാലയളവിൽത്തന്നെ ക്രമപ്പെടുത്തുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കും.

ശ്രീ. വി. ജോയി: സർ, ഇച്ഛാശക്തിയോടുകൂടി ഒരു ഗവൺമെന്റ് പ്രവർത്തിച്ചതിന്റെ ഫലമായാണ് കേരള ബാങ്ക് സാധ്യമാക്കാൻ സാധിച്ചത്. നിരന്തര ജാഗ്രതയിലൂടെയാണ് ബഹുമാനപ്പെട്ട മന്ത്രി അത് നേടിയെടുക്കുന്നതിന് പരിശ്രമിച്ചിട്ടുള്ളത്; അതിനെ ഈയവസരത്തിൽ അഭിനന്ദിക്കുകയാണ്. നോട്ട് നിരോധനത്തിലൂടെ കേരളത്തിലെ സഹകരണ മേഖലയെ ഇല്ലായ്മ ചെയ്യുന്നതിന് വലിയ പരിശ്രമം കേന്ദ്ര സർക്കാർ നടത്തി. കേരളത്തിലെ ഒരു ജില്ലയെ കേന്ദ്രീകരിച്ച് കള്ളപ്പണമാണ് ബാങ്കുകളിലുള്ളതെന്ന വ്യാജ പ്രചരണം നടത്തി. ആ ഘട്ടങ്ങളിലെല്ലാം അതിനെ തടയിടുന്നതിനായി ഗവൺമെന്റ് വലിയ പരിശ്രമമാണ് നടത്തിയത്. നിർഭാഗ്യവശാൽ ആ ജില്ലയിലെ സഹകാരികൾ ഇന്ന് കേരള ബാങ്കിന് എതിരായി നിൽക്കുന്നുവെന്നുള്ളത് പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ്. കേന്ദ്ര സർക്കാർ കോർപ്പറേറ്റുകളെ സഹായിക്കുന്നതിനുവേണ്ടി റേറ്റ് ടാക്സിൽ വലിയ മാറ്റം വരുത്തിയിട്ടുണ്ട്. ഇപ്പോൾ സ്വകാര്യ ബാങ്കുകൾപോലും 22 ശതമാനം റേറ്റ് ടാക്സ് നൽകുമ്പോൾ സഹകരണ മേഖലയിൽനിന്നും 30 ശതമാനമാണ് വാങ്ങുന്നത്. ഇവിടെ അങ്ങ് സൂചിപ്പിച്ചതുപോലെ 80 (പി)-യുടെ ആനുകൂല്യം 1961-ലെ ഇൻകം ടാക്സ് ആക്റ്റിൽ നമുക്ക് ലഭ്യമായിരുന്നതാണ്. ഇപ്പോൾ കേന്ദ്ര ആദായനികുതി വകുപ്പ് കൂട്ടിച്ചേർത്ത വകുപ്പായ 194N എന്ന് പറയുന്നത് ഒരു കോടിയിലധികം രൂപ പിൻവലിച്ചാൽ രണ്ട് ശതമാനം ടാക്സ് അടയ്ക്കണമെന്നാണ്. ഇത്തരം പ്രവർത്തനങ്ങൾ സഹകരണ മേഖലയെ വല്ലാതെ ബാധിച്ചിരിക്കുകയാണ്. അങ്ങ് അതിൽ നന്നായി ഇടപെടുന്നുണ്ട്. പക്ഷേ, ധിക്കാരപരമായ സമീപനം ഇൻകംടാക്സ്, സർവ്വീസ് ടാക്സ് എന്നീ വിഭാഗങ്ങളിൽ നിന്ന് വരുന്നുണ്ട്. ഇതിനെതിരായി നമുക്കെന്ത് ചെയ്യാൻ സാധിക്കും; ശക്തമായ മീറ്റിംഗ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി വിളിച്ചുചേർക്കാൻ സാധിക്കുമോ; ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നിലവിൽ നടക്കുന്ന കേസിന്റെ സ്ഥിതി എന്താണെന്ന് പറയാമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇവിടെ നേരത്തെ ഉന്നയിച്ച ചോദ്യങ്ങൾ ഇതുമായി ബന്ധപ്പെട്ടതുതന്നെയാണ്. 194N, 80 (പി) എന്നീ രണ്ട് വകുപ്പുകൾ ആദായ നികുതി നിയമത്തിൽ വരുത്തിയ മാറ്റങ്ങളുടെ ഭാഗമായി ഏറെ ദുരിതമനുഭവിക്കേണ്ടിവരുന്നത് സംസ്ഥാനത്തെ സഹകരണ മേഖലയാണ്. ഇതിന് രണ്ട് വഴികൾ മാത്രമാണ് നമ്മുടെ മുന്നിലുള്ളത്. ഇത് ഒരു കേന്ദ്ര നിയമമാണ്. ആ നിയമത്തെ നിയമപരമായി നേരിടുന്നതാണ് ഒരു വഴി. അത് കേരളത്തിലെ സഹകാരികളുടെ സംഘടനയുമായും ജീവനക്കാരുടെ പ്രസ്ഥാനങ്ങളുമായും കൂടിയാലോചിച്ച് നിയമത്തിന്റെ വഴിയിൽ നേരിടുന്നതിനുള്ള പരിശ്രമം ഒരു ഭാഗത്ത് നടത്തുമ്പോൾത്തന്നെ മറുഭാഗത്ത് രാഷ്ട്രീയമായും ഗവൺമെന്റ് എന്ന

രീതിയിലുമുള്ള ഇടപെടലിനുള്ള പരിശ്രമവും നടത്തുന്നുണ്ട്. ഭരണകക്ഷി നേതാക്കളെ ഇക്കാര്യത്തിൽ ബന്ധപ്പെടുത്താൻ പരിശ്രമിക്കുന്നുണ്ട്. കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് ഇതുമൂലമുണ്ടായിട്ടുള്ള ദുരിതം അവരെ ബോധ്യപ്പെടുത്താൻ പരിശ്രമിക്കുന്നുണ്ട്. അതോടൊപ്പം നേരത്തെ സൂചിപ്പിച്ചതുപോലെ സംസ്ഥാന നിയമസഭയ്ക്ക് ഇക്കാര്യത്തിലൊരു കൂട്ടായ തീരുമാനമെടുക്കാൻ സാധിക്കണം. അതിനുമപ്പുറം കേരളമാകെയും സംസ്ഥാനത്തെ സഹകാരി സമൂഹവും ഒരുമിച്ചുനിന്ന് ഒറ്റ ശബ്ദത്തിൽ ഇക്കാര്യം സംസാരിക്കാൻ തയ്യാറായാൽ നിശ്ചയമായും കേന്ദ്ര ഗവൺമെന്റിന് വഴങ്ങേണ്ടി വരുമെന്നു തന്നെയാണ് എനിക്കും പറയാനുള്ളത്. ഇന്നത്തെ വാർത്ത നമുക്ക് സന്തോഷകരമായിട്ടുള്ളതാണ്. ബഹുമാനപ്പെട്ട പ്രധാനമന്ത്രി കൃഷിക്കാരെ രക്ഷിക്കുന്ന നിലപാട് സ്വീകരിക്കാൻ തയ്യാറാണെന്ന് പ്രഖ്യാപിച്ചതിലൂടെ രാജ്യത്താകെ ഉയർന്നുവന്ന കർഷക പ്രക്ഷോഭങ്ങൾക്ക് ഫലമുണ്ടായെന്ന് നമുക്ക് കരുതാൻ സാധിക്കും. അത്തരത്തിൽ സംസ്ഥാനത്തെ സഹകാരികളെ യോജിപ്പിച്ചുകൊണ്ട് വലിയൊരു പോരാട്ടത്തിലേക്ക് ജനങ്ങൾ മുന്നോട്ടുവരേണ്ട ഘട്ടമാണെന്നാണ് ഇത് സംബന്ധിച്ച് പറയാനുള്ളത്.

ശ്രീ. എം. സ്വരാജ്: സർ, സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ സാധാരണ ജനങ്ങളുടെ ജീവിതം സഹകരണ മേഖലയുമായി അഭേദ്യമായി ബന്ധപ്പെട്ടുള്ളതാണ്. പലപ്പോഴും അവരുടെ ചെറിയ വരുമാനവും മറ്റും സഹകരണ മേഖലയിലെ അല്ലെങ്കിൽ സഹകരണ ബാങ്കുകളിലെ നിക്ഷേപവുമായി ബന്ധപ്പെട്ടുള്ളതാണ്. അവിടെയാണ് ആദായ നികുതി വകുപ്പിന്റെ കടന്നുകയറ്റം. ഒരു നിശ്ചിത തുകയ്ക്കെങ്കിലുമുള്ള നിക്ഷേപങ്ങൾക്കോ അതിൽ നിന്നുള്ള വരുമാനത്തിനോ ഇപ്പോഴുള്ള നിയമത്തെ മറികടക്കാൻ കഴിയുംവിധം ഒരു പരിരക്ഷ നൽകാൻ ഏതെങ്കിലും തരത്തിൽ സാധിക്കുമോ? അതോടൊപ്പം ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ നോട്ട് നിരോധന സമയത്ത് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ തകർക്കാനുള്ള ആസൂത്രിത നീക്കമുണ്ടായി. നോട്ട് നിരോധനത്തിനുശേഷം സഹകരണ ബാങ്കുകളിലെ നിക്ഷേപത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നോട്ട് നിരോധന സമയത്ത് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ തകർക്കാനുള്ള പരിശ്രമം നടന്നത് നമ്മൾ ഒരുമിച്ചുനിന്നാണ് നേരിട്ടത്. കേരളത്തിലെ സഹകരണ ബാങ്കുകളിലെല്ലാമുള്ളത് കള്ളപ്പണമാണെന്ന് വ്യാപകമായി പ്രചാരണം നടത്തി. അതിന് പിൻബലമേകുന്നതിനുവേണ്ടി ഒരു ദിവസം മലപ്പുറം ജില്ലയിലെ ജില്ലാ സഹകരണ ബാങ്കിലും ആ ബാങ്കിന് കീഴിലുള്ള ബ്രാഞ്ചുകളിലും ഒരേസമയം

എൻഫോഴ്സ്മെന്റിന്റെ പരിശോധന നടന്നു. വലിയ തോതിലുള്ള തെറ്റിദ്ധാരണ സമൂഹത്തിൽ പരത്തുന്നതിനായി അന്ന് രാവിലെ മാധ്യമങ്ങളുടെ ബ്രേക്കിംഗ് ന്യൂസ് എന്നുപറയുന്നത് 'കള്ളപ്പണവേട്ട' എന്നതായിരുന്നു. മലപ്പുറം ജില്ലാ ബാങ്കിലും ബ്രാഞ്ചുകളിലുമെല്ലാം ഒരേസമയം എൻഫോഴ്സ്മെന്റ് പരിശോധന തുടരുകയാണ് എന്ന രീതിയിൽ ഏതാണ്ട് ഉച്ചവരെ പ്രധാനപ്പെട്ട ബ്രേക്കിംഗ് ന്യൂസ് അതായിരുന്നു. പരിശോധന നടത്തിയതിന്റെ ഫലമെന്താണെന്ന് ആരുംതന്നെ പറഞ്ഞില്ല. ഒരു കള്ളപ്പണവും അവിടെനിന്നും കണ്ടെത്താൻ കഴിഞ്ഞില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. അത്തരത്തിൽ കള്ളപ്പണവേട്ട നടത്തുന്നുവെന്നുപറഞ്ഞ് സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ തകർക്കാൻ നടത്തിയ പരിശ്രമത്തെ നമുക്ക് ഒരുമിച്ചുനിന്ന് നേരിടാൻ സാധിച്ചു. അതുപോലെ ഇന്ന് സംസ്ഥാനത്തെ സഹകരണ മേഖലയ്ക്ക് വലിയ ആപത്തായി വരുന്ന ഈ രണ്ട് നിയമഭേദഗതികളെയും ഒരുമിച്ചുനിന്ന് നേരിടണമെന്നുള്ള കാര്യത്തിൽ നമുക്ക് ഒറ്റക്കെട്ടായി മുന്നോട്ടുപോകാം. ഇവിടെ നിക്ഷേപത്തിന്റെ കാര്യത്തിലും അത് പിൻവലിക്കുന്ന കാര്യത്തിലുമെല്ലാംതന്നെ കേന്ദ്ര ഗവൺമെന്റെടുക്കുന്ന സമീപനത്തിനെതിരെ ഒരുമിച്ചുനിന്ന് നടപടി സ്വീകരിക്കുകയെന്നുള്ളതാണ് കരണീയമായ മാർഗ്ഗം. പ്രത്യേകിച്ച് നിയമമൊന്നും കൊണ്ടുവരാൻ സാധിക്കില്ല.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: സർ, കേരളത്തിന്റെ സാമൂഹ്യ- സാമ്പത്തിക മേഖലയിൽ വലിയ സ്വാധീനം ചെലുത്തുന്നത് സഹകരണ മേഖലയാണ്. അതുകൊണ്ടുതന്നെ കേരളത്തിലെ സഹകരണ മേഖലയെ സംബന്ധിച്ച് വിവിധ പഠനങ്ങൾ നടന്നിട്ടുണ്ട്. അതിനെ തകർക്കാനുള്ള ശ്രമങ്ങളും അതുപോലെ നടന്നിട്ടുണ്ട്. ഈയൊരു പ്രത്യേക സാഹചര്യത്തിൽ, അങ്ങ് ആദായ നികുതി പ്രശ്നവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ സഹകാരികളും ബഹുജനങ്ങളും ഒരുമിച്ച് നിൽക്കണമെന്ന ആവശ്യമുയർത്തിയിട്ടുണ്ട്. അങ്ങനെയാണെങ്കിൽ അതിന് ഏതെങ്കിലും തരത്തിലുള്ള തീരുമാനം സർക്കാർ എടുത്തിട്ടുണ്ടോ; സഹകാരികളെയും കേരളത്തിലെ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ മുഴുവൻ ആളുകളെയും അണിനിരത്തി ഈ കേന്ദ്ര കരിനിയമത്തിനെതിരായ സമരവും ആ നിലയ്ക്കുള്ള പ്രക്ഷോഭവും ഉയർത്തിക്കൊണ്ടുവരാൻ സർക്കാർ മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശമെന്താണ്?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, PACS അസോസിയേഷന്റെ പ്രതിനിധികളുമായി കൂടിയാലോചിച്ച് നിയമപരമായിട്ടുള്ള പോരാട്ടം നടത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട സുപ്രീം കോടതിയിലും ഹൈക്കോടതിയിലും ഇതുമായി ബന്ധപ്പെട്ട കേസ്സുകൾ നടക്കുന്നുണ്ട്. അത് നമുക്ക്

ശക്തമായി നടത്താം. അതിനാവശ്യമായ കൂടുതൽ കാര്യങ്ങൾ ഗവൺമെന്റുമായി ചേർന്ന് ചെയ്യുന്നതിന് തയ്യാറാകാം. പൊതുവെ ഒരു ധാരണയിൽ എത്തിയതുപോലെ സഭാസമ്മേളനം അവസാനിച്ച് കഴിഞ്ഞാൽ കേരളത്തിന്റെ ഒരു ശബ്ദമെന്നുള്ള നിലയിൽ സഹകാരികളെയാകെ യോജിപ്പിച്ചുകൊണ്ട് ഈ രണ്ട് നിയമഭേദഗതികൾക്കുമെതിരായ ജനകീയ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകാം. നിക്ഷേപത്തിൽ വർദ്ധനവ് വന്നിട്ടുണ്ടോ അല്ലെങ്കിൽ നിക്ഷേപത്തിന്റെ സ്ഥിതിയെന്താണെന്ന് ശ്രീ. എം. സ്വരാജ് ചോദിക്കുകയുണ്ടായി. നോട്ട് നിരോധനത്തിന്റെ കാലയളവിൽ ഒന്നരലക്ഷം കോടി രൂപയായിരുന്ന സംസ്ഥാനത്തെ സഹകരണ നിക്ഷേപമെങ്കിൽ സംസ്ഥാന ഗവൺമെന്റും സഹകാരി സമൂഹവും ഒറ്റക്കെട്ടായിനിന്ന് നടത്തിയ പരിശ്രമത്തിന്റെ ഫലമായി 2,08,000 കോടി രൂപയായി അത് വർദ്ധിച്ചു.

ശ്രീ. സി. കൃഷ്ണൻ: സർ, സാമൂഹ്യ ജീവിതത്തിൽ സഹകരണ ബാങ്കുകളും പ്രസ്ഥാനങ്ങളും വഹിച്ചുകൊണ്ടിരിക്കുന്ന സ്വാധീനം വലുതാണ്. ആദായനികുതി വകുപ്പ് ഉദ്യോഗസ്ഥർ ബാങ്കുകൾ കയറിയിറങ്ങുന്നൊരു രീതിയാണ് നമ്മുടെ നാട്ടിൽ ഇപ്പോൾ കാണാൻ സാധിക്കുന്നത്. താൽക്കാലികമായി അതിന് ഹൈക്കോടതിയിൽനിന്ന് സ്റ്റേ വാങ്ങിയിട്ടുണ്ടെങ്കിലും അത് നിർത്തിയെന്ന് പറയാൻ സാധിക്കില്ല. സാധാരണഗതിയിൽ പ്രാഥമിക സഹകരണ ബാങ്കുകൾ ജില്ലാ ബാങ്കുകളിലാണ് നിക്ഷേപം നടത്തുന്നത്. എന്നാൽ കേരളാ ബാങ്ക് രൂപീകരിച്ചാൽ നിക്ഷേപിക്കുന്നത് കേരളാ ബാങ്കിലായിരിക്കും. അതുപോലെ നിക്ഷേപം ഒരു കോടി രൂപയോ അതിലധികമോ ആയിക്കഴിഞ്ഞാൽ പിൻവലിക്കുന്നതിന് രണ്ട് ശതമാനം നികുതി നൽകേണ്ടിവരുമെന്ന അവസ്ഥയാണ് ഇപ്പോൾ സംജാതമായിട്ടുള്ളത്. അത് സഹകരണ മേഖലയെ തകർക്കുന്നതിനും ജനങ്ങളെ അതിൽനിന്നും അകറ്റുന്നതിനും ഇടയാക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നമ്മുടെ രാജ്യത്ത് വൻകിട കോർപ്പറേറ്റുകൾക്ക് വൻതോതിലുള്ള നികുതി ഇളവുകളാണ് സാമ്പത്തിക മാന്ദ്യത്തിന്റെ പേരിലും ബഡ്ജറ്റിന്റെ ഭാഗമായിട്ടുമെല്ലാം കേന്ദ്ര ഗവൺമെന്റ് അനുവദിച്ചത്. അപ്പോൾ കോർപ്പറേറ്റുകൾക്ക് വൻതോതിൽ ഇളവുകൾ അനുവദിക്കുമ്പോൾ ചില്ലിക്കാശ് സ്വരൂപിച്ച് ബാങ്കുകളുടെ പ്രവർത്തനം നടത്തുന്ന സഹകരണ സ്ഥാപനങ്ങളെ ദുർബലമാക്കാനിടയാക്കുന്ന ഈ നയങ്ങൾക്കെതിരെ സഹകാരികളെ മാത്രമല്ല ജനങ്ങളെയാകെ ഏകോപിപ്പിച്ചുകൊണ്ട് അണിനിരത്താനുള്ള നീക്കങ്ങൾക്ക് നേതൃത്വം നൽകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, 194N വ്യവസ്ഥ കൂട്ടിച്ചേർക്കുമ്പോൾ കേന്ദ്രഗവൺമെന്റ് പറയുന്നകാര്യം എന്തെന്നാൽ കറൻസിയുടെ വിനിമയം പരമാവധി കുറച്ചുകൊണ്ടുവരിക എന്നതാണ്. അത് നമ്മളും ലക്ഷ്യമിടുന്നൊരു കാര്യമാണ്. ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോമിലേക്ക് സംസ്ഥാനത്തെ സഹകരണമേഖലയുടെ സാമ്പത്തിക ഇടപാടുകളെ മാറ്റി നിർത്തി, അതിലൂടെ സുതാര്യമായൊരു സംവിധാനം കൊണ്ടുവരികയാണ് ലക്ഷ്യംവയ്ക്കുന്നത്. വളരെ പെട്ടെന്നൊരു ഡിജിറ്റൽ സംവിധാനത്തിലേക്ക് മാറണം. അങ്ങനെ മാറിയില്ലെങ്കിൽ നിങ്ങളെ ഞങ്ങൾ ഇല്ലാതാക്കിക്കളയുമെന്ന നിലപാടിനെയാണ് ശക്തിയായി എതിർക്കുന്നത്. കേന്ദ്രഗവൺമെന്റിനോട് നമുക്കാവശ്യമായ സമയം വേണ്ടതായിട്ടുണ്ട് എന്നാണ് പറയുന്നത്. സംസ്ഥാനത്തെ സഹകരണമേഖലയിൽ ഡിജിറ്റൽ സംവിധാനം കൊണ്ടുവരുന്നതിനുള്ള പരിശ്രമത്തിലാണ് നമ്മൾ. അതിന്റെ ഭാഗമായി ആവശ്യമായ സമയം തരുന്നതിനുപകരം ഇത്തരം കറുത്ത നിയമങ്ങൾ അടിച്ചേൽപ്പിച്ച് സഹകരണമേഖലയെ പാപ്പരീകരിക്കാനും നഷ്ടത്തിലാക്കാനും തകർക്കാനുമുള്ള ശ്രമങ്ങൾ അനുവദിക്കാൻ സാധിക്കുകയില്ല. അത് കൂട്ടായി നേരിടണമെന്നാണ് ഇത് സംബന്ധിച്ച് പറയാനുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ആദായനികുതിയുടെ കാര്യത്തിൽ തീർച്ചയായും കഴിഞ്ഞ ഗവൺമെന്റും കേന്ദ്രഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തിയതാണ്. അത് തുടരണമെന്നുള്ളതാണ് എന്റെ അഭിപ്രായം. ബഹുമാനപ്പെട്ട മന്ത്രി കേരളാ ബാങ്കിനെക്കുറിച്ച് ചില പരാമർശങ്ങൾ നടത്തി. ഞങ്ങളെന്തോ തെറ്റ് കാണിച്ചതുകൊണ്ട് ഇപ്പോൾ അത് തിരുത്താൻ കഴിയില്ലെന്ന മട്ടിലാണ് അദ്ദേഹം പറഞ്ഞത്. കേരളാ ബാങ്കിനെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്ക് വ്യക്തമായ നയവും സമീപനവുമുണ്ട്. കേരളത്തിലെ സഹകരണപ്രസ്ഥാനം ദേശീയ പ്രസ്ഥാനത്തോടൊപ്പം രൂപംകൊണ്ടതാണ്. സഹകാരികളുടെ പ്രസ്ഥാനമാണിത്. ഇതിനെ RBI-യുടെ കടുത്ത നിയമങ്ങളുടെ പിന്നിലേക്ക് കൊണ്ടുവരുന്നത് സഹകരണപ്രസ്ഥാനത്തെ തകർക്കുമെന്ന് ഇന്നല്ലെങ്കിൽ നാളെ മനസ്സിലാകും. അത് തകർക്കാൻ മാത്രമേ ഉപയോഗിക്കുവെന്നതാണ് വ്യക്തമായ നയം. അതിന്റെ പേരിലാണ് കേരള ബാങ്കിനെ എതിർക്കുന്നത്. സഹകരണപ്രസ്ഥാനത്തിന്റെ അടിസ്ഥാനപരമായ മൂല്യങ്ങളേയും നയങ്ങളേയും സമീപനങ്ങളേയും തകർക്കുന്നതായി ഇത് മാറും. ഭാവിയിൽ കേരളാ ബാങ്ക് റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിൻകീഴിൽ വരുമ്പോൾ കേരളത്തിലെ സാധാരണ സഹകാരികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൂടി പരിഗണിച്ചുകൊണ്ടാണ് യു.ഡി.എഫ്. ഇക്കാര്യത്തിൽ നിലപാടെടുത്തത്.

ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വരുമ്പോൾ സംസാരിക്കുന്നതല്ലാതെ ഇതുവരെ കേരള ബാങ്കുമായി ബന്ധപ്പെട്ട് പ്രതിപക്ഷവുമായി ഔദ്യോഗിക ചർച്ച നടത്തിയിട്ടില്ല എന്നതാണ് സത്യം. അദ്ദേഹം ഇടയ്ക്ക് ഇതുവഴി കടന്നുപോകുമ്പോൾ നമ്മളോട് സംസാരിക്കും, അതൊരു ചർച്ചയല്ല. അത് അനൗദ്യോഗിക സംഭാഷണമാണ്. കേരള ബാങ്കിനെപ്പറ്റി ഗവൺമെന്റ് ഒരു തീരുമാനമെടുത്ത് മുന്നോട്ടുപോകുമ്പോൾ അതിനെതിരെ വ്യക്തമായ വിയോജിപ്പ് സഭയിലും പുറത്തും ഞങ്ങൾ രേഖപ്പെടുത്തുന്നുണ്ട്. നിങ്ങൾ നടപ്പാക്കാനായി മുന്നോട്ടുപോകുമ്പോൾ ഞങ്ങൾക്ക് എതിർക്കാനുള്ള സ്വാതന്ത്ര്യമുണ്ടെന്നുള്ള കാര്യംകൂടി വ്യക്തമാക്കുകയാണ്. ആ എതിർപ്പ് ഇല്ലാതാക്കാനുള്ള എന്തെങ്കിലും ശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അങ്ങയെപ്പോലെ കാര്യങ്ങൾ വളരെ ശ്രദ്ധാപൂർവ്വം പഠിക്കുന്ന നേതാവിൽനിന്ന് ഞാൻ നിശ്ചയമായും ഇത് പ്രതീക്ഷിച്ചില്ല. കേരള ബാങ്ക് രൂപീകരിക്കുന്നതിലൂടെ കേരളത്തിലെ സഹകരണമേഖലയുടെ ഉള്ളടക്കം നഷ്ടപ്പെടുമെന്ന മട്ടിലാണ് അങ്ങ് സംസാരിച്ചത്. RBI തത്വത്തിൽ അംഗീകാരം നൽകി 19 കണ്ടീഷൻസ് സംസ്ഥാന ഗവൺമെന്റിന് നൽകിയിട്ടുണ്ടായിരുന്നു. അത് പാലിക്കാൻവേണ്ടി പറഞ്ഞതാണ്. അതിൽ RBI നൽകിയ വ്യവസ്ഥകളിൽ ഒന്നാമത്തേത് അങ്ങ് നിശ്ചയമായും വായിച്ച് മനസ്സിലാക്കിയിട്ടുണ്ടാകും. കേരള സഹകരണ നിയമവും ചട്ടവും സമ്പൂർണ്ണമായി പാലിച്ചുവേണം ലയനം നടത്തേണ്ടതെന്നതാണ് RBI-യുടെ 19 കണ്ടീഷനിൽ ഒന്നാമത്തേത്. ഇതിൽ നമ്മൾ മനസ്സിലാക്കേണ്ടത് എന്താണ്? കേരളത്തിലെ സഹകരണ ബാങ്കുകളിൽ സഹകരണ സംഘങ്ങളുടെ ഉള്ളടക്കത്തിൽ ഒരു മാറ്റവും വരുത്താൻ പാടില്ലെന്നും നിയമസഭയിൽ ചർച്ചചെയ്ത് പാസ്സാക്കിയെടുത്ത സഹകരണ നിയമത്തിനും ചട്ടത്തിനും വിധേയമായി മാത്രമായിരിക്കണം ബാങ്കിന്റെ ലയനം സാധ്യമാക്കേണ്ടതെന്നുമാണ് RBI ആവശ്യപ്പെട്ടത്. സംസ്ഥാനത്ത് സംസ്ഥാന ബാങ്കും ജില്ലാ ബാങ്കുകളും RBI-യുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നതെന്ന് അങ്ങേയ്ക്കറിയാം. അതിനപ്പുറമുള്ള ഒന്നും കേരള ബാങ്ക് രൂപീകരിക്കുന്നതിന്റെ ഭാഗമായി ഉണ്ടാകുന്നില്ല എന്നൊരു കാര്യംകൂടി മനസ്സിലാക്കണം. ഇന്നും റിസർവ് ബാങ്കിന്റെ നിയന്ത്രണങ്ങൾക്കും ലൈസൻസിനും നിർദ്ദേശങ്ങൾക്കും വിധേയമായാണ് സംസ്ഥാന സഹകരണ ബാങ്കും അതുപോലെ ജില്ലാ ബാങ്കുകളും പ്രവർത്തിക്കുന്നത്. പക്ഷേ, ഉള്ളടക്കം സഹകരണമാണ്, സംസ്ഥാന നിയമത്തിന് ബാധകവുമാണ്. അർബൻ ബാങ്കിന്റെ കാര്യവും അങ്ങനെയാണ്. അത്തരത്തിൽ നമ്മുടെ സംസ്ഥാനത്ത് ഇന്ന് RBI-യ്ക്കുള്ള നിയന്ത്രണം മാത്രമേ അല്ലെങ്കിൽ കഴിഞ്ഞ കാലങ്ങളിലെല്ലാം ഉണ്ടായിരുന്ന നിയന്ത്രണം മാത്രമേ കേരള ബാങ്ക് വരുന്നതിന്റെ ഭാഗമായി ഉണ്ടാകുന്നുള്ളൂ. ജില്ലാ

ബാങ്ക് എന്നുള്ളതിൽ ഭരണ സംവിധാനമൊഴിച്ചാൽ മറ്റൊന്നും സംഭവിക്കുന്നില്ലെന്നുള്ള കാര്യം നാമെല്ലാം മനസ്സിലാക്കിയിട്ടുള്ളതാണ്. ഞാൻ അതിനെ സംബന്ധിച്ച് കൂടുതൽ സംസാരിക്കുന്നില്ല. അങ്ങ് പറഞ്ഞതുപോലെ, നിശ്ചയമായും അങ്ങയോടും ഉപനേതാവിനോടും ഈ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരോടും ഒറ്റയ്ക്കും കൂട്ടായും സംസാരിച്ചിട്ടുണ്ട്. അങ്ങനെയല്ല ആകേണ്ടിയിരുന്നതെന്ന് അങ്ങ് പറയുന്ന അഭിപ്രായത്തെ ഞാൻ വിലമതിക്കുകയാണ്. അതുകൊണ്ട് നിശ്ചയമായും ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാക്കളെ കൂട്ടായി വിളിച്ച് ആലോചിച്ച് തീരുമാനമെടുക്കാൻ ഗവൺമെന്റ് പരിശ്രമിക്കും.

ശ്രീ. പി. കെ. ശശി: സർ, നമുക്കെല്ലാവർക്കും ഒരുമിച്ചുനിന്ന് സഹകരണ മേഖലയ്ക്കെതിരായുള്ള ആക്രമണത്തിൽനിന്നും അതിനെ സംരക്ഷിക്കണം. ഇവിടെ ബഹുമാന്യനായ പ്രതിപക്ഷനേതാവും ചില അംഗങ്ങളും സംസാരിക്കുന്നത് കേട്ടപ്പോൾ അവരാണ് കേരളത്തിന്റെ സഹകരണമേഖലയെ സംരക്ഷിക്കാൻ ശക്തമായി ഇടപെട്ടതെന്ന് തോന്നി. ബഹുമാന്യനായ മന്ത്രിയോട് ഞാനൊരു സംശയം ചോദിക്കുകയാണ്. 80 (പി) ആനുകൂല്യം കേരളത്തിലെ പ്രാഥമിക വായ്പാ സംഘങ്ങൾക്ക് നിഷേധിക്കുന്ന തരത്തിൽ ആദായനികുതി വകുപ്പിൽ ഉയർന്നുവന്നത് ഏത് കാലഘട്ടത്തിലാണ്? 2012-13-ൽ ശ്രീ. പി. ചിദംബരം ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കാലഘട്ടത്തിലാണ് കേരളത്തിൽ വ്യാപകമായി സഹകരണ ബാങ്കുകൾക്കെതിരെ ആദായനികുതി വകുപ്പിന്റെ നോട്ടീസ് വന്നത്. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന സമയത്ത് യശ:ശരീരനായ സി. എൻ. ബാലകൃഷ്ണൻ സഹകരണമന്ത്രിയായിരുന്നപ്പോഴാണ് 14-2-2013-ൽ ഇത്തരമൊരു ആക്റ്റിൽ ഭേദഗതി കൊണ്ടുവന്നത്. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കണമെന്നും കാർഷിക മേഖലയിൽനിന്നും മാറി ബിസിനസ് ലോൺ കൊടുക്കാൻ തുടങ്ങിയാൽ ഇവയെ PACS ആയി പരിഗണിക്കുകയില്ല എന്നുമായിരുന്നു ഭേദഗതി. അതാണ് Section 2(oa) എന്ന് പറയുന്നത്. ഇപ്പോൾ അത് അറിയപ്പെടുന്നത് Section 2(oaa) എന്നാണ്. സഹകരണമേഖലയുമായി ബന്ധപ്പെട്ട് നിൽക്കുന്ന ആളായതു കൊണ്ടാണ് ഞാൻ കൃത്യമായി പറയുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞപ്പോഴാണ് ഞാനിത് പറയാൻ നിർബന്ധിക്കപ്പെട്ടത്. ചിറയ്ക്കൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് ആന്റ് അദേഴ്സ് കേസിൽ ആദ്യം ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിൽ സംഘങ്ങൾക്ക് അനുകൂലമായി വിധിവരുന്നു. രണ്ടാമത്തെ കേസ്സ് ആദായനികുതി വകുപ്പ് അപ്പീൽ കൊടുക്കുന്നു.

മി. സ്പീക്കർ: അങ്ങ് ചോദ്യം ചോദിക്കൂ.

ശ്രീ. പി. കെ. ശശി: സർ, കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റ് 2012-13-ലെ ഭേദഗതിയെടുത്താണ് സഹകരണ സംഘങ്ങൾക്കെതിരെ കുതിരകയറാൻ ആദായനികുതി വകുപ്പിന് സൗകര്യമൊരുക്കിക്കൊടുത്തത്. അധികാരം കയ്യിലുണ്ടായിരുന്നപ്പോൾ അനങ്ങാതെയിരുന്നവരാണ് ഇപ്പോൾ സഹകരണ സംഘത്തെ രക്ഷിക്കാൻ നടക്കുന്നത്. അതിനുവേണ്ടി സഹകരണ വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ നേതൃത്വംകൊടുത്ത് ജനങ്ങളെ ഒരുമിപ്പിച്ച് ശക്തമായ പോരാട്ടം നടത്തണം. നിയമപരമായി ഇപ്പോൾ കേരളത്തിലെ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്ന വിഷയമെന്താണ്, ഇപ്പോൾ സ്വീകരിക്കുന്ന സമീപനം എന്താണെന്നുകൂടി ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. രണ്ടും രണ്ടാണ്. ഒന്ന് Tax Deducted at Source (TDS) ആണ്. TDS അല്ല ആദായനികുതി. TDS എന്താണെന്നുകൂടി അങ്ങ് വ്യക്തമാക്കണം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കിടയിൽ സഹകരണ മേഖലയ്ക്കെതിരെ ധാരാളം നിയമങ്ങളും നടപടികളും ഉണ്ടായിട്ടുണ്ട്. അത് ആരുടെ ഭരണകാലത്തായാലും അത്തരം നിയമഭേദഗതി വന്നിട്ടുണ്ട്. കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ ദോഷകരമായി ബാധിക്കുന്ന നിയമഭേദഗതികൾ ഏത് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് വന്നിട്ടുണ്ടെങ്കിലും അത് കേന്ദ്രഗവൺമെന്റാകട്ടെ സംസ്ഥാന ഗവൺമെന്റാകട്ടെ കേരളത്തിലെ സഹകാരി സമൂഹം കക്ഷി രാഷ്ട്രീയത്തിനതീതമായി ഒരുമിച്ചുനിന്ന് പോരാടി പരാജയപ്പെടുത്തിയ ചരിത്രമാണുള്ളത്. ആ ചരിത്രം തന്നെയാണ് ഇവിടെ 80 (പി) യുടെ കാര്യത്തിലും 194N-ന്റെ കാര്യത്തിലും സംഭവിക്കാൻ പോകുന്നത്.

ശ്രീ. ടി. ജെ. വിനോദ്: സർ, സഹകരണ രംഗത്തിന് ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റ് വലിയ തകർച്ചയുണ്ടാക്കിയിട്ടുണ്ടെന്ന സഭയുടെ വികാരത്തോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. സഹകരണസംഘങ്ങളുടെ രജിസ്ട്രേഷനിലും ബൈലാ ഭേദഗതിയിലും 90 ദിവസത്തിനകം തീർപ്പുകൽപ്പിക്കണമെന്നത് സഹകരണസംഘം റൂൾ അനുസരിച്ചുള്ളതാണ്. എന്നാൽ ദീർഘകാലമായി ഇത്തരം അപേക്ഷകൾ ജോയിന്റ് രജിസ്ട്രാർ ഓഫീസുകളിൽ കെട്ടിക്കിടക്കുന്നു. ഇതിന് പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇതിന് പരിഹാരമുണ്ടാക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. സഹകരണ വകുപ്പുതന്നെ അദാലത്തുകൾ സംഘടിപ്പിച്ചുകൊണ്ട് കെട്ടിക്കിടക്കുന്ന ഫയലുകളിൽ തീർപ്പുകൽപ്പിച്ചു കൊണ്ടിരിക്കുകയാണ്. അത് വളരെ വേഗത്തിൽത്തന്നെ പൂർത്തീകരിക്കാൻ കഴിയും.

ശ്രീ. എൽദോ എബ്രഹാം: സർ, ദേശസാൽകൃത ബാങ്കുകളുടെ ലയന നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കേരളത്തിലെ നിരവധി ശാഖകൾ ഇപ്പോൾ പൂട്ടിയിട്ടുണ്ട്. ഒരു തദ്ദേശഭരണ സ്ഥാപനത്തിൽ ഒരു ദേശസാൽകൃത ബാങ്കുപോലും ഇല്ലാത്ത സ്ഥിതിവിശേഷം പലയിടത്തുമുണ്ട്. ഗ്രാമീണ സർവ്വീസ് സ്വാഭാവികമായിട്ടും ഇല്ലാതാവുകയാണ്. ഈയൊരു സാഹചര്യത്തിൽ കേരള ബാങ്ക് രൂപീകരണമോ അല്ലെങ്കിൽ സഹകരണമേഖലയ്ക്ക് അത്തരം സർവ്വീസുകൾ തിരിച്ചുകൊടുക്കുന്നതിനോ ജനങ്ങളുടെ അത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനോ നമുക്ക് ഇടപെടാൻ കഴിയുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കേരള ബാങ്കിന്റെ രൂപീകരണം ആ ലക്ഷ്യംവച്ചുകൊണ്ടുതന്നെയാണ്. നമ്മുടെ സംസ്ഥാനത്തെ പ്രാഥമിക ബാങ്കുകളെയും അതിന്റെ കീഴിൽ വരുന്ന ബ്രാഞ്ചുകളെയും ശാക്തീകരിക്കുക എന്നതാണ് നമ്മൾ ലക്ഷ്യംവയ്ക്കുന്നത്. നമുക്ക് 2,08,000 കോടി രൂപയുടെ നിക്ഷേപമുണ്ട്, ചില പ്രാഥമിക ബാങ്കുകളിൽ 1000 കോടി രൂപയുടെ നിക്ഷേപമുണ്ട് എന്നെല്ലാം പറയുമ്പോഴും കേരളത്തിൽ പ്രവർത്തിക്കുന്ന ദേശസാൽകൃത ബാങ്കുകളോ ന്യൂ ജനറേഷൻ ബാങ്കുകളോ നൽകുന്ന സേവനങ്ങൾ നൽകാൻ നമുക്ക് സാധിക്കുന്നില്ല. അത് വലിയൊരു പോരായ്മയാണ്. സഹകരണ ബാങ്കുകളിലെ ഇടപാടുകാരുടെ പ്രായം സംബന്ധിച്ച് ചെറിയൊരു പരിശോധന നടത്തിയപ്പോൾ 45 വയസ്സിന് താഴെ പ്രായമുള്ള യുവതീയുവാക്കൾ 23 ശതമാനം മാത്രമാണ് എന്നാണ് കണ്ടത്. അവരെല്ലാം 50 വയസ്സിനുമേൽ പ്രായമുള്ള ആളുകൾ നടത്തുന്നതിനെക്കാൾ ഇടപാട് ബാങ്കുകളിൽ നടത്തുന്നവരാണ്. പക്ഷേ, അവർ നമ്മുടെ അടുക്കലേക്ക് വരുന്നില്ല. കാരണം അവർ ആഗ്രഹിക്കുന്ന സർവ്വീസ് കൊടുക്കാൻ നമുക്ക് സാധിക്കുന്നില്ലെന്നുള്ളതാണ്. ഇത്തരം സർവ്വീസ് കൊടുക്കുന്ന ന്യൂജനറേഷൻ / ദേശസാൽകൃത ബാങ്കുകളിലേക്ക് അവർ കൂടുതലും പോകുകയാണ്. വലിയ തോതിലാണ് ഇത്തരം ബാങ്കുകൾ ഇടപാടുകാരെ കൊള്ളയടിക്കുന്നതും സർവ്വീസ്

ചാർജ്ജ് ഈടാക്കുന്നതും. പണം ബാങ്കിലേക്ക് നിക്ഷേപിക്കുന്നതിന് സർവ്വീസ് ചാർജ്ജ് ഈടാക്കുന്ന നിലയിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയെന്ന ഭീമൻ ബാങ്ക് മാറിയിട്ടുണ്ട്. പല തരത്തിൽ തങ്ങൾ കൊള്ളയടിക്കപ്പെടുന്നുണ്ടെന്ന് ബോധ്യമുള്ളപ്പോൾപോലും അവരുമായി ഇടപാട് നടത്താനാണ് കൂടുതലും ശ്രമിക്കുന്നത്. അതിന്റെ കാരണം എന്താണെന്നുവച്ചാൽ നമുക്ക് ആ സർവ്വീസ് കൊടുക്കാൻ സാധിക്കുന്നില്ലെന്നുള്ളതാണ്. കേരള ബാങ്ക് അത്തരം സർവ്വീസുകൾ അടക്കം കൊടുക്കാൻ സാധിക്കുന്ന ഒരു ബാങ്കായി മാറും. ആ സർവ്വീസുകളെല്ലാംതന്നെ കേരളത്തിലെ പ്രാഥമിക ബാങ്കുകൾകൂടി നൽകുന്ന തരത്തിലേക്ക് ഈ ബാങ്കിന്റെ പ്രവർത്തനം വിപുലീകരിക്കുക എന്നതാണ് സർക്കാർ ലക്ഷ്യംവയ്ക്കുന്നത്.

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>: സർ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഫുൾ ബെഞ്ച് ഇക്കഴിഞ്ഞ മാർച്ച് 19-ന് സംഘങ്ങൾ ആദായ നികുതി റിട്ടേൺ ഫയൽ ചെയ്യുമ്പോൾ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റിനോടൊപ്പം സഹകരണസംഘം രജിസ്ട്രാറിൽനിന്നും വാങ്ങി നൽകിയാൽ മാത്രമേ ഇളവിന് അർഹതയുണ്ടാകൂ എന്ന വിധി പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത വിധിക്കെതിരെ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; അതോടൊപ്പം ബാങ്കിംഗ് റെഗുലേഷൻ ആക്ട് അമെന്റ് ചെയ്യുന്നതിനുള്ള നീക്കം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഈ നിയമത്തിന്റെ മൂന്നാം വകുപ്പിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് നൽകിയിട്ടുള്ള പ്രൊട്ടക്ടീവ് ക്ലോസ് നീക്കം ചെയ്യാൻ കൂടിയാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. ഇത് മറികടക്കുന്നതിന് എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, നമ്മുടെ രാജ്യത്ത് ലാഭത്തിൽ പ്രവർത്തിക്കുന്ന ബിസിനസ് സ്ഥാപനങ്ങളെല്ലാംതന്നെ അവരുടെ പ്രവർത്തനലാഭത്തിന്റെ 30 ശതമാനം ആദായനികുതി വകുപ്പിന് നൽകണമെന്ന ഒരു വ്യവസ്ഥ ഏർപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന PACS-കൾ നാട്ടിലെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെ താങ്ങും തണലുമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്. അവയെ 80(പി) പ്രകാരം ആദായനികുതി നൽകുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ആദായനികുതി നിയമത്തിലെ സെക്ഷൻ 80(പി) പ്രകാരം പ്രവർത്തന ലാഭത്തിന്മേൽ നികുതി നൽകുന്നതിന്

പ്രാഥമിക വായ്പാ സംഘങ്ങൾക്കും കാർഷിക വികസന ബാങ്കുകൾക്കും ഇക്കാലമത്രയും ബാധ്യതയില്ലാതിരുന്നു. അതുകൊണ്ടുതന്നെ തങ്ങളുടെ പ്രവർത്തന ലാഭത്തിന്മേൽ PACS-കളും കാർഷിക വികസന ബാങ്കുകളും ആദായ നികുതി നൽകാറുണ്ടായിരുന്നില്ല. സെക്ഷൻ 80(പി) പ്രകാരം നൽകുന്ന ഈ ആനുകൂല്യം ഒരിക്കലും എക്സംപ്ഷനായി അനുവദിച്ചുതരുന്ന ഒന്നല്ല. മറിച്ച് ഈ ആനുകൂല്യം കിഴിവ് എന്ന നിലയിൽ ഓരോ സംഘങ്ങളും റിട്ടേൺ ഫയൽ ചെയ്ത് പ്രത്യേകം ക്ലെയിം ചെയ്യേണ്ട ഒന്നായിട്ടാണ് നമ്മൾ കണ്ടിട്ടുള്ളത്. ആയതിനാൽ സംഘങ്ങൾ റിട്ടേൺ ഫയൽ ചെയ്യുകയും സാമ്പത്തിക വർഷത്തിൽ ആകെയുണ്ടാകുന്ന മുഴുവൻ വരുമാനവും ആദായ നികുതിയിൽനിന്നും ഒഴിവാക്കിക്കിട്ടാൻ അപേക്ഷിക്കുകയും ആയത് അനുവദിച്ച് തരികയുമായിരുന്നു ഇതുവരെ നടന്നുവന്നിട്ടുള്ള രീതി. നികുതി ചുമത്താൻ കഴിയാത്ത വിഭാഗങ്ങളിൽപ്പെടുന്നവയായതിനാൽ ആദായനികുതി വകുപ്പ് ഇപ്രകാരം റിട്ടേൺ ഫയൽ ചെയ്യുന്നത് സംബന്ധിച്ച് കർശന നിലപാടുകളൊന്നും നേരത്തെ സ്വീകരിച്ചിരുന്നില്ല. റിട്ടേൺ ഫയൽ ചെയ്ത് ഡിഡക്ഷൻ ക്ലെയിം ചെയ്യാത്ത സംഘങ്ങൾക്ക് 80(പി) പ്രകാരമുള്ള യാതൊരു ആനുകൂല്യത്തിനും അർഹതയില്ലെന്നും ഈ നിയമം അനുശാസിക്കുന്നുണ്ട്. ഒരു വർഷം പതിനായിരത്തിൽ കൂടുതൽ തുക പലിശ വാങ്ങുന്നവരുടെ വിവരങ്ങൾ ആവശ്യപ്പെട്ട് സെക്ഷൻ 133(6) പ്രകാരം ആദായ നികുതി വകുപ്പ് സഹകരണ സംഘങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടായിരുന്നു. ഇതിനെതിരെ നിയമപരമായും ജനകീയമായും കേരളത്തിലെ സഹകാരി സമൂഹം പ്രതിരോധം തീർത്തു. നിയമപോരാട്ടങ്ങളുടെ ഭാഗമായി കണ്ണൂർ ജില്ലയിലെ കതിരൂർ സഹകരണ ബാങ്കും മറ്റ് സംഘങ്ങളും ചേർന്ന് സുപ്രീം കോടതിയിൽ നൽകിയ സിവിൽ അപ്പീൽ നമ്പർ 7460/2013 എസ്.എൽ.പി.(സി) 3976 പ്രകാരം ആദായനികുതി വകുപ്പിന്റെ ആവശ്യമനുസരിക്കാൻ സംഘങ്ങൾക്ക് ബാധ്യതയുണ്ടെന്ന് സുപ്രീംകോടതി അന്ന് വ്യക്തമാക്കി. കള്ളപ്പണക്കാരുടെ സ്വർഗ്ഗമാണ് സഹകരണ ബാങ്കുകളെന്ന് ആദായനികുതി വകുപ്പ് സുപ്രീംകോടതിയിൽ വാദിച്ചു. സുപ്രീംകോടതി വിധിയുണ്ടായിട്ടും ചെറുത്തുനില്പിന്റെ ഭാഗമായി പല സംഘങ്ങളും ആവശ്യപ്പെട്ട വിവരങ്ങളൊന്നും അന്ന് നൽകിയിരുന്നില്ല. ഇക്കാര്യങ്ങൾ സംബന്ധിച്ച് തുടർച്ചയായിട്ടുള്ള നിയമ നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്.

<u>മി. സ്പീക്കർ</u>: *183-ാം നമ്പർ ചോദ്യവുമായി *201-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. എ. പി. അനിൽ കുമാർ നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുന്നു. ചോദ്യങ്ങൾക്ക് ഒരുമിച്ച് മറുപടി നൽകിയാൽ മതിയാകും.

## ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിന് പദ്ധതി

3 (*183) ശ്രീ. എം. മുകേഷ്:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ മണ്ഡലകാല-മകരവിളക്ക് തീർത്ഥാടനം സുഗമമായി നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) കഴിഞ്ഞ വർഷം ശബരിമല ക്ഷേത്രത്തിനുണ്ടായ വരുമാനക്കുറവ് കണക്കിലെടുത്ത് പ്രത്യേക തുക അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണെന്ന് അറിയിക്കുമോ;

(സി) ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിനായി കേന്ദ്രസർക്കാർ എന്തെങ്കിലും സഹായം ലഭ്യമാക്കിയിരുന്നോ;

(ഡി) ഇടത്താവള സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) ഉണ്ട്.

(ബി) 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി 100 കോടി രൂപയുടെ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്.

സ.ഉ.(സാധാ) നമ്പർ.2219/2019/റവ. തീയതി 13-8-2019 പ്രകാരം 30 കോടി രൂപ ആദ്യഗഡുവായി അനുവദിച്ചിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാരിന്റെ സ്വദേശി ദർശൻ പദ്ധതിയിലെ സ്പിരിച്വൽ സർക്യൂട്ട് പദ്ധതിയിൽ എരുമേലി-പമ്പ-സന്നിധാനം, ശ്രീപത്മനാഭ-ആറന്മുള-ശബരിമല എന്നീ പദ്ധതികൾക്ക് സഹായം ലഭ്യമാക്കിയിരുന്നു.

(ഡി) ഉണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കഴക്കൂട്ടം, ചെങ്ങന്നൂർ, എരുമേലി, നിലയ്ക്കൽ എന്നിവിടങ്ങളിലായി 4 ഇടത്താവളങ്ങളാണ് നിർമ്മിക്കുന്നത്. ഇതിൽ കഴക്കൂട്ടം, ചെങ്ങന്നൂർ, എരുമേലി

എന്നീ സ്ഥലങ്ങളിൽ സോയിൽ ടെസ്റ്റ് പൂർത്തിയാക്കിയിട്ടുണ്ട്. നിലയ്ക്കലിൽ 50 ലക്ഷം ലിറ്റർ വാട്ടർ ടാങ്ക്, പാർക്കിംഗ് ഗ്രൗണ്ട് എന്നിവയുടെ വർക്ക് ഉടൻ ആരംഭിക്കുന്നതാണ്.

സർക്കാർ ഉത്തരവ് (സാധാ) 5200/2017/ആർ.ഡി. തീയതി 5-12-2017 പ്രകാരം മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ശ്രീകാടാമ്പുഴ ദേവസ്വം, ശ്രീതൃത്തല്ലൂർ ദേവസ്വം, ശ്രീനെല്ലിയോട് ദേവസ്വം എന്നീ ക്ഷേത്രങ്ങളിൽ ഐ.ഒ.സി.-യുമായി സഹകരിച്ച് ശബരിമല ഇടത്താവളം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ പദ്ധതിയുമായി മുന്നോട്ട് പോകുന്ന നിലപാടല്ല ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ പിന്നീട് സ്വീകരിച്ചത്.

മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽപ്പെട്ട ശ്രീകാടാമ്പുഴ ദേവസ്വത്തിന് ഇടത്താവള നിർമ്മാണം Uralungal Labour Contract Co-operative Society (ULCCS) മുഖാന്തിരം ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ചേർന്ന് നടപ്പാക്കുന്നതിന് സർക്കാർ അനുമതി ഉത്തരവ് നൽകിയിട്ടുണ്ട് (സ.ഉ. (സാധാ)1476/2019/റവ. തീയതി 12-6-2019). ഇടത്താവള നിർമ്മാണവുമായി ബന്ധപ്പെട്ട് ഐ.ഒ.സി. നിർമ്മിക്കുന്ന പെട്രോൾ ബങ്കിന്റെ നിർമ്മാണ അനുമതിക്കുള്ള അപേക്ഷയിന്മേൽ റവന്യൂ വകുപ്പിന്റെയും ഗ്രാമവികസന വകുപ്പിന്റെയും പരിശോധന പൂർത്തിയായി അന്തിമ ഘട്ടത്തിലാണ്.

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ശ്രീമണിയങ്കോട്ടപ്പൻ ക്ഷേത്രം, കൽപ്പറ്റ ശ്രീശുകപുരം ദക്ഷിണാമൂർത്തി ദേവസ്വം, എടപ്പാൾ എന്നീ ക്ഷേത്രങ്ങളിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ശബരിമല ഇടത്താവളം നിർമ്മിക്കുന്നതിന് 10 കോടി രൂപ വീതം അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട് (സ.ഉ.(സാധാ) 2515/2019/റവ. തീയതി 7-9-2019). കിഫ്ബിയുടെ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിൽ ചാലക്കുടി മണ്ഡലത്തിലെ ചിറങ്ങരയിൽ ഒരു ഇടത്താവളം നിർമ്മിക്കുന്നതിന് സർക്കാർ ഉത്തരവ് നൽകിയിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അനുമതി ഇതുവരെ ലഭിച്ചിട്ടില്ലാത്തതിനാൽ ഭൂമി കൈമാറിക്കൊണ്ടുള്ള എൻ.ഒ.സി. കൊച്ചിൻ ദേവസ്വം ബോർഡ് നാളിതുവരെ സമർപ്പിച്ചിട്ടില്ല. ബഹുമാനപ്പെട്ട ഹൈക്കോടതി അനുമതി ഉത്തരവ് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത ഇടത്താവളം പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ശബരിമലയിൽ അനിഷ്ടസംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി

4 (*201) ശ്രീ. എം. വിൻസെന്റ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മണ്ഡല-മകരവിളക്ക് കാലത്ത് പോലീസ് സംരക്ഷണയിൽ രണ്ട് യുവതികൾ ശബരിമലയിൽ പ്രവേശിച്ചതും ഭക്തർക്ക് നേരെയുണ്ടായ അതിക്രമങ്ങളും മറ്റും ശബരിമലയെ സംഘർഷ ഭൂമിയാക്കുന്നതിന് ഇടയാക്കിയെന്നത് വസ്തുതയാണെന്ന് കരുതുന്നുണ്ടോ;

(ബി) തന്മൂലം ശബരിമലയിലെത്തുന്ന ഭക്തജനങ്ങളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടാകുകയും അത് നടവരവിനെ കാര്യമായി ബാധിക്കുകയും ചെയ്തിട്ടുണ്ടോ;

(സി) നടവരവിലുണ്ടായ കുറവ് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സാമ്പത്തിക സ്ഥിതിയെ എപ്രകാരമാണ് ബാധിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) ശബരിമലയിലെ നടവരവിലുണ്ടായ നഷ്ടം സർക്കാർ ഇതിനകം നികത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് തുകയാണ് ബോർഡിന് ലഭ്യമായത്; വിശദമാക്കാമോ;

(ഇ) ഈ വർഷത്തെ മണ്ഡല മകരവിളക്കുകാലത്ത് കഴിഞ്ഞ വർഷം ഉണ്ടായതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും ശബരിമലയുടെ പരിപാവനത കാത്തുസൂക്ഷിക്കുന്നതിനും ദേവസ്വം ബോർഡ് പ്രത്യേക ശ്രദ്ധ പതിപ്പിക്കുമോ എന്നറിയിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) ഇല്ല. കഴിഞ്ഞ മണ്ഡല-മകരവിളക്ക് കാലത്ത് ശബരിമല യുവതീ പ്രവേശനം സംബന്ധിച്ച സുപ്രീംകോടതി വിധിയെത്തുടർന്ന് ചില യുവതികൾ ദർശനത്തിന് മല ചവിട്ടിയപ്പോൾ ഭക്തരെന്ന വ്യാജേന എത്തിയ ചിലർ തടയാനും ആക്രമിക്കാനും ശ്രമിച്ചതിന്റെ അടിസ്ഥാനത്തിൽ ഭക്തർക്ക് നേരെയുണ്ടായ അതിക്രമങ്ങൾ തടയാനും അവർക്ക് സംരക്ഷണം നൽകാനുമാണ് സർക്കാർ നടപടി സ്വീകരിച്ചത്. ശബരിമലയെ സംഘർഷ ഭൂമിയാക്കുന്ന നടപടികളൊന്നും സർക്കാർ സ്വീകരിച്ചിട്ടില്ല. യഥാർത്ഥ ഭക്തർക്ക് ദർശനം നടത്തുന്നതിന് യാതൊരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല.

(ബി) ഭക്തരെന്ന വ്യാജേന ശബരിമലയിലെത്തിയ ചിലർ ശബരിമലയെ സംഘർഷ ഭൂമിയാക്കാൻ ശ്രമിച്ചതുമൂലവും ചില സംഘടനകൾ നടത്തിയ ഹർത്താലുകളും വ്യാപക അക്രമങ്ങളും തീർത്ഥാടകരുടെ എണ്ണത്തിൽ കുറവുണ്ടാക്കുകയും അത് നടവരവിനെ ബാധിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കഴിഞ്ഞ വർഷമുണ്ടായ പ്രളയക്കെടുതിമൂലവും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിന്യായത്തെ തുടർന്നുണ്ടായ സംഭവങ്ങളുടെ പശ്ചാത്തലത്തിലും ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലുണ്ടായ വരുമാന നഷ്ടംമൂലം ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാകുന്ന സ്ഥിതി സംജാതമായിട്ടുണ്ട്. പ്രധാനമായും ശബരിമല വരുമാനത്തെ ആശ്രയിക്കുന്ന തിരുവിതാംകൂർ ദേവസ്വം ബോർഡിന് കഴിഞ്ഞ തീർത്ഥാടന കാലയളവിലുണ്ടായ വരുമാനക്കുറവ് ക്ഷേത്ര പരിപാലനത്തിനും ജീവനക്കാരുടെ ശമ്പളം, പെൻഷൻ തുടങ്ങിയ കാര്യങ്ങൾക്കും ഇനിവരുന്ന മാസങ്ങളിൽ തടസ്സം നേരിടുന്ന സ്ഥിതി സംജാതമാക്കിയിട്ടുണ്ട്.

(ഡി) വരുമാന നഷ്ടമുണ്ടായതുമൂലമുള്ള സ്ഥിതി നേരിടുന്നതിനായി തിരുവിതാംകൂർ ദേവസ്വം ബോർഡിന് 2019-20 ബഡ്ജറ്റിൽ 100 കോടി രൂപയുടെ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. 13-8-2019-ലെ സ.ഉ. (സാധാ) നം.2219/2019/റവ. പ്രകാരം 30 കോടി രൂപ ആദ്യ ഗഡുവായി അനുവദിച്ചിട്ടുണ്ട്.

(ഇ) കഴിഞ്ഞ വർഷം ഉണ്ടായതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും സന്നിധാനത്തെത്തുന്ന എല്ലാ ഭക്തജനങ്ങൾക്കും സുഗമമായി ദർശനം നടത്തുന്നതിനും ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എം. മുകേഷ്: സർ, ശബരിമലയിലെ ഭക്തജനത്തിരക്ക് ക്രമീകരിക്കുന്നതിന് വെർച്വൽ ക്യൂ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഭക്തർക്ക് വിശ്രമിക്കുന്നതിനും വിരിവയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ ഉറപ്പ് വരുത്തിയിട്ടുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, വെർച്വൽ ക്യൂ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വിരിവയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.

ശ്രീ. എം. മുകേഷ്: സർ, കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് ശബരിമലയിലെ വികസന പ്രവർത്തനങ്ങൾക്കായി എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളത്; ഈ സർക്കാർ ഇതുവരെ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, 2011 മുതൽ 2016 വരെയുള്ള യു.ഡി.എഫ് ഗവൺമെന്റിന്റെ ഭരണകാലത്ത് 341.216 കോടി രൂപ അനുവദിച്ചു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് 1255.32 കോടി രൂപ അനുവദിച്ചു. അത് മുഴുവനും ചെലവഴിച്ചുകഴിഞ്ഞിട്ടില്ല; പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, കഴിഞ്ഞ പ്രളയത്തിൽ തകർന്നുപോയ പമ്പ പ്രദേശമുൾപ്പെടെ ഗവൺമെന്റിന്റെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും നേതൃത്വത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ നല്ല പ്ലാനിംഗിലൂടെ പുനർനിർമ്മിച്ചത് തീർത്ഥാടകർക്ക് വലിയ ആശ്വാസമുണ്ടാക്കി. നിരവധി ഇടത്താവളങ്ങൾ ലിസ്റ്റിൽ പറഞ്ഞിട്ടുള്ളതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് കൊട്ടാരക്കര ഗണപതി ക്ഷേത്രം. അവിടത്തെ സ്ഥലപരിമിതി ഒഴിവാക്കുന്നതിന് ഒരേക്കറോളം സ്ഥലം വാങ്ങുന്നതിന് ദേവസ്വം ബോർഡ് നടപടിയെടുത്തു; അതിന്റെ അവസാനഘട്ട നടപടിയിലേക്ക് എത്തിയിട്ടുണ്ട്. കൂടുതൽ സ്ഥലം ലഭിക്കാനുള്ള ഇടപെടലുകളും നടത്തിവരുന്നുണ്ട്. ഈ സാഹചര്യത്തിൽ, നൂറുകണക്കിന് ഭക്തജനങ്ങൾ വന്നുപോകുന്ന കൊട്ടാരക്കര ഗണപതി ക്ഷേത്രം ഇടത്താവളമായി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഇപ്പോൾ 150 കോടി രൂപ അനുവദിച്ച് 12 കേന്ദ്രങ്ങളിൽ ഇടത്താവളത്തിന്റെ പ്രവർത്തനങ്ങൾ നടക്കുകയാണ്. പുതിയ ഇടത്താവള നിർമ്മാണ പദ്ധതികൾ ഇപ്പോൾ പരിഗണനയിലില്ല. ഭാവിയിൽ അക്കാര്യം പരിശോധിക്കാവുന്നതാണ്.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, ശബരിമല തീർത്ഥാടനകാലത്ത് തീർത്ഥാടകരിൽനിന്നും ഉയർന്നുവരുന്ന പരാതികളിൽ ഒന്ന് പ്രസാദ വിതരണവുമായി ബന്ധപ്പെട്ടതാണ്. മണ്ഡല-മകരവിളക്ക് തീർത്ഥാടനകാലത്ത് അപ്പം, അരവണ എന്നിവയുടെ വിതരണം മുടക്കമില്ലാതെ കാര്യക്ഷമമായി നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഈ തീർത്ഥാടന കാലയളവിൽ കരുതൽ ശേഖരത്തോടുകൂടിത്തന്നെ അരവണ നിർമ്മാണം ശബരിമലയിൽ ആരംഭിച്ചിട്ടുണ്ട്. അരവണ നിർമ്മാണത്തിന് ആവശ്യമായ യന്ത്രസാമഗ്രികൾ സമഗ്രമായ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാക്കിയും അരവണ നിറച്ച് സീൽ ചെയ്യുന്നതിലേക്ക് നിലവിലുള്ള യന്ത്രസാമഗ്രികൾക്കുപുറമേ സ്പോൺസർഷിപ്പ് മുഖേന ലഭിച്ച ഫില്ലിംഗ് മെഷീൻ പുതുതായി സ്ഥാപിക്കുകയും ചെയ്തു. ആ നിലയിൽ അരവണയ്ക്ക് യാതൊരു തരത്തിലുള്ള ക്ഷാമവും ഉണ്ടാകാത്ത തരത്തിൽ അവശ്യംവേണ്ട കരുതൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. രാജു എബ്രഹാം: സർ, കേരളത്തിലെ ആകെ ജനസംഖ്യയെക്കാൾ കൂടുതൽ ഭക്തജനങ്ങൾ ചുരുങ്ങിയ മൂന്ന് മാസക്കാലയളവിനുള്ളിൽ എത്തിച്ചേരുന്ന ശബരിമലയുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ ശബരിമല ഒരു ദേശീയ തീർത്ഥാടന കേന്ദ്രമാക്കുകയെന്നതാണ് പ്രധാന പോംവഴി. നിരവധി വർഷങ്ങളായി ഈ ആവശ്യം ഉന്നയിക്കുന്നുണ്ട്. ഇതുവരെ കേന്ദ്ര ഗവൺമെന്റ് അത് പരിഗണിച്ചിട്ടില്ല. ഇക്കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, പ്രഖ്യാപിച്ചില്ലെങ്കിലും ഏതാണ്ട് ഒരു ദേശീയ തീർത്ഥാടന കേന്ദ്രം പോലെയാണ് ശബരിമലയെ ഇന്ന് നോക്കിക്കാണുന്നത്. സംസ്ഥാന ഗവൺമെന്റ് ശബരിമലയ്ക്ക് നൽകുന്ന പിന്തുണ അതെല്ലാംതന്നെ വെളിവാക്കുന്നതാണ്. പി.ഡബ്ല്യൂ.ഡി. റോഡുകൾ അറ്റകുറ്റപ്പണി നടത്തിയും കുടിവെള്ള വിതരണം കാര്യക്ഷമമാക്കിയും ഭക്തജനങ്ങൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കിയും കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങൾ ശബരിമല സീസൺ അടുക്കുമ്പോൾത്തന്നെ നടപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. കഴിഞ്ഞ പ്രളയകാലത്ത് പമ്പയും പരിസരപ്രദേശങ്ങളും വലിയ തകർച്ച നേരിട്ടപ്പോൾ ബേസ് ക്യാമ്പ് നിലയ്ക്കലേക്ക് മാറ്റാൻ ശ്രമിച്ചു. ചുരുങ്ങിയ സമയംകൊണ്ട് ഫലപ്രദമായ ബേസ് ക്യാമ്പ് നിലയ്ക്കലിൽ സ്ഥാപിക്കാൻ സാധിച്ചു. ആ ക്യാമ്പ് വിപുലീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുകയാണ്. അങ്ങ് പറയുന്നതുപോലെ കേരളത്തിലെ ജനസംഖ്യയേക്കാൾ കൂടുതൽ ഭക്തജനങ്ങൾ അവിടെ എത്തിച്ചേരുന്നില്ലെന്നതിന് കണക്കുകളുണ്ട്. ഏതായാലും അവിടെ എത്തിച്ചേരുന്ന ദശലക്ഷക്കണക്കിന് ഭക്തജനങ്ങൾക്ക് ഒരു ദേശീയ തീർത്ഥാടനകേന്ദ്രത്തിൽ ലഭ്യമാകുന്ന എല്ലാ സൗകര്യങ്ങളും ലഭ്യമാക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് വളരെ സജീവമായി ഇടപെട്ട് പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. ദേശീയ തീർത്ഥാടന കേന്ദ്രമാക്കണമെന്നുള്ളത് സംസ്ഥാനത്തിന്റെ ആവശ്യമാണ്; എല്ലാ ഗവൺമെന്റുകളും ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. ഇക്കാര്യം ആവർത്തിച്ചുതന്നെ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താം. കേന്ദ്ര ഭരണാധികാരികൾ ശബരിമലയെക്കുറിച്ച് ധാരാളമായി സംസാരിക്കുന്നവരാണ്. പക്ഷേ, ശബരിമലയുടെ കാര്യത്തിൽ ദേശീയ തീർത്ഥാടനകേന്ദ്രമാക്കണമെന്ന നമ്മുടെ ആവശ്യത്തോട് ഒട്ടും അനുകൂലമായിട്ടല്ല അവർ ഇപ്പോൾ പ്രതികരിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. എം. വിൻസെന്റ്: സർ, ശബരിമലയെക്കുറിച്ച് ഒരു ചോദ്യമോ പരാമർശമോ വരുമ്പോൾ ഏറ്റവുമധികം നമ്മൾ ചിന്തിക്കുന്നത് സുപ്രീംകോടതി വിധിയെക്കുറിച്ചാണ്. ദൗർഭാഗ്യവശാൽ ഇവിടെ ഭരണകക്ഷി അംഗങ്ങൾ ആ വിധിയുമായി ബന്ധപ്പെട്ട കാര്യങ്ങളൊന്നും പരാമർശിക്കാതെ അപ്പം, അരവണ വിതരണം, വിരിവയ്പ് തുടങ്ങിയ കാര്യങ്ങൾ പറഞ്ഞ് കൗശലപൂർവ്വം ഒഴിഞ്ഞുമാറുകയാണ്. സുപ്രീം കോടതി വിധി വന്ന് അത് ചാനലുകളിൽ സ്ക്രോൾ ചെയ്ത സന്ദർഭത്തിൽ ദേവസ്വം വകുപ്പുമന്ത്രി, അതിപ്പോൾത്തന്നെ നടപ്പിലാക്കും, സ്ത്രീകൾക്ക് പ്രത്യേക സൗകര്യമൊരുക്കും എന്നൊക്കെ ആ വിധിയുടെ പകർപ്പ് വായിച്ചുപോലും നോക്കാതെ പറഞ്ഞു. ഇതാണ് അവിടെ സംഘർഷമുണ്ടാക്കിയത്. ഭക്തജനങ്ങളുടെ വരവിൽത്തന്നെ വലിയ കുറവുണ്ടായി, അത് വരുമാന നഷ്ടമുണ്ടാക്കി. 100 കോടി രൂപ നൽകാമെന്ന് പറഞ്ഞിരിക്കുന്ന പ്രത്യേക സാഹചര്യമുണ്ടാക്കിയിരിക്കുന്നതുതന്നെ സർക്കാരിന്റെ അത്തരത്തിലുള്ള ഇടപെടലാണ്. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് 241.216 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് അങ്ങ് മറുപടിയിൽ പറഞ്ഞു. എന്നാൽ അത് പൂർണ്ണമായും ചെലവഴിച്ച തുകയാണ്. ഇപ്പോൾ അദ്ദേഹം പറഞ്ഞത് ഞങ്ങൾ 1251 കോടി രൂപ അനുവദിച്ചുവെന്നാണ്. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് എത്ര കോടി രൂപ ചെലവഴിച്ചു; നിങ്ങൾ നാളിതുവരെ എത്ര കോടി രൂപ ചെലവഴിച്ചു എന്ന് പറയാൻ സാധിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ആദ്യത്തെ ചോദ്യം സുപ്രീംകോടതി വിധിയെ സംബന്ധിച്ചാണ്. സുപ്രീംകോടതിയുടെ വിധിയുണ്ടായ പശ്ചാത്തലത്തിൽ സാധാരണഗതിയിൽ ആ വിധി നടപ്പിലാക്കുമോയെന്ന ചോദ്യത്തിന് സംസ്ഥാന ഗവൺമെന്റിനുവേണ്ടി ദേവസ്വം വകുപ്പുമന്ത്രിയെന്ന നിലയിൽ വിധി നടപ്പിലാക്കും, അതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കും എന്നുതന്നെയാണ് ഞാൻ ആവർത്തിച്ചു പറഞ്ഞത്. ഭരണഘടനയെ ബഹുമാനിക്കുന്ന, നിയമവാഴ്ച നിലനിൽക്കണമെന്നാഗ്രഹിക്കുന്ന ഒരു സംസ്ഥാനമെന്ന നിലയിൽ സുപ്രീംകോടതിയുടെ പരമാധികാരത്തെ ചോദ്യം ചെയ്യാൻ ഞാൻ തയ്യാറായിട്ടില്ല. ആ വിധി നടപ്പിലാക്കുമെന്നുതന്നെയാണ് പറഞ്ഞത്. ഞാൻ മാത്രമല്ല പറഞ്ഞത്, ബഹുമാനപ്പെട്ട അംഗത്തിന് അറിഞ്ഞുകൂടാത്തതുകൊണ്ടാണ്; അല്ലെങ്കിൽ അദ്ദേഹം ബോധപൂർവ്വം മറച്ചുവയ്ക്കുന്നതാണ്. ശ്രീ. രാഹുൽ ഗാന്ധിയും അതാണ് പറഞ്ഞത്. ശ്രീ. രാഹുൽ ഗാന്ധിയെ അദ്ദേഹം അംഗീകരിക്കുന്നില്ല. ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രനും അതുതന്നെയാണ് പറഞ്ഞത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ആദ്യഘട്ടത്തിൽ അതുതന്നെയാണ് പറഞ്ഞത്, അന്നത്തെ

ദിനപ്പത്രം നോക്കാം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആദ്യ പ്രതികരണത്തിൽനിന്ന് പിന്നീട് മാറി. അങ്ങ് ഇടയ്ക്കിടയ്ക്ക് മാറുന്നുണ്ട്. അത് അങ്ങയുടെ കാര്യം. പക്ഷേ, അങ്ങുപറഞ്ഞ കാര്യം പറഞ്ഞതുതന്നെയാണ്. ഇവിടെ ആരുംതന്നെ സുപ്രീംകോടതി വിധി അംഗീകരിക്കില്ലെന്നുപറഞ്ഞു. ഇപ്പോൾ പറയുന്നുണ്ടോ; ഒരു വർഷം കഴിഞ്ഞല്ലോ? വളരെ വിനയത്തോടുകൂടി ചോദിക്കുകയാണ്, ഈ സഭയ്ക്കകത്ത് നിങ്ങളാരെങ്കിലും ആ വിധി അംഗീകരിക്കുന്നില്ലെന്ന് പറയുന്നുണ്ടോ? പറയാൻ ധൈര്യമുണ്ടെങ്കിൽ പറയൂ; ഞങ്ങൾ സുപ്രീംകോടതി വിധി അംഗീകരിക്കുന്നില്ല എന്നുപറയാനുള്ള ധൈര്യമുണ്ടെങ്കിൽ പറഞ്ഞോളൂ. .... (ബഹളം)...

<u>മി. സ്പീക്കർ</u>: പ്ലീസ്.. അങ്ങ് അവസാനിപ്പിക്കൂ.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, നിയമസഭയുടെ പരിരക്ഷ ഉപയോഗിച്ച് എന്തെങ്കിലും അന്യായങ്ങൾ പറയാമെന്നല്ലാതെ പുറത്തിറങ്ങി ഇതൊന്നും പറയാൻ സാധിക്കില്ല. ആരായിരുന്നാലും സുപ്രീംകോടതി വിധി മാനിക്കുകയും നടപ്പിലാക്കാൻ ശ്രമിക്കുകയും ചെയ്യും. ഈ സർക്കാരിനെ സംബന്ധിച്ചാണെങ്കിൽ ഗവൺമെന്റ് നൽകിയ അഫിഡവിറ്റിൽ പറഞ്ഞ കാര്യം ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പറഞ്ഞു. ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് പറഞ്ഞ് അവസാനിപ്പിക്കുമ്പോൾ, ആളുകളെ കയറ്റാനോ ഇറക്കാനോ സുപ്രീംകോടതി എടുക്കുന്ന ഏതുതീരുമാനവും ഈ ഗവൺമെന്റ് നടപ്പാക്കുമെന്ന് അഫിഡവിറ്റിൽ അസന്നിഗ്ധമായി പ്രഖ്യാപിച്ചത് ആവർത്തിച്ച് പറയുക മാത്രമാണ് ഞങ്ങൾ ചെയ്തിട്ടുള്ളത്. ഞങ്ങൾക്ക് അക്കാര്യത്തിൽ ഒരു ശങ്കയുമില്ല, യാതൊരു സംശയവുമില്ല. നിങ്ങൾ കലക്കവെള്ളത്തിൽ മീൻ പിടിക്കാൻ ശ്രമിച്ചുവെന്നുള്ളത് യാഥാർത്ഥ്യമാണ്. പക്ഷേ, എല്ലാ കാലത്തും കലക്കവെള്ളം ഉണ്ടാകുമെന്നും മീൻപിടിക്കാമെന്നും ധരിച്ചെങ്കിൽ നിങ്ങൾക്ക് തെറ്റിപ്പോയി എന്നുള്ളത് ഇപ്പോൾ ബോധ്യമായില്ലെന്നുണ്ടെങ്കിൽ കഷ്ടം എന്നുമാത്രമേ പറയാനുള്ളൂ. വെള്ളം തെളിഞ്ഞുകഴിഞ്ഞു. ഇനി പഴയതുപോലെ നടക്കുകയില്ല. പാല മുതൽ തെളിഞ്ഞുകഴിഞ്ഞുവെന്ന് ബോധ്യമായില്ലേ? കോന്നിയിലെ അംഗമാണ് ഇവിടെ ഇരിക്കുന്നത്, അയ്യപ്പന്റെ ആസ്ഥാനമായ ശബരിമലയിലെ മെമ്പറാണ് ഇവിടെ ഇരിക്കുന്നത്.

<u>മി.സ്പീക്കർ</u>: ഓർഡർ... ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പ്രതിരോധരംഗത്തും പൊതുമേഖലയിലും സ്വകാര്യവൽക്കരണത്തിനുള്ള കേന്ദ്ര നീക്കം

5 (*184) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. എസ്. ശർമ്മ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പ്രതിരോധ രംഗത്തുൾപ്പെടെയുള്ള പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ സ്വദേശിയെന്ന കപട മുദ്രാവാക്യമുയർത്തി വിദേശികൾ ഉൾപ്പെടെയുള്ള കോർപ്പറേറ്റുകൾക്ക് കൈമാറി സ്വകാര്യവൽക്കരണം തീവ്രമാക്കുന്നത് സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും താല്പര്യങ്ങൾക്ക് ഹാനികരമാകുമെന്ന് കരുതുന്നുണ്ടോ;

(ബി) രാജ്യസുരക്ഷയെ കരുതി ദേശസാൽക്കരിച്ച പെട്രോളിയം കമ്പനികളിൽ പ്രമുഖമായതും പ്രതിവർഷം പതിനാലായിരം കോടിയിലധികം രൂപ ലാഭമുണ്ടാക്കുന്നതുമായ ഭാരത് പെട്രോളിയം കോർപ്പറേഷൻ കേവലം നാൽപ്പതിനായിരം കോടി രൂപയ്ക്ക് സ്വദേശ-വിദേശ കോർപ്പറേറ്റുകൾക്ക് കൈമാറാനുള്ള നീക്കത്തിൽ നിന്ന് പിന്മാറാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ;

(സി) കൊച്ചിൻ റിഫൈനറി വിദേശികൾ ഉൾപ്പെടെയുള്ള സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നത് തന്ത്രപ്രധാനമായ വ്യവസായം നഷ്ടപ്പെടുത്തുന്നതു കൊണ്ടുണ്ടാകുന്ന ഭീഷണിയോടൊപ്പം റിഫൈനറിയോടനുബന്ധമായി പതിനായിരത്തിലധികം പേർക്ക് തൊഴിൽ ലഭ്യമാകാവുന്ന പെട്രോ കെമിക്കൽ ഹബ്ബ് സൃഷ്ടിക്കുകയെന്ന സംസ്ഥാനത്തിന്റെ താല്പര്യവും ഹനിക്കപ്പെടുന്നത് കണക്കിലെടുത്ത് സംസ്ഥാന സർക്കാർ വേണ്ട ഇടപെടൽ നടത്തുമോ എന്നറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ-സി) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കൽ തീരുമാനം സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നതോടൊപ്പം അതത് സ്ഥാപനങ്ങളിൽ പ്രവർത്തിച്ചുവരുന്ന ജീവനക്കാരുടെ തൊഴിലിനെയും അതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അനുബന്ധ വ്യവസായങ്ങളുടെ പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിക്കും. വളരെയധികം തന്ത്രപ്രധാനമായ മേഖലകളിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ പൊതുമേഖലയിൽ നിന്നുള്ള മാറ്റം സംസ്ഥാനത്തിന്റെ പൊതു ആസ്തികൾ അന്യാധീനപ്പെട്ടു പോകുന്നതിനും ഇടയാകും. ഇത്തരം പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിച്ച് തൊഴിലും വരുമാനവും വർദ്ധിപ്പിക്കാനാണ് സർക്കാർ പരിമിതികളുള്ളിൽ നിന്നുകൊണ്ട് ശ്രമിച്ചുവരുന്നത്. 2019-20-ൽ 1.05 ലക്ഷം കോടി രൂപ ഓഹരി വിറ്റഴിക്കലിലൂടെ ലക്ഷ്യമിടുന്നു എന്ന കേന്ദ്ര സർക്കാരിന്റെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ തുടർച്ചയായാണ് മഹാരത്ന പദവിയിലുള്ളതും ഏകദേശം 5000 കോടി രൂപയിലധികം വാർഷിക ലാഭമുള്ളതുമായ രാജ്യത്തെ വലിയ പെട്രോളിയം കമ്പനികളിലൊന്നായ ബി.പി.സി.എൽ.-നെ സ്വകാര്യവത്കരിക്കുന്നതിനുള്ള നീക്കം ആരംഭിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി ബി.പി.സി.എൽ.-ലെ കേന്ദ്രസർക്കാരിന്റെ 53.29% ഓഹരികൾ പൂർണ്ണമായി വിറ്റഴിക്കും എന്ന് കരുതുന്നു. ഇത്തരത്തിൽ ഓഹരികൾ വിറ്റഴിക്കുന്നതിലൂടെ ബി.പി.സി.എൽ.-നെ സ്വകാര്യവൽക്കരിച്ച് ഉടമസ്ഥാവകാശം സൗദി അറേബ്യയിലെ അരാംകോ തുടങ്ങിയ കുത്തക കമ്പനികൾക്ക് കൈമാറാനുള്ള ശ്രമമായാണ് കേന്ദ്രസർക്കാർ നടത്തുന്നതെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു.

കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ സുപ്രധാനമായ സംഭാവന നൽകിവരുന്ന ബി.പി.സി.എൽ. സ്വകാര്യവത്കരിക്കുന്നതുമൂലം സംസ്ഥാനത്തിന് ഭീമമായ സാമ്പത്തിക നഷ്ടമായിരിക്കും ഉണ്ടാവുക. സംസ്ഥാനംകൂടി മുൻകൈ എടുത്ത് സ്ഥാപിച്ച കൊച്ചിൻ റിഫൈനറിക്ക് നിരവധി സഹായങ്ങളാണ് സർക്കാർ നൽകിവരുന്നത്. ബി.പി.സി.എൽ.-ഉം സർക്കാരുമായി ഒപ്പുവച്ച കരാർപ്രകാരം 4500 കോടി രൂപ KGST/VAT ഇനത്തിലും 3000 കോടി രൂപ CST ഇനത്തിലും 750 കോടി രൂപ WCT റീ-ഇംബേഴ്സ്മെന്റ് ഇനത്തിലും 15 വർഷത്തേക്ക് നൽകിക്കൊള്ളണമെന്ന് ധാരണയുണ്ട്. വർക്ക് കോൺട്രാക്ട് ടാക്സ് (WCT) റീഇംബേഴ്സ്മെന്റ് ഇനത്തിൽ നാളിതുവരെ 80 കോടി രൂപയും KGST/VAT (Deferred loan) ഇനത്തിൽ 100 കോടി രൂപയും ബി.പി.സി.എൽ.-ന് അനുവദിച്ചിട്ടുണ്ട്.

കൊച്ചിൻ റിഫൈനറിയുടെ ഉല്പന്നത്തെ ആശ്രയിച്ച് കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി ആരംഭിക്കാനുദ്ദേശിക്കുന്ന പെട്രോ കെമിക്കൽ പാർക്കിന്റെ ഭാവിയെ ബി.പി.സി.എൽ.-ന്റെ സ്വകാര്യവൽക്കരണം പ്രതികൂലമായി ബാധിക്കും. ബി.പി.സി.എൽ.-ൽ രാജ്യത്താകെ തൊഴിലെടുക്കുന്ന 11540 പേരിൽ 2370 പേർ കൊച്ചിൻ റിഫൈനറിയിലാണ്. റിഫൈനറിയുടെ പരിസരത്തെ ജനങ്ങളുടെ ക്ഷേമത്തിനായി CSR-ന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന ക്ഷേമപ്രവർത്തനങ്ങൾ പൂർണ്ണമായി നിലയ്ക്കുന്ന അവസ്ഥയും നിർദ്ദിഷ്ട സ്വകാര്യവൽക്കരണത്തിന്റെ ദോഷഫലങ്ങളായി സംജാതമാകും. സംസ്ഥാന സർക്കാരിന് നിലവിൽ 0.86% ഓഹരിയാണ് ബി.പി.സി.എൽ.-ൽ ഉള്ളത്. കമ്പനിക്ക് നൽകിവരുന്ന വിവിധ സാമ്പത്തികവും മറ്റ് തരത്തിലുള്ള സഹായങ്ങളും സർക്കാരിന് കമ്പനിയിലുള്ള പ്രത്യേക താൽപ്പര്യത്തിന്റെ തെളിവുകളാണ്. കമ്പനി സ്വകാര്യവൽക്കരിക്കുന്നതിലൂടെ വലിയ തോതിൽ തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നതിനും പാചക വാതകത്തിന് ലഭിച്ചുവരുന്ന ആനുകൂല്യങ്ങൾ ഇല്ലാതാകുന്നതിനും വഴിയൊരുക്കും. സംസ്ഥാനത്തിന്റെ വികസനത്തെയും വ്യവസായവൽക്കരണത്തെയും പ്രതികൂലമായി ബാധിക്കുന്ന സ്വകാര്യവൽക്കരണം ഉപേക്ഷിക്കണമെന്ന് അഭ്യർത്ഥിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്.

## ഉജ്ജീവനി പദ്ധതി

6 (*185) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷത്തെ പ്രളയത്തിൽ തകർന്ന വ്യാപാര വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) വ്യവസായ വാണിജ്യ കേന്ദ്രം നടപ്പാക്കി വരുന്ന ഉജ്ജീവനി പദ്ധതിയുടെ വിശദാംശം നൽകാമോ; എത്ര പേർക്ക് പദ്ധതിയുടെ ആനുകൂല്യം നൽകിയെന്നതിന്റെ കണക്ക് ലഭ്യമാണോ; എങ്കിൽ വെളിപ്പെടുത്തുമോ;

(സി) പ്രളയ പുനരുദ്ധാരണം, പ്രളയ പുനർനിർമ്മാണം, പുനർജ്ജനി എന്നീ പദ്ധതികളുടെ വിശദാംശവും പ്രസ്തുത പദ്ധതികൾ വഴി കൈവരിച്ച നേട്ടവും അറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) കഴിഞ്ഞ വർഷത്തെ പ്രളയക്കെടുതിയിൽ തകർന്ന വ്യവസായ യൂണിറ്റുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ വ്യവസായ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) 17-12-2018-ലെ സ.ഉ.(കൈ) 27/2018/DMD പ്രകാരം 2018-ലെ പ്രളയക്കെടുതിയിൽ നഷ്ടം സംഭവിച്ച സംരംഭകർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവനമാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിലേക്കായി സർക്കാർ ഉജ്ജീവനി സഹായ പദ്ധതി പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നു. പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചെന്ന് വ്യവസായ വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തരം നടത്തിയ സർവ്വേയിൽ കണ്ടെത്തിയ ചെറുകിട-ഇടത്തരം വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ, കടകൾ എന്നിവയുടെ ഉടമസ്ഥർക്ക് അവരുടെ സ്ഥാപനത്തിന്റെ പുനരാരംഭത്തിനായി ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്.

അർഹത

1. Term loan & Working Capital Loan : 25% പരമാവധി 2 ലക്ഷം രൂപ മാർജിൻ മണി ആയി സർക്കാർ ബാങ്കുകൾക്ക് അനുവദിക്കുന്നതാണ്.

2. Working Capital Loan ആയി മാത്രം എടുക്കുന്നവർക്ക് അവരുടെ താൽപ്പര്യമനുസരിച്ച് വായ്പാ തുകയിൽ 10 ലക്ഷം രൂപ വരെ മാത്രം മാർജിൻ മണിക്ക് പകരം ഒരു വർഷത്തേക്ക് 9% നിരക്കിൽ താങ്ങുപലിശ സർക്കാർ ബാങ്കുകൾക്ക് നൽകുന്നതാണ്. ടി സർക്കാർ ഉത്തരവിന് മുൻപായി 2018-ലെ പ്രളയത്തിലെ നഷ്ടത്തിന് പുനരാരംഭ വായ്പ എടുത്തിട്ടുള്ള മേൽ വിവരിച്ച സർവ്വേയിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും ഈ ആനുകൂല്യത്തിന് അർഹതയുണ്ട്.

ഈ പദ്ധതി പ്രകാരം 28-10-2019-ലെ കണക്കുപ്രകാരം വിവിധ ജില്ലകളിലായി 1563 വ്യവസായ യൂണിറ്റുകൾക്ക് 112.95 കോടി രൂപയുടെ വായ്പ ബാങ്കുകളിൽ നിന്ന് ലഭ്യമാക്കിയിട്ടുണ്ട്. (MSMEs - 617 എണ്ണം - 62.55 കോടി രൂപ, ഷോപ്പ് (946 എണ്ണം) - 50.40 കോടി രൂപ)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 1. പ്രളയാനന്തര പുനരുദ്ധാരണ പദ്ധതി

പ്രളയം ബാധിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി രണ്ടു ഘട്ടങ്ങളിലായി സ്റ്റാർട്ട് അപ് സഹായവും നിക്ഷേപ സഹായവും നൽകുന്നതിന് ടി പദ്ധതി ലക്ഷ്യമിടുന്നു. സംരംഭങ്ങളുടെ പുനർനിർമ്മാണത്തിന്റെ ഭാഗമായി മൊത്തം സ്ഥിര മൂലധന നിക്ഷേപത്തിന്റെ (റ്റി.എഫ്.സി.ഐ.) 15 ശതമാനം മുതൽ 40 ശതമാനം വരെ സഹായം നൽകും. ഇത് പൊതുവിഭാഗങ്ങൾക്ക് 20 ലക്ഷം രൂപ വരെയും പ്രത്യേക വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് 30 ലക്ഷം രൂപ വരെയും പരിമിതപ്പെടുത്തിയിട്ടുണ്ട്.

ആകെ സ്ഥിരമൂലധന നിക്ഷേപത്തിൽ മരാമത്ത് ജോലികൾ, പ്ലാന്റും മെഷീനറികളും, ഉപകരണങ്ങൾ എന്നീ ഘടകങ്ങൾ ഉൾപ്പെടുന്നു. ഈ പദ്ധതി പ്രകാരം വിവിധ ജില്ലകളിലായി 37 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് അർഹതപ്പെട്ട തുകകൾ അനുവദിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

2. പ്രളയാനന്തര പുനർ നിർമ്മാണ പദ്ധതി

പ്രളയ ദുരന്തത്തിൽപ്പെട്ട സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക യൂണിറ്റുകൾക്കുള്ള പലിശ ധനസഹായം നൽകുന്ന പദ്ധതി.

ബാങ്കുകളിൽ നിന്നും 8% പലിശയിളവിൽ ടേം ലോൺ പ്രവർത്തന മൂലധനവായ്പ വർഷാടിസ്ഥാനത്തിൽ പ്രളയക്കെടുതിയിലായ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക മേഖലയിലെ നിർമ്മാണ സേവന വിഭാഗങ്ങൾക്ക് സഹായധനമായി ലഭ്യമാക്കുവാനാണ് ടി പദ്ധതി ലക്ഷ്യമിടുന്നത്. യൂണിറ്റുകൾക്ക് അർഹമായ പരമാവധി തുക പ്രതിവർഷം 5 ലക്ഷം രൂപയായി പരിമിതപ്പെടുത്തുകയും ബാങ്കുകൾ യൂണിറ്റുകളുടെ പ്രവർത്തനവും ലാഭക്ഷമതയും കണക്കാക്കി സഹായം 3 വർഷം വരെ നൽകാവുന്നതുമാണ്. ഈ സഹായം സൂക്ഷ്മ-ചെറുകിട-ഇടത്തരം നിർമ്മാണ സേവന സംരംഭങ്ങൾക്ക് മാത്രം ഈ പദ്ധതി പ്രകാരം വിവിധ ജില്ലകളിലായി 44 അപേക്ഷകളിൽ ഒരു അപേക്ഷയിൽ 32000 രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകൾ പരിശോധിച്ച് അർഹതപ്പെട്ട തുക അനുവദിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

3. പുനർജനി പദ്ധതി

പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ

പുനർജനി എന്ന പേരിൽ പ്രത്യേക വായ്പാ പദ്ധതി നടപ്പാക്കുകയുണ്ടായി. ഈ പദ്ധതി പ്രകാരം പ്രളയത്തിൽ നാശനഷ്ടങ്ങൾ നേരിട്ട വ്യവസായ സ്ഥാപനങ്ങളുടെ അപേക്ഷ പരിഗണിച്ച് 20 ലക്ഷം രൂപ മുതൽ 300 ലക്ഷം രൂപ വരെ 9% പലിശ നിരക്കിൽ ഹ്രസ്വകാല വായ്പ അനുവദിക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടു. കോർപ്പറേഷനിൽ നിന്നും വായ്പ സ്വീകരിക്കുകയും പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്തിട്ടുള്ള കമ്പനികൾക്ക് വായ്പാ തിരിച്ചടവിന് ഒരു വർഷം വരെ അവധി നൽകുകയും ഒരു വർഷത്തെ പിഴപ്പലിശ (2%) ഒഴിവാക്കി നൽകുകയും വ്യവസായികളുടെ അപേക്ഷ പരിഗണിച്ച് വായ്പ തിരിച്ചടവ് പുനഃക്രമീകരിച്ചുകൊടുക്കുകയും ചെയ്തു.

## പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ കൈമാറ്റം

7 (*186) ശ്രീമതി ഗീതാ ഗോപി:
ശ്രീ. സി. ദിവാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റ് സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിന് നീക്കമുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ രാജസ്ഥാനിലെ കോട്ട യൂണിറ്റ് നഷ്ടത്തിലായപ്പോൾ സ്വകാര്യവത്കരിച്ചുപോലെ പാലക്കാട് യൂണിറ്റ് നഷ്ടത്തിലായപ്പോൾ സ്വകാര്യവത്കരിക്കാതിരിക്കാൻ ഈ യൂണിറ്റ് സ്വതന്ത്രമാക്കി ഏറ്റെടുക്കുന്നതിന് സംസ്ഥാന സർക്കാർ സന്നദ്ധത കാട്ടിയിട്ടും നാളിതുവരെ കൈമാറ്റം ചെയ്യാത്തത് യൂണിറ്റ് സ്വകാര്യവൽക്കരിക്കുന്നതിനുള്ള കേന്ദ്ര താല്പര്യങ്ങൾക്ക് വിരുദ്ധമായതുകൊണ്ടാണോ; വ്യക്തമാക്കാമോ;

(സി) പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് സംസ്ഥാന സർക്കാരിന് കൈമാറുന്നതിനായി ധാരണാപത്രം ഒപ്പ് വച്ചശേഷം കൈമാറ്റം വൈകിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ എന്തൊക്കെ തടസ്സവാദങ്ങൾ ഉന്നയിക്കുന്നു എന്നറിയിക്കാമോ; വിശദവിവരം നൽകാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ-സി) കേന്ദ്ര സർക്കാർ നീതി ആയോഗിന്റെ ശിപാർശപ്രകാരം സ്വകാര്യവത്കരിക്കുവാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിനെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നതതല സമിതി സ്ഥാപനത്തിന്റെ 31-3-2017 വരെയുള്ള സാമ്പത്തിക/നിയമ അവലോകന റിപ്പോർട്ടിന്റെയും സാങ്കേതിക വില നിർണ്ണയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഇൻസ്ട്രുമെന്റേഷൻ പാലക്കാടിന്റെ ആസ്തികൾ 53.02 കോടി രൂപയ്ക്ക് വാങ്ങുന്നതിന് തീരുമാനിക്കുകയും സർക്കാർ ഉത്തരവ് ജി.ഒ.. (എം.എസ്.) നമ്പർ 52/2018/ ഐ.ഡി. 20-7-2018 പുറപ്പെടുവിക്കുകയും ചെയ്തു. തുടർന്ന് ഇൻസ്ട്രുമെന്റേഷൻ കേരള ലിമിറ്റഡ് എന്ന പേരിൽ പുതിയ കമ്പനി രൂപീകരിക്കാനുള്ള പ്രാഥമിക നടപടികൾ സ്വീകരിക്കുകയും ചെയ്തു.

കേന്ദ്ര/കേരള സർക്കാർ പ്രതിനിധികൾ ഇതുസംബന്ധിച്ച് കരട് ധാരണാപത്രം തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അന്തിമ അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ കേന്ദ്ര സർക്കാർ, ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട് യൂണിറ്റിന്റെ ആസ്തിവില നിർണ്ണയിക്കുന്നതിൽ വസ്തുവിന്റെ വില കൂടി കണക്കാക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. പാലക്കാട് ജില്ലയിലെ പുതുശ്ശേരി വില്ലേജിൽ സൗജന്യമായി നൽകിയ 123 ഏക്കർ സ്ഥലത്തിന്റെ വിലകൂടി വേണമെന്ന കേന്ദ്ര നിലപാടാണ് ഏറ്റെടുക്കൽ നടപടികളെ മന്ദഗതിയിലാക്കിയത്. ഇത് പരിഹരിക്കാൻ സെക്രട്ടറി തലത്തിൽ ചർച്ചകൾ പുരോഗമിച്ചുവരുന്നു.

## കേരള ടൂറിസം സംരംഭകത്വ ഫണ്ട്

8 (*187) ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. റ്റി.വി.രാജേഷ്:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം രംഗത്ത് നൂതന ആശയങ്ങൾ നടപ്പാക്കുന്നതിനും പ്രത്യക്ഷമായും പരോക്ഷമായും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി കേരള ടൂറിസം സംരംഭകത്വ ഫണ്ടിന് രൂപം നല്കിയിട്ടുണ്ടോ;

(ബി) പുത്തൻതലമുറ സംരംഭകരെ ഈ രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനും പുതിയ പദ്ധതികൾ നടപ്പാക്കാനുള്ള ഉപദേശങ്ങളും നിർദ്ദേശങ്ങളും മാനേജ്മെന്റ് വൈദഗ്ദ്ധ്യവും ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പദ്ധതികൾക്ക് പ്രവർത്തന വേഗതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനും അവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) കേരള ടൂറിസം സംരംഭകത്വ ഫണ്ടിന് രൂപം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ടൂറിസം രംഗത്ത് നൂതന ആശയങ്ങൾ നടപ്പാക്കാനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനുമായി കേരള ടൂറിസം സംരംഭകത്വ ഫണ്ടിന് രൂപം നൽകുന്നതിന് ഈ സർക്കാരിന്റെ ടൂറിസം നയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. പുത്തൻതലമുറ സംരംഭകരെ ഈ രംഗത്തേക്ക് ആകർഷിക്കുക വഴി പ്രത്യക്ഷമായും പരോക്ഷമായും കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുകയാണ് ലക്ഷ്യം. ടൂറിസം മേഖലയുമായി ബന്ധപ്പെട്ട ഏതെങ്കിലും നൂതന സേവനമോ പദ്ധതിയോ നടപ്പാക്കാനുള്ള ഉപദേശവും നിർദ്ദേശങ്ങളും മാനേജ്മെന്റ് വൈദഗ്ദ്ധ്യവും ഒപ്പം മൂലധനവും കണ്ടെത്തി നൽകുന്ന പദ്ധതിയാണിത്. ഇതിനായി സർക്കാരിന്റെ മുൻകയ്യിൽ വെഞ്ച്വർ ഫണ്ട് രൂപീകരിക്കും. പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്:

1. കേന്ദ്ര പദ്ധതികൾ നടപ്പാക്കുന്ന ഭാരതീയ ചെറുകിട വികസന ബാങ്ക് (സിഡ്ബി), വിദേശത്തും സ്വദേശത്തുമുള്ള ഏഞ്ചൽ ഫണ്ടുകൾ, സ്വകാര്യ ഫണ്ടുകൾ, സംസ്ഥാന ധനകാര്യ ഏജൻസികൾ മുതലായവയിൽ നിന്നും വിഭവ സമാഹരണം നടത്തി വെഞ്ച്വർ ഫണ്ടിനുള്ള കോർപ്പസ് ഫണ്ട് കണ്ടെത്തും. ടൂറിസം പദ്ധതികളിൽ നിന്നുള്ള ലാഭത്തിന്റെ ഒരു വിഹിതവും വെഞ്ച്വർ ഫണ്ടിലേക്ക് മുതൽക്കൂട്ടും.
2. പുത്തൻ സംരംഭകർക്കും നിലവിലുള്ള ഇടത്തരം സംരംഭകർക്കും വെഞ്ച്വർ ഫണ്ട് ലഭ്യമാക്കും.
3. മാനേജ്മെന്റ് വിദഗ്ദ്ധരുടെ സമിതി സൂക്ഷ്മമായും നിഷ്പക്ഷമായും ഓരോ പദ്ധതിയുടെയും വിജയസാധ്യത വിലയിരുത്തിയ ശേഷമാകും ഫണ്ട് അനുവദിക്കുക.
4. ടൂറിസം രംഗത്ത് പുതിയ ആശയങ്ങളുമായി എത്തുന്നവർക്ക് ഇതിന് അപേക്ഷിക്കാം. സാങ്കേതിക സർവ്വകലാശാലകളിൽ നിന്നും ടൂറിസം വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ നിന്നും പഠിച്ചിറങ്ങുന്നവർക്ക് സ്വയം സംരംഭകരാവാൻ അവസരമൊരുങ്ങും.

(സി) പദ്ധതികൾക്ക് പ്രവർത്തനവേഗതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനും നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ദ്രുതഗതിയിൽ നിർമ്മാണ പ്രവൃത്തികൾ നടത്തിവരുന്നുണ്ട്. ഇവ വിവിധ ഘട്ടത്തിലാണ്.

- ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര വകുപ്പിന്റെ ഓരോ പദ്ധതിയുടെയും സൂക്ഷ്മമായ അവലോകനം ജില്ല തിരിച്ച് ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും സെക്രട്ടറി തലത്തിലും വകുപ്പ് ഡയറക്ടർ തലത്തിലും നടത്തിവരുന്നു.
- ടൂറിസം പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനായി അതത് എം.എൽ.എ. ചെയർമാനായി അസംബ്ലി നിയോജകമണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ കമ്മിറ്റികൾ കാലാകാലം യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങളും നിർമ്മാണ പുരോഗതിയും വിലയിരുത്തി തുടർ നടപടി സ്വീകരിച്ചുവരുന്നു.
- ഓരോ മൂന്ന് മാസത്തിലൊരിക്കൽ ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി പദ്ധതി അവലോകന യോഗങ്ങൾ കൂടുകയും പ്രസ്തുത യോഗത്തിൽ നടത്തിപ്പ് സംബന്ധിച്ചും പുരോഗതി, കാര്യക്ഷമത തുടങ്ങിയ ഘടകങ്ങൾ പരിശോധിച്ച് നിർവ്വഹണ ഏജൻസികളുടെ കാര്യക്ഷമത വിലയിരുത്തി കുറ്റമറ്റ രീതിയിൽ യഥാസമയം പൂർത്തീകരിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതികളുടെ പുരോഗതിയും കാര്യക്ഷമതയും വിലയിരുത്തുന്നതിനും പദ്ധതികൾ യഥാസമയം പൂർത്തിയാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിനുമായി ബന്ധപ്പെട്ട വകുപ്പിന്റെ റീജിയണൽ ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലുള്ള ഓഫീസർമാർ, പ്രോജക്ട് എഞ്ചിനീയർ എന്നിവരുടെ സേവനം എല്ലാ ജില്ലകളിലും ഉറപ്പുവരുത്തിയിട്ടുണ്ട്.
- അതാത് ടൂറിസം ഡെസ്റ്റിനേഷനിലെ പ്രവർത്തന പുരോഗതികൾ വിലയിരുത്തുന്നതിന് ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.
- വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും സുസ്ഥിരമായ സംരക്ഷണവും ലക്ഷ്യമിടുന്ന ഗ്രീൻ കാർപ്പെറ്റ് പദ്ധതിയിൽ, പദ്ധതി പ്രവർത്തനം വിലയിരുത്തുന്നതിനായി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരെ ഡെസ്റ്റിനേഷൻ മാനേജർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

14 ജില്ലകളിലെയും പദ്ധതികളുടെ പൂർത്തീകരണം കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് ടൂറിസം ഡയറക്ടറേറ്റിൽ ഒരു പ്രോജക്ട് മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചുവരുന്നു.

## തോട്ടഭൂമിയിലെ ഖനനം

9 (*188) ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടഭൂമിയിൽ ഖനനം പാടില്ലെന്ന സുപ്രീംകോടതി വിധി നടപ്പാക്കിയാൽ സംസ്ഥാനത്തെ ഒട്ടേറെ ക്വാറികൾക്ക് പ്രവർത്തിക്കാൻ കഴിയില്ല എന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) 1964-ലെ ഭൂപതിവു ചട്ടത്തിൽ ഭേദഗതി വരുത്തി ഖനനത്തിന് അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(സി) നിർമ്മാണമേഖലയ്ക്ക് ആവശ്യമായ കരിങ്കല്ലിന്റെ ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) ഭൂപരിഷ്കരണ നിയമ പ്രകാരം 15 ഏക്കറിൽ കൂടുതൽ ഭൂമി വാണിജ്യ ആവശ്യങ്ങൾക്കായി കൈവശം വയ്ക്കുവാൻ ലഭിക്കുന്ന ഇളവ്, ക്വാറി പ്രവർത്തനങ്ങൾക്ക് ബാധകമല്ലായെന്ന് 16-11-2018-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിട്ടിരുന്നു. പ്രസ്തുത ഉത്തരവ് 30-9-2019-ലെ വിധി ന്യായപ്രകാരം ബഹുമാനപ്പെട്ട സുപ്രീം കോടതി ശരിവച്ചു. 16-11-2018-ൽ വിധിന്യായം പുറപ്പെടുവിച്ചതിനുശേഷം, റവന്യൂ രേഖകളിൽ "തോട്ടം" എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയിൽ ഖനനം അനുവദിക്കുന്നതിന് താലൂക്ക് ലാന്റ് ബോർഡിൽ നിന്നുള്ള exemption നിർബന്ധമാക്കിയിരുന്നു. പ്രസ്തുത വിധി പുറപ്പെടുവിക്കുന്നതിന് മുമ്പ് ക്വാറിയിംഗ് ഒരു Commercial Activity ആയി

പരിഗണിക്കാമെന്ന ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവാണുണ്ടായിരുന്നത്. അതിനാൽ 16-11-2018-ലെ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് റവന്യൂ വകുപ്പിൽ നിന്നും അനുവദിക്കുന്ന രേഖകൾ പ്രകാരം ഭൂമി Assigned Land ആണോ Kerala Conservation of Paddy and Wet Land Act,2008-ന്റെ പരിധിയിൽ വരുന്ന ഭൂമിയാണോ എന്ന് മാത്രമാണ് പരിശോധിച്ചിരുന്നത്. ആയതിനാൽ, " തോട്ടം" വിഭാഗത്തിൽപ്പെടുന്ന ഭൂമിയിൽ എത്ര കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നുണ്ട് എന്ന കൃത്യമായ വിവരം പരിശോധിച്ച് തിട്ടപ്പെടുത്തിയ ശേഷമേ സുപ്രീംകോടതി വിധി പ്രകാരം ഒട്ടേറെ ക്വാറികൾക്ക് പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമുണ്ടോയെന്ന് പരിശോധിക്കുവാൻ നിർവ്വാഹമുള്ളൂ.

(ബി) ചട്ടം ഭേദഗതി ചെയ്യുന്ന വിഷയം ഒരിക്കൽകൂടി പരിശോധിച്ച് സമർപ്പിക്കുവാൻ 1-8-2019-ൽ ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ അഡ്വക്കേറ്റ് ജനറലിന്റെയും ലാന്റ് റവന്യൂ കമ്മീഷണറുടെയും റിപ്പോർട്ട് ആരാഞ്ഞിരിക്കുകയാണ്.

(സി) വർഷാരംഭത്തിൽ കേരളത്തിൽ 723 ക്വാറികൾക്ക് ഖനനാനുമതി ഉണ്ടായിരുന്നതാണ്. 2018-ലെ പ്രളയംമൂലം ഖനനം നിർത്തിയ വയനാട് ജില്ലയിലും കരിങ്കൽ ക്വാറികളില്ലാത്ത ആലപ്പുഴ ജില്ലയിലും താരതമ്യേന ക്വാറികൾ കുറവായ കൊല്ലം ജില്ലയിലുമാണ് കരിങ്കല്ലിന് ക്ഷാമം നേരിട്ടുകൊണ്ടിരുന്നത്. എന്നാൽ, ഈ വർഷമുണ്ടായ പ്രളയം, ഉരുൾപൊട്ടൽ എന്നിവമൂലം കേരളത്തിൽ നിരവധി ക്വാറികളുടെ പ്രവർത്തനം നിർത്തിവയ്പിച്ചിരിക്കുകയാണ്. വന്യജീവി സങ്കേതം, ദേശീയോദ്യാനം എന്നിവയുടെ 10 കിലോമീറ്റർ പരിധിക്കുള്ളിൽ ഖനനം നടത്തുന്നതിന് നാഷണൽ ബോർഡ് ഫോർ വൈൽഡ് ലൈഫിൽ നിന്നുള്ള നിരാക്ഷേപപത്രം (NOC) ആവശ്യമാണെന്ന ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ ടി ദൂരപരിധിയിലുള്ള ഏകദേശം 150 കരിങ്കൽ ക്വാറികളുടെ പ്രവർത്തനം നിർത്തിവയ്ക്കേണ്ട സാഹചര്യവും വന്നു ചേർന്നിരിക്കുകയാണ്. എന്നിരുന്നാലും കരിങ്കല്ലിന്റെ ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി 1-1-2019 മുതൽ നാളിതുവരെ 223 കരിങ്കൽ ക്വാറികൾക്ക് ഖനനാനുമതി നൽകിയിട്ടുണ്ട്.

## നികുതിവരുമാനം ഉയർത്തുന്നതിനുള്ള നടപടി

10 (*189) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ വർഷവും സർക്കാരിന്റെ വരുമാനം കുറയുന്നതും ചെലവ് വർദ്ധിക്കുന്നതുമായ സ്ഥിതിവിശേഷം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) അനാവശ്യവും ധൂർത്ത് നിറഞ്ഞതുമായ ചെലവുകൾ നിയന്ത്രിക്കുന്നതിന് സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ തലത്തിലുള്ള ചെലവുകളാണ് നിയന്ത്രിച്ചത്; വിശദമാക്കാമോ;

(സി) നികുതിവരുമാനം ഉയർത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും അത് ഫലപ്രദമാണോയെന്നും അറിയിക്കാമോ;

(ഡി) നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിലൂടെ നികുതി പിരിവിൽ 2017-18-നെ അപേക്ഷിച്ച് 2018-19-ൽ ഉണ്ടായ വർദ്ധനവ് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തിന്റെ വരുമാനവും ചെലവും വർദ്ധിക്കുകയാണ് ചെയ്യുന്നത്. എന്നാൽ ചെലവ് വർദ്ധിക്കുന്നത് അനുസരിച്ച് വരുമാനം വർദ്ധിക്കാത്തതുകാരണം സംസ്ഥാനത്തിന്റെ ധനക്കമ്മി വർദ്ധിച്ചുവരുന്ന സാഹചര്യം നിലവിലുണ്ട്. ഇത് ഗൗരവമായ വിഷയമാണ്. സംസ്ഥാന വരുമാനത്തിന്റെ മുഖ്യ സ്രോതസ്സ് വില്പന നികുതിയും മൂല്യവർദ്ധിത നികുതിയുമായിരുന്നു. എന്നാൽ ചരക്ക് സേവന നികുതി സംവിധാനം നിലവിൽ വന്നതോടുകൂടി നികുതി സമാഹരണത്തിന്മേൽ ഇടപെടാനുള്ള സംസ്ഥാനത്തിന്റെ അധികാരപരിധി പരിമിതമാക്കപ്പെട്ടു. ഈ സാഹചര്യത്തിൽ അനാവശ്യചെലവുകൾ കുറച്ചും നികുതി പിരിവ് കാര്യക്ഷമമാക്കിയും സംസ്ഥാനത്തിന്റെ ധനസ്ഥിതി സന്തുലിതമാക്കുന്നതിന് കാര്യക്ഷമമായ ഇടപെടലുകൾ സർക്കാർ നടത്തിവരുന്നു.

(ബി) അനാവശ്യ ചെലവുകൾ നിയന്ത്രിക്കുന്നതിന് എല്ലാ വകുപ്പ് തലവന്മാർക്കും വ്യക്തമായ നിർദ്ദേശങ്ങൾ സർക്കാർ നൽകിയിട്ടുണ്ട്. ആവശ്യമായ വർക്ക് സ്റ്റഡിക്കുശേഷം മാത്രമേ പുതിയ തസ്തികകൾ സൃഷ്ടിക്കാവൂ. വകുപ്പിനുള്ളിൽ പുനർവിന്യാസംകൊണ്ട് ആവശ്യങ്ങൾ പരിഹരിക്കുവാൻ കഴിയുമെങ്കിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് ഒഴിവാക്കേണ്ടതാണ്; വകുപ്പുകളിൽ പുതുതായി വാഹനം വാങ്ങിക്കുന്നതിനുപകരം അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് 3-5 വർഷ കാലയളവിലേക്ക് പുതിയ വാഹനം വാടകയ്ക്ക് എടുക്കേണ്ടതാണ്. പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കാൻ പാടില്ല; ജീവനക്കാർ വിമാനയാത്രകൾ പരമാവധി കുറയ്ക്കണം. വീഡിയോ കോൺഫറൻസിംഗ് ഉപയോഗപ്പെടുത്താനുതകുന്ന സാഹചര്യങ്ങളിൽ പരമാവധി അതിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തണം; മൊബൈൽ ഫോൺ ചാർജ്ജ് നിരക്കുകളിൽ വൻ കുറവ് വന്നിട്ടുള്ള സാഹചര്യത്തിൽ സർക്കാർ ചെലവിൽ ടെലഫോൺ ഉപയോഗിക്കുന്ന മുഴുവൻ ജീവനക്കാരും നിലവിൽ കണക്ഷൻ ഉള്ളവരും പുതുതായി കണക്ഷൻ അനുവദിക്കപ്പെടുന്നവരും ലാന്റ് ലൈൻ കണക്ഷന് പകരം മൊബൈൽ ഫോൺ ഉപയോഗം വർദ്ധിപ്പിക്കേണ്ടതാണ് എന്നീ നിർദ്ദേശങ്ങളാണ് പ്രധാനമായും നൽകിയത്.

(സി&ഡി) നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. അപ്പീൽ കേസ്സുകളും കോടതി കേസ്സുകളും എത്രയും വേഗം തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

2. അപ്പീൽ കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുവേണ്ടി കൂടുതലായി 4 ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽസ്) പോസ്റ്റും 12 അസിസ്റ്റന്റ് കമ്മീഷണർ (അപ്പീൽസ്) പോസ്റ്റും കൂടുതലായി അനുവദിച്ചു.

3. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ധനകാര്യ വകുപ്പുമന്ത്രിയുടേയും റവന്യൂ വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ കളക്ടർമാരുടെ മീറ്റിംഗ് വിളിച്ച് വേണ്ട നിർദ്ദേശം നൽകി.

4. നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിന് ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽ വരുത്തി.

5. ആംനസ്റ്റി സ്വീകരിച്ചവർക്ക് കുടിശ്ശികകൾ തവണ വ്യവസ്ഥയിൽ 2020 മാർച്ച് 31 വരെ അടയ്ക്കുവാൻ സാവകാശം നൽകിയിട്ടുണ്ട്.

ചരക്ക് സേവന നികുതി സംവിധാനത്തിൽ നിലവിലുള്ള ന്യൂനതകൾ പരിഹരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാനത്തിന്റേതായിട്ടുള്ള ക്രിയാത്മകമായ പല നിർദ്ദേശങ്ങളും ചരക്ക് സേവന നികുതി സമിതിയിൽ അവതരിപ്പിച്ചിട്ടുണ്ട്. ഇ-വേ ബിൽ സംവിധാനം ഏർപ്പെടുത്തുന്നതോടുകൂടി അന്തർ സംസ്ഥാന വ്യാപാരത്തിന്മേലുള്ള നികുതി ചോർച്ച തടയാനാകുമെന്നും അതിലൂടെ ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ കൂടുതൽ വരുമാനം ലഭ്യമാകുമെന്നും പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തിന്റെ അധികാരപരിധിയിൽ വരുന്ന നികുതി, നികുതിയേതര സ്രോതസ്സുകളിൽ നിന്നുമുള്ള ധനസമാഹരണം മെച്ചപ്പെടുത്തുന്നതിന് അതത് വകുപ്പുകൾ മുഖേന പ്രത്യേക വിഭവസമാഹരണ യജ്ഞങ്ങൾ നടത്തിവരുന്നു. അതിന്റെ ഭാഗമായി റവന്യൂ റിക്കവറിയുടെ വേഗത വർദ്ധിപ്പിക്കുക, അഴിമതി നിർമ്മാർജ്ജനം ചെയ്യുക, ഇന്റേണൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുക, വകുപ്പുകളുടെ സാങ്കേതിക നവീകരണം നടപ്പിലാക്കുക, നികുതി നിയമങ്ങളെക്കുറിച്ചുള്ള ഉപഭോക്തൃ അവബോധം വർദ്ധിപ്പിക്കുക, വ്യാപാരി സൗഹൃദ സമീപനം നടപ്പിലാക്കുക എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു. ഇത്തരം നടപടികൾക്ക് പുറമേ നികുതിപിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുതലവന്മാരുമായി നിരന്തരം ഇടപെടലുകൾ സർക്കാർ നടത്തിവരുന്നു. ഇതിലേക്കായി വേണ്ടിവരുന്ന സോഫ്റ്റ്‌വെയർ നവീകരണങ്ങളിലും മറ്റും കാര്യമായ പുരോഗതി ഇതിനോടകംതന്നെ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. നികുതിപിരിവിൽ 2017-18-നെ അപേക്ഷിച്ച് 2018-19-ലുണ്ടായ വർദ്ധനവിന്റെ കണക്കുകൾ അനുബന്ധമായി* ചേർക്കുന്നു.

**കായികരംഗത്ത് ഉണർവേകാൻ പദ്ധതികൾ**

11 (*190) ശ്രീമതി യു. പ്രതിഭ:
ശ്രീ. രാജു എബ്രഹാം:
ശ്രീ. കെ. ആൻസലൻ:
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികരംഗത്തിന് ഉണർവേകുകയെന്ന ലക്ഷ്യത്തോടെ ഈ സർക്കാർ നടത്തിവരുന്ന കായികക്ഷേമ പ്രവർത്തനങ്ങളെയും പശ്ചാത്തല സൗകര്യ വികസനത്തിനായി നടപ്പാക്കി വരുന്ന പദ്ധതികളെയും കുറിച്ച് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സ്കൂൾ കായികമേളയിൽ വിദ്യാർത്ഥി ഹാമർ തലയിൽ പതിച്ച് മരിക്കാനിടയായ ദാരുണ സംഭവത്തിന്റെ പശ്ചാത്തലത്തിൽ കായികമത്സരങ്ങൾ പൂർണ്ണമായും അപകടരഹിതമാക്കുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനും അവ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനും നടപടിയെടുക്കുമോ;

(സി) കായിക രംഗത്ത് പൊതുവെ ജനാധിപത്യ രീതികൾ അന്യമായത് പരിഹരിക്കാനും കായിക ഭരണ സ്ഥാപനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) കായികരംഗത്തിന് ഉണർവേകുകയെന്ന ലക്ഷ്യത്തോടെ ഈ സർക്കാർ നടത്തിവരുന്ന വിവിധ പദ്ധതികൾ

ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)

നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ കിക്കോഫ് എന്ന ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ 20 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 8 സ്കൂളുകളിൽ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ട്.

പ്ലേ ഫോർ ഹെൽത്ത്

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായികരംഗത്തേക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്.

സ്പ്ലാഷ് & എയ്സ്

സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന സ്പ്ലാഷ് പദ്ധതി, ടെന്നീസ് കളിയിൽ തൽപ്പരരായ 4 മുതൽ 9 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്ന ഗ്രാസ് റൂട്ട് ലെവൽ ടെന്നീസ് പരിശീലന പരിപാടി (ACE) എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

കളിത്തട്ട്

കേരളത്തിന്റെ തനത് കായിക വിനോദങ്ങൾ നിലനിർത്തുന്നതിനും പുതിയ തലമുറയ്ക്ക് കൈമാറി അത് കൂടുതൽ പ്രചരിപ്പിക്കുന്നതിനും വേണ്ടി കായിക യുവജനകാര്യാലയവും യുവജനക്ഷേമബോർഡും സഹകരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് കളിത്തട്ട്. ബ്ലോക്ക്/ജില്ലാ/സംസ്ഥാനതല മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും എല്ലാ ജില്ലകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുമായി 1.42 കോടി രൂപ 2018-19 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

ട്രിവാൻഡ്രം മാരത്തോൺ

കായിക കേരളത്തിലെ ഒരു സുപ്രധാന കായിക ഇനമായി മാറുന്ന തരത്തിൽ വിപുലമായ ക്രമീകരണങ്ങളോടെ കായികയുവജനകാര്യ വകുപ്പ് തുടക്കം കുറിച്ച പദ്ധതിയാണ് സ്പോർട്സ് കേരള മാരത്തോൺ. ഇതിനോടകം അന്തർദ്ദേശീയ കായിക കലണ്ടറിൽ ഇടം നേടിയ ഈ കായിക ഇനത്തിന്റെ ആദ്യ പതിപ്പിൽ ദേശീയ, അന്തർദ്ദേശീയ കായികതാരങ്ങൾ ഉൾപ്പെടെ പങ്കെടുത്തു. പ്രസ്തുത പരിപാടി എല്ലാ വർഷവും നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ഇന്റർനാഷണൽ സ്പോർട്സ് എക്സ്പോ

കായിക മേഖലയിൽ ഉപയോഗിക്കുന്ന വിവിധയിനം ലോകോത്തര ഉപകരണങ്ങൾ, ജേഴ്സികൾ, സ്പോർട്സ് ന്യൂട്രീഷ്യൻ ഉൽപ്പന്നങ്ങൾ തുടങ്ങിയവയെ കേരള കായിക താരങ്ങൾക്കും കായിക പ്രേമികൾക്കും പരിചയപ്പെടുത്തുന്നതിനായി " ഇന്റർനാഷണൽ സ്പോർട്സ് എക്സ്പോ കേരള 2018" നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ഷൂട്ടിംഗ് അക്കാഡമി

35-ാമത് ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഷൂട്ടിംഗിൽ 10 മീറ്റർ, 25 മീറ്റർ, 50 മീറ്റർ ഇനങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനുള്ള ഷൂട്ടിംഗ് അക്കാഡമി ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള ഷൂട്ടിംഗ് താരങ്ങൾക്ക് പരിശീലനത്തിനും ദേശീയ അന്തർദ്ദേശീയ മത്സരങ്ങൾ നടത്തുന്നതിനും ഈ ഷൂട്ടിംഗ് റേഞ്ചിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്.

സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ

ജീവിതശൈലീ രോഗങ്ങളിൽ നിന്നും മുക്തി നേടി ആരോഗ്യകരമായ ഒരു ജീവിതം നയിക്കുന്നതിന് ജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, യുവജനങ്ങൾ, മുതിർന്ന പൗരന്മാർ തുടങ്ങിയ എല്ലാ ജനവിഭാഗങ്ങൾക്കും പ്രയോജനപ്പെടുന്ന രീതിയിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. സ്പോർട്സ് ആന്റ് ഹെൽത്ത് പാർക്കുകളിലൂടെ ജനങ്ങളിൽ കായിക അവബോധം സൃഷ്ടിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കായിക-ആരോഗ്യ സംബന്ധമായ ഉപകരണങ്ങൾ സ്ഥാപിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

സ്മൈൽ പദ്ധതി

സ്മൈൽ പദ്ധതി പ്രകാരം 8 സ്ഥലങ്ങളിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

സ്പ്രിന്റ്-ഗ്രാസ്റൂട്ട് അത്‌ലറ്റിക് ട്രെയിനിംഗ് പ്രോഗ്രാം

ലോക നിലവാരത്തിലുള്ള അത്‌ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര തലത്തിലെ കേരളത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി ഗ്രാസ്റൂട്ട് പരിശീലനം നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യഘട്ടമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്.

ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി

2020, 2024 വർഷങ്ങളിലെ ഒളിമ്പിക്സിൽ കേരള കായികതാരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്‌ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ" .

ടി കായികയിനങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിൽ മെഡൽ കരസ്ഥമാക്കിയ കായിക ഇനങ്ങളായ റോവിംഗ്, ഫെൻസിംഗ്, അത്‌ലറ്റിക്സ് എന്നീ കായികയിനങ്ങൾ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലും ബാക്കിയുള്ള കായികയിനങ്ങളായ റസ്‌ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ ഫീഡിംഗ് സെന്ററായി (CSH മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്.

<u>എലൈറ്റ് സ്കീം</u>

മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളിബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുകീഴിൽ പ്രവർത്തിക്കുന്നുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 54 കോളേജ് സ്പോർട്സ് അക്കാഡമികൾ, 2 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, 13 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ഈ സെന്ററുകളിലൂടെ മികച്ച കായിക പരിശീലനം നൽകിവരുന്നു. കൂടാതെ പ്രതിമാസ അലവൻസ്, സ്പോർട്സ് കിറ്റ്, കായിക ഉപകരണങ്ങൾ, ചികിത്സാ ധനസഹായം എന്നിവ അനുവദിക്കുന്നുണ്ട്.

കൂടാതെ ദേശീയ അന്തർദ്ദേശീയ മത്സരങ്ങളിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്ത് വിജയിക്കുന്ന കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിവരുന്നുണ്ട്.

സംസ്ഥാനത്തെ മികച്ച കായിക താരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന നൂതന പദ്ധതിയാണ് ഡോ. എ.പി.ജെ. അബ്ദുൽ കലാം സ്കോളർഷിപ്പ്. ടി പദ്ധതിയിലൂടെ 14 മുതൽ 19 വയസ്സുവരെ പ്രായപരിധിയിലുള്ള 11 കായിക താരങ്ങളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

അവശത അനുഭവിക്കുന്ന മുൻകാല കായിക താരങ്ങൾക്ക് പെൻഷൻ/ഫാമിലി പെൻഷൻ നൽകുന്നുണ്ട്.

കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ബഡ്ജറ്റിലെ വിവിധ ശീർഷകങ്ങളിലായി ഉദ്ദേശം 27.17 കോടി രൂപ ആസ്തി വികസന പ്രവർത്തനങ്ങൾക്ക് വകയിരുത്തിയിട്ടുണ്ട്. കായിക വകുപ്പ് പ്രസ്തുത അടിസ്ഥാന സൗകര്യ വികസനത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിനുപുറമേ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 14 ജില്ലാ സ്റ്റേഡിയങ്ങളും 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ 57 പദ്ധതികളാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതികളിൽ 4 ജില്ലാ സ്റ്റേഡിയങ്ങളും 23 സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെ കിഫ്ബി മുഖേന 820

കോടി രൂപയുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലുമാണ്. വിശദാംശം അനുബന്ധമായി * ഉൾക്കൊള്ളിച്ചിട്ടുണ്ട്.

കൂടാതെ സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കായിക യുവജനകാര്യ വകുപ്പിന് കൈമാറി ലഭിച്ചിട്ടുള്ള ജി.വി. രാജാ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, ഗവ. ജി.വി.എച്ച്.എസ്.എസ്. (സ്പോർട്സ്), കണ്ണൂർ എന്നിവിടങ്ങളിൽ കായിക അടിസ്ഥാന സൗകര്യ വികസനത്തിനായി നടത്തിവരുന്ന വിവിധ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) 2019 ഒക്ടോബർ 4-ന് പാലാ മുനിസിപ്പൽ സ്റ്റേഡിയത്തിൽ വച്ച് നടന്ന 63-ാമത് സംസ്ഥാന ജൂനിയർ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിനിടെ ഹാമർ തലയിൽ വീണ് വിദ്യാർത്ഥിയായ അഭീൽ ജോൺസൺ മരണപ്പെട്ട അതിദാരുണമായ സംഭവത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ ഉത്തരവിൻ പ്രകാരം അന്വേഷണ കമ്മീഷനെ നിയോഗിച്ച് അന്വേഷണം നടത്തുകയും ടി കമ്മിറ്റി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടത്തപ്പെടുന്ന കായികമേളകളിൽ ഇനിയും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിന് സർക്കാർ കർശന നിർദ്ദേശം നൽകിയതിന്റെ ഭാഗമായി സ്കൂൾ മീറ്റിന് ജില്ലാതല മത്സരങ്ങൾ മുതലുള്ളവയ്ക്ക് കായിക യുവജന കാര്യാലയത്തിലേയോ സംസ്ഥാന സ്പോർട്സ് കൗൺസിലിലേയോ സീനിയർ കോച്ചിനെ നിർദ്ദേശങ്ങൾ നൽകുന്നതിനായി നിയോഗിക്കുന്നതിനും കൂടാതെ ഈ വർഷത്തെ സംസ്ഥാന സ്കൂൾ കായികോത്സവത്തിന്റെ ഉപജില്ല, ജില്ല, സംസ്ഥാന മത്സരങ്ങൾ നടത്തുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും ത്രോ ഇനങ്ങൾ ഒരു സമയത്ത് ഒരു ഐറ്റം മാത്രമേ നടത്താവൂ എന്നതിനെക്കുറിച്ചും വിശദമായ സർക്കുലർ എല്ലാ വിദ്യാഭ്യാസ ഓഫീസർക്കും നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് വരുംകാലങ്ങളിൽ നടക്കാനിരിക്കുന്ന കായികമേളകളിൽ ഇത്തരം ദാരുണമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള കർശന നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

(സി) കായിക രംഗത്ത് പൊതുവേ ജനാധിപത്യ രീതികൾ അന്യമായത് പരിഹരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സ്പോർട്സ് കൗൺസിലും ജില്ലാ സ്പോർട്സ് കൗൺസിലും സ്പോർട്സ് ആക്ട് ഭേദഗതി അനുസരിച്ച്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജനാധിപത്യ രീതിയിൽ രൂപീകരിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ ജനാധിപത്യ രീതിയിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കായിക ഭരണ സ്ഥാപനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ കായിക വളർച്ചയ്ക്കായി ഒരു കായിക സമുച്ചയം തലസ്ഥാന ജില്ലയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കായിക യുവജനകാര്യ ഡയറക്ടറേറ്റ്, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, കായിക മേഖലയുമായി ബന്ധപ്പെട്ട വിവിധ അസോസിയേഷനുകൾ എന്നിവ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുവാനും ഏകോപിപ്പിക്കുവാനുമാണ് ഉദ്ദേശിക്കുന്നത്. ഇവിടെ കോൺഫറൻസ് ഹാൾ, ലൈബ്രറി, ആധുനിക രീതിയിലുള്ള ജിംനേഷ്യം എന്നിവയും നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽപ്പെട്ട വാൻറോസ് ജംഗ്ഷനിൽ വാൻറോസ് പുന്നൻറോഡിനും കോർപ്പറേഷൻ റോഡിനും സമീപം സർക്കാർ ഉടമസ്ഥതയിലുള്ള 29.552 സെന്റ് സ്ഥലത്താണ് പ്രസ്തുത കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്.

## ചെന്നൈ-ബംഗളൂരു വ്യവസായ ഇടനാഴി കൊച്ചിയിലേക്ക് നീട്ടാൻ നടപടി

12 (*191) ഡോ. എം. കെ. മുനീർ:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെന്നൈ-ബംഗളൂരു വ്യവസായ ഇടനാഴി കൊച്ചിയിലേയ്ക്ക് നീട്ടുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) വ്യവസായ ഇടനാഴിയുടെ ഭാഗമായ നിർമ്മാണ ക്ലസ്റ്ററിന്റെ പ്രവർത്തനത്തിന്, ദേശീയ വ്യവസായ ഇടനാഴി നിർവ്വഹണ ട്രസ്റ്റിന്റെ നിബന്ധനകൾ പാലിക്കുന്നതിൽ സംസ്ഥാന സർക്കാരിന് എന്തെങ്കിലും ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടോ;

(സി) എങ്കിൽ ഇത് എങ്ങനെ മറികടക്കാൻ കഴിയുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ-സി) പരിസ്ഥിതി സൗഹാർദ്ദപരമായ വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് സംസ്ഥാനത്ത് നിക്ഷേപവും തൊഴിലവസരവും സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ എറണാകുളം-കോയമ്പത്തൂർ ദേശീയ പാതയിൽ ഉൾപ്പെടുന്ന ജില്ലകളിലെ അനുയോജ്യമായ ഭൂമി കണ്ടെത്തി കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി സ്ഥാപിക്കുന്നതിന് കേന്ദ്ര അനുമതി ലഭ്യമായതോടെ ഇക്കാര്യത്തിലുള്ള തുടർ നടപടികൾക്കുള്ള പാത തുറന്നിരിക്കുകയാണ്. ഇതിനായി പാലക്കാട് ജില്ലയിൽ ഏകീകൃത നിർമ്മാണ ക്ലസ്റ്ററുകൾക്കായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടിയും എറണാകുളം ജില്ലയിൽ സ്ഥലം കണ്ടെത്തുന്ന നടപടിയും പുരോഗമിച്ചുവരുന്നു. കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി പദ്ധതിയുടെ നിർവ്വഹണത്തിന് ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിക്കുന്നതിനായി കേന്ദ്ര ഏജൻസിയായ ദേശീയ വ്യവസായ ഇടനാഴി നിർവ്വഹണ ട്രസ്റ്റുമായി ഒപ്പുവയ്ക്കേണ്ടതായ ഷെയർ ഹോൾഡേഴ്സ് എഗ്രിമെന്റിന്റെയും (SHA) സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റിന്റെയും (SSA) കരട് സൂക്ഷ്മപരിശോധന നടത്തിവരികയാണ്.

## കായികമേളകൾ കുറ്റമറ്റരീതിയിൽ നടത്താൻ നടപടി

13 (*192) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജൂനിയർ അത്‌ലറ്റിക് മീറ്റിനിടെ ഹാമർ തലയിൽ പതിച്ച് മരണത്തിന് കീഴടങ്ങേണ്ടിവന്ന അഫീൽ ജോൺസൺ എന്ന കായികതാരത്തിനുണ്ടായ ദുരന്തത്തിന് ഇടയാക്കിയ സുരക്ഷാ വീഴ്ചകളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) കായിക മേളകൾ സംഘടിപ്പിക്കുന്നതിന് മതിയായ സൗകര്യമൊരുക്കാത്തതും സംഘാടനത്തിലെ പാളിച്ചകളുമാണ് ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നതിന് ഇടയാക്കിയതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കുറ്റമറ്റ രീതിയിൽ ഇത്തരം മേളകൾ സംഘടിപ്പിക്കുന്നതിന് എന്തെല്ലാം മാറ്റങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) ഉണ്ട്. 5-10-2019-ലെ സ.ഉ.(സാധാ) നമ്പർ 197/2019/കാ.യു.വ. പ്രകാരം ചുവടെ സൂചിപ്പിക്കുന്ന അംഗങ്ങൾ അടങ്ങുന്ന കമ്മിറ്റി രൂപീകരിച്ച് അന്വേഷണം നടത്തുകയും ടി കമ്മിറ്റി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

1) ഡോ. കെ. കെ. വേണു, ഡയറക്ടർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (റിട്ട.), യൂണിവേഴ്സിറ്റി ഓഫ് കേരള (Now working as advisor in PE, APJ Abdul Kalam Technological University, Trivandrum)

2) ശ്രീ. എ. പി. സത്യാനന്ദൻ, സായ് അത്‌ലറ്റിക്സ് കോച്ച് (റിട്ട.)

3) ശ്രീ. വി. ഡിജു, ഒളിമ്പ്യൻ ബാഡ്മിന്റൺ പ്ലേയർ (അർജ്ജുന അവാർഡ്), മാനേജർ, ഒ.എൻ.ജി.സി. ചെന്നൈ

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ ചുവടെ പറയുന്ന അപാകതകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്:

1) ദേശീയ തലത്തിൽ 5 ദിവസമായി നടത്തുന്ന ഏജ് ഗ്രൂപ്പ് അത്‌ലറ്റിക്സ് മത്സരങ്ങൾ സംസ്ഥാനതലത്തിൽ 3 ദിവസമായി നടത്തേണ്ടി വന്നതിനാൽ രണ്ട് ദീർഘദൂര ത്രോ ഇനങ്ങൾ ഒരേ ദിശയിൽ നിന്നും നടത്തിയത് അപകടത്തിന് വഴി തെളിച്ചു.

2) 18 വയസ്സിനു താഴെയുള്ള ആൺകുട്ടികളുടെ ജാവലിൻ ത്രോ 10.30 AM-ന് തുടങ്ങുകയും 11.30 AM-ന് നടത്തേണ്ട 18 വയസ്സിന് താഴെയുള്ള പെൺകുട്ടികളുടെ ഹാമർ ത്രോ തുടങ്ങേണ്ട സമയത്ത് ജാവലിൻ മത്സരങ്ങൾ പൂർത്തിയാകാതെ വന്നപ്പോൾ ഹാമർ ത്രോ മത്സരങ്ങൾ കൂടെ നടത്താൻവേണ്ടി ചെയ്ത ക്രമീകരണങ്ങളിലുണ്ടായ പാളിച്ചയാണ് അപകടത്തിലേക്ക് നയിച്ചത്.

3) രണ്ട് ത്രോ മത്സരങ്ങളും ഒരേ സമയം നടത്തേണ്ടി വന്നപ്പോൾ ഒരു ത്രോ ഇനം കഴിഞ്ഞ് അളന്ന് തിട്ടപ്പെടുത്തി ഉപകരണം തിരിച്ചുകൊണ്ടുവന്ന ശേഷം അടുത്ത ത്രോ ഇനം തുടങ്ങണമെന്ന ധാരണയിലായിരുന്നു മത്സരങ്ങൾ നടന്നത്. എന്നാൽ ഇത് നിയന്ത്രിക്കുന്നതിനുവേണ്ടി ഒരു പ്രത്യേക ഒഫീഷ്യലിനെ നിയോഗിച്ചിരുന്നില്ല എന്നത് മത്സരം നടത്തിപ്പിലെ പ്രധാന പോരായ്മയായി കാണേണ്ടിയിരിക്കുന്നു. ആയതിനാൽ രണ്ട് ത്രോ ഇനങ്ങളും ഏകദേശം അടുത്തടുത്ത സമയത്ത് നടന്നത് അപകടകാരണമായി.

രണ്ട് ത്രോ മത്സരങ്ങളും നടത്തുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്വം റഫറി, ത്രോസ്, ചീഫ് ജഡ്ജ് ഹാമർ ത്രോ, ചീഫ് ജഡ്ജ് ജാവലിൻ ത്രോ എന്നിവരിൽ നിക്ഷിപ്തമാണ്.

(സി) സംസ്ഥാനത്ത് നടത്തപ്പെടുന്ന കായികമേളകളിൽ ഇനിയും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിന് സർക്കാർ കർശന നിർദ്ദേശം നൽകിയതിന്റെ ഭാഗമായി സ്കൂൾ മീറ്റിന് ജില്ലാതല മത്സരങ്ങൾ മുതലുള്ളവയ്ക്ക് കായിക യുവജന കാര്യാലയത്തിലെയോ സംസ്ഥാന സ്പോർട്സ് കൗൺസിലിലേയോ ഒരു സീനിയർ കോച്ചിനെ നിർദ്ദേശങ്ങൾ നൽകുന്നതിനായി നിയോഗിക്കുന്നതിനും കൂടാതെ ഈ വർഷത്തെ സംസ്ഥാന സ്കൂൾ കായികോത്സവത്തിന്റെ ഉപജില്ല, ജില്ലാ, സംസ്ഥാന മത്സരങ്ങൾ നടത്തുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും ത്രോ ഇനങ്ങൾ ഒരു സമയത്ത് ഒരു ഐറ്റം മാത്രമേ നടത്താവൂ എന്നതിനെക്കുറിച്ചും വിശദമായ സർക്കുലർ എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് വരുംകാലങ്ങളിൽ നടക്കാനിരിക്കുന്ന കായികമേളകളിൽ ഇത്തരം ദാരുണമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള കർശന നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

## വൈദ്യുത വിതരണ-പ്രസരണരംഗം ലോകോത്തരമാക്കാൻ പദ്ധതി

14 (*193) <u>ശ്രീ. മുരളി പെരുനെല്ലി:</u>
<u>ശ്രീ. എസ്. രാജേന്ദ്രൻ:</u>
<u>ശ്രീ. കെ. കുഞ്ഞിരാമൻ:</u>
<u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത രണ്ടുവർഷത്തിനിടയിൽ വൈദ്യുത മേഖലയിൽ 15,500 കോടി രൂപ മുടക്കിൽ പാരമ്പര്യ-പാരമ്പര്യേതര സ്രോതസ്സുകളിൽനിന്നുള്ള ഉല്പാദനവർദ്ധനവിനും വിതരണ-പ്രസരണരംഗം ലോകോത്തരമാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള ബൃഹത് പദ്ധതിയുടെ രൂപരേഖ അറിയിക്കാമോ;

(ബി) പദ്ധതിയുടെ ഭാഗമായി ദ്യുതി 2021 വിതരണ നഷ്ടം കുറയ്ക്കുന്നതും സുരക്ഷയ്ക്ക് പ്രാധാന്യം നൽകുന്നതുമായ തരത്തിലാണോ ആവിഷ്കരിച്ചിട്ടുള്ളത്;

(സി) പുരപ്പുറത്തുനിന്നുൾപ്പെടെ സൗരോർജ്ജ ഉല്പാദനത്തിന് നൽകി വരുന്ന പ്രാധാന്യം വിശദമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) കേരളത്തിലെ വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് കേരള സർക്കാർ പ്രഖ്യാപിച്ച 'ഊർജ്ജ കേരള മിഷൻ' പദ്ധതിയുടെ ഭാഗമായി വൈദ്യുതി വിതരണ മേഖല ലോകോത്തരമാക്കുന്നതിന് 'ദ്യുതി 2021' എന്ന പേരിൽ ബൃഹത്തായ വിതരണ ശൃംഖല നവീകരണ പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 'ദ്യുതി' പദ്ധതി നടപ്പാക്കുന്നതിലൂടെ നഗര, ഗ്രാമ വ്യത്യാസം ഇല്ലാതെ കഴിവതും എല്ലായിടത്തും കുറഞ്ഞത് രണ്ട് സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി എത്തിക്കാൻ കഴിയുന്നവിധം വൈദ്യുതി റിംഗ് മെയിൻ സംവിധാനം രൂപപ്പെടുത്തുകയും അങ്ങനെ മുഴുവൻ സമയവും വൈദ്യുതി ലഭ്യത ഉറപ്പാക്കി ആഗോളതലത്തിലെ മികച്ച വൈദ്യുതി വിതരണ വിശ്വാസ്യത ആർജ്ജിക്കുന്നതിനുമാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്. 2021-ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി വിതരണ ശൃംഖലയുടെ ശക്തിപ്പെടുത്തലും ആധുനികവത്കരണവും വിഭാവന ചെയ്തുകൊണ്ടുള്ള പ്രവൃത്തികളാണ് ദ്യുതി 2021-ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതിയിൽ വിതരണ മേഖലയിൽ 4036.30 കോടി രൂപയുടെ പ്രവൃത്തികളാണ് 2018 മുതൽ 2021 വരെയുള്ള നാല് വർഷകാലയളവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 'ദ്യുതി 2021' പദ്ധതിയിൽ ആസൂത്രണം ചെയ്തിരിക്കുന്ന പ്രവൃത്തികൾ ഇലക്ട്രിക്കൽ സർക്കിൾ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്തെ പ്രസരണ മേഖല ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പ്രസരണ ശൃംഖലാ വികസന പദ്ധതിയാണ് 'ട്രാൻസ്ഗ്രിഡ് 2.0'. ഈ പദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ ചുവടെ കുറിക്കുന്നു.

ആഭ്യന്തര ഉത്പാദനം വഴിയും പുറമെ നിന്നുള്ള ഇറക്കുമതിയിലൂടെയും ലഭ്യമാകുന്ന വൈദ്യുതി പ്രസരണ നഷ്ടം കുറച്ച് കാര്യക്ഷമവും തടസ്സരഹിതവുമായി ആവശ്യമായ വോൾട്ടേജ് നിലവാരത്തിൽ തന്നെ സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ എത്തിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള

പ്രസരണ ശൃംഖലാ വികസന പദ്ധതിയാണിത്. ഏകദേശം 10,000 കോടി രൂപ ചെലവ് കണക്കാക്കിയിട്ടുള്ള പ്രവൃത്തികളാണ് വിവിധ ഘട്ടങ്ങളിലായി നടപ്പാക്കുന്ന ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ഒന്നും രണ്ടും ഘട്ടങ്ങളിലായി നടപ്പാക്കുന്ന 6375 കോടി രൂപയുടെ പദ്ധതികൾക്കാവശ്യമായ സാമ്പത്തിക സഹായം കേരള സർക്കാരിന്റെ അടിസ്ഥാന സൗകര്യ വികസന നിധിയായ കിഫ്ബിയിൽ നിന്നുമാണ് ലഭ്യമാക്കുന്നത്. ഇതിൽ 5200 കോടി രൂപ മുതൽമുടക്കുള്ള പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ PSDF-ൽ നിന്നും ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ ഭാഗമായ രണ്ട് പ്രവൃത്തികൾക്ക് 400 കോടി രൂപയുടെ സഹായവും നേടിയെടുക്കാനായിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ പ്രത്യേക താൽപ്പര്യത്തിൽ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്ത തിരുനെൽവേലി-മാടക്കത്തറ 400 കെ.വി. പ്രസരണ ഇടനാഴിയുടെയും നിർമ്മാണം പുരോഗമിക്കുന്ന പുഗലൂർ-മാടക്കത്തറ HVDC ലൈനിന്റെയും പൂർണ്ണമായ പ്രയോജനം ലഭ്യമാകുന്നതിന് ട്രാൻസ്ഗ്രിഡ് പദ്ധതികളുടെ വേഗത്തിലുള്ള പൂർത്തീകരണം അനിവാര്യമാണ്. ആദ്യ രണ്ട് ഘട്ടങ്ങളിലായി മൂന്ന് 400 കെ.വി. സബ് സ്റ്റേഷന്റെയും ഇരുപത്തിമൂന്ന് 220 കെ.വി. സബ് സ്റ്റേഷനുകളുടെയും നിർമ്മാണമാണ് വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ, വിവിധ വോൾട്ടേജ് 4390 സർക്യൂട്ട് കി.മീ. പ്രസരണ ലൈനുകളുടെ നിർമ്മാണവും ഈ ഘട്ടങ്ങളിൽ പൂർത്തീകരിക്കും. പദ്ധതിയുടെ ഒന്നാംഘട്ടം 2021 മാർച്ചിലും രണ്ടാംഘട്ടം 2024-ലും പൂർത്തിയാകും.

പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പ്രവൃത്തികളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. 2019 സെപ്റ്റംബർ വരെയുള്ള കണക്കനുസരിച്ച് ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ വിവിധ പ്രവൃത്തികൾക്കായി 436.54 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്.

വൈദ്യുത മേഖലയിൽ 31 സൗരോർജ്ജ പദ്ധതികൾ (സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത്, കളക്ടറേറ്റ്, വൈദ്യുതി ബോർഡ് കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി) പുതുതായി ആരംഭിച്ച് നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു.

ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാന സർക്കാരും എൻ.എച്ച്.പി.സി.-യും തമ്മിലുള്ള ഉടമ്പടി പ്രകാരം പാലക്കാട് അഗളിയിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമായി 8 മെഗാവാട്ട് പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള റീടെണ്ടർ നടപടികൾ എൻ.എച്ച്.പി.സി. സ്വീകരിച്ചുവരുന്നു. കൂടാതെ സ്വകാര്യ സംരംഭമായ രാമക്കൽമേട് പ്രൈവറ്റ് ലിമിറ്റഡ് 2 മെഗാവാട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനുപുറമേ സ്വകാര്യ സംരംഭകർ വഴി കാറ്റിൽ നിന്നും കെ.എസ്.ഇ.ബി.എൽ. റിവേഴ്സ് ടെണ്ടർ വിളിച്ച് 200 മെഗാവാട്ട് വരെ വൈദ്യുതി വാങ്ങാനും ലക്ഷ്യമിടുന്നു.

വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടമായി 10 മെഗാവാട്ടിന്റെ നിർമ്മാണം ആരംഭിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ. സ്ഥലം പാട്ടത്തിന് എടുത്ത് എൻ.എച്ച്.പി.സി.-ക്ക് കൈമാറിയിട്ടുണ്ട്.

(ബി) അതെ. ദ്യുതി 2021 പദ്ധതിയിൽ വിതരണ നഷ്ടം കുറയ്ക്കുന്നതിനും സുരക്ഷയ്ക്ക് പ്രാധാന്യം നൽകുന്നതുമായ എച്ച്.റ്റി. ലൈനുകൾ പുതുതായി നിർമ്മിക്കുക, ലോഡ് സെന്ററുകളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, എബിസി, ഭൂഗർഭ കേബിൾ തുടങ്ങിയ കവചിത ചാലകങ്ങൾ, ആർ.എം.യു. എന്നിവ ഉപയോഗിച്ച് വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുക, സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈൻ ആയി കൺവെർഷൻ ചെയ്യുക, ആവശ്യമെങ്കിൽ നിലവിലുള്ള പഴയതും ശേഷി കുറഞ്ഞതുമായ ലൈനുകൾ മാറ്റി പുതിയ ലൈനുകൾ സ്ഥാപിക്കുക (റീ കണ്ടക്റിംഗ് വർക്കുകൾ), പുരയിടങ്ങൾക്ക് കുറുകെ കടന്നുപോകുന്ന ലൈനുകൾ വൈദ്യുതി അപകടങ്ങൾക്ക് കാരണമാകുന്നുവെങ്കിൽ അവ മാറ്റി സ്ഥാപിക്കുക, ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലും ഇടുങ്ങിയ പ്രദേശങ്ങളിലും ഏരിയൽ ബഞ്ച്ഡ് കണ്ടക്ടർ (എബിസി) ഉപയോഗിക്കുക, ട്രാൻസ്ഫോർമറുകൾക്ക് സംരക്ഷണ വേലി സ്ഥാപിക്കുക തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ആഗോളതാപനം ലഘൂകരിക്കുന്നതിനായി ലോകമെമ്പാടും ജൈവ ഇന്ധനത്തിന്റെ ഉപയോഗം കുറച്ച് ഊർജ്ജ സുരക്ഷ ഉറപ്പാക്കുന്നതിന് പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ഉത്പാദനം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ഉത്പാദനം കേരള സർക്കാരിന്റെ നയത്തിന്റെ ഭാഗവുമാണ്. ആയതിനാൽ, വരുന്ന മൂന്ന് വർഷക്കാലത്തിനുള്ളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നേതൃത്വത്തിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരപദ്ധതികളിൽ

നിന്നും ഉത്പാദിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ ഊർജ്ജ കേരള മിഷന്റെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ള സൗര പദ്ധതി വഴിയാണ് ഈ 1000 മെഗാവാട്ട് സൗര നിലയങ്ങൾ സ്ഥാപിക്കാൻ തീരുമാനിച്ചിരിക്കുന്നത്. ഇതിൽ 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽ നിന്നും 500 മെഗാവാട്ട് പാഴ്നിലങ്ങളിലും ജലോപരിതലത്തിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചും 2021-22 ഓടെ ഉത്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

500 മെഗാവാട്ട് പുരപ്പുറ പദ്ധതി ചുവടെ പറയുന്ന മേഖലകളിൽ നിന്നും ഉത്പാദിപ്പിക്കുവാനാണ് വിഭാവനം ചെയ്യുന്നത്.

| | | |
|---|---|---|
| ഗാർഹിക/കാർഷിക ഉപഭോക്താക്കൾ | - | 150 മെഗാവാട്ട് |
| സർക്കാർ കെട്ടിടങ്ങൾ | - | 100 മെഗാവാട്ട് |
| ഗാർഹികേതര/സർക്കാർ ഇതര സ്ഥാപനങ്ങൾ | - | 250 മെഗാവാട്ട് |

2021-ഓടുകൂടി 1000 മെഗാവാട്ട് സൗരോർജ്ജ സ്രോതസ്സുകളിൽ നിന്ന് കൂട്ടിച്ചേർക്കാനുള്ള പദ്ധതിയാണ് സൗര. അനെർട്ടും കെ.എസ്.ഇ.ബി. ലിമിറ്റഡും സംയുക്തമായാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. വൻകിട പദ്ധതികൾക്കായി വേണ്ടിവരാവുന്ന സ്ഥലലഭ്യതയിലെ പരിമിതി മറികടന്നുകൊണ്ടുതന്നെ പുനരുപയോഗ ഊർജ്ജസ്രോതസ്സുകളിൽ നിന്നും പരമാവധി വൈദ്യുതി ഉത്പാദിപ്പിക്കുക എന്നതിനാണ് പദ്ധതി ഊന്നൽ നൽകുന്നത്. പദ്ധതിപ്രകാരം ആകെ വിഭാവന ചെയ്ത 1000 മെഗാവാട്ടിൽ 50 ശതമാനം (500 മെഗാവാട്ട്) വൈദ്യുതിയും പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽ നിന്നാകും കണ്ടെത്തുക.

ഉപഭോക്താക്കൾക്ക് വീട്ടിലിരുന്നുകൊണ്ടുതന്നെ അവർക്കാവശ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വാങ്ങാൻ സാധിക്കുംവിധം അംഗീകൃത സേവനദാതാക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്തിയ ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കി ഇലക്ട്രോണിക് മാർക്കറ്റ് പ്ലേയ്സ് ആയ 'ബൈ മൈ സൺ' (www.buymysun.com) എന്ന ഇ-കൊമേഴ്സ് വെബ് പോർട്ടൽ അനെർട്ട് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി കൺസൾട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ ആയി ആകെ ഒരു മെഗാവാട്ടിന്റെ സോളാർ പവർ പ്ലാന്റ് പദ്ധതി അനെർട്ട് ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.

ബാറ്ററി സംഭരണത്തോടുകൂടിയ ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റും ബാറ്ററി സംഭരണത്തോടുകൂടി അല്ലാതെ ഉപയോഗശേഷമുള്ള സോളാർ വൈദ്യുതി

കെ.എസ്.ഇ.ബി.എൽ. ഗ്രിഡിലേക്ക് നൽകുന്ന ഓൺ ഗ്രിഡ് സോളാർ പ്ലാന്റും സ്ഥാപിക്കുന്നതിനുള്ള പദ്ധതി അനെർട്ട് നടപ്പിലാക്കുന്നുണ്ട്. വ്യക്തികൾക്കും ട്രസ്റ്റ് അല്ലെങ്കിൽ ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്ന ഗ്രിഡ് ബന്ധിത സോളാർ പവർ പ്ലാന്റുകൾക്കും കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന സബ്സിഡി അനെർട്ട് വഴി ഗുണഭോക്താക്കൾക്ക് എത്തിക്കുന്നു.

## സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്ന കേന്ദ്ര നടപടികൾ

15 (*194) ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യം നേരിടുന്ന വളർച്ചാ മുരടിപ്പിനോടൊപ്പം കേന്ദ്ര ബജറ്റിൽ തൊഴിലുറപ്പുപോലെ ജനക്ഷേമ പദ്ധതികൾക്കുള്ള വിഹിതം വെട്ടിക്കുറച്ചതും സംസ്ഥാനത്തിന്റെ വികസന ആവശ്യങ്ങൾക്ക് അർഹമായ പരിഗണന നൽകാതിരുന്നതും സംസ്ഥാനത്തിന്റെ വികസനലക്ഷ്യത്തിന് വിഘ്നം സൃഷ്ടിക്കാനിടയുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) റബ്ബർ, നാളികേരം, തേയില, കാപ്പി തുടങ്ങിയ നാണ്യവിളകൾക്ക് ന്യായവില ഉറപ്പാക്കാൻ പദ്ധതിയില്ലാത്തതും കൃഷി പ്രോത്സാഹനത്തിന് ബജറ്റ് പിന്തുണ നൽകാത്തതും പരമ്പരാഗത വ്യവസായങ്ങളെ അവഗണിച്ചതും സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ എത്രമാത്രം പ്രതികൂലമായി ബാധിക്കാനിടയുണ്ടെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്തിന്റെ വിഭവ സമാഹരണശേഷി ദുർബ്ബലപ്പെടുത്തിയതും വായ്പാ പരിധി കുറച്ചതും വികസന മുരടിപ്പിനിടയാക്കാതിരിക്കാനായി നടത്താൻ ഉദ്ദേശിക്കുന്ന ഇടപെടൽ അറിയിക്കാമോ;

(ഡി) കേന്ദ്ര നയങ്ങൾക്കും നടപടികൾക്കും പുറമെ തുടർ പ്രളയത്തിൽ തകർന്ന നാടിനെ പുനഃസൃഷ്ടിക്കാനുള്ള യത്നത്തിന്റെ ഭാഗമായി അവശ്യവസ്തുക്കളെ ഒഴിവാക്കിക്കൊണ്ട് 12%, 18%, 28% നികുതി നിരക്കുള്ള ചരക്കുകളുടെ മേൽ ഒരു ശതമാനം മാത്രം സെസ് ചുമത്താനും ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് സംഭാവനയായി തുക സമാഹരിക്കാനും കിഫ്ബിയെ ശക്തിപ്പെടുത്താനുമുള്ള ശ്രമങ്ങൾക്ക് തടയിടാൻ നടത്തുന്ന നിരന്തര ശ്രമം അതിജീവിക്കാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കേന്ദ്ര സർക്കാർ നേരിടുന്ന സാമ്പത്തിക മുരടിപ്പ് സംസ്ഥാന സർക്കാരിനെയും ബാധിക്കുന്നുണ്ട്. ഇത് സംസ്ഥാനത്തിന്റെ പല മേഖലകളിലും വ്യക്തമായി കാണാൻ സാധിക്കുന്നതാണ്. തൊഴിലുറപ്പ് പദ്ധതികൾക്ക് കേന്ദ്ര സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുക കുറവായതിനാൽ അതിന്റെ ആനുപാതിക തുക മാത്രമേ സംസ്ഥാനത്തിന് ലഭ്യമാകുകയുള്ളൂ. തന്മൂലം തൊഴിൽ ദിനങ്ങളുടെ എണ്ണവും കുറയുന്നുണ്ട്. ആയതിനാൽ തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനത്തിനും കുറവ് സംഭവിക്കുന്നു. അതുപോലെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് മുൻകാലങ്ങളിൽ 100 ശതമാനവും കേന്ദ്രസർക്കാർ നൽകുന്നതുകൂടാതെ 70-80% കേന്ദ്രവും 20-30% സംസ്ഥാനത്തും വകയിരുത്തുമായിരുന്നു. ഈ സ്ഥിതിയിൽ കേന്ദ്രസർക്കാർ മാറ്റം വരുത്തുകയും നാമമാത്രമായ പദ്ധതികൾക്ക് 100 ശതമാനം കേന്ദ്രവും മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് 60 ശതമാനം മാത്രം കേന്ദ്രവും 40 ശതമാനം സംസ്ഥാന സർക്കാരും വഹിക്കുന്ന സ്ഥിതിയിലായി. പദ്ധതികൾക്കുള്ള അധികതുക സംസ്ഥാന സർക്കാർ വഹിക്കേണ്ട സ്ഥിതി സംജാതമാക്കിയിട്ടുണ്ട്. ഇത് സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക രംഗത്തെ പ്രതികൂലമായി ബാധിച്ചു.

(ബി) റബ്ബർ, നാളികേരം, തേയില, കാപ്പി തുടങ്ങിയ നാണ്യവിളകൾ സംസ്ഥാനത്തിന്റെ സാമ്പത്തിക വ്യവസ്ഥയിൽ ഗണ്യമായ പങ്കുവഹിക്കുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് കാർഷിക മേഖല 3.64% വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ കാർഷിക മേഖലയിൽ വളർച്ച ഉണ്ടായിട്ടുണ്ടെങ്കിലും നാണ്യവിളകളുടെ വിലയിടിവും വിലയിലുണ്ടാകുന്ന അസ്ഥിരതയും കേരളത്തിന്റെ സാമ്പത്തിക വ്യവസ്ഥയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. തുടർച്ചയായി നാണ്യവിളകൾക്കുണ്ടാകുന്ന വിലയിടിവും വിലയിലുണ്ടാകുന്ന അസ്ഥിരതയും കർഷകരുടെ വരുമാനത്തെ ദോഷകരമായി ബാധിക്കുകയും കൃഷിയിൽ താൽപ്പര്യം ഇല്ലാതാക്കുന്ന സാഹചര്യം ഉണ്ടാക്കുകയും ചെയ്യുന്നു. സംസ്ഥാന ഇടപെടലുകളിലൂടെ കർഷകർക്ക് ഉചിതമായ വില ലഭിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. തന്മൂലമാണ് കാർഷിക-വ്യവസായ മേഖലയിൽ വളർച്ച രേഖപ്പെടുത്തിയത്. മാത്രമല്ല, പരമ്പരാഗത കാർഷിക-വ്യവസായ ഉത്പന്നങ്ങളുടെ ന്യായവില ഉറപ്പാക്കുന്നതിനായി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം, പച്ചത്തേങ്ങ സംഭരണം പോലെയുള്ള വില സ്ഥിരതാ ഫണ്ട് പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(സി) സംസ്ഥാനത്തിന്റെ വിഭവ സമാഹരണശേഷി കുറയുന്നതിന് പ്രധാനമായ കാരണം കേന്ദ്രം നടപ്പിലാക്കിയ ജി.എസ്.ടി. സംവിധാനത്തിന്റെ അപാകതയാണെന്നാണ് കരുതുന്നത്. ഇതിൽ നഷ്ടപരിഹാര തുക യഥാസമയം കേന്ദ്രത്തിൽ നിന്നും ലഭിക്കാത്തത് സംസ്ഥാന സർക്കാരിന്റെ വിഭവ സമാഹരണത്തിൽ പല പ്രശ്നങ്ങൾ സൃഷ്ടിക്കുകയുണ്ടായി. ചില സന്ദർഭങ്ങളിൽ വായ്പ എടുക്കുന്ന തുകയിൽ കേന്ദ്ര സർക്കാർ കുറവ് വരുത്തുകയും ചെയ്തിട്ടുണ്ടായിരുന്നു. ഇത് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ചില പ്രശ്നങ്ങൾക്ക് ഇടയാക്കി. ഇതിനെ തരണം ചെയ്യുന്നതിനായി സംസ്ഥാനത്തിനകത്ത് നിന്നുതന്നെ വിഭവസമാഹരണം നടത്താൻ വേണ്ട പരിശ്രമം നടത്തിക്കൊണ്ടേയിരിക്കുന്നു. കൂടാതെ, വികസന പ്രവർത്തനങ്ങൾക്ക് വേണ്ട പരിഗണന നൽകാനും സാധിക്കുന്നുണ്ട്. 2019-20 വാർഷിക പദ്ധതിയിൽ 30610 കോടി രൂപ പദ്ധതിയിനത്തിൽതന്നെ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതികൾ ഇപ്പാൾ നല്ല രീതിയിൽ സംസ്ഥാനത്ത് നടന്നുവരുന്നുണ്ട്. കേന്ദ്ര സർക്കാർ നയംകാരണം സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയ്ക്ക് ഉണ്ടായിട്ടുള്ള ആഘാതം കുറയ്ക്കുന്നതിനായി 2019-20 ബഡ്ജറ്റിൽ സ്വയം തൊഴിൽ സൃഷ്ടിക്കുന്നതിനും തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനും വ്യവസായ മേഖലയുടെ ഉത്തേജനത്തിനായി കോർപ്പറേറ്റ് നിക്ഷേപം ആകർഷിക്കുന്നതിനും ആവശ്യമായ ഊന്നൽ നൽകിയിട്ടുണ്ട്. കൂടാതെ, പശ്ചാത്തല മേഖലയിൽ വൻ കുതിപ്പ് ലക്ഷ്യമിട്ടുകൊണ്ട് 45,619.10 കോടി രൂപയുടെ വിവിധ പദ്ധതികൾക്ക് ഇതിനോടകം കിഫ്ബി വഴി അനുമതി നൽകിയിട്ടുണ്ട്.

(ഡി) എല്ലാ പ്രതിസന്ധികളും തരണം ചെയ്തുകൊണ്ട് വിഭവ സമാഹരണം നല്ലരീതിയിൽ നടത്തുന്നതിനും വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുവാനും സംസ്ഥാന സർക്കാർ പല ശ്രമങ്ങളും നടത്തുന്നുണ്ട്. പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി ലോക ബാങ്ക്, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക്, KfW എന്നീ വിദേശ സഹായ ഏജൻസികളിൽ നിന്ന് വായ്പ സമാഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്. ഇതിന്റെ ഭാഗമായി ലോക ബാങ്കിൽ നിന്ന് വികസന നയവായ്പയുടെ ആദ്യഗഡുവായി 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) ഈ വർഷം ലഭ്യമായിട്ടുണ്ട്. ജർമൻ ബാങ്കായ KfW-ൽ നിന്നുള്ള

വായ്പ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട കരാർ ഒപ്പിടുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. ഇതിനുപുറമേ, കേന്ദ്രസർക്കാരിന്റെ അനുമതിയോടെ ഒരു ശതമാനം പ്രളയ സെസ് ഏർപ്പെടുത്തി വിഭവ സമാഹരണം നടത്തുന്നുണ്ട്. കൂടാതെ, മസാല ബോണ്ട് കിഫ്ബിക്കുവേണ്ടി പുറപ്പെടുവിക്കുകയും ചെയ്തു. ഈ തുക സംസ്ഥാന സർക്കാരിന് ഒരു മുതൽക്കൂട്ട് ആകുന്നതാണ്.

**ഉത്തരവാദിത്ത ടൂറിസം പദ്ധതി**

16 (*195) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിലാക്കാത്തത് മൂലം ടൂറിസം മേഖല നേരിടുന്ന ബുദ്ധിമുട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഉത്തരവാദിത്ത ടൂറിസം പദ്ധതിക്കായി പുതിയ ഏതെല്ലാം ഡെസ്റ്റിനേഷനുകളെയാണ് തെരഞ്ഞെടുത്തിരിക്കുന്നതെന്ന് ജില്ല തിരിച്ചുള്ള വിവരങ്ങൾ വിശദമാക്കുമോ;

(സി) ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ പ്രവർത്തന പുരോഗതിക്കായി ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം പദ്ധതി നല്ല രീതിയിൽ നടപ്പാക്കിവരുന്നു. ഏതെങ്കിലും പദ്ധതികൾ നടപ്പാക്കാത്തതുകൊണ്ട് ടൂറിസം മേഖലയിൽ ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2007-ൽ സംസ്ഥാന സർക്കാർ, തദ്ദേശവാസികളുടെ പ്രതിനിധികൾ, ജനപ്രതിനിധികൾ, ടൂറിസം വ്യവസായികൾ തുടങ്ങിയ വിവിധ സ്റ്റേക്ക് ഹോൾഡേഴ്സുമായി നടത്തിയ ചർച്ചകളെ തുടർന്ന് ടൂറിസം കേന്ദ്രങ്ങൾ തദ്ദേശീയവാസികളുടെയും ഇതര ജനവിഭാഗങ്ങളുടെയും സഹകരണത്തോടെ കൂടുതൽ മെച്ചപ്പെട്ട

സൗകര്യങ്ങളോടെയും ആവശ്യമായ ഉത്തരവാദിത്തങ്ങളോടുംകൂടി ടൂറിസ്റ്റ് സൗഹൃദ കേന്ദ്രങ്ങളാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഉത്തരവാദിത്ത ടൂറിസം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുള്ളത്. പ്രാരംഭമായി 2008-ൽ നാല് കേന്ദ്രങ്ങളിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ ആരംഭിക്കുകയുണ്ടായി. ഈ സർക്കാർ 2017 ജൂൺ മാസത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ (ആർ.ടി മിഷൻ) രൂപീകരിക്കുകയും മിഷൻ പ്രവർത്തനങ്ങൾ വിജയകരമായി നടന്നുവരികയും ചെയ്യുന്നു.

(ബി) ആദ്യഘട്ടത്തിൽ 7 കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചാണ് ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടന്നിരുന്നത്. എന്നാൽ ഡെസ്റ്റിനേഷൻ അടിസ്ഥാനത്തിലല്ല ഇപ്പോൾ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടക്കുന്നത്. ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമാക്കുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിക്കുകയും ജില്ലാ അടിസ്ഥാനത്തിൽ സാധ്യതയുള്ള എല്ലാ പ്രദേശങ്ങളെയും ഉൾപ്പെടുത്തുന്ന രീതിയിൽ പ്രവർത്തനങ്ങൾ നടത്തിവരികയുമാണ്.

(സി) ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമാക്കുന്നതിനായി 2017 ജൂൺ 23-ന് ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിക്കുകയും മിഷൻ പ്രവർത്തനങ്ങൾ വിജയകരമായി സംസ്ഥാനത്ത് നടന്നുവരികയുമാണ്.

## വൈദ്യുത മേഖലയിലെ പ്രതിസന്ധി തരണം ചെയ്യാൻ നടപടി

17 (*196) ശ്രീ. ഐ. ബി. സതീഷ്:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. കെ. ബാബു:
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ആഗോളവൽക്കരണ നയങ്ങളുടെ ഭാഗമായി വൈദ്യുതമേഖലയിൽ നടപ്പാക്കി വരുന്ന സ്വകാര്യവൽക്കരണ നടപടികൾ സംസ്ഥാനത്തെ വലിയതോതിൽ ബാധിക്കാതിരിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ജലദൗർലഭ്യംമൂലം വൈദ്യുതോത്പാദനം വളരെ കുറഞ്ഞ് കടുത്ത വൈദ്യുത പ്രതിസന്ധി നിലനിന്നിരുന്ന സമയത്തുപോലും ഗുണമേന്മയുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് തടസ്സമില്ലാതെ നൽകുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഈ കാലയളവിൽ ആഭ്യന്തര വൈദ്യുതോത്പാദനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) വൈദ്യുത രംഗത്ത് വൻതോതിലുള്ള സ്വകാര്യവത്കരണത്തിന്റെ കടന്നുകയറ്റം സംസ്ഥാനത്തെ വൈദ്യുത മേഖലയെ വലിയതോതിൽ ബാധിക്കാതിരിക്കാൻ പൊതുമേഖലയെ ശക്തിപ്പെടുത്തിക്കൊണ്ടുതന്നെ ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ന്യായവിലയ്ക്ക് ലഭ്യമാക്കുക എന്നതാണ് സർക്കാരിന്റെ നയം.

ഇലക്ട്രിസിറ്റി ആക്ട് 2003-നെത്തുടർന്ന് മറ്റ് സംസ്ഥാനങ്ങളിൽ ബഹുഭൂരിപക്ഷവും സംസ്ഥാന വൈദ്യുതി ബോർഡുകൾ പ്രത്യേകം പ്രത്യേകം ഉത്പാദന, പ്രസരണ, വിതരണ കമ്പനികൾ ആയി മാറിയപ്പോഴും സംസ്ഥാന സർക്കാരിന്റെ ശക്തമായ ഇടപെടലുകൾമൂലം കേരളത്തിൽ സംസ്ഥാന വൈദ്യുതി ബോർഡ് വിഭജിക്കാതെ തന്നെ സർക്കാർ ഉടമസ്ഥതയിൽ ഒറ്റ കമ്പനിയായി നിലനിർത്താൻ സാധിച്ചു. മറ്റ് സംസ്ഥാനങ്ങളിൽ വിഭജനത്തിനുശേഷവും മെച്ചപ്പെട്ട സേവനം ഉപഭോക്താക്കൾക്ക് നൽകാൻ സാധിക്കാതെ വന്നപ്പോൾ കേരളത്തിൽ ഒറ്റക്കമ്പനിയായി നിലനിർത്തിക്കൊണ്ടുതന്നെ പ്രവർത്തനം മെച്ചപ്പെടുത്താൻ സാധിച്ചുവെന്നത് എടുത്തുപറയേണ്ടതുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ എല്ലാ ഗ്രാമങ്ങളിലും വൈദ്യുതി എത്തിക്കാൻപോലും സാധിക്കാത്ത സാഹചര്യങ്ങളിൽ കേരളത്തിൽ വാസയോഗ്യമായ എല്ലാ ഭവനങ്ങളിലും വൈദ്യുതി എത്തിച്ചു. അപ്പോഴും വിതരണനഷ്ടം ചരിത്രത്തിൽ ആദ്യമായി പത്ത് ശതമാനത്തിൽ താഴെ (9.07%) കൊണ്ടുവരാൻ സാധിച്ചത് ഒരു വലിയ നേട്ടമാണ്. സഞ്ചിത സാങ്കേതിക-വാണിജ്യ നഷ്ടം (അഗ്രിഗേറ്റ് ടെക്നിക്കൽ & കൊമേഴ്സ്യൽ ലോസ്-AT&C loss) ഈ കാലയളവിൽ 10.83 ശതമാനമാക്കി കുറയ്ക്കാനായി. ഗുണമേന്മയുള്ള വൈദ്യുതി (24X7) ഉപഭോക്താക്കൾക്ക് തടസ്സം കൂടാതെ നൽകുവാനും സാധിക്കുന്നു. രാജ്യത്തെ മറ്റ് വിതരണ കമ്പനികൾ വൈദ്യുതി ഉത്പാദന കമ്പനികൾക്ക് ഭീമമായ കുടിശ്ശിക വരുത്തുന്ന സാഹചര്യത്തിൽ പോലും കെ.എസ്.ഇ.ബി.എൽ. തങ്ങൾക്ക് വൈദ്യുതി നൽകുന്ന എല്ലാ പൊതുമേഖലാ, സ്വകാര്യ കമ്പനികൾക്കും കുടിശ്ശിക ഒന്നും കൂടാതെ സമയബന്ധിതമായി തന്നെ പണം നൽകിവരുന്നു. കൂടാതെ രാജ്യത്തെ ഒരു ബാങ്കിംഗ്, ബാങ്കിംഗ് ഇതര പണമിടപാട് സ്ഥാപനങ്ങളുടെയും NPA പട്ടികയിൽ തങ്ങളുടെ പേര് പരാമർശിക്കപ്പെടുന്നില്ല എന്ന നിലയിൽ സാമ്പത്തികഭദ്രത നിലനിർത്താനും കെ.എസ്.ഇ.ബി.എൽ.-ന് സാധിച്ചിട്ടുണ്ട്. ഇക്കാരണങ്ങളാൽ തന്നെ ദേശീയതലത്തിൽ വൈദ്യുതി മേഖലയിലെ നിരീക്ഷണ സംവിധാനമായ

നാഷണൽ പവർ പോർട്ടലിലും കേരളത്തിന് വളരെ മെച്ചപ്പെട്ട സ്ഥാനമാണുള്ളത്. കാര്യക്ഷമത കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരികയാണ്.

ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി മുടങ്ങിക്കിടക്കുന്ന ജലവൈദ്യുത പദ്ധതികൾ ഇതിനോടകം പുനരാരംഭിക്കുകയും വിവിധ പദ്ധതികൾ പുതുതായി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പരിഗണനയിലുള്ള മറ്റ് ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആവശ്യകതയ്ക്ക് അനുസരിച്ചുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനായി ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾക്ക് പുറമെ ദീർഘകാല കരാറുകൾ വഴി കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി ലഭ്യമാക്കി വരുന്നു. ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പരിഗണനയിലുള്ള മറ്റ് ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു. അടിസ്ഥാന സൗകര്യ വികസന മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനായി ട്രാൻസ്ഗ്രിഡ് 2.0, ദ്യുതി 2021, സൗര തുടങ്ങിയ പദ്ധതികൾ അടങ്ങുന്ന ഊർജ്ജ കേരള മിഷൻ ജൂലൈ 2018-ൽ സർക്കാർ പ്രഖ്യാപിച്ചു നടപ്പിലാക്കി വരുന്നു.

(ബി) കാലവർഷം വൈകിയതിനാൽ ജൂൺ, ജൂലൈ മാസങ്ങളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ജലസംഭരണികളിൽ ജലശേഖരം ഗണ്യമായി കുറഞ്ഞിരുന്നു. ഈ സാഹചര്യത്തിലും ആഭ്യന്തര ഉല്പാദനത്തിനു പുറമേ കേന്ദ്ര പൂളിൽ നിന്നും സംസ്ഥാനത്തിന് പുറത്തുനിന്നും ഉൽപ്പാദകരിൽ നിന്നും ദീർഘകാല കരാറുകൾ മുഖേന വൈദ്യുതി വാങ്ങിയും ഇതിനുപുറമേയുള്ള ദൈനംദിന ആവശ്യങ്ങൾക്ക് താരതമ്യേന കുറഞ്ഞ നിരക്കിൽ പവർ എക്സ്ചേഞ്ച് മുഖേന വൈദ്യുതി വാങ്ങിയുമാണ് ഉപഭോഗം നിറവേറ്റുന്നത്. ഇതുകൂടാതെ 2018 കാലവർഷത്തിൽ ലഭിച്ച അധിക നീരൊഴുക്കുമൂലമുള്ള വൈദ്യുതി കണക്കിലെടുത്ത് രാജസ്ഥാൻ ഊർജ്ജ വികാസ് നിഗം ലിമിറ്റഡ് (RUVNL)-മായി ബാങ്കിംഗ് സംവിധാന കരാറിൽ ഏർപ്പെടുക വഴി 2019 മേയ്-ജൂൺ മാസങ്ങളിൽ കേരളത്തിന് 29 ദശലക്ഷം യൂണിറ്റ് ലഭിക്കുകയുണ്ടായി. മേൽ വിവരിച്ച പ്രകാരമാണ് ജലദൗർലഭ്യംമൂലം ഉല്പാദനം കുറഞ്ഞെങ്കിലും നിയന്ത്രണങ്ങളില്ലാതെ ഉപഭോക്താക്കൾക്ക് വൈദ്യുതി എത്തിക്കാൻ കെ.എസ്.ഇ.ബി.എൽ.-ന് സാധിച്ചത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 21 സൗരോർജ്ജ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ.-ൽ പൂർത്തീകരിച്ചു (15.7 മെഗാവാട്ട്). ഇതുകൂടാതെ കൺസ്യൂമേഴ്സ് വഴി 47.35 മെഗാവാട്ടും സിയാൽ, അനെർട്ട്, IREDA, KMRL തുടങ്ങിയ സ്ഥാപനങ്ങൾ വഴി 83.073 മെഗാവാട്ടും കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡിലേക്ക് ലഭിക്കുന്നുണ്ട്. അങ്ങനെ സോളാർ പ്ലാന്റ് ഉപയോഗിച്ചുള്ള ആകെ സ്ഥാപിതശേഷി 146.14 MWp ആണ്. കൂടാതെ 27 മെഗാവാട്ടിന്റെ കാറ്റിൽ നിന്നുള്ള പദ്ധതികളും പൂർത്തീകരിച്ചു.

ആഭ്യന്തര വൈദ്യുതോല്പാദനം മെച്ചപ്പെടുത്തുന്നതിനായി വെള്ളത്തുവൽ (3.6 മെഗാവാട്ട്), പെരുന്തേനരുവി (6 മെഗാവാട്ട്), കക്കയം (3 മെഗാവാട്ട്) എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പ്രവർത്തനമാരംഭിച്ചു.

2015 മുതൽ നിർമ്മാണം മുടങ്ങിക്കിടക്കുന്ന പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി (60 മെഗാവാട്ട്), തോട്ടിയാർ ജലവൈദ്യുത പദ്ധതി (40 മെഗാവാട്ട്), ചാത്തൻകോട്ടുനട-II ചെറുകിട ജലവൈദ്യുത പദ്ധതി (6 മെഗാവാട്ട്) എന്നിവയുടെ നിർമ്മാണം പുനരാരംഭിച്ചു. കൂടാതെ ചിന്നാർ (24 മെഗാവാട്ട്), പഴശ്ശി സാഗർ (7.5 മെഗാവാട്ട്), പെരുവണ്ണാമൂഴി (6 മെഗാവാട്ട്), അപ്പർ കല്ലാർ (2 മെഗാവാട്ട്) എന്നീ ചെറുകിട ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണം ഈ കാലയളവിൽ ആരംഭിച്ചു. ഇപ്പോൾ നിർമ്മാണം പുരോഗമിക്കുന്ന പദ്ധതികൾ പൂർത്തിയാകുമ്പോൾ 193.5 മെഗാവാട്ടിന്റെ സ്ഥാപിത ശേഷി വർദ്ധനവ് ഉണ്ടാകുന്നതാണ്.

ബാണാസുരസാഗർ റിസർവോയറിൽ 500 കിലോവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കി. ഇതിൽ നിന്നുള്ള 0.017 മില്ല്യൺ യൂണിറ്റ്/പ്രതിവർഷം വൈദ്യുതി 2019 ജനുവരി മുതൽ കെ.എസ്.ഇ.ബി.എൽ. ഗ്രിഡിലേക്ക് ലഭിച്ചുവരുന്നു. കൂടാതെ പാലക്കാട് ചിറ്റൂരിൽ മലയാള മനോരമയുടെ 10 മെഗാവാട്ട് പദ്ധതി ഗ്രിഡിലേക്ക് കണക്ട് ചെയ്തിട്ടുണ്ട്.

എൻ.എച്ച്.പി.സി. വെസ്റ്റ് കല്ലടയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന 50 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റിന്റെ ആദ്യഘട്ടമായി 10 മെഗാവാട്ട് നടപ്പിലാക്കാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. എൻ.ടി.പി.സി. കായംകുളത്ത് ജലോപരിതലത്തിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റിൽ നിന്ന് 92 MW വൈദ്യുതി വാങ്ങുവാനും SECI -യുമായി കാറ്റാടി നിലങ്ങളിൽ നിന്ന് 300 MW വാങ്ങുന്നതിനും കൂടാതെ ബ്രഹ്മപുരത്ത് 9.76 MW

ശേഷിയുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റിൽ നിന്ന് വൈദ്യുതി വാങ്ങുന്നതിനും കെ.എസ്.ഇ.ബി.എൽ. കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. THDCIL വഴി കാസർഗോഡ് സോളാർ പാർക്കിൽ 55-60 MW ശേഷി കൂട്ടിച്ചേർക്കുന്നു. എൻ.എച്ച്.പി.സി. പാലക്കാട് അഗളിയിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിക്കാനും ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമായി 8 മെഗാവാട്ട് പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള റീ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള അനുയോജ്യമായ ഭൂപ്രദേശങ്ങൾ കണ്ടെത്തി സോളാർ പദ്ധതി സ്ഥാപിക്കുന്നതിന്റെ സാധ്യതകളും പരിശോധിച്ചുവരുന്നു.

ഇ.എം.സി. മുഖേന ആഭ്യന്തര വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിനായി ചെറുകിട ജലവൈദ്യുത പദ്ധതികൾ/ചെറുവെള്ളച്ചാട്ടങ്ങൾ/ചെറു അരുവികൾ എന്നിവിടങ്ങളിലെ വെള്ളവും നൂതന സാങ്കേതിക വിദ്യകളുമുപയോഗിച്ച് ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വകാര്യ സംരംഭകർ മുഖേന 12.5 മെഗാവാട്ടിന്റെ പദ്ധതികൾ കമ്മീഷൻ ചെയ്തു.

47.4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 ചെറുകിട ജലവൈദ്യുത പദ്ധതികൾ 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ വേണ്ടിയുള്ള അനുമതി നൽകി. ഇടുക്കി ജില്ലയിലെ മറയൂരിനടുത്തുള്ള ഈച്ചാംപെട്ടി ആദിവാസി കോളനിയിൽ 4 കിലോവാട്ടിന്റെ മൈക്രോ ഹൈഡ്രോ ജലവൈദ്യുതി ഉപയോഗിച്ച് മൈക്രോ ഗ്രിഡ് സംവിധാനം നടപ്പിലാക്കി വൈദ്യുതീകരിച്ചു. തിരുവനന്തപുരം നഗരത്തിലെ കാഞ്ഞിരംപാറ വാർഡിൽ കിള്ളിയാറിൽ കാട്ടുവെട്ടി എന്ന സ്ഥലത്ത് കൃത്രിമച്ചുഴി ഉപയോഗിച്ചു പ്രവർത്തിക്കുന്ന ടർബൈൻ ഉപയോഗിച്ച് 20 KW മൈക്രോ ജലവൈദ്യുത പദ്ധതി നിർമ്മാണം പൂർത്തിയാക്കി കെ.എസ്.ഇ.ബി.എൽ. ഗ്രിഡിലേക്ക് കണക്ട് ചെയ്തുകഴിഞ്ഞു. MNRE-യുടെ സബ്സിഡിയോടുകൂടി ഒരു കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷി വരുന്ന 25 പൈക്കോ ജല വൈദ്യുത പദ്ധതികൾ നടപ്പിലാക്കി. കെ.എസ്.ഇ.ബി.എൽ.ന്റെ കക്കാട് ജലവൈദ്യുത പദ്ധതിയുടെ ടെയിൽ റെയിസിൽ 25 KW-ന്റെ കൈനെറ്റിക് ടർബൈനുകൾ പരീക്ഷിക്കുന്നതിനുള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## വൈദ്യുതി ഉല്പാദനവും പ്രസരണവും കാര്യക്ഷമമാക്കുന്നതിന് നടപടി

18 (*197) ശ്രീ. പി. വി. അൻവർ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജമേഖല പൊതുമേഖലയിൽ നിലനിർത്തിക്കൊണ്ട് ഗുണമേന്മയുള്ള വൈദ്യുതി ആവശ്യാനുസരണം നൽകുന്നതിനും സേവനം ലോകോത്തര നിലവാരത്തിലേക്കുയർത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള സംസ്ഥാന വൈദ്യുതി നയത്തിന് അന്തിമാനുമതി ആയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം ഉല്പാദന വർദ്ധനവിനും പ്രസരണ വിതരണ മേഖല കാര്യക്ഷമമാക്കുന്നതിനും ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ അറിയിക്കാമോ;

(സി) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച നൂറുദിന കർമ്മ പദ്ധതിയിൽ വൈദ്യുതി രംഗത്തെ വിതരണവും വിൽപ്പനയും രണ്ടായി വിഭജിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ ഇത് കെ.എസ്.ഇ.ബി.എൽ.-ന്റെ സാമ്പത്തിക സുസ്ഥിരതയെ എങ്ങനെ ബാധിക്കാനിടയുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കനത്ത പ്രതിഷേധത്തെ തുടർന്ന് മുമ്പ് വേണ്ടെന്ന് വച്ച ഇലക്ട്രിസിറ്റി ഭേദഗതി നിയമം കേന്ദ്രത്തിൽ പുതിയ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പുതുതായി കൊണ്ടുവന്ന് കോർപ്പറേറ്റുകളുടെ താല്പര്യ സംരക്ഷണത്തിന് നടപടി തുടങ്ങിയെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ; വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) അന്തിമാനുമതി ആയിട്ടില്ല. കരട് നയം പ്രസിദ്ധീകരിക്കുകയും ആയതിന്മേൽ പൊതു അഭിപ്രായങ്ങൾ ആരായുകയും ചെയ്തിട്ടുണ്ട്. ആയത് പരിശോധിച്ചും ചർച്ചകൾ നടത്തിയും കേരള വൈദ്യുതി നയം പ്രസിദ്ധീകരിക്കുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതോല്പാദനം മെച്ചപ്പെടുത്തുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വെള്ളത്തുവൽ (3.6 മെഗാവാട്ട്), പെരുന്തേനരുവി (6 മെഗാവാട്ട്), കക്കയം (3

മെഗാവാട്ട്) എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പ്രവർത്തനമാരംഭിച്ചു. 2015 മുതൽ നിർമ്മാണം മുടങ്ങിക്കിടന്നിരുന്ന ജല വൈദ്യുതപദ്ധതികളായ പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി (60 മെഗാവാട്ട്), തോട്ടിയാർ ജലവൈദ്യുത പദ്ധതി (40 മെഗാവാട്ട്), ചെറുകിട ജലവൈദ്യുത പദ്ധതിയായ ചാത്താൻ കോട്ടുനട-II (6 മെഗാവാട്ട്) എന്നിവയുടെ നിർമ്മാണം പുനരാരംഭിച്ചു. കൂടാതെ ചിന്നാർ (24 മെഗാവാട്ട്), പഴശ്ശിസാഗർ (7.5 മെഗാവാട്ട്), പെരുവണ്ണാമൂഴി (6 മെഗാവാട്ട്), അപ്പർ കല്ലാർ (2 മെഗാവാട്ട്) എന്നീ ചെറുകിട ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണം ഈ കാലയളവിൽ ആരംഭിച്ചു. ഇപ്പോൾ നിർമ്മാണം പുരോഗമിക്കുന്ന പദ്ധതികൾ പൂർത്തിയാകുമ്പോൾ 193.5 മെഗാവാട്ടിന്റെ സ്ഥാപിത ശേഷി വർദ്ധനവ് ഉണ്ടാകുന്നതാണ്. കൂടാതെ, കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ നവീകരണ പുനരുദ്ധാരണ ജോലികളുടെ ഭാഗമായി 25 മെഗാവാട്ട് വീതം ശേഷിയുള്ള മൂന്ന് ജനറേറ്ററുകളുടെ സ്ഥാപിതശേഷി 2.5 മെഗാവാട്ട് വീതം (ആകെ 7.5 മെഗാവാട്ട്) വർദ്ധിപ്പിക്കുന്ന ജോലിയുടെ Letter of Acceptance കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡിന് നൽകുകയുണ്ടായി. പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നും വൈദ്യുത ഉത്പാദനത്തിന് സംസ്ഥാന സർക്കാരും എൻ.എച്ച്.പി.സി.-യും തമ്മിലുള്ള ഉടമ്പടി പ്രകാരം വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ ആദ്യഘട്ടമായി 10 മെഗാവാട്ട് നടപ്പിലാക്കാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എൻ.ടി.പി.സി. കായംകുളത്ത് ജലോപരിതലത്തിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റിൽ നിന്ന് 92 MW വൈദ്യുതി വാങ്ങുവാനും SECI -യുടെ കാറ്റാടി നിലയങ്ങളിൽ നിന്ന് 300 MW വാങ്ങുന്നതിനും കൂടാതെ ബ്രഹ്മപുരത്ത് 9.76 MW ശേഷിയുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റിൽ നിന്ന് വൈദ്യുതി വാങ്ങുന്നതിനും കെ.എസ്.ഇ.ബി.എൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. THDCIL വഴി കാസർഗോഡ് സോളാർ പാർക്കിൽ 55-60 MW ശേഷി കൂട്ടിച്ചേർക്കുന്നു.

കേരളത്തിലെ വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് കേരള സർക്കാർ പ്രഖ്യാപിച്ച 'ഊർജ്ജ കേരള മിഷൻ' പദ്ധതിയുടെ ഭാഗമായി വൈദ്യുതി വിതരണ മേഖല ലോകോത്തരമാക്കുന്നതിന് 'ദ്യുതി 2021' എന്നപേരിൽ ബൃഹത്തായ വിതരണ ശൃംഖല നവീകരണ പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ വിതരണ മേഖലയിൽ 4036.30 കോടി രൂപയുടെ പ്രവൃത്തികളാണ് 2018 മുതൽ 2021 വരെയുള്ള നാല് വർഷ കാലയളവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 272.43 കോടി രൂപയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

പ്രസരണ ലൈനുകളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് പ്രസരണനഷ്ടം കുറയ്ക്കുന്നതിനും വൈദ്യുതി വിതരണത്തിലുണ്ടാകുന്ന തടസ്സങ്ങൾ ഒഴിവാക്കുന്നതിനുമായി നിലവിലുള്ള 110 കെ.വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും 220 കെ.വി. ആയി ഉയർത്തുന്നതിനും പുതിയ 400 കെ.വി., 220 കെ.വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും സ്ഥാപിക്കുന്നതിനുമായി കിഫ്ബിയുടെ ധനസഹായത്തോടെ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

2000 മെഗാവാട്ട് ശേഷിയുള്ള കൂടംകുളം ആണവ വൈദ്യുതി നിലയത്തിൽ നിന്നുള്ള കേരളത്തിന്റെ വിഹിതമായ 266 മെഗാവാട്ട്, പ്രസരണ നഷ്ടം കുറച്ച് സംസ്ഥാനത്ത് എത്തിക്കുന്നതിനുവേണ്ടി ആസൂത്രണം ചെയ്ത പ്രസരണ ശൃംഖലയായ ഇടമൺ-കൊച്ചി 400 കെ.വി. ലൈൻ ദീർഘകാലമായി മുടങ്ങിക്കിടക്കുകയായിരുന്നു. ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സർക്കാർ തലത്തിൽ സമയോചിതമായി പരിഹരിച്ച് 14-9-2019-ൽ ലൈൻ പൂർത്തീകരിച്ച് 25-9-2019-ൽ വിജയകരമായി ചാർജ്ജ് ചെയ്തുകഴിഞ്ഞു.

കൂടാതെ, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഈ സർക്കാർ വന്നതിനുശേഷം 45 സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും സ്ഥാപിക്കുകയും നിലവിലുള്ള നിരവധി സബ് സ്റ്റേഷനുകളുടെയും ലൈനുകളുടേയും വോൾട്ടേജ് ഉയർത്തുന്നതിന്റെയും ശേഷി വർദ്ധിപ്പിക്കുന്നതിന്റെയും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ചുകഴിയുകയും ചെയ്തു. കൂടാതെ 2019-20-ലും 2020-21-ലുമായി പൂർത്തീകരിക്കുന്ന രീതിയിൽ നിരവധി പുതിയ സബ്സ്റ്റേഷനുകളും ലൈനുകളും മറ്റ് ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തികളും ത്വരിതഗതിയിൽ പുരോഗമിക്കുന്നു.

വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി 400 കെ.വി. നിലവാരത്തിലുള്ള പ്രസരണ ശൃംഖല കേരളത്തിലുടനീളം സ്ഥാപിച്ച്, CEA-യുടെ planning നിലവാരമനുസരിച്ച് 400 കെ.വി. പ്രസരണ ശൃംഖല (പവർ ഹൈവേ) സംസ്ഥാനത്ത് നിർമ്മിക്കുന്നതിനായി തിരുവനന്തപുരം മുതൽ പാലക്കാട് വരെയും മലപ്പുറം മലാപ്പറമ്പ് വരെയുള്ള 400 കെ.വി. ശൃംഖല പൂർത്തിയാക്കി കഴിഞ്ഞു. 14-09-2019-ൽ പൂർത്തീകരിച്ച ഇടമൺ-കൊച്ചി ലൈനും ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന മാടക്കത്തറ-അരീക്കോട് 400 കെ.വി. ലൈനും കേന്ദ്ര സർക്കാർ നടപ്പിലാക്കാൻ കരാർ നൽകിയ കാസർഗോഡ്-ഉഡുപ്പി ലൈനും 400 കെ.വി. പവർ ഹൈവേയുടെ

ഭാഗമായി വിഭാവനം ചെയ്തവയാണ്. ഇതുകൂടാതെ, കാസർഗോഡ് നിന്നും വയനാട്ടിലേക്ക് ഒരു 400 കെ.വി. ലൈനും പരിഗണനയിലുണ്ട്. ഇവയെല്ലാം ചേർന്ന പവർ ഹൈവേ പൂർത്തീകരിക്കുന്നതോടെ പ്രസരണനഷ്ടം ഗണ്യമായി കുറയ്ക്കാനാകുമെന്നാണ് കണക്കാക്കുന്നത്. കൂടാതെ, പരിധികളില്ലാതെ പുറമേ നിന്നും ആവശ്യാനുസരണം വൈദ്യുതിയെത്തിക്കുന്നതിനും പവർ ഹൈവേ പര്യാപ്തമാകുന്നതാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 15.7 മെഗാവാട്ട് ആകെ ശേഷിയുള്ള 21 സൗരോർജ്ജ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. പൂർത്തീകരിച്ചു. ഇതുകൂടാതെ കൺസ്യൂമേഴ്സ് വഴി 47.35 മെഗാവാട്ടും സിയാൽ, അനെർട്ട്, IREDA, KMRL തുടങ്ങിയ സ്ഥാപനങ്ങൾ വഴി 83.073 മെഗാവാട്ടും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഗ്രിഡിലേക്ക് ലഭിക്കുന്നുണ്ട്. അങ്ങനെ സോളാർ പ്ലാന്റ് ഉപയോഗിച്ചുള്ള ആകെ സ്ഥാപിതശേഷി 146.14 MWp ആണ്. കൂടാതെ 27 മെഗാവാട്ടിന്റെ കാറ്റിൽ നിന്നുള്ള പദ്ധതികളും പൂർത്തീകരിച്ചു.

ഇപ്പോൾ 31 പദ്ധതികൾ (സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത്, കളക്ടറേറ്റ്, വൈദ്യുതി ബോർഡ് കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി) പുതുതായി ആരംഭിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ബാണാസുരസാഗർ റിസർവോയറിൽ 500 കിലോവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കി. ഇതിൽ നിന്നുള്ള 0.017 മില്ല്യൺ യൂണിറ്റ്/പ്രതിവർഷം വൈദ്യുതി 2019 ജനുവരി മുതൽ കെ.എസ്.ഇ.ബി.എൽ. ഗ്രിഡിലേക്ക് ലഭിച്ചുവരുന്നു. കൂടാതെ പാലക്കാട് ചിറ്റൂരിൽ മലയാള മനോരമയുടെ 10 മെഗാവാട്ട് പദ്ധതി ഗ്രിഡിലേക്ക് കണക്ട് ചെയ്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വൈദ്യുത വിതരണ മേഖലയെത്തന്നെ വീണ്ടും മൂന്നായി വിഭജിക്കാനുള്ള നീക്കങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാർ നിലവിൽ പുറത്തിറക്കിയിട്ടുള്ള വൈദ്യുതി ഭേദഗതി നിയമം പ്രാവർത്തികമാക്കിയാൽ അത് കെ.എസ്.ഇ.ബി.ലിമിറ്റഡ് പോലുള്ള സർക്കാർ സംരംഭങ്ങളെ പ്രതിസന്ധിയിൽ ആക്കാനിടയുണ്ട്. വൻകിട ഉപഭോക്താക്കൾ ഓപ്പൺ ആക്സസ് വഴി പുറത്തുനിന്ന് വൈദ്യുതി കൊണ്ടുവരുമ്പോൾ വീലിംഗ് ചാർജ്ജ് മാത്രം ഈടാക്കിയാൽ മതി എന്ന വ്യവസ്ഥ നിലവിലുള്ള ക്രോസ് സബ്സിഡി സമ്പ്രദായം അതിവേഗം ഇല്ലാതാക്കുന്നതും കെ.എസ്.ഇ.ബി. ലിമിറ്റഡിനെ സാമ്പത്തിക പ്രതിസന്ധിയിലേക്ക് നയിക്കാൻ സാധ്യതയുണ്ട്. വൈദ്യുത വിതരണ മേഖലയെത്തന്നെ വീണ്ടും മൂന്നായി വിഭജിക്കുന്നതിനും

തദ്വാരാ സ്വകാര്യ സംരംഭകരുടെ കൈവശമുള്ള വൈദ്യുതിയോടൊപ്പം കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ ചുമതലയിലുള്ള പദ്ധതികളിൽ നിന്നുമുള്ള വൈദ്യുതിയും ഉൾപ്പെടെ നിലവിലുള്ള വിതരണ സംവിധാനത്തിലൂടെ ഉപഭോക്താക്കൾക്ക് വിൽക്കുക എന്ന ലാഭസാധ്യത ഏറെയുള്ള സപ്ലൈ വ്യവസായിത്തിലേക്ക് മാത്രമായി സ്വകാര്യ സംരംഭകർ കടന്നുവരുന്നതിനും ഇടയാകും. ക്രോസ് സബ്സിഡി ഒഴിവാക്കി, പകരം സർക്കാർ സബ്സിഡി ബാങ്ക് അക്കൗണ്ടിലൂടെ ഉപഭോക്താവിന് നേരിട്ട് നൽകുന്നത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗത്തിന് വൈദ്യുതി അപ്രാപ്യമാക്കാൻ കാരണമാകും. എല്ലാവർക്കും വൈദ്യുതി എന്ന ലക്ഷ്യത്തിനായി കരാർ ചെയ്തിട്ടുള്ള വൈദ്യുതി സമീപഭാവിയിൽതന്നെ ഉപയോഗിക്കാൻ ആകാത്ത സ്ഥിതിയിലേക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡിനെ കൊണ്ടെത്തിക്കും. അങ്ങനെയായാൽ കരാർ പ്രകാരമുള്ള സ്ഥിരവിലയുടെ ബാധ്യത സ്ഥാപനത്തിന് താങ്ങാനാകില്ല. വൈദ്യുതിയുടെ കമ്പോളത്തിന്റെ വളർച്ച ലക്ഷ്യമിട്ടുകൊണ്ടുള്ള നിർദ്ദേശങ്ങൾ ഊഹക്കച്ചവടത്തിന് ഇടയാക്കുമെന്നതും സ്ഥാപനത്തിന്റെ നിലനിൽപ്പിനെ ഹനിച്ചേക്കാം.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒക്ടോബർ മാസം ഗുജറാത്തിൽവച്ച് നടന്ന ഊർജ്ജ വകുപ്പുമന്ത്രിമാരുടെ സമ്മേളനത്തിൽ വിതരണ രംഗത്ത് സേവന-വില്പന അധികാരങ്ങൾ/സ്വകാര്യ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്നത് സംബന്ധിച്ച് ചില നിർദ്ദേശങ്ങൾ കേന്ദ്രമന്ത്രി മുന്നോട്ടുവച്ചിരുന്നു. ഇക്കാര്യത്തിൽ കേന്ദ്രം വ്യക്തത വരുത്തേണ്ടതുണ്ട്.

## പാറ ക്വാറികളുടെ നിയന്ത്രണ വ്യവസ്ഥകൾ

19 (*198) ശ്രീ. കെ. എൻ. എ. ഖാദർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കെ. എം. ഷാജി:
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാറ ക്വാറികൾക്ക് നിയന്ത്രണം നിലവിലുണ്ടോ; എങ്കിൽ നിയന്ത്രണ വ്യവസ്ഥകൾ വെളിപ്പെടുത്തുമോ;

(ബി) ക്വാറികളുടെ പ്രവർത്തനം മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും കാരണമാകുന്നുണ്ടെന്ന റിപ്പോർട്ടുകൾ വന്നിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ;

(സി) ഇക്കാര്യത്തിൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി പ്രതികരണമെന്തെങ്കിലും നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതോറിറ്റിയുടെ ഇക്കാര്യത്തിലെ അഭിപ്രായം ആരാഞ്ഞ് തുടർനടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരമാണ് സംസ്ഥാനത്തെ കരിങ്കൽ ഖനന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്.

വന്യജീവി സങ്കേതം, ദേശീയോദ്യാനം എന്നിവയുടെ 10 കിലോമീറ്റർ പരിധിയിൽ ഖനനം നടത്തുന്നതിന് നാഷണൽ ബോർഡ് ഫോർ വൈൽഡ് ലൈഫിൽ നിന്നുള്ള ക്ലിയറൻസ് ലഭ്യമാക്കേണ്ടതാണെന്ന ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി ദൂരപരിധിയിൽ പ്രവർത്തിക്കുന്ന ക്വാറികളുടെ ഖനന/അനുബന്ധ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ നാഷണൽ ബോർഡ് ഫോർ വൈൽഡ് ലൈഫിൽ നിന്നുള്ള നിരാക്ഷേപപത്രം (NOC) ലഭ്യമാക്കിയാൽ ടി മേഖലയിൽ ഖനന പ്രവർത്തനങ്ങൾ പുനരാരംഭിക്കാവുന്നതാണ്. എന്നിരുന്നാലും Eco Sensitive Zone പുനർ നിർണ്ണയിച്ചുകൊണ്ട് കേന്ദ്ര വനം-പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിൽ നിന്നും അന്തിമ വിജ്ഞാപനം വന്നുകഴിഞ്ഞാൽ ഈ 10 കിലോമീറ്റർ ദൂരപരിധി ബാധകമല്ല.

2016-ലെ കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാനിലെ ഖണ്ഡിക 3.21.1 പ്രകാരം മൺസൂൺ സമയത്ത് രണ്ട് ദിവസം നിർത്താതെ തുടർച്ചയായി മഴ പെയ്യുന്ന സാഹചര്യമുണ്ടെങ്കിൽ ഖനികളിലെ ബ്ലാസ്റ്റിംഗ് നിരത്തി വയ്ക്കേണ്ടതാണെന്നും ഒരു ദിവസമെങ്കിലും മഴ ഒട്ടും പെയ്യാതിരിക്കുന്ന സാഹചര്യത്തിൽ ഖനികളിൽ പ്രവർത്തനം ആരംഭിക്കാവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. 9-8-2019 മുതൽ 21-8-2019 വരെ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഖനനത്തിന് നിരോധനം ഏർപ്പെടുത്തിയിരുന്നു. നിരോധനം പിൻവലിച്ചപ്പോഴും അതാത് ജില്ലാ കളക്ടർമാരുടെ നിരോധന ഉത്തരവ് നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പാലിക്കേണ്ടതുണ്ട് എന്ന വ്യവസ്ഥയിലാണ് നിരോധന ഉത്തരവ് പിൻവലിച്ചത്.

(ബി) ക്വാറികളുടെ പ്രവർത്തനം മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും കാരണമാകുന്നുണ്ടെന്ന റിപ്പോർട്ടുകൾ പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചരിവുള്ള പ്രദേശങ്ങളിൽ പെയ്യുന്ന അതിതീവ്രമഴ കാരണം ഉരുൾപൊട്ടലുകൾ ഉണ്ടാകാനുള്ള സാധ്യത വളരെ കൂടുതലാണ്. പാറമട സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളിലും പാറമടയില്ലാത്ത പ്രദേശങ്ങളിലും ഇപ്രകാരം ഉരുൾപൊട്ടലുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുന്നിന്റെ ചരിവ്, തുടർച്ചയായി പെയ്യുന്ന മഴയുടെ അളവ്, മേൽമണ്ണിന്റെ കനം എന്നിവയാണ് ഈ പ്രതിഭാസത്തിന് ആക്കം കൂട്ടുന്നത്. കുന്നിൽ നിർമ്മിച്ചിട്ടുള്ള മഴക്കുഴികളും അവിടെയുള്ള മണ്ണിന്റെ ഘടനയും അശാസ്ത്രീയമായ കൃഷി രീതികളുമാണ് ഉരുൾപൊട്ടലുകൾ ഉണ്ടാകാനിടയായ മറ്റൊരു പ്രധാന കാരണം. പാറ ഖനനം ഉരുൾപൊട്ടലിന് കാരണമായതായി റിപ്പോർട്ടുകൾ വന്നെങ്കിലും ഈ ഉരുൾപൊട്ടലുകൾ ഉണ്ടായത് പാറമടയിൽ നിന്നും എത്ര ദൂരം മാറിയാണെന്ന് റിപ്പോർട്ടുകളിൽ സൂചന ഉണ്ടായിരുന്നില്ല.

പ്രകമ്പനം കുറവുള്ള രീതിയിൽ പാറപൊട്ടിക്കുവാനായി നൂതന സാങ്കേതികവിദ്യ ആയ NONEL (നോൺ ഇലക്ട്രിക്കൽ ഡിറ്റണേറ്റർ ഉപയോഗിച്ചുള്ള ബ്ലാസ്റ്റിംഗ്) നിലവിലുണ്ട്. ആയത് ഉപയോഗിച്ചുമാത്രമേ പാറപൊട്ടിക്കാവൂ എന്ന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് നിർദ്ദേശം നൽകുന്നുണ്ട്. ഈ വിഷയം സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും പാരിസ്ഥിതികാനുമതിയിൽ ഇത് ഒരു നിബന്ധനയായി ഉൾപ്പെടുത്തുന്നുമുണ്ട്.

(സി) അതീവ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ/പാറനിരങ്ങൽ സാധ്യതാ മേഖലയായി (Landslide Susceptibility-High Hazard zone) നിർണ്ണയിച്ചിട്ടുള്ള പ്രദേശങ്ങളിൽ പാറഖനനം നിരോധിക്കണമെന്ന് കേന്ദ്ര ദുരന്ത നിവാരണ നിയമം 2005-ന്റെ 22(2)(b) വകുപ്പ് അനുസരിച്ച് ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രാദേശിക അടിസ്ഥാനത്തിൽ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ 2018-ലെ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവ ബാധിച്ച പ്രദേശങ്ങളിൽ മുൻപ് വീടുണ്ടായിരുന്ന, നിലവിൽ വീട് നിർമ്മിക്കാൻ പാടില്ലാത്ത പ്രദേശങ്ങൾ കണ്ടെത്തുവാൻ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി പഠനം നടത്തി.

2019-ലെ ശക്തമായ മഴയെത്തുടർന്ന് വിവിധ ജില്ലകളിൽ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമിയിൽ വിള്ളൽ എന്നിവ കണ്ടെത്തിയ സ്ഥലങ്ങൾ പരിശോധിച്ച് ജനവാസയോഗ്യമാണോ എന്ന ശിപാർശ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് നൽകുന്നതിന് മണ്ണ് സംരക്ഷണ വകുപ്പ്, മൈനിംഗ് & ജിയോളജി വകുപ്പ്, ഭൂജല വകുപ്പ് എന്നിവയിലെ ഉദ്യോഗസ്ഥരെ ഉപയോഗപ്പെടുത്തി കേരളത്തിൽ 50 സംഘങ്ങളെ നിയോഗിച്ചിരുന്നു.

രണ്ട് ദിവസം അടുപ്പിച്ച് മഴ പെയ്താൽ ഇത്തരത്തിൽ മഴ പെയ്യുന്ന വില്ലേജുകളിലുള്ള പാടമടകളിൽ പാറ പൊട്ടിക്കുന്നത് മഴ പെയ്യാതെ 24 മണിക്കൂർ സമയം ഉണ്ടാകുന്നതുവരെ നിർത്തിവയ്ക്കുവാൻ ഉത്തരവ് നൽകുവാൻ മൈനിംഗ് & ജിയോളജി വകുപ്പിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്. മലപ്പുറം, കോട്ടയം എന്നീ ജില്ലകളിലെ ചില പ്രദേശങ്ങളിൽ മണ്ണ് സംരക്ഷണ വകുപ്പ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്, ഭൂജല വകുപ്പ് എന്നിവയിലെ ഉദ്യോഗസ്ഥർ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദ്ദേശാനുസരണം പഠനം നടത്തി ഖനനം നിർത്തിവയ്ക്കുവാൻ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് ശിപാർശ നൽകിയിട്ടുണ്ട്.

**കയർ മേഖലയുടെ സമഗ്ര വികസനത്തിനായി പദ്ധതികൾ**

20 (*199) <u>ശ്രീ. എം. നൗഷാദ്:</u>
<u>ശ്രീ. എസ്. ശർമ്മ:</u>
<u>ശ്രീ. വി. ജോയി:</u>
<u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയുടെ സമഗ്രവികസനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ;

(ബി) കയർ ഉല്പന്നങ്ങൾക്ക് പുതിയ ഉപയോഗസാധ്യതകൾ കണ്ടെത്തുന്നതിനായി എന്തെല്ലാം പഠനങ്ങളും ഗവേഷണങ്ങളുമാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് കയർ ഭൂവസ്ത്രങ്ങളുടെ ഉപയോഗം ഗണ്യമായി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) കയറിന്റെ ആഭ്യന്തര വിപണനം ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കയർ സംഭരണം 2015-16-ൽ 78,820.40 ക്വിന്റൽ ആയിരുന്നത് 2018-19-ൽ 1,57,000 ക്വിന്റൽ ആയി ഉയർന്നു. കയർ ഉൽപ്പന്ന സംഭരണം ഇക്കാലയളവിൽ 97.45 കോടി രൂപയിൽ നിന്നും 153.19 കോടി രൂപയുടെതായും വർദ്ധിച്ചു. ചകിരി ഉൽപ്പാദനത്തിനായി പുതിയ 75 ഡി.എഫ്. മില്ലുകൾ പ്രവർത്തനമാരംഭിച്ചു. ഈ സാമ്പത്തിക വർഷാവസാനത്തോടെ അത് 100 കടക്കും. പരമ്പരാഗത കയർ മേഖലയെ സംരക്ഷിച്ചുകൊണ്ട് സമ്പൂർണ്ണ ആധുനീകരണത്തിനാണ് കയർ വകുപ്പ് നേതൃത്വം നൽകുന്നത്. കയർ മേഖല സമ്പൂർണ്ണ യന്ത്രവത്കരണത്തിലൂടെ ആധുനികവത്കരിക്കുന്നതിനായി നടപ്പിലാക്കി വരുന്ന നൂതന പദ്ധതിയാണ് കയർ രണ്ടാം പുനഃസംഘടന. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് കയർ വ്യവസായത്തെ ആധുനികവത്കരിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. ചകിരി ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്നരംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നിവയാണ് ഇതിന്റെ മറ്റ് പ്രധാന ഘടകങ്ങൾ. കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്., തദ്ദേശഭരണ സ്ഥാപനങ്ങൾ, നാളികേര ഉൽപ്പാദക കമ്പനികൾ എന്നിവയ്ക്ക് 90% സബ്സിഡിയോടെയും സ്വകാര്യ സംരംഭകർ/ഇതര ഏജൻസികൾ എന്നിവയ്ക്ക് 50% സബ്സിഡിയോടെയും ഡി.എഫ്. മില്ലുകൾ അനുവദിക്കുന്ന പദ്ധതി നടപ്പിലായിക്കഴിഞ്ഞു. കയർപിരി മേഖലയിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിക്കുകയും ആയതിന് എൻ.സി.ഡി.സി. ധനസഹായ പദ്ധതി പ്രകാരം തുക ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ആലപ്പുഴ, വൈക്കം, കണ്ണൂർ പ്രോജക്ടുകളിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് ഫാക്ടറി ടൈപ്പ് സംഘമായി പ്രവർത്തിച്ചു തുടങ്ങി. കൂടാതെ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത അനുസരിച്ച് തെരഞ്ഞെടുക്കുന്ന കയർ സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘമായി പരിവർത്തനം ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കുന്നു.

കയർ ഉത്പന്ന വൈവിദ്ധ്യവത്കരണത്തിൽ യന്ത്രവത്കരണ പദ്ധതിയിൽ കയർ ജിയോ ടെക്സ്റ്റൈൽസ്, കയർ നീഡിൽ ഫെൽറ്റ്, കയർ കോമ്പോസിറ്റ് ബോർഡ്സ്, കയർ അക്വസ്റ്റിക്സ് പാനൽസ് എന്നിങ്ങനെയുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനാണ് പ്രാമുഖ്യം നൽകുന്നത്.

പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ നിശ്ചിത വിലയും കൂലിയും നൽകി സംഭരിക്കുന്നതിനും ഇവ കയറ്റുമതി ചെയ്യുന്നതിനുമായി കയറ്റുമതി

സ്ഥാപനങ്ങൾക്ക് നിശ്ചിത വിലയ്ക്ക് വിൽക്കുന്നതിനുംവേണ്ടി കേരള സർക്കാർ ആവിഷ്കരിച്ച ക്രയവില സ്ഥിരതാ പദ്ധതി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ വഴി നടപ്പിലാക്കിവരുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷനുമായി ചേർന്ന് നടപ്പാക്കിയ കയർഭൂവസ്ത്ര വിപണനം കയർ മേഖലയ്ക്ക് ഏറെ ഗുണകരമായി. ചെറുകിട കയർ ഉല്പന്ന നിർമ്മാതാക്കൾക്ക് സാങ്കേതിക-സാമ്പത്തിക അനുബന്ധ സഹായങ്ങൾ നൽകിക്കൊണ്ട് നിരന്തരമായി ഉല്പാദനം നടത്തുന്നതും അവരുടെ ഉല്പന്നങ്ങൾ ശേഖരിക്കുന്നതിന് വിലസ്ഥിരത ഉറപ്പാക്കുന്നതിന് കഴിയുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ ചെറുകിട ഉല്പാദക സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്നതുവഴി തൊഴിലാളികൾക്ക് കൃത്യമായ കൂലിയും മറ്റാനുകൂല്യങ്ങളും ഉറപ്പുവരുത്തുന്നു. ഇത്തരം ഉൽപ്പന്നങ്ങൾ സമയബന്ധിതമായി തന്നെ കയറ്റുമതി ചെയ്യുന്നതിനുള്ള വിവിധ പ്രോത്സാഹന പ്രവർത്തനങ്ങൾ കയറ്റുമതി സ്ഥാപനങ്ങൾക്ക് നല്കുകയും ഊർജ്ജസ്വലരാക്കുകയും ചെയ്യുന്നു. ഇതോടൊപ്പം മിച്ചം വരുന്ന ഉല്പന്നങ്ങൾ പ്രത്യേക വിപണന ക്യാംപെയ്നുകൾ വഴി പ്രാദേശികമായി വിപണനം നടത്തുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നു.

കേരളത്തിലെ കയർ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കയർ സംഭരിച്ച് മാർക്കറ്റ് വിലയ്ക്ക് ആനുപാതികമായി പ്രൈസ് ഫ്ലക്ച്വേഷൻ ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ഡിസ്കൗണ്ടുകൾ നല്കി മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും ചെറുകിട ഉൽപ്പാദകർക്കും വിൽപ്പന നടത്തുന്നതുവഴി കയർപിരി സംഘങ്ങളുടെ കയർ യഥാസമയം സംഭരിച്ച് വിൽപ്പന നടത്തുന്നതിനും കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സംഘങ്ങൾക്ക് ന്യായവിലയ്ക്ക് പ്രധാന അസംസ്കൃത വസ്തുവായ കയർ ലഭ്യമാക്കുന്നതിനുള്ള നടപടിയും കയർഫെഡ് ഏറ്റെടുത്ത് നടത്തുന്നു.

(ബി) കയർ ഉല്പന്നങ്ങൾക്ക് പുതിയ ഉപയോഗസാധ്യതകൾ കണ്ടെത്തുന്നതിനായി ചുവടെ പറയുന്ന പഠനങ്ങളും ഗവേഷണങ്ങളും നടത്തുകയും ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

<u>കയർ അക്വസ്റ്റിക് പാനൽ</u>

ശബ്ദം നിയന്ത്രിക്കാനായി ജൈവനാരായ കയർ ഉപയോഗിച്ച് അക്വസ്റ്റിക് പാനലുകൾ വികസിപ്പിച്ചെടുക്കുകയുണ്ടായി. തീ പിടിത്തത്തെ പ്രതിരോധിക്കാൻ കഴിയുന്ന ഈ ബോർഡുകൾ നിലവിൽ വിപണിയിലുള്ള അക്വസ്റ്റിക് പാനലുകളേക്കാൾ ചെലവ് കുറഞ്ഞതും എന്നാൽ ഉപയോഗപ്രദവുമായിട്ടുള്ളതാണ്. ശബ്ദം ആഗിരണം ചെയ്യുന്നതിനുപുറമേ ഒരു ഇൻസുലേറ്ററായി പ്രവർത്തിച്ച് താപനില ക്രമീകരിക്കുന്നതിന് സഹായിക്കുമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

കയർ കോമ്പോസിറ്റ്സ്

ചകിരിനാരും പോളിമറും ഉപയോഗിച്ചുകൊണ്ട് മോട്ടോർ വാഹന വ്യവസായത്തിലും റെയിൽവേയ്ക്കും ഗാർഹികാവശ്യങ്ങൾക്കും വേണ്ടിയുള്ള കയർ കോമ്പോസിറ്റ്സുകളും വികസിപ്പിക്കുകയുണ്ടായി.

ബൈൻഡർലെസ് ബോർഡ്

തൊണ്ട് ഉപയോഗിച്ച് തടിക്കുപകരം രാസവസ്തുക്കൾ ഒന്നും ഉപയോഗിക്കാതെ കയർ ബോർഡുകൾ ഉത്പാദിപ്പിക്കാമെന്ന് കണ്ടുപിടിച്ചിട്ടുണ്ട്. പൂർണ്ണമായും പരിസ്ഥിതിക്ക് അനുയോജ്യമായതും അഗ്നിബാധയെ ചെറുത്തുനിൽക്കാനും ശേഷിയുള്ള വസ്തുവാണ് ബൈൻഡർലെസ് ബോർഡ്.

കയർ ജിയോസെൽ

ചരിവ് പ്രദേശങ്ങളെ മണ്ണൊലിപ്പ് തടഞ്ഞുകൊണ്ട് കൃഷിക്കനുയോജ്യമാക്കുന്നതിനായി കയർ ജിയോസെൽ വികസിപ്പിക്കുകയുണ്ടായി. അറകളായി നെയ്തെടുത്ത ഇതിൽ മണ്ണ് നിറച്ച് ആവശ്യത്തിന് വളവും ചേർത്ത് ചരിവ് പ്രദേശത്ത് കൃഷി ചെയ്യാമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

മൾച്ചിംഗ് മാറ്റ്

വിളകൾക്കിടയിൽ തഴച്ചുവളരുന്ന കളകളെ ഒഴിവാക്കാനായി ചകിരിനാര്, റബ്ബർ തുടങ്ങിയ ജീർണ്ണിക്കുമ്പോൾ പ്രകൃതിക്കും മണ്ണിനും ജലത്തിനും ദോഷമില്ലാത്ത വിധമുള്ള വസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് പ്രകൃതിദത്തമായ പുതയിടീൽ വസ്തുക്കൾ വികസിപ്പിച്ചുകൊണ്ടിരിക്കുന്നു.

(സി) കേരളത്തിലെ കയർ വ്യവസായ മേഖലയുടെ രണ്ടാം പുനഃസംഘടനയുടെ പ്രധാന ഘടകങ്ങളിൽ ഒന്നാണ് കയർ ജിയോ ടെക്സ്റ്റൈൽസിന്റെ വ്യാപനം. ഈ പദ്ധതി വഴി പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന കയർ തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കപ്പെടണമെന്നുള്ള വ്യക്തമായ കാഴ്ചപ്പാടാണുള്ളത്.

കയർ കേരള 2017 അന്താരാഷ്ട്ര മേളയിൽ വച്ച് സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുമായി എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതി പ്രകാരം ടി സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന മണ്ണ്-ജല സംരക്ഷണം, കാർഷിക, റോഡ് നിർമ്മാണ പ്രവർത്തനങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് കരാർ ഒപ്പുവച്ചു. മാർച്ച് 2019 വരെ 5608011 സ്ക്വയർ മീറ്റർ കയർ ഭൂവസ്ത്രം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കയർഫെഡ്, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ എന്നിവ വഴി വിതരണം ചെയ്യുകയും വിരിക്കുകയും

ചെയ്തിട്ടുണ്ട്. കയർപിരി മേഖലയിലും ഉല്പന്ന മേഖലയിലുമുള്ള തൊഴിലാളികൾക്ക് പുതുതായി തൊഴിലവസരങ്ങൾ നൽകുന്നതിനും തൊഴിലാളികൾക്ക് സ്ഥിരവരുമാനം ഉറപ്പുവരുത്തുന്നതിനും കയർ ഭൂവസ്ത്ര പദ്ധതിമൂലം സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കുളങ്ങളും തോടുകളും അടക്കമുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിനാൽ കയർ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു. ചകിരി/കയർ വ്യവസായ സഹകരണ സംഘങ്ങൾക്ക് കൂടുതൽ വർക്ക് ഓർഡറുകൾ ലഭ്യമാകുകയും അതുമൂലം കൂടുതൽ തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. ടി നിർമ്മാണ പ്രവൃത്തികളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന്റെ മെച്ചങ്ങൾ പലതാണ്. കയർ ഭൂവസ്ത്രം നെയ്തെടുക്കുന്നതായതുകൊണ്ട് ഊടും പാവും ഉണ്ട്. ചരിവിൽ നീളത്തിന്റെ ദിശയിൽ ഇതു വിരിച്ചാൽ കയർ ഭൂവസ്ത്രം ജലത്തെ ശേഖരിച്ച് സ്വന്തം പ്രതലത്തിലൂടെ വലിച്ചുകൊണ്ടുപോയി പുറത്തേക്ക് ഒഴുക്കിവിടും. ഇങ്ങനെ വെള്ളം എളുപ്പം വാർന്നുപോകാൻ സഹായിക്കുന്നു. അതേസമയം കയർ ഭൂവസ്ത്രം അരിപ്പയായി പ്രവർത്തിച്ച് മണ്ണൊലിപ്പ് തടയുകയും ചെയ്യുന്നു. ചണം പോലുള്ള നാരുകളിൽ നിന്ന് വ്യത്യസ്തമായി ഏതാനും വർഷംകൊണ്ടേ കയർ ജീർണ്ണിക്കുകയുള്ളൂ. അതിനിടയിൽ സ്വാഭാവികമായും മണ്ണിനെ സംരക്ഷിക്കുന്ന പുല്ലും ചെടികളും വേരുപടലങ്ങളും വളർന്ന് പ്രകൃതിസഹജമായ കവചം മണ്ണിന് ഒരുക്കിയിരിക്കും. ഒടുവിൽ കയർ ഭൂവസ്ത്രം ജീർണ്ണിച്ച് പ്രകൃതിക്ക് ദോഷമുണ്ടാക്കാതെ മണ്ണിൽ അടിഞ്ഞുചേരുകയും ചെയ്യും.

(ഡി) കയറിന്റെ ആഭ്യന്തര വിപണനം ശക്തിപ്പെടുത്തുന്നതിന് കയർ ഉല്പന്ന വൈവിദ്ധ്യവത്കരണത്തിൽ ശ്രദ്ധ ചെലുത്തുകയും കയർ ജിയോ ടെക്സ്റ്റൈൽസ്, കയർ നീഡിൽ ഫെൽറ്റ്, കയർ കോമ്പോസിറ്റ് ബോർഡ്സ്, കയർ അക്വസ്റ്റിക്സ് പാനൽസ് എന്നിങ്ങനെയുള്ള ഉല്പന്നങ്ങളുടെ നിർമ്മാണത്തിന് പ്രാമുഖ്യം നൽകുകയും ചെയ്യുന്നു. ഇതുകൂടാതെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്ന നിർമ്മാണപ്രവൃത്തികളിൽ കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ നിശ്ചിത വിലയും കൂലിയും നൽകി സംഭരിക്കുന്നതിനും ഇവ കയറ്റുമതി ചെയ്യുന്നതിന് കയറ്റുമതി സ്ഥാപനങ്ങൾക്ക് നിശ്ചിത വിലയ്ക്ക് വിൽക്കുന്നതിനുംവേണ്ടി ക്രയവില സ്ഥിരതാപദ്ധതി നടപ്പാക്കുന്നു. കയർ കെട്ടിക്കിടക്കുകയും 70 ശതമാനം വരെ ഡിസ്കൗണ്ട് നൽകി വിറ്റഴിക്കേണ്ടിവരുന്നതുമായ സ്ഥിതി 2016-17-നുശേഷം

അവസാനിച്ചു. ഇതോടൊപ്പം മിച്ചം വരുന്ന ഉൽപ്പന്നങ്ങൾ പ്രത്യേക വിപണന ക്യാമ്പയിനുകൾ വഴി പ്രാദേശികമായി വിപണനം നടത്തുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നു. കേരളത്തിലെ കയർ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കയർ സംഭരിക്കുകയും മാർക്കറ്റ് വിലയ്ക്ക് ആനുപാതികമായി പ്രൈസ് ഫ്ലക്ചേഷൻ ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ഡിസ്കൗണ്ടുകൾ നൽകി മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും ചെറുകിട ഉൽപ്പാദകർക്കും വിൽപ്പന നടത്തുകയും ചെയ്യുന്നുണ്ട്.

## വൈദ്യുതി നയം 2019

21 (*200) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമസ്ത മേഖലകളുടെയും വികസനത്തിന് ആവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ വൈദ്യുതി നയം 2019 രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വൈദ്യുതി ഉല്പാദന രംഗത്ത് സ്വകാര്യ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിന് പ്രസ്തുത നയം വിഭാവനം ചെയ്യുന്നുണ്ടോ; വിശദമാക്കുമോ;

(സി) വൈദ്യുതി ഉല്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിന് എന്തൊക്കെ കാര്യങ്ങൾ നടപ്പിലാക്കുവാനാണ് ഈ നയം മുഖേന വിഭാവനം ചെയ്യുന്നത്;

(ഡി) സ്തംഭനത്തിലായ ഏതെങ്കിലും വൈദ്യുത പദ്ധതികൾ ഈ സർക്കാർ നിലവിൽ വന്നശേഷം പുനരാരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) വൈദ്യുതി നയം നടപ്പിലാക്കുന്നതിലൂടെ ഉപഭോക്താക്കൾക്ക് കുറഞ്ഞ ചെലവിൽ ഗുണമേന്മയേറിയ വൈദ്യുതി ഉറപ്പാക്കുവാൻ സാധ്യമായിട്ടുണ്ടോ; എങ്കിൽ അതിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) അടിസ്ഥാന സൗകര്യ മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്തുക എന്ന ലക്ഷ്യം മുൻനിർത്തി

സംസ്ഥാനത്ത് വൈദ്യുതനയം 2019 രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. വൈദ്യുതിനയം 2019 രൂപീകരണവുമായി ബന്ധപ്പെട്ട് വൈദ്യുതി നയത്തിന്റെ കരട് പൊതുജനാഭിപ്രായത്തിനായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ലഭിച്ച പൊതുജനാഭിപ്രായങ്ങൾ പരിശോധിച്ചും ചർച്ചകൾ വഴി അഭിപ്രായങ്ങൾ സ്വീകരിച്ചും കരട് രൂപത്തിൽ പറഞ്ഞിരിക്കുന്ന സാങ്കേതിക കാര്യങ്ങൾ നവീകരിച്ച് നയത്തിൽ വേണ്ട മാറ്റങ്ങൾ വരുത്തി അന്തിമരൂപം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. വൈദ്യുതി ഉത്പാദന രംഗത്ത് സ്വകാര്യ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാരിന്റെ 2012-ലെ ചെറുകിട ജലവൈദ്യുത നയം പ്രകാരം സ്വകാര്യ സംരംഭകർക്ക് 30 കൊല്ലത്തേക്ക് ബൂട്ട് (BOOT) അടിസ്ഥാനത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നൽകുന്നുണ്ട്. ഇത് തുടരുവാനും പുനരുപയോഗ ഊർജ്ജമേഖലയിൽ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും കരട് നയം വിഭാവന ചെയ്യുന്നുണ്ട്.

(സി) കേരള വൈദ്യുതി നയം 2019 പ്രകാരം വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കാൻ വിഭാവന ചെയ്യുന്നുണ്ട്. സംഭരണ ശേഷിയോടുകൂടിയ ജലനിലയങ്ങൾ വികസിപ്പിക്കുക, പുനരുപയോഗ സ്രോതസ്സുകളിൽ നിന്നും ഉള്ള വൈദ്യുതി വിഹിതം വർദ്ധിപ്പിക്കുക, പുനരുപയോഗ ഊർജ്ജ മേഖലയിൽ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുക, നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക, സംസ്ഥാനത്തെ ജലസംഭരണികൾ, വെള്ളക്കെട്ടുകൾ തുടങ്ങിയ ഇടങ്ങളിൽ ഫ്ലോട്ടിംഗ് സോളാർ സ്ഥാപിക്കുന്നതിനുള്ള സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക തുടങ്ങിയവയാണ് പ്രധാനപ്പെട്ട നടപടികൾ.

(ഡി) ഉണ്ട്. ഈ സർക്കാർ നിലവിൽ വന്നശേഷം പുനരാരംഭിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു:

1) ഇടമൺ-കൊച്ചി-മാടക്കത്തറ 400 കെ.വി. ലൈനിന്റെ ഇടമൺ മുതൽ കൊച്ചി വരെയുള്ള പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ.

2) 2015 മുതൽ നിർമ്മാണം മുടങ്ങിക്കിടന്നിരുന്ന പള്ളിവാസൽ എക്സ്റ്റൻഷൻ ജലവൈദ്യുത പദ്ധതി (60 മെഗാവാട്ട്), തോട്ടിയാർ ജലവൈദ്യുത പദ്ധതി (40 മെഗാവാട്ട്), ചാത്തൻകോട്ടുനട II ചെറുകിട ജലവൈദ്യുത പദ്ധതി (6 മെഗാവാട്ട്) എന്നിവയുടെ നിർമ്മാണം പുനരാരംഭിച്ചു. ഇവയുടെ മൊത്തം സ്ഥാപിതശേഷി 106 മെഗാവാട്ട് ആണ്.

(ഇ) ഉപഭോക്താക്കൾക്ക് കുറഞ്ഞ ചെലവിൽ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കാൻ സ്വീകരിക്കേണ്ട നടപടികൾ കരട് വൈദ്യുതി നയം 2019-ൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതിന്റെ ചുവടുപിടിച്ച് പുനരുപയോഗ സ്രോതസ്സുകളിൽ നിന്നും മറ്റ് ആഭ്യന്തര നിലയങ്ങളിൽ നിന്നും ഉള്ള വൈദ്യുതി വിഹിതം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ദീർഘകാല കരാറുകളിലൂടെയും ഹ്രസ്വകാല വൈദ്യുത മാർക്കറ്റിൽ വൈദ്യുത നിരക്ക് കുറഞ്ഞിരിക്കുമ്പോൾ ആ വിധത്തിലും പുറമേ നിന്ന് വൈദ്യുതി എത്തിച്ചും ശരാശരി വൈദ്യുതി വില പരമാവധി കുറച്ചുനിർത്താൻ സാധിച്ചിട്ടുണ്ട്.

8-7-2019-ൽ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് ഉത്തരവുപ്രകാരം LT III (B0 താൽക്കാലിക കണക്ഷനുകൾ LT VI(C) ജനറൽ (ബാങ്കുകൾ, റവന്യൂ കളക്ഷനുമായി ബന്ധപ്പെട്ടുള്ള കേന്ദ്ര/സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ മുതലായവ) എന്നിവയുടെ വൈദ്യുതി ചാർജിൽ വ്യത്യാസം വരുത്തിയിട്ടില്ല.

LT VI (B) ജനറൽ (കേന്ദ്ര/സംസ്ഥാന ഗവൺമെന്റ് ഓഫീസുകൾ) LT VI(F) ജനറൽ (നിർമ്മാണ പ്രവർത്തനങ്ങൾ, ബി.എസ്.എൻ.എൽ., സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുതലായവ.), LT VI (G) ജനറൽ (പ്രൈവറ്റ് ആശുപത്രികളും അനുബന്ധ സ്ഥാപനങ്ങളും) LT VII (A) വാണിജ്യം/വാണിജ്യ സ്ഥാപനങ്ങൾ, മുകളിൽ സൂചിപ്പിച്ച കാറ്റഗറിയിൽപ്പെടുന്ന ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ വിഭാഗത്തിലെ ഉപഭോക്താക്കൾ, റെയിൽവേ ട്രാക്ഷൻ, കെ.എം.ആർ.എൽ. എന്നീ വിഭാഗങ്ങളുടെ എനർജി ചാർജിൽ വ്യത്യാസം വരുത്തിയിട്ടില്ല.

കൂടാതെ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗാർഹിക ഉപഭോക്താക്കൾ, എൻഡോസൾഫാൻ ദുരിതബാധിതർ, കാൻസർ രോഗികൾ, സ്ഥിരമായി അംഗവൈകല്യമുള്ളവർ (BPL മാത്രം) എന്നിവർക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകിവരുന്നു (യൂണിറ്റൊന്നിന് 150 രൂപ).

ഗുണമേന്മയുള്ള വൈദ്യുതിയുടെ ഇടതടവില്ലാത്ത ലഭ്യത ഉറപ്പുവരുത്താൻ ലക്ഷ്യമിട്ട് രൂപം കൊടുത്തിട്ടുള്ള ട്രാൻസ്ഗ്രിഡ് 2.0, ദ്യുതി പദ്ധതികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. കെ.എസ്.ഇ.ബി.എൽ.-ന്റെ വിവിധ പ്രവർത്തന ചെലവുകൾ, പലിശ ചെലവുകൾ, വൈദ്യുതി വാങ്ങൽ ചെലവുകൾ എന്നിവ നിയന്ത്രിച്ചും വൈദ്യുതി നിരക്കിലെ വർദ്ധനവ് വിലക്കയറ്റ തോതിനേക്കാൾ കുറച്ചുനിർത്താൻ ഈ കാലഘട്ടത്തിൽ കഴിഞ്ഞിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ റവന്യൂ വർദ്ധനവിനുദ്ദേശിക്കുന്ന മാർഗ്ഗങ്ങൾ

22 (*202) ശ്രീ. എ. പ്രദീപ്കുമാർ:

ശ്രീ. ആർ. രാജേഷ്:

ശ്രീ. കെ. ബാബു:

ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനം, ജി.എസ്.ടി. നടപ്പിലാക്കിയതിലെ അനവധാനത, കേന്ദ്രസർക്കാരിന്റെ തെറ്റായ നയങ്ങൾ കൊണ്ടും നടപടി കൊണ്ടും സംജാതമായ സാമ്പത്തിക മാന്ദ്യം എന്നിവയും ആവർത്തിച്ചുണ്ടായ തീവ്രപ്രളയവും സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിക്ക് സൃഷ്ടിച്ചിട്ടുള്ള വെല്ലുവിളി മറികടക്കാൻ നടത്തുന്ന പ്രവർത്തനം അറിയിക്കാമോ;

(ബി) ജി.എസ്.ടി. നിയമത്തിലെ നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ അടയ്ക്കാതെ തന്നെ വീണ്ടും ചട്ടങ്ങൾ ലഘൂകരിച്ചതും സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ട കോർപ്പറേറ്റ് നികുതിയിൽ കേന്ദ്രസർക്കാർ കുറവു വരുത്തിയതും സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഇടിവ് സൃഷ്ടിക്കാനിടയുള്ളത് മറികടന്നുകൊണ്ട് റവന്യൂ വർദ്ധനവിനുദ്ദേശിക്കുന്ന മാർഗ്ഗങ്ങൾ എന്തൊക്കെയാണ്;

(സി) പ്രതിസന്ധിക്കിടയിലും പാവപ്പെട്ടവർക്ക് നൽകുന്ന ക്ഷേമ പെൻഷൻ വർദ്ധിപ്പിച്ച നിരക്കിൽ യഥാസമയം നൽകാൻ സാധ്യമായിട്ടുണ്ടോ എന്ന് അറിയിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിത ഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തിക മാന്ദ്യം സംസ്ഥാന സമ്പദ്‌വ്യവസ്ഥയെയും പ്രതികൂലമായി ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിലുണ്ടായ രണ്ട് പ്രളയങ്ങൾ, നോട്ട് നിരോധനത്തിന്റെയും ചരക്ക് സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ കൂടുതൽ ദുർബ്ബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്., ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്ര സർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർനിർമ്മാണത്തിന് വാർഷിക വായ്പാ പരിധിക്ക് പുറത്ത് വായ്പ എടുക്കുവാനോ വായ്പാ പരിധി ഉയർത്തുന്നതിനോ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടില്ല.

അതേസമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തല സൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർ സൃഷ്ടിക്കേണ്ടതുണ്ട്. മേൽ വിവരിച്ച സാമ്പത്തിക ബുദ്ധിമുട്ടിന്റെ നിഴലിലും ചെലവുകൾ വെട്ടിച്ചുരുക്കി സംസ്ഥാന ധനനയത്തിൽ ഒരു അടിസ്ഥാന തിരുത്തലും വരുത്തില്ല. ക്ഷേമ വികസന പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കാൻ തന്നെയാണ് ബഡ്ജറ്റിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടും നിലവിലെ പ്രതിസന്ധി തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. വായ്പ എടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബഡ്ജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽമുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു. 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹര സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനോടകം 45618.6 കോടി രൂപയുടെ 591 പശ്ചാത്തല സൗകര്യ വികസന പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു. ഇവയിൽ 247 പ്രവൃത്തികളുടെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. ഇത് വാസ്തവത്തിൽ രാജ്യത്ത് ഏതെങ്കിലും സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഏറ്റവും വലിയ ഉത്തേജക പാക്കേജാണ്.

2. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനെസ്റ്റി സ്കീമുകൾ നടപ്പിലാക്കി.

3. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.

4. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി.

5. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.

6. വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.
7. ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിദ്ധ്യവത്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടംഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചു.

(ബി) ജി.എസ്.ടി. നിയമത്തിലെ നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടച്ചുകൊണ്ടുതന്നെയാണ് ഭരണ നിർവ്വഹണം നടത്തുന്നത്. ഇതിന്റെ ഭാഗമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു:

1. 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേണുകൾ ലഭ്യമാകുമ്പോൾ നികുതി കണക്കുകൾ സ്ക്രൂട്ടണൈസ് ചെയ്ത് വ്യാപാരികളുടെ വിൽക്കൽ, വാങ്ങൽ വൗച്ചർ താരതമ്യപ്പെടുത്തി അനധികൃതമായി ഇൻപുട്ട് ക്രെഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കാണിച്ചതുമെല്ലാം കണ്ടുപിടിച്ച് നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചുപിടിക്കാൻ കഴിയും.
2. ജി.എസ്.ടി.ആർ.-2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ.-3 ബി, ജി.എസ്.ടി.ആർ-1 ഇവ തമ്മിലുള്ള താരതമ്യം, ഈ-വേ ബിൽ ഡാറ്റാ എന്നിവ യഥാസമയം പരിശോധനാ വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
3. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം (എ.എൻ.പി.ആർ.) വഴി കേരളത്തിലേക്ക് വരുന്ന എല്ലാ ചരക്കു വാഹനങ്ങളിലും ഈ-വേ ബിൽ പരിശോധന തൽസമയം നടത്തുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കു വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഈ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പുവരുത്തുന്നതാണ്. ഈ-വേ ബിൽ ഇല്ലാത്തപക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലെർട്ട് സന്ദേശം നൽകുന്നതാണ്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കുകയും മറ്റ് പ്രധാന 23 അതിർത്തി മേഖലകളിൽ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്.

4. റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

5. നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചു വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ചരക്കു സേവന നികുതി വിതരണക്കാർക്കും ഉപയോക്താക്കൾക്കും ബോധവത്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വ്യാപാര സ്ഥാപനങ്ങൾ ബില്ല് കൊടുക്കുന്നുണ്ടോയെന്ന് ടെസ്റ്റ് പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നു.

മറ്റ് നികുതികളിൽ നിന്നുള്ള വരുമാനം വർദ്ധപ്പിക്കുന്നതിലേയ്ക്കായി കുടിശ്ശിക നിവാരണത്തിനായി ആകർഷകമായ ആംനെസ്റ്റി സ്കീമുകൾ നടപ്പിലാക്കുകയും റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്യു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ 600 രൂപയായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ 15-7-2016-ലെ സ.ഉ.(കൈ) 282/2016/ധന. പ്രകാരം 1-6-2016 മുതൽ 1000 രൂപയായും 23-3-2017-ലെ സ.ഉ. (കൈ) 204/2017/ധന. പ്രകാരം 1-4-2017 മുതൽ 1100 രൂപയായും തുടർന്ന് 18-2-2019-ലെ സ.ഉ. (കൈ) 91/2019/ധന. പ്രകാരം 1-4-2019 മുതൽ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ പ്രതിമാസം 1200 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. 21-2-2018-ലെ സ.ഉ.(കൈ) 61/2018/ധന. പ്രകാരം 80 ശതമാനവും അതിനുമുകളിലും വൈകല്യമുള്ളവർക്ക് 21-2-2018 മുതൽ പെൻഷൻ തുക 1100 രൂപയിൽ നിന്നും 1300 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ എണ്ണം ഈ സർക്കാരിന്റെ കാലത്ത് 3443414-ൽ നിന്നും 4679645 ആയി വർദ്ധിച്ചിട്ടുണ്ട്. സർക്കാർ ധനസഹായത്തോടെ പെൻഷൻ നൽകുന്ന വിവിധ ക്ഷേമനിധി ബോർഡുകളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്ന 656609 പേരും ഉണ്ട്. ക്ഷേമനിധി ബോർഡ് പെൻഷനും സാമൂഹ്യ സുരക്ഷാ പെൻഷന് തുല്യമായി വർദ്ധിപ്പിക്കുകയും അത് സർക്കാർ തന്നെ വഹിക്കുകയും ചെയ്യുന്നുണ്ട്. ഇതിനേക്കാൾ ഉയർന്ന നിരക്കിൽ നൽകിവരുന്ന സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ ആ നിരക്കിൽ തന്നെ ലഭ്യമാക്കുന്നതിനും അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശികയിനത്തിൽ നൽകാനുണ്ടായിരുന്ന 1473.67 കോടി രൂപ ഈ സർക്കാർ നൽകുകയുണ്ടായി. നിലവിൽ വിഷു, ഓണം, ക്രിസ്തുമസ് എന്നീ

അവസരങ്ങളിലാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകിവരുന്നത്. 2019 ജൂലൈ മാസം വരെയുള്ള പെൻഷൻ ഈ വർഷത്തെ ഓണത്തോടനുബന്ധിച്ച് വിതരണം ചെയ്യുകയുണ്ടായി. ഇതുപ്രകാരം നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശികയില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ സമയബന്ധിതമായി തന്നെ വിതരണം ചെയ്തുവരുന്നു.

## കയർ വ്യവസായം സംരക്ഷിക്കാനായി പദ്ധതി

23 (*203) ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. സജി ചെറിയാൻ:
ശ്രീ. കെ. ദാസൻ:
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന പരമ്പരാഗത തൊഴിലാളികളുടെ താല്പര്യം പരിരക്ഷിച്ചുകൊണ്ട് യന്ത്രവൽക്കരണത്തിലൂടെ കയർ വ്യവസായം സംരക്ഷിക്കാനായി നടത്തിവരുന്ന പ്രവർത്തനം വിശദമാക്കാമോ;

(ബി) സർക്കാരിന്റെ ഇടപെടലിന്റെ ഫലമായി ചകിരി ഉല്പാദനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തിലെ തൊണ്ടിന്റെ മുപ്പത് ശതമാനം ചകിരിയാക്കുകയെന്ന ലക്ഷ്യത്തോടെ കുടുംബശ്രീയെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ഡി) ഉല്പാദന വർദ്ധനവിനനുസരിച്ച് വിപണി കണ്ടെത്തുന്നതിനായി ഉല്പന്ന വൈവിദ്ധ്യവൽക്കരണം, ആധുനിക മാർക്കറ്റിംഗ് തുടങ്ങിയ രംഗങ്ങളിൽ പുരോഗതി കൈവരിക്കാനായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കയർ സംഭരണം 2015-16-ൽ 78820.40 ക്വിന്റൽ ആയിരുന്നത് 2018-19-ൽ 157000 ക്വിന്റൽ ആയി ഉയർന്നു. കയർ ഉൽപ്പന്ന സംഭരണം ഇക്കാലയളവിൽ 97.45 കോടി രൂപയിൽ നിന്നും 153.19 കോടി രൂപയായി വർദ്ധിച്ചു. ചകിരി ഉൽപ്പാദനത്തിനായി പുതിയ 75 ഡി.എഫ്. മില്ലുകൾ പ്രവർത്തനമാരംഭിച്ചു. ഈ സാമ്പത്തിക വർഷാവസാനത്തോടെ അത് 100 കടക്കും. പരമ്പരാഗത കയർ മേഖലയെ സംരക്ഷിച്ചുകൊണ്ട് സമ്പൂർണ്ണ ആധുനീകരണത്തിനാണ് കയർ വകുപ്പ് നേതൃത്വം നൽകുന്നത്. കയർ രണ്ടാം

പുനഃസംഘടനയുടെ ഭാഗമായി എല്ലാ നിയന്ത്രണങ്ങളും എടുത്തുമാറ്റിക്കൊണ്ട് കയർ മേഖലയിൽ യന്ത്രവൽക്കരണവും ആധുനികവൽക്കരണവും നടപ്പാക്കുകയാണ്. എന്നാൽ ഈ മാറ്റം പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെയും കൂലിയെയും യാതൊരുവിധത്തിലും ബാധിക്കാത്ത തരത്തിലാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കയർ വ്യവസായ സഹകരണ സംഘങ്ങളിൽ പരമ്പരാഗത രീതിയിൽ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ കയറും വേതനം നൽകി എന്നുറപ്പാക്കിയശേഷം കയർഫെഡ് വഴി സർക്കാർ സംഭരിക്കും. കൂലിയുടെ ഒരു ഭാഗം (110 രൂപ) പ്രതിദിന വരുമാനം ഉറപ്പാക്കൽ പദ്ധതിയുടെ ഭാഗമായി പരമ്പരാഗത റാട്ടുകളിലും ഇലക്ട്രോണിക് റാട്ടുകളിലും പണിയെടുക്കുന്ന തൊഴിലാളികൾക്ക് സർക്കാർ നൽകിവരുന്നു. 2018-19 വർഷത്തിൽ 22.46 കോടി രൂപ ഇപ്രകാരം സർക്കാർ നൽകിയിട്ടുണ്ട്. ഈ വർഷം സെപ്റ്റംബർ 30 വരെ 9.03 കോടി രൂപ നൽകിയിട്ടുണ്ട്. ഈ വർഷം 25 കോടി രൂപ ഇതിനകം സർക്കാരിൽ നിന്നും കയർ വികസന വകുപ്പിന് നൽകിയിട്ടുണ്ട്. ഈ തുക പൂർണ്ണമായും പരമ്പരാഗത തൊഴിലാളികൾക്ക് മാത്രമായി നൽകുന്നതാണ്. തൊഴിലാളികളുടെ കൂലി പ്രതിദിനം 300 രൂപയിൽ നിന്നും 350 രൂപയാക്കി 1-1-2019 മുതൽ ഉയർത്തിയിട്ടുണ്ട്.

(ബി) കയർ മേഖലയിൽ നടപ്പാക്കുന്ന രണ്ടാം പുനഃസംഘടനാ പദ്ധതി പ്രകാരം ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദന കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തി തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവത്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും ലക്ഷ്യമിടുന്നു. കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്., തദ്ദേശഭരണ സ്ഥാപനങ്ങൾ, നാളികേര ഉൽപ്പാദക കമ്പനികൾ എന്നിവയ്ക്ക് 90 ശതമാനം സബ്സിഡിയോടെയും സ്വകാര്യ സംരംഭകർ/ഇതര ഏജൻസികൾ എന്നിവയ്ക്ക് 50 ശതമാനം സബ്സിഡിയോടെയും ഡീ-ഫൈബറിംഗ് മിൽ അനുവദിക്കുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്.

കയർ സഹകരണ സംഘങ്ങൾക്ക് പുറമേ പുതുതായി ആരംഭിക്കുന്ന സ്വകാര്യ യൂണിറ്റുകൾ/സ്വകാര്യ സംരംഭകർ/ഇതര ഏജൻസികൾ എന്നിവയ്ക്ക് ചകിരി ഉൽപ്പാദനത്തിന് 50 ശതമാനം സബ്ഡിയോടെ ഡി.എഫ്. മില്ലുകൾ അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനികളുമായി സഹകരിച്ച് പരമാവധി തൊണ്ട് ശേഖരിക്കുന്നതിനുള്ള നടപടികൾ ആലോചിച്ചുവരുന്നു.

സർക്കാരിന്റെ ഇത്തരം ഇടപെടലിന്റെ ഫലമായി ചകിരി ഉൽപ്പാദനത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് 44 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2015-16-ൽ കയർഫെഡ് സംസ്ഥാനത്തിനകത്തുനിന്നോ പുറത്തുനിന്നോ ചകിരി സംഭരിച്ച് കയർ സംഘങ്ങൾക്ക് നൽകിയിരുന്നില്ല. എന്നാൽ 2016-17 മുതൽ കയർഫെഡ് കേരളത്തിലെ ഡി.എഫ്. മില്ലുകളിൽ നിന്ന് ചകിരി സംഭരിച്ച് സംഘങ്ങൾക്ക് നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

<table>
<tr><th>വർഷം</th><th>ചകിരി വില ലക്ഷത്തിൽ</th><th></th></tr>
<tr><td>2015-16</td><td>ഇല്ല</td><td rowspan="4">2019-20 സെപ്റ്റംബർ 30 വരെ 179.05 ലക്ഷം രൂപ വിലമതിക്കുന്ന ചകിരി സംസ്ഥാനത്തെ ഡി.എഫ്. മില്ലുകളിൽ നിന്ന് കയർഫെഡ് സംഭരിച്ച് സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇത് മുൻവർഷത്തേക്കാൾ 44 ശതമാനം അധികമാണ്.</td></tr>
<tr><td>2016-17</td><td>50.94</td></tr>
<tr><td>2017-18</td><td>78.14</td></tr>
<tr><td>2018-19</td><td>284.02</td></tr>
</table>

13-ാം പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി പ്രഖ്യാപിക്കപ്പെട്ട 500 ചകിരി മില്ലുകൾ സ്ഥാപിക്കുന്നതോടുകൂടി ചകിരി ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സാധിക്കുന്നതാണ്.

(സി) ആഭ്യന്തര ചകിരി ഉത്പാദനത്തിൽ ഗണ്യമായ അളവിൽ സ്വയം പര്യാപ്തത ലക്ഷ്യംവച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. സഹകരണ മേഖലയിലും സ്വകാര്യ മേഖലയിലും കുടുംബശ്രീ വഴിയുമെല്ലാമായി ഇതിനോടകം 75 ഡി.എഫ്. മില്ലുകൾ പുതുതായി സ്ഥാപിക്കാൻ കഴിഞ്ഞു. 13-ാം പഞ്ചവൽസര പദ്ധതി കാലത്ത് 500 ഡി.എഫ്. മില്ലുകൾ എന്ന ലക്ഷ്യം വച്ചുള്ള പ്രവർത്തനം വിജയകരമായി മുന്നേറുകയാണ്. കയർ മേഖലയിൽ രണ്ടാം പുനഃസംഘടനാ പദ്ധതി നടപ്പിലാക്കിവരുന്നു. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തി തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവൽക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉത്പാദിപ്പിക്കുന്നതിനും കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപടി സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി കുടുംബശ്രീ സംസ്ഥാന മിഷനും ജില്ലാ മിഷനുകളുമായി ചർച്ചകൾ നടത്തുകയുണ്ടായി. കണ്ണൂർ പ്രോജക്ട് ഓഫീസിനു കീഴിൽ രണ്ടും തൃശ്ശൂർ പ്രോജക്ട്

ഓഫീസിനുകീഴിൽ ഒന്നും ഉൾപ്പെടെ മൂന്ന് ഡീ-ഫൈബറിംഗ് മില്ലുകളാണ് സംസ്ഥാനത്ത് കുടുംബശ്രീ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുള്ളത്. കണ്ണൂർ, തൃശ്ശൂർ, നോർത്ത് പറവൂർ, കോഴിക്കോട്, പൊന്നാനി എന്നീ പ്രോജക്ടുകളിലായി ആറ് ഡീ-ഫൈബറിംഗ് യൂണിറ്റുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. കുടുംബശ്രീയിൽ നിന്ന് കൂടുതൽ പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇതിനാവശ്യമായ ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള പണം (407.5 ലക്ഷം രൂപ) കേരള സ്റ്റേറ്റ് കയർ മെഷീനറി മാനുഫാക്ചറിംഗ് കമ്പനിക്ക് കൈമാറിയിട്ടുണ്ട്.

(ഡി) പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ നിശ്ചിത വിലയും കൂലിയും നൽകി സംഭരിക്കുന്നതിനും അവ കയറ്റുമതി ചെയ്യുന്നതിനുമായി കയറ്റുമതി സ്ഥാപനങ്ങൾക്ക് നിശ്ചിത വിലയ്ക്ക് വിൽക്കുന്നതിനും വേണ്ടി കേരള സർക്കാർ ആവിഷ്കരിച്ച ക്രയവില സ്ഥിരതാപദ്ധതി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ വഴി നടപ്പാക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 13.5 ശതമാനത്തിൽ നിന്നും ക്രയവില സ്ഥിരതാപദ്ധതിയുടെ ആനുകൂല്യം 16 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. തന്മൂലം കയറ്റുമതിക്കാർക്ക് 7.5 ശതമാനത്തിൽ നിന്നും 10 ശതമാനം ഡിസ്കൗണ്ടിൽ കയർ കോർപ്പറേഷനിൽ നിന്നും ഉൽപ്പന്നങ്ങൾ സംഭരിക്കാവുന്നതാണ്. ഇത് ഉൽപ്പന്ന സംഭരണത്തിൽ വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്.

കയർ ഭൂവസ്ത്ര പദ്ധതി പരമ്പരാഗത കയർ തൊഴിലാളികളുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് ഏറെ സഹായിച്ച ഒന്നാണ്. കയർ ഭൂവസ്ത്രം നേരത്തേതന്നെ പ്രചാരത്തിൽ ഉണ്ടായിരുന്നെങ്കിലും മണ്ണ്-ജല സംരക്ഷണ പദ്ധതികളിലും റോഡ് നിർമ്മാണത്തിലും വ്യാപകമായി ഉപയോഗപ്പെടുത്താനായത് "കയർ കേരള 2017" അന്താരാഷ്ട്ര മേളയിൽ ഒപ്പ് വയ്ക്കപ്പെട്ട 120 കോടി രൂപയുടെ ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. ഇവയിൽ 43 കോടി രൂപയുടെ ഓർഡറുകൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷവും കുറഞ്ഞത് 100 കോടി രൂപയുടെ ഓർഡറുകൾ എങ്കിലും ശേഖരിക്കുന്നതിന് കയർ വികസന വകുപ്പ് ശ്രമിച്ചുകൊണ്ടിരിക്കുന്നു. " കയർ കേരള 2019" അന്താരാഷ്ട്ര മേളയിൽ വച്ച് ഇതിന്റെ ധാരണാപത്രം ഒപ്പിടുന്നതാണ്. ചകിരി ഉൽപ്പാദനം, കയർ ഉൽപ്പാദനം, കയർ ഭൂവസ്ത്ര നിർമ്മാണം, തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികൾ എന്നീ നാല് മേഖലകളിൽ വർദ്ധിച്ചതോതിൽ തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിന് ഈ പദ്ധതി സഹായകരമായി.

## സഹകരണ മേഖലയിൽ വരുമാന നികുതി ഈടാക്കാനുള്ള കേന്ദ്രനീക്കം

24 (*204) ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളുടെയും സഹകരണ ബാങ്കുകളുടെയും വരുമാന നികുതി വാണിജ്യ ബാങ്കുകളുടേതിനു തുല്യമായി ഈടാക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നീക്കം സംസ്ഥാനത്തെ സഹകരണ മേഖലയ്ക്ക് കനത്ത തിരിച്ചടി ആകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംഘങ്ങളുടെ നിലനിൽപ്പിനെത്തന്നെ പ്രതികൂലമായി ബാധിക്കുന്ന പ്രസ്തുത നടപടി പിൻവലിക്കണമെന്നും സഹകരണ സ്ഥാപനങ്ങൾക്ക് വരുമാന നികുതിയിൽ ഇളവ് നൽകണമെന്നും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ആദായ നികുതി നിയമത്തിൽ "194 എൻ" എന്ന വകുപ്പ് കൂട്ടിച്ചേർത്തതുമൂലം സഹകരണ മേഖലയിൽ ഉടലെടുത്തിട്ടുള്ള പ്രശ്നങ്ങൾ വിശദമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) ഉണ്ട്. റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിൽ വരാത്ത എല്ലാ സഹകരണ സംഘങ്ങൾക്കും ആദായ നികുതി ഇളവ് അനുവദിക്കാവുന്നതാണെന്ന് 1961-ലെ ഇൻകംടാക്സ് ആക്ടിലെ വകുപ്പ് 80(പി)(2)ൽ പ്രതിപാദിച്ചിരുന്നു. എന്നാൽ 2006-ലെ ഫിനാൻസ് ആക്ട് ഭേദഗതി പ്രകാരം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ ഒഴികെയുള്ള സഹകരണ സംഘങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന ആദായനികുതി ആനുകൂല്യം നിഷേധിക്കപ്പെട്ടു. കൂടാതെ സംഘങ്ങളുടെ വരുമാനത്തിൽ അധികഭാഗവും കാർഷികേതര പ്രവർത്തനങ്ങളിൽ നിന്ന് നേടുന്നതാണെന്ന വാദം ഉന്നയിച്ചും ആദായനികുതി വകുപ്പ് കോടതിയിൽ നിന്ന് അനുകൂലമായി വിധി സമ്പാദിക്കാറുണ്ട്. കേസ്സ് സുപ്രീംകോടതിയിൽ നടന്നുവരുന്നു. നിലവിൽ 80(പി)യുടെ ആനുകൂല്യം ലഭിക്കുന്ന പി.എ.സി.എസ്., പി.സി.എ.ആർ.ഡി.ബി. എന്നിവയുടെ ആനുകൂല്യം നഷ്ടമായാൽ ആയത് ടി സഹകരണ സംഘങ്ങളുടെ ലാഭക്ഷമതയെ ബാധിക്കുകയും അംഗങ്ങൾക്ക്

ലഭിക്കുന്ന ഡിവിഡന്റിൽ കുറവ് വരുന്നതിനും ലാഭത്തിൽ നിന്നും വകമാറ്റുന്ന മറ്റ് ഫണ്ടുകളെ ദോഷകരമായി ബാധിക്കുകയും ആഡിറ്റ് റിപ്പോർട്ട് പ്രകാരം ഒട്ടുമിക്ക സ്ഥാപനങ്ങളും നഷ്ടത്തിലാവുകയും ചെയ്യും. കൂടാതെ സഹകരണ സംഘങ്ങളിലെ ഭൂരിഭാഗം നിക്ഷേപകരും സാധാരണക്കാരാണ്. നിക്ഷേപങ്ങൾക്ക് ആദായനികുതി നൽകേണ്ടി വരുമെന്ന ആദായനികുതി വകുപ്പിന്റെ നിലപാട് ബാങ്കിന് നിക്ഷേപകരെ നഷ്ടപ്പെടുന്നതിന് കാരണമാകും. അത് സഹകരണ ബാങ്കുകളുടെ പ്രവർത്തന മൂലധനത്തേയും നിക്ഷേപത്തേയും പ്രവർത്തനത്തേയും ദോഷകരമായി ബാധിക്കുന്നതാണ്.

(ബി) ആവശ്യപ്പെട്ടിട്ടുണ്ട്. സംഘങ്ങളുടെ നിലനില്പിനെ തന്നെ പ്രതികൂലമായി ബാധിക്കുന്ന പ്രസ്തുത നടപടി പിൻവലിക്കണമെന്നും സഹകരണ സ്ഥാപനങ്ങൾക്ക് വരുമാന നികുതിയിൽ ഇളവ് നൽകണമെന്നുമുള്ള ആവശ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി ടി വിഷയം എം.പി.-മാരുടെ സമ്മേളനത്തിൽ അജണ്ടയായി കൊണ്ടുവരികയും ആദായനികുതി നിയമത്തിലെ ബന്ധപ്പെട്ട സെക്ഷനുകളിൽ മതിയായ ഭേദഗതി വരുത്തി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് ആദായനികുതി ഇളവ് ലഭ്യമാക്കുന്നതിന് 2-7-2018-ലും 17-08-2019-ലും കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് സഹകരണ വകുപ്പുമന്ത്രി മെമ്മോറാണ്ടം നൽകിയിട്ടുണ്ട്.

(സി) കേന്ദ്ര ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിച്ചേർത്ത 194 N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ ഒരു വർഷം ഒരു കോടിയിലധികം രൂപ ബാങ്കുകളിൽ നിന്നും പിൻവലിക്കുന്നവരിൽ നിന്നും 2 ശതമാനം ആദായനികുതി ഈടാക്കാൻ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ബാങ്കിംഗ് ബിസിനസ് നടത്തുന്ന സഹകരണ സംഘങ്ങളെ ടി വകുപ്പിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ ബാങ്കിംഗ് ബിസിനസ് അല്ല ചെയ്യുന്നത് എന്ന നിലയിൽ പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും ആദായനികുതി ഈടാക്കണമെന്ന് കാണിച്ച് ആദായനികുതി വകുപ്പ് നോട്ടീസ് നൽകിയിട്ടുണ്ട്. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും 3-10-2019-ലെ സെൻട്രൽ ബാങ്ക് കോൺഫറൻസിൽ വിഷയം അജണ്ടയിൽ ഉൾപ്പെടുത്തി വിശദമായി ചർച്ച ചെയ്യുകയും ടി നിയമഭേദഗതിക്കെതിരെ കൂട്ടായ പ്രവർത്തനങ്ങൾ വേണ്ടതുണ്ട് എന്ന് തീരുമാനിച്ച് ടി നിയമത്തിലെ പ്രസ്തുത വകുപ്പിന്റെ പരിധിയിൽ നിന്നും സംസ്ഥാനത്തെ സഹകരണ മേഖലയെ ഒഴിവാക്കുന്നതിനായി 11-10-2019-ൽ ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി, കേന്ദ്ര കൃഷി വകുപ്പുമന്ത്രി എന്നിവർക്ക് സംസ്ഥാന സഹകരണ വകുപ്പുമന്ത്രി നിവേദനം സമർപ്പിച്ചിട്ടുണ്ട്.

## പ്രളയക്കെടുതി നേരിടുന്നതിനായി കേന്ദ്ര ധനസഹായം

25 (*205) ശ്രീമതി സി. കെ. ആശ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം തുടർച്ചയായി രണ്ടാം വർഷവും പ്രളയം അഭിമുഖീകരിച്ചതിനാൽ പ്രളയക്കെടുതി നേരിടുന്നതിനായി കേന്ദ്രത്തോട് അധിക ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനം നേരിട്ട പ്രളയക്കെടുതി സംബന്ധിച്ചും തന്മൂലമുണ്ടായ നഷ്ടം നികത്തുന്നതിനാവശ്യമായ തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടും പതിനഞ്ചാം ധനകാര്യ കമ്മീഷന് നിവേദനം നല്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇക്കാര്യത്തിൽ ധനകാര്യ കമ്മീഷനിൽ നിന്ന് ആശാവഹമായ പ്രതികരണമാണോ ഉണ്ടായിട്ടുള്ളതെന്ന് അറിയിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ഉണ്ട്.

(ബി) ഉണ്ട്. 2019 സെപ്റ്റംബറിൽ പതിനഞ്ചാം ധനകാര്യ കമ്മീഷന് നൽകിയ സപ്ലിമെന്ററി മെമ്മോറാണ്ടത്തിൽ 2018, 2019 എന്നീ വർഷങ്ങളിലെ പ്രളയക്കെടുതി സംബന്ധിച്ചും തന്മൂലമുണ്ടായ നഷ്ടം നികത്തുന്നതിനും ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ട്. ദുരന്തസാധ്യതാ മേഖലകളിലെ ജനങ്ങളുടെ പുനരധിവാസത്തിന് 1000 കോടി രൂപയും റോഡുകളുടെ പുനർ നിർമ്മാണത്തിനായി 1000 കോടി രൂപയും തകർന്നുപോയ പാലങ്ങൾ പുനർ നിർമ്മിക്കുന്നതിനായി 500 കോടി രൂപയും അനുവദിക്കണമെന്നും കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) 2019 നവംബർ 30-നകം ധനകമ്മീഷൻ റിപ്പോർട്ട് കേന്ദ്രഗവൺമെന്റിന് സമർപ്പിക്കുമ്പോൾ മാത്രമേ ഇതിന്മേലുള്ള പ്രതികരണം അറിയാൻ സാധിക്കൂ.

**കെയർ ഹോം പദ്ധതി**

26 (*206) <u>ശ്രീ. യു. ആർ. പ്രദീപ്:</u>
<u>ശ്രീ.ഡി. കെ. മുരളി:</u>
<u>ശ്രീ. ഒ. ആർ. കേളു:</u>
<u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനായി സഹകരണ വകുപ്പ് നടപ്പാക്കി വരുന്ന കെയർ ഹോം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ലക്ഷ്യമിട്ട മുഴുവൻ വീടുകളുടെയും നിർമ്മാണം പൂർത്തിയായിട്ടുണ്ടോ;

(ബി) ഓരോ വീടിനും വിവിധ സഹകരണ സംഘങ്ങളുടെ സഹായത്തോടെ എത്ര രൂപയാണ് അനുവദിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കാൻ കഴിയുന്ന രീതിയിൽ എന്തെല്ലാം സൗകര്യങ്ങളാണ് കെയർ ഹോമുകളിൽ സജ്ജമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടമായ ഫ്ളാറ്റ് സമുച്ചയ നിർമ്മാണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശം നൽകുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>) :

(എ) പ്രളയാനന്തര കേരളത്തിന്റെ പുനർ നിർമ്മാണത്തിനായി സഹകരണ വകുപ്പ് നടപ്പിലാക്കിവരുന്ന കെയർ ഹോം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ലക്ഷ്യമിട്ട മുഴുവൻ വീടുകളുടെയും നിർമ്മാണം പൂർത്തിയായി വരുന്നു. കെയർ ഹോം പദ്ധതിയുടെ ആദ്യഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2000 വീടുകൾ നിർമ്മിച്ചു നൽകുന്നതിനാണ് സർക്കാർ തീരുമാനിച്ചിരുന്നത്. റവന്യൂ വകുപ്പ്, ജില്ലാ കളക്ടർ എന്നിവരുടെ അധികമായി വീടുകൾ നിർമ്മിച്ചു നൽകണമെന്ന അപേക്ഷ പരിഗണിച്ച് പദ്ധതി പ്രകാരം നിർമ്മിക്കേണ്ട വീടുകളുടെ എണ്ണം വിവിധ ഘട്ടങ്ങളായി വർദ്ധിപ്പിച്ച് നിലവിൽ 2152 വീടുകളാണ് നിർമ്മിച്ചു നൽകുന്നത്.

എല്ലാ അടിസ്ഥാനസൗകര്യങ്ങളും ഉൾക്കൊള്ളിച്ചുള്ള നിർമ്മാണ രീതിയാണ് അവലംബിച്ചിട്ടുള്ളത്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള തുക

ഉൾപ്പെടെ ആകെ 5 ലക്ഷം രൂപയാണ് വീട് നിർമ്മാണത്തിന് അനുവദിക്കുന്നത്. പദ്ധതി പ്രകാരം നൽകുന്ന തുകയ്ക്ക് പുറമെ ഗുണഭോക്താക്കൾ, സ്പോൺസർ ചെയ്യുന്ന സഹകരണ സംഘം, പൊതുജനങ്ങൾ എന്നിവരിൽ നിന്നുമുള്ള സംഭാവന, സന്നദ്ധസേവനം എന്നിവ വീട് നിർമ്മാണത്തിനായി വിനിയോഗിച്ചിട്ടുണ്ട്.

കെയർഹോം പദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2018 ഡിസംബറിൽ ആരംഭിച്ചു. 2019 ഒക്ടോബർ 16 വരെ പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ 1841 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് താക്കോൽ കൈമാറിയിട്ടുണ്ട്. മേൽക്കൂരയുടെ കോൺക്രീറ്റിംഗ് വരെ നിർമ്മാണം പൂർത്തീകരിച്ച 81 വീടുകളുടെയും ലിന്റൽ ലെവൽ വരെ നിർമ്മാണം പൂർത്തീകരിച്ച 24 വീടുകളുടെയും അടിസ്ഥാന നിർമ്മാണം പൂർത്തീകരിച്ച 15 വീടുകളുടെയും നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. 14 വീടുകളുടെ കല്ലിടൽ നടത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന 177 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഡോക്യുമെന്റേഷൻ ഘട്ടത്തിലാണ്. വൈകി ലഭിച്ച ഗുണഭോക്തൃ പട്ടിക, വസ്തുതർക്കം നിലനിൽക്കുന്ന ഭൂമി, പ്രതികൂല കാലാവസ്ഥ, രേഖകൾ ലഭിക്കുന്നതിനുള്ള കാലതാമസം ഉൾപ്പെടെയുള്ള സാങ്കേതിക പ്രശ്നങ്ങളാലാണ് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാത്തത്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞ മുഴുവൻ വീടുകളുടെയും നിർമ്മാണം 2019 നവംബർ 30-നകം പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാത്തവയുടെ തടസ്സങ്ങൾ എത്രയുംവേഗം പരിഹരിച്ച് 2020 ജനുവരി 31-നകം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(ബി) കെയർഹോം പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണം നടത്തുന്നതിന് വീടൊന്നിന് 5 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. ഈ തുകയിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള സഹായവും (ഉയർന്ന പ്രദേശങ്ങളിൽ 1,01,900 രൂപയും നിരപ്പായ പ്രദേശങ്ങളിൽ 95,100 രൂപയും) ഉൾപ്പെടുന്നു. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള പ്രസ്തുത സഹായം ആദ്യ ഗഡുവായി ഗുണഭോക്താവിന് അനുവദിക്കും. ബാക്കി തുക നിർമ്മാണത്തിൽ സുതാര്യവും ജനകീയ പങ്കാളിത്തവും ഉറപ്പുവരുത്തുന്നതിനായി രൂപീകരിച്ചിട്ടുള്ള ഗുണഭോക്തൃ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഗഡുക്കളായാണ് അനുവദിക്കുന്നത്. സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങൾ സംഭാവനയായി നൽകിയ രൂപയും സഹകരണ വകുപ്പിൽ കൈവശമുള്ള മെമ്പർ റിലീഫ് ഫണ്ടും ഉൾപ്പെട്ട തുകയിൽ നിന്നാണ് കെയർഹോം പദ്ധതിയുടെ ഒന്നാംഘട്ട ഭവന നിർമ്മാണങ്ങൾക്ക് വിഭവസമാഹരണം നടത്തിയിട്ടുള്ളത്.

പദ്ധതിയുടെ ഒന്നാംഘട്ട നിർവ്വഹണത്തിനായി സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങൾ 52,68,69,506 രൂപ സംഭാവനയായി നൽകിയിട്ടുണ്ട്. കൂടാതെ മെമ്പർ റിലീഫ് ഫണ്ടിൽ നിന്ന് 35 കോടി രൂപ പദ്ധതിയുടെ നിർവ്വഹണത്തിനായി അനുവദിച്ചിട്ടുണ്ട്.

ഭൂപ്രകൃതി, മണ്ണിന്റെ ഘടന എന്നിവയുടെ അടിസ്ഥാനത്തിൽ സാങ്കേതിക വിദഗ്ദ്ധർ ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച് ആലപ്പുഴ ജില്ലയിൽ നിർമ്മിക്കുന്ന 81 വീടുകൾക്ക് അടിത്തറ ബലപ്പെടുത്തുന്നതിനായി 61,20,682 രൂപയും (അറുപത്തിയൊന്ന് ലക്ഷത്തി ഇരുപതിനായിരത്തി അറുന്നൂറ്റി എൺപത്തി രണ്ട് രൂപ മാത്രം) തൃശ്ശൂർ ജില്ലയിൽ നിർമ്മിക്കുന്ന 16 വീടുകൾക്ക് 7,00,800 രൂപയും (ഏഴ് ലക്ഷത്തി എണ്ണൂറ് രൂപ മാത്രം) ചേർത്ത് ആകെ 68,21,482 (അറുപത്തിയെട്ട് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി നാനൂറ്റി എൺപത്തി രണ്ട് രൂപ മാത്രം) അധിക ധനസഹായമായി അതാത് ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

പദ്ധതി പ്രകാരം അനുവദിക്കുന്ന തുകയ്ക്ക് പുറമെ ഗുണഭോക്താക്കൾ അവരുടെ വിഹിതം നിർമ്മാണത്തിനായി വിനിയോഗിച്ചിട്ടുണ്ട്. സഹകാരികൾ, സന്നദ്ധ സംഘടനകൾ, സുമനസ്സുകൾ തുടങ്ങിയവർ പണമായും നിർമ്മാണ സാമഗ്രികളായും അനുവദിക്കുന്ന സംഭാവനകളും ടി പദ്ധതിക്കായി വിനിയോഗിച്ചിട്ടുണ്ട്. പൊതുജനങ്ങൾ, വകുപ്പുദ്യോഗസ്ഥർ, സഹകരണ സംഘം ജീവനക്കാർ തുടങ്ങിയവരുടെ സന്നദ്ധസേവനം നിർമ്മാണ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്.

(സി) പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കാൻ കഴിയുന്ന തരത്തിലുള്ള നിർമ്മാണ രീതിയാണ് കെയർ ഹോം പദ്ധതിയിൽ അവലംബിച്ചിട്ടുള്ളത്. കെട്ടിട നിർമ്മാണത്തിനാവശ്യമായ സാങ്കേതിക മേൽനോട്ടം വഹിക്കുന്നതിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ചെയർമാൻ ശ്രീ. രമേശൻ പാലേരി ചെയർമാനും കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്) ഡയറക്ടർ ശ്രീ. ശശികുമാർ കൺവീനറുമായി ഒരു സാങ്കേതിക ഉപദേശക സമിതി രൂപീകരിച്ചിട്ടുള്ളതാണ്. ഭൂമിയുടെ കിടപ്പ്, മണ്ണിന്റെ ഘടന, ഗുണഭോക്താവിന്റെ താൽപ്പര്യം, കഴിവ് എന്നിവ പരിഗണിച്ച് വിവിധ എഞ്ചിനീയറിംഗ് കോളേജുകളിലെ വിദഗ്ദ്ധർ തയ്യാറാക്കുന്ന ഭവന നിർമ്മാണ രൂപകൽപ്പനകൾക്ക് (ഡിസൈൻ) അന്തിമ അംഗീകാരം നൽകുന്നത് സാങ്കേതിക ഉപദേശക സമിതിയാണ്.

പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി, ഗുണമേന്മ, നിർമ്മാണത്തിന് വിനിയോഗിക്കപ്പെടുന്ന സാങ്കേതികവിദ്യ, നിർമ്മാണരീതി എന്നിവ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. ഓരോ ജില്ലയ്ക്കും ഇതിനായി സന്നദ്ധത അറിയിച്ചിട്ടുള്ള സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജിലെ അദ്ധ്യാപകർ, സർക്കാർ ഉദ്യോഗസ്ഥർ, എഞ്ചിനീയറിംഗ്, എം.എസ്.ഡബ്ല്യൂ. വിദ്യാർത്ഥികൾ, സാങ്കേതിക വിദഗ്ദ്ധർ തുടങ്ങിയവർക്ക് ഇതിന്റെ ചുമതല നൽകിയിട്ടുണ്ട്. വീടുകളുടെ പ്ലാനുകൾ തയ്യാറാക്കുന്നതിനായി ജില്ല തിരിച്ച് ഏജൻസികളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭൂപ്രകൃതി, മണ്ണിന്റെ ഘടന എന്നിവയുടെ അടിസ്ഥാനത്തിൽ സാങ്കേതിക വിദഗ്ദ്ധർ ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച് ആലപ്പുഴ ജില്ലയിൽ നിർമ്മിക്കുന്ന 81 വീടുകൾക്ക് അടിത്തറ ബലപ്പെടുത്തുന്നതിനായി 61,20,682 രൂപയും തൃശ്ശൂർ ജില്ലയിൽ നിർമ്മിക്കുന്ന 16 വീടുകൾക്ക് 7,00,800 രൂപയും ചേർത്ത് ആകെ 68,21,482 രൂപ അധിക ധനസഹായമായി അതാത് ജില്ലകൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

ആലപ്പുഴ ജില്ലയിൽ നിർമ്മിക്കുന്ന 13 വീടുകൾക്ക്, അവ നിർമ്മിക്കുന്ന പ്രദേശത്തെ മണ്ണിന്റെ പ്രത്യേക ഘടന പ്രകാരം കോൺക്രീറ്റ് മേൽക്കൂര പ്രായോഗികമല്ലെന്നും മെറ്റൽ ഷീറ്റ് ഉപയോഗിച്ച് മേൽക്കൂര നിർമ്മിക്കണമെന്നുള്ള ജില്ലാ സാങ്കേതിക സമിതിയുടെ ശിപാർശ പരിഗണിച്ച് പ്രസ്തുത വീടുകൾക്ക് സാങ്കേതിക സമിതി നിർദ്ദേശിച്ച രീതിയിൽ മേൽക്കൂര നിർമ്മിക്കുന്നതിനും അനുവാദം നൽകിയിട്ടുണ്ട്.

(ഡി) കെയർ ഹോം പദ്ധതിയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരികയാണ്.

**കയർ രണ്ടാം പുനഃസംഘടനാ സ്കീം**

27 (*207) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ രണ്ടാം പുനഃസംഘടനാ സ്കീമിന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ദുർബ്ബലാവസ്ഥയിലുള്ള കയർപിരി സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുവാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സംഘങ്ങൾ ഉത്പാദിപ്പിക്കുന്ന കയറിന് മിനിമം വില ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കയർ മേഖല സമ്പൂർണ്ണ യന്ത്രവത്കരണത്തിലൂടെ ആധുനികവത്കരിക്കുന്നതിനായി നടപ്പിലാക്കിവരുന്ന നൂതന പദ്ധതിയാണ് കയർ രണ്ടാം പുനഃസംഘടന. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും വേതനവും സംരക്ഷിച്ചുകൊണ്ട് കയർ വ്യവസായത്തെ ആധുനികവത്കരിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത.

(ബി) അടിസ്ഥാനപരമായി രണ്ട് സമീപനങ്ങളാണ് ഈ രംഗത്ത് സർക്കാർ സ്വീകരിച്ചുവരുന്നത്.

(1) കയറിന്റെ ഉത്പാദനം വർദ്ധിപ്പിക്കുക, സംഭരണവും വിലവിതരണവും കാര്യക്ഷമമാക്കുക. ഇക്കാര്യത്തിൽ കഴിഞ്ഞ് മൂന്ന് വർഷങ്ങൾകൊണ്ട് ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കയർ ഉത്പാദനം 2015-16-ൽ 86702.44 ക്വിന്റൽ ആയിരുന്നത് 2018-19-ൽ 164850 ക്വിന്റലായി ഉയർന്നിട്ടുണ്ട്. ഇത് തൊഴിൽ ദിനങ്ങളിൽ പ്രതിഫലിക്കുകയും ചെയ്തു.

(2) കയർ ഉൽപ്പന്നങ്ങൾക്ക് പുതിയ ഉപയോഗ മേഖലകൾ കണ്ടെത്തി കയറിന്റെ ഡിമാന്റ് വർദ്ധിപ്പിക്കുക, അതിനനുസൃതമായി ചകിരി, കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ യന്ത്രവൽക്കരണം ഏർപ്പെടുത്തുക. വർദ്ധിച്ച ഉത്പാദനക്ഷമത തൊഴിലാളികളുടെ വരുമാനത്തിലും പ്രതിഫലിക്കും. ഇത്തരത്തിലൊരു ആധുനീകരണം അതിവേഗത്തിൽ പുരോഗമിക്കുകയാണ്. ഇതോടൊപ്പം കയർപിരി സഹകരണ സംഘങ്ങളുടെ പശ്ചാത്തല സൗകര്യവികസനത്തിനും ഊന്നൽനൽകി പ്രവർത്തിക്കുന്നുണ്ട്.

എല്ലാ കയർ സഹകരണ സംഘങ്ങൾക്കും സംസ്ഥാന ബഡ്ജറ്റിന്റെ ഭാഗമായ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽനിന്നും വർക്ക്ഷെഡ്, ടോയ്ലെറ്റ്, ഗോഡൗണുകൾ എന്നിവ നിർമ്മിക്കുന്നതിനും മെയിന്റനൻസ് നടത്തുന്നതിനും ധനസഹായം നൽകിവരുന്നു. കൂടാതെ എൻ.സി.ഡി.സി. പദ്ധതിപ്രകാരം യന്ത്രവത്കരണ നടപടികളും സ്വീകരിച്ചുവരുന്നു. സംഘങ്ങൾക്ക് പ്രവർത്തനമൂലധനം ലഭ്യമാക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രവർത്തനക്ഷമമായ സംഘങ്ങളോടൊപ്പം പ്രവർത്തിക്കുവാൻ തയ്യാറുള്ള ദുർബ്ബലാവസ്ഥയിലുള്ള കയർ സഹകരണ സംഘങ്ങൾക്കും നിലവിലുള്ള എല്ലാ ആനുകൂല്യങ്ങളും സർക്കാർ നൽകുന്നുണ്ട്.

കയർ തൊഴിലാളികളുടെ ജീവനോപാധി എന്ന നിലയിൽ തൊഴിലാളികളുടെ രക്ഷാമാർഗ്ഗമാക്കി മാറ്റാൻ വേണ്ട തരത്തിലാണ് പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തന മൂലധനം നൽകുന്നു.
2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകിവരുന്നു.
3. കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എം.ഡി.എ.) നൽകി വരുന്നു.
4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ നൽകുന്നു.
5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ 50 ശതമാനം സബ്സിഡി (സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി) ഡി.എഫ്. മില്ലുകൾക്ക് 25 ലക്ഷം രൂപ വരെ നൽകിവരുന്നു.
6. കയർ വ്യവസായത്തിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.
7. ഉൽപ്പാദനവും വിപണന പ്രചോദനവും (പി.എം.ഐ.) പദ്ധതിയിലൂടെ ആനുകൂല്യം നൽകിവരുന്നു.
8. വിലവ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.
9. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.
10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.
11. കയർ ജിയോ ടെക്സ്റ്റൈൽസ് പദ്ധതി നടപ്പിലാക്കിവരുന്നു.
12. കയർപിരി മേഖലയിൽ കൂലിയുടെ ഒരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു.
13. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നു.
14. വിരമിച്ച കയർ സഹകരണ സംഘം ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.
15. യന്ത്രവൽക്കരണം പൂർത്തീകരിക്കുന്നതോടെ വേതന ഘടനയിൽ മാറ്റം ഉണ്ടാക്കാനാകും. നിലവിൽ വരുമാനം ഉറപ്പാക്കൽ പദ്ധതി വഴി സർക്കാർ സഹായം നൽകിവരുന്നുണ്ട്.
16. ഓണക്കാലത്ത് കയർഫെഡ്, ഫോമിൽ, കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിലുടനീളമുള്ള സ്റ്റാളുകളിലൂടെ കയർ ഉൽപ്പന്നങ്ങൾ ആകർഷകമായ സമ്മാന പദ്ധതികളിലൂടെ വിറ്റഴിക്കാനുള്ള പദ്ധതി.
17. മാനേജീരിയൽ സബ്സിഡി സ്കീം നടപ്പാക്കിവരുന്നു.

(സി) കേരളത്തിലെ കയർപിരി സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ കയറും കയർഫെഡുവഴി സംഭരിക്കുകയാണ് സർക്കാർ ചെയ്യുന്നത്. 2018-19-ൽ 1.57 ലക്ഷം ക്വിന്റൽ കയർ സംഭരിച്ചിട്ടുണ്ട്. കൂടാതെ ഈ കയറുകളിൽ ഏതെങ്കിലും ഇനം വിൽപ്പന നടത്തുന്നതിന് പ്രയാസം നേരിടുന്ന സാഹചര്യങ്ങളിൽ പ്രൈസ് ഫ്ലക്ചേഷൻ കമ്മിറ്റി ചേർന്ന് ആവശ്യമായ ഡിസ്കൗണ്ട് നിശ്ചയിച്ച് നൽകുകയും ചെയ്യുന്നു. കയർവില പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച് സർക്കാർ ഒരു സമിതിയെ നിയമിച്ചിട്ടുണ്ട്. ടി സമിതിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

**സംസ്ഥാന ലോട്ടറിക്ക് ഭീഷണിയാകുന്ന കേന്ദ്ര നീക്കം**

28 (*208) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. കെ. രാജൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏജൻസികൾ നടത്തുന്ന ലോട്ടറിക്ക് നികുതി കുറയ്ക്കാനും ഏകീകരിക്കാനുമുള്ള നീക്കം സംസ്ഥാന ലോട്ടറിക്ക് കനത്ത ഭീഷണിയാകുമോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനങ്ങൾ നേരിട്ട് നടത്തുന്ന ലോട്ടറിക്ക് സംരക്ഷണം വേണമെന്ന കേരളത്തിന്റെ വാദം ജി.എസ്.ടി. കൗൺസിൽ അംഗീകരിച്ചുവോയെന്ന് അറിയിക്കുമോ;

(സി) ലോട്ടറിക്ക് രണ്ട് നിരക്കിലുള്ള ചരക്ക് സേവന നികുതി ഈടാക്കുന്നത് സംബന്ധിച്ച് കേരളത്തിന് അനുകൂലമായ നിലപാട് ജി.എസ്.ടി. കൗൺസിൽ സ്വീകരിക്കുകയുണ്ടായോ എന്നറിയിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ഭീഷണിയാകും. നിലവിൽ രണ്ടുതരം നികുതി നിരക്കാണ് ലോട്ടറി വിൽപ്പനയിൽ നിശ്ചയിച്ചിട്ടുള്ളത്. സർക്കാർ നേരിട്ട് നടത്തുന്ന ലോട്ടറികൾക്ക് 12 ശതമാനവും സർക്കാർ authorised ലോട്ടറികൾക്ക് 28 ശതമാനവുമാണ് നികുതി. ജി.എസ്.ടി. കൗൺസിൽ യോഗങ്ങളിൽ കേരളത്തിന്റെ ശക്തമായ ഇടപെടലുകൾമൂലമാണ് വ്യത്യസ്ത നികുതി നിരക്കുകൾ ചുമത്താൻ ഇടയായത്. ജി.എസ്.ടി. നികുതി നിരക്കുകൾ ഏകീകരിക്കുകയോ ഇതര സംസ്ഥാന സർക്കാർ

authorised ലോട്ടറിയുടെ നികുതി നിരക്ക് കുറയ്ക്കുകയോ ചെയ്യുന്നത് അന്യസംസ്ഥാന ലോട്ടറിയുടെ കടന്നുവരവിനും ഇതുവഴി സംസ്ഥാന ലോട്ടറിയുടെ വരുമാനത്തിൽ വലിയ തോതിൽ നഷ്ടമുണ്ടാകുവാനും സാധ്യതയുണ്ട്.

(ബി&സി) 18-6-2017-ൽ നടന്ന 17-ാം ജി.എസ്.ടി. കൗൺസിലിൽ സംസ്ഥാനം ലോട്ടറി വിഷയത്തിൽ ഇതുവരെ സ്വീകരിച്ചുവന്ന നിലപാടിൽ ഉറച്ചുനിന്നു. അന്യസംസ്ഥാന ലോട്ടറിയുടെ നികുതി 28 ശതമാനം ആയി നിലനിർത്തണമെന്ന് സംസ്ഥാനം വാദിക്കുകയുണ്ടായി. വടക്കുകിഴക്കൻ സംസ്ഥാനങ്ങൾക്ക് റോയൽറ്റി നഷ്ടപ്പെടുന്നതാണ് പ്രധാന വിഷയമായി ചില സംസ്ഥാനങ്ങൾ ഉന്നയിച്ചത്. നികുതി നിരക്ക് കുറയ്ക്കുന്നത് ലോട്ടറി മാഫിയയുടെ വളർച്ചയ്ക്ക് കാരണമാകുമെന്ന് സംസ്ഥാനം ചൂണ്ടിക്കാട്ടി. ലോട്ടറി കേന്ദ്ര നിയമത്തിൻ കീഴിലാണെന്നും അതാത് സംസ്ഥാനങ്ങൾ നേരിട്ട് നടത്തുന്ന ലോട്ടറി വില്പനയിലൂടെ ലഭിക്കുന്ന തുക സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് എത്തുമെന്നും അത് നാടിന്റെ വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുമെന്നും സംസ്ഥാനം അഭിപ്രായപ്പെട്ടു. എന്നാൽ State authorized lottery എന്ന പേരിലുള്ള ഇടനിലക്കാർ നടത്തുന്ന ഭാഗ്യക്കുറികളുടെ വില്പന വഴിയുള്ള വിറ്റുവരവ് ഖജനാവിൽ എത്തുന്നില്ല എന്നും വളരെ ചെറിയ ഒരു തുക മാത്രമാണ് സർക്കാരിന് ലഭിക്കുന്നതെന്നും സി.ആന്റ് എ.ജി. ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യവും സംസ്ഥാനം കൗൺസിലിന് മുമ്പിൽ അവതരിപ്പിച്ചിട്ടുണ്ട്.

ലോട്ടറി വിഷയം നന്നായി പഠിച്ച് വിശകലനം ചെയ്ത് ഒരു തീരുമാനം ഉണ്ടാക്കുന്നതിനുവേണ്ടി 1-1-2019-ൽ കൂടിയ 32-ാം ജി.എസ്.ടി. കൗൺസിലിൽ ലോട്ടറി കൈകാര്യം ചെയ്യുന്ന സംസ്ഥാനങ്ങളായ കേരളം, മഹാരാഷ്ട്ര, ഗോവ, ചില വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ എന്നിവയോടൊപ്പം ലോട്ടറി കൈകാര്യം ചെയ്യാത്ത മറ്റൊരു സംസ്ഥാനത്തെക്കൂടി ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഈ യോഗത്തിൽ സംസ്ഥാന സർക്കാർ നിലപാട് ശക്തമായി അവതരിപ്പിക്കുകയും എഴുതി നൽകുകയും ചെയ്തു. തുടർന്ന് നമ്മുടെ അഭിപ്രായവും നിയമ വ്യവസ്ഥകൾ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള നിലപാടും ജി.എസ്.ടി. കൗൺസിൽ കൊണ്ടുവരാൻ GoM തയ്യാറായിട്ടുണ്ട്. നികുതി ഏകീകരണവുമായി ബന്ധപ്പെട്ട് ജി.എസ്.ടി. കൗൺസിലിൽ അന്തിമ തീരുമാനമായിട്ടില്ല.

## കൈത്തറി വസ്ത്രമെന്ന വ്യാജേനയുള്ള പവർലൂം വസ്ത്ര വില്പന

29 (*209) ശ്രീ. സി. മമ്മൂട്ടി:
ശ്രീ. കെ. എൻ. എ. ഖാദർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വസ്ത്രമെന്ന തരത്തിൽ ഇതര സംസ്ഥാനങ്ങളിൽനിന്നും എത്തുന്ന പവ്വർലൂം വസ്ത്രങ്ങളുടെ വിൽപ്പന കേരളത്തിലെ പരമ്പരാഗത കൈത്തറി വ്യവസായത്തെ തകർക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദീകരിക്കുമോ;

(ബി) ഈ സർക്കാർ കൈത്തറി മേഖലയുടെ ഉന്നമനത്തിനായി എന്തെല്ലാം ശ്രമങ്ങൾ നടത്തിയെന്നും എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്നും വിശദമാക്കുമോ;

(സി) കൈത്തറി വസ്ത്രത്തിന്റെ അതേ മാതൃകയിൽ യന്ത്രത്തറികളിൽ നിർമ്മിക്കുന്ന വസ്ത്രം കണ്ടെത്തി വ്യാജവസ്ത്രങ്ങളുടെ നിർമ്മാണവും വില്പനയും തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന കൈത്തറി/യന്ത്രത്തറി വസ്ത്രങ്ങളുടെ അനിയന്ത്രിതമായ വില്പന കേരളത്തിലെ പരമ്പരാഗത കൈത്തറി വ്യവസായത്തെ പ്രതിസന്ധിയിലാക്കുമെന്നത് വസ്തുതയാണ്. കൈത്തറി വസ്ത്രമെന്ന തരത്തിൽ യന്ത്രത്തറി വസ്ത്രങ്ങളുടെ വില്പന ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്ര സർക്കാരിന്റെ ആർ.എ.പി. ആക്ട് 1985 (റിസർവേഷൻ ഓഫ് ആർട്ടിക്കിൾസ് ഓഫ് പ്രൊഡക്ഷൻ) പ്രകാരം 11 കൈത്തറി വസ്ത്ര ഉല്പന്നങ്ങളെ യന്ത്രത്തറിയുടെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇവ ഉത്പാദിപ്പിക്കുന്നില്ല എന്ന് ഉറപ്പാക്കുന്നതിനായി ഒരു എൻഫോഴ്സ്മെന്റ് വിംഗ് കൈത്തറി ഡയറക്ടറേറ്റിൽ പ്രവർത്തിക്കുകയും പ്രസ്തുത വിംഗ് പതിവായി യന്ത്രത്തറികളുടെ പരിശോധന

നടത്തിവരികയും ചെയ്യുന്നുണ്ട്. കൂടാതെ യഥാർത്ഥ കൈത്തറി ഉൽപ്പന്നമാണെന്ന് ഉറപ്പാക്കുന്നതിന് ഹാന്റ്ലൂം മാർക്ക് നിഷ്കർഷിക്കുകയും ചെയ്യുന്നു.

(ബി) ഈ സർക്കാർ കൈത്തറി മേഖലയുടെ ഉന്നമനത്തിനായി സ്വീകരിച്ച നടപടികൾ അനുബന്ധമായി* ചേർക്കുന്നു.

(സി) കൈത്തറി വസ്ത്രങ്ങൾ ഉപഭോക്താക്കൾക്ക് തിരിച്ചറിയുന്നതിനും അതുവഴി കൈത്തറി എന്ന വ്യാജേന ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നത് ഫലപ്രദമായി തടയുന്നതിനുംവേണ്ടി നടപ്പിലാക്കിയ പദ്ധതിയാണ് ഹാന്റ്ലൂം മാർക്ക്. ഹാന്റ്ലൂം മാർക്ക് പതിപ്പിച്ച ഉൽപ്പന്നങ്ങൾക്ക് മാത്രമേ റിബേറ്റ് നൽകി വരുന്നുള്ളൂ. നിയന്ത്രിത തുണിത്തരങ്ങൾ പവർലൂമിൽ ചെയ്യുന്നത് തടയുന്നതിനായി കേന്ദ്ര സർക്കാരിന്റെ ആർ.എ.പി. ആക്ട് -1985 (റിസർവേഷൻ ഓഫ് ആർട്ടിക്കിൾസ് ഓഫ് പ്രൊഡക്ഷൻ) അനുസരിച്ച് നിയമം നിലവിലുണ്ട്. ആയതുപ്രകാരം കൈത്തറി ഡയറക്ടറേറ്റിൽ എൻഫോഴ്സ്മെന്റിനുവേണ്ടി ഒരു ഡെപ്യൂട്ടി ഡയറക്ടറേയും മറ്റ് ഉദ്യോഗസ്ഥരേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. നിയന്ത്രിക്കപ്പെട്ട ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നുണ്ടോയെന്ന് എല്ലാ പവർലൂം സംഘങ്ങളിലും പരിശോധന നടത്തുകയും ആയത് ശ്രദ്ധയിൽപ്പെട്ടാൽ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. കൈത്തറി ഉൽപ്പന്നങ്ങൾക്ക് ബ്രാന്റിംഗ് ജി.ഐ. (Geographical Indication) നൽകുകവഴിയും വ്യാജ ഉൽപ്പന്നങ്ങളെ തടയുവാൻ സാധിക്കുന്നതാണ്.

## സംരംഭക സഹായ പദ്ധതി

30 (*210) ശ്രീ.റ്റി. വി.രാജേഷ്:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാർട്ടപ്പ് സംരംഭകത്വത്തിൽ ഇന്ത്യയിൽ നാലാം സ്ഥാനം കരസ്ഥമാക്കിയ സംസ്ഥാനത്ത് നൂതന ആശയവും സാങ്കേതിക പരിജ്ഞാനവുമുള്ള യുവാക്കളുടെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് വ്യവസായ പ്രോത്സാഹനത്തിന് സംരംഭക സഹായ പദ്ധതി എത്തരത്തിൽ പ്രയോജനപ്രദമാകുമെന്ന് അറിയിക്കാമോ; യുവസംരംഭകർക്ക് പ്രാരംഭ മൂലധനസഹായം നൽകുന്നുണ്ടോ;

(സി) ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ, ഇ.ഡി. ക്ലബ്ബുകൾ എന്നിവ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ; വ്യവസായ വകുപ്പ് സംരംഭകത്വ പരിശീലന പരിപാടി നടത്തി വരുന്നുണ്ടോ;

(ഡി) തൊഴിൽ സൃഷ്ടിക്കാൻ ഏറെ സാധ്യതയുള്ളതും സാധാരണക്കാർക്ക് അവസരങ്ങൾ ലഭിക്കുന്നതുമായ സൂക്ഷ്മ, ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ പ്രത്യേക പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) കേന്ദ്ര സർക്കാർ വകുപ്പായ DPIIT (Department for Promotion of Industry and Internal Trade) 2018-ൽ നടത്തിയ ടോപ് പെർഫോർമർ സ്റ്റാർട്ടപ്പ് റാങ്കിംഗിൽ രണ്ടാം സ്ഥാനമാണ് സംസ്ഥാനത്തിന് ലഭിച്ചത്. നൂതന ആശയവും സാങ്കേതിക പരിജ്ഞാനവുമുള്ള യുവാക്കളുടെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് വ്യവസായ വാണിജ്യ വകുപ്പ്, കേരള സ്റ്റാർട്ടപ്പ് മിഷൻ, കെ.എസ്.ഐ.ഡി.സി. എന്നിവ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

വ്യവസായ വകുപ്പ്:-

- സംരംഭക സഹായ പദ്ധതി പ്രകാരം വനിതാ സംരംഭകർക്കും യുവ സംരംഭകർക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20 ശതമാനം പരമാവധി 30 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകുന്നു.
- സ്കൂൾ, കോളേജ് തലത്തിലെ വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ജില്ലകളിൽ ഇ.ഡി. ക്ലബ്ബുകൾ (Entrepreneur Development Club) പ്രവർത്തിച്ചുവരുന്നു.
- സംരംഭകർക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനും അവർ നേരിടുന്ന സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയും 14 ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ രൂപീകരിച്ചിട്ടുണ്ട്.

- ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/ഐ.ടി.ഐ., പോളിടെക്നിക്, ആർട്സ് & സയൻസ് കോളേജ് തലത്തിൽ സംരംഭകത്വ ബോധവൽക്കരണ പരിപാടികൾ (EAP) നടത്തിവരുന്നു.
- ജില്ലാതലത്തിൽ അനുയോജ്യമായ മേഖലയിൽ സംരംഭകത്വ വികസന പരിപാടി (EDP) നടത്തിവരുന്നു.
- നിലവിലുള്ള സംരംഭകരും നവ സംരംഭകരും സാമ്പത്തികാനുബന്ധ സ്ഥാപനങ്ങളും ഏജൻസികളും തമ്മിലുള്ള ആശയവിനിമയം വഴി നൂതന പ്രൊപ്പോസലുകൾ കണ്ടെത്തുന്നതിനായി നിക്ഷേപ സംഗമങ്ങൾ നടപ്പിലാക്കി വരുന്നു.
- എം.എസ്.എം.ഇ. മേഖലയിലെ സാങ്കേതിക മുന്നേറ്റങ്ങൾ പരിചയപ്പെടുത്തുന്നതിനും സാങ്കേതികപരമായ നൂതന ആശയങ്ങളും പ്രവണതകളും സജ്ജമാക്കുന്നതിനും സംരംഭകർക്ക് സാങ്കേതികപരമായി ഉള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനുംവേണ്ടി ടെക്നോളജി ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു.
- ജില്ലാതലങ്ങളിൽ അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവാക്കളെ സംരംഭകരാക്കി മാറ്റാനായി നൈപുണ്യ വികസന പരിശീലനങ്ങൾക്കൊപ്പം ILO പരിശീലനവും ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം വഴി നൽകുന്നുണ്ട്.

മേൽ പദ്ധതികൾ കൂടാതെ സംസ്ഥാന സർക്കാർ സാങ്കേതിക സ്റ്റാർട്ടപ്പ് രംഗത്ത് കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ യുവ സംരംഭകത്വ വികസന പദ്ധതിയും കെ.എസ്.ഐ.ഡി.സി. മുഖേന യുവസംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിനായി പ്രാരംഭ മൂലധന സഹായവും (സീഡ് ഫണ്ട്) നൽകി വരുന്നുണ്ട്.

(ബി) സംസ്ഥാനത്ത് സംരംഭകരുടെ സാമ്പത്തികബാധ്യത ലഘൂകരിക്കുന്നതിന് സംരംഭക സഹായപദ്ധതി സഹായകപ്രദമാകുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം 5600 ലക്ഷം രൂപ ഈ പദ്ധതിക്കായി അനുവദിച്ചിട്ടുണ്ട്. കൂടുതൽ സംരംഭകർ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സംരംഭക സഹായ പദ്ധതി കാരണമാകുന്നുണ്ട്.

ചുവടെ പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി സൂക്ഷ്മ, ചെറുകിട സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യം ലഭ്യമാക്കുന്നതിനായി സംരംഭക സഹായ പദ്ധതി നടപ്പിലാക്കി വരുന്നു.

I. പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15 ശതമാനം പരമാവധി 20 ലക്ഷം രൂപ സഹായമായി നൽകുന്നു. വനിതാ സംരംഭകർക്കും യുവ സംരംഭങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20 ശതമാനം പരമാവധി 30 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകുന്നു.

II. മുൻഗണനാവിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10 ശതമാനം പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകുന്നു.

III. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10 ശതമാനം, പരമാവധി 10 ലക്ഷം രൂപ അധിക സഹായം നൽകി വരുന്നു.

IV. കേന്ദ്ര-സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും ആധുനിക സാങ്കേതികവിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്കും 10 ശതമാനം, പരമാവധി 10 ലക്ഷം രൂപ അധിക സഹായം ലഭിക്കും.

V. വ്യവസായ വകുപ്പ് ശിപാർശ ചെയ്യുന്ന പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങൾ മുഖേന ടേം ലോൺ ലഭ്യമാക്കി പ്രവർത്തിക്കുന്ന ഉൽപ്പാദന മേഖലയിലെ വ്യവസായ സംരംഭങ്ങൾക്ക് ഇ.എസ്.എസ്. പദ്ധതിപ്രകാരം അർഹമായ സഹായത്തിന്റെ 50 ശതമാനം, പരമാവധി 3 ലക്ഷം രൂപ സ്റ്റാർട്ട് അപ്പ് സപ്പോർട്ടായി നൽകുന്നു.

കേരള സ്റ്റാർട്ടപ്പ് മിഷൻ, കെ.എസ്.ഐ.ഡി.സി. എന്നിവർ അർഹരായ സംരംഭകർക്ക് ചുരുങ്ങിയ പലിശനിരക്കിൽ സീഡ് ഫണ്ട് നൽകിവരുന്നു.

(സി) ഉണ്ട്. സംരംഭകർക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനും അവർ നേരിടുന്ന സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയും 14 ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ രൂപീകരിച്ചിട്ടുണ്ട്. 1148 സംരംഭകർ നാളിതുവരെ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലാ വ്യവസായ കേന്ദ്രങ്ങളെ സമീപിച്ചിട്ടുണ്ട്. ആയതിൽ 38 പേർ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. 40 പേർ വിവിധ കാരണങ്ങളാൽ പ്രോജക്ട് ഉപേക്ഷിച്ചിട്ടുണ്ട്. 1070 പേർ വിവിധ ആവശ്യങ്ങൾക്കായി രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ആയതിൽ നടപടി എടുത്തുവരുന്നു.

സ്കൂൾ, കോളേജ് തലത്തിലെ വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ജില്ലകളിൽ ഇ.ഡി. ക്ലബ്ബുകൾ (Entrepreneur Development Club) രൂപീകരിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഇ.ഡി. ക്ലബ്ബുകൾക്ക് 20,000 രൂപ അനുവദിച്ചുവരുന്നുണ്ട്. 2018-19 വർഷം 327 ക്ലബ്ബുകൾക്കായി 43.60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ചുവടെ വിവരിക്കുന്ന സംരംഭക പരിശീലന പരിപാടികൾ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തി വരുന്നുണ്ട്.

- ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/ഐ.ടി.ഐ., പോളിടെക്നിക്, ആർട്സ് & സയൻസ് കോളേജ് തലത്തിൽ സംരംഭകത്വ ബോധവൽക്കരണ പരിപാടികൾ (EAP) നടത്തിവരുന്നു.
- ജില്ലാതലത്തിൽ അനുയോജ്യമായ മേഖലയിൽ സംരംഭകത്വ വികസന പരിപാടി (EDP) നടത്തിവരുന്നു.
- നിലവിലുള്ള സംരംഭകരും നവ സംരംഭകരും സാമ്പത്തികാനുബന്ധ സ്ഥാപനങ്ങളും ഏജൻസികളും തമ്മിലുള്ള ആശയവിനിമയം വഴി നൂതന പ്രൊപ്പോസലുകൾ കണ്ടെത്തുന്നതിനായി നിക്ഷേപ സംഗമങ്ങൾ നടപ്പിലാക്കിവരുന്നു.
- എം.എസ്.എം.ഇ. മേഖലയിലെ സാങ്കേതിക മുന്നേറ്റങ്ങൾ പരിചയപ്പെടുത്തുന്നതിനും സാങ്കേതികപരമായ നൂതന ആശയങ്ങളും പ്രവണതകളും സജ്ജമാക്കുന്നതിനും സംരംഭകർക്ക് സാങ്കേതികപരമായി ഉള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനുംവേണ്ടി ടെക്നോളജി ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു.
- ജില്ലാതലങ്ങളിൽ അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവാക്കളെ സംരംഭകരാക്കി മാറ്റാനായി നൈപുണ്യ വികസന പരിശീലനങ്ങൾക്കൊപ്പം ILO പരിശീലനവും ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം വഴി നൽകുന്നുണ്ട്.

(ഡി) സൂക്ഷ്മ, ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ വ്യവസായ വകുപ്പ് ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

(1) സംരംഭകത്വ സഹായ പദ്ധതി

(2) നാനോ/ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി

(3) തകർച്ച നേരിടുന്ന എം.എസ്.എം.ഇ.-കളുടെ പുനരുദ്ധാരണ പദ്ധതി

(4) കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി.

തദ്ദേശ ഭരണ പ്രദേശത്തുള്ള സ്കിൽഡ്, അൺസ്കിൽഡ് തൊഴിലാളികളെ ഉൾപ്പെടുത്തി ഒരു വിവിധോദ്ദേശ്യ വ്യവസായ സഹകരണ സംഘം സ്ഥാപിച്ച് പ്രസ്തുത പ്രദേശത്തുള്ള ഏത് തരത്തിലുള്ള ജോലികളും നിർവ്വഹിച്ച് നൽകുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ സ്കിൽഡ് എന്റർപ്രണേഴ്സ് സെന്ററുകൾ എന്ന ഒരു പുതിയ പദ്ധതിക്ക് വ്യവസായ വകുപ്പ് രൂപം നൽകിയിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഹൗസ് ബിൽഡിംഗ് അഡ്വാൻസ്

1 (2279) <u>ശ്രീ. എസ്. രാജേന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഹൗസ് ബിൽഡിംഗ് അഡ്വാൻസ് ബാങ്ക് മുഖേനയാക്കിയ പദ്ധതിയുമായി ബന്ധപ്പെട്ട വിശദവിവരം ലഭ്യമാക്കാമോ;

(ബി) നിലവിൽ ബാങ്കുകളിൽ നിന്നും ഭവന വായ്പ എടുത്തിട്ടുള്ള സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പ്രസ്തുത ലോണുകൾ ബാങ്ക് മുഖേനയുള്ള പുതിയ എച്ച്.ബി.എ. പദ്ധതിയിലേയ്ക്ക് മാറ്റുന്നതിന് സാധ്യമാണോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 5-7-2018-ലെ ജി.ഒ..(പി)105/2018/ഫിൻ., 11-9-2018-ലെ ജി.ഒ..(പി)143/2018/ഫിൻ. എന്നിവ പ്രകാരം സർക്കാർ ജീവനക്കാർക്കുള്ള പരിഷ്കരിച്ച ഭവന നിർമ്മാണ വായ്പാ പദ്ധതിയിൽ ജീവനക്കാർ ഷെഡ്യൂൾഡ് വാണിജ്യ ബാങ്ക്/ബാങ്കിംഗ് ഇതര സ്ഥാപനങ്ങളിൽ നിന്ന് അർഹതയ്ക്കനുസരിച്ച്

എടുക്കപ്പെടുന്ന ഭവന വായ്പയ്ക്ക് സർക്കാർ 3.25% നിരക്കിൽ സബ്സിഡി നൽകുന്നതായിരിക്കും. സബ്സിഡിക്കായി ബാങ്കിൽ നിന്നുള്ള ജീവനക്കാരന്റെ വായ്പാ തുക, മുൻ സാമ്പത്തിക വർഷത്തിലെ മാർച്ച് മാസത്തിലെ അടിസ്ഥാന ശമ്പളത്തിന്റെ 50 ഇരട്ടി (പരമാവധി 20 ലക്ഷം രൂപ) മാത്രമേ ആകുവാൻ പാടുള്ളൂ. വായ്പാ കാലാവധിക്ക് വിധേയമായി സബ്സിഡി പരമാവധി 18 വർഷം വരെ മാത്രമാണ് നൽകുന്നത്. ടി പദ്ധതി പ്രകാരം ജീവനക്കാർക്ക് ബാങ്കിൽ ശമ്പള അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതും വായ്പ തീരുന്നതുവരെ ആയത് മാറ്റുവാനും പാടുള്ളതല്ല. ജീവനക്കാർ ഡി.ഡി.ഒ.-മാരിൽ നിന്ന് NOC ലഭ്യമാക്കി അസ്സൽ വായ്പാ രേഖകളും കൂടി ബാങ്കിൽ സമർപ്പിക്കേണ്ടതും വായ്പ ലഭ്യമാക്കിയ ശേഷം ബാങ്കിൽ നിന്നുള്ള വായ്പാ അനുമതിപത്രം ഡി.ഡി.ഒ.-ക്ക് സമർപ്പിക്കേണ്ടതുമാണ്. ഇതുമായി ബന്ധപ്പെട്ട ഡെഡിക്കേറ്റഡ് സോഫ്റ്റ്വെയർ (നിർമ്മാണ ഘട്ടത്തിലാണ്) മുഖേന ഡിഡിഒ-മാർ ജീവനക്കാരുടെ വായ്പാ വിവരങ്ങൾ ധനകാര്യ വകുപ്പിലേയ്ക്ക് അറിയിക്കേണ്ടതും ആയത് ധനകാര്യ വകുപ്പ് പരിശോധിച്ച് അർഹരായ ജീവനക്കാരെ സബ്സിഡിക്ക് പരിഗണിക്കുന്നതുമാണ്. സബ്സിഡി ലഭിക്കുന്നതിനായി വായ്പാ തിരിച്ചടവ് വിവരങ്ങൾ സംബന്ധിച്ച് ബാങ്കുകൾ അതാത് ഡി.ഡി.ഒ.-മാർക്ക് വാർഷിക റിപ്പോർട്ട് നൽകേണ്ടതും അത് ധനകാര്യ വകുപ്പിൽ ലഭ്യമാക്കേണ്ടതുമാണ്. അങ്ങനെ ലഭ്യമാക്കാത്ത ജീവനക്കാർക്ക് പലിശ സബ്സിഡി തുടർന്ന് അനുവദിക്കുന്നതല്ല.

(ബി) പുതുതായി ഭവനം നിർമ്മിക്കുന്നതിനോ/വീടും സ്ഥലവും/ഫ്ലാറ്റ് വാങ്ങുന്നതിനോ മാത്രമുള്ള അപേക്ഷകളാണ് സർക്കാരിന്റെ ഭവന നിർമ്മാണ വായ്പാ പദ്ധതിയിൽ ഉൾപ്പെടുന്നത്. പരിഷ്കരിച്ച ഭവന നിർമ്മാണ വായ്പാ പദ്ധതിയിലും പുതുതായി ഭവനം നിർമ്മിക്കുന്ന/വീടും സ്ഥലവും/ഫ്ലാറ്റ് വാങ്ങുന്ന അപേക്ഷകൾ മാത്രമാണ് പരിഗണിക്കപ്പെടുന്നത്. 2018-19 സാമ്പത്തിക വർഷം മുതലാണ് സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പ ബാങ്ക്/ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങൾ മുഖേന ആക്കിയിട്ടുള്ളത്. ടി സാമ്പത്തിക വർഷത്തിന് മുൻപ് സർക്കാർ നേരിട്ട് ജീവനക്കാർക്ക് ഭവന വായ്പ നൽകിയിട്ടുള്ളതാണ്. ആ കാലഘട്ടത്തിൽ ജീവനക്കാർ സർക്കാരിൽ നിന്ന് തന്നെ യോഗ്യതാ മാനദണ്ഡങ്ങൾ പ്രകാരമാണ് ഭവന വായ്പ എടുത്തിരുന്നത്. ആയതിനാൽ നിലവിൽ ബാങ്കുകളിൽ നിന്നും ഭവന വായ്പ എടുത്തിട്ടുള്ള സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പ്രസ്തുത ലോണുകൾ ബാങ്ക് മുഖേനയുള്ള പുതിയ എച്ച്.ബി.എ. പദ്ധതിയിലേയ്ക്ക് മാറ്റുന്നതിന് സാധ്യമല്ല.

## ഹരിഹരന്റെ കുടുംബ പെൻഷൻ കുടിശ്ശിക

2 (2280) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബ പെൻഷൻ കുടിശ്ശിക സഹിതം ലഭിക്കുന്നതു സംബന്ധിച്ച ഹരിഹരൻ, തെക്കേമഠത്തിൽ, കുടപ്പുഴ, ചാലക്കുടിയുടെ അപേക്ഷയിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) ഹരിഹരന്റെ അപേക്ഷ പരിഗണിച്ച് കുടുംബപെൻഷൻ അനുവദിക്കുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ശ്രീ. ഹരിഹരന്റെ അപേക്ഷ ധനവകുപ്പിൽ പരിശോധിക്കുകയും 29-10-2019-ലെ പി.ഡബ്ല്യൂ.സി-എ 3/27/2019/ധന.(കംപ്യൂട്ടർ നമ്പർ 1130092) നമ്പർ കത്ത് പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുള്ളതാണ് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*).

## സാമ്പത്തിക വികസനം ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ

3 (2281) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസനത്തിന് തടസ്സം നിൽക്കുന്ന വിഭവലഭ്യതയിലെ കുറവും വിദേശത്തുനിന്നും കടമെടുക്കുന്നതിൽ കേന്ദ്രം നിശ്ചയിച്ച പരിധി ഉയർത്താത്തതും സംസ്ഥാനത്തുണ്ടാക്കിയ പ്രതിസന്ധികൾ എന്തെല്ലാമെന്നും, അത് തരണം ചെയ്ത് സാമ്പത്തിക വികസനം ഉറപ്പുവരുത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ;

(ബി) ഈ സാഹചര്യത്തിൽ കിഫ്ബി വഴി വിഭവസമാഹരണം ഉറപ്പാക്കുവാനും സാമ്പത്തിക വികസനം മെച്ചപ്പെടുത്തുവാനുമായി ലക്ഷ്യമിട്ട പദ്ധതികൾ ഏതെല്ലാം; വ്യക്തമാക്കാമോ;

(സി) വിവിധ വകുപ്പുകളിൻ കീഴിൽ ഇതിന്റെ ഭാഗമായി കിഫ്ബി വഴി എത്ര പദ്ധതികൾക്ക് അംഗീകാരം നല്കി; ആയതിന്റെ തുക എത്ര; വിശദാംശം വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ടെണ്ടർ നടപടികളിലേക്കു കടന്ന പദ്ധതികൾ എത്ര, അവയുടെ തുക എത്ര; എത്ര തുകയ്ക്കാണ് ടെണ്ടർ കഴിഞ്ഞത്, എത്ര തുകയുടെ പദ്ധതികൾ ആരംഭിച്ചു; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിത ഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തികമാന്ദ്യം സംസ്ഥാന സമ്പദ്‌വ്യവസ്ഥയെയും പ്രതികൂലമായി ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിൽ ഉണ്ടായ രണ്ട് പ്രളയങ്ങൾ നോട്ട് നിരോധനത്തിന്റെയും ചരക്ക് സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ കൂടുതൽ ദുർബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്. ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃതവായ്പ വെട്ടിച്ചുരുക്കിയ കേന്ദ്ര സർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർനിർമ്മാണത്തിന് വാർഷിക വായ്പാ പരിധിക്ക് പുറത്ത് വായ്പ എടുക്കുവാനോ വായ്പാ പരിധി ഉയർത്തുന്നതിനോ കേന്ദ്ര സർക്കാർ അനുമതി നല്കിയിട്ടില്ല. അതേസമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തല സൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർസൃഷ്ടിക്കേണ്ടതുമുണ്ട്. മേൽ വിവരിച്ച സാമ്പത്തിക ബുദ്ധിമുട്ടിന്റെ നിഴലിലും ചെലവുകൾ വെട്ടിച്ചുരുക്കി സംസ്ഥാന ധനനയത്തിൽ ഒരു അടിസ്ഥാനതിരുത്തലും വരുത്തില്ല. ക്ഷേമ വികസന പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കാൻ തന്നെയാണ് ബഡ്ജറ്റിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടും നിലവിലെ പ്രതിസന്ധി തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല

മടങ്ങ് പണം ബഡ്ജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാരിന്റെ നേതൃത്വത്തിൽ മുതൽ മുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു. 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനോടകം 45618.6 കോടി രൂപയുടെ 591 പശ്ചാത്തല സൗകര്യ വികസന പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു. ഇവയിൽ 247 പ്രവൃത്തികളുടെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. ഇത് വാസ്തവത്തിൽ രാജ്യത്ത് ഏതെങ്കിലും സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഏറ്റവും വലിയ ഉത്തേജക പാക്കേജാണ്.

2. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.
3. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.
4. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി.
5. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.
6. വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.
7. ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിദ്ധ്യവൽക്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടംഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചു.

(ബി) കിഫ്ബി വഴി വിഭവസമാഹരണം ഉറപ്പാക്കുവാനും സാമ്പത്തിക വികസനം മെച്ചപ്പെടുത്തുവാനുമായി ലക്ഷ്യമിട്ട പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പ്രസ്തുത പദ്ധതികളിൽ വിവിധ വകുപ്പുകളിൻകീഴിൽ 45618.60 കോടി രൂപയുടെ ഉപപദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ഡി) ആകെ 16370.03 കോടി രൂപയുടെ 345 പദ്ധതികൾ ടെണ്ടർ നടപടികളിലേയ്ക്ക് കടന്നിട്ടുണ്ട്. അവയിൽ 13590.96 കോടി രൂപയുടെ പദ്ധതികൾ ടെണ്ടർ ചെയ്ത് വിവിധ പ്രവർത്തനഘട്ടത്തിലുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## നികുതിയേതര വരുമാനം

4 (2282) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷം സംസ്ഥാനത്തെ നികുതിയേതര വരുമാനത്തിന്റെ 2019 സെപ്റ്റംബർ 30 വരെയുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഇത് പ്രകാരം ഓരോ മേഖലയിലും പിരിച്ചെടുക്കുവാൻ ഉദ്ദേശിച്ച തുക എത്രയെന്നും പിരിഞ്ഞ് കിട്ടിയ തുക എത്രയെന്നും വ്യക്തമാക്കുമോ;

(സി) 1-4-2019 മുതൽ 30-9-2019 വരെ നികുതിയേതര വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലകളിലാണെന്നും അതിനുള്ള കാരണമെന്താണെന്നും അറിയിക്കാമോ?

### ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2019-20 സാമ്പത്തിക വർഷം 2019 സെപ്റ്റംബർ 30 വരെ നികുതിയേതര വരുമാനമായി 4831.30 കോടി രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

(ബി) ഇനം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) നടപ്പ് സാമ്പത്തിക വർഷം 15070.07 കോടി രൂപയാണ് നികുതിയേതര വരുമാന ഇനത്തിൽ പിരിച്ചെടുക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്. സാമ്പത്തിക വർഷം പൂർത്തിയാൽ മാത്രമേ നികുതിയേതര വരുമാനത്തിലെ കുറവ്/വർദ്ധനവ് തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സാമ്പത്തിക മാന്ദ്യം

5 (2283) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. കെ. രാജൻ:
ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് നിലവിൽ അനുഭവപ്പെടുന്ന സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തെ ഏതൊക്കെ വിധത്തിൽ ബാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) സാമ്പത്തിക മാന്ദ്യം മറികടക്കുന്നതിനായി കേന്ദ്ര സർക്കാർ ചെലവ് വർദ്ധിപ്പിക്കുന്നത് പോലെ സംസ്ഥാന സർക്കാരുകളുടെയും ചെലവ് വർദ്ധിപ്പിക്കുന്നതിന് അനുമതി നല്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) സാമ്പത്തിക മാന്ദ്യം നേരിടുമ്പോഴും കേരളത്തിന് അനുവദിക്കുന്ന വായ്പ കേന്ദ്രം വെട്ടിക്കുറയ്ക്കുന്നത് എന്തടിസ്ഥാനത്തിലാണെന്നും ആയത് മാന്ദ്യത്തെ നേരിടുന്നതിനുള്ള സംസ്ഥാനത്തിന്റെ ശ്രമങ്ങൾക്ക് ഏതൊക്കെ തരത്തിൽ തിരിച്ചടിയാകുമെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ദേശീയതലത്തിലുണ്ടാകുന്ന സാമ്പത്തിക മാന്ദ്യം സ്വാഭാവികമായും എല്ലാ സംസ്ഥാനങ്ങളിലും പ്രതിഫലിക്കാറുണ്ട്. ദേശീയ തലത്തിൽ സാമ്പത്തിക വളർച്ചയിൽ സാരമായ കുറവ് സംഭവിച്ചിട്ടുണ്ട്. ആർ.ബി.ഐ.യുടെ വാർഷിക റിപ്പോർട്ട് പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉത്പാദനം 5 വർഷത്തിനിടെയുള്ള ഏറ്റവും കുറഞ്ഞ നിരക്കിലെത്തി. ഇത് രാജ്യത്തിന്റെയും സംസ്ഥാനങ്ങളുടെയും ഉല്പാദന മേഖലകളുടെ വളർച്ച കുറയുന്നതിന് കാരണമായി. പ്രധാനമായും ഓട്ടോമൊബൈൽ ഉല്പാദന രംഗത്തും റിയൽ എസ്റ്റേറ്റ് രംഗത്തും വൻതോതിൽ ഇടിവ് സംഭവിച്ചു. വരുമാനം കുറഞ്ഞതിനാൽ ജനങ്ങളുടെ വാങ്ങൽ ശേഷി കുറഞ്ഞതാണ് ഇതിന്റെ പ്രധാന കാരണം. തന്മൂലം തൊഴിലവസരങ്ങൾ, വരുമാനം, സമ്പാദ്യം, മൂലധന വളർച്ച എന്നിവ ആനുപാതികമായി കുറയാനിടയായി. കേരളത്തിന്റെ കൃഷി പ്രത്യേകിച്ചും നെല്ല് തുടങ്ങിയ ഭക്ഷ്യ വിളകൾ റബ്ബർ, കാപ്പി, നാളികേരം, കുരുമുളക് തുടങ്ങിയ നാണ്യവിളകൾ, പരമ്പരാഗത വ്യവസായങ്ങൾ, ടൂറിസം എന്നീ രംഗങ്ങളിലും മാന്ദ്യം ബാധിച്ചിട്ടുണ്ട്. എന്നിരുന്നാലും, സർക്കാരിന്റെ ഇടപെടൽമൂലം കേരളത്തിൽ കാര്യമായ സാമ്പത്തിക പ്രതിസന്ധികളൊന്നും ഉണ്ടായിട്ടില്ല.

(ബി) ദേശീയ തലത്തിലുണ്ടാകുന്ന സാമ്പത്തിക മാന്ദ്യം സ്വാഭാവികമായും എല്ലാ സംസ്ഥാനങ്ങളിലും പ്രതിഫലിക്കാറുണ്ട്. ദേശീയതലത്തിൽ സാമ്പത്തിക വളർച്ചയിൽ സാരമായ കുറവ് സംഭവിച്ചിട്ടുണ്ട്. പ്രധാനമായും ഓട്ടോമൊബൈൽ ഉൽപ്പാദന രംഗത്ത് ഇടിവ് സംഭവിച്ചു. ജനങ്ങളുടെ വാങ്ങൽശേഷി കുറഞ്ഞതാണ് ഇതിന്റെ പ്രധാന കാരണം. തന്മൂലം, തൊഴിലവസരങ്ങൾ, വരുമാനം, സമ്പാദ്യം, മൂലധനവളർച്ച എന്നിവ ആനുപാതികമായി കുറയാനിടയായി. ഇതിന്റെ പശ്ചാതലത്തിൽ രാജ്യത്തിന്റെ സാമ്പത്തികവളർച്ചയിൽ ഇടിവ് സംഭവിച്ചു. എന്നിരുന്നാലും കേരളത്തിൽ കാര്യമായ സാമ്പത്തിക പ്രതിസന്ധികളൊന്നും ഉണ്ടായിട്ടില്ല. 2019-20 സാമ്പത്തിക വർഷത്തിൽ 30610 കോടി രൂപയുടെ അടങ്കലാണ് വിഭാവനം ചെയ്തിരുന്നത്. ഇതിൽ ഉൾപ്പെടുന്ന എല്ലാ പദ്ധതികളും തടസ്സംകൂടാതെ നടപ്പിലാക്കുവാൻ സാധിക്കുന്നുണ്ട്. കൂടാതെ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികളും തടസ്സംകൂടാതെ നടപ്പിലാക്കാൻ സംസ്ഥാനത്തിന് കഴിയുന്നുണ്ട്. സാമ്പത്തിക മാന്ദ്യം മാറ്റുന്നതിന് ജനങ്ങളുടെ ചോദനശേഷി വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇതിന് ജനങ്ങളുടെ വരുമാനം വർദ്ധിക്കണം. അതിലേക്കായി സർക്കാർ കൂടുതൽ മുതൽമുടക്ക് പല മേഖലകളിലും നടത്തിക്കൊണ്ടിരിക്കുന്നു. സംസ്ഥാന പദ്ധതിയിൽ വകയിരുത്തിയ തുക ഫലപ്രദമായ രീതിയിൽ ചെലവഴിക്കുന്നതുമൂലം തൊഴിലവസരങ്ങൾ വർദ്ധിക്കുകയും വരുമാന വർദ്ധനവിന് ഇത് കാരണമാകുകയും ചെയ്യുന്നുണ്ട്.

(സി) ജീവനക്കാരുടെ പി.എഫ്., ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് തുടങ്ങി വിവിധ കാരണങ്ങൾ ഉന്നയിച്ച് സംസ്ഥാനത്തിന്റെ വർഷിക വായ്പാ പരിധി വെട്ടിച്ചുരുക്കുന്ന കേന്ദ്ര സർക്കാരിന്റെ സമീപനം സർക്കാരിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതിലുപരി രാജ്യം മാന്ദ്യം അഭിമുഖീകരിക്കുന്ന ഈ ഘട്ടത്തിൽ സാമ്പത്തിക മേഖലയെ ഉത്തേജിപ്പിക്കുന്നതിന് കൂടുതൽ പൊതു പണം സമ്പദ്‌വ്യവസ്ഥയിലെ വിവിധ മേഖലകളിലേയ്ക്ക് ഒഴുക്കേണ്ടത് അത്യന്താപേക്ഷിതമായിരിക്കുന്നതിനാൽ മേൽ നടപടി മാന്ദ്യത്തിൽ നിന്നും കരകയറുന്നതിന് സംസ്ഥാനം കൈക്കൊള്ളുന്ന നടപടികളെ ദുർബ്ബലപ്പെടുത്തും എന്നത് വസ്തുതയാണ്.

## പങ്കാളിത്ത പെൻഷൻ പദ്ധതി

6 (2284) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-4-2013-ന് മുമ്പ് ദിവസവേതനാടിസ്ഥാനത്തിൽ / അവധി ഒഴിവിൽ / അധിക തസ്തികയിൽ സേവനം അനുഷ്ഠിക്കുകയും, 1-4-2013-ന് ശേഷം സംസ്ഥാന സർക്കാർ വകുപ്പുകളിൽ/ സ്ഥാപനങ്ങളിൽ റെഗുലർ തസ്തികയിൽ സ്ഥിരം നിയമനം ലഭിക്കുകയും ചെയ്തവർക്ക് ഏത് പെൻഷൻ പദ്ധതിയാണ് ബാധകമാക്കിയിട്ടുള്ളത്;

(ബി) മേൽപറഞ്ഞ വിഭാഗത്തിൽപ്പെട്ടവർ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടില്ലായെങ്കിൽ അവരുടെ 2019 നവംബർ മാസം മുതലുള്ള ശമ്പള ബിൽ പാസ്സാക്കേണ്ട എന്ന് തീരുമാനിച്ചിട്ടുണ്ടോ;

(സി) 1-4-2013-ന് മുമ്പ് സൂപ്പർന്യൂമററി തസ്തികകളിൽ നിയമിക്കുകയും 1-4-2013-ന് ശേഷം റെഗുലറൈസ് ചെയ്യുകയും ചെയ്ത ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാണോയെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) സർക്കാരിന്റെ 7-1-2013- ലെ സ.ഉ.(പി)നമ്പർ 20/2013/ധന. പ്രകാരം സംസ്ഥാനത്ത് കെ.എസ്.ആർ. ഭാഗം III പെൻഷൻ ബാധകമാക്കിയിരുന്ന വിഭാഗങ്ങളിൽ 1-4-2013-നോ അതിന് ശേഷമോ റഗുലർ തസ്തികയിൽ സ്ഥിരനിയമിതരായവർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതിയാണ് ബാധകമാകുക.

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമായിരിക്കുന്ന ജീവനക്കാർ പദ്ധതിയിൽ അംഗങ്ങളായില്ലായെങ്കിൽ അവരുടെ 2019 നവംബർ മാസം മുതലുള്ള ശമ്പള ബിൽ പാസ്സാക്കേണ്ടതില്ല എന്ന് സർക്കാർ 30-9-2019-ൽ സ.ഉ.(അച്ചടി) നമ്പർ 133/2019/ധന പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സർക്കാരിന്റെ 7-1-2013-ലെ സ.ഉ.(പി)നമ്പർ.20/2013/ധന. പ്രകാരം സംസ്ഥാനത്ത് കെ.എസ്.ആർ. ഭാഗം III പെൻഷൻ ബാധകമാക്കിയിരുന്ന വിഭാഗങ്ങളിൽ 1-4-2013-നോ അതിന് ശേഷമോ റെഗുലർ തസ്തികയിൽ സ്ഥിര നിയമിതരായവർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതിയാണ് ബാധകമാകുക.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

7 (2285) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ പ്രസ്തുത കമ്മിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഏതെല്ലാം പരിഗണനാ വിഷയങ്ങളാണ് പ്രസ്തുത കമ്മിറ്റിക്ക് നൽകിയിട്ടുള്ളത്; എങ്കിൽ വിശദ വിവരം നൽകുമോ;

(സി) പ്രസ്തുത കമ്മിറ്റിയുടെ കാലാവധി ദീർഘിപ്പിച്ച നൽകിയിട്ടുള്ള സാഹചര്യത്തിൽ കൂടുതൽ കാര്യങ്ങൾ എന്തെങ്കിലും പരിഗണനാ വിഷയങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം

(എ-സി) 7-11-2018-ലെ സ.ഉ.(പി)നമ്പർ 172/2018/ധന പ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിനായി ഒരു സമിതി രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. സമിതിയുടെ പരിഗണനാ വിഷയങ്ങൾ സമഗ്രമായി പ്രതിപാദിച്ചുകൊണ്ടാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധനയുമായി ബന്ധപ്പെട്ട് പ്രസക്തം എന്ന് കമ്മിറ്റി കരുതുന്ന ഏത് കാര്യത്തെയും സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കണമെന്ന് പ്രസ്തുത ഉത്തരവിൽ തന്നെ സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

**പങ്കാളിത്ത പെൻഷൻ പുനരവലോകന സമിതി**

8 (2286) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്നതിന്റെ പുനരവലോകനവുമായി ബന്ധപ്പെട്ട് ആരംഭിച്ച സമിതിയുടെ കാലാവധി എത്ര തവണ നീട്ടി നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഈ സമിതിയുടെ പ്രവർത്തനത്തിനായി എന്തെല്ലാം അടിസ്ഥാന സൗകര്യം സർക്കാർ ഒരുക്കി നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) നിലവിൽ ഈ സമിതിയുടെ ഓഫീസ് പ്രവർത്തിക്കുന്നത് എവിടെയാണ്; പ്രസ്തുത ഓഫീസ് പ്രവർത്തിക്കുന്നതിന് എത്ര രൂപ നാളിതുവരെ ചെലവായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 7-11-2018- ലെ സ.ഉ.(പി)നമ്പർ.172/2018/ധന. പ്രകാരമാണ് 6-മാസ കാലാവധിയോടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിനായി സമിതി രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായത്. പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപനിശോധന സംബന്ധിച്ച സാമ്പത്തിക നിയമവശങ്ങൾ സമഗ്രമായി പരിശോധിക്കേണ്ടത് ആവശ്യമായതിനാൽ സമിതിയുടെ പ്രവർത്തന കാലാവധി 6-5-2019-ലെ സ.ഉ(പി)നമ്പർ.56/2019/ധന മുഖേന ആറ് മാസത്തേയ്ക്കുകൂടി സർക്കാർ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(ബി) 25-9-2019-ലെ 7521/2019/ധന. ഉത്തരവ് പ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധനാ സമിതിക്ക് സെക്രട്ടറിയെ അനുവദിക്കുകയും സമിതിയുടെ പ്രവർത്തനത്തിനായി ശ്രീകാര്യത്ത് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ, അഞ്ചാം നിലയിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എല്ലാം സർക്കാർ ഒരുക്കി നൽകുകയും ചെയ്തിട്ടുണ്ട്.

(സി) എൻ.പി.എസ്.റിവ്യൂ കമ്മിറ്റി.

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ, അഞ്ചാം നില,

ശ്രീകാര്യം-695017,

പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതിക്കായി അനുവദിച്ച ശീർഷകത്തിൽ നിന്നും നാളിതുവരെയായി യാതൊരു തുകയും ചെലവഴിച്ചിട്ടില്ല.

**വനമേഖലകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്രത്യേക അനുമതി**

9 (2287) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ഉപയോഗിച്ച് വനമേഖലകളിൽ വികസന നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി വനസംരക്ഷണ സമിതികൾക്ക് പ്രത്യേക അനുമതി നൽകുന്നതിന് ധനകാര്യ വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

പ്രാദേശിക സർക്കാരുകൾക്ക് സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം അനുവദിക്കുന്ന തുക ചെലവഴിക്കുന്നതിനുള്ള അനുമതി നൽകുക മാത്രമാണ് ധനകാര്യ വകുപ്പ് ചെയ്യുന്നത്. എന്നാൽ ഈ ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിക്കുന്നത് തദ്ദേശ സ്വയംഭരണ വകുപ്പാണ്. ആകയാൽ ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ ഭാഗത്ത് നിന്നും നടപടികൾ ആവശ്യമുള്ളതായി തോന്നുന്നില്ല.

## ശമ്പളവുമായി ബന്ധിപ്പിക്കുന്ന ബയോമെട്രിക് പഞ്ചിംഗ് സംവിധാനം

10 (2288) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ സർക്കാർ ഓഫീസുകളിലും ശമ്പളവുമായി ബന്ധിപ്പിക്കുന്ന ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത നടപടികൾ എപ്പോൾ പൂർത്തീകരിക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും ആധാർ അധിഷ്ഠിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം സ്ഥാപിക്കുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തുകയും ആയതു പ്രകാരം ടെണ്ടർ നടപടി പൂർത്തിയാക്കി പദ്ധതി വേഗത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

## കാരുണ്യ ബെനവലന്റ് ഫണ്ട്

11 (2289) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് സൗജന്യ ചികിത്സാപദ്ധതി പ്രകാരം ലഭിച്ചുകൊണ്ടിരിക്കുന്ന ചികിത്സാ സഹായങ്ങൾ രോഗികൾക്ക് ലഭിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഏതൊക്കെ ആശുപത്രികളിലെ ഏതൊക്കെ ചികിത്സകൾക്കാണ് സഹായം ലഭിക്കുന്നതെന്നും അതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ലയിപ്പിച്ചിട്ടുണ്ട്. എങ്കിലും നിലവിലുള്ള എല്ലാ കാരുണ്യ ബെനവലന്റ് ഫണ്ട് ഗുണഭോക്താക്കൾക്കും 2020 മാർച്ച് 31 വരെ ചിയാക് മുഖേന ചികിത്സാസഹായം ലഭ്യമാക്കുന്നതാണ്. ടി ചികിത്സാ സഹായത്തിനായി ആശുപത്രിയിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

(ബി) കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ നിലവിലുള്ള എല്ലാ ഗുണഭോക്താക്കൾക്കും സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും അക്രെഡിറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളിലും കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നുള്ള ചികിത്സാ സഹായം 2020 മാർച്ച് 31 വരെ ലഭിക്കുന്നതാണ്. അക്രെഡിറ്റഡ് സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ ഡയാലിസിസ് സെന്ററുകളുടേയും ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു. കാൻസർ, ഹൃദ്രോഗം (ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി തുടങ്ങിയ ശസ്ത്രക്രിയകൾ), തലച്ചോർ, കരൾ, എന്നിവയുടെ ശസ്ത്രക്രിയകൾ, വൃക്കകൾ, ഹൃദയം, കരൾ എന്നിവയുടെ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ, ഡയാലിസിസ്, പെരിറ്റോണിയൽ ഡയാലിസിസ്, വൃക്കമാറ്റിവയ്ക്കലിന് ശേഷമുള്ള തുടർചികിത്സ, ഹീമോഫീലിയ, ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാനാഡി എന്നിവയുടെ ഗുരുതരക്ഷതങ്ങൾ എന്നിവയ്ക്കും അവയവദാതാവിനുമാണ് കാരുണ്യ ചികിത്സാ പദ്ധതിയിൽ നിന്നും ചികിത്സാ സഹായം നൽകുന്നത്. 3 ലക്ഷം രൂപയിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ള കുടുംബങ്ങൾക്കാണ് കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ചികിത്സാ സഹായം അനുവദിച്ചിരുന്നത്.

പുതിയ അപേക്ഷകർക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ മാനദണ്ഡമനുസരിച്ച് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നിരക്കിൽ പ്രസ്തുത പദ്ധതിയുള്ള എല്ലാ ആശുപത്രികളിലും 2020 മാർച്ച് 31 വരെ ചികിത്സ ലഭ്യമാണ്.

## മെഡിസെപ് പദ്ധതി

12 (2290) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിയുടെ വ്യവസ്ഥകൾക്ക് അന്തിമ രൂപമായിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ ;

(ബി) നിർദ്ദിഷ്ട മെഡിസെപ് പദ്ധതി കേരള സർക്കാരിന്റെ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ് മുഖേന (എസ്.എൽ.ഐ.) നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കുമോ;

(സി) എസ്.എൽ.ഐ. മുഖേന പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ സ്വകാര്യ ആശുപത്രികൾക്കും ജീവനക്കാർക്കും പെൻഷൻകാർക്കും കൂടുതൽ വിശ്വാസ്യത ലഭിക്കും എന്നുള്ള സാഹചര്യം കണക്കിലെടുത്ത് ഇക്കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തരം 1-8-2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി 15-7-2019-ലെ സ.ഉ.(പി)നമ്പർ.87/2019/ധന. പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി. (REQUEST FOR PROPOSAL)യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തിട്ടുള്ളതാണ്. പദ്ധതിയുടെ റീ – ടെണ്ടറിനു മുന്നോടിയായുള്ള നടപടികൾ നിലവിൽ പുരോഗമിച്ചുവരുന്നു.

(ബി&സി) 30 ലക്ഷത്തോളം ഗുണഭോക്താക്കളെ ഉൾക്കൊള്ളുന്ന ധനകാര്യ വകുപ്പിന്റെ പ്രോജക്ടാണ് സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി (മെഡിസെപ്). സംസ്ഥാന സർക്കാർ ജീവനക്കാർക്കായി എസ്.എൽ.ഐ. മുഖേന നടപ്പിലാക്കുന്ന മറ്റു ലൈഫ് ഇൻഷ്വറൻസ് സ്കീമുകളുമായി (ജി.ഐ.എസ്., ജി.പി.എ.ഐ.എസ് മുതലായവ) താരതമ്യപ്പെടുത്തുമ്പോൾ ആരോഗ്യ ഇൻഷ്വറൻസ് സ്കീമുകൾ വളരെ സങ്കീർണ്ണമാണ്. ആരോഗ്യ ഇൻഷ്വറൻസ് സ്കീം നടത്തിപ്പിലെ സങ്കീർണ്ണതകൾ കണക്കിലെടുക്കുമ്പോൾ നിർദ്ദിഷ്ട സ്കീം നിലവിൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തരം നടപ്പാക്കുന്നത് അഭികാമ്യമല്ല.

**മെഡിസെപ് പദ്ധതിയുടെ വ്യവസ്ഥകൾ**

13 (2291) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പിൽ നിന്ന് സംസ്ഥാനത്തെ പ്രധാന സ്വകാര്യ ആശുപത്രികൾ വിട്ടു നിൽക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പദ്ധതിയുടെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) ഇൻഷ്വറൻസ് പരിരക്ഷ കിട്ടണമെങ്കിൽ 24 മണിക്കൂർ ആശുപത്രിയിൽ കിടക്കണമെന്ന വ്യവസ്ഥ, റേഡിയേഷൻ, കീമോതെറാപ്പി, ചില രക്തജന്യരോഗങ്ങൾ തുടങ്ങിയവയുടെ ചികിത്സ തേടുന്നവർക്കുള്ള ആനുകൂല്യം നഷ്ടപ്പെടുത്താൻ ഇടവരുത്തുമോ;

(ഡി) പദ്ധതി റിലയൻസ് പോലുള്ള കമ്പനികളെ ഏൽപ്പിക്കുമ്പോൾ വ്യവസ്ഥകൾ സുതാര്യമല്ലെങ്കിൽ ഭാവിയിൽ അത് ഗുണഭോക്താക്കളെ ബുദ്ധിമുട്ടിലാക്കുമെന്നത് പരിശോധിക്കുമോ;

(ഇ) എങ്കിൽ ഇൻഷ്വറൻസ് കമ്പനികളുടെ ചൂഷണമൊഴിവാക്കാൻ പദ്ധതി സർക്കാർ നേരിട്ട് നടത്തണമെന്ന വിദഗ്ദ്ധാഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അക്കാര്യം സർക്കാർ പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട ചികിത്സാ പട്ടികയും നിരക്കുകളും നിശ്ചയിക്കുന്നതിന് സർക്കാർ രൂപീകരിച്ച കമ്മീഷന്റെ ശിപാർശകളെ അടിസ്ഥാനമാക്കിയാണ് മെഡിസെപ് പദ്ധതിയുമായി ബന്ധപ്പെട്ട ചികിത്സാ വ്യവസ്ഥകളും നിരക്കുകളും നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ട്രീറ്റ്മെന്റുകൾക്ക് നിശ്ചയിച്ചിട്ടുള്ള താഴ്ന്ന നിരക്കുകൾ, പദ്ധതിയിൽ നിന്നും ആശുപത്രികൾ വിട്ടു നിൽക്കുന്നതിനിടയാക്കി. ഈ സാഹചര്യത്തിൽ റീ ടെണ്ടർ ഉൾപ്പെടെയുള്ള നടപടികൾ പരിശോധിച്ചുവരുന്നു.

(സി) നിർദ്ദിഷ്ട പദ്ധതിയിലെ വ്യവസ്ഥകൾപ്രകാരം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിശ്ചിത ചികിത്സാ പ്രക്രിയകൾക്കാണ് (ഡേ കെയർ ഉൾപ്പെടെ) പദ്ധതിയിൻപ്രകാരമുള്ള ആനുകൂല്യം ലഭ്യമാകുന്നത്. ടി പട്ടികയിൽ ഉൾപ്പെടാത്ത ഔട്ട് പേഷ്യന്റ് ചികിത്സകൾക്ക് ജീവനക്കാർക്ക് നിലവിലുള്ള പ്രതിപൂരണ സമ്പ്രദായം ഉപയോഗപ്പെടുത്താവുന്നതാണ്.

(ഡി) IRDAI നിബന്ധനകളുടെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾക്ക് വിധേയമായി സുതാര്യമായ ഇ-ടെണ്ടർ നടപടികളിലൂടെയാണ് ഇൻഷ്വററെ തെരഞ്ഞെടുക്കുന്നത്.

(ഇ) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും നടപ്പിലാക്കാൻ കഴിയാത്തതുമായ പദ്ധതികൾ

14 (2292) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 ബജറ്റിൽ പ്രഖ്യാപിക്കുകയും നാളിതുവരെ നടപ്പിലാക്കാത്ത/ ആരംഭിക്കാത്ത പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; ആയതിലേയ്ക്കായി നീക്കിവച്ച തുക എത്രയാണെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതികൾ നാളിതുവരെ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(സി) 2017-18 ബജറ്റിൽ പ്രഖ്യാപിക്കുകയും നാളിതുവരെ നടപ്പിലാക്കാത്ത/ ആരംഭിക്കാത്ത പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; ആയതിലേക്കായി നീക്കിവച്ച തുക എത്രയാണെന്ന് വിശദമാക്കുമോ;

(ഡി) ഈ പദ്ധതികൾ നാളിതുവരെ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

## മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ പദ്ധതികൾ

15 (2293) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2019-20 വരെയുള്ള വർഷങ്ങളിൽ മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ ഏതൊക്കെ പദ്ധതികളാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 2016-17 മുതൽ 2019-20 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റുകളിൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ (MLA SDF) കീഴിൽ 1 കോടി രൂപ വീതവും നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയുടെ കീഴിൽ 5 കോടി രൂപ വീതവും വകയിരുത്തിയിട്ടുണ്ട്. പദ്ധതികളുടെയും നിർവ്വഹണ പുരോഗതിയുടെയും വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗം

16 (2294) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ ഏതൊക്കെ പദ്ധതികൾ ഇതിനകം പൂർത്തീകരിച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## പദ്ധതി വിഹിതം

17 (2295) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം ചെലവഴിക്കപ്പെട്ടുവെന്ന് വ്യക്തമാക്കാമോ ;

(ബി) കൃഷി, വിദ്യാഭ്യാസം, ആരോഗ്യം എന്നീ വകുപ്പുകളുടെ കണക്കുകൾ പ്രത്യേകം വ്യക്തമാക്കാമോ?

ഉത്തരം

(എ) 2019-20 സാമ്പത്തിക വർഷത്തിൽ പ്ലാൻ സ്പേസിൽ ലഭ്യമായ കണക്കനുസരിച്ച് സംസ്ഥാന പദ്ധതികൾക്ക് 30-10-2019-ൽ 41.13% ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്.

(ബി) 2019-20 സാമ്പത്തിക വർഷത്തിൽ കൃഷി, ആരോഗ്യം വിദ്യാഭ്യാസം എന്നീ മേഖലകൾക്ക് യഥാക്രമം 25.73%, 51.03%, 25.89% ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്.

## പ്രളയധനസഹായം

18 (2296) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിന് ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ

നിധിയിലേക്ക് സംഭാവനയായി ലഭിച്ച ചെക്കുകളിൽ എത്രയെണ്ണം മടങ്ങിയെന്നും മടങ്ങിയ ചെക്കുകളുടെ ആകെ തുക എത്രയാണെന്നും വെളിപ്പെടുത്താമോ;

(ബി) മടങ്ങിയ ചെക്കുകൾ നൽകിയവരിൽ നിന്നും തുക ഈടാക്കുവാൻ നടപടി സ്വീകരിച്ചോ; എങ്കിൽ എത്ര തുക ലഭിച്ചു; ഇനിയും എത്ര ചെക്കുകളുടെ തുകയാണ് കിട്ടുവാനുള്ളത്; അതിൽ ഒരു ലക്ഷത്തിന് മേൽ തുകയുള്ള എത്ര ചെക്കുകളുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രളയവുമായി ബന്ധപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി ലഭിച്ച ചെക്കുകളിൽ നിന്നും 578 ചെക്കുകൾ മടങ്ങിയിട്ടുണ്ട്. ഇപ്രകാരം മടങ്ങിയ ചെക്കുകളുടെ ആകെ തുക 6,31,01,177 (ആറു കോടി മുപ്പത്തി ഒന്ന് ലക്ഷത്തി ആയിരത്തി ഒരുന്നൂറ്റി എഴുപത്തി ഏഴ് രൂപ മാത്രം) .

(ബി) തുക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം നടപടി സ്വീകരിച്ചതിൽ ലഭിച്ച തുക 5,09,87,103 (അഞ്ച് കോടി ഒൻപത് ലക്ഷത്തി എൺപത്തിഏഴായിരത്തി ഒരുന്നൂറ്റി മൂന്ന് രൂപ മാത്രം).

ഇനിയും കിട്ടാനുള്ള ചെക്കുകൾ - 331

ഒരു ലക്ഷത്തിന് മുകളിൽ തുകയുള്ള ചെക്കുകൾ - 43.

**പ്രളയധനസഹായം**

19 (2297) ശ്രീ ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ ഭാഗമായി സ്വീകരിച്ച ധനസഹായം എത്ര രൂപയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ പ്രധാനമായും സർക്കാർ ജീവനക്കാരിൽനിന്നും പിരിച്ചെടുത്ത സാലറി ചാലഞ്ച് തുക, ജനപ്രതിനിധികളിൽനിന്നും സംഭരിച്ച തുക, സ്പോൺസർഷിപ്പ് മുഖേന ലഭിച്ച തുക, സന്നദ്ധ സംഘടനകൾ, വ്യക്തികൾ മറ്റ് ഇതര മാർഗ്ഗങ്ങൾ എന്നിങ്ങനെ ഓരോ ഇനത്തിലും ലഭിച്ച തുക എത്രയാണ്;

(സി) ഇത്തരത്തിൽ ലഭിച്ച തുക ഏത് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്;

(ഡി) ലഭിച്ച തുകയിൽ നിന്നും നാളിതുവരെ എത്ര രൂപ ചെലവഴിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രളയവുമായി ബന്ധപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 28-10-2019 വരെ 4656.86 കോടി രൂപ സ്വരൂപിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

പൊതുജനങ്ങൾ, സ്ഥാപനങ്ങൾ-സംഘടനകൾ, പൊതുമേഖല-ഗ്രാന്റ് ഇൻ എയ്ഡ്-സ്വയംഭരണ സ്ഥാപനങ്ങൾ മുതലായവയിൽ നിന്ന് 3002.13 കോടി രൂപ.

ജീവനക്കാരുടെ ഉൽസവബത്ത ഇനത്തിൽ -117.69 കോടി രൂപ.

സ്പാർക്ക് മുഖേന ശമ്പളം കൈപ്പറ്റുന്ന ജീവനക്കാരിൽ നിന്നും സാലറി ചലഞ്ച് മുഖേന-1216.29 കോടി രൂപ

പെൻഷൻകാരിൽ നിന്ന് സാലറി ചലഞ്ച് മുഖേന-12.07 കോടി രൂപ

അധിക ടാക്സ് മദ്യ വില്പനയിൽ ഏർപ്പെടുത്തിയ വകയിൽ-308.68 കോടി രൂപ

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് പ്രളയവുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നു സ്പാർക്ക് മുഖേന 28-10-2019 വരെ 1216.29 കോടി രൂപ ലഭ്യമായിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങൾ-സംഘടനകൾ.

ഗ്രാന്റ് ഇൻ എയ്ഡ്-സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർ സാലറി ചലഞ്ച് മുഖേനയുള്ള തുക ബാങ്ക് അക്കൗണ്ടുകളിലും ട്രഷറി അക്കൗണ്ടിലുമാണ് നിക്ഷേപിക്കുന്നത്. ഇവയുടെ വിശദാംശങ്ങൾ പ്രത്യേകമായി ലഭ്യമല്ല. ജനപ്രതിനിധികളിൽ നിന്ന് 1,37,75,523 (ഒരു കോടി മുപ്പത്തി ഏഴ് ലക്ഷത്തി എഴുപത്തി അയ്യായിരത്തി അഞ്ഞൂറ്റി ഇരുപത്തിമൂന്ന് രൂപ) സ്വരൂപിച്ചിട്ടുണ്ട്. സ്പോൺസർഷിപ്പ് മുഖേന മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് തുകകൾ ലഭ്യമായിട്ടില്ല. സന്നദ്ധ സംഘടനകൾ-വ്യക്തികൾ, മറ്റിതര മാർഗ്ഗങ്ങൾ എന്നിവയിൽ നിന്നുള്ള സംഭാവനകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുവേണ്ടി ആരംഭിച്ച പതിനെട്ട് ബാങ്ക് അക്കൗണ്ടുകളിലും ട്രഷറി അക്കൗണ്ടുകളിലുമാണ് നിക്ഷേപിക്കുന്നത്. ഇവയുടെ വിശദാംശങ്ങൾ പ്രത്യേകമായി ലഭ്യമല്ല.

(സി) ജീവനക്കാരിൽ നിന്നുള്ള ഉൽസവബത്ത, സാലറി ചലഞ്ച് എന്നിവ മുഖേന ലഭ്യമായ തുക തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ആരംഭിച്ച സ്പെഷ്യൽ ട്രഷറി സേവിംഗ്സ് അക്കൗണ്ടായ 799011400004798-ലും പൊതുജനങ്ങളിൽ

നിന്നും മറ്റ് സ്ഥാപനങ്ങൾ സംഘടനകൾ എന്നിവയിൽ നിന്നുമുള്ള സംഭാവന തുകകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിക്കുവേണ്ടി ആരംഭിച്ച പതിനെട്ട് ബാങ്ക് അക്കൗണ്ടുകളിലും പ്രധാന ട്രഷറി പബ്ലിക് അക്കൗണ്ടായ 701010200000080-ലുമാണ് സ്വരൂപിക്കുന്നത്.

(ഡി) പ്രളയവുമായി ബന്ധപ്പെട്ട മുഖ്യമന്ത്രിയുടെ ദുരാതാശ്വാസ നിധിയിൽ നിന്ന ധനസഹായമായി 29.10.2019 വരെ 2476.46 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

ആശ്വാസധനഹായം-457.58 കോടി രൂപ

വീടും സ്ഥലവും നാശനഷ്ടം-1834.92 കോടി രൂപ

ചികിത്സാ ധനസഹായം-12.30 ലക്ഷം രൂപ

കെയർ ഹോം പദ്ധതിക്കായ് സഹകരണ വകുപ്പിന് നൽകിയത്-52.69 കോടി രൂപ

കർഷകർക്ക് നൽകിയത്-54 കോടി രൂപ

ഉപജീവന കിറ്റ് വിതരണത്തിനായ സിവിൽ സപ്ലൈസ് കോർപ്പറേഷന് നല്കിയത്-54.46 കോടി രൂപ

പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് നല്കിയത്-1.91 ലക്ഷം രൂപ

മരണപ്പെട്ടവരുടെ ആശ്രിതർക്ക് -29 ലക്ഷം രൂപ

ഭൂമി നഷ്ടപ്പെട്ടവർക്ക്-62.34 ലക്ഷം രൂപ

വീട് നിർമ്മാണ സ്ഥല സജ്ജീകരണത്തിനായി -25.82 ലക്ഷം രൂപ

പെൻഡിംഗ് അപ്പീലുകൾ പരിഹരിക്കുന്നതിന് എഞ്ചിനീയർമാർക്ക് നൽകിയത്-12.18 ലക്ഷം രൂപ

അധിക റേഷൻ വിതരണം നൽകിയ ഇനത്തിൽ കേരള സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകിയത്-9.4 കോടി രൂപ

സാമൂഹ്യമായി പിന്നാക്കം നിൽക്കുന്നവർക്കായിട്ടുള്ള പ്രത്യുത്ഥാനം പദ്ധതി മുഖേന നൽകിയത്-10 കോടി രൂപ

പാഠപുസ്തകങ്ങൾ അച്ചടിച്ച് കൊടുത്ത വകയിൽ സി-ആപ്റ്റിന് നൽകിയത്-47.46 ലക്ഷം രൂപ

ചെറുകിട സംരംഭകർക്കുള്ള ഉജ്ജീവന വായ്പാ പദ്ധതി പ്രകാരം നല്കിയത് -1.50 കോടി രൂപ

**വകുപ്പുകൾക്ക് പുതിയ വാഹനങ്ങൾ**

20 (2298) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിട്ട മഹാപ്രളയത്തിന്റെ പശ്ചാത്തലത്തിൽ വകുപ്പുകൾ പുതിയ വാഹനം വാങ്ങുന്നതിന് പകരം ദീർഘകാല കരാറടിസ്ഥാനത്തിൽ വാഹനങ്ങൾ വാടകയ്ക്ക് എടുക്കണമെന്ന് നിഷ്കർഷിച്ച് 15-9-2018 ലെ 85/2018/ധന നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ;

(ബി) പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം ഇതുവരെ എത്ര പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് വകുപ്പുകൾക്കും, ഉദ്യോഗസ്ഥർക്കും അനുമതി നൽകിയെന്ന് അറിയിക്കുമോ;

(സി) എത്ര കോടി രൂപയുടെ അനുമതിയാണ് ഇക്കാര്യത്തിനായി നൽകിയത്;

(ഡി) പ്രസ്തുത ഉത്തരവിനുശേഷം മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും ചീഫ് വിപ്പിനും, ഡൽഹിയിലെ പ്രത്യേക പ്രതിനിധിക്കും മറ്റുമായി എത്ര പുതിയ വാഹനങ്ങൾ വാങ്ങി; അതിനായി എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ)ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ബി-ഡി) വിവരംശേഖരിച്ചു വരുന്നു.

**സർക്കാർ എടുത്തിട്ടുള്ള വായ്പ**

21 (2299) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ 6003, 6004 ധനകാര്യ ശീർഷകത്തിൽ 2019-20 വർഷത്തിൽ ആകെയുള്ള വായ്പ എത്രയാണെന്ന് ശീർഷകം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ശീർഷകത്തിൽ കിഫ്ബി വഴിയുള്ള വായ്പ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ബഡ്ജറ്ററി ബോറോയിംഗ്സിന് 6.56 ശതമാനത്തിൽ വാങ്ങുന്ന തുകയേക്കാൾ കൂടിയ നിരക്കിൽ ബഡ്ജറ്റ് ഇതര ബോറോയിംഗ്സ് നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ 2019-20 സാമ്പത്തിക വർഷത്തെ ലഭ്യമായ താത്കാലിക കണക്കുകൾ പ്രകാരം 31-8-2019 വരെ 6003 ശീർഷകത്തിൽ 11628.02 കോടി രൂപയും (തനി) 6004 ശീർഷകത്തിൽ -31.76 കോടി രൂപയും- (തനി) ഉൾപ്പെടെ ആകെ 11596.26 കോടി രൂപ (തനി) വായ്പയായി എടുത്തിട്ടുണ്ട്.

(ബി) കിഫ്ബി കടം എടുക്കുന്ന തുക സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ പരിധിയിൽ വരുന്നില്ല.

(സി) കിഫ്ബിയുടെ കടമെടുപ്പുകൾ ബഡ്ജറ്റിന്റെ പരിധിയിൽ വരുന്നതല്ല. വിവിധ സ്രോതസ്സുകളിൽ നിന്നുള്ള കിഫ്ബിയുടെ കടമെടുപ്പിന്റെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു:

| സ്രോതസ്സ് | തുക (കോടിയിൽ) | പലിശനിരക്ക് |
|---|---|---|
| മസാല ബോണ്ട് | 2150 | 9.723% |
| ടേം ലോണുകൾ | 1550.80 | 8.6%-9.15% |
| ബോണ്ട് (കെ.എസ്.എഫ്.ഇ.) | 62.718 | 7.5%-8.6% |
| ആകെ | 3763.518 | |

(30-10-2019-ലെ കണക്കുകൾ അനുസരിച്ച്)

**നവകേരള നിർമ്മാണത്തിന് വായ്പകൾ**

22 (2300) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള നിർമ്മാണത്തിന് ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും നാളിതുവരെ വായ്പകൾ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; ലഭിച്ച വായ്പകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ വായ്പകളുടെ തിരിച്ചടവ് കാലാവധിയും പലിശയും എത്രയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത വായ്പകളിൽനിന്നും ലഭിക്കുന്ന തുക ഏതെല്ലാം പദ്ധതി നിർവ്വഹണങ്ങൾക്കാണ് ചെലവഴിക്കുന്നതെന്ന് അറിയിക്കാമോ; അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതികളുടെ നിർമ്മാണ പുരോഗതി വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോക ബാങ്കിൽ നിന്ന് 500 മില്ല്യൺ ഡോളർ വികസന നയവായ്പയും (DPL), ജർമൻ ബാങ്കായ KfW-ൽ നിന്ന് 170 മില്ല്യൺ യൂറോ വായ്പയും സമാഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി ലോക ബാങ്കിൽ നിന്ന് വികസന നയവായ്പയുടെ ആദ്യ ഗഡുവായി 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) ഈ വർഷം ലഭ്യമായിട്ടുണ്ട്. ജർമ്മൻ ബാങ്കായ KfW-ൽ നിന്നുള്ള വായ്പ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട കരാർ ഒപ്പിടുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) ലോക ബാങ്കിൽ നിന്നും ലഭ്യമായ 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) വായ്പയുടെ പലിശനിരക്ക്, തിരിച്ചടവ് കാലാവധി തുടങ്ങിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ഇനം | ഭാഗം-എ കൺസഷണൽ വായ്പ | ഭാഗം-ബി നോൺ-കൺസഷണൽ വായ്പ |
|---|---|---|
| തുക | 1133.07 കോടി രൂപ | 646.51 കോടി രൂപ |
| പലിശനിരക്ക് | 1.25% വാർഷിക പലിശ | LIBOR+ ലോക ബാങ്ക് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പലിശ നിരക്ക് |
| തിരിച്ചടവ് കാലാവധി | 15-11-2024 മുതൽ 15-05-2049 വരെ 50 അർദ്ധ വാർഷിക തവണകൾ | 15-11-2024 മുതൽ 15-05-2043 വരെ 39 അർദ്ധവാർഷിക തവണകൾ |

(സി) കേരള പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ഒരു മാർഗ്ഗരേഖയായി കേരള പുനർനിർമ്മാണ വികസന പദ്ധതി (Rebuild Kerala Development Program, RKDP)-ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. RKDP-യിൽ ഉൾപ്പെടുത്തിയിട്ടുള്ള മേഖലകളായ ഭൂവിനിയോഗം, സംയോജിത ജലവിഭവ പരിപാലനം, ജീവനോപാധി, ഗതാഗതം, മത്സ്യബന്ധനം, വനം, ജലവിതരണം, മൃഗസംരക്ഷണവും ക്ഷീര വികസനവും, നഗരവികസനം, റോഡുകളും പാലങ്ങളും, കൃഷി തുടങ്ങിയ മേഖലകളിലെ വിവിധ പദ്ധതികൾക്കായാണ് വായ്പാ തുക വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നത്.

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് - ഇംപ്ലിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി എന്നിവ വിവിധ വകുപ്പുകൾ സമർപ്പിച്ച പദ്ധതികൾ പരിഗണിച്ചുവരുന്നു. ചുവടെ പറയുന്ന പദ്ധതികൾ തത്വത്തിൽ അംഗീകരിച്ചുകൊണ്ട് 13-8-2019-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്.

1. പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള 31 റോഡുകളുടെ പുനർ നിർമ്മാണത്തിനായി നടപ്പ് സാമ്പത്തികവർഷം 300 കോടി രൂപ (ലോകബാങ്കിന്റെ വികസന നയവായ്പയിൽ നിന്ന്)

2. തദ്ദേശ സ്വയംഭരണ വകുപ്പിനുകീഴിൽ എട്ട് ജില്ലകളിലായി 603.74 കി.മീ. റോഡുകളുടെ പുനർനിർമ്മാണത്തിന് 488 കോടി രൂപ (ലോക ബാങ്കിന്റെ വികസന നയവായ്പയിൽ നിന്ന്).

3. ഗതാഗത വകുപ്പ് സമർപ്പിച്ച ബ്രഹ്മപുരത്ത് കടമ്പ്രയാൽ നദിക്കു കുറുകെ പുതിയ ടു ലെയിൻ പാലം നിർമ്മിക്കുന്നതിനുള്ള 30 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം.

4. വനം വകുപ്പിന്റെ ആകെ 130.40 കോടി രൂപയുടെ മൂന്ന് പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം.

5. മത്സ്യബന്ധന വകുപ്പിന്റെ കൂട് മത്സ്യകൃഷിക്കുള്ള 3.2 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം (3 മുതൽ 5 വരെ പദ്ധതികൾക്ക് വിശദമായ റിപ്പോർട്ട് ലഭിച്ചതിനുശേഷം ഭരണാനുമതി). ഇതിനു പുറമെ ജലവിഭവം, തദ്ദേശ സ്വയംഭരണം, കൃഷി, മൃഗപരിപാലനം, റവന്യൂ തുടങ്ങിയ വകുപ്പുകളുടെ പദ്ധതികൾ അംഗീകാരത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. നിലവിൽ പദ്ധതികൾക്കായി തുക ചെലവഴിച്ചിട്ടില്ല.

**വിദേശ വായ്പാ ഇനത്തിൽ ലഭിച്ച തുക**

23 (2301) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ പദ്ധതികൾക്കാണ് വിദേശവായ്പ ലഭിച്ചിട്ടുള്ളതെന്ന് തുക, ഏജൻസി എന്നിവ സഹിതം അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷം മുതൽ വിദേശ സഹായ വായ്പ ലഭിച്ചിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) മേൽ വിദേശ സഹായ പദ്ധതികളിൽ, Kerala Sustainable Urban Development Project, Kerala Local Government and Service Delivery Project എന്നീ പദ്ധതികളുടെ കാലാവധി നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ASAP-Phase I അടുത്ത സാമ്പത്തിക വർഷം ജൂണിൽ അവസാനിക്കുകയാണ്. മറ്റു വിദേശ സഹായ പദ്ധതികൾ നടപ്പിലാക്കിവരികയാണ്.

**സർക്കാർ കടമെടുത്ത തുക**

24 (2302) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ പൊതുകടം നിലവിലെത്രയാണ്;

(ബി) ഈ സർക്കാർ കടപ്പത്രങ്ങൾ വഴിയും മറ്റിനങ്ങളിലും എത്ര തുക കടമെടുത്തുവെന്ന് വെളിപ്പെടുത്താമോ;

(സി) കിഫ്ബി വഴി ഇതിനകം എത്ര തുകയാണ് കടമെടുത്തതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ 31-8-2019 വരെയുള്ള കണക്കുകൾ പ്രകാരം (1-4-2018 മുതൽ 31-8-2019 വരെയുള്ള താൽക്കാലിക കണക്കുകൾ ഉൾപ്പെടെ) സംസ്ഥാനത്തിന്റെ പൊതുകടം 1,69,155.15 കോടി രൂപയാണ്.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ കണക്കുകൾ പ്രകാരം 1-4-2016 മുതൽ 31-8-2019 വരെ (1-4-2018 മുതൽ 31-8-2019 വരെയുള്ള താൽക്കാലിക കണക്കുകൾ ഉൾപ്പെടെ) 59,424.17 കോടി രൂപ (തനി) പൊതുകടമായി എടുത്തിട്ടുണ്ട്.

(സി) കിഫ്ബി കടം എടുക്കുന്ന തുക സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ പരിധിയിൽ വരുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സർക്കാരിന്റെ വരവും കടവും

25 (2303) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2016 ജൂൺ ഒന്നു മുതൽ കടപ്പത്രങ്ങൾ വഴിയും മറ്റു വായ്പകൾ വഴിയും എത്ര തുകയാണ് കടം എടുത്തത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ സ്മോൾ സേവിംഗ്സ്, പ്രൊവിഡന്റ് ഫണ്ട്, മറ്റ് സേവിംഗ്സ് സ്കീം മുതലായ ഇനങ്ങളിൽ എത്ര കോടി രൂപ സർക്കാരിന് ലഭിച്ചു എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ കണക്കുകൾ പ്രകാരം 1-4-2016 മുതൽ 31-8-2019 വരെ (1-4-2018 മുതൽ 31-8-2019 വരെയുള്ള താത്ക്കാലിക കണക്കുകൾ ഉൾപ്പെടെ) 59,424.17 കോടി രൂപ (തനി) പൊതുകടമായി എടുത്തിട്ടുണ്ട്.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ കണക്കുകൾ പ്രകാരം 1-4-2016 മുതൽ 31-8-2019 വരെ (1-4-2018 മുതൽ 31-8-2019 വരെയുള്ള താത്ക്കാലിക കണക്കുകൾ ഉൾപ്പെടെ) 32764.85 കോടി രൂപ (തനി), സ്മോൾ സേവിംഗ്സ്, പ്രൊവിഡന്റ് ഫണ്ട്, മറ്റ് സേവിംഗ്സ് സ്കീം എന്നീ ഇനങ്ങളിൽ ലഭിച്ചിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ പൊതുകടം

26 (2304) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മാസത്തിൽ സംസ്ഥാനത്തിന്റെ പൊതുകടം എത്ര കോടി രൂപയായിരുന്നുവെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കോടി രൂപയാണ് കടമായി സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുപ്രകാരം 31-3-2016 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 1,09,730.97 കോടി രൂപ ആയിരുന്നു.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ കണക്കുകൾ പ്രകാരം 1-4-2016 മുതൽ 31-8-2019 വരെ (1-4-2018 മുതൽ 31-8-2019 വരെയുള്ള താൽക്കാലിക കണക്കുകൾ ഉൾപ്പെടെ) 59,424.17 കോടി രൂപ പൊതുകടമായി എടുത്തിട്ടുണ്ട്.

**ജി.എസ്.ടി.യും പ്രളയ സെസും വഴി സമാഹരിക്കുന്ന തുക**

27 (2305) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി.-യും നവകേരള സൃഷ്ടിക്കായി ഒരു ശതമാനം പ്രളയ സെസും ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്നുമുതലെന്ന് അറിയിക്കാമോ;

(ബി) ഇതിലൂടെ എത്ര കോടി രൂപ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; ഇതിനകം എത്ര കോടി രൂപ ലഭിച്ചു;

(സി) 2018-ലെ പ്രളയവും 2019-ലെ അധിവർഷവും മൂലം സർവ്വതും നഷ്ടപ്പെട്ട ജനങ്ങളുടെ മേൽ പ്രളയ സെസ് വഴി കൂടുതൽ ഭാരം കെട്ടിവച്ചത് നീതീകരിക്കാവുന്ന ഒന്നാണോയെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ജി.എസ്.ടി. 1-7-2017 മുതലും നവകേരള സൃഷ്ടിക്കായി ഒരു ശതമാനം പ്രളയ സെസ് 1-8-2019 മുതലും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതിലൂടെ 2019-20 സാമ്പത്തിക വർഷം സമാഹരിക്കുവാൻ ഉദ്ദേശിക്കുന്ന തുകയും ഇതിനകം ലഭിച്ച തുകയും ചുവടെ ചേർക്കുന്നു:

(കോടിയിൽ)

| ഇനം | 2019-20 സാമ്പത്തിക വർഷം സമാഹരിക്കുന്നതിന് ഉദ്ദേശിച്ച തുക | 30-09-2019 (കോമ്പൻസേഷൻ ഉൾപ്പെടെ) |
|---|---|---|
| ജി.എസ്.ടി. | 29010.62 | 12488.49 (കോമ്പൻസേഷൻ ഉൾപ്പെടെ) |
| പ്രളയ സെസ് | 600.00 | 68.52 |

(സി) പ്രകൃതി ദുരന്തം നേരിടുന്ന സംസ്ഥാനങ്ങൾക്ക് പുനർനിർമ്മാണത്തിനും മറ്റുമായി ജി.എസ്.ടി കൗൺസിലിന്റെ അംഗീകാരത്തോടുകൂടി സെസ് ചുമത്താവുന്നതാണ്. പ്രളയംമൂലം നാശനഷ്ടം സംഭവിച്ച ഗ്രാമീണ റോഡുകളുടെ

പുനരുദ്ധാരണത്തിനും മറ്റുമായി അധികവിഭവ സമാഹരണം അനിവാര്യമാണ്. സ്വർണ്ണം ഒഴികെ 12 ശതമാനത്തിന് താഴെ നികുതി നിരക്കുള്ള ചരക്കുകളെയും സേവനങ്ങളെയും സെസ്സിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയതിനാലും ഇപ്രകാരം സമാഹരിക്കുന്ന തുക നാടിന്റെ വികസനത്തിനും ക്ഷേമത്തിനുമായി ഉപയോഗിക്കുന്നതിനാലും ഇത് നീതീകരിക്കാവുന്നതാണ്.

## ഇ-വേ ബിൽ സംവിധാനം

28 (2306) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ഏപ്രിൽ 1 മുതൽ നടപ്പിലാക്കിയ ഇ-വേ ബിൽ സംവിധാനം വിലയിരുത്തിയിട്ടുണ്ടോ; ആയത് വിജയപ്രദമാണോ;

(ബി) ഇന്റലിജൻസ് പരിശോധനയ്ക്ക് വിധേയമാക്കുന്ന ഇ-വേ ബില്ലുകളിൽ ന്യൂനതകളും ക്രമക്കേടുകളും കണ്ടെത്തിയിട്ടുണ്ടോ; ഇത്തരം കേസ്സുകളിൽ പിഴ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) നികുതി വെട്ടിപ്പും ചരക്ക് നീക്കത്തിലെ കള്ളക്കടത്തും ഫലപ്രദമായി തടയുന്നതിന് ഈ-വേ ബിൽ സംവിധാനം സഹായകമായിട്ടുണ്ടോ; ഈ-വേ ബിൽ സംവിധാനം നിരീക്ഷണ ക്യാമറയുമായി ബന്ധിപ്പിക്കുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) 2018 ഏപ്രിൽ 1 മുതൽ നടപ്പിലാക്കിയ ഇ-വേ ബിൽ സംവിധാനം വിലയിരുത്തിയിട്ടുള്ളതും ആയത് വിജയകരവുമാണ്.

(ബി) ഇന്റലിജൻസ് പരിശോധനയ്ക്ക് വിധേയമാക്കുന്ന ഇ-വേ ബില്ലുകളിൽ ന്യൂനതകളും ക്രമക്കേടുകളും കണ്ടെത്തിയിട്ടുണ്ട്. പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളവയിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) നികുതി വെട്ടിപ്പും ചരക്ക് നീക്കത്തിലെ കള്ളക്കടത്തും ഫലപ്രദമായി തടയുന്നതിന് ഇ-വേ ബിൽ സംവിധാനം സഹായകമായിട്ടുണ്ട്.

ഇ-വേ ബിൽ സംവിധാനം നിരീക്ഷണ ക്യാമറയുമായി ബന്ധിപ്പിക്കുന്ന പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

തത്സമയ ഡാറ്റ ലഭ്യമല്ലാത്തതിനാൽ പദ്ധതി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. നടപടികൾ പുരോഗമിക്കുന്നു. കൂടാതെ 23 സ്ഥലങ്ങളിൽ ക്യാമറ സ്ഥാപിക്കുന്ന മുഖ്യപദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിവരുന്നു.

**പുതിയ വാഹനം വാങ്ങുന്നതിനുള്ള നിയന്ത്രണം**

29 (2307) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിക്ക് ഇളവ് വരുത്തുന്നതിനായി സർക്കാർ വകുപ്പുകൾ പുതിയ വാഹനം വാങ്ങുന്നത് ഒഴിവാക്കി പകരം ആവശ്യമുള്ളപക്ഷം വാഹനങ്ങൾ വാടകയ്ക്ക് എടുക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ ഉത്തരവ് നിലവിൽ വന്നശേഷം ഏതൊക്കെ വകുപ്പുകൾക്ക് പുതിയ വാഹനം വാങ്ങുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്; ഇപ്രകാരം അനുമതി നൽകേണ്ടിവന്ന പ്രത്യേക സാഹചര്യം വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. വ്യയനിയന്ത്രണത്തിന്റെയും ധനദൃഢീകരണത്തിന്റെയും ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി 17-4-2018-ൽ സ.ഉ.(അ)നമ്പർ 66/2018/ധന. പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 17-4-2018-ലെ ഉത്തരവ് നിലവിൽ വന്നശേഷം പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകിയ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ഓഫീസുകളുടെയും പേരുവിവരങ്ങളും അവയ്ക്ക് അനുമതി നൽകേണ്ടിവന്ന സാഹചര്യവും അനുബന്ധമായി* ചേർക്കുന്നു.

**സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി**

30 (2308) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി നിലവിൽ ഗുണകരമാണോ; അതോ കടുത്ത സാമ്പത്തിക പ്രതിസന്ധിയെ സംസ്ഥാനം നേരിടുന്നുണ്ടോ; എങ്കിൽ ഇതിന്റെ കാരണങ്ങൾ എന്തൊക്കെയാണ്;

(ബി) കേന്ദ്ര സർക്കാരിന്റെ നയങ്ങൾ ഏതെല്ലാം തരത്തിലാണ് സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയെ ബാധിച്ചുകൊണ്ടിരിക്കുന്നത്; വിശദവിവരം നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിത ഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തികമാന്ദ്യം സംസ്ഥാന സമ്പദ്‌വ്യവസ്ഥയെയും പ്രതികൂലമായി ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിലുണ്ടായ രണ്ടു പ്രളയങ്ങൾ, നോട്ട് നിരോധനത്തിന്റെയും ചരക്ക് സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണശേഷിയെ കൂടുതൽ ദുർബ്ബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്., ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്ര സർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർനിർമ്മാണത്തിന് വാർഷിക വായ്പാ പരിധിക്ക് പുറത്ത് വായ്പ എടുക്കുവാനോ വായ്പാ പരിധി ഉയർത്തുന്നതിനോ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടില്ല. അതേസമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തല സൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർ സൃഷ്ടിക്കേണ്ടതുമുണ്ട്. മേൽ വിവരിച്ച സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ സാമ്പത്തിക ഞെരുക്കം സംസ്ഥാനം അഭിമുഖീകരിക്കുന്നുണ്ടെന്നത് ഒരു വസ്തുതയാണ്. ടി സാമ്പത്തിക ബുദ്ധിമുട്ടിന്റെ നിഴലിലും ചെലവുകൾ വെട്ടിച്ചുരുക്കി സംസ്ഥാന ധനനയത്തിൽ ഒരു അടിസ്ഥാനതിരുത്തലും വരുത്തില്ല. ക്ഷേമ വികസന പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കാൻ തന്നെയാണ് ബഡ്ജറ്റിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നിനിന്നുകൊണ്ട് നിലവിലെ പ്രതിസന്ധി തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചുവരുന്നത്.

(ബി) കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പല പരിഷ്കാരങ്ങളും സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. പ്രധാനമായും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര വിഹിതം 75% മുതൽ 90% വരെ ഉണ്ടായിരുന്നത് 60% ആയി കുറയ്ക്കുകയുണ്ടായി. ആയതിനാൽ അധിക തുക സംസ്ഥാനം വഹിക്കേണ്ട സ്ഥിതിവിശേഷം ഉളവായിട്ടുണ്ട്. കൂടാതെ ഒറ്റത്തവണ കേന്ദ്ര സഹായം, അധിക കേന്ദ്ര സഹായം എന്നിവ ആസൂത്രണ കമ്മീഷൻ മുഖേന

ലഭിച്ചുകൊണ്ടിരുന്നത് ഇപ്പോൾ നിർത്തലാക്കുകയും ചെയ്തു. മുമ്പുണ്ടായിരുന്ന വിഹിതത്തിൽ നിന്നും സംസ്ഥാനത്തിന്റെ പല സ്കീമുകൾക്കും നേട്ടമുണ്ടാകുകയും പദ്ധതി പ്രവർത്തനം വ്യാപകമായി നടത്തുവാൻ സാധിക്കുകയും ചെയ്തിരുന്നു. കേന്ദ്ര സർക്കാരിന്റെ കയറ്റുമതി, ഇറക്കുമതി നയത്തിലൂടെ സ്വതന്ത്ര വ്യാപാര മേഖല വികസിപ്പിച്ചതിന്റെ ഭാഗമായി കേരളത്തിന്റെ റബ്ബർ, കുരുമുളക് എന്നീ നാണ്യവിളകളുടെ വിലയിൽ വൻ ഇടിവ് സംഭവിച്ചു. ആയതിനാൽ രാജ്യങ്ങളിൽ നിന്നും ഈ ഉല്പന്നങ്ങൾ നികുതി കുറച്ച് ഇൻഡ്യയിൽ ഇറക്കുമതി ചെയ്യുന്ന സവിശേഷത അനുഭവപ്പെടുകയുണ്ടായി. കൂടാതെ പല കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെയും സ്വകാര്യവത്കരിക്കുന്നതിലൂടെ തൊഴിൽ അവസരങ്ങളിൽ ഗണ്യമായ കുറവ് വരാൻ ഇടയാക്കുന്നുണ്ട്. കേന്ദ്ര നയങ്ങൾമൂലമുള്ള ഓട്ടോമൊബൈൽ മേഖലയിലുള്ള തകർച്ച സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിനെയും തൊഴിലവസരങ്ങളെയും സാരമായി ബാധിച്ചു.

## ചെലവ് ചുരുക്കലിനും റവന്യൂ വർദ്ധനവിനും സ്വീകരിച്ചുവരുന്ന നടപടികൾ

31 (2309) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ യാഥാർത്ഥ്യ ബോധമില്ലാതെയുള്ള നടപടികളിലൂടെ രാജ്യത്ത് സാമ്പത്തിക മാന്ദ്യം അടിച്ചേൽപ്പിക്കുകയും പ്രതിസന്ധിയിലായ തൊഴിലാളികളെയും കർഷകരെയും അവഗണിച്ച് ഈ പ്രതിസന്ധി രാജ്യത്തെ കോർപ്പറേറ്റുകൾക്ക് അവർ കൊയ്യുന്ന ലാഭത്തിന്മേലുള്ള നികുതിയിൽ വൻ ഇളവുകൾ നൽകാനായുള്ള സുവർണ്ണാവസരമാക്കിത്തീർക്കുയും ചെയ്തത് വഴി സംസ്ഥാനത്തിനുണ്ടായ വരുമാന ചോർച്ച മറികടക്കാൻ ചെലവ് ചുരുക്കലിനും റവന്യൂ വർദ്ധനവിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) പ്രതിസന്ധി തരണം ചെയ്യുന്നതിന് സംസ്ഥാനത്തിന്റെ വായ്പാപരിധി വർദ്ധിപ്പിക്കണമെന്ന ആവശ്യം കേന്ദ്രസർക്കാർ നിരസിച്ചത് കൂടാതെ 6000 കോടിയോളം രൂപ നിലവിലുള്ള വായ്പാ പരിധിയിൽ നിന്ന് വെട്ടിക്കുറയ്ക്കുകയും ചെയ്തത് പിൻവലിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) നികുതി കുടിശ്ശിക സമാഹരണത്തിനും ജി.എസ്.ടി. പരിശോധന കാര്യക്ഷമമാക്കി റവന്യൂ വർദ്ധനവിനും നടപടിയെടുത്തുവരുന്നുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടും നിലവിലെ പ്രതിസന്ധി തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു:

1. വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പലമടങ്ങ് പണം ബഡ്ജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽമുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു. 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനോടകം 45618.6 കോടി രൂപയുടെ 591 പശ്ചാത്തല സൗകര്യ വികസന പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു. ഇവയിൽ 247 പ്രവൃത്തികളുടെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. ഇത് വാസ്തവത്തിൽ രാജ്യത്ത് ഏതെങ്കിലും സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഏറ്റവും വലിയ ഉത്തേജക പാക്കേജാണ്.

2. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.

3. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.

4. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി.

5. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.

6. വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.

7. ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിദ്ധ്യവൽക്കരണത്തിലൂടെയും ക്രിയാത്മക പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടംഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചു.

(ബി) സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ജി.എസ്.ഡി.പി.യുടെ 4.5 ശതമാനമായി ഉയർത്തണമെന്നും ലോക ബാങ്ക് മുതലായ വിദേശ സഹായ ഏജൻസികളിൽ നിന്നെടുക്കുന്ന വായ്പകൾ കടമെടുപ്പ് പരിധിക്കുപുറമേ അനുവദിക്കണമെന്നും ഈ വായ്പകൾ അടുത്ത 2 വർഷത്തേയ്ക്ക് കടമെടുപ്പ് പരിധിയുടെ പുറത്തായി നിർത്തണമെന്നും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും അനുകൂല പ്രതികരണം ലഭിച്ചിട്ടില്ല.

(സി) നികുതി കുടിശ്ശിക സമാഹരണത്തിനും ജി.എസ്.ടി. പരിശോധന കാര്യക്ഷമമാക്കി റവന്യൂ വർദ്ധനവിനും സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. അപ്പീൽ കേസ്സുകളും കോടതി കേസ്സുകളും എത്രയും വേഗം തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

2. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ബഹു. ധനകാര്യ വകുപ്പുമന്ത്രിയുടെയും റവന്യൂ വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ കളക്ടർമാരുടെ മീറ്റിംഗ് വിളിച്ച് വേണ്ട നിർദ്ദേശം നൽകി. നികുതി സെക്രട്ടറിയും നികുതി കമ്മീഷണറും കളക്ടർമാരുടെ മീറ്റിംഗ് വിളിച്ച് റവന്യൂ റിക്കവറിയുടെ അവലോകനം നടത്തി.

3. നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിന് ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽ വരുത്തി.

4. ആംനസ്റ്റി സ്വീകരിച്ചവർക്ക് കുടിശ്ശികകൾ തവണ വ്യവസ്ഥയിൽ 2020 മാർച്ച് 31 വരെ അടയ്ക്കുവാൻ സാവകാശം നൽകി.

5. 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ ലഭ്യമാകുമ്പോൾ നികുതി കണക്കുകൾ സ്ക്രൂട്ടണൈസ് ചെയ്ത് വ്യാപാരികളുടെ വിൽക്കൽ, വാങ്ങൽ വൗച്ചർ താരതമ്യപ്പെടുത്തി അധികൃതമായി ഇൻപുട്ട് ക്രെഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ചു കാണിച്ചതുമെല്ലാം കണ്ടുപിടിച്ച് നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചുപിടിക്കാൻ കഴിയും.

6. ജി.എസ്.ടി.ആർ-2 എ അടിസ്ഥാനമാക്കി ഇൻവോയിസ് മാച്ചിംഗിന് ജി.എസ്.ടി.ആർ-3 ബി, ജി.എസ്.ടി.ആർ-1 ഇവ തമ്മിലുള്ള താരതമ്യം, ഈ-വേ ബിൽ ഡാറ്റ എന്നിവ യഥാസമയം പരിശോധനാ വിധേയമാക്കി നടപടികൾ സ്വീകരിച്ചുവരുന്നു.

7. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം (എ.എൻ.പി.ആർ.) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ചരക്കുവാഹനങ്ങളിലും ഈ-വേ ബിൽ പരിശോധന തൽസമയം നടത്തുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കു വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഈ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പു വരുത്തുന്നതാണ്. ഇ-വേ ബിൽ ഇല്ലാത്തപക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലെർട്ട് സന്ദേശം നല്കുന്നതാണ്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കുകയും മറ്റ് പ്രധാന 23 അതിർത്തി മേഖലകളിൽ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലുമാണ്.

8. റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

9. നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചു വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ചരക്കു സേവന നികുതി വിതരണക്കാർക്കും ഉപയോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കിഫ്ബി മുഖേന അനുവദിച്ച പദ്ധതികളുടെ പുരോഗതി

32 (2310) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് മുഖേന അനുവദിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് മുഖേന അനുവദിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുവാനും, സുതാര്യതയും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിനായും കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗം, അഡ്മിനിസട്രേറ്റീവ് ഇൻസ്പെക്ഷൻ വിഭാഗം, ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗം എന്നീ വിഭാഗങ്ങളുടെ മേൽനോട്ടത്തിൽ പദ്ധതി നടത്തിപ്പുകളുടെ അവലോകന യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ നടത്തുന്നുണ്ട്. കൂടാതെ, ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടുകൂടി ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗം കണിശമായ രീതിയിൽ പദ്ധതികളുടെ പരിശോധന നടത്തിവരികയും ചെയ്യുന്നു.

ഇതിനുപുറമേ കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്ന വിവിധ ഏജൻസികളിലെ ഉദ്യോഗസ്ഥർക്ക് ആവശ്യാനുസരണം പരിശീലന പരിപാടികൾ, സാങ്കേതിക ഉപദേശങ്ങൾ എന്നിവ നൽകുന്നതിന് ടെക്നിക്കൽ റിസോഴ്സ് സെന്റർ എന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട വകുപ്പുകളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി കിഫ്ബിയുടെ നേതൃത്വത്തിൽ ടെക്നിക്കൽ സപ്പോർട്ട് യൂണിറ്റുകൾ തുടങ്ങുന്നതിനായി കിഫ് ബോർഡ് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

## കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണനിലവാര പരിശോധന

33 (2311) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണനിലവാര പരിശോധന നടത്തി ഗുണമേന്മ വിലയിരുത്തുന്നതിനായി മൊബൈൽ ക്വാളിറ്റി മാനേജ്മെന്റ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ;

(ബി) ഈ യൂണിറ്റ് നിലവിൽ എത്ര പദ്ധതികളുടെ ഗുണനിലവാര പരിശോധന നടത്തിയിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വിശദമാക്കാമോ;

(സി) ഇതിൽ എത്ര പദ്ധതികൾക്കാണ് ഗുണനിലവാര പോരായ്മകൾ കണ്ടുപിടിച്ചതെന്ന് വ്യക്തമാക്കാമോ; പോരായ്മകൾ എന്താണെന്ന് വിശദീകരിക്കാമോ;

(ഡി) ഗുണനിലവാര പോരായ്മകളിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആരംഭിച്ചിട്ടുണ്ട്. മെറ്റീരിയലുകൾ പരിശോധിക്കുവാനും സൈറ്റ് പരിശോധിക്കുവാനും രൂപകല്പന ചെയ്തിട്ടുള്ള സംവിധാനമാണ് ഓട്ടോ ലാബ്. കൂടാതെ സർവ്വേ, ദൃശ്യവിവരങ്ങളുടെ സമാഹാരം എന്നിവയും ഓട്ടോലാബ് ഏറ്റെടുത്തു നടത്തുന്നു.

(ബി) 23 പദ്ധതികളുടെ ഗുണനിലവാര പരിശോധന നടത്തിയിട്ടുണ്ട്. പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. അമരവിള – ഒറ്റശേഖരമംഗലം റോഡ്
2. മുട്ടൂർ -കുട്ടൂർ റോഡ്
3. ചങ്ങനാശ്ശേരി -കവിയൂർ റോഡ്
4. ജേക്കബ്സ് റോഡ്
5. നാലുമുക്ക്– ഭരണിക്കാവ് റോഡ്
6. പാലോട്-ബ്രൈമൂർ റോഡ്
7. മാമല-പിറവം റോഡ്
8. മടത്തുംചാൽ-മാക്കോട്ടുതറ റോഡ്
9. മണ്ണാർകുളഞ്ഞി-കോഴഞ്ചേരി റോഡ്
10. മുട്ടൂർ-കുട്ടൂർ റോഡ്
11. അട്ടച്ചാക്കൽ-കുമ്പളംപൊയ്ക റോഡ്
12. പുനലൂർ ടൗൺ റോഡ്
13. മെഴുവിന്മേൽ -കുന്നിക്കോട് റോഡ്
14. ചെറുന്നിയൂർ-ഒറ്റൂർ റോഡ്
15. ശിവഗിരി-റിംഗ് റോഡ്
16. വെട്ടുമുക്ക് മൈനാഗപ്പള്ളി-ശാസ്താംകോട്ട റോഡ്
17. കുണ്ടറ-ചിറ്റുമല റോഡ്
18. എലഞ്ഞിമേൽ-ഹരിപ്പാട് റോഡ്

19. കുറത്തിയമ്പലം-മാന്നാർ റോഡ്

20. മഠത്തിപ്പറമ്പ്-അർത്തുങ്കൽ റോഡ്

21. കലവൂർ-കാട്ടൂർ റോഡ്

22. കൈതവന-പഴയനട-അമ്പലപ്പുഴ റോഡ്

23. വാരൻകവല-കോൾഗേറ്റ് റോഡ്

(സി) അമരവിള-ഒറ്റശേഖരമംഗലം റോഡ്, ചങ്ങനാശ്ശേരി-കവിയൂർ റോഡ് എന്നിവിടങ്ങളിൽ പ്രാഥമിക പരിശോധനയിൽ Granular Sub Base-ലും, Wet Mix Macadam-ലും പോരായ്മ ഉള്ളതായി കണ്ടെത്തുകയുണ്ടായി. കൂടുതൽ പരിശോധന കിഫ്ബിയുടെ സെൻട്രൽ ലാബിൽ നടന്നുകൊണ്ടിരിക്കുകയാണ്.

(ഡി) പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയ എല്ലാ പോരായ്മകളും പരിഹരിക്കുന്നതിന് SPV-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കിഫ്ബി പരസ്യം

34 (2312) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'നവകേരള നിർമ്മാണം, വാക്കിനൊപ്പം ചുവടും' എന്ന തലക്കെട്ടിൽ 2019 സെപ്റ്റംബർ 11-ാം തീയതി സംസ്ഥാനത്തെ ദിനപത്രങ്ങളിൽ കിഫ്ബി പരസ്യം നൽകിയിരുന്നോ;

(ബി) ഏതൊക്കെ പത്രങ്ങളിലാണ് പ്രസ്തുത പരസ്യം നൽകിയതെന്നും ഓരോ പത്രത്തിനും പരസ്യ ഇനത്തിൽ എത്ര തുകയാണ് നൽകിയതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) നൽകിയിരുന്നു. കിഫ്ബി ഗവേർണിംഗ് ബോഡിയുടെ നിശ്ചയപ്രകാരം പ്രവർത്തനങ്ങൾ ബഹുജനങ്ങളിൽ എത്തിക്കുന്നതിനുള്ള കമ്മ്യൂണിക്കേഷൻ സ്റ്റ്രാറ്റജിയുടെ ഭാഗമായിട്ടാണ് പ്രസ്തുത പരസ്യം നൽകിയത്.

(ബി) പ്രസ്തുത പരസ്യം നൽകിയ പത്രങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു: ഈ ഇനത്തിൽ 02-11-2019 വരെയുള്ള കണക്കുകൾ പ്രകാരം ചെലവുകളൊന്നും വന്നിട്ടില്ല. ബില്ലുകൾ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഈ ഇനത്തിൽ ചെലവ് ഉണ്ടാകുയുള്ളൂ.

| Sl. No. | Publication |
|---|---|
| 1 | Suprabhatham |
| 2 | Mathrubhumi |
| 3 | Deepika |
| 4 | Chandrika |
| 5 | Janayugam |
| 6 | Kerala Kaumudi |
| 7 | Deccan Chronicle |
| 8 | Times of India |
| 9 | The New Indian Express |
| 10 | Mangalam |
| 11 | Janmabhumi |
| 12 | Madhyamam |
| 13 | Economic Times |
| 14 | Kerala Kaumudi Flash |
| 15 | Metro Vartha |
| 16 | Rashtra Deepika |
| 17 | Siraj |
| 18 | Veekshanam |
| 19 | Malayala Manorama |
| 20 | The Hindu |
| 21 | Deshabhimani |

**കിഫ് ബോർഡ് യോഗത്തിന്റെ മിനിട്സ്**

35 (2313) ശ്രീ.ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ് ബോർഡ് നാളിതുവരെ എത്ര യോഗങ്ങൾ ചേർന്നു; പ്രസ്തുത യോഗങ്ങളുടെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കിഫ്ബി ബോർഡ് യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് കിഫ്ബിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുനഃസംഘടിപ്പിക്കപ്പെട്ട കിഫ് ബോർഡ് നാളിതുവരെ 11 ബോർഡ് യോഗങ്ങൾ കൂടിയിട്ടുണ്ട്. മിനിട്സിന്റെ പകർപ്പുകൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) കിഫ് ബോർഡ് യോഗ മിനിറ്റ്സുകളുടെ പകർപ്പുകൾ കിഫ്ബിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. പ്രസിദ്ധീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## കിഫ്ബി പ്രോജക്ട് അപ്രൈസൽ

36 (2314) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പ്രോജക്ട് അപ്രൈസൽ, സി.എം.ഡി.-യ്ക്ക് നൽകുന്നതിന് മുമ്പ് പ്രോജക്ട് അപ്രൈസൽ ചെയ്തിരുന്നത് എങ്ങനെയാണെന്ന് വിശദമാക്കാമോ;

(ബി) അപ്രൈസൽ ചെയ്തതിന് എത്ര തുക ചെലവായെന്ന് വ്യക്തമാക്കുമോ

ഉത്തരം

(എ) കിഫ്ബിയുടെ 27-ാമത് യോഗം പദ്ധതി അവലോകന പ്രവർത്തനങ്ങൾക്കും അനുബന്ധ വിഷയങ്ങൾക്കുമായി അതത് മേഖലയിൽ പ്രാവീണ്യമുള്ള ആളുകളെ നിയമിക്കുന്നതിനായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു. വർദ്ധിച്ചുവരുന്ന പദ്ധതികളുടെ ബാഹുല്യം കണക്കിലെടുത്തുകൊണ്ട് കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗത്തിനു പുറമേ പദ്ധതികളുടെ അപ്രൈസൽ നടത്തുന്നതിന് സഹായിക്കുന്നതിനായി ഒരു സർക്കാർ അംഗീകൃത സ്ഥാപനത്തെ നിയോഗിക്കുന്നതുവരെ കിഫ്ബിയുടെ പ്രോജക്ട് അഡ്വൈസർ കൺസൾട്ടന്റിനായി ഷോർട്ട് ക്വട്ടേഷൻ വിളിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മാക്സിമസ് എഞ്ചിനീയറിംഗ് & ഡെവലപ്മെന്റ് സർവ്വീസസ് എന്ന സ്ഥാപനവും ടെറനസ് കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവും ക്വാട്ട് ചെയ്യുകയും അവരിൽ നിന്നും എൽ1 ബിഡ്ഡറായ ടെറനസിനെ തെരഞ്ഞെടുക്കുകയും ചെയ്തു. ടെറനസിന്റെ സേവനം മാർച്ച് 2017 മുതൽ ജൂലൈ 2017 വരെ ലഭ്യമാക്കിയിരുന്നു.

(ബി) പദ്ധതി അവലോകനത്തിന് ടി സ്ഥാപനത്തിന് 63,38,697 രൂപ നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**കിഫ്ബി പദ്ധതികൾ**

37 (2315) ശ്രീ. സി. ദിവാകരൻ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സമ്പദ്ഘടനയുടെ ഉത്തേജനത്തിനും, കേരള വികസനത്തിന് മുതൽക്കൂട്ടാക്കുന്നതിനും കിഫ്ബിക്ക് ഏതൊക്കെ തരത്തിലും വിധത്തിലും സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ ഏതൊക്കെ സ്രോതസ്സുകളിൽ നിന്നാണ് കിഫ്ബി പണം കണ്ടെത്തുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കിഫ്ബി ഇതുവരെ ധനാനുമതി നല്കിയ പദ്ധതികൾ സംബന്ധിച്ചും, അതിൽ നിർമ്മാണം ആരംഭിച്ച പദ്ധതികൾ സംബന്ധിച്ചുമുള്ള വിവരങ്ങൾ എന്തെല്ലാം; വിശദമാക്കാമോ?

ഉത്തരം

(എ) സാമ്പത്തിക മേഖലയിൽ നിലനിൽക്കുന്ന മാന്ദ്യത്തെ ഫലപ്രദമായി പ്രതിരോധിക്കുക, സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് 2016-ലെ ബഡ്ജറ്റിൽ കിഫ്ബി വഴിയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പ്രഖ്യാപിച്ചത്. ഏകദേശം 50,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. സർക്കാരിന്റെ ഭാവി വരുമാനത്തിന്റെ ചെറിയൊരു പങ്ക് വർഷം തോറും കിഫ്ബിക്ക് ഗ്രാന്റായി നൽകിക്കൊണ്ട് നാടിന്റെ പശ്ചാത്തലസൗകര്യ വികസനം ഇന്നുതന്നെ സാധ്യമാക്കുകയെന്ന ലക്ഷ്യമാണ് ഇതിലൂടെ നേടുന്നത്. ഭാവി വരുമാനഒഴുക്കിനെ സെക്യൂരിറ്റൈസ് ചെയ്തുകൊണ്ട് ഇരുപതോ ഇരുപത്തിയഞ്ചോ വർഷം കാത്തുനിൽക്കാതെ അത്യന്താപേക്ഷിതമായ പശ്ചാത്തലസൗകര്യം ഇപ്പോൾതന്നെ സൃഷ്ടിക്കുക എന്നതാണ് കിഫ്ബിയുടെ സ്ഥാപിത ലക്ഷ്യം. കിഫ്ബി മുഖേന നാളിതുവരെ ആകെ 45618.60 കോടി രൂപയുടെ 591 പദ്ധതികൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. കിഫ് ആക്ട് നിഷ്കർഷിക്കുന്നതും റിസർവ് ബാങ്ക് സെബി എന്നീ നിയന്ത്രണ ഏജൻസികൾ അംഗീകരിച്ചതുമായ വിവിധ ധനോപാധികളിലൂടെ ഒരു കൺട്രോൾ ലെവറേജ് മാതൃകയെ അടിസ്ഥാനപ്പെടുത്തിയാണ് കിഫ്ബി ഈ പദ്ധതികൾക്കായുള്ള

ധനസമാഹരണം നടത്തുന്നത്. ഇത്തരത്തിലുള്ള വികസന പ്രവർത്തന രീതി മാന്ദ്യകാലത്തും പ്രത്യക്ഷവും പരോക്ഷവുമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക വഴി ധനവിപണിയെ കാര്യമായി ഉത്തേജിപ്പിക്കും. ഇത്തരത്തിൽ ലക്ഷ്യംവച്ചിട്ടുള്ള 50000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ സംസ്ഥാന സമ്പദ്ഘടനയെ ചലനാത്മകമാക്കുന്നതിലും അടിസ്ഥാന സൗകര്യവികസനം സാധ്യമാക്കുന്നതിലും കിഫ്ബിയുടെ പ്രവർത്തനങ്ങൾ സഹായകരമാകും. വിദ്യാഭ്യാസ മേഖലയിൽ സ്കൂളുകളുടെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അടിസ്ഥാന സൗകര്യവികസനം, ആരോഗ്യമേഖലയിൽ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനം, കുറഞ്ഞ ചെലവിൽ ഇന്റർനെറ്റ് സേവനം കേരളമൊട്ടാകെ എത്തിക്കാൻ സഹായകരമായ കെ-ഫോൺ പദ്ധതി, വൈദ്യുതവിതരണമേഖലയുടെ മുഖഛായ മാറ്റുന്ന ട്രാൻസ്ഗ്രിഡ് പദ്ധതി, കേരളത്തിന്റെ പ്രത്യേക ഭൂപ്രകൃതി കണക്കിലെടുത്ത് വിഭവങ്ങളുടെ തുല്യമായ പങ്കുവെയ്ക്കൽ ഉറപ്പുവരുത്തി നടപ്പിലാക്കുന്ന മലയോര തീരദേശ ഹൈവേകൾ, ദേശീയപാതാ വികസനത്തിന് സ്ഥലമേറ്റെടുപ്പിനുള്ള സഹായം, വ്യവസായ പാർക്കുകൾക്കായുള്ള സ്ഥലമേറ്റെടുപ്പ്, കായിക-സാംസ്കാരിക മേഖലയുടെ പരിപോഷണത്തിനുതകുന്ന വിവിധ പദ്ധതികൾ എന്നിവ പൂർത്തിയാകുന്നതോടെ കേരളത്തിന്റെ വികസന ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം രചിക്കപ്പെടും.

(ബി) സർക്കാർ സഹായത്തിനുപുറമേ ടേം ലോണുകൾ, കടപ്പത്രങ്ങൾ, കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി, ബോണ്ട് എന്നീ സ്രോതസ്സുകൾ വഴിയാണ് നിലവിൽ കിഫ്ബി പണം കണ്ടെത്തിയിട്ടുള്ളത്.

(സി) കിഫ്ബി ഇതുവരെ ധനാനുമതി നൽകിയ പദ്ധതികളുടെ വിവരങ്ങൾ വകുപ്പുതിരിച്ച് ചുവടെ കൊടുക്കുന്നു. അതിൽ നിർമ്മാണം ആരംഭിച്ച പദ്ധതികളെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ താഴെ ചേർക്കുന്നു:

| Department | KIIFB Approved Projects | |
|---|---|---|
| | Nos. | Approved Amount (Rs.in Crore) |
| (1) | (2) | (3) |
| PWD | 278 | 11936.43 |
| Power | 15 | 5200 |

| (1) | (2) | (3) |
|---|---|---|
| Water Resources | 80 | 4753.21 |
| General Education | 76 | 4753.91 |
| Health & Family Welfare | 24 | 2035.99 |
| Information Technology | 3 | 1412.86 |
| Coastal Shipping & Inland Navigation | 1 | 566.51 |
| Higher Education | 26 | 562.02 |
| Sports & YA | 35 | 732.53 |
| Transport | 3 | 556.49 |
| Forest | 4 | 441.67 |
| Culture | 8 | 194.34 |
| SC/ST Development | 9 | 186.1 |
| Fisheries and Ports | 4 | 212.04 |
| Devaswom | 1 | 141.75 |
| Registration | 6 | 89.88 |
| Labour & Skills | 5 | 82.5 |
| Tourism | 3 | 72.47 |
| Home | 1 | 50.14 |
| Local Self Government | 3 | 31.69 |
| Agriculture | 1 | 14.28 |
| Revenue | 2 | 32.62 |
| Industries | 3 | 14275.17 |
| Total | 591 | 45618.6 |

## കിഫ്ബി പദ്ധതികളുടെ അപ്രൈസൽ

38 (2316) ശ്രീ. വി. ടി. ബൽറാം:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. അനിൽ അക്കര:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതികളുടെ അപ്രൈസൽ നടത്തുവാനായി ടെറനസ് എന്ന കമ്പനിയെ കിഫ്ബി 2017-ൽ തെരഞ്ഞെടുത്തിരുന്നോ;

(ബി) ടെൻഡർ നടപടികളിലൂടെയാണോ കിഫ്ബി പ്രസ്തുത കമ്പനിയെ പദ്ധതികളുടെ അപ്രൈസൽ നടത്തുവാൻ തെരഞ്ഞെടുത്തത്; പ്രസ്തുത ടെൻഡറുകളിൽ പങ്കെടുക്കാൻ കമ്പനികൾക്ക് നിഷ്കർഷിച്ച മാനദണ്ഡങ്ങൾ എന്തായിരുന്നു എന്ന് വിശദമാക്കാമോ;

(സി) പിന്നീട് കിഫ്ബി പദ്ധതികളുടെ അപ്രൈസൽ നടത്താനുള്ള അധികാരം ടെറനസ്സിൽ നിന്നും എടുത്തുമാറ്റി സെന്റർ ഫോർ മാനേജ്മെന്റ് (സി.എം.ഡി.)-നെ ഏൽപ്പിക്കാനുള്ള സാഹചര്യം വിശദമാക്കാമോ?

### ഉത്തരം

(എ- സി) കിഫ്ബിയുടെ 27-ാമത് ബോർഡ് യോഗം പദ്ധതി അവലോകന പ്രവർത്തനങ്ങൾക്കും അനുബന്ധ വിഷയങ്ങൾക്കുമായി അതത് മേഖലയിൽ പ്രാവീണ്യമുള്ള ആളുകളെ നിയമിക്കുന്നതിനായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ അംഗീകൃത സ്ഥാപനത്തെ നിയോഗിക്കുന്നതുവരെ 2017 മാർച്ച് മുതൽ ജൂലൈ 2017 വരെ കിഫ്ബിയുടെ പ്രോജക്ട് അഡ്വൈസർ കൺസൾട്ടന്റായി ടെറനസ് കൺസൽറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡിന്റെ സേവനം ഷോർട്ട് ക്വട്ടേഷൻ മുഖേന ലഭ്യമാക്കിയിരുന്നു. പ്രസ്തുത ഷോർട്ട് ക്വട്ടേഷന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു. ടി ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാക്സിമസ് എഞ്ചിനീയറിംഗ് & ഡെവലപ്മെന്റ് സർവ്വീസസ് എന്ന സ്ഥാപനവും ടെറനസ് കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവും ക്വാട്ട് ചെയ്യുകയും അവരിൽ നിന്നും എൽ1 ബിഡ്ഡറായ ടെറനസ്സിനെ തെരഞ്ഞെടുക്കുകയും ചെയ്തു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കിഫ്ബി പദ്ധതികൾക്ക് ഭരണാനുമതി

39 (2317) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന സംസ്ഥാനത്ത് ഇതിനോടകം ഓരോ വിഭാഗത്തിലും എത്ര കോടി രൂപയുടെ പദ്ധതികൾക്ക് ടെൻഡർ വിളിച്ച് പ്രവൃത്തി ആരംഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) മലയോര ഹൈവേക്ക് വേണ്ടി കിഫ്ബിയിൽ ഇതിനോടകം ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) കിഫ്ബി മുഖേന സംസ്ഥാനത്ത് ഇതിനോടകം വിവിധ വകുപ്പുകളിലായി 10650.56 കോടി രൂപയുടെ പദ്ധതികളുടെ പ്രവൃത്തി ആരംഭിച്ചിട്ടുള്ളതായി പദ്ധതിയുമായി ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികൾ അറിയിച്ചിട്ടുണ്ട്. ഇവയുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച മലയോര ഹൈവേ പദ്ധതിയിലെ 17 സ്ട്രെച്ചുകൾക്ക് കിഫ്ബി ധനാനുമതി നല്കിയിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകൾ ഭരണാനുമതി നൽകുന്ന പദ്ധതികളാണ് കിഫ്ബി ധനാനുമതിക്കായി പരിഗണിക്കുന്നത്. ഇവയുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

## കിഫ്ബി പ്രോജക്ടുകളുടെ അപ്രൈസൽ

40 (2318) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ പ്രോജക്ടുകൾ അപ്രൈസ് ചെയ്യുന്നതിന് ടെറനസ് എന്ന കൺസൽട്ടൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ടെറനസ് എന്ന കൺസൾട്ടൻസിക്ക് ഈ രംഗത്തുള്ള പരിചയസമ്പത്ത് വിശദമാക്കുമോ; എന്നാണ് പ്രസ്തുത കമ്പനി നിലവിൽ വന്നത്;

(സി) കിഫ്ബിയുടെ എത്ര പ്രോജക്ടുകൾ ഇതിനകം ടെറനസ് എന്ന കൺസൾട്ടൻസി അപ്രൈസൽ ചെയ്ത് നൽകി;

(ഡി) ടെറനസ്സിന് നാളിതുവരെ എത്ര തുക അപ്രൈസൽ ചെയ്ത വകയിൽ നൽകിയെന്ന് വിശദമാക്കാമോ;

(ഇ) കിഫ്ബിയിലെ ഏതെങ്കിലും ഉദ്യോഗസ്ഥൻ മുമ്പ് ടെറനസ് എന്ന സ്ഥാപനത്തിൽ ജോലി ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കിഫ്ബിയുടെ പ്രോജക്ടുകൾ അപ്രൈസ് ചെയ്യുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.)-നെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. അപ്രൈസലിന്റെ പ്രാഥമിക ജോലികൾ ചെയ്യുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിലെ വിദഗ്ദ്ധരെ സഹായിക്കുന്നതിനായി ടെറനസ് എന്ന കൺസൾട്ടൻസിയെ ടെണ്ടർ നടപടികളിലൂടെ സി.എം.ഡി. തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ടെണ്ടർ പ്രകാരം പ്രസ്തുത കമ്പനിയുടെ പദ്ധതികളുടെ അപ്രൈസൽ രംഗത്തെ പ്രവർത്തന പരിചയവും ടെണ്ടറിൽ പറഞ്ഞ മറ്റു മാനദണ്ഡങ്ങളും, വിദഗ്ദ്ധരുടെ പ്രാഗത്ഭ്യവും കണക്കാക്കിയാണ് ടെറനസിനെ തെരഞ്ഞെടുത്തതെന്ന് സി.എം.ഡി. വ്യക്തമാക്കിയിട്ടുണ്ട്. ടെണ്ടറിൽ നൽകിയ വിവരങ്ങൾ പ്രകാരം 2015-ലാണ് പ്രസ്തുത കമ്പനി നിലവിൽ വന്നത്.

(സി) കിഫ്ബിയിലെ അപ്രൈസൽ വിഭാഗത്തിനുപുറമേ പ്രോജക്ടുകൾ അപ്രൈസൽ ചെയ്യുന്നതിന് സി.എം.ഡി.-യെയാണ് കിഫ്ബി ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതുവരെ 570 പ്രോജക്ടുകളുടെ പ്രാഥമിക അപ്രൈസൽ ചെയ്യുന്നതിനായാണ് ടെറനസ്, സി.എം.ഡി.യിലെ വിദഗ്ദ്ധരെ സഹായിച്ചിട്ടുള്ളത്.

(ഡി) കിഫ്ബി പ്രോജക്ടുകളുടെ അപ്രൈസൽ പ്രവൃത്തികൾക്ക് സി.എം.ഡി. ലഭ്യമാക്കിയ കണക്കുകൾപ്രകാരം ടെറനസ് എന്ന സ്ഥാപനത്തിന് നാളിതുവരെ ജി.എസ്.ടി. ഉൾപ്പെടാതെ 9.1 കോടി രൂപ നൽകിയിട്ടുണ്ട്.

(ഇ) ഇതു സംബന്ധിച്ച വിശദാംശം കിഫ്ബിയിൽ ലഭ്യമല്ല.

## കിഫ്ബി പ്രോജക്ടുകളുടെ അപ്രൈസലിനായി കൺസൾട്ടൻസി

41 (2319) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ പ്രോജക്ടുകൾ അപ്രൈസൽ ചെയ്യുന്നതിന് സി.എം.ഡി.യെ ചുമതലപ്പെടുത്തിയിരുന്നോ എന്നറിയിക്കാമോ;

(ബി) സി.എം.ഡി. അപ്രൈസൽ ജോലികൾ വേറെ ഏതെങ്കിലും കൺസൾട്ടൻസിക്ക് മറിച്ച് കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്രകാരമാണ് പ്രസ്തുത കൺസൾട്ടൻസിയെ തെരഞ്ഞെടുത്തത് എന്ന് വ്യക്തമാക്കാമോ;

(സി) ടെൻഡർ നടപടികളിലൂടെയാണോ കൺസൾട്ടൻസിയെ തെരഞ്ഞെടുത്തത്; എങ്കിൽ ടെൻഡറിൽ പങ്കെടുത്ത ഓരോ കൺസൾട്ടൻസിയും ക്വാട്ട് ചെയ്ത റേറ്റ് വിശദമാക്കുമോ?

### ഉത്തരം

(എ) ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) വിവിധ മേഖലകളിൽ വൈദഗ്ധ്യം നേടിയിട്ടുള്ളവരാണ് സി.എം.ഡി.-യിൽ അപ്രൈസൽ നടത്തുന്നത്. പദ്ധതികളുടെ ബാഹുല്യവും വൈവിദ്ധ്യവും കണക്കിലെടുത്ത് ടെക്നിക്കൽ അപ്രൈസലുമായി ബന്ധപ്പെട്ട പ്രാഥമിക പരിശോധനകൾക്ക് അവരെ സഹായിക്കുന്നതിനായി സുതാര്യമായ ടെണ്ടർ നടപടികളിലൂടെ ടെറനസ് കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ സേവനവും അവർ ഉപയോഗപ്പെടുത്തുന്നതായി സി.എം.ഡി. അറിയിച്ചിട്ടുണ്ട്.

(സി) അതെ എന്ന് സി.എം.ഡി. അറിയിച്ചിട്ടുണ്ട്. ടെണ്ടറിൽ പങ്കെടുത്ത ഓരോ കൺസൾട്ടൻസി, ക്വാട്ട് ചെയ്ത റേറ്റ് എന്നിവ സി.എം.ഡി. ലഭ്യമാക്കിയതു പ്രകാരം ചുവടെ ചേർക്കുന്നു:

| കൺസൾട്ടൻസിയുടെ പേര് | പ്രോജക്ട് കാറ്റഗറി | ക്വാട്ട് ചെയ്ത തുക (ലക്ഷം രൂപ) |
|---|---|---|
| ജ്യോതി കൺസൾട്ടൻസ് | 10 കോടി -50 കോടി | 9.75 |
| | 50 കോടി -100 കോടി | 26.9 |
| | 100 കോടിക്കു മുകളിൽ | 34.5 |

| | | |
|---|---|---|
| സ്പാരോ കൺസ്ട്രക്ഷൻ മാനേജ്മെന്റ് & കൺസൾട്ടൻസി | 10 കോടി-50 കോടി | 4.25 |
| | 50 കോടി -100 കോടി | 6.75 |
| | 100 കോടിക്കു മുകളിൽ | 7.95 |
| ടെറനസ് കൺസൾട്ടിംഗ് പ്രൈവറ്റ് ലി. | 10 കോടി-50 കോടി | 1.9 |
| | 50 കോടി -100 കോടി | 3.85 |
| | 100 കോടിക്കു മുകളിൽ | 5.75 |

**കിഫ്ബി പ്രോജക്ടുകളുടെ അപ്രൈസൽ**

42 (2320) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ പ്രോജക്ടുകളുടെ അപ്രൈസൽ നടത്തുന്നത് ഏത് ഏജൻസിയാണ്;

(ബി) പ്രസ്തുത കൺസൾട്ടന്റിനെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വിശദമാക്കുമോ?

ഉത്തരം

(എ&ബി) കിഫ്ബി പദ്ധതികളുടെ അവലോകനത്തിന്റെ ചുമതല പ്രോജക്ട് അപ്രൈസൽ വിഭാഗത്തിനാണ്. ഏറ്റെടുത്തിരിക്കുന്ന പദ്ധതികളുടെ ബാഹുല്യവും അവയുടെ വൈവിദ്ധ്യവും കാരണം ഈ സംവിധാനം മാത്രം പര്യാപ്തമല്ല. ഈ സാഹചര്യത്തിലാണ് കിഫ്ബിയുടെ 27-ാമത് ബോർഡ് യോഗം പദ്ധതി അവലോകന പ്രവർത്തനങ്ങൾക്കും അനുബന്ധ വിഷയങ്ങൾക്കുമായി അതത് മേഖലയിൽ പ്രാവീണ്യമുള്ള ആളുകളെ നിയമിക്കുന്നതിനായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയത്. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ അംഗീകൃത സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെയാണ് കിഫ്ബി പദ്ധതികളുടെ അപ്രൈസലുകൾക്ക് ചുമതലപ്പെടുത്തിയിരിക്കുന്നത്.

## കിഫ്ബി പ്രോജക്ടുകളുടെ നിർവ്വഹണനത്തിനുള്ള മാർഗ്ഗനിർദ്ദേശ ഉത്തരവുകൾ

43 (2321) ശ്രീ. പി. ടി. തോമസ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പൊതുവായി എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കിഫ്ബി പ്രോജക്ടുകളുടെ റേറ്റ് റിവിഷൻ, അധിക ടെൻഡർ നിരക്ക് തുടങ്ങിയ കാര്യങ്ങളിൽ ഏത് സർക്കാർ ഉത്തരവ് പ്രകാരമാണ് നടപടി സ്വീകരിച്ച് വരുന്നത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടാണോ കിഫ്ബി പ്രോജക്ടുകളുടെ നിർവ്വഹണമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ടെൻഡർ തുക വർദ്ധനവ് ഏതെങ്കിലും കരാറുകൾക്ക് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; എങ്കിൽ ചട്ടലംഘനം നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കിഫ്ബി പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ധനകാര്യ (ഇൻഫ്രാ) വകുപ്പ് പൊതുവായി 24-2-2018-ലെ സ.ഉ.(കൈ) നമ്പർ 69/2018/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. റേറ്റ് റിവിഷൻ, അധിക ടെണ്ടർ നിരക്ക് തുടങ്ങിയ കാര്യങ്ങളിൽ ടി ഉത്തരവ് പ്രകാരമാണ് നടപടി സ്വീകരിക്കുന്നത്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) കിഫ്ബി നാളിതുവരെ അംഗീകരിച്ച നടപ്പാക്കി വരുന്ന പ്രോജക്ടുകളുടെ ബാഹുല്യം കണക്കാക്കി ഒരു സമയക്രമം ഉണ്ടാക്കിയാണ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പരിശോധന നടത്തിവരുന്നത്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടാതിരിക്കുന്നതായി പരിശോധനകളിൽ കണ്ടെത്തിയാൽ ആയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

**ട്രാൻസ്ഗ്രിഡ് പദ്ധതി**

44 (2322) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നടപ്പാക്കുന്ന ട്രാൻസ് ഗ്രിഡ് പദ്ധതികളിൽ കിഫ്ബിയുടെ അപ്രൈസൽ വിഭാഗം അപ്രൈസൽ നടത്തിയിരുന്നോ; വിശദാംശങ്ങൾ നൽകാമോ;

(ബി) 2017-ൽ സംസ്ഥാന സർക്കാർ പുറത്തിറക്കിയ ടെൻഡർ നടപടികളിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കാതെ എസ്റ്റിമേറ്റിൽ നിന്നും അൻപത് ശതമാനത്തിൽ കൂടുതൽ തുകയ്ക്ക് ട്രാൻസ്ഗ്രിഡ് കരാറുകൾ നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർക്കാർ നടപടിക്രമങ്ങൾ പാലിക്കാതെ നൽകിയ ഈ കരാറുകൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) നടത്തിയിരുന്നു. കെ.എസ്.ഇ.ബി.എൽ-.ൽ സമർപ്പിക്കുന്ന പദ്ധതിക്ക് അപ്രൈസൽ അഥവാ പരിശോധനാഘട്ടത്തിൽ പദ്ധതിയുടെ സാങ്കേതികമായ ആവശ്യകതയും പ്രാധാന്യവും എസ്റ്റിമേറ്റും വിലയിരുത്തിയാണ് കിഫ്ബി അംഗീകാരം നൽകുന്നത്. ഇതുമായി ബന്ധപ്പെട്ട് കിഫ്ബി അന്തിമ അംഗീകാരം നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ടെണ്ടർ നടപടിക്രമങ്ങളും കരാറും മാനദണ്ഡങ്ങൾ പാലിച്ച് സുതാര്യമായാണ് പദ്ധതി നടപ്പിലാക്കുന്നതെന്ന് കെ.എസ്.ഇ.ബി.എൽ. വ്യക്തമാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിചലനം വിശദമായ ചർച്ചകൾക്കും വിശദാംശങ്ങൾക്കും ശേഷമാണ് ധനകാര്യ വകുപ്പ് സെക്രട്ടറിയും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഊർജ്ജ വകുപ്പ് സെക്രട്ടറിയും കെ.എസ്.ഇ.ബി.എൽ. സി.എം.ഡി.-യും Director (Transmission)ഉം Director (Distribution)ഉം Director (General Civil)-ഉം Director (Generation) ഉം ഉൾപ്പെടുന്ന കെ.എസ്.ഇ.ബി.എൽ-ന്റെ ഫുൾബോർഡ് അംഗീകരിക്കുന്നതെന്നും കെ.എസ്.ഇ.ബി.എൽ. കിഫ്ബിയെ അറിയിച്ചിട്ടുണ്ട്.

(സി) കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം ടെണ്ടർ നടപടിക്രമങ്ങളും അതിനെ തുടർന്നുള്ള കരാർ നൽകുന്നതിനുള്ള അംഗീകാരവും നിർവ്വഹണ ഏജൻസിയായ കെ.എസ്.ഇ.ബി.എൽ-ന്റെ ചുമതലയാണ്. ഇത് ഉറപ്പുവരുത്തേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പാണ്.

## കിഫ്ബിയുടെ ഓഫീസ് കെട്ടിടം

45 (2323) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ഓഫീസ് നിലവിൽ വാടക കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നത്; എങ്കിൽ പ്രതിമാസം എത്ര തുകയാണ് വാടകയിനത്തിൽ ചെലവാകുന്നത് എന്നറിയിക്കാമോ;

(ബി) പ്രസ്തുതയിനത്തിൽ ഇതിനകം എത്ര തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) അതെ. കിഫ്ബിയുടെ സ്റ്റാച്യുവിലും വഴുതക്കാടുമുള്ള ഓഫീസുകളുടെ വാടകയിനത്തിൽ പ്രതിമാസം 7,49,236 രൂപ ചെലവാകുന്നുണ്ട്.

(ബി) പ്രസ്തുത ഇനത്തിൽ ഇതിനകം 1,87,83,515 രൂപ ചെലവായിട്ടുണ്ട്.

## കിഫ്ബിയിലെ ഉദ്യോഗസ്ഥരുടെ യാത്രാപ്പടി

46 (2324) ശ്രീ.എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിയിലെ ഉദ്യോഗസ്ഥർ യാത്രാപ്പടി ഇനത്തിൽ നാളിതുവരെ എത്ര തുക കൈപ്പറ്റി എന്ന് ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ അടക്കം വ്യക്തമാക്കുമോ?

ഉത്തരം

കിഫ്ബിയിലെ ഉദ്യോഗസ്ഥർക്ക് നാളിതുവരെ യാത്രാപ്പടി ഇനത്തിലും, പ്രതിദിന അലവൻസ് ഇനത്തിലുമായി 16,10,072 രൂപ നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കിഫ്ബിയുടെ പ്രവർത്തനങ്ങൾ

47 (2325) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത്;

(ബി) എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ടെൻഡർ നടപടി ചെയ്തിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) കിഫ്ബി അംഗീകാരം നല്കിയ പദ്ധതികളിൽ 38 ഡയാലിസിസ് സെന്ററുകൾ, ഒരു കാത്ത്‌ലാബ്, 5 കുടിവെള്ള പദ്ധതികൾ, ചേർത്തല തണ്ണീർമുക്കം റോഡ്, ട്രാൻസ്ഗ്രിഡ്-കൊച്ചി ലൈൻസ് പാക്കേജിന്റെ ഒന്നാംഘട്ടം എന്നിവ പൂർത്തിയായിട്ടുണ്ട്. കൂടാതെ വനം-വന്യജീവി വകുപ്പിന്റെ കീഴിലുള്ള സോളാർ ഫെൻസിംഗ് പദ്ധതിയുടെ 8 ഘട്ടങ്ങളും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കേരളത്തിലെ 14 ജില്ലകളിലെ സ്കൂളുകളിൽ നടപ്പിലാക്കുന്ന ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി 95 ശതമാനത്തോളം പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കിഫ്ബി മുഖാന്തിരം അംഗീകാരം നൽകിയ പദ്ധതികളിൽ 345 പദ്ധതികളിലായി 13,590.944 കോടി രൂപയുടെ പ്രവൃത്തികളിൽ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ആയതിന്റെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

## കിഫ്ബിയിൽ കരാർ അടിസ്ഥാനത്തിൽ വാഹനങ്ങൾ

48 (2326) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ നിലവിൽ കരാർ അടിസ്ഥാനത്തിൽ എത്ര വാഹനങ്ങൾ എടുത്തിട്ടുണ്ടെന്ന് അതിന്റെ മോഡൽ സഹിതം വിശദമാക്കുമോ;

(ബി) 2016, 2017, 2018, 2019 (സെപ്റ്റംബർ 30 വരെ) എന്നീ വർഷങ്ങളിൽ വാഹനങ്ങൾ കരാറിലെടുത്തതിന്റെ വകയിൽ എത്ര തുക ചെലവായെന്ന് അറിയിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) കിഫ്ബിയിൽ വാഹനങ്ങൾ ഏതൊക്കെ തലത്തിലെ ഉദ്യോഗസ്ഥർക്കാണ് ഉപയോഗിക്കുവാൻ നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) ധനകാര്യ വകുപ്പിന്റെ ഇതുസംബന്ധിച്ച സർക്കുലറിന്റെ അടിസ്ഥാനത്തിലാണോ കിഫ്ബിയിൽ വാഹനങ്ങൾ ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കിഫ്ബിയിൽ നിലവിൽ 9 വാഹനങ്ങളാണ് കരാർ അടിസ്ഥാനത്തിൽ എടുത്തിട്ടുള്ളത്. ആയതിന്റെ മോഡൽ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ഇന്നോവോ ക്രിസ്റ്റാ | - | 3 |
| റ്റൊയോട്ടാ എറ്റിയോസ് | - | 3 |
| ഹോണ്ട സിറ്റി | - | 1 |
| മഹീന്ദ്രാ ബൊലേറൊ | - | 2 |

(ബി) വാഹനങ്ങൾ കരാർ അടിസ്ഥാനത്തിൽ എടുത്ത വകയിൽ ചെലവായതിന്റെ വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 2016-17 | - | 3,60,000 രൂപ |
| 2017-18 | - | 13,56,320 രൂപ |
| 2018-19 | - | 33,95,858 രൂപ |
| 2019-20 | - | 22,87,467 രൂപ<br>(2019 സെപ്റ്റംബർ 30 വരെ) |

(സി) 14-2-2017-ലെ സ.ഉ.(കൈ) നമ്പർ 77/2017/ധന. പ്രകാരം സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ വാഹനം അനുവദനീയമായ ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ശേഷിക്കുന്ന വാഹനങ്ങൾ കേരളത്തിലുടനീളം പുരോഗമിച്ചു വരുന്ന കിഫ്ബി പദ്ധതികളുടെ ഇൻസ്പെക്ഷൻ ഉൾപ്പെടെ വിവിധ വിഭാഗങ്ങളുടെ ഔദ്യോഗിക ആവശ്യത്തിനായി ഉപയോഗിച്ചുവരുന്നു.

(ഡി) കാലാകാലങ്ങളിൽ വകുപ്പുകൾ വാഹനങ്ങൾ ഉപയോഗിക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിക്കുന്ന സർക്കുലറുകളുടെ അടിസ്ഥാനത്തിലാണ് കിഫ്ബിയിൽ വാഹനങ്ങൾ ഉപയോഗിക്കുന്നത്.

## കിഫ്ബിയിൽ ഉൾപ്പെടുത്തിയ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ

49 (2327) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും തദ്ദേശ ഭരണ സ്ഥാപനത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി ഓഫീസ്/ഷോപ്പിംഗ്/ബസ് സ്റ്റാന്റ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) അനുമതിക്കായി ഏതൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളാണ് കിഫ്ബിയിൽ ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കിഫ്ബിയിൽ ഉൾപ്പെടുത്തി ഓഫീസ്/ഷോപ്പിംഗ് കോംപ്ലക്സ്/ബസ് സ്റ്റാന്റ് നിർമ്മിക്കുന്നതിന് അനുമതി ഇതുവരെ നൽകിയിട്ടില്ല.

(സി) അനുമതിക്കായി പദ്ധതി റിപ്പോർട്ട് നൽകിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ

50 (2328) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലതാമസവും, നോട്ടക്കുറവും കാരണം കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ സാധിക്കാതെ പോയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ അത്തരം പദ്ധതികളുടെ വിശദാംശങ്ങളും അവ നിർത്തലാക്കുവാൻ ഉണ്ടായ സാഹചര്യവും വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബിയുടെ അടിസ്ഥാന സൗകര്യത്തിനും, ജീവനക്കാരുടെ സേവന/വേതന വ്യവസ്ഥകൾക്കുമായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഇല്ല, ബാധകമല്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബിയുടെ അടിസ്ഥാന സൗകര്യത്തിനും ജീവനക്കാരുടെ സേവന/വേതന വ്യവസ്ഥകൾക്കുമായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കിഫ്ബിയിലൂടെ നടപ്പിലാക്കുന്ന പദ്ധതികൾ

51 (2329) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിലൂടെ നടപ്പിലാക്കുന്ന പദ്ധതികൾ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് ഉത്തേജനം പ്രദാനം ചെയ്യുവെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കിഫ്ബിയിലൂടെ നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയ പദ്ധതികളിൽ എത്രയെണ്ണം ഇതിനകം പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തി; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. കിഫ്ബിയിലൂടെ നടപ്പിലാക്കുന്ന പദ്ധതികളിൽ റോഡുകൾ, പാലങ്ങൾ, ഫ്ളൈഓവറുകൾ, അണ്ടർ പാസ്സുകൾ ഫിഷിംഗ് ഹാർബറുകൾ, സുവോളജിക്കൽ പാർക്കുകൾ, വിദ്യാഭ്യാസം-തൊഴിൽ നൈപുണ്യത്തിനുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, ജലവിതരണ പദ്ധതികൾ, വൈദ്യുത-ട്രാൻസ്ഗ്രിഡ്, മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ഹോസ്പിറ്റൽ, കൊച്ചിൻ ഇന്നവേഷൻ സോൺ, ആലപ്പുഴ കനാൽ ജലഗതാഗത നവീകരണം, സ്റ്റേഡിയങ്ങൾ, മൊബിലിറ്റി ഹബ്, സാംസ്കാരിക സമുച്ചയങ്ങൾ, തിയേറ്റർ കോംപ്ലക്സ്, ടൂറിസം പദ്ധതികൾ, ഇൻഡസ്ട്രിയൽ പാർക്കുകൾ, വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾക്ക് സ്ഥലം ഏറ്റെടുക്കൽ, കാർഷിക വാണിജ്യ വൽക്കരണം ലക്ഷ്യമിടുന്ന അഗ്രോ പാർക്കുകൾ, കൊച്ചി-നഗര പുനരുജ്ജീവനത്തിനായുള്ള സംയോജിത ജലഗതാഗത പദ്ധതി, അതിവേഗ ഇന്റർനെറ്റ് പദ്ധതിയായ കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക്, ഐ.ടി. പാർക്കുകളുടെ അടിസ്ഥാന സൗകര്യവികസനം തുടങ്ങിയവ ഉൾപ്പെടുന്നു. ഇവയെല്ലാം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് ഉത്തേജനം നല്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ്.

ഗതാഗത മേഖലയിലുള്ള അടിസ്ഥാന സൗകര്യ വികസനം സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്നു. ചരക്കുനീക്കത്തിനും യാത്രാസൗകര്യത്തിനും വഴിയൊരുക്കുന്ന റോഡുകൾ അടിസ്ഥാന സൗകര്യ വികസനത്തിന് അത്യന്താപേക്ഷിതമാണ്. അനുദിനം വർദ്ധിക്കുന്ന റോഡ് ഗതാഗതത്തിന് പരിഹാരം കണ്ടെത്തുന്നതിനും റോഡുകളുടെ ഗുണനിലവാരം ഉയർത്തുന്നതിനും പുതിയ റോഡുകളും പാലങ്ങളും ബൈപ്പാസുകളും കിഫ്ബിയിലൂടെ വികസിപ്പിക്കുന്നുണ്ട്.

വിദ്യാഭ്യാസം-തൊഴിൽ നൈപുണ്യത്തിനുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ വഴി നമ്മുടെ നാടിന്റെ സാമൂഹിക, സാംസ്കാരി പുരോഗതിക്ക് വഴിയൊരുക്കുന്നു. തൊഴിലെടുക്കാൻ പ്രാപ്തിയുള്ള ഒരു തലമുറയെ സൃഷ്ടിക്കുന്നതിനും ഉത്തരവാദിത്തമുള്ള പൗരന്മാരെ വാർത്തെടുക്കുന്നതിലും വിദ്യാഭ്യാസത്തിനുള്ള പങ്ക് വളരെ വലുതാണ്.

ഒരു ജനവിഭാഗത്തിന്റെ മൊത്തത്തിലുള്ള പുരോഗതിയിൽ പൊതുജനാരോഗ്യത്തിന്റെ പങ്ക് വളരെ നിർണ്ണായകമാണ്. ജനങ്ങളുടെ ആയുരാരോഗ്യ സൗഖ്യമാണ് ഏതൊരു സമൂഹത്തിന്റെയും വളർച്ചയുടെയും പുരോഗതിയുടെയും പ്രമുഖ അളവുകോലുകളിൽ ഒന്ന്. പൊതുജനാരോഗ്യ രംഗത്ത് അടിസ്ഥാന സൗകര്യ വികസനത്തിനും ചികിത്സാ സൗകര്യങ്ങളുടെ വിപുലീകരണത്തിനുമുള്ള പദ്ധതികൾ കിഫ്ബിയിലൂടെ നടപ്പിലാകുന്നുണ്ട്. ഇതുവഴി ആരോഗ്യമുള്ള ഒരു ജനതയെ വാർത്തെടുക്കാൻ സാധിക്കും.

സംസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക പുരോഗതിയിൽ വ്യവസായങ്ങൾക്കുള്ള പങ്കും പ്രസക്തമാണ്. ഏറ്റവും വലിയ തൊഴിൽ മേഖലകളിലൊന്ന് എന്ന നിലയിൽ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും വ്യവസായങ്ങൾ മുഖ്യ പങ്ക് വഹിക്കുന്നു. കേരളത്തെ ഒരു മികച്ച നിക്ഷേപസൗഹൃദ സംസ്ഥാനമാക്കുക എന്ന ദീർഘവീക്ഷണത്തിലാണ് വ്യാവസായിക അടിസ്ഥാനസൗകര്യങ്ങൾക്ക് കിഫ്ബി ധനസഹായം ലഭ്യമാക്കുന്നത്.

സംസ്ഥാനത്ത് അനുദിനം വർദ്ധിച്ചുവരുന്ന വൈദ്യുതിയുടെ ആവശ്യകത പൂർത്തീകരിക്കുന്നതിനായി നാം സംസ്ഥാനത്തിന് പുറത്തുനിന്നുള്ള സ്വകാര്യനിലയങ്ങൾ ഉൾപ്പെടെയുള്ള സ്രോതസ്സുകളെ ആശ്രയിക്കുന്നുണ്ട്. രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് എന്ന വൈദ്യുത പ്രസരണ ബൃഹദ്പദ്ധതി സംസ്ഥാനത്തെ വൈദ്യുത പ്രസരണ സംവിധാനങ്ങളുടെ ഒരു സംയോജിത പ്രവർത്തനം സാധ്യമാക്കും.

സംസ്ഥാനത്തിന്റെ വികസനത്തിൽ വിവരസാങ്കേതികവിദ്യാ മേഖലയിലുള്ള പ്രാധാന്യം കണക്കിലെടുത്ത് ലോകോത്തരനിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ഒപ്പം ഐ.ടി. അധിഷ്ഠിത വ്യവസായങ്ങൾ വികസിപ്പിക്കുന്നതിനും, ഇതുവഴി ജനങ്ങൾക്ക് തൊഴിലും വിദേശ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. ഒരു ഡിജിറ്റൽ സൂപ്പർ ഹൈവേ നിർമ്മിച്ചെടുക്കുന്നതിനായി കേരള ഫൈബർ ഒപ്റ്റിക്സ് നെറ്റ്‌വർക്ക് പദ്ധതി കിഫ്ബി നടപ്പിലാക്കുന്നു. സംസ്ഥാനത്തിന്റെ നെറ്റ്‌വർക്കായി പ്രവർത്തിക്കുകയും

ഡിജിറ്റൽ രംഗത്ത് പുതിയ വികസന-കമ്പോള സാധ്യതകൾ പ്രദാനം ചെയ്യുവാനും ഈ പദ്ധതിക്ക് സാധിക്കും.

സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിക്ക് ഗണ്യമായ സംഭാവനകൾ നൽകുന്ന ഒരു മേഖലയാണ് വിനോദസഞ്ചാരം. വിനോദസഞ്ചാര മേഖലയിലെ പദ്ധതികൾ വഴി വരുമാന വർദ്ധനവിനും വിദേശ വിനിമയത്തിനും വഴിയൊരുക്കുന്നതോടൊപ്പം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കും.

അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ വഴി സംസ്ഥാനത്തിന്റെ സമഗ്രമായ സാമ്പത്തിക-സാംസ്കാരിക-ആരോഗ്യ-വിദ്യാഭ്യാസ-വ്യവസായിക മേഖലകളുടെ വികസനം സാധ്യമാവുകയും കൂടാതെ ഇത്തരത്തിലുള്ള വികസന പ്രവർത്തനരീതി മാന്ദ്യകാലത്തും പ്രത്യക്ഷവും പരോക്ഷവുമായ തൊഴിലവസരങ്ങൾ നടപ്പിലാക്കുകയും ധനവിപണിയെ കാര്യമായി ഉത്തേജിപ്പിക്കുകയും ചെയ്യും. ഈ രീതിയിൽ 50,000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുക വഴി സംസ്ഥാനത്തെ സമ്പദ്ഘടനയെ ചലനാത്മകമാക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുന്നതിലും സുപ്രധാനമായ പങ്ക് കിഫ്ബി വഹിക്കുന്നുണ്ട്.

(ബി)

| | കിഫ്ബി പദ്ധതികൾ | |
|---|---|---|
| | എണ്ണം | പദ്ധതി തുക (കോടിയിൽ) |
| കിഫ്ബി അംഗീകരിച്ച പദ്ധതികൾ | 591 | 45618.6 |
| ടെണ്ടറിംഗ് നടപടിയിലുള്ള പദ്ധതികൾ | 345 | 16370.03 (ടെണ്ടർ തുക-13590.94) |
| നിർമ്മാണത്തിലുള്ള പദ്ധതികൾ | 304 | 14178.50 (കരാർ തുക-10553.70) |

കിഫ്ബിയിലൂടെ നടപ്പിലാക്കുന്നതിന് ധനാനുമതി നൽകിയ പദ്ധതികളിൽ ഇതിനകം പ്രവൃത്തി പൂർത്തീകരിച്ചവയും ഇവയിൽ ഉദ്ഘാടനം നടത്തിയ പദ്ധതികളുടെ വിവരവും അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കിഫ്ബി വഴി ശബരിമല തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യം ഒരുക്കാൻ പദ്ധതി

52 (2330) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചിരുന്നത്; വ്യക്തമാക്കുമോ;

(ബി) അവയിൽ ഏതെല്ലാം പദ്ധതികൾ പൂർത്തിയാക്കി, പൂർത്തിയാക്കിയ പദ്ധതികളിൽ ഓരോന്നിനും എത്ര തുക ചെലവഴിച്ചു എന്നിവ വ്യക്തമാക്കാമോ?

ഉത്തരം

(എ)

1. ശബരി റെയിൽപ്പാതയുടെ നിർമ്മാണം.

2. ശബരിമല മാസ്റ്റർ പ്ലാൻ ഉൾപ്പെടുത്തി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, ക്യൂ കോംപ്ലക്സ്, ത്രിവേണി പാലം, നിലയ്ക്കൽ പാർക്ക്, ശബരിമല ഇടത്താവളം. ശബരിമലയ്ക്കുള്ള വലിയ നിർമ്മാണ പ്രവൃത്തികൾക്ക് പ്രത്യേക പാക്കേജായി കിഫ്ബി നിക്ഷേപം ലഭ്യമാക്കും എന്നും പരാമർശിച്ചിട്ടുണ്ട്.

(ബി) ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി പദ്ധതി നിർവ്വഹണ ഏജൻസി (ശബരിമല മാസ്റ്റർ പ്ലാൻ ഇൻഫ്രാസ്ട്രക്ച്ചർ ട്രസ്റ്റ് ഫണ്ട്) കിഫ്ബിയിൽ സമർപ്പിച്ച പദ്ധതിക്ക് 30-8-2017-ൽ ചേർന്ന കിഫ്ബി ബോർഡ് മീറ്റിംഗ് 141.75 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്ന ഘടകങ്ങളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.* ഇവയുടെ പ്രവൃത്തി പൂർത്തിയായിട്ടില്ല എന്ന വിവരം പദ്ധതിയുടെ ഭരണവകുപ്പായ ദേവസ്വം വകുപ്പ് നിയമിച്ച പദ്ധതി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

## പദ്ധതി ഇനങ്ങളിലെ ചെലവ്

53 (2331) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തെ പദ്ധതി ഇനങ്ങളിലെ ചെലവ് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഈ സാമ്പത്തിക വർഷം സെപ്റ്റംബർ 30 വരെയുള്ള പദ്ധതി ഇനങ്ങളിലെ ചെലവ് വകുപ്പ് തിരിച്ച് നൽകാമോ ;

(സി) കിഫ്ബിയുടെ നിക്ഷേപങ്ങൾ ഏതെല്ലാം ബാങ്കുകളിലാണ് നിലവിൽ നിക്ഷേപിച്ചിട്ടുള്ളതെന്നും എന്നാണ് തുക നിക്ഷേപിച്ചതെന്നും എത്ര പലിശ നിരക്കിലാണ് പ്രസ്തുത തുക നിക്ഷേപിച്ചതെന്നും നിലവിൽ ലഭിച്ച പലിശ തുക എത്രയെന്നും വിശദാമാക്കുമോ;

(ഡി) ബാങ്കുകളിൽ തുക നിക്ഷേപിക്കുമ്പോൾ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഇത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) കിഫ്ബി വിവിധ ബാങ്കുകളിൽ നടത്തിയ നിക്ഷേപങ്ങളുടെ നിലവിലെ വിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.* കിഫ്ബിക്ക് നാളിതുവരെ പലിശ ഇനത്തിൽ 371.21 കോടി രൂപയുടെ വരുമാനം ഉണ്ടായിട്ടുണ്ട്.

(ഡി) കിഫ്ബിയിലെ നിക്ഷേപങ്ങൾ കൈകാര്യം ചെയ്യുന്നത് കിഫ്ബിയിൽ നിലവിലുള്ള ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് പോളിസി പ്രകാരമാണ്. പ്രസ്തുത പോളിസി പ്രകാരം നിക്ഷേപങ്ങൾ കൈകാര്യം ചെയ്യുന്നതിനും അതിന്മേൽ ഉപദേശം നല്കുന്നതിനും നിക്ഷേപങ്ങളുടെയും നിക്ഷേപസ്ഥാപനങ്ങളുടെയും സമയബന്ധിതമായ വിശകലനം നടത്തുന്നതിനും ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്മിറ്റി നിലവിലുണ്ട്. ധനകാര്യ (റിസോഴ്സസ്) സെക്രട്ടറി കൺവീനറും, സാമ്പത്തിക രംഗത്തെ വിദഗ്ധരായ ശ്രീ. ജെ. എൻ. ഗുപ്ത, പ്രൊഫ. സുശീൽ ഖന്ന, ശ്രീ. ആർ. കെ. നായർ എന്നിവർ അംഗങ്ങളായുമുള്ള ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്മിറ്റിയാണ് വിദഗ്ധ ഉപദേശം നൽകുന്നത്. പദ്ധതി ചെലവുകൾക്കായി പ്രതീക്ഷിക്കുന്ന തുകയ്ക്കുപരിയായുള്ള മിച്ച പണമാണ് മികച്ച വരുമാനവും സുരക്ഷിതത്വവും ഉറപ്പുവരുത്തി വിവിധ നിക്ഷേപങ്ങളാക്കി മാറ്റുന്നത്. ബാങ്കുകളിൽ തുക നിക്ഷേപിക്കുമ്പോൾ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ സംബന്ധിച്ച വിവരങ്ങൾക്കായി കിഫ്ബിയിൽ നിലവിലുള്ള ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് പോളിസി അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വണ്ടൂർ നിയോജകമണ്ഡലത്തിലെ കിഫ്ബിയുടെ പ്രവൃത്തികൾ

54 (2332) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി വണ്ടൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെ; വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തികളുടെയും നിലവിലെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബി വഴി വണ്ടൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരങ്ങൾ പ്രവർത്തന പുരോഗതി ഉൾപ്പെടെ അനുബന്ധമായി ചേർക്കുന്നു.*.

## മാവേലിക്കര മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

55 (2333) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ കിഫ്ബി മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) മാവേലിക്കര റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ അനുമതിയുമായി ബന്ധപ്പെട്ട് കിഫ്ബി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ കിഫ്ബി മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) മാവേലിക്കര റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതി റിപ്പോർട്ട് 28-10-2019- ന് പദ്ധതി നിർവ്വഹണ ഏജൻസി ആയ RBDCK കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളത് അവലോകനത്തിലാണ്.

## താൽക്കാലികമായി നിർത്തിവയ്ക്കുവാൻ തീരുമാനിച്ച പദ്ധതികൾ

56 (2334) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ പ്രവർത്തനങ്ങളിൽ അപാകത കണ്ടെത്തിയതിനെ തുടർന്ന്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കിഫ്ബിയുടെ കീഴിലുള്ള ഏതെങ്കിലും നിർമ്മാണ പദ്ധതി താല്കാലികമായി നിർത്തിവയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി കണ്ടെത്തിയ തെളിവുകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 12 പദ്ധതികൾ താൽക്കാലികമായി നിർത്തിവയ്ക്കുന്നതിന് കിഫ്ബി നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കിഫ്ബിയുടെ ഇൻസ്പെക്ഷൻ അതോറിറ്റി (ടെക്നിക്കൽ) സൂക്ഷ്മ പരിശോധന നടത്തി ഫീൽഡ് ഒബ്സെർവേഷൻ ഷീറ്റുകളും, ഒബ്സെർവേഷൻ മെമ്മോകളും നൽകുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നിർത്തിവയ്ക്കുന്നതിനു നിർദ്ദേശം നല്കിയിട്ടുള്ളത്. ഇതിനായി കണ്ടെത്തിയ തെളിവുകൾ അനുബന്ധമായി ചേർക്കുന്നു.*

## ആസ്തി വികസന ഫണ്ട്

57 (2335) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽ ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ എത്ര സേവിംഗ്സ് ഉണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിലുള്ള സേവിംഗ്സ് മറ്റ് പ്രവൃത്തികൾക്കായി വിനിയോഗിക്കാമോ;

(സി) ഇതിന് അനുസൃതമായി ഏതെങ്കിലും ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) നിയോജകമണ്ഡല ആസ്തി വികസന നിധി മുഖാന്തരമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്തപക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്കുശേഷം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ.യും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ.-യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ്/എക്സസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. ഇപ്രകാരം കണ്ടെത്തുന്ന സേവിംഗ്സ് മേൽപ്പടി വർഷത്തിലെ പ്രവൃത്തികൾക്ക് വിനിയോഗിക്കാവുന്നതാണ്.

(സി) പുറപ്പെടുവിച്ചിട്ടുണ്ട്. 4-8-2018-ലെ സ.ഉ.(അ) നമ്പർ .119/2018/ധന. ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.*

## ആസ്തി വികസന പദ്ധതി

58 (2336) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നബാർഡ് പ്രവൃത്തികളുടെ പദ്ധതിവിഹിതം ലഭ്യമാക്കാൻ കഴിയുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കാൻ കഴിയുന്ന പ്രവൃത്തികളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) അടുത്ത സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രവൃത്തികൾ മുൻകൂറായി നൽകാൻ കഴിയുമോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### <u>ഉത്തരം</u>

(എ) NABARD-RIDF പദ്ധതികൾക്കായി ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിന് 29-12-2017-ലെ സ.ഉ.(പി)നമ്പർ 160/2017/ധന. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. (www.finance.kerala.gov.in).

(ബി) നിലവിൽ പരിഗണനയിലില്ല.

(സി) ഓരോ സാമ്പത്തിക വർഷത്തിലും ആഗസ്റ്റ് 31-മുൻപായി ശിപാർശകൾ ലഭ്യമാക്കേണ്ടതാണ്. അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതികൾക്ക് മുൻകൂറായി ശിപാർശ നൽകാൻ കഴിയില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ആസ്തി വികസന ഫണ്ടും അക്രെഡിറ്റഡ് ഏജൻസികളും

59 (2337) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന്റെ അംഗീകാരമുള്ള അക്രെഡിറ്റഡ് ഏജൻസികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; പ്രസ്തുത അക്രെഡിറ്റഡ് ഏജൻസികൾക്ക് ഏതൊക്കെ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള അംഗീകാരമാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ആസ്തി വികസന ഫണ്ടിൽ നിന്നും റോഡുകൾ പുനർ നിർമ്മിക്കുന്നതിന് ഏതെല്ലാം ഏജൻസികളെ ചുമതലപ്പെടുത്താൻ സാധിക്കുമെന്ന് വിശദമാക്കാമോ;

(സി) ഒരു പഞ്ചായത്തിലെ ഒന്നിലധികം റോഡുകൾ ഒറ്റ പദ്ധതിയായി ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പുനർ നിർമ്മാണം നടത്തുവാൻ സാധിക്കുമോയെന്നും അതിന് ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതി ആവശ്യമുണ്ടോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ധനകാര്യവകുപ്പിന്റെ 4-7-2019-ലെ സ.ഉ.(പി)നമ്പർ 77/2019/ധന പ്രകാരം ആകെ 45 ഏജൻസികൾക്ക് വിവിധ തരത്തിലുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അക്രെഡിറ്റേഷൻ നൽകിയിട്ടുണ്ട്. ഏജൻസികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) 4-7-2019-ലെ .സ.ഉ.(പി)നമ്പർ 77/2019/ധന പ്രകാരം "General Civil Construction Works” മേഖലയിൽ അക്രഡിറ്റേഷൻ ലഭിച്ച ഏജൻസികളെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടത്തുന്ന റോഡ് പുനർ നിർമ്മാണ പ്രവൃത്തികൾക്കായി ചുമതലപ്പെടുത്താവുന്നതാണ്.

(സി) ഒരു പഞ്ചായത്തിലെ ഒന്നിലധികം റോഡുകൾ ഒറ്റപദ്ധതിയായി പുനർ നിർമ്മാണം നടത്തുന്നപക്ഷം പ്രസ്തുത പദ്ധതിക്കായി ഒരൊറ്റ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും ആയത് ഒറ്റ പദ്ധതിയായി തന്നെ ടെണ്ടർ ചെയ്യേണ്ടതുമാണ്. പദ്ധതിയുടെ ആകെ അടങ്കൽ തുക 10 ലക്ഷം രൂപയിൽ കുറയാൻ പാടില്ലാത്തതാണ്. ഇപ്രകാരം പദ്ധതി നടപ്പാക്കുന്നതിന് ധനകാര്യ വകുപ്പിന്റെ പ്രത്യേകാനുമതി ആവശ്യമില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ആസ്തി വികസന ഫണ്ടിലെ ടെണ്ടർ ബാലൻസ്

60 (2338) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ടിലെ ടെണ്ടർ ബാലൻസ് ഉപയോഗിച്ച് പുതിയ പ്രവൃത്തികൾ എടുക്കുന്നത് സംബന്ധിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് നൽകുമോ;

(ബി) ഒരു സാമ്പത്തികവർഷത്തെ ആസ്തി വികസന ഫണ്ടിൽ നിർദ്ദേശിക്കപ്പെട്ട മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷത്തെ ടെണ്ടർ സേവിംഗ്സ് വിനിയോഗിക്കാൻ കഴിയൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വ്യവസ്ഥ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച കണക്കുകൾ തിട്ടപ്പെടുത്തി നൽകുന്നതിന് ആർക്കാണ് ചുമതല നൽകിയിട്ടുള്ളത്; അപ്രകാരം ചുമതല ആർക്കും നൽകിയിട്ടില്ലെങ്കിൽ ആയതിന് ചുമതല നൽകി ഉത്തരവ് പുറപ്പെടുവിക്കുമോ?

ഉത്തരം

(എ) 4-8-2018-ലെ സ.ഉ.(പി)നമ്പർ 119/2018/ധന. പ്രകാരം ടെണ്ടർ സേവിംഗ്സ്/എക്സസ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം മുതൽ പ്രാബല്യം നൽകി ഉത്തരവ് ആയിട്ടുണ്ട്. (www.finance.kerala.gov.in).

(ബി) ഒരു സാമ്പത്തിക വർഷം അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടെയും ടെണ്ടർ സേവിംഗ്സ്/ ടെണ്ടർ എക്സസ് ഒരുമിച്ച് പരിഗണിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥ ഒഴിവാക്കാൻ നിർവ്വാഹമില്ല.

(സി) ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച കണക്കുകൾ അതാത് നിർവ്വഹണ വകുപ്പുകളാണ് തിട്ടപ്പെടുത്തേണ്ടത്.

## ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ് തുകയ്ക്ക് പുതിയ പ്രവൃത്തി

61 (2339) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ എ.ഡി.എസ്. പ്രകാരം 2016-17, 2017-18, 2018-19 വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ഓരോ വർഷവും എത്ര തുക ടെൻഡർ സേവിംഗ്സ് വന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ടെൻഡർ സേവിംഗ്സ് തുകയ്ക്ക് പുതിയ പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുന്ന സർക്കാർ ഉത്തരവ് നിലവിൽ ഉണ്ടോ എന്ന് വ്യക്തമാക്കാമോ; ഈ ഉത്തരവിന്റെ നമ്പർ, തീയതി എന്നിവ വിശദമാക്കുമോ;

(സി) ആസ്തി വികസന ഫണ്ടിൽ വന്നിട്ടുള്ള ടെൻഡർ സേവിംഗ്സ് തുകയുടെ വിശദാംശങ്ങൾ ജില്ലാ കളക്ടർമാർക്ക് നലകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) 4-8-2018-ലെ സ.ഉ.(പി)നമ്പർ119/2018/ധന. പ്രകാരം ടെണ്ടർ സേവിംഗ്സ് വിനിയോഗിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം മുതലാണ് പ്രാബല്യം നൽകിയിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷം ശിപാർശ ചെയ്ത നിർമ്മാണപ്രവൃത്തികളുടെ ഭരണാനുമതി ഉത്തരവിന് മൂന്ന് വർഷം വരെ കാലാവധി നൽകിയിട്ടുണ്ട്. ഓരോ എം.എൽ.എ.-യും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ. എ.യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ്/എക്സസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. 2017-18 സാമ്പത്തിക വർഷം മുതൽ നിയോജകമണ്ഡല ആസ്തി വികസന നിധിയിലെ പ്രവൃത്തികളുടെ ഭരണാനുമതി ടി ഉത്തരവ് പ്രകാരം പുറപ്പെടുവിക്കുന്നത് ജില്ലാ കളക്ടറേറ്റുകൾ മുഖേനയാണ്.

## ആസ്തി വികസന ഫണ്ടിൽ നിന്ന് നാപ്കിൻ ഇൻസിനറേറ്റർ

62 (2340) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഗേൾസ് ഹോസ്റ്റലുകളിലേക്ക് എം.എൽ.എ.-മാരുടെ പ്രാദേശിക ആസ്തി വികസന ഫണ്ടുകളിൽ നിന്ന് നാപ്കിൻ ഇൻസിനറേറ്റർ മെഷീൻ അനുവദിക്കുന്നത് നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അനുവദനീയമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻകീഴിൽ നാപ്കിൻ ഇൻസിനറേറ്റർ മെഷിൻ അനുവദനീയമല്ല. എം.എൽ.എ.-മാരുടെ പ്രാദേശിക

വികസന ഫണ്ടിൽ നിന്നും സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നാപ്കിൻ ഇൻസിനറേറ്റർ മെഷീൻ അനുവദനീയമാണ്. എന്നാൽ സർക്കാരിന് കീഴിലുള്ള ഹോസ്റ്റലുകളിൽ ഈ പ്രവൃത്തിക്കായി എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നത് നിലവിലെ മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ല.

(ബി) നിലവിൽ പരിഗണനയിലില്ല.

**മഞ്ചേരി മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

63 (2341) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾക്കായി 1-4-2019 മുതൽ നാളിതുവരെ ആസ്തി വികസന പദ്ധതിയിൽ നിന്ന് ഉൾപ്പെടെ അനുവദിച്ച തുകയുടെയും പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശം നൽകുമോ;

(ബി) ഇവയിൽ ആസ്തി വികസന, പ്രത്യേക വികസന നിധികൾ ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ പ്രവൃത്തികളുമായി ബന്ധപ്പെട്ട് ധനവകുപ്പിന്റെ പരിഗണനയിലുള്ള ഫയലുകളുടെ വിശദാംശം നൽകുമോ;

(ഡി) പുതിയ ഏതെല്ലാം പദ്ധതികൾക്കാണ് ഈ വർഷം ഫണ്ട് അനുവദിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ-ഡി) മഞ്ചേരി നിയോജകമണ്ഡലത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ (MLA SDF) കീഴിൽ 1 കോടി രൂപയും നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയുടെ കീഴിൽ 5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയുടെ കീഴിൽ 85 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പുതിയ പദ്ധതികളുടെ ശിപാർശകൾ പരിശോധിച്ച് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കുന്നതാണ്. പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വണ്ടൂർ നിയോജകമണ്ഡലത്തിലെ വികസന പദ്ധതികൾ

64 (2342) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾക്കായി ആസ്തി വികസന പദ്ധതി ഉൾപ്പെടെ 1-7-2016 മുതൽ 18-10-2019 വരെ അനുവദിച്ച പദ്ധതികളുടേയും പ്രവൃത്തികളുടേയും അവയുടെ തുകയുടേയും വിശദാംശം വർഷാടിസ്ഥാനത്തിൽ നൽകാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വണ്ടൂർ നിയോജക മണ്ഡലത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധി, നിയോജക മണ്ഡലം ആസ്തി വികസന പദ്ധതി എന്നിവയുടെ കീഴിൽ 1-7-2016 മുതൽ 18-10-2019 വരെ അനുവദിച്ച പദ്ധതികളുടെയും പ്രവൃത്തികളുടെയും അവയുടെ തുകയുടെയും കൂടാതെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## വാമനപുരം നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് പദ്ധതികൾ

65 (2343) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ലെ ആസ്തി വികസന പദ്ധതി പ്രകാരം വാമനപുരം നിയോജക മണ്ഡലത്തിൽ ശിപാർശ ചെയ്യപ്പെട്ട പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതൊക്കെ പൂർത്തിയായെന്ന് അറിയിക്കാമോ;

(സി) പൂർത്തീകരിക്കാത്ത പദ്ധതികൾ ഉണ്ടെങ്കിൽ അവയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) 2017-18-ലെ ആസ്തി വികസന പദ്ധതി പ്രകാരം വാമനപുരം നിയോജകമണ്ഡലത്തിൽ ശിപാർശ ചെയ്യപ്പെട്ട പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ടെണ്ടർ ബാലൻസ്

66 (2344) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 വർഷത്തെ ബാലുശ്ശേരി മണ്ഡലം ആസ്തി വികസന പദ്ധതിയിലെ ടെണ്ടർ ബാലൻസ് എത്രയെന്നത് അറിയിക്കാമോ;

(ബി) ടെണ്ടർ ബാലൻസ് തുക വിനിയോഗിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) നിയോജകമണ്ഡല ആസ്തി വികസന നിധി മുഖാന്തരം ഉള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്തപക്ഷം പ്രത്യേകാനുതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നല്കുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്കുശേഷം പ്രവൃത്തി പൂർത്തിയാക്കുന്നമുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്/എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ.യും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ.-യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്/എക്സസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

(ബി) സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. നിയമസഭാസാമാജികരുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതികളുടെ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 വർഷം മുതലാണ് പ്രാബല്യമുള്ളത്. 2017-18 സാമ്പത്തിക വർഷത്തിൽ അനുമതി നൽകിയ പ്രവൃത്തികളുടെ ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് 2018-19 -ന്റെ കീഴിൽ പരിഗണിക്കാവുന്നതാണ്.

## വാമനപുരം നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതി

67 (2345) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തിൽ ആസ്തി വികസന പദ്ധതി പ്രകാരം വാമനപുരം നിയോജകമണ്ഡലത്തിൽ ശിപാർശ ചെയ്യപ്പെട്ട പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തിയായത് ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പൂർത്തീകരിക്കാത്ത പദ്ധതികൾ ഉണ്ടെങ്കിൽ ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി അറിയിക്കാമോ?

ഉത്തരം

(എ-സി) 2018-19 വർഷത്തിൽ ആസ്തി വികസന പദ്ധതി പ്രകാരം വാമനപുരം നിയോജകമണ്ഡലത്തിൽ ശിപാർശ ചെയ്യപ്പെട്ട പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.*

**തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജിൽ ടെലി കോബാൾട്ട് മെഷീൻ**

68 (2346) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജിൽ ടെലി കോബാൾട്ട് മെഷീൻ വാങ്ങുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;

(ബി) മെഷീൻ വാങ്ങുന്നതിനുള്ള ഫണ്ട് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ;

(സി) പ്രസ്തുത തുക ഏത് അക്കൗണ്ട് ശീർഷകത്തിൽ നിന്നുമാണ് ട്രാൻസ്ഫർ ചെയ്യേണ്ടതെന്നും ആയതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥനാരാണെന്നും അറിയിക്കുമോ?

ഉത്തരം

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജിൽ ടെലി കോബാൾട്ട് മെഷീൻ വാങ്ങുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടറുടെ 16-6-2018- ലെ ആർ.ഡി 5-1250/18 നമ്പർ നടപടിക്രമം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. 6-7-2019-ലെ സ.ഉ.(സാധാ)നമ്പർ 5252 / 2019/ധന. പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ടെലി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കോബാൾട്ട് മെഷീൻ വാങ്ങുന്നതിന് ഭരണാനുമതി തുകയായ 3,50,00,000 (മൂന്ന് കോടി അമ്പതു ലക്ഷം രൂപ) മുൻകൂറായി അനുവദിച്ച് പ്രത്യേകാനുമതി നൽകിയിരുന്നു. നിലവിൽ, ഇ-ടെണ്ടർ മുഖേന മെഷീൻ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ഏൽപ്പിച്ചിരിക്കുന്നു.

(ബി) ട്രാൻസ്ഫർ ചെയ്തിട്ടില്ല. ഭരണാനുമതി ഉത്തരവിൽ 4210-02-800-95 എന്ന ശീർഷകത്തിൽ ഫണ്ടുകൾ കൈകാര്യം ചെയ്യുന്നത് PWD ആയതിനാൽ ഫണ്ട് ഉചിത മാർഗ്ഗേണ കൈമാറുന്നതിനായി ചീഫ് എഞ്ചിനീയർ PWD-ക്കു കത്ത് നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത തുക 4210-02-800-95 എന്ന ശീർഷകത്തിൽ നിന്നുമാണ് ട്രാൻസ്ഫർ ചെയ്യേണ്ടത്. ആയതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ PWD ചീഫ് എഞ്ചിനീയറാണ്.

## മങ്കട നിയോജകമണ്ഡലത്തിന്റെ പ്രാദേശിക വികസന ഫണ്ട് പ്രവൃത്തികൾ

69 (2347) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷം മങ്കട നിയോജകമണ്ഡലത്തിന് നൽകിയ പ്രാദേശിക വികസന ഫണ്ടുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ശിപാർശ നൽകിയ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) മങ്കട നിയോജകമണ്ഡലത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല. ആയതിനാൽ ഒരു പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടില്ല.

(ബി) എല്ലാ പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ അതാത് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം കളക്ടറേറ്റിൽ നിന്നും നല്കിയിട്ടുണ്ട്.

## മണലൂർ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി

70 (2348) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിൽ 2016-17 വർഷത്തെ ആസ്തി വികസന പദ്ധതിയിലേക്ക് ശിപാർശ ചെയ്ത എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ ആ വർഷത്തെ ടെണ്ടർ സേവിംഗ്സ് എത്രയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഇനി പൂർത്തീകരിക്കാൻ ബാക്കിയുള്ളവയുടെ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ&ബി) മണലൂർ നിയോജകമണ്ഡലത്തിൽ 2016-17 വർഷത്തെ ആസ്തി വികസന പദ്ധതിയിലേക്ക് ശിപാർശ ചെയ്തതിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാൻ ബാക്കിയുള്ളതുമായ പ്രവൃത്തികളുടെ വിവരങ്ങൾ ശേഖരിച്ചു വരുന്നു.

നിയോജകമണ്ഡല ആസ്തി വികസന നിധി മുഖാന്തരമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്തപക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകാവുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്കുശേഷം പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ.-യും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ-യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ്/എക്സസ് ഇനത്തിൽ ഉണ്ടെന്നു കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

## വാമനപുരം മണ്ഡലത്തിലെ പ്രത്യേക വികസന നിധി പ്രകാരമുള്ള പദ്ധതികൾ

71 (2349) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജകമണ്ഡലത്തിൽ പ്രത്യേക വികസന നിധി പ്രകാരം ശിപാർശ ചെയ്യപ്പെട്ട പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തിയായവ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(സി) പൂർത്തിയാകാത്ത പദ്ധതികളുടെ ഓരോന്നിന്റെയും നിലവിലെ സ്ഥിതി അറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) വിവരം അനുബന്ധമായി ചേർക്കുന്നു.*

**കീഴാറൂർ വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം**

72 (2350) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും തുക വകയിരുത്തി ഭരണാനുമതിയായ കീഴാറൂർ വില്ലേജാഫീസ് കെട്ടിടം നിർമ്മാണം പ്രസ്തുത തുക കൊണ്ട് പൂർത്തികരിക്കാൻ കഴിയില്ല എന്നും ആയതിനാൽ ഭരണാനുമതി പുതുക്കി നൽകണമെന്നും ആവശ്യപ്പെട്ട് ധനകാര്യ വകുപ്പിൽ സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത വിഷയത്തിൽ അടിയന്തര ശ്രദ്ധ നൽകി അനുമതി ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) 2016-17 സാമ്പത്തിക വർഷത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും തുക വകയിരുത്തി ഭരണാനുമതിയായ കീഴാറൂർ വില്ലേജാഫീസ് കെട്ടിടം നിർമ്മാണം എന്ന പ്രവൃത്തിക്ക് 2019-20 ആസ്തി വികസന നിധിയിൽ നിന്ന് 25 ലക്ഷം രൂപ കൂടി അനുവദിച്ച് ഭരണാനുമതി പുതുക്കി നൽകുന്നതിന് 4-11-2019-ലെ സ.ഉ(സാധാ)നമ്പർ 8715/2019/ധന പ്രകാരം അനുമതി നൽകിയിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*)

**നിലമ്പൂർ മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്**

73 (2351) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിൽ നിന്നും 2016-17,

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ നിർദ്ദേശിച്ച പ്രവൃത്തികൾ മുഴവൻ പൂർത്തീകരിച്ചിട്ടുണ്ടോ; വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ നിർദ്ദേശിച്ച പ്രവൃത്തികളിൽ പൂർത്തീകരിക്കാത്തവയുടെ വിശദാംശങ്ങൾ നൽകാമോ;

(സി) 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ ടെണ്ടർ സേവിംഗ്സായി ആസ്തി വികസന ഫണ്ടിൽ എത്ര തുകയാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) നിയോജകമണ്ഡല ആസ്തി വികസന നിധി മുഖാന്തരം ഉള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്തപക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്കുശേഷം പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ.-യും അതത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ.-യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ്/എക്സസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

## ത്രിതല പഞ്ചായത്ത്, നഗരസഭ എന്നിവയ്ക്കായി അനുവദിച്ച പദ്ധതിച്ചെലവ്

74 (2352) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷം സംസ്ഥാന ഗവൺമെന്റ് ത്രിതല പഞ്ചായത്ത്, നഗരസഭ എന്നിവയ്ക്കായി അനുവദിച്ച ആകെ പദ്ധതിച്ചെലവ് എത്ര ശതമാനമായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ത്രിതല പഞ്ചായത്തിനും നഗരസഭയ്ക്കും പദ്ധതി വിഹിതമായി എത്ര കോടി രൂപ നൽകാനാണ് നിയമസഭ വോട്ട് ചെയ്ത് അംഗീകരിച്ചതെന്നും ഇതിൽ എത്ര കോടി രൂപ റിലീസ് ചെയ്തുവെന്നും അറിയിക്കാമോ?

ഉത്തരം

(എ) പ്രാദേശിക സർക്കാരുകളുടെ 2018-19 സാമ്പത്തിക വർഷത്തെ പദ്ധതിച്ചെലവ്:

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | : 86.02 % |
| ബ്ലോക്ക് പഞ്ചായത്ത് | : 89.54 % |
| ജില്ലാ പഞ്ചായത്ത് | : 80.72 % |
| മുനിസിപ്പാലിറ്റി | : 73.28 % |
| മുനിസിപ്പൽ കോർപ്പറേഷൻ | : 63.26 % |
| ആകെ | : 81.36 % |

(ബി)

| തലം | നിയമസഭ വോട്ട് ചെയ്ത തുക (കോടിയിൽ) | അനുവദിച്ച തുക (കോടിയിൽ) |
|---|---|---|
| ത്രിതല പഞ്ചായത്തുകൾ | 5213.00 | 5213.00 |
| നഗരസഭകൾ | 1850.57 | 1850.57 |

## തദ്ദേശ സ്വയംഭരണ വകുപ്പിൽ ഓവർസിയർ ഗ്രേഡ് III തസ്തിക സൃഷ്ടിക്കൽ

75 (2353) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ ഓവർസിയർ ഗ്രേഡ് III തസ്തിക സൃഷ്ടിക്കൽ സംബന്ധിച്ച് ഭരണ വകുപ്പിൽ നിന്നും പ്രൊപ്പോസൽ വന്നിരുന്നോ; ആയതിൻമേൽ സ്വീകരിച്ച തീരുമാനങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ;

(ബി) തദ്ദേശസ്വയം ഭരണവകുപ്പിൽ നിന്നും എത്ര തവണ പ്രസ്തുത ഫയൽ വന്നിട്ടുണ്ട്; എന്ത് തീരുമാനങ്ങൾ ഓരോ ഫയലിലും എടുത്തിരുന്നു; വിശദമാക്കാമോ?

ഉത്തരം

(എ&ബി) തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ ഗ്രേഡ് - III തുടങ്ങിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് ഭരണ വകുപ്പ് ശിപാർശ സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസൽ വിശദമായി പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ/വിശദാംശങ്ങൾ

എന്നിവയുടെ അഭാവത്തിൽ ആയത് സഹിതം രണ്ട് പ്രാവശ്യം ഭരണ വകുപ്പ് ഫയൽ പുനർസമർപ്പിച്ചിരുന്നു. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത്, പ്രതിപാദ്യ ശിപാർശ തൽക്കാലം മാറ്റിവയ്ക്കുവാൻ ഭരണ വകുപ്പിനോട് രണ്ട് പ്രാവശ്യം നിർദ്ദേശം നൽകിയിരുന്നു. തദനന്തരം ഈ ശിപാർശ വീണ്ടും സമർപ്പിക്കപ്പെട്ടപ്പോൾ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുത്ത് 'വരുന്ന രണ്ട് വർഷത്തേയ്ക്ക് ഓവർസിയർമാരുടെ പുതിയ തസ്തിക സൃഷ്ടിക്കുന്നതല്ല' എന്ന വ്യവസ്ഥയ്ക്ക് വിധേയമായി തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ 195 അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക സൃഷ്ടിക്കുന്നതിന് 29-12-2018-ൽ ധനവകുപ്പ് അനുമതി നൽകിയിരുന്നു. തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഗ്രേഡ് - III അസിസ്റ്റന്റ് ഓവർസിയർമാരുടെ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് ശിപാർശ 1-7-2019-ൽ ധനവകുപ്പിൽ വീണ്ടും ലഭിച്ചിരുന്നു. ഈ വിഷയം വിശദമായി പരിശോധിച്ചശേഷം 195 അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക സൃഷ്ടിക്കുന്നതിന് ബാധകമാക്കിയ വ്യവസ്ഥകൾ, സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി എന്നിവ കണക്കിലെടുത്ത്, ടി പ്രൊപ്പോസൽ തൽക്കാലം മാറ്റി വയ്ക്കുവാൻ 26-7-2019-ൽ ഭരണ വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു.

### തസ്തികകളുടെ പുനർനാമകരണത്തിന് ധനകാര്യ വകുപ്പിന്റെ അനുമതി

76 (2354) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വയംഭരണസ്ഥാപനങ്ങളായ സർവ്വകലാശാലകളിൽ സേവന വേതന വ്യവസ്ഥയിൽ യാതൊരു മാറ്റവും വരാതെ ഒരു തസ്തികയുടെ പുനർനാമകരണത്തിന് അധികാരമുള്ള ജനറൽ കൗൺസിലോ/എക്സിക്യൂട്ടീവ് കമ്മിറ്റിയോ തീരുമാനമെടുക്കുകയാണെങ്കിൽ, ആ തസ്തികയുടെ പുനർനാമകരണത്തിന് ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

സ്വയംഭരണ സ്ഥാപനങ്ങളായ സർവ്വകലാശാലകളിൽ സേവന-വേതന വ്യവസ്ഥയിൽ യാതൊരു മാറ്റങ്ങളും വരാതെ ഒരു തസ്തികയുടെ പുനർനാമകരണത്തിന് തീരുമാനമെടുക്കുകയാണെങ്കിൽ, ആയതിന് ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യമാണ്. സർക്കാരിൽനിന്നും സാമ്പത്തിക സഹായം

സ്വീകരിക്കുന്ന സ്ഥാപനം എന്ന നിലയിൽ പ്രത്യക്ഷമായോ, പരോക്ഷമായോ ബഡ്ജറ്റിലുള്ള തുകയ്ക്ക് പുറമെയായി അധിക സാമ്പത്തിക ഭാരം വരുത്തുന്ന തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് മുമ്പ് മുൻകൂറായി സർക്കാരിൽനിന്നും ഉപദേശം/സമ്മതം തേടേണ്ടതാണെന്നും സർക്കാർ ചട്ടങ്ങൾക്ക് വിധേയമല്ലാതെ സർവ്വകലാശാലകൾ കൈക്കൊള്ളുന്ന തീരുമാനങ്ങൾക്ക് യാതൊരു കാരണവശാലും സർക്കാർ ഉത്തരവാദിയായിരിക്കില്ലായെന്നും സർവ്വകലാശാലകളുടെ സാമ്പത്തിക അച്ചടക്കം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. (4-12-2017-ലെ 86/17/ധന നമ്പർ സർക്കുലർ).

തസ്തികകൾ പുനർനാമകരണം ചെയ്യപ്പെടുന്നത് ഭരണപരമായ ആവശ്യകതയും കൃത്യനിർവ്വഹണത്തിലെ അനിവാര്യതയും കണക്കിലെടുത്ത് ഒഴിച്ചുകൂടാനാവാത്ത സാഹചര്യത്തിലാണ്. തസ്തികകൾ പുനർനാമകരണം ചെയ്യപ്പെടുന്നത് ഭാവിയിൽ ഉയർന്ന ശമ്പളസ്കെയിലുകൾ ആവശ്യപ്പെടുന്നതിനും ആയത് അനുവദിക്കുകയാണെങ്കിൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയ്ക്ക് ഇടവരുത്തുകയും ചെയ്യും. അതിനാൽ തസ്തികകൾ പുനർ നാമകരണം ചെയ്യപ്പെടുന്നതും ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതും ധനവകുപ്പിന്റെ മുൻകൂർ അനുമതിയോടുകൂടി മാത്രമായിരിക്കേണ്ടതാണ് എന്ന് 17-1-2013-ലെ 6/13/ധന. നമ്പർ സർക്കുലറിൽ വ്യവസ്ഥ ചെയ്യുന്നു.

**സർക്കാർ ജീവനക്കാരുടെ ഭവന വായ്പാ പദ്ധതി**

77 (2355) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഭവന വായ്പ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ട ഉത്തരവ്, മാനദണ്ഡങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പയുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവുകൾ (1) ജി.ഒ..(പി) നമ്പർ 105/2018/ധന., തീയതി 5-7-2018, (2) ജി.ഒ..(പി) നമ്പർ 143/2018/ധന., തീയതി 11-9-2018, (3)സർക്കുലർ നമ്പർ 06/2019/ധന., തീയതി 18-1-2019 എന്നിവയാണ്.

ടി ഉത്തരവുകൾ പ്രകാരം ജീവനക്കാർ ഭവന നിർമ്മാണ വായ്പയ്ക്കായി ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ/ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങളെ സമീപിച്ച് വായ്പ ലഭ്യമാക്കുന്നുണ്ട്. ടി പദ്ധതി പ്രകാരമുള്ള സബ്സിഡി നൽകുന്നതുമായുള്ള ഡെഡിക്കേറ്റഡ് സോഫ്റ്റ്‌വെയർ നിർമ്മാണ ഘട്ടത്തിലാണ്.

ഭവന നിർമ്മാണ വായ്പാ മാനദണ്ഡങ്ങൾ:- സംസ്ഥാന സർവ്വീസിൽ 5 വർഷം മുഴുവൻ സമയ സേവനം പൂർത്തിയായതും, 50 മാസ സർവ്വീസ് (മുൻ സാമ്പത്തിക വർഷത്തെ മാർച്ച് 31-ന്) അവശേഷിക്കുന്നതുമായ, സ്വന്തമായോ സ്പൗസിന്റെയോ/ പ്രായപൂർത്തിയാകാത്ത മക്കളുടെയോ പേരിൽ വീടില്ലാത്ത, സർക്കാർ ജീവനക്കാരുടെ സ്വന്തം പേരിലോ, സ്പൗസിന്റെ പേരിലോ ഉള്ള വസ്തുവിൽ വീട് നിർമ്മിക്കുന്നതിനാണ് (വീടും സ്ഥലവും/ഫ്ലാറ്റ് വാങ്ങുന്നതിനും വായ്പയെടുക്കാവുന്നതാണ്). അവരുടെ അടിസ്ഥാന ശമ്പളത്തിന്റെ (മുൻ സാമ്പത്തിക വർഷത്തെ മാർച്ച് മാസത്തിലെ ശമ്പളം) 50 ഇരട്ടി പരമാവധി 20 ലക്ഷം വരെ ഒറ്റയ്ക്കോ/സംയുക്തമായോ (സർക്കാർ ജീവനക്കാരായ ദമ്പതിമാർ) വായ്പ ബാങ്കിൽ നിന്ന് എടുക്കേണ്ടത്. ഒറ്റ തവണ മാത്രമാണ് സർക്കാർ ഭവന വായ്പാ പദ്ധതി പ്രകാരം വായ്പയെടുക്കുവാൻ സാധിക്കുക.

## സ്പാർക്ക് പി.എം.യു. ഓഫീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

78 (2356) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ താൽക്കാലിക ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ സ്പാർക്കിൽ രജിസ്റ്റർ ചെയ്യുവാൻ സാങ്കേതിക തടസ്സങ്ങൾ ഉണ്ടാകുന്നതുമൂലം നിരവധി താത്കാലിക ജീവനക്കാർക്ക് മാസങ്ങളായി ശമ്പളം ലഭിക്കാത്ത സാഹചര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) എല്ലാ സർക്കാർ ജീവനക്കാർക്കും മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തേണ്ട സ്പാർക്ക് പി.എം.യു. ഓഫീസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വകുപ്പ് സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) താൽക്കാലിക ജീവനക്കാരുടെ വിവരങ്ങൾ സ്പാർക്കിൽ രജിസ്റ്റർ ചെയ്യുന്നതിന് സാങ്കേതിക തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്പാർക്കിലെ Temporary Employee Registration എന്ന മെനുവിൽ DDO-മാർക്ക് ടി വിവരങ്ങൾ upload ചെയ്യുന്നതിനുള്ള സംവിധാനം നിലവിൽ പ്രവർത്തന സജ്ജമാണ്.

(ബി) സ്പാർക്ക് (പി.എം.യു.) വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമ മാക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഹെൽപ് ഡെസ്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലെ ജില്ലാ ട്രഷറികളിൽ സ്പാർക്ക് മാസ്റ്റർ ട്രെയിനേഴ്സിനെ വിന്യസിച്ചിട്ടുണ്ട്. കൂടാതെ ബാക്കിയുള്ള എല്ലാ ജില്ലകളിലെയും ജില്ലാ ട്രഷറികളിൽ ഇത് നടപ്പിലാക്കുന്നത് പരിഗണനയിലാണ്.

**മെഡിസെപ്പ് പദ്ധതി**

79 (2357) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നടപ്പാക്കുന്ന മെഡിസെപ്പ് പദ്ധതിയിൽ കൂടുതൽ ആശുപത്രികളും സേവനങ്ങളും ഉൾപ്പെടുത്തി പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കാനാവും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തരം 1-8-2019 മുതൽ മെഡിസെപ്പ് പദ്ധതി നടപ്പിലാക്കുന്നതിനായി, 15-7-2019-ലെ സ.ഉ.(പി) നമ്പർ 87/2019/ധന. പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി. (REQUEST FOR PROPOSAL) യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തിട്ടുള്ളതാണ്. പദ്ധതിയുടെ റീ-ടെണ്ടറിന് മുന്നോടിയായുള്ള നടപടികൾ നിലവിൽ പുരോഗമിച്ചുവരുന്നു.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

80 (T+2358) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-4-2013 ന് ശേഷം എത്ര ജീവനക്കാർ സർക്കാർ സർവ്വീസിൽ പ്രവേശിച്ചിട്ടുണ്ടെന്നും അവരിൽ എത്ര പേർ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്നുവെന്നും വ്യക്തമാക്കാമോ ;

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) 22-10-2019-ലെ സ്പാർക്ക് ഡാറ്റാബെയ്സിലെ വിവരം അനുസരിച്ച് 1-4-2013-നുശേഷം 125675 ജീവനക്കാർ സർവ്വീസിൽ പ്രവേശിച്ചിട്ടുണ്ട്. 2019 സെപ്റ്റംബർ മാസം ശമ്പളം കൈപ്പറ്റിയിട്ടുള്ളവരിൽ 93060 ജീവനക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) 7-11-2018-ലെ സ.ഉ.(പി) നമ്പർ 172/2018/ധന പ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി ഒരു സമിതി രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സംബന്ധിച്ച സാമ്പത്തിക – നിയമ വശങ്ങൾ സമഗ്രമായി പരിശോധിക്കേണ്ടത് ആവശ്യമായതിനാൽ സമിതിയുടെ പ്രവർത്തന കാലാവധി 6 മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ച നല്കിക്കൊണ്ട് സർക്കാർ 6-5-2019-ലെ സ.ഉ.(പി) നമ്പർ 56/2019/ധന. പുറപ്പെടുവിച്ചിട്ടുമുണ്ട്. സമിതിയുടെ തുടർ പ്രവർത്തനത്തിനായി സെക്രട്ടറിയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ആവശ്യമായ ജീവനക്കാരെ അനുവദിച്ച നല്കുകയും ചെയ്തിട്ടുണ്ട്. സമിതിയുടെ പ്രവർത്തനത്തിനായി ശ്രീകാര്യത്ത് GIFT-ൽ അഞ്ചാം നിലയിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി സമിതിയുടെ പ്രവർത്തനം വിലയിരുത്തിവരുന്നുണ്ട്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

81 (2359) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പങ്കാളിത്ത പെൻഷനിൽ ഉൾപ്പെട്ട ഭൂരിഭാഗം ജീവനക്കാരുടെയും എതിർപ്പിനെ അവഗണിച്ച് പ്രസ്തുത പദ്ധതി തുടരുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം നൽകുമോ?

+ T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

7-11-2018-ലെ സ.ഉ.(പി) നമ്പർ 172/2018/ധന. പ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി ഒരു സമിതി രൂപീകരിച്ചു കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സംബന്ധിച്ച സാമ്പത്തിക – നിയമ വശങ്ങൾ സമഗ്രമായി പരിശോധിക്കേണ്ടത് ആവശ്യമായതിനാൽ സമിതിയുടെ പ്രവർത്തന കാലാവധി 6 മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ചു നല്കിക്കൊണ്ട് സർക്കാർ 6-5-2019-ലെ സ.ഉ.(പി) നമ്പർ 56/2019/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്. പുനഃപരിശോധനാ സമിതിയുടെ പരിഗണനാ വിഷയങ്ങൾ സമഗ്രമായി പ്രതിപാദിച്ചുകൊണ്ടാണ് സർക്കാർ 7-11-2018-ലെ സ.ഉ.(പി) നമ്പർ 172/2018/ധന. ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. സമിതിയുടെ പ്രവർത്തനം പുരോഗമിച്ചു വരികയാണ്. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

82 (2360) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിന് നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുമോ; ഈ സർക്കാരിന്റെ കാലത്ത് ഉചിതമായ തീരുമാനം ഉണ്ടാകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

7-11-2018-ലെ സ.ഉ.(പി) നമ്പർ 172/2018/ധന. പ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി ഒരു സമിതി രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സംബന്ധിച്ച സാമ്പത്തിക – നിയമ വശങ്ങൾ സമഗ്രമായി പരിശോധിക്കേണ്ടത് ആവശ്യമായതിനാൽ സമിതിയുടെ പ്രവർത്തന കാലാവധി 6 മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ചു നല്കിക്കൊണ്ട് സർക്കാർ 6-5-2019-ലെ സ.ഉ.(പി) നമ്പർ 56/2019/ധന. പുറപ്പെടുവിച്ചിട്ടുമുണ്ട്. പുനഃപരിശോധനാ സമിതിയുടെ പരിഗണനാ വിഷയങ്ങൾ സമഗ്രമായി പ്രതിപാദിച്ചുകൊണ്ടാണ് സർക്കാർ 7-11-2018-ലെ സ.ഉ.(പി) നമ്പർ 172/2018/ധന. പുറപ്പെടുവിച്ചിരിക്കുന്നത്. സമിതിയുടെ പ്രവർത്തനം പുരോഗമിച്ചു വരികയാണ്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

83 (2361) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ബാധകമാക്കിയിട്ടുള്ള പങ്കാളിത്ത പെൻഷൻ പദ്ധതി നിർത്തലാക്കി പകരം സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കിയിട്ടുള്ള സംസ്ഥാന ജീവനക്കാർക്ക് ഫാമിലി പെൻഷൻ, ഡി.സി.ആർ.ജി, പ്രോവിഡന്റ് ഫണ്ട് എന്നിവയ്ക്ക് അർഹതയുണ്ടോ; ഇവ കണക്കാക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രീ. എസ്. സതീഷ്ചന്ദ്രബാബു, ജില്ലാ ജഡ്ജി (റിട്ട.) ചെയർമാനും ശ്രീ. പി. മാരപാണ്ഡ്യൻ ഐ.എ.എസ് (റിട്ട.), പ്രൊഫ. ഡി. നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി. എന്നിവർ അംഗങ്ങളുമായി 7-11-2018-ലെ സ.ഉ.(പി) നമ്പർ 172/2018/ധന. പ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി സർക്കാർ സമിതി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമായിട്ടുള്ള ജീവനക്കാർക്ക് നിലവിൽ കെ.എസ്.ആർ. ഭാഗം III പ്രകാരമുള്ള പെൻഷൻ ആനുകൂല്യങ്ങൾക്ക് അർഹതയില്ല. എന്നാൽ 24-2-2014-ലെ 81/2014/ധന ഉത്തരവ് പ്രകാരം പ്രോവിഡന്റ് ഫണ്ട് ബാധകമാക്കിയിട്ടുണ്ട്.

**പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ പുനഃപരിശോധന**

84 (2362) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് ഏർപ്പെടുത്തിയ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) ഇക്കാര്യത്തിനായി രൂപീകരിച്ച സമിതി ഇതിനകം എത്ര യോഗങ്ങളാണ് ചേർന്നത്; പ്രസ്തുത യോഗങ്ങളുടെ നടപടിക്കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) അദ്ധ്യാപകരുടെയും ജീവനക്കാരുടെയും ശമ്പളപരിഷ്കരണം അഞ്ച് വർഷത്തിലൊരിക്കൽ നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) മുൻസർക്കാർ നടപ്പിലാക്കിയ ശമ്പളപരിഷ്കരണ കാലാവധി അവസാനിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും പുതിയ ശമ്പള പരിഷ്കരണകമ്മീഷനെ നിയമിക്കുന്ന കാര്യത്തിൽ ഇതുവരെ തീരുമാനം എടുക്കാത്തത് എന്തുകൊണ്ടാണെന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) 7-11-2018-ലെ സ.ഉ.(പി) നമ്പർ.172/2018/ധന പ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി ഒരു സമിതി രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സംബന്ധിച്ച സാമ്പത്തിക - നിയമ വശങ്ങൾ സമഗ്രമായി പരിശോധിക്കേണ്ടത് ആവശ്യമായതിനാൽ സമിതിയുടെ പ്രവർത്തന കാലാവധി 6 മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് നല്കിക്കൊണ്ട് സർക്കാർ 6-5-2019-ലെ സ.ഉ.(പി) നമ്പർ 56/2019/ധന. പുറപ്പെടുവിച്ചിട്ടുമുണ്ട്. പുനഃപരിശോധനാ സമിതിയുടെ പരിഗണനാ വിഷയങ്ങൾ സമഗ്രമായി പ്രതിപാദിച്ചുകൊണ്ടാണ് സർക്കാർ 7-11-2018-ലെ സ.ഉ.(പി) നമ്പർ 172/2018/ധന. പുറപ്പെടുവിച്ചിരിക്കുന്നത്. സമിതിയുടെ പ്രവർത്തനം പുരോഗമിച്ച് വരികയാണ്.

(ബി) സമിതി നിരവധി തവണ അനൗദ്യോഗിക സിറ്റിംഗുകളും രണ്ടു ഔദ്യോഗിക സിറ്റിംഗും നടത്തിയിട്ടുണ്ട്.

(സി&ഡി) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരണം സമയബന്ധിതമായി നടപ്പാക്കുന്നതിനായി 11-ാം ശമ്പള പരിഷ്കരണ കമ്മീഷനെ നിയോഗിക്കാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്.

## പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടതും വിരമിച്ചതുമായ ജീവനക്കാർ

85 (2363) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട എത്ര ജീവനക്കാർ വിരമിച്ചിട്ടുണ്ടെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ബി) വിരമിച്ച ജീവനക്കാരിൽ എത്ര പേർക്ക് പെൻഷൻ ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; പെൻഷൻ ലഭിക്കാത്തവർ എത്ര എന്നും പെൻഷൻ ലഭിക്കാത്തതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡിന്റെ റിപ്പോർട്ട് പ്രകാരം, 2019 സെപ്റ്റംബർ 30 വരെ, ദേശീയ പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള 58 സർക്കാർ ജീവനക്കാർ വിരമിക്കൽ ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്. ഇവരുടെ വിശദാംശങ്ങൾ അനുബന്ധം* ആയി ഉള്ളടക്കം ചെയ്യുന്നു.

(ബി) ദേശീയ പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള ജീവനക്കാർ വിരമിക്കുന്ന സമയത്ത് പെൻഷൻ അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്ന തുക രണ്ട് ലക്ഷമോ അതിൽ താഴെയോ ആണെങ്കിൽ മുഴുവൻ തുകയും പിൻവലിക്കാവുന്നതാണ്. പ്രസ്തുത തുക രണ്ട് ലക്ഷത്തിൽ കൂടുതലാണെങ്കിൽ അതിന്റെ 60% വരെ ഒറ്റ തവണയായി പിൻവലിക്കാവുന്നതും ബാക്കി വരുന്ന 40% തുകയ്ക്ക് അനുസൃതമായ റിട്ടേൺ പ്രതിമാസം ആന്വിറ്റിയായി ലഭ്യമാകുന്നതുമാണ്.

**സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണം**

86 (2364) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളപരിഷ്കരണ നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) അഞ്ച് വർഷ തത്വം പാലിച്ച് ശമ്പള പരിഷ്കരണം നടപ്പിലാക്കേണ്ടിയിരുന്നത് എന്ന് മുതലാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണത്തിനുള്ള കമ്മീഷൻ രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സർക്കാർ ജീവനക്കാർക്കുള്ള ഹയർ ഗ്രേഡ്

87 (2365) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ എട്ട്, പതിനഞ്ച്, ഇരുപത്തിമൂന്ന് വർഷം സർവ്വീസ് പൂർത്തിയാക്കിയ ജീവനക്കാർക്ക് നൽകിവരുന്ന ഹയർ ഗ്രേഡിൽ റീ ഓപ്ഷൻ നൽകുവാൻ അവസരമില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തെറ്റായി ഓപ്ഷൻ നൽകി നഷ്ടം സംഭവിച്ച ജീവനക്കാർക്ക് റീ-ഓപ്ഷൻ സമർപ്പിക്കുവാൻ അവസരം നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2004, 2009 ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരമുള്ള ശമ്പള നിർണ്ണയത്തിൻമേൽ ഓഡിറ്റ് തടസ്സവാദം മുഖേന ശമ്പളത്തിൽ കുറവ് വന്നിട്ടുള്ള ജീവനക്കാർക്ക് സമയബന്ധിത ഹയർഗ്രേഡിന് റീ-ഓപ്ഷൻ അനുവദിച്ചുകൊണ്ട് സ.ഉ.(അച്ചടി) നമ്പർ 129/2019/ധന തീയതി 23-9-2019 പുറപ്പെടുവിച്ചിട്ടുണ്ട്.

## സർക്കാർ ജീവനക്കാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

88 (2366) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ പുതുതായി അംഗങ്ങളെ ചേർക്കുന്നതിനുള്ള രജിസ്ട്രേഷന് സമയക്രമം നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ;

(സി) നിലവിലുള്ള വ്യവസ്ഥയിലോ മാനദണ്ഡങ്ങളിലോ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) പദ്ധതിയിൻ കീഴിൽ ചികിത്സയ്ക്ക് കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ പുതുതായി അംഗങ്ങളെ ചേർക്കുന്നതിനുള്ള സമയക്രമം നിശ്ചയിച്ചിട്ടില്ല.

(ബി) 24-4-2017-ലെ സ.ഉ.(അച്ചടി) നമ്പർ .54/2017/ധന പ്രകാരം നടപ്പാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയ്ഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ, സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവ്വകലാശാലകളിലേയും തദ്ദേശഭരണ സ്ഥാപനങ്ങളിലേയും ജീവനക്കാർ/ പെൻഷൻകാർ/കുടുംബപെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷനേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ/കുടുംബപെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും, സംസ്ഥാന സർക്കാരിനു കീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐച്ഛികാടിസ്ഥാനത്തിലും നിലവിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

(സി) ഇല്ല.

(ഡി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട ചികിത്സാ പട്ടികയും നിരക്കുകളും നിശ്ചയിക്കുന്നതിന് സർക്കാർ രൂപീകരിച്ച കമ്മീഷന്റെ ശിപാർശകളെ അടിസ്ഥാനമാക്കിയാണ് മെഡിസെപ് പദ്ധതിയുമായി ബന്ധപ്പെട്ട ചികിത്സാ വ്യവസ്ഥകളും നിരക്കുകളും നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ട്രീറ്റ്മെന്റുകൾക്ക് നിശ്ചയിച്ചിട്ടുള്ള താഴ്ന്ന നിരക്കുകൾ പദ്ധതിയിൽ നിന്നും ആശുപത്രികൾ വിട്ടു നിൽക്കുന്നതിനിടയാക്കി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പദ്ധതിയുടെ ചികിത്സാ നിരക്ക് പരിഷ്കരിക്കുന്നത് സംബന്ധിച്ച് കമ്മിറ്റി രൂപീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി രൂപീകരണത്തിനുള്ള നടപടികൾ നിലവിൽ പുരോഗമിച്ചുവരുന്നു.

## വിദ്യാഭ്യാസ വായ്പാ തിരിച്ചടവ്

89 (2367) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള elrs.kerala.gov.in പോർട്ടലിൽ 31-1-2018 വരെ ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ള 78062 അപേക്ഷകളിൽ 5512 അപേക്ഷകൾ യോഗ്യമല്ലാത്തതിനാൽ നിരസിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ, 30041 അപേക്ഷകൾ വിവിധ അപാകതകളാൽ താല്ക്കാലികമായി നിരസിക്കപ്പെട്ടിട്ടുണ്ട് (ആകെ 35553 അപേക്ഷകൾ ഇങ്ങനെ നിരസിക്കപ്പെട്ടിട്ടുണ്ട്). ബാക്കിയുള്ള 42509 അപേക്ഷയിൽ പദ്ധതി മാനദണ്ഡങ്ങളനുസരിച്ച് ബാങ്ക് പരിശോധിച്ച് എസ്.എൽ.ബി.സി. ശിപാർശയോടെ സർക്കാരിന് സമർപ്പിച്ച 19901 അപേക്ഷകളിൽ 6 ഘട്ടങ്ങളിലായി 195.57 കോടി രൂപ ധനസഹായമായി സർക്കാർ അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകൾ ബാങ്ക് പരിശോധിച്ച് എസ്.എൽ.ബി.സി. ശിപാർശയോടെ സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധനകൾ നടത്തി സർക്കാർ വിഹിതം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## പ്രളയം കേരളത്തിന്റെ സമ്പദ്ഘടനയ്ക്കുണ്ടാക്കിയ ആഘാതം

90 (2368) ശ്രീ വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലും 2019-ലുമുണ്ടായ പ്രളയം കേരളത്തിന്റെ സമ്പദ്ഘടനയ്ക്കുണ്ടാക്കിയ ആഘാതം വിശദമാക്കുമോ;

(ബി) ഇത് തരണം ചെയ്യാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 2018-ലും 2019-ലും ഉണ്ടായ പ്രളയം കേരളത്തിന്റെ സമ്പദ്ഘടനയെ ഗണ്യമായ തോതിൽ തന്നെ ബാധിച്ചു. സമ്പദ്ഘടനയുടെ വികസനത്തിന്റെ നെട്ടംതൂണായ അടിസ്ഥാന സൗകര്യ മേഖലയുടെ തകർച്ചയാണ് പ്രധാനമായും ഉണ്ടായിട്ടുള്ളത്. സംസ്ഥാന റോഡുകൾ, മലയോര ഹൈവേകൾ, വില്ലേജ് റോഡുകൾ, പാലങ്ങൾ മുതലായവ ഗതാഗത യോഗ്യമല്ലാതായിത്തീർന്നു. കേരളത്തിന്റെ കാർഷിക മേഖലയുടെ നട്ടെല്ലായ തെങ്ങ്, റബ്ബർ, നെല്ല് എന്നിവയ്ക്കും പ്രളയം കനത്ത നാശനഷ്ടമുണ്ടാക്കി. ഇതിൽത്തന്നെ ഏറ്റവും കൂടുതൽ നാശമുണ്ടാക്കിയത് റബ്ബറിനും നെൽകൃഷിക്കുമാണ്. ഏലം, കുരുമുളക് തുടങ്ങിയ നാണ്യവിളകൾക്കും നഷ്ടമുണ്ടായി. പശു, ആട് മുതലായ കന്നുകാലി വളർത്തൽ മേഖലയ്ക്കും വൻതോതിൽ നഷ്ടം സംഭവിച്ചു. വ്യവസായ മേഖലയും പ്രളയദുരിതത്തിൽ നഷ്ടത്തിലായി. പ്രത്യേകിച്ചും, കൈത്തറി, കയർ പോലെയുള്ള ചെറുകിട വ്യവസായ മേഖല (ഉദാ. ചേന്ദമംഗലം കൈത്തറി) അപ്പാടെ പ്രതിസന്ധിയിലായി. സേവന മേഖലകളായ ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, ഹോട്ടൽ, റെസ്റ്റോറന്റ്, ചെറുകിട വ്യാപാരം മുതലായവയെയും കേരളത്തിന്റെ വിനോദസഞ്ചാര കേന്ദ്രങ്ങളായ ഇടുക്കി, വയനാട്, കോട്ടയം, ആലപ്പുഴ ജില്ലകളെയും പ്രളയം സാരമായി ബാധിച്ചു. വിവരസാങ്കേതികവിദ്യ, ബാങ്കിംഗ് അടക്കമുള്ള സമസ്ത മേഖലകളേയും പ്രളയം ഗണ്യമായി ബാധിച്ചു. 2018-ലെ പ്രളയംമൂലമുണ്ടായ നഷ്ടം 26,718 കോടി രൂപയായും പുനർനിർമ്മാണത്തിന് ആവശ്യമായ തുക 31,000 കോടി രൂപയായും കണക്കാക്കിയിട്ടുണ്ട്. ഈ ആഘാതത്തിൽനിന്നും കരകയറുന്നതിനായി സർക്കാർ തലത്തിൽ വളരെയധികം പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) 2018-ലും 2019-ലും ഉണ്ടായ പ്രളയം കേരളത്തിന്റെ സമ്പദ്ഘടനയ്ക്കുണ്ടാക്കിയ ആഘാതം തരണം ചെയ്യാൻ 2018-19 വാർഷിക പദ്ധതിയിൽ വിവിധ വികസന മേഖലകൾക്കായി 29,150 കോടി രൂപ വകയിരുത്തുകയുണ്ടായി. മാത്രമല്ല, പ്രളയ ദുരിതം കൂടുതലുണ്ടായ മേഖലകൾക്കായി വിവിധ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായുള്ള കേന്ദ്രവിഹിതം 8097.99 കോടി രൂപയായും നിജപ്പെടുത്തി, ഇതിൽ പൊതുജനാരോഗ്യ മേഖലയിൽ 2018-19 വാർഷിക പദ്ധതിയിൽ 1419.30 കോടി രൂപയും 2019-20-ൽ 1405.94 കോടി രൂപയും നീക്കിവച്ചിരിക്കുന്നു. കൂടാതെ, വെള്ളപ്പൊക്ക നിയന്ത്രണത്തിനായി 96.79 കോടി രൂപയും 2019-20 വാർഷിക പദ്ധതിയിൽ നീക്കിവച്ചിട്ടുണ്ട്. പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങൾ

നേരിടുന്നതിന് സംസ്ഥാന സർക്കാർ വാർഷിക പദ്ധതിയിൽ ഗണ്യമായ വിഹിതം വകയിരുത്തുകയും അവ ഫലപ്രദമായി വിനിയോഗിച്ച് വരികയും ചെയ്യുന്നുണ്ട്. മാത്രമല്ല, ജീവനോപാധി വികസന പാക്കേജുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ ജീവനോപാധിക്കായുള്ള പദ്ധതികൾക്ക് 457864 ലക്ഷം രൂപ കണക്കാക്കിയിട്ടുണ്ട്. പ്രളയ ശേഷമുള്ള കുട്ടനാടിന്റെ പുനരധിവാസത്തിനായി, കുട്ടനാട് തണ്ണീർതട ആവാസവ്യവസ്ഥയ്ക്കായിട്ടുള്ള ഒരു പ്രത്യേക പാക്കേജ് സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കുകയും കുട്ടനാട് മേഖലയിൽ വിവിധ വകുപ്പുകളിലൂടെ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2019-20 സാമ്പത്തിക വർഷത്തിൽ 128.33 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പദ്ധതികളെല്ലാം പുരോഗമിച്ചുവരുന്നു. കേരളത്തിലെ വിവിധ ബാങ്കുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള ക്രെഡിറ്റ് പ്ലാനും ആവിഷ്കരിച്ചിട്ടുണ്ട്.

ഇതോടൊപ്പം 2019-20 ബഡ്ജറ്റിൽ സ്വയം തൊഴിൽ സൃഷ്ടിക്കുന്നതിനും തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനും വ്യവസായ മേഖലയുടെ ഉത്തേജനത്തിനായി കോർപ്പറേറ്റ് നിക്ഷേപം ആകർഷിക്കുന്നതിനും ആവശ്യമായ ഊന്നൽ നൽകിയിട്ടുണ്ട്. കൂടാതെ, പശ്ചാത്തല മേഖലയിൽ വൻകുതിപ്പ് ലക്ഷ്യമിട്ടുകൊണ്ട് 45,619.10 കോടി രൂപയുടെ വിവിധ പദ്ധതികൾക്ക് ഇതിനോടകം കിഫ്ബി വഴി അനുമതി നൽകിയിട്ടുണ്ട്.

## മണലൂർ മണ്ഡലത്തിലെ ബഡ്ജറ്റ് പ്രവൃത്തികൾ

91 (2369) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷത്തെ സംസ്ഥാന ബജറ്റിൽ ഇരുപത് ശതമാനം തുകയോ അതിൽ കൂടുതലോ തുക വകകൊള്ളിച്ച് മണലൂർ മണ്ഡലത്തിനായി ഉൾക്കൊള്ളിച്ച പ്രവൃത്തികൾ ഏതെല്ലാമാണ്;

(ബി) ഇവയിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഇതുവരെ ഭരണാനുമതി നൽകുകയുണ്ടായി;

(സി) അവശേഷിക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ-സി) 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ മണലൂർ മണ്ഡലത്തിലെ വിവിധ പ്രവൃത്തികൾക്കായി 230.013 ലക്ഷം രൂപ Work Appendix-II Vol.11 - ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ പാവറട്ടി സെന്ററിൽ കാന

നിർമ്മാണവും സിഗ്നലിംഗ് സംവിധാനം ഉൾപ്പെടെയുള്ള നവീകരണ പ്രവൃത്തികളും കേച്ചേരി-മറ്റം റോഡ്, കണ്ണേങ്ങാത്ത്-കുമ്പള്ളി-കെ.എൽ.ഡി.സി. ബണ്ട് റോഡ്, വാടാനപ്പള്ളി IV കെട്ടിൽ തടയണ നിർമ്മാണം എന്നിവയ്ക്കായി എസ്റ്റിമേറ്റ് തുകയുടെ 20% ആയ 230 ലക്ഷം രൂപ Work Appendix-Vol.II-ൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ പാവറട്ടി സെന്ററിൽ കാനനിർമ്മാണവും സിഗ്നലിംഗ് സംവിധാനം ഉൾപ്പെടെയുള്ള നവീകരണ പ്രവൃത്തികളും എന്ന പ്രവൃത്തിക്ക് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. കൂടാതെ Work Appendix-Vol.II-ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## ബഡ്ജറ്റ് വിഭാഗത്തിന്റെ പുനരുദ്ധാരണം

92 (2370) ശ്രീ വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യവകുപ്പിലെ ബഡ്ജറ്റ് വിഭാഗത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രവൃത്തിക്കായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നടത്തിയിട്ടുണ്ട്.

(ബി) ധനകാര്യ വകുപ്പിലെ ബഡ്ജറ്റ് ഹാൾ നവീകരിച്ചതിന്റെ അസ്സൽ ബില്ലുകൾ സൂക്ഷ്മ പരിശോധനയ്ക്കായി പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ട്. ആയതു പരിശോധനയ്ക്കുശേഷം തിരികെ ലഭ്യമായിട്ടില്ലാത്തതിനാൽ ഈയിനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## ദേവികുളം നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ

93 (2371) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ബഡ്ജറ്റിൽ ഉൾപ്പെടുത്തി ദേവികുളം നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും അവ നിലവിൽ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ആയവയിൽ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ഉണ്ടായിരുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും ഭരണാനുമതി ലഭിക്കാത്തവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ദേവികുളം നിയോജകമണ്ഡലത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ (MLA SDF) കീഴിൽ 1 കോടി രൂപയും നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയുടെ കീഴിൽ 5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. Work Appendix-II Vol.11-ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളിൽ അമ്പഴപ്പാൽ പാലം, കോവിൽകടവ് പാലം എന്നിവയ്ക്ക് എസ്റ്റിമേറ്റ് തുകയുടെ 20 ശതമാനമായ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.* പൊതുമരാമത്ത്, കിഫ്ബി എന്നിവ വഴിയുള്ള പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*

**ഉപധനാഭ്യർത്ഥനയിലൂടെ വാങ്ങിയ വാഹനങ്ങൾ**

94 (2372) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷം ഉപധനാഭ്യർത്ഥന മുഖേന എത്ര പുതിയ വാഹനങ്ങളാണ് വാങ്ങിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയ്ക്ക് എല്ലാം കൂടി ചെലവഴിച്ച തുകയെത്രയെന്നറിയിക്കാമോ;

(സി) ഉപധനാഭ്യർത്ഥനയിൽ ടോക്കൺ പ്രൊവിഷൻ വാഹനം വാങ്ങുന്നതിന് വച്ച ശേഷം അത് വാങ്ങുവാൻ അധിക ധനാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അതിനായി എത്ര തുകയാണ് ചെലവഴിച്ചത്; വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സാമൂഹ്യ സുരക്ഷാ പെൻഷൻ

95 (2373) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് എത്രപേർക്കാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകിയത്;

(ബി) 2011 മേയ് മുതൽ 2016 മേയ് വരെയുള്ള കാലയളവിൽ എത്ര തുകയാണ് സാമൂഹ്യ സുരക്ഷാ പെൻഷനായി ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) 2006 മേയ് മുതൽ 2011 മെയ് വരെ എത്ര തുകയാണ് സാമൂഹ്യ സുരക്ഷാ പെൻഷനായി ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിൽ എത്ര പേർക്കാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നത്;

(ഇ) 2016 ജൂൺ മുതൽ 2019 സെപ്റ്റംബർ 30 വരെ എത്ര തുകയാണ് സാമൂഹ്യ സുരക്ഷാ പെൻഷനായി ചെലവഴിച്ചത്;

(എഫ്) സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതിയിൽ നിന്നും ഒഴിവാക്കിയവരുടെ എത്ര പരാതികളാണ് നാളിതുവരെ ലഭിച്ചത്; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

### ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് 3443414 പേർക്കാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകിയിരുന്നത്.

(ബി) 2011 മേയ് മുതൽ 2016 മേയ് വരെയുള്ള കാലയളവിൽ 9311.22 കോടി രൂപയാണ് സാമൂഹ്യ സുരക്ഷാ പെൻഷനായി ചെലവഴിച്ചത്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) നിലവിൽ 4677043 പേർക്കാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നത്.

(ഇ) 2016 ജൂൺ മുതൽ 2019 സെപ്റ്റംബർ 30 വരെ 18003.74 കോടി രൂപയാണ് സാമൂഹ്യ സുരക്ഷാ പെൻഷനായി ചെലവഴിച്ചത്.

(എഫ്) സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിച്ചു വരുന്ന 46 ലക്ഷത്തിലധികം ഗുണഭോക്താക്കളിൽ അനർഹരെന്ന് കണ്ടെത്തിയവരെ അതത് കാലങ്ങളിൽ ഒഴിവാക്കി വരുന്നു. ഇത്തരത്തിൽ ഒഴിവാക്കപ്പെട്ടവർ, വ്യത്യസ്ത സർക്കാർ തലങ്ങളിൽ പരാതികൾ സമർപ്പിക്കുന്നുണ്ട്. ഇത്തരത്തിൽ ലഭിച്ച പരാതികളുടെ എണ്ണം ധനകാര്യ വകുപ്പിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ അനർഹരെന്ന് കണ്ടെത്തിയവരുടെ വിവരങ്ങൾ പ്രാദേശിക സർക്കാരിലെ ക്ലാർക്ക് ലോഗിനിൽ സേവന സോഫ്റ്റ്‌വെയർ മുഖാന്തിരം ലഭ്യമാക്കുകയും ലഭ്യമാക്കിയ വിവരങ്ങൾ സൂക്ഷ്മ പരിശോധന നടത്തി അനർഹരെ ഡാറ്റാ ബേസിൽ നിന്ന് സസ്പെന്റ് ചെയ്യുകയും അന്വേഷണത്തിൽ അർഹരെന്ന് കാണുന്നവരുടെ പെൻഷൻ പുനഃസ്ഥാപിച്ചു നൽകുകയുമാണ് നിലവിൽ ചെയ്തുവരുന്നത്.

**സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

96 (2374) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) സ്വന്തം പേരിൽ വാഹനം ഉണ്ടായിരിക്കുകയും വാഹനം വിൽക്കുകയോ മറ്റാരുടെയെങ്കിലും പേരിൽ മാറ്റുകയോ ചെയ്ത വ്യക്തികൾക്ക് പെൻഷൻ തടഞ്ഞിട്ടുണ്ടോ; അപ്രകാരമുള്ള വ്യക്തികൾക്ക് അത് പുനഃസ്ഥാപിച്ച് കിട്ടുന്നതിനുള്ള നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) മൂന്ന് തവണയിൽ കൂടുതൽ തുടർച്ചയായി പെൻഷൻ കൈപ്പറ്റാത്തവരുടെ പെൻഷൻ തടയുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) പ്രായാധിക്യം കാരണം മറ്റ് സംസ്ഥാനങ്ങളിൽ താമസിക്കുന്ന മക്കളുടെ/ബന്ധുക്കളുടെ അടുത്തേക്ക് താമസം മാറിയ വയോധികർക്ക് പെൻഷന് അർഹതയുണ്ടോ; എങ്കിൽ അവരുടെ ബാങ്ക് അക്കൗണ്ട് വഴി പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മറുപടി അനുബന്ധമായി ചേർക്കുന്നു.*

(ബി) 1000 സിസിയിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള നാലും അതിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൂടുതലും ചക്രങ്ങളുള്ള ടാക്സിയല്ലാത്ത (അംബാസിഡർ കാർ ഒഴികെ) വാഹനം സ്വന്തം പേരിൽ ഉള്ളവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കാൻ അർഹതയില്ല എന്ന് ഉത്തരവായിരുന്നു. അത് പ്രകാരം അനർഹരായവരുടെ പെൻഷൻ തടഞ്ഞിട്ടുണ്ട്. സ്വന്തം പേരിൽ വാഹനം ഉണ്ടായിരിക്കുകയും വാഹനം വിൽക്കുകയോ മറ്റാരുടേയെങ്കിലും പേരിൽ മാറ്റുകയോ ചെയ്ത വ്യക്തികൾക്ക് മറ്റ് അർഹതാ മാനദണ്ഡങ്ങൾ പ്രകാരം പെൻഷൻ ലഭിക്കാൻ അർഹതയുണ്ടെങ്കിൽ പുതിയതായി പെൻഷൻ ലഭിക്കുന്നതിന് ബന്ധപ്പെട്ട പ്രാദേശിക സർക്കാരിൽ അപേക്ഷ നൽകാവുന്നതാണ്.

(സി) അതെ. എന്നാൽ സസ്പെന്റ് ചെയ്യപ്പെട്ട പെൻഷൻ പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ലഭിക്കുന്ന പരാതികൾ പരിശോധിച്ച് അർഹതപ്പെട്ടവർക്ക് പെൻഷൻ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയുമാണ്.

(ഡി) സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾ പെൻഷൻ അനുവദിക്കപ്പെട്ട പ്രാദേശിക സർക്കാർ പരിധിയിൽ തന്നെ താമസിക്കേണ്ടതാണ്. അതിനാൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾ മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് താമസം മാറുന്ന അവസരത്തിൽ പെൻഷൻ അനുവദിക്കാൻ കഴിയില്ല.

## സാമൂഹ്യ സുരക്ഷാ പെൻഷൻ

97 (2375) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യസുരക്ഷാ പെൻഷനായി നൽകിയ ആകെ തുകയും, പ്രസ്തുത പെൻഷൻ ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണവും എത്രയെന്ന് അറിയിക്കാമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് സാമൂഹ്യസുരക്ഷാ പെൻഷനായി നൽകിയ ആകെ തുകയും, പ്രസ്തുത പെൻഷൻ ലഭിച്ചിരുന്ന ഗുണഭോക്താക്കളുടെ എണ്ണവും എത്രയെന്ന് വിശദമാക്കാമോ;

(സി) സാമൂഹ്യസുരക്ഷാ പെൻഷൻ നൽകുന്നതിനുള്ള പൊതുമാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ സുരക്ഷാ പെൻഷനായി നൽകിയ ആകെ തുക 18003.74 കോടി രൂപയാണ്. നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം 4677043 ആണ്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് 9311.22 കോടി രൂപയാണ് സാമൂഹ്യ സുരക്ഷാ പെൻഷനായി ചെലവഴിച്ചത്. മുൻ സർക്കാരിന്റെ കാലത്ത് 3443414 പേർക്കാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിച്ചുവന്നിരുന്നത്.

(സി) മറുപടി അനുബന്ധമായി ചേർക്കുന്നു.*

**റബ്ബറിന് താങ്ങുവില**

98 (2376) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ കർഷകർക്ക് വിലസ്ഥിരത ഉറപ്പാക്കാൻ സർക്കാർ നിശ്ചയിച്ചിരിക്കുന്ന താങ്ങുവില എത്ര രൂപയാണ്; ഏതൊക്കെ നിബന്ധന പ്രകാരമാണ് ഇത് കർഷകർക്ക് നൽകുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) എന്നുമുതലാണ് റബ്ബറിന് താങ്ങുവില നൽകാൻ തുടങ്ങിയത്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റബ്ബറിന്റെ താങ്ങുവില ഉയർത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് അറിയിക്കാമോ;

(സി) റബ്ബറിന്റെ താങ്ങുവില 200 രൂപയാക്കി ഉയർത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം കിലോയ്ക്ക് 150 രൂപയാണ് റബ്ബറിന് താങ്ങുവിലയായി നിശ്ചയിച്ചിട്ടുള്ളത്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന ദൈനംദിന വിലസൂചികയിലെ (Daily reference price) വിലയും തമ്മിലുള്ള വ്യത്യാസം സബ്സിഡിയായി കർഷകർ സമർപ്പിക്കുന്ന ബില്ലുകളുടെ അടിസ്ഥാനത്തിൽ അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകിവരുന്നു. അഞ്ച് ഹെക്ടറിൽ കവിയാത്ത കൃഷിഭൂമിയുള്ള റബ്ബർ കർഷകർക്ക് ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. സാമ്പത്തിക സഹായം ഒരു അപേക്ഷകന് രണ്ട് ഹെക്ടർ റബ്ബർ കൃഷിക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഹെക്ടറൊന്നിന് ഒരു വർഷം പരമാവധി 1800 കിലോ റബ്ബറിന് മാത്രമായി സാമ്പത്തിക സഹായം നിജപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം RSS-1, 2, 3, 4, 5 ഇനം റബ്ബറിനും ലാറ്റക്സിനും സബ്സിഡി നൽകിവരുന്നു. റബ്ബർ കർഷകരുടെ ബില്ലുകൾ റബ്ബർ ബോർഡ് ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സർക്കാരിന് സമർപ്പിക്കുന്നതനുസരിച്ചാണ് സബ്സിഡി തുക കർഷകർക്ക് നൽകുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2015 ജൂലൈ മാസം മുതലാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം സബ്സിഡി നൽകി തുടങ്ങിയത്. 2015-ൽ തുടങ്ങിയ പ്രസ്തുത സ്കീമിന്റെ അഞ്ചാം ഘട്ടം 2019 ജൂലൈയിൽ തുടങ്ങി 2020 ജൂണിൽ അവസാനിക്കുന്ന തരത്തിൽ നിലവിൽ നടപ്പിലാക്കി വരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1103.13 കോടി രൂപ സബ്സിഡിയിനത്തിൽ റബ്ബർ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ താങ്ങുവില കിലോയ്ക്ക് 150 രൂപയിൽ നിന്നും ഉയർത്തിയിട്ടില്ല.

(സി) റബ്ബറിന്റെ നിലവിലെ താങ്ങുവിലയായ കിലോയ്ക്ക് 150 രൂപ കേന്ദ്ര സഹായമായ 50 രൂപയോടുകൂടി 200 രൂപയായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ തുക 2019-20-ലെ കേന്ദ്ര ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ അനുകൂലമായ പ്രഖ്യാപനങ്ങളൊന്നും കേന്ദ്ര ബഡ്ജറ്റിൽ ഉണ്ടായിട്ടില്ല.

## കെ.എസ്.ആർ.ടി.സി.ക്കുള്ള ധനസഹായം

99 (2377) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-ക്ക് എത്ര രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്; വിശദീകരിക്കാമോ;

(ബി) ഏതെല്ലാം ആവശ്യങ്ങൾക്കു വേണ്ടിയാണ് ധനസഹായം നൽകിയത്; വ്യക്തമാക്കാമോ;

(സി) ബാങ്ക് കൺസോർഷ്യത്തിൽ നിന്നും കെ.എസ്.ആർ.ടി.സി.-ക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ടോ; വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-ക്ക് 2861.75 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട് (സാമ്പത്തിക വർഷം തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു*).

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യിലെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായും പാക്സ് കൺസോർഷ്യം വഴി കോർപ്പറേഷനിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് നൽകുന്ന പെൻഷന്റെ 10% പലിശ ഉൾപ്പെടെയുള്ള തിരിച്ചടവിനായും മാസംതോറുമുള്ള ശമ്പള വിതരണത്തിന് സർക്കാരിൽനിന്നുള്ള സഹായമായും, IOCL, HPCL, SBI Caps, അക്കൗണ്ടന്റ് ജനറൽ എന്നീ സ്ഥാപനങ്ങൾക്ക് കോർപ്പറേഷൻ നൽകാനുള്ള കുടിശ്ശിക ഇനത്തിലും, NPS കുടിശ്ശിക അടയ്ക്കുന്നതിനും വായ്പാ ഇനത്തിൽ കെ.ടി.ഡി.എഫ്.സി.-ക്കുള്ള പലിശ ഇനത്തിലുമാണ് ധനസഹായം നൽകിയിരിക്കുന്നത്.

(സി) ഉണ്ട്. കെ.എസ്.ആർ.ടി.സി.-ക്ക് നിലവിലുണ്ടായിരുന്ന ഹ്രസ്വകാലവായ്പകൾ പുനർക്രമീകരിച്ച് 3100 കോടി രൂപയുടെ ദീർഘകാല വായ്പ ബാങ്ക് കൺസോർഷ്യം വഴി അനുവദിച്ചിട്ടുണ്ട്.

**വേയ്സ് ആന്റ് മീൻസ് നിയന്ത്രണങ്ങൾ**

100 (2378) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വേയ്സ് ആന്റ് മീൻസ് നിയന്ത്രണങ്ങൾ ഏർപ്പെടുത്താനുണ്ടായ കാരണങ്ങൾ വിശദമാക്കാമോ;

(ബി) ഇപ്പോൾ തുടർന്നുവരുന്ന വേയ്സ് ആന്റ് മീൻസ് നിയന്ത്രണ സമ്പ്രദായം നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണഗതിയിൽ നടപ്പിലാക്കിവരുന്നതാണ്. അതേസമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച് പോരുന്നുണ്ട്. ഇതിനു പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങൾ ഒന്നും നടപ്പ് സാമ്പത്തിക വർഷം ഏർപ്പെടുത്തിയിട്ടില്ല.

**ആഭ്യന്തര പരിശോധനാ വിഭാഗം രൂപീകരിക്കുവാൻ നടപടി**

101 (2379) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ പരിശോധനാവിഭാഗം മറ്റ് വകുപ്പുകളുടെ കീഴിലുള്ള ഓഫീസുകളിൽ പരിശോധന നടത്തി തെളിവ് സഹിതം കണ്ടെത്തുന്ന

ക്രമക്കേടുകൾക്ക് മേൽനടപടി ശിപാർശ ചെയ്ത് അയയ്ക്കുന്ന റിപ്പോർട്ടുകളിന്മേൽ അതതു വകുപ്പുകൾ തുടർനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നിലവിൽ എന്ത് സംവിധാനമാണ് ധനവകുപ്പിനുള്ളതെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തുന്ന ഇത്തരം ക്രമക്കേടിൻമേൽ അതതു വകുപ്പുകൾ തുടർനടപടി സ്വീകരിക്കുവാൻ വലിയ കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ; വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ഓഡിറ്റ് സംബന്ധിച്ച കാര്യങ്ങളിൽ സർക്കാർ വകുപ്പുകൾ ഗുരുതരവീഴ്ച വരുത്തുന്നു എന്ന കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ കണ്ടെത്തലിന്റെ കൂടി അടിസ്ഥാനത്തിൽ എല്ലാ സർക്കാർ വകുപ്പുകളിലും ആഭ്യന്തര പരിശോധനാ വിഭാഗം രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ധനകാര്യ പരിശോധനാ വിഭാഗം നടത്തുന്ന പരിശോധനകളിൽ കണ്ടെത്തുന്ന ക്രമക്കേടുകൾക്ക് മേൽനടപടി ശിപാർശ ചെയ്തുകൊണ്ട് ഭരണവകുപ്പുകൾക്ക് നൽകുന്ന പരിശോധനാ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ.ഉ.(പി) നമ്പർ 506/92/ധന. തീയതി 20-8-1992, സ.ഉ.(പി) നമ്പർ.2981/98/ധന തീയതി 25-11-1998, സർക്കുലർ നമ്പർ 56/FIW-ജി1/08/ധന തീയതി 30-8-2008 എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി തുടർ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് നൽകിവരുന്നുണ്ട്. കൂടാതെ ഓർമ്മക്കുറിപ്പുകൾ, ഫയൽ അദാലത്തുകൾ എന്നിവ നടത്തി ശിപാർശകളിന്മേലുള്ള നടപടികൾ വേഗത്തിലാക്കുവാൻ ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് നിർദ്ദേശം നൽകി വരുന്നുണ്ട്.

(ബി) ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ റിപ്പോർട്ട് ലഭിച്ച് രണ്ടാഴ്ചയ്ക്കകം തുടർനടപടി സ്വീകരിക്കണം എന്ന നിർദ്ദേശം നിലവിലിരിക്കെ അതതു ഭരണ വകുപ്പുകൾ ഇക്കാര്യത്തിൽ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് 31-7-2018-ൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ നമ്പർ 71/2018 പ്രകാരം ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ടുകളിലെ

നിർദ്ദേശങ്ങളിന്മേൽ നടപടി എടുക്കുന്നതിൽ മനഃപൂർവ്വം കാലവിളംബം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നുണ്ട്.

(സി) വിവിധ സർക്കാർ വകുപ്പുകളിലെ ആഭ്യന്തര പരിശോധനാ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി 1986 ജൂണിൽ ധനകാര്യ വകുപ്പിൽ ഒരു ആഭ്യന്തര പരിശോധനാ സെൽ പ്രവർത്തനം ആരംഭിച്ചു. കൂടാതെ നിലവിൽ സംസ്ഥാനത്തെ എല്ലാ പ്രധാന സർക്കാർ വകുപ്പുകളിലും ആഭ്യന്തര പരിശോധനാ വിഭാഗങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. വകുപ്പുകളുടെ ആഭ്യന്തര പരിശോധനാ സംവിധാനം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ധനകാര്യ (ആഭ്യന്തര പരിശോധന) വകുപ്പിൽ നിന്ന് കാലാകാലങ്ങളിൽ പുറപ്പെടുവിക്കാറുണ്ട്. 10-8-2017-ലെ, 64/2017/ധന, 20-4-2018-ലെ 33/2018/ധന. എന്നീ പരിപത്രങ്ങൾ പ്രകാരം ആഭ്യന്തര പരിശോധന സംബന്ധിച്ച് സമഗ്രമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനുപുറമേ അക്കൗണ്ടന്റ് ജനറലുമായി കൂടിയാലോചിച്ച് എല്ലാ വകുപ്പുകളിലേയും ആഭ്യന്തര പരിശോധനാ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്താനും, ആഭ്യന്തര പരിശോധനാ റിപ്പോർട്ടുകൾക്ക് പൊതുവായ ഒരു ഘടന നിശ്ചയിച്ചുകൊണ്ടും 19-9-2019-ലെ 79/2019/ധന നമ്പർ പരിപത്രം പ്രകാരം നിർദ്ദേശം നൽകിയിട്ടുമുണ്ട്.

## കാട്ടാക്കട കോടതി സമുച്ചയം രണ്ടാംഘട്ട നിർമ്മാണം

102 (2380) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട കോടതി സമുച്ചയം രണ്ടാംഘട്ട നിർമ്മാണത്തിന് അനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; സാമ്പത്തികാനുമതി ലഭ്യമാകുന്നതിനുള്ള തുടർനടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

കാട്ടാക്കട കോടതി സമുച്ചയത്തിന്റെ രണ്ടാംഘട്ട കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ അടിസ്ഥാന വികസന പദ്ധതിയിൽ (MIDP) ഉൾപ്പെടുത്തണമെന്നാണ് ആഭ്യന്തര വകുപ്പ് ശിപാർശ. എന്നാൽ കോടതി സമുച്ചയം സ്ഥാപിക്കുന്നതിനായി 60% കേന്ദ്രാവിഷ്കൃത പദ്ധതി നിലവിലുള്ളതിനാൽ പ്രസ്തുത

കോടതി നിർമ്മാണം 60% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനു പ്രൊപ്പോസൽ സമർപ്പിക്കാൻ ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ശിപാർശ ലഭിക്കുന്നതനുസരിച്ച് ധന വകുപ്പ് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ചെങ്ങന്നൂരിലെ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിന് തുക**

103 (2381) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെങ്ങന്നൂരിലെ ഐ.എച്ച്.ആർ.ഡി എൻജിനീയറിംഗ് കോളേജ് നിലവിൽ അമ്പത് കമ്പ്യൂട്ടറുകൾ ഉപയോഗിച്ച് പി.എസ്.സി യുടെ ഓൺ ലൈൻ കേന്ദ്രമായി പ്രവർത്തിച്ചു വരുന്ന സാഹചര്യത്തിൽ കുറഞ്ഞത് 200 പേർക്കെങ്കിലും ഒരുപോലെ ഓൺ ലൈൻ പരീക്ഷയിൽ പങ്കെടുക്കുന്നതിന് ഉതകുന്ന ഒരു കേന്ദ്രമാക്കുവാൻ ആവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

IHRD-ക്ക് 2019-20 സാമ്പത്തിക വർഷം ബഡ്ജറ്റിൽ പദ്ധതി പ്രവർത്തനങ്ങൾക്കായി 2203-00-112-60-35-Grants for the creation of Capital assets (P) ശീർഷകത്തിൽ 13,63,25,000 രൂപയും 2203-00-112-60-36-Grant in aid-General Non Salary (P) ശീർഷകത്തിൽ 6,86,75,000 രൂപയും വകയിരുത്തിയിട്ടുള്ളതാണ്. മേൽ ശീർഷകങ്ങളിലെ ഫണ്ട് ലഭ്യത വിലയിരുത്തി നടപടിക്രമങ്ങൾ പാലിച്ച് ആവശ്യമായ വിവരങ്ങൾ സഹിതം ഭരണ വകുപ്പ് ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് ധന വകുപ്പ് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**ഫയലിന്മേലുള്ള നടപടി**

104 (2382) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ, പാവറട്ടി, തൃപ്രയാർ തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി കടന്നുപോകുന്ന തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് പാതയിൽ

ഏനാമാവ് ക്രിസ്ത്യൻ പള്ളിക്ക് സമീപമുള്ള ഇടുങ്ങിയ റോഡ് വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞതിനാൽ ആയത് പുതുക്കി ലഭിക്കുന്നതിന് ധനകാര്യവകുപ്പിന്റെ അനുമതിയ്ക്കായി സമർപ്പിച്ച ഫയലിന്മേൽ (നമ്പർ 1289821)എന്തു നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഫയൽ അനുമതി നൽകി പൊതുമരാമത്ത് വകുപ്പിന് തിരികെ സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഗുരുവായൂർ, പാവറട്ടി, തൃപ്രയാർ തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി കടന്നുപോകുന്ന തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് പാതയിൽ ഏനാമാവ് ക്രിസ്ത്യൻ പള്ളിക്ക് സമീപമുള്ള ഇടുങ്ങിയ റോഡ് വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞതിനാൽ ആയത് പുതുക്കി നൽകുന്നതിനുള്ള ശിപാർശ പരിഗണിക്കുവാൻ നിർവ്വാഹമില്ലെന്ന വിവരം അറിയിച്ചുകൊണ്ട് ഫയൽ ഭരണ വകുപ്പിന് മടക്കി നൽകിയിട്ടുണ്ട്.

**ക്ഷേമ പെൻഷൻ**

105 (2383) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമനിധികളിൽ നിന്നുള്ള പെൻഷൻ വാങ്ങുന്നവർക്ക് ക്ഷേമപെൻഷനുകൾ വാങ്ങുന്നതിന് നിയന്ത്രണം നിലവിലുണ്ടോ;

(ബി) വർഷങ്ങളോളം അംശദായം നൽകി ക്ഷേമനിധിയിൽ നിന്നും നാമമാത്ര പെൻഷൻ ലഭിക്കുന്നവർക്ക് ക്ഷേമപെൻഷൻ കൂടി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ക്ഷേമ പെൻഷനുകളിൽ സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും ഉൾപ്പെടുന്നുണ്ട്. 6-2-2017-ലെ സ.ഉ.(എം.എസ്.)നമ്പർ 67/2017/ധന പ്രകാരം, ക്ഷേമനിധി ബോർഡ് പെൻഷൻ ബാധ്യത സർക്കാർ വഹിക്കുന്ന ബോർഡുകളിൽ നിന്ന് പെൻഷൻ ലഭിക്കുന്നവർക്ക് ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ ഏതെങ്കിലും ഒന്ന് ലഭിക്കുന്നതിനു മാത്രമേ അർഹതയുള്ളൂ. എന്നാൽ 6-2-2017-ന് മുമ്പ് ക്ഷേമനിധി ബോർഡ് പെൻഷനും സാമൂഹ്യ സുരക്ഷാ പെൻഷനും ലഭിച്ചുകൊണ്ടിരുന്നവർക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിലും സാമൂഹ്യ സുരക്ഷാ

പെൻഷൻ 600 രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടായിരിക്കും. തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിൽ നിന്ന് പെൻഷൻ ലഭിക്കുന്ന ഗുണഭോക്താക്കൾക്ക് ബോർഡ് പെൻഷന് പുറമേ ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ട്.

(ബി) ഏതാനും ചില ക്ഷേമനിധി ബോർഡുകൾ മാത്രമേ തനത് ഫണ്ടുപയോഗിച്ച് പെൻഷൻ നൽകി വരുന്നുള്ളൂ. മിക്ക ക്ഷേമനിധി ബോർഡുകളും ഗുണഭോക്താക്കൾ അടയ്ക്കുന്ന അംശദായം പെൻഷൻ നൽകാൻ ഉപയോഗിക്കുന്നില്ല. അത് മറ്റ് ക്ഷേമ പ്രവർത്തനങ്ങൾക്കാണ് ഉപയോഗിച്ചു വരുന്നത്. നിലവിൽ ഇത്തരം ക്ഷേമനിധി ബോർഡുകളുടെ പെൻഷൻ ബാധ്യതയും സാമൂഹ്യ സുരക്ഷാ പെൻഷനോടൊപ്പം സർക്കാരാണ് വഹിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയം വ്യത്യസ്ത നിരക്കുകളിൽ നൽകിവന്നിരുന്ന ക്ഷേമനിധി ബോർഡ് പെൻഷൻ ഏകീകരിക്കുകയും, സാമൂഹ്യ സുരക്ഷാ പെൻഷന് ആനുപാതികമായി വർദ്ധിപ്പിച്ച് പ്രതിമാസം 1200 രൂപ നിരക്കാക്കുകയും അത് സാമൂഹ്യ സുരക്ഷാ പെൻഷനോടൊപ്പം തന്നെ വിതരണം ചെയ്തു വരികയുമാണ്. സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും സർക്കാർ വഹിക്കുന്ന സാഹചര്യത്തിൽ ബോർഡ് പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ കൂടി അനുവദിക്കുന്നത് സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയുടെ പരിമിതി കണക്കിലെടുത്ത് പരിഗണിക്കാൻ നിർവ്വാഹമില്ല. എന്നാൽ തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ ലഭിക്കുന്ന ക്ഷേമനിധി ബോർഡുകളിൽ നിന്ന് പെൻഷൻ നൽകുന്ന ഗുണഭോക്താക്കൾക്ക് ബോർഡ് പെൻഷന് പുറമേ ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ട്.

### സാമൂഹ്യ സുരക്ഷാ പെൻഷനുകൾ

106 (2384) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ നൽകി വരുന്ന സാമൂഹ്യസുരക്ഷാ പെൻഷന്റെ കാറ്റഗറി തിരിച്ചുള്ള വിശദാംശങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ?

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം 2019 സെപ്റ്റംബർ 30 വരെ എത്ര രൂപ ഓരോ കാറ്റഗറികളിലായി പെൻഷൻ ഇനത്തിൽ നൽകിയിട്ടുണ്ട്; വിശദവിവരം നൽകാമോ?

ഉത്തരം

(എ)

1. കർഷക തൊഴിലാളി പെൻഷൻ
2. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ
3. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ
4. 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ
5. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ

(ബി)

| പെൻഷൻ ഇനം | തുക (കോടി) |
|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1891.27 |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 8967.54 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 1542.32 |
| 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 330.86 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 5271.75 |
| ആകെ | 18003.74 |

## സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി

107 (2385) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി അതീവ ഗുരുതരമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജി.എസ്.ടി.-യിൽ നിന്ന് പ്രതീക്ഷിച്ച വരുമാനമില്ലാത്തതും ജി.എസ്.ടി.-ക്ക് പുറത്തുള്ള മദ്യം, പെട്രോൾ, ഡീസൽ എന്നിവയിൽ നിന്നുള്ള നികുതി വരുമാനം ഗണ്യമായി കുറഞ്ഞതും സാമ്പത്തിക പ്രതിസന്ധിക്ക് കാരണമായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ വായ്പാ പരിധിയിൽ കേന്ദ്രം കുറവ് വരുത്തിയതും അനാവശ്യ ചെലവുകൾ കാര്യമായി നിയന്ത്രിക്കാനാകാത്തതും സാമ്പത്തിക പ്രതിസന്ധി കൂടുതൽ രൂക്ഷമാക്കുന്നുണ്ടോ; എങ്കിൽ വാർഷിക പദ്ധതി പുനഃക്രമീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിതഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തിക മാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയെയും പ്രതികൂലമായി ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിലുണ്ടായ രണ്ട് പ്രളയങ്ങൾ, നോട്ട് നിരോധനത്തിന്റെയും ചരക്ക് സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ കൂടുതൽ ദുർബ്ബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്., ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്ര സർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർ നിർമ്മാണത്തിന് വാർഷിക വായ്പാ പരിധിക്ക് പുറത്ത് വായ്പ എടുക്കുവാനോ വായ്പാ പരിധി ഉയർത്തുന്നതിനോ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടില്ല. അതേസമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തല സൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർ സൃഷ്ടിക്കേണ്ടതുമുണ്ട്. മേൽ വിവരിച്ച സാമ്പത്തിക ബുദ്ധിമുട്ടിന്റെ നിഴലിലും ചെലവുകൾ വെട്ടിച്ചുരുക്കി സംസ്ഥാന ധന നയത്തിൽ ഒരു അടിസ്ഥാനതിരുത്തലും വരുത്തില്ല. ക്ഷേമ വികസന പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കാൻ തന്നെയാണ് ബഡ്ജറ്റിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടും നിലവിലെ പ്രതിസന്ധി തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചുവരുന്നത്.

(ബി) സംസ്ഥാനത്ത് ജി.എസ്.ടി.-യിൽ നിന്നും 37 ശതമാനം വർദ്ധനവ് 2019-20 സാമ്പത്തിക വർഷം ലഭിക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ 30-9-2019 വരെയുള്ള കണക്കനുസരിച്ച് 6 ശതമാനം വളർച്ച മാത്രമേ കൈവരിക്കാൻ സാധിച്ചിട്ടുള്ളു. മദ്യത്തിൽ നിന്നുള്ള വരുമാനത്തിൽ നടപ്പ് സാമ്പത്തിക വർഷം 30-9-2019 വരെ 5 ശതമാനം കുറവാണ് ഉണ്ടായിട്ടുള്ളത്. പെട്രോൾ, ഡീസൽ എന്നിവയുടെ നികുതി വരുമാനത്തിലും പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായിട്ടില്ല. 30-9-2019-ലെ കണക്കനുസരിച്ച് പെട്രോളിൽ നിന്നും 5 ശതമാനം വർദ്ധനവും ഡീസലിൽ നിന്ന് 3 ശതമാനം വർദ്ധനവും മാത്രമേ ഉണ്ടായിട്ടുള്ളൂ. അതേസമയം സംസ്ഥാന എക്സൈസിൽ നിന്നുള്ള വരുമാനത്തിൽ 2018-19-ൽ

മുൻവർഷത്തെ അപേക്ഷിച്ച് 280.98 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ നടപ്പ് സാമ്പത്തിക വർഷം 30-9-2019 വരെയുള്ള കാലയളവിൽ മുൻവർഷത്തെ അപേക്ഷിച്ച് 82.23 കോടി രൂപയുടെ ഇടിവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടാകാത്തതും ഇടിവ് രേഖപ്പെടുത്തിയതും സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കം സൃഷ്ടിച്ചിട്ടുണ്ട്.

(സി) കടമെടുപ്പിന് കേന്ദ്ര സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിലും തുടർച്ചയായുണ്ടായ പ്രകൃതിക്ഷോഭങ്ങൾ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് ഏൽപ്പിച്ചിട്ടുള്ള ആഘാതത്തിന്റെയും പശ്ചാത്തലത്തിൽ, അനാവശ്യ ചെലവുകൾ ഒഴിവാക്കി സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി ചെലവുകൾ പരമാവധി നടത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

## ധനകാര്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ പഞ്ചിംഗ്

108 (2386) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന് കീഴിലുള്ള മുഴുവൻ സ്ഥാപനങ്ങളിലും പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ധനകാര്യ വകുപ്പിന് കീഴിലുള്ള മുഴുവൻ സ്ഥാപനങ്ങളിലും പഞ്ചിംഗ് എന്നു മുതൽ നടപ്പിലാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ധനകാര്യ വകുപ്പിന് കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ ട്രഷറി വകുപ്പിൽ ട്രഷറി ഡയറക്ടറേറ്റിലും, മൂന്ന് ഡെപ്യൂട്ടി ഡയറക്ടറേറ്റുകളിലും 23 ജില്ലാ ട്രഷറികളിലും പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ ഓഡിറ്റ് വകുപ്പ് ഡയറക്ടറേറ്റിൽ മാത്രമാണ് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. ധനവകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷനിൽ 1-8-2017 മുതൽ പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ട്രഷറി വകുപ്പിലെ മുഴുവൻ സ്ഥാപനങ്ങളിലും അടുത്ത സാമ്പത്തിക വർഷവും, ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിൽ 2020 ജനുവരിയോടെയും പഞ്ചിംഗ് ഏർപ്പെടുത്തുന്നതാണ്. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലും, സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഡയറക്ടറേറ്റ് ഒഴികെയുള്ള മറ്റ് സ്ഥാപനങ്ങളിലും പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ജി.എസ്.ടി. വന്നശേഷം ലഭിക്കേണ്ട കോമ്പൻസേഷൻ

109 (2387) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നിലവിൽ വന്നശേഷം കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കേണ്ട കോമ്പൻസേഷൻ കൃത്യമായി ലഭിക്കുന്നുണ്ടോയെന്നും ഓരോ വർഷവും ഏത് മാസത്തിലാണ് പ്രസ്തുത കോമ്പൻസേഷൻ ലഭിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ബി) 2017-18 മുതൽ 2019-20 (30-9-2019 വരെ)വരെയുള്ള സാമ്പത്തികവർഷങ്ങളിൽ ഓരോന്നിലും പ്രസ്തുത ഇനത്തിൽ എത്ര തുക കോമ്പൻസേഷനായി ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജി.എസ്.ടി. നിലവിൽ വന്നശേഷം കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട കോമ്പൻസേഷൻ ലഭിക്കുന്നത്, ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് അനുസരിച്ച് ഒരു നിശ്ചിത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്. 2015-16-ലെ നികുതി പിരിവിന്റെ 14 ശതമാനം വർദ്ധനവ് കണക്കാക്കി ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 2017-18 സാമ്പത്തിക വർഷത്തേക്ക് 3644 കോടി രൂപയും (ദ്വൈമാസം), 2018-19 സാമ്പത്തിക വർഷത്തേക്ക് 4154 കോടി രൂപയും (ദ്വൈമാസം), 2019-20 സാമ്പത്തിക വർഷത്തേക്ക് 4736 കോടി രൂപയും (ദ്വൈമാസം) ആണ്. ഇതിൽ നിന്നും എസ്.ജി.എസ്.ടി. കളക്ഷനും എസ്.ജി.എസ്.ടി. കളക്ഷനുവേണ്ടി ഉപയോഗിച്ച ഐ.ജി.എസ്.ടി. ക്രെഡിറ്റും ആ മാസം ലഭിച്ച എൽ.എൻ.ജി. ഒഴിച്ചുള്ള വാറ്റ് കളക്ഷനും കുറച്ചുള്ള തുക ദ്വൈമാസമായി കോമ്പൻസേഷൻ ലഭിക്കുന്നു.

(ബി) 2017-18 മുതൽ 2019-20 (30-9-2019 വരെ) വരെ ഓരോ സാമ്പത്തിക വർഷത്തിലും പ്രസ്തുത ഇനത്തിൽ ലഭിച്ച കോമ്പൻസേഷൻ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | (തുക കോടിയിൽ) |
|---|---|
| വർഷം | ലഭിച്ച തുക |
| 2017-18 | 2102.00 |
| 2018-19 | 3532.00 |
| 2019-20<br>(30-9-2019 വരെ) | 2146.00 |

2019 ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിലേയ്ക്ക് അർഹതപ്പെട്ട കോമ്പൻസേഷൻ ഇതുവരെ ലഭിച്ചിട്ടില്ല.

## ജി.എസ്.ടി.

110 (2388) ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. പി. ഉബൈദുള്ള:
ഡോ. എം. കെ. മുനീർ:
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതിനു ശേഷം ഓരോ സാമ്പത്തിക വർഷവും പ്രതീക്ഷിത വരുമാനം കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്ന കാര്യത്തിൽ വേണ്ടത്ര നെറ്റ്‌വർക്ക് സംവിധാനം ഇല്ലായെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത ആവശ്യത്തിലേക്കായി കുറ്റമറ്റ രീതിയിലുള്ള സർവർ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികളുടെ നിലവിലെ പുരോഗതി വിശദമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം 2017-18 സാമ്പത്തിക വർഷം പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ 99 ശതമാനവും 2018-19 സാമ്പത്തിക വർഷം 104 ശതമാനവും കൈവരിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:

| (തുക കോടിയിൽ) | | | |
|---|---|---|---|
| വർഷം | പ്രതീക്ഷിച്ച വരുമാനം (പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം) | ലഭിച്ച വരുമാനം | ശതമാനം |
| 2017-18 | 38945.26 | 38403.69 | 99 |
| 2018-19 | 41907.97 | 43707.51 | 104 |

(ബി) ജി.എസ്.ടി. നിയമ പ്രകാരം വ്യാപാരികൾ റിട്ടേൺ ഫയൽ ചെയ്യുന്നതും നികുതി അടയ്ക്കുന്നതും ജി.എസ്.ടി.എൻ. നെറ്റ്‌വർക്കിലൂടെയാണ്. ഇത് ഇപ്പോൾ പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനിയാണ്. ഇപ്പോൾ റിട്ടേൺ ഫയൽ ചെയ്യുന്നതിനും നികുതി അടയ്ക്കാനും യാതൊരു ബുദ്ധിമുട്ടും ഇല്ല. എന്നിരുന്നാലും നിലവിലുള്ള റിട്ടേണുകൾ കൂടുതൽ ലളിതമായ രീതിയിൽ ഫയൽ ചെയ്യുന്ന സംവിധാനം ജനുവരി 2020 മുതൽ നടപ്പിലാക്കുമെന്നാണ് കരുതുന്നത്.

(സി) ജി.എസ്.ടി. കോമൺ പോർട്ടലിൽ നികുതിദായകർ സമർപ്പിക്കുന്ന സെൽഫ് അസ്സസ്ഡ് റിട്ടേണുകളും മറ്റ് രേഖകളും സംസ്ഥാനത്തെ നികുതി ഉദ്യോഗസ്ഥർക്ക് പരിശോധിക്കുന്നതിനാവശ്യമായ ബാക്ക് എൻഡ് സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യുന്നതിന് സെർവറുകൾ 2018 ഫെബ്രുവരി മാസത്തിൽ സ്ഥാപിച്ച് പൂർണ്ണതോതിൽ പ്രവർത്തിച്ചുവരുന്നു.

## ജി.എസ്.ടി. രജിസ്ട്രേഷനുള്ള വ്യാപാരികൾ

111 (2389) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാറ്റ് രജിസ്ട്രേഷൻ ഉണ്ടായിരുന്ന വ്യാപാരികളിൽ എത്ര വ്യാപാരികൾ ജി.എസ്.ടി. രജിസ്ട്രേഷൻ പൂർത്തിയാക്കുവാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ജി.എസ്.ടി. രജിസ്ട്രേഷനുള്ള എത്ര വ്യാപാരികളുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ജി.എസ്.ടി. നടപ്പിലായതിനുശേഷം കച്ചവടം അവസാനിപ്പിച്ച് രജിസ്ട്രേഷൻ റദ്ദ് ചെയ്ത വ്യാപാരികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വാറ്റ് രജിസ്ട്രേഷൻ ഉണ്ടായിരുന്ന വ്യാപാരികളിൽ ഏകദേശം 35000-ത്തോളം വ്യാപാരികൾ ജി.എസ്.ടി. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുവാനുണ്ട്. 40 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ളവർക്ക് മാത്രമേ ജി.എസ്.ടി. രജിസ്ട്രേഷൻ ആവശ്യമുള്ളൂ.

(ബി) സംസ്ഥാനത്ത് നിലവിൽ ജി.എസ്.ടി. രജിസ്ട്രേഷനുള്ള 354628 വ്യാപാരികളുണ്ട്.

(സി) വാറ്റ് സിസ്റ്റത്തിൽ രജിസ്ട്രേഷൻ ഉണ്ടായിരുന്ന 22539 വ്യാപാരികൾ ജി.എസ്.ടി.-യിലേക്ക് മൈഗ്രേറ്റ് ചെയ്തതിനുശേഷം രജിസ്ട്രേഷൻ ക്യാൻസൽ ചെയ്തിട്ടുണ്ട്.

## ജൂലൈ മാസത്തെ വാറ്റ്, ജി.എസ്.ടി. നികുതി വരുമാനം

112 (2390) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂലൈ മാസത്തിൽ മാത്രം വാറ്റ് നികുതി സമ്പ്രദായം വഴി സംസ്ഥാനത്തിന് ലഭിച്ച ആകെ നികുതി വരുമാനം എത്ര രൂപയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ജി.എസ്.ടി. നടപ്പിലായതിനുശേഷം 2017 ജൂലൈ മാസത്തെയും 2018 ജൂലൈ മാസത്തെയും (അതാത് മാസം മാത്രം) ആകെ നികുതി വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2016 ജൂലൈ മാസത്തിലെ വാറ്റ് റിട്ടേണിൽ നിന്നുള്ള നികുതി 2016 ആഗസ്റ്റ് മാസത്തിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മാസം 1437.32 കോടി രൂപ വാറ്റ് നികുതി സമ്പ്രദായം വഴി, ആകെ നികുതി വരുമാനമായി സംസ്ഥാനത്തിന് ലഭിച്ചു.

(ബി) ജി.എസ്.ടി. നടപ്പിലായതിനുശേഷം 2017 ജൂലൈ മാസത്തേയും 2018 ജൂലൈ മാസത്തേയും (അതത് മാസം മാത്രം) ആകെ സംസ്ഥാന തനത് നികുതി വരുമാനം ചുവടെ ചേർക്കുന്നു:

| | ആകെ സംസ്ഥാന തനത് നികുതി വരുമാനം (തുക കോടിയിൽ) |
|---|---|
| 2017 ജൂലൈ | 3534.60 |
| 2018 ജൂലൈ | 4901.63 |

**നികുതി ചോർച്ച തടയാനുള്ള നടപടി**

113 (2391) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജി. എസ്. ടി. നടപ്പാക്കിയതിനുശേഷം പ്രതീക്ഷിച്ച നികുതി വരുമാനം ലഭിക്കാത്ത സാഹചര്യത്തിൽ നികുതി ചോർച്ച തടയാനും വരുമാനം വർദ്ധിപ്പിക്കാനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം നികുതി ചോർച്ച തടയാനും വരുമാനം വർദ്ധിപ്പിക്കാനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ ലഭ്യമാകുമ്പോൾ നികുതി കണക്കുകൾ സ്ക്രൂട്ടണൈസ് ചെയ്ത് വ്യാപാരികളുടെ വിൽക്കൽ, വാങ്ങൽ വൗച്ചർ താരതമ്യപ്പെടുത്തി അനധികൃതമായി ഇൻപുട്ട് ക്രെഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ചു കാണിച്ചതുമെല്ലാം കണ്ടുപിടിക്കാനാകും. നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചുപിടിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.

ജി.എസ്.ടി. ആർ-2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ. 3 ബി, ജി.എസ്.ടി.ആർ.1 ഇവ തമ്മിലുള്ള താരതമ്യം, ഇ-വേ ബിൽ ഡാറ്റ എന്നിവ യഥാസമയം പരിശോധനാ വിധേയമാക്കി നടപടി സ്വീകരിച്ചുവരുന്നു.

ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം (എ.എൻ.പി.ആർ.) വഴി കേരളത്തിലേക്ക് വരുന്ന എല്ലാ ചരക്കുവാഹനങ്ങളിലും ഇ-വേ ബിൽ പരിശോധന തൽസമയം നടത്തുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കുവാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പുവരുത്തുന്നതാണ്. ഇ-വേ ബിൽ ഇല്ലാത്തപക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലെർട്ട് സന്ദേശം നൽകുന്നതാണ്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കുകയും മറ്റ് പ്രധാന 23 അതിർത്തി മേഖലകളിൽ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലുമാണ്.

റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചു വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ചരക്കുസേവന നികുതി വിതരണക്കാർക്കും ഉപഭോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## പെട്രോളിയം ഉല്പന്നങ്ങൾ ജി.എസ്.ടി.യിൽ

114 (2392) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ചർച്ചകൾ കേന്ദ്രം സംസ്ഥാനവുമായി നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൽ സംസ്ഥാനത്തിന്റെ നിലപാട് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തുന്നത് സംസ്ഥാനത്തെ ഏത് രീതിയിൽ ബാധിക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്;

(സി) പെട്രോളിയം സെസ്സിൽ നിന്ന് കിഫ്ബിലേയ്ക്കുള്ള വിഹിതത്തിൽ കുറവ് വരുന്നത് കിഫ്ബി മുഖേനയുള്ള വായ്പാ തിരിച്ചടവിനെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്;

(ഡി) പ്രെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടിയിൽ ഉൾപ്പെടുത്തേണ്ട സാഹചര്യമുണ്ടായാൽ കിഫ്ബി മുഖേനയുള്ള വായ്പാ തിരിച്ചടവിന് എന്തെല്ലാം സാമ്പത്തിക മുൻകരുതൽ സർക്കാർ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പെട്രോളിയം ഉല്പന്നങ്ങളെ പൂർണ്ണമായും ജി.എസ്.ടി.-യിൽ ഉൾപ്പെടുത്താതെ സംസ്ഥാനങ്ങൾക്ക് നികുതി ചുമത്താനുള്ള അധികാരം നിലനിർത്തണമെന്ന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത ചർച്ചകളുടെ അടിസ്ഥാനത്തിൽ തീരുമാനമെടുത്തിട്ടുണ്ട്.

(ബി) പെട്രോളിയം ഉല്പന്നങ്ങളായ പെട്രോൾ, ഡീസൽ എന്നിവയ്ക്ക് കേരളാ പൊതുവിൽപ്പന നികുതി നിയമം 1963 യഥാക്രമം 30.08-ഉം 22.76-ഉം ശതമാനം വീതമാണ് നികുതി നിരക്ക്. എന്നാൽ ചരക്കുസേവന നികുതി നിയമ പ്രകാരമുള്ള ഷെഡ്യൂൾ പ്രകാരം നിശ്ചയിച്ചിരിക്കുന്ന പരമാവധി നികുതി നിരക്കായ 28% ചുമത്തിയാൽ സംസ്ഥാനത്തിന് SGST വിഹിതമായ 14% മാത്രമേ ലഭ്യമാകുകയുള്ളൂ. അതിനാൽ പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തുന്നത് സംസ്ഥാനത്തിന് വൻ നികുതി നഷ്ടത്തിന് വഴിയൊരുക്കും.

(സി&ഡി) നിലവിൽ സർക്കാരിൽ നിന്ന് കിഫ്ബിക്ക് ലഭിക്കുന്ന ആകെ ഗ്രാന്റിന്റെ 25% - 35% മാത്രമാണ് പെട്രോളിയം സെസ് എന്ന ഇനത്തിൽ നിന്നുള്ളത്. ഈ ഇനത്തിൽ എന്തെങ്കിലും കുറവ് വന്നതായി കരുതുന്നില്ല. പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്താൻ നിലവിൽ തീരുമാനം ഇല്ല. ഏതെങ്കിലും സാഹചര്യത്തിൽ പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തുന്നപക്ഷം ഈ ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിക്കുന്ന വിഹിതം കിഫ്ബിയിലേക്ക് ഉറപ്പാക്കുന്നതാണ്. കൂടാതെ കിഫ്ബി ആക്ടിലെ 7(3)-ാം വകുപ്പ് പ്രകാരം ആക്ടിലെ ആവശ്യങ്ങൾക്കായി സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള നിബന്ധനകളിന്മേലും വ്യവസ്ഥകളിന്മേലും കാലാകാലങ്ങളിൽ, ഗ്രാന്റും മുൻകൂർ തുകകളും വായ്പകളും നിധിയിലേക്ക് നൽകാവുന്നതാണ്. ഇപ്രകാരം പെട്രോളിയം സെസ് ഇനത്തിൽ വരുന്ന കുറവുകൾ ഗ്രാന്റായി നൽകി ഈ വിടവ് നികത്താവുന്നതാണ്.

## പ്രളയ സെസ്സിന്റെ മാനദണ്ഡങ്ങൾ

115 (2393) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ച് ശതമാനം ജി.എസ്.ടി.-യുള്ള വസ്തുക്കൾക്ക് പ്രളയ സെസ് ബാധകമാക്കിയിട്ടുണ്ടോ;

(ബി) പ്രളയ സെസ് ഏർപ്പെടുത്തിയിരിക്കുന്നതിലെ മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(സി) ചില സ്ഥാപനങ്ങൾ വിശിഷ്യാ ഹോട്ടലുകൾ സ്വന്തമായി തയ്യാറാക്കുന്ന ബില്ലിൽ അഞ്ച് ശതമാനം ജി.എസ്.ടി.-യുള്ള ഇനങ്ങൾക്ക് പ്രളയ സെസ്സിന്റെ പേരിൽ പണം വാങ്ങുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആയത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) 12 ശതമാനവും അതിൽ കൂടുതലും നികുതി നിരക്കുള്ള എല്ലാ ചരക്കുകൾക്കും, 5 ശതമാനത്തിൽ കൂടുതൽ നികുതി നിരക്കുള്ള എല്ലാ സേവനങ്ങൾക്കുമാണ് 1 ശതമാനം നിരക്കിൽ പ്രളയസെസ് ഏർപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ജി.എസ്.ടി. നിയമത്തിലെ 5-ാം പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള സ്വർണ്ണാഭരണമുൾപ്പെടെയുള്ള ചരക്കുകൾക്ക് 0.25 ശതമാനം നിരക്കിലാണ് സെസ് ഏർപ്പെടുത്തിയിട്ടുള്ളത്. ജി.എസ്.ടി. നികുതി ചേർക്കാത്ത മൂല്യത്തിൻമേലാണ് പ്രളയ സെസ് ഈടാക്കുന്നത്. സംസ്ഥാനത്തിനകത്തെ ചരക്കുകളുടെയും സേവനങ്ങളുടേയും അവസാന വിതരണഘട്ടത്തിൽ മാത്രമാണ് സെസ് ഈടാക്കുന്നത്. അതായത്, ഉപഭോക്താക്കൾക്കും രജിസ്റ്റർ ചെയ്യാത്ത വ്യാപാരികൾക്കും ബിസിനസ് ഇതര ആവശ്യങ്ങൾക്ക് വാങ്ങുന്നവർക്കും അവർക്ക് നൽകുന്ന ചരക്കുകളുടെയും സേവനങ്ങളുടേയും വിതരണമൂല്യത്തിൻമേൽ മാത്രമായി സെസ് നിജപ്പെടുത്തിയിരിക്കുന്നു.

(സി&ഡി) അഞ്ച് ശതമാനം നികുതിയുള്ള ചരക്കുകൾക്കും സേവനങ്ങൾക്കും (സ്വർണ്ണാഭരണങ്ങൾ ഒഴികെ) പ്രളയ സെസ് ഈടാക്കുന്നത് നിയമവിരുദ്ധമാണ്. നിയമവിരുദ്ധമായി സെസ് ഈടാക്കുന്നവർക്കെതിരെ പിഴ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## മൂല്യവർദ്ധിത നികുതി പ്രാബല്യത്തിലുള്ള കാലയളവിലെ കുടിശ്ശികയും പിഴയും വ്യാപാരികളിൽ നിന്നും പിടിച്ചെടുക്കുവാൻ നടപടി

116 (2394) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 മുതൽ 2017 വരെ മൂല്യവർദ്ധിത നികുതി പ്രാബല്യത്തിലുള്ള കാലയളവിലെ കുടിശ്ശികയും പിഴയും വ്യാപാരികളിൽ നിന്നും പിടിച്ചെടുക്കുവാൻ ധനവകുപ്പിന് അധികാരം നൽകി ഹൈക്കോടതി വിധി പ്രഖ്യാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ, ഇത്തരത്തിൽ 2011-12 മുതൽ 2017 വരെ സംസ്ഥാനത്തിന് വ്യാപാരികളിൽ നിന്നും ലഭിക്കേണ്ട കുടിശ്ശികയും പിഴയും എത്ര തുക; ആയത് പിരിച്ചെടുക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; അതിൽ നിന്നും നാളിതുവരെ എത്ര തുക പിരിച്ചെടുക്കുവാൻ സാധിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(സി) ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം പഴയ മൂല്യവർദ്ധിത നികുതി ഈടാക്കാൻ സർക്കാരിന് അധികാരമില്ല എന്ന കേസ്സുമായി ഹൈക്കോടതിയെ സമീപിച്ച വ്യാപാരികൾ എത്രയാണെന്നും അവർ മാത്രം അടയ്ക്കാനുള്ള മൂല്യവർദ്ധിത നികുതി എത്രയാണെന്നും വെളിപ്പെടുത്തുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചിട്ടില്ലാത്തവരിൽ നിന്നും എത്ര തുക ഇപ്രകാരം കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്;വ്യക്തമാക്കുമോ?

ഉത്തരം

(എ) 2011-12 മുതൽ 2017 വരെ മൂല്യവർദ്ധിത നികുതി പ്രാബല്യത്തിലുള്ള കാലയളവിലെ കുടിശ്ശികയും പിഴയും വ്യാപാരികളിൽ നിന്നും പിരിച്ചെടുക്കുവാൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 11-1-2019-ലെ WP(C) 11335/18 & connected case-ലെ ജഡ്ജ്മെന്റ് പ്രകാരം സംസ്ഥാന സർക്കാരിന് അധികാരമുണ്ട്.

(ബി) ഇത്തരത്തിൽ 2011-12 മുതൽ 2017 വരെ സംസ്ഥാനത്തിന് വ്യാപാരികളിൽ നിന്നും ലഭിക്കേണ്ട തുക (കുടിശ്ശികയും പിഴയും ഉൾപ്പെടെ) 3797.89 കോടി രൂപയാണ്. പ്രസ്തുത തുകയും അതിന് മുമ്പുള്ള കുടിശ്ശികയും

ഉൾപ്പെടെ നാളിതുവരെ (30-9-2019 വരെ) 1345.40 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. ബാക്കി കുടിശ്ശികയും പിഴയും പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. അപ്പീൽ കേസ്സുകളും കോടതി കേസ്സുകളും എത്രയും വേഗം തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

2. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് വേണ്ടി ധനകാര്യ റവന്യൂ വകുപ്പുമന്ത്രിമാരുടെ നേതൃത്വത്തിൽ കളക്ടർമാരുടെ മീറ്റിംഗ് വിളിച്ച് വേണ്ട നിർദ്ദേശം നൽകി. നികുതി സെക്രട്ടറിയും നികുതി കമ്മീഷണറും കളക്ടർമാരുടെ മീറ്റിംഗ് വിളിച്ച് റവന്യൂ റിക്കവറിയുടെ അവലോകനം നടത്തി.

3. നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിന് ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽ വരുത്തി.

4. ആംനസ്റ്റി സ്വീകരിച്ചവർക്ക് കുടിശ്ശികകൾ തവണ വ്യവസ്ഥയിൽ 2020 മാർച്ച് 31 വരെ അടയ്ക്കുവാൻ സാവകാശം ഉണ്ട്.

(സി) ലഭ്യമായ കണക്കുകൾ പ്രകാരം, ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം പഴയ മൂല്യവർദ്ധിത നികുതി ഈടാക്കാൻ സർക്കാരിന് അധികാരമില്ല എന്ന കേസ്സുമായി ഹൈക്കോടതിയെ സമീപിച്ച 3494-ഓളം കേസ്സുകൾ ഉണ്ട്. ഇതിൽ ഓരോ കേസ്സുകളിലും ഉൾപ്പെട്ട തുക സംബന്ധമായ കണക്കുകൾ ലഭ്യമല്ല. ഭരണഘടനാ സാധുതയാണ് ഹൈക്കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടത്.

1. (ഡി) 2018 ഏപ്രിൽ മാസത്തിൽ 9956.91 കോടി രൂപ മൊത്തം നികുതി കുടിശ്ശിക ഉണ്ടായിരുന്നു. 2018-19 കാലയളവിൽ നികുതി നിർണ്ണയം നടത്തിയ വകയിൽ 3348.96 കോടി രൂപ അഡീഷണൽ ഡിമാന്റ് ഉണ്ടാക്കിയിട്ടുള്ളതുമാണ്. ഹർജി സമർപ്പിച്ചവരുടേയും അല്ലാത്തവരുടേയും നികുതി കുടിശ്ശിക സംബന്ധമായ കണക്കുകൾ പ്രത്യേകമായി കണക്കാക്കിയിട്ടില്ല.

### സർക്കാർ വകുപ്പുകളിൽ ഇ-ബിൽ സമ്പ്രദായം

117 (2395) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിൽ ഇ-ബിൽ സമ്പ്രദായം നടപ്പാക്കിയിട്ടുണ്ടോ; ഈ സമ്പ്രദായത്തിന്റെ പ്രധാന സവിശേഷതകൾ വിശദീകരിക്കുമോ;

(ബി) ഈ സംവിധാനം നിലവിൽ വരുന്നതോടെ ട്രഷറി ബിൽ ബുക്ക് നിർത്തലാക്കുമോ;

(സി) ഇ-ബിൽ തയ്യാറാക്കി അയയ്ക്കാനുള്ള ആപ്ലിക്കേഷനും സംവിധാനങ്ങളും ബന്ധപ്പെട്ട സോഫ്റ്റ്‌വെയറിൽ ലഭ്യമാണോ;

(ഡി) സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും ഇ-ബിൽ സംവിധാനം നടപ്പാക്കുമ്പോൾ അതിനനുസൃതമായ ഭൗതികസൗകര്യങ്ങളും ജീവനക്കാരെയും ഐ.ടി. സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഇ-ബിൽ സമ്പ്രദായം സർക്കാർ വകുപ്പുകളിൽ നടപ്പാക്കിയിട്ടുണ്ട്. ഓൺലൈനായി Spark, Bims, EMLI, Saankhya ആപ്ലിക്കേഷനുകൾ മുഖേന തയ്യാറാക്കുന്ന ബിൽ ബന്ധപ്പെട്ട ട്രഷറിയിലേക്ക് ഇ-സബ്മിറ്റ് ചെയ്യാൻ കഴിയുന്ന സംവിധാനമാണ് e-bill. ഇ-ബിൽ സംവിധാനം നിലവിൽ വന്നെങ്കിലും ബില്ലിന്റെ ഫിസിക്കൽ കോപ്പി ട്രഷറിയിൽ സമർപ്പിക്കുന്നത് നിർത്തലാക്കിയിട്ടില്ല. പേപ്പർലെസ് ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ആദ്യ പടിയായി ധനകാര്യ വകുപ്പിലും, ട്രഷറി വകുപ്പിലും (ഒക്ടോബർ മാസത്തെ ശമ്പളം) 1-11-2019 മുതൽ സ്പാർക്ക് ബില്ലിന്റെ ഫിസിക്കൽ കോപ്പി ട്രഷറിയിൽ സമർപ്പിക്കേണ്ടതില്ലെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്. താമസംവിനാ ഈ സമ്പ്രദായം എല്ലാ സർക്കാർ വകുപ്പുകളിലും നടപ്പാക്കുന്നതാണ്.

(ബി) ട്രഷറി ബിൽ ബുക്ക് നിർത്തലാക്കിക്കൊണ്ട് സർക്കാർ നമ്പർ 69/2019/ധന. തീയതി 20-6-2019 പ്രകാരം ഉത്തരവായിട്ടുണ്ട്. 1-7-2019 മുതൽ ട്രഷറികളിൽ ബില്ലിനോടൊപ്പം ബിൽ ബുക്ക് സമർപ്പിക്കേണ്ടതില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) നിലവിൽ Spark, Bims, Saankhya, Emli ആപ്ലിക്കേഷനുകൾ മുഖേനയാണ് ട്രഷറികളിലേക്ക് ബിൽ ഇ-സബ്മിറ്റ് ചെയ്തുവരുന്നത്. ഈ ആപ്ലിക്കേഷനുകളിൽ എല്ലാംതന്നെ ഇ-ബിൽ തയ്യാറാക്കി ട്രഷറിയിലേക്ക് സമർപ്പിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

(ഡി) മറ്റ് ഓഫീസുകളിൽ നിന്നും സമർപ്പിക്കുന്ന ഇ-ബിൽ സ്വീകരിക്കുന്നതിനാവശ്യമായ സംവിധാനം ട്രഷറി സോഫ്റ്റ്‌വെയറിലുണ്ട്. പ്രത്യേകിച്ച് ജീവനക്കാരും ഭൗതിക സൗകര്യങ്ങളും ഇതിനാവശ്യമില്ല. എല്ലാ ട്രഷറി ജീവനക്കാർക്കും ഇ-ബിൽ സംവിധാനത്തെക്കുറിച്ചുള്ള പരിശീലനം നൽകിയിട്ടുണ്ട്.

## ട്രഷറികളുടെ ആധുനികവൽക്കരണം

118 (2396) ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലഹരണപ്പെട്ട സംവിധാനങ്ങളും സെർവറുകളുടെ കാലപ്പഴക്കവും സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിക്കുന്നതിൽ പ്രാഗത്ഭ്യമില്ലാത്ത ജീവനക്കാരും ട്രഷറി ഇടപാടുകൾ സുഗമമല്ലാതാക്കി തീർത്തിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ട്രഷറികളിൽ എ.ടി.എം. ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാങ്കുകളുമായി സഹകരിച്ച് ട്രഷറി ഇടപാടുകാർക്ക് Co-Branded ATM Card നടപ്പിലാക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ താൽപ്പര്യമുള്ള ബാങ്കുകളിൽ നിന്ന് പ്രൊപ്പോസലുകൾ സ്വീകരിച്ച് ട്രഷറി കോർ ബാങ്കിംഗ് സംവിധാനവുമായുള്ള ഇന്റഗ്രേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ട്രഷറി വകുപ്പിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ

119 (2397) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ട്രഷറി വകുപ്പിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പുതിയ ട്രഷറികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ;

(സി) ഇനി പുതിയ ട്രഷറികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ നൽകാമോ;

(ഡി) സംസ്ഥാനത്ത് വൺ മാൻ ട്രഷറികൾ നിലവിൽ എവിടെയെക്കെയുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ട്രഷറികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിഷ്കരണ നടപടികൾ പ്രധാനമായും 2 മേഖലകളിലാണ്. അടിസ്ഥാന സൗകര്യ വികസനപദ്ധതിയും ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണവും.

(1) അടിസ്ഥാന സൗകര്യ വികസന പദ്ധതി

അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽപ്പെടുത്തി സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും, ജീർണ്ണാവസ്ഥയിലുള്ളവ പുതുക്കി പണിയുന്നതിനുമുള്ള നടപടികളാണ് കൈക്കൊണ്ടുവരുന്നത്. ഇതിൻപ്രകാരം ഈ സർക്കാർ അധികാരമേറ്റതിനുശേഷം 24 ട്രഷറികളുടെ നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭിച്ചതിൽ, സാങ്കേതിക അനുമതി ലഭിച്ച 16 ട്രഷറികളുടെ നിർമ്മാണ നടപടികൾ പുരോഗമിക്കുന്നു. കൂടാതെ വകുപ്പിന്റെ നിരന്തര ശ്രമഫലമായി 16 ട്രഷറികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി ലഭ്യമായിട്ടുണ്ട്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 23 ട്രഷറികൾക്ക് സ്വന്തമായി ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികളും 16 ട്രഷറികളുടെ പുതിയ കെട്ടിട നിർമ്മാണവും പുരോഗമിച്ചുവരികയാണ്. അതോടൊപ്പം സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 16 ട്രഷറികളെ മോഡൽ ട്രഷറികളായി ഉയർത്തുന്നതിനായി അവയുടെ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഇൻകെൽ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 13 ട്രഷറികളെ ആധുനികവൽക്കരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് നവീകരണ പ്രവൃത്തികൾ നടത്തിവരുന്നു. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലാത്ത സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 39 ട്രഷറികളുടെ നവീകരണവുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നലകിയിട്ടുണ്ട്.

ട്രഷറി ആധുനികവൽക്കരണത്തിന്റെ ഭാഗമായി വകുപ്പിന്റെ വിവരവിനിമയ സാങ്കേതികവിദ്യയുടെ അടിസ്ഥാന തത്വങ്ങളായ കമ്പ്യൂട്ടർ സിസ്റ്റംസ്, സെർവറുകൾ, ഡാറ്റാ കണക്ടിവിറ്റി എന്നിവയും മെച്ചപ്പെടുത്തുന്നുണ്ട്. എട്ട് വർഷം പൂർത്തിയാകുന്ന എല്ലാ കമ്പ്യൂട്ടർ സിസ്റ്റവും വകുപ്പിന്റെ സെർവറും മാറ്റി

സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഏത് സാഹചര്യത്തിലും തടസ്സമില്ലാതെ നെറ്റ് കണക്ഷൻ ലഭ്യമാക്കുവാൻ ലക്ഷ്യമിട്ട് BSNL-ൽനിന്നും RailTel-ൽ നിന്നും രണ്ട് ഡാറ്റാ-കം-ലീസ്ഡ് കണക്ഷനുകൾ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്.

കൂടാതെ ട്രഷറി ആധുനികവൽക്കരണത്തിന്റെ ഭാഗമായി റീ പെയിന്റിംഗ്, ടോയ്ലെറ്റ് നിർമ്മാണം, ടോയ്ലെറ്റ് നവീകരണം, ഫ്രണ്ട് ഓഫീസ് നിർമ്മാണം എന്നിവ ആവശ്യമുള്ള ട്രഷറികളിൽ ആയത് നിർവ്വഹിക്കുന്നതിനും, ട്രഷറികൾക്കാവശ്യമായ കസേര, ഫാൻ, ടെലിവിഷൻ, വാട്ടർ പ്യൂരിഫയർ, കൗണ്ടിംഗ് മെഷീൻ എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികളും വകുപ്പ് സ്വീകരിച്ചുവരുന്നു.

IFMS സംവിധാനത്തിലൂടെ ലഭ്യമായിരിക്കുന്ന സേവന വിതരണ സംവിധാനത്തിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നത് ലക്ഷ്യമിട്ട് ക്യൂ മാനേജ്മെന്റ് സംവിധാനം, ആധാർ ലിങ്ക്ഡ് അറ്റൻഡൻസ് മാനേജ്മെന്റ് സംവിധാനം, ഫേക്ക് കറൻസി ഡിറ്റക്റ്റിംഗ് ഡിവൈസ്, ഫയർ എക്സ്റ്റിൻഗ്വിഷിംഗ് ഡിവൈസ് എന്നിവ ട്രഷറികൾക്ക് ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(2) ധനകാര്യ ഇടപാടുകളുടെ ആധുനികവത്കരണം - IFMS

ധനകാര്യ ഇടപാടുകളുടെ ആധുനികവത്കരണം ലക്ഷ്യമാക്കി ഒരു പുതിയ ധനകാര്യ മാനേജ്മെന്റ് സംവിധാനം (ഐ.എഫ്.എം.എസ്.-സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം) ട്രഷറി വകുപ്പിൽ ഏർപ്പെടുത്തിക്കഴിഞ്ഞു. വിവരസാങ്കേതികവിദ്യയുടെ എല്ലാ സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തി ഏറ്റവും സുതാര്യവും കാര്യക്ഷമവുമായ സേവനം നൽകുകയും മികച്ച ധനകാര്യ മാനേജ്മെന്റ് നടപ്പിലാക്കുകയും ചെയ്യുക എന്നതാണ് IFMS-ന്റെ ഉദ്ദേശ്യം. പുതിയ കാലത്തിന്റെ എല്ലാ മാറ്റങ്ങളും ഉൾക്കൊള്ളുന്ന രീതിയിലുള്ള ഇ-ഗവേർണൻസ് പരിപാടികളുടെ അന്തഃസത്ത ഉൾക്കൊണ്ട്, കടലാസുരഹിതവും പണരഹിതവുമായ ഓഫീസ് സംവിധാനത്തിലേക്ക് എത്തിച്ചേരുന്നതിനുമുള്ള മഹത്തായ കാൽവയ്പാണ് IFMS-ലൂടെ കൈവരിച്ചിട്ടുള്ളത്.

IFMS ന്റെ വിവിധ ഘടകങ്ങൾ

1. റവന്യൂ മാനേജ്മെന്റ് - ഇ-ട്രഷറി -ലോകത്ത് എവിടെ നിന്നും 24 മണിക്കൂറും സർക്കാരിലേയ്ക്ക് പണം സ്വീകരിക്കുന്നതിനുള്ള സൗകര്യം, കറൻസി രഹിത ഇടപാടുകാർക്കുള്ള സൗകര്യം, വരവുകളുടെ തത്സമയ വിവര ശേഖരണം.

2. ബഡ്ജറ്റ് മാനേജ്മെന്റ് - ബഡ്ജറ്റിനാവശ്യമായ വിവരശേഖരണം മുതൽ ബഡ്ജറ്റ് തയ്യാറാക്കുന്നതുവരെയുള്ള എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടർ അധിഷ്ഠിത പ്രവർത്തനത്തിലൂടെ നിർവ്വഹിക്കുന്നതിനുള്ള സംവിധാനം.

3. എക്സ്പെൻഡീച്ചർ മാനേജ്മെന്റ് - സംസ്ഥാനത്ത് എല്ലായിടത്തും സമാനമായ രീതിയിൽ ധനവിനിയോഗം നടപ്പിലാക്കുന്നതിനായി കേന്ദ്രീകൃത ട്രഷറി മാനേജ്മെന്റ് സംവിധാനം കോർട്ടിസ്സിലൂടെ സാധ്യമാകുന്നു. റിസർവ് ബാങ്കിന്റെ e-kuber portal-മായി ബന്ധിപ്പിച്ച് ഇലക്ട്രോണിക്കായി പണം ഇടപാടുകാരുടെ അക്കൗണ്ടിൽ എത്തിക്കുന്നു.

4. SPARK സമഗ്ര HR മാനേജ്മെന്റ് സംവിധാനം - സംസ്ഥാനത്തെ മുഴുവൻ ജീവനക്കാരുടെയും സർവ്വീസ് സംബന്ധമായ എല്ലാ വിവരങ്ങളും ശേഖരിച്ചിട്ടുള്ള വെബ് അധിഷ്ഠിത സെൻട്രൽ ഡാറ്റാ ബേസ്.

5. ബിൽ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം - BIMS

സർക്കാർ വകുപ്പുകളുടെ HR ഇതര ബില്ലുകൾ തയ്യാറാക്കുന്നതിനുള്ള ഓൺലൈൻ ബിൽ പ്രിപ്പറേഷൻ സിസ്റ്റം.

6. ബഡ്ജറ്റ് അലോക്കേഷൻ ആന്റ് മോണിറ്ററിംഗ് സിസ്റ്റം - BAMS

വിവിധ വകുപ്പുകളുടെ ബഡ്ജറ്റ് വിഹിതം ഓൺലൈനായി വിതരണം ചെയ്യുന്നതിനുള്ള കുറ്റമറ്റ സംവിധാനം.

7. കേന്ദ്രീകൃത പെൻഷൻ നിർവ്വഹണ സംവിധാനം - PIMS - സംസ്ഥാന സർക്കാരിനുകീഴിൽ വരുന്ന എല്ലാ പെൻഷൻകാരേയും കേന്ദ്രീകൃത സംവിധാനത്തിലേക്ക് കൊണ്ടുവരികയും പെൻഷൻകാരുടെ സൗകര്യാർത്ഥം ഓൺലൈൻ പോർട്ടൽ, ഓൺലൈൻ മസ്റ്ററിംഗിനുള്ള സൗകര്യം എന്നിവയും നിലവിലുണ്ട്.

8. ട്രഷറി കോർ ബാങ്കിംഗ് സിസ്റ്റം - ട്രഷറി സേവിംഗ്സ് ബാങ്ക്, കോർ ബാങ്കിംഗ് സംവിധാനത്തിലേയ്ക്ക് മാറിക്കഴിഞ്ഞു. ഏതു ട്രഷറിയിൽ നിന്നും പണം പിൻവലിക്കാനും നിക്ഷേപിക്കാനുമുള്ള സൗകര്യം, ഏതു അക്കൗണ്ടിലേയ്ക്കും ഇലക്ട്രോണിക്കായി പണം കൈമാറ്റം ചെയ്യുന്നതിനുള്ള സൗകര്യം തുടങ്ങിയവയാണ് ആയതിന്റെ മെച്ചങ്ങൾ.

9. അക്കൗണ്ട്സ് മാനേജ്മെന്റ് - കമ്പ്യൂട്ടർ സംവിധാനത്തിലൂടെ വരവ് ചെലവ് കണക്കുകളുടെ കൃത്യമായ വിവരം ശേഖരിക്കാൻ കഴിയുന്നു. അക്കൗണ്ട്സ് സംബന്ധമായ വിവരങ്ങൾ ട്രഷറിയും അക്കൗണ്ടന്റ് ജനറലുമായി ഓൺലൈനായി കൈമാറ്റം ചെയ്യാൻ കഴിയുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി സമാഹൃത വിവരങ്ങൾ തയ്യാറാക്കുന്നതിന് കുറ്റമറ്റതും സമഗ്രവുമായ ഒരു ഡാഷ് ബോർഡ് എന്നിവയാണ് ആയതിന്റെ സവിശേഷതകൾ. ഫലപ്രദമായ ലിക്വിഡിറ്റി മാനേജ്മെന്റിനായി WAMS എന്ന സംവിധാനവും ഏർപ്പെടുത്തിക്കഴിഞ്ഞു.

10. നെറ്റ്‌വർക്കിംഗ് - ധനകാര്യ ഇടപാടുകളുടെ സുരക്ഷിതത്വം മുൻനിർത്തി ട്രഷറികൾ തമ്മിലും ഡയറക്ടറേറ്റ്, സംസ്ഥാന ഡാറ്റാ സെന്റർ എന്നിവയെ തമ്മിൽ ബന്ധിപ്പിച്ചും കൂടുതൽ സുരക്ഷിതവും ഫലപ്രദവുമായ ട്രഷറി വൈഡ് ഏരിയ നെറ്റ്‌വർക്കിംഗ് സംവിധാനം ബി.എസ്.എൻ.എൽ. വഴി ഏർപ്പെടുത്തിക്കഴിഞ്ഞു. കൂടാതെ റെയിൽ ടെൽ ലിമിറ്റഡ് മുഖേന ഒരു റെഡണ്ടന്റ് നെറ്റ്‌വർക്കിംഗും ഏർപ്പെടുത്തിയിട്ടുണ്ട്.

11. ട്രഷറി അക്കൗണ്ട്സ് തയ്യാറാക്കുന്നതിനും സമർപ്പിക്കുന്നതിനുമുള്ള IAMS, മുദ്രപ്പത്രങ്ങളുടെയും സ്റ്റാമ്പുകളുടെയും വിതരണവും വിൽപ്പനയും മാനേജ് ചെയ്യുന്നതിനുള്ള CRA.

12. ഇ-പോസ് മെഷീനുകൾ - സേവനങ്ങൾക്ക് വേണ്ടിയുള്ള ഫീസുകളും ചാർജ്ജുകളും ഡെബിറ്റ് കാർഡ്/ക്രെഡിറ്റ് കാർഡ് മുഖേന നേരിട്ട് സർക്കാർ അക്കൗണ്ടിലേയ്ക്ക് എത്തിക്കുന്ന രീതി.

13. ഇന്റർനെറ്റ് ബാങ്കിംഗ് - ട്രഷറി അക്കൗണ്ട് ഉടമകൾക്ക് ഇപ്പോൾ ഇന്റർനെറ്റ് ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തിക്കഴിഞ്ഞു. ഇടപാടുകാർക്ക് ഈ സൗകര്യം ഉപയോഗിച്ച് ട്രഷറി അക്കൗണ്ട് മുഖേന യൂട്ടിലിറ്റി പേമെന്റുകൾ നടത്താവുന്ന സൗകര്യവും താമസംവിനാ ലഭ്യമാക്കുന്നതാണ്.

14. മൊബൈൽ ആപ്ലിക്കേഷൻ - ട്രഷറി അക്കൗണ്ടുടമകൾക്ക് "Kerala TSB" എന്ന പേരിലും സംസ്ഥാന പെൻഷൻകാർക്ക് "Kerala Pension" എന്ന പേരിലും മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ച് Google Play Store-ൽ

ലഭ്യമാക്കിയിട്ടുണ്ട്. ട്രഷറി അക്കൗണ്ട് ഉടമകൾക്ക് ഈ ആപ്ലിക്കേഷൻ മുഖേന അക്കൗണ്ട് ബാലൻസ്, അക്കൗണ്ട് സ്റ്റേറ്റ്മെന്റ് എന്നിവയും പെൻഷൻകാർക്ക് പെൻഷൻ ക്രെഡിറ്റ്, പെൻഷൻ റിവിഷൻ, ഡി.എ. റിവിഷൻ, അക്കൗണ്ട് സ്റ്റേറ്റ്മെന്റ് എന്നീ വിവരങ്ങളും ഈ ആപ്ലിക്കേഷനിൽ ലഭ്യമാകുന്നുണ്ട്. SPARK ON MOBILE എന്ന പുതിയ ഒരു മൊബൈൽ ആപ്ലിക്കേഷനും പുറത്തിറക്കിയിട്ടുണ്ട്. ജീവനക്കാരുടെ വ്യക്തിവിവരങ്ങളും ലീവ്, ശമ്പള വിവരങ്ങൾ, ഇ-സർവ്വീസ് ബുക്ക് വിവരങ്ങൾ എന്നിവ പ്രസ്തുത സംവിധാനത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

15. ഇ-റ്റി.എസ്.ബി - സർക്കാർ ജീവനക്കാരുടെ ശമ്പള വിതരണത്തിനായി വകുപ്പ് e-TSB എന്ന പുതിയ ക്ലാസ് ഓഫ് അക്കൗണ്ട്സ് തുടങ്ങിയിട്ടുണ്ട്. സർക്കാർ ജീവനക്കാരുടെ ശമ്പളം പൂർണ്ണമായും ഈ അക്കൗണ്ട് മുഖേനയാണ് ഇപ്പോൾ വിതരണം ചെയ്യുന്നത്.

16. ISO 27001 സർട്ടിഫിക്കേഷൻ - ഇന്റർനെറ്റ് ബാങ്കിംഗ്, മൊബൈൽ ബാങ്കിംഗ് എന്നിവയ്ക്ക് സജ്ജമായ വളരെ ഉയർന്ന നിരക്കിൽ ഡിജിറ്റൽ മോഡിൽ പേമെന്റും ഫണ്ട് ട്രാൻസിറ്റും നിർവ്വഹിക്കുന്ന ട്രഷറി വകുപ്പിൽ ഒരു മെച്ചപ്പെട്ട ഇൻഫർമേഷൻ സെക്യൂരിറ്റി മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ISO 27001 സർട്ടിഫിക്കേഷൻ സ്റ്റാൻഡേർഡ് നേടുന്നതിന്റെ നപടികൾ പുരോഗമിക്കുകയാണ്. M/s Earnest & Young LLP New Delhi-യെ കൺസൾട്ടന്റ് ആയി തെരഞ്ഞെടുക്കുകയും ആയതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു.

17. പെൻഷൻ റിക്കോർഡുകളുടെ ഡിജിറ്റൈസേഷൻ - ട്രഷറി സംവിധാനം പൂർണ്ണമായും കടലാസ് രഹിതമാക്കുന്നതിന്റെ ഭാഗമായി പെൻഷൻകാരുടെ പെൻഷൻ പേമെന്റ് ഓർഡറുകൾ ഡിജിറ്റലായി e-PPO ആയാണ് അക്കൗണ്ടന്റ് ജനറൽ ഇപ്പോൾ ഇഷ്യൂ ചെയ്യുന്നത്. പെൻഷൻ റിക്കോർഡുകൾ കാലപ്പഴക്കത്താൽ നശിച്ചുപോകുന്നതിനുള്ള സാധ്യതയും, ഇതു സൂക്ഷിക്കുന്നതിനുള്ള ബുദ്ധിമുട്ടും കണക്കിലെടുത്ത് പെൻഷൻ ബുക്കുകളുടെ പൂർണ്ണമായ ഡിജിറ്റൈസേഷൻ നടപടികൾ ഇതിനോടകം ആരംഭിച്ചു കഴിഞ്ഞു.

18. ഇലക്ട്രോണിക് ബില്ലുകളും ബിൽ ബുക്കും - പൂർണ്ണമായും ഇ-ബില്ലുകൾ മാത്രം സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ധനകാര്യ വകുപ്പിലേയും ട്രഷറി വകുപ്പിലേയും ബില്ലുകളുടെ സമർപ്പണം അടുത്ത മാസം (11/2019) മുതൽ മേൽപ്പറഞ്ഞ രീതിയിലേക്ക് മാറുന്നതാണ്. തുടർന്ന് എല്ലാ വകുപ്പിലേയും ബിൽ സമർപ്പണം കടലാസ് രഹിതമാവുന്നതുമായിരിക്കും. ഫിസിക്കൽ ബിൽ ബുക്കിന് പകരം e-Bill Book എന്ന സിസ്റ്റം എല്ലാ വകുപ്പുകളിലും ഏർപ്പെടുത്തിക്കഴിഞ്ഞു.

(ബി) ആരംഭിച്ചിട്ടില്ല. 2014-ൽ പുറപ്പെടുവിച്ച ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ, കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം കേന്ദ്രമാക്കി പുതുതായി ഒരു സബ്ട്രഷറി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അടിസ്ഥാന സൗകര്യങ്ങൾക്കായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(സി) ട്രഷറികളിൽ ആധുനികവൽക്കരണത്തിന്റെ ഭാഗമായി GRAS, Core- Banking, Horizontal Connectivity എന്നിവ പൂർത്തിയാക്കി നിലവിലുള്ള ട്രഷറികളുടെ പ്രവർത്തനം വിലയിരുത്തിയ ശേഷം മാത്രമേ പുതിയ ട്രഷറികൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുകയുള്ളൂ.

(ഡി) നിലവിൽ സംസ്ഥാനത്ത് വൺമാൻ ട്രഷറികൾ ഒന്നും പ്രവർത്തിക്കുന്നില്ല.

**പാലക്കാട് ജില്ലയിൽ സ്വന്തമായി കെട്ടിടമില്ലാത്ത സബ് ട്രഷറികൾ**

120 (2398) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര സബ് ട്രഷറി ഓഫീസുകളുണ്ടെന്നുള്ള കണക്ക് നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ട്രഷറികളിൽ ഏതിനെല്ലാം കെട്ടിടം നിർമ്മിക്കുന്നതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിൽ സ്വന്തമായി കെട്ടിടമില്ലാത്ത 4 സബ് ട്രഷറി ഓഫീസുകളുണ്ട്. നിയോജക മണ്ഡലം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| നിയോജകമണ്ഡലത്തിന്റെ പേര് | സബ് ട്രഷറിയുടെ പേര് |
|---|---|
| ആലത്തൂർ | 1) സബ് ട്രഷറി വടക്കാഞ്ചേരി |
| ഷൊർണ്ണൂർ | 1) ജില്ലാ ട്രഷറി ചെറുപ്പുളശ്ശേരി |
| | 2) സബ് ട്രഷറി ഷൊർണ്ണൂർ |
| ഒറ്റപ്പാലം | 1) സബ് ട്രഷറി ശ്രീകൃഷ്ണപുരം |

(ബി) വടക്കാഞ്ചേരി സബ് ട്രഷറിയുടെ പുതിയ കെട്ടിട നിർമ്മാണം ട്രഷറി വകുപ്പിന്റെ ഫണ്ടുപയോഗിച്ച് പുരോഗമിക്കുന്നു. ചെറുപ്പുളശ്ശേരി ജില്ലാ ട്രഷറിക്കായി പുതിയ കെട്ടിടം പൊതുമരാമത്ത് വകുപ്പിന്റെ ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**ചാത്തന്നൂരിൽ ഭാഗ്യക്കുറി സബ് ആഫീസ്**

121 (2399) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ചാത്തന്നൂർ കേന്ദ്രമാക്കി ഭാഗ്യക്കുറി വകുപ്പിന്റെ ഒരു സബ് ആഫീസ് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് ജനപ്രതിനിധി നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ, പ്രസ്തുത നിവേദനത്തിന്മേൽ ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചു വെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആഫീസ് സ്ഥാപിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്നും ഇല്ലെങ്കിൽ ആയതിനുള്ള തടസ്സങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) ബാധകമല്ല.

## കാരുണ്യ ലോട്ടറികളുടെ ആദായം രോഗികൾക്കായി ചെലവാക്കാൻ നടപടി

122 (2400) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. അനിൽ അക്കര:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും യാതൊരു തുകയും ചെലവഴിക്കാതെ കാരുണ്യ, കാരുണ്യ പ്ലസ് ലോട്ടറികളിൽ നിന്നും ലഭിച്ചിരുന്ന ലാഭം കൊണ്ടു മാത്രം കാരുണ്യ ബെനവലന്റ് ഫണ്ട് വിജയകരമായി നടത്തിക്കൊണ്ടു പോകുവാൻ സാധിച്ചിരുന്നോ;

(ബി) കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേന ഹൃദയം, തലച്ചോർ, കരൾ എന്നിവയുടെ ശസ്ത്രക്രിയകൾക്ക് രണ്ട് ലക്ഷം രൂപവരെയും കാൻസർ, വൃക്ക രോഗികൾക്ക് മൂന്ന് ലക്ഷം രൂപയും ഹീമോഫീലിയ രോഗികളുടെ ചികിത്സയ്ക്ക് പരിധിയില്ലാതെ ആജീവനാന്തവും തുക ലഭ്യമാക്കിയിരുന്നോ; പുതിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഇക്കാര്യത്തിന് അനുവദിക്കുന്ന പരമാവധി തുക എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേന അവയവദാതാവിന് ഒരു ലക്ഷം രൂപയുടെ ചികിത്സാ സഹായം നൽകിയിരുന്നോ; കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഇക്കാര്യത്തിനായി എന്ത് തുകയാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) കാരുണ്യ ബെനവലന്റ് ഫണ്ട് നിർത്തലാക്കി കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയത് സാധാരണക്കാരായ രോഗികൾക്ക് കൂടുതൽ ഗുണകരമാണെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണെന്ന് വിശദമാക്കുമോ;

(ഇ) കാരുണ്യ, കാരുണ്യ പ്ലസ് ലോട്ടറികൾ ഇപ്പോഴും തുടരുന്ന സാഹചര്യത്തിൽ അതിൽ നിന്നുള്ള ആദായം ഉപയോഗിച്ച് മാരക രോഗം ബാധിച്ച നിർദ്ധനരോഗികൾക്ക് ആശ്വാസം പകരുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ലോട്ടറി വിറ്റുവരവ് കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുകയും KBF അടക്കം ലോട്ടറി വകുപ്പിന്റെ ചെലവുകൾക്കുള്ള പണം നിശ്ചിത കണക്ക് ശീർഷകം വഴി കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും നൽകുകയുമാണ് ചെയ്യുന്നത്.

(ബി) കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേന ഹൃദയം, തലച്ചോർ, കരൾ, കാൻസർ എന്നിവയുടെ ശസ്ത്രക്രിയകൾക്ക് രണ്ട് ലക്ഷം രൂപവരെയും വൃക്ക രോഗികൾക്ക് മൂന്ന് ലക്ഷം രൂപവരെയും ഹീമോഫിലിയ രോഗികളുടെ ചികിത്സയ്ക്ക് പരിധിയില്ലാതെ ആജീവനാന്തവും തുക ലഭ്യമാക്കിയിരുന്നു.

നിലവിൽ സാധുതയുള്ള ആർ.എസ്.ബി.വൈ., ചിസ് കാർഡ് ഉള്ളവർക്കോ 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസിൽ ദുർബ്ബല വിഭാഗം ജനങ്ങൾ എന്ന് രേഖപ്പെടുത്തിയിട്ടുള്ളവർക്കോ ആണ് പുതിയ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. ടി പദ്ധതി (KASP) പ്രകാരം സംസ്ഥാനത്ത് അർഹരായ കുടുംബങ്ങൾക്ക് ഓരോ വർഷവും അഞ്ച് ലക്ഷം രൂപ വരെയുള്ള സൗജന്യ ആരോഗ്യ ചികിത്സാ സഹായം കേരളത്തിനകത്തും രാജ്യത്തും ആയുഷ്മാൻ ഭാരത് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത എല്ലാ ആശുപത്രികളിലും ലഭ്യമാകും. കാരുണ്യ ബെനവലന്റ് ഫണ്ടിൽ ഒരു കുടുംബത്തിന് ഒരിക്കൽ മാത്രമേ ഈ സഹായം ലഭിക്കുമായിരുന്നുള്ളൂ.

(സി) നൽകിയിരുന്നു. കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ 45,000 രൂപയാണ് നൽകുന്നത്. കാരുണ്യ ബെനവലന്റ് ഫണ്ടിൽ സഹായം ലഭ്യമായിരുന്നത് 319 പാക്കേജുകൾക്കായിരുന്നു. KASP-യിൽ ആകട്ടെ 1978 പാക്കേജുകളാണ് സഹായത്തിന് അർഹമായിട്ടുള്ളത്. ഏത് അർത്ഥത്തിലും, കവറേജിലും ആശുപത്രികളുടെ എണ്ണത്തിലും പൊതുവിൽ ലഭ്യമായ ചികിത്സാ സഹായത്തിന്റെ കാര്യത്തിലും എല്ലാം KASP ഏറെ മെച്ചപ്പെട്ട സംവിധാനമാണ്.

(ഡി) KASP പദ്ധതിയിൽ ഓരോ വർഷവും അഞ്ച് ലക്ഷം രൂപയുടെ ചികിത്സാ സഹായം ഇന്ത്യയിലുള്ള 16000-ത്തോളം ആശുപത്രികൾ വഴി ലഭ്യമാക്കും. മാത്രമല്ല കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും ഫോട്ടോ പതിച്ച അംഗത്വ കാർഡ് നൽകുന്നതിനാൽ ക്യാഷ് ലെസ്സ് ചികിത്സ മറ്റു രേഖകൾ ഇല്ലാതെ നേടാവുന്നതാണ്. KBF പദ്ധതിയിൽ ഒരു കുടുംബത്തിന് ഒരു ജീവിതകാലം ലഭിക്കുന്നത് രണ്ട് ലക്ഷം രൂപയുടെ ആനുകൂല്യം മാത്രമാണ്.

(ഇ) ലോട്ടറി വിറ്റ് കിട്ടുന്ന ലാഭം കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്കാണ് അടയ്ക്കുന്നത്. ഈ തുക കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിക്കായി ഭാഗ്യക്കുറി വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തിയാണ് അനുവദിക്കുന്നത്. കാരുണ്യ ബെനവലന്റ് ഫണ്ടിലെ നിലവിലുള്ള എല്ലാ ഗുണഭോക്താക്കൾക്കും 31-3-2020 വരെ ചികിത്സാ സഹായം തുടർന്നും ലഭ്യമാകുന്നതാണ്.

## കെ. എസ്. എഫ്. ഇ. പ്രവാസി ചിട്ടി

123 (2401) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി നടത്തുന്ന വികസന പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുന്നതിന് ആരംഭിച്ച പ്രവാസി ചിട്ടിയിൽ ചേരുന്നതിന് പ്രവാസികൾ താല്പര്യം പ്രകടിപ്പിക്കുന്നില്ലെന്നും ചിട്ടി പരാജയമാണെന്നുമുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് അറിയിക്കാമോ;

(ബി) പതിനായിരം രൂപയിൽ കൂടുതൽ വരിസംഖ്യ അടയ്ക്കുന്ന പ്രവാസി ചിട്ടിയിൽ ചേരുന്നവരുടെ പെൻഷൻ പ്രീമിയം കെ.എസ്.എഫ്.ഇ. അടയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കേരളത്തിന് പുറത്ത് മറ്റ് സംസ്ഥാനങ്ങളിലുള്ളവർക്കും പ്രവാസി ചിട്ടിയിൽ ചേരുന്നതിന് സംവിധാനം ഒരുക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രവാസി ചിട്ടിയിൽ ചേരുന്നതിനുള്ള നടപടിക്രമങ്ങൾ കൂടുതൽ ലഘൂകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) പ്രവാസി ചിട്ടികൾ വിജയകരമായി മുന്നേറുന്നുണ്ട്.

(ബി) 10000 രൂപയോ അതിൽ കൂടുതലോ മാസത്തവണയുള്ള പ്രവാസി ചിട്ടിയിൽ ചേരുന്ന വരിക്കാരുടെ ഒരു ചിട്ടിക്ക്, പ്രവാസി വെൽഫെയർ ഫണ്ട് ബോർഡിന്റെ പെൻഷൻ പ്രീമിയം, ചിട്ടിയുടെ കാലാവധി തീരുന്നതുവരെ കെ.എസ്.എഫ്.ഇ. അടയ്ക്കുന്നതാണ്.

(സി) പ്രവാസി ചിട്ടിയിൽ കേരളത്തിന് പുറത്തുള്ള മലയാളികൾക്കും ചേരുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിവരുന്നു.

(ഡി) ഇപ്പോൾ തന്നെ ലളിതമായ നടപടിക്രമങ്ങളിലൂടെയാണ് പ്രവാസി ചിട്ടിയുടെ രജിസ്ട്രേഷൻ.

## കെ. എസ്. എഫ്. ഇ. പ്രവാസി ചിട്ടി

124 (2402) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ആരംഭിച്ച പ്രവാസി ചിട്ടിയിൽ ചേരാൻ നാളിതുവരെയായി എത്രപേർ സന്നദ്ധത അറിയിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ ചിട്ടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(സി) ഈ ഇനത്തിൽ എത്ര കോടി രൂപ സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പ്രവാസി ചിട്ടിയിൽ ചേരാൻ നാളിതുവരെ 122219 പേർ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

(ബി) പ്രവാസി മലയാളികൾക്ക് അവരുടെ ജോലി സ്ഥലത്തിരുന്നുകൊണ്ട് തന്നെ ചിട്ടിയിൽ ചേരുന്നതിന് പരിപൂർണ്ണ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു മികച്ച സമ്പാദ്യത്തോടൊപ്പം പ്രവാസിച്ചിട്ടിയിൽ ചേരുന്നതിലൂടെ സംസ്ഥാനത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിൽ പങ്കാളിയാകുവാനും സാധിക്കുന്നു. ചിട്ടിയിൽ അടയ്ക്കുന്ന പണം നിശ്ചിത കാലയളവിലേയ്ക്ക് KIIFB-യിൽ ബോണ്ടുകളായി നിക്ഷേപിക്കുന്നു. ഏതുസമയത്തും തിരിച്ചെടുക്കുന്ന രീതിയിൽ ആയതിനാൽ നിക്ഷേപകന്റെ സമ്പാദ്യത്തിനു പൂർണ്ണ സുരക്ഷിതത്വം ഉണ്ട്. ചിട്ടി സംഖ്യ ഒരു തടസ്സവും കൂടാതെ സമയത്തുതന്നെ കൊടുക്കുകയും ചെയ്യുന്നു.

(സി) 2021-ൽ 10000 കോടി രൂപയുടെ ചിട്ടി വിറ്റുവരവാണ് പ്രതീക്ഷിക്കുന്നത്.

## കെ. എസ്. എഫ്. ഇ. യുടെ ചിട്ടിയിലുണ്ടാകുന്ന നഷ്ടം

125 (2403) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യുടെ നൂറുമാസ ചിട്ടിയിൽ പലപ്പോഴും കമ്പനിയ്ക്ക് പണം നഷ്ടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നൂറുമാസ ചിട്ടിയിൽ പലപ്പോഴും ചിറ്റാളന്മാർ കൊഴിഞ്ഞുപോകുമ്പോൾ കമ്പനിക്ക് നഷ്ടം സംഭവിക്കുന്നത് പരിശോധിക്കുമോ;

(സി) 2016 ജനുവരി മുതൽ കേരളത്തിൽ കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകളിൽ ആരംഭിച്ച നൂറുമാസ ചിട്ടികളിൽ ഉണ്ടായ കൊഴിഞ്ഞുപോക്ക് സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ; നിറുത്തി പോകുന്ന ചിറ്റാളന്മാർക്ക് പകരം പുതിയ ആളുകളെ ചിട്ടിയിൽ ചേർത്ത് കമ്പനിയ്ക്ക് ഉണ്ടാകുന്ന നഷ്ടം കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) കെ.എസ്.എഫ്.ഇ.-യിൽ നിന്ന് സർക്കാർ/അർദ്ധസർക്കാർ/ പൊതുമേഖല സ്ഥാപനങ്ങൾ/സഹകരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് അനുവദിച്ച നിലവിലുള്ള ലോണുകൾ എത്ര; എന്നാണ് അനുവദിച്ചത് എന്നും തിരിച്ചടവിന്റെ രീതിയും വ്യക്തമാക്കുമോ; വലിയ തുക അനുവദിച്ചിരിക്കുന്നത് ഏതെല്ലാം ശാഖകൾ വഴിയാണ്; വ്യക്തമാക്കുമോ;

(ഇ) കേരളത്തിലെ ഓരോ ബ്രാഞ്ചിലും 2016 ജനുവരി മുതൽ അനുവദിച്ച ഇൻസെന്റീവ് എത്ര; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചിട്ടി പിടിക്കാത്ത ചിറ്റാളന്മാർ ചിട്ടിയിൽ പണമടയ്ക്കുന്നതിൽ വീഴ്ച വരുത്താറുണ്ട്. എന്നാൽ ചിട്ടി പിടിച്ചെടുക്കുന്നതിനുള്ള സമയം വരുന്നതോടുകൂടി അവരിൽ നല്ലൊരു ഭാഗം, പിഴ പലിശയടച്ച് ചിട്ടിയിലെ കുടിശ്ശിക തീർക്കാറുണ്ട്. ചിട്ടിയിൽ മുടക്ക് തീർത്ത് തിരിച്ചുവരാൻ സാധ്യതയില്ലാത്ത ചിറ്റാളന്മാരെ നിയമാനുസൃതമായി നീക്കം ചെയ്യാനും പകരം പുതിയ ഇടപാടുകാരെ ചേർക്കാനുമുള്ള അവസരം ചിട്ട് ഫണ്ട് ആക്ട് പ്രദാനം ചെയ്യുന്നുണ്ട്. ഇതനുസരിച്ച് നൂറുമാസ ചിട്ടികളിൽ അറുപത് മാസംവരെ മുടക്കംവന്ന ചിട്ടികളിൽ പകരം ആളുകളെ ചേർക്കുന്നതിന് ശാഖകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് മിക്ക ശാഖകളും സമയബന്ധിതമായി തന്നെ ചെയ്ത് തീർക്കുന്നുമുണ്ട്. 60 മാസത്തിൽ അധികരിച്ച, മുടക്കംവന്ന ചിട്ടികളുടെ കാര്യത്തിൽ കെ.എസ്.എഫ്.ഇ. തന്നെ, യഥാസമയം അത്തരം ചിട്ടികൾ ഏറ്റെടുക്കാറുണ്ട്. അത്തരം ചിട്ടികളിലെ അവകാശപ്പെട്ട ഡിവിഡന്റ് കമ്പനിക്ക് ലഭിക്കാറുമുണ്ട്.

(സി) 2016 ജനുവരി മുതൽ കേരളത്തിലെ എല്ലാ ബ്രാഞ്ചുകളിലുമായി ആരംഭിച്ച 2389 നൂറു മാസ ചിട്ടികളിൽ ചേർന്ന 238900 ഇടപാടുകാരിൽ 40920 വരിക്കാർ മുടക്കം വരുത്തിയിട്ടുണ്ട്. ഇത് 17.12 ശതമാനം മാത്രമാണ്. സാധാരണ നിലയിൽ ഇത്തരത്തിൽ മുടക്കം വരുത്തുന്നവരിൽ ഭൂരിഭാഗവും മുടക്കസംഖ്യ മുഴുവൻ തീർത്ത് ചിട്ടി തുടർന്ന് പോകാറുണ്ട്. ആ രീതിയിൽ ഈ 40920 പേരിൽ ഭൂരിഭാഗംപേരും ചിട്ടിയിൽ കുടിശ്ശിക തീർത്ത് ചിട്ടി വിളിച്ചെടുക്കാൻ സന്നദ്ധരായിട്ടുണ്ട്. അല്ലാത്തവരെ നിയമാനുസൃതം നീക്കം ചെയ്ത് പകരം പുതിയ ഇടപാടുകാരെ ചേർത്ത് ചിട്ടിയുടെ സുഗമമായ നടത്തിപ്പിന് വേണ്ട നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) കെ.എസ്.എഫ്.ഇ. നിലവിൽ പൊതുമേഖല സ്ഥാപനമായ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് 1520.69 കോടി രൂപയും കെ.എസ്.എഫ്.ഇ. സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് T-777-ന് 7.50 കോടി രൂപയും ലോണായി നൽകിയിട്ടുണ്ട്. കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് 1520.69 കോടി രൂപ (520.69 കോടി രൂപ 15-12-2018, 500 കോടി രൂപ 20-6-2019, 500 കോടി രൂപ 26-9-2019) ആണ് നൽകിയിട്ടുള്ളത്. കെ.എസ്.എഫ്.ഇ. സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് T-777-ന് ലോൺ നൽകിയത് 3-3-2018-ലാണ്. കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് ലോൺ അനുവദിച്ചിട്ടുള്ളത് ആവശ്യപ്പെടുമ്പോൾ തിരിച്ചുനൽകാമെന്ന വ്യവസ്ഥയിലും കെ.എസ്.എഫ്.ഇ. സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് 18 മാസ കാലാവധിയിലുമാണ് ലോൺ അനുവദിച്ചിരുന്നത്. ലോൺ അനുവദിച്ചിട്ടുള്ളത് കെ.എസ്.എഫ്.ഇ. ഹെഡ് ഓഫീസ് മുഖേനയാണ്.

(ഇ) കെ.എസ്.എഫ്.ഇ.-യിൽ 574 ബ്രാഞ്ചുകളിലും 13 റീജിയണൽ ഓഫീസുകളിലും 10 എസ്.ഡി.ടി. ഓഫീസുകളിലും ഒരു ഹെഡ് ഓഫീസിലുമടക്കം ആകെ 6630 ജീവനക്കാരാണുള്ളത്. 2016-17 സാമ്പത്തിക വർഷത്തിൽ 28.71 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 32.07 കോടി രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 32.07 കോടി രൂപയും കമ്പനി ഇൻസെന്റീവ് ആയി നൽകിയിട്ടുണ്ട്.

**ഹലാൽ ചിട്ടികൾ**

126 (2404) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീതപ്പലിശയോ ലേലം വിളിയോ ഇല്ലാത്ത ഹലാൽ ചിട്ടികൾ ആരംഭിക്കുന്നതിന് കെ.എസ്.എഫ്.ഇ. തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ചിട്ടികളിൽ ചേരുന്നതിനും ചിട്ടി പിടിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതുസംബന്ധിച്ച നിയമപരമായ കാര്യങ്ങളും സോഫ്റ്റ്‌വെയർ പരിഷ്കരണം ഉൾപ്പെടെയുള്ള നടപടിക്രമങ്ങളും പുരോഗമിച്ചുവരുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച പൂർണ്ണമായ നടപടിക്രമങ്ങൾ സോഫ്റ്റ്‌വെയർ നിർമ്മാണം പൂർത്തിയാകുന്നതോടുകൂടി മാത്രമേ പറയാനാവുകയുള്ളൂ.

## പ്രവാസി ചിട്ടി

127 (2405) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രവാസി ചിട്ടി പദ്ധതി എന്ന് മുതലാണ് ആരംഭിക്കാൻ തീരുമാനിച്ചത്; പ്രസ്തുത പദ്ധതിയിലൂടെ എത്ര തുക സമാഹരിക്കാനാണ് ലക്ഷ്യമിട്ടിരുന്നതെന്നും നാളിതുവരെ എത്ര തുക സമാഹരിക്കാൻ സാധിച്ചുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

പ്രവാസി ചിട്ടി 25-10-2018 മുതൽ UAE-യിൽ നിന്ന് വരിസംഖ്യ സ്വീകരിച്ചുകൊണ്ട് ആരംഭിച്ചു. മൂന്ന് വർഷത്തിനുള്ളിൽ 10000 കോടി രൂപയുടെ ചിട്ടി വിറ്റുവരവാണ് പ്രസ്തുത ചിട്ടിയിൽ പ്രതീക്ഷിക്കുന്നത്. നിലവിൽ തുടങ്ങിക്കഴിഞ്ഞ 375 ചിട്ടികളുടെ പ്രതിമാസ സല 16 കോടി രൂപയാണ്. ഈ ചിട്ടികളിൽ നിന്നും ഇതുവരെയായി 85 കോടി രൂപ കളക്ഷൻ ലഭിച്ചിട്ടുണ്ട്.

## പ്രവാസി ചിട്ടി പരിഷ്കാരങ്ങൾ

128 (2406) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ചിട്ടിയിൽ എന്തെങ്കിലും പരിഷ്കാരങ്ങൾ കൊണ്ടുവരുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രവാസി ചിട്ടിയിൽ സർക്കാർ പ്രതീക്ഷിച്ച പോലുള്ള പങ്കാളിത്തം ഉണ്ടാകാത്ത സാഹചര്യത്തിലാണോ പരിഷ്കാരങ്ങളെക്കുറിച്ച് ആലോചിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ചിട്ടിയിൽ ലേലവും നറുക്കും ഒഴിവാക്കുന്നകാര്യം പരിഗണിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ;

(ഡി) വിദേശ രാജ്യങ്ങളിലെ തൊഴിൽദാതാക്കൾ ഗ്യാരന്റി നൽകിയാൽ ചിട്ടിപ്പണം പിൻവലിക്കുവാൻ അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആരംഭഘട്ടത്തിൽനിന്നും പ്രവാസിച്ചിട്ടിയിൽ നിരവധി മാറ്റങ്ങൾ കൊണ്ടുവന്നുകഴിഞ്ഞു. പ്രവാസി വെൽഫെയർ ഫണ്ട് ബോർഡുമായി ചേർന്ന് പെൻഷൻ പ്രീമിയം ഒരു നിശ്ചിത കാലയളവിലേയ്ക്ക് അടയ്ക്കുന്ന പദ്ധതിയും രൂപപ്പെടുത്തിവരുന്നു.

(ബി) ബിസിനസ് വിപുലീകരണത്തിനാണ് പരിഷ്കാരങ്ങൾ വേണ്ടിവരുന്നത്. ദിനംപ്രതി കൂടുതൽ ആളുകൾ ചേരുന്ന രീതിയിലാണ് പ്രവാസിച്ചിട്ടി മുന്നോട്ടുപോകുന്നത്.

(സി&ഡി) ഇപ്പോൾ പരിഗണനയിലില്ല.

**പ്രവാസി ചിട്ടി പ്രാവർത്തികമാക്കുന്നതിനുള്ള നടപടി**

129 (2407) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ചിട്ടി പ്രാവർത്തികമാക്കുന്നതിന് കിഫ്ബിയുടെ ഭാഗത്ത് നിന്ന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; ഇതിനായി കിഫ്ബിയിൽ നിന്നും ഇതുവരെ എന്ത് തുക ചെലവഴിച്ചുവെന്ന് അറിയിക്കാമോ;

(ബി) പ്രവാസി ചിട്ടിയുടെ സോഫ്റ്റ്‌വെയർ ഡെവലപ് ചെയ്യുന്നതിനും അതിന്റെ പ്രചരണത്തിനും മറ്റുമായി കെ.എസ്.എഫ്.ഇ. ഇതിനകം എന്ത് തുക ചെലവഴിച്ചു;

(സി) പ്രവാസി ചിട്ടിയുടെ പ്രചരണാർത്ഥം മന്ത്രിയുടെ നേതൃത്വത്തിൽ കെ.എസ്.എഫ്.ഇ. ഉദ്യോഗസ്ഥരും കിഫ്ബി ഉദ്യോഗസ്ഥരും എത്ര വിദേശ രാജ്യങ്ങൾ സന്ദർശിച്ചുവെന്ന് അറിയിക്കാമോ;

(ഡി) ഈ സന്ദർശനങ്ങൾക്കായി ഇതിനകം എന്ത് തുകയാണ് ചെലവഴിച്ചതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിയുടെ രൂപരേഖ തയ്യാറാക്കുന്നതു മുതൽ എല്ലാ ഘട്ടങ്ങളിലും കിഫ്ബിയുടെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. സങ്കീർണ്ണമായ ചിട്ടിയുടെ നടപടിക്രമങ്ങൾ ഓൺലൈൻ സംവിധാനത്തിനുതകുംവിധം ചിട്ടപ്പെടുത്തുക, ഇതിനനുസൃതമായ സോഫ്റ്റ്‌വെയർ ഘടന തയ്യാറാക്കുക, അവ ടെസ്റ്റ് ചെയ്യുക മറ്റ് അനുബന്ധ സാങ്കേതിക സഹായങ്ങൾ നൽകുക എന്നിങ്ങനെ എല്ലാ നിർണ്ണായക ഘട്ടത്തിലും പ്രവാസി ചിട്ടിക്ക് ആവശ്യമായ പ്രചരണങ്ങൾ ഉറപ്പുവരുത്തുന്നതിനും കിഫ്ബി കെ.എസ്.എഫ്.ഇ.യോട് ഒത്തുനിന്നു പ്രവർത്തിച്ചുവരുന്നു. പ്രവാസി ചിട്ടിക്ക് വേണ്ട സാങ്കേതിക സംവിധാനങ്ങൾ ഒരുക്കുന്നതിലും ചിട്ടിയുടെ പ്രചാരണത്തിനുവേണ്ട ധനസഹായവും കിഫ്ബി നൽകിവരുന്നു. സംവിധാനങ്ങൾക്കായി 11.63 കോടി രൂപയും പ്രചാരണ പ്രവർത്തനങ്ങൾക്കായി 12.01 കോടി രൂപയും കിഫ്ബിയിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. കെ.എസ്.എഫ്.ഇ.യിൽ നിന്നും പ്രവാസി ചിട്ടിയുടെ സോഫ്റ്റ്‌വെയർ ഡെവലപ് ചെയ്യുന്നതിനും അതിന്റെ പ്രചരണത്തിനുമായി 5,43,94,654 രൂപയാണ് ഇതുവരെ ചെലവഴിച്ചിട്ടുള്ളത്.

(സി&ഡി) പ്രവാസി ചിട്ടിയുടെ പ്രചരണത്തിനായി മന്ത്രിയുടെ നേതൃത്വത്തിൽ കെ.എസ്.എഫ്.ഇ. ഉദ്യോഗസ്ഥർ UAE, UK എന്നീ രാജ്യങ്ങളും കിഫ്ബി ഉദ്യോഗസ്ഥർ ദുബായ്, അബുദാബി എന്നീ രാജ്യങ്ങളും സന്ദർശിച്ചിട്ടുണ്ട്. കിഫ്ബി ടീമിന്റെ യാത്ര, താമസം, ഭക്ഷണം മറ്റ് അനുബന്ധ പരിപാടികൾ സംഘടിപ്പിച്ച ഇനത്തിലുമായി 59,71,987 രൂപ ചെലവായിട്ടുണ്ട്. കെ.എസ്.എഫ്.ഇ. ടീമിന്റെ യാത്രാ ചെലവുകൾക്കും അനുബന്ധ പരിപാടികൾ സംഘടിപ്പിച്ചതിനുമായി ഇതുവരെ ലഭ്യമായ ബില്ലുകളുടെ അടിസ്ഥാനത്തിൽ UAE യാത്രയ്ക്ക് 3,49,884 രൂപയും UK യാത്രയ്ക്ക് 13,58,670 രൂപയും ചെലവായിട്ടുണ്ട്.

**പ്രവാസി ചിട്ടിയിൽ മലയാളികളുടെ പങ്കാളിത്തം**

130 (2408) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ചിട്ടിയിൽ മലയാളികളുടെ പങ്കാളിത്തം പ്രതീക്ഷിച്ചതുപോലെ ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഗൾഫ് മേഖലയിലെ ഓരോ രാജ്യത്ത് നിന്നും നിലവിൽ എത്ര വരിക്കാരാണ് പ്രവാസി ചിട്ടിയിൽ ചേർന്നത്; യൂറോപ്പിൽ നിന്നും ഇതിനകം എത്ര വരിക്കാരെ ലഭിച്ചുവെന്നറിയിക്കാമോ;

(സി) പ്രവാസി ചിട്ടിയിൽ ആളുകളെ ചേർക്കുന്നതിനായി കെ.എസ്.എഫ്.ഇ.-യുടെ ഉന്നത ഉദ്യോഗസ്ഥർ ഇതിനകം എത്ര തവണ വിദേശ രാജ്യങ്ങൾ സന്ദർശിച്ചു; ഏതൊക്കെ രാജ്യങ്ങളാണ് സന്ദർശിച്ചതെന്നും ഓരോ സന്ദർശനത്തിനും എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇതിനോടകം 122000-ൽപ്പരം പേർ പ്രവാസി ചിട്ടിയിൽ ചേരുന്നതിനുള്ള സന്നദ്ധത അറിയിച്ചുകഴിഞ്ഞു. KYC നടപടികൾ പൂർത്തിയാക്കിയവർക്കാണ് ചിട്ടിയിൽ ചേരുവാൻ കഴിയുക. 28000 പേർ KYC നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. 11443 പേർ ചിട്ടിയിൽ ചേർന്നുകഴിഞ്ഞു. കൂടുതൽ ആളുകളെ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) UAE-5716, OMAN-515, QUATAR-860, SAUDI ARABIA-860, KUWAIT-498, BAHARIN-367, EUROPEAN COUNTRIES-122 എന്നിങ്ങനെയാണ് ഇപ്പോഴത്തെ വരിക്കാരുടെ എണ്ണം.

(സി) പ്രവാസി ചിട്ടിയുടെ പ്രചരണാർത്ഥം കെ.എസ്.എഫ്.ഇ.യുടെ ഉന്നത ഉദ്യോഗസ്ഥർ 6 തവണ യു.എ.ഇ., ഒമാൻ, യു.കെ. എന്നീ വിദേശ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. ഓരോ സന്ദർശനത്തിനും നാളിതുവരെ വന്ന ചെലവുകൾ ഇപ്രകാരമാണ്.

| | | |
|---|---|---|
| യു.എ.ഇ. | - | 3,49,884 |
| ഒമാൻ | - | 15,18,380 |
| യുണൈറ്റഡ് കിംഗ്ഡം | - | 13,58,670 |
| വിദേശരാജ്യം സന്ദർശിച്ചവർക്ക് ഡി.എ. നൽകിയ വകയിൽ | - | 2,46,063 |
| ആകെ | - | 34,72,997 |

**കെ. എസ്. എഫ്. ഇ. ഹെഡ്ക്വാർട്ടേഴ്സ് മോടി പിടിപ്പിക്കൽ**

131 (2409) <u>ശ്രീ. പി. ടി. തോമസ്:</u>

<u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യുടെ തൃശ്ശൂരിലെ ഹെഡ്ക്വാർട്ടേഴ്സ് മോടി പിടിപ്പിക്കുന്നതിനോ പുതുക്കിപ്പണിയുന്നതിനോ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

1. (ബി) പ്രസ്തുത പ്രവൃത്തികൾക്കായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് ഇനം തിരിച്ച് വിശദമാക്കാമോ;

2. (സി) ഈ പ്രവൃത്തി നിർവ്വഹിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഇവരെ ചുമതലപ്പെടുത്തിയതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

3. (ഡി) ഇതിനായി ടെൻഡർ വിളിച്ചിരുന്നുവോയെന്നും എങ്കിൽ ഇതിൽ ആരെല്ലാം പങ്കെടുത്തുവെന്നും ഓരോരുത്തരും ക്വാട്ട് ചെയ്ത തുക എത്രയെന്നും വിശദമാക്കാമോ?

4. <u>ഉത്തരം</u>

5. (എ) ഉണ്ട്. കെ.എസ്.എഫ്.ഇ.യുടെ ആസ്ഥാന മന്ദിരം കാലഘട്ടത്തിനനുസൃതമായി നവീകരിക്കണമെന്ന ആശയം കമ്പനിയുടെ 498-ാം നമ്പർ ബോർഡ് യോഗത്തിൽ വന്നതിന്റെ അടിസ്ഥാനത്തിൽ നവീകരിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ട്.

6. (ബി) പ്രവൃത്തികൾക്കായി 9,76,72,699 (ഒമ്പത് കോടി എഴുപത്തിയാറ് ലക്ഷത്തി എഴുപത്തി രണ്ടായിരത്തി അറുനൂറ്റി തൊണ്ണൂറ്റി ഒമ്പത് രൂപ മാത്രം) + ജി.എസ്.ടി.യുടെ പ്രാഥമിക എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ ഇനം തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| സിവിൽ, ഇന്റീരിയർ വർക്കുകൾ | 30064264 |
| ഫർണിച്ചർ വർക്കുകൾ | 17515603 |
| ഇലക്ട്രിക്കൽ വർക്കുകൾ | 6234764 |
| പ്ലംബിംഗ് വർക്കുകൾ | 899966 |
| എക്സ്ട്രാ ലോവോൾട്ടേജ് വർക്കുകൾ | 12169348 |
| ഫയർ പ്രൊട്ടക്ഷൻ വർക്കുകൾ | 2876479 |
| എയർ കണ്ടീഷൻ വർക്കുകൾ | 11989321 |
| സോളാർ പവർ ജനറേഷൻ വർക്കുകൾ | 3919650 |
| സ്ട്രക്ച്ചറൽ ഗ്ലെയിസിംഗ്, എലവേഷൻ വർക്കുകൾ | 9158468 |
| സെന്റേജ് (3%) | 2844836 |
| ആകെ | 97672699 |

മേൽപ്പറഞ്ഞ പ്രാഥമിക എസ്റ്റിമേറ്റിനുപുറമേ താഴെപ്പറയുന്ന തുകകളുടെ അഡീഷണൽ എസ്റ്റിമേറ്റുകളും കരാറുകാരായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി കമ്പനിക്ക് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇനങ്ങൾ | തുക |
|---|---|---|
| 1 | പ്രാഥമിക എസ്റ്റിമേറ്റിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതും എന്നാൽ ഉൾപ്പെടുത്താൻ വിട്ടുപോയതുമായ ജോലികൾ | 1,58,31,518 |
| 2 | റൂഫ് വർക്കുകൾ, എം.എസ്. സ്റ്റെയർകെയ്സ്, ഗേറ്റ്, സെക്യൂരിറ്റി ക്യാബിൻ, കോമ്പൗണ്ട് വാൾ, യാർഡ് ഡെവലപ്മെന്റ് വർക്ക്, ലാന്റ് സ്കേപ്പിംഗ്, യു.പി.എസ്., ഡ്രിപ്പ് ഇറിഗേഷൻ വർക്കുകൾ, അനുബന്ധ ഇന്റീരിയർ, ഇലക്ട്രിക്കൽ, എക്സ്ട്രാ ലോ വോൾട്ടേജ് വർക്കുകൾ മുതലായവ. | 1,66,48,904 |
| 3 | നെയിം ബോർഡുകൾ, കൃത്രിമ പുല്ല്, റൗണ്ട് പഫി സ്റ്റൂളുകൾ, ക്ലാഡിംഗ് ടൈലുകൾ, സ്റ്റോറേജ്, റിസപ്ഷനിലെ ഡിസ്പ്ലെ യൂണിറ്റ്, ക്ലോത്ത് കർട്ടൺ, അനുബന്ധ ഇലക്ട്രിക്കൽ വർക്കുകൾ. | 16,72,096 |
| 4 | എലവേറ്റർ വർക്കുകൾ | 28,01,235 |
| ആകെ | | 3,69,53,753 (സെന്റേജ്, ജി.എസ്.ടി. പുറമെ) |

(സി&ഡി) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെയാണ് നവീകരണ പ്രവർത്തനങ്ങൾക്കായി ചുമതലപ്പെടുത്തിയിരിക്കുന്നത്.

G.O. (P)95/2017 Fin dated 25-7-2017, G.O. (P)122/2017 Fin. dated 18-9-217 എന്നിവയുടെ അടിസ്ഥാനത്തിൽ കമ്പനിയുടെ 519-ാം നമ്പർ ബോർഡ് യോഗത്തിന്റെ തീരുമാനപ്രകാരമാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ നവീകരണ പ്രവർത്തനങ്ങൾ നടത്തുവാൻ ഏൽപ്പിച്ചത്. ഈ ഉത്തരവ് അനുസരിച്ച് Non-PMC അടിസ്ഥാനത്തിൽ ഇത്തരം പ്രവൃത്തികൾ ഏർപ്പെടുത്തുന്നതിനായി ചുമതലപ്പെടുത്തിയ ഒരു അക്രെഡിറ്റഡ് ഏജൻസിയാണ് ULCCS.

## പുതിയ കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ

132 (2410) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റതിനുശേഷം എത്ര പുതിയ കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ സംസ്ഥാനത്ത് ആരംഭിച്ചുവെന്ന് വിശദീകരിക്കുമോ;

(ബി) ഭാവിയിൽ കെ.എസ്.എഫ്.ഇ. ബ്രാഞ്ച് ആരംഭിക്കാനുദ്ദേശിക്കുന്ന സ്ഥലങ്ങളുടെ കരട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ആയത് ലഭ്യമാക്കുമോ;

(സി) കൂടുതൽ ബാങ്കിംഗ് പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഇതിന്റെ പ്രവർത്തന മേഖല വിപുലീകരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) പുതിയ ബ്രാഞ്ചുകൾ ആരംഭിച്ചിട്ടില്ല.

(ബി) ഉണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(സി) നിലവിൽ കെ.എസ്.എഫ്.ഇ.-യിൽ ചിട്ടികൾ, ചിട്ടി വായ്പകൾ, സ്വർണ്ണപണയ വായ്പകൾ തുടങ്ങി നോൺ ബാങ്കിംഗ് പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. NBFC-യുടെ പരിധിയിൽ നിന്നുകൊണ്ട് പ്രവർത്തന മേഖല വിപുലീകരിക്കുന്നതിന് പദ്ധതിയുണ്ട്.

## പുതിയ കെ.എസ്.എഫ്.ഇ. ശാഖ

133 (2411) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതിയ കെ.എസ്.എഫ്.ഇ. ശാഖ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

സാധ്യതാപഠനങ്ങളുടെ അടിസ്ഥാനത്തിലാണ് പുതിയ ശാഖകൾ ആരംഭിക്കുന്നത്. തൊട്ടടുത്ത ശാഖയിൽ നിന്നുള്ള ദൂരം, നിർദ്ദിഷ്ട സ്ഥലത്തിന്റെ പ്രാധാന്യം, ജനസംഖ്യ, പ്രദേശവാസികളുടെ പ്രധാന വരുമാന സ്രോതസ്സ്, അവിടെ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട സ്ഥാപനങ്ങളുടെ എണ്ണം, തത്തുല്യ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ, ശാഖയുടെ പ്രവർത്തനത്തിന്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആവശ്യമായ കെട്ടിടത്തിന്റെ ലഭ്യത, സബ് രജിസ്ട്രാർ ഓഫീസ്, ട്രഷറി ഓഫീസ് എന്നിവയുടെ സാന്നിധ്യം എന്നിവയ്ക്കുപുറമേ ബിസിനസ് സാധ്യത തുടങ്ങിയ മാനദണ്ഡങ്ങൾ പരിഗണിച്ചാണ് പുതിയ ശാഖകൾ ആരംഭിക്കുന്നത്.

**പാലക്കാട് ജില്ലയിൽ കെ. എസ്. എഫ്. ഇ.-യുടെ പുതിയ ശാഖകൾ**

134 (2412) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തിൽ പാലക്കാട് ജില്ലയിൽ കെ.എസ്.എഫ്.ഇ.-യുടെ പുതിയ ശാഖകൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ബി) എങ്കിൽ എത്ര ശാഖകൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയെന്ന് വ്യക്തമാക്കാമോ; പുതിയ ശാഖകൾ എവിടെയൊക്കെയാണ് ആരംഭിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 6 ശാഖകൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കോട്ടായി, പത്തിരിപ്പാല, ഒറ്റപ്പാലം (രണ്ടാം ശാഖ), മുണ്ടൂർ, തത്തമംഗലം, കൊപ്പം (പട്ടാമ്പി) എന്നീ സ്ഥലങ്ങളിലാണ് പുതിയ ശാഖകൾ ആരംഭിക്കുന്നത്.

**കയർമേഖലയിലെ നേട്ടങ്ങൾ**

135 (2413) ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നടപ്പിലാക്കിയ വിവിധ പുനരുദ്ധാരണ പദ്ധതികളുടെ ഫലമായി കയർ മേഖലയിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കയർ സംഭരണത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സംഭരിക്കുന്ന കയറിന്റെ വില ഉടൻതന്നെ സഹകരണ സംഘങ്ങൾക്ക് ലഭ്യമാക്കുന്നതിന് കയർഫെഡ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കയർപിരി മേഖലയിൽ സർക്കാരിന്റെ ഇടപെടലുകളുടെ ഫലമായി കയറിന്റെയും ചകിരിയുടെയും ഉത്പാദനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2016 മാർച്ചിൽ 78800 ക്വിന്റൽ ആയിരുന്ന കയർഫെഡുവഴിയുള്ള സംഭരണം 2019 മാർച്ചിൽ 1.57 ലക്ഷം ക്വിന്റലായി വർദ്ധിച്ചിട്ടുണ്ട്. 100 ശതമാനത്തിനടുത്ത് വർദ്ധനവ് കയർ ഉത്പാദനത്തിൽ കൈവരിക്കാനായിട്ടുണ്ട്.

ക്രയവിലസ്ഥിരതാ പദ്ധതി പ്രകാരം ഉൽപ്പന്ന സംഭരണം 2015-16-ൽ 9799 ലക്ഷം ആയിരുന്നത് 2018-19-ൽ 15308 ലക്ഷം രൂപയായി വർദ്ധിച്ചിട്ടുണ്ട്. 56.22 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) കയർ സംഭരണവും വിപണനവും സുഗമമാക്കുന്നതിനായി അംഗസംഘങ്ങളിൽ നിന്നും ഉത്പാദിപ്പിക്കുന്ന കയർ മുഴുവൻ കയർഫെഡ് സംഭരിക്കുന്നുണ്ട്. ഈ കയർ ഇനങ്ങൾ വിറ്റഴിക്കുന്നതിന് ആവശ്യമെങ്കിൽ സർക്കാർ പ്രൈസ് ഫ്ലക്ച്വേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം ഡിസ്കൗണ്ട് നൽകിവരുന്നു. എന്നാൽ 2017-18 മുതൽ ആരംഭിച്ച കയർ ഭൂവസ്ത്ര പരിപാടിയുടെ വിജയത്തിനെത്തുടർന്ന് കയർ കെട്ടിക്കിടക്കുന്ന അവസ്ഥ സംസ്ഥാനത്ത് പൂർണ്ണമായും അവസാനിച്ചിട്ടുണ്ട്. കയർ കേരള 2019 വഴി വീണ്ടും 100 കോടി രൂപയുടെ കയർഭൂവസ്ത്ര പദ്ധതി എം.ജി.എൻ.ആർ.ഇ.ജി.എസ്.-മായി ചേർന്ന് ധാരണാപത്രം ഒപ്പിട്ട് നടപ്പാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കയർഫെഡിന്റെ ആലപ്പുഴയിലെ ഹെഡ് ഓഫീസുകൾ വഴിയും എല്ലാ റീജിയണൽ ഓഫീസുകൾ വഴിയും സംഘങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ കയർ സംഭരിക്കുന്നു.

കയർ ഉത്പന്നങ്ങൾ സംഭരിക്കുന്നതിന് ക്രയവിലസ്ഥിരതാ പദ്ധതി കേരള സംസ്ഥാന കയർ കോർപ്പറേഷൻ വഴി നടപ്പാക്കിവരുന്നു. ഈ പദ്ധതി പ്രകാരം കയറ്റുമതിക്കാർക്ക് കയർ ഉത്പന്നങ്ങൾ മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ നിന്നും ചെറുകിട ഉത്പാദക സംഘങ്ങളിൽനിന്നും കയർ കോർപ്പറേഷൻ സംഭരിച്ചുനൽകുന്നതിന് സംഭരണവിലയുടെ 16 ശതമാനം സർക്കാർ ആനുകൂല്യമായി നൽകുന്നു. 13.5 ശതമാനം ആയിരുന്ന ഈ ആനുകൂല്യം സർക്കാർ 16 ശതമാനമായി വർദ്ധിപ്പിച്ചുനൽകിയിട്ടുണ്ട്. കയറിന്റെ വിപണി വികസിപ്പിക്കുന്നതിന് സഹായകരമായ ഒരു നടപടിയാണിത്.

(സി) അംഗസംഘങ്ങളിൽ നിന്നും സംഭരിക്കുന്ന കയർ കയർഫെഡിൽ കെട്ടിക്കിടക്കുകയും വിറ്റഴിക്കാത്ത ഇനങ്ങൾക്ക് 70 ശതമാനം വരെ സബ്സിഡി നൽകുകയും ചെയ്യുന്ന അവസ്ഥയായിരുന്നു കയർഫെഡിൽ മുൻകാലത്ത് ഉണ്ടായിരുന്നത്. എന്നാൽ കയർ കേരള 2017-ലൂടെ നടപ്പിലാക്കിയ കയർ ഭൂവസ്ത്ര പദ്ധതിയുടെ ഭാഗമായി കയർ കെട്ടിക്കിടക്കുന്ന അവസ്ഥ പൂർണ്ണമായും ഇല്ലാതാക്കാൻ കയർ വികസന വകുപ്പിന് കഴിഞ്ഞു. കൂടാതെ വിറ്റഴിക്കാൻ പ്രയാസമുള്ള കയറിനങ്ങൾക്ക് ഉൾപ്പെടെ നൽകിയിരുന്ന ഡിസ്കൗണ്ട് നിരക്ക് ഗണ്യമായി കുറയ്ക്കുവാനും കഴിഞ്ഞിട്ടുണ്ട്. 2015-16-ൽ 78800 ക്വിന്റൽ കയർ സംഭരിച്ച സ്ഥാനത്ത് 2018-19-ൽ 1.57 ലക്ഷം ക്വിന്റൽ കയറാണ് സംഭരിച്ചത്. ഇതിലെ സിംഹഭാഗവും കഴിഞ്ഞ സാമ്പത്തിക വർഷംതന്നെ വിറ്റഴിക്കാൻ സാധിച്ചിട്ടുണ്ട്. ഈ വർഷം 3 ലക്ഷം ക്വിന്റൽ കയർ ഉത്പാദിപ്പിക്കുക എന്ന ലക്ഷ്യംവച്ചാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. കയർ കേരള 2019-ലൂടെ ലഭ്യമാകുന്ന 100 കോടി രൂപയുടെ കയർ ഭൂവസ്ത്രത്തിനുള്ള ഓർഡറുകളും റോഡ് നിർമ്മാണത്തിന് പി.ഡബ്ല്യൂ.ഡി. വഴി ലഭ്യമാകുന്ന ഓർഡറുകളും ഈ കയർ വിറ്റഴിക്കുന്നതിന് പര്യാപ്തമാണ്. അതുവഴി സംഭരിക്കുന്ന കയറിന്റെ വില ഉടൻതന്നെ സംഘങ്ങൾക്ക് ലഭ്യമാക്കാനാകും. കൂടാതെ മൊബൈൽ സാങ്കേതിക വിദ്യാസഹായത്തോടെ കയർ സംഭരിക്കുമ്പോൾ തന്നെ അതിന്റെ വില സംഘങ്ങളുടെ അക്കൗണ്ടിലേയ്ക്ക് കയർഫെഡിന്റെ അക്കൗണ്ടിൽ നിന്നും ട്രാൻസ്ഫർ ചെയ്തുകൊടുക്കത്തക്ക രീതിയിൽ സാങ്കേതിക സംവിധാനം സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റ് ആവിഷ്കരിച്ചുവരികയാണ്.

## കയർ മേഖല നേരിടുന്ന പ്രതിസന്ധി

136 (2414) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ മേഖല നിലവിൽ പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) ഇറക്കുമതി അവസാനിപ്പിച്ച് ഇവിടെത്തന്നെ ചകിരി ഉല്പാദിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും ആയത് വിജയപ്രദമാണോയെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും വിശദമാക്കാമോ;

(സി) തെക്കൻ കേരളത്തിന്റെ കുത്തകയായ കയർ വ്യവസായം മലബാർ മേഖലയിലേക്ക് കൂടുതൽ വ്യാപിക്കുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ചകിരിയുടെ ക്ഷാമമാണ് കയർപിരിമേഖല നേരിടുന്ന പ്രധാന വെല്ലുവിളി. കയർപിരി മേഖലയും ഉൽപ്പന്ന മേഖലയും നേരിടുന്ന പ്രശ്നങ്ങൾ അപ്പപ്പോൾ കണ്ടെത്തി പരിഹരിച്ചുവരുന്നുണ്ട്. ചകിരിക്ഷാമം പരിഹരിക്കുന്നതിന് ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചുകൊണ്ട് ചകിരി ഉത്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

കയർ മേഖലയിൽ നടപ്പാക്കുന്ന രണ്ടാം പുനഃസംഘടനാ സ്കീം പ്രകാരം ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉത്പ്പാദന കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തി തൊണ്ടുസംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവൽക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉത്പാദിപ്പിച്ച് കയർ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും ഉത്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനും രണ്ടാം പുനഃസംഘടന ലക്ഷ്യമിടുന്നു. കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്., തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, നാളികേര ഉത്പാദക കമ്പനികൾ എന്നിവയ്ക്ക് 90 ശതമാനം സബ്സിഡിയോടെയും സ്വകാര്യ സംരംഭകർ/ഇതര ഏജൻസികൾ എന്നിവയ്ക്ക് 50 ശതമാനം സബ്സിഡിയോടെയും ഡീ-ഫൈബറിംഗ് മിൽ അനുവദിക്കുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്.

കയർ സഹകരണ സംഘങ്ങൾക്കുപുറമേ, ചകിരി ഉത്പാദിപ്പിക്കുന്നതിന് പുതുതായി ആരംഭിക്കുന്ന സ്വകാര്യ യൂണിറ്റുകൾ, സ്വകാര്യ സംരംഭകർ/ഇതര ഏജൻസികൾ എന്നിവയ്ക്ക് 50 ശതമാനം സബ്സിഡിയോടെയും ഡീ-ഫൈബറിംഗ് മില്ലുകൾ അനുവദിക്കുന്നതിനായി ഉത്തരവായിട്ടുണ്ട്.

സർക്കാരിന്റെ ഇത്തരം ഇടപെടലിന്റെ ഫലമായി ചകിരി ഉത്പാദനത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് 44 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്. 2015-16-ൽ കയർഫെഡ് സംസ്ഥാനത്തിനകത്തുനിന്നോ പുറത്തുനിന്നോ ചകിരി സംഭരിച്ച് കയർ സംഘങ്ങൾക്ക് നൽകിയിരുന്നില്ല. എന്നാൽ 2016-17 മുതൽ കയർഫെഡ് കേരളത്തിലെ ഡീ-ഫൈബറിംഗ് മില്ലുകളിൽ നിന്ന് ചകിരി സംഭരിച്ച് സംഘങ്ങൾക്ക് നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

<table>
<tr><th>വർഷം</th><th>ചകിരി വില ലക്ഷത്തിൽ</th><th></th></tr>
<tr><td>2015-16</td><td>ഇല്ല</td><td rowspan="4">2019-20 സെപ്റ്റംബർ 30 വരെ 179.05 ലക്ഷം രൂപ വിലമതിക്കുന്ന ചകിരി സംസ്ഥാനത്തെ ഡി.എഫ്. മില്ലുകളിൽ നിന്ന് കയർഫെഡ് സംഭരിച്ച് സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇത് മുൻ വർഷത്തെക്കാൾ 44 ശതമാനം അധികമാണ്.</td></tr>
<tr><td>2016-17</td><td>50.94</td></tr>
<tr><td>2017-18</td><td>78.14</td></tr>
<tr><td>2018-19</td><td>284.02</td></tr>
</table>

13-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി പ്രഖ്യാപിക്കപ്പെട്ട 500 ചകിരി മില്ലുകൾ സ്ഥാപിക്കുന്നതോടുകൂടി ചകിരി ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സാധിക്കുന്നതാണ്.

(ബി) തൊണ്ടുസംഭരണം ശക്തിപ്പെടുത്തിയും പൂർണ്ണമായും യന്ത്രവൽക്കരണം നടപ്പിലാക്കിയും പരമാവധി ചകിരി ഉത്പാദിപ്പിച്ച് കയർ മേഖലയെ ശക്തിപ്പെടുത്തുവാനുള്ള 2-ാം പുനഃസംഘടനാ പദ്ധതി വിജയപ്രദമാണ്.

ഈ പദ്ധതി പ്രകാരം ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉത്പാദക കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തി തൊണ്ടുസംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവൽക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉത്പാദിപ്പിക്കുന്നതിനും കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപടി സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി കുടുംബശ്രീ സംസ്ഥാന മിഷനും ജില്ലാ മിഷനുകളുമായി ചർച്ചകൾ നടത്തുകയുണ്ടായി. എന്നാൽ കണ്ണൂർ പ്രോജക്ട് ഓഫീസിനുകീഴിൽ രണ്ടും തൃശ്ശൂർ പ്രോജക്ട് ഓഫീസിനു കീഴിൽ ഒന്നും ഉൾപ്പെടെ മൂന്ന് ഡീ-ഫൈബറിംഗ് മില്ലുകളാണ് സംസ്ഥാനത്ത് കുടുംബശ്രീ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുള്ളത്. കണ്ണൂർ, തൃശ്ശൂർ, നോർത്ത് പറവൂർ, കോഴിക്കോട്, പൊന്നാനി എന്നീ പ്രോജക്ടുകളിലായി ആറ് ഡീ-ഫൈബറിംഗ് യൂണിറ്റുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. കുടുംബശ്രീയിൽ നിന്ന് കൂടുതൽ പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇതിനാവശ്യമായ ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള പണം (407.5 ലക്ഷം രൂപ) കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ച്ചറിംഗ് കമ്പനിക്ക് കൈമാറിയിട്ടുണ്ട്.

ചകിരി ഉത്പാദനത്തിൽ നിർണ്ണായക അളവിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്നതാണ് പ്രധാനമായും ലക്ഷ്യമിട്ടിട്ടുള്ളത്. 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് 500 ചകിരി മില്ലുകൾ സ്ഥാപിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ട് പോകുകയാണ്. സംസ്ഥാനത്ത് ഇതുവരെ പ്രതിദിനം 8000 മുതൽ 30000 തൊണ്ടുവരെ ചകിരിയാക്കുന്നതിനു കഴിയുന്ന 75 യന്ത്രവത്കൃത ചകിരി മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 100 എന്ന സംഖ്യയിലേയ്ക്ക് ഡി.എഫ്.മില്ലുകളുടെ എണ്ണം ഉടൻതന്നെ ഉയർത്താനാകും. ഇവയുടെ സ്ഥാപിത ഉത്പാദനശേഷി 200 പ്രവൃത്തി ദിനങ്ങളായി ഉയർത്തുന്നതോടുകൂടി 8 കോടി തൊണ്ടുകൾ സംസ്കരിക്കാൻ കഴിയുന്നതാണ്. ഇതുവഴി ചകിരി ഉത്പാദനം 5600 ടണ്ണായി വർദ്ധിപ്പിക്കാൻ കഴിയും. കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനി എന്നിവയ്ക്ക് ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിന്, പ്രവർത്തന മൂലധനം ഒഴികെയുള്ള മൊത്തം പദ്ധതി ചെലവിന്റെ അടിസ്ഥാനത്തിൽ 90 ശതമാനവും സ്വകാര്യ സംരംഭകർക്ക് 50 ശതമാനവും പരമാവധി 25 ലക്ഷം രൂപ എന്ന കണക്കിൽ സബ്സിഡി നൽകിവരുന്നു. സ്വകാര്യ സംരംഭകർക്ക് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി വായ്പ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചു കഴിഞ്ഞു.

മേൽ നടപടികളുടെ ഭാഗമായി മുൻകാലഘട്ടങ്ങളിൽ ചകിരിക്കായി തമിഴ്നാടിനെ ആശ്രയിച്ചിരുന്ന സംഘങ്ങൾക്ക് ഡി.എഫ്. മില്ലുകളിൽ ഉത്പാദിപ്പിക്കുന്ന ചകിരി ലഭ്യമാക്കുന്നതിന് സാധിക്കുന്നുണ്ട്. കൂടാതെ വിവിധ ഡി.എഫ്. മില്ലുകൾ, ചകിരി ഉത്പാദക സംഘങ്ങൾ എന്നിവ ചകിരി ഉത്പാദിപ്പിച്ച് കയർഫെഡിന് നൽകുന്നുണ്ട്. വൈക്കം പ്രോജക്ടിൽ ഡി.എഫ്. മിൽ സ്ഥാപിച്ചിട്ടുള്ള സംഘങ്ങൾ സ്വന്തം ആവശ്യത്തിന് ചകിരി ഉത്പാദിപ്പിച്ച് എടുക്കുന്നു. കേരളത്തിന്റെ വടക്കൻ മേഖലകളിൽ കൂടുതൽ തൊണ്ട് ലഭ്യമാകുന്നതിനാൽ ആ മേഖലകളിൽ കൂടുതൽ ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനും സബ്സിഡി നൽകി സ്വകാര്യ സംരംഭകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തൊണ്ട് ലഭ്യത താരതമ്യേന കുറവുള്ള തെക്കൻ മേഖലകളിൽ ന്യായവിലയിൽ തൊണ്ട് ലഭ്യമാക്കുന്നതിന് വൈക്കം ആസ്ഥാനമായ ഒരു കയർ കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം നിലവിൽ വൈക്കം കേന്ദ്രീകരിച്ചാണ് നടക്കുന്നതെങ്കിലും കേരളത്തിലെ മുഴുവൻ സംഘങ്ങൾക്കും ഇതിന്റെ സേവനം ലഭ്യമാണ്. മുൻ കാലങ്ങളിൽ സ്ഥാപിച്ച യന്ത്രസാമഗ്രികളുടെ ഗുണനിലവാരക്കുറവും മെയിന്റനൻസ് സൗകര്യങ്ങൾ ഇല്ലാതെ പോയതും യന്ത്രവൽക്കരണത്തിന്

തിരിച്ചടിയായിട്ടുണ്ട്. മുൻകാല അനുഭവങ്ങളിൽ നിന്ന് പാഠമുൾക്കൊണ്ടുകൊണ്ടാണ് രണ്ടാം പുനഃസംഘടന ആവിഷ്കരിച്ചിട്ടുള്ളത്. മേൽ സാഹചര്യങ്ങൾ പരിശോധിക്കുമ്പോൾ രണ്ടം പുനഃസംഘടനയുടെ ഭാഗമായി ചകിരി ഉത്പാദനത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിജയപ്രദമാണ്.

(സി) കയർ വികസന വകുപ്പിനുകീഴിൽ മലബാർ മേഖലയിൽ കണ്ണൂർ, കോഴിക്കോട്, പൊന്നാനി എന്നിവിടങ്ങളിലാണ് കയർ പ്രോജക്ട് ഓഫീസുകൾ പ്രവർത്തിച്ചുവരുന്നത്. ടി പ്രോജക്ടുകളുടെ പരിധിയിലുള്ള മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പ്രധാനമായും കൊയിലാണ്ടി, ബേപ്പൂർ, കെ.എം.ആർ.വൈ. എന്നീ ഇനങ്ങളിൽ ഉൾപ്പെട്ട കയറുകളും കൈപ്പിരി കയറുമാണ് ഉത്പാദിപ്പിച്ചുവരുന്നത്. വൈക്കം കയറിനെ അപേക്ഷിച്ച് ഇത്തരം കയറിനങ്ങൾക്ക് വിപണന സാധ്യത കുറവാണ്. എന്നാൽ പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കുന്നതിനായി ഈ കയറുകൾ പൂർണ്ണമായും കയർഫെഡ് വഴി സർക്കാർ സംഭരിക്കുന്നുണ്ട്. ഉയർന്ന നിരക്കിലെ ഡിസ്കൗണ്ട് നൽകിയാണ് ഇവ വിറ്റഴിക്കുന്നത്. കൂടാതെ കയർ ഭൂവസ്ത്ര പദ്ധതിയിൽ ഭൂവസ്ത്ര നിർമ്മാണത്തിനും ഈ കയറുകൾ ഉപയോഗിക്കുന്നുണ്ട്.

എന്നാൽ കയർ മേഖലയിലുള്ള സഹകരണ സംഘങ്ങൾക്ക് ആട്ടോമാറ്റിക് സ്പിന്നിംഗ് മില്ലുകൾ, ഇലക്ട്രോണിക് റാട്ടുകൾ മുതലായവ വിതരണം ചെയ്ത് പ്രസ്തുത സംഘങ്ങളിലെ തൊഴിലാളികൾക്ക് ഇവയിൽ പരിശീലനം നൽകി ഇവരെ സംരക്ഷിക്കുന്നതിനും മാർക്ക് ഉള്ള കയറുകൾ പിരിക്കുന്നതിന് പ്രാപ്തരാക്കുന്നതിനും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയും വരുന്നു.

കൂടാതെ കേരളത്തിന്റെ ഭൂപ്രകൃതിയുടെ സവിശേഷത കാരണം മലബാർ മേഖലയിലാണ് നാളികേര ഉത്പാദനം വലിയ തോതിൽ നടക്കുന്നത്. തന്മൂലം തൊണ്ടിന്റെ ലഭ്യത കൂടുതലും ഈ മേഖലയിലാണ്. ഈ മേഖലയിൽ കൂടുതൽ ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിന് സ്വകാര്യ സംരംഭകരുടെയും പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളുടെയും സേവനം പ്രയോജനപ്പെടുത്തുന്നതിന് കയർ വികസന വകുപ്പ് നടപടി സ്വീകരിച്ചുകഴിഞ്ഞു. കൂടുതൽ ഡീ-ഫൈബറിംഗ് മില്ലുകൾ ഈ മേഖലയിൽ ആരംഭിച്ച് ചകിരി ഉത്പാദനം വർദ്ധിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## കയർമേഖല അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രതിസന്ധി

137 (2415) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർമേഖല അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രതിസന്ധി സർക്കാർ കണക്കിലെടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മേഖലയെ സഹായിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) കയറിന്റെ വിപണന ശൃംഖല വ്യാപിപ്പിക്കുവാൻ ഒരു ഉല്പന്ന മാർക്കറ്റിംഗ് കമ്പനി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും വില സ്ഥിരതയ്ക്കായി പ്രൈസ് ഫ്ളക്ച്വേഷൻ സ്കീം നടപ്പിലാക്കിയിട്ടുണ്ടോ; ഈ സാമ്പത്തിക വർഷം എന്ത് സഹായമാണ് ആയതിലൂടെ അനുവദിച്ചതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ചകിരിയുടെ ക്ഷാമമാണ് കയർപിരിമേഖല നേരിടുന്ന പ്രധാന വെല്ലുവിളി. കയർപിരി മേഖലയും ചെറുകിട കയർ ഫാക്ടറി മേഖലയും നേരിടുന്ന പ്രശ്നങ്ങൾ അപ്പപ്പോൾ കണ്ടെത്തി പരിഹരിച്ചുവരുന്നുണ്ട്. ചകിരിക്ഷാമം പരിഹരിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ച് ചകിരിക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്., തദ്ദേശഭരണ സ്ഥാപനങ്ങൾ, നാളികേര ഉത്പ്പാദക കമ്പനികൾ എന്നിവയ്ക്ക് 90 ശതമാനം സബ്സിഡിയോടെയും സ്വകാര്യ സംരംഭകർ/ഇതര ഏജൻസികൾ എന്നിവയ്ക്ക് 50 ശതമാനം സബ്സിഡിയോടെയും ഡീ-ഫൈബറിംഗ് മിൽ അനുവദിക്കുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്. ഇത് നടപ്പിലായി കഴിഞ്ഞു. സംസ്ഥാനത്ത് ഇതിനോടകം 75 ഡി.എഫ്. മില്ലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 13-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 500 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

കയർപിരി മേഖലയിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ആയതിന് എൻ.സി.ഡി.സി. ധനസഹായ പ്രകാരം തുക ലഭ്യമായിട്ടുണ്ട്. ആലപ്പുഴ, കണ്ണൂർ, വൈക്കം പ്രോജക്ടുകളിലെ സംഘങ്ങൾ 10 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ വീതം സ്ഥാപിച്ച് ഫാക്ടറി ടൈപ്പ് സംഘമായി പ്രവർത്തിച്ചുതുടങ്ങിയിട്ടുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത അനുസരിച്ച് തെരഞ്ഞെടുക്കുന്ന കയർ സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘമായി പരിവർത്തനം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നു.

കയർ ഉത്പന്ന വൈവിധ്യവൽക്കരണം, യന്ത്രവൽക്കരണം എന്നിവയിലൂടെ കയർ ജിയോ ടെക്സ്റ്റൈൽസ്, കയർ നീഡിൽ ഫെൽറ്റ്, കയർ കോമ്പോസിറ്റ് ബോർഡ്സ്, കയർ അക്വസ്റ്റിക്സ് പാനൽസ് എന്നിങ്ങനെയുള്ള ഉത്പന്നങ്ങളുടെ നിർമ്മാണത്തിനാണ് പ്രാമുഖ്യം നൽകുന്നത്. കയർ ഭൂവസ്ത്രം പരമ്പരാഗത പായ തറികളിൽ നെയ്യുന്നതിനെയാണ് പ്രോത്സാഹിപ്പിക്കുന്നത്.

മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന കയർ സംഘങ്ങളിൽ 2019-20 വർഷത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് അവയെ ഫാക്ടറി ടൈപ്പായി പുനഃസംഘടിപ്പിക്കുകയാണ്.

(ബി) കേരള കയർ മാർക്കറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ മാർക്കറ്റിംഗ് കമ്പനി രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) കയറിന്റെയും കയർ ഉത്പന്നങ്ങളുടെയും വിലസ്ഥിരതയ്ക്കായി പ്രൈസ് ഫ്ലക്ച്വേഷൻ സ്കീം 2009-10 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. കേരള സർക്കാരിന്റെ കയർ രംഗത്തെ അഭിമാന പദ്ധതിയായ ക്രയവിലസ്ഥിരതാ പദ്ധതി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ നേതൃത്വത്തിൽ വിജയകരമായി നടപ്പാക്കിവരുന്നു. വികേന്ദ്രീകരിക്കപ്പെട്ടുപോയ കയർ വ്യവസായ രംഗത്തെ പുനഃസംഘടിപ്പിച്ചുകൊണ്ട് കയർ തൊഴിലാളികൾക്ക് ന്യായമായ വേതനവും തൊഴിലും ഉറപ്പുവരുത്തുന്നതിനും ചെറുകിട കയർ ഉത്പന്ന നിർമ്മാതാക്കൾക്ക് അവരുടെ ഉത്പന്നങ്ങൾക്കുള്ള ന്യായവില ലഭ്യമാക്കുന്നതിനും കയർ കയറ്റുമതിക്കാർക്ക് ഗുണനിലവാരമുള്ള ഉത്പന്നങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും അതോടൊപ്പം വ്യാവസായിക പ്രോത്സാഹനമായി ഇൻസെന്റീവുകൾ നൽകുന്നതിനുമാണ് സർക്കാർ ഈ പദ്ധതി വഴി വിഭാവനം ചെയ്യുന്നത്. 2018-19 സാമ്പത്തിക വർഷം ക്രയവിലസ്ഥിരതാ പദ്ധതി പ്രകാരം കയർഫെഡ്ഡിന് സബ്സിഡിയായി 29.42 കോടിയും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് സബ്സിഡിയായി 30 കോടിയുമുൾപ്പെടെ ആകെ 59.42 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 45 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## ആർ.സി.ഇ.പി. കരാർ

138 (2416) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.സി.ഇ.പി കരാർ സംസ്ഥാനത്തിന്റെ വ്യവസായ മേഖലയെ എങ്ങനെ ബാധിക്കുമെന്നതിനെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) കരാർ നടപ്പിലാക്കിയാൽ ഉണ്ടാകുന്ന പ്രതിസന്ധികൾ ചർച്ച ചെയ്യാനും പരിഹരിക്കാനും വകുപ്പുതലത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) കരാർ സംബന്ധിച്ച സംസ്ഥാനത്തിന്റെ ആശങ്കകൾ കേന്ദ്രത്തെ അറിയിക്കാൻ പ്രത്യേക മന്ത്രിതല സംഘത്തെ നിയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

<u>ഉത്തരം</u>

(എ-സി) ആർ.സി.ഇ.പി. കരാറിൽ ഇന്ത്യ ഒപ്പുവച്ചാൽ രാജ്യത്തിന്റെ കാർഷിക-ക്ഷീര-മത്സ്യബന്ധന-വാണിജ്യ മേഖലകളിൽ കടുത്ത പ്രതിസന്ധികൾ സൃഷ്ടിക്കുമെന്ന ആശങ്ക രാജ്യത്താകമാനം ഉയർന്നുവരികയാണ്. വ്യവസായ രംഗത്തെ സംബന്ധിച്ച് വലിയ തോതിലുള്ള ഭീഷണിയാണ് ഇതിലൂടെ ഉയർന്നുവരുന്നത്. ചൈന ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന ഉത്പന്നങ്ങൾ ഇന്ത്യൻ മാർക്കറ്റിൽ കെട്ടിക്കിടക്കാൻ ഇടവരുകയും അത് സൂക്ഷ്മ-ചെറുകിട ഉത്പന്നങ്ങളുടെ വിപണിയെ സാരമായി ബാധിക്കുമെന്നും ഉറപ്പാണ്. സംസ്ഥാനം വാണിജ്യ പുരോഗതിക്കായി "Commerce Mission" സ്ഥാപിച്ച് MSME ഉത്പന്നങ്ങൾക്ക് സ്വദേശ<u>ത്തും</u> വിദേശ<u>ത്തും</u> വിപണി കണ്ടെത്താൻ ശ്രമിക്കുന്ന സമയത്ത് RCEP കരാർ ഇടത്തരം ചെറുകിട ഉത്പാദകരെയും സംസ്ഥാനത്തെ മിക്ക പൊതുമേഖലാ സ്ഥാപനങ്ങളെയും ഗൗരവതരമായി ബാധിക്കും. കൂടാതെ ഭക്ഷ്യ ഉത്പാദന വ്യവസായ മേഖല, സമുദ്രോത്പന്നങ്ങളുടെ കയറ്റുമതി എന്നിവയിൽ നിന്നുള്ള വരുമാനം വളരെയധികം താഴെ പോകുകയും ഈ മേഖലയിൽ ഗുരുതരമായ പ്രതിസന്ധി ഉടലെടുക്കുകയും ചെയ്യും.

ഈ സാഹചര്യത്തിൽ കരാറിനെതിരെ അഭിപ്രായ രൂപീകരണത്തിന് കൃഷിവകുപ്പ് മുൻകൈയെടുത്ത് മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, വ്യവസായം എന്നീ വകുപ്പുകളുടെ പങ്കാളിത്തത്തോടുകൂടി 28-10-2019-ന് തിരുവനന്തപുരം കനകക്കുന്ന് നിശാഗന്ധി ആഡിറ്റോറിയത്തിൽ കൃഷി

വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും ധനകാര്യം, ജലവിഭവം, മത്സ്യബന്ധനം, മൃഗസംരക്ഷണം, ക്ഷീരവികസനം, വ്യവസായം എന്നീ വകുപ്പുമന്ത്രിമാരുടെ സാന്നിധ്യത്തിലും 'ആർ.സി.ഇ.പി. കരാറും കേരളവും' എന്ന വിഷയത്തിൽ ഒരു ശിൽപ്പശാല സംഘടിപ്പിക്കുകയുമുണ്ടായി.

ഇന്ത്യയ്ക്ക് അനുകൂലമല്ലാത്ത വ്യവസ്ഥകൾ അംഗീകരിക്കരുതെന്നും രാജ്യത്തെ സാധാരണ ജനങ്ങളുടെ മേൽ അധികഭാരം ഏൽപ്പിക്കുന്ന ഈ കരാർ ഒപ്പുവയ്ക്കാനുള്ള ആലോചനകളിൽനിന്ന് കേന്ദ്ര സർക്കാർ പിന്മാറണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഈ സമ്മേളനം ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കുകയുണ്ടായിട്ടുണ്ട്.

## ചെറുകിട-ഇടത്തരം വ്യവസായ സംരംഭകർക്ക് വിപണി

139 (2417) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട ഇടത്തരം വ്യവസായ സംരംഭകരെ പരിപോഷിപ്പിക്കുന്നതിനും വിപണി കണ്ടെത്തുന്നതിനും എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കേരളത്തിലെ എം.എസ്.എം.ഇ., പൊതുമേഖല, കുടുംബശ്രീ തുടങ്ങിയ മേഖലയിലുള്ളവർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് ദേശീയ/അന്തർദ്ദേശീയ വിപണി കണ്ടെത്തുവാൻ വാണിജ്യ മിഷൻ രൂപീകരിച്ചിട്ടുണ്ടോ; അതിന്റെ പ്രവർത്തനം വിശദമാക്കുമോ;

(സി) 2018-ലെ മഹാപ്രളയത്തിലും 2019-ലെ പേമാരിയിലും നാശനഷ്ടം സംഭവിച്ച ചെറുകിട-ഇടത്തരം വ്യവസായ സംരംഭകർക്ക് എന്തൊക്കെ ആശ്വാസ നടപടികളാണ് സർക്കാർ ഇതിനകം നൽകിയത് എന്നറിയിക്കാമോ?

### ഉത്തരം

(എ&ബി) കേരളത്തിലെ ചെറുകിട ഇടത്തരം വ്യവസായ സംരംഭകരെ പരിപോഷിപ്പിക്കുന്നതിനും വാണിജ്യമേഖലയുടെ പ്രോത്സാഹനത്തിനും വികസനത്തിനും സംസ്ഥാനത്തെ തനതായ ഉത്പന്നങ്ങൾക്ക് ആഗോള വിപണി കണ്ടെത്തുന്നതും തുടങ്ങി വിവിധ ലക്ഷ്യങ്ങളെ മുൻനിർത്തി വാണിജ്യ മിഷന് സർക്കാർ രൂപം നൽകിയിട്ടുണ്ട്.

വാണിജ്യ മിഷന്റെ പ്രവർത്തനം/ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. സംസ്ഥാനത്തെ ചെറുകിട വ്യാപാര മേഖലയെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുക. ടൂറിസം വകുപ്പുമായി ചേർന്ന് മേളകൾ സംഘടിപ്പിക്കുക.

2. ഭാരതത്തിലും വിദേശങ്ങളിലുമായി നടക്കുന്ന മേജർ ടെക് ഫെയറുകളിൽ സംസ്ഥാനത്തുനിന്നും സംരംഭക പ്രതിനിധികളെ പങ്കെടുപ്പിക്കുന്നതിന് വിവിധ രീതിയിൽ സഹായിക്കുക.

3. കേരളത്തിലെ നിക്ഷേപകരെ ദേശീയ/അന്തർദ്ദേശീയ മേളകളിലും സമ്മേളനങ്ങളിലും പങ്കെടുപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുക.

4. ദേശീയ-അന്തർദ്ദേശീയ തലങ്ങളിൽ കേരളത്തിലെ വിവിധ ഉത്പന്നങ്ങൾ ആവശ്യക്കാർക്ക് നേരിട്ട് വിപണനം നടത്തുക.

5. ഭക്ഷ്യ സംസ്കരണം, കൈത്തറി വസ്ത്രം, കരകൗശല സാധനങ്ങൾ, തടി ഫർണിച്ചർ, ബാംബൂ ഉത്പന്നങ്ങൾ, കേരള സോപ്പ് എന്നിവയുടെ വിപണനം പ്രൊമോട്ട് ചെയ്യുന്നതിന് ഓരോ വിഭാഗത്തിനും സംസ്ഥാന തലത്തിൽ മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കുക.

6. പ്രോജക്ട് കൺസൾട്ടൻസി തുടങ്ങുക.

നിലവിൽ ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും സൂക്ഷ്മ-ഇടത്തരം വ്യവസായ സംരംഭകരുടെ ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് പ്രദർശന വിൽപ്പന മേളകൾ സംഘടിപ്പിച്ചുവരുന്നു. സംസ്ഥാനത്തിന് പുറത്തുള്ള മേളകളിൽ പങ്കെടുക്കുന്നതിന് സഹായം നൽകിവരുന്നു.

(സി) പ്രളയവുമായി ബന്ധപ്പെട്ട് വ്യവസായ യൂണിറ്റുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ വ്യവസായ വാണിജ്യ വകുപ്പ് മുഖാന്തരം സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

പ്രളയക്കെടുതിയിൽ ഉൾപ്പെട്ട MSME യൂണിറ്റുകൾക്കും ഷോപ്പുകൾക്കും നേരിട്ട് നഷ്ടം കണക്കാക്കുന്നതിലേയ്ക്കായി ഒരു മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിക്കുകയും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ ചുമതലയിൽ വ്യവസായ വികസന ആഫീസർമാർ ഓരോ യൂണിറ്റുകളും നേരിട്ട് സന്ദർശിച്ച് സർവ്വേ നടത്തി വിവരം ശേഖരിച്ചതിന്റെ അടിസ്ഥാനത്തിൽ 5355 MSME യൂണിറ്റുകൾക്ക് ഏകദേശം 1415.57 കോടി രൂപയുടേയും 16061 ഷോപ്പുകൾക്ക് 624.90 കോടി രൂപയുടേയും നാശനഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

17-12-2018-ലെ സ.ഉ. (കൈ)27/2018/DMD ഉത്തരവ് പ്രകാരം 2018-ലെ പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവനമാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിലേയ്ക്കായി സർക്കാർ 'ഉജ്ജീവന സഹായ പദ്ധതി' പ്രഖ്യാപിച്ച് നടപ്പിലാക്കിവരികയാണ്. പ്രളയത്തിൽ ഉൾപ്പെട്ടെന്ന് വ്യവസായ വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തരം നടത്തിയ സർവ്വേയിൽ ഉൾപ്പെട്ട ചെറുകിട-ഇടത്തരം വ്യവസായ-വാണിജ്യ സ്ഥാപനങ്ങൾ, കടകൾ എന്നിവർക്ക് അവരുടെ സ്ഥാപനത്തിന്റെ പുനരാരംഭത്തിനായി ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്.

സർക്കാർ പ്രഖ്യാപിച്ച 'ഉജ്ജീവനസഹായ' പദ്ധതി പ്രകാരമുള്ള ആനുകൂല്യം വ്യവസായ വകുപ്പിന്റെ സർവ്വേയിൽ ഉൾപ്പെട്ട യൂണിറ്റുകൾക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ എല്ലാ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരും സ്വീകരിക്കുകയും അപേക്ഷകൾ ബാങ്കുകൾക്ക് ശിപാർശ ചെയ്യുകയും ചെയ്തുവരുന്നുണ്ട്.

1. സർവ്വേയിൽ ഉൾപ്പെട്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് അതാത് ലീഡ് ബാങ്ക് മാനേജർ മുഖാന്തരം ജില്ലാതല ബാങ്കേഴ്സ് സമിതിക്ക് നൽകുന്നതിന് ജനറൽ മാനേജർമാർക്ക് നിർദ്ദേശം നൽകിയിരുന്നു.

2. പ്രളയബാധിത ജില്ലകളിലെ ലീഡ് ബാങ്ക് മാനേജർ, വ്യാപാരി വ്യവസായ പ്രതിനിധികൾ, KSSIA, പ്രളയ ബാധിത യൂണിറ്റുകളുടെ പ്രതിനിധികൾ എന്നിവരുടെ ഒന്നിലധികം യോഗങ്ങൾ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ അദ്ധ്യക്ഷതയിൽ ചേരുകയും ഉജ്ജീവന പദ്ധതി വിശദീകരിക്കുകയും അപേക്ഷകൾ ബാങ്കുകളിലേയ്ക്ക് സമർപ്പിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

2019-20-ൽ നടപ്പിലാക്കി വരുന്ന വ്യവസായ വകുപ്പിന്റെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ.

- പ്രളയം ബാധിച്ച സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള സഹായം (പ്രളയ പുനരുദ്ധാരണ പദ്ധതി)

- പ്രളയം ബാധിച്ച സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ യൂണികൾക്കുള്ള പലിശ ധനസഹായം (പ്രളയ പുനർ നിർമ്മാണ പദ്ധതി).

## റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ

140 (2418) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിലത്തകർച്ചമൂലം പ്രയാസപ്പെടുന്ന റബ്ബർ കൃഷിക്കാരെ സഹായിക്കുന്നതിനായി വ്യവസായവകുപ്പ് മുഖേന റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

വിലത്തകർച്ചമൂലം പ്രയാസമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നതിനുവേണ്ടി സിയാൽ മോഡലിൽ "കേരള റബ്ബർ ലിമിറ്റഡ് " എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. ടയർ ഉൾപ്പെടെയുള്ള റബ്ബർ അധിഷ്ഠിത മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഈ കമ്പനിക്ക് കീഴിൽ നിർമ്മിക്കാനുദ്ദേശിക്കുന്നു. സ്ഥലം നിശ്ചയിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ചുവരുന്നു.

## റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കാൻ കമ്പനി രൂപീകരണം

141 (2419) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കാൻ സിയാൽ മാതൃകയിൽ പൊതുസ്വകാര്യ പങ്കാളിത്തത്തോടെ കമ്പനി രൂപീകരണത്തിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) കമ്പനി എവിടെയാണ് പ്രവർത്തന സജ്ജമാക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനായി സമിതിയെ നിശ്ചയിച്ചിട്ടുണ്ടോ എന്നും ആരൊക്കെയാണ് അതിലെ അംഗങ്ങൾ എന്നും അറിയിക്കാമോ;

(സി) പ്രസ്തുത കമ്പനിക്കായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) റബ്ബർ കർഷകരെ സഹായിക്കുന്നതിന് റബ്ബർ മേഖലയിലെ മൂല്യവർദ്ധന ലക്ഷ്യമാക്കി സിയാൽ മോഡലിൽ ഒരു റബ്ബർ കമ്പനി "കേരള റബ്ബർ ലിമിറ്റഡ് " എന്ന പേരിൽ 2-2-2019-ലെ G.O. (MS) 16/2019/ID പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

(ബി) സർക്കാർ ഉത്തരവ് G.O. (MS) 16/2019/ID തീയതി 2-2-2019 പ്രകാരം 11 അംഗ ബോർഡാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഇതിൽ ആറ് ഡയറക്ടർമാർ (ചെയർമാൻ, വൈസ് ചെയർമാൻ, മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെയുള്ള സർക്കാർ പ്രതിനിധികളും), 5 മുതൽ 10 ശതമാനം വരെ ഓഹരി പങ്കാളിത്തത്തോടുകൂടി സ്വകാര്യ മേഖലയിൽ നിന്നുള്ള 3 ഡയറക്ടർമാർ, മറ്റ് സ്റ്റേക്ക് ഹോൾഡേഴ്സിന്റെ പ്രതിനിധികളായിട്ടുള്ള 2 ഡയറക്ടർമാർ എന്നിവരാണ് അംഗങ്ങൾ.

(സി) കണ്ടെത്തിയ സ്ഥലങ്ങൾ സംബന്ധിച്ച് പരിശോധനകൾ നടന്നുവരുന്നു. സിയാൽ മോഡലിൽ ആണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കണ്ടെത്തിയിട്ടുള്ള ഭൂമിയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് റബ്ബർ അധിഷ്ഠിത മൂല്യവർദ്ധിത ഉത്പന്നങ്ങളാണ് കമ്പനി മുഖേന നിർമ്മിക്കാനുദ്ദേശിക്കുന്നത്.

## വ്യവസായ പ്രദർശന വിപണന കേന്ദ്രം

142 (2420) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വാണിജ്യ വ്യവസായ മേഖലയിലെ ഉൽപ്പന്നങ്ങൾക്ക് ആഗോളതലത്തിൽ വിപണന സാധ്യത കണ്ടെത്തുന്നതിനും രാജ്യത്തെ മറ്റ് പല സംരംഭകരുമായി ആശയവിനിമയം നടത്തുന്നതിനും ലക്ഷ്യമിട്ട് കിൻഫ്രയും കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ കീഴിലുള്ള ഇന്ത്യ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷനുമായി ചേർന്നുള്ള സംയുക്ത സംരംഭമായി എറണാകുളം കാക്കനാട് ഒരു സ്ഥിരം വ്യവസായ പ്രദർശന വിപണന കേന്ദ്രം ആരംഭിക്കുവാനായുള്ള പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ?

ഉത്തരം

വാണിജ്യ വ്യവസായ മേഖലയിലെ ഉത്പന്നങ്ങൾക്ക് ആഗോളതലത്തിൽ വിപണന സാധ്യത കണ്ടെത്തുന്നതിനും രാജ്യത്തെ മറ്റ് പല സംരംഭകരുമായി ആശയവിനിമയം നടത്തുന്നതിനും ലക്ഷ്യമിട്ട് കിൻഫ്രയും കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ കീഴിലുള്ള ഇന്ത്യ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷനും (ITPO) ചേർന്ന് സംയുക്ത സംരംഭമായി ഒരു അന്താരാഷ്ട്ര എക്സിബിഷൻ ആന്റ് കൺവെൻഷൻ സെന്റർ സ്ഥാപിക്കാൻ പദ്ധതിയുണ്ട്. എറണാകുളം ജില്ലയിലെ കാക്കനാട് 15 ഏക്കർ സ്ഥലത്താണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കിൻഫ്രയും ITPO-യുമായുള്ള ധാരണാപത്രം തയ്യാറായിട്ടുണ്ട്. ധാരണാപത്രം ഒപ്പിടുന്നതിനുള്ള നടപടി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ സന്നദ്ധത**

143 (2421) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ഓഹരികൾ വിൽക്കാൻ നിശ്ചയിച്ചിട്ടുള്ള ഏതെല്ലാം വ്യവസായ സ്ഥാപനങ്ങളാണ് സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ സന്നദ്ധത അറിയിച്ചുകൊണ്ട് കേന്ദ്ര സർക്കാരിനെ സമീപിച്ചത്; വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ ഏതെങ്കിലും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി, ഭൂമി എന്നിവ സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട്, BHEL-EML, കാസർഗോഡ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്, കോട്ടയം എന്നീ സ്ഥാപനങ്ങൾ നീതി ആയോഗിന്റെ ശിപാർശപ്രകാരം ഓഹരി വിറ്റഴിക്കാൻ കേന്ദ്ര സർക്കാർ നടപടികൾ സ്വീകരിച്ചു. ഇതിനെത്തുടർന്ന് ഇവയെ പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ട് നിരവധി തവണ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിനെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനായി അതിന്റെ ആസ്തികൾ 53.02 കോടി രൂപയ്ക്ക് വാങ്ങുന്നതിന് തീരുമാനിക്കുകയും സർക്കാർ ഉത്തരവ് G.O (MS) No. 52/2018/ID തീയതി 20-7-2018 പുറപ്പെടുവിക്കുകയും ചെയ്തു. തുടർന്ന് ഇൻസ്ട്രുമെന്റേഷൻ കേരള ലിമിറ്റഡ് എന്ന പേരിൽ പുതിയ കമ്പനി രൂപീകരിക്കാനുള്ള പ്രാഥമിക നടപടികൾ സ്വീകരിക്കുകയും ചെയ്തു.

കേന്ദ്ര/കേരള സർക്കാർ പ്രതിനിധികൾ ഇതുസംബന്ധിച്ച് കരട് ധാരണാപത്രം തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അന്തിമ അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ കേന്ദ്ര സർക്കാർ, ആസ്തിവില നിർണ്ണയിക്കുന്നതിൽ വസ്തുവിന്റെ വിലകൂടി കണക്കാക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. പാലക്കാട് ജില്ലയിലെ പുതുശ്ശേരി വില്ലേജിൽ സൗജന്യമായി സംസ്ഥാനം നൽകിയ ഭൂമിയാണിത്. ഏറ്റെടുക്കൽ നടപടികളെ മന്ദഗതിയിലാക്കിയത് കേന്ദ്രത്തിന്റെ ഈ സമീപനമാണ്. ഇത് പരിഹരിക്കാൻ സെക്രട്ടറി തലത്തിൽ ചർച്ചകൾ പുരോഗമിച്ചുവരുന്നു.

ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സംരംഭമായ കാസർഗോഡുള്ള ബി.എച്ച്.ഇ.എൽ.-ഇ.എം.എൽ.-ൽ ഉള്ള 51 ശതമാനം ബി.എച്ച്.ഇ.എൽ.-ന്റെ ഓഹരികൾ സംസ്ഥാന സർക്കാരിന് കൈമാറുന്നതിനുവേണ്ടി 7-9-2019-ലെ G.O. (MS) No. 78/2019/ID പുറപ്പെടുവിക്കുകയും ഇതുമായി ബന്ധപ്പെട്ട കരാർ ഒപ്പിടുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലുമാണ്.

കോട്ടയം ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ മാതൃസ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷനെ, ലിക്വിഡേറ്റ് ചെയ്ത് ബാധ്യതകൾ തീർപ്പാക്കുന്നതിനായി ഡൽഹിയിലെ നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ ഒഫിഷ്യൽ ലിക്വിഡേറ്ററെ നിയമിച്ചിട്ടുണ്ട്. കൂടാതെ കൊച്ചിയിലെ നാഷണൽ കമ്പനി ലോ ട്രിബ്യൂണലിൽ, എച്ച്.എൻ.എൽ.-ന് എതിരെയുള്ള ഇൻസോൾവൻസി കേസിൽ സംസ്ഥാന സർക്കാരും അപേക്ഷ നൽകിയിട്ടുണ്ട്. ഇതിനെല്ലാം സംസ്ഥാനത്തിന്റെ താൽപ്പര്യം അറിയിച്ചിട്ടുണ്ട്.

## തുറന്ന് പ്രവർത്തിപ്പിച്ച വ്യവസായ സ്ഥാപനങ്ങൾ

144 (2422) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂട്ടിക്കിടന്ന എത്ര വ്യവസായ സ്ഥാപനങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തുറന്ന് പ്രവർത്തിപ്പിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തരം നടപ്പിലാക്കി വരുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകൾ സ്വകാര്യ സംരംഭകരാണ് നടത്തുന്നത്. ഇത്തരം യൂണിറ്റുകൾ തുറന്ന് പ്രവർത്തിക്കുന്നത് ഉടമസ്ഥരുടെ ചുമതലയിലാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂട്ടിക്കിടന്ന പ്രസ്തുത 80 യൂണിറ്റുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തുറന്നു പ്രവർത്തിക്കുന്നുണ്ട്. നേരത്തെ പ്രവർത്തനം നിർത്തലാക്കിയിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ജീവനക്കാരെല്ലാം സ്വയം വിരമിക്കൽ പദ്ധതി പ്രകാരം മുൻ കാലങ്ങളിൽ തന്നെ പിരിഞ്ഞുപോയിട്ടുള്ളതും കമ്പനി രജിസ്ട്രാറുടെ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള ലിക്വിഡേഷൻ പ്രവർത്തനങ്ങൾ നടന്നുവരുന്നവയുമാണ്.

**പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ ശമ്പള പരിഷ്കരണം**

145 (2423) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച നടപടിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ ഏതെല്ലാം സ്ഥാപനങ്ങളുടെ മാനേജ്മെന്റും തൊഴിലാളി സംഘടനകളും തമ്മിൽ കരാർ ഒപ്പ് വച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

**പൊതുമേഖലാ സ്ഥാപനങ്ങൾ**

146 (2424) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ രണ്ടാം ശനിയാഴ്ച പ്രവൃത്തി ദിവസമല്ലാത്ത സ്ഥാപനങ്ങൾ ഏതൊക്കെയാണ്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വകുപ്പിലെ ഏതെങ്കിലും സ്ഥാപനങ്ങളിൽ നിന്നും രണ്ടാം ശനി അവധി അനുവദിക്കണം എന്ന് കാണിച്ച് സർക്കാരിനോ അതാത് സ്ഥാപനമേധാവികൾക്കോ തൊഴിലാളി/സംഘടനകളിൽ നിന്ന് അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിൽ സർക്കാർ/സ്ഥാപനം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) രണ്ടാം ശനിയാഴ്ച പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അവധി നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) ഉണ്ട്. കമ്പനികളുടെ ഉൽപ്പാദനത്തെ ബാധിക്കുമെന്നതിനാൽ ഭൂരിഭാഗം കമ്പനികളും പ്രസ്തുത അപേക്ഷകൾ പരിഗണിച്ചിട്ടില്ല. കൂടാതെ പല കമ്പനികളുടെയും സ്റ്റാൻഡിംഗ് ഓർഡർ അനുസരിച്ച് രണ്ടാം ശനിയാഴ്ച പ്രവൃത്തിദിനമായി ഉൾക്കൊള്ളിച്ചിട്ടുള്ളതുകൊണ്ടും ഷിഫ്റ്റ് ഡ്യൂട്ടി യഥാവിധം നടത്തികൊണ്ടുപോകുന്നതിനും വേണ്ടി രണ്ടാംശനിയാഴ്ച പ്രവൃത്തിദിനമായി നിശ്ചയിച്ചിരിക്കുന്നു.

**വ്യവസായമേഖല ലക്ഷ്യമിട്ട നേട്ടങ്ങൾ**

147 (2425) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷം വ്യവസായ മേഖല കൈവരിക്കുവാൻ ലക്ഷ്യമിട്ടിരുന്ന നേട്ടങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത നേട്ടങ്ങൾ കൈവരിക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2018-19 സാമ്പത്തിക വർഷം 160.01 കോടി രൂപയുടെ പദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തരം നടപ്പിലാക്കാൻ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നു. പദ്ധതികൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംരംഭക സഹായ പദ്ധതി പ്രകാരം ബഡ്ജറ്റിൽ വകയിരുത്തിയ 55 കോടി രൂപ 118 സംരംഭകർക്ക് അനുവദിച്ച് ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2018-ലെ പ്രളയത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി അടങ്കൽ 128.01 കോടി രൂപയായി പുനർനിർണയിക്കുകയും ആയതിൽ 97.52 കോടി രൂപ അതായത് 76.18 ശതമാനം പദ്ധതി വിഹിതം ചെലവഴിക്കുകയും ചെയ്തിരുന്നു. ആകെയുള്ള 22 പദ്ധതികളിൽ 9 പദ്ധതികൾ പൂർണ്ണമായും 3 പദ്ധതികൾ 75 ശതമാനത്തിന് മുകളിലും പദ്ധതി വിഹിതം ചെലവഴിച്ച് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

2018-ലെ പ്രളയംമൂലം MSME മേഖലയിൽ കനത്ത നാശനഷ്ടങ്ങൾ ഉണ്ടായതുകാരണം ചില പദ്ധതികൾ ഭാഗികമായോ പൂർണ്ണമായോ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല.

ഖാദി മേഖലയിൽ ലക്ഷ്യമിട്ടിരുന്നവ പൂർണ്ണമായും കൈവരിക്കുവാൻ സാധിച്ചിട്ടില്ല. എന്നാൽ എന്റെ ഗ്രാമം പദ്ധതിയും പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിയും ലക്ഷ്യം കൈവരിക്കാനായിട്ടുണ്ട്. ഖാദി ഉത്പാദനത്തിൽ നിശ്ചയിച്ചിരുന്ന ഉത്പാദനലക്ഷ്യം കൈവരിക്കാൻ 2018-19 വർഷത്തിൽ കഴിഞ്ഞിട്ടില്ല. ആകെ ഖാദി ഉത്പാദനം 20.91 കോടി രൂപയാണ്. ഫണ്ടിന്റെ (Working Capital) അപര്യാപ്തതയും 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയവും ഖാദി ഉത്പാദനലക്ഷ്യം കൈവരിക്കാൻ സാധിക്കാത്തതിന്റെ കാരണങ്ങളാണ്.

സിഡ്കോയുടെ പ്രൊഡക്ഷൻ വിഭാഗത്തിൽ 18.78 കോടി രൂപയുടെയും റോ മെറ്റീരിയൽ വിഭാഗത്തിൽ 106.9 കോടിയുടെയും വിപണന വിഭാഗത്തിൽ 72.50 കോടി രൂപയുടെയും ടേണോവർ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. സിഡ്കോയുടെ ചെറുകിട വ്യവസായ എസ്റ്റേറ്റുകളുടെ നവീകരണത്തിനായി 12-10-2018-ലെ G.O (Rt) No. 1190/2018/ID പ്രകാരം 7 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ വ്യവസായ എസ്റ്റേറ്റിൽ സർവ്വേ നടത്തി അധികഭൂമി കണ്ടെത്തുകയും പ്രസ്തുത ഭൂമി അനുവദിച്ച് നൽകിയതിലൂടെ ലഭിച്ച തുക ഉപയോഗപ്പെടുത്തി ഒല്ലൂർ എസ്റ്റേറ്റിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തുവാനും കഴിഞ്ഞു.

**വ്യവസായങ്ങൾക്ക് ഉജ്ജീവന പദ്ധതി**

148 (2426) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയാനന്തരം വ്യവസായ വാണിജ്യ വകുപ്പ് നടത്തിയ മൊബൈൽ സർവ്വേയിൽ ഉൾപ്പെട്ടിട്ടുള്ള വ്യവസായ സ്ഥാപനങ്ങൾക്ക് പ്രഖ്യാപിച്ച ഉജ്ജീവന പദ്ധതി പ്രകാരം സംസ്ഥാനത്തെ വ്യവസായങ്ങൾക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഉജ്ജീവന പദ്ധതി പ്രകാരം വായ്പ ലഭിക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷകൾ പ്രളയം മൂലം തിരിച്ചടവിൽ വീഴ്ച പറ്റിയതിനാൽ സിബിൽ സ്കോർ തൃപ്തികരമല്ല എന്ന കാരണത്താൽ ബാങ്കുകൾ നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വ്യവസായങ്ങൾക്ക് ഉജ്ജീവന പദ്ധതി പ്രകാരമുള്ള ആനുകൂല്യവിതരണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&സി) പ്രളയാനന്തരം സർക്കാർ പ്രഖ്യാപിച്ച ഉജ്ജീവന സഹായ പദ്ധതി പ്രകാരം സംസ്ഥാനത്തെ വ്യവസായ യൂണിറ്റുകൾക്ക് നൽകിയ ആനുകൂല്യങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ ശ്രദ്ധയിൽപ്പെട്ട കേസ്സുകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**കെ-സ്വിഫ്റ്റ് വഴിയുള്ള സേവനങ്ങൾ**

149 (2427) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പുതിയതായി വ്യവസായം ആരംഭിക്കുന്ന സംരംഭകർക്ക് ഏർപ്പെടുത്തിയിട്ടുള്ള ഏകജാലക സംവിധാനമായ കെ-സ്വിഫ്റ്റ് വഴി എന്തെല്ലാം സേവനങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

വ്യവസായം ആരംഭിക്കുന്നതിനുള്ള കാലതാമസവും മറ്റ് ബുദ്ധിമുട്ടുകളും ലഘൂകരിക്കുന്നതിനായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) 11-2-2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ നിന്നുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ. നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി പൂർണ്ണരൂപത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് ലൈസൻസ് നൽകുന്നതിനുള്ള കാലാവധി 30 ദിവസമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വ്യവസായ സൗഹൃദമാക്കുന്നതിന് നടപടി

150 (2428) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കി മാറ്റുന്നതിന്റെ ഭാഗമായി വ്യവസായം ആരംഭിക്കുന്നതിനുള്ള നടപടിക്രമം ലഘൂകരിക്കുന്നതിനായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഇതിലൂടെ പുതിയ വ്യവസായ സംരംഭകരുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് വ്യവസായങ്ങൾക്ക് 30 ദിവസത്തിനുള്ളിൽ അനുമതി നൽകുന്നതിന് കെ -സ്വിഫ്റ്റ് പ്രാവർത്തികമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) വ്യവസായ പുരോഗതിയിലൂടെ സംസ്ഥാനത്ത് തൊഴിൽ അവസരങ്ങളും റവന്യൂ വരുമാനവും നേടുന്നതിനായി സംരംഭകരുടെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കേണ്ടതുണ്ട്. വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ വിവിധ അനുമതികൾ അതിവേഗം നൽകുന്നതിനായി നിലവിലെ നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തി "2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റ് " നിലവിൽ വന്നു. വിവിധ വകുപ്പുകളിൽ നിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാകുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ എന്നിവയ്ക്കായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) നിലവിൽ വന്നിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനവും വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകളും ഫലപ്രദമായും സമയബന്ധിതമായും നടപ്പിലാക്കി വരുന്നു. ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) 11-2-2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. ടി സംവിധാനം നിലവിൽ വന്നതിനുശേഷം നാളിതുവരെ ധാരാളം സംരംഭകർ രജിസ്റ്റർ ചെയ്യുകയും 324 കോമൺ ആപ്ലിക്കേഷൻ ഫോറം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 30 ദിവസത്തിനുള്ളിൽ തന്നെ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി 128 ക്ലിയറൻസുകൾ കെ-സ്വിഫ്റ്റ് മുഖേന നൽകുവാൻ കഴിഞ്ഞിട്ടുണ്ട്.

## വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ

151 (2429) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്തിന്റെ പുതിയ വ്യവസായനയം അനുസരിച്ച് പുതിയ വ്യവസായമേഖലകൾ സ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ;;

(സി) പുതിയതായി വ്യവസായ മേഖലകൾ സ്ഥാപിക്കുന്നതിന് തിരുവനന്തപുരം ജില്ലയിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ഡി) പുതുതായി വ്യവസായ മേഖല സ്ഥാപിക്കുന്നതിന് എത്ര ഭൂമിയാണ് ആവശ്യമായി വരുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) വ്യവസായ പുരോഗതിയിലൂടെ സംസ്ഥാനത്ത് തൊഴിൽ അവസരങ്ങളും റവന്യൂ വരുമാനവും നേടുന്നതിനായി സംരംഭകരുടെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കേണ്ടതുണ്ട്. വ്യവസായം ആരംഭിക്കുന്നതിനാവശ്യമായ വിവിധ അനുമതികൾ അതിവേഗം നൽകുന്നതിനായി നിലവിലെ നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തി "2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റ്" നിലവിൽ വന്നു.

വ്യവസായം ആരംഭിക്കുന്നതിനുള്ള കാലതാമസവും മറ്റ് ബുദ്ധിമുട്ടുകളും ലഘൂകരിക്കുന്നതിനായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) 11-2-2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ നിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ.

വ്യവസായ മേഖലയിൽ മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി വ്യവസായ രംഗത്ത് അടിസ്ഥാനസൗകര്യ വികസനത്തിന് DIC മുഖേന വ്യവസായ പ്രദേശം/പാർക്കുകളിൽ സംരംഭകർക്ക് ഭൂമി നിക്ഷേപം, വിലയുടെ പലിശ ധനസഹായം, വ്യവസായ എസ്റ്റേറ്റുകളിലെ ബഹുനില കെട്ടിട സമുച്ചയങ്ങൾ (ഗാലകൾ), സംരംഭക സഹായ പദ്ധതി, ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ, സംരംഭകത്വ പരിശീലന പദ്ധതി, സംരംഭകത്വ ബോധവൽക്കരണ പദ്ധതി, ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

KSIDC-യുടെയും KINFRA-യുടെയും അധീനതയിലുള്ള വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലും പാർക്കുകളിലും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചിട്ടുണ്ട്.

(ബി&സി) കണ്ണൂർ, തൊടുപുഴ, വിഴിഞ്ഞം, കാസർഗോഡ് എന്നിവിടങ്ങളിലാണ് കിൻഫ്ര വ്യവസായ മേഖലകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ഇവയിൽ കണ്ണൂരിൽ അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. വിഴിഞ്ഞത്തും കാസർഗോഡും അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ കിൻഫ്ര തുടരുന്നു.

(ഡി) ഭൂമി ദൗർലഭ്യം നേരിടുന്ന സംസ്ഥാനമാണ് കേരളം. വ്യവസായങ്ങൾക്കായി പുതിയ സ്ഥലം കണ്ടെത്താനുള്ള ശ്രമം തുടരുന്നതോടൊപ്പം ബഹുനില സമുച്ചയങ്ങൾ നിർമ്മിക്കുന്നതിലും ശ്രദ്ധ പതിപ്പിച്ചുവരുന്നു.

### പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ-നഷ്ടങ്ങൾ

152 (2430) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാഭത്തിലായ ഓരോ വ്യവസായ സ്ഥാപനവും 2018-19 സാമ്പത്തിക വർഷം നേടിയ ലാഭമെത്രയാണെന്നറിയിക്കാമോ;

(ബി) വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എത്രയാണ്; ഓരോ സ്ഥാപനവും 2018-19 സാമ്പത്തിക വർഷം വരുത്തിയ നഷ്ടം എത്രയാണ്; വിശദമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങൾ 2017-18 സാമ്പത്തിക വർഷത്തിൽ വരുത്തിയ നഷ്ടത്തിന്റെ തോത് കുറയ്ക്കാൻ 2018-19 സാമ്പത്തിക വർഷം സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാഭത്തിലായ ഓരോ വ്യവസായ സ്ഥാപനവും 2018-19 സാമ്പത്തിക വർഷം നേടിയ ലാഭം സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന 26 സ്ഥാപനങ്ങളുണ്ട്. ഓരോ സ്ഥാപനവും 2018-19 സാമ്പത്തിക വർഷം വരുത്തിയ നഷ്ടം സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) സാധിച്ചിട്ടുണ്ട്. 2017-18-നെ അപേക്ഷിച്ച് 27.61 കോടി രൂപയുടെ നഷ്ടം 2018-19-ൽ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

**കെ. എ. എൽ. നിർമ്മിക്കുന്ന ഇലക്ട്രിക് ഓട്ടോറിക്ഷ**

153 (2431) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ആറാലുംമൂട്ടിൽ പ്രവർത്തിക്കുന്ന കേരള ഓട്ടോമൊബൈൽസിൽ നിർമ്മിക്കുന്ന ഇലക്ട്രിക് ഓട്ടോറിക്ഷ ഏത് മാസം മുതൽ വിപണിയിൽ എത്തും എന്ന് വിശദമാക്കാമോ;

(ബി) ഓരോ മാസവും എത്ര ഇലക്ട്രിക് ഓട്ടോകൾ വിപണിയിൽ എത്തിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(സി) പുതുതായി മറ്റ് ഇലക്ട്രിക് അനുബന്ധ വാഹനങ്ങൾ നിർമ്മിക്കാൻ കെ.എ.എൽ. ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഡിസംബർ മാസം മുതൽ വിപണിയിൽ ലഭ്യമാക്കുവാനാണ് ശ്രമിക്കുന്നത്.

(ബി) അസംസ്കൃത വസ്തുക്കളുടെ ലഭ്യതയ്ക്കനുസരിച്ച് ഓരോ മാസവും 500 ഇലക്ട്രിക് ഓട്ടോകൾ മാർക്കറ്റിൽ എത്തിക്കാനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഉണ്ട്. പുതിയതായി ഇലക്ട്രിക്കൽ ബസ്സുകൾ നിർമ്മിക്കാനും ഇലക്ട്രിക്കൽ വാഹനങ്ങൾക്ക് ആവശ്യമായ ലിഥിയം ടൈറ്റാനേറ്റ് ബാറ്ററികൾ നിർമ്മിക്കാനുമുള്ള വിവിധതലത്തിലുള്ള ചർച്ചകൾ നടക്കുന്നു. ചർച്ചകൾ ഫലവത്താകുന്നതിനനുസരിച്ച് ഇലക്ട്രിക്കൽ ബസ്സുകളുടെ നിർമ്മാണം തുടങ്ങുന്നതാണ്.

## കെയർ കേരളം ലിമിറ്റഡിനെ സംരക്ഷിക്കുന്നതിന് നടപടികൾ

154 (2432) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി കിൻഫ്ര പാർക്കിൽ പ്രവർത്തിച്ചുവരുന്ന കെയർ കേരളം ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ബാങ്ക് വായ്പയുടെ കുടിശ്ശികയെത്തുടർന്നു തുടർപ്രവർത്തനം നടത്താൻ സാധിക്കാതെ വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭക്ഷ്യവസ്തുക്കളുടെയും, ആയുർവ്വേദ, അലോപ്പതി ഔഷധങ്ങളുടെയും പരിശോധനയും, ഗവേഷണവും, ആയുർവ്വേദ മരുന്നുകളുടെ ടോക്സിസിറ്റി നിർണ്ണയിക്കുന്നതിനുള്ള ലാബോറട്ടറിയും അടക്കമുള്ള നൂതന സൗകര്യങ്ങളോടു കൂടിയ ഈ സ്ഥാപനത്തിനെ തകർച്ചയിൽനിന്നും രക്ഷിക്കുന്നതിനാവശ്യമായ ഇടപെടലുകളും നടപടികളും സ്വീകരിച്ചിട്ടുണ്ടോ;

(സി) കൊരട്ടി കിൻഫ്രയിലെ "കെയർ കേരളം-ആയുർവ്വേദ കൺസോർഷ്യ"ത്തെ സംരക്ഷിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) കെയർ കേരളത്തിന്റെ ഇതുവരെയുള്ള നഷ്ടം 6.76 കോടി രൂപയും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യക്ക് നൽകുവാനുള്ള വായ്പാ തുകയും പലിശയും 11.21 കോടി രൂപയും വരുന്നതിനാൽ നിലവിലുള്ള കടബാധ്യത ഒഴിവാക്കി സ്ഥാപനത്തെ മുന്നോട്ട് കൊണ്ടുപോകാനുള്ള സാധ്യതകൾ 29-10-2019-ന് കൂടിയ യോഗം ചർച്ച ചെയ്യുകയുണ്ടായി.

## മലബാർ സിമന്റ്സിൽ ലാസ്റ്റ് ഗ്രേഡ് തസ്തിക

155 (2433) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ സിമന്റ്സിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇനി എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ ബാക്കിയുണ്ട്; യഥാസമയം റിപ്പോർട്ട് ചെയ്യാത്തതിന് കാരണമെന്താണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ 31-12-2019 വരെ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിൽ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും ഉൾപ്പെടെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിൽ ലാസ്റ്റ് ഗ്രേഡ് തസ്തികകൾ പ്യൂൺ, മസ്ദൂർ, സാനിറ്ററി വർക്കർ എന്നിവയാണ്. ഇതിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗീകരിച്ച റിക്രൂട്ട്മെന്റ് റൂൾസ് പ്രകാരം പ്യൂൺ തസ്തികകളിൽ മാത്രമാണ് പി.എസ്.സി. മുഖാന്തരം നിമയനം നടത്തുന്നത്. പി.എസ്.സി.യുടെ പരിധിയിൽ വരാത്ത മസ്ദൂർ തസ്തികയിൽ 143 ഒഴിവുകളുണ്ട്.

(ബി) 31-12-2019 വരെ ലാസ്റ്റ് ഗ്രേഡായ പ്യൂൺ, സാനിട്ടറി വർക്കർ എന്നീ തസ്തികകളിൽ ഒഴിവുകളൊന്നും തന്നെ ഇല്ല. പി.എസ്.സി.യുടെ പരിധിയിൽ വരാത്തവ റിപ്പോർട്ട് ചെയ്തിട്ടില്ല.

## മെറ്റൽ ഇൻഡസ്ട്രീസിന്റെ നവീകരണം

156 (2434) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ മണ്ഡലത്തിൽ വ്യവസായ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന മെറ്റൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ നവീകരണത്തിനും ഈ സ്ഥാപനത്തെ ലാഭകരമാക്കുന്നതിനുമായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുന്നകാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## ഉത്തരം

പരിഗണനയിലുണ്ട്. ഷൊർണ്ണൂർ മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായ മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് കഴിഞ്ഞ സാമ്പത്തിക വർഷം പ്രവർത്തനലാഭം ഉണ്ടാക്കിയിട്ടുണ്ട്.

ഈ സ്ഥാപനത്തിന്റെ ഉത്പാദന സൗകര്യങ്ങൾ നവീകരിച്ച് പ്രവർത്തനം ലാഭകരമാക്കുന്നതിന്റെ ഭാഗമായി ചെറിയ ഫോർജിംഗ് ജോലികൾ ചെയ്യുന്നതിന് ഒരു ടണ്ണിന്റെ ഹാമർ സ്ഥാപിക്കുന്നതിനുവേണ്ടി 300 ലക്ഷം രൂപ അടുത്ത സാമ്പത്തിക വർഷം ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി പ്ലാനിംഗ് ബോർഡിനും സർക്കാരിനും പ്രൊപ്പോസൽ നൽകിയിട്ടുണ്ട്.

കൂടാതെ പരമ്പരാഗതമായ ഇരുമ്പ് ഉപകരണങ്ങളോടൊപ്പം കാർഷികാവശ്യങ്ങൾക്കും വീട്ടാവശ്യങ്ങൾക്കും അനുയോജ്യമായ ഇരുമ്പ് ഉപകരണങ്ങൾ നിർമ്മിച്ച് ബ്രാൻഡ് ചെയ്യുന്നതിനുള്ള പദ്ധതി കമ്പനിയുടെ പരിഗണനയിലാണ്.

## പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കാൻ പദ്ധതികൾ

157 (2435) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. സി. മമ്മൂട്ടി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ നഷ്ടത്തിലേക്കും തകർച്ചയിലേക്കും നയിക്കുന്ന കാരണങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പഠനത്തിന്റെ വെളിച്ചത്തിൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭം/നഷ്ടം തരത്തിൽ വിഭജിച്ചതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(സി) നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് നടത്തിയ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളുടെ ലാഭകരമായ നടത്തിപ്പിന് വിവിധ ഘടകങ്ങൾ മാനദണ്ഡമാകാറുണ്ട്. നിലവിലുപയോഗിക്കുന്ന സാങ്കേതികവിദ്യയുടെ അവസ്ഥ, ഉത്പാദന സംവിധാനങ്ങളുടെ കാര്യക്ഷമത, നിലവിലുള്ള ഉത്പന്നങ്ങൾക്ക് വിപണിയിലുള്ള ആവശ്യകത, ഉത്പന്നങ്ങൾക്ക് ഭാവിയിൽ കൂടുതൽ വിപണന സാധ്യതയുണ്ടോ എന്നത്, നിലവിലുള്ള ഉത്പാദനത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ചെലവ് കുറച്ച് സുഗമമായി ലഭിക്കുന്നതിനുള്ള സാധ്യതകൾ എന്നീ ഘടകങ്ങളാണ് സ്ഥാപനങ്ങൾ ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്നതിന് മാനദണ്ഡമാകാറുള്ളത്. ഇതുകൂടാതെ ഉത്പാദന വിപണന പ്രവർത്തനങ്ങളിലുള്ള ചെലവുകളും (ജീവനക്കാരുടെ ശമ്പളം മുതലായ ചെലവുകളും ഉൾപ്പെടെ) സ്ഥാപനത്തിന്റെ ലാഭകരമായ നടത്തിപ്പിന് കണക്കിലെടുക്കുന്ന നിർണ്ണായകമായ ഘടകമാണ്.

(സി) മേൽ വിവരിച്ച മാനദണ്ഡങ്ങൾ കണക്കിലെടുത്ത് ഉത്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉത്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം എന്നിവയ്ക്കായി സ്ഥാപനങ്ങളുടെ പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇലക്ട്രിക് മുച്ചക്ര വാഹന നിർമ്മാണത്തിനുള്ള എല്ലാ നടപടികളും പൂർത്തീകരിച്ച് വ്യാവസായികാടിസ്ഥാനത്തിൽ ഉടൻതന്നെ നിർമ്മാണം ആരംഭിക്കുന്നതാണ്. ഇലക്ട്രിക് വാഹനങ്ങൾക്കായുള്ള ചാർജിംഗ് സംവിധാനങ്ങൾ മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നീ പദ്ധതികളും ആവിഷ്കരിച്ചുവരുന്നു. വി.എസ്.എസ്.സി./ ഐ.എസ്.ആർ.ഒ. എന്നിവയ്ക്ക് സ്പേസ് ഇലക്ട്രോണിക്സുമായി ബന്ധപ്പെട്ടും പ്രതിരോധ മേഖലയ്ക്കും ആവശ്യമായ വളരെ കൃത്യതയോടെ നിർമ്മിക്കേണ്ട ഉപകരണങ്ങളുടെയും അനുബന്ധ ജോലികളും ചെയ്യുന്നതിനായി ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇതിനായി ബഡ്ജറ്റിൽ നിന്നും കൂടുതൽ ധനസഹായവും സർക്കാർ അനുവദിച്ചുവരുന്നു. 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകി. 2017-18 സാമ്പത്തിക വർഷം പദ്ധതി

വിഹിതം 270 കോടി രൂപയായി ഉയർത്തുകയും വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം നൽകുയും ചെയ്തു. 2017-18 സാമ്പത്തികവർഷം അധിക ധനസഹായമായി 13 കോടി രൂപയും നൽകിയിരുന്നു. 2018-19 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികൾ ഉൾപ്പെടെയുള്ളവയ്ക്ക് ധനസഹായമായി ബഡ്ജറ്റിൽ 297.35 കോടി രൂപ വകയിരുത്തി സ്ഥാപനങ്ങളുടെ വിവിധ പദ്ധതികൾക്കായി നൽകി. 2019-20-ൽ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 299.35 കോടി രൂപ വകയിരുത്തി അനുവദിച്ചുവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓരോ മാസത്തെയും പ്രവർത്തനം അവലോകനം ചെയ്തുവരുന്നുണ്ട്. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി ഇവയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി കൃത്യമായ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. ഓരോ സ്ഥാപനങ്ങളെയും പ്രത്യേകം പ്രവർത്തന അവലോകനത്തിന് വിധേയമാക്കുന്നതിനാൽ പ്രവർത്തനസംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായി പരിഹാരം കണ്ടെത്താൻ കഴിഞ്ഞു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ സമഗ്ര വികസനത്തോടൊപ്പം മാനേജിംഗ് ഡയറക്ടർമാരുടെയും ജീവനക്കാരുടെയും കഴിവുകൾ വികസിപ്പിക്കുന്നതിനും കൂടുതൽ പ്രാപ്തരാക്കുന്നതിനുംവേണ്ടി റിയാബിന്റെ നേതൃത്വത്തിൽ വിവിധ തലത്തിലുള്ള പരിശീലന പരിപാടികളും നടത്തിവരുന്നു.

**സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ**

158 (2436) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതെല്ലാം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികളാണ് കേന്ദ്ര സർക്കാർ വിറ്റഴിച്ചത്; സ്ഥാപനത്തിന്റെ പേര്, വിറ്റഴിച്ച ഓഹരികളുടെ ശതമാനം എന്നിവ പട്ടികയായി ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കഴിഞ്ഞ മൂന്ന് വർഷത്തെ വാർഷിക ലാഭം പട്ടികയായി നൽകാമോ;

(സി) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനും, വിപുലീകരണത്തിനും അവ പൊതുമേഖലയിൽത്തന്നെ നിലനിർത്താനും സംസ്ഥാന സർക്കാർ നടത്തുന്ന ശ്രമങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ലഭ്യമായ വിവരങ്ങളനുസരിച്ച് രാജസ്ഥാനിലെ കോട്ടയിൽ പ്രവർത്തിച്ചുവരുന്ന ഇൻസ്ട്രുമെന്റേഷന്റെ സബ്സിഡിയറി യൂണിറ്റായ പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ മുഴുവൻ ഓഹരികളും കാസർഗോഡ് പ്രവർത്തിക്കുന്ന BHEL-EML എന്ന സംയുക്ത സംരംഭത്തിൽ BHEL-ന്റെ കൈവശമുള്ള 51 ശതമാനം ഓഹരികളും HPCL-ന്റെ സബ്സിഡിയറിയായ കോട്ടയം ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ മുഴുവൻ ഓഹരികളും വിറ്റഴിക്കാനുള്ള നടപടികളുമായി കേന്ദ്രം മുന്നോട്ട് പോവുകയാണ്. ഇവ മൂന്നും പൊതുമേഖലയിൽ നിലനിർത്താനുള്ള സംസ്ഥാന സർക്കാരിന്റെ നടപടികളും തുടർന്നുവരുന്നു.

(ബി) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കഴിഞ്ഞ മൂന്ന് വർഷത്തെ വാർഷിക ലാഭ/നഷ്ട കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നം. | കമ്പനി | 2016-17 ലാഭം/നഷ്ടം (തുക കോടിയിൽ) | 2017-18 ലാഭം/നഷ്ടം (തുക കോടിയിൽ) | 2018-19 ലാഭം/നഷ്ടം (തുക കോടിയിൽ) |
|---|---|---|---|---|
| 1 | ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട് | -15.79 | 4.89 | -35.84 |
| 2 | ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, കാസർഗോഡ് | -5.81 | -7.73 | -6.99 |
| 3 | ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ.) | -64.86 | -114.44 | -135.0 |

(സി) ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് പാലക്കാട് യൂണിറ്റിന്റെ ആസ്തിവില കേരളം തീരുമാനിച്ച് സർക്കാർ ഉത്തരവ് G.O. (Ms)No.52/2018/ID dated 20-7-2018 പുറപ്പെടുവിച്ചു.

തുടർന്ന് 16-11-2018-ൽ കൂടിയ ഉന്നതതല സമിതി, വൻകിട വ്യവസായങ്ങളുടെ കേന്ദ്ര ജോയിന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ കേന്ദ്ര/കേരള സർക്കാരുകളുടെ നിർദ്ദേശങ്ങളുംകൂടി പരിഗണിച്ച് കരട് ധാരണാപത്രം ഒപ്പിട്ട് കേന്ദ്ര സർക്കാരിന്റെ അന്തിമ അംഗീകാരത്തിനായി സമർപ്പിക്കുകയും 30-09-2018-ലെ സാമ്പത്തിക അവലോകന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്തിമവില നിശ്ചയിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

എന്നാൽ കമ്പനി സ്ഥാപിക്കുന്നതിനായി കേരള സർക്കാർ സൗജന്യമായി നൽകിയ 123 ഏക്കർ സ്ഥലത്തിന്റെ വിലകൂടി വേണമെന്ന കേന്ദ്ര സർക്കാരിന്റെ നിലവിലെ ആവശ്യം ഏറ്റെടുക്കൽ നടപടികളെ മന്ദഗതിയിലാക്കിയിട്ടുണ്ട്. ഇത് പരിഹരിക്കുവാൻ സെക്രട്ടറിതല ചർച്ചകൾ പുരോഗമിച്ചുവരുന്നു.

ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, കാസർഗോഡ്

കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയും ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡുമായി ചേർന്നുള്ള സംയുക്ത സംരംഭമായ ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് (BHEL Electrical Machines Ltd.) എന്ന കമ്പനിയിലെ ഭെല്ലിന്റെ ഓഹരികൾ വിറ്റഴിക്കുന്നതിനായി കേന്ദ്ര സർക്കാർ തീരുമാനിച്ചപ്പോൾ സ്ഥാപനത്തെ പൊതുമേഖലയിൽതന്നെ നിലനിർത്തുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ 12-06-2017-ന് ചേർന്ന ഉന്നതതല യോഗം തത്വത്തിൽ തീരുമാനിക്കുകയും തുടർനടപടികൾ പൂർത്തിയാക്കി സർക്കാർ ഉത്തരവും (G.O. (Ms)No.78/19/ID dated 7-9-2019) പുറപ്പെടുവിച്ചിട്ടുണ്ട്. ബി.എച്ച്.ഇ.എൽ.-ൽ നിന്നും സൗകര്യപ്രദമായ ഒരു തീയതി കിട്ടിയാൽ കേരള സർക്കാരും ബി.എച്ച്.ഇ.എൽ.-മായി കരാർ ഒപ്പു വയ്ക്കാവുന്നതാണ്.

ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ.)

കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള സബ്സിഡിയറി കമ്പനിയാണ് കേരളത്തിൽ കോട്ടയം ജില്ലയിൽ വെള്ളൂരിൽ പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ.).

എച്ച്.എൻ.എൽ.നെ സ്വകാര്യവത്കരിക്കുന്നതിനുള്ള കേന്ദ്ര സർക്കാർ തീരുമാനപ്രകാരം സമ്മതപത്രം ക്ഷണിച്ചെങ്കിലും പ്രാപ്തരായ നിക്ഷേപകരുടെ അഭാവംമൂലം നടപടികൾ പൂർത്തീകരിക്കുവാൻ സാധിച്ചില്ല. പ്രസ്തുത സ്ഥാപനം പൊതുമേഖലയിൽതന്നെ നിലനിർത്തണമെന്ന കേരള സർക്കാരിന്റെ ആവശ്യം കേന്ദ്ര സർക്കാർ പരിഗണിച്ചിട്ടില്ല.

എന്നാൽ നിലവിൽ എച്ച്.എൻ.എൽ.-ന്റെ മാതൃസ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷനെ ലിക്വിഡേറ്റ് ചെയ്ത് ബാധ്യതകൾ തീർപ്പാക്കുന്നതിനുള്ള തീരുമാനം ഡൽഹിയിലെ നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ എടുത്ത് ഒഫിഷ്യൽ ലിക്വിഡേറ്ററെ നിയമിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്. കമ്പനി ലോ ട്രിബ്യൂണൽ, കൊച്ചി ശാഖയിൽ എച്ച്.എൻ.എൽ.-ന് എതിരെയുള്ള

ഇൻസോൾവൻസി കേസിൽ സർക്കാരും കേസ്സ് ഫയൽ ചെയ്തു. നയപരമായ തീരുമാനം എടുക്കുന്നതിനുള്ള സമയം 8-11-2019-വരെ നീട്ടി വാങ്ങിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട അനന്തര നടപടികളെപ്പറ്റി ആലോചന തുടർന്നുവരുന്നു.

**നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന വ്യവസായ സ്ഥാപനങ്ങൾ**

159 (2437) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന എത്ര വ്യവസായ സ്ഥാപനങ്ങളെയാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാഭത്തിൽ കൊണ്ടുവന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന 6 വ്യവസായ സ്ഥാപനങ്ങളെയാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാഭത്തിൽ കൊണ്ടുവന്നത്. അവ കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ്.

**സ്ഥലം അനുവദിക്കുന്നതിന് നടപടി**

160 (2438) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ. യോട് ചേർന്നുള്ള റീഫാക്ടറീസിന് സമീപം സാങ്കേതിക സഹകരണ സംഘത്തിന് നൽകിയ സ്ഥലം സഹകരണ സംഘം പ്രവർത്തനം അവസാനിപ്പിച്ചിട്ട് വർഷങ്ങൾ പിന്നിട്ട സാഹചര്യത്തിൽ തിരിച്ച് പിടിക്കുന്നതിനും മറ്റ് വികസന ആവശ്യങ്ങൾക്കായി നൽകുന്നതിനും വ്യവസായ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) ഇല്ലെങ്കിൽ ഇതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) നടപടി സ്വീകരിച്ചിട്ടുണ്ട്. സാങ്കേതിക സഹകരണ സംഘം പ്രവർത്തനരഹിതമായതിനെ തുടർന്ന് സമാപ്തീകരണ നടപടികൾ സ്വീകരിച്ചിട്ടുള്ളതും സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലുമാണ്.

ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.യോട് ചേർന്നുള്ള റീഫാക്ടറീസിന് സമീപം സാങ്കേതിക സഹകരണ സംഘത്തിന് നൽകിയ സ്ഥലം റവന്യൂ വകുപ്പിൽ നിന്നും പാട്ടത്തിന് എടുത്തിട്ടുള്ളതാണ്. ടി സ്ഥലം റവന്യൂ വകുപ്പിൽ നിന്നും ലഭ്യമായാൽ ബഹുനില വ്യവസായ സമുച്ചയം എന്ന പദ്ധതിക്ക് വിനിയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

**വയനാട് ജില്ലയിലെ വ്യാവസായിക പുരോഗതി**

161 (2439) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വ്യാവസായിക പുരോഗതി ലക്ഷ്യമിട്ട് ഏതെല്ലാം പദ്ധതികൾ നടപ്പാക്കാനാണ് ആലോചിച്ചുവരുന്നത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പ് വയനാട് ജില്ലയിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) വയനാട് കോഫി ലോക വിപണിയിലെത്തിച്ച് വിപണി നേടിയെടുക്കാൻ സാധിക്കുന്നതിനായി ഒരു പാർക്ക് സ്ഥാപിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

വിവിധ മേഖലകളിലെ സ്കിൽഡ് & അൺസ്കിൽഡ് തൊഴിലാളികളെ ഉൾപ്പെടുത്തി ഒരു വിവിധോദ്ദേശ്യ വ്യവസായ സഹകരണ സംഘം സ്ഥാപിക്കുന്നതിനായി തുടക്കമെന്ന നിലയ്ക്ക് 15 പഞ്ചായത്തുകളിൽ സ്കിൽഡ് എന്റർപ്രണർ സെന്റർ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വയനാട് ജില്ലയിൽ ഖാദി ഗ്രാമ വ്യവസായ മേഖലയുടെ പുരോഗതി ലക്ഷ്യമിട്ട് 'എന്റെ ഗ്രാമം', 'പ്രധാനമന്ത്രിയുടെ പ്രത്യേക തൊഴിൽദാന പദ്ധതി' എന്നിവ നടപ്പിലാക്കി വരുന്നുണ്ട്.

കൈത്തറി വ്യവസായ മേഖലയിലെ പുരോഗതിക്കായി വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നു.

1. കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി.
2. തൊഴിൽരഹിതരായ യുവാക്കൾക്ക് വേണ്ടിയുള്ള യുവവീവ് പദ്ധതി.
3. കൈത്തറി സംഘങ്ങളിലെ അംഗങ്ങൾക്കുവേണ്ടിയുള്ള ഒരു വീട്ടിൽ ഒരു തറി പദ്ധതി.
4. കൈത്തറി ഉത്പന്നങ്ങൾക്ക് ബ്രാന്റിംഗ് നൽകുന്നതിനുള്ള പദ്ധതി.
5. നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി.
6. കൈത്തറി മേഖലയിലെ സ്വയംതൊഴിൽ സഹായ പദ്ധതി.
7. പ്രാഥമിക കൈത്തറി സംഘങ്ങൾക്കുള്ള അവാർഡ് പദ്ധതി.
8. കൈത്തറി മേഖലയിലെ നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കും മാനസികോല്ലാസത്തിനുവേണ്ടി ക്രിയാത്മക വേദിയൊരുക്കുന്നതിനുള്ള വീവേഴ്സ് ഫെസ്റ്റ്.
9. മഹാത്മാഗാന്ധി ബാങ്കർ ബീമാ യോജന എന്ന പേരിൽ കൈത്തറി നെയ്ത്തുകാർക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി.
10. ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ.

(ബി) വയനാട് ജില്ലയിൽ സംരംഭക സഹായ പദ്ധതി പ്രകാരം 117 ഗുണഭോക്താക്കൾക്കായി 621.94 ലക്ഷം രൂപ സബ്സിഡിയായി നൽകി. നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി പദ്ധതി പ്രകാരം 6 ഗുണഭോക്താക്കൾക്കായി 1.003 ലക്ഷം രൂപയും നൽകി. കരകൗശല മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി (ASHA) പ്രകാരം 1 ഗുണഭോക്താവിന് 0.85 ലക്ഷം രൂപ സബ്സിഡിയായി നൽകിയിട്ടുണ്ട്. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP) പ്രകാരം 184 ഗുണഭോക്താക്കൾക്കായി 288.29 ലക്ഷം രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമിന്റെ ഭാഗമായി വിവിധ മേഖലകളിൽ സംരംഭകത്വ പരിശീലന പരിപാടികൾ, എക്സിബിഷൻ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 2016-17 വർഷത്തിൽ 1200 പേരെ പങ്കെടുപ്പിച്ചുകൊണ്ട് 20 പ്രോഗ്രാമുകളും 2017-18 വർഷത്തിൽ 1357 പേരെ പങ്കെടുപ്പിച്ചുകൊണ്ട് 23 പ്രോഗ്രാമുകളും 2018-19 വർഷത്തിൽ 1184 പേരെ പങ്കെടുപ്പിച്ചുകൊണ്ട് 21 സെമിനാറുകളും നടത്തി.

സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ 55.99 കോടി രൂപയുടെ നിക്ഷേപത്തിലൂടെ 823 പുതിയ യൂണിറ്റുകൾ ആരംഭിക്കുകയും 2233 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

എന്റെ ഗ്രാമം പദ്ധതിപ്രകാരം 2017-18 വർഷത്തിൽ 72.68 ലക്ഷം രൂപയുടെ മൂലധന നിക്ഷേപം നടത്തുവാനും അതുവഴി 14 യൂണിറ്റുകൾക്കായി 24.55 ലക്ഷം രൂപയുടെ സബ്സിഡി വിതരണം ചെയ്യുവാനും 41 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കഴിഞ്ഞു. 2018-19 വർഷം 14.71 ലക്ഷം രൂപയുടെ മൂലധന നിക്ഷേപം നടത്താനും അതുവഴി 5 യൂണിറ്റുകൾക്കായി 5.26 ലക്ഷം രൂപയുടെ സബ്സിഡി നൽകാനും പുതുതായി 17 തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

സ്കൂൾ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട് ഇതുവരെ വയനാട് ജില്ലയ്ക്ക് 12,90,000 രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ 12,65,000 രൂപ നെയ്ത്തുകാർക്ക് കൂലിയിനത്തിൽ നൽകിയിട്ടുണ്ട്. കൈത്തറി വസ്ത്ര പ്രചരണാർത്ഥം ചിത്രരചനാ മത്സരം, വീവേഴ്സ് ഫെസ്റ്റ് എന്നിവയും സംഘടിപ്പിച്ചു.

വയനാട് ജില്ലയിൽ പള്ളിക്കുന്ന് നെയ്ത്ത് കേന്ദ്രം ആരംഭിച്ചു. പുൽപ്പള്ളിയിൽ ഖാദി നെയ്ത്തുകേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. കൂടാതെ ഖാദി ഗ്രാമം പദ്ധതി വഴി 50 തറികൾ പുതുതായി സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചു.

## ഉന്നതതല നിക്ഷേപ ഉപദേശക കൗൺസിൽ

162 (2440) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വ്യവസായ നിക്ഷേപം ആകർഷിക്കാനും പ്രശ്നങ്ങൾ വേഗത്തിൽ പരിഹരിക്കുന്നതിനും വ്യവസായ സംരംഭങ്ങൾക്കുള്ള അനുമതി വേഗത്തിൽ നൽകുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ഈ ആവശ്യത്തിലേക്കായി സംസ്ഥാനത്ത് ഉന്നതതല നിക്ഷേപ ഉപദേശക കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഈ കൗൺസിലിന്റെ ഘടനയും പ്രവർത്തനങ്ങളും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പുരോഗതി മുന്നിൽക്കണ്ട് സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ വിവിധ അനുമതികൾ അതിവേഗം നൽകുന്നതിനായി നിലവിലെ നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തി "2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട് " നിലവിൽ വന്നു. വിവിധ വകുപ്പുകളിൽ നിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാകുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ എന്നിവയ്ക്കായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) നിലവിൽ വന്നിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനവും വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകളും ഫലപ്രദമായും സമയബന്ധിതമായും നടപ്പിലാക്കിവരുന്നു.

മലിനീകരണ നിയന്ത്രണ ബോർഡിന്റെ വ്യവസ്ഥകൾ പ്രകാരം ചുവപ്പ് കാറ്റഗറിയിൽപെടാത്തതും 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള എല്ലാ പദ്ധതികൾ/വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വിവിധ ആക്ടുകൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകൾ/അപ്രൂവലുകൾ/പെർമിറ്റുകൾ തുടങ്ങിയവയ്ക്ക് 3 വർഷത്തേയ്ക്ക് ഇളവുകൾ അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്ന നിയമനിർമ്മാണം നട<u>ത്തു</u>വാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈസ് ഓഫ് ഡൂയിംഗ് സംബന്ധിച്ച് 6-8-2019-ന് കൂടിയ അവലോകന യോഗത്തിൽ സംസ്ഥാനത്ത് വ്യവസായ നിക്ഷേപതോത് വർദ്ധിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും വ്യവസായികൾക്ക് ഒരുക്കിയിരിക്കുന്ന സേവനങ്ങൾ വിലയിരു<u>ത്തു</u>ന്നതിനും പ്രശ്നം പരിഹരിക്കുന്നതിനുമായി ഒരു ഉന്നതതല കൗൺസിൽ രൂപീകരിക്കുവാൻ തീരുമാനമായിരുന്നുവെങ്കിലും പിന്നീടുള്ള പരിശോധനയിൽ നിലവിലുള്ള 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തിയാൽ ഉദ്ദേശ്യം നേടാനാകുമെന്ന് കണ്ടെത്തി. അപ്രകാരം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ സമയപരിധിക്കുള്ളിൽ തീർപ്പാക്കുന്നതിന് നിയമനിർമ്മാണം നട<u>ത്തു</u>വാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

## വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ പദ്ധതികൾ

163 (2441) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭകരെ പ്രോൽസാഹിപ്പിക്കാൻ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ;

(ബി) സ്റ്റാർട്ടപ്പ് കമ്പനികൾക്കുള്ള ധനസഹായവും പ്രോത്സാഹനവും ഏതൊക്കെ പദ്ധതികളിലൂടെയാണ് നടപ്പിലാക്കുന്നത് വിശദമാക്കാമോ?

ഉത്തരം

(എ) വ്യവസായ പുരോഗതിയിലൂടെ സംസ്ഥാനത്ത് തൊഴിൽ അവസരങ്ങളും റവന്യൂ വരുമാനവും നേടുന്നതിനായി സംരംഭകരുടെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കേണ്ടതുണ്ട്. വ്യവസായം ആരംഭിക്കുന്നതിനാവശ്യമായ വിവിധ അനുമതികൾ അതിവേഗം നൽകുന്നതിനായി നിലവിലെ നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തി "2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റ്" നിലവിൽ വന്നു.

വ്യവസായം ആരംഭിക്കുന്നതിനുള്ള കാലതാമസവും മറ്റ് ബുദ്ധിമുട്ടുകളും ലഘൂകരിക്കുന്നതിനായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) 11-2-2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽനിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ.

വ്യവസായ മേഖലയിൽ മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി വ്യവസായ രംഗത്ത് അടിസ്ഥാനസൗകര്യ വികസനത്തിന് DIC മുഖേന വ്യവസായ പ്രദേശം/പാർക്കുകളിൽ സംരംഭകർക്ക് ഭൂമി നിക്ഷേപം, വിലയുടെ പലിശ ധനസഹായം, വ്യവസായ എസ്റ്റേറ്റുകളിലെ ബഹുനില കെട്ടിട സമുച്ചയങ്ങൾ (ശാലകൾ), സംരംഭക സഹായ പദ്ധതി, ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ, സംരംഭകത്വ പരിശീലന പദ്ധതി, സംരംഭകത്വ ബോധവൽക്കരണ പദ്ധതി, ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

KSIDC-യുടെയും KINFRA-യുടെയും അധീനതയിലുള്ള വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലും പാർക്കുകളിലും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ എല്ലാ മേഖലയിൽ നിന്നുമുള്ള നൂതനവും വ്യാപാരയോഗ്യമായതുമായ യുവ സംരംഭകർക്ക് 25 ലക്ഷം രൂപ വരെ മൂലധന സഹായം നൽകിവരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ 90 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധന സഹായം ആയി നൽകിവരുന്നത്. പ്രസ്തുത പദ്ധതിയിൽ ഇതുവരെ 100 യുവ സംരംഭങ്ങൾക്ക് മൂലധനസഹായം അനുവദിക്കപ്പെടുകയുണ്ടായി. ഈ സംരംഭങ്ങൾ ആയിരത്തിൽപ്പരം തൊഴിലവസരങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

ഇതുകൂടാതെ സംരംഭകർക്ക് അവരുടെ ആശയങ്ങളുടെ പൂർത്തീകരണത്തിനായി കെ.എസ്.ഐ.ഡി.സി.യുടെ വിവിധ ഇൻക്യുബേഷൻ സെന്ററുകളിൽ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്ത് 2 ഇൻക്യുബേഷൻ സെന്ററുകളാണ് പ്രവർത്തിക്കുന്നത്. 30 യുവ സംരംഭങ്ങൾ കെ.എസ്.ഐ.ഡി.സി.യുടെ വിവിധ ഇൻക്യുബേഷൻ സെന്ററുകളിലായി ഇൻക്യുബേറ്റ് ചെയ്തിരിക്കുന്നു. പ്രസ്തുത സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കെല്ലാം അവരുടെ ആവശ്യാനുസരണം കൃത്യമായ ഇടവേളകളിൽ മാർഗ്ഗനിർദ്ദേശ സെമിനാറുകളും ചർച്ചായോഗങ്ങളും നടത്തിവരുന്നു.

സംസ്ഥാനത്ത് മികച്ച സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനുള്ള സർക്കാരിന്റെ നോഡൽ ഏജൻസിയാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി വിവിധ ഘടകങ്ങളടങ്ങിയ യുവ സംരംഭകത്വ വികസന പദ്ധതി, ടെക്നോളജി ഇന്നവേഷൻ സോൺ എന്നീ പദ്ധതികൾ കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ സംസ്ഥാന സർക്കാർ നടത്തിവരുന്നു.

## പ്രളയത്തിൽ തകർന്നുപോയ ചെറുകിട വ്യവസായങ്ങളുടെ പുനരുദ്ധാരണം

164 (2442) ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്നുപോയ ചെറുകിട വ്യവസായങ്ങളുടെ പുനരുദ്ധാരണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) അസിസ്റ്റൻസ് റ്റു റീബിൽഡ് അഫക്റ്റഡ് എം.എസ്.എം.ഇ.എസ്. എന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം കൈപിടിച്ചുയർത്തപ്പെട്ടതും പ്രവർത്തനക്ഷമമായതുമായ വ്യവസായങ്ങളുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) വ്യവസായ സ്ഥാപനങ്ങൾ പുനരുദ്ധരിച്ച് ഉത്പാദനക്ഷമമാക്കുന്നതിന് നല്കിയ ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട് സംബന്ധിച്ച വിവരങ്ങൾ എന്തെല്ലാം; വിശദമാക്കാമോ?

ഉത്തരം

(എ) ദുരന്ത നിവാരണ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ഉജ്ജീവന സഹായ പദ്ധതി, വ്യവസായ വകുപ്പ് മുഖേന നടത്തിവരുന്ന ഇന്ററസ്റ്റ് സബ് വെൻഷൻ ടു ഫ്ലഡ് അഫക്ടഡ് എം.എസ്.എം.ഇ., അസിസ്റ്റൻസ് ടു റീബിൽഡ് ഫ്ലഡ് അഫക്ടഡ് എം.എസ്.എം.ഇ. എന്നീ പദ്ധതികൾ മുഖേന പ്രളയത്തിൽ തകർന്ന ചെറുകിട വ്യവസായങ്ങളുടെ പുനരുദ്ധാരണം നടത്തിവരുന്നു.

(ബി-ഡി) വ്യവസായ സ്ഥാപനങ്ങൾ പുനരുദ്ധരിച്ച് ഉത്പാദന ക്ഷമമാക്കുന്നതിന് നടത്തിവരുന്ന അസിസ്റ്റൻസ് ടു റീബിൾഡ് ഫ്ലഡ് അഫെക്ടഡ് എം.എസ്.എം.ഇ. എന്ന പദ്ധതി പ്രകാരം 44 അപേക്ഷകൾ പ്രളയം ബാധിച്ചിട്ടുള്ള പതിമൂന്ന് ജില്ലാ വ്യവസായ കേന്ദ്രങ്ങളിലുമായി ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട് നൽകുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വനിതാ സംരംഭകർക്ക് പ്രോത്സാഹനം

165 (2443) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ മേഖലയിൽ വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികളുണ്ടോ;

(ബി) ഇത്തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ദരിദ്രരും സംരംഭകത്വ ശേഷിയുള്ളവരുമായ വിധവകൾക്കും അവിവാഹിതകൾക്കും ഇത്തരം പദ്ധതികളിൽ മുൻഗണന നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2012 മുതൽ വ്യവസായ വകുപ്പ് നടപ്പാക്കിവരുന്ന സംരംഭക സഹായ പദ്ധതിപ്രകാരം വനിതാ സംരംഭകർക്ക് പ്രോത്സാഹനം എന്ന നിലയിൽ 5 ശതമാനം അധിക സബ്സിഡി നൽകിവരുന്നു. ജനറൽ വിഭാഗങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15 ശതമാനവും വനിതാ സംരംഭകർക്ക് 20 ശതമാനവുമാണ് സബ്സിഡിയായി നൽകുന്നത്. വ്യവസായ വകുപ്പ് നടപ്പാക്കിവരുന്ന നാനോ സംരംഭകർക്കുള്ള ഇന്ററസ്റ്റ് സബ്‌വെൻഷൻ പദ്ധതിയിലും ജനറൽ വിഭാഗത്തിന് ബാങ്ക് വായ്പയുടെ 6 ശതമാനം പലിശ റീ ഇംബേഴ്സ് ചെയ്തു നൽകുമ്പോൾ വനിതകൾക്ക് 8 ശതമാനം നൽകുന്നു.

കൂടാതെ വനിതാ സംരംഭകർക്ക് നിലവിലുള്ള വ്യവസായം വിപുലീകരിക്കുന്നതിനും പുതിയത് തുടങ്ങുവാനും 7.5 ശതമാനം പലിശയിൽ 25 ലക്ഷം രൂപ വരെ ആറ് വർഷ തിരിച്ചടവ് കാലാവധിയിൽ വായ്പ കൊടുക്കുന്ന പദ്ധതി കെ.എസ്.ഐ.ഡി.സി. ആരംഭിച്ചിട്ടുണ്ട്. സ്ത്രീ സംരംഭകരുടെ നിർമ്മാണ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന (മാനുഫാക്ചറിംഗ്/IT) വ്യാപാര വിപുലീകരണത്തിനോ, ആധുനികവത്കരണത്തിനോ, വൈവിദ്ധ്യത്തിനോ ആണ് കെ.എസ്.ഐ.ഡി.സി.യുടെ ഹ്രസ്വകാല വായ്പാ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

എല്ലാ വിഭാഗത്തിൽപ്പെട്ട വനിതാ സംരംഭകർക്കും മേൽ പദ്ധതി ആനുകൂല്യങ്ങളിൽ മുൻഗണന നൽകിവരുന്നു.

## ചെറുകിട വ്യവസായ സംരംഭങ്ങൾ

166 (2444) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട കുടിൽ വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനായി ഈ സർക്കാർ കാലയളവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ കാലയളവിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ കാലയളവിൽ തിരുവനന്തപുരം ജില്ലയിൽ ആരംഭിച്ച ചെറുകിട വ്യവസായ സംരംഭങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കുടിൽ വ്യവസായങ്ങളുൾപ്പെടെയുള്ള സൂക്ഷ്മ, ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ നിലവിൽ വ്യവസായ വകുപ്പ് ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. സംരംഭകത്വ സഹായ പദ്ധതി.
2. നാനോ/ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി.
3. തകർച്ച നേരിടുന്ന എം.എസ്.എം.ഇ.കളുടെ പുനരുദ്ധാരണ പദ്ധതി.
4. ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം (MSE-CDP)
5. കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി.

മേൽ വിവരിച്ച പദ്ധതികൾക്കുപുറമേ കൂടുതൽ പേരെ സംരംഭകരാക്കുന്നതിലേക്കായി ചുവടെ വിവരിക്കുന്ന സംരംഭക പരിശീലന/ പ്രോത്സാഹന പരിപാടികൾ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്നുണ്ട്.

- ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ
- സംരംഭകത്വ ബോധവത്കരണ പരിപാടി (EAP)
- സംരംഭകത്വ വികസന പരിപാടി (EDP)
- നിക്ഷേപ സംഗമം
- ടെക്നോളജി ക്ലിനിക്
- ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം
- ഇ.ഡി. ക്ലബ്ബുകൾ

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 30-9-2019 വരെ വ്യവസായ വകുപ്പ് പാറശ്ശാല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. സംരംഭക സഹായ പദ്ധതി പ്രകാരം 15 ലക്ഷം രൂപ വിവിധ സംരംഭകർക്കായി അനുവദിച്ചിട്ടുണ്ട്.
2. സംരംഭക വികസന പരിപാടിയുമായി ബന്ധപ്പെടുത്തി 60 പേർക്ക് സംരംഭകത്വ പരിശീലനം നൽകിയിട്ടുണ്ട്.

3. സംരംഭക ബോധവത്കരണ പരിപാടി മുഖേന 320 പേർക്ക് വ്യവസായ സംരംഭകത്വം സംബന്ധിച്ച് പരിശീലനം നൽകിയിട്ടുണ്ട്. ടെക്നോളജി ക്ലിനിക് പ്രകാരം 20 പേർക്ക് മൂന്ന് ദിവസത്തെ പരിശീലനം നൽകിയിട്ടുണ്ട്.

4. ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പദ്ധതി പ്രകാരം 10 പേർക്ക് 25 ദിവസത്തെ ഗാർമെന്റ് & ടെക്സ്റ്റൈൽസ്, പ്രിസിഷൻ എഞ്ചിനീയറിംഗ് എന്നിവയുടെ പരിശീലനം നൽകിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ 30-09-2019 വരെ 5204 എം.എസ്.എം.ഇ. യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ആയതിലൂടെ 344.46 കോടി രൂപയുടെ നിക്ഷേപവും 18735 തൊഴിലും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

## തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് സെറിഫെഡ് പദ്ധതികൾ

167 (2445) ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് സെറിഫെഡ് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) തേനീച്ച വളർത്തുന്നതിനായി നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും മറ്റും തേനീച്ച കർഷകർക്കാവശ്യമായ സാമ്പത്തിക സാങ്കേതിക സഹായം നൽകാൻ സെറിഫെഡ് നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് കാണപ്പെടുന്ന വിവിധതരം തേനീച്ചകളെ സംബന്ധിച്ചും അവയിൽ വ്യാവസായികാടിസ്ഥാനത്തിൽ ലാഭകരമായി വളർത്താവുന്ന ഇനങ്ങളെ സംബന്ധിച്ചും സെറിഫെഡ് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് സെറിഫെഡ് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടില്ല.

(ബി&സി) ബാധകമല്ല.

## സൂക്ഷ്മ-ചെറുകിട വ്യവസായ മേഖലയുടെ ഉന്നമനം

168 (2446) ശ്രീ. എം. സ്വരാജ് :

ശ്രീ. എൻ. വിജയൻ പിള്ള :

ശ്രീ. പി. ടി. എ. റഹീം :

ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂക്ഷ്മ-ചെറുകിട വ്യവസായ മേഖലയുടെ ഉന്നമനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഈ മേഖലയിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം ധനസഹായമാണ് ഈ സർക്കാർ നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രളയബാധിത മേഖലകളിൽ സൂക്ഷ്മ-ചെറുകിട സംരംഭകരുടെ വായ്പകൾക്ക് സർക്കാർ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പ്രളയം ബാധിച്ച സംരംഭങ്ങളിൽ നിക്ഷേപവും തൊഴിലും പുന:സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തിനെ വ്യവസായ സൗഹൃദമാക്കുന്നതിനായി, അനുമതികൾ അതിവേഗം ലഭ്യമാക്കുന്നതിന് വിവിധ വകുപ്പുകളിലെ ഏഴ് ആക്റ്റുകളിൽ ആവശ്യമായ ഭേദഗതി വരുത്തി 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ആക്റ്റ് എന്ന പേരിൽ നിയമ നിർമ്മാണം നടത്തിയിട്ടുണ്ട്. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വിവിധ വകുപ്പുകളിൽ നിന്നുള്ള ആവശ്യമായ ലൈസൻസുകൾ/ക്ലിയറൻസുകൾ ലഭിക്കുന്നതിലേയ്ക്കായി സംരംഭകർക്ക് ഓൺലൈൻ മുഖാന്തരം അപേക്ഷിക്കുന്നതിനും ആയത് 30 ദിവസത്തിനകം ലഭിക്കുന്നതിലേയ്ക്കുമായി K-SWIFT (സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റർ ഡിസ്പോസൽ ആന്റ് ട്രാൻസ്പെരൻസി) എന്ന പേരിൽ ഒരു പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.

മികച്ച സംരംഭകരെ വളർത്തിയെടുക്കുന്നതിലേയ്ക്കായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇ.ഡി. ക്ലബ്ബുകൾ സ്ഥാപിച്ചു. കൂടുതൽ പേരെ സംരംഭകർ ആക്കുന്നതിലേയ്ക്കായി താലൂക്ക്-ജില്ലാ തലങ്ങളിൽ സംരംഭകത്വ വികസന പരിശീലന പരിപാടികൾ, വിവിധ മേഖലകളിൽ സാങ്കേതിക പരിശീലനങ്ങൾ, നൈപുണ്യ പരിശീലനങ്ങൾ, നിക്ഷേപക സംഗമം എന്നിവ നടത്തിവരുന്നു.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 39 വ്യവസായ എസ്റ്റേറ്റുകൾ/ പ്ലോട്ടുകൾ എന്നിവ പരമാവധി യൂണിറ്റുകൾക്ക് അനുവദിച്ചിട്ടുണ്ട്. PPP മോഡലിൽ തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കൂടുതൽ വ്യവസായ യൂണിറ്റുകൾക്ക് അനുവദിക്കുന്നതിലേയ്ക്കായി ബഹുനില സമുച്ചയങ്ങൾ നിർമ്മിച്ചുവരുന്നുണ്ട്.

മേൽ വിവരിച്ചതിനുപുറമേ 2017-18 മുതൽ നാനോ ഹൗസ് ഹോൾഡ് പലിശ സബ്സിഡി അനുവദിക്കുന്ന പദ്ധതിയും തകർച്ച നേരിടുന്ന എം.എസ്.എം.ഇ.-കളുടെ പുനരുദ്ധാരണ പദ്ധതിയും ആർട്ടിസാൻസ് മേഖലയിലെ യൂണിറ്റുകൾക്ക് ആശാ പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്. 2012-13 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന സംരംഭക സഹായ പദ്ധതിപ്രകാരം ഉത്പാദന മേഖലയിലെ എം.എസ്.എം.ഇ. യൂണിറ്റുകൾക്ക് സ്ഥിരമൂലധനത്തിന് സബ്സിഡി അനുവദിച്ചുവരുന്നുണ്ട്.

(ബി) പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്ന സംരംഭകർക്കായി സംരംഭക സഹായപദ്ധതി, നാനോ/ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി എന്നീ ധനസഹായ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(സി) റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് അനുസൃതമായി സംസ്ഥാനതല ബാങ്കേഴ്സ് സമിതി പ്രളയബാധിത മേഖലകളിലെ സൂക്ഷ്മ-ചെറുകിട സംരംഭകരുടെ വായ്പകൾക്ക് ഒരു വർഷം മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) 2018-ൽ പ്രളയം ബാധിച്ച എം.എസ്.എം.ഇ.കളെ പുനരുദ്ധരിക്കാൻ ചുവടെ വിവരിക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

ഉജ്ജീവന സഹായ പദ്ധതി: 17-12-2018-ലെ സ.ഉ. (കൈ)27/2018/DMD ഉത്തരവ് പ്രകാരം 2018-ലെ പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവനമാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിലേയ്ക്കായി സർക്കാർ 'ഉജ്ജീവന സഹായ പദ്ധതി' പ്രഖ്യാപിച്ച് നടപ്പിലാക്കിവരികയാണ്. പ്രളയത്തിൽ ഉൾപ്പെട്ടെന്ന് വ്യവസായ വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തിരം നടത്തിയ സർവ്വേയിൽ ഉൾപ്പെട്ട ചെറുകിട-ഇടത്തരം വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ, കടകൾ എന്നിവർക്ക് അവരുടെ സ്ഥാപനത്തിന്റെ പുനരാരംഭത്തിനായി ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്.

കൂടാതെ 2019-20-ൽ നടപ്പിലാക്കിവരുന്ന വ്യവസായ വകുപ്പിന്റെ ബഡ്ജറ്റിൽ പ്രളയം ബാധിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള സഹായം (പ്രളയ പുനരുദ്ധാരണ പദ്ധതി), പ്രളയം ബാധിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭ യൂണിറ്റുകൾക്കുള്ള പലിശ ധനസഹായം (പ്രളയ പുനർ നിർമ്മാണ പദ്ധതി) എന്നീ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## പരമ്പരാഗത വ്യവസായ മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ

169 (2447) ശ്രീ. സി. കൃഷ്ണൻ:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ മേഖലയെ പൂർവ്വാധികം ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പരമ്പരാഗത വ്യവസായ യൂണിറ്റുകൾ മുഖേന വൈവിദ്ധ്യമേറിയ പുതിയ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും അവ അനായാസം വിറ്റഴിക്കുന്നതിനും എന്തെല്ലാം നൂതന മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളെ മൂല്യവർദ്ധിത ഉല്പാദനത്തിലേയ്ക്ക് നയിക്കുംവിധം എന്തെല്ലാം ആധുനികവൽക്കരണ നടപടികളാണ് ഈ മേഖലയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പരമ്പരാഗത വ്യവസായ മേഖലയെ ശക്തിപ്പെടുത്തുന്നതിന് ബഹുമുഖ പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടപ്പിലാക്കിവരുന്നത്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംസ്ഥാനതല സ്ഥാപനങ്ങളായ കേരള കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻ വികസന കോർപ്പറേഷൻ (കാഡ്കോ), കരകൗശല അപെക്സ് സഹകരണ സംഘം (സുരഭി), കേരള സംസ്ഥാന ബാംബൂ

വികസന കോർപ്പറേഷൻ, കേരള ബാംബൂ മിഷൻ, കേരള പനയുൽപ്പന്ന വികസന കോർപ്പറേഷൻ (കെൽപാം), കൈത്തറി വസ്ത്ര ഡയറക്ടറേറ്റ്, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, കയർ വികസന വകുപ്പ്, കശുവണ്ടി വികസന കോർപ്പറേഷൻ എന്നിവ മുഖേന വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതിയാണ് 'സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി' ഏകദേശം 5000-ത്തിലധികം നെയ്ത്ത് തൊഴിലാളികളെയും അത്രത്തോളം അനുബന്ധ തൊഴിലാളികളെയും പദ്ധതിയുടെ ഭാഗമായി സംരക്ഷിക്കാൻ കഴിഞ്ഞു. ഈ അദ്ധ്യയന വർഷം സർക്കാർ സ്കൂളുകളിലെ ഏഴാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്കും എയ്ഡഡ് മേഖലയിലെ നാലാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്കുംകൂടി 42 ലക്ഷം മീറ്റർ തുണി ഉത്പാദിപ്പിച്ചത് ഉൾപ്പെടെ കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് 75 ലക്ഷത്തോളം മീറ്റർ തുണി കൈത്തറിയിൽ ഉത്പാദിപ്പിച്ചു നൽകാൻ കഴിഞ്ഞു. സംസ്ഥാനത്തെ പൂട്ടിക്കിടക്കുന്ന പല കൈത്തറി സംഘങ്ങളും തുറന്നു പ്രവർത്തിപ്പിക്കാനും നെയ്ത്ത് തൊഴിൽ ഉപേക്ഷിച്ചവരെ ഈ മേഖലയിൽ തിരികെ കൊണ്ടുവരുന്നതിനും കഴിഞ്ഞു. ഈ പദ്ധതി വഴി ഇതുവരെ 125 കോടിയോളം രൂപ കൂലിയിനത്തിൽ മാത്രം തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

കൈത്തറി മേഖലയിൽ തൊഴിൽരഹിതരായ യുവജനങ്ങളെ ആകർഷിക്കുന്നതിനുവേണ്ടി 'യുവ വീവ് പദ്ധതി', വ്യക്തിഗത നെയ്ത്തുകാർക്കും കൈത്തറി സംഘങ്ങളിലെ പൊതുപണിശാലയിൽ പണിയെടുക്കുന്നതുമായ നെയ്ത്തുകാർക്കും വേണ്ടി 'ഒരു വീട്ടിൽ ഒരു തറി' പദ്ധതി, ആധുനിക ഡിസൈനിൽ കൈത്തറി തുണി ഉത്പാദിപ്പിച്ച് വിപണനം നടത്തുന്ന ഹാന്റക്സ് വഴിയുള്ള 'കൈത്തറി സുരക്ഷാ' പദ്ധതി, കൈത്തറി മേഖലയിൽ സംരംഭകരെ ആകർഷിക്കുന്നതിന് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 40 ശതമാനം പരമാവധി 4 ലക്ഷം രൂപയും പ്രവർത്തന മൂലധന നിക്ഷേപത്തിന്റെ 30 ശതമാനം പരമാവധി 1.5 ലക്ഷം രൂപയും സർക്കാർ ഗ്രാന്റായി നൽകുന്ന 'സ്വയം തൊഴിൽ സംരംഭം' പദ്ധതി തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് ആദ്യമായി ഏറ്റവും മെച്ചപ്പെട്ട കൈത്തറി സംഘങ്ങൾക്ക് സംസ്ഥാനതലത്തിൽ 1 ലക്ഷം രൂപ വീതവും ജില്ലാതലത്തിൽ 50,000 രൂപ വീതവും അടങ്ങുന്ന അവാർഡുകളും പ്രഖ്യാപിച്ചുനൽകുകയുണ്ടായി. കൈത്തറി മേഖലയിൽ നെയ്ത്തുകാർ, അനുബന്ധ തൊഴിലാളികൾ, അവരുടെ കുടുംബാംഗങ്ങൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് "നെയ്ത്തുത്സവം " സംഘടിപ്പിച്ചു.

കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ വിവിധ ക്രാഫ്റ്റുകളിലായി ഇതുവരെ 1350 കരകൗശല തൊഴിലാളികൾക്ക് സൗജന്യമായി ടൂൾകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. പരമ്പരാഗത തൊഴിലാളികൾക്ക് ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും പുതിയ ഡിസൈനുകൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നതിനുമായി 9 ഡിസൈൻ & ടെക്നോളജി വർക്ക്ഷോപ്പുകൾ പൂർത്തിയാക്കി. 3500-ഓളം ആർട്ടിസാൻമാർക്ക് ഇതിലൂടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. നൂതന സാങ്കേതിക വിദ്യയും ആധുനിക മെഷിനറികളും ഉപയോഗപ്പെടുത്തി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി ചെമ്പ്, ഓട്ടുപാത്ര നിർമ്മാണം, മരപ്പണി, വൈക്കോൽ ചിത്ര മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന ആർട്ടിസാൻമാർക്ക് കണ്ണൂർ ബെൽ മെറ്റൽ ക്രാഫ്റ്റ്, തൃശ്ശൂർ മരാധിഷ്ഠിത ക്രാഫ്റ്റ്, കൊല്ലം വൈക്കോൽ ചിത്ര (സ്ട്രാ പിക്ചർ) ക്രാഫ്റ്റ് എന്നീ പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിച്ചു. കൈത്തൊഴിൽ മേഖലയിൽ 5 ലക്ഷം രൂപ വരെയുള്ള വായ്പകൾ 5 മുതൽ 6 ശതമാനം വരെ കുറഞ്ഞ പലിശ നിരക്കിൽ ലഭ്യമാക്കുന്നുണ്ട്. കരകൗശല മേഖലയുടെ പുരോഗതിക്കായി 46 എക്സിബിഷനുകൾ, 14 ക്രാഫ്റ്റ് ബസാറുകൾ എന്നിവ സംഘടിപ്പിച്ചു. 2800-ഓളം പേർ പങ്കെടുത്തുകൊണ്ട് 27 ക്രാഫ്റ്റ് അവയർനെസ്സ് പ്രോഗ്രാം സംഘടിപ്പിച്ചു. കൈരളി ഹാന്റിക്രാഫ്റ്റ് എന്ന പേരിൽ ഓൺലൈൻ മാർക്കറ്റിംഗ് സ്റ്റോറുകൾ ആരംഭിച്ചു.

കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന് (KADCO) കീഴിൽ കൈത്തൊഴിൽ മേഖലയിൽ ഉത്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുന്നതിന് സർവ്വീസ് ആന്റ് സപ്ലൈ സ്കീം നടപ്പാക്കിവരുന്നു. കൈത്തറി മേഖലയ്ക്ക് ആവശ്യമായ തറികൾ നിർമ്മിച്ചുനൽകുന്നു. കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ 500-ൽപരം ഗ്രാമപഞ്ചായത്ത് ഓഫീസുകൾ നവീകരിക്കുവാൻ കഴിഞ്ഞു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ക്ലാസ്സ് റൂം നവീകരണവും കാഡ്കോ ഏറ്റെടുത്ത് നടപ്പാക്കിവരുന്നു. ഇതിന്റെഭാഗമായി നിരവധി ആർട്ടിസാൻമാർക്ക് തുടർച്ചയായി ജോലി നൽകാൻ കഴിഞ്ഞു.

മുള മേഖലയെ ശക്തിപ്പെടുത്തുന്നതിനും തൊഴിലാളികളെ സംരക്ഷിക്കുന്നതിനും കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ അംഗീകൃത ഈറ്റ-പനമ്പ് തൊഴിലാളികൾക്ക് 'മിനിമം വേജസ്' പദ്ധതി നടപ്പിലാക്കി. പനമ്പിന്റെ സംഭരണവില പുതുക്കി നിശ്ചയിച്ചു. പനമ്പ് നെയ്ത്തു തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ', ഈറ്റയിൽ നിന്നും അളി കീറി പനമ്പ് നെയ്യേണ്ടിവരുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള സ്ലീവറിംഗ്

യൂണിറ്റുകൾ തുടങ്ങിയവ ആരംഭിക്കുകയുണ്ടായി. കൂടാതെ ബാംബൂ ഇന്നൊവേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു. ബാംബൂ ഉത്പന്നങ്ങളായ ഫ്ലാറ്റൻഡ് ബാംബൂ ബോർഡ്, ബാംബു ഫ്ലോറിംഗ് ടൈൽസ് എന്നിവ ചെലവ് കുറഞ്ഞ രീതിയിൽ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

കെൽപാം എന്ന സ്ഥാപനത്തെ തകർച്ചയിൽ നിന്നും പുനരുജ്ജീവിപ്പിക്കുന്നതിനായി കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, പെറ്റ് ബോട്ടിൽ പ്ലാന്റ്, പന ഉത്പന്നങ്ങൾ ഉപയോഗിച്ചുള്ള സ്വീറ്റ്സ്, കല്ലേപ്പുള്ളി മോഡേൺ റൈസ് മിൽ എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. കേരളത്തിലെ കരകൗശല മേഖലയുടെ വികസനത്തിനുവേണ്ടി മലബാർ ക്രാഫ്റ്റ്സ് മേള പാലക്കാട്ടും കണ്ണൂരിലും സംഘടിപ്പിച്ചു.

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ഖാദി മേഖലയുടെ പുനരുദ്ധാരണത്തിനായി ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉത്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ഖാദി തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിച്ച് നടപ്പിലാക്കൽ, ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിച്ചുനൽകിയത്, ഉത്പാദന ഇൻസെന്റീവ് നൂൽ നൂൽപ്പിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1 കഴിക്ക് 1.80 രൂപയുമായി ഇരട്ടിയാക്കി നൽകിയത്, ഇ.എസ്.ഐ. ക്ഷേമനിധി ആനുകൂല്യങ്ങൾ, അദ്ധ്വാനഭാരം ലഘൂകരിച്ച് റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്കായി 'ഖാദി ഗ്രാമം' പദ്ധതി എന്നിവയും നടപ്പിലാക്കിവരുന്നു.

കയർ മേഖലയുടെ ഉന്നമനത്തിനായി നടപ്പിലാക്കി വരുന്ന നൂതന പദ്ധതിയാണ് 'കയർ രണ്ടാം പുനഃസംഘടന'. രണ്ടാം പുനഃസംഘടനയുടെ ഭാഗമായി ചകിരി ഉത്പാദനമേഖലയിലും കയർപിരി മേഖലയിലും യന്ത്രവൽക്കരണം നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് ഇതിനോടകം 75 ഡി-ഫൈബറിംഗ് മില്ലുകൾ പ്രവർത്തനം ആരംഭിച്ചു. 500 ഡി.എഫ്. മില്ലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കയർ തൊഴിലാളികൾ ഉത്പാദിപ്പിക്കുന്ന കയർ ഉത്പന്നങ്ങൾ സംഭരിച്ചു വിപണനം നടത്തുന്നു. കയർ തൊഴിലാളികൾക്ക് മിനിമം കൂലി 350 രൂപയായി വർദ്ധിപ്പിച്ചു നൽകിവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കാപ്പെക്സ് കശുവണ്ടി ഫാക്ടറികൾ എല്ലാംതന്നെ അടഞ്ഞുകിടക്കുകയായിരുന്നു. സർക്കാരിന്റെ നിരന്തരമായ ഇടപെടൽമൂലം കാപ്പെക്സ് ഫാക്ടറികൾ എല്ലാം തുറന്ന് പ്രവർത്തനം ആരംഭിക്കുകയും പ്രവർത്തിച്ചുവരികയുമാണ്. കശുവണ്ടി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള കാഷ്യൂ ബോർഡ് എന്ന സ്ഥാപനം സർക്കാർ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. സ്വകാര്യ മേഖലയിലെ അടഞ്ഞുകിടന്നിരുന്ന ഫാക്ടറികളിലെ ആയിരത്തി എഴുന്നൂറോളം സ്ത്രീ തൊഴിലാളികൾക്ക് കാപ്പെക്സ് വഴി ജോലി നൽകി. തോട്ടണ്ടിയുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് കശുമാവ് കൃഷി സംസ്ഥാനത്തിനകത്തും പുറത്തും വ്യാപകമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. തകർച്ച നേരിടുന്ന കശുവണ്ടി മേഖലയെ സംരക്ഷിക്കുന്നതിന് 25 കോടി രൂപയുടെ പലിശ ധനസഹായ പദ്ധതി 2019-20 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതും വകയിരുത്തിയിട്ടുള്ളതും ആയതിന്റെ തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്. അടച്ചുപൂട്ടിയ കശുവണ്ടി ഫാക്ടറികൾ തുറക്കുന്നതിന് ഒരു സമഗ്ര റിവൈവൽ പാക്കേജ് ആവിഷ്കരിച്ച് വിവിധ ബാങ്കുകളുമായി സഹകരിച്ച് നടപ്പിലാക്കിവരുന്നു.

കേരളത്തിലെ ബീഡി വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധികളെ മറികടക്കുന്നതിന് ബീഡി സഹകരണ മേഖലയിൽ വൈവിദ്ധ്യവത്കരണവും സർക്കാരിൽ അടച്ച നികുതി ഗ്രാന്റായി നൽകുകയും ചെയ്യുന്നു. കൂടാതെ തൊഴിലാളികൾക്ക് ആശ്വാസ പെൻഷൻ പദ്ധതിയും കേന്ദ്ര സഹകരണ സംഘം നടപ്പിലാക്കി വരുന്നു.

കേരളത്തിലെ കളിമൺപാത്ര നിർമ്മാണ മേഖലയെ സംരക്ഷിക്കുന്നതിനു വേണ്ടി കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ട്. മാത്രമല്ല, സംസ്ഥാനവ്യാപകമായി കളിമണ്ണ് ഉൾപ്പെടെ വിതരണം ചെയ്യുന്നതിന് റോ-മെറ്റീരിയൽ ബാങ്ക് സഹകരണ നിയമപ്രകാരം വ്യവസായ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കേരളത്തിലെ കരകൗശല വസ്തുക്കൾക്ക് മെച്ചപ്പെട്ട വിപണി ലഭ്യമാക്കുന്നതിനായി കരകൗശല വികസന കോർപ്പറേഷൻ, കരകൗശല അപ്പെക്സ് സഹകരണ സംഘം (സുരഭി) എന്നിവ പ്രമുഖ കേന്ദ്രങ്ങളിൽ വിൽപ്പനശാലകൾ നടത്തിവരുന്നു. പ്രസ്തുത വിൽപ്പനശാലകൾ ആധുനികവത്കരിക്കുന്നതിനും മോടിപിടിപ്പിച്ച് ആകർഷകമാക്കുന്നതിനും അതുവഴി വിപണനം മെച്ചപ്പെടുത്തുന്നതിനും സർക്കാർ ധനസഹായം നൽകുന്നു. മുള മേഖലയിലെ വിപണന വികസനത്തിനായി കേരള സംസ്ഥാന ബാംബൂ മിഷൻ നടത്തുന്ന

പ്രവർത്തനങ്ങളിലൊന്നാണ് വാർഷിക മേളയായ 'കേരള ബാംബൂ ഫെസ്റ്റ്'. 2004 മുതൽ എല്ലാ വർഷവും ഡിസംബർ മാസത്തിൽ കൊച്ചിയിൽ ബാംബൂ ഫെസ്റ്റ് സംഘടിപ്പിച്ചുവരുന്നു. മുള അധിഷ്ഠിത ഉത്പന്നങ്ങളാണ് സ്റ്റാളുകളിൽ പ്രദർശിപ്പിക്കുന്നത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കരകൗശല തൊഴിലാളികൾ/ഗ്രൂപ്പുകൾ/എൻ.ജി.ഒ../സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവർ തുടർച്ചയായി കേരള ബാംബു ഫെസ്റ്റിൽ പങ്കെടുക്കുന്നതിലൂടെ ആർജ്ജിക്കുന്ന വാണിജ്യപരമായ നേട്ടം കാരണം ഇവരുടെ പങ്കാളിത്തം ഓരോ വർഷവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മൂന്നൂറോളം മുള കരകൗശലക്കാർ ഈ മേളയിൽ പങ്കെടുക്കാറുണ്ട്. 15-ാമത് കേരള ബാംബൂ ഫെസ്റ്റ് എറണാകുളത്തപ്പൻ ഗ്രൗണ്ടിൽ 2018 ഡിസംബർ 7 മുതൽ 11 വരെ സംഘടിപ്പിച്ചു. 16-ാമത് കേരള ബാംബൂഫെസ്റ്റ് 2019 ഡിസംബർ 6 മുതൽ 10 വരെ കൊച്ചിയിൽ സംഘടിപ്പിക്കുന്നതാണ്. സംസ്ഥാനത്തെ മുള മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ദ്ധർ/സംരംഭകർ/എൻ.ജി.ഒ..-മാർ/എസ്.എച്ച്.ജി. എന്നിവരുടെ വിപണനം വർദ്ധിപ്പിക്കുന്നതിനായി കേരളത്തിനകത്തും മറ്റ് സംസ്ഥാനങ്ങളിലും സംഘടിപ്പിക്കുന്ന വിവിധ ദേശീയ അന്തർദ്ദേശീയ വിപണന മേളകൾ, ബിസിനസ് മീറ്റുകൾ എന്നിവയിൽ കേരള സംസ്ഥാന ബാംബൂ മിഷൻ പ്രതിനിധികളെ പങ്കെടുപ്പിക്കുന്നു.

കേരളത്തിലെ പരമ്പരാഗത മേഖലയുടെ പുനരുദ്ധാരണത്തിനും നിലനിൽപ്പിനുംവേണ്ടി വ്യവസായ വാണിജ്യ വകുപ്പ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന മലബാർ ക്രാഫ്റ്റ്സ് മേള സംഘടിപ്പിച്ചു വരുന്നു. പ്രസ്തുത ക്രാഫ്റ്റ്സ് മേള കേരളത്തിലെ തനതായ കരകൗശല വസ്തുക്കൾ, കൈത്തറി വസ്ത്രങ്ങൾ, കലാരൂപങ്ങൾ എല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു മേളയാണ്. ഈ മേഖലയിലെ കരകൗശലക്കാർ/ശിൽപ്പികൾ എന്നിവരെ ഒരുമിച്ച് കൊണ്ടുവരാനും അവരുടെ ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുവാനുള്ള ഒരവസരം ഈ മേള ഒരുക്കിക്കൊടുക്കുന്നുണ്ട്. 2018 ജനുവരി 16 മുതൽ 30 വരെ പാലക്കാട് ഇന്ദിരാഗാന്ധി മുനിസിപ്പൽ സ്റ്റേഡിയത്തിൽ വച്ചും 2019 ഫെബ്രുവരി 24 മുതൽ മാർച്ച് 9 വരെ കണ്ണൂർ പോലീസ് മൈതാനത്ത് വച്ചും മലബാർ ക്രാഫ്റ്റ്സ് മേള സംഘടിപ്പിച്ചു.

കയർ സഹകരണ സംഘങ്ങൾ ഉത്പാദിപ്പിക്കുന്ന കയറും മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളും ചെറുകിട ഉത്പാദക സംഘങ്ങളും ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങളും വിറ്റഴിക്കുന്നതിന് സഹായകരമായ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. 'കയർ കേരള 2017'-ൽ നടപ്പിലാക്കിയ കയർഭൂവസ്ത്ര പദ്ധതി മുഖേന 120 കോടി രൂപയുടെ ഓർഡറുകളാണ് തൊഴിലുറപ്പ് പദ്ധതിയുമായി

ബന്ധപ്പെട്ട് ലഭ്യമായത്. ഇതിൽ 42 കോടി രൂപയുടെ കയർ ഉൽപ്പന്നം നിർമ്മിച്ചു നൽകുന്നതിന് കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. കയർ കേരള 2019-ൽ 100 കോടി രൂപയുടെ കയർഭൂവസ്ത്ര പദ്ധതിയാണ് തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് വിഭാവനം ചെയ്തിട്ടുള്ളത്. 2017-ൽ ഓണക്കാലത്ത് കയർ വികസന വകുപ്പ് ജീവനക്കാർ ഉൾപ്പെടെ പങ്കെടുത്തുകൊണ്ട് കയർ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിന് 'കയർ കാർണിവൽ' എന്ന പേരിൽ ആവിഷ്കരിച്ച പദ്ധതി പ്രകാരം 10 കോടി രൂപ മൂല്യമുള്ള കയർ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

കൈത്തറി വസ്ത്രങ്ങൾക്ക് വിപണി ഉറപ്പാക്കുന്നതിനായി സംസ്ഥാനത്ത് പ്രാഥമിക കൈത്തറി സംഘങ്ങൾക്കും അപ്പെക്സ് സ്ഥാപനമായ ഹാന്റക്സ് പൊതുമേഖലാ സ്ഥാപനമായ ഹാൻവീവ് എന്നിവയ്ക്കും കൈത്തറി പ്രദർശന വിപണന മേളകളിൽ (സംസ്ഥാനത്തിനകത്തും അന്യസംസ്ഥാനങ്ങളിലും) പങ്കെടുക്കുന്നതിനും വേണ്ട സാമ്പത്തിക സഹായം നൽകുന്നു. കൂടാതെ സംസ്ഥാന പ്രദർശന മേളകളിൽ പങ്കെടുക്കുന്നവർക്ക് അവരുടെ ആകെ വില്പനയുടെ 10 ശതമാനം പരമാവധി 10,000 രൂപ എക്സിബിഷൻ ഗ്രാന്റായി നൽകുന്നു. സംസ്ഥാനത്തിനകത്ത് ഓണം, ക്രിസ്തുമസ്, വിഷു എന്നീ സീസണുകളിലും കൂടാതെയുള്ള പ്രത്യേക അനുമതിയോടുകൂടി സംഘടിപ്പിക്കുന്ന പ്രദർശന വിപണന മേളകൾക്കുമായി ജില്ലാ വ്യവസായ കേന്ദ്രം മുഖേന തുക അനുവദിക്കുന്നു. നാഷണൽ ഹാന്റ്ലൂം എക്സ്പോ, സ്പെഷ്യൽ ഹാന്റ്ലൂം എക്സ്പോ, ഇന്ത്യ ഇന്റർ നാഷണൽ ട്രേഡ് ഫെയർ (ഐ.ഐ.റ്റി.എഫ്.), മലബാർ ക്രാഫ്റ്റ് മേള എന്നിങ്ങനെയുള്ള ദേശീയ, അന്തർദ്ദേശീയ പ്രദർശന വിപണന മേളകളിൽ പങ്കെടുക്കുന്നതിന് സാമ്പത്തിക സഹായം നൽകിവരുന്നു. കൈത്തറി വസ്ത്രങ്ങൾ വിദേശത്ത് കയറ്റുമതി ചെയ്യുന്നതിന് പ്രോത്സാഹനമായി എക്സ്പോർട്ട് മാർക്കറ്റ് ഇൻസെന്റീവ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

ഖാദി ഉത്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വർഷം മുഴുവനും റിബേറ്റ്, ഉത്സവകാലങ്ങളിൽ പ്രത്യേക റിബേറ്റ് (സംസ്ഥാനത്തിനകത്ത് ഉത്പാദിപ്പിക്കുന്ന ഖാദി വസ്ത്രങ്ങൾക്ക് മാത്രം), ആധുനിക സൗകര്യങ്ങളോടുകൂടി വിൽപ്പനശാലകളുടെ നവീകരണം, ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴിയുള്ള പരസ്യ പ്രചരണം കൂടാതെ ഉത്സവകാലങ്ങളിൽ സമ്മാന പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ വിവിധ കേന്ദ്രങ്ങളിൽ പ്രത്യേകം വിൽപ്പന മേളകളും നടത്തുന്നുണ്ട്.

കശുവണ്ടി ഉത്പന്നങ്ങളുടെ വൈവിധ്യവത്കരണം ലക്ഷ്യമിട്ട് കശുവണ്ടി വികസന കോർപ്പറേഷൻ പരിപ്പിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങളായ കാഷ്യൂ വിറ്റ, കാഷ്യൂ സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യൂ ബിറ്റ്സ്, ചോക്ലേറ്റ് ഉത്പന്നങ്ങളായ ചോക്കോ കാജു, മിൽക്കി കാജു എന്നിവയും ഉത്പാദിപ്പിച്ചുവരുന്നു. കശുവണ്ടി പരിപ്പ് ഉപയോഗിച്ച് ചിൽഡ്രൻസ് വിറ്റ എന്ന പുതിയ ഒരു മൂല്യവർദ്ധിത ഉത്പന്നംകൂടി ഉത്പാദിപ്പിച്ചിട്ടുണ്ട്. കശുമാങ്ങയിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളായ കാഷ്യൂ സോഡാ, കാഷ്യൂ പൈൻ ജാം എന്നിവയും 2018 വർഷം വിപണിയിൽ ഇറക്കിയിട്ടുള്ളതാണ്.

കശുവണ്ടി പരിപ്പിന്റെയും മൂല്യവർദ്ധിത ഉത്പന്നങ്ങളുടേയും ആഭ്യന്തര വിപണനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് കശുവണ്ടി വികസന കോർപ്പറേഷൻ മാർക്കറ്റ് ഫെഡുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതും മാർക്കറ്റ് ഫെഡ് വഴി കേരളത്തിനകത്തും പുറത്തും കശുവണ്ടി പരിപ്പ് വിറ്റഴിക്കുന്നതിനുള്ള വിപണി ശൃംഖല ആരംഭിച്ചിട്ടുള്ളതുമാണ്. ആഭ്യന്തര മാർക്കറ്റിലെ കശുവണ്ടി പരിപ്പിന്റെ വിപണനം ഇതിലൂടെ ഗണ്യമായതരത്തിൽ മെച്ചപ്പെട്ടിട്ടുള്ളതാണ്. കൂടാതെ ഡിസ്ട്രിബ്യൂട്ടർമാർ, ഫ്രാഞ്ചൈസികൾ, ഗവൺമെന്റ് ഏജൻസികൾ, കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവ മുഖാന്തരം കശുവണ്ടി പരിപ്പിന്റെയും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെയും വിപണനം നടത്തിവരുന്നു.

കാപ്പെക്സ് കശുവണ്ടിയിൽ നിന്നുള്ള വിവിധ മൂല്യവർദ്ധിത ഉത്പന്നങ്ങളായ സാൾട്ട് റോസ്റ്റഡ്, ചില്ലി റോസ്റ്റഡ്, പെപ്പർ റോസ്റ്റഡ് മുതലായവയും കശുമാങ്ങയിൽ നിന്നും നിർമ്മിക്കാവുന്ന കശുമാവ് സോഡ സിറപ്പ്, ജാം തുടങ്ങിയവയും നിർമ്മിച്ച് വിതരണം നടത്താനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(സി) കരകൗശല മേഖലയിലെ തൊഴിലാളികളെ ക്ലസ്റ്റർ മാതൃകയിൽ ഏകോപിപ്പിച്ചുകൊണ്ട് അതതു മേഖലകളിൽ ആധുനികവത്കരണം കൊണ്ടുവരുന്നതിനും അതതു ക്ലസ്റ്റർ പദ്ധതിയുടെ ഘടകമായി മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കാനുള്ള പരിശീലനം നൽകുന്നതിനുമുള്ള പ്രവർത്തനം നടന്നുവരുന്നു. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 11 കരകൗശല ക്ലസ്റ്ററുകൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു.

പരിശീലന പരിപാടികളിൽ പങ്കെടുത്ത കരകൗശലക്കാരുടെ ഉത്പന്ന പ്രക്രിയകളിലുള്ള പോരായ്മകൾ വിലയിരുത്തിയശേഷം തൊഴിലാളികളെ മൂല്യവർദ്ധിത ഉത്പാദനത്തിലേക്ക് നയിക്കുംവിധം അവരുടെ ഉത്പന്നങ്ങളുടെ ഗുണമേന്മയും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആവശ്യമായ ടൂൾസും മറ്റ് ഉപകരണങ്ങളും നൽകിവരുന്നു. കൂടാതെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വുഡ്

സയൻസ് & ടെക്നോളജി (IWST), ഇന്ത്യൻ പ്ലൈവുഡ് ഇൻഡസ്ട്രീസ് റിസർച്ച് &ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (IPIRTI), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (NID) എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് മുള മേഖലയിലെ ആധുനികവും നൂതനവുമായ സാങ്കേതികവിദ്യ കരകൗശലക്കാർക്ക് പകർന്നുനൽകുന്നതിനും മുള മേഖലയിലെ വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് സെമിനാറുകളും പുതുമയുള്ളതും വ്യത്യസ്തവുമായ ഉത്പന്നങ്ങൾ വികസിപ്പിക്കുന്നതിനുമായി ഡിസൈൻ വർക്ക്ഷോപ്പുകളും സംഘടിപ്പിച്ചുവരുന്നു.

കയർപിരി മേഖലയിൽ പച്ചത്തൊണ്ടിൽ നിന്ന് ലഭ്യമാകുന്ന ചകിരിച്ചോറിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതികവിദ്യ എൻ.സി.ആർ.എം.ഐ. വികസിപ്പിച്ചിട്ടുണ്ട്.

ബാംബൂ കോർപ്പറേഷൻ മുളയെ ഒരു വ്യാവസായിക നിർമ്മാണ വസ്തുവായി ഉയർത്തുന്നതിനുവേണ്ടി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. മരത്തിന് പകരം മുള എന്ന ആശയം പ്രചരിപ്പിക്കുന്നതിനോടൊപ്പം നല്ലളം ആസ്ഥാനമായി പ്രവർത്തിക്കുന്ന തറയോട് നിർമ്മാണ ഫാക്ടറിയും അനുബന്ധ യൂണിറ്റുകളായ മാനന്തവാടി, പാലക്കാട്, നാദാപുരം എന്നിവിടങ്ങളിലും മുളയുടെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിച്ച് വിൽപ്പന ചെയ്യുന്നതിന് പ്രാപ്തമാക്കുന്ന രീതിയിൽ പുനഃസംഘടിപ്പിച്ചുവരുന്നു. കൂടാതെ സംസ്കരിച്ച മുളയും കോർപ്പറേഷന്റെ മറ്റ് ഉത്പന്നങ്ങളും ഉപയോഗിച്ച് കേരളത്തിലെ പരിസ്ഥിതിലോല പ്രദേശങ്ങളടങ്ങിയ വിനോദ സഞ്ചാര മേഖലകളിൽ ബാംബൂ വാസഗൃഹങ്ങളും ഇക്കോ ഹട്ടുകളും നിർമ്മിച്ചുതുടങ്ങിയിട്ടുണ്ട്.

### മാവേലിക്കര മണ്ഡലത്തിൽ വ്യവസായ പാർക്ക്

170 (2448) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെയും സിഡ്കോയുടെയും കെ.എസ്.ഐ.ഇ.-യുടെയും ഉടമസ്ഥതയിലുള്ള ഭൂമിയുടെയും സ്ഥാപനങ്ങളുടെയും വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഭൂമിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും പ്രവർത്തനം നിലച്ച സ്ഥാപനങ്ങളും ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സ്ഥലസൗകര്യങ്ങൾ ഇവിടെയുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത ഭൂമിയിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ കീഴിലുള്ള കൊല്ലകടവ് വ്യവസായ വികസന ഏരിയയിൽ 1622 സെന്റ് സ്ഥലമാണുള്ളത്. ഇതിൽ 1439 സെന്റ് സ്ഥലം വ്യവസായ യൂണിറ്റുകൾക്ക് അനുവദിച്ചതിൽ പ്രവർത്തനം നിലച്ച 2 യൂണിറ്റുകളുടെ സ്ഥലം വ്യവസായ വകുപ്പ് തിരിച്ചെടുക്കുകയുണ്ടായി. ഇപ്രകാരം തിരിച്ചെടുത്ത സ്ഥലം കോടതി വ്യവഹാരങ്ങൾ നിമിത്തം റീ അലോട്ട് ചെയ്യുന്നതിന് സാധിച്ചിട്ടില്ല.

കൊല്ലകടവ് വ്യവസായ വികസന ഏരിയയിൽ പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകളെയും പ്രവർത്തനം നിലച്ച വ്യവസായ യൂണിറ്റുകളെയും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സ്ഥലസൗകര്യങ്ങൾ ഇവിടെ ലഭ്യമല്ല.

**ഇൻഫോ പാർക്ക്**

171 (2449) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ മണ്ഡലത്തിൽ ഒരു ഇൻഫോപാർക്ക് സ്ഥാപിക്കുന്നതിനാവശ്യമായ (സി.ജി.എൻ.ആർ 979/19 തീയതി 19.1.19 പ്രകാരം സമർപ്പിച്ചിരുന്ന ശിപാർശ) സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ വ്യവസായ വകുപ്പിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഇൻഫോപാർക്കിനാവശ്യമായ തുക അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) ചെങ്ങന്നൂർ മണ്ഡലത്തിൽ ഒരു ഇൻഫോ പാർക്ക് സ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സി.ജി.എൻ.ആർ. 979/19 തീയതി 19-1-2019 പ്രകാരമുള്ള ശിപാർശ വ്യവസായ വകുപ്പിൽ ലഭിച്ചിട്ടില്ല. എന്നാൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചെങ്ങന്നൂർ മണ്ഡലത്തിൽ പ്രഭുറാം മിൽസിന്റെ നവീകരണത്തിനായി 50 കോടി രൂപയും പ്രസ്തുത മിൽസിന്റെ അധീനതയിലുള്ള 20 ഏക്കർ ഭൂമിയിൽ നിന്നും 10 ഏക്കർ ഭൂമി ഒരു ഇൻഫോ പാർക്ക് സ്ഥാപിക്കുന്നതിനായി അനുവദിക്കണമെന്നും പ്രാഥമികമായി 25 കോടി രൂപ 2019-20 ബഡ്ജറ്റിൽ വകയിരുത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ടും 9-1-2019-ലെ സി.ജി.എൻ.ആർ.971/19 എന്ന നിവേദനം വ്യവസായ വകുപ്പിൽ ലഭിച്ചിട്ടുണ്ട്.

ടി അപേക്ഷയുടെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിന്റെ പരിധിയിലുള്ള കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള ചെങ്ങന്നൂർ പ്രഭുറാം മിൽസിന്റെ നവീകരണത്തിനായി 2019-20-ലെ ബഡ്ജറ്റിൽ 5 കോടി രൂപ ഉൾപ്പെടുത്തിയിട്ടുള്ളതും 26-6-2019-ലെ സ.ഉ.(സാധാ) നമ്പർ 582/2019/വ്യവ നമ്പർ പ്രകാരം പ്രസ്തുത തുകയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. എന്നാൽ ചെങ്ങന്നൂർ മണ്ഡലത്തിൽ ഇൻഫോ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലില്ലാത്തതുമാണ്.

## പെട്രോകെമിക്കൽ പാർക്ക്

172 (2450) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച അമ്പലമുകൾ പെട്രോകെമിക്കൽ പാർക്കിന്റെ നിർമ്മാണത്തിനായി സ്ഥലമേറ്റെടുപ്പും ഭൂമി കൈമാറ്റ നടപടികളും പൂർത്തിയായിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുക്കുന്നതെന്ന് അറിയിക്കുമോ;

(സി) പെട്രോകെമിക്കൽ പാർക്കിന്റെ അന്തിമ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന് കാരണം എന്തെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച അമ്പലമുകൾ പെട്രോകെമിക്കൽ പാർക്കുമായി ബന്ധപ്പെട്ട് ഭൂമി കൈമാറുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിന് കിൻഫ്രയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) 481.79 ഏക്കർ ഭൂമിയാണ് പ്രസ്തുത പദ്ധതിക്കായി ഏറ്റെടുക്കുന്നത്.

(സി) പ്രസ്തുത പദ്ധതിക്കുവേണ്ട വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഹൈദരാബാദ് ആസ്ഥാനമായ വോയന്റ്സ് കൺസൾട്ടൻസിനെ കിൻഫ്ര നിയമിച്ചിട്ടുണ്ട്. അവർ കരട് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കിൻഫ്രയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

## സഹകരണ സ്പിന്നിംഗ് മില്ലുകളിൽ കോ-ഓപ്പറേറ്റീവ് ആഡിറ്റ്

173 (2451) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായവകുപ്പിന്റെ നിയന്ത്രണത്തിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകളിൽ കോ-ഓപ്പറേറ്റീവ് ആഡിറ്റ് വിഭാഗം 2017-2018, 2018-2019 എന്നീ സാമ്പത്തിക വർഷങ്ങളിൽ ആഡിറ്റ് നടത്തി സമർപ്പിച്ച റിപ്പോർട്ടുകളിൽ ഓരോ മില്ലുകളെയും സംബന്ധിച്ച് രേഖപ്പെടുത്തിയ ന്യൂനതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആഡിറ്റ് റിപ്പോർട്ടുകൾ പ്രകാരം ഓരോ സഹകരണ സ്പിന്നിംഗ് മില്ലുകളും വരുത്തിയ നഷ്ടം എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(സി) സഹകരണ സ്പിന്നിംഗ് മില്ലുകളിലെ ജി.എം, സി.ഇ.ഒ, എം.ഡി. എന്നീ തസ്തികകളിൽ വിജിലൻസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാതെ നിലവിൽ തുടരുന്നത് ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഹാജരാക്കാത്തവരെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) സ്പിന്നിംഗ് മിൽ സി.ഇ.ഒ, ജി.എം, എം.ഡി. എന്നീ തസ്തികകളിൽ തുടരുന്ന ആരുടെയെല്ലാം പേരിൽ വിജിലൻസ്, ലോകായുക്ത, ധനകാര്യ പരിശോധനാ വിഭാഗം എന്നിവരുടെ അന്വേഷണം നേരിടുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി* ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി)

| മില്ലിന്റെ പേര് | നഷ്ടം (രൂപ കോടിയിൽ ) | |
|---|---|---|
| | 2017-18 | 2018-19 |
| കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ | ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചിട്ടില്ല | ഓഡിറ്റ് പൂർത്തിയാക്കിയിട്ടില്ല |
| ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ | 0.4 | ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ | ഓഡിറ്റ് പൂർത്തിയാക്കിയിട്ടില്ല | ഓഡിറ്റ് പൂർത്തിയാക്കിയിട്ടില്ല |
| കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ | 10.08 | ഓഡിറ്റ് പൂർത്തിയാക്കിയിട്ടില്ല |
| മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ | 4.66 | ഓഡിറ്റ് പൂർത്തിയാക്കിയിട്ടില്ല |
| മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ് | 8.18 | ഓഡിറ്റ് പൂർത്തിയാക്കിയിട്ടില്ല |
| പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ | 5.33 | ഓഡിറ്റ് പൂർത്തിയാക്കിയിട്ടില്ല |
| കെ.കരുണാകരൻ മെമ്മോറിയൽ സഹകരണ സ്പിന്നിംഗ് മിൽ | | വ്യാവസായിക അടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ചത് 2018-ലാണ്. സഹകരണ ഓഡിറ്റ് നടന്നിട്ടില്ല. |

(സി) ജി.എം, സി.ഇ.ഒ., എം.ഡി. എന്നീ തസ്തികകളിൽ സ്ഥിരനിയമനം ലഭിച്ച ആരും നിലവിൽ ടെക്സ്ഫെഡിനുകീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകളിൽ ജോലി ചെയ്യുന്നില്ല. മാനേജിംഗ് ഡയറക്ടർ/ജനറൽ മാനേജർമാരുടെ ചാർജ്ജ് അറേഞ്ച്മെന്റ്/അധിക ചുമതല/അന്യത്രസേവനം എന്നിവ മാത്രമാണ് നടത്തിയിട്ടുള്ളത്.

(ഡി) ടെക്സ്ഫെഡിന്റെ കീഴിലെ സഹകരണ സ്പിന്നിംഗ് മില്ലുകളിലെ സി.ഇ.ഒ./ജി.എം./എം.ഡി. എന്നിവർക്കെതിരെ നിലവിൽ വിജിലൻസ്, ലോകായുക്ത, ധനകാര്യ പരിശോധനാ വിഭാഗം എന്നീ അന്വേഷണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പൊതുമേഖലാ സ്ഥാപനങ്ങളിലെ ലാസ്റ്റ് ഗ്രേഡ് തസ്തിക ഒഴിവുകൾ

174 (2452) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നാളിതുവരെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) ഇനി എത്ര ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ ബാക്കിയുണ്ട്; ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണമെന്താണ്;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ 31-12-2019 വരെ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിൽ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും ഉൾപ്പെടെ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## റൈസ് പാർക്കിന്റെ നിർമ്മാണം

175 (2453) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന റൈസ് പാർക്കിന്റെ നിർമ്മാണ പുരോഗതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത റൈസ് പാർക്കിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും, പ്രവർത്തന രീതിയും, ആയതിന്റെ ആകെയുള്ള അടങ്കൽ തുകയും എത്രയാണ് എന്നുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിൽ റൈസ് പാർക്ക് നിർമ്മിക്കുന്നതിന് കിൻഫ്രയുടെ അധീനതയിലുള്ള സ്ഥലമാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് "കിറ്റ്കോ"യെ ചുമതലപ്പെടുത്തുകയും കിറ്റ്കോ പ്രാഥമിക റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. നെല്ലും അരിയും വിഷയങ്ങളായി പരിഗണിച്ച് പ്രവർത്തിക്കുന്ന വിദഗ്ദ്ധ സ്ഥാപനങ്ങളുടെ സാങ്കേതിക സഹായം തേടി സമഗ്രമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകിയതനുസരിച്ച് കിറ്റ്കോ കോയമ്പത്തൂരിലെ തമിഴ്നാട് കാർഷിക സർവ്വകലാശാലയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി സെന്റർ, തഞ്ചാവൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് പ്രോസസിംഗ് ടെക്നോളജി, മൈസൂരുവിലെ സെൻട്രൽ ഫുഡ് ടെക്നോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങൾ സന്ദർശിക്കുകയും വിശദമയ റിപ്പോർട്ട് തയ്യാറാക്കുകയുമാണ്.

(ബി) നെൽകൃഷിയുടെ വിസ്തൃതി മൂന്നുലക്ഷം ഹെക്ടർ കൈവരിക്കുന്നതിനും നെൽകൃഷി കൂടുതൽ ആദായകരമാക്കുന്നതിനും ലക്ഷ്യമിട്ടാണ് അന്തർദ്ദേശീയ നിലവാരത്തിലുള്ള റൈസ് പാർക്കുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. കർഷകരിൽ നിന്ന് സംഭരിക്കുന്ന നെല്ലിൽ നല്ലൊരു പങ്ക് റൈസ് പാർക്കുകളിൽ സംസ്കരിച്ച് അരിയിൽ നിന്ന് അരിപ്പൊടിയും അതിൽനിന്ന് റെഡി ടു ഈറ്റ് ഉൽപ്പന്നങ്ങളും ഉൽപ്പാദിപ്പിക്കും. നെല്ലും അരിയും ഉൽപ്പന്നങ്ങളും സൂക്ഷിക്കുന്ന വിപുലമായ ഗോഡൗൺ സൗകര്യങ്ങൾ, മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ, ട്രേഡ് സെന്റർ തുടങ്ങിയവ ഉൾപ്പെടുന്നതായിരിക്കും പ്രസ്തുത പാർക്കുകൾ. ഇത്തരം മൂല്യവർദ്ധന ഉല്പാദന പ്രക്രിയയുടെ നേട്ടം കൃഷിക്കാർക്ക് ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്.

പാലക്കാട് റൈസ് പാർക്ക് പദ്ധതിക്കായി ഭൂമി വിലയുൾപ്പെടെ 2790.00 ലക്ഷം രൂപയുടെ അടങ്കൽ തുകയാണ് കണക്കാക്കിയിരിക്കുന്നത്.

## പ്രളയ നാശനഷ്ടത്തിനുള്ള സാമ്പത്തിക സഹായം

176 (2454) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ നാശനഷ്ടമുണ്ടായതും അതിനുശേഷം ഷോർട്ട് സർക്യൂട്ട് കാരണം കത്തി നശിക്കുകയും കമ്പ്യൂട്ടറുകൾ, ഫോട്ടോസ്റ്റാറ്റ് മെഷീൻ എന്നിവയടക്കം കത്തിപ്പോവുകയും ചെയ്ത ചാലക്കുടി നഗരസഭയിൽ ത്രേസ്യാമ്മ മാത്യുവിന്റെ ഉടമസ്ഥതയിലുള്ള ആധാരം എഴുത്ത് ഓഫീസിന്റെ നാശനഷ്ടത്തിന് സാമ്പത്തിക സഹായം അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷ പരിഗണിച്ച് ധനസഹായം അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) 2018 ആഗസ്റ്റ് മാസത്തിലെ പ്രളയത്തിലും അതിനുശേഷം 30-6-2019-നുണ്ടായ തീപിടിത്തത്തിലും ചാലക്കുടി നഗരസഭയിൽ 21/534, 538 നമ്പർ കടമുറികളിൽ തന്റെ ഉടമസ്ഥതയിലുള്ള ആധാരമെഴുത്ത് ആഫീസിലെയും ഫോട്ടോസ്റ്റാറ്റ് കടയിലെയും ഉപകരണങ്ങൾക്കും മുദ്രപ്പത്രത്തിനുമുണ്ടായ നാശനഷ്ടത്തിന് സാമ്പത്തിക സഹായം ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി ത്രേസ്യാമ്മ മാത്യു സർക്കാരിൽ സമർപ്പിച്ച 9-4-2019-ലെ അപേക്ഷ തുടർനടപടികൾക്കായി 24-9-2018-ലെ എഫ്2/268/2019 നമ്പർ കത്ത് പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്.

പ്രളയബാധിത യൂണിറ്റുകൾക്കായി വ്യവസായ വകുപ്പ് മൊബൈൽ ആപ്ലിക്കേഷൻ വഴി നടത്തിയ സർവ്വേയിൽ ശ്രീമതി ത്രേസ്യാമ്മ മാത്യുവിന്റെ സ്ഥാപനം ഉൾപ്പെട്ടിട്ടുണ്ട്. പ്രളയബാധിത യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി സർക്കാർ പ്രഖ്യാപിച്ച ഉജ്ജീവന പദ്ധതി പ്രകാരമുള്ള മാർജിൻ മണി ഗ്രാന്റ് ലഭിക്കുന്നതിനായി അപേക്ഷക പുതുതായി ബാങ്കുകളിൽ നിന്നും വായ്പയെടുക്കേണ്ടതായിട്ടുണ്ട്. ടി പദ്ധതിയുടെ വിശദാംശങ്ങൾ അപേക്ഷകയെ വ്യവസായ വാണിജ്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇതിന്മേലുള്ള അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്കേ ഉജ്ജീവനസഹായ പദ്ധതി പ്രകാരം വായ്പ ലഭ്യമാക്കുന്നതിനായി പ്രസ്തുത അപേക്ഷ ബാങ്കിലേക്ക് ശിപാർശ ചെയ്യുന്നതിന് കഴിയുകയുള്ളൂ. എന്നാൽ തീപിടിത്തംമൂലം നാശനഷ്ടം സംഭവിച്ചതിന് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസായ വകുപ്പിൽ പദ്ധതികൾ നിലവിലില്ല.

## ആലത്തൂർ മണ്ഡലത്തിലെ വ്യവസായ വികസന പ്രവർത്തനങ്ങൾ

177 (2455) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പ് മുഖേന ആലത്തൂർ മണ്ഡലത്തിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

ആലത്തൂർ നിയമസഭാ മണ്ഡലത്തിൽ 405 പേരെ പങ്കെടുപ്പിച്ചുകൊണ്ട് 41,065 രൂപ ചെലവഴിച്ച് 6 സംരംഭകത്വ ബോധവൽക്കരണ സെമിനാറുകൾ കോളേജ് തലത്തിൽ നടത്തി. 101 സംരംഭകരെ പങ്കെടുപ്പിച്ചുകൊണ്ട് 2 സംരംഭകത്വ ബോധവൽക്കരണ സെമിനാർ (ജനറൽ ) 20,000 രൂപ ചെലവഴിച്ച് നടത്തുകയും ഇവരിൽ 45 പേർ സംരംഭം തുടങ്ങുകയും ചെയ്തു. 151 സംരംഭകരെ പങ്കെടുപ്പിച്ചുകൊണ്ട് 3 നിക്ഷേപകസംഗമം നടത്തി. ഇതിനായി 84,750 രൂപ ചെലവഴിച്ചു. 10 പേരെ സംഘടിപ്പിച്ച് സംരഭകത്വ വികസന ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 83 പേരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു സെമിനാർ 45,000 രൂപ ചെലവഴിച്ച് നടത്തുകയുണ്ടായി. ഇതിലൂടെ പഞ്ചായത്ത് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് എന്ന വിഷയത്തിൽ അവബോധം നൽകാനും കഴിഞ്ഞു.

ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് മുഖേന കണ്ണമ്പ്ര ഗാന്ധി സ്മാരക നിധി എന്ന സ്ഥാപനത്തിന് 4,75,000 രൂപ ചെലവഴിച്ച് ചർക്ക വാങ്ങി നൽകി. അതിലൂടെ 25 സ്ത്രീകൾക്ക് തൊഴിൽ നൽകാൻ കഴിഞ്ഞു. സംരംഭക സഹായ പദ്ധതി പ്രകാരം 22 വ്യവസായ യൂണിറ്റുകൾക്കായി 61,68,852 രൂപ സബ്സിഡിയായി നൽകി. പി.എം.ഇ.ജി.പി. പദ്ധതി മുഖേന 10 യൂണിറ്റുകൾ ആരംഭിച്ചു. ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് കുടുംബശ്രീ വനിതാ (ജനറൽ) വിഭാഗത്തിന് സ്വയം തൊഴിൽ സബ്സിഡിയായി 13 ഗ്രൂപ്പുകൾക്ക് 24.03 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

## പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം

178 (2456) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ ഏത് വരെ ആയെന്ന് വിശദമാക്കാമോ;

(ബി) വർക്ക് ഓർഡർ നൽകാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) നടപടികൾ പൂർത്തീകരിച്ച് അടിയന്തരമായി പ്രവൃത്തി ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ & ബി) കായിക വകുപ്പിന്റെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയത്തിന്റെ സിവിൽ പ്രവൃത്തികൾ ടെണ്ടർ ചെയ്തിരുന്നു. ലഭിച്ച ടെണ്ടറുകൾ എസ്റ്റിമേറ്റിനെക്കാൾ ഉയർന്ന തുകയുള്ളതായിരുന്നതിനാൽ റീ ടെണ്ടറുകൾ ക്ഷണിക്കേണ്ടതുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചത് ജി.എസ്.ടി കണക്കിലെടുക്കാത്ത തുകയ്ക്കാണ്. മാത്രമല്ല DSR Cost Index പരിഷ്കരിച്ചതിനാലും പ്രസ്തുത പ്രവൃത്തിക്ക് പുതുക്കിയ സാങ്കേതികാനുമതി ലഭ്യമാക്കേണ്ടതുണ്ട്. ഇതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) പുതുക്കിയ DSR Cost Index അനുസരിച്ച് പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പരിഷ്കരിച്ച് സാങ്കേതിക അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി റീ ടെണ്ടർ ചെയ്യുകയും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്യുന്നതാണ്.

## കാസർഗോഡ് ഭെൽ കമ്പനി

179 (2457) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഭെൽ കമ്പനിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ;

(ബി) നേരത്തെ കെൽ ആയിരുന്നപ്പോൾ കമ്പനിയുടെ മുടക്കുമുതലും ഉൽപ്പാദനവും എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) കെൽ എന്ന് പേരുണ്ടായിരുന്ന കമ്പനി ഭെൽ ആയി മാറിയത് എപ്പോഴാണെന്നും അതേത്തുടർന്ന് മുടക്കുമുതലിലും ഉൽപ്പാദനത്തിലും ഉണ്ടായ മാറ്റങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ഡി) കെൽ ആയിരുന്നപ്പോഴും ഭെൽ ആയി മാറിയപ്പോഴും ജീവനക്കാരുടെ ശമ്പള നിലവാരം ഏത് തരത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഇപ്പോൾ ഭെൽ-ലെ ജീവനക്കാർക്ക് എത്രമാസമായി ശമ്പളം കിട്ടുന്നില്ലായെന്നും ഈ കുടിശ്ശിക എപ്പോൾ തീർക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(എഫ്) വർഷങ്ങൾക്ക് മുമ്പ് പ്രഖ്യാപിച്ച ശമ്പളവർദ്ധനവ് പ്രകാരം ജീവക്കാർക്ക് എത്ര കുടിശ്ശിക കൊടുത്ത് തീർക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഭെല്ലിന്റെ ഓഹരികൾ വിറ്റഴിക്കുന്നതിനായി കേന്ദ്ര സർക്കാർ തീരുമാനിച്ചപ്പോൾ സ്ഥാപനത്തെ വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലയായി തന്നെ നിലനിർത്തുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ 12-6-2017-ന് ഒരു ഉന്നതതല യോഗം ചേർന്നു. ചീഫ് സെക്രട്ടറിയെ ചെയർമാനായി നിശ്ചയിച്ചുകൊണ്ട് ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചു. കമ്പനിയെ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ പൂർത്തിയാക്കിക്കൊണ്ട് 7-9-2019-ലെ സ.ഉ (കൈ)നമ്പർ 78/2019/വ്യവ. നമ്പർ പുറപ്പെടുവിച്ചിട്ടുണ്ട്. ഭെല്ലിൽ നിന്നും സൗകര്യപ്രദമായ ഒരു തീയതി ലഭിക്കുന്നതിനനുസരിച്ച് സർക്കാരും ഭെല്ലുമായി (നവംബർ മാസത്തിൽ തന്നെ) കരാർ ഒപ്പ് വയ്ക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കാസർഗോഡ് കെൽ യൂണിറ്റിന്റെ മുടക്കുമുതൽ 20 കോടി രൂപയാണ്. കമ്പനി കൈമാറ്റം ചെയ്തപ്പോൾ കമ്പനിയുടെ കാസർഗോഡ് യൂണിറ്റിന്റെ വിറ്റുവരവ് (2010-11) 11.54 കോടി രൂപയായിരുന്നു.

(സി) കാസർഗോഡ് കെൽ യൂണിറ്റ് 28-3-2011-ലാണ് ഭെൽ ആയി മാറിയത്. ഇതേത്തുടർന്ന് കമ്പനിയുടെ മുടക്കുമുതലിനും ഉൽപ്പാദനത്തിലും ഉണ്ടായ മാറ്റങ്ങൾ അനുബന്ധമായി *ചേർക്കുന്നു.

(ഡി) കെൽ, ഭെൽ ആയി മാറിയശേഷം ജീവനക്കാരുടെ ശമ്പളത്തിൽ വ്യത്യാസം വന്നിട്ടില്ല. ശമ്പള സംബന്ധമായ വിവരം ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>വർക്ക് മെൻ</u>

W8 3660-125-4410-160-6010-180-7810-210-8860

W7 3550-105-3970-125-5095-160-6695-180-8135

W6 3540-105-4065-125-5190-160-6790-180-8050

W5 3470-100-4070-122-5290-155-6840-175-7890

W4 3400-90-3850-100-4750-122-5970-155-7055

W3 3350-84-3854-96-4814-120-6014-150-6914

W2 3320-70-3670-80-4470-95-5420-115-6225

W1 3310-70-3730-80-4530-95-5480-115-6170

<u>എക്സിക്യൂട്ടീവ്സ്</u>

E1 8790-200-9590-240-10790-280-11910-340-13610

E2 11070-280-11910-340-13610-380-16650-450-18450

E3 11910-340-13610-380-16650-450-19350

E4 12930-340-13610-380-16650-450-20250

E5 16650-450-20700-500-23200

E6 25400-600-26600-650-33100

E7 26000-600-26600-650-33100

E8 26660– 650-33750

(ഇ) ഭെൽ-ലെ വർക്ക്മെൻ വിഭാഗത്തിൽപ്പെട്ടവരുടെ 2019 ജനവരിവരെയുള്ള ശമ്പളവും എക്സിക്യൂട്ടീവ്സിന്റെ 2018 ഡിസംബർ വരെയുള്ള ശമ്പളവും പൂർണ്ണമായും നൽകിയിട്ടുണ്ട്. കമ്പനിയുടെ പുനരുദ്ധാരണത്തിലൂടെയും ഫണ്ടിന്റെ ലഭ്യതയുമനുസരിച്ച് ശമ്പളക്കുടിശ്ശിക നൽകുവാൻ സാധിക്കും.

(എഫ്) ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ഭാഗമായുള്ള കമ്പനിയുടെ ബാദ്ധ്യത 428.51 ലക്ഷം രൂപയാണ്.

## നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ

180 (2458) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണ വസ്തുക്കളുടെ ക്ഷാമംമൂലം നിർമ്മാണമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മണൽ, പാറ എന്നിവയുടെ ക്ഷാമം പരിഹരിക്കുന്നതിന് എന്തെങ്കിലും ഇടപെടലുകൾ നടത്തിയിട്ടുണ്ടോ;

(സി) തെരഞ്ഞെടുക്കപ്പെട്ട ഡാമുകളിൽ നിന്നും മണൽ ശേഖരിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ ;

(ഡി) അന്യസംസ്ഥാനത്ത് നിന്നും കരിങ്കല്ല്, മണൽ എന്നിവ ഇറക്കുമതി ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഇ) 2008-ന് മുമ്പ് നികത്തിയ ഭൂമിയിൽ നിന്നും കളിമണ്ണ് ശേഖരിക്കുവാൻ ഖനനാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിലാണ് ഇപ്രകാരം അനുമതി നൽകിയിട്ടുള്ളത് വിശദമാക്കുമോ?

ഉത്തരം

(എ ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മണൽ, പാറ എന്നിവയുടെ ക്ഷാമം പരിഹരിക്കുന്നതിനായി നിയമാനുസൃതം ഖനനം അനുവദിക്കാൻ സാധിക്കുന്ന സ്ഥലങ്ങളിൽ ഖനനാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ക്ഷാമം പരിഹരിക്കുന്നതിനായി അന്യസംസ്ഥാനത്ത് നിന്നും കേരളത്തിലേയ്ക്ക് കരിങ്കൽ, മണൽ ഇറക്കുമതി ചെയ്യാവുന്നതാണ്. ആയതിന് നിലവിലെ ചട്ടങ്ങൾ പ്രകാരം നിയമതടസ്സമില്ല. ഇപ്രകാരം ഇറക്കുമതി ചെയ്യുന്ന ധാതുക്കൾ സ്റ്റോക്ക് ചെയ്ത് വില്പന നടത്തുന്നതിന് ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥകൾ 2015-ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് ആന്റ് ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിദേശത്തുനിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിന് സ്വകാര്യ വ്യക്തികളെയും സ്ഥാപനങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനായി 20-2-2018-ൽ 57/എ 3/2018/വ്യവ. നമ്പർ സർക്കുലർ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ മണൽ ഇറക്കുമതി ചെയ്ത് വില്പന നടത്തുന്നതിനുള്ള

മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട് (പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു). കൂടാതെ 6-3-2018-ലെ 57/എ 3/2018/വ്യവ നമ്പർ സർക്കുലറിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും കരിങ്കല്ലും അതിന്റെ ഉത്പന്നങ്ങളും കേരളത്തിലേക്ക് കൊണ്ടുവന്ന് വില്പന നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട് (പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു). അന്യസംസ്ഥാനങ്ങളിൽ നിന്നും ധാതുക്കൾ കേരളത്തിൽ കൊണ്ടുവന്ന് സ്റ്റോക്ക് ചെയ്ത് വില്പന നടത്തുന്നതിനുള്ള അനുമതിക്കായി ആവശ്യപ്പെടുന്ന പ്രധാന രേഖ ധാതു വാങ്ങിയതിന് തെളിവായി ഹാജരാക്കേണ്ട പാസ്സ് ആണ്. ആയതിനുപുറമേ, മൈനിംഗ് & ജിയോളജി വകുപ്പ് ആവശ്യപ്പെടുന്നത് ധാതു സംഭരിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റും ലൊക്കേഷൻ സ്കെച്ചുമാണ്. സ്ഥലം അപേക്ഷകന്റേതല്ലെങ്കിൽ സ്ഥലമുടമയുടെ സമ്മതപത്രവും ആവശ്യപ്പെടുന്നതാണ്. ചട്ടപ്രകാരമുള്ള ഫീസും അപേക്ഷകൻ അടയ്ക്കേണ്ടതാണ്.

(സി) കേരളത്തിലെ ഡാമുകളിലും റിസർവോയറുകളിലും കെട്ടിക്കിടക്കുന്ന എക്കലും മണലും നീക്കം ചെയ്ത് പ്രയോജനപ്പെടുത്തുന്നതിനായി 26-9-2017-ലെ സ.ഉ(കൈ) 79/2017/ഡബ്ല്യു. ആർ.ഡി. പ്രകാരം അംഗീകരിച്ച സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയറി (SOP)ൽ പറഞ്ഞിരിക്കുന്ന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പൈലറ്റ് പദ്ധതികളായി മംഗലം, ചുള്ളിയാർ എന്നീ ഡാമുകളിൽ ഡീസിൽറ്റിംഗ് നടത്തുവാൻ അംഗീകാരം ലഭിച്ചിട്ടുണ്ട്. DPR ചീഫ് സെക്രട്ടറി ചെയർമാനായുള്ള empowered committee-യുടെ രണ്ടാം യോഗത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഇ) 2008-ന് മുമ്പ് നികത്തിയ ഭ്രമിയിൽ നിന്നും കളിമണ്ണ് ശേഖരിക്കാൻ ഖനനാനുമതിയോ/ലീസോ നൽകിയിട്ടില്ല.

**തോട്ടം ഭൂമിയിൽ ഖനനം**

181 (2459) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടഭൂമിയിൽ ഖനനം പാടില്ലെന്ന സുപ്രീംകോടതി വിധി നടപ്പാക്കിയാൽ സംസ്ഥാനത്തെ ഒട്ടേറെ ക്വാറികൾ അടച്ചുപൂട്ടേണ്ടി വരുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 1964-ലെ ഭൂപതിവ് ചട്ടത്തിൽ ഭേദഗതി വരുത്തി കരിങ്കൽ ഖനനത്തിന് അനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭൂപരിഷ്കരണ നിയമപ്രകാരം 15 ഏക്കറിൽ കൂടുതൽ ഭൂമി വാണിജ്യ ആവശ്യങ്ങൾക്കായി കൈവശം വയ്ക്കുവാൻ ലഭിക്കുന്ന ഇളവ്, ക്വാറി പ്രവർത്തനങ്ങൾക്ക് ബാധകമല്ലായെന്ന് 16-11-2018-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിട്ടിരുന്നു. പ്രസ്തുത ഉത്തരവ് 30-9-2019-ലെ വിധിന്യായപ്രകാരം ബഹുമാനപ്പെട്ട സുപ്രീംകോടതി ശരിവച്ചു. 16-11-2018-ൽ വിധിന്യായം പുറപ്പെടുവിച്ചതിനുശേഷം, റവന്യൂ രേഖകളിൽ 'തോട്ടം' എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയിൽ ഖനനം അനുവദിക്കുന്നതിന് താലൂക്ക് ലാന്റ് ബോർഡിൽ നിന്നുള്ള Exemption നിർബന്ധമാക്കിയിരുന്നു. പ്രസ്തുത വിധി പുറപ്പെടുവിക്കുന്നതിന് മുമ്പ് ക്വാറിയിംഗ് ഒരു Commercial Activity ആയി പരിഗണിക്കാമെന്ന ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവാണ് ഉണ്ടായിരുന്നത്. അതിനാൽ 16-11-2018-ലെ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് റവന്യൂ വകുപ്പിൽ നിന്നും അനുവദിക്കുന്ന രേഖകൾ പ്രകാരം ഭൂമി Assigned land ആണോ Kerala Conservation of Paddy and wet land Act, 2008- ന്റെ പരിധിയിൽ വരുന്ന ഭൂമിയാണോ എന്ന് മാത്രമാണ് പരിശോധിച്ചിരുന്നത്. ആയതിനാൽ 'തോട്ടം' വിഭാഗത്തിൽപ്പെടുന്ന ഭൂമിയിൽ എത്ര കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നുണ്ട് എന്ന കൃത്യമായ വിവരം പരിശോധിച്ച് തിട്ടപ്പെടുത്തിയശേഷമേ സുപ്രീംകോടതി വിധി പ്രകാരം ഒട്ടേറെ ക്വാറികൾക്ക് പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമുണ്ടോയെന്ന് പരിശോധിക്കുവാൻ നിർവ്വാഹമുള്ളൂ.

(ബി) ചട്ടം ഭേദഗതി ചെയ്യുന്ന വിഷയം പരിഗണനയിലാണ്. ഇക്കാര്യത്തിൽ അഡ്വക്കേറ്റ് ജനറലിന്റെയും ലാന്റ് റവന്യൂ കമ്മീഷണറുടെയും റിപ്പോർട്ട് ആരാഞ്ഞിരിക്കുകയാണ്.

## ചെങ്ങോട്ടുമലയിലെ കരിങ്കൽ ഖനനം

182 (2460) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ ചെങ്ങോട്ടുമലയിൽ കരിങ്കൽ ഖനനം നടത്തുന്നതിനുള്ള അനുമതിക്കായി അപേക്ഷ ഡിസ്ട്രിക്റ്റ് എൻവയൺമെന്റ് ഇംപാക്റ്റ് അസ്സെസ്സ്മെന്റ് കമ്മിറ്റി മുൻപാകെ വന്നിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ, നിലവിൽ പ്രസ്തുത സ്ഥലത്ത് കരിങ്കൽ ഖനനം നടത്തുന്നതിന് ജില്ലയിലെ ബന്ധപ്പെട്ട സർക്കാർ ഏജൻസികൾ അനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; പ്രസ്തുത സ്ഥലം പാരിസ്ഥിതിക ദുർബ്ബലപ്രദേശമാണോ എന്നറിയിക്കുമോ;

(സി) നിലവിലെ സാഹചര്യത്തിൽ പ്രസ്തുത സ്ഥലത്ത് കരിങ്കൽ ഖനനം നടത്തുന്നതിനുള്ള അനുമതി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ) ശ്രീ. തോമസ് ഫിലിപ്പ്, ചെറുപുളിച്ചിയിൽ വീട്, പ്രൊപ്രൈറ്റർ, ഡൽറ്റ റോക്ക് പ്രോഡക്ട്സ്, ചെറുകുളഞ്ഞി പോസ്റ്റ്, റാന്നി, പത്തനംതിട്ട എന്ന വ്യക്തി ജില്ലാതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി, കോഴിക്കോട് (DEIAA) നിലവിലുണ്ടായിരുന്ന സമയത്ത് പാരിസ്ഥിതികാനുമതിക്കായി അപേക്ഷിച്ചിരുന്നതും DEIAA പാരിസ്ഥിതികാനുമതി അനുവദിച്ചിട്ടുള്ളതുമാണ്.

(ബി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നാണ് ഖനനാനുമതി നൽകേണ്ടത്. പ്രസ്തുത വകുപ്പിൽ നിന്നും ഖനനാനുമതി നൽകിയിട്ടില്ല. കേന്ദ്ര സർക്കാരിന്റെ കരട് വിജ്ഞാപന പ്രകാരം പ്രസ്തുത സ്ഥലം പരിസ്ഥിതി ദുർബ്ബല പ്രദേശമല്ല.

(സി) പ്രസ്തുത സ്ഥലത്ത് ക്വാറീയിംഗ് ലീസ് അനുവദിക്കുന്നതിന്റെ മുന്നോടിയായി വിവിധ വകുപ്പുകളിൽ നിന്നും സ്റ്റാറ്റ്യൂട്ടറി ലൈസൻസുകൾ സമ്പാദിക്കുന്നതിലേയ്ക്ക് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും ലെറ്റർ ഓഫ് ഇന്റന്റ് അനുവദിച്ചിരുന്നു. ആയതിന്റെ സ്റ്റാറ്റ്യൂട്ടറി ലൈസൻസുകളായ പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള കൺസന്റ്, പഞ്ചായത്ത് ലൈസൻസ്, എക്സ്പ്ലോസീവ് ലൈൻസ്, പാരിസ്ഥിതികാനുമതി എന്നിവയും മൈനിംഗ് പ്ലാനും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ ഖനനാനുമതി നൽകുവാൻ സാധിക്കുകയുള്ളൂ. നാളിതുവരെ ടി രേഖകൾ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് മുമ്പാകെ ഹാജരാക്കിയിട്ടില്ല.

## സൗജന്യ യൂണിഫോം വഴി കൈത്തറി മേഖലയിലെ തൊഴിലവസരങ്ങൾ

183 (2461) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്ക് സൗജന്യ യൂണിഫോം വിതരണ പദ്ധതി പ്രകാരം കൈത്തറി മേഖലയിൽ എത്ര പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞുവെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) കൈത്തറി യൂണിഫോം മറ്റ് മേഖലകളിലേക്കും വ്യാപിപ്പിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) കൈത്തറി മേഖലയുടെ പുനരുദ്ധാരണം ലക്ഷ്യമാക്കി ഈ സർക്കാർ നടപ്പിലാക്കിയ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി മൂന്ന് വർഷം പിന്നിട്ടപ്പോൾ 5000-ലധികം നെയ്ത്തു തൊഴിലാളികൾക്കും അത്രത്തോളം അനുബന്ധ തൊഴിലാളികൾക്കുമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷമായി കൈത്തറി സ്കൂൾ യൂണിഫോമിനായി 98 ലക്ഷത്തോളം മീറ്റർ തുണി ഉല്പാദിപ്പിച്ചതിൽ 16.33 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു. കൂടാതെ തുണി നെയ്ത്തുസംഘങ്ങളിൽ നിന്നും ശേഖരിച്ച്, അവ ഡൈ ചെയ്ത് സ്കൂൾ അടിസ്ഥാനത്തിൽ തുണി മുറിച്ച് പായ്ക്കാക്കി അതത് എ.ഇ.ഒ. ഓഫീസുകളിൽ എത്തിക്കുന്ന പ്രവർത്തനങ്ങളിലുമായി ഹാൻവീവ്, ഹാന്റെക്സ് സ്ഥാപനങ്ങളുടെ കീഴിൽ 2.50 ലക്ഷം തൊഴിൽ ദിനങ്ങളും കേരളത്തിലെ സ്പിന്നിംഗ് മില്ലുകളിൽ നിന്നും ഇവയ്ക്ക് ആവശ്യമായ നൂൽ ഉല്പാദിപ്പിച്ച് നൽകിയതിൽ 0.75 ലക്ഷം തൊഴിൽ ദിനങ്ങളും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത പദ്ധതിമൂലം തൊഴിലാളികൾക്ക് സ്ഥിരവരുമാനവും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ പുതിയ പദ്ധതി രൂപീകരിച്ചിട്ടില്ല.

**കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഭൂമി**

184 (2462) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്തോളിയിൽ സ്റ്റേറ്റ് ഹൈവേയുടെ തൊട്ടടുത്തായി വ്യവസായ വികസനത്തിന് എല്ലാ സാധ്യതയുമുള്ള കുന്നത്തറ ടെക്സ്റ്റൈൽസ് ഭൂമിയും അനുബന്ധ വസ്തുക്കളും അന്യാധീനപ്പെട്ട് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭൂമി സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നറിയിക്കാമോ;

(സി) കുന്നത്തറ ടെക്സ്റ്റൈൽസിന്റെ നിലവിലുള്ള ബാധ്യത എത്രയാണെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) ഭൂമി ആവശ്യമുള്ള സർക്കാർ വ്യവസായ സ്ഥാപനങ്ങൾക്കോ സാമൂഹ്യക്ഷേമം ലക്ഷ്യം വച്ച് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്കോ ഈ ഭൂമി ഏറ്റെടുത്ത് നൽകാൻ തയ്യാറാവുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) കുന്നത്തറ ടെക്സ്റ്റൈൽസ് എന്ന സ്ഥാപനം ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിനാൽ ലിക്വിഡേഷനിലാണ്. ഭൂമി അന്യാധീനപ്പെട്ടു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി-ഡി) കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ആസ്തികൾ ഏറ്റെടുത്ത് വിൽക്കുന്നതിന് ഒഫിഷ്യൽ ലിക്വിഡേറ്ററെ ബഹുമാനപ്പെട്ട ഹൈക്കോടതി ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ടി സ്ഥാപനം ലിക്വിഡേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഒഫിഷ്യൽ ലിക്വിഡേറ്ററാണ് ബാധ്യത നിശ്ചയിക്കുന്നത്. കമ്പനിയുടെ സമാപ്തീകരണ നടപടികളുമായി മുന്നോട്ടു പോകുന്നതിനാണ് സർക്കാർ തീരുമാനമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയെ അറിയിച്ചിട്ടുള്ളതാണ്. കമ്പനിയുമായി ബന്ധപ്പെട്ട് കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലനിൽക്കുന്നതിനാൽ കോടതിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രമേ ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## പള്ളിച്ചൽ വില്ലേജിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം

185 (2463) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിച്ചൽ വില്ലേജിലെ റീസർവ്വേ നമ്പർ 151/2-ൽപ്പെട്ട 17.20 ആർ സ്ഥലം തണ്ടപ്പേർ രേഖകൾ പ്രകാരം ഖാദി ബോർഡിന്റെ ഉടമസ്ഥതയിലാണോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത സ്ഥലം ബോർഡിന്റെ ഉടമസ്ഥതയിലാക്കുന്നതിന് തടസ്സങ്ങളെന്തെങ്കിലുമുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിന് ബോർഡ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഖാദി ബോർഡിന്റെ നേരിട്ടുള്ള ഉടമസ്ഥതയിൽ അല്ല.

(ബി & സി) റവന്യൂ അധികാരികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

**അമ്പലത്തിൻകാല ഖാദി കേന്ദ്രത്തിന്റെ പ്രവർത്തനം**

186 (2464) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ അമ്പലത്തിൻകാല ഖാദി കേന്ദ്രത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) അവിടെ സിൽക്ക് നെയ്ത്ത് യൂണിറ്റ് ആരംഭിക്കുന്നത് സംബന്ധിച്ച് ശിപാർശ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ &ബി ) സ്വീകരിച്ചിട്ടുണ്ട്. ഉല്പാദന കേന്ദ്രങ്ങളുടെ സ്ഥാപനവും ശാക്തീകരണവും എന്ന പദ്ധതി പ്രകാരം 2019-20-ൽ 165 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയതിൽ അമ്പലത്തിൻകാല ഖാദി കേന്ദ്രത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതുമായി ബന്ധപ്പെട്ട് സിൽക്ക് നെയ്ത്ത് ആരംഭിക്കുന്നതിനായി 11 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**കായിക മേഖലയുടെ സമഗ്ര പുരോഗതിക്കായുള്ള പ്രവൃത്തികൾ**

187 (2465) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കായിക മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യംവച്ചുകൊണ്ട് കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും എന്തൊക്കെ പ്രവൃത്തികൾക്കാണ് ഫണ്ടുകൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ആയതിന് അനുവദിച്ച തുക ജില്ലകൾ തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

കായിക യുവജന കാര്യാലയത്തിൽ നിന്നും 2016-17 സാമ്പത്തിക വർഷത്തിൽ 65,99,29,849 രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 14,45,22,353 രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 25,83,38,078 രൂപയും 2019-20 സാമ്പത്തിക വർഷത്തിൽ 7,78,19,639 രൂപയും അനുവദിച്ചിട്ടുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും 2016-17 സാമ്പത്തിക വർഷത്തിൽ 2,71,48,937 രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 4,33,12,285 രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 8,24,34,000 രൂപയും അനുവദിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

കായിക മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യംവച്ചുകൊണ്ട് കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും കായിക യുവജനകാര്യാലയം മുഖേന നടത്തിയ പ്രവൃത്തികൾ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം* ആയും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന നടത്തിയ പ്രവൃത്തികൾ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം* ആയും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**ഹാമർ തലയിൽ വീണ് വിദ്യാർത്ഥി മരണപ്പെട്ട സംഭവം**

188 (2466) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജൂനിയർ അത്‌ലറ്റിക് മീറ്റിനിടെ ഹാമർ തലയിൽ വീണ് ഗുരുതരമായി പരിക്കേറ്റ അഫീൽ ജോൺസൺ എന്ന വിദ്യാർത്ഥി മരണപ്പെട്ട സംഭവം സംബന്ധിച്ച് കായിക വകുപ്പ് സ്വന്തം നിലയിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത വിദ്യാർത്ഥിക്ക് അപകടം സംഭവിച്ച ഉടനെ തന്നെ കായിക വകുപ്പ് ഉദ്യോഗസ്ഥർ വിദ്യാർത്ഥിയെ കാണുന്നതിനും കുടുംബവുമായി സംസാരിക്കുന്നതിനും തയ്യാറായിരുന്നുവോ;

(സി) ജാവലിൻ ത്രോയും ഹാമർ ത്രോയും ഒരേ സമയത്തും അകലം പാലിക്കാതെയും നടത്തിയ പിഴവാണ് യഥാർഥ അപകടകാരണം എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഇത്തരത്തിലുള്ള അപകടങ്ങൾ സംഭവിക്കാതിരിക്കാൻ കൃത്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 5-10-2019-ലെ സ.ഉ. (സാധാ)നമ്പർ 197/2019/കാ.യു.വ. പ്രകാരം ചുവടെ സൂചിപ്പിക്കുന്ന അംഗങ്ങൾ അടങ്ങുന്ന കമ്മിറ്റി രൂപീകരിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. ഡോ. കെ. കെ. വേണു, ഡയറക്ടർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (റിട്ട), യൂണിവേഴ്സിറ്റി ഓഫ് കേരള (Now working as advisor in PE, APJ Abdul Kalam Technological University, Trivandrum)

2. ശ്രീ. എ. പി. സത്യാനന്ദൻ, സായ് അത്‌ലറ്റിക്സ് കോച്ച് (റിട്ട)

3. ശ്രീ. വി. ഡിജു, ഒളിമ്പ്യൻ ബാഡ്മിന്റൺ പ്ലേയർ (അർജ്ജുന അവാർഡ് ജേതാവ്, മാനേജർ, ഒ.എൻ.ജി.സി. ചെന്നൈ)

(ബി) കായിക യുവജനകാര്യ ഡയറക്ടറും അഡീഷണൽ ഡയറക്ടറും ആശുപത്രിയിൽ വിദ്യാർത്ഥിയെ സന്ദർശിച്ച് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയിരുന്നു.

(സി) പ്രസ്തുത അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ അപകടത്തിന് കാരണമായ അപാകതകളിൽ ഒന്നായി ജാവലിൻ ത്രോയും ഹാമർ ത്രോയും ഒരേ സമയത്ത് സംഘടിപ്പിക്കാൻ വേണ്ടി ചെയ്ത ക്രമീകരണങ്ങളിൽ വന്ന പാളിച്ചയാണ് അപകടകാരണമെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് നടത്തപ്പെടുന്ന കായികമേളകളിൽ ഇനിയും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിന് സർക്കാർ കർശന നിർദ്ദേശം നൽകിയതിന്റെ ഭാഗമായി സ്കൂൾ മീറ്റിന് ജില്ലാതല മത്സരങ്ങൾ മുതലുള്ളവയ്ക്ക് കായികയുവജന കാര്യാലയത്തിലെയോ സംസ്ഥാന സ്പോർട്സ് കൗൺസിലിലെയോ ഒരു സീനിയർ കോച്ചിനെ നിർദ്ദേശങ്ങൾ നൽകുന്നതിനായി നിയോഗിക്കുന്നതിനും കൂടാതെ ഈ വർഷത്തെ സംസ്ഥാന സ്കൂൾ കായികോത്സവത്തിന്റെ ഉപജില്ലാ, ജില്ലാ, സംസ്ഥാന മത്സരങ്ങൾ നടത്തുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും ത്രോ ഇനങ്ങൾ ഒരു സമയത്ത് ഒരു ഐറ്റം മാത്രമേ നടത്താവൂ എന്നതിനെക്കുറിച്ചും വിശദമായ സർക്കുലർ എല്ലാ വിദ്യാഭ്യാസ ഓഫീസർക്കും നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് വരുംകാലങ്ങളിൽ നടക്കാനിരിക്കുന്ന കായികമേളകളിൽ ഇത്തരം ദാരുണമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള കർശന നടപടികൾ സർക്കാർ സ്വീകരിക്കുന്നതുമാണ്.

## കായിക മേഖലകളിൽ കുട്ടികളെ പരിശീലിപ്പിക്കുന്നതിന് പദ്ധതികൾ

189 (2467) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികമേഖലയിൽ കുട്ടികളെ പരിശീലിപ്പിച്ച് വളർത്തിയെടുക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്;

(ബി) കായികവകുപ്പിനുകീഴിലുള്ള സ്പോർട്സ് സ്കൂളുകളുടെ നവീകരണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ) കായിക മേഖലയിൽ കുട്ടികളെ പരിശീലിപ്പിച്ച് വളർത്തിയെടുക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)

നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ്. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതി നടപ്പ് സാമ്പത്തിക വർഷം 14 സെന്ററുകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. പെൺകുട്ടികൾക്ക് മാത്രമായാണ് പ്രസ്തുത 14 സെന്ററുകളിൽ പരിശീലനം നൽകുന്നത്.

പ്ലേ ഫോർ ഹെൽത്ത്

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായികരംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്.

സ്പ്ലാഷ്

സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന പദ്ധതിയാണ് സ്പ്ലാഷ്. ആദ്യഘട്ടമെന്ന നിലയിൽ പാലക്കാട്, ഇടുക്കി, തൃശ്ശൂർ, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിൽ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

ഹൂപ്സ്

സ്കൂൾ വിദ്യാർത്ഥികൾക്ക് ബാസ്കറ്റ്ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പ് സാമ്പത്തികവർഷം 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

സ്പ്രിന്റ്-ഗ്രാസ്റൂട്ട് അത്‌ലറ്റിക് ട്രെയിനിംഗ് പ്രോഗ്രാം

ലോക നിലവാരത്തിലുള്ള അത്‌ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര തലത്തിലെ കേരളത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി ഗ്രാസ്റൂട്ട് പരിശീലനം നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യഘട്ടമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്.

കളിത്തട്ട്

കേരളത്തിന്റെ തനത് കായിക വിനോദങ്ങൾ നിലനിർത്തുന്നതിനും പുതിയ തലമുറയ്ക്ക് കൈമാറി അത് കൂടുതൽ പ്രചരിപ്പിക്കുന്നതിനും വേണ്ടി കായിക യുവജനകാര്യാലയവും യുവജനക്ഷേമ ബോർഡും സഹകരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് കളിത്തട്ട്.

ഷൂട്ടിംഗ് അക്കാഡമി

35-ാമത് ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് നിർമ്മിച്ചിട്ടുള്ള അന്തർദ്ദേശീയ നിലവാരത്തിലുള്ള ഷൂട്ടിംഗ് റേഞ്ചിൽ 30 കോടിയോളം രൂപ ചെലവിൽ ഷൂട്ടിംഗ് അക്കാഡമി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത അക്കാഡമിയിൽ 10 മീറ്റർ, 25 മീറ്റർ, 50 മീറ്റർ ഇനങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനും ദേശീയ-അന്തർദ്ദേശീയ മത്സരങ്ങൾ നടത്തുന്നതിനുമുള്ള സൗകര്യമുണ്ട്.

സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ

ജീവിതശൈലീ രോഗങ്ങളിൽ നിന്നും മുക്തി നേടി ആരോഗ്യകരമായ ഒരു ജീവിതം നയിക്കുന്നതിന് ജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, യുവജനങ്ങൾ, മുതിർന്ന പൗരന്മാർ തുടങ്ങിയ എല്ലാ ജനവിഭാഗങ്ങൾക്കും പ്രയോജനപ്പെടുന്ന രീതിയിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. സ്പോർട്സ് ആന്റ് ഹെൽത്ത് പാർക്കുകളിലൂടെ ജനങ്ങളിൽ കായിക അവബോധം സൃഷ്ടിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കായിക-ആരോഗ്യ സംബന്ധമായ ഉപകരണങ്ങൾ സ്ഥാപിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി

2020, 2024 വർഷങ്ങളിലെ ഒളിമ്പിക്സിൽ കേരള കായികതാരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായികതാരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് " ഓപ്പറേഷൻ ഒളിമ്പ്യ".

നിലവിൽ റസലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ബോക്സിംഗ് എന്നീ കായിക ഇനങ്ങളുടെ പരിശീലനം തിരുവനന്തപുരം ജില്ലയിലും കനോയിംഗ് & കയാക്കിംഗ് കൊല്ലത്തും ബാഡ്മിന്റൺ എറണാകുളത്തും ഫെൻസിംഗ് കണ്ണൂരിലും റോവിംഗ് ആലപ്പുഴയിലും നടന്നുവരുന്നു. ഇതിൽ ഷൂട്ടിംഗ്, ആർച്ചറി, അത്‌ലറ്റിക്സ് എന്നിവയുടെ പരിശീലനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എലൈറ്റ് സ്കീം

മികച്ച കായികതാരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളിബോൾ, ഫെൻസിംഗ് എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുകീഴിൽ പ്രവർത്തിക്കുന്നുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 30 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 54 കോളേജ് സ്പോർട്സ് അക്കാഡമികൾ, 25 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, 13 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ഈ സെന്ററുകളിലൂടെ മികച്ച കായിക പരിശീലനം നൽകിവരുന്നു.

കേരള കായികക്ഷമതാ മിഷൻ

കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിനുവേണ്ടി കേരള സാക്ഷരതാ മിഷൻ ആരംഭിച്ചതുപോലെ അതേ മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ്

"കേരള കായികക്ഷമതാ മിഷൻ" പദ്ധതി

പ്രസ്തുത പദ്ധതി സ്കൂൾ, കോളേജുകൾ, സർവ്വകലാശാലകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുസംബന്ധിച്ച് അന്തിമഘട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) കായിക വകുപ്പിന് കീഴിലുള്ള സ്പോർട്സ് സ്കൂളുകളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി *ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## കിക്കോഫ്-ഫുട്ബോൾ പരിശീലന പദ്ധതി

190 (2468) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിക്കോഫ് എന്ന പേരിൽ ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ ഏതെല്ലാം സ്കൂളുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്; എവിടെയെല്ലാം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്; അറിയിക്കുമോ;

(സി) എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന സ്കൂളുകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ്. ഒരു സെന്ററിൽ 25 കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസമാണ് പരിശീലനം നൽകുന്നത്. ഫുട്ബോൾ പരിശീലന രംഗത്ത് 10 വർഷത്തിലധികം പരിചയമുള്ള സെപ്റ്റ് എന്ന സംഘടനയുടെ സാങ്കേതിക സഹായത്തോടെയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതി നടപ്പ് സാമ്പത്തികവർഷം പെൺകുട്ടികൾക്കുവേണ്ടി 14 സെന്ററുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 33 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 19 സ്കൂളുകളിൽ നിലവിൽ പരിശീലനം നൽകി വരുന്നുണ്ട്. തെരഞ്ഞെടുത്ത സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി* ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) നിർദ്ദേശം/അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**സ്പോർട്സ് പരിശീലന ഉപകരണങ്ങൾ നൽകുന്ന പദ്ധതി**

191 (2469) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ ഉപജില്ലയിലെയോ മണ്ഡലത്തിലെയോ ഏതെങ്കിലും ഒരു സ്കൂൾ കേന്ദ്രമാക്കി സ്പോർട്സ് പരിശീലന ഉപകരണങ്ങൾ നൽകുന്ന പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) സ്കൂളുകൾക്ക് വിദ്യാർത്ഥികളുടെ പരിശീലനത്തിനായി ജമ്പിംഗ് പിറ്റ് അടക്കമുള്ള വില കൂടിയതും കുറഞ്ഞതുമായ സ്പോർട്സ് ഉപകരണങ്ങൾ നൽകുന്ന ഏതെങ്കിലും പദ്ധതി കായിക വകുപ്പിന് കീഴിൽ നിലവിലുണ്ടോ;

(സി) സ്കൂൾ വിദ്യാർത്ഥികളുടെ കായിക പരിശീലനത്തിനായി വകുപ്പ് നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഇല്ല

(ബി) കായിക സംഘടനകൾ, രജിസ്റ്റേർഡ് ക്ലബ്ബുകൾ, സർക്കാർ/എയ്ഡഡ് സ്കൂളുകൾ, കായികതാരങ്ങൾ എന്നിവയ്ക്ക് കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും പരിശീലനം നൽകുന്നതിനുമായി സാമ്പത്തിക സഹായം അനുവദിച്ചുവരുന്നുണ്ട്. കൂടാതെ യൂത്ത് ക്ലബ്ബുകൾക്ക് സ്പോർട്സ് പരിശീലന ഉപകരണങ്ങൾ വാങ്ങുന്ന സ്പോർട്സ് കിറ്റ് എന്ന പദ്ധതി യുവജനക്ഷേമ ബോർഡും നടപ്പിലാക്കി വരുന്നുണ്ട്.

(സി) ജി.വി. രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്ക് അന്തർദ്ദേശീയ നിലവാരമുള്ള പരിശീലനം ലഭ്യമാക്കുന്നതിന് വിദേശ പരിശീലകരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. കൂടാതെ അന്താരാഷ്ട്ര നിലവാരമുള്ള താഴെപ്പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. വോളിബോൾ കോർട്ട്, ബാസ്കറ്റ് ബോൾ കോർട്ട്, ഇൻഡോർ ഹാൾ നിർമ്മാണം
2. ഫുൾ PUR 6 ലെയ്ൻ 400 മീറ്റർ അത്‌ലറ്റിക് ട്രാക്ക്
3. സിന്തറ്റിക് ഫുട്ബോൾ ടർഫ്
4. സിന്തറ്റിക് ഹോക്കി ടർഫ്
5. അന്താരാഷ്ട്ര നിലവാരമുള്ള കായിക ഉപകരണങ്ങൾ

ഇതിനുപുറമെ പ്രത്യേക പരിശീലന പദ്ധതികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)

നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ്. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതി നടപ്പ് സാമ്പത്തിക വർഷം 14 സെന്ററുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. പെൺകുട്ടികൾക്ക് മാത്രമായാണ് പ്രസ്തുത 14 സെന്ററുകളിൽ പരിശീലനം നൽകുന്നത്.

പ്ലേ ഫോർ ഹെൽത്ത്

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായികരംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്.

സ്പ്ലാഷ്

സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന പദ്ധതിയാണ് സ്പ്ലാഷ്. ആദ്യഘട്ടമെന്ന നിലയിൽ പാലക്കാട്, ഇടുക്കി, തൃശ്ശൂർ, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിൽ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

ഹൂപ്സ്

സ്കൂൾ വിദ്യാർത്ഥികൾക്ക് ബാസ്കറ്റ്ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പ് സാമ്പത്തികവർഷം 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

സ്പ്രിന്റ്-ഗ്രാസ്റൂട്ട് അത്‌ലറ്റിക് ട്രെയിനിംഗ് പ്രോഗ്രാം

ലോക നിലവാരത്തിലുള്ള അത്‌ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര തലത്തിലെ കേരളത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി ഗ്രാസ്റൂട്ട് പരിശീലനം നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യഘട്ടമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്.

**കായികമേഖലയിൽ വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുള്ള പദ്ധതി**

192 (2470) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ കുട്ടികൾക്ക് കളിക്കുന്നതിനും കായികമേഖലയിൽ വളർച്ച കൈവരിക്കുന്നതിനും സഹായകമാകുന്ന തരത്തിൽ വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് പദ്ധതി നടപ്പിലാക്കുമോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ & ബി) കായിക യുവജനകാര്യ വകുപ്പ് പൊതുവിദ്യാലയങ്ങളിലൂടെ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)

നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ്. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതി നടപ്പ് സാമ്പത്തിക വർഷം 14 സെന്ററുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. പെൺകുട്ടികൾക്ക് മാത്രമായാണ് പ്രസ്തുത 14 സെന്ററുകളിൽ പരിശീലനം നൽകുന്നത്.

പ്ലേ ഫോർ ഹെൽത്ത്

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായികരംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്.

സ്പ്ലാഷ്

സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന പദ്ധതിയാണ് സ്പ്ലാഷ്. ആദ്യഘട്ടമെന്ന നിലയിൽ പാലക്കാട്, ഇടുക്കി, തൃശ്ശൂർ, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിൽ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

ഹൂപ്സ്

സ്കൂൾ വിദ്യാർത്ഥികൾക്ക് ബാസ്കറ്റ്ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പ് സാമ്പത്തികവർഷം 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

സ്പ്രിന്റ്-ഗ്രാസ്റൂട്ട് അത്‌ലറ്റിക് ട്രെയിനിംഗ് പ്രോഗ്രാം

ലോക നിലവാരത്തിലുള്ള അത്‌ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര തലത്തിലെ കേരളത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി ഗ്രാസ്റൂട്ട് പരിശീലനം നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, ആലപ്പുഴ, കൊല്ലം പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യഘട്ടമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്.

## കായികതാരങ്ങൾക്ക് പ്രോത്സാഹനവും ജീവിതസുരക്ഷയും നൽകുവാൻ നടപടി

193 (2471) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. എം. മുകേഷ്:
ശ്രീ. കെ.ഡി. പ്രസേനൻ:
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ-അന്തർദ്ദേശീയ കായിക മത്സരങ്ങളിൽ കേരളത്തിന്റെ യശസ്സ് ഉയർത്തുന്ന കായികതാരങ്ങൾക്ക് മികച്ച രീതിയിലുള്ള പ്രോത്സാഹനവും ജീവിത സുരക്ഷയും നൽകുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം മെഡൽ നേടുന്ന കായികതാരങ്ങൾക്ക് സർക്കാർ ജോലി ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) കായികതാരങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) കായികതാരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ദേശീയ/അന്തർദ്ദേശീയ കായിക മത്സരങ്ങളിൽ വ്യക്തിഗത/ടീം ഇനത്തിലും വിജയികളാകുന്ന കായിക താരങ്ങൾക്ക് സർക്കാർ അംഗീകരിച്ച പ്രകാരമുള്ള നിശ്ചിത നിരക്കിൽ ക്യാഷ് അവാർഡ് നൽകി വരുന്നുണ്ട്. കൂടാതെ 18-ാമത് ഏഷ്യൻ ഗെയിംസിൽ മെഡൽ നേടിയ മലയാളി കായികതാരങ്ങൾക്ക് സ്വർണ്ണം, വെള്ളി, വെങ്കലം എന്നീ മെഡലുകൾക്ക് യഥാക്രമം 20, 15, 10 ലക്ഷം രൂപ വീതവും 72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 20 അംഗങ്ങൾക്കും മുഖ്യ പരിശീലകനും 2 ലക്ഷം രൂപ വീതവും കൂടാതെ 66-ാമത് ദേശീയ വോളിബോൾ ചാമ്പ്യൻഷിപ്പിൽ പുരുഷ വിഭാഗം ജേതാക്കളായ കേരള ടീമിലെ പന്ത്രണ്ട് കളിക്കാർക്കും പരിശീലകനും 1,50,000 രൂപ വീതവും പ്രത്യേക പരിഗണന നൽകി പാരിതോഷികമായി അനുവദിച്ചിട്ടുണ്ട്.

കായികമേഖലയിൽ ശ്രദ്ധേയമായ നേട്ടം കൈവരിക്കുന്ന കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം വിവിധ തസ്തികകളിലായി പ്രതിവർഷം 50 ഒഴിവുകൾ കായികതാരങ്ങളുടെ നിയമനത്തിനായി നീക്കിവച്ചിട്ടുണ്ട്.

വർഷംതോറും മികച്ച 50 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികൾ അവസാനഘട്ടത്തിലാണ്.

35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായികതാരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ ടീമിൽ ഇടംനേടിയ കേരള താരം ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിൽ പൊതുഭരണ വകപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളീബോൾ കിരീടം നേടിയ കേരള ടീമിലെ ശ്രീ. സി. കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്.

കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമിലെ ജോലിയില്ലാത്ത 11 ടീമംഗങ്ങൾക്കും ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് വേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്കും സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ആഭ്യന്തര വകുപ്പിൽ 65 കായികതാരങ്ങൾക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിനുവേണ്ടി മികച്ച പ്രകടനം കാഴ്ച വച്ചത് കണക്കിലെടുത്ത് ശ്രീ. ഷൈഭൻ. ഇ. ബി-ക്ക് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവു വരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്.ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിലെ കണ്ണൂർ ജില്ലാ കാര്യാലയത്തിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ഒരു ക്ലാർക്ക് നിയമനം നടത്തിയിട്ടുണ്ട്.

35-ാമത് ദേശീയ ഗെയിംസിൽ ടീമിനത്തിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയ 83 കായികതാരങ്ങൾക്ക് എൽ.ഡി ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകുവാൻ ഉത്തരവായിട്ടുണ്ട്. ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

കൂടാതെ ഖേലോ ഇൻഡ്യ യൂത്ത് ഗെയിംസിൽ വ്യക്തിഗത ഇനത്തിലും ടീമിനത്തിലും മെഡലുകൾ നേടിയ 208 കായികതാരങ്ങൾക്ക് കായിക വികസന നിധിയിൽ നിന്നും ക്യാഷ് അവാർഡുകൾ നൽകുന്നതിനുള്ള നടപടികളും നടന്നുവരുന്നു.

(സി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള സ്പോർട്സ് ഹോസ്റ്റലിലെ കായികതാരങ്ങൾ, കേരളത്തെ പ്രതിനിധീകരിച്ച് ദേശീയ ചാമ്പ്യൻഷിപ്പുകളിൽ പങ്കെടുക്കുന്ന കായിക താരങ്ങൾ, കൗൺസിൽ ജീവനക്കാർ, പരിശീലകർ, ജില്ലാ-സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗങ്ങൾ, കായിക മേഖലയുമായി ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളിലുംപെടുന്ന കായിക താരങ്ങൾ എന്നിവർക്ക് മെഡിക്കൽ ഇൻഷ്വറൻസ് (Accident Insurane ഉൾപ്പെടെ) സ്കീം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 6 ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും പ്രൊപ്പോസലുകൾ ലഭിക്കുകയും തുടർനടപടികൾ സ്വീകരിച്ച് വരികയുമാണ്.

കൂടാതെ, കായിക യുവജനകാര്യാലയത്തിന്റെ അധീനതയിലുള്ള ജി.വി. രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതിക്ക് ഭരണാനുമതി നൽകുകയും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(ഡി) കായികതാരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം ലഭ്യമാക്കുന്നതിന് ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

<u>കേരള കായികക്ഷമതാ മിഷൻ പദ്ധതി</u>

കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിനുവേണ്ടി കേരള സാക്ഷരതാമിഷൻ ആരംഭിച്ചതുപോലെ അതേ മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "കേരള കായികക്ഷമതാ മിഷൻ" പദ്ധതി.

പ്രസ്തുത പദ്ധതി സ്കൂൾ, കോളേജുകൾ, സർവ്വകലാശാലകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുസംബന്ധിച്ച് അന്തിമഘട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

<u>ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി</u>

2020, 2024 വർഷങ്ങളിലെ ഒളിമ്പിക്സിൽ കേരള കായികതാരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായികതാരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". ടി കായികയിനങ്ങളിൽ ഷൂട്ടിംഗും ആർച്ചറിയും ഒഴികെ ബാക്കിയുള്ള 9 കായികയിനങ്ങളിലും നിലവിൽ പരിശീലനം ആരംഭിച്ചിട്ടുണ്ട്.

ടി കായികയിനങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിൽ മെഡൽ കരസ്ഥമാക്കിയ കായിക ഇനങ്ങളായ ബോക്സിംഗ്, ബാഡ്മിന്റൺ, റോവിംഗ്, ഫെൻസിംഗ്, അത്‌ലറ്റിക്സ് എന്നീ കായികയിനങ്ങൾ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലും, ബാക്കിയുള്ള കായികയിനങ്ങളായ റസലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ ഫീഡിംഗ് സെന്ററായി (CSH മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്.

എലൈറ്റ് സ്കീം

മികച്ച കായികതാരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളിബോൾ, ഫെൻസിംഗ് എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുകീഴിൽ പ്രവർത്തിക്കുന്നുണ്ട്. എലൈറ്റ് സ്കീമിനു കീഴിൽ തിരുവനന്തപുരം എൽ.എൻ.സി.പി.യിൽ അത്‌ലറ്റിക്സ്, തൃശ്ശൂർ തൃപ്രയാർ വോളിബോൾ അക്കാഡമി, കണ്ണൂർ ബാസ്കറ്റ് ബോൾ അക്കാഡമി, എറണാകുളം ജില്ലയിൽ ഫുട്ബോൾ അക്കാഡമി എന്നിവ പ്രവർത്തിച്ചുവരുന്നു.

സ്പോർട്സ് അക്കാഡമികൾ

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 54 കോളേജ് സ്പോർട്സ് അക്കാഡമികൾ, 25 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, 13 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ഈ സെന്ററുകളിലൂടെ മികച്ച കായിക പരിശീലനം നൽകിവരുന്നു.

ഷൂട്ടിംഗ് അക്കാഡമി

35-ാമത് ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് നിർമ്മിച്ചിട്ടുള്ള അന്തർദ്ദേശീയ നിലവാരത്തിലുള്ള ഷൂട്ടിംഗ് റേഞ്ചിൽ 30 കോടിയോളം രൂപ ചെലവിൽ ഷൂട്ടിംഗ് അക്കാഡമി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത അക്കാഡമിയിൽ 10 മീറ്റർ, 25 മീറ്റർ, 50 മീറ്റർ ഇനങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനും ദേശീയ-അന്തർദ്ദേശീയ മത്സരങ്ങൾ നടത്തുന്നതിനുമുള്ള സൗകര്യമുണ്ട്.

ജി.വി. രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്ക് അന്തർദ്ദേശീയ നിലവാരമുള്ള പരിശീലനം ലഭ്യമാക്കുന്നതിന് വിദേശ പരിശീലകരുടെ/സർവ്വകലാശാലകളുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി സ്പോർട്സ് സ്കൂളുകളിൽ അന്താരാഷ്ട്ര നിലവാരമുള്ള താഴെപ്പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

1. വോളിബോൾ കോർട്ട്, ബാസ്കറ്റ് ബോൾ കോർട്ട്, ഇൻഡോർ ഹാൾ നിർമ്മാണം
2. ഫുൾ PUR 6 ലെയ്ൻ 400 മീറ്റർ അത്‌ലറ്റിക് ട്രാക്ക്
3. സിന്തറ്റിക് ഫുട്ബോൾ ടർഫ്
4. സിന്തറ്റിക് ഹോക്കി ടർഫ്
5. അന്താരാഷ്ട്ര നിലവാരമുള്ള കായിക ഉപകരണങ്ങൾ

## ഖേലോ-ഇന്ത്യ പദ്ധതിയിൽ കോതമംഗലം എം.എ. കോളേജിൽ കളിസ്ഥലം

194 (2472) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികരംഗത്ത് നിരവധി ദേശീയ, അന്തർദ്ദേശീയ, ഒളിമ്പിക് താരങ്ങളെ സൃഷ്ടിച്ചിട്ടുള്ള കോതമംഗലം എം.എ. കോളേജിൽ ഖേലോ-ഇന്ത്യ പദ്ധതിയിൽ ഉൾപ്പെടുത്തി കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനുള്ള അപേക്ഷയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട ഫയലിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി സമർപ്പിക്കുന്നതിന് കായിക വകുപ്പ് ആവശ്യപ്പെട്ടതനുസരിച്ചുള്ള പുതുക്കിയ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട എം.ഒ.യു. വിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ;

(ഡി) ടി കോളേജിലെ കുട്ടികൾക്ക് പുറമേ സമീപത്തെ സ്കൂളുകളിലെ കുട്ടികൾക്കും മികച്ച പരിശീലനം ലഭ്യമാകുന്ന തരത്തിൽ ഇവിടെ ഖേലോ- ഇന്ത്യ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ?

### ഉത്തരം

(എ & ബി) സർക്കാരിൽ നിന്നും ആവശ്യപ്പെട്ടതിൻ പ്രകാരമുള്ള പുതുക്കിയ ഡി.പി.ആർ. കോതമംഗലം എം.എ. കോളേജിൽ നിന്ന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഡി.പി.ആർ. ഖേലോ ഇന്ത്യാ പദ്ധതികളുടെ കൺസൾട്ടന്റ് ആയ ഗ്രാന്റ് തോർട്ടൺ പരിശോധിച്ചുവരികയാണ്.

(സി) ഖേലോ ഇന്ത്യ പദ്ധതിയിലുൾപ്പെടുത്തുന്ന ആസ്തിവികസന പദ്ധതികൾക്ക് നിലവിലുള്ള വ്യവസ്ഥപ്രകാരം പദ്ധതി സർക്കാരിതര ഭൂമിയിലാണ് വിഭാവനം ചെയ്യുന്നതെങ്കിൽ സ്ഥലമുടമയും സംസ്ഥാന സർക്കാരുമായി കരാറിലേർപ്പെടണമെന്നും പൊതുജനങ്ങൾക്കുകൂടി ഉപയോഗയോഗ്യമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇതുപ്രകാരം സംസ്ഥാന സർക്കാരുമായി ധാരണാപത്രത്തിലേർപ്പെടുന്നതിനുള്ള കരട് ധാരണാപത്രം പ്രസ്തുത സ്ഥാപനത്തിന് അയച്ച് നൽകിയിരുന്നെങ്കിലും കരാറിൽ ഏർപ്പെടാനാകില്ല എന്ന മറുപടിയാണ് കോളേജിൽ നിന്ന് ലഭിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാരുമായി ധാരണാ പത്രത്തിലേർപ്പെട്ടാൽ മാത്രമേ ഖേലോ ഇന്ത്യാ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ.

(ഡി) ഖേലോ ഇന്ത്യ മുഖേന നടപ്പാക്കുന്ന സൗകര്യങ്ങൾ എം.എ. കോളേജിലെ വിദ്യാർത്ഥികൾക്കുപുറമെ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഉപയോഗപ്രദമാക്കണമെന്നുള്ള നിബന്ധന എം.ഒ.യു-വിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കായികതാരങ്ങളെ വളർത്തിയെടുക്കുവാൻ പദ്ധതികൾ

195 (2473) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായികതാരങ്ങളെ കൃത്യമായ ആസൂത്രണത്തോടെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) കായികമേഖലയിലെ അടിസ്ഥാന സൗകര്യവികസനത്തിനായി ഈ സർക്കാരിന്റെ കാലയളവിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് കായികതാരങ്ങളെ കൃത്യമായ ആസൂത്രണത്തോടെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

കേരള കായികക്ഷമതാ മിഷൻ പദ്ധതി

കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിനുവേണ്ടി കേരള സാക്ഷരതാമിഷൻ ആരംഭിച്ചതുപോലെ അതേ മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "കേരള കായികക്ഷമതാ മിഷൻ" പദ്ധതി.

പ്രസ്തുത പദ്ധതി സ്കൂൾ, കോളേജുകൾ, സർവ്വകലാശാലകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുസംബന്ധിച്ച് അന്തിമഘട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി

2020, 2024 വർഷങ്ങളിലെ ഒളിമ്പിക്സിൽ കേരള കായികതാരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായികതാരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". ടി കായികയിനങ്ങളിൽ ഷൂട്ടിംഗും ആർച്ചറിയും ഒഴികെ ബാക്കിയുള്ള 9 കായികയിനങ്ങളിലും നിലവിൽ പരിശീലനം ആരംഭിച്ചിട്ടുണ്ട്.

ടി കായികയിനങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിൽ മെഡൽ കരസ്ഥമാക്കിയ കായിക ഇനങ്ങളായ ബോക്സിംഗ്, ബാഡ്മിന്റൺ, റോവിംഗ്, ഫെൻസിംഗ്, അത്‌ലറ്റിക്സ് എന്നീ കായികയിനങ്ങൾ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലും ബാക്കിയുള്ള കായികയിനങ്ങളായ റസലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ ഫീഡിംഗ് സെന്ററായി (CSH മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്.

എലൈറ്റ് സ്കീം

മികച്ച കായികതാരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളിബോൾ, ഫെൻസിംഗ് എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുകീഴിൽ പ്രവർത്തിക്കുന്നുണ്ട്. എലൈറ്റ് സ്കീമിനു കീഴിൽ തിരുവനന്തപുരം എൽ.എൻ.സി.പി.യിൽ അത്‌ലറ്റിക്സ്, തൃശ്ശൂർ തൃപ്രയാർ വോളിബോൾ അക്കാഡമി, കണ്ണൂർ ബാസ്കറ്റ് ബോൾ അക്കാഡമി, എറണാകുളം ജില്ലയിൽ ഫുട്ബോൾ അക്കാഡമി എന്നിവ പ്രവർത്തിച്ചുവരുന്നു.

സ്പോർട്സ് അക്കാഡമികൾ

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 54 കോളേജ് സ്പോർട്സ് അക്കാഡമികൾ, 25 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, 13 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും, 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ഈ സെന്ററുകളിലൂടെ മികച്ച കായിക പരിശീലനം നൽകിവരുന്നു.

ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)

നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ്. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതി നടപ്പ് സാമ്പത്തിക വർഷം 14 സെന്ററുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

പ്ലേ ഫോർ ഹെൽത്ത്

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായികരംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്ത് 24 സ്കൂളുകളിൽ ടി പദ്ധതി നടപ്പിലാക്കിവരുന്നു.

സ്പ്ലാഷ്

സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന പദ്ധതിയാണ് സ്പ്ലാഷ്. ആദ്യഘട്ടമെന്ന നിലയിൽ പാലക്കാട്, ഇടുക്കി, തൃശ്ശൂർ, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിൽ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പരിശീലന സമയത്ത് നീന്തലിൽ പ്രതിഭ തെളിയിക്കുന്ന കുട്ടികൾക്ക് ദേശീയ/അന്തർദ്ദേശീയ തലത്തിലുള്ള താരങ്ങളാക്കുന്നതിനുള്ള പരിശീലനം നൽകി അവരെ ഉയർന്ന നിലവാരത്തിലുള്ള നീന്തൽ താരങ്ങളാക്കുന്നതിനുള്ള പദ്ധതി കൂടിയാണിത്.

ഹൂപ്സ്

സ്കൂൾ വിദ്യാർത്ഥികൾക്ക് ബാസ്കറ്റ്ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പ് സാമ്പത്തികവർഷം 10 സെന്ററുകളിലായി 120 കുട്ടികൾക്ക് പരിശീലനം നൽകിവരുന്നു.

<u>സ്പ്രിന്റ്-ഗ്രാസ്റൂട്ട് അത്‌ലറ്റിക് ട്രെയിനിംഗ് പ്രോഗ്രാം</u>

ലോക നിലവാരത്തിലുള്ള അത്‌ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര തലത്തിലെ കേരളത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി ഗ്രാസ്റൂട്ട് പരിശീലനം നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യഘട്ടമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്.

<u>കളിത്തട്ട്</u>

കേരളത്തിന്റെ തനത് കായിക വിനോദങ്ങൾ നിലനിർത്തുന്നതിനും പുതിയ തലമുറയ്ക്ക് കൈമാറി അത് കൂടുതൽ പ്രചരിപ്പിക്കുന്നതിനും വേണ്ടി കായിക യുവജനകാര്യാലയവും യുവജനക്ഷേമ ബോർഡും സഹകരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് കളിത്തട്ട്.

<u>ഷൂട്ടിംഗ് അക്കാഡമി</u>

35-ാമത് ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് നിർമ്മിച്ചിട്ടുള്ള അന്തർദ്ദേശീയ നിലവാരത്തിലുള്ള ഷൂട്ടിംഗ് റേഞ്ചിൽ 30 കോടിയോളം രൂപ ചെലവിൽ ഷൂട്ടിംഗ് അക്കാഡമി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത അക്കാഡമിയിൽ 10 മീറ്റർ, 25 മീറ്റർ, 50 മീറ്റർ ഇനങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനും ദേശീയ-അന്തർദ്ദേശീയ മത്സരങ്ങൾ നടത്തുന്നതിനുമുള്ള സൗകര്യമുണ്ട്.

<u>സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ</u>

ജീവിതശൈലീ രോഗങ്ങളിൽ നിന്നും മുക്തി നേടി ആരോഗ്യകരമായ ഒരു ജീവിതം നയിക്കുന്നതിന് ജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, യുവജനങ്ങൾ, മുതിർന്ന പൗരന്മാർ തുടങ്ങിയ എല്ലാ ജനവിഭാഗങ്ങൾക്കും പ്രയോജനപ്പെടുന്ന രീതിയിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. സ്പോർട്സ് ആന്റ് ഹെൽത്ത് പാർക്കുകളിലൂടെ ജനങ്ങളിൽ കായിക അവബോധം സൃഷ്ടിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കായിക-ആരോഗ്യ സംബന്ധമായ ഉപകരണങ്ങൾ സ്ഥാപിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

സംസ്ഥാനത്തെ മികച്ച കായികതാരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി ഡോ. എ. പി. ജെ. അബ്ദുൽ കലാം സ്കോളർഷിപ്പ് ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതിയിലൂടെ വിവിധ കായിക ഇനങ്ങളിലായി 14 മുതൽ 19 വയസ്സുവരെ പ്രായപരിധിയിലുള്ള 11 കായിക താരങ്ങൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ ടീമിൽ ഇടംനേടിയ കേരള താരം ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിൽ പൊതുഭരണ വകപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളിബോൾ കിരീടം നേടിയ കേരള ടീമിലെ ശ്രീ. സി. കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്.

കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമിലെ ജോലിയില്ലാത്ത 11 ടീമംഗങ്ങൾക്കും ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്കുവേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്കും സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ആഭ്യന്തര വകുപ്പിൽ 65 കായിക താരങ്ങൾക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. വർഷംതോറും മികച്ച 50 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം 2010-2014 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികൾ അവസാനഘട്ടത്തിലാണ്.

കായികമികവിന്റെ അടിസ്ഥാനത്തിൽ കുമാരി രാജിമോൾ. പി.കെ.-യ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിനുവേണ്ടി മികച്ച പ്രകടനം കാഴ്ച വച്ചത് കണക്കിലെടുത്ത് ശ്രീ. ഷൈബൻ. ഇ. ബി-ക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവുവരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്.ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിലെ കണ്ണൂർ ജില്ലാ കാര്യാലയത്തിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ഒരു ക്ലാർക്ക് നിയമനം നടത്തിയിട്ടുണ്ട്.

35-ാമത് ദേശീയ ഗെയിംസിൽ ടീമിനത്തിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയ 83 കായികതാരങ്ങൾക്ക് എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകുവാൻ ഉത്തരവായിട്ടുണ്ട്. ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) കായികമേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ വിവിധ ശീർഷകങ്ങളിലായി ഉദ്ദേശം 27.17 കോടി രൂപ ആസ്തിവികസന പ്രവർത്തനങ്ങൾക്ക് വകയിരുത്തിയിട്ടുണ്ട്. കായിക വകുപ്പ് പ്രസ്തുത അടിസ്ഥാന സൗകര്യവികസനത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിനുപുറമേ, കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പ്രഖ്യാപിച്ച 820 കോടി രൂപയുടെ പ്രവൃത്തികൾ വിവിധ ഘട്ടത്തിലാണ്. കിഫ്ബി പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം* ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

കൂടാതെ സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കായികയുവജനകാര്യ വകുപ്പിന് കൈമാറി ലഭിച്ചിട്ടുള്ള ജി.വി. രാജാ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, ഗവ.ജി.വി.എച്ച്.എസ്.എസ്. (സ്പോർട്സ്), കണ്ണൂർ എന്നിവിടങ്ങളിൽ കായിക അടിസ്ഥാന സൗകര്യ വികസനത്തിനായി നടത്തിവരുന്ന വിവിധ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം* ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

കൊച്ചിയിൽ നടന്ന ഫിഫ അണ്ടർ 17 ലോകകപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിനോടനുബന്ധിച്ച് കൊച്ചി ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം, പനമ്പിള്ളി നഗർ സ്പോർട്സ് കോംപ്ലക്സ്, കൊച്ചി പരേഡ് ഗ്രൗണ്ട് എന്നിവയുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

## വിദ്യാർത്ഥികളുടെ കായിക വളർച്ചയ്ക്ക് പദ്ധതി

196 (2474) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാർത്ഥികളുടെ കായിക വളർച്ചയ്ക്കായി സ്കൂളുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു:

<u>ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)</u>

നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ്. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതി നടപ്പ് സാമ്പത്തിക വർഷം 14 സെന്ററുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. പെൺകുട്ടികൾക്ക് മാത്രമായാണ് പ്രസ്തുത 14 സെന്ററുകളിൽ പരിശീലനം നൽകുന്നത്.

<u>പ്ലേ ഫോർ ഹെൽത്ത്</u>

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായികരംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്.

<u>സ്പ്ലാഷ്</u>

സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന പദ്ധതിയാണ് സ്പ്ലാഷ്. ആദ്യഘട്ടമെന്ന നിലയിൽ പാലക്കാട്, ഇടുക്കി, തൃശ്ശൂർ, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിൽ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

<u>ഹൂപ്സ്</u>

സ്കൂൾ വിദ്യാർത്ഥികൾക്ക് ബാസ്കറ്റ്ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പ് സാമ്പത്തികവർഷം 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

<u>സ്പ്രിന്റ്-ഗ്രാസ്റൂട്ട് അത്‌ലറ്റിക് ട്രെയിനിംഗ് പ്രോഗ്രാം</u>

ലോക നിലവാരത്തിലുള്ള അത്‌ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര തലത്തിലെ കേരളത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി ഗ്രാസ്റൂട്ട് പരിശീലനം നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, ആലപ്പുഴ, കൊല്ലം പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യഘട്ടമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്.

## സ്പോർട്സ് സ്കൂളുകളുടെ വികസനത്തിന് പദ്ധതികൾ

197 (2475) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്പോർട്സ് വകുപ്പിനുകീഴിൽ എത്ര സ്പോർട്സ് സ്കൂളുകൾ പ്രവർത്തിച്ചു വരുന്നുണ്ട്; ഇതിൽ ഏതൊക്കെ സ്പോർട്സ് സ്കൂളുകൾക്ക് സ്കൂൾ കായിക മേളകളിൽ ഓവറോൾ കിരീടം നേടുവാൻ കഴിഞ്ഞിട്ടുണ്ട്; പ്രസ്തുത സ്പോർട്സ് സ്കൂളുകളുടെ പേരും ഓവറോൾ കിരീടം നേടിയ വർഷവും സംബന്ധിച്ച വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ബി) സ്പോർട്സ് വകുപ്പിന് കീഴിലുള്ള സ്പോർട്സ് സ്കൂളുകളുടെ വികസനത്തിനായി വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികളെ സംബന്ധിച്ച് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സ്പോർട്സ് വകുപ്പിന് കീഴിൽ ഒരു സ്പോർട്സ് സ്കൂളും (ജി.വി.രാജാ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം), ഒരു സ്പോർട്സ് ഡിവിഷനും (ജി.വി.എച്ച്.എസ്.എസ് (സ്പോർട്സ്) കണ്ണൂർ) പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സ്പോർട്സ് സ്കൂളുകൾ കായിക മേളകളിൽ ഓവറോൾ കിരീടം നേടിയിട്ടില്ല.

(ബി) സ്പോർട്സ് വകുപ്പിന് കീഴിലുള്ള സ്പോർട്സ് സ്കൂളുകളുടെ വികസനത്തിനായി കായികയുവജനകാര്യ വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികളെ സംബന്ധിച്ച് വിശദാംശങ്ങൾ അനുബന്ധമായി* ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## സ്പോർട്സ് ഡിവിഷനുകൾ

198 (2476) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൂടുതൽ സ്പോർട്സ് ഡിവിഷനുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദവിവരങ്ങൾ നൽകാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ & ബി) ഉണ്ട്. കണ്ണൂർ സ്പോർട്സ് ഡിവിഷൻ മാതൃകയിൽ മൂന്ന് പുതിയ സ്പോർട്സ് ഡിവിഷനുകൾ ആരംഭിക്കുന്നതിന് മൂന്ന് കോടി രൂപ നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, തൃശ്ശൂർ ജില്ലയിലെ കുന്ദംകുളം ഗവൺമെന്റ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ, കാസർഗോഡ് ജില്ലയിലെ ചായോത്ത് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**മാതിരപ്പിള്ളി ജി.വി.എച്ച്.എസ്.എസ്.-ൽ സ്പോർട്സ് ഹോസ്റ്റൽ**

199 (2477) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കായികമേളയിൽ വർഷങ്ങളായി മികച്ച നേട്ടം കൈവരിക്കുന്ന കോതമംഗലം നിയോജകമണ്ഡലത്തിലെ മാതിരപ്പിള്ളി ജി. വി. എച്ച്.എസ്.എസ്.-ൽ സ്പോർട്സ് ഹോസ്റ്റൽ ആരംഭിക്കുന്നതിനായി നൽകിയ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ആയതിനായി സ്പോർട്സ് കൗൺസിൽ മുഖേന അനുബന്ധരേഖകൾ സഹിതം സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ സ്വീകരിച്ച തുടർനടപടികൾ അറിയിക്കുമോ;

(സി) പ്രസ്തുത സ്പോർട്സ് ഹോസ്റ്റൽ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ-സി) കോതമംഗലം നിയോജക മണ്ഡലത്തിലെ മാതിരപ്പിള്ളി ഗവ.ജി.വി.എച്ച്.എസ്.എസ്.-ൽ സ്പോർട്സ് ഹോസ്റ്റൽ ആരംഭിക്കുന്നതിന് ലഭ്യമായ അപേക്ഷയിന്മേൽ ഹോസ്റ്റൽ ആരംഭിക്കുന്നതിന് വേണ്ട ഭൗതിക സാഹചര്യം സംബന്ധിച്ച് അന്വേഷണ റിപ്പോർട്ട് എറണാകുളം ജില്ലാ സ്പോർട്സ് കൗൺസിൽ സമർപ്പിച്ചിട്ടുള്ളതും പുതിയ സ്കൂൾ സ്പോർട്സ് ഹോസ്റ്റൽ ആരംഭിക്കുന്ന മുറയ്ക്ക് ആയത് പരിഗണിക്കുന്നതാണ്.

## പി. മൊയ്തീൻകുട്ടി സ്മാരക ഇൻഡോർ സ്റ്റേഡിയം നിർമ്മാണം

200 (2478) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും കായിക സമുച്ചയം എന്ന പദ്ധതിയുടെ ഭാഗമായി മലപ്പുറത്ത് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പി. മൊയ്തീൻകുട്ടി സ്മാരക ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; വിശദവിവരം നൽകാമോ;

(ബി) കിഫ്ബി പദ്ധതിയിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിന് സ്ഥലം ലഭ്യമായിട്ടുണ്ടോ എന്ന് അറിയിക്കുമോ; ആയതിനായി സർക്കാർ തലത്തിൽ എന്തെല്ലാം ശ്രമങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) കിഫ്ബിയിൽ ഉൾപ്പെടുത്തി 14 ജില്ലകളിലും ഓരോ മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി മലപ്പുറത്ത് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പി. മൊയ്തീൻകുട്ടി സ്മാരക ഇൻഡോർ സ്റ്റേഡിയത്തിന് 45 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഇൻഡോർ സ്റ്റേഡിയം മലബാർ സിമന്റ്സിന്റെ അധീനതയിലുള്ള കോനംപാറയിൽ നിർമ്മിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടിന് കിഫ്ബി അംഗീകാരം ലഭിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത സ്ഥലം നിർമ്മാണ പ്രവർത്തനങ്ങൾക്ക് ലഭ്യമാകാത്തതിനാൽ മഞ്ചേരിയിലെ പയ്യനാട് സ്റ്റേഡിയം കോമ്പൗണ്ടിലേക്ക് പദ്ധതി മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയതനുസരിച്ച് പദ്ധതിയുടെ പുതുക്കിയ ഡി.പി.ആർ. കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. കിഫ്ബി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## പൊതുവായ കളിസ്ഥലങ്ങൾ ഇല്ലാതായ സാഹചര്യം

201 (2479) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വർദ്ധിച്ചുവരുന്ന അണുകുടുംബ വ്യവസ്ഥിതിയും ജനസാന്ദ്രതക്ക് അനുസൃതമായ നിർമ്മാണപ്രവർത്തനങ്ങളും കാരണം കുട്ടികൾക്ക് ഉൾപ്പെടെ പൊതുവായ കളിസ്ഥലങ്ങൾ ഇല്ലാതായിയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരമുള്ള സാഹചര്യത്തിൽ അനാരോഗ്യമുള്ള തലമുറ സൃഷ്ടിക്കപ്പെടാതിരിക്കാൻ കായിക വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) ഗ്രാമങ്ങളിലും നാട്ടിൻപുറങ്ങളിലും കൂടുതൽ പൊതു കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. അനാരോഗ്യമുള്ള തലമുറ സൃഷ്ടിക്കപ്പെടാതിരിക്കാൻ കായിക വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ

<u>സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ</u>

ജീവിതശൈലീ രോഗങ്ങളിൽനിന്നും മുക്തി നേടി ആരോഗ്യകരമായ ഒരു ജീവിതം നയിക്കുന്നതിന് ജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, യുവജനങ്ങൾ, മുതിർന്ന പൗരന്മാർ തുടങ്ങിയ എല്ലാ ജനവിഭാഗങ്ങൾക്കും പ്രയോജനപ്പെടുന്ന രീതിയിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. സ്പോർട്സ് ആന്റ് ഹെൽത്ത് പാർക്കുകളിലൂടെ ജനങ്ങളിൽ കായിക അവബോധം സൃഷ്ടിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കായിക-ആരോഗ്യ സംബന്ധമായ ഉപകരണങ്ങൾ സ്ഥാപിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

<u>കേരള കായികക്ഷമതാ മിഷൻ</u>

കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിനുവേണ്ടി കേരള സാക്ഷരതാമിഷൻ ആരംഭിച്ചതുപോലെ അതേ മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് "കേരള കായികക്ഷമതാ മിഷൻ" പദ്ധതി.

പ്രസ്തുത പദ്ധതി സ്കൂൾ, കോളേജുകൾ, സർവ്വകലാശാലകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുസംബന്ധിച്ച് അന്തിമഘട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)

നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ കിക്കോഫ് എന്ന ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ 20 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 8 സ്കൂളുകളിൽ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ട്.

പ്ലേ ഫോർ ഹെൽത്ത്

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായികരംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്.

സ്പ്ലാഷ് & എയ്സ്

സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന സ്പ്ലാഷ് പദ്ധതി, ടെന്നീസ് കളിയിൽ തൽപ്പരരായ 4 മുതൽ 9 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്ന ഗ്രാസ്റൂട്ട് ലെവൽ ടെന്നീസ് പരിശീലന പരിപാടി (ACE) എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

കളിത്തട്ട്

കേരളത്തിന്റെ തനത് കായിക വിനോദങ്ങൾ നിലനിർത്തുന്നതിനും പുതിയ തലമുറയ്ക്ക് കൈമാറി അത് കൂടുതൽ പ്രചരിപ്പിക്കുന്നതിനും വേണ്ടി കായിക യുവജനകാര്യാലയവും യുവജനക്ഷേമ ബോർഡും സഹകരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് കളിത്തട്ട്. ബ്ലോക്ക്/ജില്ലാ/സംസ്ഥാനതല മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും എല്ലാ ജില്ലകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുമായി 1.42 കോടി രൂപ 2018-19 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം എന്ന പദ്ധതിയുടെ ഭാഗമായി 43 പഞ്ചായത്ത് സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന്/ നവീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്കായുള്ള നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സ് നിർമ്മാണം

202 (2480) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സ് നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) മിനി സ്റ്റേഡിയം കോംപ്ലക്സിലെ നാനൂറ് മീറ്റർ സിന്തറ്റിക് ട്രാക്ക് ആറ് ലൈനുകൾക്ക് പകരം എട്ട് ലൈനാക്കി പുനഃക്രമീകരിക്കണമെന്ന് അഭ്യർത്ഥിച്ച് 14-5-2019 തീയതി വച്ച് എം.എൽ.എ., വകുപ്പുമന്ത്രിയ്ക്ക് നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ജില്ലാ, സംസ്ഥാനതല കായിക മത്സരങ്ങൾ ആറ് ലൈൻ ട്രാക്കുകളിൽ സംഘടിപ്പിക്കാറുണ്ടോ;

(ഡി) മലപ്പുറം ജില്ലയിൽ എട്ട് ലൈനോട് കൂടിയ നാനൂറ് മീറ്റർ സ്റ്റേഡിയം എവിടെയൊക്കെയാണുള്ളതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ച നിലമ്പൂർ മിനിസ്റ്റേഡിയം കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. നിലവിൽ 17% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) മിനി സ്റ്റേഡിയം കോംപ്ലക്സിലെ നാനൂറ് മീറ്റർ സിന്തറ്റിക് ട്രാക്ക് ആറ് ലൈനുകൾക്ക് പകരം എട്ട് ലൈനാക്കി പുനഃക്രമീകരിക്കണമെന്ന് അഭ്യർത്ഥിച്ച് 14-5-2019 തീയതി വച്ച് എം.എൽ.എ. നൽകിയ കത്ത് ഈ വകുപ്പിൽ ലഭ്യമായിട്ടില്ല.

(സി) ജില്ലാതല മത്സരങ്ങൾ സംഘടിപ്പിക്കുമ്പോൾ എട്ട് ലൈൻ ട്രാക്കിനുള്ള വിസ്തീർണ്ണവും സൗകര്യവും ഇല്ലാത്ത സാഹചര്യങ്ങളിൽ ആറ് ലൈൻ ട്രാക്കിൽ സംഘടിപ്പിക്കാറുണ്ട്. എന്നാൽ സംസ്ഥാനതല മത്സരങ്ങൾ എല്ലാം തന്നെ എട്ട് ലൈൻ ട്രാക്കുകളിലാണ് സംഘടിപ്പിക്കാറുള്ളത്.

(ഡി) മലപ്പുറം ജില്ലയിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിൽ തേഞ്ഞിപ്പലത്ത് 8 ട്രാക്കോടുകൂടിയ 400 മീറ്റർ സിന്തറ്റിക് സ്റ്റേഡിയവും മഞ്ചേരിയിലെ ജില്ലാ സ്പോർട്സ് കോംപ്ലക്സിൽ 8 ട്രാക്കോടുകൂടിയ 400 മീറ്റർ മഡ് ട്രാക്കും നിലവിലുണ്ട്. കൂടാതെ, മഞ്ചേരി സ്റ്റേഡിയം 8 ലൈനോടുകൂടിയ 400 മീറ്റർ സിന്തറ്റിക് ട്രാക്ക് ഉൾപ്പെടെ വികസിപ്പിക്കുന്നതിനുള്ള പദ്ധതി കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

## തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഇടക്കൊച്ചിയിൽ സ്റ്റേഡിയം

203 (2481) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഇടക്കൊച്ചിയിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) ഇല്ലെങ്കിൽ ഇവിടെ സ്റ്റേഡിയം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

### ഉത്തരം

(എ) പരിഗണനയിലില്ല.

(ബി) പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

## നായാടിക്കുന്ന് മിനി സ്റ്റേഡിയം നവീകരണം

204 (2482) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പ് സംസ്ഥാനത്തെ ചെറുകിട/ഇടത്തരം സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ നായാടിക്കുന്ന് മിനി സ്റ്റേഡിയം നവീകരിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കി നൽകിയാൽ ആയതിന് ആവശ്യമായ ഫണ്ട് അനുവദിക്കുവാൻ അനുമതി നൽകുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കായിക യുവജനകാര്യ വകുപ്പ് സംസ്ഥാനത്തെ ചെറുകിട/ ഇടത്തരം സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിനായി 2017-18 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ കായിക യുവജന കാര്യാലയത്തിന് കീഴിൽ 64.92 കോടി രൂപയും 2018-19-ൽ 70.00 കോടി രൂപയും വകയിരുത്തിയിരുന്നു. 2019-20 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ 71.65 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. അതനുസരിച്ച് കണ്ണൂർ മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിലെ നവീകരണ പ്രവൃത്തികളും ഇൻഡോർ സ്റ്റേഡിയത്തിലെ ഡൈനിംഗ് ഹാൾ, കിച്ചൻ, പ്രാക്ടീസ് ഹാൾ എന്നിവയുടെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങളും നടന്നുവരുന്നു. മലപ്പുറം ജില്ലയിലെ സ്പോർട്സ് കോംപ്ലക്സിന്റെ ശേഷിച്ച പ്രവൃത്തികൾ നടന്നുവരുന്നു.

പാലക്കാട് ജില്ലയിൽ കണ്ണമ്പ്ര പഞ്ചായത്ത് ഗ്രൗണ്ടിലെ സിന്തറ്റിക് ഫുട്ബോൾ, വോളിബോൾ, ഷട്ടിൽ കോർട്ടുകളുടെ നിർമ്മാണം, കോട്ടായി ഹയർ സെക്കണ്ടറി സ്കൂളിലെ 200 മീറ്റർ, 6 ലെയ്ൻ സിന്തറ്റിക് ട്രാക്ക്, ബാസ്കറ്റ് ബോൾ, വോളിബോൾ, ഷട്ടിൽ കോർട്ട്, സെവൻസ് (നാച്ചുറൽ) ഫുട്ബോൾ ടർഫ് എന്നിവയുടെ നിർമ്മാണവും നടന്നുവരുന്നു.

തൃശ്ശൂർ വി. കെ. എൻ മേനോൻ ഇൻഡോർ സ്റ്റേഡിയത്തിൽ എൽ.ഇ.ഡി. ലൈറ്റുകൾ ഘടിപ്പിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. തൃശ്ശൂർ ജില്ലയിലെ കുന്നംകുളം ഗവ. ഹയർ സെക്കണ്ടറി സ്കൂളിലെ ഗ്യാലറി, ലാന്റ് ഡെവലപ്മെന്റ്, സ്വാഭാവിക പ്രതലത്തോടുകൂടിയ (നാച്ചുറൽ) ഫുട്ബോൾ ടർഫ് നിർമ്മാണം, വേലൂർ ആർ.എസ്.ആർ.വി. ഹയർ സെക്കണ്ടറി സ്കൂളിലെ സ്വാഭാവിക (മൺ) ഫുട്ബോൾ ഗ്രൗണ്ടിന്റെ പുനരുദ്ധാരണ പ്രവൃത്തിയും വിവിധ സ്പോർട്സ് പരിശീലനത്തിനുള്ള 8 ലെയ്ൻ സിന്തറ്റിക് കോർട്ട്, കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ ഒരു മൾട്ടി പർപ്പസ് സ്റ്റേഡിയം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളും നടന്നുവരുന്നു.

എറണാകുളം ജില്ലയിൽ വരാപ്പുഴ പപ്പൻ മെമ്മോറിയൽ ഇൻഡോർ സ്റ്റേഡിയത്തിൽ മേപ്പിൾ വുഡ് ഫ്ളോറിംഗ് വർക്ക്, പുത്തൻതോട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ സിന്തറ്റിക് ടെന്നീസ് കോർട്ടിന്റെ നിർമ്മാണം എന്നിവ ഏർപ്പാടാക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ വോളീബോൾ അക്കാഡമിയുടെ ചുറ്റും ഫെൻസിംഗ്, അഡീഷണൽ സിവിൽ ഇലക്ട്രിക് വർക്കുകൾ, ഫർണിച്ചർ സപ്ലൈ എന്നിവ ഏർപ്പാടാക്കുകയും ഭാഗികമായി പൂർത്തീകരിക്കുകയും ചെയ്തു.

ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിലെ തിരുവൻവണ്ടൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ടിന്റെ നവീകരണം നടന്നുവരുന്നു.

കൊല്ലം ജില്ലയിലെ ഹോക്കി സ്റ്റേഡിയം കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ ഏതാണ്ട് 90 ശതമാനം പൂർത്തീകരിച്ചു. കൊട്ടാരക്കര ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ടിന്റെ നവീകരണം നടന്നുവരുന്നു.

തിരുവനന്തപുരം ജില്ലയിലെ ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിൽ ദേശീയ നിലവാരത്തിലുള്ള ഒരു ജിംനേഷ്യം സ്ഥാപിക്കുകയുണ്ടായി. കൂടാതെ മറ്റു നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലെ സ്വാഭാവിക (പുൽത്തകിടി) ഫുട്ബോൾ ടർഫിന്റെയും സിന്തറ്റിക് ട്രാക്കിന്റെയും നിർമ്മാണം പുരോഗമിച്ചുവരുന്നു.

കൂടാതെ 2016-17-ലെ ബഡ്ജറ്റിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 14 ജില്ലാ സ്റ്റേഡിയങ്ങളുടെയും 33 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെയും നിർമ്മാണവും 2017-18 ബഡ്ജറ്റിൽ ഉൾപ്പെടുത്തി 10 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ നിർമ്മാണവും നടന്നുവരുന്നു.

(ബി) പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**സ്റ്റേഡിയങ്ങൾ, കായിക സമുച്ചയങ്ങൾ എന്നിവയുടെ നിർമ്മാണം**

205 (2483) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക വകുപ്പ് 2017-18, 2018-19, 2019-20 വർഷങ്ങളിൽ സ്റ്റേഡിയങ്ങൾ, കായിക സമുച്ചയങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് യഥാക്രമം ഓരോ വർഷവും എത്ര തുക വീതം അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) യഥാക്രമം മേൽപ്പറഞ്ഞ കാലയളവിൽ തുക അനുവദിച്ച സ്ഥാപനങ്ങൾ/സ്ഥലം എന്നിവയുടെ പട്ടിക, അനുവദിച്ച തുക, പ്രവൃത്തിയുടെ പേര്, അനുവദിച്ച വർഷം, ജില്ല എന്ന ക്രമത്തിൽ ലഭ്യമാക്കുമോ;

(സി) ഇപ്രകാരം അനുവദിച്ചതിൽ ഓരോ വർഷങ്ങളിലും യഥാക്രമം എത്ര തുക വീതം ആകെ വിനിയോഗിക്കപ്പെട്ടുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം തുക അനുവദിക്കപ്പെട്ട ഓരോ സ്ഥാപനങ്ങളിലെയും/ സ്ഥലങ്ങളിലെയും ഏതൊക്കെ പ്രവൃത്തികൾ പൂർത്തിയായിയെന്നും, പൂർത്തിയാകാത്ത പ്രവൃത്തികൾ ഏതൊക്കെയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) കായിക യുവജനകാര്യാലയത്തിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തിൽ 14,45,22,353 രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 25,83,38,078 രൂപയും 2019-20 സാമ്പത്തിക വർഷത്തിൽ 7,78,19,639 രൂപയും അനുവദിച്ചിട്ടുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തിൽ 4,33,12,285 രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 8,24,34,000 രൂപയും അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം അനുവദിച്ച തുക മുഴുവൻ വിനിയോഗിച്ചിട്ടുണ്ട്. കായിക യുവജനകാര്യാലയം മുഖേന നടത്തിയ പ്രവൃത്തികൾ സംബന്ധിച്ച വിശദവിവരങ്ങളും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന നടത്തിയ പ്രവൃത്തികൾ സംബന്ധിച്ച വിശദവിവരങ്ങളും അനുബന്ധം * ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## വ്യാജ സ്പോർട്സ് സർട്ടിഫിക്കറ്റുകളിലൂടെ ഗ്രേസ് മാർക്ക്

206 (2484) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ സ്പോർട്സ് സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ ലഭിച്ച ഗ്രേസ് മാർക്കിന്റെ അടിസ്ഥാനത്തിൽ ഉന്നതവിദ്യാഭ്യാസത്തിന് അർഹത നേടിയ കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) ഇത്തരം സ്പോർട്സ് സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ ലഭിക്കുന്ന ഗ്രേസ് മാർക്കിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി. പരീക്ഷകൾക്കുൾപ്പെടെ ഉന്നത റാങ്ക് നേടാനുള്ള സാഹചര്യം നിലവിലുള്ളത് സർക്കാർ ഗൗരവമായി കാണുന്നുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ ഇത്തരം ഗ്രേസ് മാർക്കിന്റെ അടിസ്ഥാനത്തിൽ ഇടംപിടിക്കുന്ന ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റുകളുടെ ആധികാരികതയെങ്കിലും പരിശോധിച്ച് ഉറപ്പുവരുത്താറുണ്ടോ ; ഇല്ലെങ്കിൽ ആയത് പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമുള്ള 42 അസോസിയേഷനുകൾ സംഘടിപ്പിക്കുന്ന ജില്ലാ/സംസ്ഥാന മത്സരങ്ങൾക്ക് സ്പോർട്സ് കൗൺസിലിൽ നിന്നും നിരീക്ഷകനെ അനുവദിച്ച് വരുന്നതും നിരീക്ഷകന്റെ സാന്നിധ്യത്തിൽ മത്സരങ്ങൾ നടത്തുന്നതും ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് ഒപ്പ് വയ്ക്കുന്നതുമാണ്. അത്തരത്തിൽ അംഗീകരിച്ച സ്പോർട്സ് സർട്ടിഫിക്കറ്റുകൾ മാത്രമാണ് പി.എസ്.സി. വെയിറ്റേജ് മാർക്കിന് പരിഗണിക്കുന്നത്. സ്കൂൾ/കോളേജുകളിൽ നിന്നും നൽകുന്ന സ്പോർട്സ് സർട്ടിഫിക്കറ്റുകളിൽ ബന്ധപ്പെട്ട മേലധികാരികളുടെ സാക്ഷ്യപത്രത്തോടുകൂടി സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾ മാത്രമേ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പരിഗണിക്കാറുള്ളൂ.

(സി) സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിക്കുന്നതിന്റെ ഭാഗമായി സർട്ടിഫിക്കറ്റ് പരിശോധന ഓൺലൈൻ മുഖേന നടപ്പിലാക്കുന്നത് സംബന്ധിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു.

**അഫീൽ ജോൺസൺ എന്ന വിദ്യാർത്ഥിയുടെ മരണം**

207 (2485) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലായിൽ നടന്ന സംസ്ഥാന ജൂനിയർ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പ് മത്സരത്തിൽ ഹാമർ തലയിൽ പതിച്ച് ഈരാറ്റുപേട്ട സ്വദേശിയായ അഫീൽ ജോൺസൺ എന്ന വിദ്യാർത്ഥി മരിച്ച സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തിയോ; എങ്കിൽ വിശദമാക്കുമോ;

(ബി) മത്സരങ്ങൾ നടക്കുന്ന മൈതാനത്ത് ഒരേ സമയത്ത് ഹാമർ, ജാവലിൻ മത്സരങ്ങൾ നടത്തിയതാണ് അപകടത്തിന് കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതിന് ഉത്തരവാദികൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അന്വേഷണം നടത്തിയിട്ടുണ്ട്. കായിക യുവജനകാര്യ വകുപ്പിൽ നിന്നുമുള്ള ഉത്തരവിൻപ്രകാരം ചുവടെ സൂചിപ്പിക്കുന്ന അംഗങ്ങൾ അടങ്ങുന്ന കമ്മിറ്റി രൂപീകരിച്ച് അന്വേഷണം നടത്തുകയും ടി കമ്മിറ്റി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

1. ഡോ. കെ. കെ. വേണു, ഡയറക്ടർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (റിട്ട), യൂണിവേഴ്സിറ്റി ഓഫ് കേരള (Now working as advisor in PE, APJ Abdul Kalam Technological University, Trivandrum)

2. ശ്രീ. എ. പി. സത്യാനന്ദൻ, സായ് അത്‌ലറ്റിക്സ് കോച്ച് (റിട്ട)

3. ശ്രീ. വി. ഡി. ഡിജു, ഒളിമ്പ്യൻ ബാഡ്മിന്റൺ പ്ലേയർ (അർജ്ജുന അവാർഡ്), മാനേജർ, ഒ.എൻ.ജി.സി. ചെന്നൈ).

പ്രസ്തുത അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ ചുവടെ പറയുന്ന അപാകതകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

1) ദേശീയതലത്തിൽ 5 ദിവസമായി നടത്തുന്ന ഈ ഏജ് ഗ്രൂപ്പ് അത്‌ലറ്റിക്സ് മത്സരങ്ങൾ സംസ്ഥാനതലത്തിൽ 3 ദിവസമായി നടത്തേണ്ടി വന്നതിനാൽ രണ്ട് ദീർഘദൂര ത്രോ ഇനങ്ങൾ ഒരേ ദിശയിൽ നിന്നും നടത്തിയത് അപകടത്തിന് വഴി തെളിച്ചു.

2) 18 വയസ്സിനുതാഴെയുള്ള ആൺകുട്ടികളുടെ ജാവലിൻ ത്രോ 10.30 AM-ന് തുടങ്ങുകയും 11.30 AM-ന് നടത്തേണ്ട 18 വയസ്സിനുതാഴെയുള്ള പെൺകുട്ടികളുടെ ഹാമർ ത്രോ തുടങ്ങേണ്ട സമയത്ത് ജാവലിൻ മത്സരങ്ങൾ പൂർത്തിയാകാതെ വന്നപ്പോൾ ഹാമർ ത്രോ മത്സരങ്ങൾ കൂടെ നടത്താൻ വേണ്ടി ചെയ്ത ക്രമീകരണങ്ങളിൽ ഉണ്ടായ പാളിച്ചയാണ് അപകടത്തിലേക്ക് നയിച്ചത്.

3) രണ്ട് ത്രോ മത്സരങ്ങളും ഒരേ സമയം നടത്തേണ്ടിവന്നപ്പോൾ ഒരു ത്രോ ഇനം കഴിഞ്ഞ് അളന്ന് തിട്ടപ്പെടുത്തി ഉപകരണം തിരിച്ചുകൊണ്ടുവന്നശേഷം അടുത്ത ത്രോ ഇനം തുടങ്ങണം എന്ന ധാരണയിലായിരുന്നു മത്സരങ്ങൾ നടന്നത്. എന്നാൽ ഇത് നിയന്ത്രിക്കുന്നതിനുവേണ്ടി ഒരു പ്രത്യേക ഒഫിഷ്യലിനെ നിയോഗിച്ചിരുന്നില്ല എന്നത് മത്സരം നടത്തിപ്പിലെ പ്രധാന പോരായ്മയായി കാണേണ്ടിയിരിക്കുന്നു. ആയതിനാൽ രണ്ട് ത്രോ ഇനങ്ങളും ഏകദേശം അടുത്തടുത്ത സമയത്ത് നടന്നത് അപകടകാരണമായി ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

രണ്ട് ത്രോ മത്സരങ്ങളും നടത്തുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്വം റഫറി ത്രോസ്, ചീഫ് ജഡ്ജ് ഹാമർ ത്രോ, ചീഫ് ജഡ്ജ് ജാവലിൻ ത്രോ എന്നിവരിൽ നിക്ഷിപ്തമാണ്.

അന്വേഷണ റിപ്പോർട്ട് പരിശോധിച്ചശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്ത് നടത്തപ്പെടുന്ന കായികമേളയിൽ ഇനിയും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിന് സർക്കാർ കർശന നിർദ്ദേശം നൽകിയതിന്റെ ഭാഗമായി സ്കൂൾ മീറ്റിന് ജില്ലാതല മത്സരങ്ങൾ മുതലുള്ളവയ്ക്ക് കായിക യുവജനകാര്യാലയത്തിലേയോ സംസ്ഥാന സ്പോർട്സ് കൗൺസിലിലേയോ ഒരു സീനിയർ കോച്ചിനെ നിർദ്ദേശങ്ങൾ നൽകുന്നതിനായി നിയോഗിക്കുന്നതിനും കൂടാതെ ഈ വർഷത്തെ സംസ്ഥാന സ്കൂൾ കായികോത്സവത്തിന്റെ ഉപജില്ല, ജില്ല, സംസ്ഥാന മത്സരങ്ങൾ നടത്തുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും ത്രോ ഇനങ്ങൾ ഒരു സമയത്ത് ഒരു ഐറ്റം മാത്രമേ നടത്താവൂ എന്നതിനെക്കുറിച്ചും വിശദമായ സർക്കുലർ എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് വരുംകാലങ്ങളിൽ നടക്കാനിരിക്കുന്ന കായികമേളകളിൽ ഇത്തരം ദാരുണമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള കർശന നടപടികൾ സർക്കാർ സ്വീകരിക്കുന്നതുമാണ്.

(ബി) പ്രസ്തുത അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ അപകടത്തിന് കാരണമായ അപാകതകളിൽ ഒന്നായി, ജാവലിൻ ത്രോയും ഹാമർ ത്രോയും ഒരേ സമയത്ത് സംഘടിപ്പിക്കാൻ വേണ്ടി ചെയ്ത ക്രമീകരണങ്ങളിൽ വന്ന പാളിച്ചയാണ് അപകടകാരണമെന്ന് ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

അന്വേഷണ റിപ്പോർട്ട് പരിശോധിച്ചശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**യുവജനക്ഷേമ വകുപ്പിന്റെ പദ്ധതികൾ**

208 (2486) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യുവജനക്ഷേമ വകുപ്പ് നടപ്പിലാക്കിയ പുതിയ പദ്ധതികളിൽ ഏതെങ്കിലും നിർത്തലാക്കേണ്ടിവന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടങ്ങിവച്ച ഏതെങ്കിലും പദ്ധതികൾ ഇപ്പോൾ നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) യുവജനക്ഷേമ വകുപ്പ് പുതിയതായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യുവജനക്ഷേമ വകുപ്പ് നടപ്പിലാക്കിയ പുതിയ പദ്ധതികളിൽ ഒന്നും നിർത്തലാക്കിയിട്ടില്ല.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടങ്ങിവച്ച പദ്ധതികളൊന്നും ഇപ്പോൾ നിർത്തലാക്കിയിട്ടില്ല.

(സി) കേരള സംസ്ഥാന യുവജനകമ്മീഷൻ 2018-19 വർഷത്തിൽ നിയമവിദഗ്ദ്ധരുടെ സഹായത്തോടെ ഒരു ടോൾഫ്രീ നമ്പർ മുഖാന്തരം ഓൺലൈൻ സംവിധാനത്തിലൂടെ യുവജനങ്ങൾക്ക് സൗജന്യ നിയമ സഹായം നൽകുന്നതിനുള്ള യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. 2019-20 വർഷത്തിൽ സാംസ്കാരിക വിനിമയ പരിപാടി നടപ്പിലാക്കി വരുന്നുണ്ട്. ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിവിധ സംസ്കാരങ്ങൾ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളിലൂടെ പഠന വിധേയമാക്കുകയും സർക്കാരിന്റെ പരിഗണനയ്ക്കായി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതിയുമാണിത്. പിന്നോക്ക വിഭാഗക്കാർക്കും ആദിവാസികൾക്കും അവരുടെ യുവജനങ്ങൾക്കും കോളനി കേന്ദ്രീകരിച്ച് സൗജന്യ ഹെൽത്ത് ക്യാമ്പ്, കാസർഗോഡുള്ള ബഡ്സ് സ്കൂളുകളിൽ എത്തുന്ന എൻഡോസൾഫാൻ ദുരിതബാധിതരായ യുവജനങ്ങൾക്കും അവരുടെ മാതാപിതാക്കൾക്കും തൊഴിൽ പരിശീലനം നൽകുന്ന പദ്ധതികൾ കേരള സംസ്ഥാന ലൈബ്രറി കൗൺസിലുമായി ചേർന്ന് ലൈബ്രറികളിലും ക്ലബ്ബുകളിലും ഭരണഘടനാ സദസ്സുകൾ സംഘടിപ്പിക്കുന്നതും ട്രൈബൽ ലൈബ്രറിയിൽ ബോധവത്കരണ പരിപാടികളും ഈ വർഷം നടപ്പിലാക്കിയ പുതിയ പദ്ധതികളിൽപ്പെട്ടതാണ്.

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 2019-20 സാമ്പത്തിക വർഷം സംസ്ഥാന സെവൻസ് ഫുട്ബോൾ മത്സരം, നാഷണൽ ഷോർട്ട് പ്ലേ കോമ്പറ്റീഷൻ, ഇന്റർനാഷണൽ യംഗ് ഫിലിം ഫെസ്റ്റിവൽ, ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, ജൻഡർ പദ്ധതികൾ എന്നീ പുതിയ പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**യുവജനക്ഷേമ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ**

209 (2487) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജനക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളും പ്രവർത്തനങ്ങളും വിശദമാക്കാമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന യുവജനക്ഷേമ വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന യുവജന കമ്മീഷൻ, 1) മദ്യം, മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണം.

2) എസ്.സി/എസ്.റ്റി. കോളനികളിലും മറ്റ് പിന്നോക്ക മേഖലകളിലെയും ബോധവൽക്കരണ പ്രവർത്തനങ്ങൾ. 3) യൂത്ത് ഐക്കൺ അവാർഡ്.4) ജില്ലകളിൽ അദാലത്തുകളും സിറ്റിംഗുകളും നടത്തുന്നത്. 5) ദേശീയ സെമിനാർ/ജില്ലാ സെമിനാർ. 6) ഗ്രീൻ യൂത്ത്/വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പദ്ധതികൾ. 7) യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ. 8) ദേശീയ യുവജന ദിനാഘോഷം. 9) സാംസ്കാരിക വിനിമയ പരിപാടി. 10) പാർശ്വവത്കൃത യുവാക്കളുടെ ശാക്തീകരണം എന്നീ പദ്ധതികളും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ കേരളോത്സവം, യൂത്ത് ക്ലബ്ബ് (യൂത്ത് ക്ലബ്ബുകൾക്ക് ധനസഹായം, യൂത്ത് കേരള എക്സ്പ്രസ്സ്, യുവാക്ലബ്ബുകൾ, കായിക വികസന പ്രവർത്തനങ്ങൾ), കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ്, സംരംഭകത്വവും തൊഴിലും (സംരംഭകത്വ വികസനം, ജോബ് ഫെസ്റ്റ്), ജൻഡർ പദ്ധതികൾ (ആത്മരക്ഷ ആയോധനത്തിലൂടെ ട്രാൻസ്ജെൻഡേഴ്സ് ശാക്തീകരണം), കലയും സംസ്കാരവും നാഷണൽ ഫോക് ഫെസ്റ്റിവൽ ഓഫ് കേരള, യുവസാഹിത്യ ക്യാമ്പ്, ഷോർട്ട് ഫിലിം (ഡോക്യുമെന്ററി ഫെസ്റ്റിവൽ), അഡ്വഞ്ചർ അക്കാഡമി (നാഷണൽ അഡ്വഞ്ചർ അക്കാഡമി - ദേവികുളം നിർമ്മാണ പ്രവർത്തനങ്ങൾ), യുവശക്തി (യൂത്ത് കോ-ഓർഡിനേറ്റർമാർക്കുള്ള ഓണറേറിയവും സംഘാടനവും), മറ്റ് വികസന പരിപാടികൾ (യൂത്ത് അവാർഡ്, യുവമാധ്യമ ക്യാമ്പ്, യൂത്ത് ഡെവലപ്മെന്റ് പ്രോഗ്രാം, ദിനാചരണങ്ങൾ, യുവതാ മാസിക, നവമാധ്യമ കൂട്ടായ്മയും ഓൺലൈൻ പ്രൊമോഷനും) യുവജന ശാക്തീകരണ പരിപാടികൾ എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു.

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ജോബ് പോർട്ടൽ (തൊഴിലന്വേഷകരെയും, തൊഴിൽദാതാക്കളെയും ഒന്നിപ്പിക്കുന്ന ഒരു ഓൺലൈൻ പ്ലാറ്റ്ഫോം), യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ (യുവാക്കൾക്ക് നിയമവിദഗ്ധരിലൂടെ നൽകുന്ന സൗജന്യ നിയമ സഹായം), ഗ്രീൻ യൂത്ത് പദ്ധതി (തദ്ദേശീയ പാരിസ്ഥിതിക പ്രശ്നങ്ങളിൽ ഇടപെടുകയും സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യുക), പാർശ്വവത്കൃത യുവാക്കളുടെ ശാക്തീകരണം, പിന്നോക്ക പട്ടികവർഗ്ഗ കോളനികളിൽ സൗജന്യ ഹെൽത്ത് ക്യാമ്പ്, കാസർഗോഡുള്ള ബഡ്സ് സ്കൂളുകളിൽ യുവജനങ്ങൾക്ക് കൈത്തൊഴിൽ പരിശീലനം, ട്രൈബൽ ലൈബ്രറികളിൽ ഭരണഘടനാ സംരക്ഷണ സദസ്സ്, ആദിവാസി യുവജനമേള എന്നീ പദ്ധതികൾ യുവജന കമ്മീഷൻ നടപ്പിലാക്കിയിട്ടുണ്ട്.

യുവജനക്ഷേമ ബോർഡ് ഒരു ലക്ഷത്തിൽപ്പരം യുവാക്കളെ ഉൾപ്പെടുത്തി കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് എന്ന പേരിൽ ഒരു സന്നദ്ധ സേവന സേന രൂപീകരിച്ചിട്ടുണ്ട്. ആയതിൽ 1200 പേർക്ക് നാളിതുവരെ രണ്ട് ഘട്ടങ്ങളിലായി പ്രകൃതിക്ഷോഭങ്ങൾ പോലുള്ള അടിയന്തര സാഹചര്യങ്ങളെ നേരിടൽ, പ്രാഥമിക ശുശ്രൂഷ, പരിസ്ഥിതി സംരക്ഷണം, സാമൂഹ്യ തിന്മകൾക്കെതിരെയുള്ള ബോധവൽക്കരണം തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകിയിട്ടുണ്ട്. അഭിപ്രായ-ആവിഷ്കാര സ്വാതന്ത്ര്യങ്ങൾക്കുവേണ്ടി യുവജനങ്ങളെ ഉൽബുദ്ധരാക്കുക എന്ന ലക്ഷ്യത്തോടെ യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുന്ന പരിപാടിയാണ് യൂത്ത് കോൺകോഡ്. സാമൂഹ്യനന്മ ലക്ഷ്യം വച്ച് വിവിധ മേഖലകളിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന യൂത്ത് ക്ലബ്ബുകളെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിന് അവർക്ക് അവാർഡ് നൽകുന്ന പദ്ധതിയായ യൂത്ത് കേരള എക്സ്പ്രസ്സ് നടപ്പിലാക്കിവരുന്നു.

## വൈദ്യുത മേഖലയിലെ സ്വകാര്യവൽക്കരണം

210 (2488) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണത്തിനായി സ്വകാര്യ കമ്പനികൾക്ക് ലൈസൻസ് നൽകുന്ന പുതിയ വൈദ്യുതി നിയമം കൊണ്ടുവരുമെന്ന കേന്ദ്ര ഊർജ്ജ സഹമന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ നിയമം പ്രാബല്യത്തിൽ വന്നാൽ കേരളത്തിലെ വൈദ്യുത മേഖലയെ എങ്ങനെ ബാധിക്കുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒക്ടോബർ മാസം ഗുജറാത്തിൽ വച്ച് നടന്ന ഊർജ്ജ വകുപ്പുമന്ത്രിമാരുടെ സമ്മേളനത്തിൽ വിതരണരംഗത്ത് സേവന-വില്പന അധികാരങ്ങൾ സ്വകാര്യ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്നത് സംബന്ധിച്ച് ചില നിർദ്ദേശങ്ങൾ കേന്ദ്ര ഗവൺമെന്റ് മുന്നോട്ടുവച്ചിട്ടുണ്ട്. വൈദ്യുതി മേഖലയിലെ സ്വകാര്യ പങ്കാളിത്തത്തോടുള്ള സംസ്ഥാനത്തിന്റെ വിയോജിപ്പ് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്.

(ബി) കേന്ദ്രസർക്കാർ നിലവിൽ പുറത്തിറക്കിയിട്ടുള്ള വൈദ്യുതി ഭേദഗതി നിയമം പ്രാവർത്തികമാക്കിയാൽ അത് KSEB Ltd പോലുള്ള സർക്കാർ സംരംഭങ്ങളെ പ്രതിസന്ധിയിൽ ആക്കാനിടയുണ്ട്. വൻകിട ഉപഭോക്താക്കൾ ഓപ്പൺ ആക്സസ് വഴി പുറത്തുനിന്ന് വൈദ്യുതി കൊണ്ടുവരുമ്പോൾ വീലിംഗ് ചാർജ്ജ് മാത്രം ഈടാക്കിയാൽമതി എന്ന വ്യവസ്ഥ നിലവിലുള്ള ക്രോസ് സബ്സിഡി സമ്പ്രദായം അതിവേഗം ഇല്ലാതാക്കുന്നതിനും KSEB Ltd-നെ സാമ്പത്തിക പ്രതിസന്ധിയിലേക്ക് നയിക്കുന്നതിനും സാധ്യതയുണ്ട്. വൈദ്യുത വിതരണ മേഖലയെത്തന്നെ വീണ്ടും മൂന്നായി വിഭജിക്കുന്നതിനും തദ്വാരാ സ്വകാര്യ സംരംഭകരുടെ കൈവശമുള്ള വൈദ്യുതിയോടൊപ്പം KSEB Ltd-ന്റെ ചുമതലയിലുള്ള പദ്ധതികളിൽനിന്നുമുള്ള വൈദ്യുതിയും ഉൾപ്പെടെ നിലവിലുള്ള വിതരണ സംവിധാനത്തിലൂടെ ഉപഭോക്താക്കൾക്ക് വിൽക്കുക എന്ന ലാഭസാധ്യത ഏറെയുള്ള സപ്ലൈ വ്യവസായത്തിലേക്ക് മാത്രമായി സ്വകാര്യ സംരംഭകർ കടന്നുവരുന്നതിനും ഇടയാകാം. ക്രോസ് സബ്സിഡി ഒഴിവാക്കി പകരം സർക്കാർ സബ്സിഡി ബാങ്ക് അക്കൗണ്ടിലൂടെ ഉപഭോക്താവിന് നേരിട്ട് നൽകുന്നത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗത്തിന് വൈദ്യുതി അപ്രാപ്യമാക്കാൻ കാരണമാകും. എല്ലാവർക്കും വൈദ്യുതി എന്ന ലക്ഷ്യത്തിനായി കരാർ ചെയ്തിട്ടുള്ള വൈദ്യുതി സമീപഭാവിയിൽ തന്നെ ഉപയോഗിക്കാൻ ആകാത്ത സ്ഥിതിയിലേക്ക് KSEB Ltd-നെ കൊണ്ടെത്തിക്കും. അങ്ങനെയായാൽ കരാർ പ്രകാരമുള്ള സ്ഥിരവിലയുടെ ബാധ്യത സ്ഥാപനത്തിന് താങ്ങാനാകില്ല. വൈദ്യുതിയുടെ കമ്പോളത്തിന്റെ വളർച്ച ലക്ഷ്യമിട്ടുകൊണ്ടുള്ള നിർദ്ദേശങ്ങൾ ഊഹക്കച്ചവടത്തിന് ഇടയാക്കുമെന്നതും സ്ഥാപനത്തിന്റെ നിലനില്പിനെ ഹനിച്ചേക്കാം.

## അധികമായി ഉല്പാദിപ്പിച്ച വൈദ്യുതി

211 (2489) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) സർക്കാർ സ്ഥാപനങ്ങളുടെ മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വെള്ളത്തൂവൽ (3.6 മെഗാവാട്ട്), പെരുന്തേനരുവി (6 മെഗാവാട്ട്), കക്കയം (3 മെഗാവാട്ട്) എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പ്രവർത്തനം ആരംഭിക്കുക വഴി ഇതുവരെ ആകെ 12.6 മെഗാവാട്ട് വൈദ്യുതി ജലവൈദ്യുത പദ്ധതികളിൽ നിന്നും ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 21 സൗരോർജ്ജ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. പൂർത്തീകരിച്ചു (15.7 മെഗാവാട്ട്). ഇതുകൂടാതെ കൺസ്യൂമേഴ്സ് വഴി 47.35 മെഗാവാട്ടും സിയാൽ, അനെർട്ട്, IREDA, KMRL തുടങ്ങിയ സ്ഥാപനങ്ങൾ വഴി 83.073 മെഗാവാട്ടും കെ.എസ്.ഇ.ബി.എൽ-ന്റെ ഗ്രിഡിലേയ്ക്ക് ലഭിക്കുന്നുണ്ട്. അങ്ങനെ സോളാർ പ്ലാന്റ് ഉപയോഗിച്ചുള്ള ആകെ സ്ഥാപിതശേഷി 146.14 MW ആണ്. കൂടാതെ 27 മെഗാവാട്ടിന്റെ കാറ്റിൽ നിന്നുള്ള പദ്ധതികളും പൂർത്തീകരിച്ചു.

ബാണാസുരസാഗർ റിസർവോയറിൽ 500 കിലോവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കി. ഇതിൽ നിന്നുള്ള 0.02 മില്ല്യൺ യൂണിറ്റ് പ്രതിവർഷം വൈദ്യുതി 2019 ജനുവരി മുതൽ കെ.എസ്.ഇ.ബി.എൽ. ഗ്രിഡിലേക്ക് ലഭിച്ചുവരുന്നു. കൂടാതെ പാലക്കാട് ചിറ്റൂരിൽ മലയാള മനോരമയുടെ 10 മെഗാവാട്ട് പദ്ധതി ഗ്രിഡിലേക്ക് കണക്ട് ചെയ്തിട്ടുണ്ട്.

സ്വകാര്യ സംരംഭകർ വഴി 12.5 MW സ്ഥാപിതശേഷി വരുന്ന 2 പദ്ധതികൾ (പാതംകയം 8 MW, കാരിക്കയം രണ്ടാം ഘട്ടം 4.5 MW) കമ്മീഷൻ ചെയ്തിട്ടുണ്ട്.

ഇതുകൂടാതെ ഇ.എം.സി. തിരുവനന്തപുരം നഗരത്തിൽ 20 KW കാട്ടുവെട്ടി മൈക്രോ ജലവൈദ്യുത പദ്ധതി നിർമ്മാണം പൂർത്തിയാക്കി ട്രയൽ റണ്ണായി വൈദ്യുതി ഉല്പാദിപ്പിച്ച് ഗ്രിഡിലേക്ക് നൽകുന്നുണ്ട്. 4 KW-ന്റെ ഈച്ചാംപെട്ടി പൈകോ ജലവൈദ്യുത പദ്ധതിയും മറ്റ് 25 പൈകോ ജലവൈദ്യുത പദ്ധതികളും ആരംഭിച്ചിട്ടുണ്ട്.

(ബി) കേരള സർക്കാരിന്റെ ഊർജ്ജ കേരള മിഷന്റെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ള സൗര പദ്ധതി വഴി 1000 മെഗാവാട്ട് സൗരനിലയങ്ങൾ സ്ഥാപിക്കാൻ തീരുമാനിച്ചിരിക്കുന്നു. 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ നിന്നും 2021-22-ഓടെ ഉല്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

500 മെഗാവാട്ട് പുരപ്പുറ പദ്ധതി ചുവടെ പറയുന്ന മേഖലകളിൽ നിന്നും ഉല്പാദിപ്പിക്കുവാനാണ് വിഭാവനം ചെയ്യുന്നത്.

| | |
|---|---|
| ഗാർഹിക/കാർഷിക ഉപഭോക്താക്കൾ | - 150 മെഗാവാട്ട് |
| സർക്കാർ കെട്ടിടങ്ങൾ | - 100 മെഗാവാട്ട് |
| ഗാർഹികേതര/സർക്കാർ ഇതര സ്ഥാപനങ്ങൾ | - 250 മെഗാവാട്ട് |

പദ്ധതിയുടെ ഭാഗമായി നാളിതുവരെ രജിസ്റ്റർ ചെയ്ത സർക്കാർ സ്ഥാപനങ്ങളുടെ മേൽക്കൂരയിൽ സാധ്യതാപഠനത്തിനുശേഷം യോഗ്യമായ മേൽക്കൂരകൾ തെരഞ്ഞെടുക്കുകയും മറ്റ് സർക്കാർ സ്ഥാപനങ്ങളുടെ മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനായി സാധ്യതാപഠനം നടത്തിവരികയുമാണ്. 2020 ജനുവരി മുതൽ നിലയങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## വൈദ്യുതി ഉല്പാദനം

212 (2490) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം എത്ര മെഗാവാട്ട് വൈദ്യുതിയാണ് പുതുതായി ഉത്പാദിപ്പിച്ചതെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം പദ്ധതികളിൽ നിന്നാണ് കൂടുതൽ വൈദ്യുതി ഉത്പാദിപ്പിച്ചതെന്ന് പദ്ധതിയുടെ പേര്, ഉത്പാദിപ്പിച്ച വൈദ്യുതി അളവ് എന്നീ ക്രമത്തിൽ പട്ടിക സഹിതം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെറുകിട ജലവൈദ്യുത പദ്ധതികൾ വഴി ഇതുവരെ ആകെ 12.6 MW വൈദ്യുതി ജലവൈദ്യുത പദ്ധതികളിൽനിന്നും ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. അത് കൂടാതെ ഈ സർക്കാർ അധികാരത്തിവന്നശേഷം 21 സൗരോർജ്ജ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ-ൽ പൂർത്തീകരിച്ചു (15.7 മെഗാവാട്ട്). കൺസ്യൂമേഴ്സ് വഴി 47.35 മെഗാവാട്ടും സിയാൽ, അനർട്ട്, IREDA, KMRL തുടങ്ങിയ സ്ഥാപനങ്ങൾ വഴി 83.073 മെഗാവാട്ടും കെ.എസ്.ഇ.ബി.എൽ-ന്റെ ഗ്രിഡിലേയ്ക്ക് ലഭിക്കുന്നുണ്ട്. അങ്ങനെ സോളാർ പ്ലാന്റ് ഉപയോഗിച്ചുള്ള ആകെ സ്ഥാപിതശേഷി 146.14 MW ആണ്. കൂടാതെ 27 മെഗാവാട്ടിന്റെ കാറ്റിൽ നിന്നുള്ള പദ്ധതികളും പൂർത്തീകരിച്ചു.

(ബി)

| ക്രമ നമ്പർ | വൈദ്യുത നിലയത്തിന്റെ പേര് | സ്ഥാപിത ശേഷി | ഉല്പാദനം ആരംഭിച്ച തീയതി | ഉല്പാദിപ്പിച്ച വൈദ്യുതിയുടെ അളവ് |
|---|---|---|---|---|
| 1. | വെള്ളത്തൂവൽ ചെറുകിട വൈദ്യുത പദ്ധതി | 3.6 MW | 8-9-2016 | 08.985 MU(13.08.2018 മുതൽ പ്രളയാനന്തര പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു). |
| 2. | പെരുന്തേനരുവി ചെറുകിട വൈദ്യുത പദ്ധതി | 6 MW | 18-7-2017 | 31.61 MU |
| 3. | കക്കയം ചെറുകിട വൈദ്യുത പദ്ധതി | 3 MW | 16-7-2018 | 7.34 MU |

ബാണാസുരസാഗർ റിസർവോയറിൽ 500 കിലോവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കി. ഇതിൽ നിന്നുള്ള 0.02 മില്ല്യൺ യൂണിറ്റ് പ്രതിവർഷം വൈദ്യുതി 2019 ജനുവരി മുതൽ കെ.എസ്.ഇ.ബി.എൽ. ഗ്രിഡിലേക്ക് ലഭിച്ചുവരുന്നു. കൂടാതെ പാലക്കാട് ചിറ്റൂരിൽ മലയാള മനോരമയുടെ 10 മെഗാവാട്ട് പദ്ധതി ഗ്രിഡിലേക്ക് കണക്ട് ചെയ്തിട്ടുണ്ട്.

## വൈദ്യുതി നിരക്കിന്റെ വർദ്ധനവ്

213 (2491) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വർദ്ധിപ്പിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ;

(ബി) ഇതിന് മുമ്പ് ഏത് വർഷത്തിലാണ് വൈദ്യുതി നിരക്കുകൾ വർദ്ധിപ്പിച്ചതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രണ്ട് തവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്.

17-4-2017-ൽ, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ സ്വമേധയാ പുറപ്പെടുവിച്ച താരിഫ് പരിഷ്കരണ ഉത്തരവുപ്രകാരം സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജ് പരിഷ്കരിച്ചിട്ടുണ്ടായിരുന്നു.

തുടർന്ന് 8-7-2019-ൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ 8-7-2019 മുതൽ സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് പരിഷ്കരിക്കുന്നു.

വൈദ്യുതി നിയമം, 2003, കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് പോളിസി-2006, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള 2018-ലെ താരിഫ് ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ, കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതീക്ഷിത വരവുചെലവു കണക്കുകൾ റെഗുലേറ്ററി കമ്മീഷൻ നിഷ്കർഷിക്കുന്ന പ്രകാരം, കമ്മീഷൻ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കാറുണ്ട്. എന്നാൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന താരിഫ് പരിഷ്കരണ ഉത്തരവിലൂടെ, റവന്യൂ കമ്മിയുടെ (ARR & ERC ഉത്തരവിലൂടെ നിജപ്പെടുത്തുന്ന) ഒരു ഭാഗം മാത്രമേ നികത്തുവാൻ അനുവദിക്കുന്നുള്ളൂ. അമിതമായ താരിഫ് വർദ്ധനവ് ഉണ്ടാകാതിരിക്കാൻവേണ്ടി ബാക്കി തുക പിൽക്കാലത്തേയ്ക്ക് മാറ്റിവയ്ക്കപ്പെടുന്നു.

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള ട്രൂയിംഗ് അപ്പ് (Truing up) ഉത്തരവുകൾ പ്രകാരം 2016-17 വരെയുള്ള നികത്തപ്പെടാത്ത റവന്യൂ കമ്മി 6734.17 കോടി രൂപയാണ്.

കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള താരിഫ് പോളിസി പ്രകാരം, താരിഫ് പരിഷ്കരണത്തിലൂടെ നികത്തപ്പെടാത്ത റവന്യൂ കമ്മി ഏഴ് വർഷംകൊണ്ട് താരിഫ് പരിഷ്കരണത്തിലൂടെ നികത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം 2018-19-ലേക്ക് (കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് ചട്ടങ്ങൾ പ്രകാരം) കണക്കാക്കിയിട്ടുള്ള വരവുചെലവുകണക്കുകൾ തമ്മിലുള്ള അന്തരം 1100.70 കോടി രൂപയാണ്. ഇതോടൊപ്പം നികത്തപ്പെടാത്ത കമ്മിയുടെ ഒരു ഭാഗവും കൂടി ചേർത്ത് 2018-19-ൽ 1101.72 കോടി രൂപയുടെ താരിഫ് വർദ്ധനവിന് ശിപാർശ ചെയ്തെങ്കിലും റെഗുലേറ്ററി കമ്മീഷൻ 8-7-2019-ലെ ഉത്തരവിലൂടെ 2019-20 സാമ്പത്തിക വർഷത്തിൽ 902.94 കോടി രൂപ മാത്രമേ ഈടാക്കാൻ അനുവദിച്ചിട്ടുള്ളൂ.

റെഗുലേറ്ററി കമ്മീഷന്റെ 17-4-2017-ലെ താരിഫ് പരിഷ്കരണ ഉത്തരവനുസരിച്ച് ഒരു യൂണിറ്റ് വൈദ്യുതി ഉപഭോക്താവിന് നൽകുന്നതിന് ശരാശരി ചെലവ് 5.26 രൂപയാണ്. എന്നാൽ ഗാർഹിക വിഭാഗത്തിൽ നിന്ന് ലഭിക്കുന്ന വരുമാനം 4.13 രൂപയാണ്. ഇതുമൂലം പ്രതിവർഷം, 1200 കോടി രൂപയുടെ വരുമാനനഷ്ടം ഉണ്ടാകുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഗാർഹികേതര വിഭാഗം ഉപഭോക്താക്കളുടെ താരിഫ് മേൽ പറഞ്ഞ ശരാശരി ചെലവിനേക്കാൾ ഉയർത്തിയാണ് ഈ വരുമാന നഷ്ടം ഒരളവുവരെ പരിഹരിക്കുന്നത്. എന്നാൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ച താരിഫ് പോളിസി പ്രകാരം വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് ശരാശരി ചെലവിന്റെ 20 ശതമാനത്തിൽ കുറയുവാനും 20 ശതമാനത്തിൽ കൂടുവാനും പാടില്ല എന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. മേൽ സൂചിപ്പിച്ച വരുമാനനഷ്ടം ഒരളവുവരെ കുറയ്ക്കുന്നതിനും, ഗാർഹികേതര ഉപഭോക്താക്കളുടെ താരിഫ് 20 ശതമാനത്തിനുള്ളിൽ പരിമിതപ്പെടുത്തുന്നതിനും പ്രതിവർഷം ഉണ്ടാകുന്ന പൊതു വിലവർദ്ധനവ് പരിഗണിച്ചും ആണ് താരിഫ് വർദ്ധനവ് വരുത്തിയത്.

ഇതിന് പുറമേ വൈദ്യുതി വാങ്ങൽ ചെലവിലുള്ള വർദ്ധനവ്, വലിയ മുടക്കുമുതൽ ആവശ്യമുള്ള പുനർനവീകരണീയ സ്രോതസ്സുകളുടെ വികസനം, ഗുണനിലവാരമുള്ള വൈദ്യുതി ഇടതടവില്ലാതെ നൽകുന്നതിന് പ്രസരണ വിതരണ ശൃംഖലകളുടെ വികസനം എന്നിവയ്ക്കുള്ള വർദ്ധിച്ച തോതിലുള്ള മുടക്കുമുതൽ എന്നിവകൂടി കണക്കിലെടുത്താണ് ചാർജ്ജ് വർദ്ധനവ് ശിപാർശ ചെയ്തിട്ടുള്ളത്.

(ബി) 14-8-2014-ലെ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവുപ്രകാരം 16-8-2014 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധമാണ് 18-4-2017-നുമുമ്പ് വൈദ്യുതി നിരക്കുകൾ വർദ്ധിപ്പിച്ചത്.

## അണക്കെട്ടുകളിലെ മണലും ചെളിയും

214 (2492) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അണക്കെട്ടുകളിൽ നിന്നും മണലും ചെളിയും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി. സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ഇ.ബി.യുടെ അണക്കെട്ടുകളിൽ എത്രത്തോളം മണലും ചെളിയും അടങ്ങിയിട്ടുണ്ട് എന്നതിനെക്കുറിച്ച് സർക്കാരിന്റെ പക്കൽ കണക്കുകൾ ഉണ്ടോ; ആയത് പരിശോധിക്കാൻ നടപടി സ്വീകരിക്കാമോ;

(സി) ഏതെല്ലാം അണക്കെട്ടുകളാണ് മണലും ചെളിയും നീക്കം ചെയ്യുന്നതിന് തെരഞ്ഞെടുത്തിരിക്കുന്നത്; ഇപ്രകാരം നീക്കം ചെയ്യുന്ന മണൽ എന്തുചെയ്യാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ഡി) ലോവർ പെരിയാർ അണക്കെട്ടിൽ നിന്നും മണൽ വാരാൻ 2010-ൽ ട്രാവൻകൂർ സിമന്റ്സ് കമ്പനിക്ക് കരാർ നൽകിയെങ്കിലും ആയത് നടക്കാതെ പോയതിന്റെ കാരണം വ്യക്തമാക്കാമോ; ഇപ്പോഴും ഈ കരാർ നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ&ബി) അണക്കെട്ടുകളിൽ നിന്നും മണലും ചെളിയും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചിട്ടുണ്ട്.

കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള 12 റിസർവോയറുകളിലെ കണക്കുകൾ ശേഖരിച്ചിട്ടുണ്ട്. 2018-ലെയും 2019-ലെയും പ്രളയത്തെ തുടർന്ന് കൂടുതലായി മണലും ചെളിയും അടിഞ്ഞുകൂടിയതിന്റെ അടിസ്ഥാനത്തിൽ, Bathymetric Survey നടത്തി റിസർവോയറുകളിൽ അടിഞ്ഞിട്ടുള്ള മണലിന്റെയും ചെളിയുടെയും അളവ് കൃത്യമായി കണക്കാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഘട്ടം ഘട്ടമായി എല്ലാ റിസർവോയറുകളിലെയും ചെളിയും മണലും നീക്കം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) നിലവിൽ ലോവർ പെരിയാർ, പെരിങ്ങൽകുത്ത്, കല്ലാർകുട്ടി, മാട്ടുപ്പെട്ടി, കുണ്ടള റിസർവോയറുകളിൽനിന്നും മണലും ചെളിയും നീക്കം ചെയ്യുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ G.O. (MS)No.79/2017/WRD dated 26-9-2017 പ്രകാരം അംഗീകരിച്ച സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യർ (Standard Operating Procedure [SOP]-ലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് മണൽ വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) ലോവർ പെരിയാർ റിസർവോയറിൽ നിന്നും നീക്കം ചെയ്യുന്ന മണലും ചെളിയും നിക്ഷേപിക്കുവാൻ വനംവകുപ്പിന്റെ അനുമതി ആവശ്യമാണ്. ഇതിനായി M/s. Travancore Cements Limited, Nattakom, Kottayam വനം വകുപ്പിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കരാർ ഇപ്പോഴും നിലവിലുണ്ട്.

വനംവകുപ്പിന്റെ അനുമതി ലഭിക്കുവാൻ കാലതാമസം ഉണ്ടായതിനാൽ 27-7-2016-ൽ M/s. Travancore Cements Limited-മായി ഒപ്പുവച്ച കരാർ 26-7-2019-ലെ അനുബന്ധ കരാർ നമ്പർ 1 പ്രകാരം 36 മാസക്കാലയളവിലേക്ക് ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്.

## ഡബിൾ ഡക്കർ വൈദ്യുതി ലൈൻ

215 (2493) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി സൗഹൃദ ഡബിൾ ഡക്കർ വൈദ്യുതി ലൈൻ സംസ്ഥാനത്ത് യാഥാർത്ഥ്യമായിട്ടുണ്ടോ;

(ബി) മരങ്ങൾ മുറിക്കാതെ ചുരുങ്ങിയ സ്ഥലം പ്രയോജനപ്പെടുത്തിയുള്ള ഈ സംവിധാനത്തിന്റെ മറ്റു പ്രധാന സവിശേഷതകൾ വിശദീകരിക്കാമോ;

(സി) ഈ സംവിധാനം ഇപ്പോൾ എവിടെയെല്ലാം നടപ്പാക്കിയിട്ടുണ്ട്; കൂടുതൽ ഭാഗങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) വൈദ്യുതി വിതരണ സംവിധാനത്തിൽ ഇതുവഴി പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ ?

<u>ഉത്തരം</u>

(എ) പ്രകൃതി സൗഹൃദ ഡബിൾഡക്കർ വൈദ്യുതി ലൈനുകൾ (മൾട്ടി സർക്യൂട്ട് ലൈനുകൾ) സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഒരേ ഇടനാഴിയിൽ കൂടി വിവിധ വോൾട്ടേജ് തലത്തിലുള്ള നാലോ അതിലധികമോ ലൈനുകൾ വലിക്കുന്നതിനുവേണ്ടി നിലവിലുള്ള ലൈനുകൾ ഉപയോഗപ്പെടുത്തുന്നതിനാൽ ഈ സംവിധാനം ഉപയോഗപ്പെടുത്തുന്നത് വഴി ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കുറയ്ക്കാൻ കഴിയും. അതുകൊണ്ട് തന്നെ കൂടുതൽ മരങ്ങൾ മുറിക്കുന്നതും ഒഴിവാക്കാൻ കഴിയും.

(സി) ഈ സംവിധാനം പ്രധാനമായും 110 കെ.വി.-ക്ക് മുകളിലുള്ള വോൾട്ടേജ് തലത്തിലാണ് ഉപയോഗിച്ചുവരുന്നത്. ഇപ്പോൾ ഇത് മാടക്കത്തറ-മലപ്പറമ്പ, പോത്തൻകോട്-പള്ളിപ്പുറം, ബ്രഹ്മപുരം-കൊച്ചിൻ ഈസ്റ്റ് തുടങ്ങിയ സ്ഥലങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്.

കൂടാതെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഈ സംവിധാനം കേരളത്തിലങ്ങോളമിങ്ങോളം വിവിധ സ്ഥലങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) ഈ സംവിധാനം ഉപയോഗപ്പെടുത്തുന്നതുവഴി ഭൂമി സംബന്ധമായ തർക്കങ്ങൾ ഒഴിവാക്കാൻ കഴിയുന്നതിനാൽ നിർമ്മാണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും വേഗത്തിലാക്കാൻ കഴിയുകയും അതുവഴി തടസ്സരഹിതവും ഗുണമേന്മയുള്ളതുമായ വൈദ്യുത വിതരണം സാധ്യമാകുകയും ചെയ്യും. കൂടാതെ ആവാസ വ്യവസ്ഥയിലുണ്ടാകുന്ന ആഘാതം കുറയ്ക്കുന്നതിനാൽ കൂടുതൽ പ്രകൃതി സൗഹൃദമായി പ്രസരണ ലൈനുകൾ നിർമ്മിക്കുവാനും കഴിയുന്നു.

## പ്രളയത്തിൽ വൈദ്യുതി വകുപ്പിന്റെ വിവിധ പദ്ധതികൾക്കുണ്ടായ നാശനഷ്ടങ്ങൾ

216 (2494) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018/2019 വർഷങ്ങളിൽ ഉണ്ടായ പ്രളയത്തിൽ വൈദ്യുതി വകുപ്പിന്റെ വിവിധ പദ്ധതികൾക്ക് ഓരോ വർഷവും എത്ര നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വകുപ്പിന് ഉണ്ടായ മൊത്തം നഷ്ടം എത്ര; പ്രധാന നാശനഷ്ടങ്ങൾ എന്തൊക്കെയാണ്; ഏതെല്ലാം പദ്ധതികൾക്കാണ് നഷ്ടം ഉണ്ടായത്;

(ബി) എങ്കിൽ അവ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2018 ആഗസ്റ്റ് മാസം മദ്ധ്യത്തോടെ കേരളത്തെ പിടിച്ചു കുലുക്കിയ പ്രളയത്തിൽ പ്രതിഷ്ഠാപനങ്ങളുടെ പുനർനിർമ്മാണത്തിനുമാത്രം കെ.എസ്.ഇ.ബി.എൽ.-ന് 351.60 കോടി രൂപയുടെ ചെലവ് കണക്കാക്കിയിരുന്നു. ലോവർ പെരിയാർ, ഇടമലയാർ, പെരിങ്ങൽകുത്ത്, പെരിങ്ങൽകുത്ത് ലെഫ്റ്റ് ബാങ്ക് എക്സ്റ്റൻഷൻ, പന്നിയാർ തുടങ്ങി അഞ്ച് പ്രധാന ജലവൈദ്യുത പദ്ധതികൾക്കും 14 ചെറുകിട ജലവൈദ്യുത പദ്ധതികൾക്കും പ്രസ്തുത പ്രളയത്തിലും തുടർന്നുണ്ടായ ഉരുൾപൊട്ടലിലും കാര്യമായ നാശനഷ്ടം സംഭവിച്ചിരുന്നു. 50 സബ്സ്റ്റേഷനുകളുടെ പ്രവർത്തനവും 10 പ്രധാന പ്രസരണ ഇടനാഴികളുടെ പ്രവർത്തനവും പൂർണ്ണമായോ ഭാഗികമായോ തടസ്സപ്പെട്ടിരുന്നു. 1735 വിതരണ ട്രാൻസ്ഫോർമറുകളും 5,300-ഓളം കിലോമീറ്റർ വിതരണ ലൈനുകളും മാറ്റി സ്ഥാപിക്കേണ്ട സ്ഥിതിയുണ്ടായി.

2019 ആഗസ്റ്റ് മാസം വീശിയടിച്ച കാറ്റിലും കനത്തമഴയെ തുടർന്നുണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലും കെ.എസ്.ഇ.ബി.എൽ.-ന് കനത്ത നാശനഷ്ടമാണ് ഉണ്ടായിട്ടുള്ളത്. കണക്കുകൾ പ്രകാരം ഉല്പാദന-പ്രസരണ-വിതരണ ശൃംഖലകൾ പ്രളയ പൂർവ്വസ്ഥിതിയിൽ എത്തിക്കാൻ 243.05 കോടി രൂപ ചെലവ് കണക്കാക്കിയിരുന്നു. കക്കയത്തെ 50 മെഗാവാട്ട് ശേഷിയുള്ള മൂന്ന് ജനറേറ്ററുകളുടെ പ്രവർത്തനം പൂർണ്ണമായും നിലച്ചത് കൂടാതെ 7 ചെറുകിട ജലവൈദ്യുത നിലയങ്ങൾക്കും ഭാഗികമായും ബാരാപോൾ കനാൽ തീരത്തുള്ള സോളാർ നിലയത്തിനും കാര്യമായ കേടുപാടുകൾ പ്രളയത്തേയും ഉരുൾപൊട്ടലിനേയും തുടർന്ന് ഉണ്ടായിരുന്നു. രണ്ട് 220 കെ.വി. സബ്സ്റ്റേഷനുകളും ആറ് 110 കെ.വി സബ്സ്റ്റേഷനുകളും അടക്കം 43 സബ്സ്റ്റേഷനുകളുടെ പ്രവർത്തനവും തടസ്സപ്പെട്ടു.

| 2018-ൽ പ്രളയത്തിലുണ്ടായ നാശനഷ്ടം (കോടിയിൽ ) | | | |
|---|---|---|---|
| ഉല്പാദനം | പ്രസരണം | വിതരണം | ആകെ |
| 80.85 | 29.77 | 252.56 | 351.60 |

| 2019-ൽ പ്രളയത്തിലുണ്ടായ നാശനഷ്ടം (കോടിയിൽ ) | | | |
|---|---|---|---|
| ഉല്പാദനം | പ്രസരണം | വിതരണം | ആകെ |
| 14.63 | 4.15 | 224.27 | 243.05 |

2018, 2019 വർഷങ്ങളിൽ പ്രധാനമായും നാശനഷ്ടമുണ്ടായ പദ്ധതികളുടെ വിശദാംശം അനുബന്ധം *ആയി ചേർത്തിരിക്കുന്നു.

2018, 2019 വർഷങ്ങളിൽ ഉണ്ടായ പ്രളയത്തിൽ ഇ.എം.സി.-യിൽ പ്രവർത്തിക്കുന്ന സ്മാൾ ഹൈഡ്രോ പ്രൊമോഷൻ സെൽ വഴി സ്വകാര്യ സംരംഭകർക്ക് അനുവദിച്ച് കൊടുത്ത പദ്ധതികളായ ഇരുട്ടുകാനം 4.5 MW, പാതംകയം 8 MW എന്നീ പദ്ധതികൾക്ക് നാശനഷ്ടങ്ങൾ ഉണ്ടായതായി സംരംഭകർ അറിയിച്ചിട്ടുണ്ട്. ഇതിന്റെ നാശനഷ്ടങ്ങൾ പരിഹരിച്ച് പദ്ധതി വീണ്ടും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

(ബി) 2018 ആഗസ്റ്റ് മാസത്തെ പ്രളയക്കെടുതിയിൽ പ്രതിഷ്ഠാപനങ്ങൾക്കുണ്ടായ കേടുപാടുകൾ തീർത്ത് പ്രളയപൂർവ്വസ്ഥിതി കൈവരിക്കുന്നതിന് യുദ്ധസമാനമായ സാഹചര്യം മുന്നിൽ കണ്ട് 'മിഷൻ റീകണക്ട് എന്ന പേരിൽ പ്രത്യേക ദൗത്യപദ്ധതി രൂപീകരിക്കുകയും ഈ ടാസ്ക് ഫോഴ്സുകൾ വഴി കൂടുതലായി പ്രളയം ബാധിക്കപ്പെട്ട സ്ഥലങ്ങൾ കണ്ടെത്തുകയും നാശനഷ്ടങ്ങൾ വിലയിരുത്തുകയും അതിനാവശ്യമായ സാധനസാമഗ്രികളുടെ കണക്കെടുപ്പ് നടത്തുകയും മാനവശേഷി ശരിയായ രീതിയിൽ ഉപയോഗിക്കുവാൻ വിവിധ ടീമുകളെ ഏകോപിപ്പിക്കുകയും പൊതുജനങ്ങൾക്ക് സുരക്ഷാ പരിപാലനത്തിനുവേണ്ട മുൻകരുതലുകൾ കൊടുക്കുകയും ചെയ്യുകയുണ്ടായി. 2019-ലെ പ്രളയത്തെ തുടർന്നും മിഷൻ റി-കണക്ട് ദൗത്യ പദ്ധതി പുനർ രൂപീകരിക്കുകയും ആവശ്യമായ സാധന സാമഗ്രികളും മാനവശേഷിയും ശരിയായ രീതിയിൽ ഉപയോഗിക്കുവാൻ വിവിധ ടീമുകളെ ഏകോപിപ്പിക്കുകയും പൊതുജനങ്ങൾക്ക് സുരക്ഷാ പരിപാലനത്തിനുവേണ്ട മുൻകരുതലുകൾ സ്വീകരിക്കുകയും ചെയ്തു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഇ-പേമെന്റ് സംവിധാനം

217 (2495) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ബിൽ അടയ്ക്കാൻ ഗാർഹിക ഉപഭോക്താക്കൾ ഇ-പേമെന്റ് സംവിധാനം ഉപയോഗിക്കുന്നതിന്റെ പുരോഗതി അറിയിക്കാമോ;

(ബി) ഈ സംവിധാനത്തിലൂടെ വൈദ്യുതി ബിൽ അടയ്ക്കുന്ന ഗാർഹിക ഉപഭോക്താക്കളുടെ എണ്ണം ശതമാന കണക്കിൽ ജില്ല തിരിച്ച് അറിയിക്കാമോ;

(സി) ഇ-പേമെന്റ് രീതി ജനങ്ങൾക്ക് സുപരിചിതമാക്കാൻ വൈദ്യുതി വകുപ്പ് ഏതെങ്കിലും തരത്തിലുള്ള പ്രചരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ ) സംസ്ഥാനത്ത് വൈദ്യുതി ബിൽ അടയ്ക്കാൻ ഇ-പേമെന്റ് സംവിധാനം ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളുടെ എണ്ണം ശതമാന കണക്കിൽ സെപ്റ്റംബർ 2018-ൽ 15.95% ആയിരുന്നത് 2019 സെപ്റ്റംബറിൽ 23.57% ആയി വർദ്ധിച്ചിട്ടുണ്ട്.

(ബി) 2019 സെപ്റ്റംബറിലെ കണക്കുപ്രകാരം ഇ-പേമെന്റ് സംവിധാനം ഉപയോഗിച്ച് വൈദ്യുതി ബിൽ അടച്ച ഗാർഹിക ഉപഭോക്താക്കളുടെ എണ്ണം ശതമാന കണക്കിൽ ജില്ല തിരിച്ചുള്ളത് താഴെ കൊടുക്കുന്നു.

| ജില്ല | സെപ്റ്റംബർ മാസത്തിൽ വൈദ്യുതി ബില്ല് അടച്ച മൊത്തം ഗാർഹിക ഉപഭോക്താക്കളുടെ എണ്ണം | ഇ-പേമെന്റ് സംവിധാനം സെപ്റ്റംബർ മാസത്തിൽ ഉപയോഗിച്ച ഗാർഹിക ഉപഭോക്താക്കളുടെ എണ്ണം | ഓൺലൈനായി വൈദ്യുതി ബിൽ അടച്ച ഉപഭോക്താക്കളുടെ ശതമാനം |
|---|---|---|---|
| (1) | (2) | (3) | (4) |
| ആലപ്പുഴ | 621435 | 137575 | 22.14% |
| എറണാകുളം | 1066337 | 299492 | 28.09% |
| ഇടുക്കി | 323783 | 72225 | 22.31% |

| (1) | (2) | (3) | (4) |
|---|---|---|---|
| കണ്ണൂർ | 720715 | 179130 | 24.85% |
| കാസർഗോഡ് | 354708 | 81961 | 23.11% |
| കൊല്ലം | 785435 | 168004 | 21.39% |
| കോട്ടയം | 574256 | 123610 | 21.53% |
| കോഴിക്കോട് | 885047 | 208497 | 23.56% |
| മലപ്പുറം | 1062324 | 247843 | 23.33% |
| പാലക്കാട് | 803803 | 184335 | 22.93% |
| പത്തനംതിട്ട | 386831 | 91567 | 23.67% |
| തിരുവനന്തപുരം | 1069062 | 265622 | 24.85% |
| തൃശ്ശൂർ | 915385 | 200533 | 21.91% |
| വയനാട് | 232968 | 49535 | 21.26% |

(സി) വൈദ്യുതി ബിൽ തുക ഇ-പേമെന്റ് സംവിധാനത്തിലൂടെ അടയ്ക്കുന്നതിന് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി പോസ്റ്ററുകൾ, നോട്ടീസ്, വെബ്സൈറ്റ് പരസ്യങ്ങൾ, എസ്.എം.എസ്. എന്നിവയിലൂടെ പ്രചരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

## കെ.എസ്.ഇ.ബി.എൽ.-ന്റെ പുതിയ പദ്ധതികൾ

218 (2496) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പദ്ധതികളിലൂടെ കൈവരിക്കാൻ കഴിയുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ. പുതിയതായി 12 ജലവൈദ്യുതി പദ്ധതികൾ ആരംഭിക്കുവാൻ പദ്ധതിയുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

<u>പുതിയ ജലവൈദ്യുത പദ്ധതികൾ</u>

| ക്രമ നമ്പർ | പദ്ധതി | സ്ഥാപിതശേഷി (മെഗാവാട്ട്) | വാർഷിക ഉത്പാദനശേഷി (ദശലക്ഷം യൂണിറ്റ്) |
|---|---|---|---|
| 1 | അപ്പർ ചെങ്കുളം | 24 | 53.22 |
| 2 | ലാഡ്രം | 3.5 | 12.13 |
| 3 | ഓലിക്കൽ | 5 | 10.26 |
| 4 | പൂവാരംതോട് | 3 | 5.88 |
| 5 | മാർമ്മല | 7 | 23.02 |
| 6 | ചെമ്പുക്കടവ്-III | 7.5 | 17.75 |
| 7 | മാങ്കുളം | 40 | 82 |
| 8 | പീച്ചാട് | 3 | 7.74 |
| 9 | വെസ്റ്റേൺ കല്ലാർ | 5 | 17.41 |
| 10 | മരിപ്പുഴ | 6 | 14.84 |
| 11 | വാളാംതോട് | 7.5 | 15.291 |
| 12 | ആനക്കയം | 7.5 | 22.83 |
| | ആകെ | 119.00 | 282.371 |

നിലവിലുള്ള ഇടുക്കി ജലാശയത്തിലെ വെള്ളമുപയോഗിച്ച് വെള്ളിയാമറ്റത്ത് 780 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഒരു വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക സാധ്യതാപഠനം നടത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പദ്ധതി രൂപരേഖ (DPR) തയ്യാറാക്കുന്നതിനുവേണ്ടി ഗ്ലോബൽ ടെണ്ടർ ക്ഷണിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ദ്യുതി 2021
2. ട്രാൻസ്ഗ്രിഡ് 2.0
3. സൗര
4. ഫിലമെന്റ് രഹിത കേരളം
5. സേഫ്

6. ഇ.ആർ.പി. പദ്ധതി

7. കെഫോൺ

8. ഇലക്ട്രിക് മൊബിലിറ്റി

9. കമ്മ്യൂണിക്കബിൾ ഫോൾട് പാസ് ഡിറ്റക്ടർ

(ബി) പ്രസ്തുത പദ്ധതികളിലൂടെ കൈവരിക്കാൻ കഴിയുന്ന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു:

1. 2021-ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുതകുന്ന വിധത്തിൽ വിതരണ മേഖലയെ ശക്തിപ്പെടുത്തുതിനായി 4036 കോടി രൂപയുടെ പദ്ധതിയാണ് ദ്യുതി 2021.

2. കെ.എസ്.ഇ.ബി. ലിമിറ്റഡ് ഇതുവരെ ഏറ്റെടുത്തിട്ടുള്ള പദ്ധതികളിൽ ഏറ്റവും ബൃഹത്താണ് സംസ്ഥാനത്തിന്റെ പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും ആയി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി. ഏകദേശം 10,000 കോടി രൂപ ചെലവ് കണക്കാക്കിയിട്ടുള്ള പ്രസ്തുത പദ്ധതി കിഫ്ബിയുടെ സഹായത്തോടുകൂടിയാണ് നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി നടപ്പിലാക്കുന്നതോടുകൂടി കേരളത്തിലേക്കുള്ള വൈദ്യുത ഇറക്കുമതിശേഷി വർദ്ധിപ്പിക്കുന്നതിനോടൊപ്പം സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന വൈദ്യുതി എല്ലായിടത്തും സുഗമമായി എത്തിക്കാനാകുംവിധം പ്രസരണ ശൃംഖല ശക്തിപ്പെടുത്തുകയും ചെയ്യും.

3. 2022-ഓടുകൂടി സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗത്തിന്റെ 40 ശതമാനം എങ്കിലും പുനരുപയോഗ സ്രോതസ്സുകളിൽ നിന്നും ആകണം എന്ന ലക്ഷ്യം നേടുന്നതിനായി 2021-ഓടുകൂടി 1000 മെഗാവാട്ട് സൗരോർജ്ജ സ്രോതസ്സുകളിൽ നിന്ന് കൂട്ടിച്ചേർക്കാനുള്ള പദ്ധതിയാണ് സൗര. സൗര പദ്ധതിയിലൂടെ സംസ്ഥാനത്തിന്റെ ഊർജ്ജ ഉത്പാദനശേഷിയിൽ ഹരിത ഊർജ്ജ ഉത്പാദനത്തിൽ നിന്നുള്ള വിഹിതം വർദ്ധിക്കും.

4. ഗാർഹിക, തെരുവുവിളക്ക് മേഖലകളിൽ നിലവിലുള്ള ഫിലമെന്റ് ബൾബുകളും സി.എഫ്.എൽ.-കളും ഊർജ്ജക്ഷമത ഏറിയതും ദീർഘകാലം നിലനിൽക്കുന്നതുമായ എൽ.ഇ.ഡി ബൾബുകൾ ഉപയോഗിച്ച് മാറ്റുക എന്നതാണ് ഫിലമെന്റ് രഹിത പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്നത് വഴി പ്രതിദിനം 2.5 ദശലക്ഷം ടൺ $CO_2$ വാതകവും 600 കിലോഗ്രാം മെർക്കുറിയും അന്തരീക്ഷത്തിലേക്ക് പുറംതള്ളുന്നത് ഒഴിവാക്കാനാകും. കൂടാതെ പീക്ക് ലോഡ് കുറയ്ക്കുന്നതിനും ഈ പദ്ധതി സഹായകരമാകും.

5. കേരളം ഒരു വൈദ്യുതി അപകടരഹിത സംസ്ഥാനമാക്കി മാറ്റുവാൻ കെ.എസ്.ഇ.ബി. ലിമിറ്റഡും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും ചേർന്ന് സംയുക്തമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് - "സേഫ്".

6. കേന്ദ്ര ഗവൺമെന്റിന്റെ, വിതരണ മേഖലയുടെ നവീകരണത്തിനായി രൂപീകരിച്ച ഐ.പി.ഡി.എസ്. പദ്ധതിയുടെ ഭാഗമായിട്ടുള്ള ഇ.ആർ.പി. നടപ്പിലാക്കുന്നതിലൂടെ വൈദ്യുതി വിതരണരംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനും കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നു.

7. കേരളത്തിലുടനീളം ചുരുങ്ങിയ ചെലവിൽ അതിവേഗ ഇന്റർനെറ്റ് സേവനം കുറഞ്ഞനിരക്കിൽ ലഭ്യമാക്കുക എന്ന മഹത്തായ ലക്ഷ്യവുമായി കേരള സർക്കാർ, കെ.എസ്.ഇ.ബി.എൽ. സർക്കാർ സംരംഭമായ KSITIL-ഉം ആയി ചേർന്ന് നടപ്പാക്കുന്ന പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെഫോൺ). ഈ പദ്ധതിയിലൂടെ കേരളത്തിൽ ഉടനീളമുള്ള 30,000-ത്തിൽപ്പരം സർക്കാർ ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കുറഞ്ഞനിരക്കിൽ ഇന്റർനെറ്റ് സേവനം ലഭ്യമാകുകയും ദാരിദ്ര്യരേഖയിൽ താഴെയുള്ള 20 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് സേവനം നൽകാൻ സാധിക്കുകയും ചെയ്യും.

8. ഇലക്ട്രിക് മൊബിലിറ്റിയുടെ സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിൽ സംസ്ഥാനത്ത് ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇലക്ട്രിക് മൊബിലിറ്റിയിലൂടെ ഖനിജ ഇന്ധനങ്ങളുടെ (fossil fuel) ദൗർബല്യവും അവ ഉപയോഗിക്കുന്ന വാഹനങ്ങൾ പുറന്തള്ളുന്ന വാതകങ്ങൾ അന്തരീക്ഷത്തിലെ ഓസോൺ പാളികൾക്ക് വരുത്തുന്ന ഹാനിയും കുറയ്ക്കാൻ സാധിക്കും.

9. എച്ച്.റ്റി. വൈദ്യുതി ശൃംഖലയിലെ തകരാർ വേഗത്തിൽ കണ്ടുപിടിക്കാൻ വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥർ തന്നെ വികസിപ്പിച്ചെടുത്ത ഉപകരണമാണ് കമ്മ്യൂണിക്കബിൾ ഫോൾട് പാസ് ഡിറ്റക്ടർ.

## കെ.എസ്.ഇ.ബി.എൽ.-ലെ സാമ്പത്തിക പ്രതിസന്ധി

219 (2497) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് ഇരുന്നൂറ്റിമുപ്പത് കോടി രൂപ കൂടി വായ്പ എടുക്കാൻ കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിട്ടുണ്ടോ;

(ബി) 2017-ൽ ആർ.ഇ.സി. (റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ ലിമിറ്റഡ്)-ൽ നിന്ന് കെ.എസ്.ഇ.ബി.എൽ.ന് അനുവദിച്ച രണ്ടായിരം കോടി വായ്പയിൽ നിന്ന് കെ.എസ്.ഇ.ബി.എൽ. കൈപ്പറ്റാനായി ബാക്കി ഉണ്ടായിരുന്ന ഇരുന്നൂറ്റിമുപ്പത് കോടി രൂപയാണോ ഇപ്പോൾ വായ്പയായി വാങ്ങുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) കെ.എസ്.ഇ.ബി.എൽ. പുറമേനിന്ന് വാങ്ങുന്ന വൈദ്യുതിക്ക് പണം കൊടുക്കാൻ ഇല്ലാത്ത സാഹചര്യമുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ ജൂൺ 30 വരെ ശമ്പളം, പെൻഷൻ, വൈദ്യുതി വാങ്ങൽ എന്നിവയിലടക്കം കെ.എസ്.എ.ബി.എൽ.-ന്റെ കുടിശ്ശിക മൂന്നൂറ്റിയൻപത് കോടി രൂപയാണോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇരുന്നൂറ്റി മുപ്പത് കോടി രൂപ വായ്പയെടുത്തിട്ടുണ്ട്.

(ബി) 2017-ൽ ആർ.ഇ.സി. ലിമിറ്റഡ് അനുവദിച്ച 2000 കോടി രൂപ വായ്പയുടെ ബാക്കിയുണ്ടായിരുന്ന 230 കോടി രൂപയാണ് വായ്പയായി ലഭിച്ചത്.

(സി) കെ.എസ്.ഇ.ബി.എൽ പുറമേനിന്ന് വാങ്ങുന്ന വൈദ്യുതിക്ക് പണം കൊടുക്കാൻ ഇല്ലാത്ത സാഹചര്യം ഉണ്ടാകുമ്പോൾ ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ സ്വീകരിച്ചാണ് കൃത്യസമയത്ത് മുടക്കം കൂടാതെ അതാത് സ്ഥാപനങ്ങൾക്ക് പണം നൽകാറുള്ളത്.

(ഡി) ശമ്പളം, പെൻഷൻ, വൈദ്യുതി വാങ്ങൽ എന്നിവയിൽ കെ.എസ്.ഇ.ബി.എൽ. കുടിശ്ശിക വരുത്തിയിട്ടില്ല.

**വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നത് സംബന്ധിച്ച്**

220 (2498) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ വൈദ്യുതി ചാർജ്ജ് ഇനത്തിൽ വൻകിട സ്ഥാപനങ്ങളിൽനിന്നും മറ്റുചില വ്യക്തികളിൽനിന്നും പിരിച്ചെടുക്കാൻ ബാക്കിയുണ്ടായിരുന്ന തുക എത്രയാണ്; വിശദാംശം നൽകുമോ;

(ബി) ഇതിൽ എത്രതുക പിരിച്ചെടുത്തെന്നും ആരിൽ നിന്നൊക്കെ പിരിച്ചെടുത്തെന്നും വ്യക്തമാക്കുമോ;

(സി) പിരിഞ്ഞുകിട്ടാനുള്ള തുകയിനത്തിൽ തുക അടയ്ക്കുന്നതിൽ നിന്ന് ആരെയെങ്കിലും പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കി നൽകിയിരുന്നോ; എങ്കിൽ അത് ആരിൽ നിന്നൊക്കെ; വ്യക്തമാക്കുമോ;

(ഡി) ഈയിനത്തിൽ എന്തുതുക ഒഴിവാക്കി നൽകിയെന്നും ഇങ്ങനെ ഒഴിവാക്കി നൽകിയതിനാധാരമായ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത തുക പിരിച്ചെടുക്കാതെ കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥർ ബോധപൂർവ്വം പുതിയ വൈദ്യുതി കണക്ഷൻ അവർക്ക് നൽകുകയോ നിലവിലുള്ളതിന് വേറിട്ട് വൈദ്യുതി ലഭ്യമാക്കുന്ന സംവിധാനം ഒരുക്കുകയോ ചെയ്തോ; എങ്കിൽ അത് എത്ര കേസ്സുകളിലെന്ന് വ്യക്തമാക്കുമോ;

(എഫ്) ഒരു ഗാർഹിക ഉപഭോക്താവ് വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിൽ ഡിസ്കണക്ഷൻ തീയതിയിൽനിന്ന് ഒരു മണിക്കൂറുപോലും ഇളവ് അനുവദിക്കാതെ വൈദ്യുതി വിച്ഛേദിച്ച് ഇരുട്ടിലാക്കുന്ന ഗവൺമെന്റിന് കിട്ടാനുള്ള പണം പിരിച്ചെടുക്കാതിരിക്കുന്നത് നീതിയാണോ; ഇക്കാര്യത്തിൽ പ്രത്യേകം ഒരു ഡ്രൈവ് നടത്തി പണം പിരിച്ചെടുക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 30-6-2016-ലെ കുടിശ്ശിക കണക്കനുസരിച്ച് ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ വൈദ്യുതി ചാർജ്ജ് ഇനത്തിൽ വൻകിട സ്ഥാപനങ്ങളിൽനിന്നും, മറ്റുചില വ്യക്തികളിൽനിന്നും പിരിച്ചെടുക്കാൻ ബാക്കിയുണ്ടായിരുന്നത് 1898.83 കോടി രൂപയാണ്. കുടിശ്ശികയെപ്പറ്റിയുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| (1) | സംസ്ഥാന സർക്കാർ വകുപ്പുകൾ | - | 137.72 കോടി |
| (2) | സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ | - | 1049.38 കോടി |
| (3) | തദ്ദേശഭരണ സ്ഥാപനങ്ങൾ | - | 7.99 കോടി |
| (4) | കേന്ദ്ര സർക്കാർ വകുപ്പുകൾ | - | 0.43 കോടി |
| (5) | കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ | - | 92.46 കോടി |
| (6) | സ്വകാര്യ സ്ഥാപനങ്ങൾ | - | 598.41 കോടി |
| (7) | ലൈസൻസി | - | 12.44 കോടി |

(ബി) 30-9-2019-ലെ കുടിശ്ശിക കണക്കുപ്രകാരം വൈദ്യുതി ചാർജിനത്തിൽ വൻകിട സ്ഥാപനങ്ങളിൽനിന്നും മറ്റ് വ്യക്തികളിൽ നിന്നുമായി 1544.04 കോടി രൂപയാണ് പിരിഞ്ഞുകിട്ടാനുള്ളത്. 354.79 കോടി രൂപ 30-6-2016-ലേക്കാൾ വൈദ്യുതി കുടിശ്ശികയിൽ കുറവ് വന്നിട്ടുണ്ട്. ഇതിൽ സംസ്ഥാന സർക്കാർ വകുപ്പുകൾ, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിലാണ് കുറവ് വന്നിട്ടുള്ളത്.

(സി-ഇ) കുടിശ്ശികയുള്ള സ്ഥാപനങ്ങളിൽനിന്നും തുക പിരിച്ചെടുക്കാതെ കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥർ ബോധപൂർവ്വം പുതിയ വൈദ്യുതി കണക്ഷൻ നൽകുകയോ നിലവിലുള്ളതിന് വേറിട്ട് വൈദ്യുതി ലഭ്യമാക്കുന്ന സംവിധാനം ഒരുക്കുകയോ ചെയ്തിട്ടില്ല.

ചില ഉപഭോക്താക്കൾ കുടിശ്ശികയിന്മേൽ തർക്കമുന്നയിച്ചുകൊണ്ട് കോടതികളെയും മറ്റ് നിയമപരമായ അധികാരികളെയും സമീപിച്ച് കേസ്സ് ഫയൽ ചെയ്യുകയും, തുടർന്നുണ്ടായ ബഹുമാനപ്പെട്ട കോടതികളുടെയും മറ്റ് നിയമപരമായ അധികാരികളുടെയും ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, കുടിശ്ശിക താൽക്കാലികമായി ഒഴിവാക്കുകയും അത്തരം കേസ്സുകളിൽ കുടിശ്ശിക ഉണ്ടെങ്കിലും പുതിയ വൈദ്യുതി കണക്ഷൻ നൽകിയ സാഹചര്യങ്ങളുണ്ട്. ഇത്തരത്തിൽ പുതിയ കേസ്സുകൾ വരുന്നതിനാലും നിലവിലുള്ള കേസ്സുകളിൽ കോടതി നടപടികൾ തുടർന്നുവരുന്നതിനാലും ഇവയുടെ എണ്ണം തുടങ്ങിയ വിവരങ്ങൾ ക്രോഡീകരിച്ച രൂപത്തിൽ ലഭ്യമാക്കുന്നത് പ്രായോഗികമല്ല.

(എഫ്) വൈദ്യുതി ബോർഡിന് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് വൈദ്യുതി നിയമപ്രകാരമുള്ള നടപടികൾ മാത്രമേ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി പ്രത്യേക ഡ്രൈവ് നടത്തണമെങ്കിൽ വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവുകൾ അനുസരിച്ച് മാത്രമേ സാധിക്കുകയുള്ളൂ.

കാലാകാലങ്ങളിൽ KSERC-യുടെ അനുമതിയോടുകൂടി കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ച് ഉപഭോക്താക്കളിൽ നിന്നും KSEBL കുടിശ്ശിക ഈടാക്കുവാൻ നടപടി സ്വീകരിച്ചിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2016-ലും 8-6-2018-ലും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയിരുന്നു. 31-10-2019-ലും പലിശയിനത്തിൽ ഇളവുകൾ നൽകി ബോർഡ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. കോടതിയിൽ വ്യവഹാരത്തിലുള്ള ഉപഭോക്താക്കൾക്കും റവന്യൂ

റിക്കവറി നടപടികൾക്ക് ശിപാർശ കൊടുത്തിട്ടുള്ള ഉപഭോക്താക്കൾക്കും കൂടി പ്രസ്തുത പദ്ധതി ഉപയോഗിക്കാനുള്ള അവസരവും ഇതുപ്രകാരം നൽകിയിട്ടുണ്ട്. കുടിശ്ശികകൾ തീർപ്പാക്കുവാനായി നിയോഗിച്ചിട്ടുള്ള ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരുടെ കീഴിലുള്ള ജില്ലാതല കമ്മിറ്റികൾക്ക് ഇത്തരത്തിലുള്ള കുടിശ്ശികയുടെ മുതലിനത്തിൽ തന്നെ ഇളവുകൾ അടക്കം അനുവദിക്കുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്.

## മുഴുവൻ വീടുകളിലും വൈദ്യുതി

221 (2499) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഴുവൻ വീടുകളിലും വൈദ്യുതി എത്തിക്കുന്നതിനുള്ള സർക്കാർ പദ്ധതി എന്നാണ് പൂർത്തീകരിച്ചത് എന്നും പ്രസ്തുത പദ്ധതിയിൽ ഈ സർക്കാർ കാലയളവിൽ എത്ര പുതിയ കണക്ഷനുകൾ നല്കി എന്നും ഇതിനായി വൈദ്യുത സേവന മേഖലയിൽ ഏതെല്ലാം ചട്ടങ്ങളും നടപടിക്രമങ്ങളും ലഘൂകരിച്ചെന്നും എന്തെല്ലാം വിവര സാങ്കേതിക വിദ്യകളുടെ അടിസ്ഥാനത്തിലാണ് ഈ പദ്ധതി നടപ്പാക്കിയത് എന്നും വ്യക്തമാക്കുമോ;

(ബി) കെ.എസ്.ഇ.ബി. യുടെ പ്രവർത്തനച്ചെലവുകളും വൈദ്യുതി വാങ്ങൽ ചെലവുകളും എപ്രകാരം യുക്തിസഹമാക്കി എന്നും ആയതുവഴി എല്ലാവർക്കും താങ്ങാവുന്ന നിരക്കിൽ എപ്രകാരം വൈദ്യുതി ലഭ്യത ഉറപ്പാക്കി എന്നും ആയതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) മുഴുവൻ വീടുകളിലും വൈദ്യുതി എത്തിക്കുന്നതിനുള്ള സർക്കാർ പദ്ധതി 29-5-2019-നാണ് പൂർത്തീകരിച്ചത്. സർക്കാർ ആവിഷ്കരിച്ച സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം 150219 വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്.

ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ഉപഭോക്താക്കൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാനായി നടപടിക്രമങ്ങൾ ലഘൂകരിക്കുകയും വെറും രണ്ട് രേഖകൾ (തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ) മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ടവിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്താൻ കേരള സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് റെഗുലേറ്ററി കമ്മീഷൻ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ ചട്ടങ്ങളിൽ മാറ്റം വരുത്തുകയും

കെ.എസ്.ഇ.ബി.എൽ. അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പുതിയ സർവ്വീസ് കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ലഘൂകരണത്തോടൊപ്പംതന്നെ, അപേക്ഷാ ഫോറം കൂടുതൽ ലഘൂകരിക്കുകയും ചെയ്തിട്ടുണ്ട്.

100 ചതുരശ്ര മീറ്റർ വരെ (1076 ചതുരശ്ര അടി) തറ വിസ്തീർണ്ണമുള്ള വീടുകൾക്ക് കെട്ടിട നമ്പറോ കൈവശാവകാശ സർട്ടിഫിക്കറ്റോ ഇല്ലെങ്കിലും വൈദ്യുത കണക്ഷൻ നൽകാൻ ഊർജ്ജ വകുപ്പ് തീരുമാനിക്കുകയും കെ.എസ്.ഇ.ബി.എൽ അത് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 1500 ചതുരശ്ര അടി വരെയുള്ള വീടുകൾക്ക് താൽക്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുത കണക്ഷൻ നൽകാൻ സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി 65 കി.മീ. 11 കെ.വി. ഓവർഹെഡ് ലൈനുകളും 40 കി.മീ. 11 കെ.വി. ഭൂഗർഭ കേബിളുകളും 3040 കി.മീ. എൽ.റ്റി. ഓവർഹെഡ് ലൈനുകളും 39 കി.മീ എൽ.റ്റി. ഭൂഗർഭ കേബിളുകളും 21 ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചിട്ടുണ്ട്. വൈദ്യുതീകരണ പദ്ധതിക്കായി ഏകദേശം 175 കോടി രൂപയാണ് ആകെ ചെലവായത്.

(ബി) സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗത്തിന്റെ 30 ശതമാനം മാത്രമേ ആഭ്യന്തര ഉത്പാദനത്തിൽനിന്ന് നിറവേറ്റാൻ സാധ്യമാകുന്നുള്ളൂ. ഇതിൽ താരതമ്യേന ചെലവ് കുറഞ്ഞ ജലവൈദ്യുതി മഴക്കാലത്ത് ഉത്പാദനം കുറച്ചും ഉപഭോഗം വർദ്ധിക്കുന്ന വേനൽക്കാലത്ത് ഉത്പാദനം വർദ്ധിപ്പിച്ചും ഉപയോഗിക്കുന്നു. കൂടാതെ സംസ്ഥാനത്തിനകത്തുള്ള സ്വകാര്യ സംരംഭകരിൽ നിന്ന് കെ.എസ്.ഇ.ആർ.സി. അംഗീകരിച്ച നിരക്കുകൾ പ്രകാരമാണ് വൈദ്യുതി വാങ്ങുന്നത്.

അവശേഷിക്കുന്ന 70% വൈദ്യുതി സംസ്ഥാനത്തിന് പുറത്തുനിന്ന് താഴെ പറയുന്ന പ്രകാരമാണ് നിറവേറ്റുന്നത്.

(a) സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ തീരുമാനിക്കുന്ന നിരക്കുകൾ പ്രകാരം കേന്ദ്ര പൂളിൽ നിന്നും ദീർഘകാല കരാറുകൾ മുഖേനയും.

(b) ഊർജ്ജ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള മത്സരാധിഷ്ഠിത ടെണ്ടർ മുഖേന തീരുമാനിച്ച നിരക്കുകളുള്ള ദീർഘകാല കരാർ മുഖേന സ്വകാര്യ ഉല്പാദകരിൽ നിന്നും.

ഇവകൂടാതെ ഉപഭോഗം വർദ്ധിക്കുന്ന വേനൽക്കാലത്ത് അന്യ സംസ്ഥാനങ്ങളിലെ ഉല്പാദകരുമായി ബാങ്കിംഗ് കരാറുകളിൽ ഏർപ്പെട്ട് വൈദ്യുതി വാങ്ങിയും, വർഷകാലത്ത് തിരിച്ചുനൽകിയും, ഉപഭോഗം നിറവേറ്റുന്നു. ദൈനംദിനാവശ്യങ്ങൾക്കായി പവർ എക്സ്ചേഞ്ച് മുഖേന താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി വാങ്ങാറുണ്ട്. ഇപ്രകാരം 2018-19 കാലയളവിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ശരാശരി വൈദ്യുതി വാങ്ങൽ നിരക്ക് Rs.4.36 യൂണിറ്റ് ആയിരുന്നു.

മേൽ പറഞ്ഞ യുക്തിസഹജമായ വൈദ്യുതി വാങ്ങൽ പ്രക്രിയയിലൂടെ ഉപഭോക്താക്കൾക്ക് താങ്ങാവുന്ന വൈദ്യുതി നിരക്കിൽ നിയന്ത്രണങ്ങളില്ലാതെ വൈദ്യുതി എത്തിക്കുന്നു.

## റാപ്പിഡ് റെസ്പോൺസ് ടീം

222 (2500) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ കെ.എസ്.ഇ.ബി.എൽ.-ന്റെ ഡിവിഷന് കീഴിൽ റാപ്പിഡ് ആക്ഷൻ ടീം രൂപീകരിച്ചിട്ടുണ്ടോ;

(ബി) 2019-ലെ പ്രളയത്തിൽ തകരാറിലായ വൈദ്യുതി വിതരണം പുന:സ്ഥാപിക്കുന്നതിന് പ്രസ്തുത ടീമിന്റെ സേവനം ലഭ്യമായിരുന്നോ;

(സി) മലയോര പ്രദേശമായതിനാലും പ്രകൃതി ദുരന്ത സാധ്യത നിലനിൽക്കുന്നതുമായ പ്രദേശമായതിനാലും ഇലക്ട്രിക്കൽ സർക്കിളുകൾക്ക് പുറമെ നിലമ്പൂർ ഡിവിഷനു കീഴിൽ റാപ്പിഡ് റെസ്പോൺസ് ടീം കൂടി രൂപീകരിക്കുമോ?

ഉത്തരം

(എ) കാലവർഷക്കെടുതിയിലുണ്ടാകുന്ന വൈദ്യുതി തടസ്സം താമസംവിനാ പരിഹരിക്കുക എന്ന ഉദ്ദേശ്യലക്ഷ്യം മുൻനിർത്തി, 25-5-2019-ലെ ബോർഡ് ഉത്തരവ് പ്രകാരം വൈദ്യുതി തടസ്സം പരിഹരിക്കുന്നതിനും വൈദ്യുതി പുനഃസ്ഥാപനത്തിൽ മുൻപരിചയവും സ്ഥലത്തെ വൈദ്യുതി വിതരണ ലൈനുകളെക്കുറിച്ച് ധാരണയുമുള്ള 30-ൽ കുറയാത്ത ജീവനക്കാരുടെ ഒരു റാപ്പിഡ് ആക്ഷൻ ടീം രൂപീകരിക്കാനുള്ള നിർദ്ദേശം എല്ലാ ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും നൽകുകയും നിലമ്പൂർ സർക്കിൾ തലത്തിൽ ഇത് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 2019-ലെ പ്രളയത്തിൽ തകരാറിലായ വൈദ്യുതി വിതരണ സംവിധാനം പുനഃസ്ഥാപിക്കുന്നതിന് പ്രത്യേക ടീമിന്റെ സേവനം ലഭ്യമായിരുന്നു. ഇതോടൊപ്പം മറ്റ് സർക്കിളുകളിൽ നിന്നുമുള്ള ജീവനക്കാരുടെ സേവനവും ഉപയോഗിച്ചിരുന്നു.

(സി) സർക്കിൾതല റാപ്പിഡ് ആക്ഷൻ ടീം നിലവിലുള്ളതിനാലും അവശ്യ സന്ദർഭങ്ങളിൽ മറ്റ് സർക്കിളുകളിൽനിന്നും ജീവനക്കാരെ ലഭ്യമാക്കാൻ കഴിയുമെന്നതിനാലും ഡിവിഷൻതല റാപ്പിഡ് ആക്ഷൻ ടീം പ്രത്യേകമായി രൂപീകരിക്കേണ്ട സാഹചര്യം നിലവിലില്ല.

## വൈദ്യുതി ദുരുപയോഗം

223 (2501) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് ഉപഭോക്താക്കളോട് കണക്റ്റഡ് ലോഡ് 31-10-2019-ന് മുൻപ് അറിയിക്കണമെന്ന് കാണിച്ച് മൊബൈൽ സന്ദേശം അയച്ചത് വൈദ്യുതി ബോർഡിന്റെ തീരുമാനപ്രകാരമാണോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉപഭോക്താക്കൾ അവരുടെ വീടുകളിൽ അധികമായി നിർമ്മാണമോ മറ്റോ ചെയ്തിട്ടില്ലെങ്കിലും അവരിൽ നിന്നും നിർബന്ധമായി പ്രത്യേക അപേക്ഷഫോറത്തിൽ ആയത് എഴുതി വാങ്ങുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) വൈദ്യുതി ദുരുപയോഗം കണ്ടെത്തുന്നതിന് നിലവിലുള്ള രീതി എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) 2010 ജനുവരി മുതൽ നാളിതുവരെ വൈദ്യുതി ദുരുപയോഗം ചെയ്ത എത്ര കേസ്സുകൾ കണ്ടെത്തിയിട്ടുണ്ടെന്നും ഈ കേസ്സുകളിൽ എടുത്ത നടപടികളെന്തെന്നും അറിയിക്കുമോ;

<u>ഉത്തരം</u>

(എ) 3-8-2019-ലെ ബോർഡ് ഓർഡർ പ്രകാരം LT ഉപഭോക്താക്കൾക്ക് 1-8-2019 മുതൽ 31-10-2019 വരെ കണക്റ്റഡ് ലോഡ് ക്രമപ്പെടുത്തുവാൻ അപേക്ഷ ഫീസ്, പരിശോധനാഫീസ്, അധിക സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഒഴിവാക്കി സ്വയം വെളിപ്പെടുത്തുവാൻ അവസരം നൽകുവാൻ ബോർഡ് തീരുമാനിക്കുകയുണ്ടായി. ടി സ്കീം പരമാവധി ഉപയോഗപ്പെടുത്തി കണക്റ്റഡ് ലോഡ് ക്രമപ്പെടുത്തുവാനാണ് മൊബൈൽ സന്ദേശം ഉപഭോക്താക്കൾക്ക് അയച്ചത്.

(ബി) ഇല്ല. LT ഉപഭോക്താക്കൾക്ക് അവരുടെ വീട്/സ്ഥാപനത്തിൽ അധികമായി നിർമ്മാണമോ മറ്റോ ചെയ്യതിന്റെ കണക്ടഡ് ലോഡ് ക്രമപ്പെടുത്തുവാൻ ഉണ്ടെങ്കിൽ മാത്രം മേൽപ്പറഞ്ഞ അവസരം ഉപയോഗിക്കാവുന്നതാണ്.

(സി) വൈദ്യുതി ദുരുപയോഗം കണ്ടുപിടിക്കുന്നതിന് സംസ്ഥാനാടി സ്ഥാനത്തിലുള്ള ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന് പുറമെ സെക്ഷൻ തലത്തിലും ഡിവിഷൻ തലത്തിലും സ്പെഷ്യൽ സ്ക്വാഡുകളും റീജിയണൽ ആഡിറ്റ് ഓഫീസിൽ നിന്നുള്ള സ്പെഷ്യൽ സ്ക്വാഡുകളും നിലവിൽ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സ്ക്വാഡുകൾ മിന്നൽ പരിശോധന നടത്തി വൈദ്യുതി ദുരുപയോഗം കണ്ടുപിടിച്ചുവരുന്നു. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ നിയമങ്ങൾക്കനുസൃതമായി വൈദ്യുതി മോഷണത്തിനും ദുരുപയോഗത്തിനുമുള്ള പിഴ ഈടാക്കുന്നുണ്ട്. വൈദ്യുതി മോഷണം പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കുന്നതിനായി ബോർഡിന്റെ വിജിലൻസ് വിഭാഗം ഓഫീസർമാരുടെയും അതാത് ഓഫീസ് മേലധികാരികളുടെയും ഫോൺ നമ്പർ എല്ലാ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. വൈദ്യുതി മോഷണം കണ്ടുപിടിക്കപ്പെട്ടാൽ ഉണ്ടാകാവുന്ന ഭവിഷ്യത്തുകളെക്കുറിച്ച് ദൃശ്യമാധ്യമങ്ങളിലൂടെയും പത്രമാധ്യമങ്ങളിലൂടെയും ആവശ്യമായ പ്രചാരം പൊതുജനങ്ങൾക്ക് നൽകുന്നുമുണ്ട്.

(ഡി) വിതരണ വിഭാഗത്തിനു കീഴിൽ 2010 മുതൽ നാളിതുവരെ വൈദ്യുതി ദുരുപയോഗം ചെയ്ത 74,228 കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട്. ഇവയെല്ലാം പിഴ ചുമത്തി പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കൽ

224 (2502) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പിന്റെ കീഴിലുള്ള ഡാമുകളിൽനിന്നും മണൽ നീക്കി ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി നിലവിലുണ്ടോ;

(ബി) ഇത്തരത്തിൽ ശേഖരിക്കപ്പെടുന്ന മണൽ എപ്രകാരമാണ് വിതരണം ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കെ.എസ്.ഇ.ബി.എൽ.-ന്റെ റിസർവോയറുകളിൽ നിന്നും മണൽ നീക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാരിന്റെ G.O.(MS) No.79/2017/WRD. Dated 26-9-2017 പ്രകാരം അംഗീകരിച്ച സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യർ (Standard Operating procedure (SOP))-ലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് മണൽ വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നത്.

**ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി**

225 (2503) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട പാതകളിൽ ഉൾപ്പെടെ റോഡുവികസനം നടന്ന് കാലങ്ങൾ കഴിഞ്ഞിട്ടും മാറ്റിസ്ഥാപിക്കേണ്ട ഇലക്ട്രിക് പോസ്റ്റുകൾ ഗതാഗതതടസ്സം സൃഷ്ടിച്ചും അപകടകരമായ വിധത്തിലും കാണപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേൽ സൂചിപ്പിച്ച സാഹചര്യം ഉണ്ടാകുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) അപ്രകാരം അപകടകരമാംവിധം റോഡിൽ തടസ്സം സൃഷ്ടിക്കുന്ന ഇലക്ട്രിക് പോസ്റ്റുകളും ട്രാൻസ്ഫോർമറുകളും അടിയന്തരമായി മാറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ചില പ്രദേശങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റോഡുകളുടെ പരിപാലന ചുമതലയുള്ള വകുപ്പുകളാണ് പോസ്റ്റുകളും ട്രാൻസ്ഫോർമറുകളും മാറ്റി സ്ഥാപിക്കുന്നതിന് ചെലവാകുന്ന തുക അടയ്ക്കേണ്ടത്.

ചെലവാകുന്ന തുക അടയ്ക്കുന്ന മുറയ്ക്ക് അവ സമയബന്ധിതമായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചില സ്ഥലങ്ങളിൽ റോഡുകൾ വീതി കൂട്ടി നവീകരിക്കുമ്പോൾ പ്രതികൂലമായ കാലാവസ്ഥ കാരണമോ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ബാക്കിയുള്ളതിനാലോ സാധനസാമഗ്രികളുടെ അഭാവംമൂലമോ ഈ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കാതെ വന്നിട്ടുണ്ട്.

(സി) ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ തുക അടയ്ക്കുന്ന പ്രവൃത്തികൾ മുൻഗണനാ ക്രമത്തിൽ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കർശന നിർദ്ദേശം നൽകുന്നതാണ്.

## വൈദ്യുതിബോർഡിനെ ലാഭത്തിലാക്കുന്നതിന് നടപടി

226 (2504) ശ്രീ. കെ. എൻ. എ ഖാദർ:
ശ്രീ. എം. ഉമ്മർ:
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുസാമ്പത്തിക വർഷം വൈദ്യുതിബോർഡിനെ ലാഭത്തിൽ ആക്കുന്നതിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ;

(ബി) ബോർഡിനെ ലാഭത്തിലാക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കർശനമായ സാമ്പത്തിക അച്ചടക്കം പാലിച്ചുനിമിത്തം കഴിഞ്ഞ ഏതാനും സാമ്പത്തിക വർഷങ്ങളായി ബോർഡിന്റെ റവന്യൂ കമ്മിയിൽ ഗണ്യമായ കുറവു വരുത്താൻ കഴിഞ്ഞിട്ടുണ്ട്. ഈ സ്ഥിതി തുടരുകയാണെങ്കിൽ അടുത്ത ഏതാനും സാമ്പത്തികവർഷങ്ങൾക്കുള്ളിൽ ബോർഡ് ലാഭത്തിലാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിൽ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

i. മുൻകാലങ്ങളിലെന്നപ്പോലെ ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശയുള്ള വായ്പകളാക്കി മാറ്റുന്നുണ്ട്.

ii. 'DDUGJY' പദ്ധതിക്കായുള്ള കേന്ദ്രസർക്കാരിന്റെ ഗ്രാന്റ് ലഭിക്കുന്നതുവരെ സ്വന്തം ഫണ്ട് ഉപയോഗിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചുനിമിത്തം പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയുന്നതിലൂടെ ഗ്രാന്റ് ഭാഗം ലോണായി മാറ്റപ്പെടുന്നതിനുള്ള സാധ്യത ഒഴിവാക്കപ്പെടുന്നതാണ്.

iii. കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ' ഉദയ് ' പദ്ധതിയുടെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കാളിയായതിലൂടെ AT & C - Loss-ഉം നഷ്ടവും കുറയ്ക്കുവാൻ കഴിയുന്നതാണ്.

iv. മിതമായ നിരക്കിൽ ഹ്രസ്വ/ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തനമികവ് മെച്ചപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ബോർഡിന്റെ ബാധ്യതകൾ കുറവ് വരുത്തുവാൻ ശ്രമിക്കുന്നുണ്ട്.

v. ചെലവുകൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ബഡ്ജറ്ററി കൺട്രോൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കി.

**കെ-ഫോൺ പദ്ധതി**

227 (2505) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിയുടെ ലക്ഷ്യം വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യസാക്ഷാത്കാരം എങ്ങനെയെന്ന് വിശദമാക്കാമോ;

(സി) പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ;

(ഡി) പദ്ധതി നടപ്പിലാക്കുന്നത് കെ.എസ്.ഇ.ബി.എൽ നേരിട്ടാണോ മറ്റ് ഏജൻസി മുഖേനയാണോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**ചെറുകിട ജലവൈദ്യുത പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

228 (2506) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ സംസ്ഥാനത്ത് ഉണ്ടാകുന്ന ഊർജ്ജ പ്രതിസന്ധിയ്ക്ക് പരിഹാരമായി ചെറുകിട ജലവൈദ്യുത പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന ജലവൈദ്യുത പദ്ധതികളിൽ എത്ര പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ചിട്ടുണ്ടെന്ന് അറിയിയ്ക്കാമോ;

(സി) പ്രസ്തുത ജലവൈദ്യുത പദ്ധതികളിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) നിർമ്മാണത്തിലിരിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പുരോഗതി യഥാസമയം വിലയിരുത്തുന്നതിനും അവ ത്വരിത ഗതിയിൽ പൂർത്തിയാക്കി ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഉണ്ടാകുന്ന ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെറുകിട ജലവൈദ്യുത പദ്ധതികൾ വഴി ഇതുവരെ ആകെ 12.6 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആഭ്യന്തര വൈദ്യുതോൽപ്പാദനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വെള്ളത്തൂവൽ (3.6 മെഗാവാട്ട്), പെരുന്തേനരുവി (6 മെഗാവാട്ട്), കക്കയം (3 മെഗാവാട്ട്) എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പ്രവർത്തനം ആരംഭിച്ചു. ചിന്നാർ (24 മെഗാവാട്ട്), പഴശ്ശിസാഗർ (7.5 മെഗാവാട്ട്), പെരുവണ്ണാമൂഴി (6 മെഗാവാട്ട്), അപ്പർ കല്ലാർ (2 മെഗാവാട്ട്) എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു.

ഇ.എം.സി.-യിൽ പ്രവർത്തിക്കുന്ന സ്മാൾ ഹൈഡ്രോ പ്രൊമോഷൻ സെൽ വഴി സ്വകാര്യ സംരംഭകർ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവർക്ക് ബൂട്ട് അടിസ്ഥാനത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ അനുവദിച്ച് വരുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വകാര്യ സംരംഭകർ വഴി വൈദ്യുതി ഉത്പാദനം ആരംഭിച്ച പദ്ധതികളാണ് 8 MW-ന്റെ പാതംകയം വൈദ്യുത പദ്ധതിയും 4.5 MW-ന്റെ കാരിക്കയം രണ്ടാം ഘട്ടവും. 47.4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 ചെറുകിട ജലവൈദ്യുത പദ്ധതികൾ ബൂട്ട് (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ വേണ്ടിയുള്ള അനുമതി നൽകി.

ഇടുക്കി ജില്ലയിലെ മറയൂരിനടുത്തുള്ള ഈച്ചാംപെട്ടി ആദിവാസി കോളനിയിൽ 4 കിലോവാട്ടിന്റെ മൈക്രോ ഹൈഡ്രോ ജലവൈദ്യുതി ഉപയോഗിച്ച് മൈക്രോ ഗ്രിഡ് സംവിധാനം നടപ്പിലാക്കി വൈദ്യുതീകരിച്ചു.

MNRE-യുടെ സബ്സിഡിയോടുകൂടി ഒരു കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിവരുന്ന 25 പൈക്കോ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കി.

(ബി&സി) ഇപ്പോൾ സംസ്ഥാനത്ത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ ജലവൈദ്യുത പദ്ധതികൾ ഒന്നും തന്നെ മുടങ്ങിക്കിടക്കുന്നില്ല. 2015 മുതൽ മുടങ്ങിക്കിടന്നിരുന്ന ജലവൈദ്യുത പദ്ധതികളായ 6 മെഗാവാട്ടിന്റെ ചാത്തൻകോട്ടുനട-II, 60-മെഗാവാട്ടിന്റെ പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി, 40 മെഗാവാട്ടിന്റെ തോട്ടിയാർ പദ്ധതി എന്നിവ പുനരാരംഭിച്ചതുമൂലം ആകെ (106 മെഗാവാട്ട്) ഉല്പാദിപ്പിക്കുവാൻ സാധിക്കും.

(ഡി) നിർമ്മാണത്തിലിരിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പുരോഗതി ഓരോ ആഴ്ചയിലും അവലോകനം നടത്തി വിലയിരുത്തുന്നതിനായി പ്രോജക്ട് മോണിറ്ററിംഗ് സെൽ രൂപീകരിച്ച് പ്രവർത്തനം തുടർന്നുവരുന്നു. ഇതിനുപുറമേ പദ്ധതികളുടെ നിർമ്മാണ പുരോഗതി വിവിധ തലത്തിൽ അവലോകനം ചെയ്യുന്നുണ്ട്. പദ്ധതികളുടെ നിർമ്മാണ പുരോഗതി ഉറപ്പുവരുത്തുന്നതിന് ഒരു പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗുകൾ നിരന്തരം നടത്തുകയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്യുന്നു. കൂടാതെ പദ്ധതി നിർമ്മാണത്തിന് ആവശ്യമായ സാധനസാമഗ്രികളുടേയും തൊഴിലാളികളുടേയും ലഭ്യത ഉറപ്പുവരുത്തുന്നതിന് തുടർച്ചയായി സൈറ്റ് മീറ്റിംഗുകളും പരിശോധനയും നടത്തി നിർമ്മാണ പുരോഗതികൾ ഉറപ്പുവരുത്തുന്നു.

നിർമ്മാണത്തിലിരിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളുടെ എല്ലാ ഘട്ടങ്ങളും വിലയിരുത്തുകയും നിർമ്മാണ പ്രവർത്തനങ്ങൾക്കും മറ്റ് അനുമതികൾക്കും തടസ്സം നേരിടുന്നപക്ഷം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള ഹൈലെവൽ കമ്മിറ്റി കൂടി തടസ്സം നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

## വൈദ്യുതി സേവന കേന്ദ്രങ്ങൾ

229 (2507) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കെ.എസ്.ഇ.ബി.എൽ.-ന്റെ സ്ക്വാഡ് കൺട്രോൾ സെന്ററുകൾ പ്രവർത്തനക്ഷമമായിട്ടുണ്ടോ; എന്തൊക്കെ സേവനങ്ങളാണ് അതിലൂടെ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഇ.ആർ.പി. എന്ന സോഫ്റ്റ്‌വെയർ നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) ഉപഭോക്തൃ സേവനങ്ങൾ മെച്ചപ്പെടുത്തുവാൻ വൈദ്യുതി സേവന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ഉപഭോക്താക്കൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാനായി നടപടിക്രമങ്ങൾ ലഘൂകരിക്കുകയും വെറും രണ്ട് രേഖകൾ (തിരിച്ചറിയൽരേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ) മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ട വിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്താൻ കേരള സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് റെഗുലേറ്ററി കമ്മീഷൻ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ ചട്ടങ്ങളിൽ മാറ്റം വരുത്തുകയും കെ.എസ്.ഇ.ബി.എൽ. അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പുതിയ സർവ്വീസ് കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ലഘൂകരണത്തോടൊപ്പംതന്നെ, അപേക്ഷഫോറം കൂടുതൽ ലഘൂകരിക്കുകയും ചെയ്തിട്ടുണ്ട്.

100 ചതുരശ്രമീറ്റർ വരെ (1076 ചതുരശ്ര അടി) തറ വിസ്തീർണ്ണമുള്ള വീടുകൾക്ക് കെട്ടിട നമ്പറോ കൈവശാവകാശ സർട്ടിഫിക്കറ്റോ ഇല്ലെങ്കിലും വൈദ്യുതി കണക്ഷൻ നൽകാൻ ഊർജ്ജ വകുപ്പ് തീരുമാനിക്കുകയും കെ.എസ്.ഇ.ബി.എൽ. അത് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 1500 ചതുരശ്ര അടിവരെയുള്ള വീടുകൾക്ക് താൽക്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ നൽകാൻ സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് ഉപഭോക്തൃസേവനം മെച്ചപ്പെടുത്തുന്നതിന് വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കെ.എസ്.ഇ.ബി. ലിമിറ്റഡ് താഴെപ്പറയുന്ന ക്രമീകരണങ്ങൾ ആരംഭിച്ചിട്ടുണ്ട്.

1. കെ.എസ്.ഇ.ബി.എൽ. ഐ.ടി വിഭാഗം സ്വന്തം നിലയിൽ നിർമ്മിച്ച ഒരുമാനെറ്റ് സോഫ്റ്റ്‌വെയറിലൂടെ മികച്ച എൽ.ടി ബില്ലിംഗ് സംവിധാനം ഏർപ്പെടുത്തി. പുതിയ വൈദ്യുതി കണക്ഷൻ, താരിഫ് മാറ്റൽ, അഡീഷണൽ ലോഡ് കണക്ട് ചെയ്യൽ, ഉടമസ്ഥാവകാശം മാറ്റൽ, മീറ്റർ ഷിഫ്റ്റിംഗ് തുടങ്ങിയ എല്ലാ അപേക്ഷകളും പ്രസ്തുത സോഫ്റ്റ്‌വെയറിലൂടെ ആയതിനാൽ ഈ സേവനങ്ങളുടെ സുതാര്യത ഉറപ്പുവരുത്തിക്കഴിഞ്ഞു. കൂടാതെ എച്ച്.ടി./ഇ.എച്ച്.ടി ഉപഭോക്താക്കളുടെ ബില്ലിംഗ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചു.

2. എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, കാനറ ബാങ്ക്, ഐ.സി.ഐ.സി ബാങ്ക് എന്നീ ബാങ്കുകൾ മുഖേന ഡയറക്ട് നെറ്റ് ബാങ്കിംഗ് ഉപയോഗിച്ച് സർവ്വീസ് ചാർജ്ജില്ലാതെ വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം.

3. ഉപഭോക്താക്കൾക്ക് ഏതു സെക്ഷനാഫീസിലും വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം.

4. ഫ്രണ്ട്സ്, അക്ഷയ ഇവ മുഖേനയും കെ.എസ്.ഇ.ബി.എൽ. വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയും. കൂടാതെ അപ്ലാ സി.എസ്.സി. എന്ന ദേശീയ പൊതു സേവനകേന്ദ്രവും കെ.എസ്.ഇ.ബി. ലിമിറ്റഡുമായും വിനിമയ സമന്വയം സാധ്യമാക്കി. തൽഫലമായി അപ്ലാ സി.എസ്.സി.-യുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏതു ജനസേവന കേന്ദ്രം വഴിയും കെ.എസ്.ഇ.ബി.എൽ. വൈദ്യുതി ബിൽ തുക അടയ്ക്കുവാൻ കഴിയും.

5. ബി.ബി.പി.എസ്. സംവിധാനത്തിലൂടെയും എല്ലാ പേമെന്റ് വെബ്സൈറ്റിലൂടെയും ഓൺലൈനായി വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം.

6. ഉപഭോക്താക്കൾക്ക് സംശയനിവാരണത്തിനും പരാതികൾ രജിസ്റ്റർ ചെയ്യുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകാനുമുള്ള സേവനം, ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ ഭാഗമായി വൈദ്യുതി ബോർഡ് ആരംഭിച്ചിട്ടുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾസെന്റർ വഴി ലഭ്യമാണ്. വൈദ്യുതി സംബന്ധമായ അപകടങ്ങളും മറ്റു അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിനുവേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന 1912 എന്ന നമ്പരിൽ ടോൾ ഫ്രീ സംവിധാനം കാൾ സെന്ററിൽ ലഭ്യമാണ്. കൂടാതെ 0471-2555544 എന്ന ടെലിഫോൺ നമ്പർ വഴിയും പരാതികൾ സ്വീകരിക്കുന്നു.

7. വിവരസാങ്കേതികവിദ്യ അടിസ്ഥാനമാക്കി വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ്. മുഖേന എത്തിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതിയാണ് ഊർജ്ജദൂത്. വൈദ്യുതി ശൃംഖലയിൽ മുൻകൂട്ടി ആസൂത്രണം ചെയ്യുന്ന ചില അറ്റകുറ്റപ്പണികൾമൂലം ഉണ്ടാകുന്ന വൈദ്യുതി തടസ്സങ്ങൾ അപ്രകാരവും, അടിയന്തര ഘട്ടങ്ങളിൽ ഉണ്ടാകുന്ന അതേ സമയത്തും ഉപഭോക്താക്കളെ അറിയിക്കുന്നതിനാണ് ഊർജ്ജദൂത് പദ്ധതി. വൈദ്യുതി തടസ്സങ്ങൾ ഉണ്ടാകുമ്പോൾ ഉപഭോക്താക്കൾക്കുണ്ടാകുന്ന ആശങ്കയും എപ്പോൾ വൈദ്യുതി തിരികെ ലഭിക്കുമെന്ന സംശയവും മറ്റും ദൂരീകരിക്കാൻ ഈ പദ്ധതിക്കാകും.

8. വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്, മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്നതാണ് ഊർജ്ജസൗഹൃദ പദ്ധതി. വൈദ്യുതി ബിൽ, മീറ്റർ റീഡർമാർ മുഖേന ഉപഭോക്താക്കളിൽ എത്തിക്കുന്ന സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത്. കേന്ദ്രീകൃത ബില്ലിംഗ് സംവിധാനം തയ്യാറാക്കുന്ന ബിൽ സംബന്ധിച്ച വിവരങ്ങൾ, ബിൽ തുക, പിഴ കൂടാതെ പണമടയ്ക്കേണ്ട തീയതി, പിഴയോടുകൂടി പണമടയ്ക്കുന്നതിനുള്ള അവസാന തീയതി തുടങ്ങിയ വിവരങ്ങൾ ഉപഭോക്താക്കളെ വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ എസ്.എം.എസ്. ആയി മൊബൈൽ ഫോൺ വഴി അറിയിക്കുന്നതിനുള്ള ഇ-ബില്ലിംഗ് പദ്ധതിയാണ് ഊർജ്ജ-സൗഹൃദ. ഈ പദ്ധതി നടപ്പാക്കിയതിലൂടെ, ഉപഭോക്താക്കൾക്ക് ലഭിക്കുന്ന ബില്ലിൽ വ്യത്യാസം വരുന്നു എന്ന പരാതിയും, ബിൽ തന്നെ ലഭ്യമാകുന്നില്ല എന്നുള്ള പരാതിയും പൂർണ്ണമായും ഒഴിവാക്കാൻ കഴിയും. കൂടാതെ പണമടയ്ക്കുന്നതിനുള്ള അവസാന തീയതി ഓർമ്മപ്പെടുത്തുന്ന എസ്.എം.എസ്.-ഉം ഉപഭോക്താക്കൾക്ക് ലഭിക്കും. കെ.എസ്.ഇ.ബി.എൽ-ന്റെ വെബ്സൈറ്റ് www.kseb.in. വഴിയോ നേരിട്ട് സെക്ഷൻ ഓഫീസ് മുഖേനയോ കസ്റ്റമർ കെയർ സെന്റർ (1912) മുഖേനയോ ഉപഭോക്താവിന് പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

9. പുതിയ കണക്ഷൻ ആവശ്യമുള്ള ഉപഭോക്താവിന് അപേക്ഷ ഓൺലൈൻ വഴി നൽകാനും അപേക്ഷാ ഫീസ് ഓൺലൈനിൽ അടയ്ക്കാനും ഉള്ള സംവിധാനം ഏർപ്പെടുത്തി. കണക്ഷനുവേണ്ടി പോസ്റ്റ് ആവശ്യമില്ലാത്ത ഗാർഹിക ഉപഭോക്താക്കൾക്കും മറ്റ് ലോടെൻഷൻ ഉപഭോക്താക്കൾക്കും അപേക്ഷാ ഫീസിനോടൊപ്പം സെക്യൂരിറ്റി ഡെപ്പോസിറ്റും സർവ്വീസ് കണക്ഷനുവേണ്ട ചെലവും ഓൺലൈനിൽത്തന്നെ അടയ്ക്കാനും കഴിയും. അപേക്ഷയുടെ പ്രിന്റൗട്ടും അപേക്ഷകന്റെ ഫോട്ടോയും മറ്റ് രേഖകളും കണക്ഷൻ നൽകാൻ വരുന്ന കെ.എസ്.ഇ.ബി.എൽ ഉദ്യോഗസ്ഥന്റെ കൈവശം ഏൽപ്പിച്ചാൽ മതിയാകും. സെക്യൂരിറ്റി ഡെപ്പോസിറ്റും സർവ്വീസ് കണക്ഷനുവേണ്ട ചെലവും സ്ഥലപരിശോധനയ്ക്കുശേഷം ഇ-മെയിൽ വഴിയും, എസ്.എം.എസ്. വഴിയും അറിയിക്കുന്നതാണ്. ഈ തുക കെ.എസ്.ഇ.ബി.എൽ.-ന്റെ എല്ലാ സെക്ഷൻ ഓഫീസുകൾ വഴിയും അടയ്ക്കാൻ കഴിയും. വൈദ്യുതി കണക്ഷന് അപേക്ഷ നൽകിയതു മുതൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതുവരെയുള്ള വിവരങ്ങൾ എസ്.എം.എസ് വഴി ഉപഭോക്താക്കളെ അറിയിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

10. കെ.എസ്.ഇ.ബി.എൽ. എന്ന പേരിലുള്ള മൊബൈൽ ആപ്ലിക്കേഷനുപയോഗിച്ച് ഉപഭോക്താക്കൾക്ക് മൊബൈൽ ഫോൺ, ടാബ്‌ലെറ്റ് മുതലായ ഉപകരണങ്ങൾ വഴി ഏതുസമയത്തും വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയും. മൊബൈൽ നമ്പർ മാത്രം ഉപയോഗിച്ച് വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയുന്ന തരത്തിൽ അനായാസകരമായ രീതിയിലാണ് മൊബൈൽ ആപ്ലിക്കേഷൻ വൈദ്യുതി ബോർഡിലെ ജീവനക്കാർ വികസിപ്പിച്ചിരിക്കുന്നത്. ഗൂഗിൾ പ്ലേസ്റ്റോർ വഴി മൊബൈൽ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

11. ഉപഭോക്താക്കളുടെ വൈദ്യുതി ബിൽ തയ്യാറാക്കുന്നതിന് വേണ്ടി സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ.) സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിച്ചു. കൈകൊണ്ട് എഴുതി നൽകുമ്പോൾ വൈദ്യുതി ബില്ലിൽ വന്നിരുന്ന തെറ്റുകൾ പൂർണ്ണമായും ഒഴിവാക്കാൻ ഇതുവഴി സാധിച്ചു.

12. കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനങ്ങളിലൂടെ വൈദ്യുതി വിതരണ ശൃംഖല നവീകരിക്കുന്നതിനുള്ള പദ്ധതിയായ ആർ.എ.പി.ഡി.ആർ.പി പദ്ധതിയുടെ പാർട്ട്-എ-യുടെ ഭാഗമായിട്ടുള്ള ഐ.ടി. ഇംപ്ലിമെന്റേഷൻ മുഖേന ബോർഡിലെ എല്ലാ ഓഫീസുകളെയും ബന്ധിപ്പിച്ച നെറ്റ്‌വർക്കിംഗ്, വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമാക്കി കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാൻ വേണ്ടിയുള്ള ഡാറ്റാ സെന്റർ, ഊർജ്ജ ഓഡിറ്റിംഗ്, വിവിധ തലങ്ങളിൽ മെച്ചപ്പെട്ട തീരുമാനങ്ങളെടുക്കുവാൻ സഹായകരമായ സംവിധാനം (മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം), ജി.ഐ.എസ്. സംവിധാനങ്ങളിലൂടെ ഉപഭോക്താക്കളെ അടയാളപ്പെടുത്തി ആസ്തി തിട്ടപ്പെടുത്തൽ തുടങ്ങിയവ.

13. മാനവശേഷി വിഭാഗം, മെറ്റീരിയൽസ് മാനേജ്മെന്റ് വിഭാഗം, അക്കൗണ്ടിംഗ് എന്നിവയുടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കി.

14. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ വിതരണ മേഖലയിലെ ഉപകരണങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണവും അതുമുഖേന വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനുമുള്ള സ്കാഡ പദ്ധതി നടപ്പാക്കിവരുന്നു.

15. ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനുവേണ്ടി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിവരുന്നു.

16. വൈദ്യുതി ബിൽ തുക ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും യഥാസമയം നേരിട്ടടയ്ക്കുന്നതിനുള്ള സംവിധാനം കെ.എസ്.ഇ.ബി.എൽ. ഏർപ്പെടുത്തി. ഉപഭോക്താക്കൾക്ക് വൈദ്യുതി ബിൽ അടയ്ക്കുന്നതിനുള്ള അനായാസകരമായ ഈ പദ്ധതി നാഷണൽ ആട്ടോമേറ്റഡ് ക്ലിയറിംഗ് ഹൗസ് (എൻ.എ.സി.എച്ച്.) സംവിധാനം വഴിയാണ് നടപ്പിലാക്കിയത്. എൻ.പി.സി.ഐ. അഥവാ നാഷണൽ പേമെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ എന്ന കേന്ദ്ര സർക്കാർ സ്ഥാപനമാണ് ഈ സംവിധാനം ഒരുക്കുന്നത്. കോർപ്പറേഷൻ ബാങ്ക് സ്പോൺസർ ബാങ്കായി പ്രവർത്തിക്കുന്നു.

17. പേ.റ്റി.എം. (പേ ത്രൂ മൊബൈൽ) മൊബൈൽ വാലറ്റുകൾ വഴി വൈദ്യുതി ബില്ലുകൾ അടയ്ക്കുവാനുള്ള സൗകര്യം കെ.എസ്.ഇ.ബി. ലിമിറ്റഡ് ഏർപ്പെടുത്തി. ഉപഭോക്താക്കൾക്ക് തങ്ങളുടെ മൊബൈൽ വഴി വൈദ്യുതി ബിൽ തുക പേ.റ്റി.എം മൊബൈൽ ആപ്പുകൾ ഉപയോഗിച്ച് കെ.എസ്.ഇ.ബി.എൽ-ലേക്ക് നേരിട്ട് അടയ്ക്കാൻ കഴിയും. കൂടാതെ മറ്റ് മൊബൈൽ വാലറ്റ് സർവ്വീസ് വഴി ബി.ബി.പി.എസ്. സംവിധാനത്തിലൂടെയും പണം അടയ്ക്കാൻ കഴിയും.

18. അപ്പാ സി.എസ്.സി. എന്ന ദേശീയ പൊതുസേവന കേന്ദ്രവുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏതു ജനസേവന കേന്ദ്രം വഴിയും വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുവാനുള്ള സൗകര്യം.

19. സെക്ഷൻ ഓഫീസുകളിലെ ഉദ്യോഗസ്ഥർക്ക് ഓഫീസിന് പുറത്ത് ജോലിക്ക് മേൽനോട്ടം വഹിക്കുമ്പോഴും മറ്റും ഉപഭോക്തൃ സേവനത്തിനുവേണ്ടിയും മറ്റ് ഔദ്യോഗികാവശ്യങ്ങൾക്ക് വേണ്ടിയും ഒരുമാനെറ്റ് ബില്ലിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ ഒരുമാനെറ്റ് മൊബൈൽ ആപ്ലിക്കേഷൻ വഴി കാര്യം നിർവ്വഹിക്കാൻ സാധിക്കും.

20. കേരളത്തിൽ 6 കേന്ദ്രങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന 24 മണിക്കൂറും വൈദ്യുതി തുക സ്വീകരിക്കുന്ന ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ വഴി ഉപഭോക്താക്കൾക്ക് വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയും. ഒരു കാഷ്യറുടെ സഹായമില്ലാതെതന്നെ ഉപഭോക്താവിന് നേരിട്ട് തന്റെ കൺസ്യൂമർ നമ്പർ രേഖപ്പെടുത്തി ബിൽ തുക നോട്ടുകളായും ചില്ലറയായും നിക്ഷേപിക്കുവാൻ 24 മണിക്കൂറും സാധിക്കുന്ന സംവിധാനമാണിത്. ചെക്ക്, ഡി.ഡി. ആയും ഇതിൽ പണമടയ്ക്കാം. ഡ്യൂപ്ലിക്കേറ്റ് ബില്ലുകളുടെ പ്രിന്റും ലഭ്യമാണ്. ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ, കസ്റ്റമർ കെയർ സെന്റർ, ഫോർട്ട് സെക്ഷൻ (തിരുവനന്തപുരം), കന്റോൺമെന്റ് സെക്ഷൻ (കൊല്ലം), സെൻട്രൽ സെക്ഷൻ (എറണാകുളം), വിയ്യൂർ സെക്ഷൻ (തൃശ്ശൂർ), കോവൂർ സെക്ഷൻ (കോഴിക്കോട്) എന്നിവിടങ്ങളിൽ സ്ഥാപിച്ചിരിക്കുന്നു.

21. സോഷ്യൽ മീഡിയ സംവിധാനമായ whatsapp വഴി 9496001912 എന്ന നമ്പരിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം ഒക്ടോബർ 2016 മുതൽ ഏർപ്പെടുത്തിയിട്ടുണ്ട്. ദിവസേന ശരാശരി 100 പരാതിയോളം ഈ രീതിയിൽ ലഭിച്ചുവരുന്നു.

22. കെ.എസ്.ഇ.ബി. ലിമിറ്റഡ് വികസിപ്പിച്ച സ്മാർട്ട് (സേഫ്റ്റി മോണിറ്ററിംഗ് & ആക്സിഡന്റ് റിപ്പോർട്ടിംഗ് ടൂൾ) എന്ന സോഫ്റ്റ്‌വെയർ, സ്ഥാപനത്തിലെ ജോലിസുരക്ഷയും വൈദ്യുതി അപകടങ്ങളും സംബന്ധിച്ച കാര്യങ്ങളെ നിരീക്ഷിച്ച് മേൽനോട്ടം വഹിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സഹായിക്കുന്നു. അപകട സാധ്യതയുള്ള വൈദ്യുത പ്രതിഷ്ഠാപനങ്ങളെക്കുറിച്ച് ബോർഡിന്റെ സേഫ്റ്റി ഓഫീസർമാർക്ക് റിപ്പോർട്ട് ചെയ്ത് തുടർനടപടിക്ക് ആരംഭം കുറിക്കാനുള്ള സംവിധാനം ഈ സോഫ്റ്റ്‌വെയറിൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ വിതരണമേഖലയിലെ ഓഫീസുകളിൽ സുരക്ഷാ ഉപകരണങ്ങളുടെ ലഭ്യതയും അവസ്ഥയും വിലയിരുത്താനും തുടർ നടപടി കൈക്കൊള്ളുന്നതിനും ഈ സോഫ്റ്റ്‌വെയർ സഹായിക്കുന്നു.

23. ഉപഭോക്താക്കളുടെ സംശയ നിവാരണത്തിനും കൂടുതൽ മെച്ചപ്പെട്ട സേവനം നല്കുന്നതിനുമായി സോഷ്യൽ മീഡിയ ഡെസ്ക് സംവിധാനം ആരംഭിച്ചു.

24. ഹൈടെൻഷൻ ഉപഭോക്താക്കൾക്ക് പുതിയ കണക്ഷനായി ഓൺലൈനായി അപേക്ഷിക്കുന്നതിനും ആവശ്യമായി ഫീസ് അടയ്ക്കുന്നതിനും കാലതാമസമില്ലാതെ കണക്ഷൻ ലഭിക്കുന്നതിനായുള്ള ഗ്രീൻ ചാനൽ സംവിധാനം.

25. പ്രതിവർഷം ആയിരക്കണക്കിന് വിദ്യാർത്ഥികളാണ് സാങ്കേതിക സ്ഥാപനങ്ങളായ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്, ഐ.റ്റി.ഐ (ITI), വി.എച്ച്.എസ്.ഇ (VHSE) തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും വിവിധ ട്രെയിനിംഗ് പ്രോഗ്രാമുകൾക്കായി വൈദ്യുതി ബോർഡിൽ എത്തിക്കൊണ്ടിരിക്കുന്നത്. പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നതിനും ഫീസ് അടയ്ക്കുന്നതിനും വിദ്യാർത്ഥികൾ വൈദ്യുതി ബോർഡിന്റെ ഓഫീസ് സന്ദർശിക്കേണ്ടി വരാറുണ്ട്. എന്നാൽ ഈ പ്രവൃത്തികൾ എല്ലാംതന്നെ ഇന്റർനെറ്റ് വഴി ഓൺലൈനായി എവിടെനിന്നും ചെയ്യാൻ കഴിയുന്ന തരത്തിൽ പുതിയ ഓൺലൈൻ പോർട്ടൽ നിലവിൽ വന്നിട്ടുണ്ട്. ഓൺലൈനായി ഫീസ് അടയ്ക്കുന്നതിനുപുറമേ, അപേക്ഷ സമർപ്പിക്കുന്നതിനും വിവിധ പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നതിനും സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യുന്നതിനും ഓൺലൈൻ പോർട്ടൽ വഴി കഴിയും.

## പുതിയതായി തുടക്കം കുറിച്ച ആധുനിക സംവിധാനങ്ങൾ/പദ്ധതികൾ

വൈദ്യുതി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭിക്കുന്നതിനായി വിവര സാങ്കേതിക വിദ്യാടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് പുതിയതായി തുടക്കം കുറിക്കുന്ന പദ്ധതികൾ ഇവയാണ്.

1. ഫേസ്-2 ഐ.ടി. പദ്ധതി

കേന്ദ്ര ഗവൺമെന്റ് ആർ.എ.പി.ഡി.ആർ.പി. പദ്ധതി പ്രകാരം 43 നഗരങ്ങളിൽ നടപ്പിലാക്കിയ വിവര സാങ്കേതിക പദ്ധതിയിലൂടെ തുടർച്ചയായി വിതരണമേഖലയുടെ നവീകരണത്തിനായി രൂപീകരിച്ച ഐ.പി.ഡി.എസ്. (സംയോജിത ഊർജ്ജ വികസന) പദ്ധതി പ്രകാരം 21 നഗരങ്ങളിൽ കൂടി രണ്ടാം ഘട്ടത്തിലേക്കുള്ള വിവര സാങ്കേതികവിദ്യാ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഫേസ്-2 ഐ.ടി. പദ്ധതി നടന്നുവരുന്നു. ആർ.എ.പി.ഡി.ആർ.പി. പദ്ധതി നടപ്പിലാക്കിയിട്ടുള്ള എല്ലാ വിവരസാങ്കേതിക വിദ്യാ പദ്ധതികളും 21 നഗരങ്ങളിൽ നടപ്പിലാക്കുന്നതാണ്. വിതരണ ശൃംഖലയുടെ ജി.ഐ.എസ്. മാപ്പിംഗ് നടത്തി വൈദ്യുതി നഷ്ടം കണ്ടുപിടിക്കുവാനും കുറയ്ക്കാനും ഈ പദ്ധതി വഴി കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതി നടപ്പിലാക്കാൻ വേണ്ടി 22.86 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

2. സ്മാർട്ട് മീറ്റർ പദ്ധതി

ഐ.പി.ഡി.എസ്. (സംയോജിത ഊർജ്ജ വികസന) പദ്ധതി പ്രകാരം ആറ് കോർപ്പറേഷനുകളിൽ തെരഞ്ഞെടുക്കപ്പെട്ട 17 ഇലക്ട്രിക്കൽ സെക്ഷനുകളിലായി ഏകദേശം 3.21 ലക്ഷം ഉപഭോക്താക്കളുടെ ഇലക്ട്രോണിക് മീറ്റർ മാറ്റി സ്മാർട്ട് മീറ്റർ സ്ഥാപിച്ചുകൊണ്ട് സ്മാർട്ട് മീറ്റർ റോൾ ഔട്ട് പദ്ധതി ആരംഭിക്കുന്നു. ഘട്ടംഘട്ടമായി എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതാണ്.

3. എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ്

കേന്ദ്ര ഗവൺമെന്റിന്റെ വിതരണ മേഖലയുടെ നവീകരണത്തിനായി രൂപീകരിച്ച ഐ.പി.ഡി.എസ്. പദ്ധതിയുടെ ഭാഗമായിട്ടുള്ള എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി.) നടപ്പിലാക്കുന്നതിലൂടെ വൈദ്യുതി വിതരണ രംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തി പ്രസരണ വിതരണ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ലക്ഷ്യമിടുന്നു. ഈ പദ്ധതി നടപ്പിലാക്കാൻ വേണ്ടി 42.64 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

4. ആർ.റ്റി.-ഡാസ് (RT-DAS) പദ്ധതി

കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.പി.ഡി.എസ്. പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പട്ടണങ്ങളിലുള്ള സബ്സ്റ്റേഷനുകളിലെ 11 കെ.വി ലൈനുകളുടെ പ്രവർത്തനം കേന്ദ്രീകൃതമായി മോണിറ്റർ ചെയ്യാനുള്ള സംവിധാനം.

(ബി) ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതിയുടെ (ആർ.എ.പി.ഡി.ആർ.പി.) പാർട്ട്-എ-യുടെ ഭാഗമായ സ്കാഡ ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം (SCADA-DMS), തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ നഗരങ്ങളിൽ നടപ്പിലാക്കിവരുന്നു. ഈ മൂന്ന് നഗരങ്ങളിലും കൺട്രോൾ റൂമുകൾ പ്രവർത്തന സജ്ജമായി.

ഇതിലൂടെ സാധ്യമാക്കാവുന്ന സേവനങ്ങൾ:

1. ദ്രുതഗതിയിൽ വൈദ്യുതി തടസ്സം നീക്കി അത് പുനഃസ്ഥാപിക്കുവാൻ സഹായിക്കുന്ന സ്കാഡ ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സംവിധാനം. വൈദ്യുതി ശൃംഖലയ്ക്ക് തകരാർ സംഭവിച്ച് വൈദ്യുതി മുടങ്ങുന്ന സാഹചര്യത്തിൽ ബദൽ സംവിധാനം പ്രാവർത്തികമാക്കി ഉപഭോക്താക്കൾക്ക് ചുരുങ്ങിയ സമയത്തിനുള്ളിൽ വൈദ്യുതി പുനഃസ്ഥാപിക്കുവാൻ സ്കാഡ സിസ്റ്റം മുഖാന്തരം കഴിയുന്നത്.

2. വൈദ്യുതി തകരാർ സംഭവിച്ച സ്ഥാനം കൺട്രോൾ റൂം രേഖപ്പെടുത്തുകയും തകരാർ പരിഹരിക്കുന്നതിന് ജീവനക്കാർക്ക് പ്രസ്തുത വിവരം കൈമാറുകയും അങ്ങനെ വേഗം തകരാർ പരിഹരിക്കാൻ ഈ സോഫ്റ്റ്‌വെയർ സംവിധാനം വഴി സാധിക്കുന്നു.

3. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിലെ 11 കെ.വി. വൈദ്യുതി ശൃംഖലയുടെ പ്രവർത്തനം തൽസമയം വീക്ഷിക്കുന്നതിന് സ്കാഡ കൺട്രോൾ സെന്ററിലൂടെ കഴിയുന്നു.

4. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിലെ സബ്സ്റ്റേഷനുകളിലെ വൈദ്യുതി ശൃംഖലയുടെ പ്രവർത്തനം തൽസമയം വീക്ഷിക്കുന്നതിന് സ്കാഡ കൺട്രോൾ സെന്ററിലൂടെ കഴിയും.

5. വൈദ്യുതി ശൃംഖലയുടെ പ്രവർത്തനം സംബന്ധമായ വിവരങ്ങൾ സൂക്ഷിച്ചുവയ്ക്കാനും ഭാവിയിൽ വിശകലനം ചെയ്ത് തിരുത്തൽ നടപടികൾ ആവിഷ്കരിക്കുവാനും സാധിക്കുന്നു.

(സി) വൈദ്യുതി ബോർഡിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി) സോഫ്റ്റ്‌വെയർ സംവിധാനം കെ.എസ്.ഇ.ബി.എൽ നടപ്പിലാക്കിവരുന്നു. ഈ പദ്ധതി നടപ്പിലാക്കാൻ വേണ്ടി 42.64 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനുവേണ്ടിയുള്ള പ്രോജക്ട് മാനേജ്മെന്റ് ഏജൻസിയെ തെരഞ്ഞെടുത്തു. പദ്ധതിക്കുവേണ്ടിയുള്ള സെർവറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുവേണ്ടിയുള്ള എല്ലാ തയ്യാറെടുപ്പുകളും കെ.എസ്.ഇ.ബി.എൽ പൂർത്തിയാക്കിക്കഴിഞ്ഞു. സ്വതന്ത്ര സോഫ്റ്റ്‌വെയർ അടിസ്ഥാനത്തിൽ ഇ.ആർ.പി. സോഫ്റ്റ്‌വെയർ സംവിധാനം രൂപകൽപ്പന ചെയ്ത് നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ത്വരിതഗതിയിലുള്ള പ്രവർത്തനങ്ങൾ വൈദ്യുതി ബോർഡിലെ ഐ.റ്റി. വിഭാഗത്തിൽ നടന്നുവരുന്നു. 2020 ഓഗസ്റ്റ് മാസത്തോടുകൂടി പദ്ധതി പൂർത്തീകരിക്കുന്നതിനു വേണ്ടിയാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് പരീക്ഷണാടിസ്ഥാനത്തിൽ 14 ജില്ലാ കേന്ദ്രങ്ങളിൽ വൈദ്യുതി സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ബോർഡ് ആലോചിച്ചിരുന്നു. എന്നാൽ ഇപ്പോൾ ഒരു പുനഃക്രമീകരണ കമ്മിറ്റി രൂപീകരിച്ച് ഉല്പാദന, പ്രസരണ, വിതരണ, കോർപ്പറേറ്റ് മേഖലയിലെ ഓഫീസുകളുടെ കാര്യക്ഷമത ഉറപ്പാക്കാൻ വേണ്ട നടപടികൾ കെ.എസ്.ഇ.ബി.എൽ സ്വീകരിച്ചുവരികയാണ്. പുനഃക്രമീകരണ നിർദ്ദേശങ്ങളോടൊപ്പം ആവശ്യമെങ്കിൽ സേവന കേന്ദ്രങ്ങൾ തുടങ്ങുന്നത് പരിശോധിക്കുന്നതാണ്.

## ഫിലമെന്റ് രഹിത കേരളം പദ്ധതി

230 (2508) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഗുണഫലങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ ഉപഭോക്താക്കളുടെ രജിസ്ട്രേഷൻ പൂർത്തിയാക്കി ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. 1 കോടി എൽ.ഇ.ഡി. ബൾബുകളാണ് ആദ്യഘട്ടമായി പർച്ചേസ് ചെയ്യാൻ ഉദ്ദേശിക്കുന്നത്. ഈ സാമ്പത്തിക വർഷം തന്നെ ആദ്യഘട്ടത്തിലുള്ള ബൾബുകൾ കെ.എസ്.ഇ.ബി.എൽ.-ന് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഗാർഹിക ഉപഭോക്താക്കൾക്ക് ഊർജ്ജ കാര്യക്ഷമത കൂടിയ എൽ.ഇ.ഡി. വിളക്കുകൾ നൽകി ഊർജ്ജലാഭം നേടുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉപഭോക്താക്കൾക്ക് വൈദ്യുതി ബില്ലിൽ കുറവു വരുന്നതുകൊണ്ട് സാമ്പത്തിക ലാഭം നേടാൻ കഴിയും. വൈദ്യുതി ഉപഭോഗം കുറയുന്നതുമൂലം അന്തരീക്ഷത്തിലേക്ക് വമിക്കുന്ന കാർബണിന്റെ അളവ് കുറയ്ക്കാനും മലിനീകരണം കുറയ്ക്കുന്നതിനും സാധിക്കും. ഇപ്പോൾ ഉപയോഗത്തിലുള്ള മറ്റ് ബൾബുകൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനാൽ ജലത്തിൽ മെർക്കുറിയുടെ അംശം കലരുന്നതും ഒഴിവാക്കുവാൻ കഴിയും.

**ഇടമലയാർ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്**

231 (2509) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമലയാർ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന്റെ ഭാഗമായി ഭൂതത്താൻകെട്ടിൽ നിർമ്മാണം നടന്നുവരുന്ന മിനി വൈദ്യുത പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) ഇനി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് അറിയിക്കുമോ;

(സി) സമയബന്ധിതമായി ഈ നിർമ്മാണം പൂർത്തീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഭൂതത്താൻകെട്ട് മിനി ജല വൈദ്യുത പദ്ധതിയുടെ 89.84% ജോലികൾ പൂർത്തിയായി.

സിവിൽ വർക്ക്സിന്റെ നിലവിലെ സ്ഥിതി

| | | |
|---|---|---|
| 1 | പവർ ഹൗസ് നിർമ്മാണം | 80% |
| 2 | പവർ ചാനൽ നിർമ്മാണം | 97% |
| 3 | ടെയിൽ റേസ് ചാനൽ നിർമ്മാണം | 92% |
| 4 | സ്വിച്ച് യാർഡ് നിർമ്മാണം | 62% |
| 5 | പാലം നിർമ്മാണം | 100% |
| 6 | അപ്രോച്ച് റോഡ് | 50% |

ഇലക്ട്രോ മെക്കാനിക്കൽ വർക്ക്സിന്റെ നിലവിലെ സ്ഥിതി

ടർബൈൻ, ജനറേറ്റർ മുതലായവയുടെ 86.67% സാമഗ്രികൾ ലഭ്യമാക്കിയിട്ടുണ്ട്. പവർ ഹൗസ് എർത്ത് മാറ്റ്, ഡ്രാഫ്റ്റ്ട്യൂബ് ലൈനർ, EOT ക്രെയിൻ, സ്റ്റേയ്റിംഗ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

(ബി) സിവിൽ വർക്ക്സിന്റെ 7% പണിയും ഇലക്ട്രോ മെക്കാനിക്കൽ വർക്ക്സിന്റെ 14.33% പണിയും ഇനിയും പൂർത്തീകരിക്കാനുണ്ട്.

(സി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2020-ൽ ഈ പദ്ധതി പൂർത്തീകരിക്കുവാനായി നിർമ്മാണ പ്രവൃത്തികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു.

## ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ എസ്റ്റിമേറ്റുകൾ

232 (2510) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ എസ്റ്റിമേറ്റുകൾ കെ.എസ്.ഇ.ബി.-യിലെ ഉദ്യോഗസ്ഥരെ ഒഴിവാക്കി പ്രത്യേകം നിയോഗിക്കപ്പെട്ട ചീഫ് എഞ്ചിനീയർ മുഖാന്തിരം തയ്യാറാക്കിയതിന്റെ കാരണം എന്താണെന്ന് വിശദീകരിക്കുമോ; ഇങ്ങനെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ബി) അപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് തുകയുടെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത എസ്റ്റിമേറ്റ് തുകയിൽ വർദ്ധനവ് വരുത്തിയിട്ടാണോ കരാർ നൽകിയിട്ടുള്ളത്; എങ്കിൽ, എത്ര ശതമാനം വർദ്ധനവ് വരുത്തിയാണ് കരാർ നൽകിയതെന്നറിയിക്കാമോ;

(സി) ട്രാൻസ് ഗ്രിഡ് കരാർ സംബന്ധിച്ച് വിജിലൻസ് ക്വിക്ക് വെരിഫിക്കേഷൻ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കാനായി പ്രത്യേകം ചീഫ് എഞ്ചിനീയറെ നിയോഗിച്ചിട്ടില്ല. പ്രസരണ മേഖലയിൽ സമഗ്ര വികസനം ലക്ഷ്യമിട്ട പതിനായിരം കോടി മുതൽമുടക്കുവരുന്ന പദ്ധതി എന്ന നിലയിൽ സമയബന്ധിതമായി നടപ്പാക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. തന്നെ ഒരു പ്രത്യേക വിഭാഗത്തെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ ചീഫ് എഞ്ചിനീയർ വരെ വിവിധ ഓഫീസർമാരാണ് ട്രാൻസ്ഗ്രിഡ് വർക്കുകൾക്ക് വേണ്ടി നിയോഗിക്കപ്പെട്ടിട്ടുള്ളത്. ബോർഡിൽ സാധാരണ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന രീതിയിൽ എല്ലാ തലങ്ങളിലെയും പരിശോധനകൾ പൂർത്തിയാക്കിയാണ് ട്രാൻസ്ഗ്രിഡിലും എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതും അംഗീകരിക്കുന്നതും.

(ബി) അപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് തുകയും കരാർ തുകയും, വർദ്ധനവും ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | എസ്റ്റിമേറ്റ് തുക (കോടിയിൽ) | കരാർ തുക (കോടിയിൽ) | ശതമാനം |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | കൊച്ചി ലൈൻസ് പാക്കേജ് | 211.62 | 296.28 | 40 (above) |
| 2 | കൊച്ചി കേബിൾ പാക്കേജ് | 57.22 | 61.51 | 7.5 (above) |
| 3 | ജി.ഐ.എസ്. പാക്കേജ്-I | 229.40 | 161.61 | 29.5 (below) |
| 4 | എ.ഐ.എസ് പാക്കേജ്-I | 131.43 | 137.97 | 5 (above) |
| 5 | കോലത്തുനാട് പാക്കേജ് | 158.09 | 372.42 | 54.81 (above) |
| 6 | നോർത്ത് മലബാർ | 64.71 | | |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 7 | നോർത്ത് സൗത്ത് ഇന്റർലിങ്ക് | 59.22 | 339.50 | 61.18 (above) |
| 8 | തൃശ്ശിവപേരൂർ ലൈൻസ് | 46.33 | | |
| 9 | കോട്ടയം ലൈൻസ് | 104.47 | | |
| 10 | ജി.ഐ.എസ് പാക്കേജ്-III | 117.90 | 109.29 | 7.3 (below) |
| 11 | ജി.ഐ.എസ്. പാക്കേജ്-IV | 124.76 | 114.76 | 8.02(below) |
| 12 | ഏറനാട് ലൈൻസ് | 367.23 | 455.71 | 29.28 (above) |
| 13 | എൻ. ആർ. എച്ച്.ടി.എൽ.എസ് | 82.41 | 63.51 | 21.89 (below) |

(സി) ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ച സമയത്ത് (2016)-ൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ വിജിലൻസ് പരിശോധിച്ചിരുന്നു. എന്നാൽ എന്തെങ്കിലും റിപ്പോർട്ടോ സ്റ്റേറ്റ് വിജിലൻസ് നടത്തിയ പ്രസ്തുത നടപടിയുടെ കണ്ടെത്തലുകളോ ലഭ്യമായിട്ടില്ല.

**ബാരാപോൾ ജലവൈദ്യുത പദ്ധതിക്ക് സംഭവിച്ച നാശനഷ്ടങ്ങൾ**

233 (2511) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ബാരാപോൾ ജലവൈദ്യുത പദ്ധതിയ്ക്ക് 2018, 2019 എന്നീ വർഷങ്ങളിൽ ഉണ്ടായ പ്രളയത്തിൽ സംഭവിച്ചിട്ടുള്ള നാശനഷ്ടങ്ങൾ എന്തൊക്കെയാണ്;

(ബി) 2018 ലെ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; പ്രസ്തുത പദ്ധതിയുടെ നിലവിലെ പ്രവർത്തനസ്ഥിതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2018 ജൂണിലും തുടർന്ന് ആഗസ്റ്റിലും പദ്ധതി പ്രദേശത്തു രണ്ട് തവണ പ്രളയം ഉണ്ടായി. 2018 ജൂണിൽ ഉണ്ടായ പ്രളയത്തിൽ പുഴ കരകവിഞ്ഞൊഴുകി കനാലിലേക്ക് നേരിട്ട് പ്രവേശിച്ചതിനാൽ മണലും ചെളിയും നിറഞ്ഞു ട്രഞ്ച് വിയർ, ഇൻടേക്ക്, ഡിസിൽറ്റിംഗ് ടാങ്ക്, ഫോർബേ ടാങ്ക്, ടെയിൽ റേസ് (Trench Weir, Intake, Desilting Tank, Forbay Tank, Tail Race) എന്നിവ മൂടുകയുണ്ടായി. പവർ ഹൗസിൽ യൂണിറ്റ് 2 മെഷിന്റെ ഇൻലെറ്റ് പൈപ്പിന് സാരമായ കേടുപാടുകൾ സംഭവിച്ചു. 2018 ആഗസ്റ്റിലുണ്ടായ പ്രളയത്തിനുശേഷം മഴവെള്ളം കനാലിന്റെ അടിഭാഗത്ത് സ്ഥാപിച്ചിട്ടുള്ള ഫിൽറ്റർ പൈപ്പ് വഴി സമീപവാസിയുടെ സ്ഥലത്ത് സ്വാഭാവികമായി രൂപപ്പെട്ട ഒരു ഗർത്തത്തിലൂടെ ക്രമാതീതമായ രീതിയിൽ പുറത്തേക്കുവരാൻ തുടങ്ങി. 2019-ന് ഉണ്ടായ പ്രളയത്തിൽ കനാൽകരയിൽ സ്ഥാപിച്ച ഒരു മെഗാവാട്ട് സോളാർ പ്ലാന്റിന്റെ 300 പാനലുകൾക്ക് കേടുപാടുകൾ സംഭവിച്ചു. പുഴ കരകവിഞ്ഞു കനാലിലേക്ക് പ്രവേശിച്ചുവെങ്കിലും പദ്ധതി നിർമ്മിതികൾക്കു കേടുപാടുകൾ സംഭവിച്ചിട്ടില്ല.

(ബി) 2018-ലെ പ്രളയത്തിനെ തുടർന്ന് വൈദ്യുതി ഉൽപ്പാദനം പുനരാരംഭിക്കാൻ താഴെപ്പറയുന്ന പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

1. ട്രഞ്ച് വിയർ, കനാൽ, ഫോർബേ ടാങ്ക് ഇവയിൽ നിന്നും മണ്ണും ചെളിയും നീക്കം ചെയ്തു.

2. കേടുപാടുകൾ സംഭവിച്ച യൂണിറ്റ് 2 മെഷീൻ ഇൻലെറ്റ് പൈപ്പ് മാറ്റി സ്ഥാപിച്ചു.

3. എൻ.ഐ.ടി. കോഴിക്കോടിന്റെ നിർദ്ദേശാനുസരണം സമീപവാസിയുടെ സ്ഥലത്തു സ്വാഭാവികമായി രൂപപ്പെട്ട ഗർത്തത്തിലൂടെ വരുന്ന വെള്ളം നിയന്ത്രിക്കാനായി 120 മീറ്റർ കനാലിന്റെ പാർശ്വഭിത്തികളും അടിഭാഗവും സിമന്റ് വാട്ടർ പ്രൂഫിംഗ് ഉപയോഗിച്ച് ബലപ്പെടുത്തി ഭാഗികമായി പരിഹരിച്ചു. ഐ.ഐ.ടി. റൂർക്കിയുടെ സാങ്കേതിക സഹായത്തോടെ പൂർണ്ണമായും പരിഹരിക്കാനുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

പദ്ധതി നിലവിൽ പൂർണ്ണമായും പ്രവർത്തനക്ഷമമാണ്. 2019 ജൂൺ മാസം മുതൽ ഇതുവരെ 15 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദനം സാധ്യമാക്കി. ജലലഭ്യതക്കനുസരിച്ച് മൂന്ന് മെഷീനുകളിൽ നിന്നും വൈദ്യുതി ഉത്പാദനം നടത്തിവരുന്നു.

## കോഴിക്കോട് ജില്ലയിലെ ചെറുകിട ജലവൈദ്യുത പദ്ധതികൾ

234 (2512) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ നിലവിൽ എത്ര ചെറുകിട ജലവൈദ്യുത പദ്ധതികളാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പുതുതായി ഏതൊക്കെ പദ്ധതികളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഓരോ പദ്ധതിക്കും പ്രതീക്ഷിക്കുന്ന ചെലവ് എത്ര വീതമാണ്;

(ഡി) ഏതെങ്കിലും പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ;

(ഇ) പുതുതായി നിർദ്ദേശിക്കപ്പെട്ട ഓരോ പദ്ധതികളുടെയും നിലവിലുള്ള സ്ഥിതി സംബന്ധിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി.എൽ-ന്റെ കീഴിൽ കോഴിക്കോട് ജില്ലയിൽ ചെമ്പുക്കടവ് ഒന്നാം ഘട്ടം, ചെമ്പുക്കടവ് രണ്ടാം ഘട്ടം, ഉറുമി ഒന്നാം ഘട്ടം, ഉറുമി രണ്ടാം ഘട്ടം, പൂഴിത്തോട്, വിലങ്ങാട്, കക്കയം, കുറ്റ്യാടി ടെയിൽ റേസ് എന്നിവയാണ് പൂർത്തീകരിച്ച ചെറുകിട ജലവൈദ്യുത പദ്ധതികൾ, ചാത്തൻകോട്ടുനട രണ്ടാം ഘട്ട പദ്ധതി (6 മെഗാവാട്ട്), പെരുവണ്ണാമൂഴി (6 മെഗാവാട്ട്) എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പണി നടന്നുവരുന്നു.

കോഴിക്കോട് ജില്ലയിൽ സ്വകാര്യ സംരംഭകർ വഴി നിർമ്മാണം പൂർത്തീകരിച്ച പാതംകയം ചെറുകിട ജലവൈദ്യുത പദ്ധതിയും നിർമ്മാണത്തിലിരിക്കുന്ന അരിപ്പാറ, ആനക്കാംപൊയിൽ എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികളുമാണ് ഉള്ളത്.

(ബി) കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

| | | |
|---|---|---|
| 1 | ഓലിക്കൽ ചെറുകിട ജലവൈദ്യുത പദ്ധതി | 5 മെഗാവാട്ട് |
| 2 | പൂവാരംതോട് ചെറുകിട ജലവൈദ്യുത പദ്ധതി | 3 മെഗാവാട്ട് |
| 3 | മരിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി | 6 മെഗാവാട്ട് |
| 4 | ചെമ്പുക്കടവ് മൂന്നാം ഘട്ടം ചെറുകിട ജലവൈദ്യുത പദ്ധതി | 7.5 മെഗാവാട്ട് |

സ്വകാര്യമേഖലയിൽ പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| കക്കടാംപൊയിൽ രണ്ടാം ഘട്ടം | - | 11 MW |
| കിള്ളിക്കല്ല് | - | 3 MW |
| ഓനിപ്പുഴ | - | 1.5 MW |

(സി&ഡി) ഓലിക്കൽ, പൂവാരംതോട് പദ്ധതികൾക്ക് 106.88 കോടി രൂപയും, മരിപ്പുഴ പദ്ധതിക്ക് 80.936 കോടി രൂപയും ചെമ്പുക്കടവ് മൂന്നാം ഘട്ട പദ്ധതിക്ക് 87.731 കോടി രൂപയും ചെലവ് പ്രതീക്ഷിക്കുന്നു. പ്രസ്തുത നാല് പദ്ധതികൾക്കും സർക്കാരിന്റേയും ബോർഡിന്റേയും ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(ഇ) ഓലിക്കൽ, പൂവാരംതോട് പദ്ധതികൾക്കാവശ്യമായ മുഴുവൻ സ്വകാര്യ ഭൂമിയും ഏറ്റെടുത്തിട്ടുണ്ട്. പദ്ധതി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മരിപ്പുഴ, ചെമ്പുക്കടവ് മൂന്നാം ഘട്ടം എന്നീ പദ്ധതികൾക്കാവശ്യമായ സ്ഥലം ഏറ്റെടുക്കാൻ നടപടികൾ പുരോഗമിച്ചുവരുന്നു.

സ്വകാര്യമേഖലയിൽ പുതുതായി നിർദ്ദേശിക്കപ്പെട്ട പദ്ധതികളായ

| | | |
|---|---|---|
| കക്കടാം പൊയിൽ രണ്ടാം ഘട്ടം | - | 11 MW |
| കിള്ളിക്കല്ല് | - | 3 MW |
| ഓനിപ്പുഴ | - | 1.5 MW |

എന്നിവയുടെ പ്രാരംഭ പഠന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

## ട്രാൻസ്ഗ്രിഡ് -2 പദ്ധതി

235 (2513) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ഓടു കൂടി ആഗോള നിലവാരത്തിലുള്ളതും ഗുണമേന്മയുള്ളതും ആയ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് വൈദ്യുതി ബോർഡ് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത്;

(ബി) ഇതിനായി പ്രോജക്റ്റ് മാനേജ്മെന്റുകൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ പ്രവർത്തനം വിശദമാക്കുമോ;

(സി) ട്രാൻസ്ഗ്രിഡ്-2 പദ്ധതിക്കായി കിഫ്ബിയിൽ നിന്നും ഇതിനകം എന്ത് സഹായമാണ് ലഭിച്ചത്; പ്രസ്തുത തുക ഏതൊക്കെ നവീകരണ പ്രവർത്തനങ്ങൾക്കാണ് ഉപയോഗിച്ചത്;

(ഡി) പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഏതെങ്കിലും കേന്ദ്ര ഏജൻസികൾ ധനസഹായം ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ഇ) ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത ഘട്ടത്തിൽ നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2021-ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും ഗുണമേന്മയുള്ളതുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടി അടിസ്ഥാന സൗകര്യ വികസന മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനായി ട്രാൻസ്ഗ്രിഡ് 2.0, ദ്യുതി 2021, സൗര തുടങ്ങിയ പദ്ധതികൾ അടങ്ങുന്ന ഊർജ്ജ കേരള മിഷൻ ജൂലൈ 2018-ൽ സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നു. ഊർജ്ജ കേരളമിഷനിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതിയായ 'സൗര' വഴി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നേതൃത്വത്തിൽ 1000 മെഗാവാട്ട് വൈദ്യുതി സൗര പദ്ധതികളിൽ നിന്നും ഉത്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിൽ പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽ നിന്നും 500 മെഗാവാട്ട്, സ്വകാര്യ ഉത്പാദകരിൽ നിന്നും ബിഡ്ഡിംഗ് മുഖേന 200 മെഗാവാട്ട്, സോളാർ പാർക്കിൽ നിന്നും 150 മെഗാവാട്ട്, ഫ്ലോട്ടിംഗ് സോളാർ പദ്ധതികൾ വഴി 150 മെഗാവാട്ട് എന്നിങ്ങനെയാണ് വൈദ്യുതി ഉത്പാദിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

കേരളത്തിലെ ഭാവി വൈദ്യുതി ആവശ്യങ്ങൾ കണക്കിലെടുത്ത് സംസ്ഥാനത്തിനകത്തുള്ള പ്രസരണ ശൃംഖല (Intra-state Transmission Network) ശക്തിപ്പെടുത്തുക എന്ന ദൗത്യമാണ് ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിൽ ഉള്ളത്. രണ്ട് ഘട്ടങ്ങളിലായി 10,000 കോടി രൂപ മൂലധന വിഹിതം ആവശ്യമുള്ള പദ്ധതിയാണിത്. ഈ പദ്ധതി നടപ്പാകുന്നതോടെ സംസ്ഥാനത്തിനകത്തുള്ള പ്രസരണ ശൃംഖലയുടെ ശേഷി ഗണ്യമായി ഉയരുകയും പ്രസരണനഷ്ടം പരമാവധി കുറയ്ക്കുന്നതിനും കഴിയും. ഒന്നാംഘട്ടം 2021-ൽ പൂർത്തിയാകും. പുതിയ 400 കെ.വി. ട്രാൻസ്മിഷൻ ലൈനുകൾ വലിക്കുക, പുതിയ 220 കെ.വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും സ്ഥാപിക്കുക/വലിക്കുക, നിലവിലുള്ള 110 കെ.വി

സബ്സ്റ്റേഷനുകൾ 220 കെ.വി. ആയി ഉയർത്തുക മുതലായ ജോലികൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ട്രാൻസ്ഗ്രിഡ് പദ്ധതികളുടെയും അവയുടെ പുരോഗതികളുടെയും വിശദാംശങ്ങൾ അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

2021-ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ദ്യുതി 2021.

വിതരണമേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ചു പ്രവർത്തനം നടന്നുവരുന്നു. ഇതിന്റെ ആദ്യപടിയായി വിതരണ ശൃംഖലയുടെ GIS അധിഷ്ഠിത രേഖാചിത്രം തയ്യാറാക്കുകയും തുടർന്ന് 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ കണ്ടെത്തി അവയുടെ D.P.R തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. "ദ്യുതി 2021" പദ്ധതിയിൽ വിതരണ മേഖലയിൽ 4035.57 കോടി രൂപയുടെ പ്രവൃത്തികളാണ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) മുഖേന വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ 9936 km ഹൈടെൻഷൻ ലൈനുകൾ വലിക്കുക, 3741 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, HT&LT അനുപാതം പരിഷ്കരിച്ച് ലൈനുകളുടെ നിലവാരം ഉയർത്തുക, HT ലൈനുകളും ട്രാൻസ്ഫോർമറുകളും സാറ്റലൈറ്റ് മാപ്പ് ചെയ്യുക, ഫോൾട്ട് പാസ്സ് ഡിറ്റക്ടറുകൾ സ്ഥാപിക്കുക, ആവശ്യമായ ലൈനുകളിൽ ABC അല്ലെങ്കിൽ കവേർഡ് കണ്ടക്ടർ വലിക്കുക മുതലായ ആധുനികവൽക്കരണങ്ങൾ ഉൾപ്പെടുന്നു. വിതരണ ശൃംഖലയിലെ സുരക്ഷയ്ക്ക് പ്രാധാന്യം നൽകി വിതരണ നഷ്ടം പരമാവധി കുറച്ച് ഉപഭോക്താക്കൾക്ക് തടസ്സമില്ലാതെ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുക എന്ന ദൗത്യമാണ് ദ്യുതി-2021 ൽ ലക്ഷ്യമിടുന്നത്.

(ബി) ഉണ്ട്. "ദ്യുതി 2021" പദ്ധതി നടപ്പിലാക്കുന്നതിനായി ഇലക്ട്രിക്കൽ സർക്കിൾ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ചു. തുടർന്ന് വിതരണ ശൃംഖലയുടെ GIS അധിഷ്ഠിത രേഖാചിത്രം കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ തയ്യാറാക്കുകയും 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട 4036.30 കോടി രൂപയുടെ പ്രവൃത്തികൾ കണ്ടെത്തി അവയുടെ D.P.R തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

"ദ്യുതി 2021" പദ്ധതിയിൽ ആസൂത്രണം ചെയ്തിരിക്കുന്ന പ്രവൃത്തികൾ ഇലക്ട്രിക്കൽ സർക്കിൾ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) മുഖാന്തരം നടപ്പിലാക്കി വരുന്നു.

(സി) കിഫ്ബിയിൽ നിന്നും ലഭിച്ച തുകയുടെയും ഏതൊക്കെ പ്രവൃത്തികൾക്കാണ് ലഭിച്ചത് എന്നതിന്റെയും വിശദാംശങ്ങൾ അനുബന്ധം ആയി* ചേർക്കുന്നു.

(ഡി) ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെട്ട ഏറനാട് പാക്കേജിന് 333.33 കോടി രൂപയും NRHTLS പാക്കേജിന് 66.85 കോടി രൂപയും കേന്ദ്ര സർക്കാരിന്റെ പവർ സിസ്റ്റം ഡെവലപ്മെന്റ് ഫണ്ട് (PSDF) ൽ നിന്നും ഗ്രാന്റ് ആയി ലഭിച്ചിട്ടുണ്ട്.

(ഇ) രണ്ടാം ഘട്ടത്തിന്റെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ആയത് അനുബന്ധം ആയി* ചേർക്കുന്നു.

## മലപ്പുറം മണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികൾ

236 (2514) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കിവരുന്ന വോൾട്ടേജ് ഇംപ്രൂവ്മെന്റ് പരിപാടികൾ സെക്ഷനുകൾ തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടേയും പുരോഗതിയും പൂർത്തീകരിക്കാനെടുക്കുന്ന സമയവും വെളിപ്പെടുത്തുമോ;

(സി) മലപ്പുറം നഗരത്തിൽ നടപ്പാക്കുന്ന അണ്ടർഗ്രൗണ്ട് കേബിൾ സിസ്റ്റത്തിന്റെ പുരോഗതി വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കിവരുന്ന വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളും അവയുടെ പുരോഗതിയും സെക്ഷൻ തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) RAPDRP പദ്ധതി പ്രകാരം മലപ്പുറം നഗരത്തിൽ 11 കെ. വി. UG കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തി 11-11-2017-ന് പൂർത്തീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഡാമുകളിലെ ജലശേഖരം

237 (2515) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ കീഴിലുള്ള ഡാമുകളിൽ 15-10-2019 ലെ സ്ഥിതി പ്രകാരം എത്ര ശതമാനം ജലശേഖരമുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇത് ഉപയോഗിച്ച് എത്ര ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ;

(സി) തുലാവർഷം സജീവമാകുമെന്ന കാലാവസ്ഥ പ്രവചനം യാഥാർത്ഥ്യമായാൽ സംസ്ഥാനം നിലവിൽ നേരിടുന്ന വൈദ്യുതി പ്രതിസന്ധി പരിഹരിക്കുവാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 15-10-2019-ലെ സ്ഥിതി പ്രകാരം വൈദ്യുതി ബോർഡിന്റെ കിഴീലുള്ള ഡാമുകളിൽ 72.75% ജലശേഖരമുണ്ട്.

(ബി) ഇത് ഉപയോഗിച്ച് 3011.885 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയും.

(സി) നിലവിൽ സംസ്ഥാനം വൈദ്യുതി പ്രതിസന്ധി നേരിടുന്നില്ല.

## വൈദ്യുതി ഉൽപ്പാദനത്തിൽ വർദ്ധന

238 (2516) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെറുകിട ജലവൈദ്യുത പദ്ധതി, സൗരോർജ്ജ വൈദ്യുതി പദ്ധതി എന്നിവയിലൂടെ എത്ര മെഗാവാട്ടിന്റെ ഉത്പാദന വർദ്ധനയാണ് കൈവരിച്ചിട്ടുള്ളത്; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(ബി) വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുവാൻ സ്വീകരിച്ച മറ്റു നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെറുകിട ജലവൈദ്യുതപദ്ധതികളായ വെള്ളത്തൂവൽ (3.6 മെഗാവാട്ട്), പെരുന്തേനരുവി (6 മെഗാവാട്ട്), കക്കയം (3 മെഗാവാട്ട്) എന്നീ ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി ഉല്പാദനം ആരംഭിച്ചു. ഈ പദ്ധതികൾ വഴി ആകെ 12.6 മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 21 സൗരോർജ്ജ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. പൂർത്തീകരിച്ചു (15.7 മെഗാവാട്ട്). ഇതുകൂടാതെ കൺസ്യൂമേഴ്സ് വഴി 47.35 മെഗാവാട്ടും സിയാൽ, അനെർട്ട്, IREDA, KMRL തുടങ്ങിയ സ്ഥാപനങ്ങൾ വഴി 83.073 മെഗാവാട്ടും കെ.എസ്.ഇ.ബി.-എൽ-ന്റെ ഗ്രിഡിലേക്ക് ലഭിക്കുന്നുണ്ട്. അങ്ങനെ സോളാർ പ്ലാന്റ് ഉപയോഗിച്ചുള്ള ആകെ സ്ഥാപിതശേഷി 146.14 MWp ആണ്. കൂടാതെ 27 മെഗാവാട്ടിന്റെ കാറ്റിൽ നിന്നുള്ള പദ്ധതികളും പൂർത്തീകരിച്ചു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വകാര്യ സംരംഭകർ വഴി 12.5 MW സ്ഥാപിതശേഷി വരുന്ന 2 പദ്ധതികൾ (പാതംകയം 8 MW, കാരിക്കയം രണ്ടാം ഘട്ടം 4.5 MW) കമ്മീഷൻ ചെയ്തിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ മറയൂരിനടുത്തുള്ള ഈച്ചാംപെട്ടി ആദിവാസി കോളനിയിൽ 4 കിലോവാട്ടിന്റെ മൈക്രോ ഹൈഡ്രോ ജലവൈദ്യുതി ഉപയോഗിച്ച് മൈക്രോ ഗ്രിഡ് സംവിധാനം നടപ്പിലാക്കി വൈദ്യുതീകരിച്ചു.

MNRE-യുടെ സബ്സിഡിയോടുകൂടി ഒരു കിലോവാട്ട് മുതൽ 5 കിലോ വാട്ട് വരെ ശേഷി വരുന്ന 25 പൈക്കോ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കി.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനെർട്ട് 7.2 മെഗാവാട്ട് സോളാർ ഓഫ് ഗ്രിഡ് നിലയം സ്ഥാപിച്ചിട്ടുണ്ട്. 10 മെഗാവാട്ട് കാറ്റാടി നിലയവും സ്ഥാപിച്ചിട്ടുണ്ട്.

(ബി) വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കാൻ 2015 മുതൽ മുടങ്ങിക്കിടന്നിരുന്ന തൊട്ടിയാർ (40 മെഗാവാട്ട്), പള്ളിവാസൽ എക്സ്റ്റൻഷൻ (60 മെഗാവാട്ട്), ചാത്തൻകോട്ടുനട - II (6 മെഗാവാട്ട്) എന്നീ പദ്ധതികളുടെ നിർമ്മാണം പുനരാരംഭിച്ചു. കൂടാതെ ജലവൈദ്യുത പദ്ധതികളായ പെരുവണ്ണാമൂഴി (6 മെഗാവാട്ട്), ചിന്നാർ (2 മെഗാവാട്ട്), അപ്പർ കല്ലാർ (2 മെഗാവാട്ട്), പഴശ്ശിസാഗർ (7.5 മെഗാവാട്ട്) എന്നീ പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു.

കൂടാതെ കുറ്റിയാടി ജലവൈദ്യുത പദ്ധതിയുടെ നവീകരണ പുനരുദ്ധാരണ ജോലികളുടെ ഭാഗമായി 2.5 MW വീതം ശേഷിയുള്ള മൂന്ന് ജനറേറ്ററുകളുടെ സ്ഥാപിതശേഷി (ആകെ 7.5 MW) വർദ്ധിപ്പിക്കുന്ന ജോലിയുടെ Letter of acceptance കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡിന് 7-9-2019-ന് നൽകുകയുണ്ടായി.

ഇപ്പോൾ 31 പദ്ധതികൾ (സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത്, കളക്ടറേറ്റ്, വൈദ്യുതി ബോർഡ് കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി) പുതുതായി ആരംഭിച്ച് നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു.

ബാണാസുര സാഗർ റിസർവോയറിൽ 500 കിലോവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കി. ഇതിൽനിന്നുള്ള 0.02 മില്ല്യൺ യൂണിറ്റ് വൈദ്യുതി 2019 ജനുവരി മുതൽ കെ.എസ്.ഇ.ബി.എൽ. ഗ്രിഡിലേക്ക് ലഭിച്ചുവരുന്നു. കൂടാതെ പാലക്കാട് ചിറ്റൂരിൽ മലയാള മനോരമയുടെ 10 മെഗാവാട്ട് പദ്ധതി ഗ്രിഡിലേക്ക് കണക്ട് ചെയ്തിട്ടുണ്ട്.

ഇതിനുപുറമേ, ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള സ്ഥലത്ത് എട്ട് മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാന സർക്കാരും എൻ.എച്ച്.പി.സി.-യും തമ്മിലുള്ള ഉടമ്പടി പ്രകാരം പാലക്കാട് അഗളിയിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമായി 8 മെഗാവാട്ട് പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള റീടെണ്ടർ നടപടികൾ എൻ.എച്ച്.പി.സി. സ്വീകരിച്ചുവരുന്നു. കൂടാതെ സ്വകാര്യ സംരംഭകരായ രാമക്കൽമേട് പ്രൈവറ്റ് ലിമിറ്റഡ് 2 മെഗാവാട്ട് പദ്ധതി നടപ്പിലാക്കിവരുന്നു.

വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടമായി 10 മെഗാവാട്ടിന്റെ നിർമ്മാണം ആരംഭിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. സ്ഥലം പാട്ടത്തിന് എടുത്ത് എൻ.എച്ച്.പി.സി.-ക്ക് കൈമാറിയിട്ടുണ്ട്.

വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിലേക്കായി ചെറുകിട ജലവൈദ്യുത നയം 2012 പ്രകാരം സ്വകാര്യ സംരംഭകർ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവർക്ക് ബൂട്ട് അടിസ്ഥാനത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന് അനുമതി നൽകിവരുന്നു. ഇപ്രകാരം 47.4 MW-ന്റെ 20 പദ്ധതികൾ അനുവദിച്ച് നൽകിയിട്ടുണ്ട്.

വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി അനെർട്ട് ചുവടെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കി വരുന്നു:

(1) <u>സൗര-ഊർജ്ജ കേരള മിഷൻ</u>

'ഊർജ്ജ കേരള മിഷൻ' പദ്ധതി പ്രകാരം വരുന്ന 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽ നിന്ന് ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽ നിന്നും ഉൽപ്പാദിപ്പിക്കുകയാണ് ലക്ഷ്യം. പാഴ്നിലങ്ങളിലും ജലോപരിതലത്തിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന 'ഊർജ്ജ മിഷൻ-സൗര' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

(2) " <u>ബൈ മൈ സൺ" വെബ് പോർട്ടൽ :</u>

ഗുണഭോക്താക്കൾക്ക് വീട്ടിലിരുന്നുകൊണ്ടുതന്നെ അവർക്ക് ആവശ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വാങ്ങാൻ സാധിക്കുംവിധം അംഗീകൃത സേവനദാതാക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്തിയ ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കി ഇലക്ട്രോണിക് മാർക്കറ്റ് പ്ലേയ്സ് ആയ "ബൈ മൈ സൺ" (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ അനെർട്ട് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി കൺസൾട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ അനെർട്ട് ചെയ്യുന്നുണ്ട്. ആകെ 1 മെഗാവാട്ടിന്റെ സോളാർ പവർ പ്ലാന്റ് പദ്ധതി അനെർട്ട് ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിൽ പുതിയ ട്രാൻസ്ഫോർമറുകൾ**

239 (2517) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു എന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പുതുതായി എത്ര ട്രാൻസ്ഫോർമറുകളുടെ പ്രൊപ്പോസലുകളുണ്ടെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇതുവരെ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച സ്ഥലവും ഇനി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലവും ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ സർക്കാരിന്റെ ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ മണ്ഡലം തിരിച്ച് സ്ഥാപിച്ച ട്രാൻസ്ഫോർമറുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

തൃക്കരിപ്പൂർ - 72, കാഞ്ഞങ്ങാട് - 121, മഞ്ചേശ്വരം - 64, കാസർഗോഡ് - 151, ഉദുമ - 32.

(ബി) മണ്ഡലം തിരിച്ച് പുതുതായി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ട്രാൻസ്ഫോർമറുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

തൃക്കരിപ്പൂർ - 35, കാഞ്ഞങ്ങാട് - 67, മഞ്ചേശ്വരം - 50, കാസർഗോഡ് - 99, ഉദുമ - 25.

(സി) ഇതുവരെ സ്ഥാപിച്ച ട്രാൻസ്ഫോർമറുകളുടെ പട്ടികയും ഇനി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ട്രാൻസ്ഫോർമറുകളുടെ പട്ടികയും അനുബന്ധമായി ചേർക്കുന്നു.*

(ഡി) കേരള സംസ്ഥാന വൈദ്യുത റെഗുലേറ്ററി കമ്മിഷൻ (KSERC) 2018-ൽ പുറപ്പെടുവിച്ച കോസ്റ്റ് ഡാറ്റ പ്രകാരം ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള നിരക്കുകൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 100 കെ.വി.എ. ട്രാൻസ്ഫോർമർ | - | 3,90,000 രൂപ |
| 160 കെ.വി.എ. ട്രാൻസ്ഫോർമർ | - | 5,47,000 രൂപ |
| 250 കെ.വി.എ. ട്രാൻസ്ഫോർമർ | - | 5,61,000 രൂപ |

## വൈദ്യുതി ബോർഡിന്റെ കുടിശ്ശിക

240 (2518) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൻകിട ഉപഭോക്താക്കളിൽ നിന്ന് മാത്രം വൈദ്യുതി ബോർഡിന് ലഭിക്കേണ്ട ബിൽ കുടിശ്ശിക തുക ഈടാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത കുടിശ്ശിക പൂർണ്ണമായി ഈടാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്നും ഈയിനത്തിൽ നാളിതുവരെയായി എത്ര തുക ലഭിച്ചിട്ടുണ്ടെന്നും വിശദീകരിക്കുമോ;

(സി) കോടതി വ്യവഹാരങ്ങളിൽപ്പെട്ട് എത്ര തുക മുടങ്ങി കിടക്കുന്നുണ്ട്; ഇവ വേഗത്തിൽ തീർപ്പാക്കുന്നതിനും കുടിശ്ശിക പിരിച്ചെടുക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ബോർഡിന്റെ ഒറ്റ തവണ തീർപ്പാക്കൽ പദ്ധതിയിൻ കീഴിൽ എത്ര കുടിശ്ശിക പിരിഞ്ഞ് കിട്ടിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വൻകിട ഉപഭോക്താക്കൾ ഉൾപ്പെടെയുള്ള ഉപഭോക്താക്കളിൽ നിന്ന് വൈദ്യുതി ബോർഡിന് ലഭിക്കേണ്ട ബിൽ കുടിശ്ശിക ഈടാക്കുന്നതിന് ഇലക്ട്രിസിറ്റി സപ്ലൈ ആക്ട് പ്രകാരം വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശിപാർശ നൽകുകയും ചെയ്യുന്നുണ്ട്.

(ബി) കാലാകാലങ്ങളിൽ കെ.എസ്.ഇ.ആർ.സി.-യുടെ അനുമതിയോടുകൂടി കുറഞ്ഞ പലിശനിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ച് ഉപഭോക്താക്കളിൽ നിന്നും കെ.എസ്.ഇ.ബി.എൽ. കുടിശ്ശിക ഈടാക്കുവാൻ നടപടി സ്വീകരിച്ചിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2016-ൽ ഒരു തവണ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയതിനു പുറമേ 8-6-2018-ലും 31-10-2019-ലും പലിശയിനത്തിൽ ഇളവുകൾ നൽകി ബോർഡ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. കോടതിയിൽ വ്യവഹാരത്തിലുള്ള ഉപഭോക്താക്കൾക്കും റവന്യൂ റിക്കവറി നടപടികൾക്ക് ശിപാർശ കൊടുത്തിട്ടുള്ള ഉപഭോക്താക്കൾക്കും കൂടി പ്രസ്തുത പദ്ധതി ഉപയോഗിക്കാനുള്ള അവസരവും ഇതുപ്രകാരം നൽകിയിട്ടുണ്ട്. കോടതിയിൽ വ്യവഹാരത്തിലുള്ള കുടിശ്ശികകളും മറ്റുതരത്തിൽ തർക്കത്തിൽ കിടക്കുന്ന കുടിശ്ശികകളും തീർപ്പാക്കുവാനായി വ്യക്തമായി മാർഗ്ഗരേഖകൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഉത്തരവും ബോർഡ് പുറപ്പെടുവിച്ചിട്ടുണ്ട്.

കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെടാത്ത കുടിശ്ശിക വരുത്തിയിട്ടുള്ളവരുടെ വൈദ്യുതി ബന്ധം വിച്ഛേദിച്ച്, കുടിശ്ശിക നോട്ടീസ് നൽകി ഡിസ്മാന്റിൽ ചെയ്തു. റവന്യൂ റിക്കവറി നടപടി മുഖേനയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ നടപ്പിലാക്കിയും ഉള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കോടതി വ്യവഹാരങ്ങളിൽപ്പെട്ട് 30-9-2019-ലെ കണക്ക് പ്രകാരം 472.33 കോടി രൂപ ഉൾപ്പെട്ടിട്ടുണ്ട്. കോടതി വ്യവഹാരങ്ങൾ തീർപ്പാക്കുന്ന മുറയ്ക്ക് മാത്രമേ ഈ കുടിശ്ശിക പിരിച്ചെടുക്കാൻ കഴിയുകയുള്ളൂ.

(ഡി) ബോർഡിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2018 പ്രകാരം എൽ.റ്റി. വിഭാഗ ഉപഭോക്താക്കൾ, കേരള വാട്ടർ അതോറിറ്റി, ഹെൽത്ത് ഡിപ്പാർട്ട്മെന്റ് എന്നിവയിൽ നിന്നും 1339.48 കോടി രൂപ തീർപ്പാക്കിയിട്ടുണ്ട്. ഇതിൽ എൽ.റ്റി. വിഭാഗത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.* കേരള വാട്ടർ അതോറിറ്റി, ഹെൽത്ത് ഡിപ്പാർട്ട്മെന്റ് എന്നിവയുടെ കണക്ക് സംസ്ഥാന തലത്തിലാണ് കണക്കാക്കിയിട്ടുള്ളത്.

എച്ച്.റ്റി. വിഭാഗത്തിൽ ബോർഡിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൻ കീഴിൽ 24,79,50,197 രൂപ പിരിഞ്ഞ് കിട്ടിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 1634735 |
| കൊല്ലം | 769690 |
| ആലപ്പുഴ | 2785986 |
| കോട്ടയം | 130635 |
| എറണാകുളം | 125792670 |
| തൃശ്ശൂർ | 1205050 |
| പാലക്കാട് | 79873739 |
| മലപ്പുറം | 364229 |
| കോഴിക്കോട് | 33266427 |
| വയനാട് | 790103 |
| കണ്ണൂർ | 267122 |
| കാസർഗോഡ് | 1069811 |
| ആകെ | 247950197 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വൈദ്യുതി കണക്ഷനുകളും കേടായ മീറ്ററുകളും

241 (2519) ശ്രീ. വി. ടി. ബൽറാം:

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗാർഹിക കണക്ഷൻ, കൊമേഴ്സ്യൽ കണക്ഷൻ, അഗ്രികൾച്ചറൽ കണക്ഷൻ തുടങ്ങി വിവിധ വിഭാഗങ്ങളിലായി കെ.എസ്.ഇ.ബി. എത്ര കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് തരം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതെങ്കിലും വിഭാഗത്തിന് വൈദ്യുത ചാർജ്ജ് വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) നിലവിൽ സംസ്ഥാനത്ത് എത്ര വൈദ്യുത മീറ്ററുകൾ പ്രവർത്തനരഹിതമായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇതുമൂലം കെ.എസ്.ഇ.ബി.എൽ-ന് പ്രതിമാസം എത്ര രൂപയുടെ വരുമാനനഷ്ടം ഉണ്ടാകുന്നുവെന്ന് വിശദമാക്കാമോ;

(ഡി) ഈ നഷ്ടം പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 2019 സെപ്റ്റംബർ മാസത്തെ കണക്കുപ്രകാരം KSEBL-നു 9805527 ഗാർഹിക കണക്ഷനുകളും 2074585 കൊമേഴ്സ്യൽ കണക്ഷനുകളും 144194 ഇൻഡസ്ട്രിയൽ കണക്ഷനുകളും 478422 അഗ്രികൾച്ചറൽ കണക്ഷനുകളും മറ്റു വിഭാഗങ്ങളിലായി 221991 കണക്ഷനുകളും നിലവിലുണ്ട്.

(ബി) ഇല്ല. നിലവിൽ സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാനുള്ള നിർദ്ദേശങ്ങളൊന്നും തന്നെ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബി.ലിമിറ്റഡ് സമർപ്പിച്ചിട്ടില്ല. എന്നാൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 8-7-2019-ൽ പുറപ്പെടുവിച്ച താരിഫ് ഉത്തരവുപ്രകാരം ഗാർഹികം, വാണിജ്യം, കാർഷികം മുതലായ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് 8-7-2019 മുതൽ പരിഷ്കരിച്ചിട്ടുണ്ട്.

(സി&ഡി) സംസ്ഥാനത്ത് നിലവിൽ 395980 മീറ്ററുകളാണ് പ്രവർത്തനരഹിതമായിട്ടുള്ളത്. മീറ്ററുകൾ കേടായിരിക്കുന്ന കാലയളവിൽ, ഉപഭോഗം കണക്കാക്കുന്നത് തൊട്ടുമുൻപുള്ള 3 ബില്ലിംഗ് സൈക്കിളുകളിലെ ഉപഭോഗത്തിന്റെ ശരാശരിയെ അടിസ്ഥാനമാക്കിയാണ്. തൊട്ടുമുൻപുള്ള 3 ബില്ലിംഗ് സൈക്കിളുകളിലെ ഉപഭോഗം ലഭ്യമല്ലായെങ്കിൽ, മീറ്ററുകൾ മാറ്റി വച്ചതിനുശേഷമുള്ള മൂന്ന് ബില്ലിംഗ് സൈക്കിളുകളുടെ ശരാശരിയെ അടിസ്ഥാനമാക്കിയാണ് ഉപഭോഗം കണക്കാക്കുന്നത്. പ്രസ്തുതരീതികളിൽ കണക്കാക്കുന്ന ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലാണ് ഉപഭോക്താവിന് ബിൽ നൽകുന്നത്. ഇപ്രകാരം ബിൽ ചെയ്യുന്നതുമൂലം ബോർഡിന് വരുമാന നഷ്ടം ഉണ്ടാകുന്നതായി കണക്കാക്കുന്നില്ല.

കേടാകുന്ന മീറ്ററുകൾ മാറ്റുന്നതിനും പുതിയ വൈദ്യുതി കണക്ഷൻ നൽകുന്നതിനും ആവശ്യമായ വിധത്തിൽ മീറ്ററുകൾ വാങ്ങി അതാതു സെക്ഷൻ ഓഫീസുകൾക്ക് ലഭ്യമാക്കി കേടായ മീറ്ററുകൾ മാറ്റിവയ്ക്കുന്ന നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം പുതിയ വൈദ്യുതി കണക്ഷനുകൾ ലഭ്യമാക്കുന്നതിലേക്കും കേടായ മീറ്ററുകൾ മാറ്റി വയ്ക്കുന്നതിലേയ്ക്കുമായി 13 ലക്ഷം സിംഗിൾ ഫേസ് മീറ്ററുകളും 1.15 ലക്ഷം ത്രീഫേസ് മീറ്ററുകളും വാങ്ങാനുള്ള ഓർഡറുകൾ നൽകുകയും മീറ്ററുകൾ ലഭ്യമാക്കിത്തുടങ്ങുകയും ചെയ്തിട്ടുണ്ട്. 2020 മാർച്ച് മാസത്തോടുകൂടി കേടായ മുഴുവൻ മീറ്ററുകളും മാറ്റിസ്ഥാപിക്കുവാനാണ് ലക്ഷ്യമിടുന്നത്.

## വയനാട് ജില്ലയിൽ നൽകിയ വൈദ്യുതി കണക്ഷനുകൾ

242 (2520) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വയനാട് ജില്ലയിൽ നൽകിയ വൈദ്യുതി കണക്ഷനുകൾ മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) വൈദ്യുതിമോഷണം തടയുന്നതിന് വയനാട് ജില്ലയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ നൽകിയ വൈദ്യുതി കണക്ഷനുകൾ മണ്ഡലം തിരിച്ച് ചുവടെ ചേർക്കുന്നു:

| മണ്ഡലം | സിംഗിൾ ഫേസ് | ത്രീ ഫേസ് | ആകെ |
|---|---|---|---|
| കൽപ്പറ്റ | 11512 | 639 | 12151 |
| ബത്തേരി | 14891 | 709 | 15600 |
| മാനന്തവാടി | 15488 | 902 | 16390 |
| ആകെ | 41891 | 2250 | 44141 |

(ബി) വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിന് സംസ്ഥാനാടിസ്ഥാനത്തിലുള്ള ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന് പുറമെ വയനാട് ജില്ലയിൽ സെക്ഷൻ തലത്തിലും ഡിവിഷൻ തലത്തിലും സ്പെഷ്യൽ സ്ക്വാഡുകളും റീജിയണൽ ഓഡിറ്റ് ഓഫീസിൽ നിന്നുള്ള സ്പെഷ്യൽ സ്ക്വാഡുകളും നിലവിൽ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സ്ക്വാഡുകൾ മിന്നൽ പരിശോധന നടത്തി വൈദ്യുതി ദുരുപയോഗം കണ്ടുപിടിച്ചുവരുന്നു. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ നിയമങ്ങൾക്കനുസൃതമായി വൈദ്യുതി മോഷണത്തിനും വൈദ്യുതി ദുരുപയോഗത്തിനുമുള്ള പിഴ ഈടാക്കുന്നുണ്ട്. വൈദ്യുതി മോഷണം പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെട്ടാൽ ഇത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കുന്നതിനായി ബോർഡിന്റെ വിജിലൻസ് വിഭാഗം ഓഫീസർമാരുടെയും അതാത് ഓഫീസ് മേലധികാരികളുടെയും ഫോൺ നമ്പർ എല്ലാ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. വൈദ്യുതി മോഷണം കണ്ടുപിടിക്കപ്പെട്ടാൽ ഉണ്ടാകാവുന്ന ഭവിഷ്യത്തുകളെക്കുറിച്ച് ദൃശ്യമാധ്യമങ്ങളിലൂടെയും പത്രമാധ്യമങ്ങളിലൂടെയും ആവശ്യമായ പ്രചാരം പൊതുജനങ്ങൾക്ക് നൽകുന്നുമുണ്ട്.

വയനാട് ജില്ലയിൽ വൈദ്യുതി മോഷണം തടയുന്നതിന്റെ ഭാഗമായി എ.പി.റ്റി.എസ്. അവധി ദിവസങ്ങളിലും രാത്രി കാലങ്ങളിലും ഉൾപ്പെടെ മുന്നറിയിപ്പ് കൂടാതെ surprise inspection നടത്തുന്നുണ്ട്. സാധാരണ ഇൻസ്പെക്ഷനുകളിലും സ്പെഷ്യൽ ഡ്രൈവ് ഇൻസ്പെക്ഷനുകളിലും എ.പി.റ്റി.എസ്. ഉദ്യോഗസ്ഥർ മീറ്ററുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും കണക്ഷനും പ്രവർത്തനങ്ങളും ശരിയായ രീതിയിലാണെന്ന് ഉറപ്പുവരുത്തുന്നു.

3-9-2019-ന് വയനാട് ജില്ലയിലെ മീറ്റർ റീഡർമാരുമായി ചീഫ് വിജിലൻസ് ഓഫീസറുടെ സാന്നിധ്യത്തിൽ നടത്തിയ ഇന്ററാക്റ്റീവ് സെഷനിൽ APTS (Northern Region) ലെ വിവിധ റീജിയണൽ യൂണിറ്റുകളിലെ APTS ഉദ്യോഗസ്ഥർ വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിനും തടയുന്നതിനുമുള്ള ഡെമോൺസ്ട്രേഷനും ക്ലാസ്സുകളും നടത്തി. 2019 മാർച്ച് മാസം APTS (Northern Region)-ലെ വിവിധ റീജിയണൽ യൂണിറ്റുകൾ പരമാവധി ഇൻസ്പെക്ഷനുകൾ വയനാട് ജില്ലയിൽ ഒരേ സമയം നടത്തുകയുണ്ടായി. ഇത്തരം ഇൻസ്പെക്ഷനുകൾ പൊതു ജനങ്ങളുടെയും മാധ്യമങ്ങളുടെയും ഇടയിൽ വൈദ്യുതി മോഷണത്തിന് എതിരായ ഒരു ശക്തമായ അവബോധം ഉണ്ടാക്കി.

## കോതമംഗലം മണ്ഡലത്തിലെ വൈദ്യുതീകരണം

243 (2521) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കല്ലേലിമേട്, തലവച്ചപ്പാറ, കുഞ്ചിപ്പാറ പ്രദേശങ്ങളിൽ വൈദ്യുതീകരണം പൂർത്തിയാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(ബി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത പ്രദേശങ്ങളിലെ വൈദ്യുതീകരണ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

### ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കല്ലേലിമേട്, തലവച്ചപ്പാറ, കുഞ്ചിപാറ എന്നീ പ്രദേശങ്ങളിൽ, പ്രദേശത്തിന്റെ സ്വഭാവമനുസരിച്ച് വനത്തിൽക്കൂടി HT OH ലൈൻ/ UG Cable സ്ഥാപിച്ചുമാത്രമേ വൈദ്യുതി നൽകാൻ സാധിക്കുകയുള്ളൂ. വളരെ കുറച്ചു കണക്ഷൻ നൽകുവാനായി കൂടുതൽ തുക ചെലവഴിക്കേണ്ടി വരുമെന്നതിനാലും വനത്തിൽ കൂടി ലൈൻ വലിക്കേണ്ടി വരുമെന്നതിനാലും ഈ പ്രദേശങ്ങളിൽ സോളാർ പാനലുകൾ ഉപയോഗിച്ച് വൈദ്യുതി ലഭ്യമാക്കുകയാണ് കൂടുതൽ അഭികാമ്യം. തലവച്ചപ്പാറ, കുഞ്ചിപാറ എന്നീ രണ്ട് കോളനികളിലും സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽപ്പെടുത്തി DDG സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി എത്തിക്കുന്നതിനുള്ള സർവ്വേ പൂർത്തീകരിച്ചെങ്കിലും കോളനി നിവാസികളുടെ എതിർപ്പ് കാരണം തുടങ്ങുവാൻ സാധിച്ചിട്ടില്ല.

തലവച്ചപ്പാറ, കുഞ്ചിപാറ എന്നിവ ട്രൈബൽ കോളനികളും കല്ലേലിമേട് ട്രൈബൽ കോളനിയല്ലാത്ത പ്രദേശവുമാണ്. ലൈൻ വലിച്ചു വൈദ്യുതീകരിക്കുകയാണെങ്കിൽ നിലവിൽ ലൈനുള്ള ബ്ലാവനയിൽ നിന്നും 5 km ലൈൻ കല്ലേലിമേട്ടിലേക്ക് മാത്രമായി വലിക്കേണ്ടതും അവിടെനിന്നും കുഞ്ചിപാറ, തലവച്ചപ്പാറ ട്രൈബൽ കോളനികളിലേക്കു ഉൾപ്പെടെ ആകെ 12 km ലൈൻ വനത്തിൽ കൂടി വലിക്കേണ്ടതുമാണ്. ലൈൻ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. വൈദ്യുതി ലൈൻ നീട്ടി പ്രദേശത്ത് വൈദ്യുതി എത്തിക്കുന്നത് ചെലവേറിയതും പ്രയോഗികമായി പ്രയാസങ്ങളുള്ളതായതിനാലുമാണ് സൗരോർജ്ജ വൈദ്യുതി ലഭ്യമാക്കുന്നതിന് തീരുമാനിച്ചത്. പ്രദേശവാസികൾ അംഗീകരിച്ചാൽ ആ നിലയിൽ വൈദ്യുതീകരണം പൂർത്തിയാക്കാവുന്നതാണ്.

## സൗര പദ്ധതി

244 (2522) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-ഉം അനർട്ടും സംയുക്തമായി നടപ്പിലാക്കുന്ന 'സൗരപദ്ധതിയുടെ' വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പാഴ് നിലങ്ങളിലും ജലോപരിതലത്തിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; ഇതിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ സോളാർ നിലയം സ്ഥാപിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിനകം എത്ര ഓഫീസുകളിൽ ഇത് പ്രാവർത്തികമാക്കി; ഇവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം നിയമസഭാ മന്ദിരം, സെക്രട്ടേറിയറ്റ്, പബ്ലിക് ഓഫീസ് എന്നിവിടങ്ങളിൽ ഇത്തരം നിലയങ്ങൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

### ഉത്തരം

(എ) കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന ഊർജ്ജ കേരള മിഷന്റെ ഭാഗമായ 'സൗര' പദ്ധതി പ്രകാരം 2021-ഓടുകൂടി 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽ നിന്ന് ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പ്ലാന്റുകളിൽ നിന്നും 150 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ നിലയങ്ങളിൽ നിന്നും മറ്റൊരു 150 മെഗാവാട്ട് സോളാർ പാർക്കിൽ നിന്നും 200 മെഗാവാട്ട് ഇന്ത്യയിൽ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുന്ന നിലയങ്ങളിൽ നിന്ന് കരാറിലൂടെയും ലഭ്യമാക്കാനാണ് പദ്ധതി ഇട്ടിരിക്കുന്നത്. 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പദ്ധതികളിലൂടെ ലക്ഷ്യമിട്ട് താല്പര്യമുള്ള ഉപഭോക്താക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചതിൻപ്രകാരം 2.78 ലക്ഷം ഉപഭോക്താക്കൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്തു. ഫീൽഡ് സർവ്വേ പൂർത്തീകരിച്ചു. ഇതിൽ ആദ്യഘട്ടമായ 200 മെഗാവാട്ടിന് ആവശ്യമായതും ഏറ്റവും അനുയോജ്യമായതുമായ 42500 പുരപ്പുറങ്ങൾ പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിയുടെ ടെണ്ടർ പ്രമാണങ്ങൾ തയ്യാറാക്കി ബഹുമാനപ്പെട്ട റെഗുലേറ്ററി കമ്മീഷനിൽ സമർപ്പിച്ച് അനുമതി നേടി. 2019 ഡിസംബറോടുകൂടി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 2020 ജനുവരി മുതൽ നിലയങ്ങൾ സ്ഥാപിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. കാസർഗോഡ് സോളാർ പാർക്കിൽ നിലവിലുള്ള 50

മെഗാവാട്ട് പദ്ധതിക്ക് പുറമെ മറ്റൊരു 55-60 മെഗാവാട്ട് പദ്ധതിക്കുള്ള കരാറായിട്ടുണ്ട്. ഇന്ത്യയിലെവിടെയും സ്ഥാപിച്ച് 200 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള ടെണ്ടർ പ്രമാണങ്ങൾക്ക് റെഗുലേറ്ററി കമ്മീഷന്റെ അനുമതി തേടിയിട്ടുണ്ട്.

(ബി) പാഴ്നിലങ്ങളിലും ജലോപരിതലത്തിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. കായംകുളത്ത് NTPC കൈവശമുള്ള ഭൂമി/കായൽ ഉപയോഗപ്പെടുത്തി സോളാർ നിലയങ്ങൾ സ്ഥാപിക്കാൻ ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതുപ്രകാരം 92 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പദ്ധതി കായംകുളത്ത് NTPC-യുടെ കൈവശമുള്ള കായൽ പരപ്പിൽ സ്ഥാപിക്കുന്നതിന് മുന്നോടിയായി KSEB-യും NTPC-യും തമ്മിൽ വൈദ്യുതി വാങ്ങൽ കരാർ റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിന് വിധേയമായി ഏർപ്പെട്ടിട്ടുണ്ട്. പദ്ധതി നിർമ്മാണ ടെണ്ടർ ആരംഭിക്കുന്നതാണ്.

2. കേന്ദ്ര സർക്കാർ സ്ഥാപനമായ NHPC മുഖേന 50 മെഗാവാട്ട് പദ്ധതിയുടെ ആദ്യ ഘട്ടമായി 10 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലടയിൽ സ്ഥാപിക്കുന്നതിനുള്ള ഭൂമി കൈമാറ്റം ചെയ്യുന്നതിനായി M/s വെസ്റ്റ് കല്ലട നോൺ കൺവെൻഷണൽ എനർജി പ്രൊമോട്ടേഴ്സ് പ്രൈവറ്റ് ലിമിറ്റഡുമായി ലീസ് ഡീഡ് ഒപ്പു വയ്ക്കുകയും ടി ഭൂമി പദ്ധതി നിർവ്വഹണത്തിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ NHPC-യുമായി MoU ഒപ്പുവയ്ക്കുകയും ചെയ്തു. ടി പദ്ധതിയിൽ നിന്നുൽപ്പാദിപ്പിക്കുന്ന വൈദ്യുതി വാങ്ങുന്നതിനായി KSEB-യും NHPC-യും തമ്മിൽ ധാരണയായിട്ടുണ്ട്. പദ്ധതി നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്.

3. ബാണാസുരസാഗർ റിസർവോയറിൽ നിലവിലുള്ള 500 കിലോവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതിക്ക് പുറമേ 100 മെഗാവാട്ട് പദ്ധതിയുടേയും ഇടുക്കി റിസർവോയറിൽ 300 മെഗാവാട്ട് പദ്ധതിയുടെയും സാധ്യതാപഠനം യഥാക്രമം SECI, NTPC എന്നിവ മുഖാന്തിരം നടന്നുവരുന്നു.

(സി) സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത്, കളക്ടറേറ്റ് വൈദ്യുതി ബോർഡ് കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഡി) നിയമസഭാ മന്ദിരം, സെക്രട്ടേറിയറ്റ്, യൂണിവേഴ്സിറ്റി, ഹൈക്കോടതി എന്നീ സ്ഥാപനങ്ങളുടെ മേൽക്കൂരകളിൽ പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക സാധ്യതാ പഠനം പുരോഗമിക്കുകയാണ്. ടെണ്ടർ നടപടികളിലൂടെ പ്രസ്തുത കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്.

## പുരപ്പുറ സൗരവൈദ്യുതി പദ്ധതി

245 (2523) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. ആന്റണി ജോൺ:
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജോത്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ഈ സർക്കാർ നടപ്പാക്കി വരുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പുരപ്പുറത്ത് സൗര വൈദ്യുതി പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) ഇപ്രകാരം എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നതെന്നും ഏതെല്ലാം കെട്ടിടങ്ങളെയാണ് ഇതിനായി തെരഞ്ഞെടുക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയ്ക്കായുള്ള ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഊർജ്ജോത്പാദന രംഗത്തു സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ആഭ്യന്തര ഉത്പാദനം മെച്ചപ്പെടുത്താനുള്ള നടപടി സ്വീകരിച്ചു. ഇതിന്റെ ഭാഗമായി ഉത്പാദന മേഖലയിൽ 12.6 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള മൂന്ന് ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി. ഈ പദ്ധതികളിൽ നിന്നും പ്രതിവർഷം 48.33 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയും. നാല് ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു. ആകെ 39.5 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ഈ പദ്ധതികളിൽ നിന്നും 131.45 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയും. കൂടാതെ 2015 മുതൽ നിർമ്മാണ

പ്രവർത്തനങ്ങൾ മുടങ്ങിക്കിടന്നിരുന്ന ആകെ 106 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള മൂന്ന് ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ചു. ഈ കാലയളവിൽ KSEBL ഇതിനോടകം നേരിട്ട് പൂർത്തീകരിച്ച 3 ജലവൈദ്യുത പദ്ധതികൾക്ക് പുറമേ 10 ജലവൈദ്യുത പദ്ധതികൾ (ആകെ ശേഷി 193.5 MW) നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ എത്തിനിൽക്കുന്നു. നിലവിലുള്ള ഇടുക്കി ജലാശയത്തിലെ വെള്ളമുപയോഗിച്ച് വെള്ളിയാമറ്റത്ത് 780 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഒരു വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക സാധ്യതാപഠനം നടത്തിയിട്ടുണ്ട്. വിശദമായ പദ്ധതി രൂപരേഖ (DPR) തയ്യാറാക്കുന്നതിനുവേണ്ടി ഗ്ലോബൽ ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2021-ഓടുകൂടി 1000 മെഗാവാട്ട് സൗരോർജ്ജ സ്രോതസ്സുകളിൽനിന്നു കൂട്ടിച്ചേർക്കാനുള്ള പദ്ധതിയാണ് 'സൗര'. കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിൽ പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽ നിന്നും 500 മെഗാവാട്ട്, 200 മെഗാവാട്ട് റിവേഴ്സ് ഇ-ബിഡ്ഡിംഗ് മുഖേനയുള്ള ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റുകൾ, 150 മെഗാവാട്ട് സോളാർ പാർക്കുകൾ, 150 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകൾ എന്നിങ്ങനെയാണ് വൈദ്യുതി ഉത്പാദിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

എൻ.എച്ച്.പി.സി വെസ്റ്റ് കല്ലടയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന 50 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റിന്റെ ആദ്യഘട്ടമായി 10 മെഗാവാട്ട് നടപ്പിലാക്കാനുള്ള നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. എൻ.ടി.പി.സി കായംകുളത്ത് ജലോപരിതലത്തിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റിൽനിന്ന് 92 MW വൈദ്യുതി വാങ്ങുവാനും SECI-യുമായി കാറ്റാടി നിലയങ്ങളിൽ നിന്ന് 300 MW വാങ്ങുന്നതിനും കൂടാതെ ബ്രഹ്മപുരത്ത് 9.76 MW ശേഷിയുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റിൽ നിന്ന് വൈദ്യുതി വാങ്ങുന്നതിനും KSEBL കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. THDCIL വഴി കാസർഗോഡ് സോളാർ പാർക്കിൽ 55-60 MW ശേഷി കൂട്ടിച്ചേർക്കുന്നു. എൻ.എച്ച്.പി.സി. പാലക്കാട് അഗളിയിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമായി 8 മെഗാവാട്ട് പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള റീ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള അനുയോജ്യമായ ഭൂപ്രദേശങ്ങൾ കണ്ടെത്തി സോളാർ പദ്ധതി സ്ഥാപിക്കുന്നതിന്റെ സാധ്യതകളും പരിശോധിച്ചുവരുന്നു.

കൂടാതെ 10,000 കോടി രൂപ ചെലവ് കണക്കാക്കിയിട്ടുള്ള ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി നടപ്പിലാക്കുന്നതോടുകൂടി കേരളത്തിലേക്കുള്ള വൈദ്യുത ഇറക്കുമതിശേഷി വർദ്ധിപ്പിക്കുന്നതിനോടൊപ്പം സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന വൈദ്യുതി എല്ലായിടത്തും സുഗമമായി എത്തിക്കാനാകുംവിധം പ്രസരണശൃംഖല ശക്തിപ്പെടുകയും ചെയ്യും.

അനെർട്ട് മുഖേന സോളാർ സ്മാർട്ട്, സോളാർ കണക്ട് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വൈദ്യുതി വിതരണ ഗ്രിഡുമായി ബന്ധപ്പെടുത്താതെ സ്വന്തം ഉപയോഗത്തിന് ബാറ്ററി സംഭരണത്തോടുകൂടി സൗരോർജ്ജ വൈദ്യുതി ഉപയോഗപ്പെടുത്താവുന്ന സംവിധാനമാണ് സോളാർസ്മാർട്ട് പദ്ധതി. വീടുകൾക്ക് 1 കിലോ വാട്ട് മുതൽ 3 കിലോ വാട്ട് വരെയും സ്ഥാപനങ്ങൾക്ക് 1 കിലോ വാട്ട് മുതൽ 5 കിലോ വാട്ട് വരെയും സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകളാണ് ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത്. 1 കിലോവാട്ടിൽ നിന്നും പ്രതിദിനം 3 യൂണിറ്റ് വൈദ്യുതി ലഭിക്കും.

സൗരോർജ്ജ പവർ പ്ലാന്റിൽനിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ. വിതരണ ഗ്രിഡിലേക്ക് നൽകുന്നതാണ് സോളാർ കണക്ട് പദ്ധതി. 2 കിലോ വാട്ട് മുതൽ 500 കിലോ വാട്ട് വരെ സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ ഈ പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കാവുന്നതാണ്.

(ബി) 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പദ്ധതികളിലൂടെ ലക്ഷ്യമിട്ട് ഒന്നാം ഘട്ടമായി 200 മെഗാവാട്ട് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനായി താല്പര്യമുള്ള ഗാർഹിക ഗാർഹികേതര ഉപഭോക്താക്കളിൽനിന്നും അപേക്ഷ ക്ഷണിച്ചതിൻ പ്രകാരം 2.78 ലക്ഷം ഉപഭോക്താക്കൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്തു. ഫീൽഡ് സർവ്വേ പൂർത്തീകരിച്ചു. ഏറ്റവും അനുയോജ്യമായ 42500 പുരപ്പുറങ്ങൾ പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിയുടെ ടെണ്ടർ പ്രമാണങ്ങൾ തയ്യാറാക്കി ബഹുമാനപ്പെട്ട റെഗുലേറ്ററി കമ്മീഷനിൽ സമർപ്പിച്ച് അനുമതി നേടി. 2019 ഡിസംബറോടുകൂടി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 2020 ജനുവരി മുതൽ നിലയങ്ങൾ സ്ഥാപിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

(സി) കേരള സർക്കാരിന്റെ ഊർജ്ജ കേരള മിഷന്റെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ള പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽനിന്നും 500 മെഗാവാട്ട് വൈദ്യുതി 2021-22-ഓടെ ഉത്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി ഗാർഹിക/വ്യാപാര/സർക്കാർ/ഇതര സ്വകാര്യ സ്ഥാപനങ്ങളെയാണ് തെരഞ്ഞെടുക്കുന്നത്.

(ഡി) ഒന്നാം ഘട്ടമായ 200 മെഗാവാട്ട് പദ്ധതിയുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഡിസംബർ 2019-ഓടുകൂടി ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും 2020 ജനവരി മാസം സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഒന്നാം ഘട്ടമായ 200 മെഗാവാട്ട് 2020 ജൂൺ മാസത്തിൽ പൂർത്തീകരിക്കാനും രണ്ടാം ഘട്ടമായ 300 മെഗാവാട്ട് 2021 മേയ് മാസത്തിൽ പൂർത്തീകരിക്കാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## കാസർഗോഡ് ജില്ലയിലെ സോളാർ വൈദ്യുത പ്ലാന്റ്

246 (2524) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ സോളാർ വൈദ്യുത പ്ലാന്റുകളിൽ നിന്നും ഇപ്പോൾ എത്ര യൂണിറ്റ് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എത്ര കോടി രൂപ മുതൽമുടക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള 5 സ്ഥലങ്ങളിലായി ആകെ 335 kWp സോളാർ വൈദ്യുത നിലയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പദ്ധതി പൂർത്തിയാകുമ്പോൾ പ്രതീക്ഷിക്കുന്ന വാർഷിക വൈദ്യുതോത്പാദനം 410844 യൂണിറ്റാണ്.

(ബി) 2,31,87,000 രൂപയാണ് ഇതിന്റെ മുതൽമുടക്ക്.

## സർക്കാർ കെട്ടിടങ്ങൾക്ക് മുകളിൽ സൗരോർജ്ജ പ്ലാന്റ്

247 (2525) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കെട്ടിടങ്ങൾക്കു മുകളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) ഇതിലൂടെ എത്ര യൂണിറ്റ് വൈദ്യുതി ഇതിനകം ഉത്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി കൂടുതൽ വ്യാപിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സർക്കാർ സ്ഥാപനങ്ങളുടെ മേൽക്കൂരയിൽ സോളാർ നിലയം സ്ഥാപിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ. വഴി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സോളാർ വൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

കൂടാതെ അനെർട്ട്, തിരുവനന്തപുരം സ്മാർട്ട് സിറ്റി, കൊച്ചിൻ സ്മാർട്ട് സിറ്റി, ചില പൊതുമേഖല സ്ഥാപനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവർ നേരിട്ടും അല്ലാതെയും സൗരനിലയങ്ങൾ സ്ഥാപിക്കുന്നുണ്ട്. സൗര നിലയത്തിന്റെ ചെലവ് വച്ചുനോക്കുമ്പോൾ സർക്കാർ ഓഫീസുകൾക്ക് ഗ്രിഡ് ബന്ധിത സൗര നിലയങ്ങളാണ് അഭികാമ്യം. അനെർട്ട് പ്രധാനമായും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൺസൽട്ടൻസി-ഡെപ്പോസിറ്റ് വർക്ക് ആയി സൗരനിലയം സ്ഥാപിച്ചു നൽകുന്നുണ്ട്.

(ബി) ആറ്റിങ്ങൽ മുനിസിപ്പാലിറ്റി, നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (NCESS), കുരിയോട്ടുമല ഫാം തുടങ്ങിയ സ്ഥാപനങ്ങളിലായി ആകെ 57.5 കിലോവാട്ടിന്റെ സൗരോർജ്ജ പദ്ധതി 2019 സെപ്റ്റംബറിൽ പൂർത്തീകരിച്ചു. ഒരു ദിവസം ഏകദേശം 4 യൂണിറ്റ് വൈദ്യുതിയാണ് 1 കിലോവാട്ട് സോളാർ പ്ലാന്റിൽ നിന്നും ഉത്പാദിപ്പിക്കാൻ കഴിയുന്നത്.

(സി) കേരള സർക്കാരിന്റെ ഊർജ്ജ കേരള മിഷന്റെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ള സൗരപദ്ധതി വഴി 1000 മെഗാവാട്ട് സൗര നിലയങ്ങൾ സ്ഥാപിക്കാൻ തീരുമാനിച്ചിരിക്കുന്നു.

പദ്ധതിയുടെ ഭാഗമായി നാളിതുവരെ രജിസ്റ്റർ ചെയ്ത സർക്കാർ സ്ഥാപനങ്ങളുടെ മേൽക്കൂരകളിൽ സാധ്യതാ പഠനത്തിനുശേഷം യോഗ്യമായ മേൽക്കൂരകൾ തെരഞ്ഞെടുക്കുകയും മറ്റ് സർക്കാർ സ്ഥാപനങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനായി സാധ്യതാ പഠനം നടത്തിവരികയുമാണ്. 2020 ജനുവരി മുതൽ നിലയങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വീടുകൾക്ക് മുകളിൽ സോളാർ പാനൽ വയ്ക്കുന്ന പദ്ധതി

248 (2526) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അധിക വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന്റെ ഭാഗമായി വീടുകൾക്ക് മുകളിൽ സോളാർ പാനൽ വയ്ക്കുന്ന കെ.എസ്.ഇ.ബി.എൽ.-ന്റെ പദ്ധതി ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കാമോ;

(ബി) പദ്ധതി നടപ്പാക്കുന്നതിന് സഹകരിച്ചുകൊണ്ട് എത്ര വീട്ടുടമസ്ഥർ അപേക്ഷ നൽകി എന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഓരോ ജില്ലയിൽ നിന്നും അപേക്ഷ ലഭിച്ചതിൻ പ്രകാരം എത്ര പേരെ തെരഞ്ഞെടുത്തു എന്ന് അറിയിക്കാമോ;

(സി) പദ്ധതി നടപ്പാക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സം ഉണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ പദ്ധതി എന്നത്തേക്ക് നടപ്പാക്കാനാകും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒന്നാംഘട്ടമായ 200 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത (ഗാർഹിക/ഗാർഹികേതര/സർക്കാർ/സർക്കാർ ഇതര സ്ഥാപനങ്ങൾ) ഉപഭോക്താക്കളുടെ മേൽക്കൂരകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. 2020 ജനുവരി മാസം മുതൽ പ്ലാന്റ് സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) പദ്ധതിയിലേക്ക് രജിസ്റ്റർ ചെയ്ത 2.78 ലക്ഷം ഉപഭോക്താക്കളിൽ നിന്നും (ഗാർഹിക/ഗാർഹികേതര/സർക്കാർ/സർക്കാർ ഇതര സ്ഥാപനങ്ങൾ) സാങ്കേതിക സാധ്യതാപഠനത്തിന് ശേഷം 42500 പുരപ്പുറങ്ങൾ പ്രാഥമികമായി തെരഞ്ഞെടുത്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | രജിസ്റ്റർ ചെയ്ത അപേക്ഷകളുടെ എണ്ണം | അനുയോജ്യമായ തെരഞ്ഞെടുത്ത മേൽക്കൂരകളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 12,976 | 3701 |
| 2 | കൊല്ലം | 16,707 | 2794 |
| 3 | പത്തനംതിട്ട | 7948 | 1378 |
| 4 | ആലപ്പുഴ | 16,910 | 2500 |
| 5 | കോട്ടയം | 13,606 | 2241 |
| 6 | ഇടുക്കി | 11,184 | 870 |
| 7 | എറണാകുളം | 25,981 | 4589 |
| 8 | തൃശ്ശൂർ | 40,163 | 7549 |
| 9 | മലപ്പുറം | 25,955 | 2824 |
| 10 | കോഴിക്കോട് | 20,863 | 2155 |
| 11 | വയനാട് | 20,190 | 959 |
| 12 | പാലക്കാട് | 24,784 | 4680 |
| 13 | കണ്ണൂർ | 22,316 | 3283 |
| 14 | കാസർഗോഡ് | 16,155 | 2935 |

(സി) ഒന്നാംഘട്ടമായ 200 മെഗാവാട്ട് പദ്ധതിയുടെ ടെണ്ടർ നടപടികൾ ഡിസംബർ 2019-ഓടുകൂടി പൂർത്തീകരിക്കുകയും 2020 ജനുവരി മാസം സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഒന്നാം ഘട്ടമായ 200 മെഗാവാട്ട് 2020 ജൂൺ മാസത്തിൽ പൂർത്തീകരിക്കാനും രണ്ടാം ഘട്ടമായ 300 മെഗാവാട്ട് 2021 മേയ് മാസത്തിൽ പൂർത്തീകരിക്കാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## വൈദ്യുതി അനുബന്ധ അപകടങ്ങളിൽ മരണപ്പെട്ടവർ

249 (2527) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷത്തിനിടെ വൈദ്യുതി കമ്പി പൊട്ടി വീഴുന്നതടക്കം വൈദ്യുതി അനുബന്ധ അപകടങ്ങളിൽ മരണപ്പെട്ടവരുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ; അപകടങ്ങളിൽ മരണപ്പെട്ട പൊതു ജനങ്ങൾ, വൈദ്യുതി ബോർഡ് ജീവനക്കാർ എന്നിവരുടെ എണ്ണം എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(ബി) ലൈൻ പൊട്ടി വീഴുന്നതടക്കം വൈദ്യുതി അനുബന്ധ അപകടങ്ങൾ ഇല്ലാതാക്കി ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷയൊരുക്കണമെന്ന 2005- ലെ ഹൈക്കോടതി ഉത്തരവ് നടപ്പാക്കാൻ വൈദ്യുതി ബോർഡിന് കഴിഞ്ഞുവോയെന്ന് വ്യക്തമാക്കുമോ;

(സി) ഇന്ത്യൻ വൈദ്യുതി നിയമം (1956) അനുശാസിക്കുന്ന മുഴുവൻ സുരക്ഷാ നടപടികളും ആറ് മാസത്തിനകം സ്വീകരിക്കുമെന്ന് ഹൈക്കോടതിയിൽ വൈദ്യുതി ബോർഡ് ഉറപ്പ് നൽകിയിട്ട് പതിമൂന്ന് വർഷം കഴിഞ്ഞിട്ടും ഇത്തരത്തിലുള്ള അപകടങ്ങൾ വർദ്ധിച്ചുവരുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇത്തരത്തിലുള്ള അപകടങ്ങൾക്ക് ശാശ്വത പരിഹാരം കാണുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 1-1-2009 മുതൽ നാളിതുവരെ ഉണ്ടായിട്ടുള്ള വൈദ്യുതി അപകടങ്ങളിൽ 1956 പേർക്ക് മരണം സംഭവിച്ചിട്ടുണ്ട്. ടി കാലഘട്ടങ്ങളിലുണ്ടായ അപകടങ്ങളിൽ 1677 പൊതുജനങ്ങൾക്കും (KSEB Ltd-ന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും സംഭവിച്ചിട്ടുള്ള പൊട്ടി വീണ വൈദ്യുതി കമ്പിയിൽ നിന്നുള്ള അപകടങ്ങൾ, അറിവില്ലായ്മ/സൂക്ഷമതക്കുറവ്/സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിനുള്ള വിമുഖത എന്നിവ മുഖാന്തരം പൊതുജനങ്ങൾ അബദ്ധവശാൽ വൈദ്യുതി ലൈനുമായി സമ്പർക്കത്തിൽപ്പെടുന്നത്, ഉപഭോക്താവിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും സംഭവിക്കുന്ന വൈദ്യുതാഘാതം, അനധികൃത പ്രവൃത്തികൾമൂലമുള്ള അപകടങ്ങൾ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്). ജോലിക്കിടയിൽ ഉണ്ടായ അപകടങ്ങളിൽ ബോർഡിലെ സ്ഥിരം ജീവനക്കാരായ 134 പേർക്കും കരാർ തൊഴിലാളികളായ 145 പേർക്കും ജീവഹാനി സംഭവിച്ചിട്ടുള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കുണ്ടായ അപകട മരണങ്ങളിൽ ഏറിയ പങ്കും ഉപഭോക്താവിന്റെ ഉപകരണങ്ങളിൽ നിന്നും വൈദ്യുതാഘാതമേറ്റ് ഉണ്ടായിട്ടുള്ളതാണ്.

(ബി&സി) പത്തനംതിട്ട, പ്രക്കാനം കുളങ്ങരയിൽ ശ്രീ. ബിജി കുളങ്ങര മാത്യു ഫയൽ ചെയ്ത പൊതുജന താല്പര്യ ഹർജിയിൻമേൽ [O.P No.5812 of 2002(S] തീർപ്പു കൽപ്പിച്ചു ബഹുമാനപ്പെട്ട ജസ്റ്റിസ് വി. ബാലി 2006 ജൂൺ 2-നു പുറപ്പെടുവിച്ച ഉത്തരവിൽ, സംസ്ഥാനത്തെ ഇലക്ട്രിക് ലൈനുകളിലുണ്ടാകുന്ന ഷോർട്ട്സർക്യൂട്ട് ആറ് മാസത്തിനുള്ളിൽ പരിഹരിച്ചു കൊള്ളാമെന്നുള്ള കെ.എസ്.ഇ.ബി.എൽ.-ന്റെ ഉറപ്പ് രേഖപ്പെടുത്തുകയാണുണ്ടായത്.

ഇന്ത്യൻ വൈദ്യുതി നിയമം 1956-ൽ, 74 മുതൽ 93 വരെയുള്ള സെക്ഷനുകളിലാണ് ഓവർഹെഡ് ലൈനുകളെക്കുറിച്ചും അവയുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി, ഉപയോഗിക്കുന്ന സാധനങ്ങൾക്ക് അവശ്യം വേണ്ടുന്ന ഗുണനിലവാരത്തെക്കുറിച്ചും ലൈനുകൾ നിർമ്മിക്കുമ്പോൾ പാലിക്കപ്പെടേണ്ട ക്ലിയറൻസ്, ജോയിന്റ്, ഗാർഡിംഗ്, എർത്തിംഗ് തുടങ്ങി സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് പ്രതിപാദിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത നിയമം ഇപ്പോൾ പ്രാബല്യത്തിലില്ല. Central Electricity Authority (Measures relating to Safety and Electric Supply) Regulations, 2010 ആണ് സുരക്ഷയുമായി ബന്ധപ്പെട്ട് നിലവിലുള്ളത്. പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ സംസ്ഥാനത്ത് ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു.

ഇതിൻപ്രകാരം കൂട്ടിമുട്ടാൻ സാധ്യതയുള്ള ലൈനുകൾ പരമാവധി റീ ഷാക്ക്ളിംഗ് നടത്താനും ശക്തി കുറഞ്ഞതും പൊട്ടിവീഴാൻ സാധ്യതയുള്ളതുമായ AAC കമ്പികൾ പൂർണ്ണമായും ഒഴിവാക്കി ACSR കമ്പികൾ സ്ഥാപിക്കുന്നതിനും പഴയ ACSR കണ്ടക്ടർ മാറ്റി പുതിയ ACSR കമ്പികൾ സ്ഥാപിക്കുന്നതിനും കെ.എസ്.ഇ.ബി.എൽ. പ്രത്യേക ശ്രദ്ധ നൽകിയിരുന്നു. കഴിഞ്ഞ പന്ത്രണ്ടു വർഷങ്ങളിലായി 1.51 ലക്ഷം കി.മി ലൈൻ, കെ.എസ്.ഇ.ബി.എൽ. റീ കണ്ടക്ടറിംഗ് നടത്തിക്കഴിഞ്ഞിട്ടുണ്ട്. കൂടാതെ മൺസൂൺ കാലത്ത് മരച്ചില്ലകൾ ഒടിഞ്ഞുവീണ വൈദ്യുതകമ്പികൾ പൊട്ടിവീഴുന്നതു ഒഴിവാക്കാനായി മഴക്കാലത്തിനുമുമ്പെ മരച്ചില്ലകൾ വെട്ടിമാറ്റി അപകട സാധ്യതകൾ പരമാവധി ഒഴിവാക്കാനും ശ്രമിക്കുന്നു. എന്നിരുന്നാലും കാറ്റിലും മഴയിലുംപെട്ട് ചില സ്ഥലങ്ങളിൽ മരങ്ങൾ വീഴുന്നതുമൂലവും അല്ലാതെയും വൈദ്യുതി കമ്പി പൊട്ടി വീഴുമെന്നത് കണക്കിലെടുത്ത്, ആവശ്യമായ സ്ഥലങ്ങളിൽ സ്പേസറുകൾ സ്ഥാപിച്ചുകൊണ്ടും സബ് സ്റ്റേഷനുകളിൽ മെച്ചപ്പെട്ട റിലേകൾ സ്ഥാപിച്ച് വൈദ്യുതി ബന്ധം ഓട്ടോമാറ്റിക്കായി വിച്ഛേദിക്കുന്നതിനുള്ള സംവിധാനം ഹൈടെൻഷൻ ലൈനുകളിൽ ഏർപ്പെടുത്തിക്കൊണ്ടും അപകടം ഒഴിവാക്കാനായി കെ.എസ്.ഇ.ബി.എൽ. ശ്രദ്ധിച്ചുവരുന്നു. ജീവനക്കാർക്കും ജനങ്ങൾക്കും സുരക്ഷ ഉറപ്പുവരുത്തുന്നതിനായുള്ള മാർഗ്ഗങ്ങൾ തീരുമാനിക്കുന്നതിനും അവ നടപ്പിലാക്കുന്നതിനുമായി ചീഫ് എഞ്ചിനീയർ റാങ്കിലുള്ള ഉദ്യോഗസ്ഥനെ ചീഫ് സേഫ്റ്റി കമ്മീഷണറായി കെ.എസ്.ഇ.ബി.എൽ. നിയമിക്കുകയും ചെയ്തിട്ടുണ്ട്.

ലൈനുകളിൽ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതുവഴിയും എബിസി കണ്ടക്ടർ ഉപയോഗിക്കുന്നതുവഴിയും ഗാർഡിംഗ് നിർമ്മിക്കുന്നതുവഴിയും കവേർഡ് കണ്ടക്ടറുകൾ ഉപയോഗിക്കുന്നതുവഴിയും ലൈനുകൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒരു പരിധിവരെ ഒഴിവാക്കാവുന്നതാണ്. ഇവ സ്ഥാപിച്ചുകൊണ്ട്

വൈദ്യുതി എത്തിക്കുന്നത് താരതമ്യേന ചെലവേറിയ പദ്ധതിയായതുകൊണ്ടും ഇത്തരത്തിലുണ്ടാകുന്ന ഭീമമായ ചെലവ് വൈദ്യുതി താരിഫിൽ പ്രതിഫലിക്കുന്നതുകൊണ്ടും ഘട്ടംഘട്ടമായി പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ നടത്താനാണ് കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിരിക്കുന്നത്. എല്ലാ ലോ ടെൻഷൻ ലൈനുകളിലെയും ഓരോ സ്പാനിലും ലൈൻ മൗണ്ടഡ് ഗാർഡിംഗുകൾ സ്ഥാപിക്കാനും ലൈൻ പൊട്ടി വീണുകഴിഞ്ഞാൽ ഭൂമിയുമായി സമ്പർക്കത്തിൽ വരാത്തവിധത്തിൽ സ്പേസറുകൾ സ്ഥാപിക്കാനും ഫീൽഡ് ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്താനും നിർമ്മാണത്തിലെ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് വിതരണ ശൃംഖല ആധുനികവത്കരിക്കാനും കേരള സർക്കാർ പ്രഖ്യാപിച്ച 'ഊർജ്ജ കേരള മിഷൻ.-ൽ' ഉൾപ്പെടുത്തി 'ദ്യുതി 2021' എന്ന പേരിൽ ബൃഹത്തായ വിതരണശൃംഖലാ നവീകരണ പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സുരക്ഷയ്ക്ക് അതീവ പ്രാധാന്യം നൽകുന്ന ദ്യുതി 2021 പദ്ധതിയിൽ ഉൾപ്പെടുത്തി 156.09 കോടി രൂപയുടെ 942.37 കി.മീ. HT എബിസി കണ്ടക്ടറും 240.95 കോടി രൂപയുടെ 2498 കി.മീ. LT എബിസി കണ്ടക്ടറും 242.29 കോടി രൂപയുടെ 1406.516 കി.മീ. ഭൂഗർഭകേബിളുകളും 35.173 കോടി രൂപയുടെ 228.5 കി.മീ. കവേർഡ് കണ്ടക്ടറും സ്ഥാപിക്കാനും 291.255 കോടി രൂപയ്ക്ക് 1968.325 കി.മീ. HT ഓവർഹെഡ് ലൈനുകൾ മാറ്റി എബിസി കണ്ടക്ടറുകൾ സ്ഥാപിക്കാനും തീരുമാനിച്ചിട്ടുണ്ട്.

(ഡി) ലൈൻ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുവാൻ KSEBL താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു:

1. AAC/AAAC കമ്പികളുടെ വാങ്ങൽ 1998 മുതൽ KSEBL നിർത്തിവച്ചു. പകരം പൊട്ടാൻ സാധ്യത ഇല്ലാത്ത ACSR കമ്പികൾ ഉപയോഗിച്ചുവരുന്നു. ദ്രവിച്ച കമ്പികൾ പൊട്ടിയുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ സുരക്ഷയെ മുൻനിർത്തി പി.എം.എസ്.യു. (പ്രോജക്ട് മാനേജ്മെന്റ് സബ് യൂണിറ്റ്) പദ്ധതിയിൽ ഉൾപ്പെടുത്തി മുൻഗണനാ ക്രമത്തിൽ AAC കണ്ടക്ടർ ACSR ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. കമ്പി കൂട്ടിയടിക്കാതിരിക്കാനും പൊട്ടിയാൽപോലും താഴോട്ട് വീഴാതിരിക്കാനും സ്പേസറുകൾ സ്ഥാപിക്കുന്നു.

3. കമ്പിപൊട്ടിയാൽ ഉടൻ അറിയിക്കുവാൻ 9496010101 എന്ന നമ്പറിൽ ബന്ധപ്പെടുവാനുള്ള നിർദ്ദേശം ഓരോ സെക്ഷൻ കാര്യാലയത്തിന്റെ കീഴിലുള്ള 1000 പോസ്റ്റുകളിൽ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു.

4. കേരളത്തിലെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളുമായി ബന്ധപ്പെട്ട് കമ്പികൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ ആധുനിക രീതിയിലുള്ള സുരക്ഷാ സംവിധാനം രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. കൂടുതൽ സെൻസിറ്റീവ് പ്രദേശങ്ങൾ ആയ സ്കൂളുകൾ, ആശുപത്രികൾ, ആരാധനാലയങ്ങൾ തുടങ്ങിയവയുടെ സമീപത്തുള്ള പ്രതിഷ്ഠാപനങ്ങളിലും തുടർന്ന് മറ്റു പ്രദേശങ്ങളിലും സ്പേസർ, ഗാർഡിംഗ് മുതലായവ സ്ഥാപിച്ച് ബാക്കിയുള്ള സ്ഥലങ്ങളിൽ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു.

6. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സുരക്ഷാ വിഭാഗം കുടുംബശ്രീ മിഷൻ ഡയറക്ടറുമായി നടത്തിയ ചർച്ചയുടെ ഭാഗമായി കേരളത്തിലുടനീളമുള്ള കുടുംബശ്രീ യൂണിറ്റുകൾ വഴി ബോധവൽക്കരണ കാമ്പയിന്റെ ഭാഗമായി ജില്ലാ കുടുംബശ്രീ മിഷൻ കോഡിനേറ്ററുമായും ഇലക്ട്രിക്കൽ ഇൻസ്പെക്ടറുമായും ചീഫ് സേഫ്റ്റി ഓഫീസർ ബന്ധപ്പെട്ട് സെക്ഷൻ തലത്തിൽ കുടുംബശ്രീയിലെ അംഗങ്ങൾക്ക് സുരക്ഷാ പരിശീലന ക്ലാസ്സുകൾ നടത്തിവരുന്നു.

7. വൈദ്യുതി ഉപഭോക്താക്കളെയും പൊതുജനങ്ങളെയും വൈദ്യുതി സുരക്ഷയെക്കുറിച്ച് ബോധവത്കരിക്കുന്നതിനുള്ള വിവിധ പരിപാടികൾ ഫീൽഡ് ഓഫീസുകൾ വഴി തുടർച്ചയായി നടത്തിവരുന്നു.

പൊതുജനങ്ങളുടെയും കുട്ടികളുടെയും വൈദ്യുതി സംബന്ധമായ സുരക്ഷാവബോധം ഉയർത്തുന്നതിനായി വിവിധ പരിപാടികൾ നടത്തിവരുന്നു. ഡോക്യുമെന്ററികൾ, ന്യൂസ് ക്ലിപ്പിംഗ്സ്, സുരക്ഷാവബോധ പരസ്യങ്ങൾ, ദൃശ്യ/ശ്രാവ്യ/പത്രമാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണം എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ കുറ്റമറ്റ രീതിയിൽ ലൈനുകളുടെ നിർമ്മാണം നടത്തുക, പൊട്ടിവീഴാൻ സാധ്യതയുള്ള അലുമിനിയം കമ്പികൾ മാറ്റുക, സ്വയം വൈദ്യുത ബന്ധം വിച്ഛേദിക്കുന്നതിനുള്ള ആധുനിക സംവിധാനം കുറ്റമറ്റ രീതിയിലാക്കുക തുടങ്ങിയ വിവിധ സാങ്കേതികവും പൊതുജനസമ്പർക്കപരവുമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. LT, HT വിതരണ ലൈനുകളിൽ ഇപ്പോൾ തന്നെ പല സ്ഥലങ്ങളിലും സുരക്ഷയെ മുൻനിർത്തി ഏരിയൽ ബഞ്ച്ഡ് കേബിളുകളും ഭൂഗർഭ കേബിളുകളും ഉപയോഗിക്കുന്നുണ്ട്.

കമ്പി പൊട്ടി വീഴുന്നതുപോലുള്ള അത്യാവശ്യ ഘട്ടങ്ങളിൽ പൊതുജനങ്ങൾക്കു നേരിട്ട് വിളിച്ചറിയിക്കുന്നതിന് " 9496010101 " എന്ന

നമ്പറിലെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഏതു പരാതിയും നേരിട്ടു അറിയിക്കുന്നതിന് " 1912 " എന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രം 24 മണിക്കൂറും 365 ദിവസവും പ്രവർത്തിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് വൈദ്യുതി സുരക്ഷയെക്കുറിച്ചുള്ള കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കുന്നതിനായി സംസ്ഥാനത്തെ പ്രധാനപ്പെട്ട പ്രാദേശിക ഉത്സവസമയങ്ങളിലും മറ്റു പ്രധാന പരിപാടികളോടനുബന്ധിച്ചും സുരക്ഷാ ബോധവൽക്കരണ പ്രദർശനം സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ സ്കൂൾ വർഷത്തിൽ സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന നെയിം സ്ലിപ്പുകൾ സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്.

കൂടാതെ എല്ലാ വർഷവും മേയ് ആദ്യവാരം 'വൈദ്യുതി സുരക്ഷാ വാരം' ആചരിക്കുന്നതിന്റെ ഭാഗമായി വൈദ്യുതി സുരക്ഷയെ മുൻനിർത്തി താഴെപ്പറയുന്ന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

1. എഫ്.എം. റേഡിയോ ചാനലുകളിലൂടെ വൈദ്യുതി സുരക്ഷാ സന്ദേശങ്ങൾ പ്രചരിപ്പിക്കുക.
2. വൈദ്യുതി സുരക്ഷാ റോഡ് ഷോകൾ സംഘടിപ്പിക്കുക.
3. പൊതുസ്ഥലങ്ങളിൽ സുരക്ഷാ ബ്രോഷറുകളും കാർട്ടൂണുകളും വിതരണം ചെയ്യുക.
4. സെക്ഷൻ ഓഫീസുകളിലും ക്യാഷ് കൗണ്ടറുകൾക്ക് മുന്നിലും സുരക്ഷാ സന്ദേശങ്ങൾ പ്രചരിപ്പിക്കുക.
5. പൊതുജനങ്ങൾക്കും പ്രത്യേകിച്ച് ഫാബ്രിക്കേഷൻ, വെൽഡിംഗ് ജോലിക്കാർക്കും എർത്ത് ലീക്കേജ് സർക്യൂട്ട് ബ്രേയ്ക്കറുകളെക്കുറിച്ച് അവബോധം നൽകുക.

**കെ.എസ്.ഇ.ബി.എൽ.-ന്റെ പുതിയ സെക്ഷൻ ഓഫീസുകൾ**

250 (2528) ശ്രീ. പി .ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-ന്റെ പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കോഴിക്കോട് ജില്ലയിലെ പുവാട്ടുപറമ്പ ആസ്ഥാനമായി പുതിയ ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) നിലവിലുള്ള സെക്ഷൻ ഓഫീസുകളുടെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. ആധുനിക സാങ്കേതിക വിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണ സാധ്യതകളും ബോർഡ് പരിശോധിച്ചുവരികയാണ്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് കോഴിക്കോട് ജില്ലയിലെ പൂവാട്ടുപറമ്പ ആസ്ഥാനമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## വിളയൂരിൽ കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസ്

251 (2529) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെ വിളയൂരിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലായെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത സെക്ഷൻ ഓഫീസ് ഈ വർഷം തന്നെ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുമോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) 24-2-2016-ലെ ഉത്തരവ് പ്രകാരം പുതിയതായി അനുവദിക്കുന്ന സെക്ഷനോഫീസുകളുടെ പ്രവർത്തനം കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭ്യമാകുകയോ അല്ലെങ്കിൽ വാടകരഹിത കെട്ടിടം ലഭിക്കുകയോ ചെയ്യുന്ന മുറയ്ക്ക് ആരംഭിക്കുവാനാണ് ബോർഡ് തീരുമാനം.

വിളയൂരിൽ അനുവദിച്ച സെക്ഷനോഫീസിന് കെട്ടിടം പണിയുന്നതിന് 10 സെന്റ് ഭൂമി സർക്കാർ അനുമതിക്ക് വിധേയമായി കൈമാറി നൽകാമെന്ന് വിളയൂർ ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ മേൽ ഭൂമി ഏറ്റെടുക്കുന്നതിന് 18-10-2019-ൽ ബോർഡ് തത്വത്തിൽ അനുമതി നൽകിയിരുന്നു. ഭൂമി ലഭിക്കുന്ന മുറയ്ക്ക് സെക്ഷനോഫീസ് പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## മുണ്ടക്കുളത്ത് വൈദ്യുതി വകുപ്പിന്റെ സെക്ഷൻ ഓഫീസ്

252 (2530) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ മുണ്ടക്കുളത്ത് വൈദ്യുതി വകുപ്പിന്റെ സെക്ഷൻ ഓഫീസ് തുടങ്ങുന്നതിന് അനുമതി നൽകിയിട്ടും ഇതുവരെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓഫീസിന് വേണ്ടി മുതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സാംസ്കാരിക കേന്ദ്രം വിട്ടുനൽകാൻ തയ്യാറായി വൈദ്യുതി വകുപ്പിന് കത്ത് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) എങ്കിൽ മുണ്ടക്കുളത്ത് സെക്ഷൻ ഓഫീസ് തുടങ്ങുന്നതിന് ഇനി എന്ത് തടസ്സമാണുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) 24-2-2016-ലെ ബോർഡ് ഉത്തരവുപ്രകാരം പുതുതായി അനുവദിച്ച സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനം കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുകയോ അല്ലെങ്കിൽ വാടകരഹിത കെട്ടിടം ലഭിക്കുകയോ ചെയ്യുന്ന മുറയ്ക്ക് ആരംഭിക്കുവാനായിരുന്നു ബോർഡ് തീരുമാനം.

എന്നാൽ മുണ്ടക്കുളം സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനു മുതുവല്ലൂർ പഞ്ചായത്ത് കണ്ടെത്തിയ സാംസ്കാരിക കേന്ദ്രം, മുതുവല്ലൂർ പഞ്ചായത്ത് സെക്രട്ടറി വാടകരഹിതം എന്ന് ആദ്യം പറഞ്ഞുവെങ്കിലും, തദ്ദേശസ്വയംഭരണ വകുപ്പിന്റെ 19-1-2017-ലെ ഉത്തരവ് പ്രകാരം പൊതുമരാമത്ത് നിശ്ചയിച്ചിരിക്കുന്ന വാടക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 8 മാസത്തേക്ക് മാത്രമേ നല്കുന്നതിന് അനുവാദം ലഭിച്ചിരുന്നുള്ളൂ.

സെക്ഷൻ ഓഫീസ് പ്രവർത്തിക്കാൻ അനുയോജ്യമായ വാടകരഹിത കെട്ടിടമോ, കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് സൗജന്യ സ്ഥലമോ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ <u>മുണ്ടക്കുളത്തു</u> കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

## കുമളി സബ് സ്റ്റേഷൻ

253 (2531) ശ്രീമതി ഇ. എസ്. ബിജിമോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് നിയോജകമണ്ഡലത്തിൽ പുതുതായി കമ്മീഷൻ ചെയ്ത കെ.എസ്.ഇ.ബി.എൽ. കുമളി സബ് സ്റ്റേഷൻ ലക്ഷ്യം വച്ചിരുന്ന എല്ലാ പ്രദേശത്തും സബ് സ്റ്റേഷനിൽ നിന്നുള്ള വിതരണശൃംഖല സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) സബ് സ്റ്റേഷൻ പരിധിയിൽ ഗുണമേന്മയുള്ള വൈദ്യുതി ഇനിയും ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടില്ലാത്ത പ്രദേശങ്ങൾ നിലവിലുണ്ടോ;

(സി) എങ്കിൽ ഈ പ്രശ്നം പരിഹരിക്കുവാൻ എത്ര കാലമെടുക്കും; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ-സി) ഉണ്ട്. കുമളി 33 KV സബ്സ്റ്റേഷനിൽ നിന്നും അമ്പാടി, ചെങ്കര, ആനവിലാസം, അണക്കര എന്നീ 4 11KV ഫീഡറുകളാണ് നിർമ്മിച്ചിട്ടുള്ളത്. അണക്കര ഫീഡറിനായി കുമളി സബ് സ്റ്റേഷനിൽ നിന്നും യു.ജി കേബിൾ വലിക്കുന്നതിനുള്ള ജോലികൾ ആരംഭിച്ചിരുന്നുവെങ്കിലും PWD തടസ്സവാദം ഉന്നയിച്ചതിനാൽ OH ലൈൻ വലിച്ചാണ് ടി ഫീഡർ ഉപയോഗിക്കുന്നത്.

അമ്പാടി, ചെങ്കര, ആനവിലാസം ഫീഡറുകൾ കുമളി സെക്ഷൻ ഓഫീസിന്റെ മാത്രം പരിധിയിൽപ്പെട്ട സ്ഥലങ്ങളിൽ വൈദ്യുതി നൽകുവാനും അണക്കര ഫീഡർ, കുമളി, അണക്കര എന്നീ 2 സെക്ഷൻ ഓഫീസുകളിൽപ്പെട്ട സ്ഥലങ്ങളിൽ വൈദ്യുതി നൽകുവാനും വേണ്ടിയാണ് ഉപയോഗിക്കുന്നത്. അമ്പാടി ഫീഡർ, കുമളി ടൗൺ, തേക്കടി തുടങ്ങിയ പ്രദേശങ്ങളിലും ആനവിലാസം ഫീഡർ, ആനവിലാസം, പത്തുമുറി ഭാഗങ്ങളിലും ചെങ്കര ഫീഡർ, മുറിക്കടി, ചെങ്കര ഭാഗങ്ങളിലും അണക്കര ഫീഡർ, രണ്ടാം മൈൽ, മൂന്നാം മൈൽ, നാലാം മൈൽ, അണക്കര സെക്ഷൻ എന്നിവിടങ്ങളിലേക്കും വൈദ്യുതി എത്തിക്കുന്നു.

നിലവിൽ 33KV സബ് സ്റ്റേഷൻ വന്നതിനുശേഷം, ടി സബ് സ്റ്റേഷൻ പരിധിയിൽപ്പെട്ട എല്ലാ പ്രദേശങ്ങളിലും വോൾട്ടേജ് ഇംപ്രൂവ്മെന്റ് ഉണ്ടായിട്ടുണ്ട്.

## പാറശ്ശാല മണ്ഡലത്തിൽ സബ് സ്റ്റേഷനും സെക്ഷൻ ആഫീസും

254 (2532) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത് കേന്ദ്രമാക്കി ഒരു ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ ആരംഭിക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഒറ്റശേഖരമംഗലം, ആര്യൻകോട് പഞ്ചായത്തുകളിലെ ഉപഭോക്താക്കളുടെ സൗകര്യപ്രകാരം ആര്യൻകോട് കേന്ദ്രമായി ഒരു ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) പാറശ്ശാല മണ്ഡലത്തിലെ ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത് കേന്ദ്രമാക്കി ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുവാനുള്ള ശ്രമങ്ങൾ ഇതുവരെ ഫലവത്തായിട്ടില്ല. ശ്രമം തുടർന്നുവരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഒറ്റശേഖലമംഗലം, ആര്യൻകോട് പഞ്ചായത്തുകളിലെ ഉപഭോക്താക്കളുടെ സൗകര്യപ്രകാരം ആര്യൻകോട് കേന്ദ്രമായി ഒരു ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ് സ്ഥാപിക്കുന്ന കാര്യം ബോർഡ് പരിശോധിച്ചിരുന്നു. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ആഫീസ് സ്ഥാപിക്കുന്ന കാര്യം പ്രായോഗികമല്ല. ആധുനിക സാങ്കേതിക വിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനുംവേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണ സാധ്യതകളും ബോർഡ് പരിശോധിച്ചുവരികയാണ്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് ആര്യൻകോട് കേന്ദ്രമായി പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി കസ്റ്റമർ കെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനും നിലവിലുള്ള സെക്ഷൻ ഓഫീസുകൾ പുനഃക്രമീകരിച്ച് സേവനം മെച്ചപ്പെടുത്തുന്നതിനുമാണ് ബോർഡ് മുൻഗണന നൽകുന്നത്. അതോടൊപ്പം ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള സംവിധാനങ്ങളും നടപ്പിലാക്കിവരുന്നു.

## ഇന്ത്യാനൂർ ആസ്ഥാനമായി പുതിയ സെക്ഷൻ

255 (2533) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ കെ.എസ്.ഇ.ബി.എൽ. സെക്ഷൻ വിഭജിച്ച് ഇന്ത്യാനൂർ ആസ്ഥാനമായി പുതിയ സെക്ഷൻ ആരംഭിക്കണമെന്നത് സംബന്ധിച്ച എന്തെങ്കിലും പ്രൊപ്പോസൽ നിലവിൽ വൈദ്യുതി ബോർഡിൽ ഉണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇന്ത്യാനൂർ ആസ്ഥാനമായി സെക്ഷൻ ആരംഭിക്കണമെന്നത് സംബന്ധിച്ച് വൈദ്യുതി ബോർഡ് എടുത്ത നടപടികൾ അറിയിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. കോട്ടയ്ക്കൽ ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് ഇന്ത്യാനൂർ ആസ്ഥാനമാക്കി പുതിയ സെക്ഷൻ ആരംഭിക്കുന്നതിന് ബോർഡ് അനുമതി നൽകിയിട്ടുണ്ട്. ആയതുപ്രകാരം പുതിയതായി അനുവദിക്കുന്ന സെക്ഷനോഫീസുകളുടെ പ്രവർത്തനം കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭ്യമാകുകയോ അല്ലെങ്കിൽ വാടകരഹിത കെട്ടിടം ലഭിക്കുകയോ ചെയ്യുന്ന മുറയ്ക്ക് ആരംഭിക്കുവാനാണ് ബോർഡ് തീരുമാനം. സൗജന്യമായി സ്ഥലമോ കെട്ടിടമോ ലഭ്യമാകുന്ന മുറയ്ക്ക് സെക്ഷനോഫീസ് പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## ചെങ്ങന്നൂരിലെ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സാധ്യതാപഠനം

256 (2534) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെങ്ങന്നൂർ മണ്ഡലത്തിലെ കല്ലിശ്ശേരി കേന്ദ്രമാക്കി ഒരു സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സാധ്യതാപഠനം വകുപ്പ് തലത്തിൽ നടത്തിയതിന്റെ പുരോഗതി വിശദമാക്കാമോ ?

ഉത്തരം

ചെങ്ങന്നൂർ മണ്ഡലത്തിലെ കല്ലിശ്ശേരി കേന്ദ്രമാക്കി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സാധ്യതാപഠനം നിലവിൽ നടക്കുന്നില്ല. എന്നാൽ കല്ലിശ്ശേരിയുടെ സമീപസ്ഥലമായ തിരുവൻവണ്ടൂരിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി സാധ്യതാ പഠനം നടത്തിയിരുന്നു. എന്നാൽ ആദ്യം

കണ്ടെത്തിയ സ്ഥലത്ത് സബ്സ്റ്റേഷൻ സ്ഥാപിക്കുന്നത് പ്രയോജനകരമല്ല എന്നാണ് ബോർഡിന്റെ പവർ സിസ്റ്റം എഞ്ചിനീയറിംഗ് വിഭാഗം സാങ്കേതിക പഠനം നടത്തിയപ്പോൾ കണ്ടെത്തിയത്. ഇതിന്റെ അടിസ്ഥാനത്തിൽ സബ്സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമായ മറ്റൊരു സ്ഥലത്തിനായുള്ള അന്വേഷണം ഊർജ്ജസ്വലമായി നടത്തിവരുന്നു. ഇതിനകം കണ്ടെത്തിയ രണ്ടുമൂന്നു സ്ഥലങ്ങളുടെ ഉടമകളുമായി ചർച്ചകൾ നടത്തിവരുന്നു.

## തൊഴുക്കൽ 110 കെ.വി. സബ്സ്റ്റേഷൻ

257 (2535) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര തൊഴുക്കലിൽ സ്ഥാപിക്കുന്ന 110 കെ.വി. സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; നിലവിൽ ഏതെങ്കിലും പ്രവൃത്തി പൂർത്തീകരിക്കാൻ ഉണ്ടോയെന്ന് വിശദമാക്കാമോ;

(ബി) തൊഴുക്കൽ 110 കെ.വി. സബ്സ്റ്റേഷൻ പ്രവൃത്തി പൂർത്തീകരിക്കാൻ എത്ര കോടി രൂപയാണ് വേണ്ടത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണം പൂർത്തീകരിക്കുമ്പോൾ വൈദ്യുതിയുടെ പ്രയോജനം ഏതൊക്കെ പ്രദേശത്താണ് ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര തൊഴുക്കലിൽ പ്രവർത്തിച്ചുവരുന്ന 66 കെ.വി. സബ്സ്റ്റേഷൻ 2019 ഏപ്രിലിൽ 110 കെ.വി.യായി ഉയർത്തിയിട്ടുണ്ട്. സബ്സ്റ്റേഷന്റെ മൊത്തം ശേഷി ആഗസ്റ്റ് 2019 മുതൽ 25 എം.വി.എ. (25 MVA) ആണ് (12.5 എം.വി.എ. ശേഷിയുള്ള രണ്ട് ട്രാൻസ്ഫോർമറുകൾ). താഴെപ്പറയുന്ന തുടർപ്രവൃത്തികൾ നടന്നുവരുന്നു.

(i) 12.5 എം.വി.എ. ശേഷിയുള്ള മൂന്നാമത്തെ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി.

(ii) സബ്സ്റ്റേഷനുള്ളിലെ റോഡിന്റെ ടാറിംഗ്.

(ബി) തൊഴുക്കൽ 110 കെ.വി സബ്സ്റ്റേഷന്റെ നിർമ്മാണവും പാറശ്ശാല മുതൽ നെയ്യാറ്റിൻകര വരെയുള്ള 66 കെ.വി. ലൈൻ 110 കെ.വി. ആയി ഉയർത്തുന്നതും ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കുള്ള അടങ്കൽ തുക 20 കോടി രൂപയാണ്.

(സി) തൊഴുക്കൽ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തീകരിക്കുമ്പോൾ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി, പെരുങ്കടവിള, കൊല്ലയിൽ, ചെങ്കൽ, കാരോട്, തിരുപുറം, കോട്ടുകാൽ എന്നീ പഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്.

## കെ.എസ്.ഇ.ബി.എൽ.-ലെ അസിസ്റ്റന്റ് എഞ്ചിനീയർ, സബ് എഞ്ചിനീയർ തസ്തികകളിലെ ഒഴിവുകൾ

258 (2536) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി.എൽ.-ലെ അസിസ്റ്റന്റ് എഞ്ചിനീയർ, സബ് എഞ്ചിനീയർ തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇവ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

കെ.എസ്.ഇ.ബി. ലിമിറ്റഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ, സബ് എഞ്ചിനീയർ തസ്തികകളിൽ കണക്കാക്കിയിട്ടുള്ള നിലവിലെ ഒഴിവുകളുടെ എണ്ണവും ഇവ നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങളും തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു:

1. അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)

നേരിട്ട് നിയമനമുള്ള അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) 40% KPSC ക്വാട്ടയിൽ നിലവിൽ 21 ഒഴിവുകളുണ്ട്. ഇതിൽ 4 എണ്ണം KPSC-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 17 ഒഴിവുകൾ KPSC-ക്ക് റിപ്പോർട്ട് ചെയ്യുവാനുള്ള നടപടികൾ പുരോഗമിക്കുന്നു.

10% PSC ഇൻ സർവ്വീസ് ക്വാട്ടയിൽ 3 ഒഴിവുകളുണ്ട്. ഈ ഒഴിവുകൾ KPSC-ക്ക് റിപ്പോർട്ട് ചെയ്യുവാനുള്ള നടപടികൾ പുരോഗമിക്കുന്നു.

ഈ തസ്തികയിൽ നിലവിൽ ജീവനക്കാരുടെ 20%, 30% പ്രൊമോഷൻ ക്വാട്ടയിൽ 242 ഒഴിവുകളുണ്ട്. ഇത് നിരവധി കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ടതിനാൽ പ്രൊമോഷൻ നൽകി നികത്തുവാൻ സാധിച്ചിട്ടില്ല. വ്യവഹാരങ്ങളിലെ തീർപ്പുകൾക്കനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

2. അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)

നേരിട്ട് നിയമനമുള്ള അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) 40% പി.എസ്.സി. ക്വാട്ടയിൽ 65 ഒഴിവുകൾ നിലവിലുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡ് നിലവിൽ നടപ്പിലാക്കിവരുന്നതും സമീപഭാവിയിൽ വിഭാവന ചെയ്തിരിക്കുന്നതുമായ പദ്ധതികളുടെ ആവശ്യകത പരിഗണിച്ച് ഈ വിഭാഗത്തിൽ 35 ഒഴിവുകൾ കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

10% പി.എസ്.സി. ഇൻ സർവ്വീസ് ക്വാട്ടയിൽ ഒഴിവുകളൊന്നും തന്നെ നിലവിലില്ല.

ഈ തസ്തികയിൽ നിലവിൽ ജീവനക്കാരുടെ 30% ഡിപ്ലോമ പ്രൊമോഷൻ ക്വാട്ടയിൽ ഒരൊഴിവുണ്ട്. ഇത് നികത്തുവാനുള്ള നടപടികൾ താമസംവിനാ ആരംഭിക്കുന്നതാണ്.

20% ഐ.റ്റി.ഐ. ക്വാട്ടയിൽ പ്രൊമോഷൻ വഴി നികത്തേണ്ട 58 ഒഴിവുകളുണ്ട്. എന്നാൽ സീനിയോറിറ്റി പ്രൊട്ടക്ഷൻ ക്ലോസ് പ്രകാരം സീനിയറായ ഡിപ്ലോമ ഉള്ള ജീവനക്കാർക്ക് പ്രൊമോഷൻ ലഭിച്ചിട്ടില്ലാത്തതിനാൽ ഈ ഒഴിവുകൾ നികത്തുവാൻ സാധിച്ചിട്ടില്ല.

3. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)

നേരിട്ട് നിയമനമുള്ള സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) 30% പി.എസ്.സി. ക്വാട്ടയിൽ നിലവിൽ ഒഴിവുകളൊന്നും തന്നെയില്ല.

ഈ തസ്തികയിൽ പി.എസ്.സി. വഴിയുള്ള 10% ഇൻ സർവ്വീസ് ക്വാട്ടയിൽ നിലവിൽ 34 ഒഴിവുകളുണ്ട്. ഇതിലേക്ക് പരിഗണിക്കേണ്ട യോഗ്യതകൾ കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റി റെഗുലേഷൻസ്-2010-ന്റെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച് പുതിയ സ്പെഷ്യൽ റൂൾസ് കെ.എസ്.ഇ.ബി.എൽ.-ൽ രൂപവത്കരിച്ചുകൊണ്ടിരിക്കുകയാണ്. ആയത് നടപ്പിലാക്കുന്ന മുറയ്ക്ക് കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

ഈ തസ്തികയിൽ നിലവിൽ ജീവനക്കാരുടെ 40% പ്രൊമോഷൻ (മീറ്റർ റീഡറിൽ നിന്നും) ക്വാട്ടയിൽ 148 ഒഴിവുകളുണ്ട്. 20% പ്രൊമോഷൻ [ഓവർസീയർ (ഇലക്ട്രിക്കൽ)നിന്നും] ക്വാട്ടയിൽ നിലവിൽ 74 ഒഴിവുകളുണ്ട്. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം ITI സർട്ടിഫിക്കറ്റുള്ളവരെ സബ് എഞ്ചിനീയറായി പ്രൊമോട്ട് ചെയ്യുന്നതിൽ നിന്നും കെ.എസ്.ഇ.ബി.ലിമിറ്റഡി-നെ വിലക്കിയിട്ടുണ്ട്. ഈ ക്വാട്ടകളിലെ പ്രൊമോഷൻ ഒഴിവുകൾ നികത്തുവാൻ ഇപ്പോൾ സാധിക്കുന്നില്ല.

4. സബ് എഞ്ചിനീയർ (സിവിൽ)

നേരിട്ട് നിയമനമുള്ള സബ് എഞ്ചിനീയർ (സിവിൽ) 30% പി.എസ്.സി ക്വാട്ടയിൽ ഒഴിവുകളൊന്നും തന്നെ നിലവിലില്ല.

10% പി.എസ്.സി ഇൻസർവ്വീസ് ക്വാട്ടയിൽ 32 ഒഴിവുകളുണ്ട്. പ്രസ്തുത ഒഴിവുകൾ ആവശ്യകത അനുസരിച്ച് കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സബ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ നിലവിൽ ജീവനക്കാരുടെ 60% പ്രൊമോഷൻ ക്വാട്ടയിൽ 187 ഒഴിവുകളുണ്ട്. ഇത് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ആലപ്പാട്-പുള്ള്-മനക്കുടി-ശാസ്താംകടവ് റോഡിൽ തെരുവ് വിളക്ക്

259 (2537) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാട്ടിക മണ്ഡലത്തിലെ പാറളം ഗ്രാമപഞ്ചായത്തിലെ ആലപ്പാട്- പുള്ള്- മനക്കുടി-ശാസ്താംകടവ് റോഡിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് 5-2-2019-ൽ നൽകിയ നിവേദനത്തിന്മേൽ (റഫ: നമ്പർ 544/VIP/Min(Ele)2019) സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

നാട്ടിക മണ്ഡലത്തിലെ ആലപ്പാട്-പുള്ള്-മനക്കുടി-ശാസ്താംകടവ് റോഡിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രസ്തുത നിവേദനം തുടർനടപടികൾക്കായി തൃശ്ശൂർ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്കു കൈമാറിയിട്ടുണ്ട്.

ഫീൽഡുതലത്തിൽ നിന്നുള്ള റിപ്പോർട്ട് അനുസരിച്ചു ആലപ്പാട് മുതൽ പുള്ള് പാലം വരെയുള്ള ഏകദേശം 3 കി.മി. ദൂരം നിലവിൽ തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളതും, ടി ഭാഗങ്ങളിൽ തെരുവുവിളക്കുകൾ കത്തിച്ചു വരുന്നതുമാണ്. എന്നാൽ പുള്ള് പാലം മുതൽ ശാസ്താംകടവ് വരെയുള്ള ഏകദേശം 1.25 കി.മി. ദൂരം തെരുവുവിളക്കുകൾ ഭാഗികമായി മാത്രമാണുള്ളത്.

അതാതു പ്രദേശത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണസമിതിയാണ് തെരുവുവിളക്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച തീരുമാനങ്ങൾ എടുക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ തീരുമാനം കെ.എസ്.ഇ.ബി.എൽ.-ന് ലഭ്യമാകുമ്പോഴാണ് തെരുവുവിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതി കെ.എസ്.ഇ.ബി.എൽ. ഏറ്റെടുത്ത് നടത്തുന്നത്. എന്നാൽ ഈ പ്രദേശങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കണമെന്ന തീരുമാനം, പ്രസ്തുത പ്രദേശത്തെ തദ്ദേശഭരണ സ്ഥാപനങ്ങളായ അരിമ്പൂർ, പാറളം ഗ്രാമപഞ്ചായത്തുകളിൽ നിന്നും നാളിതുവരെയും കെ.എസ്.ഇ.ബി.എൽ.-ന് ലഭിച്ചിട്ടില്ല. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ, ടി പ്രദേശത്ത് തെരുവുവിളക്കുകൾക്ക് വേണ്ട ലൈൻ വലിക്കുന്നതിനും തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനും ആവശ്യമായ പഞ്ചായത്ത് തീരുമാനം ലഭ്യമാക്കണമെന്ന് അരിമ്പൂർ, പാറളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെ അറിയിച്ചിട്ടുണ്ട്.

## മറിപ്പുഴ (കുണ്ടൻതോട്) ജലവൈദ്യുത പദ്ധതി

260 (2538) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ മറിപ്പുഴ (കുണ്ടൻതോട്) ജല വൈദ്യുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചാലിയാർ നദീതടത്തിലെ ഇരുവഞ്ഞിപ്പുഴയിലെ വെള്ളം ഉപയോഗിച്ച് പ്രതിവർഷം ശരാശരി 15.31 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനാണ് മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതിയുടെ പ്രതീക്ഷിക്കുന്ന ചെലവ് 80.9361 കോടി രൂപയാണ്. പദ്ധതിക്ക് സർക്കാരിന്റെയും ബോർഡിന്റെയും ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(ബി) പദ്ധതിക്കാവശ്യമായ 6.0895 ഹെക്ടർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

(സി) സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾക്കുവേണ്ട ദർഘാസ് നടപടികൾ ആരംഭിക്കുന്നതാണ്.

## ഹരിപ്പാട് മണ്ഡലത്തിലെ കെ.എസ്.ഇ.ബി.എൽ. പദ്ധതികൾ

261 (2539) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. പ്രാദേശിക വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഹരിപ്പാട് മണ്ഡലത്തിൽ കെ.എസ്.ഇ.ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത പ്രോജക്ടുകളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഹരിപ്പാട് മണ്ഡലത്തിൽ, എം.എൽ.എ.-യുടെ 2019-20 വർഷത്തെ പ്രാദേശിക വികസന ഫണ്ടിൽ ഉൾപ്പെടുത്തി കെ.എസ്.ഇ.ബി.എൽ മുഖേന നടപ്പിലാക്കുന്ന പദ്ധതികളും അവയുടെ നിലവിലുള്ള സ്ഥിതിയും ചുവടെ ചേർക്കുന്നു:

| നമ്പർ | പദ്ധതി | എസ്റ്റിമേറ്റ് തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | പടിഞ്ഞാറെ പറമ്പിക്കര പാടശേഖരത്തിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള പ്രവൃത്തി | 63,000 | പ്രവൃത്തിക്ക് അനുമതി നൽകിയെങ്കിലും ഉയർന്ന ജലവിതാനംമൂലം പ്രവൃത്തിക്ക് തടസ്സം നേരിടുന്നു. |
| 2 | സങ്കേതുംകടവ് പാടശേഖരത്തിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള പ്രവൃത്തി | 1,15,000 | പ്രവൃത്തി ആരംഭിച്ച് പോസ്റ്റ് സ്ഥാപിച്ചെങ്കിലും പ്രകൃതിക്ഷോഭവും വെള്ളപ്പൊക്കവുംമൂലം, പോസ്റ്റുകൾ മറിഞ്ഞുവീണു. |
| 3 | കുരീത്തറ കഴുന്നക്കാട പാടശേഖരത്തിൽ വൈദ്യുതികണക്ഷൻ നൽകുന്നതിനുള്ള പ്രവൃത്തി | 96,297 | സമ്മത തർക്കം ഉള്ളതിനാൽ ആലപ്പുഴ എ.ഡി.എം.-നു പരാതി സമർപ്പിച്ചിട്ടുള്ളതും പ്രസ്തുത കേസിന്റെ ഹിയറിംഗ് 13-11-2019-നു നിശ്ചയിച്ചിട്ടുള്ളതുമാകുന്നു . |

## പാലക്കുന്ന്-ചെമ്പ്രകാനം-കയ്യൂർ റോഡിലെ ഇലക്ട്രിക് പോസ്റ്റുകൾ

262 (2540) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പിലാക്കോട് കെ.എസ്.ഇ.ബി. സബ് ഡിവിഷന്റെ പരിധിയിലുള്ള പാലക്കുന്ന്-ചെമ്പ്രകാനം-കയ്യൂർ പി.ഡബ്ല്യൂ.ഡി. റോഡിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാൻ തുക ഒടുക്കി മാസങ്ങൾ കഴിഞ്ഞിട്ടും പോസ്റ്റുകൾ മാറ്റാൻ വൈകുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) റോഡ് പ്രവൃത്തിക്ക് തടസ്സം നേരിടുന്നതിനാൽ എപ്പോൾ ഇത് മാറ്റി സ്ഥാപിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയിലെ പിലാക്കോട് കെ.എസ്.ഇ.ബി.എൽ. സബ് ഡിവിഷന്റെ പരിധിയിലുള്ള പാലക്കുന്ന്-ചെമ്പ്രകാനം-കയ്യൂർ PWD റോഡിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാൻ 30-8-2019-ൽ തുക ഒടുക്കിയെങ്കിലും ഇ-ടെണ്ടർ നടപടികൾ പൂർത്തീകരിച്ച ടെണ്ടർ വിളിച്ചത് 29-10-2019-ലും ടെണ്ടർ തുറക്കുന്ന തീയതി 14-11-2019-ലുമാണ്. ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ടി പ്രവൃത്തി ആരംഭിച്ച് മൂന്ന് മാസത്തിനകം പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## സഹകരണ ബാങ്കുകളിലൂടെ കെ.എസ്.ആർ.ടി.സി. പെൻഷൻ

263 (2541) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളുടെ സഹായത്തോടെ കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ നൽകുന്ന പദ്ധതി വിജയപ്രദമാണോ; വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിനായി ഇതിനകം എന്ത് തുകയാണ് സഹകരണ സ്ഥാപനങ്ങൾ നൽകിയത്; ഇതിന് ഈടാക്കുന്ന പലിശ നിരക്ക് എത്രയാണ്;

(സി) സഹകരണ ബാങ്കുകൾ നൽകിയ തുക പലിശ സഹിതം സർക്കാർ ബാങ്കുകൾക്ക് മടക്കി നൽകിയിട്ടുണ്ടോ; ഇനി എന്ത് തുക ബാങ്കുകൾക്ക് നൽകുവാനുണ്ട്;

(ഡി) സഹകരണ ബാങ്കുകളുമായുള്ള കരാർ കാലാവധി എന്നാണ് അവസാനിച്ചത്; ആയത് പുതുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കാലത്തേക്കെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2018 ഫെബ്രുവരി മാസം മുതലുള്ള കുടിശ്ശിക ഉൾപ്പെടെയുള്ള കെ.എസ്.ആർ.ടി.സി.-യിൽ നിന്നും വിരമിച്ച ജീവനക്കാർക്കുള്ള പെൻഷൻ സഹകരണ ബാങ്കുകളുടെ സഹായത്തോടെ നൽകിവരുന്നു. എല്ലാ മാസവും പെൻഷൻ വിതരണത്തിനായി വേണ്ടിവരുന്ന തുക നൽകുവാൻ തയ്യാറായിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ചാണ് പെൻഷൻ വിതരണം നടത്തിവരുന്നത്. കെ.എസ്.ആർ.ടി.സി, ധനകാര്യ വകുപ്പ്, സംസ്ഥാന സഹകരണ ബാങ്ക് എന്നിവർ തമ്മിൽ ഒപ്പുവച്ച ധാരണാപത്രം അനുസരിച്ചാണ് പെൻഷൻ വിതരണം നടത്തുന്നത്. 2018 ഫെബ്രുവരി മുതൽ 2019 ഒക്ടോബർ വരെയുള്ള പെൻഷൻ വിതരണം വിജയകരമായി ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി പെൻഷൻ വിതരണത്തിനായി നാളിതുവരെ (ഒക്ടോബർ 2019 വരെ) 1422.12 കോടി രൂപ കൺസോർഷ്യത്തിലേക്ക് സഹകരണ സംഘങ്ങൾ നൽകിയിട്ടുണ്ട്. 10% പലിശയാണ് സംഘങ്ങളുടെ നിക്ഷേപങ്ങൾക്ക് നൽകിവരുന്നത്.

(സി) 2019 ഏപ്രിൽ മാസം വരെയുള്ള പെൻഷൻ വിതരണത്തിനായി നൽകിയ തുക സംഘങ്ങൾക്ക് 10% പലിശയടക്കം തിരികെ നൽകിയിട്ടുണ്ട്. മേയ് 2019 മുതൽ ഒക്ടോബർ 2019 വരെയുള്ള പെൻഷൻ വിതരണം നടത്തിയ വകയിൽ 428.94 കോടി രൂപ സംഘങ്ങൾക്ക് തിരികെ നൽകാനുണ്ട്. ടി തുകയ്ക്ക് 10% പലിശയും നൽകേണ്ടതുണ്ട്. കൺസോർഷ്യത്തിലേയ്ക്ക് നൽകിയ പണം ഓരോ 6 മാസം പൂർത്തിയാകുന്ന മുറയ്ക്ക് മുതൽ തുകയും പലിശയും കൃത്യമായി തിരികെ നൽകിവരുന്നുണ്ട്.

(ഡി) സർക്കാർ ഉത്തരവ് (സാധാ)നമ്പർ 604/2019/സഹ. തീയതി 11-10-2019 പ്രകാരം 2019 സെപ്റ്റംബറിൽ അവസാനിച്ച കൺസോർഷ്യത്തിന്റെ കാലാവധി തുടർന്ന് 6 മാസം കൂടി അതായത് 2020 മാർച്ച് മാസം വരെ ദീർഘിപ്പിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

## ഏറനാട് മണ്ഡലത്തിലെ കെയർ ഹോം പദ്ധതി

264 (2542) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയത്തിൽ വീടുകൾ നശിച്ചവർക്ക് സഹകരണ വകുപ്പിന്റെ കീഴിൽ വീട് നിർമ്മിച്ച് നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) അപ്രകാരം എത്ര വീടുകൾ നിർമ്മിച്ച് നൽകുവാനാണ് പദ്ധതി ആവിഷ്കരിച്ചതെന്നും 2019 സെപ്റ്റംബർ 30 വരെ എത്ര വീടുകൾ പൂർത്തിയാക്കിയെന്നും അറിയിക്കുമോ;

(സി) ഇതിലേക്ക് എത്ര തുക ചെലവായെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) കെയർ ഹോം പദ്ധതി പ്രകാരം ഏറനാട് മണ്ഡലത്തിൽ അനുവദിക്കപ്പെട്ട വീടുകളുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ;

(ഇ) ഇതിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായിയെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) 2000 വീടുകൾ നിർമ്മിച്ച് നൽകുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. അധികമായി വീടുകൾ നിർമ്മിച്ച് നൽകണമെന്ന റവന്യൂ വകുപ്പ്, ജില്ലാ കളക്ടർ എന്നിവരുടെ അപേക്ഷ പരിഗണിച്ച്, പദ്ധതി പ്രകാരം നിർമ്മിക്കേണ്ട വീടുകളുടെ എണ്ണം വിവിധ ഘട്ടങ്ങളായി വർദ്ധിപ്പിച്ച് നിലവിൽ 2152 വീടുകളാണ് നിർമ്മിച്ച് നൽകുന്നത്. 2019 സെപ്തംബർ 30 വരെ സംസ്ഥാനത്ത് ആകെ 1838 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താവിന് താക്കോൽ കൈമാറാൻ കഴിഞ്ഞിട്ടുണ്ട്.

(സി)

| ക്രമ നമ്പർ | ജില്ല | തുക |
|---|---|---|
| 1 | തിരുവനന്തപുരം | 2,36,27,400 |
| 2 | കൊല്ലം | 2,07,94,200 |
| 3 | പത്തനംതിട്ട | 5,64,41,400 |
| 4 | ആലപ്പുഴ | 6,24,15,482 |
| 5 | കോട്ടയം | 4,10,93,300 |
| 6 | ഇടുക്കി | 10,48,96,200 |
| 7 | എറണാകുളം | 15,93,83,600 |
| 8 | തൃശ്ശൂർ | 22,62,13,000 |
| 9 | പാലക്കാട് | 9,69,40,600 |
| 10 | മലപ്പുറം | 4,45,52,900 |
| 11 | കോഴിക്കോട് | 2,17,84,400 |
| 12 | വയനാട് | 4,20,00,000 |
| 13 | കണ്ണൂർ | 99,02,000 |
| 14 | കാസർഗോഡ് | 34,85,300 |
| ആകെ | | 91,35,29,782 |

(ഡി) 9 (ഒൻപത്) വീടുകൾ.

(ഇ) അനുവദിച്ച 9 വീടുകളുടെയും നിർമ്മാണം പൂർത്തിയാക്കി അതാത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

## സർഫാസി നിയമം

265 (2543) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ ബാങ്കിംഗ് മേഖലയെ സർഫാസി നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കി കിട്ടുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

സർഫാസി നിയമത്തിലെ വ്യവസ്ഥകളിൽനിന്ന സഹകരണ ബാങ്കിംഗ് മേഖലയെ ഒഴിവാക്കാൻ പ്രത്യേകം നടപടികൾ സ്വീകരിച്ചിട്ടില്ല.

ഈ വിഷയം പ്രത്യേക പരിശോധനയ്ക്ക് വിധേയമാക്കാവുന്നതാണ്.

## തൃശ്ശൂർ ജില്ലയിൽ കെയർഹോം പദ്ധതി

266 (2544) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെയർഹോം പദ്ധതി പ്രകാരം വിവിധ സഹകരണ സംഘങ്ങൾ വഴി തൃശ്ശൂർ ജില്ലയിൽ എത്ര വീടുകളാണ് നിർമ്മിച്ച് നൽകാൻ പദ്ധതിയിട്ടതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും അവശേഷിക്കുന്നവ എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ ജില്ലയിൽ 500 (അഞ്ഞൂറ്) വീടുകളാണ് നിർമ്മിച്ചു നൽകുന്നത്.

(ബി) തൃശ്ശൂർ ജില്ലയിൽ നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്ന 500 (അഞ്ഞൂറ്) വീടുകളിൽ 2019 ഒക്ടോബർ 29 വരെ 470 (നാനൂറ്റി എഴുപത്) വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 30 (മുപ്പത്) വീടുകളുടെ നിർമ്മാണം 2019 നവംബർ 30-നകം പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

## റിസ്ക് ഫണ്ട് പദ്ധതിയുടെ ആനുകൂല്യം

267 (2545) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസ്ക് ഫണ്ട് പദ്ധതി പ്രകാരം അർഹതപ്പെട്ട ആനുകൂല്യം ലഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് കാലതാമസം വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിന് വൈപ്പിൻ നിയോജക മണ്ഡലത്തിലെ താമസക്കാരിൽനിന്നും എത്ര അപേക്ഷകളാണ് 2018 ജനവരി മുതൽ ലഭിച്ചിട്ടുള്ളതെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടിയെന്തെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല. മതിയായ രേഖകൾ സഹിതം ലഭിക്കുന്ന അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നുണ്ട്.

(ബി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ നിന്നും 2018 ജനവരി മുതൽ 422 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ആയതിൽ 180 അപേക്ഷകൾക്ക് റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. 9 അപേക്ഷകൾ നിയമപ്രകാരം ധന സഹായത്തിന് അർഹതയില്ലാത്തതിനാൽ നിരസിച്ചിട്ടുണ്ട്. 5 അപേക്ഷകൾ ന്യൂനതകൾ പരിഹരിച്ച് ബാങ്ക്/സംഘം ബോർഡിലേക്ക് ലഭ്യമാക്കാനുണ്ട്. പുതുതായി ലഭിച്ച 228 അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കാനായി ബാക്കി നിൽപ്പുണ്ട്.

**കോ-ബാങ്ക് സാന്ത്വനം- 2018 പദ്ധതി**

268 (2546) <u>ശ്രീ. കെ. ദാസൻ:</u>
<u>ശ്രീ. യു. ആർ. പ്രദീപ്:</u>
<u>ശ്രീ. പി. ഉണ്ണി:</u>
<u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെ ശാഖകളിൽനിന്ന് വായ്പയെടുത്ത് കുടിശ്ശികയാക്കിയവർക്ക് ഒറ്റത്തവണ തീർപ്പാക്കലിലൂടെ വായ്പ തിരിച്ചടയ്ക്കാൻ അവസരമൊരുക്കുന്ന കോ-ബാങ്ക് സാന്ത്വനം-2018 എന്ന പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം വായ്പകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന സഹകരണ ബാങ്കിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കോ-ബാങ്ക് സാന്ത്വനം 2018 പദ്ധതി 15-6-2018 മുതൽ 31-3-2019 വരെയും അതിനുശേഷം 1-6-2019 മുതൽ 30-6-2019 വരെയും പ്രാബല്യത്തിലുണ്ടായിരുന്നു. കോ-ബാങ്ക് സാന്ത്വനം 2018 പദ്ധതിയിൽ വസ്തു ജാമ്യം സ്വീകരിക്കാതെ നൽകിയ വായ്പകളായ വ്യാപാർ വായ്പ, ഉപഭോക്തൃ വായ്പ, കോ-ബാങ്ക് അഭയ വായ്പ, സമൃദ്ധി കാർഡ് വായ്പ, വാഹന വായ്പ, Suit filed വിഭാഗത്തിലേക്ക് മാറ്റിയ വായ്പ, വിദ്യാഭ്യാസ വായ്പ എന്നീ വായ്പകളാണ്

ഉൾപ്പെടുത്തിയിരുന്നത്. സമാന ആനുകൂല്യങ്ങൾ ഉൾപ്പെടുത്തി കോ-ബാങ്ക് സാന്ത്വനം 2019 പദ്ധതി 1-11-2019 മുതൽ 31-12-2019 വരെ നടപ്പാക്കുന്നുണ്ട്.

(സി) 31-3-2019-ലെ കണക്കനുസരിച്ച് സംസ്ഥാന സഹകരണ ബാങ്കിന്റെ 2018-19-ലെ പ്രവർത്തനലാഭം 224.88 കോടി രൂപയും അറ്റലാഭം 73.36 കോടി രൂപയും ആകുന്നു.

**സഹകരണസംഘങ്ങളുടെ പണം കൈമാറ്റത്തിൽ നിയന്ത്രണങ്ങൾ**

269 (2547) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണസംഘങ്ങളുടെ പണം കൈമാറ്റത്തിൽ ഇൻകം ടാക്സ് വകുപ്പ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത് തരം നിയന്ത്രണങ്ങളാണ് നിഷ്കർഷിച്ചിട്ടുള്ളതെന്നും ഇൻകം ടാക്സ് വകുപ്പിന്റെ പ്രസ്തുത നടപടിയിന്മേൽ സഹകരണ വകുപ്പ് സ്വീകരിച്ച നടപടികളെന്താണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ആദായ നികുതി നിയമത്തിലെ 269 ST വകുപ്പ് പ്രകാരം ഒരാൾക്ക് ഒരു ദിവസം 2 ലക്ഷം രൂപ വരെ മാത്രമേ പണമായി സ്വീകരിക്കുവാനോ നൽകാനോ കഴിയുകയുള്ളൂ എന്നതും 269 SS വകുപ്പ് പ്രകാരം 20,000 രൂപയിൽ കൂടുതൽ ഒരാൾക്ക് നിക്ഷേപമായോ വായ്പയായോ രൊക്കം പണം സ്വീകരിക്കുവാനോ നൽകാനോ പാടില്ല എന്ന വ്യവസ്ഥയും കൂടാതെ ആദായനികുതി നിയമത്തിൽ പുതുതായി കൂട്ടിച്ചേർത്ത വകുപ്പ് 194 N പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കോടി രൂപയ്ക്ക് മുകളിൽ മൊത്തം പണമായി പിൻവലിക്കുകയാണെങ്കിൽ 2% ആദായ നികുതി ഈടാക്കുമെന്ന വ്യവസ്ഥയും സഹകരണ സംഘങ്ങളുടെ ഇടപാടുകൾക്ക് പ്രതികൂലമാണ്.

(ബി) കേന്ദ്ര ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിച്ചേർത്ത 194 N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ ഒരു സാമ്പത്തിക വർഷം ഒരു കോടിയിലധികം രൂപ ബാങ്കുകളിൽ നിന്നും മൊത്തം പണമായി പിൻവലിക്കുന്നവരിൽ നിന്നും 2% ആദായനികുതി ഈടാക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബാങ്കിംഗ് ബിസിനസ് നടത്തുന്ന സഹകരണ സംഘങ്ങളെ ടി വകുപ്പിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ ബാങ്കുകൾ ബാങ്കിംഗ് ബിസിനസ് അല്ല

ചെയ്യുന്നതെന്ന് അഭിപ്രായപ്പെട്ട് പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും ആദായ നികുതി ഈടാക്കണമെന്ന് കാണിച്ച് ആദായ നികുതി വകുപ്പ് നോട്ടീസ് നൽകിയിട്ടുണ്ട്. 269 ST പ്രകാരം ഒരാൾക്ക് ഒരു ദിവസം 2 ലക്ഷം രൂപ വരെ മാത്രമേ പണമായി സ്വീകരിക്കുവാനോ നൽകാനോ കഴിയുകയുള്ളൂ. 269 SS പ്രകാരം 20,000 രൂപയിൽ കൂടുതൽ ഒരാൾക്ക് നിക്ഷേപമായോ വായ്പയായോ രൊക്കം പണം സ്വീകരിക്കുവാനോ നൽകാനോ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആദായനികുതി നിയമത്തിൽ കൂട്ടിച്ചേർക്കപ്പെട്ടിട്ടുള്ള 194 N എന്ന വകുപ്പും മേൽ 269 ST, 269 SS വകുപ്പുകൾ സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ദോഷകരമായതിനാൽ നിയമഭേദഗതിമൂലം കേരളത്തിലെ സഹകരണ മേഖലയിൽ ഉണ്ടായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതിന് ബഹുമാനപ്പെട്ട കേന്ദ്രധനകാര്യ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട കേന്ദ്രകൃഷി വകുപ്പുമന്ത്രി എന്നിവർക്ക് 2-7-2018-ലും 11-10-2019-ലും ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി നേരിട്ട് നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ മേൽ പരാമർശിച്ച വകുപ്പുകൾ സഹകരണ മേഖലയെ ദോഷകരമായി ബാധിക്കുമെന്നതിനാൽ ടി വകുപ്പുകളിൽ നിന്ന് സഹകരണ മേഖലയെ ഒഴിവാക്കുന്നതിലേക്കായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിന് എം.പി.-മാരുടെ സമ്മേളനത്തിൽ ഈ വിഷയം അജൻഡയായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## കേരള ബാങ്ക് രൂപീകരണത്തിന് നബാർഡ് മുന്നോട്ടുവച്ച അധിക വ്യവസ്ഥകൾ

270 (2548) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. കെ. ശശി:
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിശ്ചിത സമയത്തിനകം വ്യവസ്ഥകൾ പാലിച്ചുകൊണ്ട് കേരള ബാങ്ക് യാഥാർത്ഥ്യമാക്കാൻ സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; നബാർഡ് അധിക വ്യവസ്ഥകൾ മുന്നോട്ടുവച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) കേരള സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും നിലവിലെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കാമോ;

(സി) മലപ്പുറം ജില്ലാ ബാങ്ക് ലയനത്തിന് അനുകൂല തീരുമാനം എടുക്കാത്തതിനാൽ കേരള ബാങ്കിന്റെ പ്രവർത്തനം ആ ജില്ലയിൽ എത്തരത്തിലായിരിക്കും; പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് നേരിട്ട് അംഗത്വം നൽകുമോ;

(ഡി) സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെ താല്പര്യം സംരക്ഷിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി അറിയിക്കാമോ?

<u>ഉത്തരം</u>

(എ) മലപ്പുറം ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ് ബാങ്കിൽ നിന്നും അന്തിമ അനുമതി ലഭിച്ചിട്ടുണ്ട്.

ഈ വിഷയത്തിൽ കേരള ഹൈക്കോടതിയിൽ നിലവിലുള്ള സഹകരണ ഭേദഗതി നിയമം 14 A സംബന്ധിച്ച കേസ്സുകളുടെ തീർപ്പുകൾക്ക് വിധേയമായി എത്രയുംവേഗം ലയനം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

അന്തിമ അനുമതിക്ക് റിസർവ് ബാങ്ക് ചുവടെ പറയുന്ന നിബന്ധനകളാണ് മുന്നോട്ട് വച്ചിട്ടുള്ളത്:

1. 2018 മാർച്ച് 31-ന്റെ നബാർഡിന്റെ കണക്കുപ്രകാരം ലയിപ്പിച്ച് രൂപീകരിക്കുന്ന ബാങ്കിന് 9 ശതമാനം മൂലധന പര്യാപ്തത ആർജ്ജിക്കുന്നതിന് 97.92 കോടി രൂപയുടെ കുറവുണ്ട്. ലയനത്തിന് മുൻപ് ഈ തുക സംസ്ഥാന സർക്കാർ നൽകണം. മാത്രമല്ല. 9 ശതമാനം മൂലധന പര്യാപ്തത തുടർന്നും സംസ്ഥാന സർക്കാർ ഉറപ്പുവരുത്തണം.

2. ജില്ലാ സഹകരണ ബാങ്കുകളുടെ നെറ്റ്‌വർത്തിന്റെ അടിസ്ഥാനത്തിൽ ലയനശേഷമുള്ള ബാങ്കിൽ അംഗസംഘങ്ങളുടെ ഓഹരിമൂലധനം അനുവദിച്ച് നൽകണം. ഇതിനായി സംസ്ഥാന സഹകരണ ബാങ്ക് ഒരു ട്രാൻസ്ഫർ പ്രൈസ് വ്യവസ്ഥ രൂപപ്പെടുത്തണം.

3. വോട്ടവകാശം ഇല്ലാതെ വായ്പേതര സംഘങ്ങളുടെ ഒരു പ്രതിനിധിയെ റൊട്ടേഷൻ അടിസ്ഥാനത്തിൽ പുതിയ ബാങ്കിന്റെ ഭരണസമിതിയിൽ പ്രത്യേക ക്ഷണിതാവായി ഉൾപ്പെടുത്തണം.

4. ബോർഡ് ഓഫ് മാനേജ്മെന്റിന്റെ ഘടന, അധികാരങ്ങൾ എന്നിവ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്ക് സമാനമായ മാർഗ്ഗ നിർദ്ദേശത്തിന് അനുസരിച്ചാവണം.

5. ലയനശേഷം ആർ.ബി.ഐ.യുടെ തത്വത്തിൽ ഉള്ള അംഗീകാരത്തിൽ നിഷ്കർഷിച്ചിരുന്ന 11, 13, 15 എന്നീ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം.

6. അന്തിമ അനുമതിക്ക് 2020 മാർച്ച് 31 വരെ പ്രാബല്യം ഉണ്ടായിരിക്കും. അതിനുശേഷം സംസ്ഥാന സർക്കാർ തൽസ്ഥിതി സംബന്ധിച്ച് നബാർഡ് മുഖാന്തരം റിസർവ് ബാങ്കിന് റിപ്പോർട്ട് സമർപ്പിക്കണം.

(ബി) കേരള സംസ്ഥാന സഹകരണ ബാങ്ക് 2018-19 വർഷത്തിൽ 224.88 കോടി രൂപ പ്രവർത്തനലാഭത്തിലും 73.36 കോടി രൂപ അറ്റലാഭത്തിലുമാണ്. തിരുവനന്തപുരം, പത്തനംതിട്ട, ജില്ലാ സഹകരണ ബാങ്കുകൾ ഒഴികെ എല്ലാ ജില്ലാ സഹകരണ ബാങ്കുകളും 2018-19 വർഷത്തിൽ അറ്റലാഭത്തിലാണ്.

(സി) ഇക്കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

(ഡി) സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും മറ്റ് സേവന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. ടി കമ്മീഷൻ റിപ്പോർട്ട് ലഭിച്ചതിനുശേഷം സർക്കാർ ഉചിതമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

**കേരള ബാങ്ക്**

271 (2549) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.:</u>
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് നിലവിൽ വന്നാൽ കാർഷിക സഹകരണ വായ്പകൾ കുറഞ്ഞ പലിശ നിരക്കിൽ ലഭ്യമാവുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) സഹകരണ ബാങ്കിംഗ് മേഖലയിൽ ത്രിതല സംവിധാനം നിലനിന്നിരുന്ന കാലയളവിൽ കാർഷിക വായ്പകൾ എത്ര പലിശ നിരക്കിലാണ് അനുവദിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കേരള ബാങ്ക് നിലവിൽ വരുന്നതോടെ കാർഷിക വായ്പകളുടേതുൾപ്പെടെ പലിശ നിരക്ക് ഉയരുമെന്നുള്ള ആശങ്ക സഹകാരികൾക്കിടയിൽ നിലനിൽക്കുന്നുണ്ടോ;

(ഡി) കേരള ബാങ്ക് നിലവിൽ വരുന്നതോടെ സഹകരണ നിയമവും ചട്ടങ്ങളും അതുപോലെ നിലനിൽക്കുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സഹകരണ വായ്പാ രംഗത്ത് നിലവിലുള്ള ത്രിതല സമ്പ്രദായം ദ്വിതലത്തിലേക്ക് മാറുമ്പോൾ ഒരു തലം ഒഴിവാകുന്നതിന്റെ ഫലമായി കാർഷിക വായ്പകൾ ഉൾപ്പെടെ കുറഞ്ഞ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുവാൻ സാധിക്കും. കൂടാതെ പ്രവാസി നിക്ഷേപങ്ങൾ ഉൾപ്പെടെയുള്ള കുറഞ്ഞ പലിശ നിരക്കിൽ ലഭിക്കുന്ന നിക്ഷേപങ്ങൾ സമാഹരിക്കുവാൻ കഴിയുകവഴി നിലവിലുള്ള പലിശ നിരക്കിനെ അപേക്ഷിച്ച് കുറഞ്ഞ നിരക്കിൽ വായ്പ ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്.

(ബി) കാർഷിക വായ്പകൾ 7% പലിശ നിരക്കിലാണ് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ വഴി കർഷകർക്ക് നൽകി വരുന്നത്.

(സി) കേരള ബാങ്ക് നിലവിൽ വരുന്നതോടെ കാർഷിക വായ്പകൾ ഉൾപ്പെടെയുള്ള വായ്പകൾ നിലവിലുള്ളതിനെക്കാൾ കുറഞ്ഞ പലിശ നിരക്കിൽ നൽകാൻ കഴിയും. സഹകാരികൾക്ക് ഈ വിഷയത്തിൽ ആശങ്ക ഉണ്ടാകില്ലെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) തത്വത്തിലുള്ള അനുമതി നൽകുന്ന അവസരത്തിൽ കേരള ബാങ്ക് രൂപീകരണം സഹകരണ നിയമവും ചട്ടങ്ങളും പ്രകാരമായിരിക്കണമെന്ന് റിസർവ് ബാങ്ക് നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു.

പുതിയ ഘടനാമാറ്റത്തിന് അനുസൃതമായ ഭേദഗതികൾ സഹകരണ നിയമത്തിൽ കൊണ്ടുവരുന്നതായിരിക്കും.

## കേരള ബാങ്ക് രൂപീകരണത്തിൽ പ്രാഥമിക സഹകരണ ബാങ്കുകളുടെ റോൾ

272 (2550) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരിക്കുമ്പോൾ പ്രാഥമിക സഹകരണ ബാങ്കുകളുടെ റോൾ എന്തായിരിക്കുമെന്ന് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രാഥമിക സഹകരണ ബാങ്കുകൾക്ക് ഇതുവഴി എന്തെങ്കിലും നേട്ടങ്ങളുണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ;

(സി) മലപ്പുറം ജില്ലാ ബാങ്ക് കേരള ബാങ്കിൽ ലയിക്കാൻ സമ്മതം നൽകിയിട്ടുണ്ടോ; പ്രസ്തുത ബാങ്കിലെ ജീവനക്കാരുടെ ഇക്കാര്യത്തിലുള്ള നിലപാട് എന്താണ്; കേരള ബാങ്കിൽ ലയിക്കാത്ത പക്ഷം പ്രസ്തുത ബാങ്കിന്റെ ഭാവി പ്രവർത്തനത്തെ അത് ദോഷകരമായി ബാധിക്കുമോയെന്നത് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള ബാങ്കിന്റെ ഭരണ നിയന്ത്രണത്തിലും നയരൂപീകരണത്തിലും അംഗങ്ങൾ എന്ന നിലയിൽ പ്രാഥമിക സഹകരണ ബാങ്കുകളുടെ പങ്ക് വളരെ വലുതാണ്. കേരള ബാങ്കിന്റെ സഹായത്തോടെ ആധുനിക ബാങ്കിംഗ് സേവനങ്ങൾ പ്രാഥമിക സഹകരണ ബാങ്കുകളുടെ ഇടപാടുകാർക്കും നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കുറഞ്ഞ പലിശ നിരക്കിൽ കൂടുതൽ വായ്പകൾ നൽകാനും കൂടാതെ ഡിജിറ്റൽ ബാങ്കിംഗ് സേവനം അടക്കമുള്ള ആധുനിക ബാങ്കിംഗ് സേവനങ്ങൾ ചുരുങ്ങിയ ചെലവിൽ പ്രാഥമിക സഹകരണ ബാങ്കുകളുടെ ഇടപാടുകാർക്ക് നൽകാനും കഴിയുന്നതാണ്.

(സി) മലപ്പുറം ജില്ലാ സഹകരണ ബാങ്ക് കേരള ബാങ്കിൽ ലയിക്കുവാൻ പ്രമേയം പാസ്സാക്കിയിട്ടില്ല.

പ്രസ്തുത ബാങ്കിലെ ജീവനക്കാർ കേരള ബാങ്കിന്റെ ഭാഗമാക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്. ബാങ്കിന്റെ ഭാവി സംബന്ധിച്ച് ഗവൺമെന്റ് പ്രത്യേകം പരിശോധിക്കുന്നതാണ്.

**കേരള ബാങ്കും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും**

273 (2551) <u>ശ്രീ. ചിറ്റയം ഗോപകുമാർ:</u>
<u>ശ്രീമതി ഗീതാ ഗോപി:</u>
<u>ശ്രീ. വി. ആർ. സുനിൽ കുമാർ:</u>
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് യാഥാർത്ഥ്യമാകുന്നതോടെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ ഭാവി എന്താകുമെന്ന് വ്യക്തമാക്കുമോ;

(ബി) കേരളാബാങ്ക് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് ഏതെല്ലാം തീതിയിൽ ഗുണകരമാകുമെന്ന് വിശദമാക്കാമോ;

(സി) പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന, ഗ്രാമീണ ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട നീതി സ്റ്റോർ, മാവേലി സ്റ്റോർ, വളം, വിത്ത്, കീടനാശിനി, കാർഷിക ഉപകരണങ്ങൾ എന്നിവയുടെ വിതരണം തുടങ്ങിയ സംരംഭങ്ങൾ കേരള ബാങ്ക് രൂപീകരിച്ചാലും അതേപടി തുടരുമോയെന്നറിയിക്കുമോ;

(ഡി) കേരളാ ബാങ്ക് നിലവിൽ വരുന്നതോടെ കർഷകർക്കും സാധാരണക്കാർക്കും വായ്പ നല്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള കുറവുണ്ടാകുമോ; ചെറുകിട-കുടിൽ വ്യവസായങ്ങൾക്കുള്ള വായ്പ നിലവിലുള്ള രീതിയിൽ തുടരുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള ബാങ്ക് യാഥാർത്ഥ്യമാകുന്നതോടെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ ഭാവി കൂടുതൽ ശോഭനമാകുമെന്ന് കരുതുന്നു. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് എല്ലാവിധ ആധുനിക ബാങ്കിംഗ് സേവനങ്ങളും ഒളിഞ്ഞിരിക്കുന്ന ചെലവുകളില്ലാതെ കുറഞ്ഞ ചെലവിൽ കേരള ബാങ്കുമായി ചേർന്നുകൊണ്ട് അംഗങ്ങൾക്ക് ലഭ്യമാക്കുവാൻ സാധിക്കും. ഇത്തരത്തിൽ എല്ലാ സേവനങ്ങളും അംഗങ്ങൾക്ക് നൽകുവാൻ കഴിയുന്നതുവഴി പ്രാഥമിക സഹകരണ ബാങ്കുകളുടെ പ്രാധാന്യം സമൂഹത്തിൽ കൂടുതൽ വർദ്ധിപ്പിക്കുന്നതിനും കഴിയും.

(ബി) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് എല്ലാവിധ ആധുനിക ബാങ്കിംഗ് സേവനങ്ങളും കുറഞ്ഞ ചെലവുകൾ മാത്രം ഈടാക്കി നൽകുവാൻ കഴിയുന്നതും ത്രിതല സംവിധാനം ദ്വിതലമാകുക വഴി കാർഷിക വായ്പ ഉൾപ്പെടെയുള്ള പലിശ നിരക്കിൽ കുറവ് വരുത്തുന്നതിനും അതുവഴി ടി സംഘങ്ങൾക്ക് അംഗങ്ങൾക്കിടയിൽ കൂടുതൽ വിശ്വാസം നേടിയെടുക്കുവാനും കഴിയും.

(സി) കേരള ബാങ്ക് രൂപീകരിച്ചാലും പ്രാഥമിക കാർഷിക ബാങ്കുകൾ ജനങ്ങൾക്ക് നല്കിക്കൊണ്ടിരുന്ന എല്ലാ സേവനങ്ങളും തുടർന്നും നല്കുന്നതായിരിക്കും. നീതി സ്റ്റോറുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, വളം, വിത്ത്, കീടനാശിനി, കാർഷിക ഉപകരണങ്ങളുടെ വിതരണം എന്നിവ ഗ്രാമീണ ജനങ്ങളുടെ ജീവിതവുമായി ഏറെ ബന്ധപ്പെട്ടുള്ളവയാണ്. ടി സേവനങ്ങൾ തുടർന്നും ലഭിക്കും.

(ഡി) കേരള ബാങ്ക് നിലവിൽ വരുന്നതോടെ കർഷകർക്കും സാധാരണക്കാർക്കും വായ്പ നൽകുന്നതിൽ യാതൊരു കുറവും വരികയില്ല.

ചെറുകിട - കുടിൽ വ്യവസായങ്ങൾക്കുള്ള വായ്പകൾ തുടർന്നും ലഭിക്കുന്നതാണ്.

## ജില്ലാ സഹകരണ ബാങ്കുകളിലെ അഡ്മിനിസ്ട്രേറ്റർ ഭരണം

274 (2552) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാല് ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കുമായി ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിന്റെ ഭാഗമായി 2017 -ൽ ജില്ലാ ബാങ്കുകളുടെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളെ പിരിച്ച് വിട്ടിരുന്നോ;

(ബി) എങ്കിൽ എന്നാണ് അവ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തി എത്ര കാലത്തിനുള്ളിൽ തെരഞ്ഞെടുപ്പ് നടത്തി പുതിയ ഭരണസമിതി അധികാരത്തിൽ വരണമെന്നാണ് സഹകരണ നിയമത്തിൽ അനുശാസിക്കുന്നത്;വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നിയമത്തിനു വിരുദ്ധമായി രണ്ട് വർഷത്തിലേറെയായി അഡ്മിനിസ്ട്രേറ്റർ ഭരണം തുടരുന്നത് ക്രമപ്രകാരമാണോ; എങ്കിൽ ഏത് വകുപ്പ് പ്രകാരമെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസിലെ വ്യവസ്ഥകൾ പ്രകാരം ജില്ലാ സഹകരണ ബാങ്കുകളിലെ അംഗത്വത്തിൽ ഭേദഗതി വരുത്തിയതിനെ തുടർന്ന് ജില്ലാ സഹകരണ ബാങ്കുകളിലെ ഭരണസമിതിയുടെ ഘടനയിൽ മാറ്റം വരുകയും അന്ന് നിലവിലുണ്ടായിരുന്ന ഭരണ സമിതികൾ 10-4-2017-ന് ഇല്ലാതാവുകയുമുണ്ടായി.

മേൽ പരാമർശിച്ച പ്രകാരം ഭരണസമിതികൾ ഇല്ലാതായതിനെത്തുടർന്ന് ജില്ലാ സഹകരണ ബാങ്കുകളിൽ ഭരണസ്തംഭനം ഒഴിവാക്കുന്നതിനായി സഹകരണ നിയമം വകുപ്പ് 33 പ്രകാരം 11-4-2017 മുതൽ അഡ്മിനിസ്ട്രേറ്റർമാരെ നിയമിച്ചിട്ടുണ്ട്.

(സി) അഡ്മിനിസ്ട്രേറ്റർമാരുടെ ഭരണകാലാവധിക്കുള്ളിൽ തെരഞ്ഞെടുപ്പ് നടത്തി പുതിയ ഭരണസമിതിയെ ചുമതലപ്പെടുത്തണമെന്ന് സഹകരണ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

(ഡി) ജില്ലാ സഹകരണ ബാങ്കുകളിലെ അഡ്മിനിസ്ട്രേറ്റർമാരുടെ തീരുമാനത്തിന്റേയും അപേക്ഷയുടേയും അടിസ്ഥാനത്തിൽ, 1969-ലെ കേരള സഹകരണ സംഘ നിയമത്തിലെ വകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ചാണ് ജില്ലാ സഹകരണ ബാങ്കുകളിൽ അഡ്മിനിസ്ട്രേറ്റർ ഭരണം തുടരുന്നത്.

ആയതിനാൽ ജില്ലാ സഹകരണ ബാങ്കുകളിൽ അഡ്മിനിസ്ട്രേറ്റർ ഭരണം തുടരുന്നത് ക്രമപ്രകാരമാണ്.

## സംസ്ഥാന സഹകരണ ബാങ്കിന്റെ വായ്പകൾ എഴുതിത്തള്ളിയ നടപടി

275 (2553) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാന സഹകരണ ബാങ്കിന്റെ കിട്ടാക്കടമായ വായ്പകൾ എഴുതിത്തള്ളിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഏതെല്ലാം സഹകരണ സ്ഥാപനങ്ങളുടെ കടമാണ് എഴുതിത്തള്ളിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) സംസ്ഥാന സർക്കാർ സംസ്ഥാന സഹകരണ ബാങ്കിന് കൈമാറിയിട്ടുള്ള സ്ഥാപനങ്ങളുടെ വായ്പാ തിരിച്ചടവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ധാരണ ഉണ്ടാക്കിയിട്ടുണ്ടോയെന്നറിയിക്കാമോ; ഇതുസംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാന സഹകരണ ബാങ്കിന്റെ ഒരു വായ്പയും എഴുതി തള്ളിയിട്ടില്ല. കുടിശ്ശിക ആയതും കാലാവധി കഴിഞ്ഞതുമായ എല്ലാ വായ്പകളും തിരിച്ച് പിടിക്കുന്നതിനുള്ള നിയമനടപടികൾ സംസ്ഥാന സഹകരണ ബാങ്ക് സ്വീകരിച്ചുവരുന്നു.

എന്നാൽ, കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് (കേരള ബാങ്ക്) രൂപീകരണവുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിന്റെ ഭാഗമായി റബ്കോ, റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ സ്ഥാപനങ്ങൾക്ക് കേരള സംസ്ഥാന സഹകരണ ബാങ്കിലെ കുടിശ്ശിക വായ്പ തീർപ്പാക്കുന്നതിലേക്കായി ഒറ്റത്തവണ പദ്ധതി പ്രകാരം 306.75 കോടി രൂപ (മാർക്കറ്റ് ഫെഡ് - 27.01 കോടി രൂപ, റബ്ബർമാർക്ക് - 41.39 കോടി രൂപ, റബ്കോ - 238.35 കോടി രൂപ) കേരള സംസ്ഥാന സഹകരണ ബാങ്കിനും ജില്ലാ സഹകരണ ബാങ്കുകൾക്കും അനുവദിച്ചിട്ടുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അനുവദിച്ച തുക റബ്ബർമാർക്ക്, റബ്കോ, മാർക്കറ്റ്ഫെഡ് എന്നീ സ്ഥാപനങ്ങൾക്കുള്ള സർക്കാർ വായ്പയായിട്ടാണ് അനുവദിച്ചിട്ടുള്ളത്.

(സി) പ്രസ്തുത വായ്പ ഈടാക്കുന്നതിന്റെ വ്യവസ്ഥകൾ ഉൾപ്പെടുത്തിയ ധാരണാപത്രം റബ്കോ, റബ്ബർമാർക്ക് എന്നീ സഹകരണ സ്ഥാപനങ്ങളും സഹകരണ വകുപ്പ് സെക്രട്ടറി, സഹകരണ സംഘം രജിസ്ട്രാർ എന്നിവരുമായി 2-9-2019-ൽ ഒപ്പ് വെച്ചിട്ടുണ്ട്.

## സഹകരണ സംഘങ്ങളുടെ കെട്ടിടനിർമ്മാണത്തിന് അനുമതി

276 (2554 <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങൾ, സഹകരണ ബാങ്കുകൾ എന്നിവയുടെ കെട്ടിടങ്ങളിൽ നടത്തുന്ന വിവിധ തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് വകുപ്പിൽ നിന്നുമുള്ള അനുമതി ആവശ്യമുണ്ടോ; വിശദമാക്കാമോ;

(ബി) വൈപ്പിൻ നിയോജകമണ്ഡലത്തിലെ സഹകരണ സംഘങ്ങൾ, സഹകരണ ബാങ്കുകൾ എന്നിവയിൽ 2018-19 വർഷത്തിൽ ഏതെങ്കിലും തരത്തിലുള്ള നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) എങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് ഇതിനുള്ള അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) ഇവയിൽ ഏതെങ്കിലും സ്ഥാപനങ്ങൾ ജനറൽ ഫണ്ടിൽ നിന്നും കെട്ടിട നിർമ്മാണം, പുനരുദ്ധാരണം എന്നിവയ്ക്കായി തുക ചെലവഴിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഇ) ജനറൽ ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആയതിന് വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) സഹകരണ സംഘങ്ങൾ, സഹകരണ ബാങ്കുകൾ എന്നിവയുടെ കെട്ടിടങ്ങളിൽ നടത്തുന്ന വിവിധ തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് വകുപ്പിൽ നിന്നുമുള്ള അനുമതി ആവശ്യമുണ്ട്. ഒരു സഹകരണ സംഘത്തിന് രജിസ്ട്രാറുടെ രേഖാമൂലമായ മുൻ അനുമതിയോടെ അതിന്റെ ഫണ്ട് സംഘം ആവശ്യത്തിനായി കെട്ടിടം പണിയുന്നതിനോ അല്ലെങ്കിൽ പുതുക്കി പണിയുന്നതിനോ വിനിയോഗിക്കാവുന്നതാണെന്ന് സഹകരണ ചട്ടം 54(1)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അനുമതി വാങ്ങുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നിർണ്ണയിച്ച് സഹകരണ സംഘം രജിസ്ട്രാർ 26/1985, 50/2000 എന്നീ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) എറണാകുളം ജില്ലയിലെ കൊച്ചി താലൂക്കിലെ ഓച്ചന്തുരുത്ത് സർവ്വീസ് സഹകരണ ബാങ്ക് 2018-19 വർഷത്തിൽ ബാങ്ക് ആഡിറ്റോറിയത്തിന്റെ പുനരുദ്ധാരണത്തിനായി 2,80,00,000 (രണ്ട് കോടി എൺപത് ലക്ഷം രൂപ) രൂപയും എടവനക്കാട് സർവ്വീസ് സഹകരണ ബാങ്കിന്റെ ഹെഡ് ആഫീസ് നവീകരണവുമായി ബന്ധപ്പെട്ട് 26,92,000 (ഇരുപത്തിയാറ് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരം രൂപ) രൂപയും ചെലവഴിച്ചിട്ടുണ്ട്. ഞാറയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് ഓഫീസ് കെട്ടിടത്തിന് താഴെ ഐ.സി.ഡി.എസ്. പ്രവർത്തിക്കുന്ന ഹാളും ഇ.എസ്.ഐ. പ്രവർത്തിക്കുന്ന ഹാളും 4,72,393 രൂപയ്ക്ക് റിപ്പയർ ചെയ്തിട്ടുള്ളതാണ്.

(സി) ഓച്ചന്തുരുത്ത് സർവ്വീസ് സഹകരണ ബാങ്കിന് 1,15,00,000 രൂപയ്ക്ക് അനുവാദം ലഭിച്ചിട്ടുണ്ട്. ബാക്കി തുകയ്ക്ക് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് അനുമതി പരിഗണിക്കുന്നതാണ്. എടവനക്കാട് സർവ്വീസ് സഹകരണ ബാങ്ക് ചെലവഴിച്ച തുകയ്ക്ക് അനുവാദത്തിനായി അപേക്ഷിച്ചിട്ടുണ്ട്. ഞാറയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കിന്റെ മേൽ റിപ്പയർ പ്രവൃത്തികൾക്ക് സഹകരണ സംഘം രജിസ്ട്രാറുടെ മുൻകൂർ അനുവാദം വാങ്ങിയിട്ടില്ല.

(ഡി) മേൽപ്പറഞ്ഞ ബാങ്കുകളിൽ എടവനക്കാട് സർവ്വീസ് സഹകരണ ബാങ്കും ഓച്ചന്തുരുത്ത് സർവ്വീസ് സഹകരണ ബാങ്കും ഞാറയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കും പുനരുദ്ധാരണ പ്രവൃത്തികൾക്ക് ജനറൽ ഫണ്ടിൽ നിന്നുമാണ് തുക ചെലവഴിച്ചിട്ടുള്ളത്.

(ഇ) എടവനക്കാട് സർവ്വീസ് സഹകരണ ബാങ്കും ഞാറയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കും വകുപ്പിന്റെ അനുമതിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഓച്ചന്തുരുത്ത് സർവ്വീസ് സഹകരണ ബാങ്കിന് - 1,15,00,000 രൂപയ്ക്കുള്ള നിർമ്മാണ പ്രവൃത്തിക്ക് അനുമതി നൽകിയിട്ടുണ്ട്.

## സഹകരണ ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പ

277 (2555) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ ലഭ്യമാക്കുന്ന പദ്ധതി പ്രകാരം സഹകരണ ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പ നൽകണമെന്ന് നിർദ്ദേശിച്ച് 12-12-2006 ലെ 60/06 27-7-2010-ലെ 40/2010 നമ്പർ പ്രകാരം സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ച സർക്കുലറിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ എത്ര സഹകരണ ബാങ്കുകൾ വിദ്യാഭ്യാസ വായ്പ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസ വായ്പ എത്ര രൂപയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ ചെമ്മരുതി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ റ്റി. 328, നന്ദിയോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1161 എന്നിവിടങ്ങളിൽ നിന്നും വിദ്യാഭ്യാസ വായ്പ നൽകിയിട്ടുണ്ട്.

(ബി) ചെമ്മരുതി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ റ്റി. 328-ൽ നിന്നും 6,00,000 രൂപയും നന്ദിയോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1161-ൽ നിന്നും 7,08,500 രൂപയും വിദ്യാഭ്യാസ വായ്പയായി അനുവദിച്ചിട്ടുണ്ട്.

**കാർഷിക സഹകരണ ബാങ്കുകളിലെ സാമ്പത്തിക ക്രമക്കേട്**

278 (2556) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക സഹകരണ ബാങ്കുകളിൽ സാമ്പത്തിക ക്രമക്കേട് നടത്തിയ എത്ര ഉദ്യോഗസ്ഥരെ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനുള്ളിൽ സർവ്വീസിൽ നിന്നും മാറ്റിനിർത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ;

(ബി) ആയതിൽ എത്രപേർ സർവ്വീസിൽ തിരികെ പ്രവേശിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദമാക്കാമോ;

(സി) പ്രസ്തുത ബാങ്കുകളിൽ ഇത്തരം ക്രമക്കേടുകൾ തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(ഡി) ഇത്തരം ക്രമക്കേടുകൾ സഹകരണ മേഖലയെ ആശ്രയിക്കുന്ന കർഷകർക്ക് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം പ്രതിസന്ധി ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കാർഷിക സഹകരണ ബാങ്കുകളിൽ സാമ്പത്തിക ക്രമക്കേട് നടത്തിയ 189 ഉദ്യോഗസ്ഥരെ കഴിഞ്ഞ 5 വർഷക്കാലയളവിനുള്ളിൽ സർവ്വീസിൽ നിന്നും മാറ്റി നിർത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | ജീവനക്കാരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 17 |
| കൊല്ലം | 0 |
| പത്തനംതിട്ട | 21 |
| ആലപ്പുഴ | 22 |
| കോട്ടയം | 32 |
| ഇടുക്കി | 10 |
| എറണാകുളം | 13 |
| തൃശ്ശൂർ | 37 |
| പാലക്കാട് | 0 |
| മലപ്പുറം | 15 |
| കോഴിക്കോട് | 0 |
| വയനാട് | 3 |
| കണ്ണൂർ | 8 |
| കാസർഗോഡ് | 11 |
| ആകെ | 189 |

(ബി) മേൽ പരാമർശിച്ചതിൽ 50 പേർ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | തിരികെ ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ എണ്ണം |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 6 |
| കൊല്ലം | 0 |
| പത്തനംതിട്ട | 1 |
| ആലപ്പുഴ | 4 |
| കോട്ടയം | 9 |
| ഇടുക്കി | 4 |
| എറണാകുളം | 1 |
| തൃശ്ശൂർ | 13 |
| പാലക്കാട് | 0 |

| (1) | (2) |
|---|---|
| മലപ്പുറം | 9 |
| കോഴിക്കോട് | 0 |
| വയനാട് | 0 |
| കണ്ണൂർ | 1 |
| കാസർഗോഡ് | 2 |
| ആകെ | 50 |

(സി&ഡി) പ്രസ്തുത ബാങ്കുകളിൽ ഇത്തരം ക്രമക്കേടുകൾ തടയുന്നതിനായി ആഭ്യന്തര പരിശോധന കർശനമാക്കുന്നതിനും ആഡിറ്റ്, ഇൻസ്പെക്ഷൻ എന്നിവ കർശനമായി നടത്തുന്നതിനും സ്വർണ്ണപ്പണയ വായ്പകളിലെ ക്രമക്കേടുകൾ തടയുന്നതിനായി 22/16 നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിനും നിശ്ചിത ഇടവേളകളിൽ ഉദ്യോഗസ്ഥർക്ക് ചുമതലകൾ മാറ്റി നൽകുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സഹകരണ സംഘം രജിസ്ട്രാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനു പുറമേ അഴിമതി, ക്രമക്കേടുകൾ എന്നിവയിന്മേൽ സഹകരണ വിജിലൻസ് മുഖേനയുള്ള പരിശോധനയും നടത്തുന്നുണ്ട്.

## നിലമ്പൂർ സഹകരണ അർബൻ ബാങ്ക്

279 (2557) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ സഹകരണ അർബൻ ബാങ്കിൽ 2015 മുതൽ ബാങ്ക് വായ്പ കുടിശ്ശിക വരുത്തിയതിന് കരസ്ഥപ്പെടുത്തിയ ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ വായ്പ കുടിശ്ശിക വരുത്തിയതിന് കരസ്ഥപ്പെടുത്തിയ ഭൂമിയിൻമേലുള്ള വായ്പ കുടിശ്ശികയും ഭൂമി ലേലം ചെയ്തപ്പോൾ ലഭിച്ച തുകയും ഭൂമി ലേലത്തിലെടുത്ത ആളുകളുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(സി) ബാങ്ക് കരസ്ഥപ്പെടുത്തിയ വസ്തുക്കളുടെ വില്ലേജും സർവ്വേ നമ്പറും ഭൂമിയുടെ വിസ്തീർണ്ണവും വിശദമാക്കാമോ;

(ഡി) പ്രസ്തുത കാലയളവിന്മേൽ ബാങ്ക് വായ്പ കുടിശ്ശിക വരുത്തിയതിന് ആരുടെയൊക്കെ പക്കൽ നിന്നാണ് ഭൂമി കരസ്ഥമാക്കിയതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) വിവരം താഴെ പറയും പ്രകാരം ലഭ്യമാക്കുന്നു:-

| ക്രമ നമ്പർ | വില്ലേജ് | ബ്ലോക്ക് നമ്പർ | റീസർവ്വേ നമ്പർ | ഭൂവിസ്തൃതി (ഹെക്ടറിൽ) |
|---|---|---|---|---|
| 1 | കാളികാവ് | 136 | 257/25 | 0.0161 |
| 2 | തുവ്വൂർ | 151 | 284/10 | 0.1253 |
| 3 | കാളികാവ് | 136 | 185/11 | 0.0202 |
| 4 | കാളികാവ് | 128 | 5/1 | 1.0850 |
| 5 | വണ്ടൂർ | 81 | 313/11pt | 0.0526 |
| 6 | കുറുമ്പലങ്ങോട് | - | സർവ്വേ ചെയ്തിട്ടില്ല | 0.0202 |
| 7 | നിലമ്പൂർ | 92 | 460/7 | 0.0328 |
| 8 | ചുങ്കത്തറ | 98 | 146/20 | 0.0971 |
| 9 | കാളികാവ് | 136 | 349/6 | 0.0405 |
| 10 | പോരൂർ | 140 | 200/6-2 | 0.0860 |
| 11 | ചുങ്കത്തറ | 95 | 7/4-2 | 0.0486 |
| 12 | വണ്ടൂർ | 78 | 107/12 | 0.0170 |
| 13 | കാളികാവ് | 136 | 386/pt | 0.6275 |
| 14 | ഇടക്കര | - | 1279/3 | 0.0445 |
| 15 | കരുവാരക്കുണ്ട് | 152 | 31/13 | 0.0540 |

(ബി) പ്രസ്തുത കാലയളവിൽ വായ്പാ കുടിശ്ശിക വരുത്തിയതിന് കരസ്ഥമാക്കിയ 13 ഭൂമിയിന്മേലുള്ള വായ്പയുടെ 28-10-2019 വരെയുള്ള കുടിശ്ശിക വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വില്ലേജ് | ബ്ലോക്ക് നമ്പർ | റീസർവ്വേ നമ്പർ | ഭൂവിസ്തൃതി (ഹെക്ടറിൽ ) | വായ്പാ കുടിശ്ശിക (രൂപ) |
|---|---|---|---|---|---|
| 1 | കാളികാവ് | 136 | 257/25 | 0.0161 | 2192730 |
| 2 | തുവ്വൂർ | 151 | 284/10 | 0.1253 | 480794 |
| 3 | കാളികാവ് | 136 | 185/11 | 0.0202 | 928601 |
| 4 | കാളികാവ് | 128 | 5/1 | 1.0850 | 1139847 |
| 5 | വണ്ടൂർ | 81 | 313/11pt | 0.0526 | 339162 |
| 6 | കുറുമ്പലങ്ങോട് | - | സർവ്വേ ചെയ്തിട്ടില്ല | 0.0202 | 386605 |
| 7 | നിലമ്പൂർ | 92 | 460/7 | 0.0328 | 268273 |
| 8 | ചുങ്കത്തറ | 98 | 146/20 | 0.0971 | 242191 |
| 9 | കാളികാവ് | 136 | 349/6 | 0.0405 | 1720199 |
| 10 | പോരൂർ | 140 | 200/6-2 | 0.0860 | 941578 |
| 11 | ചുങ്കത്തറ | 95 | 7/4-2 | 0.0486 | 638707 |
| 12 | വണ്ടൂർ | 78 | 107/12 | 0.0170 | 512781 |
| 13 | കാളികാവ് | 136 | 386/pt | 0.6275 | 3222418 |

അതോടൊപ്പം ബാങ്ക് കരസ്ഥമാക്കിയ 15 ഭൂമികളിൽ 2 ഭൂമി ലേലം ചെയ്തപ്പോൾ ലഭിച്ച തുകയും ഭൂമി ലേലത്തിലെടുത്ത ആളുകളുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വായ്പ തുക (രൂപ) | ലേലത്തിൽ ലഭിച്ച തുക (രൂപ) | ഭൂമിയുടെ വിവരങ്ങൾ | | | ലേലത്തിൽ എടുത്ത വ്യക്തികളുടെ പേര് വിവരം |
|---|---|---|---|---|---|---|
| | | | വില്ലേജ് | റീസർവ്വേ | വിസ്തീർണ്ണം (ഹെക്ടറിൽ) | |
| 1 | 524784 (8-6-2014-ലെ സെയിൽ നോട്ടീസ് പ്രകാരം) | 1105000 | ഇടക്കര | 1279/3 | 0.0445 | രാജേഷ്.സി S/O ഗോവിന്ദൻ ചെമ്പ്രയിൽ വീട്, വടപുരം. പി.ഒ |
| 2 | 347908 (1-7-2017-ലെ സെയിൽ നോട്ടീസ് പ്രകാരം) | 303500 | കരുവാരക്കുണ്ട് | ബ്ലോക്ക് 152 റീസർവ്വേ - 31/13 | 0.0540 | ജിതീഷ് S/O കുമാരൻ, രാമൻതിരുത്തി, ഇടപ്പട്ട.പി.ഒ, പെരിന്തൽമണ്ണ |

(സി) 'എ' പിരിവിന്റെ മറുപടിയിൽ വിവരം ലഭ്യമാക്കിയിട്ടുണ്ട്.

(ഡി)

| ക്രമ നമ്പർ | വായ്പക്കാരന്റെ പേര് | വായ്പ നമ്പർ |
|---|---|---|
| 1 | പ്രേമകുമാരി വെങ്ങൂർ | 3/331/3045 |
| 2 | നാരായണൻ ചോലക്കോട്ടിൽ | 16/328/295 |
| 3 | ഗോവിന്ദൻ പൂഴിക്കുന്നമ്മൽ | 3/332/505 |
| 4 | അബ്ദുൾസലാം കുമ്മളി | 3/328/4491 |
| 5 | രുഗ്മിണി പള്ളിയാലി | 11/328/1234 |
| 6 | ഇബ്രാഹിം & റസിയ | 9/333/4 |
| 7 | നസീറ പുളിക്കുന്നമ്മൽ | 1/328/17239 |
| 8 | കൃഷ്ണൻ കാവുങ്ങൽ | 4/328/1475 |
| 9 | ജോസഫ് കരിക്കൽ | 3/304/165 |
| 10 | ഉമ്മർ തോരക്കണ്ടൻ | 5/328/2068 |
| 11 | സരള ( സരളദേവി) | 15/304/29 |
| 12 | റിയാദ് പള്ളിയാലി & റുമാനത്ത് | 2/328/3273 |
| 13 | ഷംസുദ്ദീൻ പെഴന്തറ | 3/328/5082 |
| 14 | കെ.എം.ജോർജ്ജ് | 13/328/1809 |
| 15 | മൻസൂർ അലി | 5/328/1445 |

## കൺസ്യൂമർഫെഡ്ഡിന്റെ നഷ്ടം നികത്താൻ നടപടി

280 (2558) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർഫെഡ്ഡിന്റെ നഷ്ടം നികത്താൻ നടപടികൾ എടുത്തിട്ടുണ്ടോ;

(ബി) കൺസ്യൂമർഫെഡ് കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് വകുപ്പ് എന്തൊക്കെ പദ്ധതികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നടപടികൾ എടുത്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിച്ച് നിർത്തുന്നതിനായി ശക്തമായ ഇടപെടലുകൾ നടത്തുന്ന കൺസ്യൂമർഫെഡ് കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനും പൊതുവിപണിയിൽ ശക്തമായി ഇടപെടുന്നതിനുമായി സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നു. ഇതിന്റെ ഭാഗമായി ഉത്സവകാലങ്ങളിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സർക്കാർ സബ്സിഡിയോടുകൂടി 13 (പതിമൂന്ന്) ഇനം നിത്യോപയോഗ സാധനങ്ങൾ കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ സർക്കാർ സബ്സിഡിയോടെ സഹകരണ സംഘങ്ങൾ മുഖേനയും പ്രത്യേക വിപണികളിലൂടെയും വിപണനം ചെയ്ത് വിലക്കയറ്റം നിയന്ത്രിച്ചുവരുന്നു. ഉത്സവകാലങ്ങളിലുള്ള സബ്സിഡി വിൽപ്പന കൂടാതെ ത്രിവേണി സ്റ്റോറുകൾ, മൊബൈൽ ത്രിവേണി എന്നിവയിൽ കൂടി 365 ദിവസവും പൊതുമാർക്കറ്റിനേക്കാൾ 10 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾ വിൽപ്പന നടത്തിവരുന്നു. ഉത്സവച്ചന്തകൾ സംഘടിപ്പിക്കുന്നതിനായി നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 100 കോടി രൂപ സബ്സിഡി ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്. ഈ തുകയിൽ നിന്നും 2018-19 വർഷത്തെ വിപണികളുടെ സബ്സിഡി തുക ക്രമീകരിച്ച ശേഷം നൽകുവാനുള്ള 10.15 കോടി രൂപയും ഓണവിപണിക്കായി 10 കോടി രൂപയും ഫെഡറേഷന് അനുവദിച്ചു നൽകിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉത്സവ വിപണികൾ സംഘടിപ്പിക്കുന്നതിനായി സബ്സിഡി ഇനത്തിൽ 2016-17 സാമ്പത്തിക വർഷം 3 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 52 കോടി രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 60.67 കോടി രൂപയും ഫെഡറേഷന് അനുവദിച്ചു നൽകിയിട്ടുണ്ട്. ഫെഡറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഫെഡറേഷനിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി/ഭരണസമിതി നടത്തിയിട്ടുള്ള ഇടപെടലുകളിലൂടെ ഫെഡറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഇതിന്റെ ഫലമായി ത്രിവേണി വിഭാഗത്തിന്റെ മൊത്തം വിൽപ്പന 2015-16-ൽ 86.76 കോടി രൂപ ആയിരുന്നതിൽ നിന്നും 2016-17-ൽ 105.03 കോടി രൂപയും 2017-18-ൽ 287.69 കോടി രൂപയും 2018-19-ൽ 339.65 കോടി രൂപയുമായി വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

## കൺസ്യൂമർഫെഡ്ഡിന്റെ പുതിയ ഔട്ട്‌ലെറ്റുകൾ

281 (2559) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രണവുമായി ബന്ധപ്പെട്ട് കൺസ്യൂമർഫെഡ് എത്ര പുതിയ ഔട്ട്‌ലെറ്റുകളാണ് ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നിത്യോപയോഗ സാധനങ്ങൾക്ക് പുറമെ സ്റ്റേഷനറി സാധനങ്ങൾ വിൽക്കുന്ന പുതിയ ഔട്ട്‌ലെറ്റുകൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഒൻപത് (9) ത്രിവേണി സൂപ്പർ മാർക്കറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) തീരുമാനിച്ചിട്ടുണ്ട്.

## സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം സ്ഥാപിക്കുന്ന പദ്ധതി

282 (2560) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ സഹായത്തോടെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം, ഊർജ്ജക്ഷമതയുള്ള അടുപ്പ് എന്നിവ സ്ഥാപിക്കുന്ന പദ്ധതിയിലേക്ക് ഒല്ലൂർ നിയോജക മണ്ഡലത്തിൽ നിന്നും ഏതെല്ലാം സ്കൂളുകളെയാണ് നിർദ്ദേശിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി സ്കൂളുകളിൽ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) സഹകരണ വകുപ്പിന്റെ സഹായത്തോടെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം, ഊർജ്ജക്ഷമതയുള്ള അടുപ്പ് എന്നിവ സ്ഥാപിക്കുന്ന പദ്ധതിയിലേക്ക് ഒല്ലൂർ നിയോജകമണ്ഡലത്തിൽ നിന്നും സ്കൂളുകളെ ഒന്നും നിർദ്ദേശിച്ചിട്ടില്ല.

(ബി) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സഹകരണ വകുപ്പ് മുഖാന്തരം ഒരു നിയോജകമണ്ഡലത്തിൽ ഒരു യു.പി. സ്കൂൾ വീതം 140 നിയോജകമണ്ഡലങ്ങളിലായി 140 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ, ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിലെയും എം.എൽ.എ.-മാർ ലഭ്യമാക്കുന്ന ലിസ്റ്റും, സന്നദ്ധരായ സംഘങ്ങളുടെ ലിസ്റ്റും തയ്യാറാക്കിയിരുന്നു. അതോടൊപ്പം സർക്കാർ സ്കൂളുകളിൽ സഹകരണ വകുപ്പിന്റെ സഹായത്തോടെ ഊർജ്ജക്ഷമതയുള്ള അടുപ്പ് നിർമ്മിച്ചു നൽകുന്ന പദ്ധതിയും ലക്ഷ്യമിട്ടിരുന്നു.

എന്നാൽ പൊതു വിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിൽ സംസ്ഥാനത്തെ എൽ.പി./യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് മുറികൾ സ്ഥാപിച്ച് നൽകുന്നതിന് പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തരം സ്മാർട്ട് ക്ലാസ്സ് മുറികളും ഊർജ്ജക്ഷമതയുള്ള അടുപ്പുകളും നിർമ്മിച്ചു നൽകുന്ന പദ്ധതി തൽക്കാലം തുടരേണ്ടതില്ല എന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാനപ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് മുറികൾ നിർമ്മിച്ചു നൽകുന്നുണ്ട്. ഈ രീതി തുടരാവുന്നതാണ്.

**സഹകരണ വകുപ്പിന്റെ കീഴിലുള്ള ഹോട്ടലുകളിലെ ജീവനക്കാർ**

283 (2561) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ വകുപ്പിന്റെ കീഴിൽ വരുന്ന ഹോട്ടലുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ശമ്പള സ്കെയിൽ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്ത് കണ്ണൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇന്ത്യൻ കോഫി ഹൗസ് വർക്കേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4317-ലെ ജീവനക്കാർക്കും തൊഴിലാളികൾക്കും സർക്കാരിന്റെ 16-8-2017-ലെ സ.ഉ.(കൈ)നമ്പർ .29/2017/സഹ. നമ്പർ പ്രകാരം ശമ്പള സ്കെയിൽ നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

## പീരുമേട് മണ്ഡലത്തിൽ കെയർ ഹോം പദ്ധതി

284 (2562) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ കെയർ ഹോം പദ്ധതിയിൽ പീരുമേട് നിയോജകമണ്ഡലം ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ മണ്ഡലത്തിലെ ഏതെല്ലാം സഹകരണ സ്ഥാപനങ്ങൾ പ്രസ്തുത പദ്ധതിയിൽ പങ്കാളികളായിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി മണ്ഡലത്തിൽ എത്രപേർക്ക് വീട് നിർമ്മിച്ച് നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. മണ്ഡലത്തിലെ 9 സഹകരണ സ്ഥാപനങ്ങൾ കെയർ ഹോം പദ്ധതിയിൽ പങ്കാളികളായി ഭവനനിർമ്മാണങ്ങൾക്ക് മേൽനോട്ടം വഹിച്ചിട്ടുണ്ട്. പ്രസ്തുത സഹകരണ സംഘങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു:

1. പീരുമേട് പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്.
2. കൊക്കയാർ സർവ്വീസ് സഹകരണ ബാങ്ക്
3. പെരുവന്താനം സർവ്വീസ് സഹകരണ ബാങ്ക്
4. മലനാട് സർവ്വീസ് സഹകരണ ബാങ്ക്
5. ഉപ്പുതറ സർവ്വീസ് സഹകരണ ബാങ്ക്
6. പാമ്പനാർ സർവ്വീസ് സഹകരണ ബാങ്ക്
7. വണ്ടിപ്പെരിയാർ സർവ്വീസ് സഹകരണ ബാങ്ക്
8. ചെങ്കര സർവ്വീസ് സഹകരണ ബാങ്ക്
9. അമരാവതി സർവ്വീസ് സഹകരണ ബാങ്ക്

(ബി) അനുവദിച്ചിരുന്ന 24 വീടുകളുടെയും നിർമ്മാണം പൂർത്തിയാക്കി അതാത് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്.

## വിദേശ ടൂറിസ്റ്റുകളുടെ എണ്ണം

285 (2563) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻവർഷങ്ങളെ അപേക്ഷിച്ച് വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധന ഉണ്ടായിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഏത് ജില്ലയിലാണ് ഏറ്റവും കൂടുതൽ വിദേശ സഞ്ചാരികൾ എത്തിയതെന്നും കുറവ് ഏതൊക്കെ ജില്ലകളിലാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2019 സെപ്റ്റംബർ മാസം വരെയുള്ള സ്ഥിതിവിവര കണക്കുകളാണ് വകുപ്പ് അന്തിമമാക്കിയിട്ടുള്ളത്. പ്രസ്തുത കണക്കുകൾ 2018-ലെ ഇതേ കാലയളവിലെ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധന ഉണ്ടായിട്ടുണ്ട്.

(ബി) 2019 സെപ്റ്റംബർ മാസം വരെയുള്ള സ്ഥിതിവിവര കണക്കുകൾ പ്രകാരം ഏറ്റവും കൂടുതൽ വിദേശ ടൂറിസ്റ്റുകൾ എത്തിയ ജില്ല എറണാകുളവും ഏറ്റവും കുറവ് വിദേശ ടൂറിസ്റ്റുകൾ എത്തിയ ജില്ല പത്തനംതിട്ടയുമാണ്.

## കായലോര ടൂറിസം പദ്ധതി

286 (2564) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായലോര ടൂറിസം പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഈ പദ്ധതിയിൽ ഏതെല്ലാം പ്രദേശങ്ങളെ ഉൾപ്പെടുത്തിയിരിക്കുന്നുവെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം സൗകര്യങ്ങളാണ് വിനോദസഞ്ചാരികൾക്ക് ലഭ്യമാക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) ഈ പദ്ധതിയിൽ കരുനാഗപ്പള്ളി മണ്ഡലത്തിലെ കന്നേറ്റി കായലിനെയും ടി.എസ്.കനാലിനെയും ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) കായലോര വാക്ക് വേ നിർമ്മിക്കുന്ന പദ്ധതി ടൂറിസം വകുപ്പിനുണ്ടോ; ഏതെല്ലാം പ്രദേശത്ത് ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇത്തരത്തിൽ ഒരു പദ്ധതി വിനോദസഞ്ചാര വകുപ്പ് ആരംഭിച്ചിട്ടില്ല.

(ബി&സി) ബാധകമല്ല.

(ഡി) ഇത്തരമൊരു പദ്ധതി ടൂറിസം വകുപ്പിൽ നിലവിലില്ല.

**ടൂറിസം മേഖലയിൽ ചെലവഴിച്ച തുക**

287 (2565) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ടൂറിസം മേഖലയിൽ ചെലവഴിച്ച തുക എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ ജില്ലയിലും നടപ്പിലാക്കിയ പദ്ധതികളും ജനങ്ങൾക്ക് അതിൽ നിന്ന് ലഭിക്കുന്ന നേട്ടങ്ങളും എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഇനി ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഇപ്രാവശ്യത്തെ ഓണാഘോഷങ്ങൾക്ക് ടൂറിസം വകുപ്പ് ചെലവഴിച്ച തുക ജില്ല തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ടൂറിസം വകുപ്പിൽ പദ്ധതി തുക ചെലവഴിക്കുന്നത് ജില്ലകളിൽ നിന്നല്ല മറിച്ച് വകുപ്പദ്ധ്യക്ഷന്റെ കാര്യാലയത്തിൽ നിന്നാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൂന്ന് സാമ്പത്തിക വർഷങ്ങളിലായി ടൂറിസം വകുപ്പിന് അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| 2016-17 | 314.32 കോടി | 296.55 കോടി |
| 2017-18 | 345.23 കോടി | 309.85 കോടി |
| 2018-19 | 381.75 കോടി | 229.56 കോടി |

(ബി) ഓരോ ജില്ലയിലും നടപ്പിലാക്കിയ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

ടൂറിസം ഡെസ്റ്റിനേഷനുകളിൽ എത്തിച്ചേരുന്ന വിനോദസഞ്ചാരികൾക്കും തദ്ദേശിയർക്കുമുള്ള അടിസ്ഥാന സൗകര്യ വികസനങ്ങളാണ് ടൂറിസം പദ്ധതികളിൽ പ്രധാനമായും നടപ്പിലാക്കുന്നത്. അടിസ്ഥാന സൗകര്യ വികസനങ്ങളായ ശുചിമുറികൾ, നടപ്പാതകൾ, വഴിവിളക്കുകൾ, ശുദ്ധജല ലഭ്യത, സുരക്ഷാ ക്രമീകരണങ്ങൾ, വഴിയോര വിശ്രമ കേന്ദ്രങ്ങൾ, റെസ്റ്റോറന്റ്, ഡസ്റ്റിനേഷനുകൾ മാലിന്യ മുക്തമാക്കൽ മുതലായവയാണ് പ്രധാനമായും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. കൂടാതെ തീർത്ഥാടന ടൂറിസത്തെ വികസിപ്പിക്കുന്നതിനായി ജില്ലയിലെ പുരാതന ക്ഷേത്രങ്ങൾ, മസ്ജിദുകൾ, ചർച്ചുകൾ തുടങ്ങിയവയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകിയുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു. ഇതിനുപുറമേ പൈതൃക സ്മാരക സംരക്ഷണങ്ങൾക്കും അന്യംനിന്നുപൊയ്ക്കൊണ്ടിരിക്കുന്ന കരകൗശല പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനും ആയത് ലോകോത്തര ടൂറിസം മേഖലയിലേക്ക് കൊണ്ടുവരുന്നതിനും ആവശ്യമായ പദ്ധതികളും വകുപ്പ് നടപ്പിലാക്കിവരുന്നു.

(സി) ഇതുസംബന്ധിച്ച് അന്തിമ തീരുമാനം ആയിട്ടില്ല.

(ഡി) ഇപ്രാവശ്യത്തെ ഓണാഘോഷങ്ങൾക്കായി ആറ് കോടി രൂപ അനുവദിച്ചിരുന്നു. അതിൽ നാല് കോടി രൂപ തിരുവനന്തപുരത്ത് വിപുലമായി ഓണാഘോഷം നടത്തുന്നതിനും 2 കോടി രൂപ പതിനാല് ജില്ലകളിലും ഓണാഘോഷം ജില്ലാതലത്തിൽ സംഘടിപ്പിക്കുന്നതിനും അനുവദിച്ച് നൽകിയിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. തിരുവനന്തപുരം - 20,00,000 രൂപ
2. കൊല്ലം - 20,00,000 രൂപ
3. പത്തനംതിട്ട – 6,00,000 രൂപ
4. കോട്ടയം - 6,00,000 രൂപ
5. ആലപ്പുഴ – 6,00,000 രൂപ
6. ഇടുക്കി - 6,00,000 രൂപ
7. എറണാകുളം - 33,00,000 രൂപ
8. തൃശ്ശൂർ - 26,00,000 രൂപ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | | |
|---|---|---|
| 9. പാലക്കാട് | - | 6,00,000 രൂപ |
| 10. മലപ്പുറം | - | 6,00,000 രൂപ |
| 11. കണ്ണൂർ | - | 20,00,000 രൂപ |
| 12. കോഴിക്കോട് | - | 33,00,000 രൂപ |
| 13. വയനാട് | - | 6,00,000 രൂപ |
| 14. കാസർഗോഡ് | - | 6,00,000 രൂപ |

**ആയുർവേദ വിനോദസഞ്ചാരം**

288 (2566) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആയുർവേദ വിനോദസഞ്ചാര മേഖലയെ ലോകത്തിന് പരിചയപ്പെടുത്തുന്നതിനായി കേരള യാത്ര സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; അതിന്റെ ഭാഗമായി ബിസിനസ് ടു ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അറിയിക്കുമോ;

(ബി) ആരുടെ സഹകരണത്തോടെയാണ് പ്രസ്തുത കേരള യാത്ര സംഘടിപ്പിക്കുന്നതെന്നും എത്ര പ്രതിനിധികൾ പ്രസ്തുത മീറ്റുകളിൽ പങ്കെടുക്കുവാൻ താല്പര്യം അറിയിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ ആയുർവേദ വിനോദസഞ്ചാര മേഖലയെ ലോകത്തിന് പരിചയപ്പെടുത്തുന്നതിനായി കേരള ആയുർവേദ പ്രൊമോഷൻ സൊസൈറ്റി എന്ന സംഘടന 2019 ഒക്ടോബർ 24 മുതൽ നവംബർ 4 വരെ കേരളത്തിൽ സംഘടിപ്പിക്കുന്ന "ഇന്റർനാഷണൽ ആയുർവേദ അമ്പാസിഡേഴ്സ് ടൂർ & ബി2 ബി മീറ്റിന്" സ്പോൺസർഷിപ്പ് നൽകിക്കൊണ്ട് ടൂറിസം വകുപ്പ് സഹകരിക്കുന്നുണ്ട്. മീറ്റിന്റെ നടത്തിപ്പ് സംബന്ധിച്ച കാര്യങ്ങളും പ്രതിനിധികളുടെ കാര്യങ്ങളും കേരള ആയുർവേദ പ്രൊമോഷൻ സൊസൈറ്റിയാണ് കൈകാര്യം ചെയ്യുന്നത്. 30 രാജ്യങ്ങളിൽനിന്നുള്ള 45 പ്രതിനിധികളാണ് ഈ ടൂറിൽ പങ്കെടുക്കുന്നത് എന്ന് സംഘാടകർ അറിയിച്ചിട്ടുണ്ട്.

### തിരുവമ്പാടി മണ്ഡലത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ

289 (2567) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിനോദസഞ്ചാരത്തിനും സാഹസിക വിനോദത്തിനും പര്യാപ്തമായ ഒട്ടേറെ കേന്ദ്രങ്ങളുള്ള തിരുവമ്പാടി നിയോജകമണ്ഡലത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിനായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

പരിശോധിക്കുന്നതാണ്.

### പൈതൃക വീഥിയായി മാറ്റുന്നതിന് പദ്ധതി

290 (2568) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നഗരത്തിന്റെ പൈതൃകം കണക്കിലെടുത്ത് അത്തച്ചമയ ഘോഷയാത്ര നടക്കുന്ന വീഥികളെ ഉൾപ്പെടുത്തി ഒരു പൈതൃക വീഥിയായി മാറ്റുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) ഇല്ലെങ്കിൽ ഇത്തരത്തിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) നിലവിൽ ഇത്തരമൊരു പദ്ധതി വിനോദസഞ്ചാര വകുപ്പിന്റെ പരിഗണനയിൽ ഇല്ല.

### വിനോദ സഞ്ചാരമേഖലയിൽ നടപ്പാക്കിയ പദ്ധതികൾ

291 (2569) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## മലബാർ റിവർ ക്രൂയിസ് പദ്ധതി

292 (2570) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ റിവർ ക്രൂയിസ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇതുവരെ എന്തെല്ലാം കാര്യങ്ങൾ ആണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മലബാർ റിവർ ക്രൂയിസ് പദ്ധതി വിപുലപ്പെടുത്തുന്നത് പരിഗണനയിൽ ഉണ്ടോ; എങ്കിൽ ആയതിന് വേണ്ടി എന്തെല്ലാം നടപടിക്രമങ്ങൾ ആണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) മലബാർ റിവർ ക്രൂയിസ് പദ്ധതി പൂർത്തീകരിക്കുന്നതിന് ഇനി എന്തെല്ലാം നടപടി ക്രമങ്ങളാണുള്ളതെന്നും ആയത് എപ്പോൾ സാധ്യമാക്കാനാകുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ)

- കണ്ണൂർ ജില്ലയിൽ 14 ബോട്ട് ജെട്ടി/ടെർമിനലുകൾക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർവ്വഹണ ഏജൻസിയായി ഉൾനാടൻ ജലഗതാഗത വകുപ്പിനെ ചുമതലപ്പെടുത്തി 9 പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികളും 3 പദ്ധതികളുടെ പ്രാരംഭ പ്രവൃത്തികളും 2 പദ്ധതികളുടെ ടെണ്ടർ നടപടികളും പുരോഗമിച്ചുവരികയാണ്. ഇതിൽ പഴയങ്ങാടി ബോട്ട് ടെർമിനൽ അന്തിമഘട്ടത്തിലും പറശ്ശിനി ബോട്ട് ടെർമിനൽ 75 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുമുണ്ട്.

- ജെട്ടി/ടെർമിനൽ നിർമ്മാണം പുഴ പുറമ്പോക്കിലാണ് നടത്തുന്നത്. അതിന് ഭൂരിഭാഗം ഗ്രാമ പഞ്ചായത്ത്/നഗരസഭ റെസല്യൂഷൻ ലഭിച്ചിട്ടുണ്ട്.

- പദ്ധതിയുടെ സ്ഥലലഭ്യതയ്ക്കുള്ള നിയന്ത്രിതാനുമതിക്കായുള്ള നടപടി ജില്ലയിലെ ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് മുഖേന സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

• കേന്ദ്ര ടൂറിസം മന്ത്രാലയം സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി മലനാട് റിവർ ക്രൂയിസ് ടൂറിസം പദ്ധതിക്കായി കണ്ണൂർ ജില്ലയിൽ 8037.38 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ജെട്ടി/ടെർമിനൽ എന്നിവയുടെ നിർവ്വഹണ ഏജൻസി ഉൾനാടൻ ജലഗതാഗത വകുപ്പും മറ്റ് അനുബന്ധ പ്രവൃത്തികൾ കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL)മാണ് ഏറ്റെടുത്തിട്ടുള്ളത്. ഇതിൽ ജെട്ടി/ടെർമിനൽ എന്നിവ പഞ്ചായത്ത്/നഗരസഭ പുഴ പുറമ്പോക്കിലാണ് നിർമ്മിക്കുന്നത്. ഇതിനായി സ്ഥല ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സ്ഥലം സംബന്ധിച്ച നിയന്ത്രിതാനുമതി ടൂറിസം വകുപ്പിന് നൽകിക്കൊണ്ടുള്ള ഗ്രാമ പഞ്ചായത്ത് പ്രമേയങ്ങൾ ഏതാണ്ട് എല്ലാ പഞ്ചായത്തുകളിൽ നിന്നും ലഭിച്ചിട്ടുണ്ട്. ലഭ്യമായ പഞ്ചായത്ത് ഭരണസമിതി പ്രമേയങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിക്ക് ആവശ്യമായ സ്ഥലത്തിനുള്ള നിയന്ത്രിതാനുമതിക്കായുള്ള നടപടി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് മുഖേന സ്വീകരിച്ചുവരുന്നു.

• സ്വകാര്യ സ്ഥലങ്ങൾ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾ, സ്ഥലം വ്യക്തികൾ സ്വമേധയാവിട്ടുതന്ന ശേഷം സർക്കാരിലേക്ക് ചേർക്കുന്നതിനായുള്ള നടപടികൾ റവന്യൂ വകുപ്പ് മുഖേന നടത്തേണ്ടതുണ്ട്. ഇപ്രകാരം സമ്മതം കിട്ടിയിട്ടുള്ള സ്ഥലങ്ങളുടെ relinquishment process നടന്നുവരികയാണ്. കൂടുതൽ സ്ഥലം/വ്യക്തികൾ ഉൾപ്പെട്ട പ്രദേശങ്ങളിൽ സർവ്വേ നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

• പദ്ധതിക്കാവശ്യമായ CRZ ക്ലിയറൻസിനുവേണ്ടി അപേക്ഷിക്കുന്നതിനായി കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന് (KSINC) ടൂറിസം വകുപ്പ് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. KSINC അതിന്റെ പ്രാരംഭ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവരെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്തതും CRZ ക്ലിയറൻസ് ആവശ്യമായ പദ്ധതികൾ CRZ ക്ലിയറൻസ് ലഭ്യമായ ശേഷം ആരംഭിച്ചാൽ മതിയെന്ന് ടൂറിസം വകുപ്പ് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

• മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി കാസർഗോഡ് ജില്ലയിലെ കോട്ടപ്പുറത്ത് ഹൗസ്ബോട്ട് ടെർമിനൽ സ്ഥാപിക്കുന്നതിനായി ടൂറിസം വകുപ്പ് എട്ട് കോടി രൂപയും മാവിലാകടപ്പുറത്ത് ഹൗസ് ബോട്ട് ടെർമിനൽ സ്ഥാപിക്കുന്നതിന് 3 കോടി 27 ലക്ഷം രൂപയും മാടക്കാലിൽ ഹൗസ് ബോട്ട് ജെട്ടി സ്ഥാപിക്കുന്നതിന് 98 ലക്ഷം രൂപയും അനുവദിച്ചു. മാവിലാക്കടപ്പുറത്തെ ഹൗസ്ബോട്ട് ടെർമിനലിന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പണി പകുതിയിലധികം തീർന്നു.

(ബി) പരിശോധിക്കാവുന്നതാണ്.

(സി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് താഴെ പറയുന്ന നടപടികളാണുള്ളത്.

- ഭരണാനുമതി ലഭിച്ച എല്ലാ പ്രവൃത്തികളുടെയും സാങ്കേതികാനുമതി നേടിയ ശേഷം നിർവ്വഹണ ഏജൻസി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി കരാറുകാരന് കൈമാറേണ്ടതാണ്.

- CRZ ക്ലിയറൻസ് ആവശ്യമായ പദ്ധതികൾ/പ്രവൃത്തികൾ, ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാവുന്നതും ക്ലിയറൻസ് ആവശ്യമില്ലാത്ത പ്രവൃത്തികൾ ആരംഭിക്കാനുള്ള നടപടികൾ നിർവ്വഹണ ഏജൻസി സ്വീകരിക്കേണ്ടതുമാണ്.

- എന്നാൽ CRZ ക്ലിയറൻസിന് അപേക്ഷിച്ച് clearance ലഭിക്കാനുള്ള സമയത്തിന്റെ ഇടവേളയിൽ തന്നെ ടെണ്ടർ നടപടികൾ നിർവ്വഹണ ഏജൻസിക്ക് പൂർത്തീകരിക്കാവുന്നതാണ് (CRZ ക്ലിയറൻസിന് വിധേയമായിട്ടായിരിക്കും സമ്മതപത്രം (Tender agreement) ഒപ്പുവയ്ക്കുന്നതെന്ന നിബന്ധന ടെണ്ടർ രേഖകളിൽ സൂചിപ്പിക്കാവുന്നതാണ്).

- ബോട്ട് ജെട്ടി/ടെർമിനൽ മറ്റ് അനുബന്ധ കമ്പോണന്റുകൾ എന്നിവയുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതോടൊപ്പം തന്നെ ക്രൂയിസ് റൂട്ടുകളിൽ സവാരിക്കായുള്ള ഹൗസ് ബോട്ട്/ജലയാനങ്ങൾ ഒരുക്കേണ്ടതാണ്.

- പൂർത്തീകരിച്ച ബോട്ട് ജെട്ടി/ടെർമിനൽ മുതലായ അടിസ്ഥാന സൗകര്യങ്ങളുടെയും (Components) നടത്തിപ്പും മേൽനോട്ടവും (Management & supervision) സംബന്ധിച്ച് പരിശോധിച്ചുവരുന്നു.

- ബോട്ട് ജെട്ടി/ടെർമിനൽ എന്നിവയുടെ പൂർത്തീകരണത്തിന് സാങ്കേതികാനുമതി എടുത്ത ശേഷം 18 മാസക്കാലയളവാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. സ്വദേശ് ദർശൻ പദ്ധതിയിൽ 36 മാസമാണ് പൂർത്തീകരണത്തിനായി ഭരണാനുമതി പ്രകാരം നൽകിയിട്ടുള്ള കാലയളവ്.

## ഗ്രീൻ കാർപ്പെറ്റ് പദ്ധതി

293 (2571) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി ഗ്രീൻ കാർപ്പറ്റ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഗ്രീൻ കാർപ്പെറ്റ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഏതെല്ലാം വിനോദസഞ്ചാര കേന്ദ്രങ്ങളിലാണ് പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം, പരിസര ശുചിത്വം, പൊതുസൗകര്യങ്ങൾ, മെച്ചപ്പെട്ട സേവന ലഭ്യത എന്നിവ ഉൾപ്പെടെയുള്ള സംഗതികൾ ഉറപ്പുവരുത്താൻ പങ്കാളിത്ത സ്വഭാവത്തോടെ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള സമഗ്ര ക്യാമ്പയിൻ പദ്ധതിയാണ് ഗ്രീൻ കാർപ്പെറ്റ്. സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിനും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും ഉറപ്പുവരുത്തുന്നതിനുമായി വിവിധ പദ്ധതികൾ കൈക്കൊണ്ടുവരുന്നു. വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ സാധ്യത വിലയിരുത്തി സന്ദർശകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് വകുപ്പ് പ്രത്യേക ശ്രദ്ധ ചെലുത്തുന്നു. വിശ്രമസങ്കേതങ്ങൾ, നടപ്പാതകൾ, കുടിവെള്ള ലഭ്യത, ടോയ്‌ലെറ്റ് സംവിധാനം, കഫെറ്റീരിയ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനായാണ് "ഗ്രീൻകാർപ്പെറ്റ്" പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്. ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്ന "ബാരിയർ ഫ്രീ" ടൂറിസം പദ്ധതി പ്രധാനപ്പെട്ട എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും സാധ്യതയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിവിധ ഏജൻസികളെ ഉൾപ്പെടുത്തി മാസ് ക്ലീനിംഗ് പരിപാടികൾ തുടർച്ചയായി നടപ്പാക്കിവരുന്നുണ്ട്.

ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ കുടിവെള്ള ലഭ്യതയ്ക്കുള്ള നടപടികൾ ടൂറിസം വകുപ്പ് സ്വീകരിച്ചുവരുന്നു. മാലിന്യ നീക്കത്തിനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്. പ്രകാശ സംവിധാനം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ തെരഞ്ഞെടുക്കപ്പെട്ട ഡെസ്റ്റിനേഷനുകളിൽ ഏർപ്പെടുത്തിവരുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങൾ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വമിഷൻ, നാഷണൽ സർവ്വീസ് സ്കീം, എൻ.ജി.ഒ..-കൾ തുടങ്ങിയവരുടെ കൂട്ടായ്മയിലൂടെയാണ് ഗ്രീൻ കാർപ്പെറ്റ് പദ്ധതി നടപ്പിലാക്കിവരുന്നത്. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നിരീക്ഷണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ഡെസ്റ്റിനേഷനുകളിലും ഡെസ്റ്റിനേഷൻ മാനേജർമാരെ നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

(ബി) പത്തിന അജണ്ടയിൽ ഊന്നൽ നൽകിയിട്ടുള്ള ഗ്രീൻ കാർപ്പെറ്റ് പദ്ധതിക്ക് ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രധാനമായും താഴെ പറയുന്നവയാണ്.

1. വൃത്തിയും ശുചിത്വവുമുള്ള പരിസരം, ഖരമാലിന്യങ്ങളുടെ ശാസ്ത്രീയ ശേഖരണവും സംസ്കരണവും.
2. മേന്മയേറിയ പൊതുശുചിമുറികളും അവയുടെ കൃത്യമായ പരിപാലനവും.
3. ശുദ്ധമായ കുടിവെള്ളവും ഭക്ഷണവും.
4. കേടുപാടുകൾ ഇല്ലാത്ത നടപ്പാത, ലൈറ്റിംഗ്, സൂചക ബോർഡുകൾ.
5. പ്രകൃതിയുടെ സ്വാഭാവികത നിലനിർത്താനുള്ള നടപടികൾ.
6. വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം, സംരക്ഷണം എന്നിവ ഉറപ്പുവരുത്തൽ. അടിയന്തര ഘട്ടങ്ങളിൽ എത്രയും പെട്ടെന്ന് സഹായം ഉറപ്പാക്കുന്നതിനുള്ള സംവിധാനം.
7. ടൂറിസ്റ്റുകൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനും പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനുമുള്ള സംവിധാനം.
8. ജീവനക്കാർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് കൃത്യമായ പരിശീലനം- തിരിച്ചറിയിൽ കാർഡ്.
9. പ്രാദേശിക ജനങ്ങളുടെ പങ്കാളിത്തം.
10. ടി കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനെ ഡെസ്റ്റിനേഷൻ മാനേജരായി ചുമതലപ്പെടുത്തുക.

(സി) നിലവിൽ 77 വിനോദസഞ്ചാര കേന്ദ്രങ്ങളാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ആഭ്യന്തര ടൂറിസം വികസനം**

294 (2572) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആഭ്യന്തര ടൂറിസം വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്ത് ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ആഭ്യന്തര ടൂറിസം വികസിപ്പിക്കുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. ടൂറിസം വികസനത്തിനായി പ്രഖ്യാപിച്ച സമഗ്ര ടൂറിസം നയത്തിന്റെ ഭാഗമായാണ് വകുപ്പ് പ്രവർത്തിച്ചുവരുന്നത്. ടൂറിസം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനും മികച്ച ടൂറിസം കേന്ദ്രമാക്കി കേരളത്തെ ഇനിയും ഉയർത്താനും ഉതകുന്ന രീതിയിൽ കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാനുള്ള നടപടിക്രമങ്ങൾ തുടങ്ങിക്കഴിഞ്ഞു. ടൂറിസം രംഗത്തെ സാധ്യതകൾ മുൻകൂട്ടിക്കാണാനും മികച്ച രീതിയിലെ പ്രവർത്തനങ്ങൾക്ക് നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനുമായി ടൂറിസം അഡ്വൈസറി സമിതി രൂപീകരിച്ചു.

ദേശീയതലത്തിൽ വിവിധ മാർക്കറ്റിംഗ് ക്യാമ്പയിനുകൾ വകുപ്പ് സംഘടിപ്പിച്ചുവരുന്നുണ്ട്. ഉത്തരേന്ത്യൻ, ദക്ഷിണേന്ത്യൻ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കാൻ "ഓഫ് സീസൺ പ്രൊമോഷൻ ക്യാമ്പയിൻ" സംഘടിപ്പിച്ചുവരുന്നു. നൂതന പരസ്യ ക്യാമ്പയിനായ 'ഹ്യൂമൺ ബൈ നേച്ചർ' വിദേശ ടൂറിസം വിപണികളിൽ സംഘടിപ്പിച്ചുവരുന്നു. നൂതന ആശയങ്ങൾ ഉൾക്കൊള്ളുന്ന വിവിധ ദേശീയ ടൂറിസം മേളകളിൽ കേരള ടൂറിസം സജീവ സാന്നിധ്യമാണ്. ഇതിനു പുറമെ രാജ്യത്തെ വിവിധ നഗരങ്ങളിൽ വകുപ്പ് ബിസിനസ് മീറ്റുകൾ ( റോഡ് ഷോ) സംഘടിപ്പിച്ചുവരുന്നു.

ആഭ്യന്തര ടൂറിസം വികസിപ്പിക്കുന്നതിനായി ഓണാഘോഷം, നിശാഗന്ധി നൃത്തോത്സവം എന്നിവയ്ക്ക് ആവശ്യമായ പ്രചാരണം നൽകുന്നുണ്ട്. "കേരള ബ്ലോഗ് എക്സ്പ്രസ്" എന്നത് ആഭ്യന്തര ടൂറിസം രംഗത്ത് പുതിയ ഒരു ആശയം തന്നെയാണ്. ചാമ്പ്യൻസ് ബോട്ട് ലീഗ്, നിശാഗന്ധി മൺസൂൺ മ്യൂസിക് ഫെസ്റ്റിവൽ എന്നിവ ആഭ്യന്തര ടൂറിസം വികസനം മുന്നിൽ കണ്ടാണ് പുതിയതായി സംഘടിപ്പിച്ചിട്ടുള്ളത്. രാജ്യത്തിനകത്ത് വിവിധ ടെലിവിഷൻ ചാനലുകൾ കേന്ദ്രീകരിച്ച് നാഷണൽ ബ്രാന്റ് ടെലിവിഷൻ ക്യാമ്പയിൻ, എയർപോർട്ട് ക്യാമ്പയിൻ തുടങ്ങിയവ ആരംഭിച്ചുകഴിഞ്ഞു. ദേശീയതലത്തിലെ മികച്ച ബ്ലോഗർമാരെ ഉൾപ്പെടുത്തി 'നാഷണൽ ബ്ലോഗ് എക്സ്പ്രസും' ഈ കൊല്ലം നടപ്പിലാക്കുന്നതാണ്. ഇത്തരം ക്യാമ്പയിനുകൾ വഴി സംസ്ഥാനത്തെ ടൂറിസം മേഖലയെ ഇനിയും മികച്ചതാക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

(ബി) 2019 സെപ്റ്റംബർ മാസം വരെയുള്ള സ്ഥിതിവിവരകണക്കുകളാണ് അന്തിമമാക്കിയിട്ടുള്ളത്. 2019 സെപ്റ്റംബർ മാസം വരെ 1,31,84,227 ആഭ്യന്തര വിനോദസഞ്ചാരികൾ കേരളം സന്ദർശിച്ചിട്ടുണ്ട്. ഈ കണക്കുകൾ 2018 വർഷത്തെ ഇതേ കാലയളവിലെ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 1865377 പേരുടെ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.

**പീരുമേട് നിയോജകമണ്ഡലത്തിലെ വിനോദസഞ്ചാര പദ്ധതികൾ**

295 (2573) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പീരുമേട് നിയോജകമണ്ഡലത്തിൽ ഈ സർക്കാർ ഏതൊക്കെ വിനോദസഞ്ചാര പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക ഉൾപ്പെടെ ആ പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

പീരുമേട് മണ്ഡലത്തിൽ ഈ സർക്കാർ ഭരണാനുമതി നൽകിയ ടൂറിസം പദ്ധതികളുടെ വിശദമായ റിപ്പോർട്ട് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

**കടമക്കുടി ടൂറിസം പദ്ധതി**

296 (2574) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടമക്കുടി ടൂറിസം പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;എങ്കിൽ വിശദമാക്കാമോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഇക്കാര്യത്തിൽ പ്രൊപ്പോസൽ തയ്യാറാക്കുന്ന കാര്യം പരിഗണനയിലാണ്. പരിസ്ഥിതി സൗഹൃദമായ ടൂറിസം പദ്ധതി നടപ്പിലാക്കാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്.

കടമക്കുടി പഞ്ചായത്തിനോട് സ്ഥല ലഭ്യത ആവശ്യപ്പെട്ട് കത്തയച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പിൽഗ്രിം ടൂറിസം പദ്ധതി

297 (2575) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിൽ പിൽഗ്രിം ടൂറിസം പദ്ധതി പ്രകാരം ഏതൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

തൃശ്ശൂർ ജില്ലയിൽ പിൽഗ്രിം ടൂറിസം പദ്ധതി പ്രകാരം താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പാക്കിയിരിക്കുന്നത്.

1. നാലമ്പലം പിൽഗ്രിം ടൂറിസം പദ്ധതി - 3.96 കോടി രൂപ.
2. ആറാട്ടുപുഴ ശ്രീ ശാസ്താ ടെമ്പിൾ വികസന പദ്ധതി - 93 ലക്ഷം രൂപ.

പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂർ അമ്പല വികസനം - 46.14 കോടി രൂപ (പദ്ധതിയുടെ നിർമ്മാണം നടന്നുവരുന്നു).

സ്വദേശ് ദർശൻ സ്കീം പ്രകാരം തൃശ്ശൂർ ജില്ലയിലെ 15 ദേവാലയങ്ങൾക്കായി 10.22 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ നടന്നുവരുന്നു

## ചാമ്പ്യൻസ് ബോട്ട് ലീഗ്

298 (2576) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലകളിൽ വള്ളംകളിയുടെ സാധ്യതകൾ മനസ്സിലാക്കി ചാമ്പ്യൻസ് ബോട്ട് ലീഗ് എന്ന പേരിൽ ചുണ്ടൻ വള്ളംകളി മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം ടൂറിസം ഡെസ്റ്റിനേഷൻ പോയിന്റുകളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് മലബാർ മേഖലയിൽ എന്തെല്ലാം പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രഥമ ചാമ്പ്യൻസ് ബോട്ട് ലീഗ് ഓഗസ്റ്റ് 31-ന് ആലപ്പുഴയിൽ നടന്ന നെഹ്റു ട്രോഫി വള്ളംകളിയോടെ ആരംഭിക്കുകയും നവംബർ 23-ന് കൊല്ലത്ത് വച്ചുനടക്കുന്ന പ്രസിഡന്റ്സ് ട്രോഫി വള്ളംകളിയോടെ സമാപിക്കുകയും ചെയ്യുന്ന രീതിയിൽ നടന്നുവരുന്നു. കേരളത്തിലെ ആറ് ജില്ലകളിലായി 12 സ്ഥലങ്ങളിലായാണ് ചാമ്പ്യൻസ് ബോട്ട് ലീഗ് നടക്കുന്നത്.

(ബി) പ്രഥമ ചാമ്പ്യൻസ് ബോട്ട് ലീഗ് താഴെപ്പറയുന്ന സമയക്രമത്തിൽ നടന്നുവരുന്നു:

1. നെഹ്റു ട്രോഫി ബോട്ട് റേസ്, ആലപ്പുഴ-ആഗസ്റ്റ് 31, 2019
2. താഴത്തങ്ങാടി, കോട്ടയം-സെപ്റ്റംബർ 7, 2019
3. കരുവാറ്റ, ആലപ്പുഴ-സെപ്റ്റംബർ 14, 2019
4. പിറവം, എറണാകുളം - സെപ്റ്റംബർ 28, 2019
5. മറൈൻ ഡ്രൈവ്, എറണാകുളം -ഒക്ടോബർ 5, 2019
6. കോട്ടപ്പുറം, തൃശ്ശൂർ -ഒക്ടോബർ 12, 2019
7. കോട്ടപ്പുറം, തൃശ്ശൂർ-ഒക്ടോബർ 19, 2019 (സാങ്കേതിക കാരണങ്ങളാൽ പൊന്നാനിയിൽ നിശ്ചയിച്ചിരുന്ന വള്ളംകളി കോട്ടപ്പുറത്തുവച്ച് നടത്തി)
8. കൈനകരി, ആലപ്പുഴ- ഒക്ടോബർ 26, 2019
9. പുളിങ്കുന്ന്, ആലപ്പുഴ-നവംബർ 2, 2019
10. കായംകുളം, ആലപ്പുഴ-നവംബർ 9, 2019
11. കല്ലട, കൊല്ലം-നവംബർ 16, 2019
12. പ്രസിഡന്റ്സ് ട്രോഫി ബോട്ട് റേസ്, കൊല്ലം - നവംബർ 23, 2019

(സി) മലബാർ മേഖലയുടെ വിനോദസഞ്ചാര വികസനത്തിനായി വിവിധ പദ്ധതികൾ ടൂറിസം വകുപ്പ് വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി 80.37 കോടി രൂപയുടെ മലനാട്-മലബാർ റിവർ ക്രൂയിസ് പദ്ധതി നടപ്പാക്കിവരുന്നു. കൂടാതെ ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന പദ്ധതിയായി 53.08 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതിയായിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട്, ധർമ്മടം കടൽത്തീരങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് പ്രസ്തുത പ്രദേശത്തെ അന്താരാഷ്ട്ര നിലവാരമുള്ള ടൂറിസം ഡെസ്റ്റിനേഷനായി

വികസിപ്പിക്കുവാനുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഇതുകൂടാതെ തലശ്ശേരിയിലെ പൈതൃക മൂല്യങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള തലശ്ശേരി ഹെറിറ്റേജ് പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നു. കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളെ ഉൾപ്പെടുത്തി തലശ്ശേരി ഹെറിറ്റേജ് പദ്ധതിയുടെ രണ്ടാംഘട്ടം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാഹസിക ടൂറിസം രംഗത്തെ ഇനങ്ങളായ കയാക്കിംഗ് ഫെസ്റ്റ്, മൗണ്ടൻ ബൈക്കിംഗ് ചലഞ്ച് തുടങ്ങിയ പരിപാടികൾ വിജയകരമായി നടത്തിവരുന്നുണ്ട്.

വയനാട് ജില്ലയിലെ പദ്ധതികൾ

1. സ്വദേശ് ദർശൻ സ്കീം -ഡെവലപ്മെന്റ് ഓഫ് സ്പിരിച്വൽ സർക്യൂട്ട്-വയനാട്-ക്ലസ്റ്റർ II
2. റിനോവേഷൻ ഓഫ് തിരുനെല്ലി ടെമ്പിൾ പ്രിമൈസസ്, വയനാട്
3. റിനോവേഷൻ &റിസ്റ്റോറേഷൻ ഓഫ് പൂക്കോട് ലേക്ക് &പ്രിമൈസസ്
4. കൺസ്ട്രക്ഷൻ ഓഫ് വേൾഡ് ക്ലാസ്സ് ടോയ്ലെറ്റ് ബ്ലോക്ക് അറ്റ് പൂക്കോട്.

മലപ്പുറം ജില്ലയിലെ പദ്ധതികൾ

1. ഡെവലപ്മെന്റ് ഓഫ് സൺസെറ്റ് ബീച്ച് പാർക്ക്, പടിഞ്ഞാറെക്കര
2. മാമാങ്കം ചാവേർത്തറ ഹെറിറ്റേജ് ടൂറിസം പ്രോജക്ട്, തിരുമാന്ധാംകുന്ന്, അങ്ങാടിപ്പുറം

## പാറന്നൂർചിറ ടൂറിസം പദ്ധതി

299 (2577) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലുള്ള ചൂണ്ടൽ പഞ്ചായത്തിലെ പാറന്നൂർചിറ ടൂറിസം പദ്ധതിക്കായി രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതിക്ക് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഇത്തരമൊരു പദ്ധതി സംബന്ധിച്ച് ടൂറിസം വകുപ്പ് രൂപരേഖ തയ്യാറാക്കിയിട്ടില്ല.

(ബി) പദ്ധതി നിലവിൽ പരിഗണനയിൽ ഇല്ല.

## തെന്മല ഇക്കോ ടൂറിസം

300 (T2578) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കോ ടൂറിസം പ്രോജക്ടിന്റെ ഭാഗമായി വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് തെന്മലയിൽ ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; വിശദീകരിക്കാമോ;

(ബി) പ്രസ്തുത പ്രോജക്ടിലെ ലെഷർ സോണിലെ പല ഇലക്ട്രോണിക് ഉപകരണങ്ങളും പ്രവർത്തനരഹിതമായിട്ടും അത് പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് എന്നറിയിക്കാമോ;

(സി) ഇക്കോ-ടൂറിസത്തിലെ അഡ്വഞ്ചർ സോൺ കൂടുതൽ ആകർഷകമാക്കുന്നതിനും അവിടെ പ്രവർത്തനരഹിതമായിട്ടുള്ള സംവിധാനങ്ങൾ നന്നാക്കുന്നതിനും പുതിയവ സ്ഥാപിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഇക്കോ ടൂറിസം പ്രോജക്ടിന്റെ ഭാഗമായി വിനോദസഞ്ചാരികളെ ആകർഷിക്കാനായി തെന്മലയിൽ താഴെ ചേർത്തിട്ടുള്ള സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നത്.

1. ലെഷർ സോൺ
2. അഡ്വഞ്ചർ സോൺ
3. മാൻ പുനരധിവാസ കേന്ദ്രം
4. ശെന്തുരുണി തടാകത്തിൽ ബോട്ടിംഗ്
5. സംഗീത നൃത്ത ജലധാര
6. ചിത്രശലഭ പാർക്ക്
7. കുട്ടികളുടെ കളിസ്ഥലം
8. ലൈറ്റ് & സൗണ്ട് ഷോ
9. താമസ സൗകര്യം (ടെന്റുകൾ/ഡോർമിറ്ററി/ടൂറിസ്റ്റ് ഹോം)
10. സാഹസിക വിനോദങ്ങൾ
11. ഭക്ഷണശാല, ശൗചാലയം, കടമുറികൾ, കഫെറ്റീരിയ, പാർക്കിംഗ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ലെഷർ സോണിലെ ഇലക്ട്രോണിക് ഉപകരണങ്ങൾ കാലാനുസൃതമായും ഈ മേഖലയിലെ വളർച്ചയ്ക്ക് അനുസരിച്ചും മാറ്റുന്നതിന്റെ ഭാഗമായി പുത്തൻ സാങ്കേതിക വിദ്യകൾ അവതരിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്; സന്ദർശനം കൂടുതൽ വിജ്ഞാനപ്രദമാക്കാൻ മൊബൈൽ ഫോൺ ആപ്ലിക്കേഷനും വിശദ കമന്ററിയുമൊക്കെ ലഭ്യമാക്കാനുള്ള പദ്ധതികളാണ് പരിഗണനയിലുള്ളത്.

(സി) അഡ്വഞ്ചർ സോണിൽ നിലവിലുള്ള സംവിധാനങ്ങൾ പ്രവർത്തനക്ഷമമാണ്. ഈ മേഖലയിൽ സഞ്ചാരികളെ ഉൾക്കൊള്ളാനുള്ള വാഹകശേഷിക്ക് അനുസൃതമായി പുതിയവ സ്ഥാപിക്കാനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

**തെന്മല ഇക്കോ ടൂറിസം**

301 (T2579) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 കാലയളവിൽ തെന്മല ഇക്കോ ടൂറിസം പ്രോജക്ടിൽ നിന്നും ആകെ ലഭിച്ച വരുമാനം എത്രയായിരുന്നെന്ന് അറിയിക്കാമോ;

(ബി) നിലവിൽ പ്രസ്തുത പ്രോജക്ടിൽ എത്രപേർ ജോലി ചെയ്യുന്നുണ്ടെന്നും അതിൽ താൽക്കാലിക/കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിതരായവർ എത്രയെന്നും വെളിപ്പെടുത്താമോ;

(സി) താൽക്കാലിക ജീവനക്കാരെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവിടെ എത്തുന്ന സഞ്ചാരികൾക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും അതിലൂടെ വരുമാന വർദ്ധനവ് നേടുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രൊവിഷണൽ ഓഡിറ്റ് കണക്ക് പ്രകാരം തെന്മല ഇക്കോ ടൂറിസം സൊസൈറ്റിയിൽ നിന്നു 2018-19-ൽ ലഭിച്ച വരുമാനം 1,71,83,006 രൂപയാണ്.

(ബി) തെന്മല ഇക്കോ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയിൽ നിലവിൽ 57 പേർ ജോലി ചെയ്യുന്നുണ്ട്. ഇതിൽ മൂന്ന് പേരാണ് താൽക്കാലിക വ്യവസ്ഥയിൽ തുടരുന്നത്.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

തെന്മലയിലെ താമസ സൗകര്യ മേഖലയിൽ സേവനം നൽകിയിരുന്ന നാഷണൽ അഡ്വഞ്ചർ ഫൗണ്ടേഷൻ ആകസ്മികമായി പിൻവാങ്ങിയ ഘട്ടത്തിൽ അടുത്ത ടെണ്ടർ നടപടി പൂർത്തിയാവുംവരെ, അവർ നിയോഗിച്ചിരുന്ന ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്താൻ നൽകിയ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ഇവർ താൽക്കാലിക വ്യവസ്ഥയിൽ തുടരുന്നത്.

(സി) തെന്മല ഇക്കോ ടൂറിസം പ്രൊമോഷൻ സൊസൈറ്റി (ടി. ഇ. പി. എസ്.) നിലവിൽ താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തുന്നില്ല.

(ഡി) തെന്മലയിലെത്തുന്ന വിനോദസഞ്ചാരികൾക്ക് കൂടുതൽ സൗകര്യം ഏർപ്പെടുത്താനായി ആർക്കിടെക്റ്റുമാരായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് സമർപ്പിച്ച മാസ്റ്റർ പ്ലാനിന് ടി.ഇ.പി.എസ്.-ന്റെ ജനറൽ ബോഡി അംഗീകാരം നൽകിയിട്ടുണ്ട്. ഈ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലാകും മേഖലയിൽ ഭാവി വികസന പദ്ധതികൾ നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

### കെ. റ്റി. ഡി. സി.-യിലെ വികസന പ്രവർത്തനങ്ങൾ

302 (2580) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. റ്റി. ഡി. സി.-യുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; മത്സരാധിഷ്ഠിതമായ ടൂറിസം മേഖലയിൽ സ്വകാര്യ മേഖലയുമായി മത്സരിക്കുന്നതിന് കെ.റ്റി. ഡി. സി.- യെ പ്രാപ്തമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം കെ.റ്റി.ഡി.സി.-യിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) മാറുന്ന കാലത്തിന് അനുസൃതമായി മാറ്റം കൊണ്ടുവരുന്നതിനും മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലിസം നടപ്പിലാക്കുന്നതിനും കെ.റ്റി. ഡി. സി.-ക്ക് സാധിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടി സ്വീകരിക്കുമോ;

(ഡി) രാജ്യത്തിനകത്തും പുറത്തും നടക്കുന്ന ടൂറിസം മേളകളിൽ കേരള ടൂറിസത്തിനെ ബ്രാന്റ് ചെയ്യുന്നതിന് സാധിക്കുന്നുണ്ടോ;

(ഇ) കെ.റ്റി. ഡി. സി.-യുടെ നിലവിലുള്ള യൂണിറ്റുകൾ നവീകരിക്കാത്തതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം പരിഗണിച്ച് ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ;

(എഫ്) കെ.റ്റി.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ ടൂറിസ്റ്റുകൾക്കായി തിരുവനന്തപുരത്തുനിന്നും കണ്ടക്റ്റഡ് ടൂർ സംഘടിപ്പിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥലങ്ങളിലേക്ക്; വിശദമാക്കുമോ;

(ജി) ഇതിനായി നിലവിൽ എത്ര ബസ്സുകളാണ് ഉപയോഗിക്കുന്നത്; ബസ്സുകൾ വാങ്ങുന്നതിന് എത്തുക ചെലവഴിച്ചു; പ്രസ്തുത കണ്ടക്ടട് ടൂറുകൾ ലാഭകരമാണോ; എങ്കിൽ 2018-19-ൽ ഉണ്ടാക്കിയ ലാഭമെത്രയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.റ്റി.ഡി.സി.-യുടെ പ്രവർത്തനം കൃത്യമായ ഇടവേളകളിൽ വിലയിരുത്താറുണ്ട്. മത്സരാധിഷ്ഠിതമായി കെ.റ്റി.ഡി.സി.-യെ പ്രാപ്തമാക്കുന്നതിന് താഴെ പറയുന്ന നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്. അവയിൽ ഏറിയ പങ്കും നടപ്പിലാക്കിക്കഴിഞ്ഞു.

1. കേരളത്തിന് പുറത്ത് താമസിക്കുന്നവരും കേരളത്തിൽ താമസിക്കുന്നവരുമായ മലയാളികളാണ് കേരളത്തിലെ വിനോദസഞ്ചാരികളിൽ ഏറ്റവും കൂടുതലുള്ളത്. അതിനാൽ, മലയാള മാധ്യമങ്ങളായ മലയാള മനോരമ, മാതൃഭൂമി എന്നിവയുടെ ഓൺലൈൻ എഡിഷനുകളിൽ കെ.റ്റി.ഡി.സി. ഹോട്ടലുകളെ ഡെസ്റ്റിനേഷനുമായി ബന്ധപ്പെടുത്തി ലേഖനങ്ങൾ/വിവരണങ്ങൾ/ചിത്രങ്ങൾ/വീഡിയോകൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രചരണങ്ങൾ നൽകിവരുന്നുണ്ട്. ഇതുമൂലം ലോകമാകമാനമുള്ള മലയാളികളുടെയിടയിൽ കെ.റ്റി.ഡി.സി. ഹോട്ടലുകളെക്കുറിച്ചും ഡെസ്റ്റിനേഷനുകളെക്കുറിച്ചും വിവരണങ്ങളെത്തിക്കുന്നതിനും പ്രചരണം വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇതുവഴി പുറംനാട്ടിൽ താമസിക്കുന്ന മലയാളികളെ വിവിധ ഡെസ്റ്റിനേഷനുകളുടെയും കെ.റ്റി.ഡി.സി. ഹോട്ടലുകളുടെയും പ്രചാരകരാക്കി മാറ്റാൻ കഴിയുന്നുണ്ട്.

2. പ്രമുഖ ഇന്ത്യൻ ഓൺലൈൻ ട്രാവൽ ഏജൻസികളായ മേക്ക് മൈ ട്രിപ്പ്, ഗോ ഐബിബോ, ട്രാവൽ ഗുരു, യാത്രാ തുടങ്ങിയവയിലും പ്രമുഖ വിദേശ ഓൺലൈൻ ട്രാവൽ ഏജൻസികളായ ബുക്കിംഗ് ഡോട്ട് കോം, അഗോഡ, എക്സ്പീഡിയ എന്നിവയിലൂടെയെല്ലാം പ്രചരണവും വിൽപ്പനയും നടക്കുന്നുണ്ട്. അതുമൂലം ആഗോളതലത്തിൽ പ്രചാരണം ലഭിക്കുന്നുണ്ട്.

3. ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള പരമ്പരാഗതമായ ട്രാവൽ ഏജൻസികളുമായി നിരന്തരം ബിസിനസ് ബന്ധം സ്ഥാപിച്ചിട്ടുണ്ട്. അതുവഴി കെ.റ്റി.ഡി.സി. ഹോട്ടലുകൾക്കും ഡെസ്റ്റിനേഷനുകൾക്കും പ്രചരണം കിട്ടുന്നുണ്ട്.

4. രാജ്യത്തിനകത്തും പുറത്തും നടക്കുന്ന പ്രമുഖ ടൂറിസം മേളകളിൽ കെ.റ്റി.ഡി.സി. പങ്കെടുക്കാറുണ്ട്. ഇതുവഴി മികച്ച ടൂർ ഓപ്പറേറ്റർമാർ/ട്രാവൽ ഏജൻസികൾ തുടങ്ങിയവരുമായി നേരിട്ട് സമ്പർക്കം സ്ഥാപിക്കുന്നതിനും പ്രചാരണം നടത്താനും കഴിഞ്ഞിട്ടുണ്ട്.

5. കെ.റ്റി.ഡി.സി.യുടെ വെബ്സൈറ്റുവഴി പ്രചാരണം നടത്തുന്നുണ്ട്.

6. ഓരോ വർഷത്തിലും ഇറക്കുന്ന ബ്രോഷറുകൾ വിവിധ ടൂറിസം മേളകൾ/കെ.റ്റി.ഡി.സി. ഹോട്ടലുകൾ തുടങ്ങിയവയിലൂടെ ഉപഭോക്താക്കൾക്കും പ്രചരിപ്പിക്കാൻ സാധ്യതയുള്ളവർക്കും നൽകി പ്രചാരണം നടത്തുന്നുണ്ട്.

7. ഓൺലൈൻ ട്രാവൽ ഏജൻസികളുടെ ബുക്കിംഗ് തത്സമയം എടുക്കുന്നതിനുവേണ്ടി ചാനൽ മാനേജർ സോഫ്റ്റ്‌വെയർ സൗകര്യം കെ.റ്റി.ഡി.സി.-യുടെ മിക്കവാറും ഹോട്ടലുകളിൽ നടപ്പിലാക്കി കഴിഞ്ഞു.

8. കെ.റ്റി.ഡി.സി. ഹോട്ടലുകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും താങ്ങാവുന്ന നിരക്കിൽ കെ.റ്റി.ഡി.സി. ഹോട്ടൽ മുറികൾ ഉപഭോക്താക്കൾക്ക് നൽകുന്നതിനുമായി റവന്യൂ മാനേജ്മെന്റ് സിസ്റ്റം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.

9. മികച്ച സേവനം നൽകുന്നതിനായി ജീവനക്കാരുടെ സേവന നിലവാരം ഉയർത്തുന്നതിന് ആവശ്യമായ മാറ്റങ്ങൾ കെ.റ്റി.ഡി.സി. പ്രൊമോഷൻ പോളിസിയിൽ വരുത്തുന്നതാണ്.

10. ജീവനക്കാർക്ക് കൂടുതൽ പ്രചോദനം നൽകുന്നതിനും ഊർജ്ജസ്വലത വർദ്ധിപ്പിക്കുന്നതിനുമായി വിറ്റുവരവുമായി ബന്ധപ്പെടുത്തിയുള്ള ഇൻസെന്റീവ് സ്കീം ആവിഷ്കരിക്കും.

11. കെ.റ്റി.ഡി.സി.-യുടെ വിവിധ യൂണിറ്റുകൾ നവീകരിച്ചിട്ടുണ്ട്. തേക്കടിയിലെ ആരണ്യ നിവാസ്, പെരിയാർ ഹൗസ്, തമ്പാനൂരിലെ ചൈത്രം, മാസ്കറ്റ് ഹോട്ടൽ തുടങ്ങി വിവിധ യൂണിറ്റുകൾ നവീകരിച്ചുകഴിഞ്ഞു. കുമരകത്തെ വാട്ടർ സ്കേപ്പ്സ് വിപുലമായി നവീകരിച്ചുവരികയാണ്.

12. ടൂറിസം സീസണിലും ഓഫ് സീസണിലും വെവ്വേറെ ടൂർ പാക്കേജുകളുണ്ട്. കുടുംബങ്ങൾക്കും കുട്ടികൾക്കുമായി ആകർഷകമായ പാക്കേജുകൾ വേനൽക്കാല അവധിക്കാലത്ത് നടപ്പിലാക്കിവരുന്നു.

(ബി)

1. കെ.റ്റി.ഡി.സി.-യുടെ എല്ലാ പ്രീമിയവും ബഡ്ജറ്റും ആയ ഹോട്ടലുകൾ നവീകരിക്കാൻ തീരുമാനിച്ചു.
2. മാസ്കറ്റ് ഹോട്ടലിന്റെ 36 മുറികൾ നവീകരിക്കുകയും സ്റ്റാർ പദവി ലഭിക്കുകയും ചെയ്തു.
3. ചൈത്രം ഹോട്ടലിന്റെ മുറികൾ മൊത്തമായി നവീകരിച്ചു.
4. കുമരകത്തെ വാട്ടർസ്കേപ്പ് എന്ന ഹോട്ടലിന്റെ നവീകരണം 12.65 കോടി രൂപയുടെ സർക്കാർ സഹായത്തോടെ നടന്നുവരികയാണ്.
5. തേക്കടിയിൽ 120 പേരെ കയറ്റാവുന്ന രണ്ട് ബോട്ടുകൾ സർവ്വീസ് ആരംഭിച്ചു.
6. പൊന്മുടിയിൽ സർക്കാരിന്റെ സഹായത്തോടെ 320 ലക്ഷം രൂപയ്ക്ക് 15 കോട്ടേജുകൾ കമ്മീഷൻ ചെയ്തു.
7. തമ്പാനൂരിൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിൽ ഒരു സ്ത്രീ സൗഹൃദ ഹോട്ടൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.
8. കണ്ണൂരിലെ ടാമറിന്റ് ഈസി ഹോട്ടൽ നവീകരണത്തിന് 292 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. ടെണ്ടർ നടപടികൾ പൂർത്തിയായി.
9. മാസ്കറ്റ് ഹോട്ടലിന്റെ കൺവെൻഷൻ സെന്ററിന്റെ നവീകരണത്തിന് സർക്കാരിന്റെ 500 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും അതിന്റെ ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തു.
10. ആലപ്പുഴയിൽ 2 കോടി രൂപ മുതൽമുടക്കിൽ ടാമറിന്റ് ഈസി ഹോട്ടൽ നവീകരണത്തിന് സർക്കാരിന്റെ ഭരണാനുമതി ലഭിക്കുകയും അതിന്റെ പണി ആരംഭിക്കുകയും ചെയ്തു.
11. വേളിയിൽ പുതിയ ബോട്ടുകൾ വാങ്ങുന്നതിനായി 1.47 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഈ ഉത്തരവിൽ ഉൾപ്പെട്ട ഒരു സോളാർ ബോട്ടൊഴിച്ച് എല്ലാ ബോട്ടുകളും കമ്മീഷൻ ചെയ്തുകഴിഞ്ഞു.
12. വേളിയിൽ ഫ്ലോട്ടിംഗ് റെസ്റ്റോറന്റ് നവീകരിക്കാൻ 25 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

13. സുപ്രീം കോടതി ഉത്തരവിൻപ്രകാരം അടച്ചുപൂട്ടിയ ബിയർ പാർലറുകൾക്ക് പകരം പുതിയ ബിയർ പാർലറുകൾ തുറന്നു.

14. കണ്ണൂരിലെ മുഴപ്പിലങ്ങാടിയിലും കോഴിക്കോട് ബീച്ചിലും സ്റ്റാർ ഹോട്ടലുകൾ തുടങ്ങാൻ തടസ്സമായിരുന്ന ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തിയായി. പ്രസ്തുത ഹോട്ടലുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്. ഇതിന് കിഫ്ബിയിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

15. തണ്ണീർമുക്കം റിസോർട്ടിനോടനുബന്ധിച്ച് ഒരു സ്വിമ്മിംഗ് പൂൾ നിർമ്മാണത്തിനുള്ള കരാർ ആയിട്ടുണ്ട്.

16. കെ.റ്റി.ഡി.സി.-യുടെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിന് സർക്കാരിന്റെ ഭരണാനുമതി ലഭിക്കുകയുണ്ടായി. ടെണ്ടർ നടപടി പൂർത്തിയാക്കുകയും ചെയ്തു.

17. ടൂറിസം ഡെസ്റ്റിനേഷനുകളുടെ മാനേജ്മെന്റ് കമ്മിറ്റിയിൽ കെ.റ്റി.ഡി.സി.-യെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

18. കെ.റ്റി.ഡി.സി.യിലെ ഉദ്യോഗസ്ഥർക്ക് സമ്പൂർണ്ണ പരിശീലനം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

19. 792 ലക്ഷം രൂപ മുടക്കി മൂന്നാറിലെ ടീ കൗണ്ടി റിസോർട്ട് നവീകരിക്കാൻ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(സി) മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലിസം നടപ്പിലാക്കുന്നതിന് കെ.റ്റി.ഡി.സി.-ക്ക് കഴിഞ്ഞിട്ടുണ്ട്. മൊത്തത്തിൽ പ്രൊഫഷണലിസം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ടൂറിസം വകുപ്പുമായി സഹകരിച്ച് മേളകളിൽ പങ്കെടുത്ത് കെ.റ്റി.ഡി.സി. സേവനങ്ങളെക്കുറിച്ചുള്ള പ്രചാരണവും ബ്രാന്റ് പരിചയപ്പെടുത്തലും നടത്തുന്നതിന് സാധിക്കുന്നുണ്ട്.

(ഇ) കെ.റ്റി.ഡി.സി.-യുടെ വിവിധ യൂണിറ്റുകൾ നവീകരിച്ചിട്ടുണ്ട്. തേക്കടിയിലെ ആരണ്യ നിവാസ്, പെരിയാർ ഹൗസ്, തമ്പാനൂരിലെ ചൈത്രം തുടങ്ങിയവ നവീകരിച്ചുകഴിഞ്ഞു. കുമരകത്തെ വാട്ടർസ്കേപ്സ് വിപുലമായി നവീകരിച്ചുവരികയാണ്. ബാക്കിയുള്ള ഹോട്ടലുകൾ സാമ്പത്തിക സ്ഥിതിയനുസരിച്ച് നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു.

(എഫ്) കെ.റ്റി.ഡി.സി.-യുടെ സെൻട്രൽ റിസർവേഷൻ സെന്ററിൽ നിന്ന് രണ്ട് കണ്ടക്ടഡ് ടൂറുകളാണ് സംഘടിപ്പിച്ചിരുന്നത്. മാസ്കറ്റ് ഹോട്ടലിൽ നിന്നും പുറപ്പെട്ട് ശ്രീപത്മനാഭ സ്വാമി ക്ഷേത്രം, പുത്തൻ മാളിക/കുതിര മാളിക, മൃഗശാല, മ്യൂസിയം, ആർട്ട് ഗാലറി, വള്ളക്കടവിലെ ജൈവവൈവിദ്ധ്യ മ്യൂസിയം, കോവളം എന്നീ സ്ഥലങ്ങൾ ഉൾപ്പെടുത്തിയുള്ള ഒരു ടൂറും പത്മനാഭപുരം പാലസ്, കന്യാകുമാരി എന്നീ സ്ഥലങ്ങൾ ഉൾപ്പെടുത്തിയുള്ള മറ്റൊരു ടൂറുമാണ് സംഘടിപ്പിച്ചിരുന്നത്.

(ജി) തിരുവനന്തപുരത്തെ മേൽപ്പറഞ്ഞ ടൂറുകൾക്കായി രണ്ട് ബസ്സുകളും കൊച്ചിയിൽ ഒരു ബസ്സുമാണ് സജ്ജമാക്കിയിരുന്നത്. ഇതിനായി 1,25,62,848 രൂപ ചെലവഴിച്ചു. പ്രസ്തുത ടൂർ പാക്കേജുകൾ നഷ്ടത്തിലാണ് പ്രവർത്തിച്ചിരുന്നത്.

2018-19 സാമ്പത്തിക വർഷം 5.98 ലക്ഷം രൂപ നഷ്ടം ഉണ്ടാക്കിയിട്ടുണ്ട്. നഷ്ടമായതുകാരണം കണ്ടക്റ്റഡ് ടൂറുകൾ നിർത്തലാക്കി. ബസ്സുകൾ ടൂറിസം ഡിപ്പാർട്ട്മെന്റിന് കൈമാറാൻ തീരുമാനിച്ചിട്ടുണ്ട്.

## ഹൗസ് ബോട്ടുകൾ തരംതിരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

303 (2581) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൗസ് ബോട്ടുകൾ തരംതിരിക്കുന്നതിനായി പുതിയ മാനദണ്ഡങ്ങൾ രൂപീകരിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്നും അറിയിക്കുമോ;

(ബി) പുതുക്കിയ മാനദണ്ഡങ്ങൾ അംഗീകരിക്കുന്നത് ഏത് ഏജൻസി/കമ്മിറ്റിയാണെന്നും അതിലെ അംഗങ്ങൾ ആരൊക്കെയാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഹൗസ് ബോട്ടുകൾ തരംതിരിക്കുന്നതിനായി പുതിയ മാനദണ്ഡങ്ങൾ വിനോദസഞ്ചാര വകുപ്പ് രൂപീകരിച്ചിട്ടുണ്ട്.

യാനങ്ങളിൽ ലഭ്യമായ സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ ഹൗസ് ബോട്ടുകളെ ഡയമണ്ട് വെസൽ, ഗോൾഡ് വെസൽ, സിൽവർ വെസൽ എന്നിങ്ങനെ മൂന്നായിട്ടാണ് തരംതിരിച്ചിരിക്കുന്നത്. 8-7-2019-ലെ സ.ഉ.(കൈ) 12/2019/ടൂറിസം നമ്പർ പ്രകാരമാണ് ഹൗസ് ബോട്ടുകളുടെ തരംതിരിവിനുള്ള പരിഷ്കരിച്ച മാനദണ്ഡം അംഗീകരിച്ചിരിക്കുന്നത്.

(ബി) ഹൗസ് ബോട്ടുകളുടെ തരംതിരിവിനുള്ള പുതുക്കിയ മാനദണ്ഡം വിനോദസഞ്ചാര വകുപ്പാണ് അംഗീകരിച്ചത്.

ഹൗസ് ബോട്ടുകൾക്ക് പുതുക്കിയ മാനദണ്ഡ പ്രകാരമുള്ള അംഗീകാരം ലഭ്യമാക്കാനുള്ള പരിശോധനയ്ക്കായി ചുവടെ ചേർക്കും പ്രകാരമുള്ള കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്:

| | |
|---|---|
| വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ/പ്രതിനിധി | കമ്മിറ്റി ചെയർമാനും കൺവീനറും |
| തുറമുഖ വകുപ്പ് ഡയറക്ടർ/ പ്രതിനിധി | കമ്മിറ്റി അംഗം |
| ആർ.ടി.മിഷൻ സംസ്ഥാന കോ-ഓർഡിനേറ്റർ | കമ്മിറ്റി അംഗം |
| ഇന്ത്യൻ അസോസിയേഷൻ ഓഫ് ടൂർ ഓപ്പറേറ്റേഴ്സ് (ഐ. എ. ടി. ഒ. ) സെക്രട്ടറി/ പ്രതിനിധി | കമ്മിറ്റി അംഗം |
| ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (എഫ്. സി. ഐ.)/ ഐ. എച്ച്. എം. സി. ടി. പ്രതിനിധി | കമ്മിറ്റി അംഗം |

**ചെരണി ടൂറിസം പാർക്കിന്റെ വികസനം**

304 (2582) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ചെരണിയിൽ പ്രവർത്തിക്കുന്ന ടൂറിസം പാർക്കിന്റെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ;

(ബി) T854/VIP/2019/M.Co-Op/TSM/DEV എന്ന നമ്പർ ഫയലിന്മേൽ ടൂറിസം ഡയറക്ടർ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) പ്രസ്തുത പാർക്കിൽ വിനോദസഞ്ചാര വികസനത്തിനായി പുതിയ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) പാർക്കിൽ കൂടുതൽ കളിയുപകരണങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കുടുംബശ്രീയുമായി ചേർന്ന് കോഫി ഷോപ്പ്, മറ്റ് സംരംഭങ്ങൾ എന്നിവ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) മഞ്ചേരി മണ്ഡലത്തിലെ ചെരണിയിൽ പ്രവർത്തിക്കുന്ന ടൂറിസം വകുപ്പിന്റെ കീഴിലുള്ള പാർക്കിന്റെ വിപുലീകരണത്തിനായി കൂടുതൽ റൈഡുകൾ സ്ഥാപിക്കുന്നതിനുവേണ്ടി ടൂറിസം വകുപ്പിന്റെ അടിയന്തര ഇടപെടൽ നടത്തി 50 ലക്ഷം രൂപയ്ക്ക് ഫണ്ട് അനുവദിക്കണമെന്ന് ചോദ്യത്തിൽ പരാമർശിച്ചിട്ടുള്ള അപേക്ഷ പ്രകാരം ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ടി പാർക്കിന്റെ സ്ഥലലഭ്യത പരിമിതമായതിനാൽ പുതിയ റൈഡുകൾ സ്ഥാപിക്കുന്നതിന് പരിമിതിയുണ്ട്. സ്ഥലലഭ്യതയ്ക്ക് അനുസരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി) പാർക്കിന്റെ വികസനത്തിനായി കൂടുതൽ സ്ഥലം ലഭ്യമല്ലാത്തതിനാൽ പുതിയ വികസന പ്രവർത്തനങ്ങൾക്ക് നിലവിൽ സാധ്യതയില്ല.

## മങ്കട മണ്ഡലത്തിലെ പ്രദേശങ്ങൾ ടൂറിസം മേഖലയായി ഉയർത്താൻ നടപടി

305 (2583) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ കുരങ്ങൻചോലയിലെയും ചെകുത്താൻ പാറയിലെയും ടൂറിസം സാദ്ധ്യതകൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലങ്ങൾ ഡി.റ്റി.പി.സി അധികൃതർ സന്ദർശിച്ചിട്ടുണ്ടോ; എങ്കിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രദേശങ്ങൾ ടൂറിസം മേഖലയായി ഉയർത്തികൊണ്ടു വരുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഈ പ്രദേശങ്ങളിലെ ടൂറിസം സാധ്യത വിലയിരുത്തിയതിനുശേഷം കുരങ്ങൻചോല പ്രദേശത്ത് ഡി.റ്റി.പി.സി. പ്രതിനിധികൾ പ്രാഥമിക സന്ദർശനം നടത്തിയെങ്കിലും തുടർ നടപടികൾ ആയിട്ടില്ല. ചെകുത്താൻപാറ ഡി.റ്റി.പി.സി. സന്ദർശനം നടത്തിയിട്ടില്ല.

(സി) സ്ഥലലഭ്യത ഉറപ്പുവരുത്തിയശേഷം ടൂറിസം സാധ്യത പരിശോധിക്കാവുന്നതാണ്.

## വയനാട് ചുരം സൗന്ദര്യവൽക്കരണം

306 (2584) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ചുരം സൗന്ദര്യവൽക്കരിക്കുന്നതിന്റെ ഭാഗമായി ഒമ്പതാം വളവ് വികസിപ്പിക്കുന്നതിനും വ്യൂപോയിന്റാക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത വ്യൂപോയിന്റ് വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇതുമായി ബന്ധപ്പെട്ട് നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല

(ബി) പരിശോധിക്കാവുന്നതാണ്.

## ടൂറിസം പ്രാധാന്യമുള്ള പ്രദേശങ്ങളിൽ ഗതാഗത സൗകര്യം

307 (2585) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസത്തിന് പ്രാധാന്യമുള്ള പ്രദേശങ്ങളിൽ മികച്ച ഗതാഗത സൗകര്യം ഉറപ്പാക്കുന്നതിനായി റോഡ് നിർമ്മിക്കുന്നതിന് ടൂറിസം വകുപ്പിൽ നിന്നും ഫണ്ട് അനുവദിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എറണാകുളം ജില്ലയിൽ നടപ്പുസാമ്പത്തിക വർഷം ഇത്തരത്തിൽ ഏതെങ്കിലും പ്രവൃത്തിക്ക് ഫണ്ട് നൽകിയിട്ടുണ്ടോ;എങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

(എ) റോഡുകളുമായി ബന്ധപ്പെട്ട ജോലികളൊന്നും ടൂറിസം വകുപ്പ് നടപ്പാക്കുന്നില്ല. എന്നാൽ വിനോദസഞ്ചാര കേന്ദ്രവുമായി ബന്ധപ്പെട്ട് "ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി" ഉള്ള റോഡുകളുടെ അറ്റകുറ്റപ്പണി സംബന്ധിച്ചുള്ള പ്രവൃത്തികൾ ബന്ധപ്പെട്ട വകുപ്പുകളുമായി സഹകരിച്ച് നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്.

(ബി) ഇല്ല.

## ഗ്രാമീണ ടൂറിസം പദ്ധതി

308 (2586) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജകമണ്ഡലത്തിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിലെ ചിറക്കൽ, കരി, കളത്ര എന്നീ പ്രദേശങ്ങളെ ഉൾപ്പെടുത്തി ഗ്രാമീണ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) പദ്ധതിക്കായുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി സ്ഥലപരിശോധന നടത്തിയിട്ടുണ്ട്. സ്ഥലലഭ്യതാനുമതി പത്രം ലഭിക്കുന്ന മുറയ്ക്ക് വിശദമായ പദ്ധതി റിപ്പോർട്ടിന് രൂപം നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(ബി) സ്ഥലലഭ്യതാനുമതി പത്രത്തിനുള്ള തുടർ നടപടികൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപന പ്രതിനിധി മുഖേന സ്വീകരിച്ചിട്ടുണ്ട്.

## ആയിറ്റി ബോട്ട് ടെർമിനൽ, ഇടയിലക്കാട്

309 (2587) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയിറ്റി ബോട്ട് ടെർമിനൽ, ഇടയിലക്കാട് ഫെസിലിറ്റേഷൻ സെന്റർ എന്നിവ കേന്ദ്രീകരിച്ച് ഹോട്ടൽ/കഫ്റ്റീരിയ പ്രവർത്തിക്കാൻ ആരുടെ അനുമതിയാണ് ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സ്ഥാപനങ്ങൾക്ക് സി.ആർ.ഇസഡ്. പരിധി ബാധകമല്ലാതെ വന്നിട്ടുണ്ടോ; അറിയിക്കുമോ?

ഉത്തരം

(എ) ബന്ധപ്പെട്ട പഞ്ചായത്തിൽ (തൃക്കരിപ്പൂർ) നിന്നും അനുമതി ലഭിച്ചിട്ടുണ്ട്.

ബി) ആയിറ്റിയിൽ ബിൽഡിംഗ് നമ്പർ ലഭ്യമായിട്ടുണ്ട്. ഇടയിലക്കാട് ഫെസിലിറ്റേഷൻ സെന്ററിന് CRZ പരിധി ബാധകമാണ്. ഇതിന്റെ അനുമതിക്കായി ബി.ആർ.ഡി.സി. അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

## കുമ്പളം പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതി

310 (2588) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലുള്ള കുമ്പളം പഞ്ചായത്തിലെ പ്രകൃതിമനോഹരങ്ങളായ സ്ഥലങ്ങൾ ഉൾപ്പെടുത്തി ഒരു പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതി നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;എങ്കിൽ വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) പരിഗണനയിലില്ല.

(ബി) നിലവിൽ പരിഗണനയിലില്ല.

## തലശ്ശേരി ടൂറിസം പൈതൃക പദ്ധതി

311 (2589) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി ടൂറിസം പൈതൃക പദ്ധതി നടപ്പാക്കുന്നതിനായി ഇതുവരെ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ പുരോഗതിക്കായി കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എന്തൊക്കെ കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത പദ്ധതി വിപുലപ്പെടുത്തുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ ആയതിന് ആവശ്യമായ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) തലശ്ശേരി പൈതൃക ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി നിയോഗിച്ച സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഇതിൽ ആദ്യ ഘട്ടത്തിൽ 4 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ടി പ്രവൃത്തികളിൽ ഒന്ന് ഒഴികെ ( മൊയ്തുപാലം

സംരക്ഷണം) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രവൃത്തികൾ ഏറ്റെടുക്കുകയും പ്രവൃത്തി പൂർത്തീകരിച്ചുവരികയുമാണ്.

1. പഴയ ഫയർ ടാങ്ക് സംരക്ഷണം, താഴെ അങ്ങാടി പൈതൃക വീഥിയായി വികസിപ്പിക്കൽ - 60,76,000 രൂപ (90% പൂർത്തീകരിച്ചു)

2. തലശ്ശേരി പിയർ റോഡ് സംരക്ഷണം, ഭക്ഷ്യവീഥി, ശില്പോദ്യാനമായി വികസിപ്പിക്കൽ - 2,12,54,000 രൂപ (90% പൂർത്തീകരിച്ചു)

3. ഗുണ്ടർട്ട് ബംഗ്ലാവ് സംരക്ഷണം, ഭാഷാ മ്യൂസിയം ജർമ്മൻ പഠന കേന്ദ്രമായി വികസിപ്പിക്കൽ - 2,10,00,000 (ബംഗ്ലാവ് സംരക്ഷണ പ്രവൃത്തികൾ 80 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്.)

(ബി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പദ്ധതിയുടെ പുരോഗതിക്കായി പൈതൃകമൂല്യമുള്ള തലശ്ശേരി പൈതൃകവുമായി ബന്ധപ്പെട്ട പുതിയ ഘടകങ്ങൾ കണ്ടെത്തുകയും അതിനുള്ള കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കിവരികയും ചെയ്യുന്നു.

2019-ൽ താഴെ പറയുന്ന 6 ഘടകങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

1. ടൂറിസം എക്സ്പീരിയൻസ് സ്ട്രീറ്റ്, കൊട്ടിയൂർ - 4,52,35,763 രൂപ

2. സെന്റ് ജോൺസ് ആംഗ്ലിക്കൻ ചർച്ച് - സ്ട്രീറ്റ് ഡെവലപ്പ്മെന്റ് & ലാൻഡ്സ്കേപ്പ് - 1,84,73,019 രൂപ

3. താഴെ അങ്ങാടി സ്ട്രീറ്റ് ഡെവലപ്മെന്റ് - 4,84,02,866 രൂപ

4. തൊടീക്കളം ടെമ്പിൾ - മ്യൂസിയം ഓഫ് മ്യൂറൽസ് വിത്ത് ടൂറിസം അമിനിറ്റീസ് - 2,57,35,841 രൂപ.

5. വള്ളിയൂർകാവ് ഡെവലപ്മെന്റ് ഓഫ് മാർക്കറ്റ് ആന്റ് എക്സിബിഷൻ സ്പേസ് - 4,87,55,960 രൂപ

6. വേ ഫൈന്റിംഗ് സൈനേജസ് ഓഫ് വേരിയസ് ഡെസ്റ്റിനേഷൻസ് ഓഫ് തലശ്ശേരി ഹെറിറ്റേജ് പ്രോജക്ട് - 1,30,00,000 രൂപ.

(സി) പദ്ധതി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി മൂന്ന് ജില്ലകളിലായി (വയനാട്, കോഴിക്കോട്, കണ്ണൂർ) 61 ഡെസ്റ്റിനേഷനുകൾ ഉൾപ്പെടുത്തിയുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിവരുന്നു.

## വർക്കല മണ്ഡലത്തിലെ വിനോദസഞ്ചാര മേഖലകളിലെ വൈദ്യുതീകരണ പ്രവൃത്തികൾ

312 (2590) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം വർക്കല മണ്ഡലത്തിലെ വിനോദസഞ്ചാര മേഖലകളിൽ വൈദ്യുതീകരണ പ്രവൃത്തികൾക്കായി എത്ര രൂപ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആയത് ഏതെല്ലാം പ്രദേശങ്ങളിലാണെന്ന് വ്യക്തമാക്കാമോ;

(ബി) അനുവദിച്ചിട്ടുള്ള ഫണ്ട് വിനിയോഗിച്ച് എത്ര ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇനി എത്ര ലൈറ്റുകൾ സ്ഥാപിക്കുവാനുണ്ടെന്ന് അറിയിക്കാമോ;

ഉത്തരം

(എ&ബി) വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) വർക്കല ശ്രീയേറ്റ് വെറ്റക്കട ബീച്ച്, വാക്ക് വേ, വെറ്റക്കട മലപ്പുറം ബീച്ച് വേ, മന്ത്രക്കാവുവിള ബീച്ച് വേ, മന്ത്ര ബീച്ച് വേ എന്നിവിടങ്ങളിലായി 115-ഓളം സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് 89,74,744 രൂപ (എൺപത്തി ഒൻപതു ലക്ഷത്തി എഴുപത്തിനാലായിരത്തി എഴുന്നൂറ്റി നാൽപത്തിനാല് രൂപ മാത്രം) യുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## മണിയാർ കേന്ദ്രീകരിച്ച് ആരംഭിക്കുന്ന ടൂറിസം പദ്ധതി

313 (2591) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയാർ കേന്ദ്രീകരിച്ച് ആരംഭിക്കുന്ന ടൂറിസം പദ്ധതിക്കായി എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്; ഇനി എന്തൊക്കെ നടപടികളാണ് നടപ്പാക്കാനുള്ളത്; വിശദീകരിക്കാമോ;

(ബി) ഇതിനായി സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെൽ എത്ര കോടി രൂപയുടെ എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയിട്ടുള്ളത്; ഇതിന് ടൂറിസം വകുപ്പിന്റെ അംഗീകാരം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇറിഗേഷൻ വകുപ്പ് മണിയാർ ഡാം പരിസരം ടൂറിസം പദ്ധതിക്കായി വിട്ടുകൊടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടും വീണ്ടും ഇതിന് ഇറിഗേഷൻ വകുപ്പിന്റെ അനുമതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ടതിന്റെ കാരണം വിശദമാക്കാമോ;

(ഡി) ഇത് ലഭ്യമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ സഹിതം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ&ബി) മണിയാർ ഡാം കേന്ദ്രീകരിച്ച് 9,99,56,000 രൂപയുടെ ഒരു പദ്ധതി ടൂറിസം വകുപ്പ് തയ്യാറാക്കിയിരുന്നു. ഇതിൽ 9,61,21,351 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് 'KEL' മുഖേനയും, ബാക്കി തുക 'KATPS' മുഖേനയും ആയിരുന്നു. വർക്കിംഗ് ഗ്രൂപ്പിൽ പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും ഈ പദ്ധതിക്കായി പ്രസ്തുത പദ്ധതി പ്രദേശത്തിന്റെ ഉടമസ്ഥതയുള്ള വകുപ്പായ ജലസേചന വകുപ്പ് സെക്രട്ടറിയുടെ അനുമതി പത്രം ലഭ്യമാക്കാത്തതുകൊണ്ട് അംഗീകാരം ലഭിച്ചില്ല. ആയതിനാൽ ഭരണാനുമതി നൽകിയിട്ടില്ല.

(സി&ഡി) മണിയാർ ഡാം കേന്ദ്രീകരിച്ചുള്ള ടൂറിസം പ്രദേശം ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിൽ ഉള്ളതിനാലും ഡാമിന്റെ പരിസരപ്രദേശമായതിനാലും ഇറിഗേഷൻ വകുപ്പ് മുഖേന, ഇപ്പോൾ നിലവിലുള്ള നിയമ നിയന്ത്രണങ്ങൾക്ക് ഉചിതമായ പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിച്ചുവരുന്നു.

**പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ**

314 (2592) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പട്ടാമ്പിയിലെ പൊതുജനങ്ങൾക്ക് മാനസികോല്ലാസം പകരുന്ന തരത്തിലുള്ള ഒരു പദ്ധതിയും നിലവിലില്ലാത്തതിനാൽ ഭാരതപ്പുഴ കേന്ദ്രീകരിച്ചുകൊണ്ട് അതിന്റെ കരയിൽ ഒരു വിനോദ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടാമ്പി മണ്ഡലത്തിൽ കേന്ദ്ര സർക്കാരിന്റെ സ്വദേശി ദർശൻ സ്കീമിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന ആരാധനാലയങ്ങൾ നവീകരിക്കാനുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

1. തിരുവേഗപ്പുറ മഹാദേവ ക്ഷേത്രം - 21,10,000
2. പട്ടാമ്പി ജുമാ മസ്ജിദ് 17,50,000
3. മരുതൂർ തളി ശിവ ക്ഷേത്രം 89,42,000

KEL എന്ന പൊതുമേഖലാ സ്ഥാപനം വഴിയാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ഫോക്‌ലോർ പാർക്ക് തിരുവേഗപ്പുറ എന്ന പദ്ധതിക്ക് ടൂറിസം വകുപ്പ് ഭരണാനുമതി നൽകിയ ഒരു കോടി രൂപയും പാലക്കാട് ഡി.ടി.പി.സി.-ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ജില്ലാ നിർമിതി കേന്ദ്രം ഈ പാർക്കിന്റെ പണി പൂർത്തീകരിച്ചു. എന്നാൽ 2018-ലെ വെള്ളപ്പൊക്കത്തിൽ പാർക്കിൽ നിർമ്മിച്ച എല്ലാ ഘടകങ്ങൾക്കും കേടുപാടുകൾ സംഭവിക്കുകയും, സംഭവിച്ച കേടുപാടുകൾ പുനർക്രമീകരിക്കുന്നതിന് 49,63,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു. എന്നാൽ 2019-ൽ പ്രസ്തുത പ്രദേശത്ത് വീണ്ടും വെള്ളം കയറിയതിനാൽ ഇനി അവിടെ പണം മുടക്കുന്നത് ഉചിതമല്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

(ബി) സ്ഥലലഭ്യത ഉറപ്പുവരുത്തി വ്യക്തതയാർന്ന ഡി.പി.ആർ. ലഭ്യമാകുന്ന മുറയ്ക്ക് സാധ്യത പരിശോധിക്കാവുന്നതാണ്.

**സാംബാളൂർ തീർത്ഥാടന കേന്ദ്രത്തിന്റെ സംരക്ഷണം**

315 (2593) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കാട്ടുകറ്റി ഗ്രാമപഞ്ചായത്തിലെ സാംബാളൂർ തീർത്ഥാടന കേന്ദ്രത്തിന്റെ ചരിത്ര പ്രാധാന്യം കണക്കിലെടുത്ത് സംരക്ഷിക്കുന്നതിനായി നടപടി സ്വീകരിക്കുമോ;

(ബി) പോർച്ചുഗലിൽ നിന്നും മിഷനറി പ്രവർത്തനങ്ങൾക്കായി വിശുദ്ധ ഫ്രാൻസിസ് സേവ്യർ വന്നിറങ്ങിയ സാംബാളൂർ പള്ളിക്കടവിൽ സ്മാരകം ഉണ്ടാക്കാനും മുസരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി ബോട്ട് ജെട്ടി അടക്കം സ്ഥാപിക്കാനും ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് പ്രോജക്റ്റ് ഉണ്ടാക്കി സമർപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ-സി) ഇത് സംബന്ധിച്ച വ്യക്തതയാർന്ന പദ്ധതി പ്രൊപ്പോസലും സ്ഥലവും ലഭ്യമാകുന്ന മുറയ്ക്ക് അതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്.

**ചങ്ങനാശ്ശേരി - ആലപ്പുഴ പാതയിൽ ടൂറിസം പദ്ധതികൾ**

316 (2594) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസംവികസന സാധ്യതയുള്ള കുട്ടനാട് പ്രദേശത്തേക്ക് വിദേശ/ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുവേണ്ടി ചങ്ങനാശ്ശേരി - ആലപ്പുഴ സംസ്ഥാന പാതയിലും ജലപാതയിലും ടൂറിസം വികസന പദ്ധതികൾ നടപ്പിലാക്കുമോ;

(ബി) പ്രസ്തുത ടൂറിസം വികസനത്തിനുവേണ്ടി കർമ്മ പദ്ധതി ആവിഷ്ക്കരിക്കുമോ;

(സി) ടൂറിസ്റ്റുകൾക്കുവേണ്ടിയുള്ള ബോട്ടുകളും ശിക്കാരവള്ളങ്ങളും സഞ്ചരിക്കുന്നതിന് തടസ്സമായിരിക്കുന്ന ജലപാതയിലെ പോള നീക്കം ചെയ്യുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) വിനോദ സഞ്ചാര പദ്ധതികളുടെ സാധ്യത പരിശോധിക്കാവുന്നതാണ്.

(സി) ബന്ധപ്പെട്ട വകുപ്പുകളുമായി സഹകരിച്ച് ഇക്കാര്യം നടപ്പിലാക്കുന്നത് പരിഗണിക്കാവുന്നതാണ്.

**നെയ്യാർഡാം ടൂറിസം വികസനം**

317 (2595) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർഡാം ടൂറിസം വികസനത്തിന്റെ ഭാഗമായി തയ്യാറാക്കിയ ഡി.പി.ആർ.-ൽ ഉൾപ്പെടുത്തിയിട്ടുള്ള പല പ്രവൃത്തികളും പൂർത്തിയാക്കിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഏതൊക്കെ പ്രവൃത്തികളാണ് ക്യാൻസൽ ചെയ്തതെന്നും അതിനുള്ള കാരണം എന്താണെന്നും അറിയിക്കാമോ ;

(സി) പദ്ധതിയുടെ ഡി.പി.ആർ-ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും അതിന് എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്നും അവയുടെ നിലവിലെ പുരോഗതി എന്താണെന്നും വെളിപ്പെടുത്താമോ ;

(ഡി) ഡി.പി.ആർ-ൽ ഉൾപ്പെടുത്തിയിട്ടുള്ള മുഴുവൻ പ്രവൃത്തികളും അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഇ) നെയ്യാർഡാം വികസനത്തിനായി തയാറാക്കിയ മാസ്റ്റർ പ്ലാനിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) നെയ്യാർ ഡാം ടൂറിസം വികസനത്തിന്റെ ഭാഗമായി 465.10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഉൾപ്പെടുത്തിയിരുന്ന ഇലക്ട്രിഫിക്കേഷൻ ഓഫ് ഗാർഡൻ ഏരിയ, ഡാം സൈറ്റ് മുതലായ ഘടകങ്ങൾ ടൂറിസം വകുപ്പ് കെൽട്രോൺ മുഖേന ഏർപ്പെടുത്തുകയുണ്ടായി. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന സിവിൽ പ്രവൃത്തികൾ ഇറിഗേഷൻ വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്. ഭരണാനുമതി നൽകിയിട്ടുള്ള ഈ പ്രവൃത്തികളിൽ പലയിനങ്ങളും ഡാം കാമ്പസിനുള്ളിൽ പ്രായോഗിക മല്ലാത്തതിനാൽ പദ്ധതിയുടെ ആർക്കിടെക്ട് നൽകിയ രൂപരേഖയനുസരിച്ച് ഇറിഗേഷൻ വകുപ്പുതന്നെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തി ടെണ്ടർ മുഖേന ഏർപ്പാടാക്കുകയും ചെയ്തു. നിലവിൽ ഈ പ്രവൃത്തിയുടെ 80 ശതമാനത്തോളം പൂർത്തിയായിട്ടുള്ളതായി ഇറിഗേഷൻ വകുപ്പ് അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ.-ൽ. ഉൾപ്പെട്ടിരുന്ന Welcome Fountain, Rain Showers, Family Zone near KTDC, Terminal Hotel pavallion Around Watch tower തുടങ്ങിയ ഇനങ്ങളാണ് ഫസ്റ്റ് ഫേസിൽ നിന്നും ഒഴിവാക്കിയതായി ഇറിഗേഷൻ വകുപ്പ് അറിയിച്ചിട്ടുള്ളത്. പ്രസ്തുത ഇനങ്ങൾ ഡാം ഗാർഡൻ മേഖലകളിൽ പ്രായോഗികമല്ലാത്തതിനാലും Family Zone, Pavallion Around Watch Tower തുടങ്ങിയ ഇനങ്ങൾ സെക്കന്റ് ഫേസിൽ ഉൾപ്പെടുത്താമെന്നുള്ള ആർക്കിടെക്ടിന്റെ നിർദ്ദേശം ഉണ്ടായിരുന്നതിനാലുമാണ് ഇത് ഒഴിവാക്കിയതെന്നാണ് ഇറിഗേഷൻ വകുപ്പ് അറിയിച്ചിട്ടുള്ളത്.

(സി&ഡി) സാങ്കേതികാനുമതി ലഭിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ഏർപ്പാടാക്കിയ/നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.* ഇതിൽ Renovation of Children Play Area, Modernization and renovation of Swimming pool എന്നിവ ഒഴികെയുള്ള പ്രവൃത്തികൾ എല്ലാം പൂർത്തിയായിട്ടുണ്ട്. സ്വിമ്മിംഗ് പൂളിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ നടന്നുവരുന്നു. പ്രസ്തുത പദ്ധതിക്കായി മേൽപ്പറഞ്ഞ വ്യതിയാനങ്ങൾ ഉൾപ്പെടുത്തി ഇറിഗേഷൻ വകുപ്പ് നൽകിയ പുതിയ പ്രൊപ്പോസൽ പരിശോധനയിലാണ്.

(ഇ) നെയ്യാർ ഡാം വികസനത്തിന് പ്രത്യേക മാസ്റ്റർ പ്ലാൻ നിലവിൽ തയ്യാറാക്കിയിട്ടില്ല.

**ചെങ്ങന്നൂർ മണ്ഡലത്തിലെ വിനോദസഞ്ചാര പാർക്കുകൾ**

318 (2596) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ മണ്ഡലത്തിൽ മഹാപ്രളയത്തിൽ പൂർണ്ണമായും നശിച്ച വിനോദസഞ്ചാര പാർക്കുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ആയത് ഗ്രീൻ കാർപ്പെറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി സാമ്പത്തിക നഷ്ടങ്ങൾക്ക് നിയമപരമായ പരിഹാരവും സഹായവും ടൂറിസം വകുപ്പ് അനുവദിക്കാതെ കാലതാമസം വരുത്തുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ആശ്വാസ സഹായം അനുവദിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പാണ്ടനാട് ഇക്കോ ടൂറിസം പാർക്കാണ് ചെങ്ങന്നൂർ മണ്ഡലത്തിൽ പൂർണ്ണമായും നശിച്ചത്.

(ബി&സി) ഗ്രീൻ കാർപ്പെറ്റ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ സാമ്പത്തിക നഷ്ടങ്ങൾക്ക് നിയമപരമായ പരിഹാരവും സഹായവും നൽകുന്ന കാര്യം ഉൾപ്പെടുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പെരുന്തേനരുവി ടൂറിസം പദ്ധതി

319 (2597) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുന്തേനരുവി കേന്ദ്രീകരിച്ച് നടക്കുന്ന ടൂറിസം പദ്ധതി ഏതു ഘട്ടം വരെയായെന്നും എന്തൊക്കെ നിർമ്മാണ പ്രവൃത്തികളാണ് ഇവിടെ പൂർത്തിയാക്കിയിട്ടുള്ളതെന്നും ഇനി എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) പണികൾ പൂർത്തിയാക്കി എന്നത്തേയ്ക്ക് പദ്ധതി ഉദ്ഘാടനം ചെയ്യാനാകുമെന്ന് വെളിപ്പെടുത്താമോ; ഈ ഘട്ടത്തിൽ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പെരുന്തേനരുവി ടൂറിസം പദ്ധതി എത്ര ഘട്ടമായി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഓരോ ഘട്ടത്തിലും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ഡി) എന്തൊക്കെ സൗകര്യങ്ങളാണ് വിനോദസഞ്ചാരികൾക്കായി ഇവിടെ ഒരുക്കുന്നത് എന്ന് വിശദമാക്കാമോ;

(ഇ) 2018 ആഗസ്റ്റിലെ മഹാപ്രളയത്തിൽ തകർന്ന പെരുന്തേനരുവി ടൂറിസം പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി ഫണ്ട് ലഭ്യമാക്കാമോ?

### ഉത്തരം

(എ) പെരുന്തേനരുവി കേന്ദ്രീകരിച്ച് വിനോദ സഞ്ചാര വകുപ്പിന്റെ രണ്ട് പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികളാണ് നടന്നുകൊണ്ടിരിക്കുന്നത്.

1. പ്രൊപ്പോസൽ ഫോർ ഡിസൈൻ ആൻഡ് കൺസ്ട്രക്ഷൻ ഓഫ് ഡോർമിറ്ററി-കം-അമിനിറ്റി സെന്റർ എന്ന പദ്ധതി അന്തിമഘട്ടത്തിലാണ്. കെൽ എക്സിക്യൂട്ടിംഗ് ഏജൻസിയായ ഈ പദ്ധതിയിൽ ഫർണിച്ചർ സപ്ലൈ, ലാൻഡ് സ്കേപ്പിംഗ്, സോളാർ ലൈറ്റ്, എയർ കണ്ടീഷനിംഗ്, ജനാലയുടെ പണികൾ എന്നിവ പൂർത്തീകരിക്കാനുണ്ട്.

2. "ഇംപ്രൂവ്മെന്റ് ഓഫ് ഫെസിലിറ്റീസ് അറ്റ് പെരുന്തേനരുവി" എന്ന പദ്ധതി 75% പൂർത്തിയാക്കിയിരുന്നു. 2018-ലെ പ്രളയത്തിൽ കുറച്ച് ഭാഗത്തിന് നാശനഷ്ടം സംഭവിച്ചതിനെ തുടർന്ന് ഭരണാനുമതി നൽകിയ 43,15,000 രൂപയും നാശനഷ്ടം സംഭവിച്ച പ്രവൃത്തികൾ പൂർത്തീകരിക്കാനായി എക്സിക്യൂട്ടിംഗ് ഏജൻസിയായ സ്റ്റേറ്റ് നിർമ്മിതികേന്ദ്രം സമർപ്പിച്ച 10,85,000 രൂപയുടെ എസ്റ്റിമേറ്റും ചേർത്ത് 54,00,000 രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയും അതിൻപ്രകാരമുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.

(ബി) 2020 ഫെബ്രുവരിക്കകം പണികൾ പൂർത്തിയാക്കി മാർച്ചിൽ പദ്ധതി ഉദ്ഘാടനം ചെയ്യാനാവുമെന്ന് എക്സിക്യൂട്ടിംഗ് ഏജൻസിയായ കെൽ അറിയിച്ചിട്ടുണ്ട്. ഈ ഘട്ടത്തിൽ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

KEL – 1,61,26,287

KSNK – 21,57,500

(സി&ഡി) പെരുന്തേനരുവി ടൂറിസം പദ്ധതി മൂന്നു ഘട്ടങ്ങളായി പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ഒന്നാംഘട്ടം

പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനത്തിനായി 97,12,800 രൂപയുടെ ഭരണാനുമതി നൽകിയതിൽ 77,70,240 രൂപ അനുവദിച്ചിട്ടുണ്ട്.

ടി പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ഘടകങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

1) Cottages – 2 Nos 2) Viewing Platform 3) Retaining Wall 4) R.C.C. Step with Tiling 5) Land Development

രണ്ടാംഘട്ടം

പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനത്തിനായി 30-8-2010-ൽ 75,85,000 രൂപയുടെ ഭരണാനുമതി നൽകിയതിൽ 68,26,500 രൂപ അനുവദിച്ചിട്ടുണ്ട്. ടി പദ്ധതിയുമായി ബന്ധപ്പെട്ട് പൂർത്തീകരിച്ച പദ്ധതി ഘടകങ്ങളുടെ വിവരങ്ങൾ ചുവടെചേർക്കുന്നു.

1) Cottages -2 Nos 2) R.C.C. Step with Tiling 3) Toilet Block 4) Restaurant 5) Park Area For Tourists 6) Erection of steel truss work at the roof of the restaurant 7) Lamp post supplied and erected 8) Borewell digged and provided compressor pump 9) Cement Concrete Coloured interlock paver entrance area 10) Hand rail for Pathway

മൂന്നാം ഘട്ടം

പദ്ധതിയുടെ മൂന്നാംഘട്ട പ്രവർത്തനത്തിനായി രണ്ട് പദ്ധതികൾക്കായി ആകെ 3,76,52,574 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ടി പദ്ധതിയുമായി ബന്ധപ്പെട്ട് നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പദ്ധതി ഘടകങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

Proposal for the Construction of Dormitory-cum-Amenity Centre at Perunthenaruvi in Pathanamthitta District

Executing agency – KEL

1. Construction of Cafeteria, Toilet Block, drivers rest rooms in the ground floor
2. Amenity Centre and Children Play area in the first floor
3. Dormitory for gents and ladies in the $2^{nd}$ floor
4. Renovation of existing structure
5. Pathway and solar light

Improvement of Basic facilities at Perunthenaruvi Waterfalls

Executing agency- Kerala State Nirmithi Kendra

1. Landscaping - Additional Work
2. Pergola for sitting area
3. Play equipment ( slider) for children
4. Electrical Work
5. Earth Filling in the parking area with road
6. Laying paving tile for parking area
7. RCC work for certain portion of Steps & Ramps.

(ഇ) ഫണ്ട് അനുവദിച്ചിട്ടുണ്ട്.

## തൃപ്പൂണിത്തുറ മണ്ഡലത്തിലെ ടൂറിസം പദ്ധതി

320 (2598) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ പൗരാണികമായ ആരാധനാലയങ്ങൾ കേന്ദ്രീകരിച്ച് ഒരു ടൂറിസം പദ്ധതി നടപ്പിലാക്കുന്നത് പരിഗണനയിൽ ഉണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) ഇല്ലെങ്കിൽ ഇത്തരത്തിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) നിലവിൽ പരിഗണനയിലില്ല.

## ഈരാറ്റിൻപുറം ടൂറിസം പദ്ധതി

321 (2599) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ഈരാറ്റിൻപുറം ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള തൂക്കുപാലത്തിന്റെയും അനുബന്ധ പ്രവൃത്തിയുടെയും ഡി. പി. ആർ. തയ്യാറാക്കാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ചെയ്യുന്ന ഇറിഗേഷൻ വിഭാഗം നിലവിൽ എത്ര കോടിയുടെ നിർമ്മാണ പ്രവൃത്തികളാണ് ആരംഭിച്ചത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ഈരാറ്റിൻപുറം ടൂറിസം പദ്ധതി തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേനയാണ് നടപ്പിലാക്കുന്നത്. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ള ഇറിഗേഷൻ വകുപ്പിനെയാണ് മേൽ പദ്ധതിയുടെ ഭാഗമായുള്ള തൂക്കുപാലത്തിന്റെയും അനുബന്ധ പ്രവൃത്തിയുടെയും ഡി.പി.ആർ. തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(ബി) ടി പദ്ധതിക്കായി നിലവിൽ 2,65,00,000 (രണ്ട് കോടി അറുപത്തി അഞ്ചു ലക്ഷം രൂപാ മാത്രം) രൂപയുടെ നിർമ്മാണ പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളത്.

## കുറ്റിപ്പുറത്തെ നിളയോരം പാർക്ക്

322 (2600) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയുടെ തീരത്ത് കുറ്റിപ്പുറത്ത് സ്ഥിതി ചെയ്യുന്ന നിളയോരം പാർക്കിന്റെ രണ്ടാം ഘട്ടത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കുമോ; രണ്ടാം ഘട്ടത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) കുറ്റിപ്പുറം നിള പാർക്കിനോട് അടുത്തുള്ള സ്ഥലത്ത് അഡ്വഞ്ചർ പാർക്ക് തുടങ്ങാൻ വേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) നിളയോരം പാർക്കിനോട് അടുത്തുള്ള സ്ഥലം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ വഴി വിനോദസഞ്ചാര വികസനത്തിന് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) "റീവൈറ്റലൈസേഷൻ ഓഫ് നിളയോരം പാർക്ക്, കുറ്റിപ്പുറം" എന്ന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരികയാണ്. ടി പദ്ധതിയുടെ 20% നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

Reception and Library, Game zone building, Ticket Counter/Staff rest room, Rain hut (4 Nos), Kiosk (4nos), Entrance gate, Renovation of existing toilet block, Pathway, Landscaping, Sitting area, Water fountain, Water tank base. Electrification, Maintenance work for fencing എന്നിവയാണ് പദ്ധതിയിലെ നിർമ്മാണ ഘടകങ്ങൾ.

(ബി&സി) 12-2-2011 മുതൽ പ്രവർത്തനം ആരംഭിച്ച നിളയോരം പാർക്ക് ഡി.റ്റി.പി.സി.-യാണ് പ്രവർത്തനം (operation) നടത്തിവരുന്നത്. പ്രസ്തുത പാർക്ക് സ്ഥിതി ചെയ്യുന്ന കുറ്റിപ്പുറം റി.സ. നമ്പർ 1-ൽ പെട്ട 7 ഏക്കർ സ്ഥലവും പാർക്കിനോട് ചേർന്ന് തെക്ക് കിഴക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്ന, പാർക്കിന്റെ തുടർ വികസനത്തിന് ഉപയോഗിക്കാവുന്ന 8 ഏക്കർ റവന്യൂ പുറമ്പോക്ക് സ്ഥലവും ടൂറിസം വകുപ്പിന് കൈമാറുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് 1-8-2018-ന് ഡി.റ്റി.പി.സി മുഖേന റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

### കാട്ടാക്കടയിൽ ഇക്കോ ടൂറിസം പദ്ധതി

323 (2601) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിലെ ളുങ്ങാംപാറയെയും പെരുങ്കുളത്തിനെയും ബന്ധപ്പെടുത്തിയുള്ള ഇക്കോടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

മേഖലയിലെ വിനോദസഞ്ചാര സാധ്യതകൾ പരിശോധിച്ച് സമഗ്ര പദ്ധതി തയ്യാറാക്കാനായി ഇക്കോ ടൂറിസം ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതു ലഭ്യമാവുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

### മുനമ്പം ബീച്ചിൽ ലൈറ്റുകൾ സ്ഥാപിക്കാൻ നടപടി

324 (2602) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനമ്പം മുസിരിസ് ബീച്ചിൽ സ്ഥാപിച്ചിരുന്ന ലൈറ്റുകൾ പ്രവർത്തന ക്ഷമമല്ലാതായതിനെത്തുടർന്ന് വിനോദസഞ്ചാരികളും നാട്ടുകാരും ഏറെ ബുദ്ധിമുട്ട് അനുഭവിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത പ്രദേശത്ത് സ്ഥാപിച്ചിരുന്ന ലൈറ്റുകൾ എന്ന് മുതൽ പ്രവർത്തന ക്ഷമമാക്കൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ഉണ്ട്. അടിയന്തര അറ്റകുറ്റപ്പണി ചെയ്യുന്നതിനുള്ള ഒരു എസ്റ്റിമേറ്റ് ഡി.റ്റി.പി.സി. മുഖേന തയ്യാറാക്കിയിട്ടുണ്ട്. ഡി.റ്റി.പി.സി അംഗീകാരം ലഭ്യമാക്കി പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതാണ്.

### പമ്പയിൽ പ്രളയം വരുത്തിയ നാശനഷ്ടം

325 (2603) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തെ തുടർന്ന് പമ്പയിൽ എന്തൊക്കെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്; എത്ര കോടി രൂപയുടെ നാശനഷ്ടം ഉണ്ടായി;

(ബി) പ്രളയത്തിൽ തകർന്ന എന്തൊക്കെ സൗകര്യങ്ങളാണ് ഇവിടെ പുനഃസ്ഥാപിക്കാൻ കഴിഞ്ഞത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പമ്പയിൽ അടിഞ്ഞുകൂടിയ മണൽ ശേഖരം നീക്കം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) അയ്യപ്പ ഭക്തരുടെ വാഹനങ്ങൾ ഇത്തവണ പമ്പയിലേക്ക് കടത്തിവിടുമോ; ഇല്ലെങ്കിൽ എങ്ങനെ ഗതാഗതം നിയന്ത്രിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2018-ലെ പ്രളയത്തിൽ പമ്പയിൽ 15,93,00,000 (പതിനഞ്ച് കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷം) രൂപയുടെ നാശനഷ്ടം ഉണ്ടായതായി ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. റെസ്റ്റോറന്റ് ബ്ലോക്ക്, നടപ്പന്തൽ, രാമമൂർത്തി മണ്ഡപം, 3 ടോയ്‌ലെറ്റ് ബ്ലോക്കുകൾ എന്നിവ പൂർണ്ണമായി തകർന്നു. 3 ടോയ്‌ലെറ്റ് ബ്ലോക്കുകൾക്ക് ഭാഗികമായി കേടുപാട് സംഭവിച്ചു. ദേവസ്വം മെസ്സ് ഭാഗികമായി തകർന്നു. അന്നദാനമണ്ഡപത്തിന് കേടുപാടുകൾ സംഭവിച്ചു. ശർക്കര ഗോഡൗണിൽ വെള്ളം കയറി 2 ലക്ഷം ടൺ ശർക്കര പൂർണ്ണമായി നശിച്ചു. ട്രോളി കൗണ്ടർ, ആറാട്ട് കടവ് എന്നിവ പൂർണ്ണമായി നശിച്ചു. മരാമത്ത് ബിൽഡിംഗിന്റെ സെല്ലാറിന്റെ 2 നിലയിലും മണ്ണടിയുകയുണ്ടായി. ഒരു നില ഇപ്പോഴും മണ്ണിനടിയിലാണ്. ക്ലോക്ക് റൂം ഭാഗികമായി തകർന്നു. 6 ഹൈമാസ്റ്റ് ലൈറ്റുകൾ പൂർണ്ണമായി നശിച്ചു. ദേവസ്വം ഡിസിൻഫെക്ടന്റ് ഗോഡൗൺ പൂർണ്ണമായി തകർന്നു. സ്വീവേജ് കളക്ഷൻ ടാങ്ക് മണ്ണിനടിയിൽ മൂടിപ്പോയി. സ്വീവേജ് നെറ്റ്‌വർക്ക് സിസ്റ്റം പൂർണ്ണമായി നശിച്ചു. എസ്.റ്റി.പി. വെള്ളം കയറിയതുമൂലം കേടുപാടുകൾ സംഭവിക്കുകയുണ്ടായി. പമ്പയിലെ അപ്രോച്ച് റോഡിന്റെ 2 ഭാഗം ഇടിഞ്ഞു. ഹിൽ ടോപ്പ് പാർക്കിംഗ് ഗ്രൗണ്ടിന്റെ കുറച്ച് ഭാഗം ഇടിഞ്ഞു.

(ബി) ഭാഗികമായി തകർന്ന 3 ടോയ്‌ലെറ്റ് ബ്ലോക്കുകൾ, മണ്ണ് മൂടിക്കിടന്ന സ്വീവേജ് കളക്ഷൻ ടാങ്ക്, സ്വീവേജ് നെറ്റ്‌വർക്ക് സിസ്റ്റം, ക്ലോക്ക് റൂം ബിൽഡിംഗ് എന്നിവ പുനഃസ്ഥാപിക്കുകയും അന്നദാന മണ്ഡപം റെസ്റ്റോറന്റ് ബ്ലോക്ക്, മെസ്സ് ബിൽഡിംഗ്, ശർക്കര ഗോഡൗൺ തുടങ്ങിയ എല്ലാ കോൺക്രീറ്റ് കെട്ടിടങ്ങളും പ്രവർത്തന സജ്ജമാക്കുകയും ചെയ്തു.

(സി) ദേവസ്വം ബോർഡിന് അനുവദിച്ച 20000 എം.ക്യൂബ് മണലിൽ 3,000 എം.ക്യൂബ് നീക്കം ചെയ്തു. ബാക്കിയുള്ളവ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.

സർക്കാർ ചുമതലപ്പെടുത്തിയ പ്രകാരം ടാറ്റ പ്രോജക്ട്സ് ലിമിറ്റഡ് കമ്പനി പമ്പയിൽ അടിഞ്ഞുകൂടിയ മണൽ, വൃക്ഷങ്ങൾ മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്ത് പമ്പാനദിയെ പൂർവ്വ സ്ഥിതിയിൽ ആക്കിയിട്ടുണ്ട്. പാലങ്ങളും സാധാരണ നിലയിൽ ആക്കിയിട്ടുണ്ട്. പമ്പാതീരത്ത് 300 മീറ്ററോളം തകർന്ന ഭാഗത്തും മറ്റ് മണൽ സംഭരണ സ്ഥലങ്ങളിലും മണൽ ചാക്കുകൾ അടുക്കി തീർത്ഥാടനയോഗ്യമാക്കിയിട്ടുണ്ട്.

(ഡി) ഇല്ല. കഴിഞ്ഞ വർഷം ഉണ്ടായ പ്രളയപശ്ചാത്തലത്തിൽ ബേസ് ക്യാമ്പ് പമ്പയിൽ നിന്നും നിലയ്ക്കലിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ തീർത്ഥാടകരുടെ ചെറുവാഹനങ്ങൾ തീർത്ഥാടകരെ പമ്പയിൽ ഇറക്കിയ ശേഷം തിരികെ വന്ന് നിലയ്ക്കലിൽ പാർക്ക് ചെയ്യേണ്ടതാണ്. വലിയ വാഹനങ്ങളിൽ വരുന്ന തീർത്ഥാടകർ നിലയ്ക്കലിൽ ഇറങ്ങേണ്ടതാണ്. ഈ തീർത്ഥാടകരെ പമ്പയിൽ എത്തിക്കുന്നതിനും തിരിച്ച് പമ്പയിൽ നിന്ന് നിലയ്ക്കലിൽ എത്തിക്കുന്നതിനും കെ.എസ്.ആർ.ടി.സി. വിപുലമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നിലയ്ക്കലിൽ അധികമായി പാർക്കിംഗ് ലോട്ട് നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു.

**കുമളിയിൽ ശബരിമല അയ്യപ്പഭക്തന്മാർക്ക് ഇടത്താവളം**

326 (2604) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് നിയോജകമണ്ഡലത്തിൽ ശബരിമല അയ്യപ്പഭക്തന്മാർക്കുള്ള ഇടത്താവളങ്ങളായി കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങൾ ഏതൊക്കെ; പ്രസ്തുത സ്ഥലങ്ങളിൽ ഇടത്താവളങ്ങൾ ഒരുക്കുന്നതിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;അറിയിക്കുമോ;

(ബി) നിരവധി അന്തർസംസ്ഥാന അയ്യപ്പഭക്തൻമാർ കേന്ദ്രീകരിക്കുന്ന അതിർത്തി പട്ടണമായ കുമളിയിൽ, അയ്യപ്പഭക്തന്മാർക്ക് സൗകര്യപ്രദമായ ഇടത്താവളം ഒരുക്കുന്നതിന് വനം വകുപ്പുമായി ബന്ധപ്പെട്ട് കുമളി പട്ടണത്തോടുചേർന്ന് വനം വകുപ്പിന്റെ കൈവശമുള്ള സ്ഥലത്ത് ഇടത്താവളം ഒരുക്കുന്നതിനുള്ള നടപടികൾ വകുപ്പിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പീരുമേട് നിയോജകമണ്ഡലത്തിൽ വണ്ടിപെരിയാർ ദേവസ്വത്തിൽ അയ്യപ്പന്മാർക്ക് വിരിവയ്ക്കുന്നതിനുള്ള ഷെഡ്, ടോയ്‌ലെറ്റ് സൗകര്യം, കുടിവെള്ളം മുതലായ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**ശബരിമലയിൽ മണ്ഡലകാലത്തിന്റെ ഒരുക്കത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ**

327 (2606) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മണ്ഡലകാലത്തിന്റെ ഒരുക്കത്തിനായി പ്രളയ പശ്ചാത്തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ശബരിമല വരുമാനം കുറയുന്നത് ദേവസ്വം ബോർഡിനെയും ജീവനക്കാരെയും കഴിഞ്ഞ തവണ പ്രതിസന്ധിയിലാക്കിയ പശ്ചാത്തലത്തിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) വിശ്വാസികൾക്കിടയിൽ വ്യാജപ്രചരണം നടത്തി ശബരിമലയുടെ സുഗമമായ പ്രവർത്തനം തടസ്സപ്പെടുത്തുന്നതിനും ഇതിലൂടെ വരുമാനനഷ്ടം വരുത്തുന്നതിനുമെതിരെ വിശ്വാസികളിൽ സത്യം ബോധ്യപ്പെടുത്തി അവബോധം സൃഷ്ടിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ശബരിമല ദർശനത്തിന് എത്തുന്ന ലക്ഷക്കണക്കിന് അയ്യപ്പ ഭക്തർക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. ബേസ് ക്യാമ്പ് നിലയ്ക്കലിലേക്ക് മാറ്റിയിട്ടുണ്ട്. ബേസ് ക്യാമ്പിലെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നുണ്ട്. കെട്ടിടങ്ങൾ, വിരിസ്ഥലങ്ങൾ എന്നിവയുടെ അടകുറ്റപ്പണികൾ പൂർത്തീകരിച്ചു. ശുചിമുറികളുടെ ഉപയോഗ ക്ഷമത വർദ്ധിപ്പിച്ചു. മാലിന്യ നിർമ്മാർജ്ജനത്തിനാവശ്യമായ ഇൻസിനറേറ്ററുകൾ മാലിന്യ പ്ലാന്റുകൾ എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തി സുരക്ഷിത ദർശനം സാധ്യമാകുന്നതിന് ആവശ്യമായ ബാരിക്കേഡുകളുടെ നിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾ എന്നിവ പൂർത്തിയാക്കി. കുടിവെള്ളത്തിന് കഴിഞ്ഞ വർഷം നടപ്പിലാക്കിയ സംവിധാനത്തേക്കാൾ വിപുലമായി സൗകര്യങ്ങൾ ഈ വർഷം നടപ്പിലാക്കിയിട്ടുണ്ട്.

ശബരിമലയിൽ അന്നദാനമണ്ഡപത്തിന്റെ ഒന്നാം നിലയിൽ 35,000 ചതുരശ്ര അടിയും വലിയ നടപ്പന്തലിന്റെ കിഴക്ക് ഭാഗത്ത് കെട്ടിടത്തിന്റെ മുകളിൽ 12,000 ചതുരശ്ര അടിയും പാണ്ടിത്താവളത്തിൽ 2,000 ചതുരശ്ര അടിയും വിസ്തൃതിയിലുള്ള വിരിഷെഡ്ഡുകൾ സജ്ജമാക്കി. പമ്പയിൽ ടോയ്‌ലെറ്റ് കോംപ്ലക്സ് സ്ഥാപിച്ചു.

കുളിക്കടവ് നവീകരിച്ചു. കൂടാതെ സ്വാമി അയ്യപ്പൻ റോഡിലും കെ.എസ്.ആർ.ടി.സി.-ക്ക് സമീപം പമ്പയുടെ വിവിധ ഭാഗങ്ങളിലായി ബയോ ടോയ്‌ലെറ്റുകളും മുൻ വർഷങ്ങളിലേക്കാൾ മെച്ചപ്പെട്ട രീതിയിൽ സ്ഥാപിച്ചു. നിലയ്ക്കലിൽ തീർത്ഥാടകർക്ക് 1000 വാഹനങ്ങളുടെ അധിക പാർക്കിംഗിനായി കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഓൺലൈൻ ബുക്കിംഗിനായി പോലീസുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) 2019-20 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിന് 100 കോടി രൂപയുടെ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്.

സർക്കാർ വാഗ്ദാനം ചെയ്ത 100 കോടി രൂപയിൽ ആദ്യ ഗഡുവായി 30 കോടി രൂപ 30-8-2019-ലെ സർക്കാർ ഉത്തരവുപ്രകാരം നൽകിക്കഴിഞ്ഞു.

(സി) സ്ത്രീ പ്രവേശന വിധിയുടെ മറവിൽ ശബരിമലയിൽ ഭക്തരെന്ന വ്യാജേന എത്തിയ ചിലരാണ് പ്രശ്നങ്ങളുണ്ടാക്കിയത്. ഇതുമൂലം ശബരിമലയിൽ നടവരവിൽ കുറവുണ്ടായി. എന്നാൽ സർക്കാരും ദേവസ്വം ബോർഡും സമയോചിതമായി ഇടപെട്ട് മറ്റ് അനിഷ്ടസംഭവങ്ങൾ ഒഴിവാക്കി യഥാർത്ഥ വിശ്വാസികൾക്ക് സുഗമമായ തീർത്ഥാടന സൗകര്യം ഒരുക്കിയിരുന്നു. ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ സർക്കാരിന്റെയും ദേവസ്വം ബോർഡിന്റെയും നിലപാടുകൾ യഥാസമയം പൊതുജനങ്ങളെയും വിശ്വാസികളെയും അറിയിച്ചിട്ടുള്ളതാണ്.

### ശബരിമലയിലെ ഓൺലൈൻ ദർശന സംവിധാനം

328 (2607) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ അയ്യപ്പദർശനം നടത്തുന്നതിനായി പുതിയ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ക്ഷേത്ര ദർശനം പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെ ആക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;ഇതിനായുള്ള പുതിയ സോഫ്റ്റ് വെയർ തയ്യാറായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണ് പ്രസ്തുത സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) പോലീസ് ഡിപ്പാർട്ട്മെന്റ് മുഖേന നിലവിൽ നടപ്പാക്കിവരുന്ന ശബരിമല വെർച്വൽ ക്യൂ പോർട്ടലിലൂടെ ഈ വർഷം മുതൽ ദർശനത്തിനോടൊപ്പം അയ്യപ്പഭക്തർക്ക് ഘട്ടംഘട്ടമായി അപ്പം, അരവണ പ്രസാദം, ഇ-കാണിക്ക, അന്നദാനം, ഡോണേഷൻ മറ്റ് പ്രസാദങ്ങളായ ആടിയശിഷ്ടം നെയ്, മഞ്ഞൾ, കുങ്കുമം, വിഭൂതി എന്നിവയും ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യം കൂടി ഒരുക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്.

(ബി) തീരുമാനിച്ചിട്ടില്ല.

**പമ്പാതീരവും പരിസര പ്രദേശങ്ങളും സംരക്ഷിക്കുന്നതിന് നടപടികൾ**

329 (2608) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയംമൂലം തകർന്ന പമ്പാ നദീതീരവും പരിസരപ്രദേശങ്ങളും സംരക്ഷിക്കുന്നതിനും പുനർനിർമ്മിക്കുന്നതിനുമായി ദേവസ്വം ബോർഡ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ഉദ്യോഗസ്ഥതലത്തിലും ജനപ്രതിനിധികളുമായും ദേവസ്വം ബോർഡ് എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 2018 ആഗസ്റ്റ് മാസം ഉണ്ടായ പ്രളയത്തിൽ തകർന്ന പമ്പയിൽ തീർത്ഥാടകർക്ക് ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പമ്പയിലെ ത്രിവേണി പാലത്തിൽ പ്രളയത്തിൽ അടിഞ്ഞുകൂടിയ മണലും വൃക്ഷങ്ങളും നീക്കം ചെയ്ത് സാധാരണ നിലയിലാക്കിയിട്ടുണ്ട്. നശിച്ചുപോയ ശൗചാലയങ്ങൾക്ക് പകരം പുതിയ ബയോ ടോയ്‌ലെറ്റുകൾ, ബയോ യൂറിനലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. സ്വദേശി ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തി ത്രിവേണി മുതൽ ഞുണങ്ങാർ വരെയുള്ള സ്ഥലത്ത് കൽപ്പടവുകൾ നിർമ്മിക്കുകയും മര സംരക്ഷണ ഭിത്തി നിർമ്മിച്ച് മരങ്ങൾ വച്ച് പിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ദേവസ്വം ബോർഡ് നടത്തിയ യോഗങ്ങളുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## സ്വകാര്യ ദേവസ്വം ജീവനക്കാർക്ക് ക്ഷേമനിധി

330 (2609) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ദേവസ്വം ക്ഷേത്രങ്ങളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ക്ഷേത്രങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകുന്നത് ഏത് വകുപ്പാണെന്ന് വിശദീകരിക്കുമോ;

(സി) സ്വകാര്യ ദേവസ്വക്ഷേത്രങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; ഇവർക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ടോയെന്നും മറ്റ് ആനുകൂല്യങ്ങൾ നൽകുന്നുണ്ടോയെന്നും വിശദീകരിക്കുമോ;

(ഡി) സംസ്ഥാനത്തെ സ്വകാര്യ ദേവസ്വം ക്ഷേത്രങ്ങളെയും അവിടത്തെ ജീവനക്കാരെയും കുറിച്ച് അന്വേഷണം നടത്തി ജീവനക്കാർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും അനുമതി തേടാവുന്നതാണ്.

(സി&ഡി) സ്വകാര്യ ട്രസ്റ്റുകളുടേയും കുടുംബങ്ങളുടേയും അധീനതയിൽ പ്രവർത്തിക്കുന്ന ക്ഷേത്രങ്ങളുടെയും ജീവനക്കാരുടെയും വിവരങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് വിവരശേഖരണം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

## ഗുരുവായൂർ ക്ഷേത്രത്തിലെ തുലാഭാര കരാർ

331 (2610) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ക്ഷേത്രത്തിലെ തുലാഭാര കരാർ സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കരാർ എന്നാണ് പുതുക്കി നൽകിയതെന്നും, ആർക്കാണ് നൽകിയതെന്നും അറിയിക്കാമോ; എത്ര രൂപയ്ക്കാണ് പ്രസ്തുത കരാർ പുതുക്കി നൽകിയതെന്ന് വെളിപ്പെടുത്താമോ;

(സി) ദേവസ്വം ബോർഡിൽ ആവശ്യത്തിന് ജീവനക്കാരുള്ളപ്പോൾ അവർ മുഖേന തുലാഭാരം നടത്താതെ പുറം കരാർ നൽകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) തുലാഭാരത്തിന് ദേവസ്വം രസീതിന് പുറമെ തട്ടിൽ പണമായി നൂറ് രൂപ ഭക്തരിൽ നിന്നും വാങ്ങുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ഇ) ദേവസ്വത്തിന് നൽകുന്ന തുകയ്ക്ക് പുറമെ കരാറുകാർ നിർബന്ധപൂർവ്വം പണം ഈടാക്കുന്നുവെന്ന ആക്ഷേപം പരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 4-10-2019 മുതൽ 3-10-2020 വരെ കരാർ പുതുക്കി നൽകിയിട്ടുണ്ട്. ശ്രീ. കെ. എസ്. മോഹനൻ, കോടത്തുർ ഹൗസ്, തൈക്കാട് പി.ഒ., ഗുരുവായൂർ എന്നയാളിന് 19,00,091 രൂപയ്ക്കാണ് കരാർ പുതുക്കി നൽകിയത്.

(സി) തുലാഭാരം വഴിപാട് നടത്തിനൽകുന്നത് ദേവസ്വം തന്നെയാണ്. തുലാഭാരത്തിനാവശ്യമായ സാധനസാമഗ്രികൾ യഥാസമയം എത്തിക്കുന്നതിനും തുലാഭാരം തൂക്കിനൽകുന്ന പ്രവൃത്തികൾക്കുമാണ് കരാർ നൽകുന്നത്. ആയതിനാവശ്യമായ ജീവനക്കാരെ ദേവസ്വം നിയോഗിച്ചിട്ടില്ലാത്തതുമാണ്.

(ഡി) സാധനവിലയും തട്ടിൽപണം 100 രൂപയും ചേർത്തുള്ള രശീതിയാണ് നൽകുന്നത്.

(ഇ) ദേവസ്വത്തിന് നൽകുന്ന തുകയ്ക്ക് പുറമെ പണം ഈടാക്കരുതെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതും ഭക്തജനങ്ങളുടെ അറിവിനായി ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതുമാണ്.

## ദേവസ്വം ബോർഡിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനം

332 (2611) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്രപേർ ജോലി ചെയ്യുന്നുണ്ട്; കണക്കുകൾ ലഭ്യമാക്കുമോ; ആയതിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെടുന്നവർ എത്ര പേർ ഉണ്ടെന്നും അത് എത്ര ശതമാനം വരുമെന്നും വിശദമാക്കാമോ;

(ബി) ദേവസ്വം ബോർഡിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇപ്പോൾ നിയമനം നടത്തുന്നത് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേനയാണോ; എങ്കിൽ നാളിതുവരെ ഏതൊക്കെ തസ്തികകളിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ്- 495

കൊച്ചിൻ ദേവസ്വം - 152

ഗുരുവായൂർ ദേവസ്വം - 204

എസ്.സി./എസ്.ടി.

തിരുവിതാംകൂർ ദേവസ്വം എയ്ഡഡ് സ്കൂൾ

എസ്.സി.-2, എസ്.ടി.- ഇല്ല

എയ്ഡഡ് കോളേജ്

എസ്.സി.-ഇല്ല, എസ്.ടി.- 5

കൊച്ചിൻ ദേവസ്വം

എസ്.സി.-5, എസ്.ടി.- ഇല്ല

ഗുരുവായൂർ ദേവസ്വം

എസ്.സി.-11, എസ്.ടി.- ഇല്ല

ശതമാനം

തിരുവിതാംകൂർ ദേവസ്വം - 1.4%

കൊച്ചിൻ ദേവസ്വം - 3.3%

ഗുരുവായൂർ ദേവസ്വം - 5.4%

(ബി) അല്ല.

**വയനാട് ജില്ലയിൽ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള ക്ഷേത്രങ്ങളുടെ പുനരുദ്ധാരണം**

333 (2612) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിന് നൽകിയ സഹായങ്ങൾ വിശദമാക്കാമോ;

(ബി) ദേവസ്വം ബോർഡ് ജീവനക്കാരുടെ ക്ഷേമത്തിന് വയനാട് ജില്ലയിൽ ഈ സർക്കാർ നടപ്പിലാക്കിയ ക്ഷേമപ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) വയനാട് ജില്ലയിൽ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള 29 പൊതു ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിന് ഈ സർക്കാരിന്റെ കാലത്ത്, ആകെ 43,50,000 രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്ന കുളങ്ങളുടെ നവീകരണ പദ്ധതി പ്രകാരം രണ്ട് ക്ഷേത്രങ്ങൾക്ക് 7,00,000 രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പള കുടിശ്ശിക ധനസഹായം, ഓണം ഉത്സവബത്ത എന്നിവ മലബാർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും അനുവദിച്ചുവരുന്നുണ്ട്. കൂടാതെ ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധിയിൽ നിന്നും പെൻഷൻ, ഗ്രാറ്റുവിറ്റി, വിവാഹ ധനസഹായം, ചികിത്സാ ധനസഹായം തുടങ്ങിയ ആനുകൂല്യങ്ങളും

നൽകിവരുന്നുണ്ട്. വയനാട് ജില്ലയിൽ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ഈ സർക്കാരിന്റെ കാലത്ത് ബോർഡിൽ നിന്നും അനുവദിച്ചിട്ടുള്ള ധനസഹായം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**കൊട്ടാരക്കര മണികണ്ഠേശ്വരം ശ്രീമഹാഗണപതി ക്ഷേത്ര വികസനം**

334 (2613) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര മണികണ്ഠേശ്വരം ശ്രീമഹാഗണപതി ക്ഷേത്ര വികസനത്തിനായി തയ്യാറാക്കിയ മാസ്റ്റർ പ്ലാനിന് അന്തിമ രൂപരേഖയായിട്ടുണ്ടോ;

(ബി) പ്രസ്തുത മാസ്റ്റർ പ്ലാനിൽ ക്ഷേത്ര വികസനത്തിനായി ഉൾക്കൊള്ളിച്ചിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മാസ്റ്റർ പ്ലാൻ പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം തുടർനടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മാസ്റ്റർ പ്ലാനിന് അന്തിമ രൂപരേഖ ആയിട്ടില്ല.

(ബി&സി) ബാധകമല്ല.

**ശക്തികുളങ്ങര ദേവീക്ഷേത്രത്തിലെ വികസന പ്രവർത്തനങ്ങൾ**

335 (2614) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ഗ്രൂപ്പിൽ ഉൾപ്പെട്ടുവരുന്ന ആദിനാട് ശക്തികുളങ്ങര ദേവീ ക്ഷേത്രത്തിലെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 2016 ജൂൺ മാസത്തിനുശേഷം ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ക്ഷേത്രത്തിൽ ആനയെ കെട്ടുന്ന പറമ്പിന്റെ ചുറ്റുമതിൽ തകർന്നത് പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) പ്രസ്തുത ക്ഷേത്ര ശ്രീകോവിൽ പുതുക്കി പണിയുന്നതിന് മാസ്റ്റർപ്ലാൻ സമർപ്പിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ഡി) അവിടത്തെ ആനകളെ ശുചിത്വപൂർണ്ണമായ ചുറ്റുപാടുകളിൽ നിർത്തുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) ആദിനാട് ശക്തികുളങ്ങര ദേവസ്വത്തിൽ ദുർഗ്ഗാദേവി, ഗണപതി എന്നിവരുടെ ശ്രീകോവിലുകളുടെ പുനർനിർമ്മാണത്തിനായി 52,82,000 രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുള്ളതായും ബാത്ത് റൂം, ടോയ്‌ലെറ്റ് നിർമ്മാണത്തിനായി 1,84,000 രൂപയുടെ എസ്റ്റിമേറ്റിന് അനുമതി നൽകിയിട്ടുള്ളതായും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) പുനർനിർമ്മിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(സി) ഇതു സംബന്ധിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടില്ല.

(ഡി) ആനകളെ തളയ്ക്കുന്ന ആനത്തറി പുനർനിർമ്മിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**തൃക്കാരിയൂർ മഹാദേവ ക്ഷേത്രം**

336 (2615) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ തൃക്കാരിയൂരിൽ പരശുരാമൻ നേരിട്ട് പ്രതിഷ്ഠ നടത്തിയ തൃക്കാരിയൂർ മഹാദേവ ക്ഷേത്രത്തെ പൈതൃക പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1800 വർഷത്തെ പഴക്കമുള്ളതും പരശുരാമ പൂജയുള്ളതും പരശുരാമൻ നേരിട്ട് പ്രതിഷ്ഠ നടത്തിയ 108 ശിവക്ഷേത്രങ്ങളിലെ അവസാന ശിവക്ഷേത്രവുമായ തൃക്കാരിയൂരിൽ മഹാദേവ ക്ഷേത്രത്തിനോടനുബന്ധിച്ച് പരശുരാമൻ അന്തർധാനം ചെയ്ത സ്ഥലവും അതിനോടനുബന്ധിച്ച് പരശുരാമക്ഷേത്രവും നിലനിൽക്കുന്ന കാര്യവും ക്ഷേത്ര കലയായ തീയാട്ടിന്റെ ഉത്ഭവകേന്ദ്രം എന്ന നിലയിൽ പഴയ ഭൂതത്താൻ കെട്ടിന്റെ ഐതിഹ്യവും പരിഗണിച്ച് പ്രസ്തുത ക്ഷേത്രത്തെ പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) ദേവസ്വം ബോർഡിൽനിന്ന് പ്രൊപ്പോസൽ ലഭ്യമാക്കുന്ന സാഹചര്യത്തിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

## നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രവുമായി ബന്ധപ്പെട്ട തീർത്ഥാടന ടൂറിസം പദ്ധതി

337 (2616) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രവുമായി ബന്ധപ്പെട്ട് തീർത്ഥാടന ടൂറിസം പദ്ധതിക്ക് ദേവസ്വം ബോർഡ് ടൂറിസം വകുപ്പിന് അനുമതിപത്രം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത അനുമതിപത്രം നൽകുന്ന നടപടികൾ വൈകിപ്പിച്ചതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് ഏതൊക്കെ പ്രവൃത്തികൾക്കാണ് വകുപ്പിനോട് അനുമതിപത്രം ആവശ്യപ്പെട്ടതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) അനുമതിപത്രം ദേവസ്വം ബോർഡിൽ നിന്നും ലഭ്യമായിട്ടില്ല.

(ബി&സി) ശ്രീകൃഷ്ണസ്വാമി ക്ഷേത്രവുമായി ബന്ധപ്പെട്ട തീർത്ഥാടന ടൂറിസം പദ്ധതിയുടെ സാധ്യതകൾ ടൂറിസം വകുപ്പ് പരിശോധനാവിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ ക്ഷേത്ര ഭാരവാഹികളുമായി ചേർന്ന് സ്ഥലലഭ്യത പരിശോധിച്ച് വിശദമായ പദ്ധതി അടങ്കൽ സമർപ്പിക്കുന്നതിന് തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിക്കുള്ള ഭരണാനുമതി നൽകുന്ന ഘട്ടത്തിൽ അനുമതിപത്രമുൾപ്പെടെയുള്ള കാര്യങ്ങൾ ഉറപ്പുവരുത്തുന്നതാണ്.

**മാടായിക്കാവിലെ ക്ഷേത്രകലാ അക്കാദമി**

338 (2617) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ മലബാർ ദേവസ്വം ബോർഡിന് കീഴിൽ പ്രവർത്തിക്കുന്ന ക്ഷേത്രകലാ അക്കാദമിയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ തുക ലഭ്യമാക്കുന്നതിനും ബൈലോ അംഗീകരിച്ചു നൽകുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ക്ഷേത്ര കലാ അക്കാദമിയുടെ ചെയർമാൻ, സെക്രട്ടറി എന്നിവർക്കുള്ള ഓണറേറിയം നിശ്ചയിച്ച് ഉത്തരവാകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) മാടായിക്കാവ് ക്ഷേത്രകലാ അക്കാദമിയുടെ സുഗമമായ പ്രവർത്തനത്തിന് കൂടുതൽ തുക അനുവദിക്കുന്ന വിഷയവും ക്ഷേത്രകലാ അക്കാദമിയുടെ ബൈലോ അംഗീകരിക്കുന്ന വിഷയവും സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ക്ഷേത്ര കലാ അക്കാദമി ചെയർമാൻ, സെക്രട്ടറി എന്നിവർക്കുള്ള ഓണറേറിയം നിശ്ചയിക്കുന്ന വിഷയം സർക്കാർ പരിശോധനയിലാണ്.

(നക്ഷത്രചിഹ്നമിടാത്ത 2605-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 A.M.]

## II അടിയന്തരപ്രമേയ നോട്ടീസ്

മി. സ്പീക്കർ: സർവ്വശ്രീ വി. ടി. ബൽറാം, ടി. എ. അഹമ്മദ് കബീർ, റോഷി അഗസ്റ്റിൻ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. വാളയാറിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പ്രായപൂർത്തിയാകാത്ത രണ്ട് പെൺകുട്ടികൾ പീഡനത്തെത്തുടർന്ന് മരണമടഞ്ഞ കേസിലെ പ്രതികൾക്കുവേണ്ടി പാലക്കാട് ജില്ലാ ശിശുക്ഷേമ സമിതി അദ്ധ്യക്ഷൻ ഹാജരായതും അന്വേഷണം അട്ടിമറിക്കാൻ ഇടയായതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംബന്ധിച്ചാണ് നോട്ടീസിൽ പരാമർശിച്ചിരിക്കുന്നത്. ഇക്കാര്യം അടിയന്തരപ്രമേയത്തിന്റെ പരിധിയിൽ വരുന്നതാണെന്നും അടിയന്തരമായിട്ടുള്ളതാണെന്നും തോന്നുന്നില്ല. ഇതേ വിഷയം ഒന്നിലേറേ തവണ അടിയന്തരപ്രമേയമായും അല്ലാതെയും ഇവിടെ വരികയും സർക്കാർ നിലപാട് സഭയെ അറിയിക്കുകയും ചെയ്തതാണ്. പുതിയതായി എന്തെങ്കിലും സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതേ വിഷയത്തിൽ ശ്രീ. ഷാഫി പറമ്പിലിന്റെ അടിയന്തരപ്രമേയത്തിന്റെ ഭാഗമായുള്ള വിശദീകരണക്കുറിപ്പ് ഞാൻ വായിക്കാം - പോലീസും പ്രോസിക്യൂഷനും തങ്ങളെ മനഃപൂർവ്വം കബളിപ്പിക്കുന്നുവെന്നാണ് പെൺകുട്ടികളുടെ അമ്മ വെളിപ്പെടുത്തിയിരിക്കുന്നത്. പ്രതികൾക്കുവേണ്ടി ഹാജരായ അഭിഭാഷകൻ ശിശുക്ഷേമ സമിതി ചെയർമാനായത് സംശയങ്ങളെ ശരിവയ്ക്കുന്നതും രാഷ്ട്രീയ ഇടപെടലുകളുടെ ഏറ്റവും വലിയ തെളിവുമാണെന്നാണ് പറഞ്ഞിട്ടുള്ളത്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ സബ്മിഷൻ സഭയിൽ വരികയുണ്ടായി. അതിന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ മറുപടി മേശപ്പുറത്തുണ്ട്. അതുകൊണ്ട് പുതിയതായി ഒരു വിഷയം ഇക്കാര്യത്തിൽ വരാത്ത സാഹചര്യത്തിൽ ഒരു പ്രമേയമായി ഇത് അവതരിപ്പിക്കാൻ നിർവ്വാഹമില്ലെന്ന് അറിയിക്കുകയാണ് ...... (ബഹളം)...... ചട്ടം 52(iv) പ്രകാരം ഇന്നത്തെ നോട്ടീസ് പരിഗണിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്ന് കേരളം ചർച്ച ചെയ്യപ്പെടുന്ന ഏറ്റവും വലിയ വിഷയമാണിത്. ജനങ്ങൾ ഏറ്റവും കൂടുതൽ ആശങ്കാകുലരായ ഒരു വിഷയമാണ്. ഇന്ന് പാലക്കാട് ജില്ലയിൽ യു.ഡി.എഫ്. ഹർത്താൽ നടക്കുന്ന ദിവസമാണ്. മാത്രമല്ല പ്രോസിക്യൂട്ടറുടെ നിലപാടുകളെ സംബന്ധിച്ച പുതിയ വിവരങ്ങളും സാക്ഷിയായിരുന്ന ഒരാൾ ആത്മഹത്യ ചെയ്ത വിവരവും പുറത്തുവരികയാണ്. ഇക്കാര്യങ്ങളെല്ലാം ചൂണ്ടിക്കാണിച്ചുകൊണ്ടാണ്

ഞങ്ങൾ നോട്ടീസ് നൽകിയിട്ടുള്ളത്. ഇതുപോലുള്ള സാഹചര്യങ്ങളുണ്ടാകുമ്പോൾ ഇതേ സഭയിൽ അടിയന്തരപ്രമേയം അവതരിപ്പിക്കാൻ അനുമതി നൽകിയ ഒരു ഡസനിലേറെ സംഭവങ്ങൾ എനിക്ക് ചൂണ്ടിക്കാണിക്കാൻ കഴിയും. ഞാൻ അത് എടുത്തുപറയുന്നില്ല. അങ്ങേക്ക് വേണമെങ്കിൽ അതിന്റെ മുഴുവൻ വിശദാംശങ്ങളും ഞാൻ തരാം. ധാരാളം അവസരങ്ങളിൽ അനുമതി നൽകിയിട്ടുണ്ട്. റൂൾ 50 ഞങ്ങളുടെ അവകാശമാണ്, അത് അങ്ങ് നിഷേധിക്കാൻ പാടില്ല. കേരളം വളരെയേറെ പ്രയാസത്തോടുകൂടി നോക്കിക്കാണുന്ന അടിയന്തരപ്രാധാന്യമുള്ള വിഷയമാണ്. ഇതുസംബന്ധിച്ച് ജനങ്ങളിൽ വലിയ ആശങ്ക നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് ദയവായി അങ്ങയുടെ തീരുമാനം പുനഃപരിശോധിക്കണം. ശ്രീ. വി. ടി. ബൽറാമിന് അടിയന്തര പ്രമേയം അവതരിപ്പിക്കാനുള്ള അനുമതി നൽകണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോടുള്ള എല്ലാ ബഹുമാനവും നിലനിർത്തിക്കൊണ്ടുതന്നെ പറയട്ടെ, ശിശുക്ഷേമ സമിതിയുടെ വിശ്വാസ്യത തകരാനിടയായ കാര്യത്തെ സംബന്ധിച്ചു മാത്രമാണ് അദ്ദേഹത്തിന്റെ നോട്ടീസിൽ പരാമർശിച്ചിട്ടുള്ളത്. ഈ സഭയിൽ അടിയന്തരപ്രമേയമായും സബ്മിഷനായും ഉന്നയിച്ച് മറുപടി കിട്ടിയ വിഷയമാണിത്. പുതിയതായി ഒരു കാര്യവും വന്നിട്ടില്ല. അതിൽ അദ്ദേഹത്തിന് ഇനിയും വ്യക്തത വരുത്താനുണ്ടെങ്കിൽ ശൂന്യവേള അവസാനിക്കുന്നതിനുമുമ്പ് ഉന്നയിക്കാൻ അവസരം കൊടുക്കാവുന്നതാണ്. അടിയന്തര പ്രമേയമായി ഇത് അനുവദിക്കാൻ നിർവ്വാഹമില്ല. ദയവായി സഭയുടെ ചട്ടങ്ങളുമായി സഹകരിക്കണം.

ശ്രീ. രമേശ് ചെന്നിത്തല: സർ, സഭയുടെ ചട്ടങ്ങളനുസരിച്ച് തന്നെയാണ് ആവശ്യപ്പെടുന്നത്. ബാർ കോഴ കേസ്സുമായി ബന്ധപ്പെട്ട് എട്ടോ ഒമ്പതോ തവണ അടിയന്തരപ്രമേയം അനുവദിച്ചിട്ടില്ലേ? അങ്ങനെ എത്രയോ സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്.

മി. സ്പീക്കർ: അത് സംബന്ധിച്ച് ഒരു പരിശോധന വേണമെങ്കിൽ വേറെ നടത്താം. ഇവിടെ വന്ന വിഷയത്തിൽ പുതിയതായി ഒരു വിവരവും ചെയറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, പുതിയതായിട്ടുള്ള വിവരങ്ങളുണ്ട്. ആത്മഹത്യ ഉൾപ്പെടെയുള്ള വിവരങ്ങളുണ്ട്. ഞങ്ങൾക്ക് പറയാനുള്ള അവസരം തരണം.

മി. സ്പീക്കർ: ഈ വിഷയത്തിൽ അദ്ദേഹത്തിന് വ്യക്തത വരുത്താൻ ശൂന്യവേള തീരുന്നതിനുമുമ്പ് അവസരം നൽകാം. പ്ലീസ്..... പ്ലീസ്.... ദയവായി സഹകരിക്കുക. .....(ബഹളം)...... പുതിയതായി ഒരു വിഷയവും ശ്രദ്ധയിൽ വന്നിട്ടില്ല. നോട്ടീസിൽ അതുസംബന്ധിച്ച് പറഞ്ഞിട്ടില്ല. പുതിയതായി എന്തെങ്കിലുമുള്ളതായി അദ്ദേഹം ചെയറിനെ വന്ന് കണ്ട് ബോധ്യപ്പെടുത്തിയിട്ടുമില്ല. എന്തെങ്കിലും പുതിയ വിഷയമുള്ളതായി ശ്രീ. വി. ടി. ബൽറാമും എന്നോട് പറഞ്ഞിട്ടില്ല. ഒരു നോട്ടീസ് അവിടെ കൊണ്ടുവന്ന് തന്നിട്ടുപോയി. ശ്രീ. വി. ടി. ബൽറാമിന് പുതിയതായി എന്തെങ്കിലും പറയാനുണ്ടെങ്കിൽ എന്റെയടുത്ത് പറയാമായിരുന്നു. ഒന്നും പറഞ്ഞിട്ടില്ല...... (ബഹളം)...... ദയവായി നിങ്ങൾ സഹകരിക്കണം. പഴയ കാര്യങ്ങൾ വേണമെങ്കിൽ വേറെ പരിശോധിക്കാം. ഇതിലെന്തെങ്കിലും വ്യക്തത വരുത്താനുണ്ടെങ്കിൽ ശൂന്യവേളയിൽ അദ്ദേഹത്തിന് ഇത് ഉന്നയിക്കാൻ അവസരം കൊടുക്കാം. അടിയന്തരപ്രമേയം അനുവദിക്കാൻ നിർവ്വാഹമില്ല. ദയവായി സഹകരിക്കണം. അടുത്ത അജണ്ടയിലേക്ക് കടക്കുകയാണ്.

(യു.ഡി.എഫ്. അംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്നു.)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) റോഡ് വികസനം

ശ്രീ. ആർ. രാമചന്ദ്രൻ: സർ, ഗതാഗതത്തിരക്കും അപകടവുംകൊണ്ട് വീർപ്പുമുട്ടുന്ന സംസ്ഥാനത്തെ പൊതുനിരത്തുകളിൽ പ്രഥമ സ്ഥാനത്തുവരുന്ന ദേശീയപാത 66-ന്റെ വികസനത്തിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ സാധാരണ ജനങ്ങൾക്ക് വലിയ പ്രതീക്ഷയാണ് നൽകുന്നത്. അങ്ങയുടെ ആത്മാർത്ഥമായ ഇടപെടലുകൾക്ക് എന്റെ ഹൃദയം നിറഞ്ഞ അഭിവാദ്യങ്ങൾ അർപ്പിക്കുന്നു. കേരളത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്ക് അത്യന്താപേക്ഷിതമായ ദേശീയപാത, 45 മീറ്റർ വീതിയിൽ ആറ് വരിയായി വികസിപ്പിക്കുന്ന നടപടികൾ ആരംഭിച്ചുകഴിഞ്ഞു. അതിന് സ്ഥലം അളന്ന് തിട്ടപ്പെടുത്തി അതിർത്തി കല്ലുകൾ സ്ഥാപിച്ചു. വടക്കൻ പറവൂർ മുതൽ കഴക്കൂട്ടം വരെ വിവിധ റീച്ചുകളിലായി 1111 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതായി പത്രവാർത്തകളിലൂടെ അറിയുന്നു. കൊല്ലം ജില്ലയിൽ മാത്രം 86 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുന്നത്. ഇപ്പോൾ ദേശീയപാതയ്ക്ക് ഇരുവശത്തുമായി താമസിക്കുന്ന പതിനായിരക്കണക്കിന് ചെറുകിട നാമമാത്ര ഭൂവുടമകളിൽ നിന്നാണ് ഭൂമി ഏറ്റെടുക്കുന്നത്. ഇതിൽ പലരും സ്വന്തം ഭൂമിയിൽ ചെറിയ

വാണിജ്യ-വ്യാപാരസ്ഥാപനങ്ങൾ നടത്തി ജീവിക്കുന്നവരാണ്. ആകെയുള്ള കിടപ്പാടത്തിന്റെ വലിയ ഭാഗം നഷ്ടപ്പെട്ട് പ്രതിസന്ധിയിലാകുന്നവരും ഇതിൽ ഉൾപ്പെടുന്നു. ഇത്തരത്തിൽ ചെറുകിട നാമമാത്ര ഭൂവുടമകളിൽനിന്ന് ഭൂമി ഏറ്റെടുക്കുമ്പോൾ അവശേഷിക്കുന്ന ചെറിയ അളവ് ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നിലവിലെ ചട്ടങ്ങൾ പ്രകാരം കഴിയാതെ വരുന്നു. ഇത് ദേശീയപാതയോരങ്ങളിൽ താമസിക്കുന്നവരിൽ ആശങ്ക സൃഷ്ടിച്ചിരിക്കുകയാണ്. ഇത്തരത്തിൽ കഷ്ടനഷ്ടങ്ങൾ നേരിടുന്നവരുടെ ആശങ്ക പരിഹരിക്കുന്നതിന് ദേശീയപാതാ വികസനത്തിനായി ഭൂമി വിട്ടുനൽകുന്നവരുടെ ബാക്കി വരുന്ന ചെറിയ അളവ് ഭൂമികൂടി ഏറ്റെടുക്കുകയോ ചട്ടങ്ങളിൽ ഇളവ് അനുവദിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുകയോ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

(യു.ഡി.എഫ്. അംഗങ്ങൾ അവരവരുടെ സീറ്റുകളിൽ ഉപവിഷ്ടരായി.)

## അടിയന്തരപ്രമേയ നോട്ടീസ് (തുടർച്ച)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങയുടെ തീരുമാനം ദൗർഭാഗ്യകരമായിപ്പോയി. അങ്ങയോടുള്ള എല്ലാ ബഹുമാനത്തോടെയും ഞാൻ പറയാം; കഴിഞ്ഞ നിയമസഭയിൽ പ്രതിപക്ഷം ഒരേ വിഷയം സംബന്ധിച്ച് ഒരു ഡസൻ തവണ അടിയന്തരപ്രമേയം അവതരിപ്പിച്ചതിന്റെ ലിസ്റ്റ് എന്റെ കയ്യിലുണ്ട്. ഈ ലിസ്റ്റ് വേണമെങ്കിൽ ഞാൻ അങ്ങേയ്ക്ക് തരാം. ഇന്ന് കേരളം മുഴുവൻ ശ്രദ്ധിക്കുന്ന വിഷയമാണിത്. ജനങ്ങൾക്ക് ഏറ്റവും കൂടുതൽ ആശങ്കയുള്ള ഒരു വിഷയമാണ്. ഏതായാലും അങ്ങ് ഇത് അനുവദിക്കാത്തതിൽ ഞങ്ങൾക്ക് ശക്തമായ പ്രതിഷേധമുണ്ട്. ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ സഭവിട്ട് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരികെ പ്രവേശിക്കുകയും ചെയ്തു.)

## ശ്രദ്ധ ക്ഷണിക്കൽ (തുടർച്ച)

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഭൂമി ഏറ്റെടുക്കുമ്പോൾ പ്രസ്തുത ഭൂമിയുടെ സ്ഥലവിലയായി തൊട്ടുമുമ്പുള്ള സമാന ആധാരങ്ങളിൽ കാണിച്ചിരിക്കുന്ന ലാന്റ് വാല്യൂവിന്റെ കൂടെ അതിന്റെ മൾട്ടിഫിക്കേഷൻ ഫാക്ടർ അർബൻ പ്രദേശത്ത് 1-ഉം ഗ്രാമപ്രദേശത്ത് ഓരോ പത്ത് കിലോമീറ്റർ ഇടവിട്ട് 1.2, 1.4 എന്നിങ്ങനെ വർദ്ധിപ്പിച്ച തോതിൽ ഗുണിച്ച് കിട്ടുന്ന വിലയോടൊപ്പം 100 ശതമാനം സൊലേഷ്യവും 12 ശതമാനം പലിശയും

ഉൾപ്പെടെ 4 (1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്ന തീയതി മുതൽ അവാർഡ് പാസ്സാക്കുന്ന തീയതി വരെയുള്ള തുക കോമ്പൻസേഷനായി നൽകുന്നുണ്ട്. കൂടാതെ വീട് നഷ്ടപ്പെടുന്നവർക്ക് പകരം മൂന്ന് സെന്റ് സ്ഥലവും വീട് വയ്ക്കുന്നതിനുള്ള സഹായവും ഷിഫ്റ്റിംഗ് അലവൻസും പൂർണ്ണമായും വീട് നഷ്ടപ്പെടുന്നവർക്ക് വാടകയിനത്തിൽ 5000 രൂപ വീതവും ആറ് മാസക്കാലത്തേയ്ക്ക് നൽകുന്നുണ്ട്. ദേശീയപാതാ വികസനത്തിന്റെ ഭാഗമായി ചെറുകിട ഭൂവുടമകളിൽനിന്ന് ഭൂമിയേറ്റെടുക്കുമ്പോൾ അവശേഷിക്കുന്ന ഭൂമി ഭൂവുടമകൾക്ക് ഉപയോഗ പ്രദമായില്ലെങ്കിൽ പ്രസ്തുത വസ്തുകൂടി ഏറ്റെടുക്കാൻ വ്യവസ്ഥയില്ലെന്ന് 14-3-2018-ലെ എൻ.എച്ച്.എ.യുടെ ഉത്തരവുപ്രകാരം ദേശീയപാതാ അതോറിറ്റി അറിയിച്ചിട്ടുണ്ട്. എന്നിരുന്നാലും അപ്രകാരമുള്ള ഏറ്റെടുക്കൽകാരണം സങ്കടം അനുഭവിക്കുന്ന ഭൂവുടമകൾ ആർബിട്രേറ്ററെ സമീപിക്കുന്നപക്ഷം അർത്ഥനാധികാരിയായ ദേശീയപാതാ അതോറിറ്റിയുമായി കൂടിയാലോചിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. സംസ്ഥാനപാതാ വികസനത്തിന്റെ ഭാഗമായി ചെറുകിട ഭൂവുടമകളിൽനിന്ന് ഭൂമിയേറ്റെടുക്കുമ്പോൾ അവശേഷിക്കുന്ന ഭൂമി ഏറ്റെടുക്കണമെന്ന് ഭൂവുടമകൾ ആവശ്യപ്പെടുന്നപക്ഷം അർത്ഥനാധികാരിയുടെ അഭിപ്രായം ആരാഞ്ഞശേഷം റിക്വസിഷനും ബന്ധപ്പെട്ട സർക്കാർ ഉത്തരവും ലഭ്യമാക്കി ഭൂമി ഏറ്റെടുക്കുന്നുണ്ട്.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, ഭൂമി ഏറ്റെടുക്കാൻ കഴിയുന്നില്ലെങ്കിൽ പ്രസ്തുത പ്രദേശത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നിലവിലുള്ള വ്യവസ്ഥകളിൽ ഇളവ് അനുവദിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, നിർമ്മാണ പ്രവർത്തനത്തിന് നിലവിലുള്ള വ്യവസ്ഥകളിൽ ഇളവ് അനുവദിക്കുക എന്നത് റവന്യൂ വകുപ്പിന് മാത്രം തീരുമാനിക്കാൻ കഴിയുന്ന കാര്യമല്ല. അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആലോചിക്കാം.

(2) ഭവനരഹിതരായ വിധവകളെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തൽ

ശ്രീ. അൻവർ സാദത്ത്: സർ, കേരളത്തിലെ വിധവകൾക്ക് വീട് ലഭ്യമാക്കുന്നത് സംബന്ധിച്ചാണ് എനിക്ക് സഭയുടെ ശ്രദ്ധ ക്ഷണിക്കാനുള്ളത്. സ്വന്തമായി സ്ഥലമുണ്ടായിട്ടും വീട് വയ്ക്കാൻ പ്രയാസപ്പെടുന്ന ധാരാളം വിധവകൾ കേരളത്തിലുണ്ട്. ലൈഫ് മിഷൻ പദ്ധതിയുൾപ്പെടെ പല പദ്ധതികളും കേരളത്തിലുണ്ട്. അത്തരം പദ്ധതികളുണ്ടെങ്കിൽത്തന്നെയും അർഹതപ്പെട്ട വിധവകൾക്ക് പ്രസ്തുത പദ്ധതിയിൽനിന്നും പെട്ടെന്ന് വീട് ലഭ്യമാക്കാനുള്ള സാഹചര്യമുണ്ടാകുന്നില്ല. ലൈഫ് മിഷൻ പദ്ധതിപ്രകാരം നാല് ലക്ഷം രൂപയാണ്

കൊടുക്കുന്നത്. വിധവകളായ സഹോദരിമാർക്ക് അനുവദിച്ച പല വീടുകളും സാമ്പത്തികപ്രശ്നമുള്ളതുകൊണ്ട് സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. സർവ്വീസ് സഹകരണ ബാങ്ക് ഉൾപ്പെടെയുള്ള പല ബാങ്കുകളും ലോൺ കൊടുക്കാൻ തയ്യാറാണ്. പക്ഷേ, ലോൺ എടുത്തുകഴിഞ്ഞാൽ അത് തിരിച്ചടയ്ക്കാനുള്ള ഉത്തരവാദിത്വം അവർക്കുണ്ട്. വിധവകളായ സഹോദരിമാർക്ക് വീട്ടുചെലവും മക്കളുടെ വിദ്യാഭ്യാസ ചെലവുമെല്ലാം കഴിഞ്ഞശേഷം ലോൺ തിരിച്ചടയ്ക്കാൻ കഴിയാത്ത അവസ്ഥ വരുമ്പോൾ സ്വാഭാവികമായും ബാങ്കുകൾ അവരുടെ നിയമമനുസരിച്ച് ജപ്തി നടപടികളിലേക്ക് പോകുന്ന സാഹചര്യമുണ്ടാകും. അപ്പോൾ ആ കുടുംബം പലരീതിയിലും അപകടത്തിലേക്ക് പോകുന്ന സാഹചര്യം പത്ര-ദൃശ്യ-മാധ്യമങ്ങളിലൂടെ കാണാറുണ്ട്. അതുകൊണ്ട് ലോൺ എടുത്ത തുക തിരിച്ചടയ്ക്കാൻ കഴിയാതെ വീട് ജപ്തി ചെയ്യുമെന്ന് ഭയപ്പെടുന്നതുമൂലം സ്വാഭാവികമായും ഇവർ ലോൺ എടുക്കാൻ വൈമനസ്യം കാണിക്കുകയാണ്. അങ്ങനെവരുമ്പോൾ വീട് നിർമ്മിക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകും. അതുകൊണ്ട് വിധവകൾക്ക് മാത്രമായി വീട് നിർമ്മിച്ച് നൽകുന്ന പദ്ധതി ഗവൺമെന്റ് കൊണ്ടുവരേണ്ടത് ഇന്നത്തെ കാലഘട്ടത്തിനനുസൃതമായ ആവശ്യമാണ്. ഒരു സഹോദരിയുടെ ഭർത്താവ് അപകടത്തിലോ പെട്ടെന്നുണ്ടാകുന്ന അസുഖംമൂലമോ മരണപ്പെടുമ്പോൾ അവരുടെ താങ്ങുംതണലും ഇല്ലാതാകുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. ആ താങ്ങുംതണലും ഇല്ലാതാകുമ്പോൾ സ്വാഭാവികമായും ഗ്രാമസഭകളിലോ മറ്റുള്ള ഗവൺമെന്റ് സംവിധാനങ്ങളിലോ മുൻഗണന കിട്ടാത്ത സാഹചര്യം വരും. ഇവർ സാധാരണയായി വാടകവീടുകളിലാണ് താമസിക്കുന്നത്. ഒരു വർഷം കഴിയുമ്പോൾ വാടക കൂട്ടി ചോദിക്കുന്ന സാഹചര്യമുണ്ടാകും. അത്തരത്തിൽ വാടക കൂട്ടി ചോദിക്കുമ്പോൾ വാടക കുറഞ്ഞ അടുത്ത മേഖലയിലേക്ക് മാറുകയാണ്. ഒരുപക്ഷേ, അവർക്ക് പരിചയമില്ലാത്ത, സുരക്ഷിതമല്ലാത്ത ഒരു സ്ഥലത്താണ് ചെല്ലുന്നത്. പാവപ്പെട്ട വിധവകൾ തന്റെ പെൺമക്കളെയുംകൊണ്ട് ഒരു രാത്രി എത്രമാത്രം പ്രയാസപ്പെട്ടാണ് അന്തിയുറങ്ങുന്നതെന്നത് നമുക്കെല്ലാവർക്കുമറിയാം. അങ്ങനെയുള്ളവർക്ക് വേണ്ടിയാണ് ഒരു പദ്ധതി കൊണ്ടുവരണമെന്ന് പറയുന്നത്. പാവപ്പെട്ട വിധവകൾക്ക് വീട് വച്ചുകൊടുക്കുന്ന അമ്മക്കിളിക്കൂട് പദ്ധതി എന്റെ മണ്ഡലത്തിൽ നടപ്പാക്കി. പ്രസ്തുത പദ്ധതിപ്രകാരം 37 വീടുകൾക്ക് കല്ലിടുകയും 33-ഓളം വീടുകളുടെ താക്കോൽദാനം നിർവ്വഹിക്കുകയും ചെയ്തു. എന്റെ മണ്ഡലത്തിനകത്തും പുറത്തുമുള്ള സുമനസ്സുകളുടെ സഹായത്തോടെയാണ് അമ്മക്കിളിക്കൂട് എന്ന പദ്ധതി കൊണ്ടുവരാനുള്ള സാഹചര്യമുണ്ടായത്. 37 പേരുടെ വീടുകൾക്ക് കല്ലിട്ടതിൽ ആർക്കും ലൈഫ് മിഷനിൽനിന്നും മറ്റും

സഹായങ്ങൾ ലഭിക്കാത്ത സാഹചര്യത്തിലാണ് എനിക്ക് അപേക്ഷ തന്നത്. സർക്കാർ ധാരാളം ഭവനപദ്ധതികൾ ആരംഭിക്കുന്നുണ്ട്. അതോടൊപ്പം സ്വന്തമായി സ്ഥലം ഉണ്ടായിട്ടും വീടില്ലാത്ത പാവപ്പെട്ട വിധവകൾക്കുവേണ്ടി പുതിയ പദ്ധതി സർക്കാരിന്റെ ഭാഗത്തുനിന്ന് കൊണ്ടുവരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കേരളത്തിലെ അർഹരായ ഭവനരഹിതർക്ക് വാസയോഗ്യമായ ഭവനം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ലൈഫ് മിഷൻ ഭവനപദ്ധതി. 31-7-2017-ലെ സർക്കാർ ഉത്തരവുപ്രകാരം അംഗീകരിച്ച ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന മാനദണ്ഡങ്ങൾ താഴെപ്പറയുന്നവയാണ്.

1. ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒറ്റ കുടുംബമായി പരിഗണിച്ച് ഒരു ഭവനത്തിന് മാത്രമായി പരിഗണിക്കേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗ, മത്സ്യ ത്തൊഴിലാളി കുടുംബങ്ങൾക്ക് ഇത് ബാധകമല്ല;
2. ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലേറെയോ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്. പട്ടികജാതി/ പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി വിഭാഗത്തിലുള്ള കുടുംബങ്ങൾക്ക് ഈ നിബന്ധന ബാധകമല്ല;
3. വാർഷികവരുമാനം 3 ലക്ഷത്തിൽ കൂടുതലുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്;
4. സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്ഥിര ജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽനിന്ന് പെൻഷൻ കൈപ്പറ്റുന്നവരായ അംഗങ്ങളുള്ള കുടുംബങ്ങളെയോ ഒഴിവാക്കേണ്ടതാണ്.
5. ഉപജീവനത്തൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാത്ത നാലുചക്ര വാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.
6. അവകാശികൾക്ക് വസ്തു ഭാഗംചെയ്ത സാഹചര്യത്തിൽ സ്വന്തം പേരിൽ സാങ്കേതികമായി ഭൂമിയില്ലെന്ന കാരണത്താൽ ഭൂരഹിതരായവർ ഒഴിവാക്കപ്പെടേണ്ടതാണ്.

മേൽ മാനദണ്ഡപ്രകാരം അർഹരായവരെയാണ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പട്ടികയിൽ താഴെപ്പറയുന്ന ക്ലേശഘടകങ്ങളെ അടിസ്ഥാനമാക്കിയുള്ള മുൻഗണനാക്രമത്തിലാണ് വീട് നൽകുന്നത്. അതിൽ വിധവകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

1. മാനസികവെല്ലുവിളി നേരിടുന്നവരോ, അന്ധരോ, ശാരീരികതളർച്ച ബാധിച്ചവരായ അംഗങ്ങളോ ഉള്ള കുടുംബങ്ങൾ;
2. അഗതികൾ;
3. 40 ശതമാനത്തിലേറെ അംഗവൈകല്യമുള്ളവരുടെ കുടുംബങ്ങൾ;
4. ഭിന്നലിംഗക്കാർ;
5. ഗുരുതരമാരക രോഗമുള്ള കുടുംബങ്ങൾ;
6. അവിവാഹിതരായ അമ്മമാർ കുടുംബനാഥയായ കുടുംബങ്ങൾ;
7. രോഗമോ അപകടമോ കാരണം തൊഴിലെടുത്ത് ജീവിക്കാനാവാത്ത കുടുംബനാഥനുള്ള കുടുംബങ്ങൾ.
8. വിധവയായ കുടുംബനാഥയും സ്ഥിരം വരുമാനമില്ലാത്ത അംഗങ്ങളുമുള്ള കുടുംബങ്ങൾ;
9. എച്ച്.ഐ.വി. ബാധിതരായ അംഗങ്ങളുള്ള കുടുംബങ്ങൾ

ലൈഫ് മിഷൻ മാനദണ്ഡമനുസരിച്ച് ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിൽ വിധവാ ക്ലേശത്തിന്റെ അടിസ്ഥാനഘടകത്തിൽ 13143 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുള്ളതിൽ 8391 പേർ അർഹരായിട്ടുണ്ട്. ഇവർക്ക് മുൻഗണന നൽകി ഭവന പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നുണ്ട്. ഭർത്താവ് മരണപ്പെട്ടതിനുശേഷം മാതാപിതാക്കളുടെയോ സഹോദരങ്ങളുടെയോ സംരക്ഷണത്തിൽ കഴിയുന്ന വിധവകൾ, മാതാപിതാക്കളോ സഹോദരങ്ങളോ ഉൾപ്പെട്ടിട്ടുള്ള റേഷൻ കാർഡിൽ ആയതിനാലും പ്രത്യേക റേഷൻ കാർഡ് എടുക്കാത്തതിനാലും ലൈഫ് മാനദണ്ഡപ്രകാരം ആനുകൂല്യം നൽകാൻ സാധിക്കുന്നതല്ല. വിവിധ പദ്ധതികളെ ഏകോപിപ്പിച്ചാണ് ലൈഫ് പദ്ധതി ആരംഭിച്ചത്. അതിൽ ക്ലേശഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി വ്യത്യസ്ത വിഭാഗത്തിലുള്ളവരെ ഉൾപ്പെടുത്താനാണ് തീരുമാനിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി വിധവകളെക്കൂടി ഉൾപ്പെടുത്തുകയാണ്. അതുകൊണ്ട് പ്രത്യേക പദ്ധതി ഇപ്പോൾ ആലോചിക്കാൻ കഴിയില്ല.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ലൈഫ് മിഷൻ പദ്ധതിയിൽ വിധവകൾക്ക് മുൻഗണന കൊടുക്കുന്നുവെന്നത് ഞാൻ സമ്മതിക്കുന്നു. എന്റെ മണ്ഡലത്തിൽ 65 അപേക്ഷ ലഭിച്ചതിൽ 33 പേർക്കാണ് വീട് നിർമ്മിച്ച് നൽകാൻ സാധിച്ചിട്ടുള്ളത്. സുരക്ഷിതമായ ഭവനമില്ലാത്തതുകൊണ്ടാണ് ജിഷ എന്ന സഹോദരി കൊല ചെയ്യപ്പെടാനുണ്ടായ സാഹചര്യമുണ്ടായത്. അതുപോലെ സുരക്ഷിതമായ ഭവനമില്ലാത്ത പാവപ്പെട്ട, ആരുമില്ലാത്ത, സാധാരണക്കാരായ, ലോൺ എടുക്കാൻപോലും ഭയപ്പെടുന്നവരാണ് തന്റെ പെൺമക്കളെയുംകൊണ്ട് ഒരു രാത്രി ഭയപ്പെട്ട് പരിചയമില്ലാത്ത സ്ഥലത്തുപോയി വാടകയ്ക്ക് താമസിച്ച് പ്രയാസപ്പെടുന്നത്. അവരെ സംരക്ഷിക്കാനും സുരക്ഷിതമായി താമസിപ്പിക്കാനുമുള്ള ഉത്തരവാദിത്വം സർക്കാരിൽ നിക്ഷിപ്തമാണ്. സർക്കാർ ചെയ്യുന്ന പ്രവർത്തനത്തെ അംഗീകരിക്കുന്നു. അതോടൊപ്പം ആ വാശിയിൽനിന്നും മാറി, വിധവകൾക്ക് മുൻഗണന ലഭിക്കുന്ന പുതിയ പദ്ധതി കൊണ്ടുവന്ന് അവരെ സംരക്ഷിക്കുവാൻ തയ്യാറാകണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഭവനരഹിതരായ എല്ലാവർക്കും വീട് നൽകണമെന്നുള്ളതുകൊണ്ടാണ് സർക്കാർ സമഗ്രമായൊരു പദ്ധതിയുണ്ടാക്കിയത്. എല്ലാ വിഭാഗങ്ങളിലും ഉൾപ്പെട്ട ദുർബലരായവരെ ഈ പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ലൈഫ് മിഷന്റെ ഒന്നാംഘട്ട പദ്ധതിയിൽ ഒരുകാലത്തും പണി തീരുകയില്ലെന്ന് വിചാരിച്ചിരുന്ന അമ്പത്തിമൂവായിരത്തിലധികം വീടുകളുടെ പണി പൂർത്തിയായത് അതിന്റെ ഭാഗമായാണ്. രണ്ടാംഘട്ട പദ്ധതിയിൽ 97336 ആളുകളിൽ 48955 ആളുകൾ വീടിന്റെ പണി പൂർത്തീകരിച്ചുകഴിഞ്ഞു. ബാക്കിയുള്ളവരുടേത് ഡിസംബർ മാസത്തോടെ പൂർത്തീകരിക്കുകയാണ്. ലൈഫ്, പി.എം.എ.വൈ. എന്നീ പദ്ധതികൾ പ്രകാരം നഗരങ്ങളിൽ 25702 വീടുകൾ ഇപ്പോൾ പൂർത്തീകരിച്ചിട്ടുണ്ട്. അതുപോലെ പി.എം.എ.വൈ. റൂറലിൽ 16216 വീടുകൾക്ക് 4 ലക്ഷം രൂപ വീതം കൊടുത്തിട്ടുണ്ട്. കേന്ദ്രഗവൺമെന്റ് നൽകുന്നത് ഒന്നര ലക്ഷം രൂപ മാത്രമാണ്. മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ഇത് ചെയ്യാനാവുക. വിധവകളുൾപ്പെടുന്ന സമൂഹത്തിലെ ദുർബലരായ എല്ലാവർക്കും വീട് കൊടുക്കണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിൽ വാശിയുടെ പ്രശ്നമൊന്നുമില്ല. ഭൂരഹിത-ഭവനരഹിതരായവർക്കുവേണ്ടിയുള്ള മൂന്നാംഘട്ട പദ്ധതി തുടങ്ങുകയാണ്. ഒരു ഫ്ലാറ്റിന്റെ വർക്ക് പൂർത്തീകരിച്ച് വിതരണം ചെയ്തുകഴിഞ്ഞു. 14 ജില്ലകളിലും സർക്കാരും സഹകരണ വകുപ്പും നടപ്പാക്കുന്ന പദ്ധതികൾ ഇതിന്റെ ഭാഗമായി ആരംഭിച്ചിരിക്കുകയാണ്. വിധവകളുൾപ്പെടുന്ന എല്ലാ വിഭാഗങ്ങൾക്കും വീട് ലഭ്യമാക്കാനുള്ള നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്.

# IV സബ്മിഷൻ

## (1) സൗജന്യ മരുന്നുവിതരണം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ജനിതക വൈകല്യം കാരണമുണ്ടാകുന്ന രോഗമാണ് ഹീമോഫീലിയ. രക്തം കട്ടപിടിക്കാൻ സഹായിക്കുന്ന പ്രോട്ടീനുകളായ ഫാക്ടർ VIII-ന്റെയോ ഫാക്ടർ IX-ന്റെയോ അഭാവംമൂലമാണ് ഈ അസുഖമുണ്ടാകുന്നത്. രക്തം കട്ടപിടിക്കാതിരിക്കുന്ന അവസ്ഥയാണിത്. നാളിതുവരെയായി ഹീമോഫീലിയ രോഗികൾക്ക് കാരുണ്യ ബെനവലന്റ് സ്കീമിൽനിന്ന് സൗജന്യമായി മരുന്ന് ലഭിച്ചുകൊണ്ടിരുന്നു. എന്നാൽ 2020 മാർച്ചിനുശേഷം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള സൗജന്യ മരുന്നുവിതരണം നിർത്തലാക്കാൻ സർക്കാർ തീരുമാനിച്ചുവെന്ന് അറിയുന്നു. സംസ്ഥാനത്ത് ഏകദേശം ആയിരത്തി അറുന്നൂറോളം ഹീമോഫീലിയ രോഗികളുണ്ട്. ഹീമോഫീലിയ രോഗബാധിതനായി ഒരാൾ ജനിച്ചാൽ മരണംവരെ രോഗബാധിതനായിരിക്കും. ജീവിതകാലം മുഴുവൻ മരുന്ന് കഴിക്കേണ്ട അവസ്ഥയുമുണ്ടാകും. സ്വമേധയാ ആന്തരിക രക്തസ്രാവമുണ്ടാകുന്ന അസുഖമാണിത്. കൃത്യമായി മരുന്ന് കഴിക്കാത്തതിനാൽ ആന്തരികവും ബാഹ്യവുമായ രക്തസ്രാവമുണ്ടാകുകയും മണിക്കൂറുകൾക്കുള്ളിൽ രോഗി മരിക്കുന്ന അവസ്ഥയുണ്ടാകുകയും ചെയ്യുന്നു. ഹീമോഫീലിയയ്ക്കുള്ള ഒരേയൊരു ചികിത്സ രക്തത്തിൽ കുറവുള്ള ഫാക്ടർ ശരീരത്തിൽ കുത്തിവയ്ക്കുക എന്നുള്ളതാണ്. എന്നാൽ ഇത്തരം കുത്തിവയ്പുകൾക്ക് വലിയ തുകയാണ് രോഗികൾക്ക് ചെലവഴിക്കേണ്ടിവരുന്നത്. അതുകൊണ്ടാണ് കാരുണ്യ ബെനവലന്റ് സ്കീമിൽ ഉൾപ്പെടുത്തി കഴിഞ്ഞ ഗവൺമെന്റ് സൗജന്യമായി ഈ മരുന്ന് നൽകാൻ തീരുമാനിച്ചത്. ഇത് നിർത്തലാക്കാൻ തീരുമാനിച്ചതുമൂലം ഹീമോഫീലിയ രോഗികൾ വളരെ ആശങ്കയിലാണ്. കഴിഞ്ഞ ദിവസം അവർ എന്നെവന്ന് കണ്ടിരുന്നു. അവരുടെ ആശങ്ക പരിഹരിക്കണം. സൗജന്യമായി അവർക്ക് മരുന്ന് നൽകാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ആരോഗ്യ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണിത്. ഹീമോഫീലിയ രോഗികൾക്കാവശ്യമായ ഫാക്ടറുകൾ സൗജന്യമായി കൊടുത്തുവരികയാണ്. സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളായ ആർ.എസ്.ബി.വൈ., ചിസ്, ചിസ് പ്ലസ് എന്നിവ കാരുണ്യ പദ്ധതിയുമായി യോജിപ്പിച്ച് കാരുണ്യ ആരോഗ്യ

സുരക്ഷാ പദ്ധതി (KASP) നടപ്പിലാക്കിയ സാഹചര്യത്തിൽ Karunya Benevolent Fund (KBF)-ന്റെ പ്രവർത്തനം 27-6-2019-ലെ ഉത്തരവുപ്രകാരം അവസാനിപ്പിച്ചിരുന്നു. എന്നാൽ കാരുണ്യ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുമായിരുന്ന ഹീമോഫീലിയ രോഗികൾ KASP പാക്കേജിൽ ഉൾപ്പെട്ടിട്ടില്ല. ഹീമോഫീലിയ രോഗികൾ ഈ രോഗംമൂലം അനുഭവിക്കുന്ന കഷ്ടതകളും രോഗചികിത്സയ്ക്കായി വേണ്ടിവരുന്ന ഭാരിച്ച ചെലവുംകാരണം അവർ അഭിമുഖീകരിക്കുന്ന പ്രയാസങ്ങൾ സർക്കാർ മനസ്സിലാക്കുകയും ഈ വിഷയം ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് 6-8-2019-ലെ സർക്കാർ ഉത്തരവുപ്രകാരം KBF പദ്ധതിയിൽ ഗുണഭോക്താക്കളായിരുന്ന മുഴുവൻ ഹീമോഫീലിയ രോഗികൾക്കും 31-3-2020 വരെ നിലവിലെ സ്ഥിതിയിൽ പൂർണ്ണമായും ചികിത്സാ ആനുകൂല്യം തുടരാൻ ഉത്തരവായി. 1-7-2019-നുശേഷം പുതുതായി രജിസ്റ്റർ ചെയ്ത രോഗികൾക്ക് ആരോഗ്യ വകുപ്പിന്റെ പ്രത്യേക ഉത്തരവുപ്രകാരം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയായ ചിയാക് 2020 മാർച്ച് 31 വരെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി സൗജന്യ മരുന്നുവിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 1-7-2019-നുശേഷം പുതുതായി ലഭിച്ച ആറ് അപേക്ഷകൾ ചിയാക് സ്വീകരിക്കുകയും 5,22,845 രൂപ വിവിധ ആശുപത്രികളിലേക്ക് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള സ്ഥിതിവിവരകണക്കുകൾ പ്രകാരം കെ.ബി.എഫ്. പദ്ധതിയിലുൾപ്പെടുത്തി ഹീമോഫീലിയ ചികിത്സയെടുക്കുന്ന രോഗികളുടെ എണ്ണം 1058 ആണ്. നാളിതുവരെ 107 കോടി രൂപയുടെ ഫാക്ടറുകൾ വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഈ രോഗികൾക്ക് സൗജന്യമായി ഈ ഫാക്ടറുകൾ വിതരണം ചെയ്യാൻ പ്രതിമാസം 2.75 കോടി രൂപയാണ് ആവശ്യമായി വരുന്നത്. നിലവിൽ KBF പദ്ധതിയിലുൾപ്പെടുത്തി ഹീമോഫീലിയ ചികിത്സ സ്വീകരിക്കുന്ന ഗുണഭോക്താക്കൾക്ക് പ്രതിമാസം ശരാശരി 4502 യൂണിറ്റ് ഫാക്ടർ VIII-ഉം 463 യൂണിറ്റ് ഫാക്ടർ IX-ഉം 680 യൂണിറ്റ് FEIBA-യുമാണ് ആവശ്യമായി വരുന്നത്. തുടർച്ചയായുള്ള മരുന്ന് ലഭ്യത ഉറപ്പാക്കാൻ പ്രതിമാസം വേണ്ടിവരുന്ന അളവിന് ആനുപാതികമായുള്ള ഫാക്ടറുകളുടെ കരുതൽ ശേഖരമുണ്ടാക്കി സൂക്ഷിക്കുന്ന രീതിയാണ് അവലംബിച്ചു വരുന്നത്. വിവിധയിനം ഹീമോഫീലിയ രോഗങ്ങളുടെ ചികിത്സാർത്ഥം കാരുണ്യ ഔട്ട്ലെറ്റുകളിൽ ഇപ്പോൾ ശേഖരിച്ചിട്ടുള്ള ഫാക്ടറുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ഫാക്ടർ VIII | - | 12425 യൂണിറ്റ് |
| ഫാക്ടർ VII | - | 185 യൂണിറ്റ് |
| FEIBA | - | 1451 യൂണിറ്റ് |
| ഫാക്ടർ IX | - | 2700 യൂണിറ്റ് |

ഇത് മതിയായ കരുതൽ ശേഖരമാണ്. തുടർച്ചയായി ചികിത്സയെടുത്താലും മറ്റ് രോഗാവസ്ഥകളിൽനിന്ന് വ്യത്യസ്തമായി വളരെ പെട്ടെന്ന് തലച്ചോറിൽ രക്തസ്രാവമുണ്ടായി അടിയന്തര സാഹചര്യം വന്നുചേരാറുണ്ട്. അപ്പോൾ കൂടുതൽ ഫാക്ടറുകളും ആവശ്യമായി വരും. ശീതീകരണികളിൽ അത്യധികം ശ്രദ്ധയോടെയാണ് ഫാക്ടർ സൂക്ഷിക്കുന്നത്. അതിനൊരു കാലാവധിയുണ്ട്. അപൂർവ്വം ചില ഘട്ടങ്ങളിൽ ഫാക്ടറിന് ക്ഷാമമുണ്ടാകാറുണ്ട്. അങ്ങനെ വരുന്ന ഘട്ടത്തിൽ അടിയന്തരമായി ഇടപെട്ട് മരുന്നിന്റെ ലഭ്യത കാരുണ്യ ഔട്ട്ലെറ്റുകളിൽ ഉറപ്പുവരുത്തുകയാണ് ചെയ്യുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ കുറച്ചുനാളത്തേക്ക് ഈ ഫാക്ടറുകളുടെ സ്റ്റോക്കിൽ കുറവുവന്നതായ ഭീതിയുണ്ടായിരുന്നു. അത് പുനഃസ്ഥാപിച്ച് കൊടുക്കാൻ തുടങ്ങിയിട്ടുണ്ട്. ഇപ്പോൾ കൃത്യമായും അത് കൊടുത്തുവരുന്നുണ്ട്. 2020-നുശേഷം ഹീമോഫീലിയ രോഗികൾക്ക് സൗജന്യ ചികിത്സ നൽകുന്നതിനായി വിശദമായ ചികിത്സാ പ്രോട്ടോകോൾ തയ്യാറാക്കുന്നതിന് പ്രത്യേക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ശ്രീ. രത്തൻ ഖേൽക്കർ, ഐ.എ.എസ്.-ന്റെ നേതൃത്വത്തിൽ അതിനാവശ്യമായ പ്രത്യേക സ്കീം തയ്യാറാക്കി വരികയാണ്.

<u>മി. സ്പീക്കർ</u> : സബ്മിഷനിൽ ചർച്ചയില്ലെന്ന് അറിയില്ലേ?

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഈ മരുന്നിന്റെ സ്റ്റോക്കില്ല. മരുന്നുണ്ടെങ്കിൽ മാത്രമേ രോഗികൾക്ക് സമീപത്തെ ആശുപത്രിയിൽ പോയി ചികിത്സ നേടാൻ കഴിയുകയുള്ളൂ. കാരുണ്യ ഔട്ട്ലെറ്റുകളിൽ ഈ മരുന്ന് സ്റ്റോക്ക് ചെയ്യാനുള്ള സൗകര്യം അടിയന്തരമായി ലഭ്യമാക്കണം.

<u>മി. സ്പീക്കർ</u>: അത് നിർബന്ധമായുമുണ്ടാകണം.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : സർ, സ്റ്റോക്ക് ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, കഴിഞ്ഞ മാസം ഇക്കാര്യം ഞാൻ സംസാരിച്ചതാണ്. സ്റ്റോക്കുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞാലും പലയിടത്തും സ്റ്റോക്കില്ലെന്നാണ് അറിയുന്നത്. അതുകൊണ്ട് അത് വെരിഫൈ ചെയ്യാനുള്ള നടപടി സ്വീകരിക്കണം. കാരണം, അത്യാവശ്യത്തിന് മരുന്ന് കിട്ടിയില്ലെങ്കിൽ രോഗി മാരകമായ അവസ്ഥയിലേക്ക് പോകുന്ന സ്ഥിതിയുണ്ടാകും. പിന്നീട് ഈ മരുന്ന് ലഭിച്ചിട്ട് കാര്യമില്ല. മരുന്ന് സ്റ്റോക്കുണ്ടെന്നും എന്നാൽ രോഗികൾ ചെല്ലുമ്പോൾ പലയിടത്തും സ്റ്റോക്കില്ലെന്നുമാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. അതുകൊണ്ട് ഇതെന്താണെന്ന് പരിശോധിക്കണം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് ശരിയാണ്. KASP വന്നപ്പോൾ ചെറിയൊരു ആശങ്ക ചിലയിടത്തുണ്ടായി. ആ സമയത്ത് ചിലർ എന്റെയടുത്തും വന്നിരുന്നു. അതെല്ലാം മനസ്സിലാക്കി ഇപ്പോൾ പ്രശ്നങ്ങളെല്ലാം പരിഹരിച്ചിട്ടുണ്ട്. എവിടെയെങ്കിലും പ്രശ്നമുണ്ടെന്ന് കാണുന്നുണ്ടെങ്കിൽ പെട്ടെന്നുതന്നെ അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാം.

## (2) ഹെറിറ്റേജ് ടൂറിസം സർക്യൂട്ട്

ശ്രീമതി വീണാ ജോർജ്ജ്: സർ, തീർത്ഥാടന കേന്ദ്രങ്ങളുടെ ജില്ല എന്നതിനുപുറമേ ഒട്ടേറെ ചരിത്ര പ്രാധാന്യവും സാംസ്കാരിക പൈതൃകവും പേറുന്ന ജില്ലയാണ് പത്തനംതിട്ട. ആറന്മുള കണ്ണാടി ലോകപ്രശസ്തമാണ്. ആറന്മുള വള്ളംകളി, വള്ളസദ്യ, വള്ളപ്പാട്ട്, കളരികൾ, പല ചിട്ടകളിലുള്ള പടയണികൾ, മഹാത്മാ ഗാന്ധി സന്ദർശിച്ച് പൊതുസമ്മേളനങ്ങൾ നടത്തിയ സ്ഥലങ്ങളും കൂടാതെ വേലുത്തമ്പി ദളവ മരണപ്പെട്ട മണ്ണടി ഉൾപ്പെടെയുള്ള സാംസ്കാരിക പ്രാധാന്യവും ചരിത്ര പ്രാധാന്യവുമുള്ള ഒട്ടേറെ സ്ഥലങ്ങളുമുണ്ട്. ചരിത്രാന്വേഷകർക്കും വിനോദസഞ്ചാരികൾക്കും ഒരുപോലെ പ്രയോജനപ്പെടുകയും അവരെ ആകർഷിക്കുകയും ചെയ്യുന്ന ഈ സ്ഥലങ്ങൾ കോർത്തിണക്കി പത്തനംതിട്ട കേന്ദ്രമാക്കി ഒരു ഹെറിറ്റേജ് ടൂറിസം സർക്യൂട്ട് പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഒരു നാടിന്റെ പൈതൃക സമ്പത്ത് സംരക്ഷിച്ച് ടൂറിസം വികസനത്തിനുകൂടി ഉപയോഗപ്പെടുത്താവുന്ന രീതിയിൽ 'പൈതൃക ടൂറിസം പദ്ധതി' ഇന്ന് ലോകവ്യാപകമായി നടപ്പാക്കിവരുന്നുണ്ട്. വളരെ സമ്പന്നമായ ഒരു പൈതൃക പാരമ്പര്യമാണ് നമ്മുടെ നാടിനുള്ളത്. നൂറ്റാണ്ടുകൾ പഴക്കമുള്ള കൊട്ടാരങ്ങളും ആരാധനാലയങ്ങളും കോട്ടകളും വ്യാപാരകേന്ദ്രങ്ങളും സംരക്ഷിച്ച് നമ്മുടെ നാട് സന്ദർശിക്കുന്ന വിനോദസഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ ടൂറിസം ഉല്പന്നമാക്കി മാർക്കറ്റ് ചെയ്യുന്ന നിരവധി പദ്ധതികളാണ് ഇതിനകം സർക്കാർ നടപ്പിലാക്കിവരുന്നത്. കൊടുങ്ങല്ലൂർ ആസ്ഥാനമായ മുസിരിസ്സ്, തലശ്ശേരി, ആലപ്പുഴ എന്നിങ്ങനെ മൂന്ന് പൈതൃക സംരക്ഷണ പദ്ധതികൾ ഇപ്പോൾത്തന്നെ സംസ്ഥാനത്ത് നടപ്പാക്കി വരുന്നുണ്ട്. തലശ്ശേരി പൈതൃക പദ്ധതി വയനാട് ജില്ലയിലേക്കുകൂടി വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കേരളത്തിലെ പ്രശസ്ത വ്യാപാരകേന്ദ്രങ്ങളായ മിഠായിത്തെരുവ്, ചാല എന്നിവിടങ്ങളിലും ഇത്തരം വികസനപദ്ധതികൾ

സർക്കാർ ആവിഷ്കരിച്ചിരിക്കുകയാണ്. തിരുവനന്തപുരം ജില്ലയിലും പരിസരപ്രദേശങ്ങളിലുമായി വ്യാപിച്ചുകിടക്കുന്ന പൈതൃക സമ്പത്ത് കോർത്തിണക്കിയുള്ള 'തിരുവിതാംകൂർ ഹെറിറ്റേജ് സർക്യൂട്ട് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടിയും ഇതിനകം ആരംഭിച്ചുകഴിഞ്ഞു. ആറന്മുള കണ്ണാടി, വള്ളസദ്യ, പടയണി തുടങ്ങി ജില്ലയ്ക്ക് മാത്രമായി അവകാശപ്പെടാൻ കഴിയുന്ന നിരവധി പ്രത്യേകതകളും ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച മഹാത്മാ ഗാന്ധി സന്ദർശിച്ച സ്ഥലം, വേലുത്തമ്പി ദളവ മരണപ്പെട്ട മണ്ണടി, മണ്ണടിയിലെ മ്യൂസിയം അങ്ങനെ ചരിത്രത്തിന്റെ ശേഷിപ്പുകൾ അവശേഷിക്കുന്ന കാര്യങ്ങളെല്ലാമുള്ള ഒരു ജില്ലയാണ് പത്തനംതിട്ട. ബഹുമാനപ്പെട്ട അംഗം പരാമർശിച്ച പത്തനംതിട്ട ജില്ലയിലെ പൈതൃക ഗ്രാമങ്ങളും ആറന്മുള കണ്ണാടി ഉൾപ്പെടെയുള്ള കരകൗശല പാരമ്പര്യവും പരമ്പരാഗതമായ മറ്റ് ആചാരങ്ങളും സമന്വയിപ്പിച്ച് ജില്ലയിലെ പൈതൃക സ്മാരകങ്ങൾ സംരക്ഷിച്ച് ഒരു ഹെറിറ്റേജ് ടൂറിസം സർക്യൂട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് തീർച്ചയായും പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(3) <u>വീടുകൾ പുതുക്കിപ്പണിയൽ</u>

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ ഇരിയണ്ണി രാജീവ് ഗാന്ധി ദശലക്ഷം കോളനി, മൈലാട്ടി രാജീവ് ഗാന്ധി കോളനി എന്നിവിടങ്ങളിൽ 1994, 1995 എന്നീ വർഷങ്ങളിൽ സംസ്ഥാന ഭവനനിർമ്മാണ ബോർഡുവഴി നിർമ്മിച്ചുനൽകിയ വീടുകൾ അടിയന്തരമായി പുനർനിർമ്മിച്ച് നൽകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് ഞാൻ ഉന്നയിക്കുന്നത്. ചെമ്മനാട് പഞ്ചായത്തിലെ തെക്കിൽ വില്ലേജിലെ മൈലാട്ടിയിൽ 1994-ൽ നിർമ്മിച്ച് നൽകിയ 28 വീടുകളും 1995-ൽ മുളിയാർ പഞ്ചായത്തിലെ ഇരിയണ്ണിയിൽ നിർമ്മിച്ചുനൽകിയ 37 വീടുകളും നിർമ്മാണപ്പഴക്കംമൂലം കോൺക്രീറ്റുപാളികൾ അടർന്നുവീണ് വാസയോഗ്യമല്ലാത്ത രീതിയിലായിക്കൊണ്ടിരിക്കുകയാണ്. ചോർച്ച തടയുന്നതിനായി പ്ലാസ്റ്റിക് ഷീറ്റുകൊണ്ട് വീട് മൂടിയാണ് കുടുംബാംഗങ്ങൾ കഴിയുന്നത്. ഒരു കിടപ്പുമുറി, നിന്നുതിരിയാൻ ഇടമില്ലാത്ത അടുക്കള, ശൗചാലയം, കുടിവെള്ളമില്ലാത്തതിന്റെ കുറവ് എന്നിവ നൊമ്പരപ്പെടുത്തുന്ന കാഴ്ചയാണ്. പേരിന് സ്വന്തമായി വീടുള്ളതിനാൽ ഈ കുടുംബാംഗങ്ങളെ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി വീട് നിർമ്മിച്ച് നൽകാൻ പഞ്ചായത്തുകൾക്കും സാധിക്കുന്നില്ല. അടിയന്തരമായി കാസർഗോഡ് പാക്കേജിൽ ഉൾപ്പെടുത്തി വീട് നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ നൽകിയെങ്കിലും അതും പ്രാവർത്തികമായില്ല. ഈ കോളനികളിൽ താമസിക്കുന്ന എഴുപതോളം വരുന്ന

കുടുംബങ്ങൾക്ക് അടിയന്തരമായി വീട് നിർമ്മിച്ച് നൽകാനുള്ള നടപടി സ്വീകരിക്കാൻ കഴിയണം. ഭവനനിർമ്മാണ ബോർഡിന്റെയോ പഞ്ചായത്തിന്റെയോ ഏതെങ്കിലും സ്കീമിൽ ഉൾപ്പെടുത്തി ഇവർക്ക് താമസിക്കാൻ സാധിക്കുന്ന രീതിയിൽ വീട് നിർമ്മിച്ചുനൽകാനുള്ള നടപടി ഗവൺമെന്റുതലത്തിൽ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ശ്രീ. കെ. കുഞ്ഞിരാമൻ ഉന്നയിച്ച വിഷയം എനിക്ക് നേരിട്ട് അറിയാവുന്നതാണ്. ഈ സ്ഥലത്ത്, ഒരു പ്രത്യേക സ്കീമിന്റെ ഭാഗമായിട്ടാണ് രാജീവ് ഗാന്ധിയുടെ പേരിൽ ദശലക്ഷം പാർപ്പിട പദ്ധതി മുഖേന വീട് നിർമ്മിച്ചുനൽകിയത്. 1994-ൽ ചെമ്മനാട് പഞ്ചായത്തിൽ തെക്കിൽ മൈലാട്ടിയിൽ നിർമ്മിച്ചുനൽകിയ 28 വീടുകളും 1995-ൽ മുളിയാർ പഞ്ചായത്തിലെ ഇരിയണ്ണിയിൽ നിർമ്മിച്ചുനൽകിയ 37 വീടുകളും രാജീവ് ഗാന്ധി ദശലക്ഷം പാർപ്പിട പദ്ധതിപ്രകാരമുള്ളതാണ്. രാജീവ് ഗാന്ധി ദശലക്ഷം പാർപ്പിട പദ്ധതിപ്രകാരം നിർമ്മിച്ചുനൽകിയ വീടുകളുടെ പുനർനിർമ്മാണത്തിനോ അറ്റകുറ്റപ്പണികൾക്കോ വേണ്ടിയുള്ള പദ്ധതികൾ ഭവനനിർമ്മാണ ബോർഡിൽ നിലവിലില്ല. എന്നാൽ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി ഈ വിഷയം ചർച്ചചെയ്ത് എങ്ങനെ പുനർനിർമ്മാണം നടത്താനും അറ്റകുറ്റപ്പണി നിർവ്വഹിക്കാനും കഴിയുമെന്നുള്ളത് പരിശോധിക്കാവുന്നതാണ്.

(4) കോന്നി മെഡിക്കൽ കോളേജിന്റെ രണ്ടാംഘട്ട നിർമ്മാണം

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, പത്തനംതിട്ട ജില്ലയ്ക്കും മലയോര മേഖലയായ കോന്നിക്കും അതിലെല്ലാം ഉപരി ദശലക്ഷക്കണക്കിന് ശബരിമല തീർത്ഥാടകർക്കും ഏറെ പ്രയോജനം ചെയ്യുന്ന ഒന്നാണ് നിർദ്ദിഷ്ട കോന്നി മെഡിക്കൽ കോളേജ്. 2014-ൽ ഇതിന് ഭരണാനുമതി ലഭ്യമായെങ്കിലും 2016-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് നിർമ്മാണത്തിൽ പുരോഗതി കൈവരിക്കാൻ സാധിച്ചത്. ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ 95 ശതമാനവും പൂർത്തീകരിച്ചിരിക്കുകയാണ്. രണ്ടാംഘട്ട നിർമ്മാണത്തിനായി 351.72 കോടി രൂപയ്ക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഇതിന് നേതൃത്വം നൽകിയ ഈ ഗവൺമെന്റിനെയും ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയെയും ഞാൻ അഭിനന്ദിക്കുകയാണ്. കോന്നി മെഡിക്കൽ കോളേജിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ചില സാങ്കേതിക കാരണങ്ങളാൽ വൈകാൻ സാധ്യതയുണ്ട്. അത് മുൻകൂട്ടിക്കണ്ട് തടസ്സങ്ങൾ ഒഴിവാക്കുന്നതിനും എത്രയുംപെട്ടെന്ന് അദ്ധ്യയനവും ആശുപത്രിയുടെ പ്രവർത്തനങ്ങളും ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കോന്നി മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനായി 142 കോടി രൂപയുടെ ഭരണാനുമതിയാണ് നേരത്തെ നബാർഡ് മുഖാന്തരം നൽകിയിരുന്നത്. ഇപ്പോൾ അതിന്റെ ഒന്നാംഘട്ടത്തിലുള്ള നിർമ്മാണപ്രവർത്തനം ഏകദേശം പൂർത്തിയായി വരികയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുസംബന്ധിച്ച യോഗങ്ങൾ വിളിച്ചുചേർക്കുകയും മുടങ്ങിപ്പോയ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്നുമുള്ളത് പ്രത്യേകം അറിയിക്കുകയാണ്. ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്ക് തടസ്സമായിരുന്ന പാറ നീക്കം ചെയ്യുന്നതിനാണ് ആദ്യം ശ്രമിച്ചത്. ടൺ കണക്കിന് പാറ പൊട്ടിച്ച് കൂട്ടിയതുകൊണ്ട് മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിരുന്നില്ല. എന്നാൽ അതെല്ലാം നീക്കംചെയ്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ് ചെയ്തത്. അതിന്റെ അടിസ്ഥാനത്തിൽ ഒന്നാംഘട്ട നിർമ്മാണപ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഏകദേശം പൂർത്തിയായിട്ടുണ്ട്. 27-8-2019-ന് മെഡിക്കൽ കോളേജിൽ വച്ചുതന്നെ ജില്ലയിലെ എം.എൽ.എ.-മാർ, എം.പി.-മാർ, മറ്റ് ജനപ്രതിനിധികൾ എന്നിവരുൾപ്പെടുന്ന ഒരു യോഗം ആരോഗ്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടക്കുകയുണ്ടായി. അവിടെ വച്ച് ബാക്കി വരുന്ന പാറ നീക്കം ചെയ്യുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ട്. അതുപോലെ റോഡ്, കുടിവെള്ളം, വൈദ്യുതി, എസ്.റ്റി.പി. (സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്) എന്നിവയുടെ നിർമ്മാണം അടുത്ത മാർച്ച് മാസത്തിനുമുമ്പ് പൂർത്തിയാക്കാനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ 300 കിടക്കകളുള്ള മെഡിക്കൽ കോളേജ് ആശുപത്രി സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്. അതുവഴി 50 കുട്ടികൾക്ക് പഠന സൗകര്യത്തിനുള്ള അപേക്ഷ സമർപ്പിക്കാൻ സാധിക്കും. അതിനുവേണ്ടിയുള്ള തസ്തികകളും സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. 750-ലേറെ തസ്തികകൾ പുതുതായി സൃഷ്ടിച്ചാൽ മാത്രമേ മെഡിക്കൽ കോളേജ് ആരംഭിക്കാൻ സാധിക്കുകയുള്ളൂ. അതിനുള്ള നടപടിക്രമങ്ങളും ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്.

രണ്ടാംഘട്ടത്തിൽ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം, ക്വാർട്ടേഴ്സ്, ഹോസ്റ്റൽ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, അനുബന്ധ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനാവശ്യമായിട്ടുള്ള പ്രവൃത്തികൾക്കുവേണ്ടി 351.72 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുന്നതിനുവേണ്ടി HLL Infra Tech Services Ltd (HITES) തയ്യാറാക്കി

കഴിഞ്ഞിട്ടുണ്ട്. അത് കിഫ്ബിയിൽ സമർപ്പിക്കുകയാണ്. ഇതുകൂടി അംഗീകരിച്ചുകിട്ടുന്ന മുറയ്ക്ക് രണ്ടാംഘട്ടത്തിന്റെ പ്രവർത്തനവും അടുത്ത ഘട്ടത്തിന്റെ പ്രവർത്തനവും ആരംഭിക്കാൻ കഴിയും. സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ HITES-നെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ഗവൺമെന്റ് ചുമതലപ്പെടുത്തിയിട്ടുണ്ട്. അത് കിഫ്ബിക്ക് സമർപ്പിക്കാൻ തയ്യാറായിട്ടുമുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ 11.9 കോടി രൂപ കോന്നി മെഡിക്കൽ കോളേജിന് പ്ലാൻ ഫണ്ടിലും അനുവദിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങളും അവിടെ നടന്നുകൊണ്ടിരിക്കുകയാണ്. ഇതിന് കൂടുതൽ തുക ആവശ്യമായി വരുന്നപക്ഷം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി അടുത്ത ഘട്ടം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങളും ആരംഭിച്ചിട്ടുണ്ട്. കോന്നി മെഡിക്കൽ കോളേജിന് 2021-ഓടുകൂടി Medical Council of India-യിൽ നിന്ന് അനുവാദം കിട്ടുമെന്ന പ്രതീക്ഷയിൽ അപ്ലൈ ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളത്.

## (5) കുഞ്ഞാലി മരയ്ക്കാർ ചരിത്രപഠന കേന്ദ്രം

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, കോഴിക്കോട് ജില്ലയിൽ ഇരിങ്ങൽ കോട്ടയ്ക്കൽ എന്ന പ്രദേശം പറങ്കിപ്പടയ്ക്കെതിരെ പടപൊരുതിയ സാമൂതിരിയുടെ പടത്തലവനായി ചരിത്രം രേഖപ്പെടുത്തിയതും രാജ്യത്തിന്റെ പ്രഥമ നാവികത്തലവനായി ചരിത്രം വിശേഷിപ്പിക്കപ്പെട്ടതുമായ കുഞ്ഞാലി മരയ്ക്കാരുടെ ജന്മദേശമാണ്. അവിടെ സ്ഥിതിചെയ്യുന്ന പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള കുഞ്ഞാലി മരയ്ക്കാർ സ്മാരകവും മ്യൂസിയവും കേരളത്തിനകത്തും പുറത്തും നിന്നുമാത്രമല്ല രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള വിദ്യാർത്ഥികളടക്കമുള്ള ഒട്ടേറെ ചരിത്രാന്വേഷികളുടെ ശ്രദ്ധാകേന്ദ്രമാണ്. എന്നാൽ നിർഭാഗ്യകരമെന്ന് പറയട്ടെ, ഈ ചരിത്ര പുരുഷന്റെ സ്മരണകൾ ഉയർത്തുന്ന യാതൊന്നുംതന്നെ ഇന്ന് അവിടെ കാണാൻ കഴിയുകയില്ല. അവിടെ കാണുന്ന ഇരിങ്ങൽപ്പാറ അദ്ദേഹത്തിന്റെ റഡാർ കേന്ദ്രമായിരുന്നു. ഇവിടെ കേന്ദ്രീകരിച്ചായിരുന്നു കടൽപ്പോരാളികൾക്ക് അദ്ദേഹം നിർദ്ദേശങ്ങൾ നൽകിയിരുന്നത്. അവിടെ ഇന്ന് ഈ പാറയുടെ ശേഷിക്കുന്ന കുറച്ച് ഭാഗം മാത്രമേയുള്ളൂ. പാറ നിൽക്കുന്ന സ്ഥലം ഉൾപ്പെടെ 28 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുത്ത് ടൂറിസം വകുപ്പിന്റെ കീഴിൽ 'സർഗ്ഗാലയ ക്രാഫ്റ്റ് വില്ലേജ് ' എന്ന പേരിൽ പ്രവർത്തിക്കുന്നു. കരകൗശല വസ്തുക്കൾ നിർമ്മിച്ച് വിൽക്കുന്ന ഈ സ്ഥലം പ്രധാന വാണിജ്യ-വിനോദകേന്ദ്രമാണ്. എന്നാൽ കരകൗശല ശാലയുടെ രൂപരേഖ പ്രകാരം ഉണ്ടാകേണ്ടിയിരുന്ന കുഞ്ഞാലി മരയ്ക്കാരുടെ കോട്ടയുടെ മാതൃക ഇന്നവിടെയില്ല. ഈ കോട്ടയാകും കരകൗശല ഗ്രാമത്തിന്റെ മുഖ്യ ആകർഷണമെന്നായിരുന്നു 2007-ൽ പദ്ധതി സംബന്ധിച്ച് പ്രമുഖ മലയാള പത്രങ്ങൾ 'ദേശസ്നേഹത്തിന്റെ

രണസ്മൃതിയിൽ മരയ്ക്കാർ കോട്ടയ്ക്ക് പുനർജനി' എന്ന തലക്കെട്ടിൽ രേഖാചിത്രം സഹിതം പ്രസിദ്ധീകരിച്ചിരുന്ന വാർത്തയിൽ പറഞ്ഞിരുന്നത്. കൂടാതെ മരയ്ക്കാർമാരുടെ കാലഘട്ടത്തിൽ ഉപയോഗിച്ചിരുന്ന യുദ്ധക്കപ്പലിന്റെ മാതൃക സ്ഥാപിക്കാനും ഉദ്ദേശ്യമുണ്ടെന്ന് പ്രസ്തുത റിപ്പോർട്ടിൽ പറഞ്ഞിരുന്നു. എന്നാൽ അതൊന്നും ഇതുവരെയും അവിടെ ഉണ്ടായിട്ടില്ലെന്നുള്ളത് ഏറെ ഖേദകരമായൊരു വസ്തുതയാണ്. ഇവ രണ്ടും അവിടെ സ്ഥാപിക്കാൻ നടപടി ഉണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. കൂടാതെ അവിടെനിന്ന് വിളിപ്പാടകലെ സ്ഥിതിചെയ്യുന്ന അദ്ദേഹത്തിന്റെ ജന്മവീട് ഉൾപ്പെടുന്ന മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുള്ളതും അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ഉപയോഗിച്ചിരുന്നതും പിന്നീട് ഭൂമിക്കടിയിൽനിന്ന് കണ്ടെടുത്തതുമായ പീരങ്കികളിൽ രണ്ടെണ്ണം അവിടെനിന്നും തൊട്ടടുത്ത് തലശ്ശേരിയിലോ മറ്റോ ഉള്ള വിനോദസഞ്ചാര കേന്ദ്രത്തിലേക്ക് മാറ്റാൻ സർക്കാർതന്നെ നടപടി സ്വീകരിക്കുന്നതായാണ് അറിയാൻ കഴിഞ്ഞത്. കഴിഞ്ഞ 31-ാം തീയതി പോലീസ് വാഹനങ്ങൾവന്ന് പീരങ്കി എടുത്തുമാറ്റാനുള്ള ശ്രമം നടന്നു. അത് നാട്ടുകാർ തടഞ്ഞത് സംഘർഷത്തിലേക്ക് എത്തിച്ച സാഹചര്യമുണ്ടായി. വലിയതോതിൽ ജനരോഷം അവിടെ രൂപപ്പെട്ടുവന്നിട്ടുണ്ട്. ഇത് സർക്കാർ കണ്ടില്ലെന്ന് നടിക്കരുത്. മറിച്ച് പീരങ്കികൾ മാറ്റാനാണ് തീരുമാനമെങ്കിൽ അത് ആ ചരിത്ര പുരുഷനോടും ചരിത്രാന്വേഷികളോടും കാണിക്കുന്ന കടുത്ത ക്രൂരതയായിരിക്കുമെന്ന് സവിനയം ചൂണ്ടിക്കാണിക്കുകയാണ്. അങ്ങനെ തീരുമാനമുണ്ടെങ്കിൽ സർക്കാർ അതിൽനിന്നും പിന്തിരിയണം. ആ പീരങ്കികൾ അവിടത്തെ ചരിത്ര മ്യൂസിയത്തിൽത്തന്നെ നിലനിർത്തണം എന്നതാണ് എന്റെ അഭ്യർത്ഥന. ദിവസേന അവിടെയെത്തുന്ന ചരിത്രാന്വേഷികൾക്ക്, വീരോജ്ജ്വലമായ അദ്ദേഹത്തിന്റെ ജീവചരിത്രത്തിലേക്ക് വെളിച്ചം വീശാനുതകുന്ന ഒരു ചരിത്ര പഠന കേന്ദ്രത്തിന് തുടക്കം കുറിക്കാൻ നടപടിയുണ്ടാകുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ശ്രീ. പാറക്കൽ അബ്ദുല്ല ഉന്നയിച്ച കാര്യങ്ങളൊക്കെ ഞങ്ങളുടെ സജീവ ശ്രദ്ധയിൽ വന്നിട്ടുള്ളതാണ്. സാമൂതിരി രാജാക്കന്മാരുടെ നാവിക പടത്തലവന്മാരായ കുഞ്ഞാലിമരയ്ക്കാർമാരുടെ കോട്ട സ്ഥിതി ചെയ്യുന്ന വടകര ഇരിങ്ങൽ കോട്ടയ്ക്കലിൽ അവരുടെ പൈതൃകം പരിരക്ഷിക്കുന്നതിന് പുരാഗൃഹം ഉൾപ്പെടെയുള്ള 16 സെന്റ് സ്ഥലം സംരക്ഷിതസ്മാരകമായി പുരാവസ്തുവകുപ്പ് നേരത്തെ പ്രഖ്യാപിക്കുകയുണ്ടായി. ചെറുതെങ്കിലും മനോഹരമായ പൈതൃക മ്യൂസിയം നിലവിൽ പ്രവർത്തിച്ച വരികയും ചെയ്യുന്നുണ്ട്. ഈ പ്രദേശം ഉൾപ്പെടുന്ന കൊയിലാണ്ടി എം.എൽ.എ.

ശ്രീ. കെ. ദാസനും മറ്റു ജനപ്രതിനിധികളും കുഞ്ഞാലിമരയ്ക്കാർ മ്യൂസിയം വിപുലീകരിക്കണമെന്ന ആവശ്യം ഉന്നയിച്ചതിനെത്തുടർന്ന് പുരാവസ്തുവകുപ്പ് അതിനായുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലപരിമിതിയാണ് പ്രധാന പ്രശ്നമായി നിലനിൽക്കുന്നത്. കുഞ്ഞാലിമരയ്ക്കാർ മ്യൂസിയത്തോടുചേർന്നുള്ള 50 സെന്റ് സ്ഥലം ഏറ്റെടുത്ത് നൽകാമെങ്കിൽ മ്യൂസിയം വിപുലീകരിക്കാൻ കഴിയുമെന്ന കാര്യം ബന്ധപ്പെട്ട ജനപ്രതിനിധികളെ അറിയിച്ചിട്ടുള്ളതാണ്. സ്ഥലം ലഭിക്കുന്ന മുറയ്ക്ക് കുഞ്ഞാലിമരയ്ക്കാർ മ്യൂസിയം നവീകരിക്കാനും വിപുലപ്പെടുത്താനും വിശദമായ പദ്ധതി തയ്യാറാക്കുന്നതാണ്. തലശ്ശേരി പോർട്ട് പരിസരത്തുനിന്നും കണ്ടെടുത്ത 8 പീരങ്കികളിൽ 6 എണ്ണം തുറമുഖവകുപ്പിനും 2 എണ്ണം പുരാവസ്തു വകുപ്പിനും കൈമാറുന്നതിന് തുറമുഖ വകുപ്പുസെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനമായി. ഈ 8 പീരങ്കികളുടെയും രാസസംരക്ഷണ പ്രവർത്തനങ്ങൾ പുരാവസ്തുവകുപ്പ് നടത്തുകയും ഇവയെല്ലാം തലശ്ശേരിയിൽ ആറളം ഫാമിന്റെ അധീനതയിലുള്ള ഒരു കെട്ടിടത്തിൽ താലൂക്ക് അധികൃതരുടെ ചുമതലയിൽ സൂക്ഷിച്ചുവരികയുമായിരുന്നു. പ്രസ്തുത കെട്ടിടം അടിയന്തരമായി ഒഴിയേണ്ടിവന്ന സാഹചര്യത്തിൽ തലശ്ശേരിയിൽ പുരാവസ്തു വകുപ്പിന് മ്യൂസിയമോ കാര്യാലയമോ ഇല്ലാത്തതുകൊണ്ട് തൊട്ടടുത്ത മ്യൂസിയമായ വടകര ഇരിങ്ങൽ കുഞ്ഞാലിമരയ്ക്കാർ സ്മാരക മ്യൂസിയത്തിലേക്ക് 2 പീരങ്കികൾ താൽക്കാലികമായി മാറ്റുകയാണുണ്ടായത്. എന്നാൽ തലശ്ശേരിയിൽനിന്നും കണ്ടെടുത്ത പീരങ്കികൾ അവിടെത്തന്നെ സൂക്ഷിക്കണമെന്ന് തലശ്ശേരി എം.എൽ.എ. ശ്രീ. എ. എൻ. ഷംസീർ പുരാവസ്തുവകുപ്പിനും സർക്കാരിനും കത്ത് നൽകുകയും തുടർന്ന് കണ്ണൂർ ജില്ലാ വികസന സമിതി യോഗത്തിൽ ടി വിഷയം ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ പീരങ്കികൾ തലശ്ശേരിയിൽ തന്നെ സൂക്ഷിക്കണമെന്ന തീരുമാനമുണ്ടാകുകയും ചെയ്തു. മേൽവിഷയങ്ങൾ പരിഗണിച്ച് സർക്കാർ പുരാവസ്തു വകുപ്പിന് തലശ്ശേരിയിൽ സ്വന്തമായി സൗകര്യപ്രദമായ സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് തിരികെ നൽകാമെന്ന നിബന്ധനയോടെ പീരങ്കികൾ തലശ്ശേരിയിൽ ഉചിതമായ സ്ഥലത്ത് പ്രദർശിപ്പിക്കുന്നതിനായി കണ്ണൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ചരിത്രപുരുഷന്മാരെ ആദരിക്കാനും അവർക്കാവശ്യമായ പ്രാധാന്യം നൽകുന്നതിനുമുള്ള ബഹുമുഖ പരിപാടികളാണ് സംസ്ഥാന ഗവൺമെന്റ് നിർവ്വഹിക്കുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ച ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജായ 'സർഗ്ഗാലയയി'ലെ മറ്റ് വിഷയങ്ങൾ ടൂറിസം വകുപ്പിന്റെ കീഴിലാണ് വരുന്നത്. സർക്കാർ ഇതുസംബന്ധിച്ച് ആലോചിക്കുന്നതാണ്. മറ്റു ചരിത്രസ്മാരകങ്ങളും സൃഷ്ടികളും സൂക്ഷിക്കുന്ന ഉൽകൃഷ്ടമായ പ്രവർത്തനങ്ങൾ പുരാവസ്തു വകുപ്പ് തുടരുന്നതാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, തലശ്ശേരിയിൽ നിന്നും പീരങ്കികൾ മോഷ്ടിച്ചു കൊണ്ടുപോയതാണ്. അവിടെ വലിയ ജനകീയരോഷമുണ്ട്. ആയതിനാൽ പീരങ്കികൾ തലശ്ശേരിയിൽത്തന്നെ സൂക്ഷിക്കാനാവശ്യമായ ഇടപെടൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടിയിൽ ഇക്കാര്യങ്ങളെല്ലാം ഉൾപ്പെട്ടിട്ടുണ്ട്. സബ്മിഷനിൽ ചർച്ചയില്ല. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് അക്കാര്യം പരിഹരിക്കും.

(6) സബ്ട്രഷറി പുനർനിർമ്മാണം

ശ്രീ. മാത്യു ടി. തോമസ്: സർ, തിരുവല്ല സബ്ട്രഷറി കെട്ടിടം ജീർണ്ണിച്ച് മഴയത്ത് ചോർന്നൊലിക്കുന്ന അവസ്ഥയിലാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന ഭരണകാലഘട്ടത്തിൽ മറ്റൊരു കെട്ടിടം പണിയാൻ നടപടികൾ സ്വീകരിക്കുകയുണ്ടായി. ആദ്യം നഗരസഭ സ്ഥലം തരാമെന്ന് തീരുമാനിക്കുകയും പിന്നീട് തെരഞ്ഞെടുക്കപ്പെട്ട് വന്ന കൗൺസിൽ ആ തീരുമാനം പിൻവലിക്കുകയും ചെയ്തതുകൊണ്ട് ഇന്നും ജീർണ്ണിച്ച കെട്ടിടത്തിലാണ് സബ്ട്രഷറി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ നഗരസഭ വീണ്ടും സ്ഥലം തരാമെന്ന് തീരുമാനിച്ച് പ്രമേയം പാസ്സാക്കി അയച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് വകുപ്പിൽ ചില നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുള്ളതുകൊണ്ടാണ് കാലതാമസം നേരിടുന്നത്. തിരുവല്ല സബ്ട്രഷറിക്ക് പുതിയ കെട്ടിടം പണിയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുകയും പുതിയ കെട്ടിടം പണിയുന്നതുവരെ, ഇപ്പോഴത്തെ അവസ്ഥയിൽനിന്നും മാറ്റമുണ്ടാക്കാൻ അവിടെ ഒഴിഞ്ഞുകിടക്കുന്ന കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സിലോ മറ്റേതെങ്കിലും കെട്ടിടത്തിലോ ട്രഷറിയുടെ പ്രവർത്തനം മാറ്റി സ്ഥാപിക്കണം. ഇതിന് കഴിയുന്നില്ലെങ്കിൽ അടിയന്തരമായി അറ്റകുറ്റപ്പണി നടത്തി പുതിയ കെട്ടിടം പണിയുന്നതുവരെ ട്രഷറിയുടെ പ്രവർത്തനം കാര്യക്ഷമമായി നടത്താൻവേണ്ട സാഹചര്യം ഒരുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ഒരു മിനിറ്റാണ് അദ്ദേഹം സബ്മിഷൻ അവതരിപ്പിക്കുന്നതിനെടുത്തത്. ഇങ്ങനെയാണ് സബ്മിറ്റ് ചെയ്യേണ്ടത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, പത്തനംതിട്ട ജില്ലയിലെ തിരുവല്ല സബ്ട്രഷറിയുടെ പ്രവർത്തനം അനുയോജ്യമായ വാടക കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള ശ്രമം നടത്തിയെങ്കിലും ട്രഷറിയുടെ ഇടപാടുകൾ ഉൾക്കൊള്ളുന്ന തരത്തിലുള്ളതും പെൻഷൻകാർ

ഉൾപ്പെടെയുള്ള മുഴുവൻ ഇടപാടുകാർക്കും നല്ല രീതിയിൽ സേവനം നൽകാൻ കഴിയുന്ന സ്ട്രോംഗ് റൂം സൗകര്യങ്ങളോടുകൂടിയതുമായ കെട്ടിടങ്ങൾ തിരുവല്ല മുനിസിപ്പാലിറ്റിയിൽ ലഭ്യമാകുന്നില്ല. ഉചിതമായ സ്ഥലത്ത് അനിവാര്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായെങ്കിൽ മാത്രമേ സബ്ട്രഷറിയുടെ പ്രവർത്തനം പുതിയ സ്ഥലത്തേക്ക് മാറ്റാൻ സാധിക്കുകയുള്ളൂ. എന്നാൽ ഇപ്പോൾ പത്തനംതിട്ട ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റിയുടെ പൊതുതാൽപ്പര്യഹർജി പരിഗണിച്ച് ട്രഷറിയുടെ അറ്റകുറ്റപ്പണികൾ നടത്താൻ അനുമതി നൽകുന്നതിന് ഹൗസിംഗ് ബോർഡിന് നിർദ്ദേശം നൽകുകയും അത് ബോർഡ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്തുപ്രകാരം പൊതുമരാമത്ത് കെട്ടിടം വകുപ്പ് മുഖേന അറ്റകുറ്റപ്പണികൾ നടത്താൻ ട്രഷറി വകുപ്പിന് അനുവാദം നൽകുകയും ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് കെട്ടിടവിഭാഗം മുഖേന സബ്ട്രഷറി കെട്ടിടത്തിന്റെ നിലവിലെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് എത്രയുംപെട്ടെന്ന് സംരക്ഷണ നടപടികൾ ചെയ്യുന്നതാണ്. ഇതോടൊപ്പം തിരുവല്ല സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം അനുവദിക്കണമെന്നുള്ള വകുപ്പിന്റെ അപേക്ഷ പരിഗണിച്ച് നഗരസഭയിലെ പഴയ ടൗൺഹാൾ സ്ഥിതിചെയ്യുന്ന തിരുവല്ല വില്ലേജിൽ ബ്ലോക്ക് നം. 191 സർവ്വേ നമ്പർ 8-ൽപ്പെട്ട 12 സെന്റ് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം നഗരസഭയിൽ നിലനിർത്തി 99 വർഷത്തെ പാട്ടക്കരാറിൽ പ്രതിവർഷം 1000 രൂപ ഈടാക്കി സബ്ട്രഷറി ഓഫീസ് കെട്ടിടം പണിയാൻ വിട്ടുനൽകുന്നതിന് തിരുവല്ല മുനിസിപ്പാലിറ്റി തീരുമാനിച്ചിട്ടുണ്ട്. ആയതിന് സർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിനുവേണ്ടി മുനിസിപ്പാലിറ്റിയിൽ നിന്നും പ്രൊപ്പോസൽ നഗര കാര്യാലയത്തിലേക്ക് അയച്ചിട്ടുണ്ട്. അതിന് താമസം വരാതിരിക്കാൻ ഈ സമ്മേളനം നടക്കുമ്പോൾത്തന്നെ ബഹുമാനപ്പെട്ട മെമ്പറുടെയും അർബൻ ഡയറക്ടറേറ്റ് മേധാവികളുടെയും ട്രഷറി ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ച് എത്രയും പെട്ടെന്ന് നടപടി സ്വീകരിക്കാം.

### (7) റേഷൻ അനുവദിക്കൽ

ശ്രീ. പി. സി. ജോർജ്: സർ, ഭക്ഷ്യസുരക്ഷാ നിയമം പ്രാബല്യത്തിൽ വന്നപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയും സിവിൽ സപ്ലൈസ് വകുപ്പും ചെയ്ത കാര്യങ്ങൾ വളരെ അഭിനന്ദനാർഹമാണ്. യാതൊരു സംശയവുമില്ല. പക്ഷേ, ഇവിടെ ഒരു പ്രശ്നം, മൂന്ന് മതവിഭാഗങ്ങളിൽപ്പെട്ട ആളുകളിൽ ചിലർ omit ചെയ്യപ്പെട്ടിരിക്കുന്നു എന്നതാണ്. ആതുരസേവന രംഗത്തും വിദ്യാഭ്യാസ രംഗത്തും കേരളത്തെ ഈ നിലയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരുന്നതിൽ ഏറ്റവും വലിയ സംഭാവന ചെയ്ത കന്യാസ്ത്രീ മഠത്തിലെ പാവങ്ങളായ കന്യാസ്ത്രീകൾക്ക് നേരത്തെ റേഷൻ പെർമിറ്റുണ്ടായിരുന്നു. ആ പെർമിറ്റ് ക്യാൻസൽ ചെയ്തുവെന്ന് മാത്രമല്ല, പുതിയ

റേഷൻ സംവിധാനം വന്നപ്പോൾ അവർക്ക് റേഷൻ കാർഡുമില്ല. അവർ ഇന്ത്യൻ പൗരൻമാരല്ലേ? ആ പാവങ്ങളോട് ഇത്ര ക്രൂരത എന്തുകൊണ്ട് സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നുണ്ടായി എന്ന് ബഹുമാനപ്പെട്ട മന്ത്രി അന്വേഷിക്കണം. അന്വേഷിച്ചാൽ മാത്രം പോരാ, നിർബന്ധമായി ഇന്നുതന്നെ അവർക്ക് റേഷൻ നൽകാനുള്ള നടപടി സ്വീകരിക്കണം എന്നതാണ് പ്രധാനപ്പെട്ട കാര്യം. മുസ്ലീം അനാഥ മന്ദിരങ്ങളിൽ താമസിക്കുന്ന അനാഥരായ പാവപ്പെട്ട കുഞ്ഞുങ്ങളും റേഷൻ കാർഡിൽനിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു. അവർക്കും റേഷനില്ല. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്? അനാഥ മന്ദിരങ്ങളിൽ താമസിക്കുന്ന പാവങ്ങൾക്ക് റേഷൻ നൽകുന്നില്ലെന്നു പറഞ്ഞാൽ അവരും നമ്മുടെ പൗരന്മാരല്ലേ; അവർക്കും റേഷൻ ലഭിക്കണ്ടേ; അവർ ഭക്ഷണം കഴിക്കണ്ടെ എന്നുപറയാൻ നമുക്ക് കഴിയുമോ? പൂജ ചെയ്ത് ക്ഷേത്രവുമായി ബന്ധപ്പെട്ട് ജീവിക്കുന്ന ഹൈന്ദവ സമുദായ ക്ഷേത്രങ്ങളിലുള്ള പൂജാരിമാർക്കും റേഷനില്ല. എന്തുകൊണ്ട് ഈ മൂന്ന് മതവിഭാഗങ്ങളിൽപ്പെട്ട ഇതുപോലുള്ള പാവങ്ങളെ റേഷൻ സംവിധാനത്തിൽ നിന്നൊഴിവാക്കി എന്നത് എനിക്ക് മനസ്സിലാകുന്നില്ല. ഞാൻ കുറ്റപ്പെടുത്തുകയല്ല, തെറ്റിദ്ധരിക്കരുത്. ബഹുമാനപ്പെട്ട മന്ത്രി അറിഞ്ഞുകൊണ്ട് ചെയ്തതാണെന്ന് ഞാൻ കരുതുന്നില്ല. ഏതായാലും ഇക്കാര്യത്തിൽ ഉടൻ നടപടിയുണ്ടാകണം. ഇന്നുതന്നെ ഈ മൂന്ന് മേഖലയിലുള്ളവർക്കും റേഷൻ പെർമിറ്റ് നൽകുന്നതിനുള്ള ഉത്തരവുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ദേശീയ ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പാക്കിയത് 2016 നവംബർ മാസം മുതലാണ്. ഈ കാലയളവുവരെ കേന്ദ്രവിഹിതമായി 16 ലക്ഷം മെട്രിക് ടൺ ധാന്യം ലഭിച്ചിരുന്നു. എന്നാൽ ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കിയപ്പോൾ സംസ്ഥാനത്തിനുള്ള വിഹിതം 14.25 മെട്രിക് ടൺ ആയി കുറച്ചു. ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരം റേഷൻ വിഹിതം മുൻഗണനാ വിഭാഗത്തിനായി പരിമിതപ്പെടുത്തുകയും മുൻഗണനേതര വിഭാഗത്തിലുള്ളവരുടെ റേഷൻ വിഹിതം നിർത്തലാക്കുകയും ചെയ്തു. എന്നാൽ ടൈഡ് ഓവർ വിഹിതമായി 3.99 ലക്ഷം മെട്രിക് ടൺ ധാന്യമാണ് മുൻഗണനേതര വിഭാഗങ്ങളായ പൊതുവിഭാഗം സബ്സിഡി, പൊതുവിഭാഗം നോൺ സബ്സിഡി എന്നീ വിഭാഗങ്ങൾക്ക് നൽകി വരുന്നത്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിൽ വരുത്തുന്നതിനുമുമ്പ് അഡ്ഹോക് ഉൾപ്പെടെ 8.2 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യമാണ് എ.പി.എൽ. വിഭാഗത്തിനായി പ്രതിവർഷം ലഭിച്ചിരുന്നത്. ടി വിഹിതത്തിൽനിന്ന് ഗുണഭോക്താക്കൾക്കുള്ള റേഷൻ വിതരണത്തിനു ശേഷം അധികം ലഭ്യമാകുന്നവ നീക്കി ബാക്കിയിൽ നിന്നാണ് എ.പി.എൽ. എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റുകൾക്ക്

ഭക്ഷ്യധാന്യം അനുവദിച്ചു നൽകിയിരുന്നത്. എന്നാൽ ഭക്ഷ്യഭദ്രതാ നിയമം നടപ്പിൽ വരുത്തിയതുമൂലം മുൻഗണനേതര വിഭാഗത്തിൽ പ്രതിവർഷം 4.2 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യത്തിന്റെ കുറവുണ്ടായി. മേൽസാഹചര്യത്തിൽ മുൻഗണനേതര വിഭാഗങ്ങൾക്ക് പ്രതിമാസം വിഹിതമായി മതിയായ അളവിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിന് സാധിക്കാത്ത സാഹചര്യമാണുള്ളത്. ആയതിനാൽ എ.പി.എൽ. വിഭാഗങ്ങൾക്ക് എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റ് വഴി നൽകിവന്നിരുന്ന വിഹിതം താൽക്കാലികമായി നിർത്തിവയ്ക്കാൻ നിർബന്ധിതമായി. ടൈഡ് ഓവർ വിഹിതം വർദ്ധിപ്പിച്ചുകിട്ടുന്നതിനായി പലപ്രാവശ്യം കേന്ദ്രസർക്കാരിലേക്ക് കത്തുകൾ നൽകിയിരുന്നെങ്കിലും ഇതുവരെ അനുകൂലമായ തീരുമാനം ലഭ്യമായിട്ടില്ല. ടൈഡ് ഓവർ വിഹിതം കേന്ദ്ര സർക്കാർ വർദ്ധിപ്പിക്കുന്ന മുറയ്ക്ക് എ.പി.എൽ. എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റുകൾക്കുള്ള വിഹിതം തുടർന്നും നൽകാൻ കഴിയുന്നതാണ്. എന്നാൽ അഗതി മന്ദിരങ്ങൾ, ആതുരാലയങ്ങൾ തുടങ്ങിയ ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്ക് വെൽഫെയർ സ്കീമിൽ ഉൾപ്പെടുത്തി ഭക്ഷ്യധാന്യം അനുവദിക്കുന്നുണ്ട്. കേന്ദ്രസർക്കാരിന്റെ നിബന്ധനകൾക്ക് വിധേയമായി കൂടുതൽ സ്ഥാപനങ്ങളെ പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിച്ചുവരുന്നു. ഇപ്രകാരം കൂടുതൽ സ്ഥാപനങ്ങളെ ഉൾപ്പെടുത്തുന്ന മുറയ്ക്ക് കന്യാസ്ത്രീ മഠങ്ങളിലെ അന്തേവാസികൾക്കും മറ്റ് പരിഗണനാർഹമായ ആരാധനാലയങ്ങളിലെ അന്തേവാസികൾക്കും അർഹതയനുസരിച്ച് റേഷൻ പെർമിറ്റ് അനുവദിക്കുന്നതാണ്.

(8) ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണം

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, അരൂരിലെ വിവിധ ഗ്രാമീണ റോഡുകൾ തകർന്നുതരിപ്പണമായി കിടക്കുകയാണ്. തെരഞ്ഞെടുപ്പ് കഴിഞ്ഞിട്ട് കുറച്ചുദിവസം മാത്രമേ ആയിട്ടുള്ളൂ. ബഹുമാന്യരായ മന്ത്രിമാരടക്കം ഈ സഭയിലെ ഏകദേശം എല്ലാ അംഗങ്ങളും കഴിഞ്ഞ രണ്ടാഴ്ചയ്ക്കുമുമ്പ് അരൂരിൽ ഉണ്ടായിരുന്നതാണ്. ഈ ഒരാഴ്ചയ്ക്കുള്ളിൽ ഏറ്റവും കൂടുതലാളുകൾ ഫോണിൽ വിളിച്ചും നേരിട്ട് കണ്ടും പറയുന്നത്, സ്കൂളിൽ പോകുന്ന കുട്ടികളുൾപ്പെടെ റോഡിലെ കുഴികളിൽ വീണ് നടക്കാൻ കഴിയാത്ത ഒരവസ്ഥയുണ്ടാകുന്നുവെന്നാണ്. ഒരുപക്ഷേ, ഗ്രാമീണ റോഡുകളിലെ കുഴികളിൽ വീണ് കയ്യും കാലും ഒടിഞ്ഞിട്ടുള്ളത് കണക്കെടുത്താൽ ഏറ്റവും കൂടുതൽ അരൂർ നിയോജക മണ്ഡലത്തിലെ ആളുകളായിരിക്കും. ഞാൻ അതിൽ ആരെയും കുറ്റപ്പെടുത്തുന്നില്ല. ഇതിൽ അമ്പതോളം റോഡുകളുടെ പേര് പറയേണ്ടതായിട്ടുണ്ടെങ്കിലും ഞാൻ അതിലേക്ക് കടക്കുന്നില്ല. അന്ധകാരനഴി-

ചെല്ലാനം തീരദേശ റോഡിൽ പ്രതിഭാ സ്റ്റോപ്പ്-വടക്കേക്കാട് കോളനി റോഡ്, ചാവടി-റ്റി.ഡി.സ്കൂൾ-പുത്തൻകാവ് എൻ.എച്ച്. റോഡ്, പാട്ടുകുളങ്ങര-ആലുങ്കര-ചൂളങ്കൽ റോഡ്, തുറവൂർ റെയിൽവേ സ്റ്റേഷൻ-എൻ.സി.സി. റോഡ്, എൻ.എച്ച്. ഒളവൈപ്പ് റോഡ്, കുവക്കാട്-മാളിയേക്കൽ റോഡ്, എൻ.എച്ച്. കാക്കത്തുരുത്ത്-തോട്ടപ്പള്ളി അമ്പലം റോഡ്, ചന്തിരൂർ-മാർക്കണ്ഡേയം റോഡ്, ഇല്ലത്തുപടി-പള്ളിച്ചിറക്കാവ്-കോട്ടപ്പുറം-അരൂർ പള്ളി റോഡ്, പി.എസ്.എച്ച്.എസ്. സെന്റ് മേരീസ് സ്കൂൾ റോഡ്, സെന്റ് മേരീസ് ഭജനശാല പറമ്പ് റോഡ്, കളത്തിൽക്ഷേത്രം ജംഗ്ഷൻ എം.എൽ.എ. റോഡ്, ചെറുകാട് റോഡ്, പനയ്ക്കൽക്ഷേത്രം റോഡ്, പള്ളിച്ചന്ത-വള്ളിക്കാട്ടുകോളനി റോഡ്, പഞ്ചായത്ത് ഓഫീസ് ഊടുവഴി റോഡ്, ബ്ലോക്ക് ഓഫീസ് നാൽപ്പത്തണ്ണീശ്വരം റോഡ്, നാൽപ്പത്തണ്ണീശ്വരം-വീരമംഗലം റോഡ്, നീലംകുളങ്ങര-കുഞ്ചരം റോഡ്, ലിസിയം-ശ്രീകണ്ഠേശ്വരം റോഡ്, പാണാവള്ളി ജെട്ടി-മാനംകുറിച്ചി മുസ്ലീം പള്ളി റോഡ്, എസ്.എൻ.ഡി.പി. ജംഗ്ഷൻ ചേലാട്ടുഭാഗം റോഡ്, തൃച്ചാറ്റുകുളം നോർത്ത് അന്നപൂർണ്ണേശ്വരി റോഡ്, വാഴത്തറവെളി-മില്ലിങ്കൽ റോഡ്, തേമ്പാടി-അരയങ്കാവ് റോഡ്, തുടങ്ങി അരൂർ നിയോജകമണ്ഡലത്തിൽ സഞ്ചാരയോഗ്യമായ ഒരുറോഡും ഇല്ല. തെരഞ്ഞെടുപ്പ് കാലഘട്ടത്തിൽ അവിടെയുള്ളവർ ഏറ്റവും കൂടുതൽ ആവശ്യപ്പെട്ടത് റോഡുകൾ സഞ്ചാരയോഗ്യമാക്കി നൽകണമെന്നതാണ്. അതുകൊണ്ട് ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും അവിടത്തെ ശോചനീയാവസ്ഥ ബോധ്യമുള്ളതുകൊണ്ട് എന്തെങ്കിലും തരത്തിൽ സ്പെഷ്യൽ പാക്കേജ് അനുവദിച്ച് അരൂർ നിയോജകമണ്ഡലത്തിലെ റോഡുകൾ സഞ്ചാരയോഗ്യമാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, അരൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽപ്പെട്ട 5 ഗ്രാമപഞ്ചായത്തുകളിലായി ഏകദേശം 48.68 കിലോമീറ്റർ റോഡും പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിലുൾപ്പെടുന്ന 5 ഗ്രാമപഞ്ചായത്തുകളിലായി ഏകദേശം 52.47 കിലോമീറ്റർ റോഡുകളുമാണ് പുനരുദ്ധാരണം നടത്താനായിട്ടുള്ളത്. ആകെ പത്ത് പഞ്ചായത്തുകളിലായി പുനരുദ്ധാരണത്തിന് ആവശ്യമായി വരുന്ന തുക ഏകദേശം 1792.90 ലക്ഷം രൂപയാണ്. പട്ടണക്കാട് ബ്ലോക്കിന് കീഴിലുള്ള 5 ഗ്രാമപഞ്ചായത്തുകളിലായി 446.62 ലക്ഷം രൂപയും തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 5 പഞ്ചായത്തുകളിലായി 481.15 ലക്ഷം രൂപയും റോഡ് മെയിന്റനൻസ് ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്.

അരൂർ നിയോജകമണ്ഡലത്തിലെ തകർന്നുകിടക്കുന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി പഞ്ചായത്തുകൾ തങ്ങളുടെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ മെയിന്റനൻസ് ഗ്രാന്റ് (റോഡ്), തനത് ഫണ്ട് എന്നിവ ഉപയോഗിച്ച് പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. അരൂർ നിയോജകമണ്ഡലത്തിലെ 10 ഗ്രാമപഞ്ചായത്തുകളിലായി ആകെ 4,88,32,183 രൂപ അടങ്കൽ തുകയുള്ള പ്രോജക്ടുകൾ പഞ്ചായത്തുകൾ അംഗീകരിച്ച് കഴിഞ്ഞിട്ടുണ്ട്. ആയതിൽ 1,16,26,844 രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ വലിയ തോതിലുള്ള മഴയായിരുന്നു ഇപ്പോഴും ഉണ്ടായിരുന്നത്. അതിന്റെ ഭാഗമായി പല പ്രവൃത്തികളുടെയും നിർവ്വഹണത്തിൽ കാലതാമസം വന്നിട്ടുണ്ട് എന്നുള്ളത് വസ്തുതയാണ്. അത് അരൂരിലെ മാത്രം പ്രശ്നമല്ല, കേരളത്തിലെ മിക്കവാറും എല്ലാ ഗ്രാമപഞ്ചായത്തുകളിലും നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട ഈ തടസ്സം അതിവർഷത്തിന്റെ ഭാഗമായി ഉണ്ടായിട്ടുണ്ട്. അതുപോലെ പ്രളയത്തിന്റെ ഭാഗമായി വന്നിട്ടുള്ള കെടുതികളുടെ നിർമ്മാണ പ്രവർത്തനങ്ങളും നടക്കുകയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്ന പുനർനിർമ്മാണ പ്രവൃത്തികൾക്കുപുറമെ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി അരൂർ മണ്ഡലത്തിലെ 5 റോഡുകൾ ഉൾപ്പെടുത്തുന്നതിനായി കിഫ്ബിയുടെ നേതൃത്വത്തിൽ പ്രാഥമിക പരിശോധന നടത്തിയിട്ടുണ്ട്. അവയുടെ ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തി ഇതിനായി രൂപീകരിച്ച Project Management Unit (PMU)-ന്റെ നേതൃത്വത്തിൽ നടക്കുകയും ചെയ്യും. ഈ മഴക്കാലം കഴിഞ്ഞാൽ മിക്കവാറും എല്ലാ റോഡുകളുടെയും പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്.

(9) സ്ഥലവും കെട്ടിടവും അനുവദിക്കൽ

ശ്രീ. കെ. ഡി. പ്രസേനൻ: സർ, പാലക്കാട് ജില്ലയിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്ത ഏക സർക്കാർ ഹൈസ്കൂളാണ് കുഴൽമന്ദം ഗവൺമെന്റ് ഹൈസ്കൂൾ. നാലഞ്ചുവർഷം മുമ്പ് എൻ.എച്ച്.-ന്റെ വൈഡനിംഗ് വന്നപ്പോൾ വാടകയ്ക്ക് പ്രവർത്തിച്ചിരുന്ന ആ വിദ്യാലയത്തിന്റെ പകുതിഭാഗം നഷ്ടപ്പെട്ടു. ആ സന്ദർഭത്തിൽ യു.പി. സെക്ഷൻ പ്രസ്തുത കെട്ടിടത്തിൽ നിലനിർത്തി ഒരു കിലോമീറ്റർ അപ്പുറത്തുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ താൽക്കാലിക ഷെഡ്ഡിലാണ് ഹൈസ്കൂൾ വിഭാഗം പ്രവർത്തിച്ചിരുന്നത്. യു.പി. സെക്ഷൻ പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിന്റെ ഉടമ കഴിഞ്ഞ 5 വർഷമായി മെയിന്റനൻസ് നടത്തുന്നില്ല. സ്കൂൾ തകർന്ന തരിപ്പണമായി കിടക്കുകയാണ്. നിരവധി ദൃശ്യ-മാധ്യമങ്ങളിൽ ഈ വാർത്ത സംപ്രേഷണം ചെയ്തു. ഹൈസ്കൂൾ പ്രവർത്തിക്കുന്ന ബ്ലോക്ക്

പഞ്ചായത്തിലെ താൽക്കാലിക ഷെഡ്ഡിൽനിന്ന് ഈ സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം പുതുക്കിപ്പണിയുന്നതിന്റെ ഭാഗമായി അടിയന്തരമായി മാറിത്തരണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ രണ്ടുവർഷവും ഈ വിദ്യാലയത്തിൽ എസ്.എസ്.എൽ.സി. പരീക്ഷാഫലത്തിൽ നൂറ് ശതമാനം വിജയമാണ് നേടിയിരിക്കുന്നത്. കർഷകത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ഈ പ്രദേശത്ത് സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്ത കുഴൽമന്ദം ഗവൺമെന്റ് ഹൈസ്കൂളിന് അവ ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, കുഴൽമന്ദം ഗവൺമെന്റ് ഹൈസ്കൂൾ നിലവിൽ സ്വകാര്യവ്യക്തിയുടെ ഉടമസ്ഥതയിൽ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഹൈസ്കൂൾ വിഭാഗം ക്ലാസ്സുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിട സൗകര്യങ്ങൾ ഇവിടെ ഇല്ലാത്തതിനാൽ ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. 01.06.2019 വരെയുള്ള വാടക പുനർനിർണ്ണയിച്ച് നൽകിയിട്ടുണ്ടെങ്കിലും കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്താതെ വാടക തുക ഉയർത്തി നൽകണമെന്നും അല്ലാത്തപക്ഷം സ്കൂൾ കെട്ടിടം വിട്ടുനൽകണമെന്നുമാണ് ഉടമ ആവശ്യപ്പെട്ടിരിക്കുന്നത്. സ്കൂൾ കെട്ടിടം പണിയുന്നതിനായി ഒരു വ്യക്തി 0.51 ഹെക്ടർ സ്ഥലം വിട്ടുനൽകാൻ തയ്യാറായിട്ടുണ്ട്. കുഴൽമന്ദം വില്ലേജിൽ ഉൾപ്പെട്ട പ്രസ്തുത സ്ഥലം നികത്തുന്നതിനായി കുഴൽമന്ദം ഗവൺമെന്റ് ഹൈസ്കൂൾ സമർപ്പിച്ച അപേക്ഷയിൽ കൃഷി വകുപ്പ് പരിശോധന നടത്തിയതിൽനിന്നും ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതാണ് പ്രസ്തുത സ്ഥലമെന്നും ഭക്ഷ്യ-ജല-പാരിസ്ഥിതിക-ജൈവ വൈവിധ്യ മാനദണ്ഡങ്ങളിൽ പ്രാധാന്യമർഹിക്കുന്ന സ്ഥലമായതിനാൽ യാതൊരു തരത്തിലുള്ള പരിവർത്തനങ്ങളും ടി പ്രദേശത്ത് അനുവദനീയമല്ലെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ റിപ്പോർട്ട് ഇപ്പോൾ കൃഷി വകുപ്പിൽ പരിശോധിച്ചുവരികയാണ്. പ്രസ്തുത സ്ഥലം പരിവർത്തനം ചെയ്യാൻ സാധിക്കാത്തപക്ഷം സ്കൂളിനായി പുതിയ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

11.00 A.M.]

(10) കെട്ടിട നിർമ്മാണം

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് കേരളത്തിലെ ഏറ്റവും ഭാവനാസമ്പന്നമായ ഒരു പദ്ധതിയായിരുന്നു ഗവൺമെന്റ്/എയ്ഡഡ് കോളേജുകളില്ലാത്ത എല്ലാ മണ്ഡലങ്ങളിലും കോളേജ് ആരംഭിക്കുകയെന്നത്. അതനുസരിച്ച് മങ്കടയിൽ കോളേജ് ആരംഭിക്കുന്നതിനായി അഞ്ച് ഏക്കർ സ്ഥലം വിട്ടുനൽകുകയും എം.എൽ.എ-യുടെ ആസ്തി വികസന

ഫണ്ടിൽനിന്നും അഞ്ച് കോടി രൂപ നൽകുകയും കോളേജിന്റെ പണി ആരംഭിക്കുകയും ചെയ്തു. കെട്ടിടം പണി ഏകദേശം പൂർത്തിയായി. സമയത്ത് ബിൽ പേ ചെയ്യാത്തതുകൊണ്ടാണ് ഇത്രയും കാലതാമസമുണ്ടായത്. ആറ് മാസമായി വകുപ്പുമന്ത്രിയോടും ഹയർ എഡ്യൂക്കേഷൻ സെക്രട്ടറിയോടും ഫണ്ട് അനുവദിക്കുന്ന കാര്യം ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഫണ്ട് അനുവദിച്ച് കെട്ടിടത്തിന്റെ പണി എത്രയുംവേഗം പൂർത്തിയാക്കി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കോളേജ് സ്വന്തം കെട്ടിടത്തിലേക്ക് മാറ്റാനുള്ള നടപടി അടിയന്തരമായി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, മങ്കട നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുന്നതിന് അധികമായി ആവശ്യമുള്ള തുക നടപ്പുസാമ്പത്തിക വർഷത്തിലെ റവന്യൂ ശീർഷകത്തിൽ അവശേഷിക്കുന്നില്ല. അഡീഷണൽ ആതറൈസേഷൻ മുഖേന തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുന്നതാണ്.

മി. സ്പീക്കർ: അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയ ശ്രീ. വി. ടി. ബൽറാമിന് വ്യക്തത വരുത്തേണ്ട കാര്യങ്ങളെ സംബന്ധിച്ച് സംസാരിക്കാൻ ശൂന്യവേളയ്ക്കുമുമ്പ് അവസരം നൽകാമെന്ന് പറഞ്ഞിരുന്നു. അങ്ങേയ്ക്ക് ആ കാര്യങ്ങൾ ഉന്നയിക്കാവുന്നതാണ്. പുതിയ കാര്യങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അതിലും വ്യക്തത വരുത്താവുന്നതാണ്. ദീർഘമായ ഒരു പ്രസംഗത്തിന് അങ്ങ് ശ്രമിക്കരുത്.

(11) വാളയാർ കേസ് അട്ടിമറി

ശ്രീ. വി. ടി. ബൽറാം: സർ, 'നീതിയില്ലെങ്കിൽ നീ തീയാവുക' എന്നാണ് പറയാറുള്ളത്. സമീപകാലത്ത് ക്രൂരമായൊരു നീതി നിഷേധമാണ് വാളയാറിൽ സംഭവിച്ചിട്ടുള്ളത്. അത് ചർച്ച ചെയ്യാൻ സാധിച്ചില്ലെങ്കിൽ മറ്റെന്ത് കാര്യമാണ് സഭയിൽ ചർച്ച ചെയ്യാൻ സാധിക്കുന്നത്? കഴിഞ്ഞ തവണ ഈ വിഷയം അവതരിപ്പിച്ചു. അതിന് ഗവൺമെന്റ് ഒരു മറുപടിയും നൽകിയിരുന്നു. പക്ഷേ, അതിനുശേഷം പുതിയ ധാരാളം വെളിപ്പെടുത്തലുകളും ആശങ്കകളും ഉയർന്നുവരികയാണ്. പ്രസ്തുത സംഭവം ആദ്യമായി ഉന്നയിച്ചതിനുശേഷം ഒരാഴ്ചയ്ക്കിടയിൽ എന്ത് നടപടിയാണ് ഗവൺമെന്റ് ഇക്കാര്യത്തിൽ സ്വീകരിച്ചത് എന്നതിനെക്കുറിച്ചാണ് എനിക്ക് അറിയാനുള്ളത്. ഇരുപത് ക്യാബിനറ്റ് മന്ത്രിമാരുണ്ട്, ജനപ്രതിനിധികളുണ്ട്, മറ്റ് ആളുകളുണ്ട്, ആരെങ്കിലും അവിടെ

സന്ദർശിക്കാനോ സംഭവങ്ങൾ വിലയിരുത്താനോ തയ്യാറായിട്ടുണ്ടോ? ഇതാണ് ഞങ്ങൾക്ക് ഉന്നയിക്കാനുള്ളത്. ഇത് ഉന്നയിക്കുമ്പോൾ എന്തിനാണ് ഭയപ്പെടുന്നത്; എന്തിനാണ് അതിൽനിന്നും ഒളിച്ചോടുന്നത്? ഈ വിഷയം ഈ സഭയിലല്ലാതെ മറ്റെവിടെയാണ് ചർച്ച ചെയ്യാൻ സാധിക്കുക? അതുകൊണ്ടാണ് ഞങ്ങൾ ഈ വിഷയം ഉന്നയിച്ചത്.

മി. സ്പീക്കർ: ഇത് റൂളിംഗ് നൽകിയ ഒരു കാര്യമാണ്. അതിനെപ്പറ്റി ഇനി ചർച്ച വേണ്ട.

ശ്രീ. വി. ടി. ബൽറാം: സർ, അങ്ങ് അടിയന്തരപ്രമേയത്തിന് അവതരണാനുമതി നൽകാതിരുന്നത് ദൗർഭാഗ്യകരമായിപ്പോയി എന്നുള്ള എന്റെ വികാരം ഈ സഭയ്ക്ക് മുന്നിൽ അവതരിപ്പിക്കുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, സീറോ അവറിൽ അടിയന്തരപ്രമേയമായി വന്ന ഒരു വിഷയത്തിൽ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം വാക്കൗട്ട് നടത്തിയശേഷം വീണ്ടും സഭയിൽ ചർച്ച ചെയ്യുന്നത് ഓർഡറിലാണോ?

ശ്രീ. വി. ടി. ബൽറാം: സർ, എന്റെ പ്രസംഗം തടസ്സപ്പെടുത്തുക എന്നുള്ളതാണ് അദ്ദേഹത്തിന്റെ ലക്ഷ്യം. ഒരു മന്ത്രി അങ്ങനെ ചെയ്യാൻ പാടില്ല.

മി. സ്പീക്കർ: അദ്ദേഹത്തിന്റെ ചോദ്യത്തിന് വ്യക്തത വരുത്തേണ്ടതുണ്ട്. അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിച്ച സമയത്തുതന്നെ ചെയർ പറഞ്ഞിരുന്നത് ശൂന്യവേളയിൽ പ്രധാനമായും ഈ വിഷയത്തിന്മേൽ സഭയിൽ ഉന്നയിക്കാത്ത കാര്യങ്ങളെന്തെങ്കിലുമുണ്ടെങ്കിൽ ഉന്നയിക്കാവുന്നതാണ് എന്നാണ്. അതിനുള്ള അവസരമാണ് അദ്ദേഹത്തിന് നൽകിയത്. അതേ അങ്ങ് ചെയ്യാൻ പാടുള്ളൂ. ദീർഘമായൊരു പ്രസംഗം നടത്തുകയാണെങ്കിൽ അതിന് സൗകര്യമുണ്ടാകില്ലെന്നുകൂടി അറിയിക്കുകയാണ്. ......(ബഹളം)...... അതൊന്നും സാധ്യമല്ല. പുതിയ കാര്യം എന്താണെന്ന് വ്യക്തമാക്കൂ.

ശ്രീ. വി. ടി. ബൽറാം: സർ, എന്നെ മന:പൂർവ്വം തടസ്സപ്പെടുത്തുകയാണ്. ബഹുമാന്യനായ മന്ത്രിയോട് ഇരിക്കാൻ പറയണം. ...(.ബഹളം).. ഈ ചർച്ച തടസ്സപ്പെടുത്താൻ കാണിക്കുന്ന താൽപ്പര്യം അവിടെ സന്ദർശിച്ച് ആ വികാരം ഉൾക്കൊള്ളാൻ ബഹുമാന്യരായ മന്ത്രിമാർക്ക് സാധിച്ചിരുന്നെങ്കിൽ നന്നാകുമായിരുന്നു. അത് തികച്ചും ദൗർഭാഗ്യകരമായിപ്പോയി. ഞാൻ വിഷയത്തിലേയ്ക്ക് കടക്കുകയാണ്. തടസ്സപ്പെടുത്താതിരുന്നാൽ മതി. ഇവിടെ ഏറ്റവും അവസാനമായി ഒരു വെളിപ്പെടുത്തൽ വന്നിരിക്കുന്നത്, പ്രതിയെന്ന്

സംശയിക്കപ്പെട്ട് പോലീസ് സ്റ്റേഷനിലേക്ക് ചോദ്യം ചെയ്യാൻ വിളിപ്പിച്ച പ്രവീൺ എന്ന 29 വയസ്സുള്ള ചെറുപ്പക്കാരൻ ആത്മഹത്യ ചെയ്തതിനെക്കുറിച്ച് പരേതന്റെ അമ്മ റാണി കഴിഞ്ഞ ദിവസമാണ് പുതിയ വെളിപ്പെടുത്തൽ നടത്തിയത്. എങ്ങോട്ടാണ് ഈ രാജ്യം പോകുന്നതെന്ന ചോദ്യമാണ് ഞങ്ങൾക്ക് ഉന്നയിക്കാനുള്ളത്. ഇവിടെ പ്രതിയെന്ന് ആക്ഷേപിക്കപ്പെട്ട് യഥാർത്ഥ പ്രതിയുടെ സുഹൃത്ത് മാത്രമായ പ്രവീണിനെ പോലീസ് സ്റ്റേഷനിലേക്ക് വിളിപ്പിച്ചു. മൂന്ന് ദിവസം കഴിഞ്ഞ് പ്രവീൺ വീട്ടിലെത്തുമ്പോൾ ദേഹമാസകലം മൂന്നാംമുറ പ്രയോഗിച്ചതിന്റെ പാടുകളും വേദനയുമായിരുന്ന ആ ചെറുപ്പക്കാരന് ചൂണ്ടിക്കാണിക്കാനുണ്ടായിരുന്നത്. തന്റെ ഉള്ളം കാൽ കാണിച്ചുകൊടുത്ത് ആ ചെറുപ്പക്കാരൻ ചോദിക്കുന്നത് 'എങ്ങനെയാണ് എനിക്ക് ജോലിക്ക് പോകാൻ സാധിക്കുക, ചെയ്യാത്ത തെറ്റിന് ഞാൻ ഇത്രയും വലിയ പീഡനമനുഭവിക്കേണ്ടിവരുന്ന ' എന്നാണ്. വീണ്ടും ചോദ്യം ചെയ്യാൻ വേണ്ടി പോലീസ് സ്റ്റേഷനിലേക്ക് വിളിപ്പിക്കാനിരുന്ന ദിവസമാണ് പ്രവീണിനെ അര കിലോമീറ്റർ അകലെയുള്ള ഒഴിഞ്ഞ പറമ്പിലെ മാവിൽ തൂങ്ങിമരിച്ച നിലയിൽ കാണപ്പെടുന്നത്. ഇവിടെയൊരു സീരിയൽ കില്ലിംഗാണ് നടക്കുന്നത്. 'കൂടത്തായി' സംഭവം ഒന്നുമല്ലെന്ന നിലയിലേക്കാണ് കാര്യങ്ങൾ പോകുന്നത്. ഒരു മരണം സംഭവിക്കുമ്പോൾ പോലീസ് ആക്ട് ചെയ്യുന്നില്ല. രണ്ടാമത്, ആ കുട്ടിയുടെ സഹോദരി മരണപ്പെടുന്നു. അവിടെയും പോലീസ് ആക്ട് ചെയ്യുന്നില്ല. പ്രതിയെന്ന് സംശയിക്കപ്പെട്ട് ഒരു ചെറുപ്പക്കാരൻ ആത്മഹത്യ ചെയ്യപ്പെടുന്നു. അവിടെയും ഒരു നടപടിയുമുണ്ടാകുന്നില്ല. ചൈൽഡ് വെൽഫെയർ കമ്മിറ്റിയുമായി ബന്ധപ്പെട്ട്, ഈ രണ്ട് കുട്ടികളുടെ സഹോദരൻ, ഏഴ് വയസ്സുള്ള, രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടിയെ അവിടെയുള്ള ഒരു ഓർഫനേജിൽ പ്രവേശിപ്പിച്ചു. ആ സ്ഥാപനത്തിന്റെ മതിൽ ചാടിക്കടന്ന് അജ്ഞാതർ ഈ ചെറിയ കുട്ടിയെ (സഹോദരനെ) കൊലപ്പെടുത്താനും അപായപ്പെടുത്താനും ശ്രമിച്ചിരുന്നുവെന്ന് സ്ഥാപനത്തിന്റെ മേധാവിയായ ഷാകിർ മൂസ കഴിഞ്ഞ ദിവസം മാധ്യമങ്ങളോട് വെളിപ്പെടുത്തിയിരുന്നു. ഇത് എവിടേയ്ക്കാണ് പോകുന്നത്? ഇതെല്ലാം പുതിയ കാര്യങ്ങളല്ലേ; ഇത് ചർച്ച ചെയ്യപ്പെടേണ്ടതല്ലേ? ഇങ്ങനെ മൂന്ന് മരണങ്ങൾ ഇതിനോടകം സംഭവിച്ചു കഴിഞ്ഞു. അതുപോലെ മറ്റുള്ളവരും ഭീഷണിയിലാണ്. ഇതുമായി ബന്ധപ്പെട്ട ഓരോ കണക്റ്റഡ് എവിഡൻസിനെയും മനഃപൂർവ്വം ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ ഇവിടെ നടക്കുന്നുവെന്നുള്ളതാണ് ആശങ്കയുയർത്തുന്ന കാര്യം. ഇതാണ് ഞങ്ങൾ ചർച്ച ചെയ്യാൻ ആഗ്രഹിക്കുന്നത്. ഇവിടെ ഞങ്ങളിത് പറയാൻ കാരണം, സംഭവം നടക്കുന്ന സമയത്തൊക്കെ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ചെയർമാനായി ശ്രീ. എൻ. രാജേഷ് ഉണ്ടായിരുന്നു. 2019 മാർച്ച് 6-നാണ് ശ്രീ. എൻ. രാജേഷിനെ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ

ചെയർമാൻ തസ്തികയിലേക്ക് നിയമിക്കുന്നത്. പ്രവീൺ മരണപ്പെടുന്നത് ഏപ്രിൽ മാസം 25-ാം തീയതിയാണ്. ഏപ്രിൽ മാസം 25-ാം തീയതിക്കുശേഷം മേയ് മാസം 3-ാം തീയതി ഇതേ രാജേഷ്, ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ചെയർമാനായ വ്യക്തി, പാലക്കാട് ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതിയിലെ കേസിൽ അപ്പോഴും അയാൾ വക്കാലത്ത് ഒഴിഞ്ഞിട്ടില്ല. ആ കേസിൽ കോടതി പറയുന്നത് ".....defence counsel absent. Represented that he is being the Chairman of Child Welfare Committee (CWC) engaged their. Hence witnesses found over" ഇത് സംഭവിക്കുന്നത് മേയ് മാസം 3-ാം തീയതിയാണ്. ഞാൻ പറഞ്ഞുവന്നത്, പ്രവീണിന്റെ മരണം നടക്കുന്ന സമയത്തും സഹോദരനെ അപായപ്പെടുത്താൻ പ്രതികൾ ശ്രമിച്ച സമയത്തും ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ നേതൃത്വം ശ്രീ. എൻ. രാജേഷിനായിരുന്നു. അതുകൊണ്ടാണ് പ്രവീണിനെ പ്രതികൾ ഭീഷണിപ്പെടുത്തിയതെന്ന് അമ്മ പറയുന്നു. പ്രതികൾ ജാമ്യത്തിലായിരുന്ന സമയത്താണ് സഹോദരനെ അപായപ്പെടുത്താൻ ശ്രമിച്ചതെന്നാണ് വാർത്ത. ഇതുകൊണ്ടാണ് ഈ വിഷയങ്ങളെല്ലാം പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നുവെന്ന് പറയുന്നത്. ഇതിലെ ഒരുഭാഗം ഇന്നലെ ചർച്ച ചെയ്തിട്ടുള്ളതുകൊണ്ട് ആ പ്രശ്നത്തിന് പരിഹാരം കാണാതെ ഈ ഗവൺമെന്റ് എന്താണ് ചെയ്യുന്നത്?

<u>മി. സ്പീക്കർ</u>: അങ്ങയുടെ നോട്ടീസിൽ പ്രവീണിന്റെ ആത്മഹത്യയെപ്പറ്റി ഇല്ലായെന്നുള്ളതാണ് നിർഭാഗ്യകരമായ ഒരു കാര്യം.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, ഈ ഗവൺമെന്റ് എന്താണ് ഇക്കാര്യത്തിൽ ചെയ്യുന്നത്; ഈ ഗവൺമെന്റ് എന്ത് നടപടി സ്വീകരിച്ചു കൊണ്ടാണ് മുന്നോട്ട് പോകുന്നത്?

<u>മി. സ്പീക്കർ</u>: അങ്ങ് എഴുതി നൽകിയ നോട്ടീസിൽ ഇതിനെപ്പറ്റിയൊന്നും രേഖപ്പെടുത്തിയിട്ടില്ല. പിന്നെ പറഞ്ഞിട്ടെന്താണ് കാര്യം?

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, ഇക്കാര്യത്തിൽ അങ്ങ് കക്ഷി പിടിക്കേണ്ട കാര്യമില്ലല്ലോ?

<u>മി. സ്പീക്കർ</u>: കക്ഷി പിടിക്കുന്നതല്ല. ഇത് നോട്ടീസിൽ പറയുന്നില്ല.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, ഇത് കേരളത്തിന്റെ പ്രശ്നമല്ലേ, ഈ വിഷയം നമ്മളല്ലാതെ പിന്നെ ആരാണ് ചർച്ച ചെയ്യേണ്ടത്?

<u>മി. സ്പീക്കർ</u>: ദൗർഭാഗ്യകരമായിപ്പോയി, അങ്ങ് സംസാരിച്ചുകഴിഞ്ഞെങ്കിൽ ഇരിക്കു**.**

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, ചൈൽഡ് വെൽഫെയർ കമ്മിറ്റിയിലെ നിയമനങ്ങളുൾപ്പെടെ ഇതിന്റെ ഭാഗമായിട്ടുണ്ട്. ഇപ്പോഴും പാലക്കാട് ചൈൽഡ് വെൽഫെയർ കമ്മിറ്റിയിലെ ഒരംഗത്തിനെതിരെ ആക്ഷേപം നിലനിൽക്കുന്നുണ്ട്. ചൈൽഡ് വെൽഫെയർ കമ്മിറ്റിയംഗം അപർണ്ണ ഇപ്പോഴും തുടരുകയാണ്. നിലവിലെ ചെയർമാൻ എൻ. രാജേഷിനെപ്പോലും ആ സ്ഥാനത്തുനിന്നും മാറ്റിയിട്ടില്ല. 'Restrained from exercising his duty' എന്നുപറഞ്ഞ് മാറ്റി നിർത്തിയിരിക്കുകയാണ്. നാളെ ആ സാഹചര്യം മാറിയാൽ അയാൾക്ക് വീണ്ടും ആ സ്ഥാനത്തേയ്ക്ക് തിരികെ വരാൻ കഴിയുന്ന അന്തരീക്ഷമാണ് അവിടെ നിലവിലുള്ളത്. ഇതുകൊണ്ടാണ് ഇക്കാര്യങ്ങൾ ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നത്. ഈ കേസ്സിന്റെ തുടക്കം മുതൽ തന്നെ കേസ്സ് അട്ടിമറിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നു. അന്വേഷണ ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ അട്ടിമറി നടക്കുന്നു. പോസ്റ്റ്മോർട്ടം റിപ്പോർട്ടിലെ കൃത്യമായുള്ള സൂചനകളുടെ അടിസ്ഥാനത്തിൽ അന്വേഷണം മുന്നോട്ടുപോകുന്നില്ല; ഇവിടെ പ്രോസിക്യൂഷന്റെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചയുണ്ടാകുന്നു. അവിടെയൊക്കെ ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർമാന്റെ ഇടപെടലുകളുണ്ടോ എന്ന സംശയം ഉയരുന്ന സാഹചര്യത്തിലാണ് ഞങ്ങൾ ഇത് പറയുന്നത്. കൊല്ലപ്പെട്ട പെൺകുട്ടികളുടെ അമ്മ ഏതാനും നിമിഷം മുമ്പുവരെ, ഇവിടെ അരിവാൾ പാർട്ടിയുടെ ഇടപെടലുണ്ടായിട്ടുണ്ടെന്ന് പറഞ്ഞത് എന്നെ ആരും ഭീഷണിപ്പെടുത്തി പറയിപ്പിച്ചതല്ല, ഞാൻ സ്വമേധയാ പറഞ്ഞതാണെന്നാണ്. ...(ബഹളം)...

<u>മി. സ്പീക്കർ</u>: പ്രതിപക്ഷത്തിന്റെ എല്ലാ അവകാശങ്ങളുമുണ്ടെന്ന് കരുതി ചെയറിനെ ഇങ്ങനെ സമ്മർദ്ദത്തിലാക്കരുത്. അത് ശരിയല്ല. അങ്ങ് ഇരിക്കൂ.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, ഞാൻ സ്വമേധയാ പറഞ്ഞതാണെന്ന് പെൺകുട്ടിയുടെ അമ്മ പറഞ്ഞ കാര്യമല്ലാതെ മറ്റെന്ത് കാര്യമാണ് നമ്മൾ ചർച്ച ചെയ്യേണ്ടത്?

<u>മി. സ്പീക്കർ</u>: ഇനി ഞാൻ മൈക്ക് ഓഫാക്കും. അങ്ങ് ഇരിക്കൂ. .....(ബഹളം)...

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, ഇങ്ങനെയുള്ള കാര്യങ്ങളല്ലാതെ മറ്റെന്ത് കാര്യമാണ് നമ്മൾ ചർച്ച ചെയ്യേണ്ടത്; എന്തിനാണ് ഈ ചർച്ചയെ ഇങ്ങനെ ഭയപ്പെടുന്നത്? ഇക്കാര്യത്തിൽ ഗവൺമെന്റ് നടപടിയെടുക്കണം.

<u>മി. സ്പീക്കർ</u>: മൈക്ക് ഇത്രയും നേരത്തേക്ക് മാത്രമേ അനുവദിക്കാൻ കഴിയൂ. അങ്ങ് ഇരിക്കൂ.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, മൈക്ക് അനുവദിക്കാൻ പറയൂ......

മി. സ്പീക്കർ: അങ്ങനെ ദീർഘമായ പ്രസംഗമൊന്നും അനുവദിക്കാൻ കഴിയില്ല. അങ്ങയുടെ നോട്ടീസിൽ ഇതൊന്നും ഉണ്ടായിരുന്നില്ല. അത് എന്റെ കുറ്റമല്ല.

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഈ സംഭവത്തിനുശേഷം മരിച്ച പെൺകുട്ടികളുടെ അമ്മയെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽ കൊണ്ടുവന്ന് കാലുപിടിപ്പിക്കുകയല്ലാതെ മറ്റെന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാൻ തയ്യാറാണോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇക്കാര്യങ്ങൾ ഇവിടെ നേരത്തെ വ്യക്തമാക്കിയതാണ്. അതിന്റെ ആവർത്തനത്തിലേക്ക് കടക്കേണ്ടതില്ല. ഇവിടെ പുതിയതായി പറഞ്ഞ കാര്യം, ഒരു ചെറുപ്പക്കാരൻ ആത്മഹത്യ ചെയ്തതിനെക്കുറിച്ചാണ്. അവിടെ നടന്ന ഗുരുതരമായ കുറ്റകൃത്യത്തിന്റെ കാര്യത്തിൽ കേസിന്റെ അന്വേഷണം നടക്കുമ്പോൾ പ്രദേശവാസികളായ നിരവധിപേരെ പോലീസ് നിരീക്ഷിക്കുകയും ചോദ്യം ചെയ്യുകയും ചെയ്തിരുന്നു. അത് സ്വാഭാവികമാണ്. കേസ്സന്വേഷണത്തിനിടയിൽ 2017 ഏപ്രിൽ 25-നാണ് അട്ടപ്പള്ളം സ്വദേശിയായ പ്രവീൺ ആത്മഹത്യ ചെയ്തത്. ഇക്കാര്യത്തിൽ വാളയാർ പോലീസ് സ്റ്റേഷനിൽ ക്രിമിനൽ നടപടിക്രമം 174 വകുപ്പുപ്രകാരം ക്രൈം 363/17 ആയി കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണവും നടത്തിയിരുന്നു. പെൺകുട്ടികൾ മരണപ്പെട്ട കേസിൽ കൂട്ടുകാരനെ അറസ്റ്റ് ചെയ്തതിനാലും താനും പ്രതിയാക്കപ്പെട്ടുമോ എന്ന ഭയത്താലുമാണ് പ്രവീൺ ആത്മഹത്യ ചെയ്തതെന്നാണ് പോലീസ് അന്വേഷണത്തിൽ മനസ്സിലായത്. അപ്രകാരം കേസ്സ് തീർപ്പാക്കിയിട്ടുമുണ്ട്.

ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജുവനൈൽ ജസ്റ്റിസ് ബോർഡ് എന്നിവിടങ്ങളിലെ അംഗങ്ങളെ നിയമം അനുശാസിക്കുന്ന രീതിയിൽ മാത്രമേ നിയമിക്കുകയുള്ളൂ. ഇവിടെ ഈ കുട്ടികളുടെ അമ്മയും മറ്റും എന്നെ വന്നുകണ്ടിരുന്നു. ഈ കേസ്സ് സംബന്ധിച്ച് സി.ബി.ഐ. അന്വേഷണമാണ് അവർ ആവശ്യപ്പെട്ടത്. ഇക്കാര്യത്തിൽ കോടതിവിധി വന്നതുകൊണ്ട് സർക്കാരിന് ഏകപക്ഷീയമായി തീരുമാനമെടുക്കാൻ കഴിയില്ല. സാധാരണ നിലയ്ക്ക് കോടതി തന്നെയാണ് ഇക്കാര്യത്തിൽ എന്തു ചെയ്യണമെന്ന് തീരുമാനിക്കേണ്ടത്. ആ രക്ഷിതാക്കളോട് അന്ന് ഞാൻ പറഞ്ഞത്, സർക്കാർ അപ്പീൽ കൊടുക്കുമ്പോൾ ചില കാര്യങ്ങൾ കൂടി കോടതിയുടെ മുമ്പാകെ പറയുന്നുണ്ട്, എന്നാൽ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് നിങ്ങൾ കോടതിയെ സമീപിക്കുകയാണെങ്കിൽ നിങ്ങളുടെ ആവശ്യത്തെ അനുകൂലിക്കുന്ന സമീപനം സർക്കാർ സ്വീകരിക്കുമെന്നാണ്. ആ നിലപാട് തന്നെയാണ് സർക്കാരിന് ഇപ്പോഴുമുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല):സർ, അങ്ങയിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിലേക്ക് ഒരു പ്രധാനപ്പെട്ട കാര്യം പറയാനുണ്ട്. ചീഫ് സെക്രട്ടറി ശ്രീ. ടോം ജോസ് സംസ്ഥാന ക്യാബിനറ്റ് സെക്രട്ടറിയാണ്. ക്യാബിനറ്റിന്റെ ഔദ്യോഗിക നിലപാടാണ് അദ്ദേഹം അറിയിക്കേണ്ടത്. ഇന്നദ്ദേഹം 'Times of India'-യിൽ എഴുതിയ ലേഖനത്തിൽ "It is like war: kill or be killed." എന്നാണ്. ഭരണ ഘടനയിലെ Article 21 പറയുന്നത്, " Protection of Life And Personal Liberty" എന്നാണ്. അദ്ദേഹം ഈ ലേഖനത്തിൽ പറയുന്നത്, വെടിയേറ്റ് മരിച്ച മാവോയിസ്റ്റുകൾക്ക് ആർട്ടിക്കിൾ 21 ബാധകമല്ല എന്നാണ്. ഇന്ത്യൻ ഭരണഘടന പ്രകാരം അടിയന്തരാവസ്ഥ സമയത്ത് മാത്രമേ ആർട്ടിക്കിൾ 21 ഓപ്പറേഷണൽ അല്ലാതാകുന്നുള്ളൂ. സംസ്ഥാനത്ത് ഇപ്പോൾ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരിക്കുകയാണെന്ന് സംസ്ഥാന ക്യാബിനറ്റ് സെക്രട്ടറി തന്നെ അറിയിച്ചിരിക്കുന്നത് തീർത്തും ഗൗരവമായ കാര്യമാണ്. അദ്ദേഹത്തിന്റെ ഒരു വാചകംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. " There is no rationale in stating that Maoists who indulge in armed conflict have got the same human rights and privileges as normal citizens." വളരെ ഗൗരവമുള്ളൊരു കാര്യമാണ്. ചീഫ് സെക്രട്ടറി ഇങ്ങനെ പറയാൻ പാടില്ല. ഏതെങ്കിലും മാവോയിസ്റ്റുകൾ കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ അത് വേറെ കാര്യം; നിയമപരം. പക്ഷേ, അവർക്ക് ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന ആർട്ടിക്കിൾ 21 അനുസരിച്ച് Protection of life and liberty ഇല്ലെന്നാണ് ക്യാബിനറ്റ് സെക്രട്ടറി പറയുന്നത്. കേരളത്തിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരിക്കുകയാണോ? ഇത് വളരെ ഗൗരവമുള്ള വിഷയമാണ്. അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഗവൺമെന്റ് ഇക്കാര്യം പരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. പിണറായി വിജയൻ: സർ, ചീഫ് സെക്രട്ടറിയുടെ ലേഖനം ഞാൻ കണ്ടിട്ടില്ല. എന്നാൽ, മാവോയിസ്റ്റുകൾ അവിടെ ഭക്ഷണം കഴിക്കുകയായിരുന്നു എന്നൊക്കെയുള്ള വാർത്തകൾ ഇപ്പോൾ വന്നുകൊണ്ടിരിക്കുന്നുണ്ട്. ഇവിടെ പോലീസ് റോന്തുചുറ്റുന്ന ഘട്ടത്തിൽ അവർക്കുനേരെ വെടിയുതിർക്കുകയാണ് ചെയ്തത്. അതിന്റെ ഭാഗമായാണ് തിരിച്ചും വെടിവച്ചത്. അത് സ്വയരക്ഷയ്ക്കുള്ളതാണ്. ഈ പറഞ്ഞ ആർട്ടിക്കിളിന്റെ ഭാഗമൊന്നും അതിൽ വരുന്നില്ല. മാവോയിസ്റ്റുകളുടെ സാന്നിധ്യമുണ്ടോയെന്ന് നോക്കാൻ റോന്തുചുറ്റുമ്പോൾ പോലീസ് സംഘത്തിന് നേരെയാണ് വെടിവയ്ക്കുന്നത്. സ്വാഭാവികമായും പോലീസ് തിരിച്ച് വെടിവച്ചിട്ടുണ്ടാകും. ഇതിനെ മറ്റൊരു രീതിയിൽ ചിത്രീകരിക്കാൻ ശ്രമിക്കുന്നത് ഒരുതരത്തിലും ശരിയായ കാര്യമല്ല. കാരണം, ഇത് ഇവിടെ മാത്രം അവസാനിക്കുന്നതല്ല, ഇവിടെ മാത്രം തീരുന്നതല്ല.

ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞ ലേഖനത്തിന്റെ കാര്യത്തിൽ എന്താണെന്ന് നോക്കിയാൽ മാത്രമേ പറയാൻ സാധിക്കുകയുള്ളൂ. ഞാൻ ആ ലേഖനം വായിച്ചിട്ടില്ല. വായിച്ചതിനുശേഷം എന്താണെന്ന് പരിശോധിക്കാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇന്ന് മറുപടി പറയണമെന്നില്ല. പിന്നീട് സഭയെ അറിയിച്ചാൽ മതി.

## V മേശപ്പുറത്തുവച്ച കടലാസുകൾ

പ്രത്യേക ലിസ്റ്റ് പ്രകാരം

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

i. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 592/2019 | ജി.ഒ..(ആർ.)നമ്പർ . 2086/2019/ഹോം | 6-8.2019 | അല്ല |
| 2 | 595/2019 | ജി.ഒ..(ആർ.റ്റി.) നമ്പർ2028/2019/ഹോം | 1-8-2019 | അല്ല |
| 3 | 668/2019 | ജി.ഒ..(ആർ.റ്റി.) നമ്പർ 1519/2019/ഹോം | 13-6-2019 | അല്ല |
| 4 | 669/2019 | ജി.ഒ..(ആർ.റ്റി.) നമ്പർ 2397/2019/ഹോം | 4-9-2019 | അല്ല |
| 5 | 670/2019 | ജി.ഒ..(ആർ.റ്റി.) നമ്പർ 2040/2019/ഹോം | 3-8-2019 | അല്ല |
| 6 | 682/2019 | ജി.ഒ..(പി.) നമ്പർ 36/2019/ഹോം | 25-9.019 | അല്ല |
| 7 | 691/2019 | ജി.ഒ..(എം.എസ്.) നമ്പർ 142/2019/ഹോം | 28-9-2019 | അല്ല |
| 8 | 696/2019 | ജി.ഒ..(എം.എസ്.) നമ്പർ 143/2019/ഹോം | 30-9-2019 | അല്ല |
| 9 | 697/2019 | ജി.ഒ..(എം.എസ്.) നമ്പർ 143/2019/ഹോം | 30-9-2019 | അല്ല |
| 10 | 713/2019 | ജി.ഒ..(എം.എസ്.) നമ്പർ 21/2019/വിജ് | 1-10-2019 | അല്ല |
| 11 | 756/2019 | ജി.ഒ..(ആർ.റ്റി.) നമ്പർ 1645/2019/ഹോം | 25-6-2019 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി കൗൺസിൽ | 2017-18 | ഓഡിറ്റ് റിപ്പോർട്ട് | അതെ |

II. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

i . വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ :

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള കരകൗശല വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 2 | കേരള സംസ്ഥാന പന ഉൽപ്പന്ന വികസന തൊഴിലാളി ക്ഷേമ കോർപ്പറേഷൻ ( കെൽപാം) | 2013-14 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് | 2015-16 | വാർഷിക കണക്കുകൾ | അതെ |
| 4 | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |

III. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.
i. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 632/2019 | ജി.ഒ.(പി) നമ്പർ 33/2019/ ആർ.ഡി. | 24-6-2019 | അല്ല |
| 2 | 689/2019 | ജി.ഒ.(പി) നമ്പർ 59/2019/ആർ.ഡി. | 27-9-2019 | അല്ല |

IV. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

i. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ട് | അല്ല |

V. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 730/2019 | ജി.ഒ.(പി) നമ്പർ 155/2019/ ടാക്സസ് | 9-10-2019 | അല്ല |

VI. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

i. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷൻ | 2016-17 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 2 | ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |

VII. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

i. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2010-11<br>2011-12 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 2 | വൈലോപ്പിള്ളി സംസ്കൃതി ഭവൻ | 2015-16<br>2016-17<br>2017-18 | ഭരണ റിപ്പോർട്ട് | അതെ |
| 3 | കേരള ലളിതകലാ അക്കാദമി | 2018-19 | പ്രവർത്തന റിപ്പോർട്ടും കണക്കുകളും | അല്ല |

VIII. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, താഴെപ്പറയുന്ന കടലാസുകൾ പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 647/2019 | ജി.ഒ.(പി) നമ്പർ 139/2019/ടി.ഡി. | 16-9-2019 | അല്ല |
| 2 | 674/2019 | ജി.ഒ.(പി) നമ്പർ 145/2019/ടാക്സസ് | 23-9-2019 | അല്ല |
| 3 | 680/2019 | ജി.ഒ.(പി) നമ്പർ 146/2019/ടാക്സസ് | 24-9-2019 | അല്ല |
| 4 | 688/2019 | ജി.ഒ.(പി) നമ്പർ 147/2019/ടാക്സ്സ് | 26-9-2019 | അല്ല |
| 5 | 700/2019 | ജി.ഒ.(പി) നമ്പർ 149/2019/ടാക്സസ് | 30-9-2019 | അല്ല |
| 6 | 701/2019 | ജി.ഒ.(പി) നമ്പർ 148/2019/ടാക്സസ് | 30-9-2019 | അല്ല |
| 7 | 733/2019 | ജി.ഒ.(പി) നമ്പർ. 156/2019/ടാക്സസ് | 9-10-2019 | അല്ല |

IX. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 473/2019 | ജി.ഒ.(പി) നമ്പർ 55/2019/ എൽ.ബി.ആർ. | 20-6-2019 | അതെ |
| 2 | 657/2019 | ജി.ഒ.(പി) നമ്പർ 75/2019/ എൽ.ബി.ആർ. | 10-8-2019 | അല്ല |
| 3 | 694/2019 | ജി.ഒ.(പി) നമ്പർ 80/2019/എൽ.ബി.ആർ. | 6-9-2019 | അല്ല |
| 4 | 698//2019 | ജി.ഒ.(പി) നമ്പർ 87/2019/ എൽ.ബി.ആർ. | 27-9-2019 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ആട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി | 2018-19 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അല്ല |

X. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 645/2019 | ജി.ഒ.(പി) നമ്പർ 92/2019/കോഓപ്. | 27-8-2019 | അല്ല |
| 2 | 679/2019 | ജി.ഒ.(പി) നമ്പർ 97/2019/കോഓപ്. | 16-9-2019 | അല്ല |
| 3 | 717/2019 | ജി.ഒ.(പി) നമ്പർ 108/2019/ കോഓപ്. | 4-10-2019 | അല്ല |

XI. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 720/2019 | സ.ഉ.(അച്ചടി) നമ്പർ 64/2019/ത.സ്വ.ഭ.വ. | 3-10-2019 | അല്ല |
| 2 | 721/2019 | സ.ഉ(അച്ചടി) നമ്പർ 64/2019/ത.സ്വ.ഭ.വ. | 3-10-2019 | അല്ല |

XII. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 616/2019 | ജി.ഒ.(പി) നമ്പർ 28/2019/ എഫ് & പിഡി | 5-7-2019 | അല്ല |

XIII. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

i. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ:

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |

# VI റിപ്പോർട്ട് സമർപ്പണം

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഇരുപത് മുതൽ ഇരുപത്തിരണ്ട് വരെയുള്ള റിപ്പോർട്ട്

ശ്രീ. എസ്. ശർമ്മ: സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റി (2019-2021)യുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ ഇരുപതുമുതൽ ഇരുപത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

ഉപധനാഭ്യർത്ഥനകളുടെ ചർച്ചയ്ക്ക് മുമ്പായി ഉന്നയിക്കുന്നതിന് ബഹുമാനപ്പെട്ട വി. ഡി. സതീശൻ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. ക്രമപ്രശ്നമാണ് അദ്ദേഹം ഉന്നയിച്ചിരിക്കുന്നത്. എന്നാൽ ചട്ടപ്രകാരം 'ക്രമപ്രശ്നം' എന്ന നിർവ്വചനത്തിന്റെ പരിധിയിൽ വരുന്ന ഒന്നല്ല അങ്ങയുടെ കുറിപ്പ്. സർക്കാരിന്റെ വിവിധ പദ്ധതികൾക്കായി ബഡ്ജറ്റിലോ ഉപധനാഭ്യർത്ഥനയിലോ തുക വകയിരുത്താതിരുന്നത് സംബന്ധിച്ച കാര്യങ്ങൾ പൊതുവേ അതുമായി ബന്ധപ്പെട്ട ചർച്ചാവേളയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതാണ് ഇതുവരെയുള്ള നടപടിക്രമവും കീഴ്വഴക്കവും. ക്രമപ്രശ്നമായി അതിനെ ഉന്നയിക്കേണ്ട സാഹചര്യം കാണുന്നില്ല. എന്നിരുന്നാലും ശ്രീ. വി. ഡി. സതീശന് എഴുതി നൽകിയ വിഷയത്തിൽ രണ്ട് വാക്ക് സംസാരിക്കാവുന്നതാണ്.

# VII ക്രമപ്രശ്നം

റീബിൽഡ് കേരളയ്ക്ക് ലഭ്യമാക്കിയ തുക ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്താത്തത് സംബന്ധിച്ച്

ശ്രീ. വി. ഡി. സതീശൻ: സർ, ഭരണഘടന പ്രകാരവും റൂൾസ് ഓഫ് പ്രൊസീഡ്യുവർ പ്രകാരവുമാണ് ഇത്തരം കാര്യങ്ങൾ ഉപധനാഭ്യർത്ഥനയിൽ ഉണ്ടാകേണ്ടത്. ഭരണഘടനയ്ക്കും റൂൾസ് ഓഫ് പ്രൊസീഡ്യുവറിന് വിരുദ്ധമായും ഉപധനാഭ്യർത്ഥനയിൽ ഞാൻ പറയുന്ന കാര്യം ഉൾപ്പെടുത്താത്തതുകൊണ്ടാണ് പോയിന്റ് ഓഫ് ഓർഡറായി ഉന്നയിച്ചത്. ഭരണഘടനാവിരുദ്ധമായ കാര്യങ്ങൾ അഥവാ റൂൾസ് ഓഫ് പ്രൊസീഡ്യുവറിന് വിരുദ്ധമായ കാര്യങ്ങൾ സഭയിൽ നടക്കുമ്പോഴാണ് ക്രമപ്രശ്നം ഉന്നയിച്ച് അത് ഓർഡറിലല്ലെന്ന് പറയുന്നത്. ക്രമപ്രശ്നമല്ലെന്ന് പറയുന്നത് എനിക്ക് മനസ്സിലാകുന്നില്ല.

കേരള പുനർനിർമ്മാണ പദ്ധതിക്കായി "റെസിലിയന്റ് കേരള" എന്ന പദ്ധതിയുടെ പേരിൽ ലോക ബാങ്ക് കേരളത്തിന് 500 മില്യൺ ഡോളർ അനുവദിച്ചിരുന്നു. അതിൽ ഒന്നാംഘട്ട സഹായമായി 2019 സെപ്റ്റംബർ ആദ്യവാരം അതായത് ഓണത്തിനുമുൻപ് 250 മില്യൺ ഡോളർ നമുക്ക് തന്നിട്ടുണ്ട്. ആ 1780 കോടി രൂപ നമ്മുടെ അക്കൗണ്ടിൽ വന്നിട്ടുണ്ട്. ഈ രൂപ റീബിൽഡ് കേരളയുടെ അക്കൗണ്ടിലേയ്ക്ക് വകയിരുത്തിയിട്ടില്ല. സാധാരണഗതിയിൽ ഇങ്ങനെ വരുന്ന തുക അധിക ധനാനുമതിയായോ ഉപധനാഭ്യർത്ഥന വഴിയായോ നൽകുകയാണ് ചെയ്യുന്നത്. ഇന്നത്തെ ഉപധനാഭ്യർത്ഥനകളിൽ ഈ തുക റീബിൽഡ് കേരളയ്ക്കായി വകയിരുത്തിയിട്ടില്ല. യഥാർത്ഥത്തിൽ റീബിൽഡ് കേരളയ്ക്ക് വേൾഡ് ബാങ്കിൽ നിന്ന് കിട്ടിയ 1780 കോടി രൂപ ദുരിതബാധിതരായ കേരളത്തിലെ മുഴുവൻ ജനങ്ങളെയും കബളിപ്പിച്ചുകൊണ്ട് ഈ സർക്കാർ വകമാറ്റി ചെലവഴിച്ചിരിക്കുകയാണ്. അത് മറച്ചുവയ്ക്കാനാണ് ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്താതിരിക്കുന്നത്. വേൾഡ് ബാങ്ക് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് വേണ്ടി തന്ന പണം എവിടെപ്പോയിയെന്ന് ഗവൺമെന്റ് വ്യക്തമാക്കണം. ജനങ്ങളെ മുഴുവൻ കബളിപ്പിച്ച് സെപ്റ്റംബർ ആദ്യവാരം, അതായത് ഓണത്തിനുമുമ്പ് സംസ്ഥാന ഖജനാവിലേക്ക് വന്ന പണം എവിടെപ്പോയെന്ന് അറിയാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്. അത് ഈ ഉപധനാഭ്യർത്ഥനകളിൽ ഉൾപ്പെടുത്തേണ്ടതാണ്, അത് ഓർഡറിലല്ല എന്നതാണ് എന്റെ ക്രമപ്രശ്നം.

മി. സ്പീക്കർ: ഇത് ക്രമപ്രശ്നമല്ലെന്ന് ഞാൻ പറയാനുള്ള കാരണം, സഭയുടെ ഓർഡറുമായി ബന്ധപ്പെട്ടതാണ് ക്രമപ്രശ്നം. ക്രമപ്രശ്നം ചട്ടങ്ങളുടേയോ ഭരണ ഘടനയുടേയോ സഭയുടെ കാര്യനിർവ്വഹണം സംബന്ധിച്ചോ ക്രമീകരിക്കുന്ന അനുച്ഛേദങ്ങളുടേയോ വ്യാഖ്യാനത്തെയോ നടപ്പിലാക്കുന്നതിനെ സംബന്ധിച്ചുള്ള തായിരിക്കേണ്ടതാണ്. ഇവിടെ തുക വകയിരുത്താത്തതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യാനാണ് നമ്മൾ 3 മണിക്കൂർ സമയമെടുക്കുന്നത്. ആ ചർച്ചയിലൂടെ അത് ഉന്നയിക്കുകയും ശ്രദ്ധയിൽക്കൊണ്ടുവരികയും അതിന് പരിഹാരം കാണുകയുമാണ് അതിന്റെ രീതിയെന്നതാണ് ഞാൻ ഉദ്ദേശിച്ചത്. അത് പോയിന്റ് ഓഫ് ഓർഡർ എന്ന നിലയ്ക്ക് കാണേണ്ടതില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങയെ ഞാൻ ബഹുമാനിക്കുകയാണ്. ഭരണഘടനാപരമായ പ്രശ്നങ്ങൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമാണെങ്കിലും സഭയിൽ ക്രമപ്രശ്നമായിത്തന്നെ ഉന്നയിക്കാനുള്ള അധികാരമുണ്ട്.

മി. സ്പീക്കർ: സഭയുടെ കാര്യനിർവ്വഹണമെന്നാണ് ചട്ടത്തിൽ പറയുന്നത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അത് ശരിയാണ്. പക്ഷേ, ഭരണഘടനാപരമായ തെറ്റുകൾ ഉണ്ടെങ്കിലോ ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചാലോ ക്രമപ്രശ്നം തന്നെയാണ്. സഭ നടക്കുന്നത് ഭരണഘടന പ്രകാരമല്ലേ; അതെന്താണ് അങ്ങനെ പറയുന്നത്?

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, ശ്രീ. വി. ഡി. സതീശന് വലിയ തെറ്റിദ്ധാരണയാണ് വന്നിരിക്കുന്നത്. നമ്മൾ പാസ്സാക്കിയ ബഡ്ജറ്റിൽ റീബിൽഡ് കേരളയ്ക്ക് 5475-00-115-94 എന്ന ശീർഷകത്തിൽ 1000 കോടി രൂപ അക്കൗണ്ട് ചെയ്തിട്ടുണ്ട്. അക്കൗണ്ട് ചെയ്തത് എന്തടിസ്ഥാനത്തിലാണ്? ഈ വായ്പ തരപ്പെടുമെന്നതു കൊണ്ടാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. ആ പണം വരുമ്പോൾ അതിലേക്കാണ് പോകുന്നത്. ആ അക്കൗണ്ടിലെ ശീർഷകത്തിലാണ് ചെലവാക്കുക. ഈ ഡിമാന്റ്സിൽ ഉൾപ്പെടുത്തണമെന്ന് പറയുന്നത് എങ്ങനെയാണ്? ഇത് ചർച്ച ചെയ്യുന്നത് ഡിമാന്റല്ലേ, സർക്കാരിന്റെ റെസീപ്റ്റും അത് അക്കൗണ്ട് ചെയ്യുന്ന കാര്യവും ഡിമാന്റിൽ എങ്ങനെയാണ് ഞാൻ പറയുന്നത്. 1500 കോടി രൂപ വരെ സഭയിൽ വരും. അഡീഷണലായി സപ്ലിമെന്ററി ഡിമാന്റിൽ ആവശ്യപ്പെടും. അതല്ലേ അതിന്റെ രീതി. അങ്ങ് പറഞ്ഞത് എന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, 1000 കോടി രൂപ വച്ചിരിക്കുന്നതിൽ ഒരു രൂപ പോലും ചെലവാക്കിയിട്ടില്ലല്ലോ; അക്കൗണ്ടിൽ ഈ പൈസ ഉണ്ടായിട്ട് എവിടെയാണ് ഇത് ചെലവാക്കിയത്. ഈ പണം എവിടെപ്പോയി?

<u>മി. സ്പീക്കർ</u>: ചർച്ച നടക്കട്ടെ, ചർച്ചയിലൂടെ വരട്ടെ.

## VIII ധനകാര്യം

<u>2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും.</u>

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. പി. ജയരാജൻ</u>): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): സർ, ജില്ലാഭരണവും പലവകയുമെന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 152,66,70,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1000 രൂപയുടെയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവുമെന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1000 രൂപയുടെയും ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, മൽസ്യബന്ധനമെന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2000 രൂപയുടെ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, വ്യവസായങ്ങളെന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ക്രമ നമ്പർ | വകുപ്പുമന്ത്രി | ധനാഭ്യർത്ഥനയുടെ നമ്പരും പേരും | | (തുക) രൂപയിൽ |
|---|---|---|---|---|
| (1) | (2) | (3) | | (4) |
| 1 | മുഖ്യമന്ത്രി | XII | പോലീസ് | 1,000 |
| 2 | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | XI | ജില്ലാഭരണവും പലവകയും | 3,000 |
| 3 | തൊഴിലും എക്സൈസും വകുപ്പുമന്ത്രി | VIII | എക്സൈസ് | 1,000 |
| 4 | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | XV | പൊതുമരാമത്ത് | 3,000 |
| 5 | പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | XVII | വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | 152,66,70, 000 |
| 6 | ആരോഗ്യവും സാമൂഹ്യനീതിയും വനിതശിശു വികസനവും വകുപ്പുമന്ത്രി | XVIII | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 1,000 |
| | | XLVI | സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 1,000 |
| 7 | മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | XXXIII | മത്സ്യബന്ധനം | 2,000 |
| 8 | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | XXXV II | വ്യവസായങ്ങൾ | 3,000 |

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയങ്ങളെ പിൻതാങ്ങുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി. പി. സജീന്ദ്രൻ)

ശ്രീ. എസ്. ശർമ്മ: സർ, 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. ഉപധനാഭ്യർത്ഥനകൾ പരിശോധിച്ചാൽ സർക്കാരിന്റെ പ്രവർത്തനങ്ങളിലെ ജനക്ഷേമകരമായ മുഖം വ്യക്തമാകും. ഈ സർക്കാർ അധികാരത്തിൽ വന്ന് 41 മാസം പിന്നിടുമ്പോൾ എൽ.ഡി.എഫ്. ഗവൺമെന്റിന് പ്രകടനപത്രികയിൽ പറഞ്ഞിരുന്ന 600 കാര്യങ്ങളിൽ 547-ഉം നടപ്പിലാക്കാൻ കഴിഞ്ഞത് ചരിത്രനേട്ടമാണ്. ബംഗളൂരുവിലെ പബ്ലിക് അഫയേഴ്സ് സെന്ററിന്റെ പഠനത്തിൽ രാജ്യത്ത് ഏറ്റവും മികച്ച ഭരണം കാഴ്ചവയ്ക്കുന്ന സംസ്ഥാനമായി തുടർച്ചയായി മൂന്നാം തവണയും കേരളം ഒന്നാം സ്ഥാനത്ത് എത്തിയിരിക്കുന്നുവെന്ന റിപ്പോർട്ട് വന്നിരിക്കുകയാണ്. ഇന്ത്യൻ സംസ്ഥാനങ്ങളിൽ മാനുഷിക പുരോഗതിക്കായുള്ള പിന്തുണ നൽകുന്നതിലും മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലും വനിത-ശിശു ക്ഷേമ വികസന രംഗത്തും കേരളത്തിനാണ് പ്രഥമസ്ഥാനം ലഭിച്ചിട്ടുള്ളത്. മാനവവിഭവ സൂചിക, സാക്ഷരത, വിദ്യാഭ്യാസം, ആരോഗ്യം എന്നിവയിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഒന്നാം സ്ഥാനത്താണ്. നൂറ് ശതമാനം വൈദ്യുതീകരണം നടന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനം കേരളമാണ്. പട്ടികജാതി/പട്ടികവർഗ്ഗ ഗോത്ര വിഭാഗങ്ങളിൽപ്പെട്ടവർക്ക് ജനസംഖ്യാനുപാതികമായതിലധികം വികസന ഫണ്ട് നൽകുന്ന ഇന്ത്യയിലെ ഒന്നാമത്തെ സംസ്ഥാനവും കേരളമാണ്. സ്വന്തമായ ബാങ്ക് രൂപീകരിച്ചുകൊണ്ടുള്ള പ്രവർത്തനത്തിന് നേതൃത്വം കൊടുക്കുന്നതും കേരളം തന്നെയാണ്. വികസന നേട്ടങ്ങളുടെ പട്ടിക നിലനിൽക്കുമ്പോഴാണ് പ്രതിസന്ധിയായി ഉയർന്നുവന്ന ഓഖിയും ആവർത്തിച്ചുണ്ടായ പ്രളയവും നമ്മെ വേട്ടയാടിയതെങ്കിലും അവയുടെ മുമ്പിൽ പകച്ചുനിൽക്കാതെ ജനശക്തിയുയർത്തി അതിനെ നേരിടുന്നതിൽ പിണറായി വിജയൻ സർക്കാർ പ്രശംസനീയമായ പങ്ക് വഹിച്ചു.

കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയം നമ്മുടെ നാടിന്റെ സാമ്പത്തിക ഘടനയെയും സാമൂഹ്യ പുരോഗതിയെയും തടസ്സപ്പെടുത്തുന്നുണ്ട്. കോൺഗ്രസ് ഗവൺമെന്റിന്റെ ഭരണകാലത്ത് തുടങ്ങിവച്ച തെറ്റായ സാമ്പത്തിക നയങ്ങൾ ഇപ്പോഴത്തെ ഗവൺമെന്റ് തുടരുകയും രാജ്യത്തെ തകർച്ചയിലേക്ക് എത്തിക്കുകയും ചെയ്തിരിക്കുന്നു. തങ്ങൾ സൃഷ്ടിച്ച വിപത്തിൽനിന്നും ജനങ്ങളെ രക്ഷിക്കാനെന്ന വ്യാജേന ജനങ്ങളെ വീണ്ടും കൊള്ളയടിച്ച് രണ്ട് ലക്ഷം കോടിയിലധികം രൂപയാണ് കോർപ്പറേറ്റുകൾക്ക് നികുതിയിളവും മറ്റുമായി നൽകിയത്. നികുതിപിരിവ് കുറഞ്ഞതിലുള്ള നഷ്ടം നികത്താനായി റിസർവ് ബാങ്കിന്റെ കരുതൽ ധനത്തിൽനിന്നും 1.76 ലക്ഷം കോടിരൂപ വാങ്ങിയെടുത്തതുകൂടാതെ

മുപ്പതിനായിരം കോടി രൂപ കൂടി ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതുകൂടാതെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ കരുതൽ ശേഖരത്തിൽനിന്നും 10600 കോടി രൂപയുടെ സ്വർണ്ണം വിറ്റു. വിത്തെടുത്തു കുത്തി കഞ്ഞികുടിച്ചു കഴിഞ്ഞാൽ നാട് തരിശായി പോകുന്ന സ്ഥിതിവിശേഷത്തിലേക്ക് സാമ്പത്തിക മേഖല മാറുകയാണ്. തിരുവനന്തപുരം വിമാനത്താവളം സ്വകാര്യവത്കരിക്കുന്നതും Bharat Petroleum Corporation Limited (BPCL) സ്വകാര്യവത്കരിക്കാനുള്ള നീക്കം നടത്തുന്നതും ഇതിനുപുറമേയാണ്. ആകാശം പരദേശിയുടെ കയ്യിലായി (എയർ സർവ്വീസ്), കര പരദേശിയുടെ കയ്യിലായി (റെയിൽവേ), ട്രോളിംഗ് വെസലുകൾ കൊടുത്തതിന്റെ ഫലമായി കടൽ പരദേശിയുടെ കയ്യിലായി. ഈ പ്രപഞ്ചവും രാജ്യവും ലോകവും നിലനിൽക്കുന്നത് മൂന്ന് തൂണുകളിലാണ്. ആകാശം, കര, കടൽ എന്നീ മൂന്ന് തൂണുകളും നരേന്ദ്ര മോദി ഗവൺമെന്റ് ഇന്ത്യയിൽ വിൽപ്പനയ്ക്ക് വച്ചിരിക്കുന്നു എന്നതാണ് പ്രത്യേകത. ഇതിനെ എതിർക്കാനോ ചോദ്യം ചെയ്യാനോ നമുക്ക് കഴിയാതെ പോയാൽ ചരിത്രം നമുക്കൊരിക്കലും മാപ്പ് നൽകില്ല. ഇതിനെ എതിർക്കുകയും ചോദ്യം ചെയ്യാനുള്ള പോരാട്ടം ഉയർത്തുകയും ചെയ്താൽ അവയ്ക്ക് ഫലമുണ്ടാകുമെന്നതിന്റെ തെളിവാണ് Regional Comprehensive Economic Partnership (RCEP)-ൽ ഒപ്പിടുന്നതിൽനിന്നും ഇന്ത്യ പിന്നോട്ട് പോയതിന്റെ പശ്ചാത്തലം. ഇന്ത്യയിൽ ഉയർന്നുവന്ന ബഹുജന പ്രക്ഷോഭം, ആ പ്രക്ഷോഭം നടത്തിയ കൃഷിക്കാരെ വെടിവച്ച് കൊന്നെങ്കിലും ആ രക്തം വൃഥാവിലായില്ലെന്നും ഉയർന്നുവരുന്ന പോരാട്ടത്തിന്റെ ഫലമായി തെറ്റുകൾ തിരുത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കാലത്തിനുകഴിയുമെന്നും തെളിയിച്ചതാണ്. ആ പോരാട്ടത്തിലൂടെ മാത്രമേ നമുക്ക് പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുകയുള്ളൂ. ആർ.സി.ഇ.പി. കരാർ വരുന്നതിന് മുമ്പ് വന്ന ആസിയാൻ കരാറിന്റെ ചില വശങ്ങൾ നിയമസഭ ചർച്ച ചെയ്തതാണ്. അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയായിരുന്നു. ഞങ്ങൾ പ്രതിപക്ഷത്തായിരുന്നു. 2012-ലാണെന്ന് ഞാനോർക്കുന്നു. ചർച്ച നടന്ന സന്ദർഭത്തിൽ അദ്ദേഹം പറഞ്ഞു, കേന്ദ്രം സമ്മതിച്ചിട്ടുണ്ട്. ഇവിടെ നിയമസഭാരേഖയിൽ കാണും. ഇംപോർട്ട് ഐറ്റംസിൽ Anti dumping duties ചുമത്തിക്കഴിഞ്ഞാൽ കേരളത്തിന്റെ ഉൽപ്പന്നങ്ങളെ പ്രൊട്ടക്ട് ചെയ്യാൻ കഴിയുമെന്ന് പ്രത്യേകം എടുത്തുപറഞ്ഞിരുന്നു. പക്ഷേ, anti dumping duty ഉൾപ്പെടുത്തിയിരുന്നില്ല. ഇപ്പോൾ ആർ.സി.ഇ.പി. കരാറിൽനിന്ന് പിൻവാങ്ങുന്ന സാഹചര്യമുള്ളതുകൊണ്ട് തൽക്കാലത്തേക്ക് നമുക്ക് രക്ഷപ്പെടാൻ കഴിയും. പക്ഷേ, ഏതു സമയത്തും ആപത്ത് നമ്മെ വേട്ടയാടുമെന്ന് നാം ഓർക്കണം. അക്കാര്യത്തിൽ രാഷ്ട്രീയ വ്യത്യാസങ്ങൾക്കപ്പുറം ഒരു രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന്റെയും പരമാധികാരത്തിന്റെയും ജനാധിപത്യ മൂല്യങ്ങളുടെയും മഹത്തായ പാരമ്പര്യം

ഉയർത്തിപ്പിടിക്കണം. മഹാത്മാഗാന്ധിയെ നാം അനുസ്മരിച്ചു. നൂറ്റിയമ്പത് വർഷക്കാലത്തെ ഗാന്ധിസ്മരണകൾ മനുഷ്യനും പ്രപഞ്ചവും നിലനിൽക്കുന്നിടത്തോളംകാലം പ്രസക്തമായിരിക്കും. ഈ ലോകത്ത് മനുഷ്യനും പ്രപഞ്ചവും ജീവജാലങ്ങളുമുള്ള കാലത്തോളം പ്രസക്തമായ ചിന്താധാരയായി ഗാന്ധിജിയുടെ പ്രവർത്തനങ്ങളെ സ്മരിക്കുക തന്നെ ചെയ്യും. ബഹുമാനപ്പെട്ട സ്പീക്കറുടെ നേതൃത്വത്തിൽ ഇവിടെ നടന്ന ഗാന്ധി അനുസ്മരണ സമ്മേളനത്തിലൂടെ അതിന് മാതൃക കാണിക്കുകയാണ് ചെയ്തത്. ഗാന്ധിഘാതകർക്കാണ് രാജ്യത്ത് അവാർഡ് കൊടുക്കാൻ പോകുന്നത്. ആർ.സി.ഇ.പി. കരാറിന്റെ കാര്യത്തിൽ ഗാന്ധിഘാതക രാഷ്ട്രീയത്തിന്റെ പൈതൃകമുള്ള ശ്രീ. നരേന്ദ്ര മോദി പിൻവാങ്ങിയപ്പോൾ ഗാന്ധിജിയെ അനുസ്മരിക്കാൻ നിർബന്ധിതമായി. കാലാതീതമായി എന്തു സംഭവിച്ചാലും ചരിത്രത്തെയും സംസ്കൃതിയെയും മാറ്റിനിർത്താൻ കഴിയില്ലെന്ന് കാലത്തിന്റെ മുമ്പിൽ കാണിച്ചുകൊടുത്തു. ഗാന്ധിജിയുടെ പേര് ശ്രീ. നരേന്ദ്ര മോദി ഉപയോഗിച്ചുവെന്നുള്ളത് ശരിയാണെങ്കിൽ, ഗാന്ധിജി എങ്ങനെ വധിക്കപ്പെട്ടു; അതിന്റെ രാഷ്ട്രീയ സംസ്കാരമെന്താണ്; ആ സംസ്കാരം ഇന്ത്യയിൽ വളർത്തിയെടുത്തതാരാണ്; അതിന് പങ്ക് വഹിച്ചു കൊണ്ടിരിക്കുന്നതാരാണ് എന്ന കാര്യമറിയാത്തവരല്ല ഭാരതീയർ എന്ന കാര്യവും ശ്രീ. നരേന്ദ്ര മോദി മനസ്സിലാക്കുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്.

യു.എ.പി.എ. ചുമത്തൽ നടപടിയെ സംബന്ധിച്ച് ഇവിടെ ചർച്ച നടന്നു. സംഭവിച്ച കാര്യം ഗവൺമെന്റ് വ്യക്തമാക്കി. പോലീസ് നടപടികളിൽ സാധാരണഗതിയിൽ ഗവൺമെന്റ് ഇടപെടാറില്ല. സ്വതന്ത്രവും നീതിപൂർവ്വവുമായി കാര്യങ്ങൾ നിർവ്വഹിക്കുമെന്ന പ്രതീക്ഷയിലാണ് ഇടപെടാതിരിക്കുന്നത്. പക്ഷേ, ഇടപെടാതെ വന്ന സന്ദർഭം ഉപയോഗിച്ച് ഉദ്യോഗസ്ഥർ തെറ്റ് ചെയ്തു. അതുകൊണ്ടാണ് തെറ്റ് തിരുത്തിക്കും, തെറ്റ് തിരുത്തേണ്ടിവരും, അക്കാര്യം പരിശോധിക്കേണ്ടിവരുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇവിടെ പറയാൻ കഴിഞ്ഞത്. അദ്ദേഹം നേരത്തേ ഇടപെട്ടിരുന്നെങ്കിൽ ഇപ്പോൾ അതിന് കഴിയുമായിരുന്നില്ല. പോലീസിന്റെ പ്രവർത്തനത്തിലുണ്ടായ തെറ്റാണത്. രാജ്യത്തിനകത്ത് വളർന്നുവന്ന സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യ അവകാശങ്ങളുടെയും പ്രശ്നമാണ്. അത് പോലീസിന്റെ വീഴ്ചയായി ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ട്. അക്കാര്യം പരിശോധിക്കുമെന്ന് ആദരണീയനായ മുഖ്യമന്ത്രി പറയുകയും ചെയ്തിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം എക്കാലത്തും ചരിത്രപരമായി കരിനിയമങ്ങളെ എതിർക്കുകയാണ് ചെയ്തിട്ടുള്ളത്. ഇനിയുള്ള കാലവും എതിർക്കുകതന്നെ ചെയ്യും.

അതേയവസരത്തിൽ ഈ പോരാട്ടത്തോടൊപ്പം രാജ്യത്ത് വളർന്നുവരുന്ന സാമ്പത്തിക പ്രശ്നങ്ങളും പ്രതിസന്ധികളുമുണ്ട്. ഉദാഹരണത്തിന് കിഫ്ബി. അത് വിവാദപരമാണ്. ഭൂപരിഷ്കരണ നിയമം, വിദ്യാഭ്യാസ നിയമം, സമ്പൂർണ്ണ സാക്ഷരത, ജനകീയാസൂത്രണം, കുടുംബശ്രീ പ്രസ്ഥാനം എന്നിവപോലെ കേരളത്തിന്റെ വികസന ചരിത്രത്തിൽ ഇന്ത്യയ്ക്ക് മോഡലായ ഒരു വികസന പദ്ധതിയാണ് Kerala Infrastructure Investment Fund Board-ലൂടെ സംസ്ഥാന ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ളത്. 30,000 കോടി രൂപയുടെ വികസന പദ്ധതികളാണ് ഇതിലൂടെ ഉയർന്നുവരുന്നത്. സംസ്ഥാനത്തിന്റെ ഭൂതകാലത്തിൽ അങ്ങനെയുണ്ടായിട്ടുണ്ടോ; അതൊരു പരീക്ഷണമല്ലേ? സംസ്ഥാനത്തെ സ്നേഹിക്കുന്നവർ അതിനെ പിന്തുണയ്ക്കുകയല്ലേ വേണ്ടത്? മുടന്തൻ ന്യായങ്ങൾ പറഞ്ഞ് എതിർക്കുന്ന രീതി ശരിയാണോ എന്ന കാര്യം എതിർക്കുന്നവർ പരിശോധിക്കട്ടെ. അക്കാര്യം മനഃസാക്ഷിക്കനുസരിച്ച് എതിർക്കുന്നവർക്ക് തന്നെ വിടുകയാണ്. ഒരു കാര്യം വ്യക്തമാണ്. കിഫ്ബി അതിന്റെ യാത്ര തുടരും. മുമ്പ്, 'ഇത് ഒരു സ്വപ്നപദ്ധതിയാണ്; മലർപൊടിക്കാരന്റെ സ്വപ്നമാണ്; മലർപ്പൊടിക്കാരന്റെ സ്വപ്നമിവിടെ യാഥാർത്ഥ്യമാവുകയില്ല' എന്ന പ്രസംഗവും സഭ കേട്ടിട്ടുണ്ട്. എന്നാൽ മലർപ്പൊടിക്കാരന്റെ സ്വപ്നമല്ലെന്നും ശ്രീ. പിണറായി വിജയന്റെയും ഡോ. ടി. എം. തോമസ് ഐസക്കിന്റെയും നേതൃത്വത്തിലുള്ള നടപടി യാഥാർത്ഥ്യമാണെന്നും കിഫ്ബിയിലൂടെ, രാജ്യത്തിന്റെ വികസന പദ്ധതിയിലൂടെ കാലത്തിന് തെളിയിച്ചുകൊടുത്തിരിക്കുകയാണ്. ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ മണ്ഡലങ്ങളിലും വികസനത്തിന്റെ സ്പർശമുണ്ടാകുമല്ലോ; കിഫ്ബി സ്പർശമുണ്ടാകുമല്ലോ. അതു മനസ്സിലാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആ നിലയ്ക്ക് നോക്കുമ്പോൾ രാജ്യത്തിനകത്ത് വികസന സംസ്കാരത്തിന് അടിത്തറയിട്ട് ശ്രേഷ്ഠവും സമ്പന്നവുമായ സംസ്കാരത്തിനുവേണ്ടി നേതൃത്വപരമായ പങ്കുവഹിച്ചു കൊണ്ടിരിക്കുന്ന ഗവൺമെന്റാണിത്.

പതറാത്ത മനസ്സും തളരാത്ത കരുത്തുമായി ഈ ഗവൺമെന്റിനെ ശ്രീ. പിണറായി വിജയൻ നയിക്കുമ്പോൾ, അഞ്ച് വർഷം പൂർത്തീകരിച്ച് തുടർഗവൺമെന്റിന്റെ സാക്ഷാത്കാരത്തിനുള്ള അംഗീകാരമാണ് ആറ് അസംബ്ലി മണ്ഡലങ്ങളിൽ നടന്ന ഉപതെരഞ്ഞെടുപ്പ് ഫലം വ്യക്തമാക്കിയത്. ഈ മന്ത്രിസഭ രൂപീകരിക്കുമ്പോൾ 91 എം.എൽ.എ.-മാരുണ്ടായിരുന്ന എൽ.ഡി.എഫ്.ൽ ഇപ്പോൾ 93 പേരുണ്ട്. നേരത്തെയുണ്ടായിരുന്ന 91 സീറ്റിൽ അരൂർ പോയപ്പോൾ അത് 90 ആയി. പാലാ, വട്ടിയൂർക്കാവ്, കോന്നി എന്നീ മൂന്ന് സീറ്റുകൾകൂടി ലഭിച്ചപ്പോൾ അത് 93 ആയി. രണ്ട് സീറ്റാണ് പ്രതിപക്ഷത്തിന് ലഭിച്ചത്. പ്രതിപക്ഷത്തിനുണ്ടായിരുന്ന രണ്ട് സീറ്റ് പിടിച്ച് ഭരണകക്ഷിയുടെ അംഗബലം

വർദ്ധിച്ചതിനേക്കാൾ വലിയൊരു തെളിവില്ല. പാർലമെന്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ, 'ഈ വിധി താൽക്കാലികമാണ്, ഇതിനെ ഞങ്ങൾ താമസിയാതെ അതിജീവിക്കും' എന്ന് പറഞ്ഞു. ഉപതെരഞ്ഞെടുപ്പ് കഴിയുമ്പോൾ കേരളത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ വാട്ടർലൂ ആയിരിക്കും എന്ന് ഇവിടെ പ്രതിപക്ഷ നേതൃത്വം പറഞ്ഞു. വാട്ടർലൂ എവിടെയാണ് സംഭവിച്ചത് എന്ന കാര്യം കണ്ണ് തുറന്ന് കാണാൻ കേരളത്തിലെ പ്രതിപക്ഷ നേതൃത്വത്തോട് വിനയാന്വിതനായി അഭ്യർത്ഥിക്കുന്നു. ഈ നാടിന്റെ വികസന പ്രവർത്തനങ്ങൾ വിജയകരമായി മുന്നോട്ടുപോകുന്നതിനും കക്ഷി-രാഷ്ട്രീയ പരിഗണനകൾക്കപ്പുറം ഒരുമയോടെ മുന്നോട്ടുനീങ്ങുന്നതിൽ പങ്കു വഹിക്കാനും നമുക്കാകണം. അതിന് അടിസ്ഥാനചർച്ചയാണ് നടത്തേണ്ടത്.

നമ്മുടെ രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ശരീരത്തിലെ പ്രധാനപ്പെട്ട അവയവങ്ങൾ വിൽക്കുന്നതുപോലെ, മോദി ഭരണത്തിൻ കീഴിൽ വിൽപ്പനയ്ക്ക് വച്ചിരിക്കുകയാണ്. ആ വിൽപ്പനയിൽനിന്ന് സ്വാതന്ത്ര്യം നേടാനും രാജ്യത്തിന്റെ പരമാധികാരം സംരക്ഷിക്കാനും ജനക്ഷേമ വികസന പ്രവർത്തനങ്ങൾക്കായി മുന്നോട്ടുപോകാനും ആ പ്രയാണത്തിന് കരുത്ത് പകരാനും ഇന്ത്യയിലെ പൊരുതുന്ന ജനാധിപത്യ ശക്തികൾക്ക് കരുത്തുറ്റ നേതൃത്വം കൊടുക്കാനും ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള കേരള ഗവൺമെന്റിന് ഇനിയുള്ള നാളുകളിലും കഴിയുമെന്നതിനുള്ള മാൻഡേറ്റാണ് ഈ ഉപതെരഞ്ഞെടുപ്പിൽ ലഭ്യമായിട്ടുള്ളതെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. 'ഖജനാവ് കാലി, സംസ്ഥാന ഖജനാവിൽ കൈയിട്ടുനോക്കിയാൽപ്പോലും ഒന്നുമില്ലാത്ത അവസ്ഥയാണ്' എന്ന് ഇക്കഴിഞ്ഞ നാലാം തീയതി വനം വകുപ്പുമന്ത്രി ശ്രീ. കെ. രാജു ഒരു പ്രസ്താവന നടത്തി. കേരള പ്രവാസി ഫെഡറേഷന്റെ ജില്ലാ നേതൃത്വക്യാമ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. "ഇത്തവണ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം റദ്ദാക്കുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ നീങ്ങുകയാണ്, കിഫ്ബി എന്ന സാമ്പത്തിക സ്രോതസ്സ് മുഖേന വികസന പ്രവർത്തനങ്ങൾ നടക്കുകയാണ്" എന്നാണ് അദ്ദേഹം പറഞ്ഞത്. ദയവുചെയ്ത് ഖജനാവിലേക്ക് കൈയിട്ടുനോക്കരുത്, ഇന്ന് പാമ്പ് കടിക്കുന്ന അവസ്ഥയാണ് നിങ്ങൾക്കുണ്ടാവുക എന്നാണ് എനിക്ക് ബഹുമാന്യരായ മന്ത്രിമാരോട് പറയാനുള്ളത്. കാരണം ഖജനാവിൽ പണം വന്ന് നിറഞ്ഞിട്ട് എത്രയോ കാലങ്ങളായി. ഇഴജന്തുക്കളൊക്കെ കുടിയേറി പാർത്തിരിക്കും. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ ഈയൊരു പ്രസ്താവന മതി കേരളത്തിന്റെ

സാമ്പത്തിക സ്ഥിതിയെന്തെന്ന് മനസ്സിലാക്കാൻ. ...(ബഹളം).... വളരെ വ്യക്തമായി ഈ മാസം നാലാം തീയതി ഇക്കാര്യത്തെക്കുറിച്ച് പറഞ്ഞതാണ്. ഞാനത് ചൂണ്ടിക്കാണിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കിഫ്ബി വന്നില്ലല്ലോ, അതിന് ശേഷമല്ലേ കിഫ്ബി വന്നത്. ഞാൻ തർക്കത്തിലേക്ക് പോകുന്നില്ല, പറഞ്ഞു എന്നുമാത്രമേയുള്ളൂ.

സപ്ലിമെന്ററി ഡിമാന്റ്സ് അനുവദിക്കുന്ന ഗ്രാന്റുകളിൽ സഭ പാസ്സാക്കിക്കൊടുക്കുന്ന ബഡ്ജറ്റ് തുക ആറ് മാസത്തിനകം ചെലവഴിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. സപ്ലിമെന്ററി ഗ്രാന്റിൽ ചില കാര്യങ്ങൾ അങ്ങ് സൂചിപ്പിച്ചിട്ടുണ്ട്. എന്റെ സമയപരിമിതികൊണ്ട് ഞാൻ അതിലേക്ക് പോകുന്നില്ല. എക്സൈസ് വിംഗിൽ ക്രൈംബ്രാഞ്ച് വിംഗിന്റെ രൂപീകരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ സംബന്ധിച്ച് ഏറെക്കാലമായി യു.ഡി.എഫ്. ഗവൺമെന്റ് ഉൾപ്പെടെ പറഞ്ഞുകൊണ്ടിരിക്കുന്നതാണ്. അങ്ങ് ടോക്കൺ എമൗണ്ട് വച്ചിട്ടുണ്ട്. അതുപോലെ ഡിസാസ്റ്റർ മാനേജ്മെന്റ് എത്രമാത്രം പരിതാപകരമാണെന്ന് അങ്ങ് പരിശോധിക്കണം. അപ്പോൾ അതിന്റെ അതോറിറ്റിയുമായി ബന്ധപ്പെട്ട് അല്പം പണം കൊടുക്കുന്നു എന്ന് പറയുന്നതും നമുക്ക് ഉൾക്കൊള്ളാൻ കഴിയും. നിലവിലുള്ള തണ്ടർബോൾട്ട് നമുക്ക് സഹിക്കാൻ കഴിയാത്ത പ്രശ്നങ്ങളുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. കേരള ആന്റി ടെററിസ്റ്റ് സ്ക്വാഡ് എന്താണ്? ടെററിസവും കേരളവുമായി ബന്ധപ്പെട്ട് അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്താണെന്നതിനെപ്പറ്റി വിശദാംശങ്ങൾ ലഭിക്കാത്തതിനാൽ എനിക്ക് അതേപ്പറ്റി ബോധ്യമില്ല. എന്നാലും ഇത്തരം കാര്യങ്ങളൊക്കെ പരിശോധിക്കുകയുണ്ടായി. സമയപരിമിതി കൊണ്ട് അതിലേക്കൊന്നും പോകുന്നില്ല.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമുള്ള അങ്ങയുടെ ആദ്യപ്രസംഗം പരിശോധിച്ചാൽ കഴിഞ്ഞ ഗവൺമെന്റ് ഉണ്ടാക്കിവച്ച പൊതുകടത്തെക്കുറിച്ച് എന്താണ് പറഞ്ഞതെന്ന് മനസ്സിലാകും. അത് അങ്ങ് ഓർമ്മിക്കുന്നുണ്ടോ എന്ന് എനിക്കറിയില്ല. അന്ന് ഏതാണ്ട് 46,078 കോടി രൂപയായിരുന്നു ആളോഹരി കടം. നമ്മുടെ പൊതുകടം 1,09,730 കോടി രൂപയും കടബാധ്യത 1,57,730 കോടി രൂപയും ആയിരുന്നു. ഈ സർക്കാരിന്റെ മൂന്നരവർഷംകൊണ്ട് ആളോഹരി കടം 72,430 കോടി രൂപയായി വർദ്ധിച്ചു. അങ്ങേക്ക് അതിന് ന്യായീകരണം ഉണ്ടാകും. അത് അങ്ങ് സംസാരിക്കുമ്പോൾ സൂചിപ്പിച്ചോളൂ. അതുപോലെ പൊതുകടം 1,69,155 കോടി രൂപയും കടബാധ്യത 2,49,559 കോടി രൂപയുമാണ്. സാമ്പത്തികരംഗം ഇതുപോലെ തകർന്ന ഒരു കാലഘട്ടമുണ്ടായിട്ടില്ല. അങ്ങ് കേന്ദ്രത്തെ പഴിചാരിക്കൊണ്ട് പറഞ്ഞു. കേന്ദ്രത്തിന്റെ കാര്യങ്ങൾ ഒരുപാടുണ്ട്. ഞാൻ അത് നിഷേധിക്കുന്നില്ല. ശ്രീ.

എസ്. ശർമ്മ സംസാരിച്ചപ്പോൾ കോൺഗ്രസിന്റെ സാമ്പത്തിക നയം പിന്തുടർന്നതിന്റെ ഫലമാണെന്ന് പറഞ്ഞു. ഈ സമയത്തുപോലും കോൺഗ്രസ്സിനെ വിമർശിക്കേണ്ട കാര്യമെന്താണ്? ഇന്നത്തെ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമന്റെ ഭർത്താവ് പറഞ്ഞ ഒരു കാര്യം അങ്ങ് ആലോചിക്കണം. ഡോ. മൻമോഹൻ സിംഗിന്റെ നയങ്ങൾ ഇപ്പോഴത്തെ ഗവൺമെന്റ് പിന്തുടർന്നിരുന്നെങ്കിൽ ഈ അവസ്ഥ ഉണ്ടാകുമായിരുന്നില്ല എന്ന് പറയാനെങ്കിലും അങ്ങയെപ്പോലെയുള്ള ഒരു നിയമസഭാംഗം താല്പര്യം കാണിച്ചില്ല. ഇപ്പോഴും കോൺഗ്രസിനെ വിമർശിക്കാനാണ് അങ്ങ് താല്പര്യം കാണിക്കുന്നത് എന്നത് വേദനിപ്പിക്കുന്ന കാര്യമാണ്. കാരണം, ഈ ഗവൺമെന്റിന്റേതായ കോൺട്രിബ്യൂഷനാണ്; ബി.ജെ.പി. ഗവൺമെന്റിന്റെ സാമ്പത്തിക നയങ്ങളിലെ വീഴ്ചയാണ്. ഡോ. മൻമോഹൻ സിംഗിന്റെ ഭരണകാലത്ത് ആഗോള തലത്തിൽ സാമ്പത്തിക രംഗത്ത് തകർച്ചയുണ്ടായപ്പോൾ ഇന്ത്യ തകരാതെ നിന്നത് കോൺഗ്രസ്സിന്റെ സാമ്പത്തിക നയങ്ങളുടെ കരുത്തുകൊണ്ടായിരുന്നു. പക്ഷേ, ഇന്ന് അതല്ല സ്ഥിതി. ഇന്ന് മാറ്റം വന്നു. അതുകൊണ്ട് ന്യായീകരിക്കുന്നതിനുപകരം പോകുന്ന പോക്കിൽ കോൺഗ്രസിന്റെ പുറത്തും ഒന്ന് കൊട്ടിപ്പോകുന്ന സമീപനം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന്റെ പ്രസംഗത്തിൽ പലപ്പോഴും ഞാൻ കാണാറുണ്ട്. ഈ ഗവൺമെന്റിന്റെ കുറ്റം, ഈ ഗവൺമെന്റിന്റെ കുറ്റമായി കാണാൻ ഡോ. ടി. എം. തോമസ് ഐസക് ഉൾപ്പെടെയുള്ളവർ തയ്യാറാകണം.

കഴിഞ്ഞ വർഷം 1848.71 കോടി രൂപയുടെ ട്രഷറി ക്യൂ ഉണ്ടായിരുന്നു. ഈ വർഷം ഒരു ചോദ്യത്തിന് ഉത്തരമായി അങ്ങ് പറഞ്ഞത് 'ഈ ആറ് മാസക്കാലത്തിനിടയ്ക്ക് 1414.56 കോടി രൂപയുടെ ബില്ലുകൾ 22-10-2009 വരെ കഴിഞ്ഞ കാലത്തേത് പാസ്സാക്കി' എന്നാണ്. അതിൽ 820 കോടി രൂപ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തു. ഏത് ഫണ്ടെടുത്താണ് അങ്ങ് കൊടുത്തത്? നിലവിൽ ഈ വർഷത്തെ ബഡ്ജറ്റിലൂടെ നമ്മൾ പാസ്സാക്കിയെടുത്ത ഫണ്ടല്ലാതെ ഏത് ഫണ്ടാണ് അങ്ങ് ഇതിനായി വിനിയോഗിച്ചിട്ടുള്ളത്? മറ്റ് ഫണ്ടല്ല. പഞ്ചായത്തിന്റെ കാര്യത്തിലാണെങ്കിലും അങ്ങ് എടുത്ത് കൊടുത്തിട്ടുള്ളത് ഈ വർഷത്തേതാണ്. ഈ വർഷം ഈ രീതിയിൽ പോയിക്കഴിഞ്ഞാൽ എന്ത് വികസന പ്രവർത്തനമാണ് നടക്കാൻ പോകുന്നത്? 820 കോടി രൂപയും അതുപോലെ 1848 കോടി രൂപയും നമ്മൾ പാസ്സാക്കിയ 2019-20-ലെ ബഡ്ജറ്റ് എമൗണ്ടാണ്. അതാണ് അങ്ങ് കൊടുത്തത്. അതുപോലെ, ഈ എമൗണ്ട് കൊടുക്കുന്നതോടുകൂടി വരുന്ന സാഹചര്യവും അങ്ങേയ്ക്കറിയാം. ഇപ്പോൾ ധനകാര്യവകുപ്പിന്റെ റിപ്പോർട്ട് എന്താണെന്നും അങ്ങേയ്ക്കറിയാം.

മി. ചെയർമാൻ: .....പ്ലീസ്.... കൺക്ലൂഡ്

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ ഉപധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ടുകൊണ്ടാണ് സംസാരിക്കുന്നത്. കഴിഞ്ഞ പ്രാവശ്യം പദ്ധതിവിഹിതം ഇരുപത് ശതമാനമാണ് വെട്ടിക്കുറച്ചത്. ഈ വർഷം 35 ശതമാനം വെട്ടിക്കുറയ്ക്കുമെന്നാണ് പറയുന്നത്. ഭീതിപ്പെടുത്തുന്ന ഒരു അന്തരീക്ഷമല്ലേ? നിലവിലുള്ള പദ്ധതി വിഹിതത്തിൽനിന്ന് 35 ശതമാനം വെട്ടിക്കുറയ്ക്കേണ്ടി വരികയും കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ട്രഷറി ക്യൂവിലുണ്ടായിരുന്ന വർക്കിനും സ്പിൽ ഓവർ വർക്കിനും പണം കൊടുക്കേണ്ടിവരികയും ചെയ്താൽ ഈ വർഷം നമ്മൾ എന്തെടുത്ത് ചെലവഴിക്കും?

മി. ചെയർമാൻ: യെസ്....പ്ലീസ് കൺക്ലൂഡ്....

ശ്രീ. എ. പി. അനിൽ കുമാർ: സർ, തുടങ്ങിയതേ ഉള്ളൂ. ഇപ്പോൾത്തന്നെ രണ്ട് മിനിറ്റ് എടുത്തു.

മി. ചെയർമാൻ: സമയം കഴിഞ്ഞു. പ്ലീസ്.....

ശ്രീ. എ. പി. അനിൽ കുമാർ: സർ, കേന്ദ്രത്തിന്റെ പ്രശ്നങ്ങളുണ്ടാകും. യഥാർത്ഥത്തിൽ ഇന്ന് നമ്മൾ ഒന്നും നോക്കേണ്ട കാര്യമില്ല. ഇന്ന് എന്തുമാത്രം ഭീകരമായ അവസ്ഥയാണ്. പണ്ട് സിദ്ധാർത്ഥ രാജകുമാരൻ ജനങ്ങളുടെ വേദനകളും പ്രശ്നങ്ങളും മനസ്സിലാക്കുന്നതിനായി വേഷപ്രച്ഛന്നനായി രാജ്യത്ത് സഞ്ചരിച്ച് കാര്യങ്ങളൊക്കെ മനസ്സിലാക്കിയിരുന്നു. ഇന്ന് അതൊന്നും വേണ്ട, നമ്മുടെ സാമ്പത്തിക രംഗത്തിന്റെ ചിത്രം കാണുവാൻ. ഓട്ടോറിക്ഷക്കാരോട് ചോദിക്കൂ. ഇവിടത്തെ ഓട്ടോറിക്ഷക്കാർക്ക് ഒരുദിവസം ലഭിച്ചുകൊണ്ടിരുന്ന വരുമാനം എന്തുമാത്രം താഴോട്ട് പോയി എന്നത് അന്വേഷിച്ചാൽ മനസ്സിലാകും. തൊട്ടടുത്ത പാളയത്തെ പെട്ടിക്കടയിൽ പോയി ചോദിച്ചുനോക്കൂ. ഇവിടത്തെ ഏതെങ്കിലും തുണിക്കടയിൽ പത്ത് ജീവനക്കാരാണുണ്ടായിരുന്നതെങ്കിൽ അതിൽ അഞ്ച് പേരും ഇന്നില്ലാത്ത സാഹചര്യമാണ്. അവരെയൊക്കെ മാറ്റി. തൊഴിലില്ലായ്മ എന്ത് രൂക്ഷമാണെന്ന് ഇതിൽനിന്ന് മനസ്സിലാകും. സാമ്പത്തികരംഗം ഇതുപോലെ തകർന്ന ഒരു കാലഘട്ടം മുമ്പുണ്ടായിട്ടില്ല.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം, പ്ലീസ് കൺക്ലൂഡ്.....

ശ്രീ. എ. പി. അനിൽ കുമാർ: സർ, സാമ്പത്തിക രംഗത്തെ തകർച്ച സാമ്പത്തികമായി ഉയർന്നുനിൽക്കുന്നവരെ ബാധിക്കുമെന്നാണ് പറയുന്നത്. സാമ്പത്തിക രംഗത്തെ തകർച്ച കേരളത്തിലെ സാധാരണക്കാരന്റെ വീട്ടുമുറ്റത്തല്ല, അവന്റെ അടുക്കളയിലെ തീ അണയ്ക്കുകയാണ്. ഇത്രയും വലിയൊരു സാഹചര്യം

ഉണ്ടായിട്ടും ഈ ഗവൺമെന്റ് പറയുന്നത് ഇത് നേരെയാക്കാനുള്ള പാക്കേജുകളുണ്ടാക്കി എന്നാണ്.

മി. ചെയർമാൻ: പ്ലീസ്.....പ്ലീസ്.....ബഹുമാനപ്പെട്ട അംഗം, അങ്ങ് ദയവായി അവസാനിപ്പിക്കണം.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ സബ്ജക്ടിൽ മാത്രം ഒതുങ്ങി നിന്നുകൊണ്ടാണ് സംസാരിക്കുന്നത്. പക്ഷേ, ആ പാക്കേജിന്റെ ഒരു രീതിയിലുള്ള റിസൾട്ടും നമുക്ക് കിട്ടിയിട്ടില്ല. അങ്ങയുടെ ആദ്യ പ്രസംഗത്തെക്കുറിച്ച് ഞാൻ ഇപ്പോഴും ഓർക്കുന്നു. ഞാൻ ഇടയ്ക്ക് നോക്കാറുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ പാളിച്ചകൾ എന്തൊക്കെയാണെന്ന് ഞങ്ങളും നോക്കണമല്ലോ. അന്ന് അങ്ങ് ഹൈലൈറ്റ് ചെയ്ത് പറഞ്ഞത് നികുതി വരുമാനത്തിലുള്ള വർദ്ധനവ് വളരെ താഴോട്ട് പോയി, നികുതി പിരിക്കുന്ന കാര്യത്തിൽ ഞങ്ങൾ പരാജയമായി എന്നാണ്. ഈ മൂന്നര വർഷംകൊണ്ട് കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്തെ നികുതി പിരിവും ഇപ്പോഴത്തെ നികുതി പിരിവും അങ്ങ് പരിശോധിക്കണം. നികുതി പിരിവ് വേണ്ടതുപോലെ വന്നില്ല എന്ന് അങ്ങുതന്നെ പറയുന്നുണ്ടല്ലോ. എന്തുകൊണ്ട് വേണ്ടതുപോലെ വന്നില്ല? നികുതി പിരിക്കുന്ന കാര്യത്തിലുള്ള ഗുരുതരമായ വീഴ്ച ധനകാര്യ വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടായി. പണം പിരിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി. കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയാണുണ്ടായിരിക്കുന്നത്.

മി. ചെയർമാൻ: പ്ലീസ്.....അങ്ങ് അവസാനിപ്പിക്കണം. മൂന്ന് മിനിറ്റായി. പ്ലീസ്.....ബഹുമാനപ്പെട്ട അംഗം, ഇങ്ങോട്ട് നോക്കു. പ്ലീസ്..... അവസാനിപ്പിക്കു.....പ്ലീസ്.....

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ അവസാനിപ്പിക്കാം. കിഫ്ബിയെക്കുറിച്ചൊക്കെ കുറേ കാര്യങ്ങൾ ഇവർ പറയുന്നു. ബോംബ് ഡെഫ്യൂസ് ചെയ്യുന്ന ബോംബ് ന്യൂട്രലൈസറുകളെക്കുറിച്ച് കേട്ടിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിനെ നിർവീര്യമാക്കുന്ന ന്യൂട്രലൈസറാണ് കിഫ്ബി എന്ന് പറയേണ്ട സ്ഥിതി വരും. ബഹുമാനപ്പെട്ട മന്ത്രി ഇവിടെയില്ല. ഉണ്ടായിരുന്നെങ്കിൽ അദ്ദേഹത്തെക്കൂടി ഓർമ്മിപ്പിച്ചേനെ. യഥാർത്ഥത്തിൽ പി.ഡബ്ല്യൂ.ഡി.-യുടെ അവസ്ഥ ഇന്ന് എന്താണ്? ഒരുപാട് നിബന്ധനകൾ വച്ചു. കിഫ്ബിയിലൂടെ കോടികൾ അനുവദിച്ചു എന്ന് അവകാശപ്പെടുന്നു.

മി. ചെയർമാൻ: ശ്രീ. എ. പി. അനിൽ കുമാർ, ദയവായി അവസാനിപ്പിക്കണം. പതിനേഴ് പേർ സംസാരിക്കാനുണ്ട്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, അങ്ങനെ എല്ലാ രംഗത്തെയും ഈ മൂന്നര വർഷക്കാലംകൊണ്ട് പരിപൂർണ്ണമായി തകർത്തതിന്റെ ഉത്തരവാദിത്വം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, അങ്ങേയ്ക്കാണ്, ഈ ഗവൺമെന്റിനാണ് എന്ന് ഞാൻ പറയും. കാരണമെന്തെന്നറിയുമോ? ബഹുമാനപ്പെട്ട മന്ത്രിമാരെയും മുഖ്യമന്ത്രിയെയും ഉൾപ്പെടെ ഈ ഗവൺമെന്റിനെ മുഴുവൻ അങ്ങ് മിസ്‌ലീഡ് ചെയ്തു.

<u>മി. ചെയർമാൻ</u>: അങ്ങ് ദയവായി അവസാനിപ്പിക്കണം.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, അതുകൊണ്ട് ഇതിന്റെ പൂർണ്ണമായ ഉത്തരവാദിത്വം അങ്ങേയ്ക്കാണ്. കേന്ദ്ര ഗവൺമെന്റ് ഉണ്ടാക്കുന്ന ഈ സ്ഥിതിയിൽനിന്നും കരകയറുന്നതിനുവേണ്ടിയുള്ള എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നില്ലെന്നു മാത്രമല്ല, കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെയും ഈ രീതിയിലാക്കുകയാണ്. ഇത്രയും പറഞ്ഞ് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. ഗുരുതരമായ സാമ്പത്തിക തകർച്ച കേരളത്തിലുണ്ടായി എന്ന് എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. എ. പി. അനിൽ കുമാർ നടത്തിയ ആക്ഷേപം കേട്ടു. ഇന്ത്യയുടെ അല്ലെങ്കിൽ ലോകത്തിന്റെ സമ്പദ്ഘടന എന്താണെന്ന് ഇവിടെ നമ്മൾ മനസ്സിലാക്കണം. ദേശീയ നിലവാരത്തിൽ ഇന്ത്യയുടെ സമ്പദ്ഘടന തകർന്നുതരിപ്പണമായി; പാപ്പരായിരിക്കുകയാണ്. ശ്രീ. നരേന്ദ്ര മോദിയുടെയും ശ്രീമതി നിർമ്മലാ സീതാരാമന്റേയും സാമ്പത്തിക നയങ്ങളെ എതിർക്കാൻ രാജ്യത്ത് വ്യാപക പ്രക്ഷോഭങ്ങൾ ഉയർന്നുവരികയാണ്. നിങ്ങൾ കേരളം മാത്രമേ കാണുന്നുള്ളൂ, ഇന്ത്യയാണ് നമ്മുടെ മുന്നിലുള്ളത്. ഇന്ത്യയുടെ ഭാഗമാണ് കേരളവും. ഇന്ത്യയുടെ സാമ്പത്തിക-സാമൂഹ്യ-രാഷ്ട്രീയ പ്രശ്നങ്ങളെല്ലാം കേരളത്തിനും ബാധകമാണ്. ഇന്ത്യയിൽ എല്ലാ മേഖലകളും കൈവിട്ട് പോകുകയാണ്. ഇന്ത്യയുടെ സാമ്പത്തികസ്ഥിതി മാത്രമല്ല ജനാധിപത്യവും മതേതരത്വവും ഗുരുതരമായ വെല്ലുവിളി നേരിടുകയാണ്. കേരളത്തിൽ എവിടെയെങ്കിലും നടന്ന ഒരു അനിഷ്ടസംഭവം മാത്രമാണ് അതീവ ഗുരുതര പ്രശ്നമായി നമ്മൾ ചർച്ച ചെയ്യുന്നത്. പക്ഷേ, നമുക്ക് നഷ്ടപ്പെടുന്നത് മഹത്തായ നമ്മുടെ രാജ്യമാണ്. രാജ്യത്തിന്റെ പൈതൃകമാണ്. ഇന്ത്യൻ ഭരണഘടനയിൽ പറയുന്ന എന്തെങ്കിലും കാര്യങ്ങൾ ഇന്ന് നടക്കുന്നുണ്ടോ? ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ പറയുന്നത്, 'WE, THE PEOPLE OF INDIA, having solemnly resolved to constitute India into a SOVEREIGN SOCIALIST SECULAR DEMOCRATIC REPUBLIC....'എന്നാണ്. ഇത് വല്ലതും ഇന്ത്യയിൽ ഇന്നുണ്ടോ? എന്താണ് ഇന്ന് സെക്യുലറിസം? ഈ ചോദ്യം ഉയർത്തേണ്ടത്

കേരളത്തിലെ നിയമസഭയിലാണ്. കാരണം, ഇന്ത്യയിലെ മുഴുവൻ ജനങ്ങളും കേരള നിയമസഭയിൽ ഏത് വിഷയമാണ് ചർച്ച ചെയ്യുന്നതെന്ന് ശ്രദ്ധിക്കുന്നുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ പറയുന്നതെല്ലാം ശ്രീ. നരേന്ദ്ര മോദി പിച്ചിച്ചീന്തി എറിയുകയാണ്. 'Justice, social, economic and political;' ഇവിടെ നീതിയുണ്ടോ സർ? രണ്ടാമത് 'Liberty of thought, expression, belief, faith and worship;' ഇവിടെയുണ്ടോ? ' EQUALITY of status and of opportunity; and to promote among them all; FRATERNITY assuring the dignity of the individual and the unity and integrity of the nation;....' ഇങ്ങനെ തുടരുന്ന മഹത്തായ നമ്മുടെ ഇന്ത്യൻ ഭരണഘടന കത്തിച്ചിരിക്കുകയാണ്, ചാമ്പലാകുകയാണ്, കത്തിയെരിയുകയാണ്. ഡോ. ബി. ആർ. അംബേദ്കറെ പോലുള്ള മഹാന്മാർ തയ്യാറാക്കി ലോകത്തിനുതന്നെ മാതൃകയായ ഒരു ഭരണഘടനയെ ശ്രീ. നരേന്ദ്ര മോദി ഇന്ന് കശാപ്പുചെയ്യുമ്പോൾ എവിടെയാണ് നമുക്കൊരു അഭയം? കേരളത്തിലെ ജനങ്ങൾ ഇതിനെ നേരിടുകയാണ്. ഇന്ന് ശ്രീ. നരേന്ദ്ര മോദിക്കെതിരെ ഇന്ത്യയിൽ നിലനിൽക്കുന്ന ഏക ബദൽ രാഷ്ട്രീയ സംവിധാനം കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനമാണ്. ഇതാണ് ബദൽ. ഇവിടത്തെ വികസനമാണ് ബദൽ. ഞാൻ ഇപ്പോൾ പ്രതിപക്ഷത്ത് സന്നിഹിതനായിരിക്കുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനോട് ചോദിക്കുകയാണ്. കേരളത്തേക്കാൾ മെച്ചപ്പെട്ട സാമൂഹ്യസേവനവും സാമൂഹ്യ സുരക്ഷയുമുള്ള ഏത് ഗവൺമെന്റാണ് ഇന്ത്യയിൽ ഇപ്പോഴുള്ളത്? ഈ ഗവൺമെന്റിനെ അടിക്കടി വിമർശിക്കുമ്പോൾ മറന്നുപോകുന്നത് ബി.ജെ.പി.യുടെ അടുത്ത് നിങ്ങൾ പോകുന്നില്ല എന്നതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ഭാഗത്തുനിന്നും നിർഭാഗ്യകരമായ ഒരു പ്രയോഗം ഉണ്ടായിരുന്നു. നിയമത്തിൽ എന്തെങ്കിലും നടപടിക്രമമുണ്ടെങ്കിൽ ബഹുമാനപ്പെട്ട ചെയർ അത് പരിശോധിക്കണം.

ഞാൻ ഈ സഭയിൽ വന്നിട്ട് നിരവധി വർഷങ്ങളായി. നിരവധി മുഖ്യമന്ത്രിമാർ ഇവിടെയുണ്ടായിട്ടുണ്ട്. പക്ഷേ, ഒരു മുഖ്യമന്ത്രിയെക്കുറിച്ചും ഒരു പ്രതിപക്ഷനേതാവും 'നിങ്ങൾ ഹിറ്റ്ലറാണ്' എന്ന പ്രയോഗം നടത്തിയിട്ടില്ല. ചട്ടങ്ങൾ അനുവദിക്കുമെങ്കിൽ സഭാരേഖകളിൽനിന്നും നിർഭാഗ്യകരമായ ആ പ്രയോഗം ഒഴിവാക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. ഹിറ്റ്ലർ ആരാണെന്ന് അറിയാമോ? ഗ്യാസ് ചേംബറുണ്ടാക്കി നിരപരാധികളെ കൊന്നൊടുക്കിയ ലോകത്തിന് ഏറ്റവും വെറുക്കപ്പെട്ടവൻ. വികാരം എത്ര കൂടിയാലും അങ്ങനെ പറയാമോ? പ്രതിപക്ഷനേതാവിനോട് എനിക്ക് ബഹുമാനമുണ്ട്. അദ്ദേഹം എന്റെ നല്ല സുഹൃത്താണ്. അദ്ദേഹം പ്രതിപക്ഷത്തിരിക്കുമ്പോഴും ഭരണകക്ഷിയിൽ ഉള്ളപ്പോഴും എനിക്കറിയാം. പക്ഷേ,

അദ്ദേഹത്തെക്കൊണ്ട് കേരളത്തിലെ മുഖ്യമന്ത്രിയെ, സഭയുടെ നേതാവിനെ ഇങ്ങനെ വിളിപ്പിക്കുന്നത് ശരിയാണോ? ഞാൻ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനോട് ചോദിക്കുകയാണ്, നിങ്ങൾക്ക് പാർലമെന്റിൽ 19 അംഗങ്ങളുണ്ടല്ലോ; അതിൽ ഒരാൾക്ക് എഴുന്നേറ്റുനിന്ന്, 'Mr. Narendra Modi, you are a Hitler. You are a dictator of this Country' എന്ന് പറയാൻ കരുത്തുണ്ടോ? നിങ്ങൾക്ക് ഇവിടെ എന്തും പറയാം. ഞങ്ങളെല്ലാം കേട്ട് ശാന്തമായിരിക്കുകയാണ്. കാരണം നിങ്ങൾക്ക് അതിനപ്പുറത്ത് ഒന്നും പറയാനില്ലെന്ന് ഞങ്ങൾക്കറിയാം.

ഇന്ത്യൻ സമ്പദ്ഘടനയുടെ നെട്ടെല്ല് എന്നുപറയുന്ന ബാങ്കിംഗ് മേഖല തകർന്നിരിക്കുകയാണ്. 27 നാഷണലൈസ്ഡ് ബാങ്കുകളുണ്ടായിരുന്ന സ്ഥാനത്ത് അത് 12 എണ്ണമായി കുറഞ്ഞു. ബാങ്കിംഗ് മേഖലയിൽനിന്ന് ഇന്ന് ഒന്നര ലക്ഷം ആളുകളെ പിരിച്ചുവിടുന്നു. ബാങ്കുകളെല്ലാം കുത്തകകളായി, കോർപ്പറേറ്റ് ബാങ്കുകളായി മാറുകയാണ്. റിസർവ് ബാങ്കിന്റെ കരുതൽ ധനത്തിൽനിന്നും 1,76,000 കോടി രൂപ കടമെടുത്ത് നിത്യനിദാന ചെലവ് നടത്തുന്ന ഒരു കേന്ദ്ര ഗവൺമെന്റുണ്ട്. അത് നിങ്ങൾ കാണുന്നില്ല. ഒരു ലക്ഷം കോടി രൂപയുടെ പൊതുമേഖലാ ഷെയറുകൾ വിറ്റഴിക്കുന്നു. മോദി സർക്കാരിന്റെ സ്വകാര്യവത്കരണ നയത്തിനെതിരെ തൊഴിലാളിവർഗ്ഗം രംഗത്തിറങ്ങിയിരിക്കുകയാണ്. അതുപോലെ കർഷകരുടെയും വിദ്യാർത്ഥികളുടെയും സമരങ്ങൾ പൊട്ടിപ്പുറപ്പെടുകയാണ്. ജീവനക്കാരെ കൂട്ടത്തോടെ പിരിച്ചുവിടുകയാണ്. ലോകത്ത് പട്ടിണി കിടക്കുന്ന രാജ്യങ്ങളിൽ മുൻസ്ഥാനത്തേക്ക് ഇന്ത്യ മാറുകയാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇന്ത്യയുടെ സാമ്പത്തിക പുരോഗതി 137-ൽ നിന്ന് 138-ലേക്ക് പോകുകയാണ്. നമ്മെക്കാൾ സാമ്പത്തിക പുരോഗതി ബംഗ്ലാദേശ്, പാകിസ്ഥാൻ എന്നീ രാജ്യങ്ങൾക്കുണ്ട്. ഇന്ത്യക്ക് എന്തുപറ്റി? ഇതിനെല്ലാം വഴിമരുന്നിട്ടത് പ്രിയപ്പെട്ട കോൺഗ്രസുകാരുടെ പൂർവ്വികരുടെ നയങ്ങളും പരിപാടികളുമാണ്. ആ നയമാണ് ഇവർ പിന്തുടരുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളിൽ കച്ചവടം തുടങ്ങിയത് ആരാണ്; ഡിസ്ഇൻവെസ്റ്റ്മെന്റ് തുടങ്ങിവച്ചത് ആരാണ്? അത് കോൺഗ്രസാണ്. ശ്രീ. മൻമോഹൻ സിംഗാണ്. ഇപ്പോൾ അത് പൂർത്തിയാക്കി. ആര് പൂർത്തിയാക്കി? ശ്രീമതി നിർമ്മലാ സീതാരാമൻ. ശ്രീ. എസ്. ശർമ്മ പറഞ്ഞതുപോലെ ആകാശവും പോയി, കരയും പോയി, ഭൂമിയും പോയി, എല്ലാം പോയി. നിങ്ങൾ പരമയോഗ്യരായിരിക്കുകയാണ്. ഇതിനെല്ലാം വഴിമരുന്നിട്ടത് നിങ്ങളാണ്. എനിക്ക് സമയം നൽകണം.

മി. ചെയർമാൻ: സമയം നൽകില്ല, വഴങ്ങിയാൽ അങ്ങയുടെ സമയം പോകും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞങ്ങൾ ഇത് നേരത്തെ കണ്ടതാണ്. ഇങ്ങനെ സംഭവിക്കാൻ പോകുന്ന എന്നതുകൊണ്ടാണ് നമുക്കെല്ലാവർക്കുംകൂടി ഒരുമിച്ച് നിന്ന് ബി.ജെ.പി.ക്കെതിരായി ഒരു ബദൽ വേണമെന്ന് പറഞ്ഞത്. ആ ബദലിന് പുതിയൊരു ബദൽ എന്നുള്ളതായിരുന്നു നിങ്ങളുടെ വാദഗതി. അതാണ് പ്രശ്നം. അതുകൊണ്ട് എന്തായി? ബി.ജെ.പി. വലിയ വിജയം നേടി. പിന്നെ ഞങ്ങളെ തിരിഞ്ഞ് കുറ്റപ്പെടുത്തിയിട്ട് എന്താണ് കാര്യം.

12.00 NOON]

ശ്രീ. സി. ദിവാകരൻ: സർ, ഞങ്ങൾക്ക് ഒരു ഭയവുമില്ല. ബി.ജെ.പി.യെ എന്നല്ല ഹിറ്റ്ലറെപ്പോലും പേടിക്കാത്ത ഒരു പ്രസ്ഥാനമാണ് ഞങ്ങളുടേത്. ലോകത്തെ കിടുകിടാ വിറപ്പിച്ച ഹിറ്റ്ലറെ പരാജയപ്പെടുത്തിയത് കമ്മ്യൂണിസ്റ്റുകാരാണ്. ചരിത്രമറിയണം. രണ്ട് കോടി റെഡ് ഗാർഡ്സാണ് മോസ്കോയിൽ മരിച്ചുവീണത്. ഞങ്ങൾക്ക് ആരെയും പേടിയില്ല. ബി.ജെ.പി.യുടെ കൗണ്ട് ഡൗൺ ആരംഭിച്ചിരിക്കുകയാണ്. നിങ്ങൾ മഹാരാഷ്ട്രയിൽ നോക്കൂ, എൻ.സി.പി.-യെ ഞാൻ അഭിനന്ദിക്കുകയാണ്. മഹാരാഷ്ട്രയിൽ ബദലുണ്ടോ, ഇനിയും ബദൽ വരും. ഇവിടെ വമ്പിച്ച ജനകീയ പ്രക്ഷോഭങ്ങൾ ഉയർന്നുവരികയാണ്. നിങ്ങൾ ഞങ്ങളെ ഉപദേശിക്കുമ്പോഴും പ്രതിപക്ഷത്തിരിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ കമ്മ്യൂണിസ്റ്റ് വിരുദ്ധ സന്തതികളാണ്. നിങ്ങളുടെ ജനുസ് എന്നുപറയുന്നത് ആന്റി-കമ്മ്യൂണിസമാണ്. നിങ്ങൾ അതിൽനിന്ന് എപ്പോൾ മാറുമോ അന്ന് നന്നാകും. നിങ്ങൾ കമ്മ്യൂണിസ്റ്റ് വിരുദ്ധതയിൽനിന്ന് എവിടെ ചെന്നുവെന്നറിയാമോ? കമ്മ്യൂണിസ്റ്റ് വിരുദ്ധത ഇപ്പോൾ കേവലം പിണറായി വിരുദ്ധ സമീപനമായി. നിങ്ങൾ രാഷ്ട്രീയമായി അധഃപതിച്ചില്ലേ? വേറെ ഇഷ്യൂസില്ലേ; നമ്മുടെ രാജ്യം കത്തിയെരിയുകയല്ലേ? മതന്യൂനപക്ഷങ്ങൾക്കും തൊഴിലാളികൾക്കും രക്ഷയുണ്ടോ; രണ്ട് കോടി തൊഴിലവസരങ്ങൾ കൊടുക്കാമെന്ന് ശ്രീ. നരേന്ദ്ര മോദി പറഞ്ഞു; അത് നിങ്ങൾ അന്വേഷിക്കുന്നുണ്ടോ? നിങ്ങൾ ശ്രീ. നരേന്ദ്ര മോദിയിലേക്ക് പോകൂ. ഈ കൊച്ചുകേരളത്തിൽ ഒരു ഗവൺമെന്റുണ്ട്. നിങ്ങളുടെ ഉദ്ദേശ്യം ഈ ഗവൺമെന്റിനെ അട്ടിമറിക്കണമെന്നതാണ്. അതിനാണ് ഇവിടെ ശ്രീ. ഒ. രാജഗോപാൽ വന്നിരിക്കുന്നത്. ഇന്ന് ബി.ജെ.പി.യും കോൺഗ്രസ്സും എൽ.ഡി.എഫ്.-ന് എതിരായി, ഗവൺമെന്റിനെതിരായി എടുത്തിരിക്കുന്ന നിലപാട് ആത്മഹത്യാപരമാണ്. അത് പുനഃപരിശോധിക്കണം. ആദ്യം നിങ്ങളുടെ സാമ്പത്തികനയം മാറ്റുക. ജനകീയ പ്രക്ഷോഭത്തിലേക്ക് വരിക, നമുക്ക് ഒരുമിച്ച് സമരം ചെയ്യാം. ബി.ജെ.പി.യുടെ കുത്തകഭരണം അവസാനിപ്പിക്കാം. മതന്യൂനപക്ഷങ്ങൾക്കുവേണ്ടി കോൺഗ്രസ്സുകാർ ഒന്നും ചെയ്തില്ല. ചെയ്തത് ഞങ്ങളാണ്, ഇനി ചെയ്യാൻ പോകുന്നതും ഞങ്ങളാണ്. ഇവർ അപ്പുറത്ത് അബദ്ധത്തിലിരിക്കുകയാണ്. ഇതാണ് നമ്മുടെ ഇന്നത്തെ ഇന്ത്യ.

<u>മി. ചെയർമാൻ</u>: പ്ലീസ്, പ്ലീസ്... അങ്ങ് അവസാനിപ്പിച്ച് മാതൃക കാണിക്കുക. അങ്ങ് സീനിയറായിട്ടുള്ള ആളാണ്. അങ്ങ് മറ്റുള്ളവർക്ക് മാതൃകയാകണം.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഭരണഘടനയിൽ Liberty of thought and expression എന്നുപറയുന്നുണ്ട്. എന്റെ അഭിപ്രായം പറയാൻ എനിക്ക് സ്വാതന്ത്ര്യമില്ലേ?

<u>മി. ചെയർമാൻ</u>: പ്ലീസ്, പ്ലീസ്.. വേഗം കൺക്ലൂഡ് ചെയ്യൂ.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഞാൻ കൺക്ലൂഡ് ചെയ്യാൻ പോകുകയാണ്. കേന്ദ്ര നയപരിപാടികൾക്കെതിരായ ഒരു ബദൽ സംവിധാനത്തിന്റെ തുടക്കമാണ് കേരളത്തിൽ ആരംഭിച്ചത്. നിങ്ങൾക്ക് ഏതു കാര്യത്തിലാണ് അഭിപ്രായ വ്യത്യാസമുള്ളത്? ഡോ. എം. കെ. മുനീറിൽ നിന്നുതന്നെ നമുക്ക് കേൾക്കാം. അങ്ങയുടെ പിതാവ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഞാൻ യൂത്ത് ഫെഡറേഷൻ നേതാവായിരുന്നു. അന്ന് മുതൽ ഇന്നുവരെ നോക്കിയാൽ ലോകത്തിന് മുമ്പിൽ കേരളത്തിന്റേത് വിസ്മയകരമായ വിദ്യാഭ്യാസ മേഖലയാണ്. ഡോ. എം. കെ. മുനീറിന്റെ മണ്ഡലത്തിൽ അഞ്ച് കോടി രൂപ അനുവദിച്ച ഒരു സ്കൂളില്ലേ; ഏതെങ്കിലും മണ്ഡലത്തിൽ തുക കിട്ടാതെയുണ്ടോ; കിട്ടിയിട്ടില്ലായെന്ന് വെറുതെ പറയരുത്, പിറവത്തും സ്കൂളിന് തുക അനുവദിച്ചിട്ടുണ്ട്. നാല്പതിനായിരം കമ്പ്യൂട്ടർ ക്ലാസ്സുകൾ അനുവദിച്ചു, ഇതൊരു മാറ്റമല്ലേ; അതിനെ നിങ്ങൾ അഭിനന്ദിക്കണ്ടേ?

<u>മി. ചെയർമാൻ</u>: അങ്ങ് ദയവായി അവസാനിപ്പിക്കണം. അദ്ദേഹം കൺക്ലൂഡ് ചെയ്യട്ടെ ...നിങ്ങൾ ഇടപെടരുത്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഈ പ്രയാസങ്ങൾക്കിടയിൽ നമ്മുടെ ഗവൺമെന്റ് രണ്ട് പ്രളയവും നിപ വൈറസും നേരിട്ടു. കേരളം മുങ്ങി ചാകട്ടെയെന്ന് കരുതിയ ബി.ജെ.പി. ഗവൺമെന്റിനെ വെല്ലുവിളിച്ചുകൊണ്ട് കേരളത്തിലെ ജനങ്ങൾ ഒറ്റക്കെട്ടായി ഉയർന്നുവരികയാണ്.

<u>മി. ചെയർമാൻ</u>: ദയവായി അവസാനിപ്പിക്കണം.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, എന്ത് ദുരന്തം വന്നാലും കേരളത്തിന് രക്ഷപ്പെടാൻ കഴിയും. കേരളത്തിന് ശക്തമായ ജനപിന്തുണയുള്ള, അടിത്തറയുള്ള, ചങ്കുറ്റമുള്ള, നട്ടെല്ലുള്ള, അനുഭവസമ്പന്നരായ നേതാക്കളുടെ നിരയുണ്ട്. അതുകൊണ്ട് ബി.ജെ.പി.-യുടെ ഓലപ്പാമ്പിനോടൊപ്പം കോൺഗ്രസ്സിന്റെ, യു.ഡി.എഫ്-ന്റെ ചെറിയ വിരട്ടലുകൾ നടത്തേണ്ട കാര്യമില്ല.

മി. ചെയർമാൻ: ദയവായി അവസാനിപ്പിക്കണം.

ശ്രീ. സി. ദിവാകരൻ: സർ, നമ്മൾ പോകുന്നത് ഇന്ത്യയിലേക്കാണ്. കേരളത്തിന്റെ പഞ്ചായത്തിലേക്കല്ല. നിങ്ങൾ പാർലമെന്റിൽ വിജയം കൈവരിച്ചു. എന്ത് ഗുണമാണുണ്ടായത്? ഞാൻ നിന്ന് തോറ്റു. നിങ്ങളാണ് എന്നെ തോൽപ്പിച്ചത്. നിങ്ങളുടെ പത്തൊൻപത് പേർ പോയിട്ട് എന്താണ് അവിടെ ചെയ്യുന്നത്? അതെല്ലാം ആലോചിക്കേണ്ട ഒരു വിഷയമാണെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. എം. സി. കമറുദ്ദീൻ: സർ, 2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. ഞാൻ അതിനെക്കുറിച്ച് വിശദമായി സംസാരിക്കുന്നില്ല. എല്ലാവർക്കും അറിയാവുന്നതുപോലെ നോട്ട് നിരോധനവും ജി.എസ്.ടി.യും ഉണ്ടാക്കിയിട്ടുള്ള വിഷമങ്ങൾ നമ്മൾ അനുഭവിക്കുകയാണ്. പിന്നെ ഇവിടെ പറഞ്ഞത് ഇതിനെയൊക്കെ നേരിടാൻ കേരള ഗവൺമെന്റ് ആവിഷ്കരിച്ച നയങ്ങളെക്കുറിച്ചാണ്. അതുകൊണ്ട് നമ്മുടെ രാജ്യത്ത് ഒരു മാറ്റവും കാണുന്നില്ല. ഇക്കഴിഞ്ഞ ഉപതെരഞ്ഞെടുപ്പ് സമയത്ത് എന്റെ മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ പോയപ്പോൾ കണ്ടൊരു അവസ്ഥ; കുറച്ചുനാൾ മുമ്പൊക്കെ ബസ് സ്റ്റാന്റിലും ടാക്സി സ്റ്റാന്റിലുമൊക്കെ കുറെ ആളുകളെ കാണാമായിരുന്നു. അവർ ഉപജീവനമാർഗ്ഗം കണ്ടെത്താനായി ചിലപ്പോൾ ഭാരം ഉരുട്ടിക്കൊണ്ടോ അല്ലെങ്കിൽ വേറെ എന്തെങ്കിലും ചെയ്തുകൊണ്ടോ നിൽക്കും. അപ്പോൾ ആരെങ്കിലും ഏതെങ്കിലും ആവശ്യത്തിനായി വരും, അവരുടെയിടയിൽനിന്ന് ബ്രോക്കർ പണിയൊക്കെയെടുത്ത് ജീവിക്കുന്ന ആളുകളുണ്ടായിരുന്നു. അവരൊക്കെ ഇന്ന് പട്ടിണിയിലാണ്. മാത്രമല്ല, കച്ചവടം ചെയ്ത് ജീവിക്കുന്നവരുടെ അവസ്ഥയെന്താണ്; എത്ര സ്ഥാപനങ്ങളാണ് പൂട്ടിപ്പോയത്? മാത്രമല്ല, റോഡ് പണിയൊക്കെ പല സ്ഥലത്തും നിലച്ച മട്ടാണ്. എന്റെ മണ്ഡലത്തിൽ മംഗലാപുരംവരെ രോഗികളെയുംകൊണ്ട് ചീറിപ്പായുന്ന ആമ്പുലൻസുകൾക്ക് പോകാൻ കഴിയുന്നില്ല, മുഴുവൻ കുഴിയാണ്. എത്ര ആളുകളാണ് അവിടെ വീണ് മരിച്ചത്. ഒരു വികസന പ്രവർത്തനവും നടക്കുന്നില്ല. ഖജനാവ് കാലിയാണെന്നാണ് ബഹുമാന്യരായ മന്ത്രിമാർതന്നെ പറയുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയത്തെ പ്രതിരോധിക്കാൻ കേരള ഗവൺമെന്റ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ എന്തെങ്കിലുമൊരു റിസൾട്ട് കേരളത്തിൽ കാണുന്നുണ്ടോ? വൻകിടക്കാർ വൻകിടക്കാരായി പോകുകയും സാധാരണക്കാരൻ തകർന്നുതരിപ്പണമായി ഒരു രക്ഷയുമില്ലാതെ നിൽക്കുകയും ചെയ്യുന്ന അവസ്ഥാവിശേഷമാണ്. ഏത് സ്ഥാപനത്തിലാണ് ഇപ്പോൾ കച്ചവടം

നടക്കുന്നത്? പെട്ടിക്കടക്കാരന്റെപോലും അവസ്ഥ എല്ലാവർക്കും അറിയാവുന്നതാണ്. കുറേ കാര്യങ്ങളിവിടെ പറഞ്ഞുവെന്നല്ലാതെ ഇതിനെയൊക്കെ നേരിടാൻ അല്ലെങ്കിൽ, നന്നാക്കിയെടുക്കാൻ എന്ത് പദ്ധതികളാണ് ഈ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് ഞങ്ങൾക്കാർക്കും മനസ്സിലാകുന്നില്ല. സെയിൽസ് ടാക്സൊക്കെ എത്ര വരുന്നുണ്ടെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. അതെല്ലാം നിലച്ചു. വളരെ പ്രധാനപ്പെട്ട വരുമാനംതന്നെ ഇല്ലാതാകുന്ന സ്ഥിതിവിശേഷമുണ്ടായി. പണ്ടൊരു കവി പാടിയ കവിത എനിക്ക് ഓർമ്മവരികയാണ്.

"വലിയ പ്രാണികൾ വാ പൊളിക്കുന്നു,
ചെറിയ പ്രാണികൾ അതിൽ കുടുങ്ങുന്നു.
പണ സഞ്ചിക്കകം ശൂന്യമായാൽ പിന്നെ
പിണമല്ലോ വെറും പുഴവല്ലോ."

ഈ കവിത എത്ര അർത്ഥവത്താണ്. സാമ്പത്തികമായി വളരെയധികം ബുദ്ധിമുട്ടുന്ന അവസ്ഥാവിശേഷം നമ്മുടെ രാജ്യത്തുണ്ടായാൽ എങ്ങനെയിരിക്കും? കേന്ദ്ര ഗവൺമെന്റിന്റെ കാര്യം പറയാതിരിക്കാൻ കഴിയില്ല; ബി.സി.സി.ഐ. ക്രിക്കറ്റിന്റെ തലപ്പത്തുപോലും ചില കേന്ദ്ര നേതാക്കളുടെ മക്കൾ വന്നുചേരുന്ന അവസ്ഥാവിശേഷമുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. മുൻ കോൺഗ്രസ് ഗവൺമെന്റിന്റെ സാമ്പത്തിക നയത്തെക്കുറിച്ച് പറയുന്നു. അമേരിക്കയിൽ വൻകിടക്കാർക്ക് കുറേ ലോൺ കൊടുത്ത് അവരെ കൊണ്ടുവന്നു. അവരുടെ സാമ്പത്തികനില ഉയർന്നുവന്നപ്പോൾ അമേരിക്ക സാമ്പത്തികമായി തകർന്ന ആ സമയത്ത്, ഞാൻ മനസ്സിലാക്കിയിടത്തോളം, ശ്രീ. മൻമോഹൻ സിംഗിന്റെ ഉപദേശമാണ് അവിടത്തെ ഭരണാധികാരികൾപോലും സ്വീകരിച്ചതെന്നത് ആർക്കാണ് നിഷേധിക്കാൻ കഴിയുന്നത്? അതുകൊണ്ടുതന്നെ എന്ത് പറയുമ്പോഴും കോൺഗ്രസ്സിന്റെ സാമ്പത്തിക നയത്തെ തള്ളിപ്പറഞ്ഞുകൊണ്ടും സാമ്പത്തികനയം മാറ്റണമെന്ന് പറഞ്ഞുകൊണ്ടും പ്രയോജനമില്ല. ഫലപ്രദമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് വിനീതമായി സൂചിപ്പിക്കാനുള്ളത്. ഞാൻ അതിലേക്ക് കടക്കുന്നില്ല; ചുരുങ്ങിയ സമയമേയുള്ളൂ.

മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ നിന്നാണ് ഞാൻ ജയിച്ചുവന്നത്. അവിടത്തെ തെരഞ്ഞെടുപ്പിന്റെ സാഹചര്യം എല്ലാവർക്കും അറിയാവുന്നതാണ്. മഹാകവി ഒ.എൻ.വി. കുറുപ്പ് പാടിയതുപോലെ,

"എല്ലാം മറന്നൊന്നുറങ്ങിയ യാമങ്ങൾ
എന്നേക്കുമായി അസ്തമിച്ചു പോയ്
ഇനി നമ്മിലൊരാളിന്റെ നിദ്രയ്ക്കു മറ്റെയാൾ
കണ്ണിമ ചിമ്മാതെ കാവൽ നിന്നീടണം ...

എന്നതാണ് ഇന്ത്യയിലെ അവസ്ഥ. അതുപോലെ തൊട്ടടുത്ത കർണ്ണാടകയിലും ഇതേ അവസ്ഥയാണ്. ആ സന്ദർഭത്തിലാണ് ഉപതെരഞ്ഞെടുപ്പ് നടന്നത്. ആ ഉപതെരഞ്ഞെടുപ്പിൽ ഫാസിസ്റ്റ് ശക്തികളും കേന്ദ്ര ഗവൺമെന്റിന്റെ പ്രതിനിധികളും അയൽസംസ്ഥാനമായ കർണ്ണാടകത്തിലെ ഉന്നത നേതാക്കളുമടക്കം വന്ന് എന്തെല്ലാമാണ് അവിടെ പറഞ്ഞതെന്ന് നിങ്ങൾക്കറിയാമോ? യു.ഡി.എഫ്. ജയിച്ചാൽ ഇവിടെ കാശ്മീരാക്കും, ഇവിടെയെല്ലാം തീവ്രവാദികളാണ് എന്നുപറഞ്ഞ് ബി.ജെ.പി.-യുടെ ആളുകൾ അവിടെ പ്രചാരണം നടത്തി. ഇടതുപക്ഷവും കുറവല്ല, ഇടതുപക്ഷം എന്താണ് ചെയ്തത്? കേരളത്തിൽ എം. സി. കമറുദ്ദീൻ എന്ന പേരിൽ ഞാൻ മാത്രമേയുള്ളൂവെന്നാണ് വിചാരിച്ചത്. എന്നാൽ വേറെ ആളുകളുണ്ടെന്ന് അവർ തെളിയിച്ചു. ഒരു അപരനെ കൊണ്ടോട്ടിയിൽനിന്ന് പിടിച്ചുകൊണ്ടുവന്ന് എനിക്കെതിരെ മത്സരിപ്പിച്ചു. ബി.ജെ.പി.-ക്കെതിരെ ഞങ്ങളേയുണ്ടാകൂ, ന്യൂനപക്ഷങ്ങളെ സംരക്ഷിക്കാൻ ഞങ്ങളേയുണ്ടാകൂ എന്ന് സീനിയർ മെമ്പർ ശ്രീ. സി. ദിവാകരൻ ഇവിടെ പറഞ്ഞതുകേട്ടു. അദ്ദേഹത്തോട് എല്ലാ വിനയത്തോടും ബഹുമാനത്തോടുംകൂടി ഞാൻ പറയട്ടെ, അവിടെ ഒരു അപരനെ നിർത്താമോ? പക്ഷേ, ഞങ്ങൾക്ക് അത് വലിയ ഗുണമായി. എന്താണെന്നുവച്ചാൽ, ഭാഗ്യത്തിന് ഒന്നാം നമ്പർ ഞങ്ങൾക്ക് ലഭിച്ചു. ഒന്നാം നമ്പറിലായിരുന്നു എന്റെ പേരും ചിഹ്നവും. അത് ഞങ്ങൾക്ക് കൂടെക്കൂടെ പറയാനുള്ള ഒരവസരം തന്നു. അതിനാൽ അപരന് ചെറിയ വോട്ടേ നേടാൻ സാധിച്ചുള്ളൂവെന്നത് യാഥാർത്ഥ്യമാണ്. മാത്രമല്ല സ്ക്വാഡ് മുഴുവനും കയറിയത് ഞങ്ങളുടെ കേന്ദ്രത്തിലാണ്. ബി.ജെ.പി.-യുടെ കേന്ദ്രത്തിലല്ല കയറിയത്. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ എൽ.ഡി.എഫ്.-ന്റെ സ്ക്വാഡിലെ ആണുങ്ങളും പെണ്ണുങ്ങളുമൊക്കെ അവിടെയായിരുന്നു. എൽ.ഡി.എഫ്.-ന്റെ സ്ക്വാഡ് മുഴുവനും വന്ന് ശക്തമായി പ്രചാരണം നടത്തിയത് ഞങ്ങളുടെ കേന്ദ്രത്തിലായിരുന്നു. പക്ഷേ, ഫാസിസ്റ്റ് ശക്തികളെ ചരിത്രവളപ്പിലെ കുപ്പത്തൊട്ടിയിലേക്ക് വലിച്ചെറിഞ്ഞു കൊണ്ടാണ് യു.ഡി.എഫ്. പ്രതിനിധിയായ എന്നെ അവിടത്തെ ജനങ്ങൾ തെരഞ്ഞെടുത്തതെന്ന് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

രണ്ട് വ്യക്തികളെക്കൂടി ഈ അവസരത്തിൽ ഞാൻ സ്മരിക്കുകയാണ്. തുമ്പപ്പൂവിന്റെ നിർമ്മലതയുള്ള ശുഭ്ര വസ്ത്രധാരികളായ നേതാക്കളെ ഞാൻ ഓർക്കുന്നു. ചെർക്കളം അബ്ദുള്ളയെയും പി. ബി. അബ്ദുൽ റസ്സാക്ക് എന്ന റദ്ദുച്ചയും. വാസ്തവത്തിൽ അവരുടെ ഓർമ്മകൾ എന്നെ വല്ലാതെ വേദനിപ്പിക്കുന്നു. ചെർക്കളം അബ്ദുള്ള 19 വർഷക്കാലം അവിടെ വികസന പ്രവർത്തനങ്ങൾ നടത്തി.

അതിനുശേഷം പി. ബി. അബ്ദുൽ റസ്സാക്ക് യു.ഡി.എഫ്.-ന്റെ പ്രതിനിധിയായി വന്നു. കേരളത്തിലേക്ക് ആഞ്ഞുവീശാൻ ഒരുങ്ങിയ വർഗ്ഗീയതയുടെ വിഷക്കാറ്റിനെ തടുത്തുനിർത്തിയവരാണ് അവർ രണ്ടുപേരും. അതുകൊണ്ട് എല്ലാ ബഹുമാനത്തോടുകൂടിയും ഞാൻ അവരെ ഈ അവസരത്തിൽ സ്മരിക്കുകയാണ്. ആ വിഷക്കാറ്റിനെ മാനവമൈത്രിയുടെ മാലാഖമാരായ മഞ്ചേശ്വരത്തെ വോട്ടർമാർ ജാതിമത ഭേദമെന്യേ ഇത്തവണയും തടഞ്ഞുനിർത്തി. അതിൽ ഞങ്ങളെ സംബന്ധിച്ചിടത്തോളം അഭിമാനമുണ്ട്. എന്റെ മനസ്സിൽ ഉമിത്തീപോലെ പുകഞ്ഞുകൊണ്ടിരിക്കുന്ന പല കാഴ്ചകളും ഞാനവിടെ കണ്ടു. അതെല്ലാം കണ്ടപ്പോഴും ഞാൻ ആ മണ്ഡലത്തിലെ ജനങ്ങളോട് പറഞ്ഞ വാഗ്ദാനം ഇവിടെ നടപ്പിലാക്കാൻ പോകുകയാണ്. 141 എം.എൽ.എ.-മാരുള്ള കേരളം ഭരിക്കുന്ന ഭരണകൂടത്തിന്റെ തലപ്പത്തിരിക്കുന്നവരുടെയെല്ലാം മുമ്പിൽവച്ച് മഞ്ചേശ്വരം മണ്ഡലത്തിലെ ജനങ്ങൾക്ക് വർഗ്ഗീയതയില്ല എന്ന് അസന്ദിഗ്ദ്ധമായി പറയാൻ എനിക്ക് ഒരു അവസരം തരണമെന്നാണ് ഞാൻ അവരോട് പറഞ്ഞത്. ആ അവസരം എനിക്ക് ഇന്ന് ലഭിച്ചു. മഞ്ചേശ്വരത്തുള്ളവർക്ക് ഒരു വർഗ്ഗീയതയുമില്ല. ഇവിടെയുള്ളവർ വിചാരിക്കുന്നു, മഞ്ചേശ്വരമെന്നോ കാസർഗോഡെന്നോ പറഞ്ഞാൽ വളരെ വർഗ്ഗീയതയുള്ള മണ്ഡലമാണെന്നാണ്. യഥാർത്ഥത്തിൽ അവിടത്തെ ജനങ്ങൾക്ക് ഒരു വർഗ്ഗീയതയുമില്ല. അമ്പലത്തിലും പള്ളിയിലും മോസ്കിലും ആർക്കുവേണമെങ്കിലും കയറാൻ കഴിയുന്ന അവസ്ഥാവിശേഷമാണ് അവിടെയുള്ളത്. അതുപോലെ ഉറൂസിന് അമ്പല കമ്മിറ്റി ആശംസകൾ നേരുന്നു, അമ്പലത്തിലെ ഉത്സവത്തിന് പള്ളി കമ്മിറ്റി ആശംസകൾ നേർന്ന് കാഴ്ചകൾ കൊണ്ടുപോയി കൊടുക്കുന്ന ഒരു അവസ്ഥാവിശേഷമാണ് അവിടെയുള്ളത്. ഇതിനെല്ലാമെതിരായി ഫാസിസ്റ്റ് ശക്തികൾ അവിടെ ശക്തമായി വർഗ്ഗീയതയുണ്ടാക്കാനുള്ള ശ്രമങ്ങൾ നടത്തിയപ്പോൾ അതിനെ ചെറുത്ത് പരാജയപ്പെടുത്താൻ കഴിഞ്ഞതിലുള്ള സന്തോഷം ഞാൻ ഇവിടെ അറിയിക്കുന്നു. അതിന് സഹകരിച്ച എല്ലാവരോടും അകൈതവമായ നന്ദിപറയുന്നു. അവസാനമായി എനിക്ക് പറയാനുള്ളത്, ഞാൻ ഈ സഭയിൽ വന്നപ്പോൾ എന്റെ മനസ്സിൽ തോന്നിയ ഒരു കവിത ചൊല്ലണമെന്നുണ്ട്.

മി. ചെയർമാൻ: പ്ലീസ്..... അതുകൂടി ചൊല്ലി അവസാനിപ്പിക്കണം.

ശ്രീ. എം. സി. കമറുദ്ദീൻ: സർ, ഒരു പുതിയ അംഗമെന്ന നിലയിൽ ഇതുകൂടി വെളിപ്പെടുത്താൻ അവസരം തരണം.

"കടലും മലയും കഥകൾ പറയും നാട്
കലയുടെ വെള്ളിച്ചിലങ്കയണിഞ്ഞ നാട്
കുഞ്ചനും തുഞ്ചൻ കവികൾ പിറന്ന നാട്
കൈകൊട്ടി പാട്ടാൽ പുളകമണിഞ്ഞ നാട്" .

എന്റെ മണ്ഡലത്തിലെ പ്രിയേഷിന്റെയും ശരത് ലാലിന്റെയുമൊക്കെ ഓർമ്മ വരുന്നുണ്ട്. ഇനിയെങ്കിലും അത്തരം സംഭവങ്ങൾ അവസാനിപ്പിക്കാൻ മറുഭാഗത്തിരിക്കുന്നവർ തയ്യാറാകണം. അവരുടെ അമ്മമാരുടെ കണ്ണുനീർ കാണണം. അതോടൊപ്പം അടുത്തകാലത്തുണ്ടായ താനൂരിലെ ഇസ്ഹാഖ് സംഭവം. ഇതൊക്കെ ആവർത്തിക്കാതിരിക്കാനും തുഞ്ചനും കുഞ്ചനുമൊക്കെ പിറന്ന, മാനവ മൈത്രിയുടെയും സൗഹൃദത്തിന്റെയും ഈ നാട്ടിൽ ആനന്ദകരമായ ഒരവസ്ഥാവിശേഷം സൃഷ്ടിക്കുന്നതിന് നമുക്ക് കൈകോർത്ത് പിടിച്ചുകൊണ്ട് ഒറ്റക്കെട്ടായി, ഒരു മേളമായി, രാഗമായി, താളമായി, ലയമായി ആ രൂപത്തിലുള്ള സൗഹൃദത്തിന്റെ പ്രവർത്തനം സ്പോർട്സ്മാൻ സ്പിരിറ്റോടുകൂടി ആദർശപരമായി കൈകാര്യം ചെയ്തുകൊണ്ട് മുന്നോട്ടുപോകാൻ കഴിയട്ടെയെന്ന് ആശംസിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു. ജയ്ഹിന്ദ്.

ശ്രീ. സി. കെ. നാണു: സർ, ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഗൾഫ് അടക്കമുള്ള വിദേശ രാജ്യങ്ങളിലെ മലയാളികൾ നമ്മുടെ നാട്ടിൽ വന്ന് സാമ്പത്തികമാന്ദ്യത്തിന്റെ ഫലമായി അവിടെയൊക്കെ മുമ്പത്തെക്കാളും തൊഴിൽ കുറവാണെന്ന് പറയുന്ന കാലത്താണ് നമ്മൾ കേരളത്തിലെ പൊതുസ്ഥിതിയെ സംബന്ധിച്ച് വിലയിരുത്തുന്നത്. സംസ്ഥാനത്തെ ജനങ്ങളെ ബാധിക്കുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന് കുട്ടികളെ സ്കൂളുകളിൽ അയയ്ക്കണം എന്നതാണ്. സാമ്പത്തികമായി കുറച്ച് വരുമാനമുള്ളവർക്ക് കുട്ടികളെ പഠിപ്പിക്കാൻ നല്ലത് പ്രൈവറ്റ് വിദ്യാലയങ്ങളാണെന്നും അവിടെ മാസത്തിൽ ആയിരമോ രണ്ടായിരമോ ഫീസ് കൊടുത്താലും തകരാറില്ലെന്നും ചിന്തിച്ച് അത്തരം പ്രൈവറ്റ് സ്കൂളിൽ അയച്ചിരുന്നു. അത്തരം രക്ഷിതാക്കളിൽ 90 ശതമാനവും ഇന്ന് പൊതുവിദ്യാലയം മെച്ചപ്പെട്ടതിന്റെ ഫലമായി, സ്വകാര്യ വിദ്യാലയത്തിലായിരുന്ന രണ്ടുമൂന്ന് ലക്ഷത്തിലധികം വരുന്ന കുട്ടികളെ കഴിഞ്ഞ വർഷംതന്നെ സർക്കാർ വിദ്യാലയങ്ങളിൽ അയച്ച് പഠിപ്പിക്കാൻ തയ്യാറായിരിക്കുന്നു. സാധാരണക്കാരായ ആളുകൾക്ക് കയ്യിൽനിന്ന് കൂടുതൽ പണം മുടക്കാതെതന്നെ അവരുടെ മക്കളെ പഠിപ്പിക്കാൻ സർക്കാർ സൗകര്യമൊരുക്കി. രണ്ടാമത്, കുട്ടികൾക്ക് ആവശ്യമായത് വസ്ത്രവും ഭക്ഷണവുമാണ്. നമ്മുടെ നാട്ടിലെ കൈത്തറി തൊഴിലാളികൾക്ക് വളരെ കാലമായി തൊഴിൽ കുറവായിരുന്നു. പക്ഷേ, കേരളത്തിലുടനീളം സർക്കാർ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾക്ക് കൈത്തറി യൂണിഫോം നൽകുന്നതിന്റെ ഫലമായി അടുത്തകാലത്തൊന്നുമുണ്ടായിട്ടില്ലാത്ത വിധം കൈത്തറി സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് നല്ല തൊഴിൽ ലഭിക്കുന്നു.

ബഹുമാനപ്പെട്ട അംഗം റോഡിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. എന്താണ് അങ്ങനെ പറഞ്ഞതെന്ന് എനിക്കറിയില്ല. എന്റെ നാടായ കോഴിക്കോട്

ജില്ലയിലും കണ്ണൂർ ജില്ലയിലുമുൾപ്പെടെ നല്ല വീതിയുള്ള റോഡുകളാണുള്ളത്. കോഴിക്കോട് ജില്ലയിലെ വടകരയിലുള്ള പ്രധാനപ്പെട്ട രണ്ട് പാലങ്ങളുടെ ടെണ്ടർ 14-ാം തീയതി അവസാനിക്കുകയാണ്. ആ ടെണ്ടർ ആർക്കാണോ കിട്ടിയിരിക്കുന്നത് അവർ റോഡിന്റെ പണി ആരംഭിക്കും. കോഴിക്കോട് ജില്ലയിൽ എല്ലാ ഭാഗത്തും നല്ല റോഡുകളാണുള്ളത്. എത്ര കോടി രൂപയാണ് ആ ജില്ലയിൽമാത്രം റോഡിന്റെ വികസനത്തിനുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി നൽകിയതെന്ന് പരിശോധിച്ചാൽ അറിയാം.

വിദ്യാലയങ്ങളുടെ കെട്ടിടത്തിന്റെ കാര്യം ഇവിടെ പറഞ്ഞു. കോടിക്കണക്കിന് രൂപ വിദ്യാലയത്തിനുവേണ്ടി ചെലവഴിച്ചതിന്റെ ഫലമായാണ് അത്തരം വികസനമുണ്ടായത്. ആളുകളെ അടിസ്ഥാനപരമായി ബാധിക്കുന്ന പ്രശ്നങ്ങളാണ് നമ്മുടെ മുമ്പിൽ വന്നിരിക്കുന്നത്. സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി അമേരിക്കയിലും അതുപോലുള്ള സമ്പന്ന രാജ്യങ്ങളിലും വലിയ ബുദ്ധിമുട്ടുണ്ടായപ്പോൾ നവരത്നങ്ങൾ എന്നുപറയുന്ന എൽ.ഐ.സി. ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലനിൽപ്പുകൊണ്ടാണ് ഇന്ത്യ അതിനെ നേരിട്ടത്; വിജയിച്ചത്. പക്ഷേ, ഇന്ന് എന്താണ് ചെയ്യുന്നത്? ഇന്ന് നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളെ ഓരോന്നായി വിറ്റഴിക്കാൻ കേന്ദ്രസർക്കാർ തീരുമാനിക്കുന്നു. ബ്രിട്ടീഷുകാരുടെ ഭരണകാലത്ത് സർക്കാരിന്റേതായിരുന്ന റെയിൽവേ വിൽക്കുന്നതിനെ സംബന്ധിച്ചും ആലോചനകൾ നടക്കുന്നു, പത്രങ്ങളിൽ വാർത്ത വരുന്നു. ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെയെല്ലാം വിറ്റഴിച്ച് കോടീശ്വരന്മാരുടെ താൽപ്പര്യങ്ങളുടെ മാത്രം സംരക്ഷകരായി കേന്ദ്ര ഗവൺമെന്റ് മാറുന്നു. ഒരു മതത്തിന്റെ പേരിലോ വേറൊരു തരത്തിലോ അതിനെ കാണാൻ സാധിക്കില്ല. മതത്തിന്റെ പേരുപറഞ്ഞ് അധികാരത്തിൽവന്നശേഷം ഈ രാജ്യത്തെ ഒരുപിടി സ്വാർത്ഥ താൽപ്പര്യക്കാരായ കോടീശ്വരന്മാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ നിൽക്കുന്ന ഒരു ഭരണമായി അത് മാറിയിരിക്കുന്നു. ഒരു മതത്തിന്റെ പേരിൽ ജനങ്ങളുടെ വോട്ട് വാങ്ങി അധികാരത്തിൽ വന്നു. സാധാരണക്കാരായ ഹിന്ദുക്കളടക്കമുള്ള ഇന്ത്യയിലെ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളുടെ ജീവിതനിലവാരം തകർക്കുന്നതിനിടയാക്കുന്ന രൂപത്തിൽ കോടീശ്വരന്മാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി അവന്റെ കയ്യിലേക്ക് നമ്മൾ സ്വാതന്ത്ര്യം സമ്പാദിച്ചതുമുതൽ ഇതുവരെ പൊതുമേഖലയിൽ വളർത്തിയെടുത്ത സ്ഥാപനങ്ങൾ മുഴുവൻ ഏൽപ്പിച്ചുകൊണ്ട് തകർക്കുന്ന ഒരു ഘട്ടമാണ് വരുന്നത്. ആ ഘട്ടത്തിലാണ് കേരളം ഇന്ത്യക്ക് മാതൃകയാകുന്നത്. സാമ്പത്തിക പ്രതിസന്ധി ഉണ്ടാകാം, പക്ഷേ, രണ്ട് വെള്ളപ്പൊക്കത്തെ നമ്മൾ അഭിമുഖീകരിച്ചു.

ഞാൻ മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ചെയർമാനാണ്. കഴിഞ്ഞ വർഷം ശബരിമല സീസൺ ആരംഭിക്കുന്നതിന് മുമ്പ് മുതിർന്ന പൗരൻമാർക്ക് അവിടെ ഏർപ്പെടുത്തിയ സൗകര്യങ്ങളെന്താണെന്ന് പരിശോധിക്കാൻ ഞാനും സമിതിയംഗങ്ങളും പോയിരുന്നു. ഞങ്ങൾക്ക് ബഹുമാനം തോന്നി, അവിടത്തെ ഉദ്യോഗസ്ഥർ പറഞ്ഞത് പുറമേയുള്ളതൊന്നും ഞങ്ങളോട് ചോദിക്കണ്ട, ഇവിടെ ഫലപ്രദമായ രൂപത്തിൽ കാര്യങ്ങൾ നടത്തുന്നു എന്നാണ്. കേരളത്തിൽ മതം നോക്കിയല്ല, ഒരു ഗവൺമെന്റ് എന്ന നിലയിൽ ഇവിടത്തെ ക്ഷേത്രങ്ങളിൽ വരുന്ന, ടൂറിസത്തിന് വരുന്നവരെ തൃപ്തരാക്കുന്ന രൂപത്തിൽ, അവർക്ക് സൗകര്യങ്ങളൊരുക്കുന്ന രൂപത്തിൽ എന്തൊക്കെ ചെയ്യാൻ സാധിക്കും; അവിടെ എയ്റോഡ്രോം കൊണ്ടുവരാൻ എങ്ങനെ സാധിക്കും; തീവണ്ടി എങ്ങനെ ബന്ധപ്പെടുത്താൻ സാധിക്കും എന്നൊക്കെയാണ് ചർച്ച ചെയ്യുന്നത്. ഇതിനുമുമ്പും ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിച്ചിരുന്നു. അതിന്റെ ഭാഗമായവരാണ് നമ്മൾ. അന്നുള്ളതിനെക്കാൾ ഫലപ്രദമായ രൂപത്തിൽ ഈ ഗവൺമെന്റിന്റെ സാമ്പത്തിക വിഭാഗം ഓരോ മേഖലയിലും നാടിന്റെ വികസനത്തിന് സഹായകരമായത് എന്തെന്ന രൂപത്തിൽ പരിശോധിച്ച് കാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതിൽ നമുക്ക് അഭിമാനമുണ്ട്.

പല പ്രതിസന്ധികളുണ്ടായിട്ടും ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ഉപതെരഞ്ഞെടുപ്പിൽ രണ്ട് സീറ്റുകൾ വർദ്ധിപ്പിക്കാൻ സാധിച്ചു. കേരളത്തിൽ ഒരു ഭരണകക്ഷി ഉപതെരഞ്ഞെടുപ്പിനെ നേരിടുമ്പോൾ ലഭിക്കാത്ത വിജയം ലഭിച്ചു. അതിന്റെ കാരണങ്ങൾ പലതായിരിക്കാം, അതിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ ജനങ്ങൾ പലതരത്തിലുള്ള സാമ്പത്തിക പ്രതിസന്ധികളെയും ഭൂരിപക്ഷ മതത്തിലെ പാവപ്പെട്ട ആളുകൾ പലതരത്തിലുള്ള ഭീഷണികളെയും അക്രമങ്ങളെയും ഇന്ന് അഭിമുഖീകരിക്കേണ്ടി വരികയാണ്. സ്വാതന്ത്ര്യ സമ്പാദനത്തിനുശേഷം ഒരിക്കലുമുണ്ടായിട്ടില്ലാത്ത ഭീഷണിയാണ് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്നത്. മതപരമായ ഐക്യത്തെ തകർക്കുന്നതിനിടയാക്കുന്ന പല സംഭവങ്ങളുമുണ്ടാകുന്നു. സമയമില്ലാത്തതുകൊണ്ട് ഞാൻ അതിനെ സംബന്ധിച്ചൊന്നും പറയുന്നില്ല. പക്ഷേ, കേരളം അതിന് മാതൃക കാണിക്കുന്നു, മതപരമായ ഐക്യമുണ്ടാക്കാൻ ശ്രമിക്കുന്നു. രാജ്യം അഭിമുഖീകരിക്കുന്ന അടിസ്ഥാനപരമായ പ്രശ്നങ്ങൾ മനസ്സിലാക്കാതെ സംസ്ഥാനത്തിന്റെ സ്വൈരം തകർക്കാൻ, ഗവൺമെന്റിനെ മോശമാക്കാൻ ശ്രമിക്കുന്ന ചില ഘടകങ്ങളുണ്ട്. ആ ഘടകങ്ങളിൽനിന്ന് സാമൂഹ്യ അന്തരീക്ഷത്തെ സംരക്ഷിക്കാൻ സഹായിക്കുന്ന രൂപത്തിലുള്ള നടപടി സർക്കാർ സ്വീകരിക്കുകയാണ്. നിർത്തുന്നു.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, 2019-20 സാമ്പത്തിക വർഷത്തെ ഉപധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി പിന്തുണയ്ക്കുന്നു. ഞങ്ങൾ തികഞ്ഞ അഭിമാനത്തോടെയാണ് ഇവിടെ നിൽക്കുന്നത്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിന്റെ അവസാന സെഷൻ പിരിയുമ്പോൾ ഈ സഭയിൽ വലിയ അവകാശവാദം ഉയർത്തി എന്റെ യു.ഡി.എഫ്. സുഹൃത്തുക്കൾ പറഞ്ഞു, ആറ് നിയമസഭാ മണ്ഡലങ്ങളിൽ ഉപതെരഞ്ഞെടുപ്പ് വരാൻ പോകുകയാണ്, അതിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെതിരായിട്ടുള്ള ജനവികാരം ഉയരുമെന്ന്. ഇന്ന് ഞങ്ങൾ തികഞ്ഞ അഭിമാനത്തോടെ ഈ സഭയെ അഭിമുഖീകരിക്കുകയാണ്. ആറ് നിയമസഭാ മണ്ഡലങ്ങളിലെ ഉപതെരഞ്ഞെടുപ്പിൽ ഒരെണ്ണത്തിൽ മാത്രമുണ്ടായിരുന്ന ഞങ്ങൾ മൂന്ന് സീറ്റുമായി ഈ നിയമസഭയിൽ വന്നത് എൽ.ഡി.എഫ് ഗവൺമെന്റിനുള്ള ജനപിന്തുണയാണെന്ന് തികഞ്ഞ അഭിമാനത്തോടെ ഞങ്ങൾ പറയുന്നു. കോൺഗ്രസ് പാർട്ടിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. ആത്മപരിശോധന നടത്തേണ്ട ഒട്ടേറെ ഘടകങ്ങൾ ഈ തെരഞ്ഞെടുപ്പ് ചൂണ്ടിക്കാണിക്കുന്നുണ്ട്. ഇവിടെ ശ്രീ. എം. സി. കമറുദ്ദീൻ മഞ്ചേശ്വരത്തെ ജനവിധിയെക്കുറിച്ച് പറഞ്ഞു. തിരുവനന്തപുരം ജില്ലയിൽ വട്ടിയൂർക്കാവ് മണ്ഡലത്തിൽ ഞങ്ങൾ മൂന്നാം സ്ഥാനത്തായിരുന്നു. മൂന്നാം സ്ഥാനത്തുനിന്നും ശ്രീ. വി. കെ. പ്രശാന്ത് പതിനയ്യായിരത്തോളം വോട്ടിന്റെ അമ്പരപ്പിക്കുന്ന ഭൂരിപക്ഷവുമായി വന്നത് ഈ സഭയ്ക്കാകെ അഭിമാനം പകരുന്നതാണ്. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിലും അതിനുമുമ്പുള്ള നിയമസഭാ തെരഞ്ഞെടുപ്പിലുമൊക്കെ ശ്രീ. കെ. മുരളീധരൻ പ്രതിനിധാനം ചെയ്ത മണ്ഡലമാണ്. അതുപോലെ, 1991-മുതൽ കോന്നിയിൽ യു.ഡി.എഫ്. ജയിച്ചുവരികയാണ്. അരനൂറ്റാണ്ടിലേറെക്കാലം കെ. എം. മാണി കൈവശംവച്ച പാലാ സീറ്റിൽ ഇടതുപക്ഷം ജയിക്കുകയുണ്ടായി. പാർലമെന്റ് തെരഞ്ഞെടുപ്പിൽ 19 സീറ്റ് നേടിയപ്പോൾ യു.ഡി.എഫ്. പറഞ്ഞത് ഈ ജനവിധി കേരളത്തിലെ എല്ലാ തെരഞ്ഞെടുപ്പുകളിലും വരാൻപോകുകയാണ് എന്നായിരുന്നു. കേന്ദ്രത്തിൽ ഒറ്റ കക്ഷിയായി കോൺഗ്രസ് വരേണ്ടതുണ്ട് എന്നുള്ള വലിയ പ്രചാരണം നമ്മുടെ നാട്ടിൽ നടത്തുകയുണ്ടായി. ബി.ജെ.പി.-ക്കെതിരായ നിലപാടുകൾ ഉയർത്തുന്നത് അവരാണ് എന്നൊക്കെ അവകാശവാദം ഉന്നയിച്ചുകൊണ്ടാണ് തെരഞ്ഞെടുപ്പിൽ ജയിച്ചത്. പക്ഷേ, 19 സീറ്റിൽ യു.ഡി.എഫ്. ജയിച്ച് പാർലമെന്റിൽ സ്ഥാനമുറപ്പിച്ചു. രണ്ടാം മോദി സർക്കാർ അധികാരത്തിൽ വന്നു. കേന്ദ്രത്തിൽ ഭരണകക്ഷിയായി മാറില്ലെന്നത് പോകട്ടെ, ഒരു നല്ല പ്രതിപക്ഷമാകാൻപോലും കോൺഗ്രസിന് കഴിയുന്നില്ലെന്നതാണ് പ്രശ്നം. രണ്ടാം മോദി ഭരണം ആറ് മാസം തികയാറാകുമ്പോൾ സ്വന്തം അസ്തിത്വത്തെപ്പോലും തിരിച്ചറിയാൻ കഴിയാത്ത ഒരവസ്ഥയിൽ കോൺഗ്രസ് എത്തിനിൽക്കുകയാണ്. അതാണ് ഏറ്റവും അപകടകരമായ സ്ഥിതിവിശേഷം.

ശ്രീ. പി. സി. ജോർജ്: സർ, കേന്ദ്രത്തിൽ ബി.ജെ.പി.-ക്കെതിരെ നിൽക്കാൻ കോൺഗ്രസിനല്ലാതെ നിങ്ങൾക്ക് കഴിയുമോ; നിങ്ങൾ അവിടെയുണ്ടോ; അതല്ലേ പ്രശ്നം? നിങ്ങൾക്ക് ബംഗാളിലും കേരളത്തിലും സീറ്റ് കിട്ടാതെ ഈ പരുവമായി, ത്രിപുരയിലുമില്ല. ആ നിലയ്ക്ക് നിങ്ങൾ കോൺഗ്രസിനെ കുറ്റം പറയേണ്ട. നിങ്ങൾ കോൺഗ്രസുമായി സഹകരിച്ച് കേന്ദ്രത്തിൽ ബി.ജെ.പി.-ക്കെതിരെ ശബ്ദിക്കാനുള്ള നടപടി സ്വീകരിക്കുക. അതാണ് ശരി.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ശ്രീ. പി. സി. ജോർജ് ജനപക്ഷംവിട്ട് യു.ഡി.എഫ്.-ലേക്ക് പോകുന്നുണ്ട് എന്ന സൂചനയാണ് നൽകുന്നത്. കോൺഗ്രസ് ഇന്ത്യയിലെ ഏറ്റവും വലിയ സെക്യുലർ പാർട്ടിയാണെന്നാണ് അവകാശപ്പെടുന്നത്. ഞങ്ങൾ അതിനെ തള്ളിപ്പറയുന്നതൊന്നുമല്ല. പക്ഷേ സ്വന്തം അസ്തിത്വത്തെ കോൺഗ്രസ് മനസ്സിലാക്കുന്നില്ല എന്നതാണ് പ്രശ്നം. ഇന്ത്യൻ ഭരണഘടന തിരുത്തിയെഴുതാൻ ഒരു പീറക്കടലാസ്സുമായി പാർലമെന്റിലെത്തുന്ന നരേന്ദ്ര മോദി - അമിത് ഷാ കൂട്ടുകെട്ടിനെ ആശയപരമായും രാഷ്ട്രീയമായും എതിർക്കാനുള്ള ആർജ്ജവം കോൺഗ്രസ് കാണിക്കുന്നുണ്ടോയെന്നതാണ് പ്രശ്നം.

ജമ്മു കാശ്മീരിന് പ്രത്യേക പദവി നൽകിയത് സ്വാതന്ത്ര്യത്തിനുശേഷം ഇന്ത്യയിലെ ഭരണഘടനാ വിധാതാക്കളും പ്രഥമ ഭരണാധികാരികളുമെല്ലാം ഒത്തുചേർന്നാണ്. ജവഹർലാൽ നെഹ്റുവും സർദാർ വല്ലഭായി പട്ടേലും അടക്കമുള്ളവർ ഇന്ത്യൻ ഭരണഘടന രൂപീകരിക്കുന്നതിൽ പ്രധാന പങ്കു വഹിച്ചിട്ടുണ്ട്. അതിനെ പിച്ചിച്ചീന്തിയെറിയുമ്പോൾ എന്താണ് കോൺഗ്രസിന്റെ നിലപാട്? ശ്രീ. ഗുലാം നബി ആസാദ് കാശ്മീരിയായതിനാൽ നിലപാട് എടുത്തിട്ടുണ്ട് എന്നുള്ളത് ശരിയാണ്. യോജിച്ചൊരു നിലപാടെടുക്കാൻ കോൺഗ്രസിന് കഴിയുന്നുണ്ടോ? കോൺഗ്രസ് അവിടെ അന്തംവിട്ട് നിൽക്കുകയല്ലേ. ഏറ്റവും ചീഞ്ഞ നിലപാടുമായിട്ടല്ലേ കോൺഗ്രസ് നിൽക്കുന്നത്. ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ സംസാരിച്ചു, അദ്ദേഹം U.A.P.A. [Unlawful Activities (Prevention) Act] നിയമവുമായി ബന്ധപ്പെട്ട് കോൺഗ്രസെടുത്ത നിലപാടിനെക്കുറിച്ച് പറയുകയായിരുന്നു. ലോക്സഭയിൽ നിന്ന് ഞങ്ങൾ ഇറങ്ങിപ്പോയി. ഇറങ്ങിപ്പോയത് വേറേ ഏതോ വിഷയവുമായി ബന്ധപ്പെട്ടാണ്. എന്താണ് രാജ്യസഭയിൽ കോൺഗ്രസെടുത്ത നിലപാട്? രാജ്യസഭയിൽ നിങ്ങൾക്ക് അംഗങ്ങൾ കൂടുതലുണ്ടായിരുന്നു. ശ്രീ. പി. സി. ജോർജ് ചോദിച്ചല്ലോ, കോൺഗ്രസിനെ എന്തിന് എതിർക്കുന്നു, എങ്ങനെ എതിർക്കുന്നുവെന്ന്. UAPA-യുടെ ഭേദഗതി എന്നുപറയുന്നത് ഇന്ത്യയുടെ ഫെഡറൽ തത്വങ്ങൾക്കെതിരായിട്ടുള്ള കയ്യേറ്റമായിരുന്നു; സംസ്ഥാന

സർക്കാരുകളുടെ അധികാരത്തിന്മേലുള്ള കടന്നുകയറ്റമായിരുന്നു. അത് ഫെഡറൽ തത്വങ്ങൾക്ക് എതിരാണ്. ക്രമസമാധാനപാലനം സംസ്ഥാന സർക്കാരുകളുടെ അധികാര പരിധിയിലുള്ളതാണ്. ആരാണ് ഭീകരവാദിയെന്ന് കേന്ദ്ര സർക്കാരിനും ആഭ്യന്തര മന്ത്രാലയത്തിനും ഏകപക്ഷീയമായി നിർണ്ണയിക്കാൻ UAPA നിയമഭേദഗതി കേന്ദ്രത്തിന് അധികാരം നൽകുകയായിരുന്നു. എന്തായിരുന്നു കോൺഗ്രസിന്റെ സമീപനം? രാജ്യസഭയിൽ നിങ്ങൾ കൈപൊക്കി അതിനെ പിന്തുണയ്ക്കുകയാണ് ചെയ്തത്. കേരളത്തിലെ കോൺഗ്രസിനുപോലും അത് സഹിക്കാൻ കഴിയുന്നില്ലെന്നത് സത്യമാണ്. ആഗസ്റ്റ് 5-ലെ മലയാള മനോരമ പത്രത്തിൽ വന്ന യു.ഡി.എഫ്.-ന്റെ പ്രസ്താവന എന്റെ കൈവശമുണ്ട്. കേന്ദ്ര കോൺഗ്രസ് നിലപാടിനെതിരെ യു.ഡി.എഫ്. യോഗത്തിൽ പ്രമേയം പാസ്സാക്കി. ശ്രീ. രമേശ് ചെന്നിത്തല ശക്തമായി പ്രതിഷേധിച്ചു. ശ്രീ. എം. എം. ഹസനും ആ സമീപനം സ്വീകരിച്ചു. കോടതി പിരിഞ്ഞശേഷം ലാ പോയിന്റ് പറഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇന്നലെ ഇവിടെ ഘോരഘോരം പ്രസംഗിച്ചു. നിങ്ങൾ നിലപാടെടുക്കേണ്ടിയിരുന്നത് പാർലമെന്റിലാണ്. പാർലമെന്റിൽ ആ നിലപാടെടുക്കാതെ ബി.ജെ.പി.യോടൊപ്പം ചേർന്നുനിന്നുവെന്നുള്ള പാപഭാരത്തിൽ നിന്നെങ്ങനെയാണ് നിങ്ങൾക്ക് ഒഴിയുവാൻ കഴിയുക; എങ്ങനെയാണ് നിങ്ങളെ വിശ്വാസത്തിലെടുക്കുക? കോൺഗ്രസ് ഒരു അഖിലേന്ത്യാ പാർട്ടിയല്ലേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശ്രീ. കെ. വി. അബ്ദുൾ ഖാദറിന് ഒരു തെറ്റിദ്ധാരണയും വേണ്ട. ഞങ്ങൾ UAPA-യുടെ ദുരുപയോഗത്തെയാണ് അന്നും ഇന്നും എതിർക്കുന്നത്. പറഞ്ഞ ഒരു കാര്യം സത്യമാണ്, Law and order state subject ആണ്. അത് concurrent list-ലുമല്ല central list-ലുമല്ല. State Government ആണ് ചെയ്യേണ്ടതെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അതാണ് അങ്ങ് പറഞ്ഞതെങ്കിൽ അതിന്റെ clear clarity ആണ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം UAPA ആക്ടല്ല, അതിന്റെ ദുരുപയോഗമാണിവിടെ നടന്നത്. അതിനെയാണ് ഞങ്ങൾ എതിർക്കുന്നത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, വിഷയം എന്താണെന്ന് അറിയാമോ? ഇന്നലെ പാർലമെന്റിൽ നിങ്ങൾ സംസാരിച്ചപ്പോൾ ഞങ്ങളിറങ്ങിപ്പോയി, നിങ്ങളെതിർത്തുവെന്ന് പറഞ്ഞു. അപ്പോൾ ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവിടെ നിന്ന് പറഞ്ഞു, രാജ്യസഭയിൽ UAPA ഭേദഗതിക്കുവേണ്ടി നിങ്ങൾ വോട്ട് ചെയ്തുവെന്ന്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അത് കേൾക്കാത്ത ഭാവത്തിൽ നിന്നു. ഇപ്പോൾ അതേ കാര്യം ഇവിടെ ആവർത്തിച്ചുപറഞ്ഞിരിക്കുകയാണ്. അതിന് മറുപടി പറയണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ പ്രധാനപ്പെട്ട പ്രശ്നം, UAPA-യുടെ ദുരുപയോഗത്തെ ഞങ്ങൾ അന്നും ഇന്നും എതിർക്കും. ഞങ്ങളുടെ ഭരണകാലത്ത് ചെയ്തിട്ടുമില്ല, അക്കാര്യങ്ങൾ എടുക്കുന്നുമില്ല. പക്ഷേ, ഞങ്ങൾ സെലക്ട് കമ്മിറ്റിക്ക് വിടണമെന്ന് ആവശ്യപ്പെട്ടതാണ്. അത് സ്വാഭാവികമാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, അങ്ങ് വീണ്ടും ഈ സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. രാജ്യസഭയിൽ UAPA നിയമത്തിന്റെ ജനവിരുദ്ധമായ ഭേദഗതിയെ നിങ്ങൾ അംഗീകരിച്ചു. ആ പാപഭാരത്തിൽ നിന്ന് കോൺഗ്രസിന് മാറുവാൻ കഴിയില്ല. ആ ഭേദഗതി ദുരുപയോഗം ചെയ്യാനിടയാകുമെന്ന് മനസ്സിലാക്കാനുള്ള രാഷ്ട്രീയജ്ഞാനം കോൺഗ്രസിനില്ലേ? ആ നിലപാടിന്റെ കൂടെപ്പോയിയെന്നുള്ളതാണ് ഏറ്റവും കൂടുതൽ ദുഃഖിപ്പിക്കുന്ന കാര്യം. രാജ്യത്തിന്റെ സമ്പദ്ഘടനയും നാടിന്റെ തൊഴിൽ നിയമങ്ങളും മാറ്റിക്കൊണ്ടിരിക്കുകയാണ്. ഇവിടെ ശ്രീ. പി. സി. ജോർജ് ചോദിച്ചു, നിങ്ങൾക്ക് ലോക്സഭയിൽ ആരുണ്ടെന്ന്. നമ്മുടെ രാജ്യം പൊരുതി നേടിയ ഒട്ടേറെ തൊഴിൽ നിയമങ്ങൾ മാറ്റിയെഴുതുകയാണ്. തൊഴിലാളികൾക്കെതിരായി കോൺഗ്രസുകൂടി ചേർന്ന് കൊണ്ടുവന്ന നിയമങ്ങൾ മാറ്റിയെഴുതുമ്പോൾ അതിനെതിരായി സംസാരിക്കുവാൻ നിങ്ങളില്ലായെന്നതാണ് പ്രശ്നം. ഇന്ത്യയിലാകെ ചർച്ച ചെയ്യേണ്ട പ്രശ്നം അതാണ്. ഐ.എൻ.ടി.യു.സി. പൊതുവേദിയിലുണ്ട് എന്നുള്ളത് സന്തോഷകരമായിട്ടുള്ള കാര്യമാണ്. പക്ഷേ, പാർലമെന്റിൽ തൊഴിൽ നിയമഭേദഗതികളിൽ, തൊഴിലാളികളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഭേദഗതി വരുമ്പോൾ നിങ്ങൾ ബി.ജെ.പി.ക്കൊപ്പം നിന്ന് അതിനെ അനുകൂലിക്കുന്നുവെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം.

മി. ചെയർമാൻ: യെസ്, പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, സംസ്ഥാന ഗവൺമെന്റിന് സാമ്പത്തിക ബുദ്ധിമുട്ടുകളുണ്ട്. എന്നാൽ സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും നമ്മുടെ നാടിന് അഭിമാനകരമായ അനേകം പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് 3 വർഷം 3.7 ലക്ഷം പേർക്ക് 1294 കോടി രൂപ വിതരണം ചെയ്തുവെന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. 3425 വീടുകൾ ഇതുവരെ പൂർത്തിയായി. 6151 വീടുകൾ ലൈഫ് പദ്ധതിയിൽ പൂർത്തിയാക്കി; 85 കെട്ടിട സമുച്ചയങ്ങൾ സംസ്ഥാനത്ത് പൂർത്തിയാക്കി. ആറുവരിപ്പാതയുടെ തടസ്സങ്ങളെല്ലാം നീക്കി.

ശ്രീ. വി. എം. സുധീരന്റെ ഒരു കത്ത് ഇന്നത്തെ പത്രങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ശ്രീ. വി. എം. സുധീരൻ കെ.പി.സി.സി.-യുടെ പ്രസിഡന്റായിരുന്നു. യു.പി.എ.-യുടെ

ഭരണകാലത്ത് അദ്ദേഹം ഇവിടെയുണ്ടായിരുന്നു. ദേശീയപാതയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് അന്ന് ശ്രീ. ഉമ്മൻ ചാണ്ടിയും യു.ഡി.എഫ്. ഗവൺമെന്റുമെടുത്ത നിലപാടുണ്ട്. അന്ന് കെ.പി.സി.സി. പ്രസിഡന്റായിരുന്ന ശ്രീ. വി. എം. സുധീരന് ഇതൊന്നും പറയുവാൻ കഴിഞ്ഞില്ല. ഇപ്പോൾ അദ്ദേഹം കത്തുകളെഴുതുകയാണ്. പത്രത്തിൽ നാലുവരി പേര് വരുവാനായി എന്തും പറയാമെന്ന അവസ്ഥയിൽ ശ്രീ. വി. എം. സുധീരനെപ്പോലെയുള്ളൊരാൾ പോകുവാൻ പാടുണ്ടോയെന്ന ചോദ്യം ഞാൻ ഉന്നയിക്കുകയാണ്.

<u>മി. ചെയർമാൻ</u>: യെസ്, പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, കേരളത്തിലെ സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും വിദ്യാഭ്യാസ-ആരോഗ്യ-കാർഷിക മേഖലകളിൽ ഈ ഗവൺമെന്റ് നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും നമ്മുടെ നാട്ടിലെ ജനങ്ങൾ കാണുന്നുണ്ട്. അതുകൊണ്ടാണ് ഈ ഗവൺമെന്റിനെ കഴിഞ്ഞ നിയമസഭാ ഉപതെരഞ്ഞെടുപ്പിൽ സംസ്ഥാനത്തെ ജനങ്ങൾ പിന്തുണച്ചത് എന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. എല്ലാ മേഖലകളിലും കേരളം ഒന്നാമതാണെന്ന് നമുക്ക് കാണുവാൻ കഴിയും. അപ്പുറത്തിരുന്നു സംസാരിച്ച പുതിയ മെമ്പറുൾപ്പെടെ ഇവിടെ പറയുന്നതുകേട്ടു, കേരളത്തിൽ ഒന്നും നടക്കുന്നില്ല, ഏത് മേഖലയിലാണ് കച്ചവടമുള്ളത്, മെച്ചപ്പെടുത്താൻ സെയിൽസ് ടാക്സ് ഒന്നും ഇല്ലാത്ത അവസ്ഥയുണ്ട്, എല്ലാ മേഖലകളും പിന്നാക്കം പോവുകയാണെന്ന്. കാതുകൾ തുറന്ന് കേൾക്കേണ്ട ധാരാളം കാര്യങ്ങൾ ജനങ്ങൾ ഇത്തവണ കേട്ടുവെന്നുള്ളത് നമുക്കറിയാൻ കഴിയും. പൊതുഭരണം, വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം, ക്ഷീരവികസനം, കാർഷിക-വ്യാവസായിക മേഖലകൾ, ടൂറിസം തുടങ്ങി സർവ്വ മേഖലകളിലും ഈ സർക്കാരിന്റെ ഭരണകാലത്ത് വലിയ മുന്നേറ്റം ഉണ്ടായി. നമുക്ക് കണ്ണുകൊണ്ട് കാണുവാൻ കഴിയുന്ന വലിയ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ളത് ഓർക്കേണ്ടതായ സന്ദർഭമാണ് ഇവിടെയുള്ളത്. നോട്ട് നിരോധനത്തിലൂടെയും ജി.എസ്.ടി.യിലൂടെ സംസ്ഥാന സർക്കാരിന്റെ നികുതി പിരിക്കുവാനുള്ള അധികാരം കവർന്നെടുത്തതിലൂടെയും കേന്ദ്ര ഗവൺമെന്റ് നമ്മളെ പിന്നോട്ടടിച്ചു. കൂടാതെ എല്ലാ മേഖലയിലും സ്വകാര്യവൽക്കരണമാണ്. വിലക്കയറ്റം രൂക്ഷമാക്കുന്ന തരത്തിലുള്ള ഇന്ധനവില വർദ്ധനവ് ഉൾപ്പെടെയുള്ള ജനദ്രോഹകരമായ നിരവധി നയങ്ങൾ നടപ്പാക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയങ്ങളെ അതിജീവിച്ചുകൊണ്ടാണ് ഈ സർക്കാർ മുന്നോട്ട് പോകുന്നതെന്ന് മനസ്സിലാക്കണം. ഓഖി ദുരന്തവും പ്രളയവും കേരളത്തിന്റെ

നടുവൊടിച്ചു. അവയെ അതിജീവിച്ചുകൊണ്ടാണ് നമ്മൾ മുന്നോട്ടുപോകുന്നത്. കാര്യമായ പരിഗണനയോ സഹായമോ കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ലെന്ന് മാത്രമല്ല അതിന് സഹായകരമായ നിലപാട് അപ്പുറത്തിരിക്കുന്നവർ സ്വീകരിക്കുന്നില്ലെന്നതുകൂടി നമ്മൾ ഈ അവസരത്തിൽ കാണേണ്ടതായിട്ടുണ്ട്.

കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണം അഴിമതി, സ്വജനപക്ഷപാതം, സർവ്വ മേഖലകളെയും നിർജ്ജീവമാക്കൽ എന്നിവ നിറഞ്ഞതായിരുന്നു. എന്നും സമരം ചെയ്യാനേ സമയമുണ്ടായിരുന്നുള്ളു. എത്രയെത്ര അഴിമതിക്കേസ്സുകളാണ് പുറത്തുവന്നത്. ഏറ്റവുമൊടുവിൽ പാലാരിവട്ടം പാലത്തിന്റെ കാര്യം, അതിലുണ്ടായ അഴിമതി സംബന്ധിച്ച് തർക്കിക്കാൻ കഴിയില്ല. ജനങ്ങളെ അങ്ങേയറ്റം ബുദ്ധിമുട്ടിച്ച് വിലക്കയറ്റം രൂക്ഷമാക്കിയ സ്ഥിതിവിശേഷം സൃഷ്ടിച്ചവരാണ് ഈ സർക്കാർ മൂന്നര വർഷം കഴിയുമ്പോൾ ഒരുപാട് കാര്യങ്ങൾ ചെയ്തു പോകുന്നതിനെ വിമർശിക്കാനിരിക്കുന്നത്. അന്ന് പൊതുവിദ്യാഭ്യാസ മേഖല അപ്പാടെ തകർന്നു; സ്വകാര്യ മേഖലയെ സഹായിച്ചുകൊണ്ടിരുന്നു; സർക്കാർ സ്കൂളുകളെ സഹായിച്ചിട്ടില്ല. എന്റെ മണ്ഡലത്തിലടക്കം എത്രയോ സ്കൂളുകൾ പൂട്ടുവാൻ തുടങ്ങി. കാർഷിക മേഖല തകർന്നു, അവർക്കുവേണ്ട സഹായം കൊടുത്തിട്ടില്ല. പാടശേഖര സമിതികളുമായി ബന്ധപ്പെട്ട് ധാരാളം കേസ്സുകളിൽ ഇടപെട്ട ആളാണ് ഞാൻ. പലപ്പോഴും നെല്ലെടുക്കുവാൻപോലും നിവൃത്തിയില്ലാതെ വന്നു. ആരോഗ്യമേഖലയെ അപ്പാടെ അവഗണിച്ചു. എന്റെ മണ്ഡലത്തിലെ താലൂക്ക് ആശുപത്രിക്ക് ട്രോമാകെയർ സൗകര്യം അനുവദിക്കാമെന്ന് പറഞ്ഞ് 5 വർഷം പോയി. ഡയാലിസിസ് യൂണിറ്റ് തരാമെന്ന് പറഞ്ഞു; തരില്ലായെന്ന് പറഞ്ഞില്ല; പക്ഷേ, തന്നില്ല. എന്നാൽ, ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഇതെല്ലാം അനുവദിച്ചു; മൂന്നര വർഷത്തിനുള്ളിൽ പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു. ഇതിനെല്ലാം ബദലായി പ്രതിസന്ധികളെ തരണം ചെയ്ത് ഈ സർക്കാർ മുന്നോട്ട് പോകുമ്പോൾ വിദ്യാഭ്യാസ മേഖല എങ്ങനെയുണ്ടെന്ന് പരിശോധിക്കണ്ടേ? ഇന്ന് ഏത് കുടിലിൽ നിന്നുവരുന്ന കുട്ടിക്കും ഏറ്റവും മികച്ച വിദ്യാഭ്യാസം നൽകുന്ന തരത്തിൽ ക്ലാസ്സ് മുറികൾ ഹൈടെക് ആക്കിയിട്ടുണ്ട്, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി നല്ല മാറ്റം ഈ മേഖലയിലുണ്ടാക്കിയിട്ടില്ലേ? ഏത് സ്കൂളിൽ പഠിക്കുന്ന കുട്ടിക്കും മാനസികമായ കോൺഫിഡൻസുണ്ടാക്കി മെച്ചപ്പെട്ട നിലയിൽ പഠിക്കാൻ കഴിയുന്ന സ്ഥിതിയുണ്ടായില്ലേ. ഒന്നും നടക്കുന്നില്ലെന്ന് പറഞ്ഞവർ ഇതൊക്കെ ഒന്ന് പോയി കാണണം. എന്റെ മണ്ഡലത്തിലും കോഴിക്കോട് ശ്രീ. എ. പ്രദീപ്കുമാറിന്റെ മണ്ഡലത്തിലുമുൾപ്പെടെ വളരെ ശ്രദ്ധേയമായ

നിർമ്മാണങ്ങൾ കണ്ടതുകൊണ്ട് ഞാൻ സൂചിപ്പിച്ചുവെന്നേയുള്ളൂ. സർവ്വമണ്ഡലങ്ങളിലും കേരളത്തിൽ ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ സർക്കാർ സഹായിക്കുകയാണ്; അതിന്റെ റിസൾട്ട് കണ്ടുകൊണ്ടിരിക്കുകയാണ്. ആറ് ലക്ഷത്തോളം കുട്ടികൾ ഇപ്പോൾ പൊതുവിദ്യാലയങ്ങളിലേക്ക് പഠിക്കാൻ വന്നു. ആർക്കാണ് ഇതിന്റെ ഗുണം? നാട്ടിലെ ജനങ്ങളുടെ ഭാരിച്ച ചെലവ് ഈ സർക്കാർ ഒഴിവാക്കിക്കൊടുത്തില്ലേ? ഇതാണ് ഈ സർക്കാർ ചെയ്തിട്ടുള്ള ഒരു കാര്യം. ഒൻപത് മിനിട്ടുമാത്രമേ സമയമുള്ളൂ എന്നുള്ളതുകൊണ്ട് ഞാൻ ചുരുക്കിപ്പറയാം. ക്ലാസ്സുകളെല്ലാം ഹൈടെക്കും നല്ല പത്രാസുള്ളതുമാക്കി മാറ്റിയപ്പോൾ കുട്ടികളിലെ മാറ്റവും അവരുടെ മാനസികമായിട്ടുള്ള ആശ്വാസവും കൂടാതെ കടത്തിൽനിന്നും കരകയറുവാനുള്ള ആശ്വാസവുമുണ്ടായിട്ടുണ്ട്.

പഠിച്ചിറങ്ങിയാൽ ജോലി ലഭിക്കുവാനുള്ള സംവിധാനം ഏത് മനുഷ്യരും ആഗ്രഹിക്കുന്നതാണ്. ഞങ്ങളുടെയൊക്കെ അടുത്ത് വന്ന് ജോലി നൽകുമോ എന്ന് ചോദിക്കും. പഠിച്ചിറങ്ങിയാൽ ജോലി ലഭിക്കുവാനുള്ള സഹായമല്ലേ ഈ സർക്കാർ ചെയ്യുന്നത്. പത്താം ക്ലാസ്സും പ്ലസ് ടുവും കഴിഞ്ഞ് ഏത് ഡിഗ്രി എടുത്താലും അവർക്ക് കോച്ചിംഗ് നൽകി തൊഴിൽ നൈപുണ്യ പരിശീലനം നൽകുന്ന സ്ഥാപനം എന്റെ മണ്ഡലത്തിൽ വന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്. ഇവിടെ ഒന്നും നടക്കുന്നില്ലെന്ന് പറഞ്ഞ ആർക്കുവേണമെങ്കിലും പരിശോധിക്കാം. നല്ല കോഴ്സ് അനുവദിച്ച് ക്യാമ്പസ് സെലക്ഷൻ ലഭിച്ച് പോകുവാനുള്ള സംവിധാനമല്ലേ എന്റെ മണ്ഡലത്തിൽ ഏർപ്പെടുത്തിയിട്ടുള്ളത്? കേരളത്തിൽ പല സ്ഥലങ്ങളിലും അത് വന്നിട്ടുണ്ട്. പ്രവർത്തനമാരംഭിച്ചത് ഇവിടെയാണെന്ന് മാത്രമേയുള്ളൂ. അതുപോലെ കേരളത്തിൽ പഠനം കഴിഞ്ഞവരെ സഹായിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും വിദേശരാജ്യങ്ങൾ സന്ദർശിച്ചാൽ ഗുണകരമാകുന്ന എന്തെങ്കിലുമൊക്കെ കാര്യങ്ങൾ ചെയ്തിട്ടല്ലേ ഇവിടെ വരാറുള്ളത്. അതിന്റെ ഫലമായിട്ടല്ലേ നെതർലാന്റിൽ വരെ ഇപ്പോൾ നഴ്സുമാരെ ആവശ്യമുണ്ടെന്ന് പറഞ്ഞത്. വിവിധ രാജ്യങ്ങൾ സന്ദർശിക്കുമ്പോൾ അവനവന്റെ കാര്യമല്ല നോക്കുന്നത്; നാട്ടിലെ ജനങ്ങൾക്ക് തൊഴിൽ നൽകാനുള്ള സംവിധാനമാണ് ഒരുക്കുന്നത്. നോർക്ക റൂട്ട്സ് വഴി വീട്ടുജോലിക്ക് സുരക്ഷിതമായി രജിസ്റ്റർ ചെയ്ത് പോകാൻ കഴിയുന്നു. ആയിരക്കണക്കിന് തൊഴിൽ നൽകാൻ കഴിയുന്ന, യൂറോപ്യൻ രാജ്യങ്ങളിൽവരെ പോയാൽ തൊഴിൽ ലഭിക്കാനുള്ള സംവിധാനം ഈ കൊച്ചു കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ചെയ്തുകൊടുക്കുന്നു എന്നുള്ളത് അനുഭവവേദ്യമായിട്ടുള്ള കാര്യമല്ലേ? ഇത് നിങ്ങളൊക്കെ പരിശോധിക്കണം.

സത്യമായ കാര്യങ്ങളല്ലേ ഞങ്ങൾ പറയുന്നത്. ഇതൊക്കെയാണ് കഴിഞ്ഞ ഉപതെരഞ്ഞെടുപ്പിന് ഞങ്ങൾ പറഞ്ഞിട്ടുള്ളത്. ചെയ്യുന്ന കാര്യങ്ങൾ മാത്രമാണ് പറഞ്ഞത്, ഒരു കള്ളത്തരവും പറഞ്ഞില്ല. നിങ്ങളൊക്കെ ഇലക്ഷൻ സമയത്ത് ശബരിമല വിധി മാത്രം പറഞ്ഞുകൊണ്ട് ഈ നാടാകെ ഇളക്കിമറിച്ചുവെങ്കിൽ ഞങ്ങൾ സത്യസന്ധമായി കാര്യങ്ങൾ പറഞ്ഞു. ഞങ്ങൾക്കതൊന്നു വിവരിക്കാനുള്ള സമയം ഇലക്ഷനുമുമ്പ് ലഭിച്ചില്ല. ഈ പത്തൊൻപത് സീറ്റും സത്യത്തിൽ തെറ്റിദ്ധരിപ്പിച്ച് നേടിയെടുത്തതല്ലേ. അതിനിടയിൽ നല്ല കാര്യങ്ങളിങ്ങനെ പറഞ്ഞുകൊടുക്കാൻ ഞങ്ങൾക്ക് അവസരം ലഭിച്ചില്ല. പക്ഷേ, ബൈ-ഇലക്ഷൻ വന്നപ്പോൾ ജനങ്ങളാണ് വലുതെന്ന് ഞങ്ങൾക്കറിയാം, ഈ സർക്കാരിനറിയാം. അവർക്ക് വേണ്ടിയാണ് ഈ പ്രവർത്തനങ്ങൾ നടത്തുന്നത്. കാര്യങ്ങൾ ഒന്നൊന്നായി വിവരിച്ചപ്പോഴാണ് അവർക്ക് മനസ്സിലായത്. ഇനി ഈ കള്ളപ്പണികളൊന്നും നടക്കില്ല. തെറ്റായ രാഷ്ട്രീയപ്രചരണം ഒരിക്കലും നല്ലതല്ല. സത്യസന്ധമായി വേണം മുന്നോട്ടുപോകാൻ.

പ്രവാസി മലയാളികളുടെ സേവനം ഏറ്റവും കൂടുതൽ ഉപയോഗപ്പെടുത്തിയല്ലേ ഈ സർക്കാർ മുന്നോട്ട് പോകുന്നത്. അവരുടെ സമ്പത്തിനെ നല്ലരീതിയിൽ വിനിയോഗിച്ചുകൊണ്ട് ഇവിടെ ഇൻവെസ്റ്റ് ചെയ്യുവാനുള്ള സഹായം കൊടുക്കുകയല്ലേ? ഈയടുത്ത സമയത്ത് ഗൾഫ് രാജ്യങ്ങളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടക്കം പോയപ്പോൾ കോടിക്കണക്കിന് രൂപയുടെ ഇൻവെസ്റ്റ്മെന്റ് ഇവിടെ നടത്താൻ തയ്യാറാണെന്നവർ പറഞ്ഞത്. സ്ഥലം തീറെഴുതിക്കൊടുത്തതുകൊണ്ടല്ല അവർ അങ്ങനെ പറഞ്ഞത്. എന്റെ മണ്ഡലത്തിലെ കുളക്കടയിലുള്ള കമ്മ്യൂണിറ്റി സ്കിൽ പാർക്കിനുപോലും സിംഗപ്പൂർ ബെയ്സ്ഡായിട്ടുള്ള കമ്പനികളുമായി എഗ്രിമെന്റ് വച്ച് അവിടെ പ്രവർത്തനം നടത്തുവാൻ മാത്രമേ സർക്കാർ അനുമതി നൽകിയിട്ടുള്ളൂ. അല്ലാതെ ഈ സ്ഥാപനങ്ങൾ മുഴുവൻ അവർക്ക് വിട്ടുകൊടുക്കുകയല്ല. വലിയ സംവിധാനമുണ്ടാക്കിയിട്ട് അതിൽ വന്ന് നമ്മൾ പറയുന്ന കണ്ടീഷൻ വച്ചുകൊണ്ട് പഠിപ്പിക്കണം. എസ്.സി./എസ്.ടി. വിഭാഗത്തിലുള്ളവർക്ക് കൺസഷൻ അനുവദിച്ചുകൊണ്ടും സർക്കാർ പറയുന്ന കോഴ്സുകൾ സൗജന്യമായി പഠിപ്പിച്ചുകൊണ്ടുംവേണം ഈ കമ്പനികൾ പ്രവർത്തിക്കാൻ. ഇതെല്ലാമോർക്കണം.

പട്ടികജാതി/പട്ടികവർഗ്ഗ ഗോത്രവിഭാഗങ്ങൾക്കായി എന്തെല്ലാം കാര്യങ്ങളാണ് ഈ സർക്കാർ ചെയ്യുന്നത്. പട്ടിക ഗോത്രവർഗ്ഗത്തിൽപ്പെട്ട 74 പേർക്ക് സിവിൽ പോലീസ് ഓഫീസർമാരായി നിയമനം നൽകി. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ 180 പേരെ തീരദേശ സേനയിൽ നിയമിച്ചു. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ജനസംഖ്യാനുപാതികമായിട്ടുള്ളതിനെക്കാൾ

കൂടുതൽ വിഹിതം ബഡ്ജറ്റിലുൾപ്പെടുത്തി രാജ്യത്തിനാകെ മാതൃക ആയിരിക്കുകയാണ് കേരളം. അവരുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു. ഭൂമി വിതരണത്തിന്റെ കാര്യത്തിൽ വലിയ തോതിൽ മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടുണ്ട്. ആദിവാസിയുൾപ്പെടെയുള്ളവർക്ക് പോലീസ് വകുപ്പിൽ ജോലി നൽകാൻ സാധിച്ചിട്ടുണ്ട്. ടൂറിസം മേഖലയെ കൂടുതൽ ജനകീയമാക്കി. സ്ത്രീകളെ നിസ്സഹായതയുടേയും പാരതന്ത്ര്യത്തിന്റെയും പ്രതീകങ്ങളാക്കി മാറ്റാതെ അവർക്ക് തൊഴിൽ ലഭിക്കാനും കുടുംബശ്രീയെ റെസ്പോൺസിബിൾ ടൂറിസത്തിന്റെ ഭാഗമാക്കി കൊണ്ടുവരാനും സാധിച്ചിട്ടുണ്ട്. റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തി. പാലാരിവട്ടം പാലം പോലെയോ കഴിഞ്ഞ ഗവൺമെന്റ് ചെയ്ത റോഡുകൾ പോലെയോ അല്ലാതെ പൊളിയാതെ നല്ല നിലവാരത്തിലാണ് പണി ചെയ്യുന്നത്. എന്നാൽ ഒരു പ്രശ്നം ശ്രദ്ധയിൽപ്പെടുത്താനുണ്ട്. റോഡുകൾ നിലവാരത്തിൽ പണിയുമ്പോൾ ഉടൻതന്നെ കുടിവെള്ള പദ്ധതിയുടെയോ കേബിളിന്റെയോ കുഴിയിടാൻ വരുന്നു. തീർച്ചയായും സർക്കാരിന് ഇതിനൊരു പരിഹാരമുണ്ടാക്കാൻ കഴിയുമെന്ന് വിചാരിക്കുകയാണ്. വൺ ടൈം സ്കീമിലൂടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഉൾപ്പെടെ സഹായിച്ച് പ്രത്യേക ഡക്റ്റുകൾ തയ്യാറാക്കി നിരന്തരം റോഡ് കുഴിച്ച് പ്രശ്നമുണ്ടാക്കുന്നത് ഒഴിവാക്കാനുള്ള നടപടി തീർച്ചയായിട്ടും ഈ സർക്കാർ ചെയ്യുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുകയാണ്. വിലക്കയറ്റം തടയാൻ നിത്യോപയോഗ സാധനങ്ങളുടെ വില കുറച്ചു നൽകുന്നു.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, ഇത് ജനങ്ങളുമായി ബന്ധപ്പെട്ട കാര്യമാണ്, ഒരു മിനിട്ട് കൂടി അനുവദിക്കണം. അവർക്കെല്ലാം എത്ര സമയം അനുവദിച്ചു. കേന്ദ്രസർക്കാർ ജനജീവിതം ദുഃസഹമാക്കുന്ന വലിയ പിൻതിരിപ്പൻ നയങ്ങൾ നടത്തും. കേരളത്തിൽ ഈ കഠിനതകളുടെ ഇടയിൽ പതിമൂന്നിന സാധനങ്ങൾ വില കുറച്ച് നൽകുകയാണ്. ഫാൻ ഉൾപ്പെടെയുള്ള ഹോം അപ്ലയൻസിലേക്കുവരെ ഈ സർക്കാർ കടന്നിരിക്കുന്നു. കമ്പനി വിലയ്ക്ക് ജനങ്ങൾക്ക് സാധനങ്ങൾ വാങ്ങാനുള്ള സൗകര്യം നൽകുകയാണ്. ജനങ്ങൾക്കല്ലേ ഇത് അനുഭവവേദ്യമാകുന്നത്. പെൻഷൻ തുക വർദ്ധിപ്പിച്ചു. വൈദ്യുതി മേഖലയിൽ പവർകട്ടോ ലോഡ്ഷെഡ്ഡിംഗോ ഇല്ലാത്തൊരു കാലഘട്ടമാക്കിയില്ലേ. മുഴുവൻ പേർക്കും വൈദ്യുതി കണക്ഷൻ അനുവദിച്ചില്ലേ? ഇങ്ങനെ എത്രയെത്ര കാര്യങ്ങൾ. ആരോഗ്യ മേഖലയുൾപ്പെടെ എല്ലാ മേഖലയിലും കേരളം ഒന്നാം സ്ഥാനത്താണ്. ലോകം ശ്രദ്ധിക്കുന്ന നിലയിലേക്ക് വിദ്യാഭ്യാസ മേഖല എത്തിയില്ലേ? ഇതെല്ലാം ഈ നാട്ടിലെ ജനങ്ങൾക്കല്ലേ ഗുണകരമായത്. ഇതൊക്കെ

പറഞ്ഞുകൊണ്ടുതന്നെയാണ് അപ്പുറത്തിരുന്നവരുടെ മൂന്ന് സീറ്റുകൾ ജനങ്ങൾ സ്നേഹത്തോടെ ഞങ്ങൾക്ക് തന്നത്. ആ ജനങ്ങളുടെ മുമ്പിൽ ഞങ്ങൾ ഒരായിരം പ്രണാമങ്ങൾ അർപ്പിക്കുന്നു.

മി. ചെയർമാൻ: പ്ലീസ്... ദയവായി അവസാനിപ്പിക്കണം.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ജനങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് ഓരോ പദ്ധതിയിലുമുള്ളത്. ഇത് തീർച്ചയായിട്ടും ജനങ്ങൾ മനസ്സിലാക്കും. തുടർന്നും ഈ നല്ല കാര്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഉൾപ്പെടെ ഒറ്റക്കെട്ടായി ജനങ്ങൾക്ക് വേണ്ടത് ചെയ്തുകൊടുക്കുവാൻ ഒന്നിച്ച് വരണമെന്ന് മാത്രമാണ് ഈ അവസരത്തിൽ എനിക്ക് പറയുവാനുള്ളത്.

ശ്രീ. പി. ജെ. ജോസഫ്: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേന്ദ്ര ഗവൺമെന്റ് അമ്പലമേട്ടിലുള്ള പെട്രോകെമിക്കൽസിന് 40,000 കോടി രൂപ മുടക്കുമെന്നൊരു വാർത്ത വായിച്ചു. ഞാൻ ഓയിൽ റിഫൈനറിയിൽ പോയി ചർച്ച നടത്തി. തുക മുടക്കാൻ ആരംഭിച്ചിരിക്കുന്നു. അടുത്ത മൂന്ന് വർഷമാകുമ്പോഴേക്കും അവിടെ പോളിടെക്നിക് പാസ്സായ ഏകദേശം 5,000 പേരെ ആവശ്യമുണ്ട്. പോളിടെക്നിക് എന്നുപറയുമ്പോൾ ഇൻസ്ട്രുമെന്റേഷൻ, കെമിക്കൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ എന്നീ നാല് വിഷയങ്ങളാണ് വേണ്ടത്. കേരളത്തിൽ ആകെയുള്ളത് 67 പോളിടെക്നിക്കുകളാണ്. കെമിക്കൽ, ഇൻസ്ട്രുമെന്റേഷൻ ട്രേഡുകൾ ഒരിടത്തുമില്ല. 5000 പേർക്ക് ജോലി ലഭിക്കുന്ന സ്ഥലത്ത് 25,000 മുതൽ 30,000 രൂപ വരെ ശമ്പളമുണ്ട്. ഇവിടെ 500 എഞ്ചിനീയർമാരെ മാത്രമേ ആവശ്യമുള്ളൂ. അതിന് എന്തുചെയ്യണം? ഈ മൂന്ന് വർഷംകൊണ്ട് 5000 പേരെ ട്രെയിൻ ചെയ്താൽ അവർക്കെല്ലാം ഉറപ്പായും ജോലി ലഭിക്കും. ഗുജറാത്തിൽ പെട്രോകെമിക്കൽ യൂണിവേഴ്സിറ്റി തുടങ്ങി. ഈ വരുന്ന മൂന്ന് വർഷത്തിനുള്ളിൽ കേരളത്തിൽ പതിനായിരം പേർ പാസ്സായാലും ജോലി ലഭിക്കും.

സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ സീറ്റുകൾ പലതും ഒഴിഞ്ഞു കിടക്കുകയാണ്. ഞാൻ ഒന്നുരണ്ട് പേരോട് സംസാരിച്ചു. അനുവാദം നൽകിയാൽ മൂന്ന് വർഷം കാലദൈർഘ്യമുള്ള പോളിടെക്നിക് ആരംഭിക്കുവാൻ അവർ സന്നദ്ധരാണ്. പല സ്ഥലങ്ങളിലും പകുതി സീറ്റും ഒഴിഞ്ഞുകിടക്കുകയാണ്. കുറച്ച് എക്വിപ്മെന്റ്സ് മതി. ഗവൺമെന്റ് പോളിടെക്നിക്കുകളിൽ എത്ര സാധ്യതയുണ്ടെന്ന് പരിശോധിക്കണം. അവിടെയും ഈ വിഷയങ്ങൾ കുറവാണ്. അവിടെയും അനുവദിക്കാവുന്നിടത്തോളം അനുവദിക്കുക. മൂന്ന് വർഷംകൊണ്ട്

പാസ്സായാൽ എളുപ്പം ജോലി ലഭിക്കുന്നതാണെന്ന് കണ്ടാൽ ഗവൺമെന്റ് ഉണർന്ന് പ്രവർത്തിക്കണ്ടേ. ഓൾ ഇന്ത്യ സെലക്ഷനാണ് നടക്കുന്നത്. അവിടത്തെ എച്ച്.ആർ. മുംബൈയിലുള്ള ആളാണ്. ഞാൻ അവരുമായി രണ്ടുമൂന്ന് മണിക്കൂർ ചർച്ച നടത്തി. ഈ സാധ്യതകൾ നമുക്ക് പ്രയോജനപ്പെടുത്താൻ കഴിയുമോ? പോളിടെക്നിക്കുകളിൽ പരമാവധി ഇൻസ്ട്രുമെന്റേഷൻ, കെമിക്കൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തണം. എഞ്ചിനീയറിംഗ് കോളേജുകളിൽ വേക്കന്റായി കിടക്കുന്ന കെട്ടിടങ്ങളിൽ മൂന്ന് വർഷത്തെ കോഴ്സ് ആരംഭിക്കാൻ അനുവാദം നൽകണം. ഒരു എഞ്ചിനീയറിംഗ് കോളേജിന്റെ മാനേജരുമായി ഞാൻ സംസാരിച്ചപ്പോൾ ഗവൺമെന്റ് അനുവദിച്ചാൽ അവർ സന്നദ്ധരാണെന്ന് പറയുകയുണ്ടായി. ഇപ്പോൾത്തന്നെ അനുവാദം കൊടുക്കണ്ടേ? കാരണം കുറച്ച് എക്വിപ്മെന്റ്സ് അവിടെ വേണ്ടിവരും. നമുക്ക് നൂറുകണക്കിന് ഐ.റ്റി.ഐ.-കളുണ്ട്. ഞാൻ അങ്കമാലി ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററിൽ പോയിരുന്നു. ആധുനിക രീതിയിലുള്ള എക്വിപ്മെന്റ്സാണ് അവിടെയുള്ളത്. അവിടെനിന്നും പാസ്സായവർക്കെല്ലാം വിദേശത്ത് ജോലി ലഭിക്കുന്നുണ്ട്. അതുകൊണ്ട് ഐ.റ്റി.ഐ. മോശമായൊരു കാര്യമല്ല; അത് കുറച്ചുകൂടി അനുവദിച്ചാലും കുഴപ്പമില്ല. എന്തെങ്കിലും കോഴ്സുകൾ പഠിപ്പിക്കുക എന്നതല്ല, ഒരു മാൻപവർ പ്ലാനിംഗാണ് നമുക്ക് ആവശ്യമായി വന്നിരിക്കുന്നത്. ദുബായിൽ ചേർന്ന ലോകകേരള സഭയിൽ നടത്തിയ പ്രസംഗത്തിൽ, ഓട്ടോമേഷനിൽ ഉണ്ടായിരിക്കുന്ന മാറ്റങ്ങൾ ഉൾക്കൊള്ളാൻ തയ്യാറായി കോഴ്സുകൾ റീ-ഡിസൈൻ ചെയ്താൽ കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിലെ സീറ്റുകൾ രണ്ട് കൊല്ലത്തിനുള്ളിൽ നിറയും എന്ന് പറഞ്ഞിരുന്നു. അതിന് ഫാക്കൽറ്റിയെ ട്രെയിൻ ചെയ്യിക്കണം. ഗാന്ധിജി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സസ്റ്റെയിനബിൾ ഡെവലപ്മെന്റ് സംഘടിപ്പിച്ച Artificial Intelligence, Automation എന്നീ വിഷയങ്ങൾ സംബന്ധിച്ച ഒരു ഉന്നതതല യോഗത്തിൽ ഇന്നലെ ഞാൻ പങ്കെടുത്തിരുന്നു. പ്രസ്തുത സമ്മേളനത്തിൽ കേരളത്തിനകത്തും പുറത്തുമുള്ള പതിനെട്ടോളം പേരുണ്ടായിരുന്നു. ഫാക്കൽറ്റിയെ ട്രെയിൻ ചെയ്ത് കോഴ്സുകൾ റീഡിസൈൻ ചെയ്താൽ എല്ലാവർക്കും ജോലി ലഭിക്കും. പ്രസ്തുത സമ്മേളനത്തിൽ ഓട്ടോമേഷന്റെ ഫലമായി ലോകത്തിൽ എവിടെയൊക്കെ എത്ര വേക്കൻസിയുണ്ടെന്ന് കേരളത്തിലിരുന്ന് അറിയാമെന്ന് പറയുകയുണ്ടായി. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് പറയാനുള്ളത്, ഒരു ഉന്നത ടീമിനെവച്ച് ആവശ്യത്തിനനുസരിച്ച് ഈ കോഴ്സുകളൊക്കെ റീഡിസൈൻ ചെയ്യണം. യൂണിവേഴ്സിറ്റിയുടെ കുറവെന്ന് പറയുന്നത് അവർ പഴയ സിലബസ് മാത്രമേ പഠിപ്പിക്കുകയുള്ളൂ എന്നതാണ്. അവരൊന്നും മാറ്റങ്ങൾക്ക് തയ്യാറല്ല. അതുകൊണ്ട് ഫാക്കൽറ്റിയെ പുതിയ രീതിയിൽ ട്രെയിൻ ചെയ്യിക്കണം. അതിന് കേരളം തയ്യാറായാൽ മുഴുവൻ

ചെറുപ്പക്കാർക്കും ജോലികിട്ടും. പോളിടെക്നിക്കുകളിൽനിന്ന് പഠിച്ചിറങ്ങുന്ന 10,000 പേർക്ക് ജോലി കിട്ടുമെന്ന് പറയുമ്പോൾ ഗവൺമെന്റ് ഉണർന്ന് പ്രവർത്തിക്കണ്ടേ? ഇവിടെയെല്ലാം ഒരു കോൺഫറൻസ് നടത്തി അനുവാദം കൊടുക്കണം. ഇത് കൂടുതൽ ചർച്ച ചെയ്യേണ്ട വിഷയമാണ്.

കേരളത്തിൽ ഏതെങ്കിലും ജംഗ്ഷനിൽകൂടി ഇപ്പോൾ പോകാൻ സാധിക്കുമോ? മൂവാറ്റുപുഴ-പെരുമ്പാവൂർ ജംഗ്ഷൻ ക്രോസ് ചെയ്യണമെങ്കിൽ മുക്കാൽ മണിക്കൂർ വേണം. ഞാനും ഇ. കെ. നായനാരും കൂടി മലേഷ്യയിൽ പോയപ്പോൾ 700 കിലോമീറ്റർ നോർത്ത്-സൗത്ത് എക്സ്പ്രസ്സ് ഹൈവേ കണ്ടു. അത് അവിടത്തെ പുരോഗതിയുടെ തുടക്കമായിരുന്നു. പ്രസ്തുത എക്സ്പ്രസ്സ് ഹൈവേ എട്ട് വരിപ്പാതയാണ്. അതുപോലെ ഇവിടെയുമുണ്ടാകണം. അതിന് ഒരു ഏരിയൽ സർവ്വേ നടത്തിയാൽ സാധ്യമാകും. ശ്രീ. ഇ. ശ്രീധരനെപ്പോലൊരാളെ അതിന്റെ ചുമതല ഏൽപ്പിച്ചാൽ എട്ട് വരി പാത നടപ്പാക്കാൻ കഴിയും. ചെറിയ ടൗണുമായി കണക്ഷൻ കൊടുത്താൽ മതി. High Speed Rail Corridor-നെക്കുറിച്ച് എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് പറയാനുള്ളത്, പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി കൊല്ലത്തുവന്നപ്പോൾ മുംബൈ-കന്യാകുമാരി High Speed Rail Corridor അനുവദിക്കുമെന്ന് പ്രസ്താവന നടത്തിയതാണ്. അക്കാര്യം ശ്രദ്ധിക്കണ്ടേ? അതിന് കേരളം പണം മുടക്കേണ്ട കാര്യമുണ്ടോ? അതൊരു പോളിസിയായി അംഗീകരിച്ചിരിക്കുന്നു. ഞങ്ങൾ ഈ ആവശ്യമുന്നയിച്ചുകൊണ്ട് 2008-ൽ ജാഥ നടത്തിയതാണ്. മുംബൈ-അഹമ്മദാബാദ് മേഖലയിലാണ് അത് തുടങ്ങിയിരിക്കുന്നത്. ഒരു കിലോമീറ്ററിന് 200 കോടി രൂപയാണ് ചെലവ് വരുന്നത്. മുംബൈയിൽ നിന്നും ഇവിടെ വരാൻ രണ്ടോമൂന്നോ മണിക്കൂർ മതി. ഇപ്പോഴുള്ള റെയിൽവേ ലൈനിന് പാരലലായി കുറച്ച് സ്ഥലമെടുത്താൽ മതി. അതും ശ്രീ. ഇ. ശ്രീധരനെപ്പോലൊരാളെ ഏൽപ്പിക്കുക. സംസ്ഥാന ഗവൺമെന്റിന് പണം മുടക്കി അത് നടപ്പാക്കാൻ സാധിക്കുമോ? ജപ്പാന്റെ ടെക്നോളജിയും പണവുമാണ്. 600 കിലോമീറ്ററിന് 1,80,000 കോടി രൂപ വേണ്ടിവരും. റോഡ് നന്നാക്കാൻ പൈസയില്ലാത്ത സംസ്ഥാനത്തിന് അതിന് സാധിക്കുമോ? അതുകൊണ്ട് നമ്മളെല്ലാം ഒറ്റക്കെട്ടായി നിന്നുകൊണ്ട് കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് ചെയ്യിക്കണം. കാശ്മീർ-കന്യാകുമാരി High Speed Rail Corridor-നുവേണ്ടി ശബ്ദമുയർത്തണം. ഞാൻ പാർലമെന്റിൽ പോകാനാഗ്രഹിച്ചത് ഇത്തരം ചില കാര്യങ്ങൾ പറയാൻ വേണ്ടിയാണ്. High Speed Rail Corridor-നുവേണ്ടി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. അതിനായി ഞാൻ മുംബൈ-കന്യാകുമാരി ജാഥ നടത്തിയപ്പോൾ മുംബൈ മുതൽ വലിയ

സ്വീകരണമാണ് ലഭിച്ചത്. എക്സ്പ്രസ് ഹൈവേയും എട്ടുവരിപ്പാതയും അതിലൊരുവരി Exclusively for public vehicles, കെ.എസ്.ആർ.ടി.സി. പോലുള്ള വാഹനങ്ങൾ മാത്രമേ ഓടിക്കാൻ സാധിക്കുകയുള്ളൂ.

മി. ചെയർമാൻ: അങ്ങേയ്ക്ക് അടുത്ത പ്രാവശ്യം പാർലമെന്റിൽ പോകാനുള്ള അവസരം ഉണ്ടാകട്ടെ. അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. പി. ജെ. ജോസഫ്: സർ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ വിശ്വസിക്കുകയും ഒരു മാസം 10 ലക്ഷം രൂപ ചെലവാക്കാൻ അനുവദിക്കുകയുമാണെങ്കിൽ വലിയ കുഴികളൊക്കെ നികത്താൻ സാധിക്കും. നേരത്തെ അങ്ങനെ കൊടുത്തിരുന്ന അനുവാദം പിൻവലിച്ചു. അത്തരം കാര്യങ്ങൾ അടിയന്തരമായി ചെയ്യണം. Within time, within budget എന്നുമാത്രം പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. എം. സ്വരാജ്: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നിരാശാഭരിതമായ സമകാലിക ഇന്ത്യൻ അവസ്ഥയിൽ പ്രതീക്ഷയുടെ ഏക തുരുത്തായി കേരളം നിലകൊള്ളുകയാണ്. എല്ലാ വിളക്കുകളും കെട്ടുപോകുമ്പോൾ മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടംപോലും വഴികാട്ടുമെന്ന് പറയാറുണ്ട്. രാജ്യം മുഴുവൻ ഇരുട്ട് വ്യാപിക്കുന്ന ഈ സമയത്ത് പ്രകാശം പ്രസരിപ്പിക്കുന്ന ഏക തുരുത്താണ് കേരളം. മതനിരപേക്ഷതയുടെയും മാനവികതയുടെയും ജനാധിപത്യ ഉണർവ്വിന്റെയുമെല്ലാം പ്രതീക്ഷയുണർത്തുമ്പോൾ ത്തന്നെ സമഗ്രവും സർവ്വതലസ്പർശിയുമായ വികസനത്തിന്റെയും വളർച്ചയുടെയും പാതയിലൂടെയാണ് നമ്മുടെ നാട് മുന്നോട്ട് പോകുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധതരത്തിലുള്ള പ്രതിസന്ധികൾ പേമാരിയായി പെയ്തൊഴിയാതെ നമ്മെ വേട്ടയാടുകയായിരുന്നു. നോട്ടുനിരോധനവും ജി.എസ്.ടി.-യും കേന്ദ്രഗവൺമെന്റ് നമ്മുടെ നാടിനും കൂടി ഏൽപ്പിച്ചൊരു പ്രഹരമാണെങ്കിൽ തീരപ്രദേശങ്ങളെ കണ്ണീരിലാഴ്ത്തിയ ഓഖിയും ആയിരക്കണക്കിന് മനുഷ്യരുടെ ജീവൻ കവർന്നെടുക്കുമായിരുന്ന നിപയും നമ്മെ മുക്കിക്കൊല്ലാൻ ശ്രമിച്ച പ്രളയവുമെല്ലാം കേരളത്തിന് നേരിടേണ്ടതായി വന്നു. പക്ഷേ, ഈ പ്രതിസന്ധികളെയെല്ലാം സാധ്യതകളാക്കിമാറ്റി അവിശ്വസനീയമാംവിധം മഹത്തായ കരുത്തോടെ അവയെ നേരിട്ട് നമ്മുടെ നാട് മുന്നോട്ടുപോകുന്ന കാഴ്ചയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. മറ്റൊരു സർക്കാരിനും സാധിച്ചിട്ടില്ലാത്തവിധം സംസ്ഥാനത്തെ സമഗ്രമായി പുതുക്കിപ്പണിയാനും പുതിയ മുഖമുള്ളൊരു കേരളം സൃഷ്ടിക്കാനും അതിന് തുടക്കമിടാനും ഈ സർക്കാരിന് സാധിച്ചു.

വീടില്ലാത്തവർക്ക് വീട് നൽകുന്ന ലൈഫ് പദ്ധതിയെക്കുറിച്ച് പരിഹസിച്ചവരുണ്ട്. അവരെ പരിഹാസ്യരാക്കിയാണ് ലക്ഷത്തിലധികം വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി കൈമാറിയത്. ഇപ്പോഴും ആ പദ്ധതി വിജയകരമായി മുന്നോട്ടുപോകുകയാണ്.

കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖല ചരിത്രത്തിൽ ഇടം പിടിക്കുന്ന വലിയ മാറ്റങ്ങൾക്ക് വിധേയമായി. പശ്ചാത്തല സൗകര്യങ്ങളുടെ കാര്യത്തിൽ രാജ്യാന്തര നിലവാരമുള്ള വിദ്യാലയങ്ങൾ നമുക്ക് യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞു. അതിന്റെ പ്രതിഫലനമായി ഈ അദ്ധ്യയനവർഷം ആരംഭിച്ചപ്പോൾ ഒന്നര ലക്ഷത്തിലധികം വരുന്ന കുട്ടികളാണ് രണ്ടാം ക്ലാസ്സ് മുതൽ പത്താംതരം വരെ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ടി.സി. വാങ്ങി സർക്കാർ സ്കൂളുകളിലേക്ക് വന്നത്. എല്ലാ ക്ലാസ്സ് മുറികളും ഹൈടെക്കാകുകയും കമ്പ്യൂട്ടറുണ്ടാകുകയും അത്യന്താധുനിക സൗകര്യങ്ങളുടെ അകമ്പടിയോടെ സാധാരണക്കാരായ കുടുംബങ്ങളിലെ കുട്ടികൾക്ക് പഠിക്കാൻ കഴിയുന്ന അന്തരീക്ഷമുണ്ടാകുകയും ചെയ്തു.

ആർദ്രം പദ്ധതിയുടെ ഭാഗമായി അസുഖം ബാധിച്ച സാധാരണക്കാരായ മനുഷ്യർക്ക് കണ്ണടച്ച് വിശ്വസിച്ച് കടന്നുചെല്ലാവുന്ന സ്ഥാപനങ്ങളായി കേരളത്തിലെ പൊതുജനാരോഗ്യ കേന്ദ്രങ്ങൾ മാറി. സർവ്വകാല റെക്കോർഡാണ് പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ. ഒരു ലക്ഷത്തിലധികം ചെറുപ്പക്കാർക്ക് ജോലി ലഭിക്കുകയും ചരിത്രത്തിൽ ഏറ്റവും കൂടുതൽ തസ്തിക സൃഷ്ടിച്ചതുമായ സർക്കാരാണിത്. എല്ലാ രംഗത്തും ഈ മാറ്റം നമുക്ക് കാണാൻ കഴിയും.

തരിശുഭൂമിയായി കിടന്നിരുന്ന 15,000-ത്തിൽപ്പരം ഹെക്ടർ സ്ഥലത്ത് ഈ മൂന്നരവർഷത്തിനിടയിൽ പുതുതായി കൃഷിയിറക്കാനും നഷ്ടപ്പെട്ടുപോയ കാർഷിക സംസ്കൃതിയെ തിരിച്ചുപിടിക്കാനും നമുക്ക് കഴിഞ്ഞു. എല്ലാ മേഖലകളിലും നമുക്കിത് കാണാൻ സാധിക്കും. കിഫ്ബി വഴി നമ്മുടെ സംസ്ഥാനത്ത് പതിനായിരക്കണക്കിന് കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നു. പശ്ചാത്തല സൗകര്യവികസനം സാധ്യമാകുന്നു. മുൻ ഗവൺമെന്റിന്റെ ഭരണകാലത്ത് നിർമ്മിച്ച പാലാരിവട്ടം അഴിമതിപ്പാലം ഇപ്പോൾ പുതുക്കിപ്പണിയുകയാണ്. നിർമ്മാണം നടക്കുന്നതിനോടൊപ്പം യു.ഡി.എഫ്. തകർത്ത കേരളത്തെ പുനർനിർമ്മിക്കുക കൂടിയാണ് ചെയ്യുന്നത്.

1.00 P.M.]

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഇവരുടെ പാലാരിവട്ടം മോഡൽ പാലങ്ങൾ പൊളിച്ചുപണിയുകയും പുതിയ നിർമ്മാണങ്ങൾ നടത്തുകയും വേണം; ആ ഉത്തരവാദിത്വം ധീരമായി ഈ ഗവൺമെന്റ് ഏറ്റെടുക്കുകയായിരുന്നു.

പ്രതിപക്ഷത്തിന്, കഴമ്പുള്ള എന്തെങ്കിലും ആരോപണങ്ങൾ ഉന്നയിക്കാൻപോലും കഴിയാത്ത സാഹചര്യമാണുള്ളത്. ഇന്നത്തെ അടിയന്തരപ്രമേയംതന്നെ വിഷയ ദാരിദ്ര്യത്തെയല്ലേ പ്രതിഫലിപ്പിക്കുന്നത്. രണ്ട് നാൾമുമ്പ് ഈ സഭയുടെ മുമ്പാകെ അവതരിപ്പിച്ച അതേ വിഷയം വീണ്ടും കൊണ്ടുവരേണ്ടിവന്നത് പുതിയ എന്തെങ്കിലുമൊരു കാര്യം ഇല്ലാത്തതുകൊണ്ടാണ്. വാളയാർ വിഷയത്തിന്റെ ഗൗരവം ആരും കുറച്ചുകാണുന്നില്ല. ഏറ്റവും നിർഭാഗ്യകരമായ വാർത്തയായി അത് നമ്മുടെ മുന്നിലുണ്ട്. രണ്ട് കുട്ടികൾക്ക് നേരിടേണ്ടിവന്ന ദുരന്തമാണത്. തണലാകേണ്ടവരൊന്നും ആ കുട്ടികൾക്ക് തണലായില്ല എന്നതാണ് ഒറ്റ വാചകത്തിൽ ഞാൻ പറയാൻ ആഗ്രഹിക്കുന്നത്. അതിൽ എല്ലാവരുംപെടും എന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ. സാമൂഹ്യ ഉത്തരവാദിത്തത്തിൽ നമുക്കെല്ലാം പങ്കുണ്ട്. അത്തരമൊരു ദുരന്തം കേരളത്തിൽ നടക്കാൻ പാടില്ലാത്തതായിരുന്നു. അക്കാര്യം ശരിയാംവണ്ണം അന്വേഷിച്ച് കുറ്റവാളികൾക്ക് ശിക്ഷ വാങ്ങിക്കൊടുക്കാൻ സാധിക്കാതെ പോയതിൽ പോലീസിന് വീഴ്ച വന്നിട്ടുണ്ടെങ്കിൽ അതും വിമർശിക്കപ്പെടേണ്ടതാണ് എന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. എന്നാൽ അക്കാരണംകൊണ്ട് കേരളത്തിലെ പോലീസ് സംവിധാനം താറുമാറാണെന്ന് പറയാൻ സാധിക്കുമോ? സാധിക്കില്ലെന്ന് വസ്തുതകൾ മുൻവിധിയില്ലാതെ പരിശോധിക്കുന്നവർക്ക് മനസ്സിലാകും. ഗോവിന്ദച്ചാമിയെ അകത്താക്കിയത് ഇതേ പോലീസാണ്. പെരുമ്പാവൂരിലെ പെൺകുട്ടിക്ക് ദാരുണമായ ദുരന്തമുണ്ടായപ്പോൾ അപഹാസ്യമാംവിധം പ്രതിയുടേതെന്ന് സംശയിക്കപ്പെടുന്ന ചെരുപ്പ് മരത്തിൽ കെട്ടിത്തൂക്കി പ്രതി അതെടുക്കാൻ തിരിച്ചുവരുമെന്ന് കാത്തിരുന്ന അപമാനകരമായ ഭൂതകാലം കേരളത്തിലെ പോലീസിനുണ്ടായിരുന്നെങ്കിൽ അവിടെ നിന്നുമാറി ആ കേസിലെ പ്രതിയെ ചങ്ങലവച്ച് തുറുങ്കിലടയ്ക്കാൻ കഴിഞ്ഞതും ഈ പോലീസ് സംവിധാനത്തിലാണ്. കൊട്ടിയൂരിൽ ഒരു സഹോദരിക്ക് ഇത്തരത്തിലുള്ള ദുരനുഭവമുണ്ടായപ്പോൾ പ്രതിസ്ഥാനത്തുള്ളത് സ്വാധീനമുള്ള വൈദികനായിട്ടും പഴുതടച്ച അന്വേഷണത്തിലൂടെ തുറുങ്കിലടയ്ക്കാൻ പോലീസിന് കഴിഞ്ഞു. കേരളത്തിൽ ഏറെ ചർച്ചാവിഷയമായി മാറിയ കോട്ടയത്തെ കെവിൻ വധം;

കേസ്സ് അട്ടിമറിക്കപ്പെടുന്നുവെന്ന ആശങ്ക മാധ്യമങ്ങളും പ്രതിപക്ഷവും ഉൾപ്പെടെ ഉയർത്തിയിട്ടുണ്ട്, അതിൽ ഞാൻ പ്രതിപക്ഷത്തെ കുറ്റപ്പെടുത്തുന്നില്ല. എന്നാൽ അത്തരം ആശങ്കകളെയെല്ലാം അസ്ഥാനത്താക്കി പ്രതികൾക്കെല്ലാം മാതൃകാപരമായ ശിക്ഷ വാങ്ങിക്കൊടുക്കാൻ കഴിഞ്ഞു. ഞാൻ പറഞ്ഞുവന്നത് പെരുമ്പാവൂരായാലും ഷൊർണ്ണൂരായാലും കൊട്ടിയൂരായാലും കോട്ടയത്തായാലും നമ്മുടെ നാട് വലിയ ഗൗരവത്തോടെ ചർച്ച ചെയ്ത പ്രമാദമായ വിഷയങ്ങളിൽ മാതൃകാപരമായ അന്വേഷണം പൂർത്തീകരിച്ച് കുറ്റവാളികൾക്ക് ശിക്ഷ വാങ്ങിക്കൊടുക്കാൻ കേരളത്തിലെ പോലീസ് സംവിധാനത്തിന് കഴിഞ്ഞു എന്നതാണ്. എന്നാൽ വാളയാറിലെ കാര്യത്തിൽ വീഴ്ച വന്നിട്ടുണ്ടെങ്കിൽ അത് നമ്മൾ പരിശോധിക്കണം. സർക്കാരിന്റെ നിലപാട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നും സഭയിൽ വ്യക്തമാക്കി. അതിൽ അപ്പീൽ നൽകും, കുറ്റവാളികൾ രക്ഷപ്പെടാൻ പാടില്ല, ഇത്തരത്തിലുള്ള സംഭവങ്ങൾ നമ്മുടെ നാട്ടിലുണ്ടാകരുത്. നിങ്ങൾ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ടാൽ അതിനെ ഈ സർക്കാർ പിന്തുണയ്ക്കുമെന്ന് അവരുടെ കുടുംബത്തോട് പറഞ്ഞു. അങ്ങനെയല്ലേ ചെയ്യേണ്ടത്. ഒരു ദുരന്തവാർത്ത വന്നുകഴിഞ്ഞാൽ കാടടച്ച് വെടിവയ്ക്കാൻ ഒരു വിഷയം കിട്ടിപ്പോയി എന്ന നിലപാടാണോ സ്വീകരിക്കേണ്ടത്? നമ്മൾ സാധാരണ മനുഷ്യരെപ്പോലെ ഇത്തരം കാര്യങ്ങളിൽ പെരുമാറുകയാണ് വേണ്ടതെന്ന അഭിപ്രായമാണുള്ളത്. ഞാൻ അത്തരം കാര്യങ്ങളിലേക്ക് കൂടുതൽ കടക്കുന്നില്ല.

നമ്മുടെ രാജ്യം വലിയ വെല്ലുവിളികൾ നേരിടുകയാണ്. ആർ.സി.ഇ.പി. കരാർ സംബന്ധിച്ച് ഈ നിയമസഭ ഒരേ സ്വരത്തിൽ പ്രമേയം പാസ്സാക്കി. അത് പാസ്സാക്കുന്ന സമയത്ത് മുൻ കോൺഗ്രസ് ഗവൺമെന്റുകളുടെ നയത്തെ സംബന്ധിച്ച് ആരും പറയരുതെന്നാണ് കോൺഗ്രസിന്റെ അംഗങ്ങൾ സൂചിപ്പിക്കുന്നത്. പക്ഷേ, എങ്ങനെ പറയാതിരിക്കും? ആസിയാൻ കരാറിനെക്കുറിച്ച് ഓർമ്മിക്കാതെ ആർ.സി.ഇ.പി.-യെക്കുറിച്ച് സംസാരിക്കാൻ സാധിക്കുമോ? ജവഹർലാൽ നെഹ്റുവിന്റെ ഭരണകാലത്ത് ഒപ്പിടാതിരുന്ന ആസിയാൻ കരാറാണ് ഡോ. മൻമോഹൻ സിംഗിന്റെ ഭരണകാലത്ത് ഒപ്പിട്ടത്. നമ്മുടെ നാടിനെ ഞെരുക്കിയ ആ കരാറിന്റെ തിക്തഫലങ്ങൾ അനുഭവിച്ചതിനെത്തുടർന്ന് ആത്മഹത്യ ചെയ്യേണ്ടിവന്ന കർഷകരുടെ കണ്ണുനീർ കാണാതിരിക്കാനാകുമോ? എങ്കിലും വൈകിയുദിച്ച കോൺഗ്രസിന്റെ വിവേകത്തെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു, ഞങ്ങൾ അവരെ അഭിനന്ദിക്കുകയാണ്.

രാജ്യസ്നേഹത്തെക്കുറിച്ച് വാതോരാതെ പ്രസംഗിക്കുന്ന ഇന്നത്തെ എൻ.ഡി.എ. രാജ്യത്തെ അങ്ങേയറ്റം ദ്രോഹിക്കുന്ന നടപടികളുമായാണ് മുന്നോട്ടുപോകുന്നത്. ബി.പി.സി.എൽ. സ്വകാര്യവത്കരിക്കാൻ പോകുകയാണ്.

ആ കമ്പനി എങ്ങനെയാണ് ദേശസാൽക്കരിച്ചത് എന്നതിന് ഒരു ചരിത്രമുണ്ട്. ബർമ്മ ഷെൽ കമ്പനിയെ ദേശസാൽക്കരിച്ചത് നമ്മുടെ രാജ്യത്തിന് ഭീഷണിയായി വന്നപ്പോഴാണ്. ഇന്ത്യ-പാകിസ്ഥാൻ യുദ്ധം നടക്കുന്ന സമയത്ത് ഇന്ത്യൻ ആർമിക്ക് ആവശ്യമായ ഇന്ധനം ഉല്പാദിപ്പിക്കാൻ വിസമ്മതിച്ചതിനാലാണ് പെട്രോളിയം മേഖലയെ ദേശസാത്കരിച്ചത്. രാജ്യതാല്പര്യത്തെ മുൻനിർത്തി ദേശസാത്കരിച്ച പെട്രോളിയം മേഖലയെ ഇപ്പോൾ സ്വകാര്യ മേഖലയ്ക്ക് വിറ്റ് കാശ് വാങ്ങാൻ നോക്കുകയാണ്. അതിനെതിരെയും നമുക്ക് യോജിക്കേണ്ടതുണ്ട്, ഒരുമിക്കേണ്ടതുണ്ട്. പതാകകളുടെ നിറഭേദങ്ങൾക്കപ്പുറത്ത് വ്യത്യസ്തമായ രാഷ്ട്രീയ കാഴ്ചപ്പാടുകൾ ഉയർത്തിപ്പിടിക്കുമ്പോഴും രാജ്യത്തിന്റെ വിശാല താല്പര്യങ്ങളെ മുൻനിർത്തി ഒരുമിച്ച് ശബ്ദമുയർത്താൻ സാധിക്കുകയാണ് വേണ്ടത്. പക്ഷേ, നിർഭാഗ്യകരമായ വസ്തുതകൾ നമ്മുടെ മുന്നിലുണ്ട്.

യു.എ.പി.എ. ഭേദഗതിയുമായി ബന്ധപ്പെട്ട് നേരത്തെ ഒരു ചെറിയ തർക്കമുണ്ടായല്ലോ. ചോദ്യം വളരെ സ്പെസിഫിക്കായിരുന്നു. ലോക്സഭയിലും രാജ്യസഭയിലും കോൺഗ്രസിന് ഒരേ നിലപാട് സ്വീകരിക്കാൻ കഴിയാതെ പോയത് എന്തുകൊണ്ടാണ്? ഇനിയെങ്കിലും പ്രസംഗിക്കുന്ന കോൺഗ്രസ് പ്രതിനിധി അതിന് മറുപടി പറയുമോ? എൻ.ഐ.എ. ഭേദഗതി വന്നപ്പോൾ ബി.ജെ.പി. അംഗങ്ങളോടൊപ്പം കൈകോർത്തുപിടിച്ച് ഒരുമിച്ച് അനുകൂലമായി വോട്ട് ചെയ്യുകയാണ് കോൺഗ്രസ് ചെയ്തത്. എന്താണ് അതിന് ന്യായീകരണം? അതല്ലേ ഈ സഭയിൽ ചർച്ച ചെയ്തത്. അതിനൊരു മറുപടിയും ഉണ്ടായിട്ടില്ലല്ലോ. ഇക്കാര്യങ്ങളെല്ലാം വിലയിരുത്തി കേരളീയർ ശരിയായ രാഷ്ട്രീയ നിലപാട് സ്വീകരിക്കുന്നു എന്നതിന്റെ സൂചനയാണ് നമ്മുടെ ഉപതെരഞ്ഞെടുപ്പ് ഫലം. അത് ഭാവി കേരളത്തിന്റെ വളർച്ചയിലേക്ക് വിരൽ ചൂണ്ടുന്നതാണ് എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. സംസ്ഥാനം വലിയൊരു സാമ്പത്തിക പ്രതിസന്ധിയിലാണ് എന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ട്രഷറിയിൽ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണം. ബില്ലുകൾ മാറാതെ നിൽക്കുന്ന സാഹചര്യമുണ്ട് എന്നതിനെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിതന്നെ എതിർക്കുമെന്ന് ഞാൻ കരുതുന്നില്ല. 1133.46 കോടി രൂപയുടെ ബില്ലുകളാണ് പെൻഡിംഗിലായതെന്നത് നമ്മുടെ മുന്നിൽ നിൽക്കുന്ന ഒരു വസ്തുതയാണ്. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിലും വലിയ രീതിയിലുള്ള വീഴ്ചയുണ്ടായിട്ടുണ്ട്. 12000 കോടി രൂപയുടെ നികുതി കുടിശ്ശിക നിലനിൽക്കുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പ്രളയത്തിനുശേഷം ഉണ്ടായിരിക്കുന്ന പ്രതിസന്ധികൾ വളരെ വലുതാണ്. അത്

ഏറ്റവും കൂടുതൽ ബാധിച്ചത് കാർഷിക മേഖലയെയും ഒപ്പംതന്നെ അടിസ്ഥാന മേഖലയെയുമാണ്. നെല്ല് സംഭരണം തുടങ്ങിയതിനുശേഷം ചരിത്രത്തിലെ ഏറ്റവും വലിയ കുടിശ്ശികയാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമുണ്ടായത്. 337.48 കോടി രൂപയുടെ കുടിശ്ശികയാണുള്ളത്. ആദ്യമായിട്ടാണ് അത്രയും വലിയ കുടിശ്ശിക ഉണ്ടായിരിക്കുന്നത്.

അടിസ്ഥാന മേഖലകൾക്ക് വലിയ രീതിയിലുള്ള വീഴ്ചകൾ സംഭവിച്ചത് ഒരു യാഥാർത്ഥ്യമാണ്, പ്രത്യേകിച്ച് റോഡുകളുടെ കാര്യത്തിലാണ് ഉണ്ടായിരിക്കുന്നത്. 2100 കോടി രൂപയുടെ നാശനഷ്ടം റോഡുകൾക്കുണ്ടായി എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. റോഡുകളുടെ നിർമ്മാണ പ്രവർത്തനം പലപ്പോഴും അനന്തമായി നീണ്ടുപോകുകയോ അല്ലെങ്കിൽ ആവശ്യമായ തുക ലഭിക്കാതെ പോകുകയോ ചെയ്യുന്ന സാഹചര്യം ഏറെ പ്രതിസന്ധി സൃഷ്ടിക്കുന്ന സന്ദർഭത്തിലേക്ക് എത്തുകയാണ്. അത് പലപ്പോഴും ജനങ്ങളുടെ ജീവനെയും സ്വത്തിനെയും അരക്ഷിതാവസ്ഥയിലേക്ക് എത്തിക്കും. ഞാനിത് പറയാൻ പ്രധാനപ്പെട്ട കാരണം, ഇന്നലെ തിരുവാംകുളം പ്രദേശത്ത് കുഴിയിൽവീണ് പരമേശ്വരൻ എന്ന സ്കൂട്ടർ യാത്രികൻ ലോറിക്കടിയിൽപ്പെട്ട് മരിച്ച ഒരു വിഷയമുണ്ടായി. ഇത് ഒറ്റപ്പെട്ട സംഭവമല്ല. പലപ്പോഴും റോഡുകളിലെ കുഴികൾ മരണദൂതരായി മാറുന്ന സാഹചര്യം ഇന്ന് കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കുന്നുവെന്ന നിലയിലുള്ള സൂചനകൾ വരികയാണ്. റോഡുകളുടെ നിർമ്മാണത്തിന് ആവശ്യമായ തുക നൽകാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അത് ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമാണ്. ജനങ്ങൾക്ക് സഞ്ചരിക്കാനുള്ള അവകാശവും സ്വാതന്ത്ര്യവുമുണ്ട്. അത് അവരുടെ അവകാശമാണ്. അതിനാവശ്യമായ തുക നൽകാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം.

വാർഷിക പദ്ധതിച്ചെലവ് വെട്ടിച്ചുരുക്കാനുള്ള തീരുമാനമുണ്ടോ എന്നത് സംബന്ധിച്ച് ഊഹാപോഹങ്ങളും വാർത്തകളും വരുന്നുണ്ട്. പക്ഷേ, അങ്ങ് നൽകിയ മറുപടിയിൽ ഇല്ല എന്നാണ് സൂചിപ്പിച്ചത്. പക്ഷേ, അതിനോടനുബന്ധിച്ച് അനാവശ്യ ചെലവുകൾ ഒഴിവാക്കുന്നതിനുള്ള നടപടി കൈക്കൊള്ളുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടെന്ന് അങ്ങുതന്നെ മറുപടി നൽകിയിട്ടുണ്ട്. സി.പി.ഐ.(എം) പ്രതികൾക്കായി വാദിക്കാൻ ഖജനാവിൽ നിന്ന് അരക്കോടി രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. ഷുഹൈബ് വധക്കേസ്സിൽ സി.ബി.ഐ. എൻക്വയറിക്കെതിരെ അപ്പീൽ പോകാൻ സുപ്രീംകോടതി അഭിഭാഷകനെ നിയമിച്ച ഇനത്തിൽ 56.4 ലക്ഷം രൂപയാണ് നൽകിയത്. അനാവശ്യ ചെലവ് വെട്ടിക്കുറയ്ക്കാനാണ് ഗവൺമെന്റ് ആലോചിക്കുന്നതെന്ന്

പറയുമ്പോൾ ഇതൊരു അനാവശ്യ ചെലവല്ലെന്നുള്ള നിലപാട് അങ്ങേയ്ക്കുണ്ടോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ഒപ്പംതന്നെ സർക്കാരിന്റെ ധൂർത്തിനും ആർഭാടത്തിനും ഒരു കുറവുമില്ല. ക്യാബിനറ്റ് പദവികൾ, കൂടുതൽ ഉപദേഷ്ടാക്കൾ; ഇതെല്ലാം സർക്കാരിനെ സംബന്ധിച്ച് അധികബാധ്യത ഉണ്ടാക്കുന്ന വിഷയങ്ങളാണെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ഗവൺമെന്റിനെ സംബന്ധിച്ച് അതിന്റെ നിലപാടുകൾ വളരെയേറെ അവ്യക്തമാണ്. അത് പ്രതിഷേധാർഹമാണെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന്റെ സാമ്പത്തിക മാനേജ്മെന്റിനെപ്പറ്റി എനിക്ക് തർക്കമില്ല. സാമ്പത്തികകാര്യം മാന്യമായി കൈകാര്യം ചെയ്യുന്ന വ്യക്തിയാണെന്ന് തന്നെയാണ് എന്റെ അഭിപ്രായം. പക്ഷേ, എനിക്ക് ചൂണ്ടിക്കാണിക്കാനുള്ള ഒരു കാര്യം, ശമ്പളം കൊടുക്കാൻ ഇപ്പോൾ പണമില്ല. കേരളത്തിന്റെ സാമ്പത്തികസ്ഥിതി അത്രമാത്രം തകർന്നിരിക്കുകയാണ്. റീബിൽഡ് കേരളയുടെ പണമെടുത്ത് ശമ്പളം കൊടുത്തുവെന്നാണ് ഞാൻ കേട്ടത്. ശരിയാണോ എന്ന് അങ്ങാണ് പറയേണ്ടത്; എനിക്കറിയില്ല. ഈ നിലയിലാണ് സാമ്പത്തികരംഗം നിൽക്കുന്നത്.

നമ്മുടെ ചെറുപ്പക്കാർക്ക് തൊഴിലവസരമുണ്ടാക്കിക്കൊടുക്കണമെന്ന ശ്രീ. പി. ജെ. ജോസഫിന്റെ പ്രസംഗത്തിൽ പറഞ്ഞ കാര്യം ഡോ. ടി. എം. തോമസ് ഐസക് പ്രത്യേകം ശ്രദ്ധിക്കണം. മൂന്നുകൊല്ലത്തിനകം പതിനായിരം പേർക്ക് ജോലി കൊടുക്കാൻ കഴിയുന്ന സാഹചര്യം സൃഷ്ടിക്കാൻ കഴിയുന്ന വിവരമാണ് ശ്രീ. പി. ജെ. ജോസഫ് ഇവിടെ അറിയിച്ചത്. കഴിഞ്ഞ വർഷം 30 എഞ്ചിനീയറിംഗ് കോളേജ് നിർത്തിപ്പോയി. ഇപ്പോഴും പല എഞ്ചിനീയറിംഗ് കോളേജുകളും നിർത്താൻ തയ്യാറായി നിൽക്കുകയാണ്. അവിടെയൊക്കെ പോളിടെക്നിക് തുടങ്ങാനുള്ള അനുവാദം എന്തുകൊണ്ട് കൊടുത്തുകൂടാ? നിർബന്ധമായും ഗവൺമെന്റ് ആലോചിക്കേണ്ട വിഷയമാണെന്നുതന്നെയാണ് എന്റെ അഭിപ്രായം.

കഴിഞ്ഞ ദിവസങ്ങളിലൊക്കെ സഭയിൽ ഞാൻ ശ്രദ്ധിച്ച ഒരു കാര്യം, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഒറ്റപ്പെടുത്തണമെന്ന നിലയിലുള്ള പ്രചരണവും പ്രസംഗങ്ങളുമാണ് ഇവിടെ നടക്കുന്നത്. എന്തിനേറെ പറയുന്നു, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുപോലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുഖത്തുനോക്കി 'ഹിറ്റ്ലർ' എന്ന് വിളിക്കുന്ന സാഹചര്യമുണ്ടായി. ഇവിടത്തെ രണ്ടാമത്തെ ഭരണകക്ഷി അംഗങ്ങളുടെ പുറത്തുള്ള പ്രസ്താവനകൾ കാണുമ്പോൾ മുഖ്യമന്ത്രിയെ ഒറ്റപ്പെടുത്താനുള്ള നീക്കമായി എനിക്ക് തോന്നിയിട്ടുണ്ട്. അതുപോലെ സി.പി.ഐ.

(എം)-ന്റെ സംസ്ഥാന നേതൃത്വത്തിന്റെ പ്രസ്താവനകളും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അനുകൂലമായി എനിക്ക് തോന്നിയില്ല. ഞാൻ പറയുമ്പോൾ എന്നോട് ക്ഷമിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഒറ്റപ്പെടുത്താൻ നോക്കുന്നുവെന്ന് പറയുമ്പോൾ എന്തോ രാഷ്ട്രീയ മാറ്റത്തിനുവേണ്ടിയുള്ള ചില നീക്കങ്ങൾ നടക്കുന്നുവെന്ന് ഞാൻ സംശയിക്കുന്നു. പക്ഷേ, ഒരു കാര്യമുണ്ട്, ഞാൻ ഒളിച്ചുവയ്ക്കുന്നില്ല. കേരളത്തിൽ അധികാരത്തിൽ വന്ന് കാര്യങ്ങൾ ചെയ്യുന്നതിൽ ഒരു മടിയും കാണിക്കാത്ത മുഖ്യമന്ത്രിയാണ് ശ്രീ. പിണറായി വിജയൻ എന്ന് പറയാൻ എനിക്ക് ഒരു മടിയുമില്ല. കാരണം, എനിക്ക് നന്ദികേട് പറയാൻ സാധിക്കില്ല. എരുമേലി വിമാനത്താവളം വേണമെന്നാവശ്യപ്പെട്ട് ഞാനും ശ്രീ. രാജു എബ്രഹാമും ചേർന്ന് ഒരു കത്ത് അദ്ദേഹത്തിന് കൊടുത്തതേയുള്ളൂ. ആ വിമാനത്താവളം പ്രാവർത്തികമാക്കാനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞിരിക്കുന്നു. ഇത് നിസ്സാര കാര്യമാണോ?

സുപ്രീംകോടതി വിധിയെ എതിർക്കാൻ ധൈര്യമുണ്ടോയെന്ന് ഇന്ന് ശ്രീ. കെ. വി. അബ്ദുൾ ഖാദറും സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയും ചോദിച്ചു. എതിർക്കുമെന്ന് ഞാൻ പറഞ്ഞു. സ്വാഭാവികമായി സുപ്രീംകോടതി വിധി രണ്ട് ടൈപ്പാണ്. നടപ്പാക്കേണ്ട വിധിയാണെങ്കിൽ സുപ്രീംകോടതി ഇന്ന തീയതിക്കകം നടപ്പാക്കിയിരിക്കണമെന്ന് ഉത്തരവ് കൊടുക്കും. അതല്ലാത്ത ഒരു വിധി വന്നുകഴിഞ്ഞപ്പോൾ അതിനെപ്പിടിച്ച് ശബരിമലയിൽ ഈ പ്രശ്നമുണ്ടാക്കേണ്ട കാര്യമെന്താണ്? അത് തെറ്റാണ്. സുപ്രീംകോടതി വിധി ശരിയായ നടപടിയല്ലെന്ന അഭിപ്രായം ഞാൻ രേഖപ്പെടുത്തുകയാണ്.

ഇവിടെ ആദ്യം പ്രസംഗിച്ച ശ്രീ. എസ്. ശർമ്മ പറഞ്ഞു, പ്രകടനപത്രികയിൽ പറഞ്ഞ കാര്യങ്ങളിൽ 547 ഇനം നടപ്പാക്കിയെന്ന്. ഇതൊക്കെ എവിടെയാണ് നടപ്പാക്കിയത്? കേരളത്തിൽ തന്നെയാണോ എന്ന് എനിക്കറിയില്ല. ഒന്നും കാണുന്നില്ല. ഏതായാലും ബാക്കിയുള്ളതുകൂടി നടപ്പാക്കി കേരളത്തെ രക്ഷിക്കണമെന്നു മാത്രം സൂചിപ്പിക്കുന്നു.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിൽ സർവ്വതലസ്പർശിയായ മുന്നേറ്റത്തിനാണ് സർക്കാർ ശ്രമം നടത്തിക്കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ എന്ത് റിസൾട്ടുണ്ടായി എന്ന ചോദ്യം നേരത്തെ ചില യു.ഡി.എഫ്. അംഗങ്ങൾ ചോദിച്ചിരുന്നു. 50000 കോടി രൂപയുടെ വികസന പദ്ധതികൾക്കാണ് സംസ്ഥാന സർക്കാർ തുടക്കം കുറിച്ചത്. കടം

വാങ്ങുന്നതിനെക്കുറിച്ച് ചിലർ ആശങ്ക പ്രകടിപ്പിക്കുന്നത് കണ്ടു. ഏതായാലും കരാറുകാരന് അഡ്വാൻസ് കൊടുക്കാനോ ധൂർത്തടിക്കാനോ അല്ല കടം വാങ്ങുന്നതെന്ന് വ്യക്തമാക്കാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. വിദ്യാഭ്യാസ മേഖലയ്ക്ക് ആധുനികമുഖം നൽകി. 45000 ക്ലാസ്സ് മുറികൾ ഹൈടെക്കായി മാറി. 5 കോടി രൂപയുടെയും 3 കോടി രൂപയുടെയും നിർമ്മാണപ്രവൃത്തികൾ വിദ്യാലയങ്ങളിൽ വളരെ വേഗത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. ആരോഗ്യമേഖല ലോകോത്തരമായി മാറുന്നു. നീതി ആയോഗ് കേരളത്തിലെ ആരോഗ്യമേഖലയ്ക്ക് ഒന്നാം സ്ഥാനം നൽകിയപ്പോൾ കഴിഞ്ഞ ദിവസം അതിനെ സംബന്ധിച്ച് ഇവിടെ ചില പരാമർശങ്ങൾ നടത്താൻ യു.ഡി.എഫ്. അംഗം ശ്രീ. വി. ഡി. സതീശൻ തയ്യാറായി. 2015-16-ാണ് അടിസ്ഥാന വർഷമായി എടുത്തതെങ്കിലും പെർഫോമൻസ് ഇയറായി എടുത്തത് 2016-17-ഉം 2017-18-ഉമാണ്. ആ പെർഫോമൻസ് നോക്കിയാണ് ആരോഗ്യമേഖലയുടെ പ്രവർത്തനത്തിന് നീതി ആയോഗ് ഒന്നാം സ്ഥാനം നൽകിയിട്ടുള്ളത്.

അടിസ്ഥാന വികസനത്തിന്റെ കാര്യത്തിൽ കേരളത്തിൽ വലിയ കുതിപ്പാണുണ്ടായിരിക്കുന്നത്. പി.ഡബ്ല്യു.ഡി. വർക്കെടുത്ത് നോക്കിയാൽ 256 റോഡ് പദ്ധതികൾ പ്രഖ്യാപിച്ചു. അതിൽ 109 എണ്ണത്തിൽ ടെണ്ടർ നടത്തിയിരിക്കുന്നു. അതോടൊപ്പം 22 കുടിവെള്ള പദ്ധതികൾ, 35 പാലങ്ങൾ, 8 ബൈപ്പാസുകൾ, 4 ഫ്ലൈ ഓവറുകൾ. ആരോഗ്യമേഖലയിൽ 42 കുടുംബാരോഗ്യകേന്ദ്രങ്ങൾക്ക് കേന്ദ്ര പുരസ്കാരം ലഭിച്ചു. ഇന്ത്യയിലെ ഏറ്റവും മികച്ച പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഒന്നും രണ്ടും സ്ഥാനം കേരളത്തിനാണ്. അതോടൊപ്പം ഇവിടെ പ്രസരണനഷ്ടം കുറയ്ക്കാനും വൈദ്യുതിമേഖലയിലെ പ്രശ്നത്തിന് ശാശ്വത പരിഹാരത്തിനുമായി പവർഗ്രിഡ് പദ്ധതി യാഥാർത്ഥ്യമാകാൻ പോകുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ഒരിക്കലും നടക്കില്ലെന്ന ധാരണയിൽ ഉപേക്ഷിച്ച പദ്ധതിയാണ് ഇടമൺ-കൊച്ചി പവർ ഹൈവേ. ആ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ കഴിഞ്ഞിരിക്കുന്നു. ടയറിന്റെ പ്രശ്നം പറഞ്ഞിട്ടൊന്നും വൈദ്യുതി വകുപ്പുമന്ത്രിയുടെ തിളക്കം കെടുത്താൻ നിങ്ങൾക്ക് കഴിയില്ലെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. യു.ഡി.എഫ്.ന്റെ ഭരണകാലത്ത് തുടങ്ങിയ പദ്ധതിയാണ് പ്രകൃതിവാതക പൈപ്പ്ലൈൻ; അത് യു.പി.എ. സർക്കാരിന്റെ പദ്ധതിയാണ്. അധികാരത്തിലിരുന്ന അഞ്ചുവർഷം ആ പദ്ധതി നടപ്പിലാക്കാൻ ഒരു ശ്രമവും നടത്തിയിട്ടില്ല. ഈ ഗവൺമെന്റ് മൂന്നുവർഷം കൊണ്ട് പാചകവാതക പൈപ്പ്ലൈൻ പദ്ധതിയുടെ 99% പൂർത്തിയാക്കിയിരിക്കുന്നു. ഒന്നര മാസത്തിനുള്ളിൽ അത് ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്.

എസ്.സി./എസ്.ടി. വികസനത്തിന്റെ കാര്യത്തിൽ ഇന്ത്യയിൽ ആദ്യമായി ജനസംഖ്യാനുപാതത്തെക്കാൾ കൂടുതൽ തുക അനുവദിച്ച സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്.

കേരളം മാറുകയാണ്. ഇതിൽ യു.ഡി.എഫ്.-ന് കടുത്ത നിരാശയുണ്ട്. എന്തൊക്കെ ആരോപണങ്ങളായിരുന്നു? കിഫ്ബി വന്നപ്പോൾ ഇതൊരിക്കലും നടക്കില്ല, ആകാശകുസുമമാണെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞില്ലേ? തൊട്ടടുത്തിരിക്കുന്ന ഒരു യു.ഡി.എഫ്. അംഗം പറഞ്ഞത്, 5 വർഷം കഴിഞ്ഞാൽ എൽ.ഡി.എഫ്. സർക്കാരിന്റെ ധനകാര്യ വകുപ്പുമന്ത്രിക്ക് വീട്ടിൽപ്പോയി സ്വസ്ഥമായി നടക്കാത്ത സ്വപ്നങ്ങളെക്കുറിച്ച് ഒരു പുസ്തകമെഴുതാമെന്നാണ്. 30,000 കോടി രൂപയുടെ പദ്ധതികൾ ഇപ്പോൾ നിർമ്മാണഘട്ടത്തിലാണ്. അത് നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ? ഇവിടെ എന്തെല്ലാം ആരോപണങ്ങളാണ് ഉണ്ടായിരുന്നത്? കിഫ്ബിയെക്കുറിച്ച് ധാരാളം വിമർശനങ്ങൾ നടത്തി. ആദ്യം ചോദിച്ചത് പണം എങ്ങനെ കണ്ടെത്തുമെന്നായിരുന്നു. പണം കിട്ടുമെന്നായപ്പോൾ അതിന്റെ പലിശയെക്കുറിച്ചായി വിമർശനം. ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ കേരളത്തിന്റെ സ്ഥാപനമായ കിഫ്ബി ലിസ്റ്റ് ചെയ്യപ്പെട്ടപ്പോൾ മാധ്യമങ്ങൾ വരെ അതിനെ പ്രകീർത്തിച്ചില്ലേ? ഈ ഗവൺമെന്റിനെ വിമർശിക്കാൻ അവസരം തേടി നടക്കുന്ന മാധ്യമങ്ങൾക്കുവരെ കിഫ്ബിയെയും അതിനുള്ള അംഗീകാരത്തെയും ഉയർത്തിക്കാണിക്കേണ്ടി വന്നില്ലേ? അതുകൂടിയായപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് ഇരിക്കപ്പൊറുതിയില്ലാതായി. അപ്പോഴാണ് ബോണ്ട് വിൽക്കാൻ കമ്മീഷൻ എന്ന അടുത്ത ആരോപണം. അതും വിലപ്പോകാതെ വന്നു. ഇപ്പോൾ കിഫ്ബിയുടെ ഓഡിറ്റിനെക്കുറിച്ചായി വിമർശനം. വളരെ സുതാര്യമായ സംവിധാനമാണത്. ഇതിനകത്ത് ആരൊക്കെയാണുള്ളത്? സി.ആന്റ് എ.ജി. ആയിരുന്ന ശ്രീ. വിനോദ് റായ്, റിസർവ് ബാങ്ക് ഡെപ്യൂട്ടി ഗവർണർമാരായിരുന്ന രണ്ട് പ്രഗത്ഭമതികൾ, സെബിയുടെ രണ്ട് മുൻ എക്സിക്യൂട്ടീവ് ഡയറക്ടർമാർ, ബാങ്കിംഗ് രംഗത്തെ പരിണതപ്രജ്ഞരായ രണ്ട് മുൻ ബാങ്ക് മേധാവികൾ എന്നിവരടങ്ങുന്ന കമ്മിറ്റിയാണ്. ഡി.പി.സി. ആക്ട് (Duties, Powers and Conditions of Service Act) 14(1) പ്രകാരം കിഫ്ബിയുടെ പ്രവർത്തനങ്ങൾ സമ്പൂർണ്ണമായി ഓഡിറ്റ് ചെയ്യിട്ടുണ്ട്. ഓഡിറ്റ് ചെയ്യുന്ന ഘട്ടത്തിൽ എവിടെയെങ്കിലും എന്തെങ്കിലും വിമർശനമോ ആക്ഷേപമോ ഉണ്ടായിട്ടുണ്ടോ? ഇല്ലെന്ന് നമുക്ക് കാണാൻ കഴിയും. അതും ഫലിക്കാതെ വന്നപ്പോഴാണ് ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ അഴിമതിയെന്ന് പറഞ്ഞത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പത്ത് ചോദ്യങ്ങൾ ചോദിച്ചല്ലോ. ആ പത്ത് ചോദ്യങ്ങൾക്കും സംസ്ഥാന

സർക്കാരിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൃത്യമായ മറുപടി നൽകിയില്ലേ. ഇപ്പോൾ അതും പൊളിഞ്ഞിരിക്കുകയാണ്. കേരളത്തിൽ മൊത്തത്തിൽ കിഫ്ബി വേണ്ട, പക്ഷേ, സ്വന്തം മണ്ഡലത്തിൽ വേണമെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയുന്നത്. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ 450 കോടി രൂപയുടെ കിഫ്ബി പദ്ധതികളാണ് നടപ്പിലാക്കുന്നത്. ഇക്കാര്യത്തിൽ യു.ഡി.എഫ്.-ന് ഇരട്ടത്താപ്പാണെന്ന കാര്യംകൂടി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഇപ്പോൾ മാവോയിസ്റ്റുകളെ കൂട്ടുപിടിച്ചാണ് കാര്യങ്ങൾ നടത്തുന്നത്. മാവോയിസ്റ്റുകളുടെ നിലപാടുകളെ ശക്തിയുക്തം എതിർക്കുന്ന രാഷ്ട്രീയപ്രസ്ഥാനമാണ് സി.പി.ഐ.(എം). ഇടതുപക്ഷത്തിന് വ്യക്തമായ നിലപാട് ഇക്കാര്യത്തിലുണ്ട്. യു.എ.പി.എ. നിയമം കൊണ്ടുവന്നത് കോൺഗ്രസാണ്. അതിന് മൂന്ന് ഭേദഗതികൾ വന്നത് ഒന്നും രണ്ടും യു.പി.എ. സർക്കാരിന്റെ ഭരണകാലത്താണ്. ഇപ്പോൾ, ബി.ജെ.പി. സർക്കാരിന്റെ ഭരണകാലത്ത് ഭേദഗതി കൊണ്ടുവന്നപ്പോൾ അതിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് മുൻ ആഭ്യന്തര വകുപ്പുമന്ത്രിയായ, ഇപ്പോൾ ജയിലിൽ കിടക്കുന്ന ശ്രീ. പി. ചിദംബരം പറഞ്ഞത് - U.A.P.A. is Congress creation, we are in favour of strengthening this Act എന്നാണ്. ഞങ്ങൾ ഈ നിയമത്തിന് എതിരല്ലെന്നാണ് ശ്രീ. കപിൽ സിബൽ പറഞ്ഞത്. രാജ്യസഭയിൽ ഈ നിയമത്തെ സമ്പൂർണ്ണമായി പിന്തുണയ്ക്കുകയും ലോക്സഭയിൽ ബഹിഷ്കരിച്ച് പരോക്ഷമായി പിന്തുണച്ചവരുമാണ് ഇവിടത്തെ കോൺഗ്രസുകാർ. ഇക്കാര്യത്തിൽ ഇവർക്ക് യാതൊരുവിധ ആത്മാർത്ഥതയുമില്ലെന്ന് നാം മനസ്സിലാക്കേണ്ടതായിട്ടുണ്ട്.

വാളയാർ വിഷയവുമായി ബന്ധപ്പെട്ട് ഇവിടെ അടിയന്തരപ്രമേയം കൊണ്ടുവരാൻ ശ്രമിച്ചു. വാളയാർ വിഷയത്തിൽ കേരളത്തിലെ സർക്കാർ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. ഈ കേസ്സിലെ പ്രതികൾ ശിക്ഷിക്കപ്പെടണം. ഈ സർക്കാർ ഇരയോടൊപ്പമാണ്. പ്രതികൾക്ക് മതിയായ ശിക്ഷ ലഭിക്കണം. ഇക്കാര്യത്തിൽ അന്വേഷണത്തിൽ പിഴവോ പ്രോസിക്യൂഷന്റെ ഭാഗത്തുനിന്ന് വീഴ്ചയോ സംഭവിച്ചിട്ടുണ്ടെങ്കിൽ പരിശോധിക്കാൻ തയ്യാറാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിച്ചിട്ടുണ്ട്. അതുമാത്രമല്ല, സി.ബി.ഐ. അന്വേഷണത്തിന് സർക്കാർ എതിരല്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കിയില്ലേ; പിന്നെ എന്തിനാണ് ഇന്ന് ഹർത്താൽ നടത്തുന്നത്? ഇത് യഥാർത്ഥത്തിൽ ഇരയ്ക്ക് നീതി കിട്ടുന്നതിനുള്ള ശ്രമമല്ല. ഇത് മുതലക്കണ്ണീരാണ്.

ഞാൻ സഭയുടെ ശ്രദ്ധ 2014-ലേയ്ക്ക് ക്ഷണിക്കുകയാണ്. 2014 മേയ് 18-ാം തീയതി പാലക്കാട് ചിറ്റൂർ നിയോജകമണ്ഡലത്തിലെ മീനാക്ഷിപുരത്ത് രാമർപണ്ണയിൽ 13 വയസ്സുള്ള ആദിവാസി ബാലിക മണിമേഖല മൃഗീയമായ പീഡനത്തിനിരയായി കൊല്ലപ്പെട്ടിരുന്നു. ഇന്ന് മന്ത്രിയായിരിക്കുന്ന ശ്രീ. എ. കെ. ബാലനാണ് ഈ വിഷയം അന്ന് സഭയിൽ ഉന്നയിച്ചത്. അന്ന് സംഭവിച്ചത് എന്തായിരുന്നു? പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ കൃത്യമായി പീഡനം നടന്നിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടും പ്രതിയായ പ്രാദേശിക കോൺഗ്രസ് നേതാവായിരുന്ന മീനാക്ഷിപുരത്തെ ശെന്തിൽവേൽ കൗണ്ടറിനെ രക്ഷിക്കാനായിരുന്നു അന്നത്തെ ആഭ്യന്തര വകുപ്പ് ശ്രമിച്ചത്. 16-6-2014-ന് ശ്രീ. എ. കെ. ബാലൻ ഈ വിഷയം സഭയിൽ ഉന്നയിച്ച ഘട്ടത്തിലാണ് തോട്ടമുടമയായ പ്രതി ശെന്തിൽവേൽ കൗണ്ടർ ഈ കേസ്സിൽ പിന്നീട് കുടുങ്ങിയത്. ആ കേസിൽ എന്ത് നിലപാടാണ് അന്നത്തെ ഗവൺമെന്റ് സ്വീകരിച്ചത്? അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല സഭയിൽ പറഞ്ഞത്, പ്രതി ഒരു കാരണവശാലും രക്ഷപ്പെടില്ലെന്നാണ്. ഒരു കാരണവുമില്ലാതെ 90 ദിവസം കഴിഞ്ഞിട്ടും കുറ്റപത്രം കൊടുക്കാതെ പ്രതിയെ സഹായിച്ച അന്നത്തെ ആളുകളാണ് വാളയാറിന്റെ പേരിൽ ഇവിടെ മുതലക്കണ്ണീരൊഴുക്കുന്നത്. അന്ന് പാലക്കാട് എം.എൽ.എ. ആയിരുന്ന ആളല്ലേ ഇപ്പോഴും എം.എൽ.എ.; അദ്ദേഹം ആയിരുന്നല്ലോ കഴിഞ്ഞ ദിവസം വാളയാർ വിഷയം ഇവിടെ ഉന്നയിച്ചത്. ഇന്ന് മറ്റൊരു പാലക്കാട് എം.എൽ.എ. അല്ലേ ആ വിഷയം ഉന്നയിച്ചത്. മീനാക്ഷിപുരത്തെ കേസ്സിൽ നിങ്ങൾ സ്വീകരിച്ച നിലപാടും വാളയാർ കേസ്സിൽ നിങ്ങൾ എടുക്കുന്ന നിലപാടും ഈ നാട്ടിലെ ജനങ്ങൾക്ക് ബോധ്യമാകും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കാണാൻ വാളയാറിലെ കുട്ടിയുടെ അമ്മ വന്നത് ചിലർക്ക് ഇഷ്ടപ്പെട്ടിട്ടില്ല. ഈ ഗവൺമെന്റിൽ അമ്മയ്ക്കും ആ കുടുംബത്തിനും വിശ്വാസമുള്ളതുകൊണ്ടാണ് അവർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കാണാൻ വന്നത്. അതുകൊണ്ട് ഹർത്താൽ നടത്തി മുതലെടുക്കാമെന്ന് നിങ്ങൾ നോക്കണ്ട. നിങ്ങളുടേത് കാപട്യമാണ്, നാടകമാണ്. ഇത് കേരളത്തിലെ ജനങ്ങൾ തിരിച്ചറിയുമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്. സിനിമാനടി ആക്രമിക്കപ്പെട്ട സാഹചര്യത്തിൽ ശ്രീ. പി. ടി. തോമസ് റൂൾ 50 പ്രകാരം അടിയന്തരപ്രമേയം കൊണ്ടുവന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, പ്രതി ആരായാലും എത്ര ഉന്നതനായാലും രക്ഷപ്പെടില്ലെന്നും കുറ്റം ചെയ്യുവൻ ശിക്ഷ അനുഭവിക്കേണ്ടി വരുമെന്നുമാണ്. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല.

കേരളത്തിൽ ഇടതുപക്ഷത്തിന്റെ ശക്തി വർദ്ധിക്കുകയാണ്. ഇതുവരെ നടന്ന എല്ലാ തെരഞ്ഞെടുപ്പുകളിലും ഇടതുപക്ഷം അതിന്റെ സ്വാധീനം വർദ്ധിപ്പിച്ചു.

2016-ൽ ഇടതുപക്ഷം അധികാരത്തിൽ വരുമ്പോൾ 91 എം.എൽ.എ-മാരുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ 93 ആയി. ഇടതുപക്ഷത്തിന് തുടർഭരണം ഉറപ്പാണ്. 2021-ലെ തെരഞ്ഞെടുപ്പ് നടക്കുമ്പോൾ പ്രതിപക്ഷനേതാവായി അങ്ങുതന്നെ ഉണ്ടാകുമോയെന്ന കാര്യത്തിൽ മാത്രമേ സംശയമുള്ളൂ. ആ കസേര ഉറപ്പിക്കാനെങ്കിലും അങ്ങ് ശ്രമിക്കണമെന്ന് മാത്രമേ പറയാനുള്ളൂ.

ഇവിടെ നിരന്തരമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ആക്രമിക്കുകയാണ്. അതിനുള്ള കാരണം എന്താണ്? "മാങ്ങയുള്ള കൊമ്പിന് മാത്രമേ ഏറ് വരികയുള്ളൂ" എന്ന് നമ്മുടെ നാട്ടിലൊരു ചൊല്ലുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ നിങ്ങൾ ഭയക്കുന്നു. രാമായണത്തിലെ ബാലി എന്ന കഥാപാത്രത്തെ നമുക്കറിയാം. അദ്ദേഹത്തിന്റെ പ്രത്യേകത, ആരുമായി നേരിട്ട് യുദ്ധം ചെയ്താലും എതിരാളിയുടെ പകുതി ശക്തി ബാലിക്ക് കിട്ടുമെന്നുള്ളതാണ്. അതുകൊണ്ട് എനിക്ക് പ്രതിപക്ഷത്തോട് പറയാനുള്ളത്, കേരള രാഷ്ട്രീയത്തിലെ ബാലി ആണ് പ്രിയങ്കരനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ. അദ്ദേഹത്തെ തളർത്താനും തകർക്കാനും എങ്ങനെ നോക്കിയാലും നിങ്ങളെ നിഷ്പ്രഭമാക്കി സൂര്യനെപോലെ ജ്വലിച്ചുനിൽക്കും കേരളത്തിന്റെ പ്രിയപ്പെട്ട മുഖ്യമന്ത്രിയും ഈ സർക്കാരുമെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത്: സർ, 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. നിരവധി സാമ്പത്തിക പ്രതിസന്ധികൾ കേരളം അഭിമുഖീകരിക്കുകയാണ്. നോട്ട് നിരോധനവും ജി.എസ്.ടി.-യുമടക്കമുള്ള പ്രതിസന്ധികൾക്കിടയിലും ഈ ഗവൺമെന്റ് ജനക്ഷേമ പദ്ധതികളുമായി മുന്നോട്ട് പോവുകയാണ്. ഓഖി ദുരന്തമുണ്ടായത് തിരുവനന്തപുരം ജില്ലയിലാണ്. കോടിക്കണക്കിന് രൂപയുടെ നഷ്ടം നമ്മുടെ നാടിനുണ്ടായി. ആ സാമ്പത്തിക പ്രതിസന്ധിക്കിടയിൽ നിന്നുകൊണ്ട് തീരദേശത്തെ പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ സഹായിക്കാൻ ഗവൺമെന്റ് എടുത്തിട്ടുള്ള നടപടികൾ എല്ലാവർക്കും അറിയാവുന്നതാണ്. സാധാരണഗതിയിൽ സർക്കാർ ജോലി കൊടുക്കുമെന്ന പ്രഖ്യാപനം മാത്രമേ നടത്താറുള്ളൂ. നമ്മുടെ ഗവൺമെന്റ് ഓഖി ദുരന്തത്തിൽ മരണപ്പെട്ട മുഴുവൻ ആളുകളുടെയും ആശ്രിതർക്ക് നഷ്ടപരിഹാരവും നിരവധി പേർക്ക് തൊഴിലും കൊടുക്കാൻ തയ്യാറായി. അങ്ങനെ പാവപ്പെട്ട മത്സ്യത്തൊഴിലാളികളോട് കരുണയുള്ള ഗവൺമെന്റായി മാറിയിരിക്കുകയാണ്. പ്രളയത്തിൽപ്പെട്ട മുഴുവൻ ആളുകളെയും സഹായിക്കാൻ മുന്നോട്ടുവന്നു. തിരുവനന്തപുരം പ്രളയബാധിത പ്രദേശമല്ലാതിരുന്നിട്ടുപോലും ഏകദേശം 1800 ആളുകൾക്ക് പതിനായിരം രൂപ വച്ചും തകർന്നുപോയ വീടുകൾക്കും നഷ്ടപരിഹാരം കൊടുക്കാൻ സാധിച്ചു.

കേരളത്തിലെമ്പാടും സഹായം എത്തിക്കാൻ ഗവൺമെന്റിന് സാധിച്ചുവെന്നത് കാണാൻ കഴിയും. പ്രളയമേഖലകളിൽ ഒരുപാട് ഇടപെട്ട ഒരാളാണ് ഞാൻ. അന്ന് ഞാനടക്കമുള്ള ആളുകൾ ഇടപെട്ടതിനെ പലരും കളിയാക്കി. ഇവിടെ സാധനങ്ങൾ കളക്ട് ചെയ്തുകൊടുക്കുന്ന ജോലിയാണ് മേയർ എന്ന നിലയിൽ അന്ന് ചെയ്തതെന്നാണ് പലരും ആക്ഷേപിച്ചത്. കേരളത്തെ ഒന്നിപ്പിക്കാനുള്ള കൃത്യമായ ആർജ്ജവത്തോടുകൂടിയുള്ള നടപടികൾ തിരുവനന്തപുരം ജില്ലയിലെ മുഴുവൻ ജനങ്ങളുടെയും സഹായത്തോടെ ഞങ്ങൾക്ക് ചെയ്യാൻ സാധിച്ചു. അതിന് ഞങ്ങളെ പ്രേരിപ്പിച്ചത്, ഈ സംസ്ഥാനം ഭരിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കൃത്യമായ നേതൃത്വമാണെന്ന് അഭിമാനപുരസ്സരം പറയാൻ സാധിക്കും. അത് കേരളത്തിന്റെ ഒന്നാം പ്രളയത്തെയും രണ്ടാം പ്രളയത്തെയും അതിജീവിക്കുന്ന നിലയിൽ കൊണ്ടുപോകാൻ സാധിച്ചിട്ടുണ്ട് എന്നത് അഭിമാനകരമായ കാര്യമാണ്.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കേരളത്തിന്റെ ധനകാര്യ മാനേജ്മെന്റ് പ്രഗത്ഭമായി മുന്നോട്ട് കൊണ്ടുപോകുകയാണ്. വലിയ സാമ്പത്തിക പ്രതിസന്ധിക്കിടയിലും കേരളത്തിലെ ജനക്ഷേമപദ്ധതികൾ മുടങ്ങാതെ മുന്നോട്ട് കൊണ്ടുപോകുകയാണ്. 1200 രൂപ ക്ഷേമ പെൻഷൻ കിട്ടുന്ന മറ്റേതൊരു സംസ്ഥാനമാണ് ഇന്ത്യയിലുള്ളത്? കൃത്യമായി ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുന്നതടക്കമുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്.

ഓണം അടക്കമുള്ള വിശേഷാവസരങ്ങൾ ഇപ്പോൾ കഴിഞ്ഞുപോയി. 13 ഇനം സാധനങ്ങൾക്ക് വില കൂട്ടില്ലെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചു. ആ 13 ഇനം സാധനങ്ങൾ ഇപ്പോഴും വില കുറച്ചുതന്നെ ഷോറൂമുകൾവഴി വിതരണം ചെയ്യാൻ സാധിക്കുന്നുണ്ട്. ചരിത്രത്തിൽ ആദ്യമായി ഓണക്കാലം വിലക്കയറ്റമില്ലാതെ കടന്നുപോയി എന്ന് എല്ലാ മലയാളികളും ഒരുപോലെ സമ്മതിക്കുന്നു. ആ നിലയിൽ ഏറ്റവും നല്ല മാനേജ്മെന്റ് ഇവിടെ നടക്കുന്നു എന്നുള്ളതാണ് ചൂണ്ടിക്കാണിക്കാനുള്ളത്.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവടക്കമുള്ളവർ കിഫ്ബി പദ്ധതി വന്നപ്പോൾ പറഞ്ഞത് ധനകാര്യ വകുപ്പുമന്ത്രി സ്വപ്നലോകത്തെ സഞ്ചാരി ആണെന്നാണ്. അന്ന് പറഞ്ഞതിൽ ഉറച്ചുനിൽക്കാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് കഴിയുമോ? അദ്ദേഹത്തിന്റെ മണ്ഡലത്തിലടക്കം കിഫ്ബി മുഖേനയുള്ള വികസനപ്രവർത്തനങ്ങൾ നടക്കുകയാണ്. ഞാൻ വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിലെ എം.എൽ.എ. ആണ്. ആ മണ്ഡലത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ഇടപെട്ടുകൊണ്ട് 93 കോടി രൂപയുടെ പദ്ധതി

നടപ്പിലാക്കാൻ പോകുകയാണ്. വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനം കേരളത്തിലെ ഗവൺമെന്റ് ഏറ്റെടുത്ത് മുന്നോട്ട് കൊണ്ടുപോകുന്ന കാഴ്ചയാണ് കാണാൻ പോകുന്നത്. അത് വട്ടിയൂർക്കാവിലെ ജനങ്ങൾക്ക് കൊടുക്കുന്ന സമ്മാനമായി മാറുകയാണ്. ഇവിടെ യു.ഡി.എഫ്. നേതാക്കൾ വട്ടിയൂർക്കാവിൽ വന്ന് വലിയ പ്രചരണം നടത്തി. ശ്രീ. എം. വിൻസെന്റ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ എന്നെപ്പറ്റി ഒരു പരാമർശം നടത്തുകയുണ്ടായി. ഞാൻ ചിരിക്കുന്നത് താമര പോലെയാണെന്ന് പറഞ്ഞു. താമര പോലെ ചിരിക്കുന്നതിൽ എനിക്ക് അഭിമാനമാണുള്ളത്. അവിടത്തെ യു.ഡി.എഫ്.ന്റെ അവസ്ഥ എന്താണ്? യു.ഡി.എഫ്.-ന് ഇത്രയും വോട്ട് കിട്ടിയത് ബി.ജെ.പി. നിങ്ങൾക്ക് വോട്ട് ചെയ്തതുകൊണ്ടാണ്. അല്ലെങ്കിൽ കോൺഗ്രസ്സിന്റെ സ്ഥിതി എന്താകുമായിരുന്നു?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സർ, ഊതി വീർപ്പിച്ച ബലൂണാണെന്ന് കെ.പി.സി.സി. പ്രസിഡന്റ് നാമവിശേഷണം നൽകിയത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, ഊതി വീർപ്പിച്ച ബലൂണാണെന്ന് കെ.പി.സി.സി.യുടെ അദ്ധ്യക്ഷൻതന്നെ വിശേഷിപ്പിക്കുകയുണ്ടായി. ആരാണ് അവിടെ ഊതിവീർപ്പിച്ചതെന്ന് മനസ്സിലായല്ലോ. ഊതി വീർപ്പിച്ച ബലൂണിന്റെ കാറ്റ് വട്ടിയൂർക്കാവിലെ ജനങ്ങൾ അഴിച്ചുവിട്ടു. ആ ബലൂൺ പൊട്ടിപ്പോയി എന്ന് നിങ്ങൾ മനസ്സിലാക്കണം. വട്ടിയൂർക്കാവ് പോലെ യു.ഡി.എഫ്.ന് വലിയ അടിത്തറയുണ്ടെന്ന് വിശ്വസിച്ചിരുന്ന മണ്ഡലത്തിൽ 14650 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് ഞാൻ ജയിച്ചിരിക്കുന്നത്. അത് ഈ ഗവൺമെന്റ് നടപ്പിലാക്കുന്ന ജനക്ഷേമ പദ്ധതികൾ കൃത്യമായി വിശദീകരിച്ച് ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അവർ ഞങ്ങൾക്ക് നൽകിയ സ്വീകാര്യതയാണ്. അത്തരത്തിൽ നല്ല പദ്ധതികളുമായി ഞങ്ങൾ ഇനിയും മുന്നോട്ട് പോകും. വട്ടിയൂർക്കാവ് മണ്ഡലത്തിലെ ജനങ്ങളുടെ വിശ്വാസ്യത ആർജ്ജിച്ചുകൊണ്ട് ഈ ഗവൺമെന്റിന്റെ നല്ല പദ്ധതികൾ അവിടെ കൊണ്ടുവന്ന് വിജയിപ്പിക്കാൻ പരിശ്രമിക്കുമെന്നാണ് അത് സംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്.

കിഫ്ബിയുമായി ബന്ധപ്പെട്ട് 45619 കോടി രൂപയുടെ 591 പദ്ധതികൾക്ക് ഇപ്പോൾ അംഗീകാരം ലഭിച്ചിട്ടുണ്ട്. ആ നിലയിൽ കേരളത്തിൽ വലിയ വികസനമുന്നേറ്റത്തിന് തുടക്കം കുറിക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് സാധിച്ചത് ചെറിയ കാര്യമല്ല. നമ്മളെ വരിഞ്ഞുമുറുക്കാനാണ് കേന്ദ്ര ഗവൺമെന്റ് പരിശ്രമിക്കുന്നത്. കടമെടുക്കൽ പരിധി ഇല്ലാതാക്കുന്ന, വലിയ നിലയിലുള്ള

സാമ്പത്തിക പ്രതിരോധ നടപടികൾ നമുക്കെതിരെ കൊണ്ടുവരുന്ന, ഇത്തരം കാര്യങ്ങൾക്കെതിരെ ഒറ്റക്കെട്ടായി മുന്നോട്ട് പോകേണ്ട അവസരമാണെന്ന് എല്ലാ സാമാജികരും മനസ്സിലാക്കണമെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഞാനും ഒരു തദ്ദേശഭരണ സ്ഥാപനത്തിന്റെ മേധാവിയായിരുന്നു. കേരളത്തിന്റെ ചരിത്രത്തിലാദ്യമായി ഏറ്റവും മികച്ച എക്സ്പെൻഡീച്ചറിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ പോയില്ലേ? ആദ്യ വർഷം 90 ശതമാനത്തിന് മുകളിലേക്ക് പോകുകയും രണ്ടാം വർഷം 84 ശതമാനത്തിലേക്ക് വരികയും ചെയ്തു. അങ്ങനെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റവും മികച്ച പ്രവർത്തനം നടത്തുന്നതിനുള്ള സഹായം നൽകാൻ ഈ ഗവൺമെന്റിന് സാധിച്ചു. നിരവധി പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞു. ഉപതെരഞ്ഞെടുപ്പ് ഫലംതന്നെ നിങ്ങൾ നോക്കുക. നാലാം വർഷത്തിലേക്ക് കടക്കുന്ന ഈ ഗവൺമെന്റിന് 91 സീറ്റിൽനിന്നും 93 സീറ്റായി വർദ്ധിപ്പിക്കാനുള്ള സാഹചര്യമെന്താണ്? ഈ ഗവൺമെന്റ് ഏറ്റവും മികച്ച നിലയിൽ ജനക്ഷേമ പദ്ധതികൾ നടപ്പാക്കുന്നുവെന്നതിന്റെ തെളിവായി ആ വിജയത്തെ കാണാൻ സാധിക്കുന്നതാണ്. കേരളത്തിന്റെ ബാങ്ക് വരികയാണ്. എസ്.ബി.ടി. അടക്കമുള്ള ബാങ്കുകളെ ഇല്ലാതാക്കുമ്പോൾ കോൺഗ്രസിന്റെ നിലപാട് എന്തായിരുന്നു? കേരള ബാങ്ക് രൂപീകരിക്കുമ്പോൾ അതിനെ എതിർക്കുന്ന നിലപാടാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. കേരളത്തിന് സ്വന്തമായൊരു ബാങ്കില്ലെന്ന് പറയുന്ന സാഹചര്യം ഇല്ലാതാക്കാൻ കേരള ബാങ്ക് സഹായിക്കുകയാണ്. അതുപോലെ ഭരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള നിരവധി പ്രവർത്തനങ്ങൾ നടപ്പാക്കുന്നു. സാമ്പത്തിക പ്രതിസന്ധിക്കിടയിലും അത്തരത്തിലുള്ള മികച്ച പ്രവർത്തനങ്ങൾ ഈ ഗവൺമെന്റിന് നടത്താൻ കഴിയുന്നു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലുകൾ, കേരള ഗവൺമെന്റ് മുന്നോട്ടുവച്ചിട്ടുള്ള മിഷനുകൾ എന്നിവ കേരളത്തിന്റെ എല്ലാ മേഖലയിലും വലിയ മുന്നേറ്റമുണ്ടാക്കുകയല്ലേ? ഹരിത കേരളം, നദികളെയും ജലാശയങ്ങളെയും സംരക്ഷിക്കാനുള്ള പദ്ധതികൾ, മാലിന്യമില്ലാതാക്കാനുള്ള പദ്ധതികൾ തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നടക്കുകയാണ്. ആർദ്രം പദ്ധതി മുഖേന ഏറ്റവും മികച്ച സാഹചര്യങ്ങളിലേക്ക് ആശുപത്രി സംവിധാനങ്ങൾ മാറുന്നു. വീടില്ലാത്ത എല്ലാവർക്കും ലൈഫ് പദ്ധതി മുഖേന വീട് കൊടുക്കുകയാണ്. തിരുവനന്തപുരം നഗരസഭയിൽനിന്നും 9074 പേർക്ക് വീടുകൊടുത്തെന്ന് അഭിമാനപൂർവ്വം എനിക്ക് പറയാൻ കഴിയും. 2029 ആകുമ്പോഴേക്കും ഭൂമിയുള്ള എല്ലാ ആളുകൾക്കും വീടുള്ള നഗരമായി തിരുവനന്തപുരം മാറാൻ പോകുകയാണ്. അത്തരം പ്രവർത്തനങ്ങളുടെ ഭാഗമായി കേരളമൊട്ടാകെ മാറുന്ന കാഴ്ചയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടക്കുന്നത്. എല്ലാ സാമാജികന്മാരുടെയും മണ്ഡലങ്ങളിൽ കുറഞ്ഞത് മൂന്ന് സ്കൂളുകളെങ്കിലും ഇന്ന് ഹൈടെക് ആകുകയാണ്. അത് ചെറിയ കാര്യമാണോ? എം.എൽ.എ. ഫണ്ടോ മറ്റേതെങ്കിലും തരത്തിലുള്ള ഫണ്ടോ ഉപയോഗിച്ചാൽ നമുക്ക് ഒന്നോ രണ്ടോ സ്കൂളുകളുടെ വികസനം മാത്രമേ നടത്താൻ കഴിയുകയുള്ളൂ. ഇവിടെ ഒറ്റയടിക്ക് ഒരു മണ്ഡലത്തിലെ മൂന്ന് സ്കൂളുകളെങ്കിലും ഹൈടെക് ആയി മാറുന്ന കാഴ്ചയാണ് കണ്ടുകൊണ്ടിരിക്കുന്നത്.

അധികാര വികേന്ദ്രീകരണ നടപടികൾ കാര്യക്ഷമമായി മുന്നോട്ട് പോകുകയാണ്. തദ്ദേശസ്വയംഭരണ വകുപ്പിനെ കൃത്യമായി മുന്നോട്ട് നയിക്കാൻ ഈ ഗവൺമെന്റ് പരിശ്രമിക്കുകയാണ്. അടിസ്ഥാനസൗകര്യ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നിരവധി നടപടികളും നാഷണൽ ഹൈവേയുടെ വികസനമടക്കമുള്ള കാര്യങ്ങളും ഈ ഗവൺമെന്റ് ഏറ്റവും മികച്ച നിലയിൽ മുന്നോട്ട് കൊണ്ടുപോകുകയാണ്. ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്ന ഗവൺമെന്റിനെ എല്ലാ നിലയിലും സഹായിക്കാനുള്ള കൃത്യമായ ഉത്തരവാദിത്വം കക്ഷിരാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാവരും ചേർന്ന് ഏറ്റെടുക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരളം നേരിടുന്ന ചില പുതിയ പ്രശ്നങ്ങളുണ്ട്. അതിലൊന്ന്, 2018-നുശേഷമുള്ള കേരളവും അതിനുമുമ്പുള്ള കേരളവുമാണ്. 2018-ൽ പ്രളയമുണ്ടായപ്പോൾ അത് യാദൃശ്ചികമായി സംഭവിച്ചതാണ് എന്നാണ് അന്ന് പലരും പറഞ്ഞത്. അത് അങ്ങനെയല്ല, കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് ലോകം മാറുകയാണ്. അത് തുടർച്ചയായി ഉണ്ടാകുമെന്ന് ചിലർ പറഞ്ഞെങ്കിലും പലരും അതിനെ ഒറ്റപ്പെട്ട സംഭവമായിട്ടാണ് കരുതിയത്. 2018-ന് മുമ്പുള്ള കേരളമല്ല 2018-ന് ശേഷമുള്ളത്. ജനജീവിതത്തെയും നിർമ്മാണ പ്രക്രിയകളെയും സ്വഭാവത്തെയും കൂട്ടായ്മകളെയുമെല്ലാം പുതിയ കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് ലോകത്തെ പല രാജ്യങ്ങളും ഡിസൈൻ ചെയ്തുവരികയാണ്. 2018-നുശേഷമുള്ള കേരളത്തിന്റെ ഭരണകൂടമാണെങ്കിലും ജനങ്ങളാണെങ്കിലും ജനങ്ങളുടെ ജീവിതമാണെങ്കിലും അതിനനുസരിച്ച് ഡിസൈൻ ചെയ്യേണ്ടതുണ്ട്. പ്രാഥമികാർത്ഥത്തിൽ റീബിൽഡ് കേരളയ്ക്ക് അടിത്തറയിടണമെന്ന ആശയം രൂപപ്പെട്ടിട്ടുണ്ട്. പക്ഷേ, അത് പരിവർത്തനം ചെയ്ത് ജനങ്ങളിലേക്ക് എത്തേണ്ടതുണ്ട്.

രണ്ടാമത്തേത്, 2016 നവംബർ 8-നുമുമ്പുള്ള ഇന്ത്യ- നോട്ട് പിൻവലിക്കുന്നതിനുമുമ്പുള്ള ഇന്ത്യയും അതിനുശേഷമുള്ളതും. നോട്ട് പിൻവലിക്കൽ തെറ്റായ കാര്യമല്ല. പക്ഷേ, തെറ്റായ രീതിയിലാണ് അത് നടപ്പാക്കിയത്. അതിനുശേഷം സാധാരണ മനുഷ്യന്റെ കയ്യിലുള്ള പണം പോയി. അത് അവന്റെ കയ്യിലേക്ക് തിരിച്ചുവന്നില്ല, അത് ഗവൺമെന്റിന്റെ കയ്യിലേക്ക് അല്ലെങ്കിൽ ബാങ്കുകളിലെത്തി. സാധാരണക്കാരന്റെ കൈകളിലേക്ക് തിരിച്ചുവരാത്തതുകൊണ്ട് കേരളത്തിലെ മാത്രമല്ല ഇന്ത്യയിലെമ്പാടുമുള്ള കമ്പോളം നിർജ്ജീവമായി. സാധാരണക്കാരന്റെ വാങ്ങൽശേഷിയും നിർജ്ജീവമായി. അതുകൊണ്ട് 2018-നുശേഷമുള്ള കേരളവും 2016 നവംബർ 8-നുശേഷമുള്ള ഇന്ത്യയും രണ്ടാണ്. ഒന്നിന്റെ കാരണം പ്രകൃതിയുമായി ബന്ധപ്പെട്ടതാണ്. അതിൽ ലോകത്തുള്ള എല്ലാ മനുഷ്യർക്കും പ്രത്യേകിച്ച് വലിയ മനുഷ്യർക്ക് വലിയ പങ്കും ചെറിയ മനുഷ്യർക്ക് ചെറിയ പങ്കുമാണുള്ളത്. എന്നാൽ ചെറിയ മനുഷ്യരാണ് ആ ദുരന്തം കൂടുതൽ അനുഭവിച്ചത്. മൂന്നാമത്തേത്, ആഗ്ഫ (AGFA) എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ലോകമാണ് ഇന്നത്തേത്. ആഗ്ഫ എന്നാൽ ആപ്പിൾ, ഗൂഗിൾ, ഫേസ്ബുക്ക്, ആമസോൺ എന്നിവയാണ്. ഇതുതീർത്ത യുവത്വത്തിന്റെ ബോധവും വിജ്ഞാനത്തിന്റെ മണ്ഡലവും കച്ചവടത്തിന്റെ പ്രത്യേകതയും സാംസ്കാരികമായ ഭിന്നതയുമുള്ളതാണ് ഇന്നത്തെ ലോകം. ഇന്നത്തേത് നാല് കമ്പനികൾ നിയന്ത്രിക്കുന്ന ലോകമാണ്. ഇന്നത്തെ ഇന്ത്യ നോട്ട് പിൻവലിച്ചതിനുശേഷമുള്ള ഇന്ത്യയാണ്. ഇന്നത്തെ കേരളം പ്രളയത്തിനുശേഷമുള്ള കേരളമാണ്. ഇത് മൂന്നിനേയും നേരിടാനുള്ള യോജിപ്പും കാഴ്ചപ്പാടും സഞ്ചാരപാതയുമാണ് കേരളത്തിൽ രൂപപ്പെടേണ്ടത്. അതിന് ഇന്ത്യയും ലോകവും ഇങ്ങനെ നിൽക്കുമ്പോൾ നമുക്ക് മാത്രമായി നമ്മുടെ ആശയങ്ങൾ നടപ്പാക്കാൻ കഴിയുന്ന തരത്തിലുള്ള സ്വാതന്ത്ര്യമില്ല. ആ സ്വാതന്ത്ര്യം ഒരു രാജ്യത്തിനകത്ത് നിൽക്കുമ്പോൾ രാജ്യത്തിന്റെ നയം നടപ്പാക്കിയാൽ മാത്രമേ നമുക്ക് നിൽക്കാൻ കഴിയൂ. രാജ്യം സഞ്ചരിക്കുന്നതിലൂടെ മാത്രമേ നമുക്കും സഞ്ചരിക്കാൻ കഴിയൂ. ഇതിന്റെ ഫലമാണ് രാജ്യത്ത് ഇന്നുണ്ടാകുന്ന അസ്വസ്ഥത. ഇന്ന് മാതൃഭൂമി പത്രത്തിൽ വന്ന റിപ്പോർട്ട് ശരിയാണ്. ലോകത്ത് ആത്മഹത്യ ചെയ്യുന്നവരുടെ തലസ്ഥാനമായി മാറുകയാണ് ഇന്ത്യ. കർഷകർക്ക് ആത്മഹത്യ ചെയ്യുകയല്ലാതെ വഴിയില്ല. അങ്ങനെയാണെങ്കിൽ കേരളത്തിന് കർഷകരെ സഹായിച്ചുകൊണ്ട് തീർച്ചയായും ആത്മഹത്യ തടയാൻ കഴിയും. തീവ്രവാദം വർദ്ധിക്കുന്ന ലോകമാണ് ഇന്നത്തേത്, തീവ്രവാദം വർദ്ധിക്കുന്ന ഇന്ത്യയാണ് ഇന്നത്തേത്; അസഹിഷ്ണത വർദ്ധിക്കുന്ന ഇന്ത്യയാണ് ഇന്നത്തേത്. അത് മൊത്തത്തിൽ തടഞ്ഞുനിർത്താൻ സഹ്യപർവ്വതത്തിനും അറബിക്കടലിനും കഴിയുകയില്ല. പക്ഷേ, നമ്മുടെ നയം,

ഇടപെടൽ, സംസ്കാരം, നവോത്ഥാനത്തിന്റെ ബാക്കിപത്രമായ രാഷ്ട്രീയം എന്നിവമൂലം കുറച്ചൊക്കെ പിടിച്ചുനിർത്താനും പ്രതിരോധിക്കാനും കഴിയും. അതിന്റെ കെടുതികളും നൊമ്പരങ്ങളും സാമ്പത്തികമാണെങ്കിലും തൊഴിലില്ലായ്മയാണെങ്കിലും നമ്മൾകൂടി അനുഭവിച്ചേ മതിയാകൂവെന്ന് ഇടതുപക്ഷമാണെങ്കിലും വലതുപക്ഷമാണെങ്കിലും ഹിന്ദുവാണെങ്കിലും മുസ്ലീമാണെങ്കിലും ക്രിസ്ത്യാനിയാണെങ്കിലും മനസ്സിലാക്കേണ്ടതാണ്. ഇന്ന് ലോകത്തൊട്ടാകെ കാണുന്ന പല പഠനങ്ങളും പറയുന്നത്, രാഷ്ട്രീയവും രാഷ്ട്രീയ ബോധവും കുറയുകയാണ്, രാഷ്ട്രീയ സംസ്കാരത്തിൽനിന്ന് പുതുതലമുറ മാറുകയാണ് എന്നാണ്. മറ്റൊരു സംസ്കാരത്തിലേക്ക് അവർ പോകുകയാണ്. ക്ഷമയോടെ സമരം നടത്തി ജനാധിപത്യപരമായി പ്രതികരിക്കാനുള്ള ഒരു രീതി അവരിൽ നഷ്ടപ്പെടുകയാണ്. തീവ്രവാദ സ്വഭാവം വർദ്ധിക്കുകയാണ്. മതങ്ങളൊക്കെ ഭീകരവാദങ്ങളിലേക്ക് പോകുകയാണ്. ഇത് പുതിയ ലോകത്തിന്റെ ഒരുല്പന്നമാണ്. ആ പുതിയ ലോകത്തിന്റെ ഉൽപ്പന്നത്തെ എത്ര തടഞ്ഞുനിർത്താൻ ശ്രമിച്ചാലും അതിൽ കുറച്ചൊക്കെ ഇവിടെയും വന്നുചേരും. ഇത് കേവലമൊരു ഇടതുപക്ഷ പ്രശ്നമാണ്. ഇടതുപക്ഷം എല്ലാം പരിഹരിക്കുമെന്നുള്ള ആശയവും ആഗ്രഹവും നമുക്കില്ല. ആഗ്രഹമുണ്ടായാലും അതിന് കഴിയുകയില്ല. നമ്മൾ ജീവിക്കുന്ന സമൂഹത്തിൽ വന്നുചേരുന്ന പുതിയ ലോകമുണ്ട്. ആ പുതിയ ലോകത്ത് ഒരുപക്ഷേ ഈ കാലാവസ്ഥാ വ്യതിയാനവും AGFA പോലെയുള്ള കാര്യങ്ങളും ഇന്ത്യയിൽ ഏറ്റവും കൂടുതൽ, ഗ്രാമങ്ങളിൽപ്പോലും പിടികൂടുന്ന ഒരിടം കേരളമാണ്. ലോകത്തിലെ മറ്റേത് സംസ്ഥാനത്തേക്കാൾ കൂടുതൽ അത് അറിഞ്ഞവരാണ് കേരളീയർ, കാരണം, അവരോട് ചേർന്നുനിൽക്കുന്നവരാണ്. ആ ലോകത്താണ് നമ്മൾ ജീവിക്കുന്നത്, ആ ഇന്ത്യയിലാണ് നമ്മൾ കഴിയുന്നത്, ആ കേരളത്തിലാണ് നമ്മൾ ജീവിക്കുന്നത്. കാലാവസ്ഥാ വ്യതിയാനം സംഭവിക്കുന്ന കൊച്ചുകേരളത്തിൽ, അറബിക്കടലിനും സഹ്യപർവ്വതത്തിനും ഇടയിൽ കിടക്കുന്നിടത്തോളം സുരക്ഷിതത്വം നമ്മുടെ ജീവിതത്തിൽ വരണമെങ്കിൽ അതിനനുസരിച്ച് നമ്മുടെ ജീവിതത്തെ പ്ലാൻ ചെയ്യണം. അത് ഏതെങ്കിലുമൊരു പാർട്ടിയുടെയോ മതത്തിന്റെയോ ജാതിയുടെയോ ഉത്തരവാദിത്തമല്ല, കേരളത്തിന്റെ ഉത്തരവാദിത്തമാണ്. ഗവൺമെന്റ് അനുവദിക്കുന്ന വീടിന് 420 ചതുരശ്ര അടിയാണെന്ന് പറഞ്ഞിട്ടുണ്ട്. അങ്ങനെയാണെങ്കിൽ അവിടെയൊരു ചോദ്യം വരുന്നുണ്ട്. ഒരു വീടിന് മാക്സിമം 420 ചതുരശ്ര അടിയാണെങ്കിൽ പണമുള്ളവർക്ക് കേരളത്തിൽ എത്ര വലിയ വീടും വയ്ക്കാൻ അനുവാദമുണ്ടോ? അങ്ങനെ കൊടുക്കരുതെന്നാണ് എന്റെ അഭിപ്രായം. ഇതിനൊക്കെ ഒരു പരിധിയും പരിമിതിയും വേണം. ഒരാൾക്ക് കാശുണ്ടെന്ന് വച്ച് 40,000 ചതുരശ്ര അടിയിൽ വീട് വയ്ക്കാൻ പാടില്ല. അതിനുകാരണം കേരളത്തിൽ ഭൂമിയില്ല

എന്നതാണ്. കേരളത്തിൽ നദിക്കും തോടിനും കുളത്തിനുമെല്ലാംകൂടി ഭൂമി എടുത്താൽ നമുക്ക് മാക്സിമം എടുക്കാവുന്നത് പത്തുനാലായിരം അടിയാണെന്നാണ് പല കണക്കുകളും പറയുന്നത്. വീടുവയ്ക്കാൻ യോഗ്യമായിട്ടുള്ള ഭൂമി അത്രയ്ക്കേ ഉള്ളൂ എന്നാണ്. കൃഷിക്ക് അനുയോജ്യമായ ഭൂമിയിൽ വീട് വച്ചുകൂട; ജലത്തിന് നിൽക്കാനുള്ള സ്ഥലത്ത് മറ്റ് പ്രവർത്തനങ്ങൾ നടത്തിക്കൂട; അങ്ങനെയാണെങ്കിൽ നഗരാസൂത്രണം, വീട് നിർമ്മാണം, ഭൂവിനിയോഗം എങ്ങനെയാകണം, ഏതേത് കൃഷിക്ക് എത്രയൊക്കെയാകണം ഇതിനൊക്കെ കേരളത്തിൽ സാധ്യമായ തരത്തിൽ ഒരു സമന്വയമുണ്ടാകണം. അതിൽ ഏതെങ്കിലും രാഷ്ട്രീയ പ്രസ്ഥാനത്തിന്റേയോ കക്ഷിരാഷ്ട്രീയത്തിന്റേയോ അതിരുകളില്ല, ഒരു ധനകാര്യ വകുപ്പുമന്ത്രിക്കോ മുഖ്യമന്ത്രിക്കോ ഒരു ഭരണകൂടത്തിനോ നിയമംകൊണ്ട് അതിനെ സ്ഥാപിക്കാൻ കഴിയുകയില്ല. അതൊരു ബോധമാവണം. ബോധപൂർവ്വം ഡിസൈൻ ചെയ്തിട്ടുള്ള ജീവിതത്തിന് മാത്രമേ ഇനി നിൽക്കാൻ സാധിക്കൂ. ഞാൻ അതിനെക്കുറിച്ച് അത്രയേ പറയുന്നുള്ളൂ.

ഇന്ത്യാ ഗവൺമെന്റിനെ നമുക്ക് തിരുത്താൻ കഴിയുകയില്ല. എന്നാൽ അവർക്കും നാളെ തിരുത്തേണ്ടിവരും. അല്ലെങ്കിൽ ആർക്കും ജീവിക്കാൻ കഴിയാത്ത കലാപങ്ങളുടെ, വിദ്വേഷത്തിന്റെ, വർഗ്ഗീയതയുടെ, ചോരത്തിളപ്പിന്റെ മണ്ണായി ഇന്ത്യ മാറും. അതുകൊണ്ട് പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിക്ക് മാത്രമല്ല ആർക്കാണെങ്കിലും തിരുത്തേണ്ടിവരും. അതിനുള്ള കരുത്ത് ഇന്ത്യയുടെ ഇന്നലെകളിലും ഇന്നിലുമുണ്ട്. അതുകൊണ്ട് നാളെ ഇന്ത്യ ഇങ്ങനെയാകരുത്; ഇതിൽ നിന്നും ഇന്ത്യ മാറും.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, കൃഷിക്ക് അനുയോജ്യമായ ഭൂമിയേതാണ്; കൃഷിക്ക് അനുയോജ്യമല്ലാത്ത ഭൂമിയേതാണ്; വ്യവസായത്തിന് പറ്റിയ ഭൂമിയേതാണ്; അല്ലെങ്കിൽ വീടുവയ്ക്കാൻ പറ്റിയ സ്ഥലം എവിടെയാണ്; ഇങ്ങനെ ഭൂമിക്കൊരു ക്ലാസ്സിഫിക്കേഷൻ കൊണ്ടുവരുന്നതുസംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, അതുതന്നെയാണ് വേണ്ടത്. ഭൂമിക്ക് ജീവനുണ്ടെന്നാണ് ലോകം മുഴുവൻ പറയുന്നത്. ഭൂമിയുടെ മുകളിലെ നാലിഞ്ച് മണ്ണിലാണ് ലോകത്തുള്ള എല്ലാ ജീവന്റെയും വളർച്ചയ്ക്കാധാരമായ സർവ്വതും നിലനിൽക്കുന്നത്. അങ്ങനെയാണെങ്കിൽ ആ ഭൂമിയിൽ എല്ലായിടത്തും സിമന്റ് തേയ്ക്കാനും റോഡാക്കാനും എല്ലാ മലയും ഇടിക്കാനും കഴിയുകയില്ല. വീഴുന്ന വെള്ളം ഏറ്റുവാങ്ങാൻ കഴിയാത്ത ഭൂമിയാണ് പലയിടത്തും. വെള്ളം കുടിക്കുന്ന, കുടിച്ച വെള്ളം ശുദ്ധീകരിക്കുന്ന, അത് തിരിച്ചുതരുന്ന ഭൂമിയുമുണ്ട്. കേരളത്തിൽ

മിക്കവാറുമുള്ളത് വെള്ളം കുടിക്കുന്ന ഭൂമിയാണ്. അതുതന്നെയാണ് കേരളത്തിന്റെ മഹത്തായ ഒരു പ്രത്യേകതയും. കുടിച്ചത് സൂക്ഷിക്കുന്ന ഭൂമിയാണ്; അത് തിരിച്ചുതരുന്ന ഭൂമിയാണ്; കേരളത്തിനപ്പുറമുള്ള പലയിടത്തും ഇതിന് സാധ്യതകളില്ല. ഇപ്പോൾ വാളയാർ നമുക്ക് മുന്നിലെ കണ്ണുനീരാണ്; അതുണ്ടാകാൻ പാടില്ല. അത് ഡൽഹിയിലുണ്ടായാലും വേറെ ഏത് സ്ഥലത്തായാലും അതുണ്ടാകുമെന്ന് പറയാൻ പാടില്ല. നമ്മൾ അതിനെ തിരുത്തണം; അത് ഉണ്ടാകാതിരിക്കാനുള്ള സുരക്ഷയൊരുക്കണം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ....യെസ്... പ്ലീസ് കൺക്ലൂഡ്....

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന്റെ പ്രവർത്തനങ്ങൾ ഇന്ത്യയ്ക്ക് മുഴുവൻ മാതൃകയാണ്. പഠിക്കാൻ വിഷമമുണ്ടാകുന്ന കുട്ടികൾ അവിടെയുണ്ടാകുന്നത് IQ (Intelligence Quotient) കുറവായതു കൊണ്ടല്ല, സാഹചര്യം കുറവായതുകൊണ്ടാണ്. കിടക്കാനും ഇരിക്കാനും പഠിക്കാനുമൊക്കെ ഒറ്റമുറി, വാളയാറിൽപ്പോലും അതാണ് സംഭവിച്ചത്. ഗവൺമെന്റ് പഠനമുറി പ്രത്യേകമായി സൃഷ്ടിച്ച്, പതിനായിരത്തോളം കുട്ടികളെ പഠിപ്പിച്ചുകഴിഞ്ഞു. അത്യാവശ്യം സ്കിൽ ഉള്ളവരെ വളർത്തി വിദേശത്തേക്ക് ഗവൺമെന്റ് തന്നെ അയയ്ക്കുകയാണ്. ഇതെല്ലാം ചെയ്തു വരുമ്പോൾ കേരളത്തിന്റെ മുഖം ഒരു സൂര്യരേഖ പോലെ ചെറുതായെങ്കിലും പ്രദർശിപ്പിക്കാൻ കഴിയുമെങ്കിൽ അത് ഇന്ത്യയ്ക്ക് മുമ്പിൽ നമ്മൾ വ്യത്യസ്തരാണെന്നതിനുള്ള തെളിവാണ്. മനുഷ്യന്റെ മാനവിക ഭാവത്തിൽ വേറൊന്നാണ്; നമ്മൾ നേരിടുന്നത് വേറൊരു തരത്തിലാണെന്നാണ് രാജ്യത്തോട് പറയുന്നത്. നിർത്തുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, 2019-20 സാമ്പത്തിക വർഷത്തെ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. കേരളം ഇന്ന് വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. പൊതുവായി സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് പറയുമ്പോൾ, സാമ്പത്തികമാന്ദ്യം കൊണ്ടാണ് ഇത്രവലിയ സാമ്പത്തിക ഞെരുക്കവും പ്രയാസവും നേരിടുന്നത്. വരവിനനുസരിച്ചുള്ള ചെലവല്ല നടത്തുന്നതെന്നും അതിനനുസരിച്ചുള്ള വരവ് ലഭിക്കുന്നില്ലെന്നുമുള്ള വസ്തുത നമ്മൾ കാണാതെ പോകുകയാണ്. പ്രവാസികളിൽനിന്ന് ലഭിച്ചിരുന്ന വരുമാനവും പണത്തിന്റെ പ്രവാഹവും കുറഞ്ഞതുകൊണ്ട് വലിയ പ്രയാസമാണ് ഉണ്ടായിട്ടുള്ളതെന്ന് നമുക്കറിയാവുന്നതാണ്. 2019-ൽ മൂലധനച്ചെലവുകളടക്കം 1,41,980 കോടി രൂപയാണ് ചെലവഴിക്കാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ വരവ് 1,15,354 കോടി രൂപയാണ് പ്രതീക്ഷിച്ചിരുന്നത്. ആ സമയത്തുതന്നെ 26,285 കോടി രൂപ

അതിന്റെ ഭാഗമായി കടമാകുകയും ചെയ്തു. മൊത്തം 2,70,724 കോടി രൂപ കടമായി വരുന്ന ഒരവസ്ഥയിലേക്ക് ഈ രാജ്യത്തെ കൊണ്ടുപോകുമ്പോൾ കേരളം വലിയൊരു സാമ്പത്തിക ബാധ്യതയിലേയ്ക്കാണ് പോകുന്നത്. സർക്കാർ ഒരേ സമയം കടത്തിലും സാമ്പത്തിക ഞെരുക്കത്തിലുംപെട്ട് ഉഴലുന്ന അവസ്ഥാവിശേഷമാണുള്ളത്. ഇന്ത്യയിൽ 80 ശതമാനം അല്ലെങ്കിൽ 70 ശതമാനത്തിലധികവും കർഷകരാണ്. ആ കർഷകർ എല്ലാ കാലഘട്ടങ്ങളിലും പ്രയാസത്തിലാണ്. അങ്ങനെയുള്ള ഒരവസ്ഥയിൽ 'ഇന്ത്യയിലെ കർഷകൻ ജനിക്കുന്നതും ജീവിക്കുന്നതും മരിക്കുന്നതും കടത്തിലാണ്' എന്ന ഒരു പ്രയോഗം തന്നെയുണ്ട്. അതുപോലെ കേരളത്തിൽ ജനിക്കുന്ന മക്കൾ ഇന്ന് കടത്തിലും നാളെ ജീവിക്കുന്നതും മരിക്കുന്നതും കടത്തിലാകുന്ന അവസ്ഥയിലേയ്ക്കുമാണ് പോകുന്നത്. കേരളത്തിൽ നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുവെന്ന് പറഞ്ഞുകൊണ്ടുള്ള അവകാശവാദത്തിന് മുകളിലാണെങ്കിലും വലിയ സാമ്പത്തിക ബാധ്യതയാണുണ്ടാകാൻ പോകുന്നതെന്ന് പറയാതിരിക്കാൻ കഴിയില്ല. കേരളത്തിലെ ധനകാര്യ മാനേജ്മെന്റ് കൃത്യമായി നടത്താത്തതിന്റെ ഒരു പ്രയാസം നമ്മൾ അനുഭവിക്കുകയാണ്.

ഇവിടെ പ്രളയ സെസ്സ് കൊണ്ടുവന്നു. അത് വലിയ ആളുകൾക്കുമാത്രമായിരിക്കുമെന്ന പ്രതീക്ഷ ബഡ്ജറ്റിലുണ്ടായിരുന്നുവെങ്കിലും കൊണ്ടുവന്നപ്പോൾ അത് സാധാരണക്കാരായ ആളുകളെ ബാധിക്കുന്ന സ്ഥിതിവന്നിരിക്കുകയാണ്. അതിന്റെ പ്രയാസങ്ങൾ കേരളം ഇപ്പോഴും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ആ ഒരവസ്ഥയിൽ നിന്ന് കേരളത്തെ രക്ഷിക്കാനാവശ്യമായ ഉത്തരവാദിത്വം നമുക്കുണ്ട്.

രണ്ട് പ്രാവശ്യം പ്രളയമുണ്ടായി. ഇതുമായി ബന്ധപ്പെട്ടുണ്ടായ കേരളത്തിന്റെ അവസ്ഥ പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിലെ അവസ്ഥ നമുക്കെല്ലാവർക്കും അറിയാം. നവകേരള നിർമ്മിതിക്കായി പുതിയ പദ്ധതികൾക്കുവേണ്ടി പണമനുവദിക്കുമ്പോൾ ഗ്രാമീണ റോഡുകൾക്ക് ഒരു പൈസയും അനുവദിക്കാതെ അവയുടെ പുരോഗമന പ്രവൃത്തികൾ നടപ്പിലാക്കാതെ മുന്നോട്ടുപോകുന്ന ഒരവസ്ഥാവിശേഷമുണ്ട്. പുതിയ റോഡുകളുടെ പ്ലാനും കാര്യങ്ങളുമൊക്കെ വരുമ്പോൾ സമയം കഴിഞ്ഞുപോകുകയും അതിന്റെ കൃത്യമായ നിലപാടുകൾ സ്വീകരിച്ച് വരുമ്പോഴേക്കും നടക്കാതെ പോകുന്ന അവസ്ഥയുമുണ്ടാകും. അതുകൊണ്ട് കേരളത്തിലെ പ്രാദേശികമായി തകർന്നുപോയ റോഡുകൾക്ക് നവകേരള നിർമ്മിതിയിൽ സാമ്പത്തികസഹായം കൊടുക്കാനാവശ്യമായ നടപടി അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്.

ശ്രീ. എ. പി. അനിൽ കുമാർ ഇവിടെ സൂചിപ്പിച്ചത്, സർക്കാർ 20 ശതമാനം പദ്ധതിച്ചെലവ് കുറയ്ക്കാൻ പോകുന്നുവെന്നും വരാനിരിക്കുന്ന കാലഘട്ടങ്ങളിൽ അത് 35 ശതമാനത്തിലേക്ക് വരാൻപോകുകയാണ് എന്നുമാണ്. ജീവനക്കാർക്ക് പെൻഷൻ കൊടുക്കാനോ ഡി.എ. കൊടുക്കാനോ ഇതുവരെ സർക്കാരിന് കഴിഞ്ഞിട്ടില്ല. അക്കാര്യത്തിൽ കേരള സർക്കാർ പിന്നോട്ടുപോകുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വരുമാനത്തിൽ കേരള ജനതയ്ക്ക് വർദ്ധനവ് നേടാൻ കഴിഞ്ഞില്ലെന്നും അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. സംസ്ഥാനത്തിന്റെ നികുതി വരുമാനം വർഷംതോറും 20 ശതമാനം പ്രതീക്ഷിച്ചിരുന്ന സ്ഥാനത്ത് 10 ശതമാനം മാത്രമായി ഇന്നും നിലനിൽക്കുകയാണ്. അതുകൊണ്ടുതന്നെ ആ വരുമാനത്തിന്റെ വർദ്ധനവ് ഉണ്ടാകാത്തിടത്തോളം കാലം നികുതിഭാരം കൊണ്ട് പൊറുതിമുട്ടുന്ന വ്യാപാരികളും വ്യവസായികളും പൊതുജനങ്ങളുമൊക്കെ പ്രയാസകരമായ ഒരവസ്ഥയാണ് അനുഭവിക്കുന്നതെന്ന് പറയാൻ കഴിയും.

റവന്യൂ ഡെഫിസിറ്റ് കൂടിയ ഒരു സംസ്ഥാനമാണ് കേരളം. സാമ്പത്തികശാസ്ത്ര സിദ്ധാന്തപ്രകാരം സംസ്ഥാനം ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ കൂട്ടേണ്ടതുണ്ടെന്ന് അക്കൗണ്ടന്റ് ജനറൽ തന്നെ സൂചിപ്പിച്ചിട്ടുണ്ട്. ഉപധനാഭ്യർത്ഥനയ്ക്ക് ചെലവാക്കുന്നതിന് അങ്ങ് ഇവിടെ പറഞ്ഞിരിക്കുന്നത് 152.67 കോടി രൂപയാണ്. റവന്യൂ അക്കൗണ്ടിൽ ചെലവായ 3000 രൂപയാണ് കൊടുത്തിട്ടുള്ളത്. ക്യാപ്പിറ്റൽ അക്കൗണ്ടിൽ വകയിരുത്തുന്ന റവന്യൂ ഡെഫിസിറ്റ് കൂടുതലുള്ള ഒരു സംസ്ഥാനമെന്ന നിലയിൽ, മൂലധനച്ചെലവുകൾക്ക് സർക്കാർ മേഖലകൾ കണ്ടെത്താത്തത് ആശ്വാസമല്ലെന്ന് അങ്ങേക്കറിയാവുന്നതാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് സർക്കാർ മുന്നോട്ട് നീങ്ങുന്നതെന്ന് ധനകാര്യ വകുപ്പുമന്ത്രി പറയുന്നുണ്ട്. അപ്പോഴൊക്കെ എക്സൈസിലെ ക്രൈംബ്രാഞ്ച് രൂപീകരണത്തിനും കണ്ണൂരിലെ ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനും ശബരിമല തീർത്ഥാടകർക്കും ആന്റി ടെററിസ്റ്റ് സ്ക്വാഡിനും പി.ഡബ്ല്യൂ.ഡി.-യുടെ റോഡ്സ് ആന്റ് ബ്രിഡ്ജസിനുംവേണ്ടി ധാരാളം മേഖലകളിൽ ടോക്കൺ പ്രൊവിഷൻ കൊടുത്തു. അതിൽത്തന്നെ ഒരു factual error അങ്ങയുടെ ശ്രദ്ധയിൽക്കൊണ്ടുവരാൻ ശ്രമിക്കുകയാണ്. അങ്ങ് ഇവിടെ കൊണ്ടുവന്ന ഓർഡറിൽ, എസ്.ഡി.ജി.-യിൽ 'ആന്റി ടെററിസ്റ്റ് സ്ക്വാഡ്' എന്നും അതേ കാര്യത്തിനുവേണ്ടി ഇറക്കിയ ഓർഡറിൽ 'ആന്റി നക്സൽ ടെററിസ്റ്റ് സ്ക്വാഡ്' എന്നുമാണ് അച്ചടിച്ചിട്ടുള്ളത്. അങ്ങ് 'ആന്റി ടെററിസ്റ്റ് സ്ക്വാഡി'ന്റെയും 'ആന്റി നക്സൽ ടെററിസ്റ്റ് സ്ക്വാഡി'ന്റെയും കാര്യത്തെക്കുറിച്ച് ഇവിടെ നേരത്തെ സൂചിപ്പിച്ചു. അത് തെറ്റായി വന്നതാണോ; അച്ചടിച്ചത് മാറിപ്പോയതാണോയെന്ന് എനിക്കറിയില്ല. അങ്ങയുടെ ഓർഡറിൽ ഒന്നും എസ്.ഡി.ജി. ബുക്കിൽ മറ്റൊന്നുമാണ് അച്ചടിച്ച് വച്ചിട്ടുള്ളത്. അങ്ങ് അത് തിരുത്തുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

സംസ്ഥാന സർക്കാരിന്റെ മൂലധന ചെലവിലാണ് ശമ്പളം ഉൾപ്പെടുത്തേണ്ടത്. അതിനുപകരം നോൺ പ്ലാനിൽ ഉൾപ്പെടുത്തിയത് ധനകാര്യ ചട്ടങ്ങളുടെ ലംഘനമായി കണക്കാക്കാവുന്നതാണ്. കേരള അക്കൗണ്ട് കോഡ് അനുസരിച്ച് ഇത്തരം ചെലവുകൾ ആദ്യ വർഷമെങ്കിലും മൂലധന ചെലവായി കാണിക്കേണ്ടതാണ്. കേരള നിയമസഭ പാസ്സാക്കിയിട്ടുള്ള ധനകാര്യ നിയമങ്ങളെ ലംഘിച്ച് പദ്ധതിയേതര ശമ്പള ചെലവിനായി ക്ലാസ്സിഫൈ ചെയ്യുന്ന രീതി ഉപേക്ഷിക്കേണ്ടതാണ്. ഇക്കാര്യം അക്കൗണ്ടന്റ് ജനറൽ തന്നെ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. വേണ്ടത്ര അവധാനതയില്ലാതെ നിയമസഭയിൽ വച്ച ഈ എസ്.ഡി.ജി.-യെ ഞങ്ങൾ എതിർക്കുന്നു. അതിനെ തള്ളിക്കളയണമെന്നാണ് പറയാനുള്ളത്.

കിഫ്ബിയെക്കുറിച്ച് എല്ലാവരും സൂചിപ്പിച്ചു. 600 പദ്ധതികളിൽ 547 പദ്ധതികളും നടപ്പിലാക്കിയെന്ന് ശ്രീ. എസ്. ശർമ്മ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചു. കഴിഞ്ഞ വർഷം പ്രസിദ്ധീകരിച്ച എൽ.ഡി.എഫ്.-ന്റെ പ്രോഗ്രസ് റിപ്പോർട്ടാണ് എന്റെ കയ്യിലിരിക്കുന്നത്. അതിൽ നൂറിലധികം പദ്ധതികൾ പരിശോധിച്ചുവരുന്നു, നടപ്പിലാക്കി വരുന്നു, നടപ്പാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നുവെന്നാണ് പറഞ്ഞിരിക്കുന്നത്. അങ്ങനെയൊക്കെയുള്ള അവകാശവാദങ്ങൾ മാത്രമായി അങ്ങയുടെ പ്രഖ്യാപനങ്ങളും പ്രവർത്തനങ്ങളും ചുരുങ്ങുകയാണെന്നത് പ്രയാസകരമായിട്ടാണ് കാണാൻ കഴിയുന്നത്. കിഫ്ബിയിൽ ഓഡിറ്റ് നടക്കുന്നില്ല, ഗവൺമെന്റിന്റേതായ കൃത്യമായ ഓഡിറ്റിംഗ് നടപ്പിലാകാതെ മുന്നോട്ടുപോകുന്നു എന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും മറ്റും സൂചിപ്പിച്ചതാണ്.

പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുമെന്നാണ് ഇടതുപക്ഷം പറഞ്ഞിരുന്നത്. അത് ഇതുവരെ നടപ്പിലാക്കാനോ അതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാനോ ഈ ഗവൺമെന്റിന് സാധിക്കുന്നില്ല. ഞാൻ അതിനെക്കുറിച്ചൊന്നും വിശദീകരിക്കുന്നില്ല. ഇപ്പോഴും ഡി.സി.ആർ.ജി. ആയി ശരാശരി 14 ലക്ഷത്തോളം രൂപയാണ് സ്റ്റാറ്റ്യൂട്ടറി പെൻഷൻകാർക്ക് ലഭിക്കുന്നത്. കേന്ദ്ര സർക്കാർ പെൻഷൻ ഫണ്ടിലേക്ക് 14 ശതമാനമാണ് നൽകുന്നത്. കേരളം നൽകുന്നത് വെറും 10 ശതമാനമാണ്. അതുകൊണ്ടുതന്നെ പിരിഞ്ഞുപോകുന്നവർക്ക് വളരെ തുച്ഛമായ പെൻഷനാണ് ലഭിച്ചു കൊണ്ടിരിക്കുന്നത്.

സർക്കാർ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (മെഡിസെപ്) നടപ്പിലാക്കിയത് എങ്ങും എത്താതെ മാറ്റം വരുത്തേണ്ടിവന്നു. അത് ആദ്യം റിലയൻസ് കമ്പനിക്കാണ് നൽകിയത്. റിലയൻസ് കമ്പനി കേരളത്തിലെ പ്രമുഖമായ

ആശുപത്രികളെയൊന്നും ഉൾപ്പെടുത്താതെ മുന്നോട്ട് പോയതു കൊണ്ട് മറ്റൊരു ഏജൻസിക്ക് നൽകിയിരിക്കുന്നുവെന്നാണ് ഇപ്പോൾ അറിയാൻ കഴിഞ്ഞത്. ഏതായാലും ആ ഒരാനുകൂല്യംപോലും കേരളത്തിലെ ജനങ്ങൾക്ക് കിട്ടാതെ പോകുന്ന അവസ്ഥാവിശേഷമാണ് ഉണ്ടായിരിക്കുന്നത്.

എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും പൂർത്തീകരിച്ച വർക്കുകൾക്ക് ബിൽ പാസ്സാക്കാത്ത അവസ്ഥാവിശേഷമാണ് നിലവിലുള്ളത്. എന്റെ മണ്ഡലത്തിൽ പൂർത്തീകരിച്ച പദ്ധതികൾക്ക് ഫണ്ട് ലഭിച്ചിട്ടില്ല. കിഫ്ബിയിൽ ഉൾപ്പെടുത്തി എ.എസ്., ടി.എസ്., ഡി.പി.ആർ. ഉൾപ്പെടെ കൊടുത്ത പദ്ധതികൾക്ക് ഇതുവരെ അനുവാദം കൊടുക്കാതെ കിടക്കുന്നുമുണ്ട്. വിശദീകരിക്കാൻ സമയമില്ലാത്തതുകൊണ്ട് കൂടുതൽ പറയുന്നില്ല. കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസിനും അവിടത്തെ ഫയർ സ്റ്റേഷനും പണം നൽകാതെ മുന്നോട്ടുപോകുന്ന അവസ്ഥാവിശേഷമാണ് കാണാൻ സാധിക്കുന്നത്. ആ അർത്ഥത്തിൽ ഗവൺമെന്റ് അവതരിപ്പിച്ചിരിക്കുന്ന ഉപധനാഭ്യർത്ഥനകളെ എതിർക്കാതിരിക്കാൻ യാതൊരു നിർവ്വാഹവുമില്ല.

ഇന്നലെയും മിനിഞ്ഞാന്നുമായി ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ബില്ലിൽ പങ്കെടുത്തുകൊണ്ട് പ്രസംഗിച്ചവർ ഒരു സ്കൂൾ അദ്ധ്യാപകനെ വി.സി.-യാക്കാൻ ശ്രമിച്ചുവെന്നൊരു ആരോപണം ഉന്നയിക്കുന്നത് കേട്ടു. കേരളത്തിൽ വൈസ് ചാൻസലർമാരെ നിയമിക്കുന്നതിന് ഓരോ യൂണിവേഴ്സിറ്റിക്കും അതിന്റേതായ ആക്ടും സ്റ്റാറ്റ്യൂട്ടും അനുസരിച്ച് കൃത്യമായ നിലപാടുകളും നിബന്ധനകളുമുണ്ട്. ആ നിബന്ധനകളും കാര്യങ്ങളും വച്ച് ആർക്കും അപേക്ഷിക്കാവുന്നതാണ്, ആരെയും വൈസ് ചാൻസലറാക്കി മാറ്റാവുന്നതാണ്. കേരളത്തിലെ ഏറ്റവും പ്രഗത്ഭനായ ചരിത്രകാരനായ ശ്രീ. കെ.കെ.എൻ. കുറുപ്പ് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായ വ്യക്തിയാണ്. ഒരു വില്ലേജ് അസിസ്റ്റന്റായാണ് അദ്ദേഹത്തിന്റെ കരിയർ ആരംഭിച്ചത്. വില്ലേജ് അസിസ്റ്റന്റായി കരിയർ ആരംഭിച്ച അദ്ദേഹം കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലറാകുകയും കേരളം ആദരിക്കുന്ന ഒരു ചരിത്രകാരനായി അറിയപ്പെടുകയും ചെയ്തു. അതൊന്നും ആരും വിമർശിക്കപ്പെടുന്നില്ല. അവിടെ വൈസ് ചാൻസലറാക്കാൻ കഴിയാത്ത ആളിന്റെ ഇളയ ബാപ്പയുടെ മകനെ വൈസ് ചാൻസലറാക്കി കൊണ്ടുവന്നുവെന്ന് ശ്രീ. എം. സ്വരാജ് പറഞ്ഞു. അത് വേണ്ടായിരുന്നു. ഈ മന്ത്രിസഭയുടെ തുടക്കത്തിൽ ബന്ധുനിയമനത്തിന്റെ പേരിൽ രാജിവച്ച മന്ത്രിമാരെക്കുറിച്ചും അതുമായി ബന്ധപ്പെട്ട വിമർശനവുമൊക്കെ കേൾക്കേണ്ടിവന്നതാണ്. അങ്ങനെയൊക്കെയുള്ള നിരുത്തരവാദപരമായ നിലപാടുകൾ സ്വീകരിച്ച് വിമർശനങ്ങൾ നടത്തുക എന്നതിനപ്പുറത്ത് നിലവിലുള്ള കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തിക

മേഖലകളെടുത്ത് പരിശോധിച്ച് അതിനനുസരിച്ച് നിലപാട് സ്വീകരിച്ച് നടപ്പിലാക്കാനാഗ്രഹിക്കുന്ന പദ്ധതികളെ കൃത്യമായും സമയോചിതമായും പൂർത്തീകരിച്ച് ജനങ്ങളിലേക്ക് എത്തിക്കാനാവശ്യമായ നടപടി അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടുകണ്ട് നിർത്തുന്നു.

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. രാജ്യത്ത് എല്ലാവരും പ്രതീക്ഷയോടെ നോക്കുന്ന ഒരു സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. ആത്മഹത്യ ചെയ്യുന്ന കൃഷിക്കാരുടെ എണ്ണം നാല് ലക്ഷം കവിഞ്ഞിരിക്കുന്നുവെന്ന ഇന്നത്തെ വാർത്തയെക്കുറിച്ച് നമ്മൾ ഇവിടെ പറഞ്ഞു. നമ്മുടെ രാജ്യം വലിയൊരു സാമ്പത്തിക മാന്ദ്യത്തിലേക്ക് പോകുകയാണ്. ആ കടുത്ത സാമ്പത്തിക മാന്ദ്യത്തിൽപ്പെടാതെ നിൽക്കാൻ ഇന്ന് കേരളം അശ്രാന്തപരിശ്രമം നടത്തുകയാണ്. ബഹുമാന്യരായ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമെല്ലാം നേതൃത്വം കൊടുക്കുന്നൊരു ഗവൺമെന്റ് രാജ്യത്തിനാകെ മാതൃകയാകുന്ന രീതിയിൽ മുന്നോട്ടുപോകുന്നതുകൊണ്ടാണ് മാതൃകാപരമായ ഒട്ടേറെ പദ്ധതികൾ നമുക്കിവിടെ കാഴ്ചവയ്ക്കാൻ കഴിയുന്നത്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പ് നടന്നപ്പോൾ പ്രതിപക്ഷം രാഷ്ട്രീയം ചർച്ച ചെയ്തില്ല. ശ്രീ. രാഹുൽ ഗാന്ധി പ്രധാനമന്ത്രിയാകണമെങ്കിൽ ഇവിടത്തെ ജനങ്ങൾ വോട്ട് ചെയ്യണമെന്നതും ശബരിമല വിഷയവുമാണ് പ്രതിപക്ഷം ചർച്ച ചെയ്തത്. ഉപതെരഞ്ഞെടുപ്പ് നടന്നപ്പോൾ പ്രധാനമായും രാഷ്ട്രീയമാണ്, കേരളത്തിന്റെ വികസനമാണ് ഞങ്ങൾ ചർച്ച ചെയ്തത്. തെരഞ്ഞെടുപ്പ് നടന്ന 6 അസംബ്ലി നിയോജക മണ്ഡലങ്ങളിലും ബഹുമാന്യരായ മുഖ്യമന്ത്രിയും മന്ത്രിമാരും ഇടതുപക്ഷ ജനാധിപത്യമുന്നണി നേതാക്കളും ഞങ്ങളും രാഷ്ട്രീയമാണ് ചർച്ച ചെയ്തത്, കേരളത്തിന്റെ വികസനമാണ് ചർച്ച ചെയ്തത്. ആ വികസന പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുമ്പോൾ അതിനെ എങ്ങനെ തകർക്കാമെന്ന വലിയൊരു ആലോചനയുമായാണ് പ്രതിപക്ഷം രംഗത്തുവന്നത്. അതുകൊണ്ടാണ് ട്രാൻസ്ഗ്രിഡ് അഴിമതിയെന്ന് കേട്ടുകഴിയുമ്പോൾ പാലാരിവട്ടം അഴിമതി പോലെയാണെന്ന് ജനങ്ങൾ ചിന്തിക്കുമെന്ന് പ്രതീക്ഷിച്ചത്. ട്രാൻസ്ഗ്രിഡിന്റെ 10,000 കോടി രൂപയുടെ വികസനമാണ് വൈദ്യുതി വകുപ്പിൽ മാത്രം നടപ്പാക്കുന്നത്. മൊത്തം നടപ്പാക്കുന്നത് 15,000 കോടി രൂപയുടെ വികസനമാണ്. 10,000 കോടി രൂപയുടെ വികസനം ഏറ്റവും കുറഞ്ഞ ടെണ്ടർ വിളിച്ച ആളിന് നൽകിയെന്ന് ഞങ്ങൾ കേരളത്തിലെ ജനങ്ങളോട് പറഞ്ഞപ്പോൾ അവരത് അംഗീകരിച്ചു. ട്രാൻസ്ഗ്രിഡിൽ അഴിമതിയില്ലെന്ന് ജനങ്ങൾ അംഗീകരിച്ചതിന്റെ തെളിവായിട്ടാണ് ഇവിടെ ഞങ്ങൾക്കില്ലാതിരുന്ന സീറ്റുകളിൽ വിജയശ്രീ ലാളിതരായി മൂന്ന് പേർ കടന്നുവന്നത്. അത് ചെറിയൊരു കാര്യമല്ല.

കാരുണ്യ പദ്ധതിയുടെ പേരിൽ എന്തെല്ലാം ബഹളം വച്ചു. ഏതെങ്കിലും ഒരാൾക്ക് കാരുണ്യ പദ്ധതിയുടെ ആനുകൂല്യം കിട്ടുന്നില്ലെങ്കിൽ എന്നെ നിങ്ങൾ അറിയിക്കണം എന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം വെല്ലുവിളിച്ചു. ഇപ്പോൾ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്ക് ഒരാളുടെ പേരുപോലും കൊടുക്കാൻ പ്രതിപക്ഷാംഗങ്ങൾക്ക് കഴിഞ്ഞിട്ടില്ലെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ 42 ലക്ഷം ആളുകൾ ഉണ്ടായിരുന്നു. ആ 42 ലക്ഷം ആളുകൾക്കും 30,000 രൂപയിൽനിന്നും 5 ലക്ഷം രൂപവരെ കിട്ടുന്ന അവസ്ഥയിലേക്ക് മാറ്റിയെന്ന് പറയുമ്പോൾ കേരളത്തിലെ ജനങ്ങൾ ആർക്കൊപ്പം നിൽക്കും? ജനങ്ങൾ ഇവിടെ പ്രധാനമായും കണക്കുകൂട്ടുന്ന പ്രശ്നമിതാണ്, 5 ലക്ഷം രൂപ കൊടുക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണിക്കൊപ്പം നിൽക്കുമോ; അതോ 30,000 രൂപ മാത്രം മതിയെന്ന് പറയുന്ന പ്രതിപക്ഷത്തോടൊപ്പം നിൽക്കുമോ; ജനങ്ങൾ എവിടെയാണ് നിൽക്കുന്നത്? ആ ജനങ്ങൾ തന്നെയാണ് തീരുമാനമെടുത്തത്.

2.00 P.M.]

മാർക്കുദാന വിവാദത്തിന്റെ വിശദാംശങ്ങളിലേക്കൊന്നും ഞാൻ പോകുന്നില്ല. എം.ജി. സർവ്വകലാശാലയിൽ മാർക്കുദാനം നടത്തിയതായിരുന്നല്ലോ തെരഞ്ഞെടുപ്പിൽ വന്ന വലിയൊരു പ്രചരണം? എം.ജി. സർവ്വകലാശാലയിൽ 5 മാർക്ക് നൽകിയതിനെപ്പറ്റി വലിയ അപസർപ്പക കഥകളാണ് ഇവിടെ വിവരിക്കുന്നത്. എം.ജി. സർവ്വകലാശാലയിൽ ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കല്ല, അഞ്ചെട്ടുവർഷം മുമ്പ് പഠിച്ച കുട്ടികൾക്കാണ് മാർക്ക് നൽകിയത്. എം.ജി. സർവ്വകലാശാലയുടെ കീഴിൽ എഞ്ചിനീയറിംഗ് കോഴ്സുണ്ടായിരുന്ന സമയത്ത് പഠിച്ചിരുന്ന വിദ്യാർത്ഥികൾക്കാണ് നൽകിയത്. അവരൊക്കെ ഇപ്പോൾ അവിടെ നിന്നുംപോയി കല്യാണം കഴിഞ്ഞ് മക്കളുമായി ജീവിക്കുകയാണ്. 56 വിഷയത്തിൽ 55-ഉം ജയിച്ചു, ഒരു വിഷയത്തിൽ ഞങ്ങൾ തോറ്റുവെന്ന് പറഞ്ഞ് അവരാണ് അപേക്ഷ നൽകിയത്. അവർക്കാണ് 5 മാർക്ക് നൽകിയത്. എം.ജി. സർവ്വകലാശാല മാർക്കുദാനം നടത്തുന്നുവെന്നതായിരുന്നു തെരഞ്ഞെടുപ്പിലെ വലിയ പ്രചരണം. സർവ്വകലാശാലയിലെ ഇപ്പോൾ പഠിക്കുന്ന കുട്ടികളേയല്ലെന്ന് ഞങ്ങൾ പറഞ്ഞു. മുൻകാലത്ത് പ്രീ-ഡിഗ്രി വേർപെടുത്തിയപ്പോൾ നമ്മൾ ചെയ്തത് എന്താണ്; പ്രീ-ഡിഗ്രി വേർപെടുത്തി പ്ലസ് ടു ആയപ്പോൾ സർവ്വകലാശാലയിൽ ഉണ്ടായിരുന്ന പ്രീ-ഡിഗ്രി കുട്ടികൾക്ക് മോഡറേഷൻ നൽകി കേരളത്തിലെ എല്ലാ സർവ്വകലാശാലകളും ജയിപ്പിച്ചില്ലേ; ഇവിടെ 20 മാർക്ക് വരെ നൽകിയ കാര്യങ്ങൾ പറഞ്ഞു, അത് ഇപ്പോൾ പഠിക്കുന്ന കുട്ടികൾക്കല്ല. ആ കോളേജിന്റെ അന്തരീക്ഷം വിട്ടുപോയിട്ടുള്ള കുട്ടികൾക്കാണ്

നൽകിയത്. അതുകൊണ്ട് അത്തരത്തിലേക്ക് 'വെടക്കാക്കി തനിക്കാക്കുന്ന' സമീപനം സ്വീകരിക്കുന്നത് ശരിയല്ല. കേരളത്തിന്റെ നേട്ടങ്ങൾ നിരത്തിക്കൊണ്ടുതന്നെയാണ് ഈ ഗവൺമെന്റ് മുന്നോട്ടു പോകുന്നത്.

ഇന്ത്യയിൽ സ്വന്തമായി ബാങ്കുള്ള ഏതെങ്കിലും സംസ്ഥാനമുണ്ടോ; സ്വന്തമായി ബാങ്കുള്ള ഇന്ത്യയിലെ ആദ്യസംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. കേരളം മാറും. അതിനെ നമ്മൾ സ്വാഗതം ചെയ്യുകയല്ലേ വേണ്ടത്? അതിനെ തകർക്കാനാണോ നോക്കുന്നത്; എല്ലാ ക്ലാസ്സുകളും സ്മാർട്ടാകുന്ന ഇന്ത്യയിലെ ആദ്യസംസ്ഥാനമാണ് കേരളം. രണ്ടാമത് ഡൽഹിയാണ്. ഡൽഹിയിൽ ഗവൺമെന്റ് സ്കൂളുകൾ മാത്രമേ സ്മാർട്ടായിട്ടുള്ളൂ. പക്ഷേ, ഇവിടെ എയ്ഡഡ് സ്കൂളുകളും ഗവൺമെന്റ് സ്കൂളുകളും സ്മാർട്ടായി. അതാണ് കേരളം നമ്പർ വൺ എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞപ്പോൾ ഉപതെരഞ്ഞെടുപ്പിൽ ജനങ്ങൾ പ്രതികരിച്ചത്. അതിൽ ഒന്ന് നഷ്ടപ്പെട്ടു. ഞങ്ങൾ അവിടെയും തിരിച്ചുവരും. ഒരു സംശയവും വേണ്ട. പക്ഷേ, ഞങ്ങൾ കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ കാര്യങ്ങൾ അവധാനതയോടുകൂടിയാണ് അവതരിപ്പിക്കുന്നത്.

സാമ്പത്തിക പ്രതിസന്ധിയില്ല എന്നൊന്നും ഞങ്ങൾ പറയുന്നില്ല. സാമ്പത്തിക പ്രതിസന്ധിയെ മറികടക്കാനാണ് കിഫ്ബി കൊണ്ടുവന്നത്. കിഫ്ബിയെപ്പറ്റി ആക്ഷേപം ഉന്നയിച്ചല്ലോ; ആക്ഷേപം ഉന്നയിച്ചയാളുകൾ അത് വിഴുങ്ങി പുറകിൽ പോയി. കാരണമെന്താണ്; കിഫ്ബിയിൽ രണ്ട് തവണ സി. ആന്റ് എ.ജി.-യുടെ ആഡിറ്റ് നടന്നിരിക്കുന്നു. കിഫ്ബിയിൽ ആഡിറ്റിനെ സംബന്ധിച്ച നിയമം നിർമ്മിച്ചതാരാണ്; അപ്പുറത്തിരിക്കുന്നവരാണ് കിഫ്ബി കൊണ്ടുവന്നത്. അവരാണ് ആക്ട് കൊണ്ടുവന്നത്. ആക്ടിന്റെ 14(1)-ൽ പറഞ്ഞിരിക്കുന്നതിൽ ഞങ്ങൾ ഒരു മാറ്റവും വരുത്തിയിട്ടില്ല. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ഇവിടെ അനാവശ്യമായിട്ടുള്ള ആരോപണങ്ങൾ ഉന്നയിച്ചു. ആരോപണങ്ങൾ എത്ര കാലം നിലനിൽക്കും? എന്റെ കയ്യിലിരിക്കുന്ന ഫോട്ടോ കഴിഞ്ഞ ദിവസം ദേശാഭിമാനി പത്രം പ്രസിദ്ധീകരിച്ചതാണ്. അതിലെ ഒന്നാം പേജിൽ ഫ്ലാറ്റിന്റെ ചിത്രമാണുള്ളത്. ഒന്നുമില്ലാത്തവരെയും ജീവിക്കാൻ ഒരുതുണ്ട് ഭൂമിയില്ലാത്തവരെയും കിടപ്പാടമില്ലാത്തവരെയും കൂരകെട്ടി പുറമ്പോക്കിൽ താമസിക്കുന്ന കിടപ്പാടമില്ലാത്തവരെയും കാണാൻ ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വരേണ്ടിവന്നു. ഇതുപോലെയുള്ള 85 ഫ്ലാറ്റ് സമുച്ചയങ്ങൾ കേരളത്തിൽ ഉയരുകയാണ്. കേരളത്തിലെ പാവപ്പെട്ടവർ ആരോടൊപ്പം നിൽക്കും; 3 ലക്ഷത്തിലധികം വീടുകൾ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി അഞ്ച് വർഷംകൊണ്ട് നൽകുകയാണ്. ഒന്നും രണ്ടും വീടുകളല്ല. അതിൽ ഒരു

ലക്ഷത്തിലധികം വീടുകൾ പൂർത്തിയായിക്കഴിഞ്ഞു. വീടില്ലാത്ത പാവപ്പെട്ടവർക്ക് വീട് നൽകുന്ന, സ്വന്തമായി ഭൂമിയില്ലാത്ത, വീടില്ലാത്ത പാവപ്പെട്ടവർക്ക് ഫ്ലാറ്റ് നൽകുന്നതുമുതൽ ശബരിമല എയർപോർട്ട് വരെ നിർമ്മിക്കുന്ന, മൊട്ടു സൂചി മുതൽ മോട്ടോർ കാർ വരെ നിർമ്മിക്കുന്ന സംസ്ഥാനമാണ് കേരളം.

കേന്ദ്ര ഗവൺമെന്റ് കേരളത്തെ അവഗണിച്ചു. നമുക്ക് ആകെ ലഭിച്ചത് ആറുവരിപ്പാത മാത്രമാണ്. വെള്ളപ്പൊക്കം വന്നപ്പോൾ നമുക്ക് അർഹതപ്പെട്ട വിഹിതം കേന്ദ്ര ഗവൺമെന്റ് നിഷേധിച്ചു. നമുക്ക് വിഹിതം നിഷേധിച്ചപ്പോൾ കേന്ദ്ര ഗവൺമെന്റിന് ഏലയിട്ട് നൽകുന്ന പണിയായിരുന്നു ദൗർഭാഗ്യവശാൽ കേരളത്തിലെ പ്രതിപക്ഷം ചെയ്തത്. അങ്ങനെ ചെയ്യാമോ; അവർ സാലറി ചലഞ്ചിന്റെ പേരിൽ കലാപങ്ങളുണ്ടാക്കി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ട് സുതാര്യമല്ല, ഫണ്ട് കൊടുത്താൽ മറ്റുള്ളയാളുകൾക്ക് ആ പണം കൊടുക്കും എന്നൊക്കെ മാലോകരോട് മുഴുവൻ ഇവർ വിളിച്ചുപറഞ്ഞു. മുഖ്യമന്ത്രിയുടെ വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് പ്രത്യേക അക്കൗണ്ടിൽ ഇട്ടിരിക്കുകയാണെന്ന് പറയുന്നതിനപ്പുറത്തേക്ക്, നമുക്ക് പണം തരേണ്ട എന്ന് ഇവർ ലോകം മുഴുവൻ വിളിച്ചുപറഞ്ഞു. എത്രയാളുകൾ പണം തരാതിരുന്നു. പതിനായിരം കോടി രൂപ പ്രതീക്ഷിച്ച സ്ഥാനത്ത് നമുക്ക് ലഭിച്ചത് 4000 കോടി രൂപ മാത്രമാണ്. എന്നിട്ടും അത്ഭുതകരമായ രക്ഷാപ്രവർത്തനമല്ലേ കേരളത്തിൽ നടത്തിയത്. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)-യ്ക്കോ, സി.പി.ഐ.-യ്ക്കോ, ജനതാദളിനോ മാത്രമാണോ ആനുകൂല്യം നൽകിയത്; വീട്ടിൽ വെള്ളം കയറിയ കോൺഗ്രസുകാർ, വീട് നഷ്ടപ്പെട്ട ബി.ജെ.പി.-ക്കാർ എന്നിവർക്ക് രാഷ്ട്രീയം നോക്കിയല്ല നൽകിയത്. വീട് തകർന്ന ആളുകളുടെ മുഖം നോക്കാതെ, രാഷ്ട്രീയം നോക്കാതെ അവരെ രണ്ട് കയ്യുംപിടിച്ച് സഹായിക്കുന്ന സമീപനമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിച്ചത്. ഇത് ലോകജനത മുഴുവൻ ആരാധനയോടെ നോക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അമേരിക്കയിൽ വിളിച്ച് അഭിനന്ദിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിമാരെ വിവിധ സംസ്ഥാനങ്ങളിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും വിളിച്ച് അഭിനന്ദിക്കുകയാണ്. സാമ്പത്തിക പ്രതിസന്ധിയുണ്ട്. എന്നിട്ടും കേരളത്തിലെ വ്യവസായമേഖല 258 കോടി രൂപയുടെ ലാഭത്തിലേക്കാണ് എത്തിയിരിക്കുന്നത്. ഇത് ചെറിയ കാര്യമാണോ?

ശബരിമലയെക്കുറിച്ച് രാവിലെ ബഹുമാനപ്പെട്ട മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു, ശബരിമലയ്ക്ക് 1255 കോടി രൂപ. മാസ്റ്റർ പ്ലാനിന് നൽകിയ 196 കോടി രൂപ കൂടി കൂട്ടിയാൽ 1451 കോടി രൂപയാകും. നിലയ്ക്കൽ കുടിവെള്ള പദ്ധതിക്ക് നൽകിയ 130 കോടി രൂപയും കൂടി കൂട്ടിയാൽ മൊത്തം 1581 കോടി

രൂപയാണ് നൽകുന്നത്. ചരിത്രത്തിലാദ്യമായാണ് ശബരിമലയ്ക്ക് 1581 കോടി രൂപ നൽകിയത്. അതുകൊണ്ട് വിശ്വാസത്തിന്റെ പേരിൽ ഈ ഗവൺമെന്റിനെ ഒഴിച്ചുനിർത്താൻ ആരും ആഗ്രഹിക്കേണ്ട. കേരളത്തിലെ വിശ്വാസി സമൂഹമാണ് ഈ സർക്കാരിനെ അധികാരത്തിൽ എത്തിച്ചിരിക്കുന്നത്. ഈ സർക്കാരിന് വോട്ട് ചെയ്ത 75 ലക്ഷം ജനങ്ങളിൽ 73-74 ലക്ഷവും വിശ്വാസികളാണ്. അതുകൊണ്ട് ആ നിലയിലുള്ള തെറ്റിദ്ധാരണകൾ ഇവിടെ അംഗീകരിക്കപ്പെടില്ലെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. നേരായ പാതയിലൂടെ മുന്നോട്ടുകൊണ്ടുപോകുന്ന ഈ സർക്കാരിന്റെ പ്രവർത്തനങ്ങൾ സാധാരണ ജനങ്ങൾക്കുവേണ്ടിയാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽനിന്നും കഴിഞ്ഞ അഞ്ചുവർഷം എങ്ങനെയാണ് തുക നൽകിയത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കാണണമെങ്കിൽ തലേദിവസം ആംബുലൻസിൽ പോയി കാത്തുകെട്ടി കിടക്കുമ്പോഴാണ് പിറ്റേദിവസം മുഖ്യമന്ത്രി വന്ന് ദുരിതാശ്വാസ ഫണ്ട് എഴുതിക്കൊടുക്കുന്നത്. അങ്ങനെയാണോ കൊടുക്കേണ്ടത്? പാവപ്പെട്ടയാളുകൾക്ക് 450 കോടി രൂപ നൽകിയ സ്ഥാനത്ത് 1294 കോടി രൂപ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ 3 വർഷംകൊണ്ട് നൽകി. അതാണ് ഒരു ഗവൺമെന്റ്. ആ നിലയിൽ ഈ നാടിനാകെ മാതൃകയാകുന്ന പ്രവർത്തനങ്ങളാണ് സർക്കാർ കാഴ്ചവയ്ക്കുന്നത്.

മുൻകാലങ്ങളിൽ കേന്ദ്രമന്ത്രിമാരുടെ മക്കൾ ആംബുലൻസ് സർവ്വീസ് നടത്തി കോടിക്കണക്കിന് രൂപ സമ്പാദിച്ചതുപോലെയല്ല. കേരളത്തിലെ ആരോഗ്യ വകുപ്പ് ഇന്ന് മാതൃകാപരമായി 108 ആംബുലൻസ് സർവ്വീസ് നടത്തുകയാണ്. ആ രീതിയിൽ ഗവൺമെന്റ് ചെയ്യുന്ന നല്ല കാര്യങ്ങളെ അംഗീകരിക്കണം. നല്ലകാര്യങ്ങളെ അംഗീകരിക്കുമ്പോൾ ശക്തമായ ഒരു പ്രതിപക്ഷമുണ്ടെന്ന് ഞങ്ങൾ പറയും. കൃഷിക്കാരെ സഹായിക്കുന്ന സമീപനം ഒരു ഗവൺമെന്റ് സ്വീകരിക്കുമ്പോൾ അപ്പുറത്തുനിന്ന് പാരവയ്ക്കാനും എതിർ പ്രചരണം നടത്തി ഈ സർക്കാരിന്റെ ശോഭ കെടുത്താനും നിങ്ങൾ ശ്രമിച്ചാൽ ചരിത്രത്തിന്റെ ചവറ്റുകുട്ടയിലേയ്ക്ക് കേരളത്തിലെ പ്രതിപക്ഷത്തെ ജനങ്ങൾ വലിച്ചെറിയും എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. 'ഉണ്ണിയെ കണ്ടാലറിയാം ഊരിലെ പഞ്ഞം' എന്നൊരു ചൊല്ലുണ്ട്. ഈ സർക്കാരിന്റെ ദയനീയമായ സ്ഥിതി എന്താണെന്നുള്ളത് ഈ ഉപധനാഭ്യർത്ഥനകൾ നോക്കിയാലറിയാം. 2019 ജൂണിൽ ഈ സർക്കാരിന്റെ

S.D.G. 658 കോടി രൂപയും 2018 ജനുവരിയിൽ 1234 കോടി രൂപയും 2018 ഡിസംബറിൽ 3509 കോടി രൂപയുമായിരുന്നു. ഇപ്രാവശ്യം 152 കോടി രൂപയാണ്. വിദ്യാഭ്യാസ വകുപ്പിന്റെ കാര്യത്തിൽ മാത്രമാണ് കുറച്ച് പണമുള്ളത്. ബാക്കിയെല്ലാം ഒരു രൂപ വച്ചിരിക്കുകയാണ്. അഞ്ചുപൈസ സർക്കാരിന്റെ കയ്യിലില്ലാത്ത, ചരിത്രത്തിലെ ഏറ്റവും വലിയ ധനപ്രതിസന്ധിയിൽപ്പെട്ട് കൂപ്പുകുത്തിക്കൊണ്ടിരിക്കുന്ന ഒരു ഗവൺമെന്റാണ് കേരളത്തിലുള്ളത്. 40 ശതമാനത്തിലധികം പദ്ധതിവിഹിതം കട്ട് ചെയ്യുന്നതിന് തീരുമാനമെടുത്തിട്ടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇന്നിവിടെ ഉപധനാഭ്യർത്ഥനകൾ അവതരിപ്പിക്കുന്നത്. ആ തീരുമാനം ഔദ്യോഗികമായി പുറത്തുവന്നില്ലെങ്കിലും അരമനരഹസ്യം അങ്ങാടിപ്പാട്ടാണ്. 40 ശതമാനത്തിലേറെ പദ്ധതിവിഹിതം കട്ട് ചെയ്യാനുള്ള തീരുമാനമെടുത്തതിലൂടെ കേരളത്തിന്റെ വികസന-ദൈനംദിന പ്രവർത്തനങ്ങൾ താറുമാറായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് സംസ്ഥാനം ഏറ്റവും വലിയ പ്രതിസന്ധിയിലേക്കാണ് പോകുന്നതെന്ന് ഞാൻ പറഞ്ഞത്. ഞങ്ങൾ ഇതുസംബന്ധിച്ച് മുന്നറിയിപ്പ് നൽകിയപ്പോൾ ഒരു പ്രതിസന്ധിയും ഇല്ലെന്ന നിലപാടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സ്വീകരിച്ചത്. പക്ഷേ ധൂർത്തിനും അഴിമതിക്കും എന്തെങ്കിലും കുറവുണ്ടോ? എം.എൽ.എ.-മാർ കുറച്ചുദിവസം നിയോജകമണ്ഡലങ്ങൾ സന്ദർശിക്കുന്നതിനായി യാത്ര ചെയ്ത് റോഡുകളിലെ കുഴികളിൽ വീണ് നട്ടെല്ല് ഉളുക്കിയ ഒരു സാഹചര്യമാണുള്ളത്. സംസ്ഥാനത്ത് റോഡ് പണികളോ വികസന പ്രവർത്തനങ്ങളോ നടക്കുന്നില്ല. പക്ഷേ, നിയമസഭാ മന്ദിരത്തിനകത്തേക്ക് കയറുമ്പോൾ വേറൊരു സംസ്ഥാനത്തേക്കാണോ പോകുന്നതെന്ന് സംശയിച്ചുപോകും. കാരണം, അതിമനോഹരമായ ഈ നിയമസഭാ മന്ദിരത്തിലെ മെമ്പേഴ്സ് ലോഞ്ച് കുത്തിപ്പൊളിച്ച് എത്രയോ കോടി രൂപ ചെലവാക്കി വീണ്ടും പണി നടത്തുകയാണ്. ഈ ധൂർത്തിന് എന്തെങ്കിലും നിയന്ത്രണമുണ്ടോ? ഇത്രയും സാമ്പത്തിക പ്രതിസന്ധിയുള്ളപ്പോൾ ഇങ്ങനെ ധൂർത്ത് കാണിക്കുന്നത് എന്തിനാണ്? ഏത് കാര്യം വന്നാലും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ടെണ്ടറില്ലാതെ കോൺട്രാക്ട് കൊടുത്ത് എത്ര കോടി രൂപയുടെ ധൂർത്തും അഴിമതിയുമാണ് ഈ സംസ്ഥാനത്ത് നടത്തിക്കൊണ്ടിരിക്കുന്നത്?

ഈ സംസ്ഥാനം കണ്ട ഏറ്റവും വലിയ അഴിമതി സംബന്ധിച്ച് ഞാൻ മുൻകൂട്ടി നോട്ടീസ് കൊടുത്ത് ആരോപണമുന്നയിക്കുകയാണ്. കിഫ്ബി പദ്ധതിയുടെ ഭാഗമായി പതിനായിരം കോടി രൂപയുടെ പദ്ധതികളാണ് കെ.എസ്.ഇ.ബി.എൽ.-ന്റെ ട്രാൻസ്ഗ്രിഡ് പദ്ധതിക്കുവേണ്ടി അനുവദിച്ചിരിക്കുന്നത്.

അതിന്റെ ഒന്നാം ഘട്ടത്തിൽ അയ്യായിരം കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത്. അതിൽ പതിമൂന്ന് പാക്കേജുകളിലായി പന്ത്രണ്ട് പദ്ധതികൾ ടെണ്ടർ ചെയ്തുകഴിഞ്ഞു. കെ.എസ്.ഇ.ബി.എൽ-ന്റേത് ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സാണ്. പൊതുമരാമത്ത് വകുപ്പിന്റെ റേറ്റും അതുതന്നെയാണ്. ഇലക്ട്രിസിറ്റിയുമായി ബന്ധപ്പെട്ട് പ്രത്യേക ജോലികളുള്ളതുകൊണ്ട് കാലകാലങ്ങളിൽ കെ.എസ്.ഇ.ബി.എൽ. ഒരു റേറ്റ് നിശ്ചയിച്ചശേഷം ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സും കെ.എസ്.ഇ.ബി.എൽ.-ന്റെ റേറ്റും ചേർത്ത് ഒരു റേറ്റ് നിശ്ചയിക്കും. അതിന് ഇലക്ട്രിസിറ്റി റെഗുലേറ്ററി അതോറിറ്റിയുടെ അംഗീകാരം വാങ്ങിയശേഷം ആ റേറ്റിലാണ് പ്രവൃത്തി നടക്കുന്നത്. അതിന് താഴെത്തലം മുതൽ എസ്റ്റിമേറ്റ് തയ്യാറാക്കി കെ.എസ്.ഇ.ബി.എൽ.ന്റെ എല്ലാ hierarchy-യും അനുസരിച്ച് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ തുടങ്ങി മുകളിലേക്ക് ചീഫ് എഞ്ചിനീയറുടെ കയ്യിലെത്തും. ഇവിടെ കിഫ്ബി പദ്ധതിക്കുവേണ്ടി ഒരു ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് ഈ അഴിമതിയുടെ അസ്ഥിവാരമിട്ടത്. ആ ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ നിലവിലുള്ള കെ.എസ്.ഇ.ബി.എൽ. റേറ്റിനേക്കാൾ, അതായത് ഇലക്ട്രിസിറ്റി റെഗുലേറ്ററി അതോറിറ്റി അംഗീകരിച്ച കെ.എസ്.ഇ.ബി.എൽ.-ന്റെ റേറ്റിനേക്കാൾ 50 ശതമാനം മുതൽ 80 ശതമാനം വരെ എസ്റ്റിമേറ്റ് തുക ഉയർത്തി. അവിടെയും നിൽക്കുന്നില്ല. ഞാനൊരു ആരോപണമുന്നയിക്കുന്നു, ടെണ്ടർ ലഭിച്ച കമ്പനികളുടെ പ്രതിനിധികൾ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ചീഫ് എഞ്ചിനീയറുടെ കൂടെയിരുന്നാണ്. ബഹുമാനപ്പെട്ട മന്ത്രി, എം.എൽ.എ. കണ്ടിട്ടുണ്ടോയെന്ന് എന്നോട് ചോദിച്ചു. ഞാൻ അതിനുള്ള തെളിവുകൾ ഹാജരാക്കാം. അതിനുശേഷം പ്രീ-ക്വാളിഫിക്കേഷൻ വ്യവസ്ഥകളിൽ മാറ്റം വരുത്തുകയാണ്. ഇത് സാധാരണ കേരളത്തിലെ പല സ്ഥാപനങ്ങളും കമ്പനികളും ചെയ്യുന്നതാണ്. അവർ ഇതിൽ പങ്കെടുക്കാതിരിക്കാൻ പ്രീ-ക്വാളിഫിക്കേഷൻ വ്യവസ്ഥകൾ കർശനമാക്കി. അതോടുകൂടി മൂന്നുനാല് കമ്പനികൾ മാത്രമായി. ഈ മൂന്നുനാല് വൻകിട കമ്പനികൾക്ക് മാത്രം അവസരമുണ്ടാക്കിയതോടുകൂടി ഈ ടെണ്ടറിന്റെ മത്സരസ്വഭാവം നഷ്ടപ്പെട്ടു. പത്തുപന്ത്രണ്ട് വർക്കുകളുള്ളതുകൊണ്ട് അവർ തമ്മിൽ ഒരു കാർട്ടൽ ഫോം ചെയ്തു. അതായത്, ഞാനും ശ്രീ. സണ്ണി ജോസഫും കൂടി രണ്ട് വർക്ക് ഏറ്റെടുക്കാൻ തീരുമാനിക്കുന്നു. ആദ്യത്തെ വർക്കിൽ അദ്ദേഹം 400 കോടി രൂപയും ഞാൻ 300 കോടി രൂപയും ക്വാട്ട് ചെയ്യുന്നു, അതിൽ ഏറ്റവും കുറഞ്ഞ തുകയായ 300 കോടി രൂപ ക്വാട്ട് ചെയ്ത എനിക്ക് വർക്ക് കിട്ടുന്നു. അടുത്ത വർക്കിൽ ഞാൻ 400 കോടി രൂപയും ശ്രീ. സണ്ണി ജോസഫ് 350 കോടി രൂപയും ക്വാട്ട് ചെയ്തപ്പോൾ കുറഞ്ഞ

തുക രേഖപ്പെടുത്തിയ അദ്ദേഹത്തിന് വർക്ക് ലഭിക്കുന്നു. ഇങ്ങനെ നാല് കമ്പനികൾ ചേർന്ന് കാർട്ടൽ ഫോം ചെയ്യുകയാണ്. ആദ്യമേ തുക ഉയർത്തിയാണ് ടി.എസ്. കൊടുത്തിരിക്കുന്നത്. അതിനുപുറമെ വീണ്ടും എസ്റ്റിമേറ്റ് തുക 50 ശതമാനം മുതൽ 75 ശനമാനം വരെ ഉയർത്തി. അപ്പോൾ ടെണ്ടർ എക്സസ് വന്നു. ഉദാഹരണമായി, കോട്ടയം, തൃശ്ശൂർ ജില്ലകളിൽ നടത്തുന്ന ഒരു പാക്കേജാണ്, ഒരുമിച്ചാണ് ചെയ്യുന്നത്. ഇപ്പോഴത്തെ കെ.എസ്.ഇ.ബി.എൽ. എസ്റ്റിമേറ്റ് അനുസരിച്ച് 130 കോടി രൂപയാണ് ശരിക്കുള്ള റേറ്റ്. ചീഫ് എഞ്ചിനീയർ അതിന്റെ എസ്റ്റിമേറ്റ് 60 ശതമാനംവരെ ഉയർത്തി 210 കോടി രൂപയാക്കി. എന്നിട്ട് ടി.എസ്. കൊടുത്തു, ടി.എസ്. കൊടുത്തപ്പോൾ വീണ്ടും കമ്പനികൾ തമ്മിൽ അഡ്ജസ്റ്റ് ചെയ്തു. എൽ. ആന്റ്. ടി കമ്പനിക്ക് ടി.എസ്. തുകയേക്കാൾ (അതുതന്നെ ഉയർന്ന തുകയാണ്) 61.18 ശതമാനം ഉയർത്തി 340 കോടി രൂപയ്ക്ക് വർക്ക് ഓർഡർ നൽകി. 130 കോടി രൂപയ്ക്ക് നടത്തേണ്ട ഒരു വർക്ക് അവാർഡ് ചെയ്തത് 340 കോടി രൂപയ്ക്കാണ്. അതായത്, ശരിക്കുള്ള തുകയുടെ 160 ശതമാനം വർദ്ധനവാണുണ്ടായിരിക്കുന്നത്. ഇത് കേരളത്തിൽ എവിടെയെങ്കിലും കേട്ടുകേൾവിയുണ്ടോ? മലബാറിലെ മൂന്ന് പദ്ധതികൾ ഒറ്റപദ്ധതിയാക്കി 150 കോടി രൂപയ്ക്കുവേണ്ട ഈ എസ്റ്റിമേറ്റ് 240 കോടി രൂപയായി ചീഫ് എഞ്ചിനീയർ വർദ്ധിപ്പിച്ചതിനുശേഷം ടി.എസ്. കൊടുത്തു. സ്റ്റെർലൈറ്റ് പവർ ട്രാൻസ്മിഷൻ കമ്പനി ഇതുപോലെതന്നെ കാർട്ടൽ ഫോം ചെയ്ത് 54.81 ശതമാനമായി വീണ്ടും വർദ്ധിപ്പിച്ചു. 372 കോടി രൂപയ്ക്ക് കരാർ നൽകി. അതായത് 150 കോടി രൂപയ്ക്ക് നടക്കേണ്ട പ്രോജക്ട് 372 കോടി രൂപയ്ക്ക് കരാർ നൽകി. മൊത്തത്തിലുള്ള വർദ്ധനവ് 149 ശതമാനമാണ്. ഇതിന്റെ കാരണമായി അവർ രസകരമായ കാര്യമാണ് പറയുന്നത്. പദ്ധതി മേഖലകളിലെ ശക്തമായ ട്രേഡ് യൂണിയൻ സാന്നിദ്ധ്യം കയറ്റിറക്ക് ജോലികൾക്കും പ്രാദേശിക ട്രാൻസ്പോർട്ടേഷനും വേണ്ടിവരുന്ന തുക കണക്കാക്കിയാണ് വൻതുകയ്ക്കുള്ള ടെണ്ടർ അനുവദിച്ചതെന്നാണ് കെ.എസ്.ഇ.ബി.എൽ-ന്റെ ഉത്തരവിൽ പറയുന്നത്. സി.ഐ.ടി.യു.-വിന്റെയും ഐ.എൻ.ടി.യു.സി.യുടെയും എ.ഐ.ടി.യു.സി.യുടെയും തലയിൽ ഈ 250 കോടി രൂപ കെട്ടിവച്ചു. ആ പാവപ്പെട്ടവരുടെ വീട്ടിലേക്കാണല്ലോ 250 കോടി രൂപ പോയത്? ലോഡിംഗിനും അൺലോഡിംഗിനുമായി വൻതുക കണക്കാക്കിയാണ് ഇത് ചെയ്തിരിക്കുന്നതെന്ന് ഇലക്ട്രിസിറ്റി ബോർഡിന്റെ ഉത്തരവിലാണ് എഴുതി വച്ചിരിക്കുന്നത്. അങ്ങനെ പറയാൻ ഒരു കാരണമുണ്ട്. 06.02.2017-ൽ കിഫ്ബിയുടെ ഇപ്പോഴത്തെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ മുൻ അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. കെ. എം. എബ്രഹാം ഇറക്കിയ ഉത്തവിൽ പറയുന്നത്, ആദ്യ ടെണ്ടറിൽ ഏതെങ്കിലും

പദ്ധതിയിൽ പത്ത് ശതമാനത്തിൽ കൂടുതൽ ഉയർന്നാൽ അത് റീടെണ്ടർ ചെയ്യണമെന്നും റീടെണ്ടർ ചെയ്യുമ്പോൾ വീണ്ടും പത്ത് ശതമാനത്തിൽ കൂടുതൽ വന്നാൽ റീഎസ്റ്റിമേറ്റ് ചെയ്ത് വീണ്ടും റീ-ടെണ്ടർ ചെയ്യണമെന്നുമാണ്. ഈ ഉത്തരവ് നിലവിലുള്ളപ്പോഴാണ് 149 ശതമാനത്തിനും 160 ശതമാനത്തിനുമൊക്കെ വർക്ക് നൽകിയിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ദിവസം പറഞ്ഞത്, അതൊന്നും ഇലക്ട്രിസിറ്റി ബോർഡിന് ബാധകമല്ലെന്നാണ്. ഈ ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ സംസ്ഥാന സർക്കാർ, കിഫ്ബി, പവർ ഡിപ്പാർട്ടുമെന്റ് ഇവർ മൂന്നുപേരും ചേർന്ന് ഒരു ട്രൈ പാർട്ടി എഗ്രിമെന്റ് ഉണ്ടാക്കിയിട്ടുണ്ട്. ആ ട്രൈ പാർട്ടി എഗ്രിമെന്റിൽ പറയുന്നത്, 'The first part, that means the KSEBL, shall execute the projects through a contractor selected through a competitive process following the rules and regulations prescribed in this regard by the Government of Kerala or Government of India, as applicable' എന്നാണ്. ഈ ടെണ്ടർ പ്രൊസീഡ്യുവറിനെ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും കാലാകാലങ്ങളിൽ ഇറക്കിയിട്ടുള്ള റൂൾസ് ആന്റ് റെഗുലേഷൻസ് അനുസരിച്ച് മാത്രമേ നിങ്ങൾക്ക് ഈ ടെണ്ടർ നടപടികൾ പൂർത്തിയാക്കാൻ കഴിയുകയുള്ളൂവെന്ന് കെ.എസ്.ഇ.ബി.എൽ. ട്രൈ പാർട്ടി എഗ്രിമെന്റിൽ ഒപ്പ് വച്ചശേഷം ധനകാര്യ വകുപ്പുസെക്രട്ടറി ഇറക്കിയ ഉത്തരവ് ഞങ്ങൾക്ക് ബാധകമല്ലെന്ന് എങ്ങനെയാണ് പറയുന്നത്? കിഫ്ബിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ഡോ. കെ. എം. എബ്രഹാമാണ് ഇതിൽ ഒപ്പുവച്ചിരിക്കുന്നതെന്ന് നിങ്ങൾ മനസ്സിലാക്കണം. അതിനുശേഷം അത് പൂർണ്ണമായും ലംഘിച്ചു.

കഴിഞ്ഞ ദിവസം ചോദ്യോത്തര വേളയിൽ ഈ വിഷയം ഉയർത്തിയപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ രണ്ട് പോയിന്റുകളുണ്ട്. അത് പറയാതിരിക്കാൻ കഴിയില്ല. Rural Electrification Corporation (REC)-ഉം Power Finance Corporation (PFC)-ഉം ആണ് ഇതിന്റെ ടെണ്ടറുകൾ നടത്തിയതെന്നും അവ കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങളായതു കൊണ്ട് വളരെ സുതാര്യമായിട്ടാണ് നടത്തിയതെന്നുമാണ് അദ്ദേഹം പറഞ്ഞത്. അവർ ടെണ്ടർ ഡോക്യുമെന്റ് തയ്യാറാക്കുന്ന പ്രോസസ് മാത്രമാണ് ചെയ്തത്. അതിനുമുമ്പ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്, പ്രീ-ക്വാളിഫിക്കേഷൻ വ്യവസ്ഥകൾ മാറ്റിയത്, ഫിനാൻഷ്യൽ കണ്ടീഷൻസും ടെക്നിക്കൽ കണ്ടീഷൻസും വച്ചത് കെ.എസ്.ഇ.ബി.എൽ. ആണ്. ശാസ്ത്രീയമായി അഴിമതി നടത്താനുള്ള എല്ലാ സംവിധാനവും തയ്യാറാക്കിയതിനുശേഷം REC-യെയും PFC-യെയും ടെണ്ടർ ഡോക്യുമെന്റുണ്ടാക്കി ടെണ്ടർ ചെയ്യാനനുവദിച്ചു. അവരാണ് ഇതെല്ലാം ചെയ്തത്, അതിൽ സുതാര്യതയുണ്ടെന്ന് പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്?

പിന്നീട് അദ്ദേഹം യു.ഡി.എഫ്. ഭരണകാലത്തെ കുറേ ടെണ്ടറുകൾ വായിച്ചു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഫേസ്ബുക്ക് പോസ്റ്റിട്ടതൊക്കെ ഞാൻ കണ്ടു. അങ്ങ് കിഫ്ബിയെ കണ്ണിലെ കൃഷ്ണമണിപോലെ കൊണ്ടുനടക്കുന്ന ആളല്ലേ? യു.ഡി.എഫ്. ഭരണകാലത്ത് എങ്ങനെയാണ് 90 ശതമാനം വരെ ടെണ്ടറുകൾ ഉയർന്നതെന്ന് അങ്ങ് മനസ്സിലാക്കണം. അതായത്, അന്നത്തെ കാലത്ത് കെ.എസ്.ഇ.ബി.എൽ. എക്വിപ്മെന്റ് നേരിട്ട് കൊടുക്കുകയാണ്. ലേബർ കോൺട്രാക്ട് മാത്രമാണ് ടെണ്ടർ ചെയ്തിരുന്നത്. അതായത്, 100 കോടി രൂപയുടെ ഒരു വർക്ക് അന്ന് ടെണ്ടർ ചെയ്യുമ്പോൾ 80 കോടി രൂപ ബോർഡ് തന്നെ കൊടുക്കും. മിക്കവാറും below ആയാണ് അന്ന് പോയിരിക്കുന്നത്. ബാക്കി 20 കോടി രൂപ ലേബർ കോൺട്രാക്ടായാണ് ടെണ്ടർ ചെയ്യുന്നത്. അത് ഇവിടത്തെ സാധാരണക്കാർക്കാണ് കിട്ടുന്നത്. അപ്പോൾ 90 ശതമാനം ഉയർന്നിട്ടുണ്ട്. ഇനി 100 ശതമാനവും ഉയർന്നെന്നിരിക്കട്ടെ, അപ്പോൾ 20 കോടി രൂപ 40 കോടിയല്ലേ ആകുകയുള്ളൂ; ആകെ 100 കോടി രൂപയുടെ പ്രോജക്ട് 120 കോടി രൂപയ്ക്കല്ലേ ടെണ്ടർ പോകുകയുള്ളൂ. എത്രയാണ് ടെണ്ടർ ശതമാനത്തിന്റെ വർദ്ധനവ്? യഥാർത്ഥത്തിൽ 20 ശതമാനം മാത്രമാണ്. ഈ പ്രോജക്ട് അങ്ങനെയല്ല. ഇത് ലേബർ കോൺട്രാക്ടായല്ല ടെണ്ടർ ചെയ്തിരിക്കുന്നത്. ഇത് turn key project ആണ്. കാരണം, എക്വിപ്മെന്റ് ടെണ്ടർ ചെയ്താൽ പലപ്പോഴും under quote ആണ് ചെയ്യാറുള്ളത്, എക്സസ് വരാറേയില്ല. വളരെ അപൂർവ്വമായിട്ടേ എക്സസ് വരികയുള്ളൂ. വലിയ കോംപറ്റീഷനാണ് എക്വിപ്മെന്റ് വാങ്ങാനുണ്ടാകുക. ആ എക്വിപ്മെന്റ് യഥാർത്ഥ മാർക്കറ്റ് വിലയുടെ മൂന്നിരട്ടി തുകയ്ക്ക് ടെണ്ടർ ചെയ്ത് കൊടുത്തിരിക്കുകയാണ്. എന്നിട്ട് യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 90 ശതമാനം ടെണ്ടർ ഉയർന്നുവെന്ന് പറയുന്നത് എവിടത്തെ ന്യായമാണ്. അന്ന് ലേബർ കോൺട്രാക്ട് മാത്രമാണ്. അത് 90 ശതമാനമോ 100 ശതമാനമോ വർദ്ധിച്ചാൽപ്പോലും മൊത്തം പ്രോജക്ടിനെ ഒരു കാരണവശാലും ബാധിക്കില്ല.

കിഫ്ബിക്ക് ഇതിന്റെ അപ്രൈസൽ നടത്താനുള്ള സംവിധാനമുണ്ടല്ലോ? കിഫ്ബി എന്താണ് ചെയ്തത്; കിഫ്ബിയിൽ അപ്രൈസൽ വിഭാഗമുണ്ട്. അതിന്റെ തലവന്റെ ശമ്പളം എത്രയാണെന്ന് അറിയാമോ? 2,30,000 രൂപയാണ് മാസ ശമ്പളം. എല്ലാ വർഷവും 10 ശതമാനം കൂട്ടും. ഇപ്പോൾ അദ്ദേഹം വാങ്ങുന്നത് 2,80,000 രൂപയാണ്. ചീഫ് സെക്രട്ടറിയെക്കാൾ കൂടുതൽ ശമ്പളമാണ് വാങ്ങുന്നത്. അപ്രൈസൽ നടത്താൻ അദ്ദേഹത്തിന്റെ കീഴിൽ ഒരു വിഭാഗമുണ്ട്.

എന്നിട്ട് ഇവർ അപ്രൈസൽ നടത്താതെ Centre for Management Development (CMD)-നെ ഏൽപ്പിക്കും. അവർക്ക് 10-13 കോടി രൂപ നൽകി; അവരും ചെയ്തില്ല. അവരത് out source ചെയ്ത് ടെറാനസ് കൺസൾട്ടൻസിക്ക് നൽകി. ഞാൻ ഒരു നമ്പറിൽ വിളിച്ചുനോക്കിയപ്പോൾ ഒരു സ്ത്രീ ഫോണെടുത്ത് ഏത് ടെറാനസ്, എന്ത് ടെറാനസ് എന്നുചോദിച്ച് ഫോൺ വച്ചു. അതിനുശേഷം കമ്പനിയിലേക്ക് ഒരാളെ വിട്ടുനോക്കി. അത് അടഞ്ഞുകിടക്കുകയാണ്. ഏതോ ഒരു കടലാസ് കമ്പനിയാണ്. 8 കോടി രൂപ നൽകി. ഇലക്ട്രിസിറ്റി ബോർഡിൽ ഈ കുഴപ്പം കാണിച്ച ഉദ്യോഗസ്ഥ അവിടെനിന്ന് റിട്ടയർ ചെയ്തിട്ട് ഈ ടെറാനസ് കമ്പനിയുടെ കൺസൾട്ടന്റായി. എന്നിട്ട് അപ്രൈസൽ നടത്താൻ അവർ തന്നെപോയി. എന്തൊക്കെയാണ് നടക്കുന്നത്; അതുകൊണ്ട് കേരളം കണ്ട ഏറ്റവും വലിയ അഴിമതിയെക്കുറിച്ച് ഗൗരവമായി ഗവൺമെന്റ് അന്വേഷണം നടത്തണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇതിൽ മുൻകയ്യെടുക്കണം. കിഫ്ബിയുടെ പണം വാങ്ങിയശേഷം ഇതാണ് ഇലക്ട്രിസിറ്റി ബോർഡിൽ നടക്കുന്നത്. ഇതെല്ലാം ബഹുമാനപ്പെട്ട മന്ത്രി അറിഞ്ഞുകൊണ്ടാണെന്നുള്ള ആരോപണം ഞാൻ ഉന്നയിക്കുന്നില്ല. അദ്ദേഹത്തിന് ഇതറിയില്ല എന്നുള്ള ആരോപണമാണ് ഞാൻ ഉന്നയിക്കുന്നത്. ഇതിന്റെ പിറകിൽ വൻതോക്കുകളുണ്ട്, വമ്പൻമാരുണ്ട്. അവരുടെയൊക്കെ പേരുകൾ അറിയാതെതന്നെ പുറത്തുവരും. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഇതുപോലുള്ള 12 പദ്ധതികളുണ്ട്. സമയക്കുറവുമൂലം അവ ഞാനിവിടെ വിശദീകരിക്കുന്നില്ല. ഇതാണ് ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ പുറകിൽ നടന്ന ഏറ്റവും വലിയ തട്ടിപ്പും അഴിമതിയും.

ഇന്ന് ഉപധനാഭ്യർത്ഥന വേളയിൽ ഞാനൊരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചിരുന്നു. അങ്ങതിൽ പറഞ്ഞത് ഞാൻ അംഗീകരിക്കുന്നു. എന്താണ് അതിന്റെ കണ്ടന്റ്; ഈ സർക്കാരിന്റെ സ്ഥിതിയെക്കുറിച്ച് നിങ്ങൾക്ക് അറിയാൻ സാധിക്കും. വേൾഡ് ബാങ്ക് റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ 500 മില്ല്യൺ ഡോളർ തരാമെന്ന് തീരുമാനമെടുത്തു. അതിൽ ആദ്യഗഡുവായി 250 മില്ല്യൺ ഡോളർ നൽകി. നൽകിയ തീയതി എനിക്കറിയാം. സെപ്റ്റംബർ ആദ്യവാരം നമ്മുടെ അക്കൗണ്ടിൽ അത് വന്നു എന്നുമറിയാം. വേൾഡ് ബാങ്ക് പ്രതിനിധികളും അവരുടെ വെബ്സൈറ്റും പരിശോധിച്ചാൽ എല്ലാം അറിയാം. 250 മില്ല്യൺ ഡോളർ എന്നുപറഞ്ഞാൽ 1750 കോടി രൂപയാണ്. ഇവിടെ നേരത്തെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ, ആർ.കെ.ഐ-യുടെ അക്കൗണ്ടിലേയ്ക്ക് ഈ പണം വന്നിട്ടില്ല. ട്രഷറിയിൽ ഈ പണമില്ല. ഞാൻ ആരോപണം ഉന്നയിക്കുന്നു, ഈ നാട്ടിലെ ദുരിതബാധിതർക്കുവേണ്ടി, പുനർ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി 'റെസീലിയന്റ് കേരള' എന്ന പ്രോജക്ടിന്റെ ഭാഗമായി വേൾഡ് ബാങ്കിൽ നിന്നും

ലഭിച്ച ആദ്യ ഗഡുവായ 1750 കോടി രൂപ കനത്ത സാമ്പത്തിക പ്രയാസത്തിനിടയിൽ ഈ സർക്കാർ വകമാറ്റി ചെലവഴിച്ചിരിക്കുന്നു. ദുരിതബാധിതരെ മുഴുവൻ പ്രയാസപ്പെടുത്തി, ദുരിതാശ്വാസ/പുനർ നിർമ്മാണ പ്രവർത്തനങ്ങളെ തകരാറിലാക്കി വകമാറ്റി ചെലവഴിച്ചത് മറച്ചുവച്ചാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇന്നിവിടെ ഈ ഉപധനാഭ്യർത്ഥനകൾ അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, പോയിന്റ് ഓഫ് ഓർഡർ.... ഉപധനാഭ്യർത്ഥനയെ സംബന്ധിച്ച ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാന്യനായ അംഗം ശ്രീ. കെ. വി. അബ്ദുൾ ഖാദർ നടത്തിയ ഒരു പരാമർശമുണ്ട്. അദ്ദേഹം ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട വിഷയം സംസാരിച്ചപ്പോൾ കോൺഗ്രസിന്റെ അനിഷേധ്യ നേതാവും മുൻ കെ.പി.സി.സി. പ്രസിഡന്റും മുൻ സ്പീക്കറുമായിരുന്ന ശ്രീ. വി. എം. സുധീരൻ ' വാർത്തകളിൽ പേര് വരുന്നതിനുവേണ്ടിയാണ് കത്ത് നൽകിയത് ' എന്ന പരാമർശം നടത്തിയത് അങ്ങേയറ്റം ഖേദമുണ്ടാക്കുന്ന കാര്യമാണ്. ഈ സഭയുടെ മുൻ സ്പീക്കറായിരുന്ന, ഈ സഭയിലെ അംഗമല്ലാത്ത അദ്ദേഹത്തിനെതിരെ നടത്തിയ പരാമർശം റൂൾ 307 പ്രകാരം നീക്കം ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: അക്കാര്യം പരിശോധിക്കാം.*

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, ശ്രീ. വി. ഡി. സതീശൻ ഇവിടെ വസ്തുതാവിരുദ്ധമായ ചില ആരോപണങ്ങൾ ഉന്നയിച്ചിരിക്കുകയാണ്. അതുസംബന്ധിച്ച് ഒരു വിശദീകരണം നൽകുകയാണ്. കൂടുതൽ കാര്യങ്ങൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ചർച്ചയ്ക്കുള്ള മറുപടിയിൽ പറയുമെന്ന് ഞാൻ ചെയറിനെ അറിയിക്കാൻ ആഗ്രഹിക്കുന്നു.

കിഫ്ബി സഹായത്തോടെ നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ കെ.എസ്.ഇ.ബി.എൽ. റേറ്റിനേക്കാൾ എസ്റ്റിമേറ്റ് തുക ഉയർത്തി എന്നതാണ് ഒന്നാമത്തെ ആരോപണം. ഇത് വസ്തുതയല്ല. കെ.എസ്.ഇ.ബി.എൽ. മറ്റുള്ള പദ്ധതികളിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അവലംബിക്കുന്ന അതേ സമീപനം തന്നെയാണ് ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സ്വീകരിച്ചിട്ടുള്ളത്. എസ്റ്റിമേറ്റിന് ഒരു സ്പെഷ്യൽ റേറ്റും ഉപയോഗിച്ചിട്ടില്ല.

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻ പ്രകാരം (ഫയൽ നമ്പർ 6212/ഇ.ബി./2019/ നി.സെ. തീയതി 6-11-2019) പ്രകാരം രേഖയിൽ നിലനിർത്തി

സാധാരണ നടപടിക്രമങ്ങളെല്ലാം പാലിച്ചുകൊണ്ടാണ് ട്രാൻസ്ഗ്രിഡ് പദ്ധതിയിലും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. എസ്റ്റിമേറ്റ് തുക ഉയർത്തി നിശ്ചയിച്ചു എന്നത് ശരിയല്ല എന്നാണ് ഒന്നാമത്തെ ആരോപണത്തിന് പറയാനുള്ള മറുപടി.

പ്രീ-ക്വാളിഫിക്കേഷൻ വ്യവസ്ഥയിൽ മാറ്റം വരുത്തി പ്രമുഖ കമ്പനികൾക്ക് കാർട്ടൽ രൂപീകരിക്കാൻ അവസരം നൽകി എന്നതാണ് രണ്ടാമത്തെ ആരോപണം. പ്രീ-ക്വാളിഫിക്കേഷൻ എന്ന് ആദ്യം നിശ്ചയിച്ചിരുന്നത് 500 കോടി രൂപയുടെ ആസ്തി എന്നാണെങ്കിൽ അത് 300 കോടി രൂപയാക്കി കുറച്ച് കൂടുതൽ കമ്പനികൾക്ക് ടെണ്ടറിൽ പങ്കെടുക്കാൻ അവസരം കൊടുക്കുകയാണ് ചെയ്തത്. തികച്ചും ഉദാരമായ നിലപാടാണ് അക്കാര്യത്തിൽ സ്വീകരിച്ചതെന്ന കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. എങ്കിലും 500 കോടി രൂപയുടെ ആസ്തിയുള്ളവർ മാത്രമാണ് ഈ അവസരത്തിലും പങ്കെടുത്തതെന്ന വസ്തുതയും ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്.

ഉയർന്ന ടെണ്ടർ എക്സസ് അനുവദിച്ച് പൊതുഖജനാവിന് ആയിരത്തിലേറെ കോടി രൂപയുടെ നഷ്ടമുണ്ടാക്കി എന്നതാണ് മൂന്നാമത്തെ ആരോപണം. ട്രാൻസ്മിഷൻ ലൈൻ നിർമ്മാണ പദ്ധതികൾ ടെണ്ടർ തുകയെക്കാൾ ഉയർന്ന നിരക്കിൽ നൽകുന്നത് കെ.എസ്.ഇ.ബി.എൽ.ൽ സാധാരണ സംഭവമാണ്. വൈദ്യുതി ബോർഡിന്റെ അധികാര പരിധിക്കുള്ളിൽ നിന്നാണ് പദ്ധതികൾക്ക് അനുമതി നൽകുന്നത്. ട്രാൻസ്ഗ്രിഡ് പദ്ധതികൾക്കും ഇതേ മാനദണ്ഡങ്ങൾ അനുസരിച്ചാണ് കെ.എസ്.ഇ.ബി.എൽ. വർക്കുകൾ അവാർഡ് ചെയ്തിട്ടുള്ളത്. സാധാരണ നിലയിൽ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത നിരവധി അനുബന്ധ പ്രവർത്തനങ്ങൾ ട്രാൻസ്മിഷൻ പദ്ധതിയിൽ നടപ്പിലാക്കേണ്ടിവരും. എസ്റ്റിമേറ്റിലേത് കഴിഞ്ഞുള്ള ലേബർ നിരക്കുകൾ ഇത്തരം പ്രവർത്തനങ്ങൾക്ക് നൽകേണ്ടി വരുന്ന കൂലിയുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ കുറവാണ്. ഇക്കാരണംമൂലമാണ് ടെണ്ടർ എക്സസ് നൽകേണ്ട അവസ്ഥ ഉണ്ടാകുന്നതെന്നാണ് മനസ്സിലാക്കുന്നത്. മുൻപും ടെണ്ടർ എക്സസ് നൽകിയിട്ടുള്ള പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. നടത്തിയിട്ടുണ്ട്. യു.ഡി.എഫ്.ന്റെ ഭരണകാലത്ത് ഇങ്ങനെ ചെയ്ത പദ്ധതികളുടെ ലിസ്റ്റ് ഞാൻ നേരത്തെതന്നെ സഭയിൽ വച്ചിട്ടുണ്ട് എന്നുള്ള കാര്യം ഓർമ്മപ്പെടുത്തുകയാണ്.

വൈദ്യുതി ബോർഡിൽ സാധാരണ നടപടിക്രമങ്ങൾ പാലിച്ച് നിയമാനുസൃതമായ ടെണ്ടർ നടപടികൾ നടത്തിയാണ് ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ ജോലികൾക്ക് കരാർ നൽകിയിട്ടുള്ളത്. ഇതിൽ വൈദ്യുതി വകുപ്പുമന്ത്രിക്കോ മന്ത്രിസഭയ്ക്കോ യാതൊരുവിധ പങ്കുമില്ല. രാഷ്ട്രീയ താൽപ്പര്യംവച്ച് ശ്രീ. വി. ഡി. സതീശൻ ഇവിടെ ഉന്നയിച്ച ഗുരുതരമായ ആക്ഷേപത്തെ ഞാൻ

നിഷേധിക്കുകയാണ്. നല്ല ബുദ്ധിയുള്ള വക്കീലൻമാർ സത്യസന്ധമല്ലാത്ത കാര്യങ്ങൾ സത്യമാണെന്ന് തോന്നുന്ന നിലയിൽ വാദിച്ച് ആളുകളെ തെറ്റിദ്ധരിപ്പിക്കുന്നതുപോലുള്ള വിലകുറഞ്ഞ പണിയാണ് ശ്രീ. വി. ഡി. സതീശൻ ഇവിടെ ചെയ്തതെന്ന വിമർശനം ഞാൻ ഈ അവസരത്തിൽ ഉന്നയിക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ പരാമർശം പൂർണ്ണമായും സാധൂകരിക്കുന്ന ഒരു പ്രസ്താവനയാണ് ശ്രീ. വി. ഡി. സതീശനെതിരെ അദ്ദേഹം പ്രസംഗത്തിന്റെ അവസാനം നടത്തിയത്. ഞാൻ വിചാരിച്ചത് ക്രമപ്രശ്നത്തിന് മറുപടി പറഞ്ഞ് അങ്ങ് വിട്ടുകളയുമെന്നാണ്. അങ്ങനെ വിടാൻ തീരുമാനിച്ചിട്ടില്ല. ഒന്ന്, പണം ചെലവാക്കണമെങ്കിൽ അതിന് ഹെഡ് വേണം. റീബിൽഡ് കേരളയ്ക്ക് ഹെഡ് ഉണ്ട്, അതിൽ 1000 കോടി രൂപ വകയിരുത്തിയിട്ടുമുണ്ട്. അതിൽ വരുന്ന പണം ഈ ഹെഡ്ഡിലൊന്നുമല്ല വയ്ക്കുന്നത്; വരുമാനത്തിന് വേറെ ഹെഡ്ഡാണ്. വരുമാനത്തിന് 'വിദേശ വായ്പ, കേന്ദ്ര സഹായം' എന്നു പറഞ്ഞ് 6004-09-101-96 എന്ന ഹെഡ് ഉണ്ട്. ആ ഹെഡ് പരതിക്കഴിഞ്ഞാൽ ഈ പണം അവിടെക്കാണാം. 'ഞാൻ ട്രഷറി നോക്കി, ഈ കടലാസ് നോക്കി, ആ കടലാസ് നോക്കി'- എന്ന് പറഞ്ഞിട്ട് കാര്യമില്ല. നോക്കേണ്ടിടത്ത് നോക്കണം. ഇവിടെ ഹെഡ് വച്ചിട്ടുണ്ട്, അല്ലാതെ എങ്ങനെയാണ് ചെലവാക്കുക?

ശ്രീ. വി. ഡി. സതീശൻ: സർ, വേൾഡ് ബാങ്കിൽ നിന്നുംവന്ന പണം വേറെ ഒരു കാര്യത്തിനും ചെലവാക്കിയിട്ടില്ല, ഈ പറയുന്ന അക്കൗണ്ടിൽ പാർക്ക് ചെയ്തിട്ടുണ്ടെന്ന് അങ്ങേക്ക് പറയാൻ കഴിയുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ശ്രീ. വി. ഡി. സതീശന് ഇന്ന് എന്തുപറ്റി; എന്തൊക്കെയാണ് ചോദിക്കുന്നത്? പണം ഓരോ ഇനത്തിൽ വരുന്നത് ചാപ്പകുത്തി, ഇത് അതിനുമാത്രം എന്ന് വയ്ക്കാൻ കഴിയുമോ? വേൾഡ് ബാങ്കിന്റെ പണം അങ്ങനെയൊന്നുമല്ല ട്രഷറിയിൽ വയ്ക്കുന്നത്. നിങ്ങൾ ഇത്ര ബാലിശമായി വർത്തമാനം പറയരുത്. ട്രഷറിയിലേക്ക് ഏത് ഇനത്തിൽ ഏത് ഹെഡ്ഡിൽ വന്നാലും ഒരൊറ്റ എമൗണ്ടായി കൺസോളിഡേറ്റഡ് ഫണ്ടിലേക്കാണ് വരുന്നത്. ആ ഫണ്ടിൽ നിന്ന് നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ഹെഡ്ഡിലൂടെ ചെലവ് നടത്തും. റീബിൽഡ് കേരളയ്ക്ക് പണം നൽകേണ്ടി വരുമ്പോൾ നൽകാനില്ലെങ്കിൽ നിങ്ങൾ പറഞ്ഞ കാര്യം ശരിയാണ്. പക്ഷേ, ഇപ്പോൾ പണം വന്നിരിക്കുന്നു. 1100 കോടി രൂപ തൊടുകയില്ലെന്നുപറഞ്ഞ് കെട്ടി വയ്ക്കാൻ കഴിയുമോ? ഏതുകാലത്താണ് ഇങ്ങനെയുള്ള മാനേജ്മെന്റ് നടക്കുന്നത്. ഇതൊക്കെ പുറത്തു പോയി പറയുക; ഇവിടെ പറയരുത്.

ശ്രീ. വി. ഡി. സതീശൻ: സർ, വേൾഡ് ബാങ്കിൽനിന്നും വന്ന പണം നിങ്ങൾ വേറെ കാര്യത്തിന് ചെലവാക്കിയെന്നാണ് ഞാൻ പറഞ്ഞത്. വേറെ കാര്യത്തിനുവേണ്ടി ചെലവാക്കിയെന്ന് അങ്ങും സമ്മതിക്കുകയാണ്. കാരണം, ഇന്നത്തെ ട്രഷറി ബാലൻസ് നോക്കിയാൽ ഈ പണം കാണുമോ? അങ്ങ് വേറെ കാര്യത്തിനുവേണ്ടി ചെലവാക്കി; അത് സമ്മതിക്കാതെ വെറുതെ എന്റെ മെക്കിട്ട് കയറരുത്. ശമ്പളം കൊടുക്കാനും പെൻഷൻ കൊടുക്കാനും ബാക്കിയുള്ള ദൈനംദിന ചെലവിനുംവേണ്ടി ചെലവാക്കി.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇതിനെയാണ് ബാലിശമായ പ്രസ്താവനയെന്ന് പറയുന്നത്. പണം പല മാർഗ്ഗേന ട്രഷറിയിൽ വരും. ഇന്നയിന്ന കാര്യത്തിന് ആ പണം ചെലവഴിക്കണം, ആ രൂപ ഇതിനേ ഉപയോഗിക്കാൻ പാടുള്ളൂ എന്ന് ഒരു നിയമവുമില്ല. അങ്ങനെയല്ലേ ചെയ്യുന്നത്? Money is fungible. വന്ന പണം ഈ കാര്യത്തിനോ വേറെ കാര്യത്തിനോ ഉപയോഗിക്കും. ഇവിടെ നാളെ വേൾഡ് ബാങ്കിന്റെ വായ്പയുള്ള ചെലവിന്റെ ബിൽ വരുമ്പോൾ അത് വേറെ ഏതെങ്കിലും പണത്തിൽ നിന്നായിരിക്കും കണ്ടെത്തുന്നത്. അങ്ങനെയല്ലേ പോകുക? നിങ്ങൾ ഒന്ന് ആലോചിച്ചുനോക്കൂ, ട്രഷറി എല്ലാ കാലത്തും ഇങ്ങനെയാണ് പ്രവർത്തിക്കുക. അതുപോലെ തന്നെയാണ് ഇപ്പോഴും പ്രവർത്തിക്കുന്നത്. പക്ഷേ, ശ്രീ. വി. ഡി. സതീശൻ പറഞ്ഞതിൽ ഒരു കാര്യമുണ്ട്. അത് എന്താണെന്നാൽ, നമ്മുടെ സപ്ലിമെന്ററി ഡിമാന്റ്സ് പരിശോധിച്ചാൽ 152 കോടി രൂപയേയുള്ളൂ; കഴിഞ്ഞ വർഷമൊക്കെ എത്ര രൂപയാണ് കൂടുതൽ കൊടുത്തത്. ഇപ്പോൾ 152 കോടി രൂപ കൊടുത്തു. അതിൽത്തന്നെ ഏകദേശം 112 കോടിയോളം രൂപ വിദ്യാഭ്യാസ വകുപ്പിന്റെ ഉച്ചഭക്ഷണ പരിപാടിക്കുള്ളതാണ്. ബാക്കിയുള്ളതൊക്കെ നിസ്സാര തുകയാണ്. അങ്ങനെയൊരു ഗൗരവമായ പ്രശ്നം കേരളത്തിന്റെ ധനസ്ഥിതിയിൽ ഉണ്ടെന്നുള്ള കാര്യത്തിലേക്ക് വിരൽ ചൂണ്ടുന്നതാണ് ഈ സപ്ലിമെന്ററി ഡിമാന്റെന്ന് പറഞ്ഞത് വളരെ ശരിയാണ്. എന്തുകൊണ്ടാണ് ഈ വർഷം ഒരു കാലത്തും ഇല്ലാത്ത രീതിയിലുള്ള ധനപ്രതിസന്ധി ഉടലെടുത്തിരിക്കുന്നത്? കേന്ദ്രസർക്കാർ നമ്മുടെ ഈ വർഷത്തെ അനുവദനീയ വായ്പയിൽനിന്ന് 6645 കോടി രൂപ വെട്ടിക്കുറച്ചിരിക്കുകയാണ്. ആഗോളമാന്ദ്യവും ദേശീയമാന്ദ്യവുമൊക്കെ വരുന്ന പശ്ചാത്തലത്തിൽ കൂടുതൽ വായ്പ അനുവദിച്ചില്ലെങ്കിലും ഉള്ള വായ്പയെങ്കിലും നിലനിർത്തുന്നതിനുള്ള മനസ്സ് കേന്ദ്ര സർക്കാരിനുണ്ടാകുമെന്ന് നമുക്ക് തെറ്റിദ്ധാരണയുണ്ടായിരുന്നു. നമ്മുടെ സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ കൂടുതൽ വായ്പ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടിരുന്നത് തരില്ലെന്നൊക്കെ പറയുമ്പോഴും നമുക്കനുവദിച്ച വായ്പയിൽനിന്ന് ആ വെട്ടിക്കുറവ് അവരില്ലാതാക്കും. എന്നാൽ അത് സാധ്യമല്ലെന്ന് കേന്ദ്രം

ഔപചാരികമായി അറിയിച്ചിരിക്കുകയാണ്. എന്നു മാത്രമല്ല, പുതിയ വായ്പ പ്രളയത്തിനുവേണ്ടിയായാലും തരാൻ കഴിയുകയില്ലെന്ന് അറിയിച്ചു കഴിഞ്ഞിരിക്കുന്നു. 6645 കോടി രൂപ ഈ സഭ പാസ്സാക്കിയതിൽ നിന്ന് കുറയുകയാണ്.

രണ്ടാമത്തേത്, കേന്ദ്ര സർക്കാരിന്റെ നികുതിയിൽനിന്നും നമുക്ക് വിഹിതം കിട്ടണം. ഈ വർഷം കുറയുന്നത് 5370 കോടി രൂപയാണെന്നാണ് ഞങ്ങളുടെ കണക്ക്. കാരണം, 1,75,000 കോടി രൂപ കോർപ്പറേറ്റ് നികുതി ഇളവ് നൽകുമ്പോൾ അതിന്റെ 42 ശതമാനം സംസ്ഥാനങ്ങൾക്ക് കിട്ടേണ്ടതാണ്. അത് ഓട്ടോമാറ്റിക്കായി കുറയുകയാണ്. ഇതിനുപുറമേ, ജി.എസ്.ടി. വരുമാനത്തിലുള്ള കുറവ്; ആ വരുമാനത്തിന്റെ 42 ശതമാനവും സംസ്ഥാനങ്ങൾക്ക് അർഹതപ്പെട്ടതാണ്. ഈ കുറവുകൾ പരിഗണിക്കുമ്പോൾ 5370 കോടി രൂപ കേന്ദ്ര സഹായത്തിൽ ഈ വർഷം കുറവ് വരുമെന്നുള്ളതാണ് ഞങ്ങളുടെ കണക്കുകൂട്ടൽ. സംസ്ഥാന നികുതിയിൽ 5623 കോടി രൂപയെങ്കിലും ബഡ്ജറ്റിൽ പറഞ്ഞതിനെക്കാൾ കുറവ് വരുമെന്നാണ് ധനകാര്യവകുപ്പിന്റെ വിലയിരുത്തൽ. ഇതുവരെയുള്ള വരുമാനം നോക്കിയാൽ നമുക്കത് വ്യക്തമായി കാണാൻ സാധിക്കും. ആദ്യത്തെ 6 മാസം കഴിഞ്ഞ് നോക്കുമ്പോൾ ജി.എസ്.ടി.-യിൽ 7 ശതമാനമാണ് വളർച്ച, വാറ്റിൽ 8 ശതമാനമാണ് വളർച്ച, എക്സൈസ് ഡ്യൂട്ടിയിൽ 7 ശതമാനം മാത്രമേ വളർച്ചയുള്ളൂ, മോട്ടോർ വാഹന നികുതിയിൽ 6 ശതമാനം കുറവാണ്, സ്റ്റാമ്പ് ആന്റ് രജിസ്ട്രേഷനിൽ 3 ശതമാനമാണ്. ആ രീതിയിൽ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. അപ്പോൾ ചോദിച്ചേക്കാം, 'ജി.എസ്.ടി. 27 ശതമാനമായി വർദ്ധിപ്പിക്കുമെന്നാണല്ലോ ബഡ്ജറ്റിൽ പറഞ്ഞത് എന്ന്. അതിന്റെ കണക്കുകൂട്ടൽ ഞാൻ അന്നുതന്നെ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. വ്യാപാരികളും മറ്റുള്ളവരും തരുന്ന ജി.എസ്.ടി. നികുതി വാങ്ങിക്കുകയല്ലാതെ വേറെ ഒന്നും ചെയ്യാൻ ഒരു സംസ്ഥാന സർക്കാരിനും ഇപ്പോൾ കഴിയുകയില്ല. നികുതി വെട്ടിപ്പ് നടക്കുന്നത് രണ്ടു മാർഗ്ഗങ്ങളിലൂടെയാണ്. അതിലൊന്ന്, അർഹമായതിൽ കവിഞ്ഞുള്ള ഇൻപുട്ട് ക്രെഡിറ്റ് വാങ്ങിക്കുക. ഞങ്ങൾ ഈ സാധനം വാങ്ങിയപ്പോൾ ഇത്ര നികുതി കൊടുത്തിട്ടുണ്ട്, വിറ്റപ്പോൾ കിട്ടിയ നികുതിയിൽനിന്ന് കുറച്ച് ശിഷ്ടം തന്നാൽ മതി. വാങ്ങിയപ്പോൾ കൊടുത്ത നികുതി കൂട്ടി വച്ചാൽ, അത്രയും വാങ്ങിച്ചോയെന്ന് നോക്കണമെങ്കിൽ ആന്വൽ റിട്ടേൺ കിട്ടണം. എല്ലാവരുടെയും കണക്ക് കിട്ടണം എന്നാൽ മാത്രമേ നോക്കാൻ കഴിയുകയുള്ളൂ. അത് നോക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ആ കണക്ക് സമർപ്പിക്കാനുള്ളത് ആഗസ്റ്റ് മാസം അവസാനമായിരുന്നു. ഇപ്പോൾ ഡിസംബർ മാസത്തിലേക്ക് മാറ്റിവച്ചിരിക്കുകയാണ്. അതുകൊണ്ട് ഇത്തരമൊരു പരിശോധന

നടത്താനാകില്ല. ഇതിൽത്തന്നെ സെയിൽസ് സപ്രഷനമുണ്ട്. ഇതും നമുക്ക് പരിശോധിക്കാൻ കഴിയില്ല. അതുകൊണ്ട് ഇപ്പോഴുള്ളതുപോലെ എത്ര തരുന്നുവോ അത് വാങ്ങിവയ്ക്കുകയാണ്. ചില നടപടികൾ സ്വീകരിച്ചു. ആ നടപടികൾ എന്താണെന്ന് ചോദിച്ചാൽ, നികുതി റിട്ടേൺ അടയ്ക്കാത്തവർക്കെല്ലാം അസസ്മെന്റ് നടത്തി നോട്ടീസയച്ച് ക്യാൻസൽ ചെയ്യുമെന്നതാണ് ഇപ്പോഴത്തെ നിലപാട്. ഞാൻ ഇതിന്റെ സാധ്യതയിലേക്ക് വിരൽ ചൂണ്ടുകയാണ്. കഴിഞ്ഞ ഒരു ക്വാർട്ടറിലെ കണക്കെടുത്താൽ 30 ശതമാനമാണ് ജി.എസ്.ടി. വരുമാനം വർദ്ധിച്ചത്. കണക്കുകൾ പൂർത്തിയായില്ലെങ്കിലും അഡ്ഹോക് സെറ്റിൽമെന്റ് എന്നു പറഞ്ഞ് കഴിഞ്ഞവർഷം കേന്ദ്ര സർക്കാർ ഒരു ഭാഗം പണം തന്നു. അത് യഥാർത്ഥത്തിൽ ഈ വർഷം വരേണ്ട നികുതിയാണ്. ഈ വർഷത്തെ നികുതിയിൽനിന്ന് അവർ തരുന്നില്ലെന്ന് മാത്രമല്ല, കഴിഞ്ഞ തവണ കൂടുതൽ തന്നുവെന്ന് പറഞ്ഞ് കുറയ്ക്കുകയാണ്. കഴിഞ്ഞ 6 മാസത്തെ കണക്കെടുത്താൽ, അഡ്ഹോക് സെറ്റിൽമെന്റ് മാറ്റിവച്ചാൽ, 20 ശതമാനം വർദ്ധനവുണ്ട്. കഴിഞ്ഞ ക്വാർട്ടർ എടുത്തു കഴിഞ്ഞാൽ 30 ശതമാനം വർദ്ധനവുണ്ട്. പക്ഷേ, ഇത് ഭാവിയിലേയ്ക്കുള്ള ഒരു സൂചന മാത്രമാണ്. ഇന്നത്തെ നില നോക്കുമ്പോൾ 14 ശതമാനം മാത്രമേ (ജി.എസ്.ടി. ഗ്യാരന്റീഡ് റവന്യൂ) കൂടുന്നുള്ളൂ. ഇതെല്ലാം താരതമ്യം ചെയ്തു നോക്കുമ്പോഴാണ് നമ്മുടെ നികുതി വരുമാനത്തിൽ 5623 കോടി രൂപയുടെയും നോൺ ടാക്സ് റവന്യൂവിൽ 1825 കോടി രൂപയുടെയും കുറവുണ്ടാകുമെന്ന് പറയുന്നത്. ധനകാര്യ വകുപ്പ് ഈ വർഷത്തെ ബഡ്ജറ്റിൽ പറഞ്ഞതിനേക്കാൾ വരുമാനത്തിൽ 19463 കോടി രൂപയുടെ ഇടിവുണ്ടാകും.

ശ്രീ. കെ. സി. ജോസഫ്: സർ, നികുതി വരുമാനത്തിൽ 5200 കോടി രൂപയുടെ കുറവുണ്ടെന്നു പറഞ്ഞു. ബഹുമാനപ്പെട്ട അംഗം ജി.എസ്.ടി.യുടെ വലിയ വക്താവായിരുന്നു. ജി.എസ്.ടി. വലിയ വരുമാന സ്രോതസ്സാണെന്ന് പറഞ്ഞു. വരുമാനക്കുറവുണ്ടാകാൻ കാരണം നികുതി പിരിവിനുള്ള ജാഗ്രതക്കുറവാണോ; വ്യാപാര മാന്ദ്യമാണോ; മറ്റെന്തെങ്കിലും കാരണമുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഒന്നാമത്തെ കാരണം വ്യാപാര മാന്ദ്യമാണ്. അതിന്റെ തെളിവ് മോട്ടോർ വാഹന നികുതി നോക്കിയാൽ മൈനസ് ആറ് ശതമാനമാണ്. പെട്രോൾ തുടങ്ങിയവയ്ക്ക് വന്നിരിക്കുന്ന നികുതി 10 ശതമാനത്തിന് താഴെയാണ്. പെട്രോളിന്റെ കാര്യത്തിൽ നികുതി വെട്ടിപ്പിന്റെ സാധ്യതയില്ലല്ലോ. കള്ളിനുപോലും 10 ശതമാനത്തിൽ താഴെയാണ് നികുതി. സാമ്പത്തികമാന്ദ്യമെന്നു പറയുന്നത് പ്രതീക്ഷിക്കുന്നതിനെക്കാൾ രൂക്ഷമാണ്. എല്ലാ സംസ്ഥാനങ്ങളുടെയും നികുതി കുറഞ്ഞിരിക്കുകയാണ്. കർശനമായും കാര്യക്ഷമമായും നികുതി പിരിക്കണമെന്നുണ്ടെങ്കിലും മുൻകാലത്തെപ്പോലെ

കടയിൽ കയറി എല്ലാം നോക്കാനൊന്നും കഴിയില്ല. ഇത് സെൽഫ് പോലീസിംഗ് സിസ്റ്റമാണ്. ഒരാൾ വിറ്റുവെന്ന് പറയുമ്പോൾ വേറൊരാൾ വാങ്ങിയെന്നു പറയുന്ന കണക്കുണ്ടാകണം. ആ കണക്കില്ലെങ്കിൽ ഇൻപുട്ട് ക്രെഡിറ്റ് ക്യാൻസൽ ചെയ്യുകയാണ്. പക്ഷേ, ഇതിന് ആന്വൽ റിട്ടേൺ കിട്ടിയാലേ മതിയാകുകയുള്ളൂ. എല്ലാം റെഡിയായി കാത്തിരിക്കുകയാണ്. ആഗസ്റ്റിൽ തുടങ്ങാമെന്നതിന്റെ അടിസ്ഥാനത്തിലാണ് 30 ശതമാനം വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചത്. നിങ്ങൾ എന്റെ പ്രസംഗം വായിച്ചാൽ അതിൽ കൃത്യമായി 'ചോർന്ന നികുതി തിരിച്ചുപിടിക്കാം' എന്ന് പറഞ്ഞിട്ടുണ്ട്. അത് സാധ്യമല്ല; ഇതും കാരണമാണ്. നമ്മുടേതായ വീഴ്ചകളും പോരായ്മകളുമുണ്ട്. ഈ ഡിപ്പാർട്ടുമെന്റ് ഏറ്റവും പുണ്യപ്പെട്ടതാണെന്ന് ഞാൻ പറയുന്നില്ല, പക്ഷേ യാതൊരു പ്രശ്നവുമില്ല, എല്ലാം കാര്യക്ഷമമായി പോകുന്നു. പോരായ്മകളുമുണ്ടാകും ഇത് അടുത്ത കാരണമായി കരുതിക്കോളൂ.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, 14% guaranteed ആണ്. അങ്ങ് പറഞ്ഞതുപോലെ നികുതി പിരിവിലെ കാര്യക്ഷമതയില്ലായ്മ വരുമാനം കുറച്ചിട്ടുണ്ടെന്നുള്ളതാണ് ധനതത്വ ശാസ്ത്രജ്ഞരും ഇതുമായി ബന്ധപ്പെട്ട് ലേഖനം എഴുതിയിട്ടുള്ള ആളുകളും ചൂണ്ടിക്കാണിക്കുന്നത്. അത് പ്ലഗ്ഗ് ചെയ്യാനുള്ള എന്ത് നടപടിയാണുള്ളത്? ഞങ്ങൾ ശ്രമിക്കുന്നുണ്ടെന്ന് പറഞ്ഞു. പക്ഷേ, 14 ശതമാനം ലഭിക്കുമെന്നുള്ളതുകൊണ്ട് നമുക്ക് കിട്ടേണ്ട മറ്റ് നികുതിവരുമാനം വർദ്ധിപ്പിക്കാനുള്ള എഫക്ടീവായ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ട്; കൂടുതൽ എന്തെല്ലാം സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഞാൻ പറഞ്ഞത് മാറ്റേണ്ട. മൂന്ന് കാര്യങ്ങൾ പറഞ്ഞു. മൂന്നാമത്തേത് I am conceding. കാര്യക്ഷമത ഇനി ഉയർത്തണം. എന്താണ് അതിനുവേണ്ടി ചെയ്യുന്നതെന്നാണ് അങ്ങയുടെ ചോദ്യം,

(1) ടാക്സ് വകുപ്പിനെ രണ്ടായി തിരിച്ചു. പകുതി പേർ ജി.എസ്.ടി.യിൽ concentrate ചെയ്യുകയാണ്. പകുതിപേരെ വാറ്റിന്റെ കുടിശ്ശിക പിരിക്കുന്നതിനായി വേർതിരിച്ചിരിക്കുന്നു.

(2) പലവട്ടം പറഞ്ഞിട്ടുള്ളതാണെങ്കിലും പല കാരണങ്ങളാലും നാട്ടിൽ മുമ്പ് ഇങ്ങനെ ചെയ്തിട്ടില്ലാത്തതുകൊണ്ടും അതിന്റെയൊക്കെ പ്രശ്നങ്ങൾ വന്നതിന്റെ താമസവുമാണെന്ന് കരുതിക്കോളൂ. നമ്മുടെ എല്ലാ എൻട്രിപോയിന്റിലും surveillance camera-യും automatic reader-ഉം സ്ഥാപിക്കാനായി, ഇപ്പോൾ ടെണ്ടർ വിളിച്ചുകഴിഞ്ഞു.വരുന്ന വാഹനങ്ങളിൽ e-Way Bill ഉണ്ടോയെന്ന് കൃത്യമായി നമുക്ക് പരിശോധിക്കാൻ കഴിയും. ഒരു വാഹനം കടന്നുവരുമ്പോൾ നമ്പർ കിട്ടിയാൽ അതിന്റെ ബിൽ ഓട്ടോമാറ്റിക്കായി തത്സമയം ഡൗൺലോഡ്

ചെയ്യാനുള്ള അനുവാദം കേന്ദ്രസർക്കാർ ഡിസംബർ മാസം തരും. ക്യാമറകൾ റെഡിയാക്കാൻ പരിശ്രമിക്കുകയാണ്.

(3) സർവ്വകലാശാലയുമായി ബന്ധപ്പെട്ട് ടെക്നോപാർക്കിലെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗപ്പെടുത്തി ഓരോ സെക്ടറിലും നടക്കുന്ന കാര്യങ്ങൾ പരിശോധിക്കാൻ സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നുണ്ട്.

(4) ഈ സെക്ടറുകളിൽ ഓരോന്നിന്റെയും കണക്കുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചില മേഖലകൾ തിരിച്ച് പരിശോധന ആരംഭിച്ചിട്ടുണ്ട്. ഏതൊക്കെ മേഖലയാണെന്ന് പറയുന്നില്ല. പക്ഷേ, മുൻകാലത്തെപ്പോലെ കൈകടത്താനുള്ള സ്വാതന്ത്ര്യം നിയമം അനുവദിക്കുന്നില്ല. കൃത്യമായ കേസ്സുണ്ടാക്കിയിട്ടേ പോകാൻ കഴിയുകയുള്ളൂ. ആ രീതിയിലുള്ള പരിശോധനയും ഇടപെടലുകളും തുടങ്ങിയിട്ടുണ്ട്. ഈ വർഷം സഭയിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ ഏകദേശം 20,000 കോടി രൂപ കിട്ടുകയില്ല. സ്വാഭാവികമായി 20,000 കോടി രൂപ എവിടെയെങ്കിലും കുറയ്ക്കേണ്ടി വരും. ഇവിടെ വന്ന വിമർശനം 'ക്ഷേമപ്രവർത്തനങ്ങളും കാര്യങ്ങളുമെല്ലാം പൊളിഞ്ഞുപോയിരിക്കുന്നു' എന്നാണ്. അത് അടിസ്ഥാനരഹിതമാണ്. എന്തുകൊണ്ടാണ്? നികുതി വരുമാനത്തിലെ കുറവ് ഈ വർഷമല്ല, കഴിഞ്ഞ മൂന്നുവർഷമായി തുടരുന്നുണ്ട്. ആദ്യവർഷം ചെലവിൽ 17+ ശതമാനമാണ് വർദ്ധനവുണ്ടായത്. രണ്ടാം വർഷം 16+ വർദ്ധനവുണ്ട്. മൂന്നാം വർഷം 15.4 ശതമാനം; ശരാശരിയെടുത്താൽ ഏതാണ്ട് 16 ശതമാനംവച്ചാണ് സംസ്ഥാന സർക്കാരിന്റെ ചെലവുകൾ കൂടിയത്. ഇവിടെ ഭരണകക്ഷിയിൽനിന്ന് പ്രസംഗിച്ചവർ പറഞ്ഞതുപോലെ ക്ഷേമപദ്ധതികളുടെ കാര്യത്തിലും ഹൗസിംഗിന്റെ കാര്യത്തിലും പെൻഷൻ നൽകുന്നതിനും സ്കൂൾ, ആശുപത്രി എന്നിവിടങ്ങളിലേക്ക് ചെലവാക്കേണ്ട പണത്തിനും കുറവ് വന്നിട്ടില്ല. പല രീതിയിലെടുത്തു; അങ്ങനെയെടുത്തത് തെറ്റെന്ന് പറഞ്ഞാണ് കേന്ദ്രസർക്കാർ 5600 കോടി രൂപ പിടിച്ചിരിക്കുന്നത്. അതെല്ലാം ബാങ്കിൽനിന്നും വായ്പയെടുക്കുന്നതല്ല. ജീവനക്കാരുടെ ശമ്പളക്കുടിശ്ശിക പി.എഫ്.-ൽ ലയിപ്പിച്ച് ട്രഷറി ഡെപ്പോസിറ്റിൽ വരും. അതും വായ്പയായി കണക്കാക്കി വെട്ടിക്കുറച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വികസന കാര്യത്തിൽ വരുമാന ഇടിവ് ഇതുവരെയും പ്രത്യാഘാതം സൃഷ്ടിച്ചിട്ടില്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങ് കൗശലക്കാരനാണെന്ന് സ്ഥിരം പറയാറുള്ള കാര്യം ആവർത്തിക്കുന്നില്ല. നേരത്തേ ചോദിച്ചപ്പോൾ ബഹുമാനപ്പെട്ട അംഗം പറഞ്ഞു, ശ്രീ. വി. ഡി. സതീശൻ ഉദ്ദേശിച്ച അക്കൗണ്ടിലല്ല വേൾഡ് ബാങ്കിൽ നിന്നും കിട്ടിയ പണമുള്ളത്, വരുമാനത്തിന്റെ അക്കൗണ്ടിലാണ് കിടക്കുന്നതെന്നാണ്. ആ അക്കൗണ്ടിൽ പണമുണ്ടെന്ന് ഉറപ്പുപറയാമോയെന്ന്

ചോദിച്ചപ്പോൾ അത് ട്രഷറിയിൽ കാണുമെന്നുപറഞ്ഞു. ട്രഷറിയിൽ ഇന്നത്തെ ബാലൻസ് നോക്കിയാൽ കാണുമോയെന്നു ചോദിച്ചപ്പോൾ അതൊക്കെ എടുത്തുപോകും അത് പിന്നീട് വരുമ്പോൾ കൊടുക്കാമെന്നുപറഞ്ഞു. വേൾഡ് ബാങ്ക് ഇയർ മാർക്ക് ചെയ്ത് particular project-നുവേണ്ടി തന്നിരിക്കുന്ന പണമാണ് വേറൊരു കാര്യത്തിനുപയോഗിച്ചത്. അത് അവിടെ നിന്നോട്ടെ. അങ്ങ് ഇപ്പോൾ പറഞ്ഞല്ലോ, ഈ പറയുന്ന പ്രതിസന്ധി ഒന്നിനെയും ബാധിച്ചിട്ടില്ലെന്ന്. തദ്ദേശഭരണ സ്ഥാപനങ്ങൾക്കല്ലേ 30 ശതമാനത്തിലേറെ പദ്ധതിവിഹിതം കൊടുക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളെല്ലാം കേരളത്തിൽ ഇതുവരെ കാണാത്ത ഏറ്റവും വലിയ പ്രതിസന്ധിയിലല്ലേ; അതെന്താണ് കാണാതെ പോകുന്നത്? കേരളത്തിന്റെ വികസന പ്രവർത്തനങ്ങളിൽ വലിയൊരുഭാഗം നടക്കുന്നത് local body വഴിയല്ലേ? ആ local body-കളെ പല പ്രോജക്ടുകളും നടപ്പാക്കാൻ കഴിയാതെ ശ്വാസം മുട്ടിച്ചുകൊല്ലുന്ന അവസ്ഥയല്ലേ ഇപ്പോഴുള്ളത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ അതിലേക്ക് വരാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങിവിടെ സൂചിപ്പിച്ചതുപോലെ തന്നെ, അങ്ങ് തന്ന ഉത്തരങ്ങളെല്ലാം എന്റെ കയ്യിലുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തെ ബഡ്ജറ്റ് മതിപ്പ് കണക്കുപ്രകാരം കിട്ടേണ്ട നികുതി വരുമാനത്തിൽ 24,174.79 കോടി രൂപ പിരിക്കാൻ കഴിഞ്ഞിട്ടില്ല. ശ്രീ. എം. ഉമ്മറിന്റെ ചോദ്യത്തിന് അങ്ങുതന്നെ ഉത്തരമായി തന്നതാണിത്; ഞങ്ങളാരും പറയുന്നതല്ല. ഇത് വളരെ ഗൗരവമായ ഒരു കാര്യമല്ലേ? അതാണ് ഞാൻ നേരത്തേ ചോദിച്ചത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഗൗരവമായ കാര്യമാണ്. ബഡ്ജറ്റിൽ പിരിക്കുമെന്ന് പറഞ്ഞത് പിരിക്കാൻ കഴിയാതെ പോകുന്നു. പിരിക്കാൻ കഴിയാതെ പോകുന്നതിന്റെ മൂന്ന് കാരണങ്ങൾ ഞാൻ പറഞ്ഞു. ആദ്യ വർഷവും രണ്ടാം വർഷവും മൂന്നാം വർഷവും ഇതുതന്നെയാണ് സ്ഥിതിവിശേഷം. എന്നാൽ, ഒരു ശുഭസൂചനയുള്ളത്, ജി.എസ്.ടി.-യുടെ വരുമാനത്തിൽ കഴിഞ്ഞ ക്വാർട്ടറിൽ വന്നിട്ടുള്ള മാറ്റങ്ങളാണ്. കൗശലമെന്നൊക്കെ ശ്രീ. വി. ഡി. സതീശൻ പറയുന്നത് അങ്ങോട്ടും ഇങ്ങോട്ടും പറയാവുന്ന കാര്യങ്ങളാണ്. ഞാൻ അതിലേക്ക് വരാം. ഇത്രയും കോടി രൂപയുടെ കുറവ് വരുന്നു. കഴിഞ്ഞ വർഷങ്ങളിൽ കുറവ് വന്നപ്പോഴും ഇതുവരെയും നമ്മുടെ കാര്യങ്ങളെയൊന്നും ബാധിക്കാതെ കൊണ്ടുപോകാൻ കഴിഞ്ഞു. എന്റെ ആദ്യ ബഡ്ജറ്റ് പ്രസംഗം വേണമെങ്കിൽ എടുത്ത് വായിച്ചുനോക്കൂ. ആദ്യ തലക്കെട്ട് എന്താണെന്ന് അറിയുമോ? 'രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജ് ' എന്നാണ്. രണ്ടാം മാന്ദ്യത്തിൽ ഇന്നത്തെ ദേശീയ മാന്ദ്യം നമ്മൾ കാണുന്നില്ല. പക്ഷേ, ഗൾഫിൽനിന്ന് ആളുകൾ തിരിച്ചുവരുന്നതും നാണ്യവിളകളുടെ വില കൂടുന്നില്ല എന്നതും കേരളത്തിൽ പ്രാദേശികമായ,

ഗൗരവമായ മാന്ദ്യസ്ഥിതി സൃഷ്ടിക്കും. അങ്ങനെ മാന്ദ്യം സൃഷ്ടിക്കുമ്പോൾ, സാമ്പത്തികശാസ്ത്രം പറയുന്നത് സംസ്ഥാനത്തിന്റെ ചെലവ് കൂട്ടണമെന്നാണ്. എന്നാൽ സംസ്ഥാന സർക്കാരിന് ചെലവ് തനിച്ച് വർദ്ധിപ്പിക്കാൻ കഴിയില്ല. കേന്ദ്രത്തിന്റെ സഹായം അല്ലെങ്കിൽ വായ്പ അവർ തീരുമാനിക്കുന്നതാണ്. നമ്മുടെ നികുതിവരുമാന വർദ്ധനവിന് തടസ്സവുമുണ്ട്. ഈ പശ്ചാത്തലത്തിലാണ് കിഫ്ബി കൊണ്ടുവന്നത്. നിങ്ങൾ ഇതൊന്ന് കാണൂ. ലളിതമായ സമവാക്യം സഭയ്ക്ക് മനസ്സിലാകാൻ വേണ്ടി ഞാൻ പറയുകയാണ്. Income അഥവാ നമ്മുടെ സംസ്ഥാനത്തിന്റെ വരുമാനം മൂന്ന് രീതിയിൽ ചെലവാക്കാം: ഒന്ന്, Consumption-അതായത് ഉപഭോക്താക്കൾ വാങ്ങുന്നത്. രണ്ട്, Investment - അതായത് investors invest ചെയ്യുന്നത്. മൂന്ന്, സർക്കാർ ചെലവഴിക്കുന്നത്. Y=C+I+G. കേരളത്തിലും രാജ്യത്തും ഇപ്പോൾ ഉണ്ടായിരിക്കുന്ന സ്ഥിതിവിശേഷമെന്താണ്? Consumption കുറയുന്നുവെന്ന കാര്യത്തിൽ ആർക്കും തർക്കമില്ലല്ലോ? 'I' കുറയുന്നു. ക്രെഡിറ്റുപോലും വാങ്ങുന്നില്ല. വായ്പാ വർദ്ധനവ് മാത്രം നോമിനൽ റേറ്റിൽ കഴിഞ്ഞ വർഷത്തെക്കാൾ എട്ട് ശതമാനമാണ്. കോർ സെക്ടറിൽ കഴിഞ്ഞ മാസത്തേത് മൈനസ് അഞ്ചാണ് (-5). ഇൻവെസ്റ്റ്മെന്റ് ഇല്ല. Y= C+I+G. അതിൽ 'C'-യും 'I'-യും താഴ്ന്നാൽ പിന്നെ 'Y' നിലനിർത്തണമെങ്കിൽ 'G' കൂട്ടുക എന്ന ഒരൊറ്റ വഴിയേയുള്ളൂ. കേന്ദ്ര സർക്കാർ ഈ വിശ്വാസക്കാരല്ല. അവർ കരുതുന്നത് Investment ('I') - നെ പ്രോത്സാഹിപ്പിക്കാൻവേണ്ടി കോർപ്പറേറ്റ് ടാക്സിൽ ഇളവുകൊടുത്താൽ മതിയെന്നാണ്. അങ്ങനെയാണെങ്കിൽ അവർ ഇതിൽ സംപ്രീതരായി നിക്ഷേപം നടത്തുമെന്ന് ചിന്തിച്ചാണ് ഒന്നേമുക്കാൽ ലക്ഷം കോടി രൂപ കൊടുക്കുന്നത്. സാധാരണക്കാരന്റെ കയ്യിൽപ്പോലും പണമെത്തിക്കാനുള്ള ഏർപ്പാട് ചെയ്യുന്നില്ല. അവരാണെങ്കിൽ ഫിസ്കൽ ഡെഫിസിറ്റ് കൂട്ടുകയുമില്ല. പലരും വായ്പയുടെ കാര്യം ചോദിക്കുന്നുണ്ട്. ഈ പശ്ചാത്തലത്തിലാണ് സംസ്ഥാന സർക്കാർ അമ്പതിനായിരം കോടി രൂപയുടെ കിഫ്ബി നിക്ഷേപം സംസ്ഥാനത്ത് വരുത്തുന്നത്. 'G' വർദ്ധിപ്പിക്കാൻ കഴിയില്ലെങ്കിലും അമ്പതിനായിരം കോടി രൂപ നമ്മൾ കൂട്ടുകയാണ്. ഇതിന്റെ ബലത്തിലാണ് കേരളം നിൽക്കാൻ പോകുന്നത്. ഈ അമ്പതിനായിരം കോടി രൂപ നമ്മൾ ചെലവഴിക്കുമ്പോൾ പുറത്തുള്ളവർ ആദ്യമൊക്കെ അതിനെ തമാശയായിട്ടെടുത്തു. ഇപ്പോൾ ആരും തമാശയായി എടുക്കുന്നില്ല. പിന്തിരിപ്പന്മാരാണെങ്കിൽ എങ്ങനെ തടയാൻ കഴിയുമെന്ന് നോക്കിക്കൊണ്ടിരിക്കുകയാണ്. മസാല ബോണ്ട് വന്നതെങ്ങനെ? ഇത്രയും വായ്പയെടുത്തതെങ്ങനെ? കേരള സർക്കാർ ഫിസ്കൽ റെസ്പോൺസിബിലിറ്റി ആന്റ് ബഡ്ജറ്റ് മാനേജ്മെന്റ് ആക്ട് ലംഘിച്ചിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങളൊക്കെ അവർ പരിശോധിച്ചോട്ടെ. എന്നാൽ, കേരളത്തിന്റെ ഇന്നത്തെ മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ, ഇത്തരത്തിലുള്ള ഒരു നിക്ഷേപം, അല്ലെങ്കിൽ ഇനി വരുമാനം

കുറഞ്ഞ്, ബഡ്ജറ്റിൽ ആ റോഡിന് അൽപ്പം കുറഞ്ഞു, അല്ലെങ്കിൽ കുടിവെള്ളത്തിന് കുറഞ്ഞു എന്നാലും മൊത്തത്തിൽ ഈ അർദ്ധ സർക്കാർ ഇൻവെസ്റ്റ്മെന്റുംകൂടി കിടക്കുമ്പോൾ അഭൂതപൂർവ്വമായ വർദ്ധനവാണ് ചെലവിൽ വരുന്നത്. അത്തരത്തിലുള്ള ഒരു വികസന സമീപനം അറിഞ്ഞുകൊണ്ടുതന്നെ സ്വീകരിച്ചിരിക്കുകയാണ്.

ശ്രീ. പി. കെ. ബഷീർ: സർ, സാമ്പത്തിക മാന്ദ്യം, പ്രതിസന്ധി എന്നൊക്കെ അങ്ങിവിടെ പറഞ്ഞു. അങ്ങനെയാണെങ്കിൽ സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ട് വെട്ടിക്കുറയ്ക്കാൻ എന്തെങ്കിലും നടപടി സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നുണ്ടോ? 2018-19-ൽ മാർച്ച് മാസം വന്നപ്പോൾ ക്യൂവിൽ വന്ന ത്രിതല പഞ്ചായത്തുകളുടെ ബില്ലിൽ, 2018-19-ലെ പണം അഡീഷണലായി അവർക്ക് കൊടുക്കുമെന്ന് അങ്ങ് പറഞ്ഞു. പക്ഷേ, ഇപ്പോൾ വന്ന ഉത്തരവിൽ 2019-20-ലെ പദ്ധതിയിൽനിന്ന് അവർക്ക് ആ പണം കൊടുക്കണമെന്നാണ് പറഞ്ഞത്. പഴയ പണം കൊടുക്കില്ല എന്നാണ് പറയുന്നത്. ഇതിൽ സർക്കാരിന്റെ നിലപാട് എന്താണ്?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഈ വർഷത്തെ പണത്തിൽ നിന്നാണോ എന്ന് ചിലർ ചോദിച്ചു. കഴിഞ്ഞ വർഷത്തെ പണത്തിൽനിന്ന് കൊടുക്കാൻ കഴിയുമോ? ഇന്ന് അക്കൗണ്ടിംഗ് അങ്ങനെയല്ലേ? കഴിഞ്ഞ മാർച്ച് 31-ന് ആ കണക്ക് തീർന്നു. ഇനി ഏത് പൈസ കൊടുത്താലും കഴിഞ്ഞ വർഷം അർഹതപ്പെട്ടതാണെങ്കിലും ഈ വർഷത്തെ കണക്കിൽനിന്നെടുത്തേ കൊടുക്കാൻ കഴിയൂ. ആർക്കെങ്കിലും കൊടുത്തില്ല എന്നുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ അപ്പോൾത്തന്നെ അതിനുള്ള നടപടി സ്വീകരിക്കാം. മുഴുവൻ പെൻഡിംഗ് ബില്ലുകളും കൊടുത്തു എന്നാണ് എന്റെ അറിവ്. ....(ബഹളം)..... വഴങ്ങിത്തരുന്ന ആളല്ലേ ഞാൻ. ഞാൻ പറയുന്നത് കേൾക്കൂ. അഡീഷണൽ എമൗണ്ട് കൊടുക്കുമെന്ന് പറഞ്ഞത് എപ്പോഴാണ്? അനുവദിച്ച പണം ചെലവഴിച്ച് തീരുമ്പോഴാണ് അഡീഷണൽ എമൗണ്ട് നൽകുന്നത്. അല്ലാതെ അഡീഷണൽ ആദ്യം കൊടുക്കുമോ? ബഡ്ജറ്റിൽ അനുവദിച്ച പണം തീർത്തുകഴിയുമ്പോൾ അഡീഷണൽ ആതറൈസേഷനായി നൽകും. കഴിഞ്ഞ വർഷവും നൽകിയല്ലോ; അങ്ങനെയല്ലേ നാട്ടുനടപ്പ്?

ശ്രീ. കെ. സി. ജോസഫ്: സർ, ഒരു ബഡ്ജറ്റ് പാസ്സാക്കുന്നത് ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെയാണ്. കേരളത്തിലാദ്യമായി 2019 മാർച്ച് 31-ന് മാർച്ച് 24 മുതൽ കൊടുത്ത ബില്ല് മുഴുവനും ക്യൂവിൽ വച്ചു. ഈ സഭ വോട്ട് ചെയ്ത് പാസ്സാക്കിയത് ആ പണം അവർക്ക് കൊടുക്കാൻവേണ്ടിയാണ്. അങ്ങ് മനഃപൂർവ്വം ആ പണം കൊടുത്തില്ല. അങ്ങനെ കൊടുക്കാത്ത പണം ചെലവഴിക്കാൻ കഴിഞ്ഞ

തവണ സഭ വോട്ട് ചെയ്തതാണ്. അങ്ങ് ഇപ്പോൾ അതിൽനിന്ന് ഒഴിഞ്ഞുമാറുകയാണ്. ഞങ്ങളുടെ ചോദ്യം കൃത്യമാണ്. ആ പണം ഇത്തവണ അഡീഷണലായി കൊടുക്കാൻ തയ്യാറാകുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഈ വിദ്യ എന്നെ പഠിപ്പിച്ചുതന്നത് ശ്രീ. കെ. സി. ജോസഫാണ് എന്നാണ് എനിക്ക് ആദ്യമേ പറയാനുള്ളത്. e-LAMS (Electronic Ledger Account Monitoring System) എന്ന പരിപാടി ഇവരല്ലേ കൊണ്ടുവന്നത്? ഇവിടെ നിയമസഭയിൽ, ഈ വർഷം സർക്കാർ പൂട്ടുമെന്നൊക്കെ പറഞ്ഞു കൊണ്ടിരിക്കുമ്പോൾ ഒരു പ്രശ്നവുമില്ല. പിന്നെ പരിശോധിച്ചപ്പോഴല്ലേ e-LAMS-ലേക്ക് അടുത്ത വർഷം തരാമെന്ന് മനസ്സിലാകുന്നത്. ക്യൂ ഇപ്പോഴും വയ്ക്കുന്നില്ല. ക്യൂവിൽ നിൽക്കുന്നത് വേറെയാണ്. അതുതന്നെയാണ് തുടരുന്നത്. പക്ഷേ, ഇത്രയും പണം കുറഞ്ഞാൽ നിങ്ങളെന്താണ് ചെയ്യാൻ പോകുന്നതെന്ന് ഒരു ചോദ്യം വളരെ ഗൗരവത്തിൽ ചോദിച്ചു. 45 ശതമാനം വെട്ടിക്കുറയ്ക്കാൻ പോകുകയാണെന്ന് ശ്രീ. വി. ഡി. സതീശൻ നേരത്തേ പറഞ്ഞു. കഴിഞ്ഞ വർഷം ഇരുപത് ശതമാനം കുറച്ചു. പക്ഷേ, ഇരുപത് ശതമാനം നമ്മുടെ റോഡുകൾക്കും മറ്റും കൂടുതൽ കൊടുക്കുകയാണ് ചെയ്തത്. ഇത്തരത്തിൽ ഇരുപതിനായിരം കോടി രൂപ വരുന്നതിന്റെ പശ്ചാത്തലത്തിൽ 30 ശതമാനം കട്ട് ചെയ്യേണ്ടി വന്നേക്കാം എന്ന് മനസ്സിൽ വച്ചുകൊണ്ട് ഓരോ വകുപ്പും അവരുടെ പ്രയോറിറ്റി നിശ്ചയിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കട്ട് പ്രഖ്യാപിച്ചിട്ടില്ല. ഇപ്പോഴും പ്രതീക്ഷ കൈവിടുന്നില്ല. ഇന്ത്യ മാന്ദ്യത്തിലേക്ക് പോകുന്നു. ഇനിയിപ്പോൾ സ്റ്റിമുലസ് പാക്കേജ് വേണമെന്നും അതിന് അര ശതമാനം വീതം സംസ്ഥാനങ്ങൾക്ക് കഴിഞ്ഞ മാന്ദ്യം വന്നപ്പോൾ അനുവദിച്ചപോലെ കൊടുക്കാമെന്നും കേന്ദ്ര സർക്കാർ തീരുമാനിച്ചാൽ നമുക്ക് പ്രശ്നമില്ല, നമുക്ക് കാര്യങ്ങൾ ചെയ്യാം. അതല്ലെങ്കിൽ നമ്മുടെ ജി.എസ്.ടി. വരുമാനം ഇനിയുള്ള മാസം പിക്കപ്പ് ചെയ്തോ എന്ന് നോക്കാം. പക്ഷേ, മുപ്പത് ശതമാനം വേണ്ടിവരുമെന്നുള്ള അനുമാനത്തിന്റെ അടിസ്ഥാനത്തിൽ ചെലവുകൾ റീപ്രയോറിട്ടൈസ് ചെയ്യാനായി അവരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ബഡ്ജറ്റ് സപ്ലിമെന്ററിയിൽ 152 കോടി രൂപയേ ഉള്ളൂ.

ശ്രീ. വി. ഡി. സതീശൻ: സർ, അതിനെയല്ലേ കട്ട് എന്ന് പറയുന്നത്? ഓമനപ്പേരിട്ട് വിളിച്ചാൽ കട്ട് അല്ലാതാകുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, കട്ട് ചെയ്യണമെന്നൊന്നും ആഗ്രഹമില്ല. ഏതിനൊക്കെയോ ആദ്യം ചെലവായിപ്പോയി, പക്ഷേ, പ്രധാനപ്പെട്ടത് ചെലവാക്കാൻ കഴിഞ്ഞില്ല എന്നുള്ള സ്ഥിതിവിശേഷം വരരുത്.

അതുകൊണ്ട് മുപ്പത് ശതമാനം കുറയ്ക്കേണ്ടി വന്നേക്കാം എന്നുള്ള അനുമാനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതികളൊക്കെ റീപ്രയോറിട്ടൈസ് ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഒരു ഫിനാൻഷ്യൽ പ്രശ്നമുണ്ട് എന്നുള്ളത് വലിയ കാര്യമാണ്. അങ്ങ് പറഞ്ഞത് അതിന് പാരലലായി കിഫ്ബിയിലൂടെ പ്രോജക്ട് ചെയ്യുന്ന എന്നാണ്. ഒരു അക്കാദമിക് പർപ്പസിന് കിഫ്ബിയിൽ പ്രോജക്ടുകൾ നടത്തുന്നതാണ്; ധാരാളം വർക്കുകൾ നടക്കുന്നു; നമ്മുടെ കൺസംപ്ഷൻ കൂടുന്നു എന്നുള്ളത് assume ചെയ്യുകയാണെങ്കിലും ഇതിലുള്ള ഒരു വിഷയം, അങ്ങ് കിഫ്ബി ആക്ട് കൊണ്ടുവന്നപ്പോഴും നിയമസഭയിൽ ഓരോ പ്രാവശ്യവും പറയുന്നത്, കിഫ്ബിയിൽ നമ്മൾ എടുക്കുന്ന അൻപതിനായിരം കോടി രൂപയുടെ കടം കേരളം ഒരു കൺസ്യൂമർ സ്റ്റേറ്റായതുകൊണ്ട് മോട്ടോർ വെഹിക്കിൾ ടാക്സും സെസും പ്രവാസി ചിട്ടിയും കൊണ്ടൊക്കെ തിരിച്ചടയ്ക്കാമെന്നാണ്. മോട്ടോർ വെഹിക്കിൾ ടാക്സും പെട്രോൾ സെസും തമ്മിൽ ഏകദേശം 50 ശതമാനം ഓഫ് ടാർഗറ്റ് പോകുമ്പോൾ കിഫ്ബിയിൽ നമ്മൾ എടുക്കുന്ന പണം ഭാവിയിൽ ഒരു additional burden impact ഉണ്ടാക്കാൻ പോകുകയാണെന്ന് ഇപ്പോൾ അങ്ങുതന്നെ പറയുന്നു. മറ്റ് സംസ്ഥാനങ്ങൾക്കുള്ള കടത്തെക്കാൾ രണ്ടിരട്ടിയോ മൂന്നിരട്ടിയോ കടത്തിലേക്ക് നമ്മൾ പോകുകയാണ്. എന്റെ ചോദ്യം, കിഫ്ബിയിൽ മോട്ടോർ വെഹിക്കിൾ ടാക്സിൽനിന്നും പെട്രോൾ സെസിൽനിന്നും കഴിഞ്ഞ മൂന്ന് വർഷമായി നമ്മൾ ടാർഗറ്റ് ചെയ്തതിന്റെ എത്ര ശതമാനം ഇതുവരെ റീപേമെന്റ് അല്ലെങ്കിൽ ഒരു കണക്ക് achieve ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്?

3.00 P.M.]

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ പരിശോധിച്ചിട്ട് ആ കണക്ക് പറയാം. നിയമസഭയിൽ കിഫ്ബി നിയമം അവതരിപ്പിച്ചപ്പോൾ ഇതിന്റെ റീപേമെന്റ് സംബന്ധിച്ച് ഒരു മോഡൽ വച്ചിരുന്നു. മോട്ടോർ വെഹിക്കിൾ ടാക്സ് 15 ശതമാനം വച്ച് കൂടിക്കൊണ്ടിരിക്കുകയാണെങ്കിൽ അതിന്റെ പകുതി വച്ച് വന്നാൽ ഈ പറയുന്ന കാലയളവിൽ, 2030 ആകുമ്പോഴേക്കും റീപേമെന്റ് പൂർണ്ണമായും നടക്കുമെന്ന് പറഞ്ഞു. ഞാൻ അന്ന് പറഞ്ഞു, ഇത് ഏറ്റവും കൺസർവേറ്റീവായ ഒരു എസ്റ്റിമേറ്റാണെന്ന്. എന്താണ് കൺസർവേറ്റീവ് എന്നുപറയുന്നത്? ഇതിലെ ഒരു പ്രോജക്ടുപോലും റവന്യൂ മോഡലിലല്ല, തിരിച്ചടവൊന്നും കിട്ടില്ല. പൂർണ്ണമായും ബഡ്ജറ്റിൽ നിന്നും തിരിച്ചടയ്ക്കേണ്ടിവരും എന്നുള്ള അനുമാനത്തിലാണ്. മറ്റൊന്ന്, 9 ശതമാനം പലിശ ശരാശരി വരുമെന്നുള്ള കണക്കിലാണ്. അപ്പോൾ ഇതിൽ 15 ശതമാനം

വച്ച് കൂട്ടുന്നില്ല എന്നുള്ള അനുമാനമാണ് നിങ്ങൾ ചൂണ്ടിക്കാണിച്ചത്. അത് പിന്നീട് മാറും. 15 ശതമാനംവച്ച് കൂട്ടുന്നില്ല, പക്ഷേ, മുഴുവനും റവന്യൂ മോഡൽ അല്ല. ഇവിടെ ചർച്ച ചെയ്ത ട്രാൻസ്ഗ്രിഡിന് 5000 കോടി രൂപ ഇലക്ട്രിസിറ്റി ബോർഡ് തിരിച്ചടയ്ക്കേണ്ടതാണ്. 25 ശതമാനം പ്രോജക്ടുകളെങ്കിലും റവന്യൂ മോഡലിലേക്ക് വരികയാണ്. ഭൂമി ഏറ്റെടുത്ത് വ്യവസായ പാർക്കുകൾക്കുവേണ്ടി പണം ചെലവഴിക്കുന്നതിന് തിരിച്ചടവ് വേണ്ടതാണ്. അതുകൊണ്ട് enough space-ഉം fiscal space-ഉം ഉണ്ട്. നിങ്ങൾ ഈ പറയുന്ന തോതിൽ 15 ശതമാനം വച്ച് നികുതിവരുമാനം നേരത്തേ വർദ്ധിച്ചതുപോലെ വർദ്ധിച്ചില്ലെങ്കിലും കുഴപ്പമില്ല, അതിനെ ഉൾക്കൊള്ളാൻ കഴിയുന്ന മോഡലാണിത്. വേണമെങ്കിൽ ആ മോഡൽ എടുത്ത് വായിച്ചു നോക്കാം. അതുകൊണ്ട് അക്കാര്യത്തിൽ പരിഭ്രാന്തിയൊന്നും ആർക്കും വേണ്ടെന്നാണ് പറയാനുള്ളത്.

പലരും കടത്തെക്കുറിച്ച് പറയുന്നതുകേട്ടു. ഞാൻ നടത്തിയ ഏതെങ്കിലും പ്രസംഗത്തിൽ കടം പെരുകി, കടക്കെണിയിലായി എന്നുള്ള ഒരു വാക്ക് കാണിച്ചുതരാൻ കഴിയുമോ? എന്റെ ഏതെങ്കിലും ബഡ്ജറ്റ് പ്രസംഗത്തിൽ കാണിച്ചുതരാൻ സാധിക്കുമോ? വരുമാനത്തിന്റെ മൂന്ന് ശതമാനത്തിനപ്പുറം ഒരു സംസ്ഥാനത്തിനും വായ്പയെടുക്കാൻ കഴിയില്ല. അതുകൊണ്ട് ഞാനും നിങ്ങളുമെല്ലാം എത്ര കിണഞ്ഞ് പരിശ്രമിച്ചാലും ഈ തോതിൽ മാത്രമേ വായ്പയെടുക്കാൻ സാധിക്കുകയുള്ളൂ. ഈ തോതിൽ വളർന്നാൽ അഞ്ച് വർഷം കഴിയുമ്പോൾ കടം ഏതാണ്ട് ഇരട്ടിയാകും. നമുക്ക് ഓരോരുത്തർക്കും ഇലക്ഷൻ വരുമ്പോൾ നന്നായി പ്രസംഗിക്കാം. ഇതുവരെ എടുത്ത കടത്തിന്റെ തുല്യമായ കടം നിങ്ങൾ എടുത്തിരിക്കുന്നുവെന്ന് ഇവിടെനിന്നും അവിടെനിന്നും പ്രസംഗിക്കാം. പക്ഷേ, കാര്യം മനസ്സിലാക്കണം, കടഭാരം പെരുകി സംസ്ഥാന സർക്കാരൊന്നും തകരാൻ പോകുന്നില്ല. ശ്രീ. എ. പി. അനിൽകുമാർ പറഞ്ഞതിനെക്കുറിച്ചാണ് ഞാൻ പറയുന്നത്. കാരണം, എടുക്കാവുന്ന വായ്പയ്ക്ക് കൃത്യമായ പരിധി കൽപ്പിച്ചിട്ടുണ്ട്. ഇനിയിപ്പോൾ ഫിനാൻസ് കമ്മീഷന്റെ റിപ്പോർട്ട് വരുമ്പോൾ എൻ. കെ. സിംഗിനെ വിശ്വസിക്കാമെങ്കിൽ, അദ്ദേഹം അത് വീണ്ടും വെട്ടിക്കുറയ്ക്കാൻ പോകുകയാണ്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, അങ്ങ് public debt-മായി ബന്ധപ്പെട്ട കാര്യങ്ങളാണ് സൂചിപ്പിച്ചത്. public debt-ന്റെ ഡെഫനിഷനിൽ ഒരു കാര്യം എനിക്ക് ബോധ്യമായി. പ്രതിപക്ഷത്ത് എൽ.ഡി.എഫ്. വരുമ്പോൾ public debt കൂടുന്നത് disadvantage ആണ്. അതേസമയം ഭരണപക്ഷത്ത് എൽ.ഡി.എഫ്. വരുമ്പോൾ public debt കൂടിയാൽ അത് നാടിന് ഗുണമാണ്. ഒരു വാദത്തിനുവേണ്ടി ഞാൻ അത് അംഗീകരിക്കുന്നു. പക്ഷേ, public debt കൂടുക

എന്നുപറയുമ്പോൾ അങ്ങ് പറഞ്ഞ വാദം ശരിയാകണമെങ്കിൽ അത് നമ്മുടെ ഗ്രോത്ത് റേറ്റിലും എല്ലായിടത്തും കാണണം. ജി.ഡി.പി. ഗ്രോത്ത് റേറ്റിൽ വളർച്ചയുണ്ടാകണം. തൊഴിലില്ലായ്മ കുറഞ്ഞു വരണം. അങ്ങുതന്നെ സൂചിപ്പിച്ച ഡീസൽ, പെട്രോൾ, മദ്യം ഇതിന്റെപോലും വരുമാനം കുറഞ്ഞുവരുന്നുണ്ടെന്ന്. അപ്പോൾ public debt കൂടുന്നതിനനുസരിച്ച് ഈ രീതിയിലുള്ള വളർച്ച ഇല്ലാതായി വന്നാൽ എങ്ങനെയാണ് അതൊരു advantage ആയി കാണാൻ സാധിക്കുന്നത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, നായനാർ സർക്കാരിന്റെ ഭരണകാലം മുതൽ കേരളം വളർന്നുകൊണ്ടിരിക്കുന്നത് ദേശീയ ശരാശരിയേക്കാൾ ഉയർന്ന തോതിലാണ്. ഇപ്പോൾ ഗൾഫിൽനിന്നുള്ള തിരിച്ചുവരവിന്റെ പശ്ചാത്തലത്തിലാണ് ഇന്ന് സംഭവിച്ചിരിക്കുന്ന പ്രശ്നങ്ങൾ ഉണ്ടായിരിക്കുന്നത്. അത് മറികടക്കാൻ പുറത്തുനിന്ന് കടമെടുത്തിട്ടായാലും സർക്കാരിന്റെ നിക്ഷേപം വർദ്ധിപ്പിക്കണം. അല്ലെങ്കിൽ പാതാളത്തിലേക്ക് പോകും. അതാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. പി. ജെ. ജോസഫ് പ്രസംഗിച്ചപ്പോൾ നല്ല നിർദ്ദേശങ്ങൾ പലതും മുന്നോട്ടുവച്ചു. സ്കിൽ ഡെവലപ്മെന്റിന്റെ പ്രാധാന്യത്തെ ഈ സർക്കാർ ഒരിക്കലും വിസ്മരിക്കുന്നില്ല. ശ്രീമതി പി. അയിഷാ പോറ്റി 'അസാപ്പ്'ന്റെ കാര്യം പറഞ്ഞു. അടുത്ത 10-ാം തീയതി എന്റെ മണ്ഡലത്തിലും അത് ഉദ്ഘാടനം ചെയ്യുകയാണ്. ഈ പറയുന്ന രീതിയിലുള്ള ഏറ്റവും ഉയർന്ന സ്ഥാപനങ്ങൾ, വലിയ കമ്പനികൾ തന്നെയാണ്, അവരാണ് അവർക്കുവേണ്ട സ്കിൽ കണ്ടെത്തി ട്രെയിൻ ചെയ്യാൻ പോകുന്നത്. ഇതു പോരാ. ശ്രീ. പി. ജെ. ജോസഫ് പറഞ്ഞതുപോലെ, പോളിടെക്നിക്കുകൾ കൂടുതൽ ആരംഭിക്കാൻ കഴിയുമോ, നമ്മുടെ എഞ്ചിനീയറിംഗ് കോളേജുകളിലെ ഫെസിലിറ്റീസ് അതിന് ഉപയോഗിക്കാൻ സാധിക്കുമോ തുടങ്ങിയ കാര്യങ്ങളൊക്കെ ഉന്നത വിദ്യാഭ്യാസ വകുപ്പ് പരിശോധിക്കേണ്ടതാണ്. പക്ഷേ, സ്കിൽ ട്രെയിനിംഗിന്റെ പ്രാധാന്യത്തെക്കുറിച്ച് നമുക്ക് യാതൊരു സംശയവുമില്ല. ഹൈ സ്പീഡ് റെയിൽ കോറിഡോർ അല്ല, സെമി മതി. അതിന്റെ കാര്യത്തെക്കുറിച്ച് ശ്രീ. പി. ജെ. ജോസഫ് പറയുകയുണ്ടായി. അത് അഭിപ്രായവ്യത്യാസമുള്ള കാര്യമല്ല. അത് വാസ്തവത്തിൽ നമ്മൾ ഒരുമിച്ചിരുന്ന് ചർച്ച ചെയ്യേണ്ട ഒന്നാണ്. ഇനി കേന്ദ്ര സർക്കാർ കൊണ്ടുവരുന്ന ഹൈ സ്പീഡ് റെയിൽ കോറിഡോറുമായി ബന്ധിപ്പിക്കാൻ കഴിയുമെങ്കിൽ അതിനും തടസ്സമില്ല, ആർക്കാണ് തടസ്സമുള്ളത്? ഏതായാലും അതിന്റെ അലൈൻമെന്റ് കണ്ടുപിടിക്കുക, അതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുക തുടങ്ങിയ കാര്യങ്ങളിലേയ്ക്ക് നീങ്ങുകയാണ്.

ഒരു അഴിമതി ആരോപണം ശ്രീ. വി. ഡി. സതീശൻ ഔപചാരികമായി ഉന്നയിച്ചിരിക്കുകയാണ്. ഈ പ്രോജക്ടിന്റെ പ്രാധാന്യം ആദ്യം മനസ്സിലാക്കുക. രണ്ടാമതായി, ശ്രീ. വി. ഡി. സതീശൻ വിളിച്ചപ്പോൾ വളരെ മോശമായി വർത്തമാനം പറഞ്ഞ ആ സ്ത്രീയുടെ കോൺട്രിബ്യൂഷനും ആദ്യം മനസ്സിലാക്കണം എന്നാണ് സഭയോട് എന്റെ അഭ്യർത്ഥന. ഇപ്പോൾ 2000 മെഗാവാട്ടിന്റെ DC ലൈൻ മാടക്കത്തറ വരെ കൊണ്ടുവരാം. അതുവഴി ഇത്രയും വൈദ്യുതി കേരളത്തിലേയ്ക്ക് കൊണ്ടുവരാം. പക്ഷേ, അവർ അത് പണിയുന്നില്ല. കാരണം, ഇവിടെ വന്നാൽ കേരളത്തിന്റെ പല ഭാഗത്തേയ്ക്ക് കൊണ്ടുപോകാൻ 440 കെ.വി. ലൈൻ ഇല്ല. നമുക്ക് ആകെയുള്ളത് 220 കെ.വി.ലൈനാണ്. 440 കെ.വി. ലൈൻ കേരളത്തിന്റെ തെക്കോട്ടും വടക്കോട്ടും വലിക്കണമെന്നുണ്ടെങ്കിൽ ഇടമൺ പാതയ്ക്കുവേണ്ടി ചെയ്തതുപോലെ ഒരറ്റം മുതൽ മറ്റേയറ്റംവരെ ഭൂമി ഏറ്റെടുക്കണം. അതുകൊണ്ട് ആരും ഇത് ചിന്തിക്കുന്നതുപോലുമില്ല. ഇപ്പോഴാണ് ഇതിന് innovative system കൊണ്ടുവന്നത്. 220 കെ.വി.ലൈനിന്റെ ടവർ ബലപ്പെടുത്തുകയോ അല്ലെങ്കിൽ പുതിയത് സ്ഥാപിക്കുകയോ ചെയ്തിട്ട് മുകളിൽക്കൂടി 440 കെ.വി. ലൈനും താഴെക്കൂടി 220 കെ.വി. ലൈനും കൊണ്ടുപോകാം; കൂടുതൽ ഭൂമി വേണ്ട. ഈ ഒരൊറ്റ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാരിനുണ്ടാകുന്ന ചെലവ് 3500 കോടി രൂപയാണ്. ഇത് ഇന്നൊവേറ്റീവ് ആണോ അല്ലയോ എന്നൊക്കെ എനിക്ക് തർക്കിക്കാൻ സാധിക്കില്ല. പക്ഷേ, കേന്ദ്രസർക്കാർ പുതിയൊരു ഇന്നൊവേറ്റീവ് പ്രോഗ്രാമെന്ന നിലയിൽ ഈ പദ്ധതി നടപ്പാക്കാൻ 400 കോടി രൂപ ഗ്രാന്റായി നൽകി. അതാണ് ട്രാൻസ്ഗ്രിഡ് പദ്ധതി എന്നുപറയുന്നത്. നിലവിലുള്ള 220 കെ.വി. ലൈനിനോടൊപ്പമാണ് ഇത് പണിയേണ്ടത്. അപ്പോൾ അവിടെയുള്ള പ്രശ്നം എന്താണ്? 220 കെ.വി. ലൈൻ എത്രയോ വർഷം മുമ്പ് പണിതതാണ്. അതിലേക്കുള്ള വഴികളൊക്കെ അടഞ്ഞു, അവിടെയൊക്കെ മതിലും കെട്ടിടങ്ങളും മറ്റുമായി. ഇതിന് കയറ്റിറക്ക് കൂലി ഒരുപാട് വേണം, അക്സസ് ഇല്ല എന്നാണ് ഓർഡറിൽ പറഞ്ഞിരിക്കുന്നത്. പലതും ചെയ്യേണ്ടിവരും; എന്നാൽ മാത്രമേ ലൈൻ കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. പലസ്ഥലത്തും മതിൽ പൊളിക്കേണ്ടിവരും. റോഡ് അക്സസ് നിൽക്കുന്ന സ്ഥലത്തല്ല ഈ ലൈൻ നിൽക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ അതിന് ഉപയോഗിക്കുന്ന ഡാറ്റ ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റിന്റേതാണ്. ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റിൽ ഇല്ലാത്ത റേറ്റ് എങ്ങനെയാണ് ചെയ്യുക എന്നുള്ളതിന് കാലാകാലങ്ങളായി ഇലക്ട്രിസിറ്റി ബോർഡിൽ തീരുമാനിച്ചിട്ടുള്ള സമ്പ്രദായമുണ്ട്. അതുപ്രകാരം എസ്റ്റിമേറ്റുണ്ടാക്കും. പതിനായിരം കോടി രൂപ ആകെ വരുന്നതുകൊണ്ട് സെൻട്രൽ ഏജൻസികൾ ചെയ്യട്ടെയെന്ന് വയ്ക്കും. നിങ്ങൾ ആക്ഷേപം ഉന്നയിക്കുന്നത് എന്താണ്?

ഒത്തുകളിക്കാൻ കഴിയുന്ന പാകത്തിൽ രണ്ടോ മൂന്നോ കമ്പനികളെ ഒപ്പിച്ചു, എന്നിട്ട് അവർ ഒത്തുകളിച്ചു എന്നല്ലേ പറയുന്നത്? ആദ്യം ടെണ്ടർ വിളിച്ചു. മൂന്ന് പേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അത് റീടെണ്ടർ ചെയ്തു. 500 കോടി രൂപ വച്ചാൽ ഇവർ മാത്രമേ വീണ്ടും ഉണ്ടാകുകയുള്ളൂ, അതുകൊണ്ട് കുറച്ചുവച്ചാൽ കോമ്പറ്റീഷൻ കൂടുമല്ലോ എന്ന് കരുതി 300 കോടി രൂപയാക്കി. എന്നിട്ടും ഈ മൂന്നുപേർ മാത്രമേ മുന്നോട്ട് വന്നുള്ളൂ. അവരിൽ ഒരാൾക്ക് ടെണ്ടർ കിട്ടി. അതിൽ ടെണ്ടർ എക്സസ് ഉണ്ട്. അപ്പോഴുണ്ടായ വാദമെന്താണ്? ഇങ്ങനെ പത്ത് ശതമാനത്തിലധികം ടെണ്ടർ എക്സസ് ഉണ്ടെങ്കിൽ റീടെണ്ടർ ചെയ്യണം. എന്നിട്ടും അതിൽ നിൽക്കാതെ വന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ സാധിക്കില്ല. എന്തുകൊണ്ടാണ്? ഡാറ്റ same അല്ലേ; റേറ്റ് ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റിന്റേതല്ലേ? പ്രത്യേക സാഹചര്യങ്ങൾ പരിശോധിച്ച് അഡീഷണൽ കൺവേയൻസ് കൊടുക്കണമോ തുടങ്ങിയ കാര്യങ്ങൾ നോക്കിയശേഷം ചെയ്യണമെന്ന് ആ ഓർഡറിൽ പറഞ്ഞിട്ടുണ്ട്. എന്തുകൊണ്ടാണ് ഇങ്ങനെ ഒരു ഉത്തരവിറക്കേണ്ടിവന്നത്? ഞാൻ ഇപ്പോൾ മറിച്ചൊരു അഴിമതി ആരോപണമൊന്നും ഉന്നയിക്കാൻ ഉദ്ദേശിക്കുന്നില്ല. എസ്റ്റിമേറ്റ് പത്ത് ശതമാനമല്ല, ഒത്തുവിളിച്ച് പലതാക്കാം. എസ്.പി.വി.കൾ, കൺസ്ട്രക്ഷൻ കോർപ്പറേഷൻ തുടങ്ങിയവ വഴിയാണ് ടെണ്ടർ വിളിക്കുന്നതെങ്കിൽ അവരുടെ ഒത്തുവിളിയാണ് നടക്കുന്നത്. ആ രീതി വ്യാപകമായിരുന്നു. മറ്റൊരു കാര്യം, ടെണ്ടർ ഉറപ്പിച്ചുകഴിഞ്ഞാൽ പിന്നെ റിവൈസ്ഡ് എസ്റ്റിമേറ്റുണ്ടാക്കാം. ഇത് ഇങ്ങനെ rampant ആയതുകൊണ്ട് ഒരു തീരുമാനമെടുത്തു. ആ തീരുമാനമാണ് ശ്രീ. കെ. എം. എബ്രഹാമിന്റെ ഓർഡർ എന്നുപറയുന്നത്. ആ ഓർഡർ ഒന്ന് വായിച്ചുനോക്കൂ. അതിൽ എവിടെയെങ്കിലും ഇലക്ട്രിസിറ്റി ബോർഡിനെക്കുറിച്ച് പരാമർശമുണ്ടോ? ഇതിൽ എസ്റ്റിമേറ്റുകൾ പരിശോധിക്കുന്നതിന് കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ആ കമ്മിറ്റിയിൽ പൊതുമരാമത്ത്, ഇറിഗേഷൻ, വാട്ടർ അതോറിറ്റി എന്നീ വകുപ്പുകളിലെ എഞ്ചിനീയർമാരുണ്ട്, പക്ഷേ, ഇലക്ട്രിസിറ്റി ബോർഡില്ല. ഇലക്ട്രിസിറ്റി ബോർഡിൽ ഇവരിൽ നിന്നെല്ലാം വളരെ വ്യത്യസ്തമായ ലൈൻ വലിക്കലും കാര്യങ്ങളുമൊക്കെയാണെന്നതിനാൽ അതിനെ പുറത്തുനിർത്തിയാണ് ചെയ്യുന്നത്. അപ്പോൾ ഒരു ചോദ്യം, ആ ക്ലാസ് നിങ്ങൾ വായിച്ചു, tri-party agreement. ഒരു ക്ലോസ് പതുക്കെയാണ് വായിച്ചത്. രണ്ടാമത് വായിച്ചപ്പോൾ അത് പറഞ്ഞില്ല. എന്താണെന്നറിയാമോ? കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ ഇറക്കിയ ഉത്തരവുകൾ പാലിച്ച് " as applicable" മന്ത്രിയെടുത്ത നിലപാട് applicable അല്ലെന്നാണ്. എന്തുകൊണ്ട്? ....(ബഹളം).... ഈ ഉത്തരവിറക്കിയ ശ്രീ. കെ. എം. എബ്രഹാം ഫിനാൻസ് സെക്രട്ടറിയെന്നുള്ള നിലയിൽ ഇലക്ട്രിസിറ്റി ബോർഡിലെ ഫുൾ ബോർഡ് മെമ്പറാണ്. ഇലക്ട്രിസിറ്റി ബോർഡിനെ

സംബന്ധിച്ചിടത്തോളം ഇതല്ല, ഇലക്ട്രിസിറ്റി ബോർഡുണ്ടാക്കിയിട്ടുള്ള ചിട്ടകളാണ് ബാധകം. ആ ചിട്ടകളനുസരിച്ച് അദ്ദേഹം ആ കമ്മിറ്റിയിൽ അംഗമായിരിക്കുമ്പോൾ എത്രയോ ടെണ്ടറുകൾ അംഗീകരിച്ചിരിക്കുന്നു. ഇങ്ങനെ ദോഷൈകദൃക്കാകരുത്. എങ്ങനെ ഒരു അഴിമതിയാരോപണമായി മാറ്റാൻ കഴിയുമെന്ന് ഗവേഷണം ചെയ്യരുത്. ഇതല്ലേ യാഥാർത്ഥ്യം? ശ്രീ. കെ. എം. എബ്രഹാം ഫുൾ ബോർഡ് മെമ്പറായിരുന്നുകൊണ്ട് എത്ര ടെണ്ടർ അംഗീകരിച്ചിരിക്കുന്നു; ഏതെങ്കിലുമൊരു ടെണ്ടർ ഈ പറഞ്ഞതുപോലെയാണോ? അപ്പോൾ നിങ്ങളുടെ ഭരണകാലത്തെ ടെണ്ടർ വിളിയെക്കുറിച്ച് പറഞ്ഞ കാര്യം ഞാൻ പരിശോധിക്കാം. ഇപ്പോൾ offend ആയി ഞാൻ respond ചെയ്യുന്നില്ല. അങ്ങനെയാണോ ചെയ്തതെന്നുള്ളത് നോക്കിയശേഷം വേണമെങ്കിൽ ഇനിയും പറയാം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങ് ഇത്ര ലാഘവത്തോടുകൂടി ഈ അഴിമതി ആരോപണത്തെ വിഴുങ്ങരുത്. കാരണം 160 ശതമാനവും 149 ശതമാനവും സാധാരണ എസ്റ്റിമേറ്റിനെക്കാൾ ഉയർന്നിരിക്കുകയാണ്. ഞാൻ അങ്ങയെ വെല്ലുവിളിക്കുന്നു. ഡി.എസ്.ആർ. (Delhi Schedule of Rates) ലാണ് ഈ പദ്ധതികളെല്ലാം ടെണ്ടർ ചെയ്തിട്ടുള്ളതെങ്കിൽ, അല്ലെങ്കിൽ കെ.എസ്.ഇ.ബി.എൽ. ഇലക്ട്രിസിറ്റി റെഗുലേറ്ററി അതോറിറ്റിയുടെ അനുവാദത്തോടുകൂടി സാധാരണ വാങ്ങിക്കുന്ന റേറ്റ് അനുസരിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതെങ്കിൽ, ഞാൻ മാപ്പ് പറഞ്ഞ് ഈ ആരോപണം പിൻവലിക്കാം. അങ്ങ് മനസ്സിലാക്കേണ്ടത്, കിഫ്ബിയുടെ പണം പോകുകയാണ്. അങ്ങ് ഉദ്ദേശിക്കുന്ന ആളുകളല്ല, വേറെ ആളുകളാണ് കൈകാര്യം ചെയ്യുന്നത്. അവർ ഒരു പ്രാവശ്യം എസ്റ്റിമേറ്റ് കൂട്ടി ഈ cartel ഫോം ചെയ്തു. അങ്ങ് തെറ്റിദ്ധരിപ്പിക്കാൻവേണ്ടി മനഃപൂർവ്വം പറഞ്ഞതാണ്. ഒറ്റ പ്രോജക്ടിന്റെ കാര്യമാണ്. എനിക്കറിയാം കലൂർ-ബ്രഹ്മപുരം പ്രോജക്ട്. ഞാൻ ഈ പതിമൂന്ന് പ്രോജക്ടും പഠിച്ചതാണ്. അങ്ങ് ഈ സഭയെ തെറ്റിദ്ധരിപ്പിക്കരുത്. ആ പ്രോജക്ടിൽ മാത്രമാണ് ഇഷ്ടപ്പെട്ട കമ്പനിക്ക് കൊടുക്കാതെ സിംഗിൾ ടെണ്ടറായപ്പോൾ രണ്ടാമത് ടെണ്ടർ ചെയ്തത്. രണ്ടുപേർ വന്നത് എവിടെയാണ്? എവിടെയാണ് റീ-ടെണ്ടർ ചെയ്തിട്ടുള്ളത്.? എന്തിനാണ് സഭയെ കബളിപ്പിക്കുന്നത്? കലൂർ മുതൽ ബ്രഹ്മപുരം വരെയുള്ള പ്രോജക്ട് ഡൽഹിയിലെ ഒരു കമ്പനിയായ KEI (Krishna Electrical Industries) യ്ക്ക് കൊടുക്കണമായിരുന്നു. അപ്പോൾ Finolex J-Power Systems എന്നുപറയുന്ന മറ്റൊരു വലിയ മൾട്ടി നാഷണൽ കമ്പനി വന്നു. അവരെ ഒഴിവാക്കാൻ പറഞ്ഞു. ഇന്ത്യയിൽ 500 കോടി രൂപയ്ക്ക് വർക്ക് ചെയ്യണമെന്ന് പറഞ്ഞു. അവർ ഇന്ത്യയിൽ ചെയ്തിട്ടില്ല. അതുകൊണ്ട് KEI എന്ന കമ്പനിക്ക് കൊടുക്കാൻവേണ്ടി അവരെ

ഒഴിവാക്കി. ആ ഒറ്റ വർക്കല്ലാതെ ഈ രണ്ട് ആളുകൾ വന്നതിനുശേഷം എവിടെയാണ് റീ-ടെണ്ടർ ചെയ്തത്? പത്ത് ശതമാനത്തിൽ കൂടിയപ്പോൾ എവിടെ റീ-ടെണ്ടർ ചെയ്തു? ഒരു സ്ഥലത്തും ചെയ്യാതെ, 150-160 ശതമാനം പണമെടുത്തുകൊണ്ട് ഇതിന്റെ ടെണ്ടറും എക്സസ്സുമെല്ലാം രണ്ട് സ്റ്റേജിലായി കൊടുത്തിരിക്കുകയാണ്. കാർട്ടൽ ഫോം ചെയ്തിട്ടില്ലെന്ന് അങ്ങേയ്ക്ക് നെഞ്ചിൽ കൈ വച്ച് പറയാൻ കഴിയുമോ? അവരുടെ ടെണ്ടർ തുക പരിശോധിച്ചാൽ, ഈ നാല് കമ്പനികൾകൂടി cartel ഫോം ചെയ്തിട്ട് അവർ വീതം വച്ചെടുത്തുവെന്ന കാര്യം അറിയാൻ കഴിയും. കിഫ്ബിയെ തലയിൽ വച്ചുകൊണ്ടുനടക്കുന്ന അങ്ങയെപ്പോലെ ഒരാൾ ഇതുപോലൊരു അഴിമതിയെ ന്യായീകരിക്കുന്നത് എന്നെ അത്ഭുതപ്പെടുത്തുകയാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ശരി. നിങ്ങൾ പറഞ്ഞു, ഞാൻ അതിന് എന്റെ മറുപടി പറഞ്ഞു. ഇപ്പോൾ നിങ്ങൾ പുതിയ ചില പ്രശ്നങ്ങൾ ഉന്നയിച്ചിട്ടുണ്ട്; അതും ഞാൻ നോക്കിയിട്ട് പറയാം. ഇതിനൊന്നും മറുപടി പറയാതെ സംവാദത്തിന് പോകേണ്ട കാര്യമൊന്നുമില്ല. പക്ഷേ, വീണ്ടും ഞാൻ പറയുന്നു. ഇതിന്റെ മൊത്തം വലിപ്പം നിങ്ങൾ കാണുക. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും നടക്കാത്തൊരു കാര്യം നമ്മൾ ചെയ്യുകയാണ്. വിശ്വാസ്യതയുടെ പ്രശ്നമായിട്ടാണ് ഇത്തരമൊരു വായ്പയെടുക്കാമെന്ന് പറയുന്നത്. ഇവിടെ പ്രതിപക്ഷത്തിന് ഇതൊക്കെ സംബന്ധിച്ച് പല വിമർശനങ്ങളുമുണ്ടാകും. ആ വിമർശനത്തെ ഞാൻ പുച്ഛിച്ച് തള്ളുകയൊന്നും ചെയ്തിട്ടില്ലല്ലോ. നിങ്ങൾ പറയുന്നതിന് മാന്യമായി ഞാൻ മറുപടി പറയുന്നുണ്ട്. സാമ്പത്തികശാസ്ത്രത്തിൽ അല്പം ധാരണയുണ്ടായിരുന്നെങ്കിൽ, ഒരു പ്രാവശ്യമെങ്കിലും ഒപ്പമിരുന്ന് ചർച്ച ചെയ്തിരുന്നെങ്കിൽ ഇതിനൊന്നും ചിരിക്കുകയില്ലായിരുന്നു. ഇത്രയും വായ്പയെടുക്കാൻ പോകുന്ന സ്ഥാപനത്തിന് ഫിനാൻഷ്യൽ ക്രെഡിബിലിറ്റി വളരെ പ്രധാനമാണ്. ഗൂഗിളിൽ സെർച്ച് ചെയ്താൽ ആദ്യം വരുന്നത് ഈ പറയുന്ന കാര്യങ്ങളൊക്കെയാണ്. ഏതെങ്കിലും ഇൻവെസ്റ്റർ വായ്പ തരുമോ? വന്നില്ലെങ്കിൽ വന്നില്ല, വരാതിരുന്നാൽ അത്രയും നല്ലത്, ഞങ്ങൾക്ക് അത്രയ്ക്കും രാഷ്ട്രീയ നേട്ടം, അതാണ് നിങ്ങളുടെ സ്വഭാവം. ഏതായാലും അതിനൊന്നും വഴങ്ങാൻ ഞങ്ങൾ നിശ്ചയിച്ചിട്ടില്ല. ഞങ്ങൾ പരമാവധി നോക്കും. ഇത് നമുക്ക് ഒരുമിച്ച് ചെയ്യേണ്ട കാര്യമാണ്. അതിൽ ഇങ്ങനെയൊക്കെ പ്രശ്നമുണ്ടെന്ന് നിങ്ങൾ പറയുന്നത് നമ്മൾ ഒരുമിച്ച് ചർച്ച ചെയ്തിട്ടും ബോധ്യപ്പെടുന്നില്ലെങ്കിൽ പരസ്യമായി ഉന്നയിക്കൂ. ഏതെങ്കിലും സമയത്ത് ഒരുമിച്ചിരുന്ന് വർത്തമാനം പറഞ്ഞിട്ടുള്ളതാണോ? അതിനുപകരം പരസ്യമായി അലക്കുക, കുറച്ചുകഴിയുമ്പോൾ അത് മറന്ന് വേറെ കാര്യത്തിലേക്ക് പോകുക. ഇത് നന്നല്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആദ്യമായിട്ടല്ലല്ലോ ഈ സഭയിൽ അംഗമാകുന്നതും മന്ത്രിയാകുന്നതും. ഇതിനുമുമ്പ് ഞങ്ങൾ അപ്പുറത്തിരുന്നപ്പോഴും ഒരുഘട്ടത്തിലും ഞങ്ങളോട് ആലോചിച്ചിട്ട് അഴിമതി ആരോപണം ഉന്നയിച്ച ചരിത്രമുണ്ടായിട്ടില്ല. അത് പോകട്ടെ. ഞങ്ങൾ ട്രാൻസ്ഗ്രിഡ് പദ്ധതിയുമായി ബന്ധപ്പെട്ട് പറഞ്ഞ കാര്യങ്ങൾ അങ്ങ് വളച്ചൊടിക്കരുത്. ട്രാൻസ്ഗ്രിഡ് പദ്ധതി വേണ്ടെന്ന് ഞങ്ങൾ പറഞ്ഞിട്ടില്ല. അതിലെ അഴിമതിയെപ്പറ്റിയാണ് പറഞ്ഞത്. ഞങ്ങൾ പറഞ്ഞ അഴിമതിയിൽ ഉറച്ചുനിൽക്കുകയാണ്. മൂന്ന് ഘട്ടങ്ങളിലായാണ് സംഭവമുണ്ടായത്. ഒന്ന്, എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ. രണ്ട് പി.ക്യൂ. (Pooled Quota) സ്റ്റേജിൽ. മൂന്നാമതായി, ടെണ്ടർ ചെയ്യുമ്പോൾ. അങ്ങനെ മൂന്ന് തലത്തിലുണ്ടായിരിക്കുന്നത് വൻ അഴിമതിയാണ്. ഞാൻ അങ്ങയോട് ഒരു കാര്യംകൂടി ചോദിച്ച് അവസാനിപ്പിക്കാം. ട്രൈ-പാർട്ടി എഗ്രിമെന്റിനെക്കുറിച്ച് അങ്ങ് പറഞ്ഞല്ലോ. ആ എഗ്രിമെന്റിനകത്ത് എത്ര ശതമാനം പലിശയ്ക്കാണ് കിഫ്ബി പണം ഇലക്ട്രിസിറ്റി ബോർഡിന് കൊടുത്തതെന്ന് അങ്ങേക്ക് പറയാമോ; അതിന് തീരുമാനമുണ്ടായിട്ടുണ്ടോ?ഒരു തീരുമാനവുമുണ്ടായിട്ടില്ല. നിങ്ങൾ ഇതെല്ലാം ആളുകളെ കബളിപ്പിക്കാൻ പറയുന്നതാണ്. ടെറാനസ് എന്ന കമ്പനിയെപ്പറ്റി പറഞ്ഞു, ഏതാണ് ടെറാനസ്? ഇങ്ങനെയൊരു കമ്പനിയുണ്ടോ? പ്രോജക്ട് അപ്രൂവലിനുവേണ്ടിയൊരു കമ്പനിയെ വച്ചിരിക്കുന്നു. ഞാൻ അങ്ങയോട് ഒരു കാര്യംകൂടി പറയുന്നു, കേരളത്തിൽ ഒരിക്കലും നടക്കാത്ത നിലയിൽ കിഫ്ബിയിൽ ലക്ഷക്കണക്കിന് രൂപ കൊടുത്ത് ആളുകളെ അപ്പോയിന്റ് ചെയ്യുകയാണ്. അവിടെ പിൻവാതിൽ നിയമനങ്ങൾ നടക്കുകയാണ്. ഒരക്ഷരം അതിനെപ്പറ്റി അങ്ങ് ഇതുവരെ പറഞ്ഞിട്ടില്ല. ഞാൻ പറഞ്ഞതിനെ അങ്ങ് ഫേസ്ബുക്ക് പോസ്റ്റിലൂടെ കളിയാക്കിപ്പറഞ്ഞു. ഒരു ലക്ഷം രൂപയും രണ്ട് ലക്ഷം രൂപയും ശമ്പളം, ഒരു പത്രപ്രവർത്തകന് എഴുപതിനായിരം രൂപ ശമ്പളം, ഇതെന്താണ് നടക്കുന്നത്? ഇങ്ങനെയുള്ള ധൂർത്തും അഴിമതിയും നടക്കുമ്പോൾ ഞങ്ങൾ അത് ചൂണ്ടിക്കാണിച്ചത് തെറ്റാണെന്നാണോ അങ്ങ് പറയുന്നത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇത്രയും വലിയ നൂതനമായ കാര്യം നടക്കുമ്പോൾ സംശയങ്ങളുണ്ടാകുന്നത് സാധാരണയാണ്. അതിൽ തെറ്റ് പറയാൻ കഴിയില്ല. പക്ഷേ, ഇതിന്റെ സെൻസിറ്റീവ്നെസ് മനസ്സിലാക്കി നിങ്ങൾ ഒരു അനൗപചാരിക ചർച്ചയിലൂടെ കാര്യം ഗ്രഹിക്കാൻ ശ്രമിക്കുക, ബോധ്യപ്പെട്ടില്ലെങ്കിൽ ഉന്നയിക്കുക. പക്ഷേ, അങ്ങനെയല്ല. എങ്ങനെ താറടിക്കാൻ കഴിയുമോ അതൊക്കെ ഓരോ വഴിക്ക് ഓരോരുത്തരും ചെയ്തു കൊണ്ടിരിക്കുകയാണ്. അതൊക്കെ നന്നായി ബോധ്യപ്പെടുന്നുണ്ട്. ഇവിടെ

ഉന്നയിച്ചിട്ടുള്ള അഴിമതി ആരോപണങ്ങൾ എന്നെക്കുറിച്ച് അല്ലെങ്കിലും, തികച്ചും അടിസ്ഥാനരഹിതമാണ്. ഞാനടക്കം ഇത് നേരിട്ട് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണ്. അതുകൊണ്ട് ഇത് നിലനിൽക്കുന്നതല്ല. ഇതിൽ തുടർനടപടിയുടെ ആവശ്യമില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. വി. ഡി. സതീശൻ വസ്തുതകളുടെ പിൻബലത്തോടെയാണ് ഇവിടെ ആരോപണങ്ങൾ ഉന്നയിച്ചത്. ആണത്തമുണ്ടെങ്കിൽ എഴുതിക്കൊടുത്ത് ഉന്നയിക്കാനാണ് വൈദ്യുതി വകുപ്പുമന്ത്രി ഞങ്ങളോട് പറഞ്ഞത്. ഞങ്ങൾ ആണത്തത്തോടുകൂടി എഴുതിക്കൊടുത്ത് ഉന്നയിച്ചു. വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണി ആരോ എഴുതിക്കൊടുത്തത് വായിക്കുകയാണ് ചെയ്തത്. ഞങ്ങൾ എഴുതിക്കൊടുത്തതിന് ഒരു മറുപടിയുമില്ലായിരുന്നു. ഇതിൽ അന്വേഷണം പ്രഖ്യാപിക്കാൻ ഞങ്ങൾ വെല്ലുവിളിക്കുന്നു. നിങ്ങൾ അതിനും തയ്യാറല്ല. ഇപ്പോൾ പറയുന്നത് ഞങ്ങൾ അഴിമതി ആരോപണം ഉന്നയിക്കുന്നതിനുമുമ്പ് ഡോ. ടി. എം. തോമസ് ഐസക്കുമായി സംസാരിക്കണമെന്നാണ്. അതിന് ഞങ്ങൾക്ക് മനസ്സില്ല. അതുകൊണ്ട് സർക്കാർ അന്വേഷണം പ്രഖ്യാപിക്കാൻ തയ്യാറുണ്ടോ എന്നുള്ളതാണ് എന്റെ ചോദ്യം. അതിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, സർക്കാർ ഒരു അന്വേഷണവും ഇതിനെക്കുറിച്ച് നടത്താൻ ഉദ്ദേശിക്കുന്നില്ല. ...(ബഹളം)....

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞങ്ങൾ, വാക്കൗട്ട് ചെയ്യുകയാണ്.

(ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ ബഹിഷ്കരിച്ചു.)

മി. സ്പീക്കർ: പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 152,66,70,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ.....ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 നവംബർ 6-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 3.22-ന് പിരിഞ്ഞു.)